മംഗളോദയം

൧൦൮൪

പുസ്തകം ൻ	മേടമാസം	ലക്കം ൧

മംഗളം

[illegible]
[illegible]
[illegible]
[illegible]

[illegible] നാരായണമേനോൻ ബി. ഏ.

പ്രസ്താവന

മംഗളോദയം മാസിക സാഹിത്യസമാജത്തിന്റെ സന്നിധിയിൽ എത്തീട്ടു കാലം ഒരു വർഷം [illegible]. ഇതിനിടയിൽ, ഈ മാസികയ്ക്കു വല്ല ഗുണവും ഉണ്ടായിട്ടു [illegible] തന്നെ [illegible] ഗൌരവം [illegible] സമ്പാദിക്കുവാൻ [illegible] കഴിഞ്ഞിട്ടില്ല.

വാസ്തവത്തിൽ മാസിക [illegible] പ്രാതിനിധ്യം വഹിക്കയും [illegible] മാസികയുടെ സാഹിത്യസംബന്ധമായ [illegible] മാസികയ്ക്കും സമുദായത്തിനും [illegible] തന്നെ. [illegible] ആവശ്യവും [illegible] സമുദായത്തിൽ ഉണ്ടായിട്ടുള്ള [illegible]

ന്നും മാസികകളും കോട്ടയത്തുനിന്നുണ്ടെന്ന് ഉള്ള വിചാരിച്ചിട്ടുള്ളവർമാത്രമല്ല പൊതുജനങ്ങൾക്കും അറിയാവുന്നതാണ്. വെടിക്കെട്ട് കത്തു ന്ന സമയത്തു കാണുവാൻ കൗതുകമുണ്ടെ ങ്കിലും, പിന്നീടുള്ള പുകകൊണ്ടു കണ്ണു കാണാതാകുന്നതുപോലെയാണ് മേല്പ്പ റഞ്ഞ പ്രചാരത്തിന്റെയും പരിണാമം. ഒരു പ്രധാനമായ തത്ത്വത്തെക്കൊണ്ടല്ലാതെ മനോമോ ഹനമാക്കാൻ ഒരു ഏർപ്പാട്ടിൽ ഈ പു മാൽഗമം നിർമ്മിച്ചു സാഹിത്യനമാലകളെ യും തെളിയിപ്പാൻ ഒരാൾക്കു സാധിക്കുന്നത ല്ല. അലങ്കാരങ്ങളോടുകൂടാതെ പറയുന്നതാ യാൽ അനാരോഗ്യമായ ഒരു മത്സരത്തിനു ശേഷം മാസികകളായിട്ടുള്ള ഭാഗ്യം കാ ണുന്നതും കൂടാതെ തീർക്കേണമെങ്കിൽ മാ സികാധിപന്മാരുടേയും സാഹിത്യപ്രിയന്മാ രുടേയും ഒത്തൊരുമിച്ചുള്ള പ്രയത്നംകൊ ണ്ടേ സാധിക്കയുള്ളു. അല്ലാതെ ഒരിക്കലും ഭൂമിയിലും ഇതിനെ നല്ല വഴിക്കു എന്ന പേക്ഷകൊണ്ട് അനുഗ്രഹിക്കുന്നതായാൽ മാത്രം മതിയാവുന്നതല്ല.

സാഹിത്യംകൊണ്ടു മാത്രം വയറുപിഴപ്പുന്ന കാലം മലയാളത്തിൽ നടപ്പായിട്ടില്ല. "ഭാഷാപോഷിണി" വരെ കൊടുക്കണമെന്നു വിചാരിച്ചുകൂടാ. ഒരുവൻകൊണ്ട് ഒരു മാസിക വേണ്ടപോലെ നടക്കണമെങ്കിൽ അതിന്റെ അഭിവൃദ്ധിയിൽ തന്നെ സന്തോഷവും പ്രതിപത്തിയുള്ളവർ പ്രത്യേകം ചിലർ ഉണ്ടായിരിക്കണം. ഒരു ഒരാൾക്ക് ഒരു ആളുടെ ജീവിതം മാസികയുടെ യോഗക്ഷേമത്തോടുകൂടി ബന്ധിപ്പിക്കുന്നതിനു പുറമെ ദ്രവ്യലാഭവും കൂടി ഉണ്ടായാൽ ഉത്തമമായി.

മേൽപറഞ്ഞ അവസ്ഥകളെല്ലാം ആലോചിച്ച് ഞങ്ങളെ അടിസ്ഥാനപ്പെടുത്തി മേല്പോട്ടു വേണ്ടതു പ്രവർത്തിക്കണമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അതിനു വേണ്ട ഏർപ്പാടുകളും ഞങ്ങൾ ചെയ്തുവരുന്നുണ്ട്. വിചാരിക്കുന്നതു മുഴുവനും നടപ്പിൽ വരുത്തുവാൻ അല്ലെങ്കിൽ സാധിക്കാതെപോയാലും പത്രാധിപന്മാർ അഷ്ടം കാണിക്കാതെ ഞങ്ങളെ സഹായിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

മഹാമംഗളസൂത്രം

(പാലിഭാഷയിൽനിന്നു തർജ്ജമ)

ഒരിക്കൽ ബുദ്ധദേവൻ, ശ്രാവസ്തീനഗരത്തിൽ അനാഥപിണ്ഡികൻ, അല്ലെങ്കിൽ അനാഥ പിണ്ഡദൻ എന്നവരുടെ വകയായ ജേതവനം എന്ന ഉദ്യാനത്തിൽ എഴുന്നള്ളിയിരിക്കയായിരുന്നു. പ്രസേനജിത്തിന്റെ പുത്രനായ ജേതൻ എന്ന രാജകുമാരനോട് അനാഥപിണ്ഡികൻ എന്ന ധനികൻ വിലകൊടുത്തു വാങ്ങി ബുദ്ധദേവനു സമർപ്പിച്ച ഒരു ഉപവനമാണ് ജേതവനം. ബുദ്ധദേവൻ അവിടെ എഴുന്നള്ളിയിരിക്കുമ്പോൾ ഒരു ദേവത പ്രത്യക്ഷമായി. നേരം സന്ധ്യയായി. ദേവതയുടെ ശരീരകാന്തികൊണ്ടു ജേതവനം ഒട്ടാകെ ശോഭമാനമായിരുന്നു. ആ ദേവത, ഭഗവാൻ എഴുന്നള്ളിയിരിക്കുന്നിടത്തു ചെന്നു ഭഗവാനെ അഭിവാദ്യം ചെയ്തു ഏകാന്തത്തിൽ സ്ഥിതിചെയ്തു. അനന്തരം രമണീയങ്ങളായ ചില ഗാഥകൾ ചൊല്ലി ഭഗവാനെ സ്തുതിച്ചുകൊണ്ട് ഇങ്ങിനെ ചോദിച്ചു:—

സ്വബുദ്ധിച്ചു ചിന്തിച്ചു—
ദേവകൾ ദേവമാനവർ
മംഗളങ്ങളെന്തിനെക്കാണി.
ഉത്തമകത്തമംഗളം.

ഭഗവാൻ പറഞ്ഞു: —

മൂർഖന്മാരെസ്സേവചെയ്യാതെ,
സേവിപ്പിതുകവിജ്ഞരെ,
പൂജിക്കപ്പൂജ്യരെ പ്പാർക്കി-
ലിതു മംഗളമുത്തമം. 1
നല്ലദേശങ്ങളിൽപ്പാർക്ക,
മുമ്പേ ചിന്തിച്ചു ചെയ്യുക,
തന്നെത്താനേ പരിരക്ഷിക്ക-
യിതു മംഗളമുത്തമം. 2
സജ്ജനോദാത്തമാം വിദ്യ,
സത്യം, വിനയമെന്നിവ
കളുസൽഭാഷണങ്ങളു-
മിതു മംഗളമുത്തമം. 3
മാതാപിതാക്കന്മാർപൂജ,
ഭാര്യാപുത്രാദിരക്ഷണം,
ആകുലംവിട്ട കൃത്യങ്ങളു-
മിതു മംഗളമുത്തമം. 4
ദാനധർമ്മങ്ങളെച്ചെയ്യൽ,
ബന്ധുമിത്രർക്കു ചെയ്യുക,
നല്ലപ്രവൃത്തിയനുഷ്ഠിക്ക-
യിതു മംഗളമുത്തമം. 5
പാപാചാരം ത്യജിപ്പാനു-
മിവ തീണ്ടാതിരിക്കുക,
ധർമ്മപ്രമാദവും ത്യാജ്യ-
മിതു മംഗളമുത്തമം. 6
ഗൗരവം, വിനയം, തൃപ്തി-
യോഗം, നിത്യം കൃതജ്ഞത,
കാലേ ധർമ്മശ്രവണവു-
മിതു മംഗളമുത്തമം. 7
ക്ഷമ, സൽഭാഷണം, നിത്യ-
ശ്രമണന്മാരെക്കണ്ടിടൽ,
യഥാകാലം ധർമ്മചിന്ത-
യിതു മംഗളമുത്തമം. 8
ബ്രഹ്മചര്യം, തപസ്സുമാ-
സത്യദർശനമോർക്കുക,
നിർവ്വാണസാക്ഷാൽകാര-
മിതു മംഗളമുത്തമം. 9
ലോകധർമ്മങ്ങൾ ചേർന്നാലും
ചഞ്ചലിക്കാതിരിക്കുക,
അശോകം വിമലം ക്ഷേമ-
മിതു മംഗളമുത്തമം. 10
ഇതൊക്കെ നിത്യം ചെയ്യുന്ന
പുരുഷന്മാരോരോരുത്തർ
സർവ്വത്ര സുഖമേറിടും,
ഇതു മംഗളമുത്തമം. 11

കെ. ഭ. ശ്രീ.

കാവ്യത്തിന്റെ ഉൽപത്തിയും പ്രയോജനവും

കാവ്യത്തിന്റെ സ്വരൂപം ഏതെന്നു വിവരിച്ചു കഴിഞ്ഞുവല്ലോ.(1) ഇനി, അതിന്റെ ഉൽപത്തി ഏതിനെയെന്നും പ്രയോജനമെന്തെന്നും ഇവിടെ നിരൂപിക്കാം.

ഈ വിഷയത്തെപ്പറ്റി കാവ്യപ്രകാശകാരൻ ഇങ്ങിനെ പറയുന്നു. 'ശക്തിർനിപുണതാ ലോകശാസ്ത്രകാവ്യാദ്യവേക്ഷണാൽ കാവ്യജ്ഞശിക്ഷയാഭ്യാസ ഇതി ഹേതുസ്തദുത്ഭവേ' ശക്തി, ലോകശാസ്ത്രകാവ്യാദികളിൽനിന്നുണ്ടാകുന്ന നൈപുണ്യം, കാവ്യജ്ഞന്മാരുടെ അടുത്തുള്ള പഠിപ്പ്, ഇവ മൂന്നുംകൂടിയാണ് കാവ്യം ഉണ്ടാവുന്നതിനു ഹേതു. ഇവയിൽ ശക്തി എന്നതു കവിത്വത്തിനു ബീജമായ സംസ്കാരവിശേഷമാകുന്നു. ആ സംസ്കാരത്തെ പൂർവ്വജന്മാർജ്ജിതമായ പുണ്യപരിപാകംകൊണ്ടുണ്ടാവു

(1) മംഗളോദയം പു. 6 ല. 656—664

ന്നു ഭാവനാ, അല്ലെങ്കിൽ വാസനാ എന്നു പറയുന്നു. ഈ ഒരു ശക്തിയില്ലെങ്കിൽ, മ റ്റെന്തു ശക്തിതന്ത്രങ്ങളുണ്ടായിരുന്നാലും കാവ്യം ഉണ്ടാവുന്നതല്ലാ. അഥവാ, 'ബ ലാൽകൃത്യമാണ്'യായിട്ട് ഒരു വിധം ക വിത വന്നാൽക്കൂടിയും അതു പരിഹാസാ സ്പദമായിത്തീരുകയേ ഉള്ളൂ. ശക്തി യില്ലാത്ത കവികളുടെ കാവ്യം 'ഗ്രഥ്നാ മി കാവ്യശശിനം വിതതാർത്ഥരശ്മിം' എ ന്നുള്ളതുപോലെ, ശോഭിപ്പിപ്പാനിരിക്കും. 'ക്ഷമാപി ചന്ദ്രനെ കെട്ടിയുണ്ടാക്കുന്നതു പോലെ ഞാനിതാ കാവ്യത്തെ കെട്ടിയു ണ്ടാക്കുന്നു' എന്നാണല്ലോ ഇതിന്റെ അ ർത്ഥം. പക്ഷേ, ചന്ദ്രനെ കെട്ടിയുണ്ടാക്കുന്ന പതിവ് ലോകത്തിലില്ലായ്കയാൽ ഈ ഉ പമാനം അസംഭവവും, അതിനാൽ ഈ കാവ്യം അനുചിതവും ആകുന്നു. ലോക സ്വഭാവത്തിന് ഒട്ടും യോജിക്കാത്തതും ഏർപ്പാടുകളുമായ അത്ഭുതചിത്രം ഇ ല്ലാത്തതും, ഇതിനെ കവികല്പിതമായ ശ ബ്ദമാത്രസാദൃശ്യത്തെപ്പിടിച്ച് ഉപമിക്കു ന്നതുവെച്ചാൽ ലോകത്തിൽ പരസ്പരസാ ദൃശ്യമില്ലാത്ത വസ്തുക്കൾ ഒന്നും ഇല്ല. പ ക്ഷേ, അതിനെ ഒന്നുമില്ലപ്പിടിച്ച വഴി ച്ചുകൊണ്ടുവരുന്ന കവിത കവികളുടെ ശ ക്തിയില്ലായ്മയ്ക്കു പ്രത്യക്ഷമായ തെളിവാകു ന്നു. എന്നാൽ ചില ദിക്കിൽ ശബ്ദസാദൃ ശ്യത്തിനുള്ള ചമൽക്കാരത്തെ ഞാൻ അ പലപിക്കുന്നില്ല.

ശക്തി മാത്രം ഉണ്ടായതുകൊണ്ടാ യില്ല. നൈപുണ്യവും വേണം. നൈപു ണ്യം ഉണ്ടാവുന്നതു ലോകം- ശാസ്ത്രം- കാ വ്യം എന്നിവയുടെ ശോധനയാലാകുന്നു. ലോകം എന്നു വെച്ചാൽ സ്ഥാവരജംഗമാ ത്മകമായ പ്രപഞ്ചം, അതായതു പ്രപ ഞ്ചത്തിന്റെ സ്വഭാവം എന്നർത്ഥം. നിഷ്ക ർഷിച്ചു പറയുന്നതായാൽ ലോകവൃത്താന്തം എന്നു പറയാം. സ്ഥലം, കാലം, പുരു ഷൻ, പ്രവൃത്തി, അവസ്ഥ എന്നു തുടങ്ങി കവികളുടെ വർണ്ണനയ്ക്കു വിഷയീഭവിക്കുന്ന എന്തിന്റെയും സ്വഭാവം മനസ്സ, അല്ലെ ങ്കിൽ അനേകവും കവിക്കുണ്ടായിരിക്കണം. അതുപ്രകാരം തന്നെ ശാസ്ത്രത്തിലും പ രിചയമുണ്ടായിരിക്കണം. വൃത്തശാസ്ത്രം, വ്യാകരണശാസ്ത്രം, കലാവിദ്യകൾ മുതലാ യിട്ടുള്ള എല്ലാ ശാസ്ത്രത്തിന്റെയും പരിച യം കവിക്കുണ്ടായിരിക്കണം. മഹാകവിക ളുണ്ടാക്കിയ കാവ്യങ്ങൾ വായിച്ചിട്ടുള്ള അ റിവും വേണം. അതിശയോക്തികൊണ്ട് ഇതു പോലെയുള്ള ഉത്തമവസ്തുക്കളുടെയും പരി ചയം വേണ്ടതെന്നു കിട്ടുന്നു. ഇതിനെ ലോകശാസ്ത്രാദി പരിചയംകൊണ്ടുള്ള നൈപുണ്യം ലഭിച്ചിട്ടില്ലെങ്കിൽ ലോകസ്വ ഭാവത്തിനു വിരുദ്ധമായും അപലപിക്കത്തക്ക ലമായും ഉള്ള കാവ്യമേ ഉണ്ടാകയുള്ളൂ. അ തു സഹൃദയന്മാർ കൈക്കൊള്ളുന്നതല്ല.

ഇപ്രകാരം ശക്തിയും നൈപുണ്യ വും ഉണ്ടായാലും കവിതയ്ക്കു വേണ്ടുന്ന സാ മഗ്രികൾ തികയുന്നില്ല. കാവ്യജ്ഞന്മാരാ യ സഹൃദയന്മാരുടെ അടുക്കൽനിന്നുള്ള അഭ്യാസവും കൂടി വേണമെന്നിരിക്കണം. കാ വ്യം ഉണ്ടാക്കേണ്ടതും, കാവ്യനിരൂപണം ചെയ്യേണ്ടതും അറിയുന്ന സഹൃദയന്മാരുടെ ഉപദേശപ്രകാരം വളരെ പ്രാവശ്യം അ ഭ്യസിക്കുകയും വേണമെന്നു താൽപര്യം. ഈ വിവരിക്കപ്പെട്ട ഹേതുക്കളിൽ ചിലതു മാത്രം ഉണ്ടായെന്നു വന്നാൽ പോരാ; ഇ വയെല്ലാം കൂടിയാണ് കാവ്യത്തിന്റെ ഉ ല്പത്തിക്കു ഹേതുവാകുന്നത്.

ഈ സംഗതിയെ ഉദാഹരണങ്ങളെകൊണ്ടു തെളിയിക്കാവുന്നതാണു്. പൂർവ്വജന്മവാസനാശാലികളും ശാസ്ത്രാദിപരിചയമുള്ളവരുമായ കവികൾ പുഷ്പം മുതലായ മനോഹരവസ്തുക്കളെയോ കാന്തിമത്തായ മനോഹരവസ്തുക്കളെയോ സൂക്ഷ്മം മുതലായ ശബ്ദവസ്തുക്കളെയോ പർവ്വതം മുതലായ വിശാലവസ്തുക്കളെയോ കാണുമ്പോൾ അവർക്കു കാവ്യനിർമ്മാണത്തിൽ പ്രവൃത്തി ഉണ്ടാകുന്നു. ഒരു കവി മനോഹരമായ ഒരു പുഷ്പം കാണുന്നു എന്നു വിചാരിക്കുക. അതിന്റെ ദർശനമാത്രത്തിൽ കവിക്കു ആ പുഷ്പത്തിന്റെ മേൽ ഒരു രതി ഉണ്ടാവുന്നു. ആ രതിയെ മനസ്സിന്റെ പ്രവണത എന്നു പറയാം. 'രതിർമ്മനോനുകൂലേർത്ഥേ മനസഃ പ്രവണായിതം' എന്നു സാഹിത്യദർപ്പണത്തിൽ പറഞ്ഞിട്ടുണ്ടു്. മനസ്സിന്റെ പ്രവണത എന്നു വെച്ചാൽ ഒരു മാതിരി അനുരാഗവിശേഷം തന്നെ. ഇതിനെ ഉളവാകുന്ന രതി ആ വസ്തുവിനെ ഉപഭോഗിക്കുന്നതിൽ അഭിലാഷം ജനിപ്പിക്കുന്നു. ആ അഭിലാഷത്തെ കാമം എന്നു പറയാം. ഏതൊരാൾക്കു ഏതു വസ്തുവിനെപ്പറ്റി രതി അല്ലെങ്കിൽ അഭിലാഷം ജനിക്കുന്നുവോ ആ ആൾക്കു ആ വസ്തുവിനെത്തന്നെ അനുഭവിച്ചിട്ടു കാമവും ഉണ്ടാകുന്നു. അതുകൊണ്ടു രതിയും കാമവും സഹചരവസ്തുക്കളാണെന്നും, അവ സ്ത്രീപുരുഷന്മാരെന്നപോലെ ദമ്പതികളായിട്ടിരിക്കുന്നവെന്നും ആണു് നമ്മുടെ ആലങ്കാരികന്മാർ പറയുന്നതു്. പൌരസ്ത്യാലങ്കാരികന്മാരുടെ പക്ഷത്തിലാകട്ടെ രതി മാതാവും കാമം പുത്രനും ആകുന്നു. രതി ഉണ്ടായതിനു ശേഷമാണല്ലോ കാമം ഉണ്ടാകുന്നതു് എന്നുള്ള ന്യായം പിടിച്ചു് രതിയെ മാതാവും കാമനെ രതിയുടെ പുത്രനായിട്ടാണു് അവർ കരുതുന്നതു്. പുഷ്പാദികളായ മനോഹരവസ്തുക്കൾ കാമോദ്ദീപകങ്ങളാകയാൽ അവ ശൃംഗാരരസത്തിന്റെ ഉദ്ദീപനവിഭാവങ്ങളാകുന്നു. അവയുടെ ദർശനത്താൽ ഉദ്ദീപിതമായ ഭാവത്തെ സങ്കല്പിതമായ എന്തെങ്കിലും ഒരാളിൽ ആരോപിച്ചു് അതിനു് അലൌകികമായ ഒരു ചമൽക്കാരം വരുത്തി കവി വർണ്ണിക്കുന്നു. ഇങ്ങിനെ താൻ വർണ്ണിക്കുന്ന ഭാവത്തോടു കവി സഹൃദയന്മാരായ വായനക്കാരുടെ മനോഭാവത്തിനു് ഐക്യം വരുത്തുന്നു. അപ്പോൾ അവരിൽ ഉദിതമായ ആനന്ദം ഉളവാകുകയും ചെയ്യുന്നു. ഇപ്രകാരം മറ്റുള്ളവരെയും ഉദ്ദീപിപ്പിക്കേണ്ടതാണു്. ഈ വിഷയത്തെപ്പറ്റി ഇനിയും പലതു പറയുവാനുണ്ടു് രസനിരൂപണത്തിൽ വിവരിക്കപ്പെടും.

ഇതിനെ അല്പംകൂടി വ്യക്തമാക്കിപ്പറയാം. പൂർവ്വജന്മസുകൃതത്താൽ സിദ്ധിക്കുന്ന ശക്തി, അല്ലെങ്കിൽ വാസന കവികളുടെ ഹൃദയത്തിൽ നിലീനമായിക്കിടക്കുന്ന ഒന്നാണു്. അതു കവിതയുടെ ഉൽപത്തിയിൽ പ്രധാനകാരണമാകുന്നു. അന്തഃകരണത്തിൽ നിലീനമായിക്കിടക്കുന്ന ആ ശക്തിയെ പ്രകാശിപ്പിച്ചു് പ്രവൃത്തോന്മുഖമാക്കിത്തീർക്കുവാൻ നൈപുണ്യവും അഭ്യാസവും കൂടാതെ കഴികയില്ല. അവയില്ലാതെ പോയാൽ അന്തർന്നിലീനമായ ശക്തി വാടിപ്പോയപോലെ വ്യർത്ഥമായിത്തീരുന്നു. ലോകശാസ്ത്രാദിജ്ഞാനത്താലുണ്ടാവുന്ന ഈ നൈപുണ്യത്തിൽ നിന്നാണു് സംഗതികളെല്ലാം കിടക്കുന്നതു്. മനുഷ്യൻ, മൃഗം, പക്ഷി മുതലായി ലോകത്തിലുള്ള സകല ജന്തുക്കളുടെയും വൃക്ഷലതാദിക

ളായ സ്വഭാവവൈചിത്ര്യങ്ങളുടെയും സ്വഭാവത്തിൽ, അടങ്ങിയിരിക്കുന്ന വൈരസ്യങ്ങളെയും, മുതലായവയെ ശാസ്ത്രങ്ങളിലും കാവ്യങ്ങളിലും വർണ്ണിച്ചിട്ടുള്ളതു നോക്കിയും സ്വയമായിത്തന്നെ അവയെ പരിശോധിച്ചും മറ്റുമാണല്ലൊ നൈപുണ്യം സിദ്ധിക്കയുള്ളു. ഇങ്ങിനെ സിദ്ധിച്ച നൈപുണ്യത്തെ വേണ്ടുംപോലെയും യുക്തിയായും ഉപയോഗിക്കുന്നതിനു പിന്നെ കവികളുടെയും കാവ്യനിരൂപകന്മാരുടെയും അടുക്കൽനിന്നു പ്രത്യേകം പഠിക്കയും വേണം. ഇത്രയും സാമഗ്രികൾ സമ്പാദിച്ചതിനു ശേഷമേ ശക്തിയുള്ളവർ തന്നെയും കാവ്യനിർമ്മാണത്തിൽ ഏർപ്പെടാവൂ. അല്ലെങ്കിൽ നിരുപയോഗിച്ചതെ അദ്ധ്യയനത്തിനൊ അഭ്യാസമൊന്നും കൂടാതെ ഓട്ടത്തിൽ കലാശിക്കും.

ലോകത്തിലുള്ള പ്രകൃതിവൈചിത്ര്യങ്ങളെയും മനുഷ്യജാതികളുടെ സ്വഭാവങ്ങളെയും വിശേഷിച്ച് അവരുടെ ഓരോ അവസ്ഥകളിൽ ഉണ്ടാകുന്ന മനോവികാരങ്ങളെയും കഴിയുന്നത്ര ആഴത്തിൽ ചെന്ന് അവയുടെ ഏറ്റവും സൂക്ഷ്മങ്ങളായ ഭേദങ്ങളെപ്പോലും കണ്ടുപിടിക്കുന്നതിനുള്ള നൈപുണ്യമാണ് വാസനാശാലികളായ കവികൾ ഒന്നാമതു സമ്പാദിക്കേണ്ടത്. ഇങ്ങിനെയുള്ള കവികൾക്കു മാത്രമേ പ്രകൃതിയെ കവിതകളിൽ പകർത്തുന്നതിനു സാധിക്കയുള്ളു. പ്രകൃതിവൈചിത്ര്യങ്ങളുടെ അകൃത്രിമമായ സൌന്ദര്യത്തെയും ലോകത്തിന്റെ മനോഭാവങ്ങളെയും അധികം സൂക്ഷ്മമായി കണ്ടുപിടിച്ചിട്ടുള്ളവർ വേദോപനിഷൽപ്രവർത്തകന്മാരായ ഋഷിശ്രേഷ്ഠന്മാരാകുന്നു. അവരെ പിന്തുടർന്ന വ്യാസർ, വാല്മീകി മുതലായവരും ആ വിഷയത്തിൽ ഒട്ടും പിന്നോക്കമല്ല. ഭാസൻ, കാളിദാസൻ മുതലായവർ മനുഷ്യന്റെ മനോഭാവങ്ങളെക്കൊണ്ട് അത്ഭുതകരമാംവണ്ണം പെരുമാറിയവരാണ്. 'സ്ത്രീപുരുഷന്മാരുടെ മനോവികാരങ്ങളുടെ ചേർച്ച നോക്കുവാൻ ഉപയോഗിക്കുന്ന യുക്തിയെ പക്ഷേ മനോഭാവികളുടെ വൈചിത്ര്യം കാണുന്നതിനു പ്രേരിപ്പിക്കയില്ല' എന്ന് ഒരു ലോകസമ്പ്രദായികൻ പറഞ്ഞതായി കാണുന്നു. ഇതു കവികളെ കളിയാക്കിപ്പറഞ്ഞതാണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ഈ അഭിപ്രായത്തിനു വലിയ വിലയുണ്ടെന്നു തോന്നുന്നില്ല. വേണ്ടപോലെ സൂക്ഷ്മദൃഷ്ടിയുണ്ടെങ്കിൽ സ്ത്രീപുരുഷന്മാരുടെ മനോഭാവങ്ങളെ ആഖ്യാനം ചെയ്യുന്നതു അത്ര പ്രയാസകരവും വിഷമവുമൊന്നുമല്ല. കാളിദാസന്റെ ശാകുന്തളാദികളും മറ്റും ഇതിനു സാക്ഷികളാകുന്നു.

ഈ വക അഭിപ്രായഭേദം ഉള്ളിൽ വെച്ചുകൊണ്ട് ആധുനിക കേരളീയസാഹിത്യത്തെ ഒന്നു വിമർശിക്കുന്നവർക്കു വലിയ വ്യസനം തോന്നാതിരിക്കയില്ല. കാവ്യനിർമ്മാണത്തിനുള്ള സാമഗ്രികൾ തികഞ്ഞിട്ടുള്ള കവികളും യഥാർത്ഥകവിത എന്നു പറയാവുന്ന കാവ്യങ്ങളും കേരളത്തിലുണ്ടായിട്ടില്ലെന്നോ ഉണ്ടാവുന്നില്ലെന്നോ മറ്റോ ഞാൻ പറയുന്നതല്ല. അങ്ങിനെയുള്ള കവികളും കാവ്യങ്ങളും ഉണ്ടായിട്ടുണ്ട്, ഉണ്ടാവുന്നുമുണ്ട്. എങ്കിലും യഥാർത്ഥമായ വാസനയോ ആ വാസനക്കു തെളിവുണ്ടാക്കുന്ന സ്വാഭാവികവൃത്തിയോ ഇല്ലാതെയും, ലോകം, ശാസ്ത്രം, കാവ്യം മുതലായവയോട് അധികം ഏർപ്പെടാതെയും, 'കാവ്യമണ്ഡലിക്ക'യുടെ കഥ

ഭേദമില്ലാതെയും, കവിയശസ്സിൽ അതിയായ ആഗ്രഹത്തോടെ കാവ്യനിർമ്മാണം എന്ന സാഹസകൃത്യത്തിനൊരുങ്ങുന്ന ഭാഷാകവികളുടെയും അവർ എഴുതിവിടുന്ന കൃതികളുടെയും ആധിക്യം ആധുനികകേരളഭാഷാചരിത്രത്തെ വളരെ മലിനപ്പെടുത്തുന്നുണ്ട്, എന്ന മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇനി, നാമമാത്രമായുള്ള കവികളുടെ സാഹസത്തിനൊത്ത് ചെയ്യുന്നതു ഗ്രന്ഥവിമർശകന്മാരാണ്. അവരുടെ കഥയും വളരെ പരിതാപകരം. കാവ്യത്തിന്റെ യഥാർത്ഥമായ സ്വരൂപം എന്തെന്നറിയാതെ തങ്ങൾക്ക് എന്തെങ്കിലും സംഗതികൊണ്ടു പ്രതിപക്ഷികളായുള്ളവരുടെ പുസ്തകങ്ങളെ സ്തുതിച്ചും മറ്റുള്ളവരെ ദുഷിച്ചും എഴുതുന്ന നിരൂപണങ്ങളാണ് ഈയിടയിൽ അധികമായി കാണുന്നത്. ഈ വക നിരൂപണാഭാസങ്ങളാ കവികളുടെ ഇടയിൽ മത്സരബുദ്ധിയെ വളർത്തുവാനും കാവ്യനിർമ്മാണത്തിന് അത്യാവശ്യമായ സാധകങ്ങളെ ഇല്ലാതെ ചെയ്യുവാനും, യഥാർത്ഥകവികൾക്ക് 'കാവ്യനിർമ്മാണം എന്നത് എത്രയോ അപഹാസ്യമെന്നൊരു വിചാരം തോന്നിക്കുവാനും മാത്രമേ ഉപകരിക്കുന്നുള്ളൂ. കേരളഭാഷയോടുള്ള പ്രതിപത്തികൊണ്ടു മാത്രം ഇത്രയും പറഞ്ഞുപോയതാണ്.

ഇനി കാവ്യത്തിന്റെ പ്രയോജനം എന്തെന്നു പര്യാലോചിക്കാം. ഈ വിഷയത്തിൽ കാവ്യപ്രകാശകാരൻ ഇങ്ങിനെ പറയുന്നു. 'കാവ്യം യശസേऽർത്ഥകൃതേ വ്യവഹാരവിദേ ശിവേതരക്ഷതയേ സദ്യഃപരനിർവൃതയേ കാന്താസമ്മിതതയോപദേശയുജേ'. യശസ്സ്, അർത്ഥലാഭം, വ്യവഹാരജ്ഞാനം, പാപവിനാശം, പരനിർവൃതി, ഉപദേശദാനം എന്നിവയാണ് കാവ്യത്തിന്റെ പ്രയോജനങ്ങൾ. ഇതിൽ യശസ്സ് സുപ്രസിദ്ധമായ കവിയശസ്സു തന്നെ. അർത്ഥലാഭം കാവ്യരസജ്ഞന്മാരായ ശ്രേഷ്ഠന്മാരായ പ്രഭുക്കന്മാർ കൊടുക്കുന്ന സമ്മാനമായും കാവ്യം വിറ്റു കിട്ടുന്ന ധനമായും പല പ്രകാരത്തിൽ വരാം. വ്യവഹാരജ്ഞാനം കാവ്യംകൊണ്ടുണ്ടാകുന്നതു കാവ്യത്തിൽ വർണ്ണിക്കപ്പെട്ട രാജാദി വ്യവഹാരങ്ങളെ കണ്ടു പഠിച്ചിട്ടുള്ളവർ സമ്പാദിക്കുന്ന ലോകപരിചയം തന്നെ. പാപം നശിക്കുന്നതു ഈശപരസ്തോത്രാദികളെക്കൊണ്ടും മോക്ഷോപയോഗികളായ വചനങ്ങളിൽ കാണുന്ന ഗുണാർത്ഥം ഉണ്ടാകുന്ന അറിവുകൊണ്ടും ആകുന്നു. 'ഏകഃ ശബ്ദഃ സമ്യഗ്ജ്ഞാതഃ സുപ്രയുക്തഃ സ്വർഗ്ഗേ ലോകേ ച കാമധുഗ് ഭവതി' എന്ന ശ്രുതിവചനം കാവ്യത്തിനുള്ള പാപക്ഷയശക്തിയെ പ്രമാണമാക്കുന്നു. ലോകത്തിലുള്ള എല്ലാ വസ്തുക്കളുടെയും സ്വരൂപജ്ഞാനംകൊണ്ട് യഥാർത്ഥമായ ജ്ഞാനം ഉദിക്കയും ആ വഴിക്ക് മോക്ഷം ലഭിക്കയും ചെയ്യുന്നു എന്നു വേദശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നു. എന്തെങ്കിലും ഒരു പ്രകാരത്തിൽ മോക്ഷത്തിനുപകരിക്കാത്ത ശാസ്ത്രാദികളെ ഹിന്ദുക്കൾ ആദരിക്കാറുമില്ല. ഈ സ്ഥിതിക്ക് ലോകത്തിന്റെ സ്വരൂപം മനസ്സിലാക്കി അതിന്റെ ബാഹ്യാന്തഃപ്രകൃതികളെ കണ്ടറിഞ്ഞ് ഉണ്ടാക്കുന്ന കാവ്യംകൊണ്ട് പാപം നീങ്ങി ജ്ഞാനം തെളിഞ്ഞ് മോക്ഷം സിദ്ധിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പരനിർവൃതി എന്നു വെച്ചാൽ പരമമായ ആനന്ദം തന്നെ. ലൗകികങ്ങളായ ദുഃഖങ്ങളെക്കൊണ്ടു മനസ്സു തിളിക്കുന്ന അവസരത്തിൽ കാവ്യപരിശീ

ധനംകൊണ്ടുണ്ടാവുന്ന. അലൌകികമായ രസം സഹൃദയന്മാർക്ക് ആഹ്ലാദമായിട്ടുള്ളതും കൊടുക്കുകയും അവരെ വീണ്ടും ഉത്സാഹികളാക്കിത്തീർക്കുകയും ചെയ്യുന്നത് പ്രത്യക്ഷമാണല്ലോ. ചിലപ്പോൾ മറ്റുള്ളവർ ചെയ്യുന്ന സദുപദേശങ്ങളെക്കാളധികം കവിയുടെ ഒരൊറ്റ വാക്ക് മനസ്സിനു പെട്ടെന്ന് ആനന്ദം കൊടുക്കുന്നു. അതുകൊണ്ടാണ് 'സദ്യഃ പരനിർവൃതയേ' എന്നു നിർവൃതിയെ വിശേഷിപ്പിച്ചു പറഞ്ഞത്. ഇതിനൊക്കെയും പുറമെ ഒട്ടു വിലകുറഞ്ഞതാണെങ്കിലും അമുഖ്യമായി, കാവ്യത്തിനൊരു പ്രയോജനമുണ്ട്. അതു വായനക്കാർക്കു കാന്തയെപ്പോലെ ഉപദേശം കൊടുക്കുകയാകുന്നു.

കാവ്യത്തിന്റെ സ്വരൂപത്തെയും ലക്ഷ്യങ്ങളെയും പറ്റി പറഞ്ഞപ്പോൾ സൂചിപ്പിച്ച പ്രകാരം കൃത്യാകൃത്യോപദേശരൂപമായ ശബ്ദപ്രപഞ്ചത്തിൽ വേദത്തെ പ്രഭുസമ്മിതമെന്നും, പുരാണാദിയെ സുഹൃത്സമ്മിതമെന്നും ലൌകികകാവ്യത്തെ കാന്താസമ്മിതമെന്നും ആലങ്കാരികന്മാർ വകതിരിച്ചിരിക്കുന്നു. ഇവിടെ സമ്മിതശബ്ദത്തിനു തുല്യം എന്നാണർത്ഥം. പ്രഭു അല്ലെങ്കിൽ യജമാനൻ ഭൃത്യനോട് 'ഇവിടെ വരണം, അവിടെ പോണം' എന്നു തുടങ്ങിയ കല്പനകൾ ചെയ്യുംപോലെ വിധിരൂപേണ മനുഷ്യരെ കൃത്യാകൃത്യങ്ങളിൽ പ്രവർത്തിപ്പിക്കുകയാണ് വേദം ചെയ്യുന്നത്. ഭൃത്യനു യജമാനന്റെ ആജ്ഞയിൽ പറ്റുന്ന യോഗത്തിനധികാരമില്ലാ അതുപോലെ, വേദവിധികളെ നിഷേധിക്കുവാൻ നമുക്കധികാരമില്ല. അതിനാൽ വേദം പ്രഭുസമ്മിതമാകുന്നു. പുരാണാദികളിലെ കൃത്യാകൃത്യോപദേശം ഒരു സുഹൃത്തു ചെയ്യുന്നതുപോലെയാണ്. ഒരാൾ ഇന്നപ്രകാരം ചെയ്യുന്നതാണ് നല്ലതെന്നും ഇന്ന വഴിയെ പോകുന്നതു നന്നല്ലെന്നും പറഞ്ഞ് അതിൽ വേണ്ടുന്ന തെളിവുകളും തന്ന് എന്റെ സ്നേഹിതൻ എന്നെ കൃത്യാകൃത്യങ്ങളിൽ പ്രവർത്തിപ്പിക്കുന്നു. സ്നേഹിതന്റെ ഉപദേശം സ്വീകരിക്കുകയാണ് എനിക്കു നല്ലത്. അതുകൊണ്ടു ഞാൻ അതുപ്രകാരം നടക്കുന്നു. അഥവാ ഒരു പക്ഷേ ആ വാക്കു തെറ്റി നടന്നാലും അതിനു വലിയ പ്രത്യവായം വരാനില്ല. അതുപോലെ പുരാണാദികൾ പറയുന്നതു അനുസരിക്കുന്നതിൽ വേദത്തിന്റെ കാര്യത്തിലെപ്പോലെ കഠിനനിർബ്ബന്ധമില്ല. കാവ്യം ചെയ്യുന്നതായ കൃത്യാകൃത്യോപദേശം ഇതുപോലെയുമല്ല. അത് ഒരു ഭാര്യ ഭർത്താവിനോടു ഉപദേശം ചെയ്യുന്നതുപോലെയാകുന്നു. ഭാര്യ തനിക്കെന്തെങ്കിലും ഒരു കാര്യം സാധിക്കേണ്ടതുണ്ടെങ്കിൽ സമസ്തങ്ങളായ ഭാവങ്ങളെക്കൊണ്ട് തന്റെ ഇംഗിതത്തെ ഭർത്താവിനോടു ധരിപ്പിച്ച് ഉപായത്തിൽ കാര്യം കല്പിക്കുന്നു. ഭാര്യയുടെ കാര്യം സാധിപ്പിക്കുന്നതിനു താൻ തന്നെ നിർബ്ബന്ധിക്കത്തക്ക വിധം അവളുടെ ചേഷ്ടകളാൽ ഭർത്താവ് ആകർഷിക്കപ്പെടുന്നു. ഇതുപ്രകാരം സരസശബ്ദാർത്ഥസുന്ദരവും വ്യംഗ്യപ്രധാനവുമായ കാവ്യം നമ്മുടെ മനസ്സിനെ രസിപ്പിച്ച് 'രാമാദികളെപ്പോലെ നടക്കുവിൻ, രാവണാദികളെപ്പോലെ ചെയ്യാതിരിപ്പിൻ' എന്നുപദേശിക്കുന്നു. ഇവിടെ ഒരു സംഗതി പ്രത്യേകം ധരിക്കേണ്ടതായിട്ടുണ്ട്. അഭിധാ-ലക്ഷണാ-വ്യഞ്ജനാ എന്നു മൂന്നു വൃത്തികളുടെ മഹിമയാൽ കിട്ടുന്ന വാച്യം, ലക്ഷ്യം, വ്യംഗ്യം എന്ന മൂന്നു വിധം അർത്ഥത്തിലാണ് വേദാദികളിൽ ക്രമേണ

പ്രാധാന്യമുള്ളത്. വേദത്തിലെ ഉപദേശം ശാസ്ത്രമായും പുരാണാദികളിലേതു സഖ്യമായും കാവ്യത്തിലേതു വ്യംഗ്യമായും ഇരിക്കും. ഇവയിൽ വേദപുരാണാദികളുടെ ഉപദേശങ്ങളായിരുന്നാൽ കൂടി ചില രസികന്മാർ അതു പാലിക്കയില്ലായാൽ അവരുടെ മനസ്സിനെ രസിപ്പിച്ചുകൊണ്ട് തന്നെ ഉപദേശം ചെയ്യുവാനാണ് കാന്താസമ്മിതങ്ങളായ കാവ്യങ്ങളെ നിർമ്മിച്ചിട്ടുള്ളത്. കല്ക്കണ്ടസമമായ ഔഷധം വ്യാധിശമനത്തിന്നു പാകിയതാണെങ്കിലും രോഗികളായ ബാലന്മാർ ഇഷ്ടപ്പെട്ടു വിചാരിച്ച് അതു സേവിക്കാൻ മടിക്കുന്നു. അപ്പോൾ അവക്ക് ആ ഔഷധം ശർക്കരയിൽ ചേർത്തിട്ടു കൊടുക്കുകയാണല്ലോ പതിവ്. അതുപോലെ രസിപ്പിച്ചുകൊണ്ടു തത്ത്വോപദേശം ചെയ്യുകയാകുന്നു കാവ്യത്തിന്റെ ധർമ്മം. ഇപ്രകാരം നോക്കിയാൽ കാവ്യം അതിന്റെ അസാധാരണധർമ്മത്താൽ മറ്റുള്ളവയിൽനിന്നു വേർതിരിയുന്നു.

കെ. വി. എം.

ഓക്കുലചന്ദ്രശേഖർജി

കല്ലൂത്താ മജിസ്ട്രേട്ടുകോടതിയിലെ ജഡ്ജിയായിരുന്ന ചന്ദ്രശേഖരഗോപാലയ്യർ എന്ന മഹാനെപ്പോലെത്തന്നെ ഈ പ്രസംഗത്തിന്റെ കഥാപുരുഷനായ ഓക്കുലചന്ദ്രശേഖരയ്യരും വളരെ താണ സ്ഥിതിയിൽനിന്ന് ഏറ്റവും ഉയർന്ന പദവിയെ പ്രാപിച്ച ഒരു യോഗ്യപുരുഷനാണ്. കല്ലൂത്തയിലുള്ള പറ്റുത്തുവട്ടം എന്ന ദിക്കിലെ ഒരു ദരിദ്രകുടുംബത്തിലാണ് ഓക്കുലർ ജനിച്ചുവളർന്നത്. ഓക്കുലരുടെ ജനനം ക്രിസ്ത്വബ്ദം 1829-ാമാണ്ടിലായിരുന്നു. ഓക്കുലരുടെ ജ്യേഷ്ഠനായ വൈദ്യനാഥ ദിവാൻ കല്ലൂത്തയിൽ പ്രസിദ്ധിപെറ്റ ഒരാളായിരുന്നു. ഓക്കുലരുടെ അച്ഛനായ ലക്ഷ്മീനാരായണൻ വൈദ്യനാഥനെപ്പോലെ യോഗ്യനായിരുന്നില്ല. എങ്കിലും തന്റെ അച്ഛനിൽനിന്ന് ഏതാണ്ടു വളരെ സമ്പാദിച്ചിട്ടുണ്ടായിരുന്നു. പദവിനാലായണ്ടെന്ന് അന്നു ചെറുപ്പമായിരുന്നതിൽ ഓക്കുലർ നാലാമത്തെ പുത്രനായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ ഓക്കുലർ ഒരു ഗുരുവിന്റെ കീഴിൽ വാക്യം മുതൽ പഠിക്കുകയും അതിൽ അസാമാന്യമായ നൈപുണ്യം സമ്പാദിക്കുകയും ചെയ്തു. പാരമ്പര്യമായ പഠിപ്പായതുകൊണ്ടു കാവ്യ സംസ്കൃതവും തെലുങ്കും പഠിച്ചു. എട്ടു വയസ്സായപ്പോൾ ഓക്കുലർ ഗോപാലയ്യരെന്നവന്റെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പാൻ തുടങ്ങി. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഓക്കുലർ ആ സ്കൂൾ വിട്ടു മിഷ്യൻകോളേജിലേക്കു പഠിപ്പാൻ പോയി. ഓക്കുലർ പഠിപ്പിൽ വളരെ ഉത്സാഹമുള്ളവനായിരുന്നു. അവരുടെ സാമർത്ഥ്യത്താൽ അവർക്ക് മേലെസ്കോളർഷിപ്പു കിട്ടി. എന്നാൽ ഓക്കുലരുടെ ഗുരു ജ്യേഷ്ഠൻ അച്ഛനിൽനിന്നു വിട്ടു

ധ്യാനം മുതലായ ധ്യാസനം ചെയ്തു തുടിച്ചു തുകൊണ്ട് അനന്തകൃഷ്ണന്റെ കുഡുംബത്തിന്റെ സ്ഥിതിയ്ക്കു വലുതായ ഒരു മാറ്റം ഉണ്ടായെന്ന സംഭവിയ്ക്കുകയും അന്നുമുതൽ അനന്തകൃഷ്ണൻ താനേ സ്വയം പഠിച്ചു നിന്ന് കരിവയ്ക്കയും ചെയ്തു. ഇപ്രകാരം സ്വയം പഠിച്ചു വിദ്വാനായ ശേഷം അനന്തകൃഷ്ണന്നു ഉദ്യോഗം കിട്ടാൻ ശ്രമിച്ചു. എന്നാൽ അക്കാലത്ത് ഒരു ഉദ്യോഗം കിട്ടാനുള്ള ഞെരുക്കം ഇന്നത്തെ പോലെ പറയേണ്ടതില്ലായിരുന്നു. വളരെ ശ്രമപ്രയത്നം ചെയ്തതിന്റെ ശേഷം അനന്തകൃഷ്ണന്ന് മൈസൂർ ഗവൺമെന്റ് കോടതിയിൽ ഗുമസ്തന്റെ പണി കിട്ടി. മാസം ഏഴുറുപ്പിക്കായിരുന്നു ശമ്പളം. ഈ പ്രകാരമായ അനന്തകൃഷ്ണന്റെ പ്രവൃത്തിയിലുള്ള ശുഷ്കാന്തിയും സാമർത്ഥ്യവും കണ്ട് മേലുദ്യോഗസ്ഥന്മാർ വളരെ സന്തോഷിച്ചു. അവർ മേലിൽ ഉദ്യോഗക്കയറ്റം കിട്ടുന്ന കാര്യത്തിൽ അനന്തകൃഷ്ണനെ വളരെ നല്ല സർട്ടിഫിക്കറ്റുകൾ കൊടുത്തിരുന്നു.

അനന്തകൃഷ്ണന്റെ കുഡുംബത്തിലെ കാരണവരായ സർക്കാരിലെ ഉദ്യോഗസ്ഥനായിരുന്ന ബസവൻ ക്രോമ്പി സായ്പിന്റെ ഉപദേശപ്രകാരം ജോലിയിൽ പ്രവേശിച്ചു നാലഞ്ചുകൊല്ലത്തിൽ അനന്തകൃഷ്ണൻ നിയമം പഠിക്കുവാൻ തുടങ്ങി. അവന്റെ ജോലി തീർന്നുകഴിഞ്ഞു പഠിക്കാൻ വളരെ കുറച്ചു സമയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും ഉള്ള സമയം അനന്തകൃഷ്ണൻ നല്ലവണ്ണം ഉപയോഗിച്ചു. പ്രവൃത്തി സമയത്തിലെ നിയമപരീക്ഷയിൽ അനന്തകൃഷ്ണൻ ഒന്നാമനായി ജയിച്ചു. അക്കാലത്തെ പ്രസിദ്ധനായ അഡ്വക്കേറ്റ് ജനറൽ ആയിരുന്ന രംഗാചാർലു, പക്ഷി

ക്കയിൽ ജയിച്ച് ഏതാണ്ടൊരു മാസമായപ്പോൾ അനന്തകൃഷ്ണൻ സബ്കോർട്ടിൽ വക്കീലായി പ്രവേശിക്കാൻ തുടങ്ങി. അനന്തകൃഷ്ണന്നു കുറെ കേസ്സുകളും കിട്ടിത്തുടങ്ങി. അഡ്വക്കേറ്റ് ജനറലായിരുന്ന രംഗാചാർലു അനന്തകൃഷ്ണനെ സഹായിച്ചു. അനന്തകൃഷ്ണന്റെ യഥാർത്ഥമായ യോഗ്യത കണ്ട് അന്നത്തെ വക്കീലന്മാരുടെ ഇടയിൽ പ്രമാണിയായിത്തീരാൻ പ്രസിദ്ധനായ ഒരു പ്രസംഗകനായി അനന്തകൃഷ്ണൻ വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുകയും കക്ഷികളുമായി പരിചയപ്പെടുത്തികൊടുക്കുകയും ചെയ്തു.

ക്രിസ്ത്വാബ്ദം ൧൮൮൧-ൽ സബ്കോടതിയും ജില്ലാക്കോടതിയും കൂടി കന്നഡയിലേ ക്കുള്ള പ്രത്യേക കോടതിയാക്കപ്പെട്ടു. ഇതിന്നു മുമ്പു ഉദ്ദേശമായാണ് കോടതികളിൽ ഉപയോഗിച്ചുവന്നിരുന്നത്. അതു മാറി ജില്ലാക്കോടതിയിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കണമെന്നു തീർച്ചപ്പെടുത്തി. ഈ ഏർപ്പാടിന്നു മുമ്പു വളരെ കേസ്സുകളുണ്ടായിരുന്ന മുൻസിഫ് കോടതിയിലെ വക്കീൽ ബുദ്ധി ഇല്ലാതെ കേസ്സുകൾ ചുരുക്കമായി. പുതുതായി നിയമിക്കപ്പെട്ട ജില്ലാക്കോടതിയിലെ ഒരു ജഡ്ജിയായി ഒരു പ്രമാണിയെ നിയമിച്ചു. എന്നാൽ ഭാഷയുടെ മാറ്റത്തിന്നു അനുകൂലമല്ലായ്കയാൽ മാറ്റത്തിന്നു മുമ്പായി കേസ്സുകൾ വിചാരണ ചെയ്യാൻ സാധിച്ചില്ല. പിന്നെ മഹാപ്രസിദ്ധനായിരുന്ന കൊടുക്കാൻ നിശ്ചയിച്ചിരുന്ന ജഡ്ജിപ്പണി തെരഞ്ഞെടുക്കപ്പെട്ട അനുഭവസമ്പന്നർക്കു കൊടുക്കപ്പെട്ടു. അന്നുമുതൽ അനന്തകൃഷ്ണന്റെ സ്ഥിതി മുമ്പിലത്തെക്കാൾ നന്നായി. പിന്നെ ൧൮൮൩-ൽ

ശംഭുനാഥപണ്ഡിതർ മരിച്ചപ്പോൾ ദ്വാരകാനാഥമിത്രൻ ജഡ്ജിസ്ഥാനത്തേയ്ക്കു നിയമിക്കപ്പെട്ടു. അപ്പോൾ അനുകൂലന്റെ ജോലിത്തിരക്ക് ഇരട്ടിച്ചു. വക്കീൽപണി സംബന്ധമായ ഉന്നതിയുംപുറമെ അനുകൂലനു പല ബഹുമതികളും സിദ്ധിച്ചു. ൧൮൬൭-മാണ്ടു ഫിബ്രവരിമാസം പന്ത്രണ്ടാംതിയ്യതി അനുകൂലൻ കല്ക്കത്താ സർവ്വകലാശാലയിലെ ഒരു സാമാജികനായി നിയമിക്കപ്പെട്ടു. അതുകഴിഞ്ഞു ഏതാനും ദിവസത്തിനുള്ളിൽ അദ്ദേഹത്തിനെ നിയമസമാജത്തിലെ ഒരംഗമായി നിശ്ചയിച്ചു. ൧൮൬൭-മാണ്ടു ഡിസംബർമാസം ൧൯-ാം തിയ്യതി അനുകൂലൻ ജൂനിയർ ഗവർമ്മെണ്ടുവക്കീലായി നിയമിക്കപ്പെട്ടു. ഈ കാലംകൊണ്ടു അനുകൂലൻ വക്കീലന്മാരുടെ ഇടയിൽ പ്രധാനിയായിത്തീർന്നു. ഈ ഘട്ടത്തിൽ അനുകൂലനും മരിച്ചുപോയ മനോമോഹനഘോഷനും ചേർന്നു ഒരു കേസ്സിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. അതിൽ ആർക്കാണ് പ്രാധാന്യത എന്ന സംഗതിയെപ്പറ്റി തർക്കംവന്നതിനാൽ അതിനെപ്പറ്റി ൧൮൭൦ മാർച്ച് ൯-ാംനു ജഡ്ജിമാർ അവരുടെ വാദങ്ങൾ കേൾക്കുകയും വാദം മനോമോഹനഘോഷനു അനുകൂലമായി തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ തീർച്ചയിൽനിന്നും അനുകൂലനു വളരെ സ്ഥാനക്കേടുള്ളതായി ജഡ്ജിമാർക്കു തോന്നിയതിനാൽ ഒന്നാംജഡ്ജി പിറേറദിവസംതന്നെ അനുകൂലനെ ഹൈക്കോടതിയിലെ അഡ്വക്കേറ്റായി നിശ്ചയിക്കാമെന്നു ഒരു എഴുത്തു അനുകൂലനു അയച്ചുകൊടുത്തു. എന്നാൽ അനുകൂലൻ തനിക്കു അതു ആവശ്യമില്ലെന്നു ബഹുമാനത്തോടുകൂടി ഒന്നാംജഡ്ജിയെ അറിയിക്കുകയും ചെയ്തു.

ശംഭുനാഥൻ ജഡ്ജിയായതിന്റെശേഷം സിനിയർ ഗവർമ്മെണ്ടുവക്കീലിന്റെ ജോലി നോക്കിയിരുന്ന ബാബുകൃഷ്ണകിശോർഘോഷൻ ൧൮൭൦-ാമാണ്ടിന്റെ ആരംഭത്തിൽ മരിച്ചപ്പോൾ ആ ജോലിക്കു അനുകൂലനെ നിശ്ചയിച്ചു. മാർച്ചുമാസം ൯-ാംനു അപ്പോഴത്തെ ലഫ്റ്റനന്റ് ഗവർണ്ണരായ സർ മാഡ്ഗ്സ് തോംസൻ അനുകൂലനെ ബങ്കാളം നിയമനിർമ്മാണസഭയിലെ ഒരംഗമായി നിശ്ചയിച്ചു. ഹൈക്കോടതി വക്കീലന്മാരുടെ കൂട്ടത്തിൽ ആദ്യമായി നിയമനിർമ്മാണസഭയിലെ മെമ്പർസ്ഥാനം ലഭിച്ചത് അനുകൂലനായിരുന്നു. എന്നാൽ ഉടനെതന്നെ അനുകൂലനെ ഹൈക്കോടതി ജഡ്ജിപ്പണിക്കു വെക്കാൻ തീർച്ചയാക്കിയതുകൊണ്ടു അദ്ദേഹത്തിനു നിയമനിർമ്മാണസഭയിലെ മെമ്പർസ്ഥാനം രാജിവെക്കേണ്ടിവന്നു. ഇപ്രകാരം ൧൪ കൊല്ലംമാത്രം വക്കീൽപണിയിലിരുന്നു ജഡ്ജിസ്ഥാനം പ്രാപിച്ച അദ്ദേഹത്തിനു യഥാർത്ഥമായും അസാധാരണമായുള്ള യോഗ്യതയുണ്ടെന്നു ആരും സമ്മതിക്കാതെ കഴിയുന്നതല്ല. ഡിസംബർമാസം ൯-ാംനു അനുകൂലൻ ജഡ്ജിയായി സത്യം ചെയ്യിക്കപ്പെട്ടു. പിറ്റെദിവസംമുതൽക്കു നമ്പറുകൾ വിചാരണചെയ്യാനും തുടങ്ങി. അനുകൂലന്റെ ഉന്നതിയെ അഭിനന്ദിച്ചുകൊണ്ടു അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ പലരും കത്തയച്ച കൂട്ടത്തിൽ വില്യം മാർക്കർബിജഡ്ജിയും കത്തയച്ചിട്ടുണ്ടായിരുന്നു. അതു താഴെ പറയുംപ്രകാരമായിരുന്നു. 'സ്നേഹിതാ! നിങ്ങളുടെ ഉന്നതിയെപ്പറ്റി എന്റെ അഭിനന്ദനപത്രം അയക്കാതെ കല്ക്കത്ത വിട്ടുപോവാൻ എനിക്കു മനസ്സുവരുന്നില്ല. നിങ്ങളെ ഈ പണിക്കു നിശ്ചയിച്ചതിൽ

ഞാൻ ഏറ്റവും സന്തോഷിക്കുന്നു. നിങ്ങൾ ശരിയായി പ്രവൃത്തി എടുക്കുമെന്നും എനിക്കു നല്ല നിശ്ചയമുണ്ട്'. എന്നു സ്നേഹിതൻ മാർക്ബി' അതിപ്രസിദ്ധനും അനുകൂലന്റെ സ്നേഹിതനുമായ ദ്വാരകാനാഥമിത്രൻ ഇതിനുമുമ്പുതന്നെ ഹൈക്കോടതി ജഡ്ജിയായിരുന്നു. അനുകൂലന്റെ ഉന്നതിയെപ്പറ്റി മഹാനായ ദ്വാരകാനാഥൻ നിർവ്യാജമായി സന്തോഷിക്കയും കൂടക്കൂടെ തമ്മിൽ കാണാനും പരസ്പരസമ്മേളനത്തിനുള്ള സൗകര്യത്തിനുവേണ്ടി അനുകൂലനോടു തന്റെ വീട്ടിനടുത്തുതന്നെ താമസമാക്കാൻ നിർബ്ബന്ധിക്കയും ചെയ്തു. ഇപ്രകാരം ഈ രണ്ടു യോഗ്യന്മാരും സമീപവാസികളായി വളരെ ഐകമത്യത്തോടുകൂടി ജീവാവസാനംവരെ താമസിച്ചുവന്നു.

അനുകൂലൻ ജഡ്ജിപ്പണിയിലിരുന്നു വളരെ നല്ല പേർ സമ്പാദിപ്പാൻ തുടങ്ങി. എന്നാൽ അദ്ദേഹത്തിനു വളരെ കുറച്ചു കാലം മാത്രമേ ജഡ്ജിയായിരിക്കാൻ സംഗതിവന്നുള്ളു. ജഡ്ജിയായി എട്ടുമാസം കഴിഞ്ഞ ഉടനെ ഒരുദിവസം സായാഹ്നത്തോടെ അനുകൂലൻ കോടതിയിൽ പോകുകയും ഒരു കേസ്സിലെ വിധിന്യായം ഉച്ചരിക്കയും ചെയ്തു. പിന്നെ ടിഫിൻ കഴിക്കാൻവേണ്ടി അദ്ദേഹം തന്റെ മുറിയിലേക്കു പോയി. അപ്പോൾ എന്തോ അസാംഗത്യമായി സുഖക്കേടു തോന്നുകയാൽ തന്റെ സ്നേഹിതനായ ദ്വാരകാനാഥനോടു വല്ല വിധത്തിലും തന്നെ വീട്ടിലേക്ക് എത്തിക്കേണമെന്ന് ആവശ്യപ്പെട്ടു. ഉടനെ തന്നെ അനുകൂലൻ സ്വന്തം വീട്ടിലെത്തി. അപ്പോൾതന്നെ ഛർദ്ദിക്കൽ ധാരാളം മലശോധനയുമുണ്ടായി. അതുനിമിത്തം അനുകൂലനു വളരെ ക്ഷീണമായി. വീട്ടിന്റെ മുകളിലേക്കു കയറിപ്പോകാൻ വയ്യാതെ താഴത്തുതന്നെ കിടക്കേണ്ടിവന്നു. യോഗ്യന്മാരായ പല ഡാക്ടർമാരെയും ആളയച്ചുവരുത്തി, അതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. അനുകൂലനു സംസാരിക്കാൻ വയ്യാതായി. വൈകുന്നേരം ആറുമണിക്കു മരിച്ചുപോയി. 'ഹതവിധിഃപരിപാകഃ കേനവാ ലംഘനീയഃ' എന്നല്ലാതെ എന്താണ് പറയേണ്ടത്. 'ഈശ്വരൻ തന്റെ പ്രീതിഭാജനമായ ആളുകൾ ചെറുപ്പത്തിൽ മരിച്ചുപോകുന്നു' എന്ന് ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. അത് എത്രയും ശരിയായിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നു. അനുകൂലന്റെ ദീനം പക്ഷവാതമായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിനു 42-ാമത്തെ വയസ്സു നടപ്പായിരുന്നു. ക്രിസ്താബ്ദം 1871-ാമാണ്ട് ആഗസ്റ്റ് മാസം 17-ാംതീയതിയാണ് അദ്ദേഹം പരഗതിയെ പ്രാപിച്ചത്. അനുകൂലൻ ഇത്ര നേരത്തെ മരിക്കുമെന്ന് ആരും തന്നെ വിചാരിച്ചിരുന്നില്ല. അതിനാൽ ശോചനീയമായ അദ്ദേഹത്തിന്റെ മരണവൃത്താന്തം കേട്ടപ്പോൾ സ്നേഹിതന്മാരും പരിചയക്കാരും ആശ്ചര്യചകിതന്മാരായി ഭവിച്ചു.

ഈ ദുഃഖവൃത്താന്തം ഹൈക്കോടതി ജഡ്ജിമാരെ അറിയിച്ചപ്പോൾ ഒന്നാം ജഡ്ജിയായ സർ റിച്ചേർഡ് കൌച്ച് അനുകൂലന്റെ നേരെയുള്ള ബഹുമതിസൂചകമായി അന്നു കോടതിമുടക്കം ചെയ്തു. കോടതി പിരിയുന്നതിനു മുമ്പായി ഒന്നാം ജഡ്ജി അനുകൂലന്റെ യോഗ്യതയെപ്പറ്റി താഴെ പറയുംപ്രകാരം ഒരു പ്രസംഗം ചെയ്തു. 'അനുകൂലന്റെ മരണത്താൽ ഗവർമ്മെണ്ടിലേക്കു വളരെ ഉപയോഗമുള്ള ഒരു

ഉദ്യോഗസ്ഥന്മാരും തന്റെ പ്രവൃത്തിയിൽ വളരെ ശുഷ്കാന്തിയുള്ളവനും ഏററവും ശോഭനനും സ്വാതന്ത്ര്യമുള്ളവനും തന്റെ മുമ്പാകെ വരുന്ന വക്കീലന്മാർ, കക്ഷികൾ മുതലായവരുടെ നേരെ അത്യന്തം ദാക്ഷിണ്യശീലനും ആയ ഒരു ജഡ്ജിയും ഇല്ലാതായി എന്നു ഞാൻ നിസ്സംശയം പറയുന്നതോടുകൂടി എന്റെ കൂട്ടാളികളായ മററു ജഡ്ജിമാരും യോജിക്കുന്നതിന് എനിക്കു ലേശം ശങ്കയില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഈ രാജ്യത്തിൽ എത്തിയ മുതൽക്കുതന്നെ അനന്തകൃഷ്ണനുമായി പരിചയമാവുകയും അദ്ദേഹത്തിന്റെ യോഗ്യതകളെപ്പററി എനിക്കു വളരെ ബഹുമതി തോന്നുകയും ചെയ്തിട്ടുണ്ടു. ഞാൻ ഈ കോടതിയിൽ ആദ്യമായി വിചാരണ ചെയ്തുതുടങ്ങിയപ്പോൾതന്നെ അദ്ദേഹത്തിന്റെ ബുദ്ധിയുടെ വൈശിഷ്ട്യവും ഉപസ്ഥിതബുദ്ധിയും കണ്ട് അത്ഭുതപ്പെട്ടു. ഒരു കേസ്സിനെ സംബന്ധിച്ചു അദ്ദേഹം പറയുന്ന സംഗതികളെ ജഡ്ജിമാർ ലേശം സംശയം കൂടാതെ വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധി ഏററവും സൂക്ഷ്മമായിരുന്നു. അദ്ദേഹം ഒരു കേസ്സിലെ സംഗതികളെ മാററിമറിച്ചോ തെററിദ്ധരിപ്പിക്കയോ യഥാർത്ഥസ്ഥിതിയെ അതിക്രമിച്ചു പറകയോ ഉണ്ടായിട്ടില്ല. വളരെ ധൈര്യവും സ്വാതന്ത്ര്യവും ഉള്ളവനായിരുന്നതുകൊണ്ടു നീതിന്യായപരിപൂർത്തിക്കുവേണ്ടിയും തന്റെ കക്ഷിയുടെ കാര്യസാദ്ധ്യത്തിനുവേണ്ടിയും കോടതി അദ്ദേഹത്തിനു വിരോധമായ അഭിപ്രായം എത്രതന്നെ ബലമായി പറഞ്ഞാലും കോടതിയുടെ അഭിപ്രായത്തിന്ന് എതിരായി വാദിപ്പാൻ അദ്ദേഹത്തിനു ലേശം കൂസലുണ്ടായിരുന്നില്ല. ഒരു സ്നേഹിതന്റെ നിലയിൽ അദ്ദേഹത്തിനെ അറിഞ്ഞിരുന്നവർക്കെല്ലാം അദ്ദേഹത്തെപ്പററി വളരെ ബഹുമാനമുണ്ടായിരുന്നു'. ഹിന്ദുപെട്രിയട് എന്ന പത്രം അനന്തകൃഷ്ണനെപ്പററി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. 'അനന്തകൃഷ്ണൻ വക്കീലന്മാർക്കും ജഡ്ജിമാർക്കും ഒരു ഭൂഷണമായിരുന്നതിനു പുറമെ ജനസമുദായത്തിനും ഒരു ഭൂഷണമായിരുന്നു. അദ്ദേഹം നാട്യമില്ലാത്തവനും സുശീലനും പ്രസന്നഹൃദയനും കരുണാശീലനുമായ ഇദ്ദേഹം താണ സ്ഥിതിയിലിരുന്ന ആളുകളോടു ചേർന്നിരുന്ന കാലത്തും പിന്നീടു ഉന്നതമായ ഹൈക്കോടതിജഡ്ജിയായി നിർവ്വാഹം നടത്തുന്ന കാലത്തും തന്റെ സ്നേഹിതന്മാരോടു യാതൊരു വ്യത്യാസവും കൂടാതെ പെരുമാറിപ്പോന്നു.'

മനുഷ്യൻ ആകൃതിയിൽ വളരെ സുന്ദരനായിരുന്നു. അദ്ദേഹത്തിന്റെ ആകൃതിഗൗരവവും സകലരുടെയും മനസ്സിനെ വശീകരിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ വാഗ്വിലാസം അനതിശയനീയമായിരുന്നു. ഇത്രയൊക്കെ ഗുണമുള്ള അദ്ദേഹം നാട്ടുകാർക്കു മാത്രമല്ല ഇദ്ദേഹമായി ഇടപഴകിയ സായ്വന്മാർക്കുംകൂടി ഒരു പ്രീതിഭാജനമായി തീർന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ഇദ്ദേഹം ഒരു പുരുഷരത്നമായിരുന്നു എന്നു നിസ്സംശയം പറയാവുന്നതാണ്. ഈ മഹാനായവന്റെ പവിത്രമായ ചരിത്രം ജനങ്ങളുടെ ഓർമ്മയിൽ ആചന്ദ്രതാരം നിലനില്ക്കട്ടെ എന്നുള്ള ആശംസയോടുകൂടി ഈ പ്രബന്ധത്തെ അവസാനിപ്പിക്കുന്നു.

ക.കൃഷ്ണൻ.

സിലോൺ രാജ്യത്തിൽ ബുദ്ധമതം പ്രചരിച്ചത് അശോകചക്രവൎത്തിയുടെ കാലത്താണ്. അക്കാലത്തു സിലോൺ എന്ന ലങ്കാരാജ്യനിവാസികൾക്ക ബുദ്ധനിയെക്കുറിച്ചുണ്ടായ ഭക്തിബഹുമാനങ്ങളും അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അത്യാദരമായവിധത്തിൽ കൈക്കൊള്ളുന്നതിലേക്ക കാരണഭൂതങ്ങളായിത്തീൎന്ന അത്ഭുതസംഭവങ്ങളും സ്മരണയിലെത്തുമ്പോൾ എത്രതന്നെയായാലും സ്മരിച്ചുപോവാതിരിക്കയില്ല. രണ്ടായിരത്തിലധികം വൎഷത്തോളം മുമ്പു കഴിഞ്ഞ ആ കഥകൾ മനസ്സിൽ ഹൃദയംഗമങ്ങളാകുന്നു.

ശാക്യവംശജനായ സിദ്ധാൎത്ഥഭഗവാൻ ഏതൊരു വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന ബുദ്ധപദത്തെ പ്രാപിച്ചുവോ ആ പുണ്യവൃക്ഷം അനേകം ശാഖോപശാഖകളോടുകൂടി ശോഭിച്ചിരുന്നു. ലങ്കാദ്വീപിൽ ഉണ്ടായിത്തീൎന്ന ചുരുക്കം ചില ഭിക്ഷുക്കളുടെ പ്രതിനിധിയായ 'മഹിന്ദൻ' ചക്രവൎത്തിയെ ചെന്നു കണ്ടു ഭഗവാൻ ആശ്രയിച്ചിരുന്നതായ ആ ബോധി(വട)വൃക്ഷത്തിന്റെ വലത്തെ കൊമ്പു ലങ്കയിലേക്ക തന്നയക്കണമെന്നും അപേക്ഷിച്ചു ഭിക്ഷുശിരോമണിയും ചക്രവൎത്തിയുടെ പുത്രിയുമായ 'സംഘമിത്രയെ' കൂടി അയക്കണമെന്നും അപേക്ഷിച്ചു. അശോകൻ തന്റെ മകളോട് വിരഹമറിയിച്ചപ്പോൾ അവൾ ലങ്കയിലേക്ക പോവാമെന്നു സമ്മതിക്കുകയും ചക്രവൎത്തി യാത്രയാക്കേണ്ടതിനായുള്ള ഒരുക്കങ്ങൾ കൂട്ടുകയും ചെയ്തു.

പാടലീപുത്രത്തിലുള്ള പുരോഹിതന്മാരെയെല്ലാം ചക്രവൎത്തി ക്ഷണിച്ചുവരുത്തി വലിയൊരു സദ്യ കഴിച്ചു. അനന്തരം ബോധിവൃക്ഷത്തിന്റെ ശാഖയെ സിലോണിലേക്കു കൊണ്ടുപോകേണ്ടതിലേക്കു പ്രധാന പുരോഹിതന്മാരോടു സമ്മതം ചോദിച്ചതിൽ അവരെല്ലാം സമ്മതിക്കകയാൽ അശോകൻ യാത്രയിലേക്കുള്ള കൎമ്മങ്ങൾ തുടങ്ങി. തന്റെ രാജധാനിയിൽനിന്നു ബോധിവൃക്ഷത്തിലേക്കുള്ള ഏഴു നാഴിക വഴി മുഴുവനും വെടിപ്പും ഭംഗിയും വരുത്തി പീലിക്കൊടികളാലും തോരണാദികൾ കൊണ്ടും അലങ്കരിപ്പിച്ചു. അനന്തരം വൃക്ഷശാഖ വെട്ടുവാൻ ഒരു സ്വൎണ്ണക്കത്തി ഉണ്ടാക്കാൻ 'വിശ്വകൎമ്മാ' എന്ന ശില്പിയോടു ആജ്ഞാപിച്ചു. അയാൾ ഉടനെ ഒരു പെട്ടി ഉണ്ടാക്കി. അതു പതിനാലടി നീളത്തിലും മദ്ധ്യത്തിൽ ചുറ്റളവുള്ളതായിരുന്നു. അശോകചക്രവൎത്തി ആ പെട്ടിയെടുപ്പിച്ച് അസംഖ്യം സേനകളോടും സകല പുരോഹിതന്മാരോടും ചേൎന്ന ബോധിവൃക്ഷത്തിനരികിലേക്കു യാത്രയായി. അവിടെ എത്തിയതിനുശേഷം ജനങ്ങളെല്ലാംകൂടി വൃക്ഷത്തിനു പ്രദക്ഷിണം ചെയ്തു ചുറ്റും വലിയതായ മണ്ഡലാകാരമായി നിന്നു. ചക്രവൎത്തിയും കൂട്ടത്തിൽ നിന്നിരുന്നു. അദ്ദേഹം കൈകൾ കൂപ്പിക്കൊണ്ടു വൃക്ഷത്തെ നോക്കി വൃക്ഷത്തിൽനിന്നു ഒരു ശാഖ തനിക്കു കിട്ടത്തക്കവണ്ണം ഒരു സ്വപ്നം കാണിക്കണമെന്നു ഭക്തിപൂൎവ്വം അപേക്ഷിച്ചു. ഉടനെ അവിടെ നില്ക്കുന്നവരെല്ലാം ആശ്ചൎയ്യമാകത്തക്കവണ്ണം വൃക്ഷം അവൎക്കു മുമ്പിൽനിന്നു മാഞ്ഞു. എന്നാൽ ഒരു മേഘപ്പുകമാത്രം അവർ കാ

ഒരുത്തർക്കുമറ്റും ചെയ്യിപ്പിച്ചിരുന്നു. ആ ഇടംകൂടത്തു ഒരു കൊമ്പ് ഏറ്റവും മനോഹരമായിരുന്നു. അശോകൻ അതിനെ ഭക്തിപൂർവം നോക്കിപ്പഠിച്ചതിനു പുഷ്പാഞ്ജലി മുതലായ അനേകം ബലികൾ ചെയ്തും പ്രദക്ഷിണം വെച്ച് അതിന്റെ ചുറ്റും അഷ്ടദിക്കുകളിൽ നമസ്കരിക്കുകയും ചെയ്തു. പിന്നെ ഒരു സ്വർണ്ണപീഠം വരുത്തി താൻ കയ്യിൽ സ്വർണ്ണംകൊണ്ടുള്ള ഒരു തുടപ്പു ചട്ടുകവുമായി പീഠത്തിന്മേൽ കയറി ചട്ടുകത്തിന്മേൽ മനശ്ശിലച്ചായംകൊണ്ട് വൃക്ഷശാഖയുടെ ചുറ്റും പ്രദക്ഷിണമായി വരച്ചശേഷം ഇങ്ങനെ പ്രാർത്ഥിച്ചു. 'ഇതു മഹാബോധിവൃക്ഷത്തിൽനിന്നു പിരിഞ്ഞ ശാഖയാണെങ്കിൽ ലങ്കാദ്വീപിലേക്കു കൊണ്ടുപോകേണ്ടതാകയാൽ ഇതു സ്വർണ്ണപ്പാത്രത്തിൽ ചേർക്കയും ബുദ്ധമതത്തെക്കുറിച്ച് എനിക്കുള്ള പ്രതിപത്തിക്ക് ഇളക്കം വരാതിരിക്കയും ചെയ്യട്ടെ.' പ്രാർത്ഥന കഴിഞ്ഞശേഷം രാജാവും പുരോഹിതന്മാർ മുതലായുള്ള മറ്റു ജനങ്ങളും കാണത്തക്കവിധം ആ ബോധിശാഖ 'വിശ്വകർമ്മ' നിർമ്മിതമായ സ്വർണ്ണംകൊണ്ടുള്ള ഒരു ഉരുളിയിലേക്കു പകർന്നു. ചട്ടകംകൊണ്ടു മനശ്ശിലകൊണ്ടു വരച്ച വരഞ്ഞ മിക്കിലാണ് ശാഖ നിന്നത്. അനന്തരം മുന്നിഞ്ചു ദേഹത്തു വലുപ്പമുള്ള പത്തു വേരുകൾ ഒരു കൊമ്പിന്മേൽ വന്നു. അതോടുകൂടി ഓരോ വരകൾക്കിടയിൽ പതിപ്പിച്ചു വേരുകൾ ശാഖയിൽനിന്നു പാത്രത്തിലേക്കിറങ്ങി ഉറയ്ക്കുകയും ചെയ്തു. സുഗന്ധദ്രവ്യങ്ങളും മണ്ണും ആ പാത്രത്തിൽ നിറഞ്ഞിട്ടുണ്ടായിരുന്നു. ഇതെല്ലാം കണ്ടുകൊണ്ടു ആശ്ചര്യഭരിതനായി പീഠത്തിന്മേൽ നില്ക്കുന്ന അശോകചക്രവർത്തി 'സാധു' 'സാധു' എന്നിങ്ങനെ ആർത്തുവിളിച്ചതോടുകൂടി അനേകായിരം ജനങ്ങളുടെ ആർപ്പുവിളി ആ ദിക്കിലെല്ലാം മുഴങ്ങിയിരുന്നു.

പുതുതായി വേരൂന്നിയ ആ വൃക്ഷശാഖയിൽനിന്ന് ആറു വർണ്ണങ്ങളിൽ പ്രകാശരശ്മികളും ആ ശാഖ മേല്പോട്ടു വളർന്നപ്പോൾ അതിൽ മേഘങ്ങളിൽ മഴ തിളങ്ങിനില്ക്കുകയും ചെയ്തു. അതിനെ ഏഴുദിവസം അവിടെ ഉറപ്പിക്കയാണുണ്ടായത്. ആ ദിവസങ്ങളിൽ അശോകചക്രവർത്തി ബോധിവൃക്ഷത്തിന്റെ അരികിൽതന്നെ ഇരുന്നു. ഏഴുദിവസം കഴിഞ്ഞശേഷം അതിന്മേൽ അടിയ മേഘങ്ങളെല്ലാം കഴിഞ്ഞുപോയി ശാഖയിൽനിന്നു ചന്ദ്രികപോലെയുള്ള വെളുത്ത രശ്മി പ്രവഹിച്ചുതുടങ്ങി. അതിന്നും ഏഴുദിവസത്തിന്നകം. ആ ദിവസങ്ങളിലെല്ലാം രാജാവും പുരോഹിതന്മാരും മറ്റും വൃക്ഷത്തെ പൂജിച്ചുകൊണ്ടുതന്നെ കഴിച്ചുകൂട്ടുകയാണുണ്ടായത്. പിന്നെ ശാഖയോടു ഒരു സ്വർണ്ണപ്പെട്ടി ഒരു കൊടിമരത്തിന്മേൽ കയറ്റി ഘോഷയാത്രയായി കൊണ്ടുപോകയും തോരണാദികളും മറ്റും അലങ്കരിച്ചിരുന്ന തന്റെ തലസ്ഥാനനഗരിയാകുന്ന പാടലിപുത്രത്തിലെത്തിക്കുകയും ചെയ്തു. ചക്രവർത്തിയാകട്ടെ അവിടെ രാജധാനിയുടെ പൂർവഭാഗത്തുള്ള ഒരു സാലവൃക്ഷത്തിന്റെ ചുവട്ടിൽ അത് ഇറക്കിവെച്ച് ദിനംപ്രതി അനേകവിധം ബലിപൂജാകർമ്മാദികൾ ചെയ്തുകൊണ്ടിരുന്നു. പതിനേഴാംദിവസം ആ ശാഖയിൽ പുതുതായി തളിരുകൾ ഉണ്ടായി കാൺകയാൽ അശോകചക്രവർത്തി അതു ലങ്കാദ്വീപത്തിലേക്കു കൊണ്ടുപോവാനുള്ള ഭാഗ്യസമയംതന്നെയാണെന്നുറച്ചു അതിനായി ഉദ്യമിച്ചു. തന്റെ വീരന്മാ

മായ കപ്പൽ മംഗളാലങ്കരിച്ചു ഗംഗാനദിയിലിറക്കി. ബോധിശാഖയുടെ രക്ഷിപ്പു തന്റെ മകൾ 'സംഘമിത്ത' പോകുന്നതുകൂടാതെ രാജവംശത്തിൽ ജനിച്ച പതിനെട്ടാളുകളേയും പ്രഭുവംശജന്മാരായ പതിനെട്ടുപേരെയും എട്ടു ബ്രാഹ്മണരെയും എട്ടു വൈശ്യരെയും കാവലായി നിയമിച്ചതിനു പുറമെ എട്ടു സ്വർണ്ണപാത്രങ്ങളും എട്ടു വെള്ളിപ്പാത്രങ്ങളും കൊടുത്തു. ചില താണ ജാതിക്കാരെ ബോധിശാഖ നനച്ചുവരാനും നിയമിച്ചിരുന്നു. സംഘമിത്തയുടെ രക്ഷിപ്പു പതിനൊന്ന് ഉപാദ്ധ്യായിനികളായിരുന്നു. അവരെക്കൂടാതെ 'അരിട്ട' എന്ന മന്ത്രിയും സൈന്യത്തിൽ ചേർന്നു. ഇവരെല്ലാം ചേർന്നിരിക്കുന്ന ആ മഹോത്സവമായ ഘോഷയാത്ര തിരമാലകളുയരുന്ന കൈകളിൽ എതിരേല്പാനുള്ള സമുദ്രത്തിലെത്തി. ഇതിനിടയിൽ നാലു നിറങ്ങളോടുകൂടിയ താമരപ്പൂക്കൾ ബോധിശാഖയുടെ ചുറ്റും വിടർന്നു ശോഭിച്ചിരുന്നു. ഇടക്കിടെ ആകാശത്തിൽ ഗന്ധർവ്വന്മാരായി മനോജ്ഞഗാനം ചെയ്തുകൊണ്ടിരുന്ന ദേവന്മാരുടെ പുഷ്പവർഷം എങ്ങുമായ വും ശാഖമേൽ പതിച്ചിരുന്നു. സമുദ്രത്തിൽവെച്ചു ബോധിശാഖയെ അപഹരിക്കാനായി ചില നാഗരാജാക്കന്മാർ യത്നിക്കയുണ്ടെങ്കിലും കപ്പലിലിരിക്കുന്നവരും സിദ്ധയും അത്ഭുതയുമായ പുരോഹിതസ്ത്രീയുടെ മാഹാത്മ്യത്താൽ ഗരുഡരൂപം ധരിച്ചവിടെ പ്രത്യക്ഷപ്പെടുകയും അതു കണ്ടു ഭയപ്പെട്ട നാഗങ്ങൾ പിന്മാറുകയുമുണ്ടായി. ഗരുഡവിഗ്രഹം മറഞ്ഞതിന്നുശേഷം നാഗങ്ങൾ വീണ്ടും വന്നു ബോധിശാഖ ഏഴു ദിവസങ്ങൾ തങ്ങളുടെ രാജ്യത്തിൽവെച്ചു പൂജിപ്പാൻ സമ്മതം കൊടുക്കേണ്ടതിന്നു സംഘമിത്തയോടപേക്ഷിച്ചപ്പോൾ അവരിൽനിന്നു കേട്ടറിഞ്ഞിരിക്കുന്ന ധൈര്യമുള്ളതിനാൽ അവരും അനുവദിക്കേണ്ടതായി വന്നു. അതിന്നുശേഷം ബോധിശാഖ കപ്പലിലുള്ളവർ കാണാതായി. ഏഴു ദിവസം കഴിഞ്ഞശേഷം അതു വീണ്ടും മുൻസ്ഥിതിയിൽ തന്നെ കാണപ്പെടുകയും ചെയ്തു.

ബോധിശാഖ പ്രത്യക്ഷപ്പെട്ട ദിവസം തന്നെ യാത്രക്കാർ ലങ്കയുടെ കരപ്പുറം കാണാറായി. നിലയ്ക്കാതെ ഉടനെ ബോധിശാഖ എത്തുന്നുണ്ടെന്നറിഞ്ഞിട്ട് മുൻകൂട്ടി അറിയിച്ചിട്ടുള്ളതിനാൽ ലങ്കയിലെ 'തിസ്സ' എന്ന രാജാവ് ബോധിശാഖയുടെ ആഗമനത്തെ പ്രതീക്ഷിച്ചു സമുദ്രകരയിൽ നില്ക്കുന്നുണ്ടായിരുന്നു. രാജാവിന്റെ പുറമെ മന്ത്രിമാർ, സാമന്തന്മാർ, സേനാനി മുതലായ മഹാജനങ്ങളുമുണ്ടായിരുന്നു. കപ്പൽ കരയ്ക്കടുത്തപ്പോഴേക്കും സന്തോഷപരവശനായ 'തിസ്സ' മഹാരാജാവ് ബുദ്ധഭഗവാൻ ബുദ്ധമതം പ്രചരിപ്പിച്ച സ്ഥലത്തുള്ള ബോധിവൃക്ഷത്തിന്റെ ശാഖ എന്ന് ഉറക്കെ ഉച്ചരിച്ചുകൊണ്ടു വെള്ളത്തിലിറങ്ങി കപ്പൽ പിടിച്ചു കരയ്ക്കടുപ്പിച്ചു.

കരയിൽ വിശേഷപ്പെട്ട ഒരു കെട്ടിടം പണിയിച്ചിട്ടുണ്ടായിരുന്നതിൽ കപ്പലിൽനിന്നു ബോധിശാഖ കൊണ്ടുവെച്ച് അനേകവിധം പൂജകളും ചെയ്തു. 'തിസ്സ' രാജാവ് കിരീടധാരിയായി തന്റെ രാജ്യം മുഴുവനും ആ പുണ്യശാഖയ്ക്കായി സമർപ്പിക്കുകയാണ് ആദ്യമായി ചെയ്തത്. അന്നു മുതൽ മൂന്നു ദിവസം മുഴുവനും രാജാവു മുതലായവർ പുണ്യശാഖയെ സേവിച്ചുകൊണ്ടു സമുദ്രതീരത്തിൽ തന്നെ പാർക്കയു

ബ. ഫ്രി. മിന്നെ വിശേഷമായ ഒരു രഥ ത്തിൽ വെച്ചിരുന്ന ബോധിശാഖ' അതിൽ വെച്ച് 'ഷേട്ടു' ഘോഷവും ആറും തേർനട ത്തി വലിയ ഘോഷയാത്ര ചെയ്തു. വ ഴിയിൽ ഒരു ഘടിയിരുന്ന പല വൃക്ഷാ ങ്ങളെയും പ്രസിദ്ധകളായ മുമ്പിലെത്തു മ്പോഴും യാത്ര നിർത്തുകയും പുണ്യശാഖ ക്കായി പലരും ചെയ്യുന്ന പൂജകളെ സ്വീ കരിക്കുകയും ചെയ്തുകൊണ്ട് പതിനാലാം ദിവസം പ്രധാന പട്ടണത്തിലെത്തിച്ചേ ൻ. പട്ടണം അതിമനോഹരമായി അല ങ്കരിച്ചിരുന്നു. വടക്കെ ഗോപുരം കടന്നു നഗരം ചുറ്റി തെക്കെ ഗോപുരത്തിനു പു റത്തുള്ള മഹാമേഘമെന്ന ഉദ്യാനത്തിലേ ക്കാണ് ഘോഷയാത്രയുണ്ടായത്. ഉദ്യാന ത്തിൽ ഒരു സ്ഥലം എല്ലാവും പരിഷ്കൃത രീതിയിൽ ഏർപ്പെടുത്തിയിരുന്നു. തിസ്സരാ ജാവും, മഹിന്ദൻ മുതലായവരോടുകൂടി ആ സ്ഥലത്തിൽ ആ പുണ്യശാഖയെ താ ഴിയിറക്കിവെക്കുകയും നാലെ ദിക്കു ളിയ സ്ഥലത്തു വെക്കുകയും ചെയ്തു.

അനന്തരം ബോധിശാഖ ഉടനെ മേല്പോട്ട് പൊങ്ങി എല്ലാവരും ഉയർന്നിന്നു- ജനങ്ങളുടെ ദൃഷ്ടിയെ ആകർഷിക്കത്തക്കവി ധം പരിസരങ്ങളിലൂടെ ഒരു പരിവേഷം അതിന്റെ നാലുഭാഗത്തും കാണപ്പെട്ടു. ഒന്നു സൂര്യനസ്തമിച്ചശേഷം ആ ശാഖ താഴത്തുതന്നെ വന്നു ഭൂമിയിൽ നില്ക്കു കയും സ്വർണ്ണപ്പാത്രത്തിലിരുന്ന വേരു കളെല്ലാം മണ്ണിലേയ്ക്ക് പുറത്തേക്കു പ്ര വേശിച്ച് ആരുടെയും സഹായംകൂടാതെ ഭൂമിയിൽ ഉറക്കുകയും ചെയ്തു. ജനങ്ങളെ ല്ലാം ആശ്ചര്യത്തോടെ നോക്കിക്കൊണ്ടു ച റ്റും നില്ക്കുക മാത്രമാണ് ചെയ്തത്. അ തിന്നുശേഷം ഒരു കാറും മഴയുമുണ്ടായി. തൽക്ഷണം വൃക്ഷം ജനങ്ങളുടെ ദൃഷ്ടിയിൽ നിന്നു മറഞ്ഞു. എന്നാൽ അതുകൊണ്ട് ആരുമാരും നിരാശപ്പെട്ടില്ല. ദേവന്മാർ ആ വൃക്ഷത്തിന്മേൽ ശ്രദ്ധവെച്ചിരുന്നുവെ ന്ന ബോധപ്പെട്ട സന്തോഷിക്കയാണുണ്ടാ യത്. ഏഴു ദിവസം കഴിഞ്ഞശേഷം മേ ഘങ്ങൾ നീങ്ങി വൃക്ഷം ജനങ്ങൾക്ക് പ്രത്യ ക്ഷപ്പെടുകയും ചെയ്തു. അതിന്നുശേഷം മ ഹിന്ദൻ, രാജാവ്, സംഘമിത്ത എന്നിവ രും അവരെല്ലാം 'അന്ന ചന്ദനാദി ഉപചാ യന്മാരെ ചേർന്ന ഒരു മഹോത്സവം കൊ ണ്ടാടി. അതിനിടയിൽ പല ആശ്ചര്യ സംഭവങ്ങളും കാണപ്പെട്ടിട്ടുണ്ടായിരുന്നു.

ഇങ്ങനെ നോക്കിനില്ക്കുന്നതിനിട യിൽ ആ ചെടിയ വൃക്ഷത്തിന്റെ തെക്കേ ഭാഗത്തു ഒരു പഴം കായ് കാണപ്പെട്ടു. ഉടനെ അതു വീഴുകയും ചെയ്തു. മഹി ന്ദൻ, ഭാഗത്തിൽ ചെന്ന് അതു എടു ത്തെടുത്തു രാജാവിന്റെ കയ്യിൽ കൊടു ത്തു. തിസ്സരാജാവ് അതൊരു സ്വർണ്ണപ്പാ ത്രത്തിലാക്കി മണ്ണും വാസനദ്രവ്യങ്ങളും ചേർത്തു കൂടി. ഉടനെ പാത്രത്തിൽ എട്ടു തൈകൾ മുളച്ചുപൊന്തി. ആ തൈകൾ സമുദ്രത്തിൽനിന്നു മഹാമേഘവനത്തിലേ ക്കു ബോധിശാഖ കൊണ്ടുപോയ വഴി യിൽ പല ദിക്കിലുമായി നടുകയും ചെയ്തു.

രാജകല്പനപ്രകാരം ബോധിവൃക്ഷ ത്തിന്റെ ചുവട്ടിൽ നാലുഭാഗവും പടിക്കെ ട്ടുകളോടുകൂടി അത്യന്തം കമനീയമായ വിധ ത്തിൽ ഒരു തറ കെട്ടിയുണ്ടാക്കി. മറ്റു പ ല ലോഹങ്ങൾകൊണ്ടും രത്നങ്ങൾകൊ ണ്ടും അലങ്കരിച്ചിട്ടുണ്ടായിരുന്നു.

അത്ര മഹത്തായ ആ ബോധിവൃ ക്ഷം ലങ്കയിൽ ധർമ്മബോധം വിടർത്തി ക്കുവാനും ധർമ്മത്തെക്കുറിച്ചു പ്രസംഗിക്കേണ്ട

ഷക്ക് സ്മൃതി വചനമായി ഇതിനോ ടൊപ്പിക്കെ ഉദ്ധരിക്കുന്നു. ഇതിനുശേഷം ഉണ്ടായിട്ടുള്ള അനേകം ഗ്രന്ഥങ്ങളിൽ കഴിഞ്ഞി ട്ടും ഇപ്പോഴും ഈ വൃത്തം (തോടി) നശി ക്കാതെ നില്ക്കുന്നുണ്ട്. ഇപ്പോഴത്തെ ഈ നില്പുനപടം കണ്ടാൽ വള രെപ്പെട്ടുന്ന ഒരു കാവ്യമായിത്തീർന്നിരിക്കുന്നു. എന്നാൽ ഈ കാലത്തേക്ക് ഇതിന്റെ കാവ്യത്തിനും മറ്റും ആകൃതി തീരെ മാറി പ്പോയിട്ടുണ്ട്. എന്നാലും പുരാതന ചില പടവുകളും ഒരു ചില ലക്ഷണങ്ങളും ഈ വൃത്തത്തിന്റെ പൗരാണികത്വത്തെ തെളിയിക്കുന്നുണ്ട്. ഇങ്ങനെ ക ണ്ടെടുക്കുന്നതാണ്. ലോകത്തിൽവെച്ച് പ്രാ ചീനമായ ഈ വൃത്തം ബ്രഹ്മതത്ത്വത്തിന്റെ ഉൽപത്തിയെയും [illegible] ചരിത്രത്തെയും നല്കിയിട്ടുള്ള ഗതിയെ വ്യക്തമാ ക്കുന്നു. ഈ സംഖ്യ [illegible] ഇ ഇന്ന ധ്യാനം ചെയ്തു [illegible] ഭാ രതകം ദ്രാവിഡ ഇതിനെ പ്രചാരമുള്ള പൂർവിക്കുകളായി കാണാം. [illegible] മുതൽ തൊഴിലുകളാൽ [illegible] ഒന്നാമ കാവ്യങ്ങളിലാകാം [illegible] ഈ ഗാന്ധാരിക്കാരന്മാരിച്ച വായിക്ക ന്നവർ അഭിമാനികൾ, സംഗീതജ്ഞന്മാർ, മഹാ ന്മാർ, തിരുമുതലായ മഹാന്മാരുടെ സ്മര ണകളിൽ ആധുനികന്മാർക്കായി അതിനാൽ ഏതുമാത്ര സ്മൃതമായിരിക്കുന്നതാണ്.

തെക്കേപ്പാട്ട് നാരായണനമ്പി.

സുഭ. *

---

(൧)

കുട്ടിക്ക സുഭഗിനി എന്നു പേരിട്ട സമയത്ത് അവൾ വലുതായിട്ടില്ലായിരുന്നി ഞാൻ വസ്ത്രാഭരണങ്ങളായിത്തീരുമെന്ന് ഈ ദാഹം ശമിപ്പിക്കാനായി കൃഷ്ണ ഒരു കുട്ടി കൾക്കും ക്രമത്തിൽ സുഭഗിനി എന്നും സുഭാസിനി എന്നുമാണ് പേരിട്ടത്; അ പ്പൻ അനുപ്രാസപ്രിയനായിരുന്നതിനാൽ മറ്റുള്ള മകൾക്ക് സുമാലിനി എന്നും പേരിട്ടു. ഇളയ മകൾ ഒരു ചൊവ്വില്ല സു ഭ എന്നു വിളിച്ചുവന്നിരുന്നു.

വളരെ ശൈശവാതിർവ്വ വരെ അ മ്മേ പരിശീലിച്ചിരുന്നു വലിയ ഭാഗ്യവൃന്ദം ചെ യ്ത കൃഷ്ണ ഒരു കുട്ടികളുടെയും കല്യാണം ക ഴിപ്പിച്ചുകൊടുത്തു. മക്കളെ ഭർത്താക്കന്മാരി ൽ ഏല്പിച്ചതോടെ [illegible] താതൻ മാതാപി താക്കളുടെ ഉള്ളിൽ മായില്ല കിടന്നിരു ന്നു.

മിക്കവൾ വസ്ത്രാഭരണം മനോമോ ഹങ്ങളെക്കൊണ്ട് എപ്പോഴും മനോഹാരമാ കുന്നതല്ല. അതിനാൽ എപ്പോഴും ഈ കു ടുംബത്തിലെ ഭാവിയെപ്പറ്റി താനേ മാതാപിതാക്കൾക്ക് ആവലാതി അവളുടെ മു മ്പിൽ വെച്ച് തന്നെ പറയാറുണ്ട്. അ വളുടെ ഹൃദയത്തിലായി പിറന്നവളാ ണ് താനെന്ന് അവൾ ചെറുപ്പത്തിലെ ക ണ്ടുകൊണ്ട് ഗ്രഹിപ്പിക്കപ്പെട്ടിരുന്നു. എന്നി നാൽ അവൾ [illegible] ചെയ്യാതെ ക ളിപ്പിക്കുവാൻ കഴിയുന്ന ദ്രുതം ചെയ്തിരു ന്നു. എപ്പോഴും തന്നെ മനസ്സുകളാൽ വരുന്ന ഈ പാപമാണെന്ന് അവൾക്ക തോന്നി. പകരം അവന്റെ പേരോ മാറ്റ ണമെന്നോ? ഒരമ്മയപ്പന്മാർ അവളെ സദാ ശാസിച്ചിരുന്നു.

പ്രത്യേകിച്ച് അമ്മയ്ക്കാണ് അധി കം വ്യസനമുണ്ടായിരുന്നത്. മകളുടെ ഭ ർത്താ കഴിഞ്ഞ ന്യൂനതകൊണ്ട് വന്നതാ ണെന്നാണ് അവർ വിചാരിച്ചത്. സാ

---

* രവീന്ദ്രനാഥടാഗോർ എഴുതിയ ഒരു ക ഥയുടെ ഭാഷാന്തരം.

ധാരണമായി ജൂതന്മാർ ആനന്ദക്കളിക്കാ ളധികം പെൺകളെയാണ് തങ്ങളുടെ സംരക്ഷകരായി വിചാരിക്കാറുള്ളത്. അതിനാൽ പെൺകളിലുള്ള കുറവും കറവും ത ങ്ങൾക്ക പ്രത്യേകിച്ചും ഉണ്ടാവരുമായിക്ക രുന്നു. മൂപ്പനായ വാണികാരന്ന മ റു മക്കളുകളാൽ സൂരജെ അധികം വാ ത്സല്യമായിരുന്നു. പക്ഷെ അവൾ അൻവ ഗർദ്ദോഷമെന്ന കത്തി മനവായ മാത്ര ം കാരണമാക്കിയിരുന്നില്ല.

സൂരജു മിണ്ടാൻ വയ്യായിരുന്നു. എ ന്നാൽ അവളുടെ നിറം കറുത്ത രണ്ടു ക ണ്ണുകളും ചിന്തഃസ്യനികളാകുന്ന കാഴ്ച ചി പലരുടെ മനസ്സിൽ പ്പോയിട്ടുള്ളതു ന ന്ന വിശ്വാസ അത്ഭുതപ്പെടുത്തിയും ഉണ്ടാ യിരുന്നു.

ഭാഷാന്തരം നാം പ്രകാശിപ്പിക്ക ന്ന വിചാരങ്ങളെ മിക്കവാറും നമ്മുടെ പ്ര യത്നംകൊണ്ടു തന്നെ സ്വാധീനപ്പെടുത്താതെയി രിക്കുന്നു — ശരീരവും ചെയ്യുന്നവരായ ത്തെപ്പോലെ ഒരു പ്രയത്നം അതിനും വേണ്ടി വരുന്നുണ്ട്. നാം വിചാരിച്ചുള്ള മുഴുവൻ പുറത്തു വരുത്തുവാൻ സാധിച്ചു എന്നുവ രില്ല; ചിലപ്പോൾ സന്ദർഭവശാലുണ്ടാ യ ഒരു അഭിപ്രായമൊന്നുമാണ്. എന്നാൽ കറുത്ത കണ്ണുകൾക്ക് മന്ദം അ ടങ്ങലപ്പെടുത്തേണ്ടതില്ല. മനസ്സു നേരി ട്ടു തന്നെ കണ്ണിൽ പ്രതിബിംബിക്കുന്നതാ ണ്. ചിലപ്പോൾ അനന്തമായ ആകാശി ൽ നിലവു കൊള്ളും, ചിലപ്പോൾ സ മൈ വിച്ചു വിധവും കാണാം. കത്തുന്ന തീയുടെ നാളം പോലെ കണ്ണുകൾ ചി ലപ്പോൾ തിളങ്ങി പ്രകാശിക്കുകയും ചില പ്പോൾ മങ്ങുകയും ചെയ്യും. ചിലപ്പോൾ ഘോഷാദ്യരം തന്നിൽ ചെന്തിയിരിക്ക

ന്ന് "ചന്ദ്രനെപ്പോലെ അവ ഉറ്റു നോക്കി ക്കൊണ്ടിരിക്കുകയും ചിലപ്പോൾ മിന്നൽ പിണരുപോലെ പെട്ടെന്നു സന്ധ്യാകാശ ത്തെല്ലാം മിന്നിപ്പാളുകയും ചെയ്യും. മുഖ ത്തു സ്ഫുരിപ്പിക്കുന്ന ഭാവഭേദങ്ങളെന്നിയെ മറ്റൊരു ഭാഷയും ചെറുപ്പം മുതൽക്കെ ഇ ല്ലാത്ത ഒരാളുടെ കണ്ണുകൾക്കുള്ള തേജസ്സ് അതിരില്ലാത്തതും ആഴമായുള്ളതാകുന്നു. അ വ തിളങ്ങി പ്രകാശിക്കുന്ന ജ്യോതിസ്സുകളു ടെ ഉദയാസ്തമനങ്ങൾക്കുള്ള സംഗ്ര ഹരമാകുന്ന വിശാലമായ ആകാശദേശം പോലെയാകുന്നു. ഈ മിണ്ടാത്ത വസ്തുവി നെ പ്രകൃതിദേവി തന്റെ പോലെ ക ര അവയിൽ പ്രാപ്തയാണ്. ഈ കാരണ ങ്ങളാൽ അവളെ സാധാരണ കുട്ടികൾ ക്ക് അല്പം ഒരു ഭയമായിരുന്നു. അവ ർ ഇവളുമായി കളിക്കുവാൻ ചെന്നിരു ന്നില്ല. അവൾ പാതിരപോലെ നിശ്ശബ്ദ യും തനിച്ചുമായിരുന്നു.

(൨)

ഒരു ഗ്രാമത്തിന്ന ചരിത്രപുരുഷനായി വന്ന പോൾ. അവിടെ ഒരു ചെറിയ പള്ളി യുണ്ട്; അത് ഒരു ഗ്രാമീണകന്യകയെ പ്പോലെയായിരുന്നു. വീതി വളരെയൊന്നു മില്ല. അതിന്റെ വശത്തിലൊ നടന്ന പള്ളി ക്കെട്ടൊന്നുമില്ലാതെയാണ് കഴിഞ്ഞിരുന്ന ത്. മഴക്കാലവും കര കവിഞ്ഞു പോയിരു ന്നില്ല. അത് എല്ലാതരത്തിലുമൊരു പ്രകാര ത്തിൽ അവിടത്തുകാരെല്ലാവരായിട്ടും സം ബന്ധപ്പെട്ടിരുന്നു. ഇരുവശത്തും വീടുകളും പോകുന്നുള്ള മരങ്ങളുണ്ട്. ആ ഗ്രാമ ത്തിലെ ലക്ഷ്മീദേവിയെന്ന പോലെ അ ത് ആരുമാ ചിന്ത കൂടാതെ ആത്യന്തിക ങ്ങളോടെ പൊരുത്തുണ്ടായിരുന്നു.

വാണികാരന്റെ വചനം പൂർവകം ളു തന്നെയാണ്. മുക്കോലി, കാലപ്പുര, തൊഴുത്ത്, നെല്ലുകുത്തുപുര, കയ്യാല, വ ള്ളാൽത്തറ, പുളിമരത്തറ, കാവ്, സ്രാവ് ബാഴ എന്നിവ പുഴയിൽക്കൂടി യാത്രചെ യ്യുന്നവരുടെയൊക്കെ ശ്രദ്ധയെ ആക ർഷിച്ചിരുന്നു. എന്നാൽ സമ്പത്സമൃദ്ധി യോടെ അനായാസേന കഴിഞ്ഞുകൂടിയി രുന്ന ആ വീട്ടുകാരുടെ ഇടയിൽ ഉള്ള ദു ഃഖദൃശ്യങ്ങളെയും അവർ ശ്രദ്ധിച്ചിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ. അവർ ഇട ക്കിടയ്ക്കെല്ലാം പുഴവക്കത്തു ചെന്നിരു ന്നിരുന്നു.

അവരുടെ സംസാരിപ്പാനുള്ള ആ ഗ്രഹിച്ചിരുന്ന പ്രകൃതിദേവി വചനം കൊടു ത്തിട്ടുള്ളപോലെ തോന്നുന്നത്. പ്രകൃതി യുടെ [illegible] സംസാരിക്കുന്ന താ എന്നു തോന്നും. വെള്ളം കരിങ്ക ല്ലുകളിൽ തട്ടി, ആഴത്തിൽ നിന്നു പുറപ്പെടുന്ന ശബ്ദം, വഞ്ചിക്കാരുടെ പാ ട്ടുകൾ, പക്ഷികൾ ചിലയ്ക്കുന്ന ശബ്ദം, ഇ വകൾ കൂടിച്ചേരുന്ന മർമ്മരശബ്ദം എന്നി വയെല്ലാം പാവപ്പെട്ട ലോകത്തിലേയ്ക്ക് വ രുന്ന അതിഥിയുടെ [illegible] ആ ചെ ങ്കൽ [illegible] നിശ്ശബ്ദ നായ കടൽക്കരയിൽ തിരമാലകളെന്നപോ ലെ [illegible] വിവിധങ്ങളായ ഈ വക ശബ്ദവിശേഷങ്ങളും വികൃതിയാ യുള്ള പരിണാമങ്ങളും മൂകന്മാരെ ഭാ ഷാജ്ഞാനികളാക്കിത്തീർക്കുന്നപോലെ തോ ന്നും. അവയെല്ലാം നിശ്ശബ്ദതയായ ഭൂമിയുടെ ഭാഷയാണെന്ന വിശ്വാസത്തെ പ്രാപിച്ചപോലെയാകുന്നു. ചെറുകിടങ്ങ ൾ പുറപ്പെടുവിക്കുന്ന ചെളികൊണ്ടു നിറ ഞ്ഞ പാടപ്പുല്ലുകൾ പ്രദേശം മുതൽ ശബ്ദാതി ശയമായ നക്ഷത്രലോകം വരെയും സർവ്വത്ര സംഗീതങ്ങളും ആഘോഷങ്ങളും ഗാനങ്ങളും തെങ്ങുകളും തോട്ടവിളക്കുകളും മാത്രമാണു ള്ളത്.

ഉച്ചയ്ക്കു തോണിക്കാരും മീൻപിടുത്ത ക്കാരും ഉണ്ണാനു പോകയും വീട്ടിലിരിക്കു ന്നവർ വിശ്രമത്തെ അഭിലഷിക്കയും പക്ഷികൾ പാട്ടു നിറുത്തുകയും കടവുവഞ്ചികൾ കര യണയ്ക്കുകയും ശബ്ദായമാനമായ ലോ കം മൗനത്തിലേക്കിറങ്ങുകയും ചെയ്യുന്ന പ കലിന്റെ മദ്ധ്യമായ നിശ്ശബ്ദതയെ പ്രാപിക്കയും ചെയ്യുമ്പോൾ പ്രകാശമാന മായ ആകാശത്തെപ്പോലുള്ള പ്രദേശത്തു പ്രകൃതിയും മൂകയായ കന്യകയും — വെയി ലുള്ള വിശാലപ്രദേശത്തു പ്രകൃതിയും മര ത്തണലത്തു കന്യകയും — മുഖത്തോടുമുഖം നോക്കി മിണ്ടാതിരിക്കും.

സുഭദ്ര് ഉറക്കമില്ലാതായിട്ട് അ ധികം ഉണ്ടായിരുന്നില്ല. ശബ്ദമില്ലാത്ത പു ണ്ണി എന്നു പേരായിട്ട് തന്റെ പേരുണ്ടെങ്കി ലും സുഭ പേര് പറഞ്ഞു വിളിക്കുന്നത് അവ കേട്ടിട്ടില്ല. എന്തിലും അവറ്റ സുഭ യുടെ കാല്പെരുമാറ്റം കേട്ടാൽ അറി യുമായിരുന്നു. ആ ശബ്ദം അവറ്റയ്ക്ക് വാ ച്യമായ ശോകഗാനത്തെ അറിയിച്ചി രുന്നു. ആ ശബ്ദം അവറ്റ മനുഷ്യരുടെ ശബ്ദത്തെക്കാൾ ഗ്രഹിച്ചിരുന്നു. സുഭ ലാളിച്ചാൽ അറിയുമാ യിരുന്നു. അവരുടെ ശകാരവും അപേക്ഷക ളും അവ മനുഷ്യരെക്കാളധികം വ്യക്തമാ യി മനസ്സിലാക്കിയിരുന്നു.

സുഭ തൊഴുത്തിൽ കടന്നു ചെല്ലുമ്പോ ൾ കൈകൊണ്ടു കെട്ടിപ്പിടിച്ച് മുഖം അ തിന്റെ ചെവികൾക്കടുത്തുവെച്ചിരുന്നു; അ പ്പോൾ ബാഷ്പം ഒഴുക്കി അവയുടെ നേരെ നോ

കി ദേഹത്തിൽ നക്കിത്തുടക്കയും. അവയ്ക്കു വിവേകമോ ബുദ്ധിയോ തന്നെ ഉടയോനുടെ തൊഴുത്തിൽ ചെല്ലുക ചിലപ്പോൾ എടുക്കാതെയും ചെയ്യാറുണ്ട്. വീട്ടിലുള്ളവർ വല്ലാതെ ഉപദ്രവിച്ചാൽ അവയ്ക്കു മൃഗങ്ങളാണു സ്നേഹിതന്മാരുടെ അടുക്കലേക്കു് അപ്രതിഷ്ഠിതസമയങ്ങളിൽ കടന്നുചെല്ലുകയായി. ഇങ്ങനെ അപ്രതികാരപൂർവ്വം സഹിച്ചുകൊണ്ടുള്ള നമ്മുടെ ദയനീയമായ നോട്ടം കണ്ടാൽ അവറ്റെ ഒരു പെൺകിടാവിന്റെ മനോഭാവമെന്ന് തോന്നിപ്പോകും. അവന്നാലും നമ്മുടെ അടുക്കലുള്ള [illegible] കൊണ്ടു സങ്കടങ്ങളെ തടവി അവരെ സമാധാനപ്പെടുത്തുവാൻ നോക്കും.

ഇവറ്റ പൂച്ചകൾ തമ്മിൽ ഒരു പൂച്ചയും കൂടി നായ്ക്കൾ സ്നേഹിതന്മാരായിട്ടു് പലരും ഉദാഹരിച്ചിട്ടു് അതു സത്യമാവും കാണുവിച്ചു. എങ്കിലും നായയും പൂച്ചയും തമ്മിൽ സഹിപ്പിക്കും. നായും പൂച്ചയും ഒരു വീട്ടിൽ സ്വാതന്ത്ര്യമായി തന്നെ സൂക്ഷിച്ചിക്കാറായ അവരുടെ പൂച്ചയുടെ മേൽ ചെന്നിരിക്കുന്ന സമയത്തു് ഇടക്കാലുമായിട്ടുകൊണ്ടു തലോടിയാൽ ഉടനെ ചെറിയ ശബ്ദത്തിൽ വലിയനായ ചില [illegible] പട്ടികളുടെ കൊണ്ടു കാണിപ്പിക്കുന്നു.

(൩)

സ്വന്തം മുൻപാകെയോ ഏതോ ഉത്കൃഷ്ടമായ പിടികളിലും ഒരു സ്നേഹിതനെ കിട്ടുവാൻ അവയ്ക്കുണ്ട്. എന്നാൽ അവർ തമ്മിലുള്ള ബന്ധം ഇന്നതാണെന്നു വെളിയിൽ പറയുവാൻ മനുഷ്യസമൂഹത്തിനു പറ്റുകയില്ലെന്നാലും, ആ സ്നേഹിതന്മാരിരുവർക്കുമിടയിൽ, അതിനാൽ അവർ തമ്മിൽ ഇംഗിതസംക്രമണത്തിനുള്ള ഭാഷ സജാതീയമല്ലായിരുന്നു.

പ്രതാപൻ എന്നാണ് അവയുടെ പേര്. അവയ്ക്കു ഗോസ്വാമികളുടെ [illegible]ത്തിൽ ജനിച്ച ഒരു ചെറുപ്പക്കാരനാണ്. ഒന്നെങ്കിലും തോന്നുകയോ പറയു[illegible] കൊടുക്കാതെ പ്രവർത്തിക്കയോ ചെയ്യാത്ത ഒരു വികൃതിയാണവൻ. അതുകൊണ്ടു [illegible]ന്നാൽ പഠിപ്പുപണിയൊന്നും നോക്കിട്ടു അവനാൽ കുടുംബത്തിനൊരു ഗുണവുമൊവില്ലെന്നുവെച്ചു് അവർ കണ്ടുപിടിച്ചിരിക്കുന്നു. മറിച്ചും കൊള്ളരുതാത്തവൻ ഇങ്ങിനെയായ ചെറുക്കനായിരിക്കെ അവനെ പഠിപ്പിക്കയും [illegible] വരെ വെറുക്കുന്നവെങ്കിലും അവർ [illegible] കൊണ്ടിട്ട [illegible] കൂട്ടായിരിക്കു[illegible] [illegible] വന്നു. [illegible] അവിടെ വീട്ടുകാരുടെ [illegible] [illegible] ആകാശ്ശത്തിന്നുപയോഗപ്പെടുത്തവുന്നതാണ്.

മീൻപിടുത്തമാണ് പ്രതാപന്റെ മുഖ്യജോലി. അതുകൊണ്ടുതന്നെ ചൂണ്ട നോക്കി കഴിയുന്നു. ഉച്ചതിരിഞ്ഞാൽ അവയാം പുഴവക്കത്തു മീൻ പിടിക്കുന്നവരെപ്പോഴും കാണാം. ഈ സന്ദർഭങ്ങളിൽ സ്വഭാവം തെളിയുന്നതായിരിക്കും. പ്രതാപന് എന്തു പണിയെടുക്കുമ്പോഴും കൂടെ ഒരാൾ വേണം. ഒന്നും മിണ്ടാത്ത കൂട്ടുകാരൻ മീൻപിടിക്കുന്ന സമയത്ത് കൂ

ണമമായി. അതിനാൽ പ്രതാപൻ സ്വന്തമുടെ വില കൃത്യമായറിഞ്ഞിരുന്നു. ഇതു കാരണത്താൽതന്നെ അയാൾ ശേഷമെല്ലാവരാലും സ്വർണ്ണമെന്നു വിളിക്കപ്പെട്ടിരുന്നവരുടെ പൊൻകിടാവിനെ സ്വന്തമായി സ്നേഹിച്ചിരുന്നു. സ്വർണ്ണമാത്രമെ വിളിച്ചിരുന്നുള്ളു.

സ്വർണ്ണ മത്സ്യം പുതുമതരത്തിലിരിക്കും. അവരുടെ ബാലികയായി പ്രതാപൻ സ്വർണ്ണം കയ്യിലെടുത്തു വെള്ളത്തിലേയ്ക്കു നോക്കിക്കൊണ്ടിരിക്കും. അവൾ സന്തോഷം കൈകൾകൊണ്ടു തട്ടുമ്പോഴാകട്ടെ പരന്നു കിടക്കുന്ന പ്രതാപനെ നോക്കിക്കൊണ്ടായിരിക്കും. അവളുടെ വളരെ നേരം നോക്കി നിൽക്കും. പ്രതാപന്റെ വല്ല സംശയവും പറ്റുന്നതു, താനും ലോകത്തിൽ നിസ്സാരനല്ലെന്നു കാണിപ്പാനും അവൾ ശ്രമിച്ചിരുന്നു. പക്ഷെ അവളെന്താണ് ചെയ്യുന്നതു്? അപ്പോൾ അവൾ ആശ്ചര്യപ്രദമായ ജാലമെന്ന പ്രായമിക്കും തന്റെ കണ്ണിനെകൊണ്ടു വല്ല അത്ഭുതപ്രവൃത്തിയും ചെയ്യ്, 'ഹാ! സ്വർണ്ണ് ഈ അത്ഭുതകർമ്മയുള്ള നായിട്ടുമാണോ ആയിരുന്നതു്!' എന്നു പ്രതാപനെക്കൊണ്ടു പറയിക്കയും ചെയ്യാൻ ആഗ്രഹിച്ചിരുന്നു.

സ്വർണ്ണ കുളവാഴയായിരിക്കയോ? അങ്ങിനെയാണെങ്കിൽ അവൾ വെള്ളത്തിൽനിന്നു പതുക്കെ കേറിവന്നു സ്വപ്നദേവതയായിരുന്നു കാണിക്കുന്നതുമെന്നു പൂർണ്ണമായുണ്ടായി. പ്രതാപൻ മീൻപിടിക്കുന്ന ചിറയുടെ വക്കിൽ ആ കന്നികയെ കയ്യിലെടുത്ത് വെള്ളത്തിൽ ചാടി മുങ്ങും. അവിടെ പാതാളലോകത്തിൽ അവരുടെ കണ്ണുകൾ എന്താണ് കാണുക? വെള്ളിമാളികയിൽ തങ്കമയമായ ആസനത്തിന്മേൽ നമ്മുടെ വാണികാന്തന്റെ കൂട്ടുകാരായ മുനിമായ സ്വർണ്ണ— ഞെവരക്കല്ലുകൾകൊണ്ടു ശോഭിക്കുന്ന ആ നിശ്ശബ്ദമായ പാതാളലോകത്തിൽ ഏകാധിപത്യം വഹിക്കുന്ന സ്വർണ്ണ — കാണം. അതിനെന്തു വരുന്നു? അത് അത്ര അസംഭാവ്യമാണോ? എല്ലാ പാമായത്തിൽ കണ്ടതുമാത്ര അസംഭാവ്യമായിട്ടില്ല. പക്ഷെ സ്വർണ്ണ നിശ്ശബ്ദമായ പാതാളലോകത്തിൽ മാളികയെത്തിപ്പെട്ടപ്പോഴറിയുന്ന്! വാണീകാന്തന്റെ കൂട്ടങ്ങൾക്കിടയിലല്ലാ ജനനം. അതിനാൽ ഒരു വിധത്തിലും അവൾ ദേവസ്ത്രീ കൂടെത്തിൽ ജാതനായ പ്രതാപനെ വിസ്മരിപ്പിക്കത്തക്കവളുമാകുന്നതല്ല.

സ്വർണ്ണ ആശീർവ്വാദത്തിൽ വളർന്നു വന്നു. ക്രമേണ അവൾക്ക് അന്നന്നത്തെ യോഗം ചോദിച്ചുവരുവായി. ഒരു വെളുത്ത വാവുനാളിലെ രാത്രി എന്തോ മറിയപ്പെട്ട ഒരു കടലിൽനിന്നു അവളുടെ ഹൃദയത്തിലേക്ക് വലിയതരംഗമായ ഒരു ചിത്രപ്രായമായ തരംഗപാതങ്ങൾ പോലെ തള്ളിക്കയറി വന്നു. അവൾ അത്ഭുതമായത ഒരു നോക്കി, പക്ഷെ ഒന്നും മനസ്സിലായില്ലന്നു മനസ്സിലായില്ല.

നെയ്ത്തുവർക്കൊണ്ടു നാലഞ്ചു കുട്ടങ്ങൾ കഴിഞ്ഞ ആ രാത്രി അവൾ കിടപ്പറയുടെ ജനാലയിൽ ഇരുന്നു പുറത്തേക്ക് നോക്കി. 'രാത്രിയെപ്പോലുള്ളതും അതിനെപ്പോലിയും ഒരു പുതിയ ശക്തിയുള്ള സൗന്ദര്യത്തോടു സ്വർണ്ണപ്പെട്ടെന്നു സ്വപ്നപ്രായമായ ലോകത്തെ നോക്കിയിരിക്കുന്നത് ഒരു മനോഭാവവും കൂടാതെ ഉറക്കിയിരിക്കയായിരുന്നു. അവൾ ആ രാത്രിയെ നിശ്ശബ്ദലോകത്തിന്റെ ആകാശ്—അല്ല, അതി

നപ്പാത്തുതന്നെ — ചെന്നപോലെ തോന്നി. അസ്സത്താവഹമായ താരുണ്യംകൊണ്ടും ആരോഗ്യംകൊണ്ടും അവൾ ഉടിച്ചുനില്ക്കുന്നപോലെ തോന്നി. അങ്ങിനെ അവൾ കണ്ണടം മിണ്ടാതെ നോക്കിനിന്നു. നിശ്ശബ്ദമായി ലോകത്തെ ശ്രദ്ധയെ യാചിക്കുന്ന പ്രകൃതിയോടൊത്തിച്ചു അതുപോലെതന്നെ നിശ്ശബ്ദമായി ലോകത്തെ കണ്ണിനെയെ പ്രാപിക്കുന്ന തരുണിയും ഇരുന്നു.

അങ്ങിനെയിരിക്കെ വിവാഹകാലമെത്തി. ഈ പുത്രിയാൽ മാതാപിതാക്കന്മാർ മനസ്സമാധാനമില്ലാത്തവരായിത്തീർന്നു. ആളുകൾ ഓരോന്നു പറഞ്ഞുതുടങ്ങി. ഒടുവിൽ ജാതിഭ്രഷ്ട് വരുമെന്നുകൂടി സംസാരമായി. വാണികാന്തൻ അറിഞ്ഞുകൊണ്ടില്ല. ദിവസേന ഉണ്ണുന്നതും ചോറും മണ്ണുക്കറിയും കഴിച്ചിരുന്നു. അതിനാൽ പല ശത്രുക്കളുമുണ്ടായി.

വളരെ നേരം കൂടിയിരുന്നാലോചിച്ചശേഷം അമ്മയച്ഛന്മാർ ഒരു കാര്യം ഉറപ്പിച്ചു. വാണികാന്തൻ കുറച്ചു ദിവസം എവിടെക്കൊ പോയി.

അതിനിടക്ക് അവളുടെ യൗവനം ഒക്കെ കൂടിയിരുന്നു. നീരാവി പൊന്തിയ പ്രഭാതവേളയെപ്പോലെ സുമയുടെ മുഖം കണ്ണീർകൊണ്ടു മൂടിവശായി. കുട്ടിദിവസം അവൾ, പെണ്ണുങ്ങൾകളെപ്പോലെ, അമ്മയച്ഛന്മാരെ അത്ഭുതമായ ആലാപത്തിനെ ഭയപ്പെട്ടുകൊണ്ട് ഇടവിടാതെ അനുസരിച്ചിരുന്നു. വിസ്തൃതമായ വലിയ കണ്ണുകളെക്കൊണ്ട് അവൾ അവരുടെ മുഖത്തേക്ക് നോക്കുകയും എന്തോ ഒരു കാര്യം — എന്താണെന്നു അറിക്കതന്നെ നിശ്ചയമില്ലാത്ത ഒരു കാര്യം — മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്തുകൊണ്ടിരുന്നു. പക്ഷെ അവളോട് അവർ ഒരു കാര്യവും പറഞ്ഞുകൊടുത്തില്ല.

ആയിടെക്കു ഒരു ദിവസം ഉച്ചതിരിഞ്ഞിട്ടു പ്രഭാവൻ മീൻപിടിച്ചുകൊണ്ടിരിക്കുമ്പോൾ ചിരിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു: — 'ഹോ! സു! നിനക്കൊരു വരനെ കിട്ടിയിരിക്കുന്നു, ഇല്ലേ? നിന്നെ കല്യാണം കഴിച്ചുകൊടുക്കയായല്ലൊ. നോക്ക! ഞങ്ങളെ മറന്നുകളയരുതേ!' പിന്നെ അവൻ ചൂണ്ടലിന്മേൽ നോക്കിക്കൊണ്ടിരുന്നു.

മാൻപേടയുടെ വയറ്റത്ത് അമ്പുകൊണ്ടാൽ അതു വേടന്റെ നേരെ തിരിഞ്ഞ്, 'ഞാനെന്തപരാധമാണ് ചെയ്തത്?' എന്നമട്ടിൽ നോക്കുന്നപോലെ അവൾ പ്രഭാവന്റെ നേരെ ഒന്നു നോക്കി. അന്നവൾ ഒന്നുംതന്നെ പറയാനായതേയില്ല. വാണികാന്തൻ ഊണുകഴിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്നേടത്തേക്കു ചെന്ന് അവൾ കാല്ക്കൽ ഇരുന്നു മുഖത്തേക്കു നോക്കി കരഞ്ഞുതുടങ്ങി. അവളെ സമാധാനപ്പെടുത്തുവാനുള്ള ശ്രമത്തിൽ അയാൾക്കും കണ്ണീർ പൊട്ടിയൊലിച്ചുപോയി.

പിറ്റേ ദിവസമാണ് കാളിയൂത്തിലേക്കു പോവാൻ തീർച്ചപ്പെടുത്തിയിരുന്നത്. സുമ തൊഴുത്തിലേക്കു ചെന്നു ബാല്യംതൊട്ടു ചങ്ങാതിമാരായിരുന്ന മൃഗങ്ങളോടു യാത്രപറഞ്ഞു. അവൾ സ്വന്തം കൈകൊണ്ടുതന്നെ അവയെ തീറ്റി. അവയുടെ കഴുത്തിൽ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചു കഴിയുന്നതു വാക്കുകളെ കണ്ണുകളിൽ കൊണ്ടുവന്ന് അവയുടെ നേരെ നോക്കി. കണ്ണിൽനിന്ന് ധാരമുറിയാതെ വെള്ളം പൊട്ടിച്ചാടി.

അന്നു വെളുത്ത പക്ഷത്തിൽ ദ്വാദശിയായിരുന്നു. സുമ കിടപ്പറയിൽനിന്നു പുറത്തുവന്നു, പുല്ലു മുളച്ചു പച്ചപ്പരപ്പായിരിക്കുന്ന നിത്യപരിചയമുള്ള പുഴവക്കത്തു ചെന്നു നിലത്തു കിടന്നേയ്ക്കു. മനസ്സുഖത്തിന്നാശ്വാസം ഇല്ലാതായിരിക്കുന്ന ഭൂമിയായ ഇദിദേവിയെ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചു. 'അമ്മേ! എന്നെ പറഞ്ഞയക്കരുതേ. എന്നെ ഇരുതോളും കെട്ടിപ്പിടിച്ചു വിട്ടയക്കാതിരിക്കണേ!' എന്ന് അവൾ

പ്രാപിച്ചിരുന്നുവോ എന്നു തോന്നും.

ചേരപട്ടണവും വഞ്ചിപട്ടണവും ഒന്നുതന്നെയായിരിക്കണം. ചേരൻ എന്ന പേരായ ഒരു രാജാവാണ് ആ പട്ടണം സ്ഥാപിച്ചത്. ആ രാജാവു വഞ്ചിദേശത്തെ തലസ്ഥാനമാക്കി നിശ്ചയിപ്പാനുണ്ടായ മുഖ്യകാരണം ആദികാലത്തു വനക്കല്പ്പങ്ങളും വന്നതിരുന്ന കൊടുങ്ങല്ലൂർ എന്ന പേരായ കൊടുങ്ങല്ലൂർ ഗ്രാമത്തിന്റെ പ്രാധാന്യം തന്നെയായിരിക്കും. കാലക്രമത്തിൽ പട്ടണസ്ഥാപകന്റെ പേർ ആ പട്ടണത്തിനും ചേർത്തു പറഞ്ഞുവന്നു. അതുപോലെ തന്നെ ചേരന്റെ വംശത്തിലുണ്ടായ രാജാക്കന്മാർക്കെല്ലാം പൊതുവായി ചേരൻ എന്നും രാജ്യത്തിനു ചേരമെന്നും പേരായും തീർന്നു. ചേരരാജ്യം അല്ലെങ്കിൽ രാജ്യത്തിൽ പ്രധാനമായ മലനാട് ആദ്യം ആര്യന്മാരുടെ അറിവിൽ പെട്ടത് കേരങ്ങൾ (തെങ്ങ്) ധാരാളമുള്ള ഒരു പ്രദേശമായിട്ടാണ്. അതുകൊണ്ട് അവർ ആ പ്രദേശത്തിനു കേരളമെന്നു പറഞ്ഞുവന്നു. അല്ലെങ്കിൽ 'ചേരനാട്' മുതലായ ദ്രാവിഡവാക്കുകളുടെ, പേർ 'സിംഹളം' എന്നും മറ്റും സംസ്കൃതപ്പെടുത്തിയതു പോലെ ചേരപദത്തെയും ആര്യന്മാരുടെ സമ്പ്രദായം വരുത്തുവാൻ വേണ്ടിയോ ദ്രാവിഡരെ നിന്ദിക്കുവാനായോ പിച്ഛാദിപ്പാനോ അവർ ശബ്ദത്തിനു വേണ്ടിയോ കേരളപദമാക്കിപ്പറഞ്ഞുവന്നു. എന്നാൽ സംശയിക്കാവുന്നതും സുഗമവുമായ വഴി ഇതൊന്നുമല്ല. ചേരവംശക്കാരെ എന്നർത്ഥത്തിൽ ചേരൻ എന്ന വാക്കിനോട് 'അൻ' എന്ന ഒരു പ്രത്യയം ചേർന്ന് തമിഴ് വ്യാകരണനിയമപ്രകാരം 'ചേരലൻ' എന്ന സന്ധികാര്യമായ ലകാരാഗമത്തോടു കൂടിയ ഒരു രൂപമുണ്ടാകുന്നത്. ചേരം എന്നതിനു കർണ്ണാടകക്കാർ പറയുമ്പോഴുണ്ടാകുന്ന കേരം (1) എന്ന മാതിരി ചേരശബ്ദത്തിലും ഒന്ന് ആദ്യം താലവ്യകകാരത്തോട് കൂടിയ കേരശബ്ദവും പിന്നെ താലവ്യവർഗ്ഗവും ഉച്ചാരണഭേദവുമില്ലാത്ത സംസ്കൃതത്തിലെ കണ്ഠ്യകകാരത്തോടു കൂടിയ കേരശബ്ദവും കേരളശബ്ദവുമായിത്തീർന്നതായിരിപ്പാനാണ് യുക്തിയും സാദൃശ്യവും [illegible] ന്നുന്നത്. ചേരവംശരാജാവായ ചേ[illegible]ലൻ കേരളനായപ്പോൾ രാജ്യം കേര[illegible]മായി എന്നു ഊഹിക്കുകയാണ്. എന്നാ[illegible] ക്രിസ്ത്വബ്ദം ഒന്നാംശതകത്തിൽ എ[illegible]ഴുതപ്പെട്ടതായി അറിയാവുന്ന 'പെരിപ്ലസ്' എന്ന വിദേശീയപുസ്തകത്തിൽ [illegible] കേരളത്തു തുറമുഖങ്ങളിൽനിന്നു കപ്പലിൽ കയറ്റുമതിക്കായി കൊണ്ടുപോക[illegible] സാമാനങ്ങളുടെ ഒരു പട്ടിക ചേർ[illegible]തിൽ നാളികേരമോ തെങ്ങിന്മേലു[illegible]ന്ന എന്തെങ്കിലും സാധനമോ ചേർ[illegible]ണ്ടത്തുംകൊണ്ടു മാത്രം കേരളത്തു[illegible] കാലത്തിൽ തെങ്ങുണ്ടായിരുന്നില്ലെന്ന[illegible]ലർ ഊഹിക്കുന്നു. തേൻ (മധു) എന്നർത്ഥമുള്ള കാവ് എന്നർത്ഥമായ 'തേൻകാ' എ[illegible] പദത്തെ [illegible] കവുങ്ങ് (2) തെ[illegible] എന്നാക്കി തെക്കുള്ള കാവ് എന്ന വ്യുത്പത്തിച്ച് കേരളത്തിലുള്ള തെങ്ങുകൾ [illegible] കാലത്തിൽ ലങ്കയിൽനിന്നു കൊണ്ടു[illegible]ന്നതാണെന്നു തീർച്ചപ്പെടുത്തുന്നതും [illegible]നാൽ ആര്യന്മാർ ചേരരാജ്യത്തെ [illegible] ക്കുന്ന ധാരാളമുള്ള പ്രദേശമായിട്ടാണ് ആദ്യം അറിഞ്ഞതെന്നു വരുവാൻ [illegible]ല്ലെന്നു പറയുന്നതും സാമാന്യത്തിലധിക

(1) ചാക, ചരിക, മരിക, മുതലായ പദങ്ങളിലെ കകാരംപോലെ താലവ്യം; പക, ചാക, തേക്ക മുതലായവയിലെപ്പോലെ കണ്ഠ്യമല്ല.

(2) ഒരു കവുങ്ങിനോടു.

സാമാന്യമായിട്ടാണിരിക്കുന്നത്. ക്രിസ്തുവൎഷത്തിനു മുമ്പുണ്ടായിട്ടുള്ള പല തമിഴ് ഗ്രന്ഥങ്ങളും അക്കാലത്തു മലയാളത്തിൽ തെക്കുകരുണ്ടെന്നു ധാരാളം തെളിയിക്കുന്നുണ്ട്. അതിനുംപുറമെ വിദേശഗ്രന്ഥങ്ങളിൽ ഒരു വക സാധനങ്ങൾക്ക് അക്കാലത്ത് ഇപ്പോഴത്തെപ്പോലെ പ്രിയമോ ആവശ്യമോ ഉണ്ടായിരുന്നില്ലെന്നു മാത്രം വേണമെങ്കിൽ ഊഹിപ്പാനേ ആ പട്ടികയിൽ കാണുന്നില്ലെന്നുള്ള സംഗതി മതിയാകയുള്ളൂ. കേരളം എന്ന പദത്തിനു പൂരകമലയാളം എന്ന വാക്കിന്റെ പരിഭാഷയാണെന്നു കല്പിച്ചു വിചാരിക്കാവുന്ന 'കേരളം' എന്ന പേരും കേരളത്തിന് ആദ്യന്മാർ പറഞ്ഞുവന്നിരുന്നുവെന്നു ഉദ്ദേശം ചില ലക്ഷ്യങ്ങളാൽ തെളിയുന്നുണ്ട്.

ആദിചേരന്മാരെന്നു പറയാവുന്ന മേൽപറഞ്ഞ ചേരരാജാക്കന്മാരുടെ വാഴ്ച എത്രകാലം മുതൽക്കാരംഭിച്ചിട്ടുള്ളതെന്നു തിട്ടപ്പെടുത്തുവാൻ യാതൊരു തെളിവും കാണുന്നില്ല. അവരിൽ ചിലരുടെ വാഴ്ചക്കാലത്തു രാജ്യം വളരെ ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചിരുന്നുവെന്നൂഹിപ്പാൻ വേണ്ട ചില സംഗതികൾ മാത്രമേ അവിടവിടെയുള്ള സൂചനകളാൽ കിട്ടുന്നുള്ളൂ. മുടിചൂടിയ മൂന്നു മന്നരിലും മെച്ചപ്രാധാന്യം ഒരു കാലത്തു ചേരരാജാവിന്നായിരുന്നുവെന്നും അമ്പു തൊടുത്ത വില്ല് ആ രാജാവിന്റെ കൊടിയടയാളമായിരുന്നുവെന്നും ആ കൊടി കണ്ടാൽ പുലിയും മത്സ്യവും അടയാളങ്ങളായ ചോളപാണ്ഡ്യകൊടികൾ താഴ്ത്തുക പതിവായിരുന്നുവെന്നും മറ്റും ചില ഗ്രന്ഥങ്ങളിൽനിന്നു തെളിയുന്നുണ്ട്. ഈ ചേരരാജാക്കന്മാർ മഹാബലിവംശത്തിൽ പെട്ട ബാണവംശക്കാരായിരുന്നുവെന്നാണ് തമിഴ് ഗ്രന്ഥങ്ങളാലും പുരാണാംശസംഗ്രഹങ്ങളാലും കാണുന്നത്. ആദിചേരരാജാക്കന്മാരിൽ ഒരാളായ 'തിരുക്കൺ' എന്ന രാജാവിന്റെയും 'ചിലം തക തിരുവിൽപ്പാണ്ഡ്യൻ' എന്ന പുകൾപ്പെട്ടള 'ജയമാകീർത്തി' എന്ന പാണ്ഡ്യരാജാവിന്റെയും വാഴ്ചക്കാലത്തു 'കുമാരക്കോട്' എന്ന മല മുതൽ തെക്കോട്ടുള്ള പ്രദേശത്തിന്റെ തെക്കേ അറ്റത്തുണ്ടായിരുന്ന 'പഹ്റുളി' എന്ന നദിയും ആ മലയുടെ വടക്കേപ്പുറത്തുള്ള 'കുമരി' എന്ന നദിയും മധ്യത്തിലുണ്ടായിരുന്നതും ഏഴേഴ് നാടുകളായി വിഭജിച്ചിരുന്നതുമായ തെങ്കനാട്, ഏഴുമധുരൈനാട്, മുൻപാലൈനാട്, പിൻപാലൈനാട്, കുന്റനാട്, കുണകരനാട്, കുറുമ്പനാട് എന്ന ഏഴ് വക നാടുകളിൽ പെട്ട നാല്പത്തൊമ്പതു ദേശങ്ങളും കുമരിക്കൊല്ലം മുതലായ പല മലനാടും കാടും മലകളും നദികളും എല്ലാം ഗംഭീരമായുണ്ടായ ഒരു കടൽക്ഷോഭത്തിൽ കടലെടുത്തു മുങ്ങിപ്പോയതായി 'നക്കീരനാര്' 'ഇളമ്പൂരണടികൾ' മുതലായ പഴയ ഗ്രന്ഥകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ചിലപ്പതികാരകർത്താവും ഈ സംഗതിയെപ്പറ്റി—

'അടിയിൽതന്നളവരശർക്കുണർത്തി
വടിവേലെറിന്ത വാൻപകൈപ്പൊറാതു
പഃറുളിയാറ്റുടൻ പന്മലയടുക്കത്തു
കുമരിക്കോടുങ്കൊടുങ്കടൽകൊള്ള
വടതിശൈക്കങ്കൈയും ഇമയവും കൊണ്ടു
തെൻതിശൈയാണ്ട തെന്നവൻവാഴി'

ഇങ്ങിനെ ചുരുക്കത്തിൽ പറഞ്ഞുകാണുന്നുണ്ട്. എന്നാൽ ഈ ചേരപാണ്ഡ്യരാജാക്കന്മാരുടെ പേർ മാത്രം ആ ഗ്രന്ഥ

ബന്ധംകൊണ്ടറിയാമെന്നല്ലാതെ കാലത്തെ പ്പററിയേടത്തോളം വിശേഷിക്കത്തക്ക യാതൊരു തെളിവുമില്ല. തമിഴ് സാഹിത്യങ്ങളിൽ പ്രസിദ്ധന്മാരായ മൂന്നു പുരാതനപണ്ഡിതസംഘങ്ങളുണ്ടായിരുന്നതിൽ ഒന്നാമത്തേതിന്റെ സ്ഥാപകൻ ഈ പാണ്ഡ്യരാജാവായിരുന്നുവെന്നും അദ്ദേഹം സ്ഥാപിച്ച സ്ഥലം തെന്മധുരയായിരുന്നുവെന്നും കടൽക്ഷോഭകാലത്തിൽ ആ പാണ്ഡ്യരാജാവ് ഗംഗാനദിയുടെ കരയെ പിൻമാറിപ്പാർത്തിരുന്നുവെന്നും നക്കീരനാരും മററും പറഞ്ഞിട്ടുണ്ട്. ഗംഗകടലിലും ഹിമവൽപ്രദേശത്തും ആ പാണ്ഡ്യൻ പോയ സംഗതി മേൽകാണിച്ച ചിലപ്പതികാരത്തിലെ ഭാഗവും ആരാഞ്ഞിട്ടുണ്ടല്ലോ. എങ്കിലും ആ ഒന്നാംസംഘത്തിന്റെ ആയുഷ്കാലം നാലായിരത്തി നാനൂററിനാല്പതു വൎഷമാണെന്നുകൂടി കാണുന്നതിനാൽ മേൽപറഞ്ഞ അവാന്തര പ്രളയത്തിന്റെ കാലനിൎണ്ണയം ഏകദേശമെങ്കിലും ഒന്നു ഗണിപ്പാൻ ഉതകുവാൻ അതുകൊണ്ട് ഒരു ഉപയോഗവുമില്ലാതെയാണിരിക്കുന്നത്. പാശ്ചാത്യന്മാരുടെ വേദപുസ്തകത്തിൽ 'നോവ' എന്നാളുടെ കാലത്തു വലിയൊരു പ്രളയമുണ്ടായിട്ടുണ്ടെന്നും ആ കാലം ക്രിസ്തുവൎഷാരംഭത്തിനു മൂന്നായിരത്തോളം വൎഷം മുമ്പാണെന്നും പറഞ്ഞിട്ടുള്ളതിനെ സ്വീകരിച്ചു 'ഡോക്ടർ വില്യം ടെയിലർ' എന്നാൾ ആ പ്രളയകാലം കഴിഞ്ഞ് ആയിരത്തോളം വൎഷം [illegible] ഞ്ഞിട്ടു മദ്ധ്യഭാരതത്തിൽ ഒരു കടൽ[illegible] മുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകാണുന്നുണ്ട്. പക്ഷെ അദ്ദേഹം ആ സംഭവം കട[illegible] ത്തരായിട്ടു കരവെച്ചതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. ആ കാലത്ത് [illegible] കടൽക്ഷോഭമുണ്ടായിട്ടുണ്ടെങ്കിൽ മററു പ്രളയങ്ങളുടെ ഭാഗമായിരിക്കുന്നതെന്നു പറ[illegible]ന്നു സംശയിക്കാം.

കാലപൎവ്വതം.

മൂന്നാമദ്ധ്യായം.

അദ്വൈതത്തിന്റെ മനസ്സിലും ഗാത്രത്തിലും പ്രകൃതിയിലും എന്തൊക്കെ ഭേദങ്ങൾ കാണപ്പെട്ടിരുന്നുവോ ആ ആനന്ദത്താൽ മഹാനന്ദവും ചഞ്ചലയായിട്ട കളികളുമായ്യൊത്തുകൂടി എപ്പോഴും ഒഴുകിക്കൊണ്ടിരുന്നു. 'ആനന്ദം തന്നെയാണ ജഗത്ത്, ജഗത്തു തന്നെയാണ് ആനന്ദം' എന്നു സന്ന്യാസി പറഞ്ഞതു സത്യം തന്നെയാണെന്ന് അദ്വൈതത്തിനു ബോദ്ധ്യമായി.

വിശേഷിച്ചുമത്തപ്പുററി ഓരോന്നാലോചിച്ചുംകൊണ്ട് കാലചാരൻ ഭാനുവിലിരുന്ന സ്ഥാനവും തുണവും കഴിച്ചു. പിന്നെ വെളുത്ത പട്ടവസ്ത്രം ധരിച്ച് അദ്ദേഹം സപ്തമാതലിലേക്കു സാകയാനത്തിൽ നടന്നു. കറുത്ത നീണ്ട മുടിയും മാറിടത്തിൽ പൂണൂലും നല്ല ചെങ്കുവുള്ള കനിമായ അലങ്കാരങ്ങളെയെല്ലാം സന്തോഷത്തോടു കൂടി വഹിച്ചിരുന്നു കൊടുത്തു.

എന്നാൽ, രാമലക്ഷ്മണന്മാരായ ചാരകം എല്ലാപ്രകാരം കാലത്തെ നോക്കിനില്ക്കുന്നവർ അപ്രകാരം മരണം ആ നിശബ്ദതത്തെ കണ്ണിമയാട്ടാതെ നോക്കി

കൊണ്ടിരുന്നു. ദിവസംപ്രതി പ്രഭാതസമയത്തിൽ ചക്രവർത്തിയുടെ പുത്രിയായ ഉലാച്ചി മാളികമേലിരുന്നു മൈതാനത്തിലേക്കുള്ള വഴിയിലേക്കു നോക്കിക്കൊണ്ടു ദീർഘശ്വാസം വിട്ടിരുന്നു. കാലചാരനെ ആ വഴിയിൽ കണ്ടാൽ അവളുടെ മുഖം പ്രസന്നമായിത്തീരും. കാലചാരൻ മൈതാനത്തിലേക്കു പോകുന്നത് അവൾ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടിരിക്കും. ദൃഷ്ടിയെത്തുന്നതുവരെ അതിനെ തുടരും. കാണാതെയായാലും അവിടെനിന്നു കണ്ണെടുക്കാതെ ദീർഘശ്വാസം വിട്ടു കണ്ണിൽ വെള്ളം നിറച്ചുകൊണ്ടിരിക്കും. പിന്നെ കാലചാരൻ വീട്ടിലേക്കു മടങ്ങുമ്പോഴും അവൾ ഈ വിധംതന്നെ നോക്കിയിരിക്കും. ഇങ്ങിനെ നോക്കുന്നത് ഒരു ദോഷമാണെന്ന് ആ തരുണി ധരിച്ചിരുന്നില്ല. നോക്കാതിരിപ്പാൻ അവൾക്കു കഴിഞ്ഞില്ല. രണ്ടു കണ്ണുകൾകൊണ്ടു നോക്കിക്കണ്ടിട്ട് അവൾക്കു തൃപ്തിവന്നില്ല. രണ്ടു കണ്ണുകൾ മാത്രം തന്ന ബ്രഹ്മാവു വലിയ ദ്രോഹിയാണ്. അധികം കണ്ണുകൾ തരാൻ എന്തായിരുന്നു വിരോധം? എന്ന് അവൾക്കു തോന്നി.

ഇങ്ങിനെ കാലചാരനെ കണ്ടുംകൊണ്ടു വളരെ നാൾ കഴിഞ്ഞുകൂടി. ആദ്യമായിട്ടു നയനപ്രീതി ഉണ്ടായി. അതിനു ശേഷം ചിത്താസക്തി ജനിച്ചു. അനന്തരം സങ്കല്പം സ്ഥിരമായിത്തീർന്നു. ഇതു മനഃപൂർവ്വമായും അറിഞ്ഞില്ല. ആ തരുണിയുടെ ഹൃദയം കാലചാരമയമായിത്തീർന്നു.

ഒരു ദിവസം പ്രഭാതത്തിൽ ഉലാച്ചി മാളികമുകളിൽ ഇരിക്കുകയായിരുന്നു. അടുത്ത് അവളുടെ സഖിയായ മോതിയയും ഉണ്ടായിരുന്നു. കാലചാരൻ പ്രാതസ്സ്നാനം കഴിച്ചു ഇഷ്ടദേവസ്മരണത്തിൽ ഗംഗാസ്തോത്രം ചൊല്ലിക്കൊണ്ടു സ്വഗൃഹത്തിലേക്കു മടങ്ങുകയായിരുന്നു. സ്വരമോഹിതയായ പേടമാനിനെപ്പോലെ ഉലാച്ചി ആ മധുരഗീതം അത്യാസക്തിയോടു കൂടി കേട്ടുകൊണ്ടിരുന്നു. പ്രഭാതത്തിൽ വിടരുന്ന താമരപ്പൂവ് എപ്രകാരം ഉദയകാന്തിയോടു കൂടിയ ബാലാർക്കന്റെ നേരെ നോക്കുന്നുവോ അപ്രകാരം അവൾ തേജസ്വിയായ കാലചാരനെ നോക്കിക്കൊണ്ടിരുന്നു. അവൾ ഒരക്ഷരം മിണ്ടിയില്ല; കണ്ണിമ അടച്ചില്ല; ദേഹത്തിന്നു ചലനമില്ല. ഉലാച്ചിയെ ഈ സ്ഥിതിയിൽ കണ്ടിട്ടു മോതിയ പറഞ്ഞു— "രാജകുമാരി! എന്താണ് നോക്കിക്കൊണ്ടിരിക്കുന്നത്?" മോതിയയുടെ വാക്കുകൾ കേട്ട് ഉലാച്ചിയുടെ ധ്യാനത്തിന്നു ഭംഗംവന്നു. "നീയും കാണുന്നില്ലേ?" എന്ന് അവൾ പുഞ്ചിരിയോടു കൂടി പറഞ്ഞു. മോതിയ അവളും മുമ്പോട്ടു ചാഞ്ഞു വഴിയിലേക്കു നോക്കി. "നീ എന്താണു കണ്ടത്?" എന്നു ഉലാച്ചി ചോദിച്ചു.

മോതിയ— ഞാൻ ഒരാളെ കണ്ടു.

ഉലാച്ചി— നിന്നെപ്പോലെയുള്ള ഒരാളാണോ?

മോതിയ— എന്നെപ്പോലെ എങ്ങിനെ ആവും? ആ ആൾ പുരുഷനാണ്.

ഉലാച്ചി— ആ പുരുഷൻ തന്നെയാണ് എന്റെ വരൻ.

മോതിയ— ആയിരിക്കാം. കുട്ടിക്കാലത്തു പാവയുമായി കളിച്ചിരുന്ന കഥ മാറി വന്നുവോ? വഴിയിൽകൂടി പോകുന്ന വരനെ ഭർത്താവാക്കാൻ നീ ഇപ്പോഴും ഒരു കളിപ്പാവയല്ലല്ലോ. ചക്രവർത്തിയുടെ മകളാവാതെ നീ ഒരു കളിപ്പാവ

യായിരുന്നെങ്കിൽ നിനക്ക് ഇതിനെ ചെയ്യാമായിരുന്നു.

ഗുലാബി— മോതിയേ! ഇതൊരു കുട്ടിക്കളിയല്ല. അദ്ദേഹമാണ് എന്റെ ഭർത്താവെന്നു ഞാൻ സത്യമായി പറയുന്നു. എന്റെ മനസ്സും ശരീരവും ഞാൻ അദ്ദേഹത്തിനു കൊടുത്തിരിക്കുന്നു.

മോതിയ ചിരിച്ചുകൊണ്ടു ഗുലാബിയുടെ മുഖത്തു നോക്കി. ഗുലാബിയുടെ കണ്ണിൽ വെള്ളം നിറഞ്ഞിരിക്കുന്നതായി കണ്ടു. ഗുലാബി പറഞ്ഞതു കളിയാക്കലല്ലെന്നും കാര്യമാണെന്നും അവൾക്കു മനസ്സിലായി.

മോതിയ— രാജകുമാരി! എന്താണ് ചെയ്യുന്നത്?

ഗുലാബി— എന്റെ മോതിയേ! ഞാൻ ശരിയായിട്ടുള്ളതേ ചെയ്തിട്ടുള്ളു. എന്റെ പ്രാണൻ ആരെ കാംക്ഷിക്കുന്നുവോ അവനു തന്നെ പ്രാണനെ ദാനം ചെയ്തു.

മോതിയ— ഈ കാര്യം നടന്നാൽ സാധിക്കുമോ?

ഗുലാബി— മോതി! ഒരു ആകാശത്തിൽ രണ്ടു സൂര്യന്മാർ പ്രകാശിക്കുന്നതല്ല. ഈ ദേഹവും മനസ്സും ഇനി മറ്റൊരുവന്റേതായിത്തീരുന്നതല്ല.

മോതിയ— ചക്രവർത്തി എന്തു പറയും? തന്റെ മാനനഷ്ടത്തെ വഴിയിൽ കൂടി പോകുന്ന ഒരുവനെ കൊടുക്കാൻ അദ്ദേഹത്തിനു സമ്മതമുണ്ടാവുമോ? രാജകുമാരി! ഇതെന്തൊരു കുട്ടിക്കളിയാണ്? നീ എന്താണ് ചെയ്തത്.

ഗുലാബി—തന്റെ പുത്രി ആത്മാവിനെ സമർപ്പിച്ചിരിക്കുന്നത് അപാത്രത്തിലല്ല എന്നു ചക്രവർത്തി അറിയുമ്പോൾ അദ്ദേഹം ഇതിന് അനുവദിക്കും. അതു മേലിൽ എന്തിനെ വരുമെന്നതിനെക്കുറിച്ചു ഞാൻ ആലോചിച്ചിട്ടില്ല. ആലോചിക്കാൻ എനിക്കു വിചാരവുമില്ല.

മോതിയ— ഈ കഴിക്കേണ്ടിയിരിക്കുന്ന മഹാനദി ആലോചന ചെയ്തിട്ടാണോ ചാട്ടത്തിൽനിന്ന ഇറങ്ങിയത്?

മോതിയ— അപാത്രത്തിൽ ആത്മാവിനെ സമർപ്പിച്ചിട്ടില്ലെന്നു നിങ്ങൾ പറയുന്നുവല്ലോ. വഴിയിൽക്കൂടി പോകുന്നവൻ അപാത്രമോ സത്പാത്രമോ എന്ന് എങ്ങിനെ അറിഞ്ഞു? ഇതിനു മുമ്പേ പറഞ്ഞയച്ചിരുന്നുവോ?

ഗുലാബി ചിരിച്ചുകൊണ്ടു പറഞ്ഞു— മോതിയേ പറഞ്ഞയക്കേണ്ട ആവശ്യമെന്താണ്? നീ പൊട്ടക്കണ്ണി! നിന്റെ കണ്ണുണ്ടെങ്കിൽ അപാത്രമോ സത്പാത്രമോ എന്നു നിനക്കും കാണാൻ കഴിയും. ഇവിടെ വരിക. ഞാൻ നിനക്കു കാണിച്ചുതരാം.

മോതിയ —എന്തിനാണ് അങ്ങോട്ടു വന്നത്? എനിക്കു കണ്ണിനു കാഴ്ചയില്ലാതായിട്ടില്ല.

ഗുലാബി—ശരിയാണ്. ഇവിടെ വന്നു എന്റെ കണ്ണിൽ നോക്കുന്നതായാൽ കാണാം.

മോതിയ എണീറ്റു ഗുലാബിയുടെ അടുക്കൽ ചെന്നു. ഗുലാബി പറഞ്ഞു— 'നല്ലവണ്ണം നോക്കീട്ട് ആ പുരുഷന്റെ വയസ്സ് എത്രയാണെന്നു പറയൂ.' മോതിയ വളരെ നല്ലവണ്ണം നോക്കീട്ടു 25, 26 വയസ്സു പ്രായമായിരിക്കാം എന്നു പറഞ്ഞു.

ഗുലാബി—വരനു വേണ്ട പ്രായം തന്നെ അല്ലേ?

മോതിയ—അതെ.

ഗുലാബി—കാഴ്ചയിൽ എങ്ങിനെ?

മോതിയ—കാഴ്ചയിൽ അതിസുന്ദരൻ, സംശയമില്ല.

ഗുലാബി—ഗൗഡദേശത്തിൽ ഈ മാതിരി ആരെയെങ്കിലും കണ്ടിട്ടുണ്ടോ?

മോതിയ—ഇല്ല. എങ്കിലും—

ഗുലാബി—എന്താ എങ്കിലും എന്നു പറഞ്ഞത്?

മോതിയ—സൗന്ദര്യം യൗവനവുമാണോ വരനാവാനുള്ള മറ്റു യോഗ്യതകളെല്ലാം?

ഗുലാബി—കണ്ണു നല്ലവണ്ണം മിഴിച്ച് നോക്കി നോക്ക്. അദ്ദേഹത്തിന്റെ കയ്യിൽ എന്താണ് കാണുന്നത്?

മോതിയ — സ്വപ്നംകൊണ്ടുള്ള എന്തോ കാര്യമാണ്.

ദുലാളി — സ്വപ്നദൃഷ്ടപദാർത്ഥമാണ്. കണ്ണിൽ സ്വപ്നദൃഷ്ടപദാർത്ഥവും തെളിച്ചു കാട്ടിക്കൊടുക്കുന്നവരെയും കണ്ടിട്ട് നിനക്ക് ഒന്നും മനസ്സിലായില്ലേ?

മോതിയ — ഉം, മനസ്സിലായി. ഇയ്യാളും ഒരു പ്രവാചകനായിരിക്കണമെന്നു തോന്നുന്നു.

ദുലാളി — എന്നാൽ ധനികനായിരിക്കുമോ?

മോതിയ — ആയിരിക്കാം. അല്ലെങ്കിൽ കണ്ടാൽ തെളിച്ചുണ്ടാകുമായിരുന്നല്ലോ.

ദുലാളി — ഇയാളുടെ ദേഹം എങ്ങിനെയിരിക്കുന്നു?

മോതിയ — ഒരു യോഗ്യനായിട്ടാണ് ദേഹം ബോധിച്ചിരിക്കുന്നത്.

ദുലാളി — കഴുത്തിൽ വല്ലതും കാണുന്നുണ്ടോ?

മോതിയ — രുദ്രാക്ഷംകൊണ്ടുള്ള മാലയും ചന്ദനക്കുറിയും കാണുന്നുണ്ട്. ഹിന്ദുക്കളുടെ ജാതിചിഹ്നങ്ങളും കഴുത്തിലിട്ടിട്ടുണ്ട്. ഭാഗ്യമായി! ഇയാളും ഒരു ഹിന്ദുവാണ്.

ദുലാളി — ഇയാളും ഹിന്ദുതന്നെയാണ്. എല്ലാ ഹിന്ദുക്കളും ഇതു നൂൽ കഴുത്തിലിടുകയില്ല. ഉയർന്ന ജാതിക്കാരായ ബ്രാഹ്മണനും ക്ഷത്രിയനും മാത്രമേ ഇതു കഴുത്തിലിടുള്ളു. പൂണുനൂൽ കണ്ടിട്ട് ഇയാളും ശ്രേഷ്ഠജാതിയിലുള്ളവനാണെന്നു ഞാൻ മനസ്സിലാക്കി. ഇയാളും പറയുന്നതു നീ കേൾക്കുന്നില്ലേ?

മോതിയ — ഉണ്ട്. ഹിന്ദിയിൽ സംസാരിക്കുന്നുണ്ട്.

ദുലാളി — ഇതു ഹിന്ദിയിൽ സംസാരിക്കുന്നവൻ ഒരിക്കലും ദുർബ്ബുദ്ധിയാവാൻ തരമില്ലെന്നു നിനക്ക് അറിഞ്ഞുകൂടേ?

മോതിയ — അറിയാം.

ദുലാളി — മോതിയേ! ഇതിനെ പറഞ്ഞതിൽ വിവരം മനസ്സിലാകുന്നില്ലേ. അവൻ ഒരു ഭൂപാൽ ശ്രേഷ്ഠജാതിക്കാരനും വിദ്വാനും ധനവാനും ആണെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ നിന്റെ പരിഭ്രമം ഒന്നു തീരേണ്ടതല്ലേ.

മോതിയ — കാര്യങ്ങളെല്ലാം എനിക്ക് മനസ്സിലായി. ഇനി എന്താണ് ഉപായം?

ദുലാളി — എന്തിനെ കുറിച്ചുള്ള ഉപായം?

മോതിയ — നിന്റെ ഇഷ്ടം മനസ്സുകൊണ്ടു വരിച്ചവനോടു ലഭിക്കാൻ ഇതു ഉപായം.

ദുലാളി — അയാളെ കിട്ടിയാലും കിട്ടിയില്ലെങ്കിലും, ഞാൻ അയാളുടേതാണ്.

മോതിയ — എനിക്കു മനസ്സിലായി. നിന്റെ നിശ്ചയം വിശുദ്ധമാണ്. അത്ഭുതകഥകളിൽ കാണുന്നതുപോലെ മാത്രമേ സ്വപ്നം ഫലിക്കുന്നുള്ളൂ. നിന്റെ പാതിവ്രത്യമാണ്.

ഭോഗതൃഷ്ണയറ്റ കുട്ടിയുടെ ഈ കർമ്മകൾ കേട്ട് ഉറങ്ങിക്കിടക്കുന്ന കുട്ടി ഞെട്ടിയുണർന്നു. അതിന്റെ നേരെ തന്നെ മോതിയയുടെ വാക്കുകൾ കേട്ടപ്പോൾ ദുലാളിയും ഞെട്ടിപ്പോയി. അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അവൾ ദീനസ്വരത്തിൽ പറഞ്ഞു:—മോതി! ഈ കഥ ഞാൻ ആലോചിക്കുന്നതേയില്ല. അയ്യോ! പ്രേമത്തോടു കൂടിയിരിക്കുന്നതാണ് എനിക്ക

സുഖം ആ പ്രേമം സിദ്ധിക്കുമെന്ന് ഞാൻ ആശിക്കുന്നില്ല. അദ്ദേഹത്തിന് എന്നിൽ പ്രേമം ഉണ്ടെങ്കിലാകട്ടെ ഇല്ലെങ്കിലാകട്ടെ, ഞാൻ അദ്ദേഹത്തിന്റെ ദാസിയാണ്. അദ്ദേഹം എന്നെ സ്വീകരിച്ചില്ലെങ്കിലും ഞാൻ തന്നെ എന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു.'

മാലതിയുടെ കവിൾത്തടത്തിൽ വീണ്ടും കണ്ണീർത്തുള്ളികൾ മുത്തുമണികളെപ്പോലെ ശോഭിച്ചു. ആ കണ്ണീർത്തുള്ളികൾ കണ്ടിട്ട് മോതിയയുടെ കണ്ണിലും വെള്ളം നിറഞ്ഞു. മോതിയ മാലതിയുടെ ചിന്താവിഷ്ടയും സമദുഃഖയും ആയിരുന്നു. മോതിയ പറഞ്ഞു:— 'മാലതിക്കുട്ടീ! ഈ കഥ അമ്മയോട് പറയണോ?' മാലതി കുറെ നേരം എന്തോ ആലോചിച്ചുകൊണ്ടിരുന്നു. പിന്നെ ദീർഘശ്വാസം വിട്ട് 'അമ്മയോട് പറയാം' എന്നു പറഞ്ഞു.

ഈ സമയത്തു കടത്തുകടവിൽ കൂടെ ഒരു തോണി ഉല്ലാസഗാനത്തോടുകൂടി പോകുന്നുണ്ടായിരുന്നു. 'കൃഷ്ണകമലസമാന മാനസനായിതി തുമിടുന്നു' എന്നു തോണിക്കാരൻ പാടുന്നതു മാലതിയുടെ ചെവിയിൽ പെട്ടു. അവൾ എന്തോ ആലോചിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു:— 'മോതിയാ! സൂര്യൻ ഉദിച്ചു പൊങ്ങിക്കഴിഞ്ഞു. നമുക്ക് അകത്തേക്കു പോവുക.'

സംസ്കൃതഭാഷ

(കഴിഞ്ഞ 8000 കൊല്ലത്തെ സ്ഥിതി)

(കെ. വി. എം.)

കാശീഗവർമ്മെന്റ് ഹിന്തുകാളേജിൽ അദ്ധ്യാപകനായ ആർതർവാർ മഹാശയന്റെ അദ്ധ്യക്ഷതയിന്മേൽ കൂടിയ ഒരു യോഗത്തിൽവെച്ചു മഹാമഹോപാദ്ധ്യായ ഡാക്ടർ ഹരപ്രസാദശാസ്ത്രികൾ 'കഴിഞ്ഞ 8000 കൊല്ലങ്ങളായി സംസ്കൃതഭാഷയുടെ സ്ഥിതി' എന്ന വിഷയത്തെപ്പറ്റി ദീർഘമായ ഒരു പ്രസംഗം വായിക്കയുണ്ടായി. അതിന്റെ സാരം താഴെ ചേർക്കുന്നു:—

കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തു പ്രസിദ്ധനായ ഒരു മാതിയപണ്ഡിതൻ ഇംഗ്ലീഷുഭാഷയ്ക്കും സംസ്കൃതഭാഷയ്ക്കും തമ്മിലുള്ള ദൃശ്യമായ വ്യത്യാസത്തെ കാട്ടിക്കൊണ്ട് ഒരു സഭയിൽ പ്രസംഗിക്കയുണ്ടായി. അദ്ദേഹം പറഞ്ഞതു് ഇങ്ങിനെയാണ്:— 'സംസ്കൃതഭാഷ മരിച്ചുപോയവരുടെ കണ്ണടയ്ക്കയും, ജനിച്ച കണ്ണു തുറക്കയും ചെയ്യുന്നു.' സംസ്കൃതം പഠിച്ചവർ അജ്ഞാനാന്ധകാരത്തിൽ ആണ്ടുപോകയും ഇംഗ്ലീഷു പഠിച്ചവർ അതിൽ നിന്നു കരേറുകയും ചെയ്യുന്നു എന്നാണല്ലൊ ഇതിന്റെ സാരം. ഇതിനെ അഭിപ്രായപ്പെട്ട മാതിയപണ്ഡിതൻ ഇന്ത്യാരാജ്യം മുഴുവൻ പ്രസിദ്ധി നേടിയ ഒരാളും വലിയ വിദ്വാൻ എന്നും ബഹുമതിപ്പെട്ടാൾ എന്നും കേൾവിപ്പെട്ട ഒരു യോഗ്യനാണ്. അതുകൊണ്ട്, അദ്ദേഹത്തിന്റെ അഭിപ്രായം എത്രത്തോളം ശരിയായിട്ടുണ്ടെന്ന് ആലോചനചെയ്കയാണു ഞാനിവിടെ ചെയ്യുന്നത്.

19-ാം നൂററാണ്ടിന്റെ മദ്ധ്യകാലത്തു സംസ്കൃത ഭാഷയെപ്പററി ഇങ്ങിനെ ഒരു കാര്യം പറയുവാൻ ന്യായമുണ്ടായിരുന്നിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അക്കാലത്തു സംസ്കൃത ഭാഷയുടെ ശരിയായ സ്ഥിതിയേയും സംസ്കൃതവിദ്യാഭ്യാസം ചെയ്യുവാൻ തയാറാവുന്ന ജനസമൂഹത്തെയും അവരുടെ സിദ്ധിയേയും മററും പററി പലർക്കും അറിവുണ്ടായിരുന്നില്ല. അന്നു വിദേശന്മാർ സംസ്കൃതസാഹിത്യ ഗ്രന്ഥങ്ങളെ ഉരുവിടുകയായിരുന്നു ചെയ്തിരുന്നത്. അവർ അമരകോശം ഉരുവിട്ടു കാണാപ്പാഠമാക്കുകയും, വേദാന്തശാസ്ത്രമോ തർക്കശാസ്ത്രമോ പഠിച്ചു വാദപ്രതിവാദങ്ങൾ നടത്തി ആയുഷ്കാലം കഴിക്കുകയുമാണ് ചെയ്തിരുന്നത്. സംസ്കൃതം പഠിക്കുന്നവരുടെ സ്ഥിതി ഇങ്ങിനെയിരിക്കെ, ഇംഗ്ലീഷുവിദ്യാലയങ്ങളിൽ ചേർന്നു പഠിക്കുന്ന കുട്ടികൾ അന്യഭാഷാഗ്രന്ഥങ്ങളിലെ ഭാഷാഭാഗങ്ങളെ സംബന്ധിച്ചുള്ള കഠിനഭാഗങ്ങളെവിട്ടു നല്ലതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ രസായനശാസ്ത്രം, ഗണിതശാസ്ത്രം മുതലായവയിലുള്ള കാര്യമായ ഭാഗങ്ങളെ അനാദരപൂർവ്വമായിപ്പഠിക്കുക കൂടി ചെയ്തിരുന്നു. എന്നാൽ, ഇംഗ്ലീഷു വിദ്യാർത്ഥികൾ പല വിഷയങ്ങൾ ഒരുമിച്ചു പഠിച്ചു സമ്പാദിക്കുന്നതായ പാണ്ഡിത്യവും പ്രാഗത്ഭ്യവും സംസ്കൃതവിദ്യാർത്ഥികൾ ഒരു വിഷയത്തെ അധികം ഗാഢമായി പഠിക്കുന്നതുകൊണ്ടു സമ്പാദിക്കുന്നതെന്നാണ പലരുടെയും പക്ഷം.

സുമാർ 60 കൊല്ലത്തിനുള്ളിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ പല പുതിയ മാററങ്ങളും ഉണ്ടായിട്ടുണ്ട്. 1870-ാം വർഷത്തിൽ ബങ്കാളത്തെ ലഫ്റ്റിനെണ്ട് ഗവർണ്ണരായിരുന്ന സർ. റിച്ചാർഡ് ടെമ്പിൾ [illegible]ക്കിലെ ഒരു സംസ്കൃതകലാശാലയിൽ സന്നിഹിതന്മാരായിരുന്ന പണ്ഡിതന്മാർക്കും വിദ്യാർത്ഥികൾക്കും മററും സമ്മാനം നൽകിയ അവസരത്തിൽ ഇങ്ങിനെ പ്രസംഗിക്കുകയുണ്ടായി. — 'ഹിന്തുക്കൾ സംസ്കൃതത്തിലെ പ്രധാന ഗ്രന്ഥങ്ങൾ മുഴുവൻ പഠിച്ചുകഴിഞ്ഞാല്ലാതെ അവരുടെ വിദ്യാഭ്യാസം പൂർത്തിയായി എന്നു വിചാരിക്കുവാൻ പാടില്ല.' സംസ്കൃതഭാഷയിൽ ആരുമറിയാതെ പല മഠങ്ങളിലും ഗൃഹങ്ങളിലും കിടക്കുന്ന താളിയോലഗ്രന്ഥങ്ങൾ തിരഞ്ഞുപിടിച്ചു ശേഖരിക്കുവാൻ ഇടയായ കാരണമായിരുന്നു സർ. റിച്ചാർഡ് ടെമ്പിൾ ഇപ്രകാരം പ്രസംഗിച്ചത്. കഴിഞ്ഞ 50 കൊല്ലം കാലമായി ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും താളിയോലഗ്രന്ഥങ്ങൾ ശേഖരിക്കുവാൻ തുടങ്ങിയതിന്റെ ഫലമായി അസംഖ്യം ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. അവയിൽ അധികവും മതസംബന്ധമായവയാണ്. ആ വക ഗ്രന്ഥങ്ങളിലുള്ള വിഷയങ്ങൾ എന്താണു മനസ്സിലാക്കിയതിനു ശേഷമാണ, സംസ്കൃതഭാഷ ചില ആചാര്യന്മാരുടെയോ ഗുരുനാഥന്മാരുടെയോ മാത്രം അധീനത്തിലിരിക്കുന്ന ഒരു ഭാഷയാണെന്നുള്ള അഭിപ്രായം തെററാണെന്നു തീർച്ചയായതും, ഇതു വളരെ ശ്രേഷ്ഠവും ഗംഭീരവുമായ ഒരു ഭാഷയാണെന്നു പൊതുജനങ്ങൾ അറിയുവാനും, ഈ ഭാഷയെപ്പററി പലർക്കും ഒരു പ്രതിപത്തി ജനിക്കുവാനും ഇടയായത്. മതവിഷയമൊഴികെ മററു വിഷയങ്ങളിൽ ഉള്ള വിശിഷ്ട സംസ്കൃതഗ്രന്ഥങ്ങളെ യൂറോപ്യന്മാരും അമേരിക്കക്കാരും വളരെ ആദരിച്ചുവരുന്നുണ്ട്. അവർ ആ വക ഗ്രന്ഥങ്ങളിൽ കാണുന്ന വിശേഷസംഗതിക

മെല്പറഞ്ഞ പലപ്രകാരത്തിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇക്കഴിഞ്ഞ 30 കൊല്ലത്തിന്നുള്ളിൽ താളിയോലഗ്രന്ഥങ്ങൾ കണ്ടുപിടിക്കുവാനായി ഇന്ത്യാരാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചെന്നു തെരഞ്ഞുവെച്ച കയ്യെഴുത്തുകൾക്ക് കണക്കുമില്ല. അതിന്റെ ഫലമായി അനേകം പുസ്തകങ്ങൾ കണ്ടുകിട്ടുകയും ചെയ്തു. അവയിൽവെച്ച് അധികം പഴകമുള്ള ചില ഗ്രന്ഥങ്ങളിൽ ഭാരതീയരുടെ പഴയ കാലത്തെ ജീവിതരീതിയേയും മറ്റും സംബന്ധിച്ച പല സംഗതികളും വിവരമായി പ്രതിപാദിക്കുന്നുണ്ടെന്ന് ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു.

പ്രാചീനഹിന്തുക്കളുടെ ചരിത്രത്തെയും ആചാരങ്ങളേയും പറ്റി സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്ന അറിവിനെക്കുറിച്ചു വേറെ ഒരവസരത്തിൽ വിസ്തരിച്ചു പ്രസ്താവിച്ചുകൊള്ളാം. സർ. റിച്ചാർഡ് ടെമ്പിൾ ഇപ്പോൾ വിവരിച്ചിരിക്കുന്ന ഉപന്യാസത്തിൽ, അദ്ദേഹം 1876-ൽ സംസ്കൃതഭാഷയെ ഹിന്തുസമുദായക്കാരോടു മാത്രം സംബന്ധിപ്പിച്ചുകൊണ്ടു പറഞ്ഞിട്ടില്ല അഭിപ്രായത്തെ മാറ്റുമാറുണ്ടോ എന്ന് എനിക്കു തോന്നുന്നു. ഒരാളുടെ പഠിച്ചിരുന്നാലും സംസ്കൃതഭാഷ പഠിക്കാത്ത ഒരാളുടെ പഠിപ്പു പരിപൂർണ്ണമാകയില്ലെന്നുതന്നെ അദ്ദേഹം അഭിപ്രായപ്പെട്ടതായിരുന്നു. ഇതിനെ ആലോചിച്ചുനോക്കിയാൽ, ഇംഗ്ലീഷുഭാഷ മറ്റുള്ളവരുടെ കണ്ണുകളെ ഏതിന്റെ സ്വാധീനമാവോ അതിനേക്കാൾ സംസ്കൃതഭാഷയും അതു പഠിക്കുന്ന ആളുകളുടെ കണ്ണുകളാണ് അവരെ ഭരണാധികാരിയാക്കിത്തീർക്കുന്നത് എന്ന വിശദമായിട്ടറിയാവുന്നതാണ്.

ഡോ. ഡേയിൻ എന്ന പ്രൊഫസ്സർ ഇംഗ്ലീഷുഭാഷയുടെ വിശദമായ ഒരു ചരിത്രം എഴുതിയ ആളാണ്. ഇംഗ്ലീഷുഭാഷ വളരെ കാലമായി ഏതാണ്ടും പ്രചാരത്തിലിരിക്കുന്ന ഒരു ഭാഷയാകയാലാണ് താൻ അതിന്റെ ചരിത്രമെഴുതുവാൻ തുടങ്ങുന്നതെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. യൂറോപ്പിലെ മററു ഭാഷകളെല്ലാം ഒരു ക്രമവുമില്ലാതെ ചിലപ്പോൾ ഓരോന്നിലും മറ്റും തോന്നലും ഭാവനയും പൊയ്പോകയാണ് ചെയ്തിട്ടുള്ളത്. ഇംഗ്ലീഷുഭാഷയ്ക്കുള്ള ആ ഗതി വന്നിട്ടില്ല. ചോസരുടെ കാലംമുതൽ ഇന്നേവരെ, അതായതു സുമാർ 500 കൊല്ലം കാലം, ഭാഷയിലുള്ള അഭിവൃദ്ധിയും മറ്റും ഇംഗ്ലീഷുഭാഷയ്ക്കുണ്ടായിട്ടുണ്ട്. ഇംഗ്ലീഷുഭാഷയുടെ ഈ 500 കൊല്ലം കാലത്തെ പ്രതിഷ്ഠകൾ ഒട്ടുപ്പെട്ട് വിചാരായ മിസ്റ്റർ ഡേയിൻ ഭാഷാ ചരിത്രം എഴുതുവാൻ പുറപ്പെട്ട കഥ ആലോചിക്കുമ്പോൾ, ക്രിസ്തുവിന്നു 1500 കൊല്ലം മുമ്പു മുതൽ 4000 കൊല്ലത്തിലധികം കാലം ഭാരതീയ കവികൾ കൂടാതെ ശാസ്ത്രീയമായി ഒരു ഭാഷാസമ്പ്രദായത്തിൽ എഴുതിയിരിക്കുന്ന സംസ്കൃതഭാഷയുടെ അനന്യസാധാരണമായ ചരിത്രം എഴുതുവാനുള്ള 4000 കൊല്ലത്തിലധികം കാലം ഈ ഭാഷ മറ്റുപ്രകാരം നശിച്ചുപോകാതിരുന്നിട്ടുള്ളതാണ് എത്രയും ആലോചിക്കപ്പെടേണ്ടതായ ഒരു സംഗതിയല്ലയോ?

ബൌദ്ധമതം ആരംഭിച്ച കാലമായ ക്രി. മു. നാലാം നൂററാണ്ടിന്നു മുമ്പുമുതൽ സംസ്കൃതഭാഷ നിലയിൽ പെട്ടുപോയെന്നും, പിന്നീട ചന്ദ്രഗുപ്തന്റെ രാജ്യഭരണകാലമായ ക്രി. പി. നാലാം നൂററാണ്ടു

ത്തും അന്നു അദ്ധ്യാപകരുണ്ടായിട്ടില്ലെന്നു മാക്സ് മുള്ളർ (Max Mullar) പറഞ്ഞിരിക്കുന്നു. എന്നാൽ ക്രിസ്തു ജനിക്കുന്നതിനു മുമ്പും പിമ്പും ഉത്തരേന്ത്യയിൽ നിലവിലിരുന്ന പ്രാകൃതപ്രായമായ ഒരുതരം സംസ്കൃതഭാഷ ശിലാശാസനങ്ങളിൽ എഴുതിക്കാണുകയാൽ അതിനെ അടിസ്ഥാനപ്പെടുത്തി മാക്സ് മുള്ളർ ഇങ്ങിനെ അഭിപ്രായപ്പെട്ടതായിരിക്കണം. അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തെ വിദ്വാന്മാർ സമ്മതിക്കുന്നില്ല. സംസ്കൃതഭാഷ നിലയിൽപ്പെട്ടുപോയതായി മാക്സ് മുള്ളർ പറയുന്ന കാലത്തുതന്നെ വിശിഷ്ടങ്ങളായ പല സംസ്കൃതഗ്രന്ഥങ്ങൾ എഴുതപ്പെട്ടതായി കാണുന്ന സ്ഥിതിക്ക് ഈ അഭിപ്രായം തെറ്റായിരിപ്പാനെ തരമുള്ളൂ. ക്രി. മു. രണ്ടാം നൂറ്റാണ്ടിൽ അശ്വമേധയാഗം ചെയ്ത പുഷ്യമിത്രൻ എന്ന മഹാരാജാവിന്റെ കാലത്താണ് പതഞ്ജലിമഹർഷി ശ്രീമഹാഭാഷ്യം ഉണ്ടാക്കിയതെന്നു പറയുന്നതിൽ എന്താണ് സംശയം? അർത്ഥശാസ്ത്രകർത്താവായ കൌടില്യൻ ചന്ദ്രഗുപ്തമഹാരാജാവിന്റെ മന്ത്രിയായിരുന്നു. അലക്സാണ്ടറുടെ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്നു സർവ്വസമ്മതമാണ്. കാളിദാസമഹാകവിയാൽ കൂടി പുകഴ്ത്തപ്പെട്ട ഭാസൻ എന്ന നാടകകർത്താവിനെപ്പറ്റി 'കാണ്ട്' എന്ന മഹാകവിയും ഉദ്ധരിച്ചുപാടിയിരിക്കുന്നതുകൊണ്ടു ഭാസൻ കാളുവിന്റെയും പ്രാചീനനാണെന്നു തീർച്ചയാണ്. നാടകലക്ഷണപ്രണേതാക്കളായ കോഹലൻ, ശാണ്ഡില്യൻ, ധൂർത്തിലൻ, വത്സൻ എന്നിവരോടുകൂടി ജീവിച്ചിരുന്ന ഭരതമഹർഷിയുടെയും കാലം ക്രി. മു. രണ്ടാംനൂറ്റാണ്ടിലാണെന്നുള്ളതിൽ എന്താണു തർക്കം? മഹാരാജാധിരാജനായ കനിഷ്കന്റെ ഗുരുനാഥനായിരുന്ന അശ്വഘോഷൻ, നാഗാർജ്ജുനൻ, ആര്യദേവൻ, മൈത്രേയനാഥൻ എന്നീ സംസ്കൃതവിദ്വാന്മാർ ക്രിസ്തുവിനുപിമ്പ് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരാണ്. മന്ത്രതന്ത്രം, അർത്ഥശാസ്ത്രം, വിദ്യാഭ്യാസം ഇത്യാദിയായവയെപ്പറ്റി പലപല പരിഷ്കാരങ്ങളും ഭേദഗതികളും നടന്ന കാലമായ കഴിഞ്ഞ പല ശതാബ്ദങ്ങളിൽക്കൂടി സംസ്കൃതഭാഷ യാതൊരു കോട്ടവും കൂടാതെ ഭാരതഖണ്ഡത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നതാലോചിക്കുമ്പോൾ വലിയ ആശ്ചര്യം തോന്നുന്നു.

ഇന്ത്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ ഈ ഭാഷയ്ക്കു പ്രചാരക്കുറവുണ്ടായപ്പോൾ മറ്റൊരു സംസ്ഥാനത്തിൽ അതിനധികം പ്രചാരമുണ്ടായിരിക്കും. വടക്കെ ഇന്ത്യയിൽ അന്യദേശീയർ കടന്നുവന്നു പടവെട്ടി രാജ്യമടക്കിയ കാലത്ത് ഇന്ത്യയുടെ തെക്കുഭാഗങ്ങളിലും കിഴക്കൻ ദിക്കുകളിലും ഉള്ളവർ ഈ ഭാഷയെ കെട്ടിനിറുത്തിയും വളർത്തിക്കൊണ്ടു പോന്നു.

ഭാരതീയരുടെ ജീവിതനിലകളിൽ പല ദിക്കിലും പലവിധം അകരാറുകളുണ്ടായ സമയങ്ങളിൽ കൂടി ഈ ഭാഷ യാതൊരു ന്യൂനതയും കൂടാതെ അഭിവൃദ്ധിപ്പെട്ടുവന്നതായിക്കാണാം. 13-ാം ശതാബ്ദത്തിൽ വടക്കെ ഇന്ത്യയിലെ മഹമ്മദീയരായ അഫ്ഘാൻകാർ പല ഭാഗങ്ങളിലും കടന്നുകൂടി പട വെട്ടുവാൻ തുടങ്ങിയപ്പോൾ ഹിന്ദുസമുദായക്കാരുടെ ജീവിതഗതി വളരെ അലങ്കോലപ്പെട്ടുപോയി. ഇപ്പോലൊക്കെ ഭയങ്കരസംഭവം നടന്നിട്ടും ഈ

ന്ത്യയിൽ ഒരിടത്തും നേരിടുകയുണ്ടായിട്ടില്ല. എന്നാൽ, ആ കഠിനമായ ആപത്കാലത്തുകൂടി സംസ്കൃതഭാഷ പൂർവ്വദേശത്തും മാതൃഭൂമിയിലും ഉള്ള ജൈനവിദ്വാന്മാരുടെ ഏറ്റവും നിഷ്കൃഷ്ടമായ അഭിവൃദ്ധിയെ പ്രാപിച്ചുവെന്നു മാത്രമല്ല, പാശ്ചാത്യപ്രദേശങ്ങളിൽ ശ്രീമധ്വാചാര്യരുടെ ശിഷ്യന്മാരെക്കൊണ്ടും ഇന്ത്യയിൽ ശ്രീരാമാനുജാചാര്യരും മിഥിലാനഗരത്തിൽ പലപല ശ്രോത്രിയന്മാരുമായും ഈ ഭാഷയെ പരിപാലിച്ചുപോന്നു. ഇന്ത്യാരാജ്യം മുഴുവനും മൊകിലന്മാരുടെയും പട്ടാണികളുടെയും ആക്രമണങ്ങളിൽപ്പെട്ടു കലുഷിതയായ കാലത്തുകൂടി, കർണ്ണാടകദേശത്തു ശ്രീമധ്വാചാര്യരും, തമിഴ്നാട്ടിൽ ശ്രീവേദാന്തദേശികാചാര്യരും, മിഥിലാനഗരത്തിൽ ശ്രീവാചസ്പതിമിശ്രരും, കാശിയിൽ വേറെ പലരും യാതൊരു കലുഷവും കൂടാതെ ഈ ഭാഷയെ പഠിച്ചും പഠിപ്പിച്ചും ഉന്നതപദവിയിലിരുത്തിയിരുന്ന സംഗതി പ്രസിദ്ധമാണല്ലോ.

ഇങ്ങിനെ ആക്രമണങ്ങളായ പല ആപത്തുകളിൽനിന്നും ആശ്ചര്യകരമാംവണ്ണം രക്ഷപ്പെട്ട് ഈ ഭാഷ വളർന്നുവന്നു ലോകത്തിന് ആശ്ചര്യകരങ്ങളായ പലവകകളെ പ്രദാനം ചെയ്യുന്നതിനല്ലയോ? ഭാരതീയന്മാരുടെ മനോഭാവങ്ങളെ പ്രതിഫലിപ്പിച്ചു ഗൗരവവും ഗാംഭീര്യവും മതഭാവങ്ങളെ നൽകുന്നതിന് ഈ ഭാഷയ്ക്ക് അസാധാരണമായ ഒരു ശക്തിയുണ്ട്. ഈ ഭാഷയിലുള്ള ഗ്രന്ഥങ്ങൾ അനന്തങ്ങളാകുന്നു. ഈ ഭാഷയിൽ പ്രതിപാദിക്കപ്പെട്ടിരുന്ന സകല വിഷയങ്ങളിലും പ്രാചീനങ്ങളും നവീനങ്ങളുമായ പല ഗ്രന്ഥങ്ങൾ അസംഖ്യങ്ങളായിരിക്കുന്നുണ്ട്. ഇന്ത്യയുടെ നാനാഭാഗങ്ങളിലുമുള്ള ഭാഷകൾ അനേകശതാബ്ദങ്ങളിൽ പല പ്രകാരത്തിൽ തിരിഞ്ഞും മറിഞ്ഞും മാറിയും മാറ്റിയും പോയതുപോലെയുള്ള വികാരങ്ങൾ ഈ ഭാഷയ്ക്കുണ്ടായിട്ടില്ലെന്നു മാത്രമല്ല, അതിവേഗത്തോടെ ഓടുന്ന അനേകായിരം നദികളുടെ മദ്ധ്യത്തിലും അതിഗംഭീരങ്ങളായ പർവ്വതങ്ങളുടെ പരിസരങ്ങളിലുംകൂടി യാതൊരു ചലനവും കൂടാതെ ഈ ഭാഷ അടിയുറച്ചു നില്ക്കുന്നു. ഒരു പരമപുരുഷന്റെ ദൈവങ്ങളാണെന്നു കരുതി പൂജിച്ചു പ്രഖ്യാതി നേടിയ പ്രാചീനമഹർഷിമാരുടെ മനോഗതിയെയും, ലോകത്തിന്റെ ഉൽപ്പത്തിമുതലുള്ള ചരിത്രത്തെയും വളരെ വിശദമായി പ്രതിപാദിക്കുന്നു.

സംസ്കൃതം മിശ്രിച്ചുണ്ടായ പ്രാകൃതങ്ങളായ പാലി, അർദ്ധമാഗധി, ശൗരസേനി, മാഗധി മുതലായ ഭാഷകളിലുള്ള ഗ്രന്ഥങ്ങളെ നീക്കി ശുദ്ധസംസ്കൃതഭാഷയിലുള്ളവ മാത്രം കണക്കാക്കിയാൽ തന്നെ അസംഖ്യം ഗ്രന്ഥങ്ങൾ ഉള്ളതായിക്കാണാം. ലത്തീനിലും ഗ്രീക്കിലുമുള്ള ഗ്രന്ഥങ്ങളെക്കാൾ എത്രയോ അധികം ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ട്..............

'അയ്യാക്കാകരൻ' എന്ന (ചൈന) വന്ന പ്രദേശങ്ങളിൽ നിന്ന് ഇതുവരെ ഒരു സംസ്കൃതഗ്രന്ഥത്തിന്റെ ലക്ഷം കണ്ടുകിട്ടുകയുണ്ടായി. ചീനാ, ജപ്പാൻ, കൊറിയ, മംഗോളിയ മുതലായ രാജ്യങ്ങളിൽ നിന്നും പല ഗ്രന്ഥങ്ങളുടെയും ഗ്രന്ഥകർത്താക്കന്മാരുടെയും പേരുകൾ പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. ഭാഷാലോകധീരന്റെ ഒരു

ന്മാരെന്നു ബൌദ്ധമതക്കാരാൽ വിശ്വസിക്കപ്പെടുന്ന പുണ്യമൂർത്തികൾ ഉണ്ടാക്കിയ ഒരു പുസ്തകത്തിൽ നിലനിൽക്കുന്ന പ്രദേശങ്ങളിലും പാരസീകം, ചീനാ മുതലായ രാജ്യങ്ങളിലും സംസ്കൃതഭാഷയ്ക്കു പ്രബലമായ പ്രചാരം ഉണ്ടായിരുന്നതായും അവിടങ്ങളിൽ യോഗ്യരായ അനേകം വിദ്വാന്മാർ ഉണ്ടായിരുന്നതായും പറഞ്ഞിരിക്കുന്നു. അതുമല്ലാതെ കടകാമ്പൂർ ലിപിയും പാർമേസോ ലിപിയും ഇടയിലും മറ്റു പല പ്രദേശങ്ങളിലും നടപ്പുള്ള ചെറുതും വലുതുമായ വിവിധഭാഷകളിലെല്ലാ സംസ്കൃത മഹാസമുദ്രത്തിൽനിന്നു അനേകം ശബ്ദരത്നങ്ങൾ കലർന്നിരിക്കൊണ്ടാണിരിക്കുന്നത്. ഈ സ്ഥിതിക്ക് ഈ ഭാഷയുടെ മഹിമാതിശയത്തെ പരിച്ഛേദിക്കുന്നതു തീരെ അസാധ്യമായിട്ടാണിരിക്കുന്നത്.

സംസ്കൃതഭാഷയുടെ ഗാംഭീര്യാതിശയത്തെപ്പറ്റി ചിലതെല്ലാം ഇവിടെ പ്രസ്താവിച്ചുവെന്നല്ലാതെ, പലതും ഉള്ളതെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടില്ല. ഇപ്പോഴും അനേക ദിക്കുകളിൽ താളിയോലഗ്രന്ഥങ്ങൾ പ്രതിദിവസം കണ്ടുകിട്ടുന്നതുകൊണ്ട് ഈ ഭാഷയുടെ യോഗ്യതകൾ ഇത്രമാത്രമെന്നു കണക്കാക്കുവാൻ ഒരുത്തർക്കാകുന്നു.

എന്റെ കാറാം.

കരുകരണം.

(കരിപ്പുറത്തു കേശവൻനായർ.)

പൂങ്കാവനമഴിയവേ പൂങ്കുകിൽ കിഴിയവേ
പൂങ്കിളികിന്നരങ്ങൾ ചിലവിനസപ്തസ്വരങ്ങൾ
ആലാപത്തിങ്കൽ ചേർന്ന ചിലയാകിലായി (നാ
യമ്പാടങ്ങളെ കണ്ടാൽ തീർപ്പെടുത്തിക്കാ (ണിപ്പോൾ
'തങ്ങളിൽ നല്ലവണ്ണം വെച്ചു കൊണ്ടാലു'മെന്നു (ചൊല്ലി
അങ്ങനെ അവരൊന്നാകെ താർവാണിരിന്നിട്ടും (നേരം
തെറാടന്നു നിർദ്ദേശവുമില്ലായ്കയിൽക്കൂടെ (യോര
കാറുകൾ വന്നു ചേർന്ന കാര്യങ്ങൾ തെന്നതായി (മേഘങ്ങൾ
പോരുംതോറും ഇങ്ങേ കാലൊന്നെങ്ങോ (നാം
കാറുകളുമൊന്നുമല്ലാതായിരുന്നല്ലോ!

ഉയർന്നിതമൊരുമ്പെട്ടു സ്വപ്നരായിക്കണ്ടു
പൂങ്കാവിൽ കൊണ്ടുവന്നിട്ടു ചില്ലുതന്നാൽ
കടികൊണ്ടിരുന്നവൾ നിർപ്പുമൊട്ടു തി (ൻ
വടിവുപൂണ്ടോരിലതോട്ടിയിൽനിന്നുമെ (ല്ലു
കട്ടകൊണ്ടുതീർപ്പാൻ കൂട്ടാക്കാതിരിക്കിൽ
കാണുമെന്നതിലുള്ള കാരണം കൊമ്പിക്കവാൻ
അന്യഥാ വസന്തത്തിൻ ധന്യതാം ഞങ്ങ (ളെ
യൊരുനാളും സുപ്പത്തിൽ മാകി (കൊണ്ടു
പാടുമകരംപാടിപോയതാകയിലിനി
അവരെ തിരിച്ചുവിളിച്ചു ചേർക്കുവിട്ടുവാൻ
കൂട്ടാക്കാതിരുന്നതിനാലീ സത്യമോ,
കാണുമെന്നതിലുള്ള കാരണം കൊമ്പിക്ക (വാൻ?

സാഹിത്യശകലങ്ങൾ.

I

രസനിരൂപണം.

രസങ്ങളെ നിരൂപിക്കുന്ന ഘട്ടത്തിൽ ഒരു സംഗതി വിശേഷമായിപ്പറയാനുണ്ട്. ഹിന്തുക്കളുടെ ശാസ്ത്രങ്ങളിൽ പ്രായേണ ഗഹനങ്ങളായ വാദകോലാഹലങ്ങളുടെ മദ്ധ്യത്തിൽനിന്ന സാരാംശത്തെ തിരിച്ചറിയുന്നതു പ്രയാസസാദ്ധ്യമായ ഒരു കാര്യമാണ്. സാരങ്ങളായ അംശങ്ങൾക്കു ലോകാനുഭവത്തിൽ പ്രത്യക്ഷമായ വൈചിത്ര്യത്തെ വകവെയ്ക്കാതെ ശാസ്ത്രത്തിന്റെ പരിച്ഛിന്നങ്ങളുടെ ഉള്ളിൽ ഗ്രന്ഥകർത്താക്കന്മാർ നിയമനം ചെയ്യുന്നു, ആ നിയമങ്ങളെ ലേശമാത്രം പോലും ഒരാതെ — അതേനിലയിൽ നിന്നുമാത്രമാക ഏറ്റക്കുറച്ചിലും കൂടാതെ — അനുഭവിക്കുവാൻ മറ്റുള്ളവർ ശ്രദ്ധാലുക്കളും നിർബന്ധം നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു. ഈ സംഗതി രസവിഷയത്തിലും അനുഗതമായിരിക്കുന്നുണ്ട്. രസഭാവാദികളുടെ ഉൽപത്തി ഇന്നിന്ന വിധത്തിലേ വരികയുള്ളു എന്നും, രസാസ്വാദത്തിന്റെ വ്യവസ്ഥ ഇന്നപ്രകാരത്തിലാണെന്നും ശാസ്ത്രത്തിൽ നിയമിച്ചിരിക്കുന്നു. ഈ നിയമത്തെ അവർ ചെയ്തിട്ടുള്ളതു മനുഷ്യരുടെ മനോഭാവങ്ങളോട് അസാധാരണമായി ഏകോപിക്കുകയും അവയുടെ എത്രയും സൂക്ഷ്മങ്ങളായ വ്യാപാരങ്ങളെപ്പോലും അളന്നു കണ്ടറിയുകയും ചെയ്യുന്നതിനുശേഷമായിരിക്കാമെങ്കിലും, ഗഹനങ്ങളായ ഇത്തരം വിഷയങ്ങളിൽ ക്ലിപ്തമായ ഒരു നിയമം ചെയ്യുന്നതു വളരെ സൂക്ഷിച്ചിട്ടുവേണം എന്നാണെനിക്കു തോന്നുന്നത്.

വാസ്തവത്തിൽ കവി തന്റെ കവിതയിൽ നിബന്ധിക്കുന്ന ഭാവങ്ങൾക്ക് ഒരു നിയമനവും ചെയ്യുവാൻ വയ്യ. ഓരോ കവികളുടെയും വിലാസത്തിനനുസരിച്ചുണ്ടാകുന്നത്. ശക്തിമാന്മാരായ പ്രതിഭാവിശേഷത്തിന്ന ഭാവങ്ങളെ ഉണ്ടാക്കുന്നതിന് അസാധാരണമായ ഒരു ശക്തിയുണ്ട്. കവി, സ്വശക്തികൊണ്ടു തന്റെ പ്രതിഭാബലത്താൽ ഓരോ വസ്തുക്കൾക്ക് ഓരോ അവസ്ഥാഭേദങ്ങളെ സൃഷ്ടിച്ച് മനുഷ്യരുടെ മനോഭാവങ്ങൾക്ക് ആ അവസ്ഥയോട് ഐക്യം വരുത്തുന്നു. കവി തന്റെ വസ്തുവിനെ വിഷയീകരിച്ചിരിക്കുന്ന വസ്തു ലോകത്തിൽ സാധാരണമായ വെറും പുല്ലോ മറ്റോ ആയാലും കവിതതിൽനിന്നും, സഹൃദയഹൃദയാഹ്ലാദകമായ ഭാവവിശേഷത്തെ ഉദിപ്പിക്കുന്നതിന് അദ്ദേഹത്തിന്നു ശക്തിയുണ്ട്. സ്നേഹവും നിർവ്യാജമവും ആയ ഭാവവും മാർക്കടത്തെക്കൊണ്ടു കൂടി രസിപ്പിക്കുന്നതിനും ഒരു കാരുകനാണെന്നുള്ള ചെയ്യുവാനും, കാരുകസാധാരണങ്ങളായ അവസ്ഥകളെ ആ ഘട്ടത്തിൽ അനുഭവിച്ച സ്വകാര്യത്തിനനുരൂപമായ ആ ഭാവങ്ങളോട് മനുഷ്യരുടെ മനോഭാവങ്ങൾക്ക് ഐക്യം വരുത്തുവാനും കൂടി കവി ശക്തനാകുന്നു. അപാരമായ കാവ്യസംസാരത്തിൽ കവി ഒരു ബ്രഹ്മാവാണെന്നും സർവ്വലോകത്തേയും തന്റെ ഇഷ്ടപ്രകാരം നടത്തുന്നതിന് അദ്ദേഹത്തിന്ന ശക്തിയുണ്ടെന്നും ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു വളരെ വാസ്തവമാകുന്നു.

ഉള്ളിലിരിക്കുന്ന മനോവികാരങ്ങൾ

കാരത്തിന്റെ ഉദ്ദീപകങ്ങളാകയാൽ അവ ശൃംഗാരരസത്തിന്റെ ഉദ്ദീപനവിഭാവങ്ങളാകുന്നു. അതുകൊണ്ട് അവയെക്കാണുമ്പോൾ കവികൾക്ക പലമാതിരി ഭാവോദയങ്ങൾ ഉളവാകുന്നു. ഇപ്രകാരം കാട് മുതലായ ഭയങ്കരവസ്തുക്കളുടെ ദർശനത്താൽ ഭയം ഉണ്ടാകുന്നതുകൊണ്ട് അതുകൾ ഭയാനകരസത്തിന്റെ ആലംബനവിഭാവങ്ങളാകുന്നു. കടൽ മുതലായ ഗംഭീരവസ്തുക്കളെ കണ്ടിട്ടുണ്ടാവുന്ന ഗാംഭീര്യബോധവും ഉദ്ദീപ്തമായിത്തീർന്നാൽ രസമെന്നപോലെ ചമൽക്കാരജനകമാകുന്നു. ഗാംഭീര്യം എന്നൊരു ഭാവത്തെ ശാസ്ത്രങ്ങളിൽ വിവക്ഷിച്ചിട്ടില്ലെങ്കിലും മറ്റൊരു പ്രകാരത്തിൽ ഇതിനെ കല്പിക്കുന്നതിന് എന്താ വിരോധം? ഭാവങ്ങൾക്കും രസങ്ങൾക്കും വലുപ്പത്തിലല്ലാതെ ജാതിയിൽ വ്യത്യാസമില്ല. അതുകൊണ്ട് ഭാവങ്ങളുടെ പ്രാധാന്യം അനപലപനീയമാകുന്നു. അതുകൊണ്ടത്രേ ചാതുര്യമാർന്ന ആലങ്കാരികന്മാർ കാവ്യത്തിന്റെ ജീവനായി ഭാവങ്ങളെ കല്പിച്ചിരിക്കുന്നത്. നമ്മുടെ സാഹിത്യത്തിൽ പ്രസിദ്ധങ്ങളായ രസങ്ങളെയും പാശ്ചാത്യസാഹിത്യവേദികൾ ഭാവങ്ങളുടെ കൂട്ടത്തിലാണ് പെടുത്തിട്ടുള്ളത്. നാം മാത്രം ഭാവവിശേഷങ്ങളായ അവയെ രസമെന്ന പേരിൽ വ്യവഹരിക്കുകയും, അവയെ ഭാവങ്ങളുടെ കൂട്ടത്തിൽനിന്നു വേർപെടുത്തുകയും ചെയ്യുന്നു. വാസ്തവത്തിൽ അവയും ഭാവങ്ങൾ തന്നെയാണ്. അവയ്ക്കു മറ്റുള്ള ഭാവങ്ങളെക്കാൾ പ്രാബല്യം ഏറുമെന്നൊരു സമാധാനമാണ് അവയെ കൂട്ടത്തിൽനിന്നു വേർതിരിക്കുന്നതിൽ നമുക്കുള്ളത്. സൂക്ഷ്മം ആലോചിച്ചാൽ ഭാവങ്ങൾക്ക പ്രാബല്യവും ദൌർബ്ബല്യവും സ്വാഭാവികമായി സിദ്ധിക്കുന്നതല്ലതാനും, പിന്നെയോ കവിശക്തിനിമിത്തം ഉണ്ടാവുന്നതാണെന്നും കാണാം. അതുകൊണ്ടല്ലയോ ചിലപ്പോൾ ശൃംഗാരാദികളായ രസങ്ങളെക്കാളും നിർവ്വേദാദികളായ ചില ഭാവങ്ങൾക്ക പ്രാബല്യം വർദ്ധിക്കപ്പെടുന്നത്? ഈ വ്യത്യാസത്താലാണ് ചിലരുടെ മതത്തിൽ ശൃംഗാരാദികളായി രസങ്ങൾ എട്ടെന്നും, മറ്റു ചിലരുടെ പക്ഷത്തിൽ ശാന്തത്തോടുകൂടി ഒമ്പതെന്നും, വേറെ ചിലരുടെ അഭിപ്രായത്തിൽ വാത്സല്യരസത്തോടുകൂടി പത്തെന്നും സംഖ്യാഭേദം വന്നത്. വൈയാകരണന്മാരുടെ മതത്തിൽ രസങ്ങൾ അറുപതിനാലുണ്ടത്രേ! ഇതിനെ ആലോചിച്ചുനോക്കിയാൽ അപാരമായ മനോഭാവങ്ങളിൽ ഉളവാകുന്ന രസത്തെ ക്ലിപ്തമായ എണ്ണത്തിൽ ഒതുക്കുവാൻ നോക്കുന്നതു സാഹസമാണെന്നാണ് തോന്നുന്നത്.

ഇതിനെ തന്നെ വിഭാവം, അനുഭാവം, വ്യഭിചാരിഭാവം, എന്നിങ്ങിനെ മൂന്നു വകയായിത്തിരിച്ചിരിക്കുന്ന ഭാവങ്ങൾക്കും സംഖ്യാനിയമം ചെയ്യാൻ ശ്രമമാണ്. അവയും അധികമായിട്ടുണ്ടാകാതില്ല. മുമ്പറഞ്ഞ ഗാംഭീര്യമെന്ന ഭാവം വിഭാവമായോ അനുഭാവമായോ വ്യഭിചാരിഭാവമായോ നിശ്ചയിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിലും, കവിവർണ്ണനാചാതുര്യത്താൽ അതിനും ഭാവങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനത്തിനവകാശമുണ്ടാവാം. അതുകൊണ്ടുതന്നെയായിരിക്കണം 'ന ഭാവഹീനോസ്തി രസോ ന ഭാവോ രസവർജ്ജിതഃ പരസ്പരകൃതാ സിദ്ധിരനയോ രസഭാവയോഃ' എന്നു പറഞ്ഞിട്ടുള്ളത്. രസവിഷയമായ ഈ വക

മതിപ്രായങ്ങൾ നമ്മുടെ ആധുനികാരികളുടെ ന്നെന്നാൽ വലിയ ദീനത്തിനും ഏതു ഭാഗത്തിനും ഹേതുവാകുന്നതെങ്കിൽ അവർ ക്ഷമിക്കേണമെന്നു പ്രത്യേകം ശേഖക്കുന്നു. സന്നിരൂപണവിഷയത്തിൽ ഇതിന്റെ ചില സ്വാതന്ത്ര്യമെടുത്തിട്ടില്ലെങ്കിൽ, സാഹിത്യത്തിന്റെ ഗ്രന്ഥം ശരികളിൽകിടന്നു ജീർണ്ണിക്കവാനല്ലാതെ സാധാരണക്കാരായ സഹൃദയന്മാരുടെ ഇടയിൽ പ്രവേശിക്കുവാൻ സാധിക്കാതെ പോയേയ്ക്കുമോ എന്നുള്ള ശങ്കകൊണ്ട് ഇത്രയും ഇവിടെ പറഞ്ഞുപോയതാണ്.

ഒരു സഹൃദയൻ

II.

നമ്മുടെ സ്വതന്ത്രകൃതികൾ.

സ്വതന്ത്രകൃതികളെക്കുറിച്ച് ആലോചിക്കാൻ ഉദ്യമിക്കുന്ന നമുക്കു കിളിപ്പാട്ടുകളും തുള്ളലുകളും ചമ്പുക്കളും കഥകളികളും ചന്ദ്രോത്സവവും കൃഷ്ണഗാഥയും മററും ഏതാണ്ടൊരു ആശ്വാസത്തെ ജനിപ്പിക്കുന്നുണ്ട്. എന്നാൽ ഇതുകൊണ്ടു നമുക്കു തൃപ്തിപ്പെടാൻ പാടില്ല. വിവിധങ്ങളായ കവനപ്രസ്ഥാനങ്ങൾ സംസ്കൃതത്തിലെന്നപോലെ ഭാഷയിലുമുണ്ടാകണം. ഭട്ടികാവ്യം, രഘുവംശം, നളോദയം, രാഘവപാണ്ഡവീയം, നൈഷധീയചരിതം, മാഘം എന്നീകാവ്യങ്ങൾ സംസ്കൃതത്തിൽ വിവിധപ്രസ്ഥാനങ്ങളെ ആശ്രയിച്ചുണ്ടാക്കിയിട്ടുള്ളവയാണ്. അവക പ്രസ്ഥാനങ്ങളൊക്കെ നമുക്കും ഉണ്ടാകണം. ഒരു പരിഷ്കാരത്തോടു ഇണങ്ങുന്ന പല പ്രസ്ഥാനങ്ങളുമുണ്ടാകേണ്ടതാവശ്യമാണ്. ഇപ്രകാരം ഉള്ള ചില കവികളെ വിചാരിച്ചാൽ സാധിക്കാൻ പാടില്ലാത്ത ഇതിനില്ല. നവീനന്മാരിൽ ചിലർ ഇങ്ങനെ വിവിധപ്രസ്ഥാനങ്ങളിൽ കവിത്വമില്ലെന്നു പറയുന്നതു ശരിയല്ല. ശബ്ദത്തെയോ അർത്ഥത്തെയോ സംബന്ധിച്ചുള്ള ഏതു ഗുണാംശം കൊണ്ടെങ്കിലും ഒരു പദ്യത്തിനു ഹൃദയത്തെ രസിപ്പിക്കാൻ ശക്തിയുണ്ടെങ്കിൽ അതിൽ കവിത്വമുണ്ട്. ആ ഗുണാംശം ഇന്നതുമാത്രമേ ആകാവൂ എന്നു പറയുന്നതു ശരിയല്ല. ശ്ലേഷമായാലും അതിശയോക്തിയായാലും യമകം ആയാലും വേണ്ടില്ല; ആ കവിതയ്ക്കു രസിപ്പിക്കാൻ ശക്തിയുണ്ടോ എന്നു നോക്കണം.

"ചാടരുതിവനാരെന്നാകിലും
ചാടായിവന്നീലമെന്നിതിനിൽ
കാടായിവന്നവനെത്തിനാലെങ്കിലു
മോടായിവന്നിലകൊല്ലുന്നമേ".

എന്നു കൃഷ്ണഗാഥയിലും,

"ഓരോന്നേകൊമ്പിലുമുണ്ടാകുമ്പോൾപിന്നാലെ
മറ്റൊന്നാൾമൂന്നായി-
ഉണ്ടായുള്ളതെല്ലാമോർഗന്ധികളുമ
ങ്ങ് മല്ലോലാപ്പുഷ്പങ്ങളാ
ചിന്താലലമംസഗന്ധങ്ങളിലുലമോ
മഞ്ജികാക്രാന്തമല്ലോ
ധന്യാമന്നാമ്പലപ്പൂടികമണക്കാണി
കാമമോമമോഹകമി"

എന്നു നൈഷധചമ്പുവിലും,

"ചോരാൽകൊണ്ടുപോയിന്ദ്രൻകല്പിച്ചു [വാക്കിനു
നീക്കവേതള്ളുവാനായ്ക്കള്ളപ്പോരാട്ടം
കല്പവുംകൊണ്ടുവന്നവനുതാൻതിന-
കല്പവുംതിന്മാൻതന്നെന്നുതോന്നാടോ
ആദ്യപ്പെട്ടിന്ദ്രൻതന്റെമനസ്സുകൊണ്ടധി
കക്കല്ലോടകല്ലലടിച്ചുപോടിച്ചതി- [ച്ചു

"തള്ളിൽക്കിടക്കുംതലച്ചോറാകുമത്താറ
വെള്ളിക്കിണ്ണത്തിലിട്ടുവച്ചുകൊ-
ണ്ടൊപ്പമാക്കിത്തീർത്തുനിന്നെത്തീറുവാ-
നുള്ളംവിങ്ങുന്നു മുക്കുറ്റികളേ"

എന്ന പൌരസ്ത്യകവിയും ഉള്ളൂരിലും,

"ശൃംഗാരാഗത്തിൽക്കവിട്ടു
മന്ദരാഗത്തെക്കാൾ
കന്ദരാഗത്തയാളുള്ളി
കന്ദരാഗമെന്നതല്ലതേ"

എന്ന ഉമാകേരളം മഹാകാവ്യത്തിലും ഉള്ള ഭാഗങ്ങൾ നോക്കുക. രസജനകമായ ഈ നാലു ഭാഗങ്ങളിലേയും ഗുണാംശം നാലുപ്രകാരങ്ങളിലാകുന്നു. വിരോധാഭാസം, സ്വഭാവോക്തി, ഫലിതം, ധ്വനി എന്നീഗുണങ്ങളാലാണ് ഈ നാലുഭാഗങ്ങളും ആസ്വാദ്യങ്ങളായിരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ കവിതയുള്ളു എന്നു പറയാൻ പാടില്ല. ഇതിനെ വിവിധങ്ങളായ കാവ്യഗുണങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കവിതാരീതി മതപ്രസ്ഥാനമാണെങ്കിൽ വിവിധപ്രസ്ഥാനങ്ങളിൽ എന്തിനെ കവിതയില്ലാതെ വരുന്നു? തദ്വിധപ്രസ്ഥാനങ്ങൾ എന്തിനെ മാത്സര്യരോഷകങ്ങളാകുന്നു? ശർക്കരക്കട്ടിയുടെ ആസ്വാദ്യതയ്ക്കും ചന്ദ്രികയുടെ സൌരഭ്യത്തിനും ദ്രാക്ഷാമാധുര്യത്തിനും ഉള്ള വ്യത്യാസം ഇവിടെ ഉണ്ടെന്നു സമ്മതിക്കാം. ഇന്നപ്രകാരത്തിലാണെങ്കിലും അവയുള്ള ഗുണാംശങ്ങൾ ആസ്വാദയോഗ്യങ്ങളാണെന്നേ പറയുന്നുള്ളു. മുൻപറഞ്ഞ വിവിധപ്രസ്ഥാനങ്ങളിൽ കവിതകൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്നുള്ളതിനു വാദമില്ല. കിളിപ്പാട്ടു മുതലായ പദ്യസരണികൾക്ക് ഇപ്പോൾ ഉൽക്കർഷം കാണുന്നില്ല. കൃഷ്ണഗാഥയുടെ രീതി സങ്കോചനായയായി. കിളിപ്പാട്ടുകളുടെ മേല്പട്ടുള്ള ഗതിക്കു മുട്ടുതട്ടിയിരിക്കുന്നു. നാടകം കാടുകയറി. കഥകളിയുടെ കഥ കളിയായിട്ടില്ലാതായി. തുള്ളൽകഥകൾക്കു ഉള്ളിൽ കലക്കം തട്ടി. അതിനാൽ ഈവക സാഹിത്യസരണികളെ ഉദ്ദീപിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണ്. മഹാകാവ്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ഖണ്ഡകാവ്യങ്ങളുടെ വൃദ്ധി ധാരാളമായും തടുക്കേണ്ടില്ല. പാശ്ചാത്യകവനങ്ങളിൽ ഉള്ള ചില വൃത്തങ്ങളെ ഭാഷയിൽ സ്വീകരിക്കേണ്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായം പ്രശംസനീയമാകുന്നു. ഗാനത്തിപ്രകാരം അവരുടെ വൃത്തത്തെ സ്വീകരിക്കുന്നതിന്റെ ആവശ്യകതയെന്തെന്നും നല്ലകണ്ണു പ്രത്യേകം എന്തു ഗുണം കിട്ടുമെന്നും ഇപ്പോൾ ഉള്ള വൃത്തങ്ങൾക്കുള്ള ന്യൂനതയെന്തെന്നും ഇവർ ധരിപ്പിക്കേണ്ടതാണ്. സംസ്കൃതവൃത്തത്തിലെഴുതുന്ന ശ്ലോകങ്ങൾ മുക്തകങ്ങളുടെ നിലയിലാകുന്നുവെങ്കിലും ഏകവിധ വൃത്തങ്ങളിൽ എഴുതുന്ന കവിത എഴുതാൻ പാടില്ലാത്തതുപോലെ പാശ്ചാത്യരാകുന്നോ അവരുടെ വൃത്തങ്ങൾ നമുക്കു യോജിക്കയില്ല. കേരളീയസുന്ദരികളെ ഉടുപ്പും തൊപ്പിയും ധരിപ്പിച്ചു ബീഡിയും വലിപ്പിച്ചു മദാമ്മമാരാക്കിയാൽ കാണുന്നതിലധികം അഭംഗി പാശ്ചാത്യവനിതകളെ മുണ്ടും മുണ്ടും ധരിപ്പിച്ചു പത്രാവലീപരിശോഭിതകളാക്കിയാൽ ഉണ്ടാകുന്നതാണ്. നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളം ഉത്തമമായ നപുംസകലിംഗമെന്ന പാരമ്പര്യം പാശ്ചാത്യവൃത്തമെന്ന ഭാഷാസാഹിത്യത്തിലേക്കു ഇറക്കുമതി ചെയ്യുന്ന ആവശ്യവും ഔചിത്യവും കാണുന്നില്ല. അതിനാൽ വൃത്തങ്ങളുടെ വൃത്തങ്ങൾക്കുള്ള നാമമാത്രമായ ഭേദവൃത്തവും പ്രവർത്തിക്കേണ്ടതായിട്ടില്ല.

വടക്കുംകൂർ രാജരാജവർമ്മ രാജാ

ചങ്ങരങ്കോതകൃഷ്ണന്റെ ഡയറി.

(931-ാമാണ്ട് ധനു 21-ഉം 22-ഉം നു)

(എം. ആർ. കെ. സി.)

കുരിയനാട്ടു നമ്പ്യാർ കാര്യത്തിൽ ഒരു ഭ്രാന്തനാണെന്നു തോന്നും. ഒരു നായാട്ടിൽ നമ്പ്യാരുടെ ഒരു കണ്ണു പോയിട്ടുണ്ടെങ്കിലും, മറ്റേ കണ്ണ് അയാളുടെ പടത്തൊപ്പിടിച്ച കട്ടകളുടെ ഇടയിൽക്കൂടി ലോകത്തിൽ നടക്കുന്നതൊക്കെ കാണ്മാൻ മതിയായിരുന്നു. അദ്ദേഹം അണിനിരത്തിവെച്ചിരിക്കുന്ന ഒരു നായർപടയുടെ മുമ്പിൽനിന്നു ഒന്നു നോക്കിയാൽ ആ പടയുടെ നടുവിൽ അംഗഭംഗം വന്നവരെയും, പടത്തിൽ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യാത്തവരെയും ഒരു നിമിഷംകൊണ്ടു കണ്ടുപിടിക്കും. പടയാളികൾക്കെന്നല്ല പടനായകന്മാർക്കും അത്രത്തോളം ഇദ്ദേഹത്തെ പക്ഷെ സ്നേഹമില്ല. അതിനു കാരണം നമ്പ്യാർക്കു സ്വഭാവമായി പണത്തിനോടുള്ള പിടുത്തമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ, പോരാട്ടത്തിനു പുറപ്പെട്ടപ്പോൾ നമ്പ്യാരെ അനുഗമിക്കുവാൻ എല്ലാവർക്കും വലിയ ഉത്സാഹമാണ്. അദ്ദേഹത്തിനു പണത്തിനോടെന്നപോലെ പടയിലും ചില പിടുത്തവും വാശിയും ഉണ്ട്. ഈ രണ്ടു പിടുത്തത്തിൽനിന്നും അദ്ദേഹത്തെ വിടുവിക്കുവാൻ, സാമന്തന്മാരെക്കൊണ്ടൊന്നും സാധിക്കുന്നതല്ല. ഇതിനൊക്കെയാണെങ്കിലും എനിക്കു നമ്പ്യാരെയും നമ്പ്യാർക്ക് എന്നെയും വലിയ കാര്യമാണ്. അടിയന്തരമായി എന്നെ ഒന്നു കാണണമെന്നു നമ്പ്യാരുടെ ആൾ വന്നറിയിച്ചപ്പോൾ, എന്തെങ്കിലും നല്ല ഒരു പോരാട്ടത്തിനു വകയുണ്ടാകുമെന്നു കരുതി വളരെ ഉത്സാഹത്തോടുകൂടിയാണ് ഞാൻ പുറപ്പെട്ടുചെന്നത്. ഉമ്മറക്കോലായിൽ മുറുക്കാനും വെച്ചു നമ്പ്യാരിരിക്കുന്നതു കണ്ടപ്പോൾ, വല്ലവരും വല്ല സംശയവും അങ്ങനെ ചോദിക്കുമ്പോൾ ഉണ്ടാവുന്ന ഭാവമാണ്, നമ്പ്യാരുടെ മുഖത്തു സ്ഫുരിച്ചിരുന്നത്. ഏതായാലും എന്നെക്കണ്ടപ്പോൾ മന്ദ പുഞ്ചിരിയിട്ടുകൊണ്ടു നമ്പ്യാർ ചോദിച്ചു:-

'എന്താ കണ്ണാ! സുഖംതന്നെയല്ലേ?'

ഞാൻ—ഉപദ്രവമൊന്നുമില്ല.

നമ്പ്യാർ—നിങ്ങളുടെ പടയിലുള്ള നായന്മാരെങ്ങിനെ?

ഞാൻ— അവർ എന്നത്തേയുംപോലെ ശൂരന്മാർ തന്നെ.

നമ്പ്യാർ—നിങ്ങൾക്ക് പുതിയ പടക്കോപ്പ് വാങ്ങണമെന്നുണ്ടോ?

ഞാൻ—അത് കിട്ടിയാലും ഉണ്ടായാൽ കൊള്ളാം.

നമ്പ്യാർ—കാരണം?

ഞാൻ—എനിക്ക് എപ്പോഴും പുതിയ പടക്കോപ്പ് ഉണ്ടായിരിക്കണമെന്നു ഇച്ഛിക്കുന്നുണ്ട്.

നമ്പ്യാർ—പടയാളികൾ നായന്മാർ കൂട്ടങ്ങളിൽനിന്ന് ഇതുപോലെത്തന്നെ മുറികളി പറയുന്നുണ്ടെന്നു കേട്ടു. നിങ്ങൾക്കും ഇതുപോലെ തിരഞ്ഞെടുക്കണമെന്നാണോ? കഷ്ടിദിവസമായി! ഞാൻ ബുദ്ധിമുട്ടിക്കണ്ടത്.

ഞാൻ — അതാണല്ലോ എനിക്ക് വലിയ പരിക്കേല്പിക്കുന്നത്.

നമ്പ്യാർ — അതു പോട്ടെ. ബന്ധപ്പെട്ടാളു കാരണത്തിനുമില്ല. സാമൂതിരിയുടെ പട കണ്ണൂരും കടക്കുകയും ചെയ്തു. നാം മുള്ളൂർക്കരയിൽ തടവുകാരെപ്പോലെ ഇരുന്നിട്ടു കാര്യമില്ല. എന്തെങ്കിലും ചിലത് ഉടനെ പ്രവർത്തിക്കണം.

ഞാൻ — പടയെപ്പേടിക്കുകതന്നെയല്ലേ?

നമ്പ്യാർ — അല്ല. പിൻവലിക്കാനാണ് ഭാവം.

ഇതു കേട്ടപ്പോൾ എനിക്കുണ്ടായ അത്ഭുതം മുഖത്തു നോക്കിയാൽ അറിയാമായിരുന്നു. എന്ത്! ഈ ധർമ്മോത്തു പണിക്കരുടെ പടയാളികളോടെതിരു പിൻവലിക്കയോ! ഞാൻ കരുതിയിരുന്ന മാത്രമേയുള്ളൂ.

നമ്പ്യാർ — എന്താ നിങ്ങളുടെ അഭിപ്രായം? ഇത്രയേറെ ആളുകളെ ശത്രുക്കൾ എതിർത്ത് അപകടത്തിന്ന് വഴി കാണുമ്പോൾ ആൾനാശം കൂടാതെ കഴിക്കുകയല്ലേ ഉത്തമം?

ഞാൻ — അല്ല. മുമ്പോട്ടു കടന്നു ശത്രുക്കളുടെ സന്നിധിയിൽ കയറാനാണ് വേണ്ടത്.

ഇതു കേട്ടപ്പോൾ നമ്പ്യാർ അല്പനേരം ചിരിച്ചുകൊണ്ടു പറഞ്ഞു. 'കണ്ണാ! ധർമ്മോത്തു പണിക്കരുടെ മരണശേഷം നമ്മുടെ ഇപ്പോൾ സാദ്ധ്യമല്ല. അതിനുള്ള ആളും ബലവും നമുക്ക് പോരാ. അതുകൊണ്ടു നാം ഇവിടെ മുള്ളൂർക്കരയിൽ ... എത്തിയിരിക്കുന്നു. [illegible] ഇപ്പോൾ [illegible] പിന്നെയെന്താണ് [illegible] ല്ലേ?'

ഞാൻ — [illegible]

നമ്പ്യാർ — [illegible] ശത്രുക്കളെ [illegible] ഇതു സാദ്ധ്യമല്ല. [illegible] ഞാൻ നിങ്ങളെ വിളിച്ചത്. ഭാരമേറിയ ഒരു കാര്യം നിങ്ങളാൽ സാധിക്കേണ്ടതുണ്ട്. അതിന്ന് കാലതാമസം കണ്ടില്ല.

ഇതു കേട്ടപ്പോൾ ഞാൻ ചെവി കൂർപ്പിച്ചുകൊണ്ടിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

നമ്പ്യാർ — മാമിച്ചൻനായരെ നിങ്ങൾ അറിയുമോ?

ഞാൻ — ഞാനറിയാത്ത സ്ഥാനിനായന്മാർ കൊച്ചിയിലും കോഴിക്കോട്ടും ഇല്ല. കണക്കിൽ എണ്ണിയിട്ട്, അല്ലെങ്കിൽ പിന്നീട്.

നമ്പ്യാർ — മാമിച്ചൻനായരെത്തന്നെ പോർത്താനം പടയാളികളെ കൊടുത്തതാണ്. ബാല്യത്തിൽ അയാൾ സാമൂതിരിയുടെ പടനായകന്മാരിലൊരാളായ പണിക്കരുടെ പണിക്കാരനാണ്. സ്ഥാനിയും ആവാട്ടുകാരനുമാണ്. അയാളുടെ ഉൾനാടൻവഴികളെക്കൊണ്ട് ഇവിടെയൊക്കെ പോക്കു കിട്ടിയെന്നേ ഉള്ളൂ. ചൂണ്ടക്കാരിൽ ഒരാളിപ്പോൾ ഉണ്ട്. അയാളെ ഒന്നു കാണണം.

ഞാൻ — ഒരു വിരോധവുമില്ല.

നമ്പ്യാർ — അയാളെക്കണ്ടാൽ പിന്നെ കാണുന്ന കാര്യത്തിന്മേൽ അയാളെ ഉപദേശിക്കുകയും വേണം.

ഞാൻ — വളരെ സന്തോഷം.

ഇങ്ങിനെ പറഞ്ഞു ഞാൻ എഴുന്നേറ്റു പുറപ്പെട്ടു.

നമ്പ്യാർ — അത്ര തിരക്കിട്ടു പോകേണ്ട. കാര്യം മുഴുവൻ മനസ്സിലാക്കിട്ടു പുറപ്പെട്ടാൽ മതി. ഈ മാമിച്ചൻനായർ എന്നു പറയുന്ന പണിക്കർ വിശ്വസ്തനല്ല. കുറെക്കാലം സാമൂതിരിയുടെ സൈന്യത്തിൽ ഒരു മുതിർന്ന പടനായകനായിരുന്നു. ചിലതിനാൽ വിരോധമായി എന്തോ പ്രവർത്തിക്കയാൽ പടയിൽനിന്നു പുറത്താക്കിവിട്ടു. ഇപ്പോൾ അയാൾ കൂട്ടരോടു ചേർന്നു കൂടി കാട്ടിൽ കൊള്ളയടിക്കുകയാണ്.

കൊച്ചിക്കാരും കോഴിക്കോട്ടുകാരും കൊളമ്പുകാരും ചെന്നക്കാരും മാവുകായി എല്ലാ സൈന്യങ്ങളിൽനിന്നും പോക്കും വിട്ടോടിപ്പോകുന്നവരൊക്കെ ഇവരുടെ കൂട്ടത്തിൽ കൂടുകയാണ് പതിവ്. അവർ അഞ്ഞൂറോളം പേർ ഉണ്ടെന്നാണ് കേൾവി. കൊലയും കൊള്ളയുംകൊണ്ടാണിവർ ഉപജീവനം കഴിക്കുന്നത്. പൂണൽക്കുന്നിന്റെ അടുത്തുള്ള ആലക്കൂർ നമ്പിയുടെ ഇല്ലം കൈവശപ്പെടുത്തി ഇവരവിടെ സങ്കേതം ഉറപ്പിച്ചിരിക്കയാണ്.

'അയാളെ തൂക്കിക്കൊല്ലുന്നതിനു ഇതിലധികം കാരണം വേണ്ടതില്ല' എന്നു പറഞ്ഞു വീണ്ടും ഞാനെഴുന്നേറ്റു.

നമ്പ്യാർ— നില്ക്കട്ടെ, ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇതിലും ഭയങ്കര വലിയ ഒരു കാര്യംകൂടി പറയാനുണ്ട്. കോടനാട്ട നമ്പൂതിരിപ്പാട്ടിലെ ഭാര്യയും ഒരു നല്ല പണക്കാരത്തിയും ആയ ആലുങ്ങൽ കുഞ്ഞമ്മയെ വെള്ളാങ്കാട്ടുനിന്നു കണ്ണൂരേക്കു പോകുമ്പോൾ വഴിക്കുവെച്ച് പണിക്കരുടെ ആൾക്കാർ പിടിച്ചു തടവുകാരത്തിയാക്കിയിരിക്കുന്നു. നമ്പിയുടെയും നമ്പൂതിരിപ്പാട്ടിലെയും സങ്കടങ്ങൾ തിരുമുമ്പാകെ എത്തിട്ടുണ്ട്. ആ സ്ത്രീക്ക് അവിടെ ബന്ധനത്തിൽ വല്ല അത്യാഹിതവുമുണ്ടായാൽ—

ഞാൻ— ആ സ്ത്രീയുടെ പ്രായാധിക്യം തന്നെ ആശ്രയിക്കാം.

നമ്പ്യാർ— അല്ല, നമ്പൂതിരിപ്പാട്ടിലെയും ആലുങ്ങലമ്മയുടെയും പണത്തിന്റെ ശക്തിയറിഞ്ഞിട്ടാണ്. അതിരിക്കട്ടെ. ഇനി കാര്യമാണ് ഇപ്പോൾ നിവൃത്തിക്കേണ്ടത്. ഒന്നാമത് ആ നിർഭാഗ്യയായ സ്ത്രീയെ രക്ഷിക്കണം. രണ്ടാമത് കൊള്ളക്കാരെ ശിക്ഷിക്കണം. മൂന്നാമതു കൂട്ടാളികളെ ആട്ടിയകറ്റണം. എന്നിട്ടു നാട്ടിൽ സമാധാനം കണ്ടും ആൾക്കാരെ ധൈര്യപ്പെടുത്തി എത്രയും വേഗം. ഇതിലേക്കായി പടയുള്ള നായന്മാരിൽ അമ്പതാളെ കൂടെ അയയ്ക്കയേ ഇപ്പോൾ സാധിക്കയുള്ളൂ.

ഇതു കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. അഞ്ഞൂറാളുകൾക്കു നേരെ അമ്പതാളുകൊണ്ട് എന്തു സാധിക്കുവാനാണ്? ഉടനെയത് എന്റെ പടയിലുള്ള നായന്മാരിൽ പത്തഞ്ഞൂറുപേരെ എങ്കിലും കൂട്ടണമെന്നാണ് ഞാൻ കരുതിയത്.

നമ്പ്യാർ— കൂടെ അധികം ആളെ അയക്കാമായിരുന്നു. പക്ഷേ നമ്മുടെ സൈന്യങ്ങളെ ഇങ്ങനെതന്നെ വടക്കോട്ടയച്ചു പിൻവലിക്കണം. ശത്രുക്കളുടെ കണ്ണുവെട്ടിച്ചപ്പോൾ ഉള്ളടത്തോളം ആളുകൾ എന്നാൽ ഇനിയും ഉണ്ടാം. എന്നാലിനി നമ്മുടെ സൈന്യം വടക്കോട്ടായി കാണാം.

ഈ സംഭാഷണം അവസാനിപ്പിച്ച് അവിടെനിന്നപ്പോഴാണ് ഞാൻ നിവൃത്തിയുള്ള കാര്യത്തിലുള്ള വൈഷമ്യത്തെപ്പറ്റി എനിക്കാലോചിപ്പാനിടയായത്. വലിയ തമ്പുരാൻ തിരുമനസ്സിൽനിന്ന സ്ഥാനമാനങ്ങൾ കിട്ടണമെന്ന വല്ലതുകൊണ്ടും എനിക്കുണ്ടായിരുന്ന മോഹം സാധിക്കാനുള്ള സമയമായി എന്നെനിക്കു തോന്നിത്തുടങ്ങി. എന്റെ നായകത്വത്തിൻ കീഴിൽ പുറപ്പെടാനുള്ള പടനായന്മാരെ മുഴുവൻ നോക്കിയപ്പോൾ എനിക്കുണ്ടായ ഉത്സാഹം ഒന്നുകൂടി ബലപ്പെട്ടതായുള്ള. ഞാനറിഞ്ഞ പോകുവാനുള്ള വഴി കാനക്കുന്നുള്ള കുടിയിരിക്കുന്ന സ്ഥലത്തിൽ സൈന്യങ്ങളുടെ അധികകൂടിയാട്ടങ്ങൾകൊണ്ടും, പഴയതിന്റെ കാവൽക്കാർ നാട്ടിലെങ്ങും സഞ്ചരിച്ചിരുന്നതുകൊണ്ടും ഗൂഢമായ വഴികളിൽകൂടി പോകുവാനാണ് ഞങ്ങളുറച്ചത്. പകൽ പതിനാറാമത്തേതുകൂടി ഞങ്ങൾ പൊന്നമലക്കുന്നിനടുത്തെത്തി. ആ കുന്നിന്റെ മുകളിൽനിന്ന് ദേശസ്ഥിതിയും നോക്കിയറിവാനും ശത്രുക്കളുടെ സങ്കേത

ണവും വല്ല ഭിക്കിലുമുണ്ടോ എന്നു പരിശോധിപ്പാനമായി ഞാൻ ചില ഭടന്മാരോട് ആജ്ഞാപിച്ചു. കുറച്ചുകഴിഞ്ഞപ്പോഴും ഒരു ഭടൻ വന്നു തലപ്പുള്ളിമേൽ വട്ടത്തുനിന്നു സാമൂതിരിയുടെ പടയാളികളും വരുന്നുണ്ടെന്നുള്ള വിവരം അറിയിച്ചു. വിശ്വാസമാകാഞ്ഞതാൽ ഞാൻ തന്നെ ഒന്നു ചെന്നുനോക്കിയപ്പോഴും കാര്യം വാസ്തവമാണെന്നു കണ്ടു. ചെമ്പില്ലക്കാരിന്റെ താഴ്വരയിലെത്തിയപ്പോഴേയ്ക്കും തലപ്പുള്ളി മേൽവട്ടത്തുനിന്നു വരുന്ന പടയാളികളും അടുത്തെത്തിക്കഴിഞ്ഞു. കൊച്ചിയും കോഴിക്കോടും സൈന്യങ്ങളും കണ്ടുമുട്ടിയാൽ വെറുതെ പിരിയുന്നതു സമ്പ്രദായവിരോധമാണ്. എന്നാൽ, ഇതിലും ഗൌരവമേറിയ കാര്യങ്ങളും സാധിക്കാനുള്ളതുകൊണ്ടു തൽക്കാലം അതിനു സമയമില്ല. ഈ ധർമ്മസങ്കടത്തിൽ എന്താ ചെയ്യേണ്ടതെന്ന് എനിക്കു വിചാരമായി. ഈ വിചാരത്തോടുകൂടി അധികനേരം നില്ക്കേണ്ടിവന്നില്ല. അപ്പോഴേയ്ക്കും ശത്രുസൈന്യങ്ങളും വളരെ അടുത്തെത്തിക്കഴിഞ്ഞു. ഇതു കണ്ടുകൊണ്ടു നില്ക്കുമ്പോൾ വെച്ചു ഞാനും ചെമ്പി, നല്ല യൌവനയുക്തനും ഒരു യോദ്ധാവിനനുരൂപമായ വേഷത്തോടും ഏതു കാര്യത്തിലും ഒരു നിസ്സാരഭാവത്തോടും കൂടിയവനുമായ ആ പടയാളികളുടെ എജമാനൻ വരുന്നതു കണ്ടപ്പോഴും എനിക്കു വാസ്തവത്തിൽ ആശ്ചര്യവും സന്തോഷവുമുണ്ടായി. അല്പനേരം ഞാൻ ആ വഴിയു നോക്കിക്കൊണ്ടു നിന്നുപോയി. വാളും ഊരിക്കൊണ്ടു ഞാനും അയാളോടെതിർപ്പാൻ ചെന്നു. അപ്പോഴും 'ഇയ്യാളെ ഞാൻ എവിടെവെച്ചാണ് കണ്ടിട്ടുള്ളത്' എന്നുള്ള വിചാരം എന്റെ മനസ്സിൽ ഉദിച്ചു. ഒടുവിൽ ആളെ മനസ്സിലായി.

ഇതിനിടയ്ക്ക് അയാളും തന്റെ വാളും എന്നെ വെട്ടുവാനായി ഓങ്ങിക്കഴിഞ്ഞു. അതു തടുത്തുവെട്ടുവാൻ ഞാനും നോക്കിയിരുന്നു. ഈ സന്ദർഭത്തിൽ കുറച്ചുനേരം ഞങ്ങളും മുഖത്തോടുമുഖം നോക്കി നില്ക്കുകയുണ്ടായി.

ഞാൻ—എന്ത്! ഉണ്ണിനമ്പൂതിരിപ്പണിക്കരോ? എന്തൊരു പുതുമ!

പണിക്കർ—അല്ലേ, ചക്കരക്കോത കണ്ണനോ? ഇതു വിചാരിക്കാത്ത സംഭവമാണ്. ഞാൻ വിചാരിച്ചു എന്താ ചതിയുണ്ടോ?

ഇതു പറഞ്ഞപ്പോഴും പണിക്കരുടെ മുഖത്തുനോക്കിയാൽ ഒരു സ്നേഹിതനെ കണ്ടതിലുണ്ടായ സന്തോഷത്തിനുപകരം ഒരു ശത്രുവിനെ കണ്ടുമുട്ടാനിടയുള്ള ഇച്ഛാഭംഗമാണ് കാണാനുണ്ടായിരുന്നത്.

ഞാൻ—നിങ്ങളുടെ ഈ യോദ്ധാവിൽ ചേർന്ന് ഇച്ഛാഭംഗംകൂടാതെ കഴിച്ചുകൊള്ളാമെന്ന് എനിക്കു നല്ല ധൈര്യമുണ്ട്. പക്ഷെ, എന്നെ ഒരിക്കൽ ഉപകാരത്തിൽനിന്നു രക്ഷിച്ച സ്നേഹിതന്റെ നേരെ വാളെടുക്കുവാൻ എനിക്കു മനസ്സുവരുന്നില്ല.

പണിക്കർ—ഓ, അതു സാരമില്ല.

ഞാൻ—അല്ലേ, സാരമുണ്ട്. എനിക്കതിന് ഒരിക്കലും സമ്മതമാകയില്ല.

പണിക്കർ—നിങ്ങളും നിസ്സാരമായ ഒരു കാര്യം വളരെ സാരമാക്കിത്തീർക്കുന്നു.

ഞാൻ—എന്റെ ഭാഗ്യം നിങ്ങളെ കണ്ടിട്ടുണ്ടെങ്കിൽ എനിക്ക് ഒരു ഉപകാരത്തിന് എന്തെന്നില്ലാത്ത കൃതജ്ഞത പറയാതിരിക്കയില്ല. നിങ്ങളും ഞങ്ങളുടെ പ്രദേശത്ത് എപ്പോഴെങ്കിലും വരുമെങ്കിൽ—

പണിക്കർ—ദൈവമേ! അതുതന്നെ ഉണ്ടാവും. സാമൂതിരിപ്പാടും ഞാനുംകൂടി അതിനായിട്ടും താമസിയാതെ അവിടെ എത്തും.

ഞാൻ—എന്നാൽ ഞാനീലോകത്തുണ്ടെങ്കിലും ജീവിക്കാതിരിക്കയില്ല. അതു പോലെ നിങ്ങളുടെ വരവും ഉണ്ടായിരിക്ക തന്നെ.

ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ പണിക്കർ അടുത്തു വന്ന് എന്റെ ചുമലിൽ കൈവെച്ചുകൊണ്ടു പറഞ്ഞു— "നിങ്ങൾ ഒരു നല്ലാളാണെന്നെനിക്കു മുമ്പുതന്നെ അറിയാം. നമ്മളുടെ ഈ കള്ളികളോൽ ധൈര്യമുള്ളപണിക്കർ തലവെച്ചുകൂടില്ല. കള്ളികളൊന്നുമല്ല ഞങ്ങളെ ഉപദ്രവിച്ചിട്ടുള്ളത്."

ഞാൻ—പിന്നെ ഞാനെന്തു ചെയ്യുന്നതിനാണ് നിങ്ങൾ പറയുന്നത്?

പണിക്കർ— കൊച്ചിയിലെ പടയാളികളുടെയും കോഴിക്കോട്ടെ പടയാളികളുടെയും തമ്മിൽ ചില കണ്ണേറുകൾ പറയുവാനുണ്ട്. ഞങ്ങളും അയ്മ്പതു പേരുണ്ട്, നിങ്ങളും അയ്മ്പതു പേരുണ്ട്. വഴിയിൽനിന്നല്ലും വിട്ടുനിന്നാൽ അതിൽ ഒരു കയ്യു നോക്കുകതന്നെ. ഈ ശീനകാവലുള്ള കൈയ്യിൽനിന്നു കിട്ടുള്ള തക്കം വേറെപ്പെടുന്നതു നല്ലതാണ്.

ഇതു പറഞ്ഞതു വാസ്തവമാണെന്നെനിക്കു തോന്നി. മൂന്നാൽക്കുന്നിടമൽ വെച്ച് കാളിചരൻനായരെ തുക്കിക്കൊണ്ട് കണ്ടെത്തിയ ആനയെ സ്ഥാനത്തിൽനിന്നു വിട്ടുവിച്ചു കള്ളക്കാരെ ഓട്ടിച്ചോടിച്ചതിനു ശേഷമാണെനിക്ക് ഒരു കയ്യു നോക്കിക്കളയാമെന്ന് എനിക്കും ഉണ്ടായിരുന്നു.

ഞാൻ—തരക്കേടില്ല പണിക്കരേ! നിങ്ങളുടെ മുൻയോഗമല്ലേ ഇപ്പോൾ കണ്ടുള്ളൂ. പിൽക്കാഴ്ചയിൽ ഉടനെ കാണാൻ സംഗതിവരുമല്ലോ.

പണിക്കർ—പറയുക വേണ്ടതുണ്ടോ?

ഞാൻ—കൊച്ചിയിലെ പടയാളികളുടെ [illegible] ഞങ്ങളുടെ പറയാം.

പണിക്കർ— ശരി, [illegible] നിങ്ങൾ [illegible] ഞങ്ങൾ [illegible] കൊല്ലിച്ചാൽ കാളിചരൻനായരും നന്നായി.

ഇതു പറഞ്ഞപ്പോൾ ഞാൻ വളരെ ആശ്ചര്യത്തോടെ "എന്താ കാളീചരൻ നായർക്ക്" എന്നു ചോദിച്ചു.

പണിക്കർ— കാളീചരൻനായർ എന്തു പറയുന്നത് ഈപ്രദേശത്തെവിടെയോ താമസിക്കുന്ന ഒരു കൊള്ളക്കാരന്റെ പേരാണ്. അയാളെ പിടിച്ചു തൂക്കിക്കൊല്ലുവാനായി ധൈര്യമുള്ള പണിക്കർ എന്നെ അയച്ചിരിക്കയാണ്.

ഞാൻ—എന്റെ ആശ്ചര്യമേ! എന്നെയും ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണല്ലോ തമ്പുരാന്നമ്പ്യാർ അയച്ചിട്ടുള്ളത്.

ഞങ്ങൾ രണ്ടുപേരും വളരെ സന്തോഷമായി. കൊക്കിയിരുന്ന വാൾ ഉറയിലിട്ടു. ഇതു കണ്ട് ഞങ്ങളുടെ പിന്നാലെ കൂടിയ ആയുധങ്ങൾ സ്വസ്ഥമായുള്ള വെച്ചു.

പണിക്കർ—നമ്മളിപ്പോൾ സ്വന്തക്കാരാണ്.

ഞാൻ—ഒരു ദിവസത്തേക്ക് മാത്രം.

പണിക്കർ—നമ്മൾ യോജിച്ചു പ്രവർത്തിക്കണം.

ഞാൻ—അതിനെന്താ സംശയം?

ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ പടയാളികളും കൂടി സന്തോഷത്തോടു കൂടി താമസസ്ഥലത്തിലേക്കു തിരിച്ചു. അവിടുത്തെ നമ്പിയുടെ ഇല്ലവും കൊള്ളക്കാർ സമീപം കൂടിയുള്ള പുരയിടങ്ങളും ഞങ്ങൾക്കു നല്ലവണ്ണം കാണാമായിരുന്നു. ഈ സംഗതികൾ കണ്ടപ്പോൾ ഞങ്ങളുടെ പരിശ്രമം ഫലിക്കുവാൻ ഒരു പ്രയാസമുണ്ടെന്നു തോന്നിയില്ല. [illegible] [illegible] എന്റെ ഉദ്ദേശം [illegible] [illegible] കേട്ടപ്പോൾ ഞങ്ങളുടെ [illegible] [illegible] [illegible] ഇതൊരു വിഡ്ഢിത്തമാണെന്നു ഞാനഭിപ്രായപ്പെട്ടു.

പണിക്കർ—ഞാനതൊന്നും നല്ലവണ്ണം ഇപ്പോൾ ആലോചിച്ചിട്ടു ഫലമില്ല. ഞാനും

കാരെ ജയസ്തംഭത്തിനടുത്തുള്ള ന്യാ
യം ധർമ്മാത്തുള്ള പണിക്കരും മുതിയനാ
ട്ട നമ്പ്യാരും തമ്മിൽ പറഞ്ഞുകൊള്ള
ട്ടെ.

ഞാൻ—അതൊന്നും വേണ്ട. നിശ്ചയം
എന്റെ ഈ ചങ്ങാതി കണ്ണുണ്ണിനായർ
ഒന്നുമറിയാത്തവർക്കാരെ കയ്യ ത
ന്നെ പിടിച്ചു കെട്ടിയിട്ടതുമാണ്.

പണിക്കർ—ഓഹോ! നിങ്ങളുടെ ചങ്ങാ
തിക്ക് ശുദ്ധ ഭ്രാന്തിളകിയാൽ കൂടി സ
ഹായത്തിനൊന്നെങ്കിൽ അയാൾ കോ
ഴിക്കോട്ട പട്ടണം തന്നെ പിടിക്കില്ലേ?
അതിരിക്കട്ടെ. ഞങ്ങളുടെ കൂട്ടത്തിൽ
പോർക്കളത്തിലുള്ള പരിചയംകൊണ്ടു
നിങ്ങൾക്കാണ് പ്രായം അധികം. അ
തുകൊണ്ട് ഇനി എന്തു പ്രവർത്തിക്ക
ണമെന്നുപദേശിക്കേണ്ടതു നിങ്ങളാണ്.

ഞാൻ—ശരി, നാമെന്തു ചെയ്യുന്നതായാ
ലും വേഗം ചെയ്യണം. എനിക്ക് നാ
ട്ടു വൈകുന്നേരം വീട്ടിലേക്കെത്തി
ച്ചേർ കൊടുക്കാതെ യാതൊരു നിവൃ
ത്തിയുമില്ല. അതാ അവിടെ ആരോ
രണ്ടു പേർ നില്ക്കുന്നു. സംശയം ചോ
ദിച്ചറിയുക തന്നെ.

താമരക്കാവമ്പലത്തിന്റെ നടയിൽ
ഒരു ഭാഗത്തുള്ള ഒരു മാവിന്റെ ചുവ
ട്ടിൽ രണ്ടുപേർ സംസാരിച്ചു നില്ക്കുന്ന
തായിരുന്നു. പുതുതായി ഒരു മാടമ്പി
വീട്ടിൽ കയറിക്കൊണ്ടിരിക്കുന്നു. ഞ
ങ്ങൾ അടുത്തു ചെന്നപ്പോൾ, സംസാരി
ക്കുന്നതിൽ പുറത്തുള്ളവരല്ലാത്ത ഒരാൾ
ഓടുവാൻ ഭാവിച്ചു. ഒന്നാമനൊരാൾ
അയാളെക്കൂടന്നു പിടിച്ചു നിർത്തി. "എ
ന്റോ എന്നെ വിടണേ, എന്നെ രക്ഷിക്ക
ണേ, കൊല്ലരുതേ! കൊച്ചിക്കാരും കോ
ഴിക്കോട്ടുകാരുമായ മടയർ എന്റെ ഉത
ലെല്ലാം നശിപ്പിച്ചുകൊള്ളുകാർ എന്റെ
കാലും മുട്ട പൊളിച്ചിരിക്കുന്നു. തായങ്കു
ളിൽ ഭഗവതി തന്നെയാണ്. ഇതിൽ ര
ണ്ടു കാര്യങ്ങളുണ്ടെങ്കിലും, ഇതാ നില്ക്കുന്ന
തിരുമേനി ആലത്തൂർ നമ്പിയാണ്. അ
വിടത്തോടു ചോദിച്ചാലറിയാം. അവിട
ന്ന് അമ്മാ ഇന്ന ഉച്ചയ്ക്ക കഴിച്ചിട്ടില്ല"
എന്നയാൾ നിലവിളിച്ചു.

നമ്പി—ഈ വാരിയർ പറഞ്ഞതു വാസ്ത
വമാണ്. ഈ അനാഥനായ വൃദ്ധ
ന്റെ വേണ്ടി വളരെ ബാധി കഴിക്കേ
ണ്ടിവന്നവനാണ് ഇദ്ദേഹം. എന്റെ
നമ്പും ആലോചിച്ചാൽ ഇദ്ദേഹത്തിനു വ
ന്നതു ലഘുവാണ്. അയാൾ പെട്ടു
ള്ളതു പറയുക: അയാൾക്ക് ഭ്രാന്ത
മെന്ന വിചാരമുണ്ടായാൽ തന്നെ അ
തിനു തെറ്റില്ല.

ഞാനെന്റെ കണ്ണിലുണ്ടായിരുന്ന
പാതം നമ്പിയുടെ മുഖത്തേക്ക് കാട്ടി ഒ
ട്ടേറെ അനുകമ്പയോടു നോക്കി.
കറുത്ത് തടിച്ച് നല്ല ആരോഗ്യമുള്ള
ദീർഘകായനായ ഒരാളാണെന്നു കാണുക
യും സംസാരം കേൾക്കുകയും ചെയ്ത
പ്പോൾ ഒരു രാജാവാണോ എന്നു എനി
ക്കു തോന്നിപ്പോയി.

ഞാൻ—വാരിയരെ! ഒരു ചെറുപ്പത്തെ
തിരുമേനിയുടെ ഇഷ്ടമല്ലേ കൊള്ളക്കാർ
കയ്യേറിയത്. ഇവിടുന്നു വിചാരി
ച്ചാൽ ഞങ്ങൾക്ക വേണ്ടവിധം താമസി
ക്കാമല്ലോ.

നമ്പി—എന്റെ സർവ്വസ്വവും നിങ്ങളുടെ
ഇഷ്ടംപോലെ ഉപയോഗിക്കാം. പ

ണെന്നു തോന്നിന്ന പട്ടിണിയാണ്. നിങ്ങൾക്ക ഒക്കെണം താൻ മാത്രം എനിക്ക സാധിക്കയില്ല.

ഞങ്ങളുടെ കൈവശം ഒന്നരണ്ടുദിവസത്തേക്കുള്ള ഭക്ഷണസാധനം കരുതീട്ടുണ്ടായിരുന്നു. ഭക്ഷണത്തിനൊപ്പം ചെയ്യാൻ അമ്പലപ്പുറമ്പിൻറെ ഒരു ഭാഗത്തെക്ക ഞങ്ങൾ ഒന്ന പട്ടാളക്കാരെ വിട്ടുകയും ചെയ്തിരുന്നു. കളിപ്പ്വെച്ചുണ്ണുവാൻ ഉത്സാഹമുണ്ടെങ്കിൽ സാധനങ്ങൾ കൊടുക്കാമെന്നു നമ്പിയേയും അറിയിച്ചു. നമ്പി ഒന്നും വേണ്ടെന്ന പറഞ്ഞു.

ഞാൻ—സമയം അധികമായി. കൊള്ളക്കാരുടെ സമ്പ്രദായവും അവരോടെതിർപ്പാനുള്ള വഴികളും അറിവാൻ ഇനി താമസിച്ചുകൂട.

നമ്പി—തായ്കാവിൽ ഭഗവതിയെ ഭജിച്ചാൽ അതിൻറെ ഫലം അപ്പോൾ അതാന കാണാതിരിക്കയില്ല. അല്ലെങ്കിൽ നിങ്ങളൊക്കെ ഇപ്പോൾ വരേണ്ടതെന്താണോ? എൻറെ ഭഗവതി! ഈ കൊള്ളക്കാർ എന്നെ എത്ര നാശപ്പെടുത്തി!

ഇത പറഞ്ഞപ്പോൾ ആ ധീരപുരുഷൻറെ കണ്ണിൽ വെള്ളം നിറഞ്ഞതായി എനിക്ക തോന്നി.

ഞാൻ—ഓ! തിരുമേനി അതേപ്പോ വ്യസനിക്കേണ്ട. നമുക്ക സന്ധ്യയ്ക്കുമുമ്പായി അവിടത്തെ സ്ഥാനത്തിലേക്കു കടക്കാം.

നമ്പി—ഞാനെൻറെ സ്വന്തം ധനത്തെയോ സ്വദേശികളുടെ ധനത്തെയോ മാത്രം ചിന്തിച്ചല്ലാ വ്യസനിക്കുന്നത്. എത്രയോ വിലപിടിച്ച പല ഗ്രന്ഥങ്ങളും ഇവർ നശിപ്പിക്കുന്നതിലുള്ള ഭയംകൊണ്ടാണ്.

പണിക്കർ—വേണ്ടാത്തതു സംസാരിച്ചു സമയം കളഞ്ഞിട്ട ഫലമില്ല. തിരുമേനിക്ക കഴിയുമെങ്കിൽ കൊള്ളക്കാരുടെ സങ്കേതത്തിൽ കടപ്പാനുള്ള വഴി പറഞ്ഞുതരിക. ഇല്ലെങ്കിൽ നിരീക്ഷണത്താൽ ഭായ വേഗം കഴിച്ചുകൂട്ടാം.

നമ്പി തന്ന വിവരംകൊണ്ട് വൃക്ഷങ്ങൾകൊണ്ടു ഒരു വലിയ ഗുഹയുടെ മേൽ കെട്ടിട്ടുള്ളതെന്നു, കൊള്ളക്കാർ കോട്ടയുടെ മതിലുകളിൽ പാറാവുനോക്കി വരിയോധികളുടെ വല്ലവരും വന്നാൽ കണ്ടാൽ വെടിവെക്കുകയാണ് പതിവെന്നും, ഗുഹ ഉൾചപ്പു മുതലായതു ഗുഹയിലാണ് വൃക്ഷികാഭരണങ്ങളും, നമ്പിയുടെ എല്ലാം എന്താം കൊള്ളക്കാർ വെച്ചിരിക്കുന്ന ഈ സ്ഥലം മാത്രമാണെന്നും മനസ്സിലായി, പട്ടാളക്കാരുമായി കോട്ടയും ഈ കോട്ട പിടിപ്പാൻ ഒരു എളുപ്പത്തിൽ സാധിക്കയില്ലെന്നു കണ്ടപ്പോൾ എനിക്ക വല്ലാതായ ഇച്ഛാഭംഗം വന്നു.

പണിക്കർ—നിങ്ങളുടെ മനസ്സിനെന്താണ ഇളക്കം? ഒന്നു പരീക്ഷിക്കാതെ പിൻവലിക്കുന്നത് നന്നല്ല.

ഞാൻ—കൊള്ളക്കാർ നമ്മുടെ വരവിനെപ്പറ്റി ഒരു വിവരവുമറിഞ്ഞെന്ന തോന്നുന്നില്ല. അവരുടെ കാവൽക്കാരേയും നാം കണ്ടില്ലല്ലോ. നമ്മൾ കോട്ടയുടെ ചുററും ഉപായത്തിൽ ഒളിച്ചുകൂടി പാർക്കുന്നതിൽ ഇരിക്കുമ്പോൾ ഇരുട്ടിൽ കോട്ടയ്ക്കുള്ളിൽ കടക്കുകയാണുത്തമം.

എൻറെ അഭിപ്രായം പണിക്കരും

മാധിച്ചു. പക്ഷേ നമ്പിക്ക് അതത്ര പിടിച്ചില്ല.

നമ്പി—കോട്ട കമ്പിവേലിയാലുംകൊണ്ടും ചാലും വൃത്തത്തിൽ കാവലാളുകൊണ്ടും ഒരു പ്രാണിയെങ്കിലും കോട്ടയുടെ അകത്തു പ്രവേശിച്ചാൽ അവരുടെ നോട്ടക്കാർ കാണാതിരിക്കയില്ല.

ഞാൻ—എന്നാലും ഇതല്ലാതെ മറ്റൊരു വഴിയാണുള്ളത്? പതിനായിരം സൈന്യം ഉറപ്പിച്ചിട്ടുള്ള ഒരു കോട്ട കീഴടക്കാൻ നൂറു പേരെക്കൊണ്ടെങ്ങിനെ സാധിക്കും?

നമ്പി—എനിക്ക് ഈ കൊള്ളക്കാരെപ്പറ്റി നല്ല വിശ്വാസമുണ്ട്. നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ എന്താണ് പ്രവർത്തിക്കുക എന്നു പറഞ്ഞു വേണമെങ്കിൽ പറയാം.

ഞാൻ—തിരുമേനിയുടെ അഭിപ്രായം വേഗം കേട്ടാൽ കൊള്ളാം.

നമ്പി—കൊച്ചിക്കാരും കോഴിക്കോട്ടുകാരുമായ ഭടന്മാർ കൂട്ടംവിട്ട് ആയുധങ്ങളോടു കൂടി നാടു എപ്പോഴും ഇവരുടെ സംഘത്തിൽ വന്നു ചേർന്നുകൊണ്ടിരിക്കുന്നുണ്ട്. നിങ്ങൾക്കും അതിലൊരുള്ളവരാണെന്നു നടിച്ച് കോട്ടയിൽ കടന്നു കൂടുന്നതിനെന്താ വിരോധം?

നമ്പി ഈ പറഞ്ഞ അഭിപ്രായം വളരെ നല്ലതാണെന്ന് എനിക്ക് തോന്നി. അദ്ദേഹത്തെപ്പറ്റി എനിക്കുണ്ടായിരുന്ന ബഹുമാനവും എനിക്കുണ്ടായി. പക്ഷേ, പണിക്കർക്ക് അതത്ര പിടിച്ചില്ല.

പണിക്കർ—നിങ്ങളുടെ വിദ്യയൊന്നും നടക്കേട്ടില്ല. എന്നാൽ ഈ കൊള്ളക്കാർ അത്ര ബുദ്ധിയില്ലാത്തവരല്ലതാണ് എന്റെ അറിവ്. ആയുധപാണികളും പരിചയമില്ലാത്തവരുമായ നൂറു പേരെ അവരൊരു വേഗത്തിൽ കോട്ടയിൽ കടത്തിവിടുമോ?

ഞാൻ—ശരി; എന്നാലൊരു കാര്യം ചെയ്യുക. അമ്പതാളുകൾ ഉള്ളിൽ കടക്കട്ടെ. അവർ നാളെ രാവിലെ മറ്റൊരമ്പതു പേരും കടപ്പാൻ കോട്ടവാതിൽ തുറന്നു തരട്ടെ.

ഈ കാര്യത്തെപ്പറ്റി ഞങ്ങൾ വളരെ നേരം വളരെ ഗാഢമായാലോചിച്ചു. ഒടുവിൽ പണിക്കരോ ഞാനോ ആരെങ്കിലും ഒരാൾ അമ്പതാളോടു കൂടി കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുന്നതാണെന്നും രാവിലെ കോട്ടവാതിൽ തുറന്നു തരേണ്ടതാണെന്നും തീർച്ചയാക്കി. നമ്പിയുടെ അഭിപ്രായം ഞങ്ങളുടെ രഹസ്യത്തെ ഭാഗിക്കാൻ പാടില്ലെന്നും ഒരുപോലെ ആയിക്കൊള്ളണമെന്നും ആയിരുന്നു. പക്ഷേ ഞങ്ങൾ ഒരുപോലെ അഭിപ്രായക്കാരായതുകൊണ്ട് അതു മാറ്റുവാൻ നമ്പിക്ക് കഴിഞ്ഞില്ല.

നമ്പി—എനിക്കൊരു കാര്യം പറയാനുണ്ട്. ആ ദുഷ്ടനായ മാപ്പിളൻ നായരെപ്പിടിച്ചാൽ നിങ്ങളെന്താണു ചെയ്യുക?

ഞാൻ—തൂക്കിക്കൊല്ലുകതന്നെ.

നമ്പി—ഓ! അതെനിക്കു പ്രകാശമാകണം, എനിക്കധികാരമുണ്ടെങ്കിൽ—

ഇത്രയും പറഞ്ഞ് നമ്പി അവിടെനിന്നു നിഷ്ക്രമിച്ചുപോയി. കോട്ടയ്ക്കുള്ളിൽ ആദ്യം പോകേണ്ട അമ്പതു പേർ ആരാണെന്നുള്ള തർക്കം ഇനിയും തീർന്നിട്ടില്ല. ഞാനോ വേണമെന്ന ഞാനും, ഞാനാവണമെന്നു പണിക്കരും തർക്കിച്ചു. ഒടുവിൽ പണിക്കർ വളരെ കാര്യമായി അപേക്ഷിച്ച

ളുകൊണ്ടു പണിക്കരാവട്ടെ എന്നു നിശ്ചയിച്ചു. ഞങ്ങൾ ഇങ്ങിനെ തീർച്ചപ്പെടുത്തുന്നതിനിടയ്ക്ക് അമ്പലപ്പറമ്പിൽനിന്ന് ഒരു ലഹള കേട്ടു. ഞങ്ങൾ അവിടെ ഓടിയെത്തിയപ്പോൾ ഞങ്ങളുടെ കൂട്ടാളികൾ ഒരു പക്ഷമായി പോരാട്ടം ചെയ്യുന്നതായിരുന്നു. കോഴിക്കോടൻ മടന്മാർ കൊച്ചിയിലെ നായന്മാർ കണക്കെ വേണ്ടില്ല് എന്നു നമ്പി ഒരഭിപ്രായം പറഞ്ഞതായിരുന്നുവത്രെ ഈ ലഹളക്കു കാരണം. എന്തായിലും ഞങ്ങൾ ചെന്നപ്പോൾ ലഹളയൊതുങ്ങി. ഉടനെ കഴിഞ്ഞു പണിക്കരും അദ്ദേഹത്തോടുകൂടി കോട്ടയിലേക്ക് പോയി. അവർക്ക് അകത്തു പ്രവേശം കിട്ടിയെന്നും ഞങ്ങൾക്കു മനസ്സിലായി. എന്റെ കൂട്ടർ രാവിലെ കോട്ടയിൽ കടക്കാനുള്ള ഒരുക്കങ്ങളോടുകൂടി അമ്പലപ്പറമ്പിൽ കാത്തുനില്പായി. ഞാൻ വാരിയരുടെ ക്ഷണമനുസരിച്ചു മഠത്തിൽ ഒരു കട്ടിലിന്മേലും കിടന്നു.

ഞാൻ ഒരു മാപ്പുകാരനാണെന്നു കൊച്ചിത്തമ്പുരാന്റെ പടയാളികളുടെ ഇടയിൽ യാതൊരു സംസാരമുണ്ടെങ്കിലും എനിക്കു ചില കുറവുകളുണ്ടെന്നു ഞാൻ തന്നെ സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഒരു പട്ടാളക്കാരനു ധൈര്യം മുതലായ ഗുണങ്ങൾക്കു പുറമെ ശാന്തതയ്ക്കു കൂടി വേണ്ടതാണ്. ആ ഒരു ഗുണം എനിക്കു വേണ്ടുവോളം ഉണ്ടായിരുന്നില്ല. ഈ ഒരു ദോഷമാണ് എനിക്കന്നു രാത്രി ചില അനർത്ഥങ്ങളൊക്കെ ഉണ്ടാക്കിത്തീർത്തത്.

രാത്രി ഏകദേശം പാതികഴിഞ്ഞു കാണുമായിരിക്കും. എനിക്കു ദാഹം തുടങ്ങിയോ എന്നൊരു സംശയം തോന്നി. എന്നോ വിളിച്ചുപറയാൻ ഭാവിച്ചു. പക്ഷെ, ശബ്ദം പുറത്തു വരുന്നില്ല. എഴുനീല്പാൻ നോക്കി. അതിനും വയ്യ. കണ്ണുമിഴിപ്പാൻ മാത്രം വിരോധമുണ്ടായിരുന്നില്ല. കണ്ണുമിഴിച്ചു നോക്കിയപ്പോൾ കണ്ടകാഴ്ച യല്ലേ പറയേണ്ടത്! എന്റെ ദേഹം കട്ടിലിൽപ്പിടിച്ചുകെട്ടി വായിൽ തുണിയും തിരുകി വാരിയരും നമ്പിയുമുണ്ട് കട്ടിലിനടുത്തു നില്ക്കുന്നു! ഒരു മാടമ്പിവിളക്ക് അവിടെ കത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഞാനവരുടെ മുഖത്തേക്കു നോക്കി. നമ്പിയുടെ പുഞ്ചിരി കാണാനില്ല. സാധുപ്രകൃതത്തോടുകൂടിയ വാരിയരുടെ മുഖം ഒരു പിശാചിന്റെ മുഖംപോലെ എനിക്കു തോന്നി. നമ്പിയുടെ മുഖത്തു സ്വതസ്സിദ്ധമായ ഗൌരവം അപ്പോഴും കാണാനുണ്ടായിരുന്നു.

നമ്പി— അല്ലേ കല്പന! നിങ്ങളുടെ മുഖത്തു കൂർമ്മതകൊണ്ട് ചിലപ്പോഴെല്ലാ യുക്തികൾ ആലോചിച്ചുകഴിഞ്ഞപ്പോഴേക്കാണ് ന്യായങ്ങളെല്ലാം ഇപ്പോൾ കാണുന്നത്. നിങ്ങൾ നല്ലൊരു പടയാളി തന്നെയാണ്, സംശയമില്ല. പക്ഷെ, മരിച്ചവർ നായരെന്നു പറഞ്ഞാൽ പണിക്കരായ എന്നോടു മത്സരിപ്പാൻ നിങ്ങൾപോരാ. ഞാൻ തീരെ ബുദ്ധിയില്ലാത്ത ഒരുവനാണെന്ന് പക്ഷെ നിങ്ങൾ ധരിച്ചിരിക്കാം. നിങ്ങൾ വന്ന കാര്യം സാധിപ്പാൻ ശ്രമിക്കാതെ നടന്ന കോഴിക്കോടൻപടയാളികളായിൽ ഒന്നോ രണ്ടോ പേർ കഴിച്ചാൽ നിങ്ങൾ മാത്രമേ ഉണ്ടാകയുള്ളു.

പന്തളത്തു പണിക്കരുടെ ഈ പ്രസംഗം കഴിഞ്ഞപ്പോൾ എനിക്കുണ്ടായ ആശ്ചര്യവും കോപവും ഊഹിക്കുകയാണ് നല്ലത്.

മാമിച്ചൻ— ചേന്നൻനായരേ! (വാതിലോട്) നിങ്ങൾ ഉറങ്ങുന്നു. കൃഷ്ണനെ ജീവനോടെ സൂക്ഷിക്കയാണ് നമ്മൾ ആവശ്യം. കൃഷ്ണാ! നിങ്ങൾ ഒരു കം കേസ്സുണ്ടായത് എന്തെങ്കിലും നല്ലതു തന്നെ. സാക്ഷിക്കൂട്ടിലെ പാറാവുകാരായ നായന്മാരിൽ ഒരു പ്രമാണിയായിരുന്ന ഈ ചേന്നൻനായർ കാര്യാധികം വികൃതിയും കോപിയുമാണ്. അയാളോട് നല്ലപോലെ പെരുമാറുകയാണ് നല്ലത്. പണിക്കരേയും നിങ്ങളേയും വഴി ഞങ്ങൾക്ക് ദുഃഖമെന്നു മനസ്സിലായിട്ടുണ്ട്. ഞാനും ചേന്നൻനായരും കൂടി ഇന്നാളിയ നാടകം നന്നായെന്ന നിങ്ങളും സമ്മതിക്കാതിരിക്കയില്ല. നിങ്ങൾ ആറുപേരും കോട്ടയ്ക്കൽ സംഘത്തിന്ന ഞങ്ങൾ ഏല്പിച്ചു പോയിരുന്നു. കോട്ടയിൽനിന്ന അയച്ചവർ ഇപ്പോൾ എത്തിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ദുഃഖങ്ങളാധികം ഇപ്പോൾ പണിക്കരുടെ ദുഃഖവും [illegible] എന്നാണെനിക്കു തോന്നുന്നത്.

എന്നു പറഞ്ഞു മാമിച്ചൻനായരും ചേന്നൻനായരും തമ്മിൽ എന്തോ കുറെ സംസാരിച്ചതിനുശേഷം 'നമ്പൂതിരിപ്പുറത്തിൽ ഞാനന്വേഷിച്ചുവരട്ടെ' എന്നു പറഞ്ഞു മാമിച്ചൻനായർ പുറത്തേക്കിറങ്ങി. എന്റെ കട്ടിലിന്റെ കാൽക്കൽ വാളും ഊരിപ്പിടിച്ചുകൊണ്ടു ചേന്നൻനായരും ഇരുന്നു. എന്റെ കൊള്ളക്കാരുടെ ശേഷിപ്പും ഞാൻ കഴിഞ്ഞ സംഭവങ്ങളോളും എനിക്ക് ഉറപ്പിടിക്കാതിരുന്നതിലാണ് ആശ്ചര്യം. എന്നെ ബന്ധിച്ച അവനെ തടവുകാരനായിപ്പിടിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ കൊള്ളക്കാരുടെ നടുവിലേക്ക് എന്നെ ബന്ധനസ്ഥനായിക്കൊണ്ടു പോവുകയല്ലോ എന്ന വിചാരമാണ് എന്റെ അടുത്തിരിക്കുന്ന ഘാതകന്റെ വാളിനേക്കാൾ മൂർച്ചയുള്ളതായിത്തോന്നിയത്.

ഇതിനിടെ ഞാൻ പല മനോരാജ്യങ്ങളോടും കൂടിയിരിക്കെ വാതിൽ കടന്നൊരാൾ പ്രവേശിച്ചു. ഇത് എന്റെ ചങ്ങാതി കണ്ണുണ്ണിനായരല്ലാതെ മറ്റാരുമല്ലായിരുന്നു. എന്റെ കിടപ്പും അത്യധികം പ്രമാണിയായ ചേന്നൻനായരുടെ ഇരിപ്പും കണ്ടപ്പോൾ 'എന്റെ ചങ്ങാതി!' എന്നു പറഞ്ഞ് വാളൂരി ഒരു ചാട്ടം ചാടുന്നതു കണ്ടു. ചേന്നൻനായരും കണ്ണുണ്ണിനായരും തമ്മിലുള്ള പോരാട്ടത്തെ വർണ്ണിച്ചിട്ടു ഫലമില്ല. വാളുകൊണ്ടുള്ള പ്രയോഗത്തിൽ കണ്ണുണ്ണിനായരെ ജയിപ്പാൻ ദുർല്ലഭം ചിലരേ കാണുകയുള്ളൂ. ചേന്നൻനായരെ കൊല്ലുവാനും എന്നെ ബന്ധനത്തിൽനിന്ന വിടുവാനും അധികം താമസം വേണ്ടിവന്നില്ല. മേലിൽ പ്രവർത്തിക്കേണ്ടത് ആലോചിക്കുന്നതിനിടയിൽ മാമിച്ചൻനായർ അകത്തേക്കു കടന്നു. ഞങ്ങൾ രണ്ടുപേരും കൂടെ ഒരുമിച്ചു തന്നെ അയാളെ കടന്നു പിടിച്ചു. കാര്യമായ പോരാട്ടം വേണ്ടിവന്നെങ്കിലും ഒടുവിൽ ഞങ്ങൾക്ക് മാമിച്ചൻനായരെ പിടിച്ചുകെട്ടുവാൻ സാധിച്ചു. എന്നെ കെട്ടിയ കയറുകൊണ്ടു ഞാൻ ഒരു പ്രാവശ്യം കൊടുത്തു.

ഞാൻ— എന്താ പണിക്കരേ! ഇതുപോലെ പ്രാണരക്ഷ വേണ്ടിവരുക ഇപ്പോഴല്ലയോ?

പണിക്കർ— ഇക്കാലത്തു [illegible] ദൈവത്തിൻ അധികം ഭാഗ്യം. ഹാ! നിങ്ങൾ എന്റെ ചേന്നൻനായരെക്കൊണ്ടു കഴിഞ്ഞു രക്ഷപ്പെട്ടു! അവനെ കിട്ടിയത് ഒരു

കീഴ്‌വഴക്കമില്ലാത്ത ദുഷ്ടന്മാർക്കു വേണ്ട ശിക്ഷയാണ്. നിങ്ങളും ഒരു ചെമ്പു എന്നെ ഈ കിടക്കയിൽ നിന്നു കിടത്തുകയോ? എനിക്കു നിലത്തു കിടന്നു ശീലമില്ല.

പണിക്കരുടെ ആ ഗൌരവം കൂടിയ സംസാരം വാസ്തവത്തിൽ എനിക്കുണ്ടായിരുന്ന ബുദ്ധിഭ്രമം തെളിയിക്കയാണ് ചെയ്തത്. ഒട്ടധികം കുറ്റിക്കൊണ്ടു വന്നവൻ ഞാൻ വേഗം കണ്ണുതുറന്നുനോക്കിയെന്നു.

പണിക്കർ—കുട്ടികളെ, നിങ്ങളുടെ അച്ഛന്മാരെന്ന മട്ടിൽ പോലെ ബഹുമാനിക്കണമെന്നു വിചാരിക്കുന്നു.

ഞാൻ—നിങ്ങളുടെ കാര്യം നിശ്ചയമായിട്ടറിഞ്ഞില്ല. ഞാൻ വിചാരിച്ചതു തെറ്റുതന്നെ.

പണിക്കർ—ഇതു അന്നത്തെ എനിക്കുണ്ടായ വൈകല്യമല്ല. ഞാനൊരു വലിയ കാര്യസ്ഥനാണ്. എന്റെ അച്ഛനും ഒരു കേമനായിരുന്ന ആളാണ്. സമ്പത്തിൽ പറയുകയാണെങ്കിൽ എനിക്കു ചില ദോഷങ്ങളും വന്നിട്ടുണ്ടെങ്കിലും ഞാനിപ്പോഴും ഒരു മാന്യൻ തന്നെയാണ്. ഇപ്പോൾ നിങ്ങളുടെ കൂട്ടു വല്ലാതെ മുഷിഞ്ഞിരിക്കുന്നു. കാര്യമൊന്നു പറയട്ടെ.

പിന്നീടുണ്ടായ സംഭവങ്ങളൊന്നും വിസ്തരിച്ചിട്ടു ഫലമില്ല. പിറ്റേന്നു രാവിലെ സന്ധ്യാസമയമാകുമ്പോൾ പറഞ്ഞതു പണിക്കരെ തമ്മിൽ എല്ലാവരുമായിട്ടുകൊണ്ട് ഞാനും കോട്ടയിലേക്ക് യാത്രയായി. അവിടെ വരവു കഴിഞ്ഞുകൊണ്ട് കോട്ടയിലുള്ളവർ എല്ലാവരും കൂടി ... എന്നിട്ടും ... പോലും ... പണിക്കരെ പിടിച്ചു തമ്പിൽ കൊണ്ടുവന്നു. അപ്പോഴേക്കും അവർ ... കൊണ്ടുപോയി. അവർ ... പ്രകാരത്തിലുള്ള കാര്യം ... ഞങ്ങളുടെ ...

ത്തിന്റെ കൊമ്പത്തു കയറ്റി പടിച്ചു പറഞ്ഞതു പണിക്കരുടെ കഴുത്തിലേക്ക് തട്ടി. കോട്ടയിലുള്ളവർക്ക് ഞാനും ചെയ്യുന്നതൊക്കെ മനസ്സിലായി. ഒടുവിൽ ഒരു ദിവസം കോട്ടവാതിൽ തുറന്നു പൂജാരി ഒരു ദിക്കിലേക്ക് വന്നു. അതിലൊരാൾ ഇതിനെ പറഞ്ഞു. "സ്വപ്നത്തിൽ കൊമ്പുകളോടുകൂടിയവർ കൊട്ടാരമില്ലേ". പറഞ്ഞു പണിക്കരെ ഇരിക്കപ്പെടുത്തുന്നതായാൽ ഈ സ്വപ്നത്തിന്റെ പോരായ്മ നമ്മുടെ ഇടയിൽ ഞങ്ങളും തോല്ക്കുമല്ലോ.'

'എന്താ സ്വപ്നത്തിലോ? അവർ ഇതു പോലെയായിരുന്നല്ലോ.'

'ഒരു ഭാഗത്തെ കൊമ്പത്തിനു ശേഷം മറ്റുള്ള ഭാഗങ്ങളും കിട്ടുമായിരുന്നു.'

'നിങ്ങളുടെ എല്ലാവരുമാണോ?'

'അല്ലാ, ചില പലരെ പാറിയതായിരുന്നു.'

കോട്ടയിലുള്ള സ്വപ്നത്തെ പോലെയും കാര്യങ്ങൾ നമ്മുടെയും ഇപ്പോഴും ഉപദേശം കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ പണിക്കരെ ഉടനെ ഇറക്കിക്കൊള്ളട്ടെ എന്നു ഞാൻ പറഞ്ഞു.

പണിക്കർ—എന്റെ കുട്ടികളുടെ കാര്യം അവർ തന്നെ തീർച്ചപ്പെടുത്തട്ടെ.

എന്നാൽ അവർ ഒക്കെയും പോയി പണിക്കരെയും കൂട്ടത്തോടു ഒന്നായി കുട്ടികളെയും കൂട്ടിക്കൊണ്ടു വന്നു.

പണിക്കർ—ഇവരൊക്കെ വന്നിട്ടുള്ള കുട്ടികളെ വീട്ടിൽ കൊണ്ടുപോയാൽ മതിയോ? പിന്നെ മറക്കും. നമ്മുടെ തമ്മിൽ കാണുകയും അരുതില്ല. എന്താ ഇപ്പോൾ?

കണ്ടുകെട്ടിയവരുടെ തമ്മിൽ കിട്ടിയിട്ടു സമ്മതിപ്പിക്കാൻ ആരാണ് മോഹം പറ്റുന്നത്?

ഇതു കേട്ടപ്പോൾ ഞാൻ കാര്യമായി ചിന്തിച്ചു നിന്നു. എന്താണ് കാട്ടേണ്ടതെന്ന് തോന്നിയില്ല. പണിക്ക

ടെ ഇരിക്കൊണ്ടാൽ ഒപ്പുത്തിന്റെ മോരാ സ്ഥലത്തിൽ പണിക്കരും ഉണ്ടാകയും ഒപ്പം കാണുകയും എന്നാൽ കിട്ടുകയില്ല. സത്യവിരോധമായി പ്രവൃത്തിക്കുന്നതു യോഗ്യമല്ല. അതുകൊണ്ടു കാര്യം സാധിക്കാതെ കടന്നുപോവാൻ തന്നെ തീർച്ചപ്പെടുത്തി. ഈ അഭിപ്രായത്തോടുകൂടി ഉണ്ണാതെ പണിക്കരെ വിളിച്ചു.

പണിക്കർ — കണ്ണൂരേ ദീർഘായുസ്സായിരിക്കട്ടെ. കണ്ടിരുന്നാൽ മുതിയവരായ നസ്രാണികൾ തമ്മിൽ സമാധാനം വരുവാൻ നിങ്ങൾക്കു കഴിയില്ല. പക്ഷേ, കേൾക്കുന്ന ശരിയാണെങ്കിൽ നിങ്ങൾ നസ്രാണികൾ ഇപ്രകാരം കാണിക്കണം എന്നു ഞാൻ പറയാം. നിങ്ങൾ പ്രായമായവരിൽ ഈ കൂട്ടത്തിൽ നിന്നു ഈ സാമർത്ഥ്യങ്ങളെ വിട്ടു പോവാൻ സാധിക്കയില്ലായിരുന്നു. എന്തോ കൊണ്ടു നിങ്ങൾ വല്ലതും വേണ്ടുന്നതോ?

ഞാൻ — ഒരു സംഗതി മാത്രം നിങ്ങളോടു പറയാനുണ്ട്. നമ്മുടെ കോട്ടയിൽ മരിച്ചു കിടക്കുന്ന ഞങ്ങളുടെ കൂട്ടുകാരുടെ ശരീരങ്ങളെ സംസ്കരിക്കണം, ഞങ്ങൾക്കു അതു നിശ്ചയമായും ഇവർ കാണുമ്പോൾ നാട്ടുകാരെ ബോധ്യപ്പെടുത്തണം.

പണിക്കർ — ആവശ്യത്തിന്നു വേണ്ടതു വിധമാവാം. ഞങ്ങളുടെ പക്ഷത്തിൽ ചില നാശങ്ങൾ ഉണ്ട്. അവരിൽ പലരെയും ധൈര്യമായിരിക്കുന്ന നിങ്ങളുടെ ജീവനം നോക്കണം. അതുപ്പിൽ സമാധാനം കഴിഞ്ഞ് അധികം ദിവസമാവാതെ ഈ രാജ്യത്തെയും വിട്ടു ഞാൻ കയറണം. ഇതു ഒന്നും ന്യായമായ വഴിയല്ല.

അവരെ ഉണ്ണാതെ പണിക്കരും പിന്നെ ഒന്നും കേൾപ്പാൻ നിന്നില്ല. കടന്നുപോവാൻ പുറപ്പെട്ടപ്പോൾ ഞാൻ പിന്നെയും പണിക്കരോടിങ്ങനെ വിളിച്ചു പറഞ്ഞു: —

"പോകുന്നതു പണിക്കരേ! താങ്കൾ എപ്പോഴും ജയത്തിൽ വരിയുന്നു. ഇനിയൊരു ദിവസത്തിൽ നിന്നെ ഈ യുദ്ധത്തിൽ കാണുമ്പോൾ കഴിവുള്ളപ്പോൾ."

പണിക്കർ — ചെറുതകോന്ത കണ്ണൂരേ! നിങ്ങളുടെ കൊല്ലത്തിൽ നായന്മാരെ കീഴിൽ സൂക്ഷിക്കണം എന്നു ഞാൻ പറഞ്ഞതാണല്ലോ ഓർമ്മിക്കേണ്ടതു വരട്ടെ. ഇവിടെ പ്രധാനപ്പെട്ട മഹൽപ്രാണനാശം നിങ്ങൾക്കായി വരുത്തിവെച്ചിട്ടുണ്ട്.

ഒരു ദാഹം ശ്ലോകം.

(കാദംബരീവൃത്തം)

പൂവാടം പൂക്കും ക്രീഡാരമ്യം പൂമാലകൾ ചാർത്തിയ കാനനമൊക്കെയും
ഇവർ മേലോകം ലോകാന്ധകാരമായി തീരുകയും താമരസരസ്സുകൾ വറ്റുകയും
തുപാതിയിട്ട്യം ദിനാന്തത്തിൽ പ്രാണികൾ ഒക്കെയും ദാഹം പൂണ്ടു പരവശരാകുന്നു
പൂവാടകങ്ങളിൽ വീണ്ടും തീവ്രമായി വിശന്നു ദാഹിക്കുന്നവരെപ്പോലെ.

പരേതനായ

കിച്ചനർപ്രഭു അവർകൾ

ഒരു കാലത്ത് ഇന്ത്യയിലെ സർവ്വസൈന്യാധിപനായിരുന്ന് ഈ മഹാരാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടി അത്യന്താപരിശ്രമം ചെയ്തു ഒരാളും, ഇപ്പോൾ നടക്കുന്ന യൂറോപ്യൻ യുദ്ധത്തിൽ ബ്രിട്ടീഷ് സൈന്യങ്ങൾക്ക് ശേഷിസ്ഥാനം കല്പിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്തിനു ജയം വരുവാൻ വേണ്ടതൊക്കെയും ചെയ്യുന്ന ധീരശിരോമണിയും ആയ കിച്ചനർപ്രഭു ഈ ജൂൺ 5-ാംനു- ഒർക്കനേ വടക്കെ കടലിന്റെ വടക്കുഭാഗത്തു വെച്ച് അപ്രതീക്ഷിതമായ വിധത്തിൽ കപ്പൽ മുങ്ങി മരിച്ചുപോയ വിവരം ബ്രിട്ടീഷ് സാമ്രാജ്യവാസികളെ മുഴുവൻ ദുഃഖസാഗരത്തിൽ മുക്കിയിരിക്കുന്നു. ഈ അവസരത്തിൽ ഈ ധീരപുരുഷന്റെ ഒരു ചുരുക്കിയ ജീവചരിത്രം 'മംഗളോദയം' വായനക്കാരുടെ അറിവിനായി ഇവിടെ പ്രസ്താവിക്കുന്നത് അവസരോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.



കിച്ചനർപ്രഭു 1850—1916

കിച്ചനർ പ്രഭു 1850-ൽ അയർലണ്ടിൽ ജനിച്ചു. 1871-ൽ പാരിസ്സുകാരും ജർമ്മൻകാരും തമ്മിലുണ്ടായ യുദ്ധത്തിൽ പാരിസ്സുകാരുടെ ഭാഗത്ത് ഒരു വളണ്ടിയറായി ചേർന്ന് ജർമ്മൻകാർക്കെതിരായി ഇദ്ദേഹം യുദ്ധം ചെയ്തു. 1871-ൽ ബ്രിട്ടീഷ് സേനയിലെ ഇഞ്ചിനീയർ വകുപ്പിൽ ഒരുദ്യോഗത്തിനു കയറി. ആ കൊല്ലത്തിൽ തന്നെ ഏഷ്യാമൈനറിലുള്ള പാലസ്റ്റൈൻ എന്ന നാട്ടിലേക്ക് യാത്രയായി. അതുമുതൽ 27 കൊല്ലംകാലം പാലസ്റ്റൈനിലും ഈജിപ്തിലുമായി പാർത്തുവന്നു.

ഈജിപ്തിൽ ജനറൽ ഗോർഡൻ എന്ന പ്രസിദ്ധയോദ്ധാവിന്റെ കീഴിൽ ജോലി നോക്കിയിരുന്ന കാലത്താണ് കിച്ചനർപ്രഭുവിന്റെ യോഗ്യതകൾ വെളിപ്പെടുവാൻ ഇടവന്നത്. ജനറൽ ഗോർഡനു ഇദ്ദേഹത്തിന്റെ സാമർത്ഥ്യത്തെയും സ്വഭാവഗുണത്തെയും പറ്റി വളരെ നല്ല അഭിപ്രായങ്ങളായതു കൊണ്ട് ഇദ്ദേഹത്തിന് ഉദ്യോഗത്തിൽ ക്രമേണ കയറ്റം കിട്ടുവാനിടയായി. ഈജിപ്തിന്റെ കീഴിലുള്ള സൌഡാൻ എന്ന ദിക്കിലെ മുതലാളികൾ ഈജിപ്ഷ്യൻ ഗവർമ്മെണ്ടിനെതിരായി ലഹളയ്ക്കു പുറപ്പെട്ടപ്പോൾ അവരെ അമർച്ചചെയ്വാൻ

നിയോഗിച്ചിരുന്ന ജനറൽ ഗോർഡനെ ആയിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ആഗ്രഹംപോലെ ആ കാര്യം സാധിക്കാതെ പോകയും അദ്ദേഹത്തിനു മരണം നേരിടുകയും ചെയ്തു. അനന്തരം അദ്ദേഹം തുടങ്ങിവെച്ച ആ ഭാരമേറിയ കാര്യം സാധിക്കുവാൻ കിച്ച്നർപ്രഭുവിനെയാണ് നിയോഗിച്ചത്. കിച്ച്നറുടെ അസാധാരണമായ ബുദ്ധിചാതുര്യവും തന്ത്രവും നിമിത്തം ശത്രുക്കളെല്ലാം ക്ഷണത്തിൽ ഒതുങ്ങുകയും സൊഡാനിലെ ജനങ്ങൾ ഇംഗ്ലീഷ് ഗവർമ്മെണ്ടിനു കീഴടങ്ങുകയും ചെയ്തു. ഈ വിജയം നിമിത്തം അദ്ദേഹത്തിനു സൊഡാനിലെ പ്രധാനസ്ഥലമായ 'കാർട്ടൂമിലെ കിച്ച്നർ' എന്നൊരു വിശേഷപ്പേര് കിട്ടിയതിനു പുറമെ, പാർലിമെണ്ടിൽനിന്നു അദ്ദേഹത്തെ ഒരു പ്രഭുവാക്കി ഉയർത്തുകയും 30000 പവൻ സമ്മാനവും അത്യുത്തമസൂചകമായ ഒരു പേരും മറ്റു പല പദവികളും നൽകുകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞ ഉടനെ തന്നെ കിച്ച്നർപ്രഭുവിന്റെ കീർത്തി നാട്ടിലെങ്ങും പരക്കുവാൻ കാരണമായ കേൾവിപ്പെട്ട ബൂവർയുദ്ധം ആരംഭിച്ചു. ആ യുദ്ധത്തിൽ ബ്രിട്ടീഷ് സേനാധിപതിയായിരുന്ന റോബർട്ട്സ് പ്രഭുവിന്റെ കീഴിൽ ഒരു പ്രധാനപ്പെട്ട ഉദ്യോഗം വഹിച്ചുകൊണ്ട് കിച്ച്നർപ്രഭു തെക്കെ ആഫ്രിക്കയിലേക്കു പോയി. ആ ഘോരമായ യുദ്ധം അവസാനിക്കുന്നതിനു മുമ്പായി റോബർട്ട്സ് പ്രഭുവിന് ഉദ്യോഗമൊഴിഞ്ഞ് ഇംഗ്ലണ്ടിലേക്കു പോകേണ്ടി വന്നപ്പോൾ കിച്ച്നർ പ്രഭു തന്നെ സേനാധിപതിയായിട്ട് അതിചാതുര്യത്തോടെ ആ യുദ്ധം നടത്തുകയും 1900-ൽ പരിപൂർണ്ണമായ വിജയം നേടുകയും ചെയ്തു. ബൂവർ യുദ്ധകാലത്തു കിച്ച്നർ പ്രഭു കാണിച്ചതായ ഒരു ബുദ്ധിചാതുര്യത്തെ ഇന്നും ജനങ്ങൾ സ്മരിക്കുന്നുണ്ട്. ബ്രിട്ടീഷ് പട്ടാളക്കാർ പോരടിക്കുന്നതായിരുന്ന ബൂവർഗ്രാമങ്ങളിലുള്ള സ്ത്രീകളെയും കുട്ടികളെയും കണ്ടുപിടിയാതെ കൂട്ടിക്കൊണ്ടു പോയി ഒരു ദിക്കിൽ ബന്ധനത്തിൽ നിർത്തി അവർക്കു ഭക്ഷണവും മറ്റും കൊടുത്തു രക്ഷിക്കുവാൻ കിച്ച്നർ പ്രഭു കല്പന കൊടുത്തു. ശത്രുക്കളെ ചെയ്തതിന്റെ ഫലമായി ഗ്രാമവാസികളായ ബൂവർമാർക്ക് പക്ഷക്കാരെ സഹായിക്കുവാൻ സാധിക്കാതെ പോകയും അതിനിമിത്തം ബൂവർയുദ്ധത്തിന്റെ ശൈഥില്യം കാണുകയും ചെയ്തു. ബൂവറ് യുദ്ധത്തിലെ വിജയം നിമിത്തം അദ്ദേഹത്തിന് വൈകൌണ്ട് എന്ന സ്ഥാനവും 50000 പവൻ സമ്മാനവും കിട്ടി.

1902-ൽ കിച്ച്നർപ്രഭു ഇന്ത്യയിലെ സർവ്വസൈന്യാധിപനായി വന്നു. പിന്നെ 1909-ൽ അന്നത്തെ വൈസ്രോയിയായിരുന്ന കർസൻപ്രഭുവുമായുണ്ടായ ചില വഴക്കുകൾ നിമിത്തം ഇന്ത്യയിൽനിന്നു മടങ്ങിപ്പോകുന്നതിനു മുമ്പ് ഇന്ത്യൻപട്ടാളത്തെ പല വിധത്തിലും പരിഷ്കരിച്ചു ശക്തിമത്താക്കിത്തീർക്കുകയും ഇന്ത്യയുടെ രക്ഷക്കു വേണ്ടി സൈന്യവിഷയത്തിൽ എന്തെല്ലാം ഭേദഗതികളാണു ചെയ്യേണ്ടതെന്നാലോചിക്കുവാൻ ഇന്ത്യയൊട്ടുക്കും ഒരുവട്ടം സഞ്ചരിക്കുകയും ചെയ്തു. അന്ന് ഇദ്ദേഹം നമ്മുടെ പടിഞ്ഞാറെ കരയിൽ കന്നത്താഴത്തു കൊച്ചിയിലിറങ്ങിയ അന്നത്തെ

നിസ്ഥാനിലെ ഖണ്ഡനാസിൽവെച്ച് കൊല്ലിയിലും പങ്കെടുത്തിട്ടുണ്ട്. ഇന്ത്യയിലെ സർവ്വസൈന്യാധിപതിയായിരുന്ന കാലത്ത് കിച്ചനർ പ്രഭു ചെയ്ത സൈന്യപരിഷ്കാരം നിമിത്തമാണ് ഇപ്പോഴത്തെ യുദ്ധം തുടങ്ങിയ ഉടനെ യൂറോപ്പിലെ പല പടക്കളങ്ങളിലും ഇന്ത്യൻപട്ടാളക്കാർ ധീരന്മാരായി ചെന്ന് യുദ്ധം ചെയ്വാൻ സംഗതിയായത്.

ഇന്ത്യയിലെ സൈന്യപരിഷ്കരണം കഴിഞ്ഞതിന്റെ ശേഷം ഇദ്ദേഹം കിഴക്കേ നിശ്ചയിച്ചുള്ള കമ്മിറ്റി നാട്ടുസൈന്യത്തിന്റെ തലവനായി ഒരു കൊല്ലം ഇരുന്നു. ആ കാലത്ത് ഇദ്ദേഹത്തിന് 'ഫീൽഡ് മാർഷൽ' എന്ന സ്ഥാനം കിട്ടി. ഒരു കൊല്ലം കഴിഞ്ഞതിന്റെ ശേഷം ഈജിപ്തിലെ ബ്രിട്ടീഷ് ഏജന്റായി നിയമിക്കപ്പെട്ടു. അന്ന് ഇദ്ദേഹം ഈജിപ്തിലെ ധനാഭിവൃദ്ധിക്കുവേണ്ടി ഏറ്റവും പ്രയത്നം ചെയ്തിട്ടുണ്ടെന്നുള്ളത് സർവ്വസമ്മതമാണ്. ഇപ്പോൾ നടക്കുന്ന യുദ്ധം ആരംഭിക്കുന്നതുവരെയും ഇദ്ദേഹം ഈജിപ്തിൽ തന്നെയാണ് പാർത്തുവന്നത്.

ഇപ്പോഴത്തെ യുദ്ധത്തിൽ കിച്ചനർ പ്രഭു അവർകൾ പ്രധാനമന്ത്രിയായ മിസ്റ്റർ അസ്ക്വിത്തിന്റെ ആവശ്യപ്രകാരം യുദ്ധകാര്യദർശിസ്ഥാനം സ്വീകരിച്ച് കാണിച്ചിട്ടുള്ള സാമർത്ഥ്യം സുപ്രസിദ്ധമാണല്ലോ. യുദ്ധകാര്യദർശിയായതിന്റെ ശേഷം ഒന്നാമതു ചെയ്ത പ്രസംഗത്തിൽ 'ഇപ്പോഴത്തെ യുദ്ധം മൂന്നുകൊല്ലം കാലം നിലനില്ക്കു'മെന്ന് പറഞ്ഞിട്ടുള്ളതുകൊണ്ടു തന്നെ ഇദ്ദേഹത്തിന്റെ ദീർഘദർശനശക്തി വെളിപ്പെടുന്നുണ്ട്. ഇംഗ്ലണ്ടിൽ ആദ്യം ഒരു ലക്ഷം കരസൈന്യമുണ്ടായിരുന്നതു ഒടുവിൽ ഇപ്പോൾ ൩൦ ലക്ഷമായത് ഇദ്ദേഹത്തിന്റെ സാമർത്ഥ്യംകൊണ്ടു മാത്രമാണ്. സൈന്യങ്ങൾക്കാവശ്യമുള്ള പീരങ്കി, തോക്ക്, ബോംബ്, ഉടുപ്പ്, ആഹാരസാധനങ്ങൾ, ആകാശയാനങ്ങൾ, കടൽക്കപ്പൽ, സബ്മറീൻ മുതലായ ഉപകരണങ്ങളെല്ലാം സുലഭമായി തയ്യാറാക്കിച്ചു കൊടുത്തത് ഇദ്ദേഹം തന്നെയാണ്. യുദ്ധത്തിൽ പൂർണ്ണവിജയം ലഭിക്കുന്നതിന് സൈന്യസമ്പാദനവും ധനസമ്പാദനവും ഇനിയെന്താണ് ചെയ്യേണ്ടതെന്നാലോചിക്കുവാനായി റഷ്യാചക്രവർത്തിയുടെ ക്ഷണപ്രകാരം ഈ ധീരപുരുഷൻ റഷ്യയിലേക്ക് പോകുമ്പോൾ കപ്പൽ മുങ്ങി അതിന്റെ അനുയായികളും പരിവാരങ്ങളോട് കൂടി പരലോകം പ്രാപിച്ചതു സ്മരിക്കുവാൻ കൂടി വയ്യാത്ത ഒരു സംഭവമാണ്. ഇദ്ദേഹത്തിന്റെ മരണം നിമിത്തം ബ്രിട്ടീഷുസാമ്രാജ്യത്തിന് നേരിട്ടിട്ടുള്ള നഷ്ടം ഈ അവസരത്തിൽ പ്രത്യേകിച്ചും തീർന്നാൽ തീരാത്തതു.

ഞങ്ങളുടെ വായനമേശ

൧. കേരളവർമ്മചരിത്രം ഒന്നാം ഭാഗം— (ബി. വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം. വില ൧ ക)

നമ്മുടെ കാലത്തു ജീവിച്ചിരിക്കുന്ന വിദ്വാന്മാരു വിവിധവിഷയങ്ങളെപ്പറ്റി എഴുതീട്ടുള്ളവയായ ഉപന്യാസങ്ങൾ എല്ലാ മാസികകളിലും ഉണ്ടായിരിക്കും. അങ്ങിനെ വിഭജിതമായി കിടക്കുന്ന ഉപന്യാ

സംഖ്യം തിരഞ്ഞു പിടിച്ച് വിഷയം തിരിച്ച് ചെറുതും വലുതുമായ പുസ്തകങ്ങളാക്കി പ്രസിദ്ധപ്പെടുത്തുന്നതായാൽ അവ അധികം ഉപയോഗപ്രദമാകാതിരിക്കയില്ല. വിശേഷങ്ങളായ മുത്തുമണികൾ കാടുമൂടിക്കിടക്കുന്നതായാലും നല്ലവ തന്നെ. അവ പെറുക്കി കൂട്ടിയിണക്കി മുക്താഹാരങ്ങളാക്കിത്തീർത്താലുള്ള കാന്തിയോ ഒന്നു വേറെയാണല്ലോ. കേരളത്തിലെ ഉപന്യാസങ്ങളെ സംബന്ധിച്ചേടത്തോളം നോക്കുമ്പോൾ അലങ്കാരത്തിനു മാത്രമല്ല, ആവശ്യത്തിനുതന്നെ ഇതിനെ ചെയ്യുന്നത് ഒഴിച്ചുകൂടാത്ത ഒരു കൃത്യമാണെന്നുവേണം പറയുവാൻ. ഈ സംഗതി ശരിയായി ധരിച്ച്, തിരുവനന്തപുരം ബി. വി. ബുക്ക് ഡിപ്പോ പ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രസ്തുതപുസ്തകം കേരളഭാഷാസാഹിത്യത്തിൽ ഇയ്യിടെയുണ്ടായിട്ടുള്ള നല്ല പുസ്തകങ്ങളുടെ കൂട്ടത്തിൽ ഒന്നാകുന്നു. ഇതിൽ 'മഹച്ചരിതസംഗ്രഹ'മെന്നും 'സന്മാർഗ്ഗപ്രദീപ'മെന്നും പേരായി രണ്ടു കൃതികളാണ് അടങ്ങിയിരിക്കുന്നത്. മഹച്ചരിതസംഗ്രഹത്തിൽ പല ദേശങ്ങളും പല കാലങ്ങളും ജനിച്ചു പല പ്രകാരത്തിൽ കീർത്തിനേടിയ പല മഹാന്മാരായ ഒട്ടുവളരെ സ്ത്രീപുരുഷന്മാരുടെ സംക്ഷിപ്തമായ ചരിത്രമാണ് വിഷയം. സന്മാർഗ്ഗപ്രദീപത്തിലാകട്ടെ ഈശ്വരഭക്തി, മനശ്ശുദ്ധി, മുതലായി ചെറുപ്പ കാലത്തെ പഠിക്കേണ്ടുന്ന സന്മാർഗ്ഗതത്വങ്ങളെ വിവരിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കൃതികളെപ്പററി ഇപ്പോൾ ഒന്നും വിശേഷിച്ച് പറയേണ്ടതായി തോന്നുന്നില്ല. പ്രസിദ്ധീകരണത്തെ സംബന്ധിച്ചു മാത്രം രണ്ടു വാക്ക് പറഞ്ഞുകൊള്ളുന്നു. മഹച്ചരിതസംഗ്രഹത്തിൽ ചിലരുടെ ചരിത്രം വിശേഷവിശ്രുതനായ വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചെഴുതിയവയും, ചിലത് തിരുവിതാംകൂർ ബുക്ക് കമ്മിററിയിലെ മെമ്പ്രന്മാരായ ചിലർ എഴുതിയവയുമാണെന്ന് 107 പേരുടെ ചരിത്രം മാത്രമടങ്ങിയ ഈ പുസ്തകം ആദ്യം പ്രസിദ്ധപ്പെടുത്തിയപ്പോൾ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടെഴുതിയ മുഖവുരയിൽ കാണുന്നു. പലരുമെഴുതിയതായ മഹച്ചരിതസംഗ്രഹം ഈ കേരളവർമ്മ ഗ്രന്ഥാവലിയിൽ ചേർത്തത് ഒരു തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കീട്ടുള്ള കൃതികളെപ്പോലെ 'കേരള[illegible]' എന്ന നാമധേയത്തിൽ ഒരു പുസ്തകമായി പ്രസിദ്ധം ചെയ്യാൻ ഇടവരുത്തിയിരിക്കുന്ന ബി. വി. ബുക്ക് ഡിപ്പോക്കാരുടെ ഉദ്ദേശത്തിന് അനുരൂപമായോ എന്ന് സംശയമാണ്.

൨. ശ്രീകൃഷ്ണൻ—(ഏസ്സ്. സാംബശിവയ്യർ അവർകൾ, ശ്രീനടേശവിലാസം പ്രസ്സ്, ചാല—തിരുവനന്തപുരം.)

ശ്രീഭാഗവതപ്രസിദ്ധമായ ശ്രീകൃഷ്ണചരിതത്തിലെ ചില ഭാഗങ്ങളെ വിവരിച്ചുകൊണ്ടെഴുതിയ ഒരു പുസ്തകമാണിത്. പക്ഷേ, ശ്രീകൃഷ്ണചരിതത്തിൽനിന്ന് നമുക്ക് പഠിക്കേണ്ടുന്ന ഉപദേശങ്ങളെയും മററും പററിയ വിമർശനം ഇതിൽ ചെയ്തിട്ടില്ല. പുരാണപുരുഷന്മാരുടെ കഥകളിൽ പറഞ്ഞു വിരോധമാവാത്ത ചില പുതുമകൾ വരുത്തി നല്ല മനോധർമ്മത്തോ

ടക്കൂടി എഴുതുന്ന ചെറുപുസ്തകങ്ങൾ വിദ്യാർത്ഥികൾക്കത്യാവശ്യമാണ്. ആ വക പുസ്തകങ്ങളെക്കൊണ്ടുള്ള പ്രയോജനം ഇല്ലെന്നാരും പറയുമെന്നു തോന്നുന്നില്ല. വിദ്യാർത്ഥികൾക്കുപകരിക്കേണ്ടുന്ന ഈ മാതിരി പുസ്തകങ്ങളിലെ ഭാഷ വിശേഷിച്ചും ലളിതമായും തെറ്റുകൂടാതെയും ഇരിക്കണം. ഈ ചെറുപുസ്തകത്തിൽ ആ കാര്യവും കുറെ മോശമാണ്. ഇതിലെ ഭാഷ തമിഴ് ചുവയ്ക്കുന്ന കടുത്ത മലയാളമാണ്. വാചകങ്ങൾക്ക് അത്യാവശ്യമായ പ്രസാദം എങ്ങും കാണ്മാനില്ല. 'കംസൻ ഒരു വികൃതനാണ്'; 'ആശ്ചര്യമായായി', 'ശ്രീകൃഷ്ണന്റെ അഭിനവ സാമർത്ഥ്യം' ഇത്യാദികളായ ശബ്ദപ്രയോഗങ്ങളും 'ഒഴിച്ചിക'', 'ഉണ്ണരായിക'', 'ആരുകൂട്ടകർ'. മുതലായ ക്രിയാപദപ്രയോഗങ്ങളും ഇതുപോലെ മറ്റു പല വികൃതപ്രയോഗങ്ങളും ഈ പുസ്തകത്തിൽ സുലഭമായുണ്ട്. 'മാറ്റുക്കുളം മോരക്കോലും ആ 'പൊക്കലാംഗിക്ക്' ഇല്ലാതെ പോകുമ്പോൾ ആകാശത്തിൽ നിന്നൊരു ശബ്ദം കേട്ടു' ഇതിലെ 'പൊക്കലാംഗി' 'ശകാരം' കിട്ടുവാനുള്ള യുക്തിയല്ലാതെ മറ്റെന്താണ്? അച്ചടിത്തെറ്റുകളാണെങ്കിൽ വരിക്കുവരിക്ക ധാരാളം കടന്നുകൂടീട്ടുണ്ട്. ആകപ്പാടെ നോക്കുമ്പോൾ, സാമാന്യവിദ്വജ്ജനങ്ങൾ കേരളസാഹിത്യക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ 'ശ്രീകൃഷ്ണൻ' നിത്യപൂജയും നിവേദ്യവുമില്ലാത്ത ദേവനെപ്പോലെ ശോഭിതമായ ചൈതന്യവുമില്ലാതെയാണിരിക്കുന്നത്. ചൈതന്യമില്ലാത്ത ബിംബത്തെ ജനങ്ങൾ അധികം ആരാധിക്കുമെന്നു തോന്നുന്നില്ല.

൫. പത്മിനിയും, ഭീമസിംഹന്റെ പുത്രിയും—(ഗ്രന്ഥകർത്രി ബെല്ലയിൽ ചെല്ലമ്മാൾ അമ്മ. ആവശ്യപ്പെടേണ്ടുന്ന മേൽവിലാസം പി. കേളപ്പൻ നായർ, പുസ്തകശാല, കോഴിക്കോട്. വില ൪ ണ)

ഈ ചെറുപുസ്തകങ്ങളിലടങ്ങിയിട്ടുള്ള സ്ത്രീകളുടെ കഥകളാണെന്ന പേരുകൾ ഒരു വ്യക്തമാക്കുന്നുണ്ടല്ലോ. ചരിത്രപ്രസിദ്ധമായ ഒരു സംഭവത്തെ ആസ്പദമാക്കി ആ സംഭവം നടന്ന കാലത്തുണ്ടായതായി വർണ്ണിക്കുന്ന ചരിത്രാഖ്യായികകൾ(Historical Novels)ളുടെ തോതു പിടിച്ചിട്ടാണ് ഈ രണ്ടു കഥകളും നിർമ്മിച്ചിട്ടുള്ളത്. ഇതിൽ പത്മിനിയിലെ കഥ ഡൽഹി സുൽത്താന്മാർ ഇന്ത്യയിൽ ഭരിച്ചുവന്നിരുന്ന കാലത്തും, ഭീമസിംഹന്റെ പുത്രിയിലെ സംഭവങ്ങൾ അക്ബർ ചക്രവർത്തി രാജസ്ഥാനത്തെ ആക്രമിച്ചു കാലത്തും നടന്നതായിട്ടാണ് വർണ്ണിച്ചിരിക്കുന്നത്. ഇതിൽ ഒന്നാമത്തെ കഥ മുമ്പൊരിക്കൽ 'മംഗളോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പെൺകുട്ടികൾക്കും, ബാലികമാർക്കും, ഈ ചെറുകഥകൾ വായനക്കാരെ രസിപ്പിക്കുന്നവയാണെന്ന് നിസ്സംശയം പറയാം. ഈ ഗ്രന്ഥകർത്രിയുടെ ഉത്സാഹം മേലിലും ഭംഗമാകാതെ നിലനിൽക്കുന്നതായാൽ നന്നായിരിക്കുമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയേ.

മം. പ.

മംഗളോദയം

൧൦൮൧

പുസ്തകം ൧ | മിഥുനം | ലക്കം ൧൦

മംഗളം

[illegible]

[illegible]

മഹാകാവ്യം

'മഹാകാവ്യം' എന്നുവെച്ചാൽ, നാനാതത്തിലുള്ള കാവ്യപ്രസ്ഥാനങ്ങളിലൊന്നാകുന്നു. സംസ്കൃതസാഹിത്യത്തിൽ പ്രാചീനകാലത്തുതന്നെ സുപ്രസിദ്ധങ്ങളായ അനേകം മഹാകാവ്യങ്ങൾ ഉണ്ട്. സാഹിത്യവിഷയത്തിൽ സംസ്കൃതഭാഷയോടു വളരെ ബന്ധമുള്ള ഇതരഭാഷകളിലും സംസ്കൃതമഹാകാവ്യരീതിയിലുള്ള മഹാകാവ്യങ്ങൾ ഉണ്ടാകുന്നതാണ്. എന്നാൽ ഒരു വക ഭാഷകളിലൊക്കെയും സംസ്കൃതഭാഷയിലെ മഹാകാവ്യപ്രസ്ഥാനത്തിന് ഇപ്പോൾ ഏറ്റവും പ്രചാരമുണ്ടായിട്ടുണ്ടെന്ന് ഈ സമയത്തിൽ പറ്റുമെന്നു വിചാരിക്കുന്നില്ല. മലയാളത്തെ സംബന്ധിച്ചേടത്തോളം അനേകം ഒരു ഭാഷയിലെ സാഹിത്യത്തിനും സംസ്കൃതസാഹിത്യത്തിനും,



[illegible]

ങ്ങളിലുള്ള വലുതായ സംബന്ധം മഹാകാവ്യവിഷയത്തിലും അനേകകവികളിൽ കാണാന്നുണ്ട്. പ്രാചീനമലയാളത്തിന്റെ സഹായമായിരുന്നതു ദ്രാവിഡഭാഷയാകയാൽ ദ്രാവിഡരീതിയേയും ദ്രാവിഡവൃത്തങ്ങളേയും അനുസരിച്ചുള്ള ഗ്രന്ഥങ്ങളാണ് മലയാളഭാഷാസാഹിത്യത്തിൽ ആദ്യം ഉണ്ടായത്. എങ്കിലും, കാലക്രമേണ മലയാളികൾക്കും മലയാളഭാഷയ്ക്കും സംസ്കൃതപണ്ഡിതന്മാരോടും സംസ്കൃതഭാഷയോടും ഉണ്ടായ അധികമായ സംബന്ധംനിമിത്തം സംസ്കൃതവൃത്തങ്ങളിലും സംസ്കൃതരീതിയനുസരിച്ചുള്ള കാവ്യങ്ങൾ മലയാളഭാഷയിൽ പ്രചാരപ്പെട്ടുതുടങ്ങി. ശ്ലോകങ്ങളും ഗദ്യങ്ങളും ചേർന്നുള്ള ചമ്പുക്കൾ സംസ്കൃതത്തിലെന്ന പോലെ മലയാളത്തിലും ഉണ്ടായി. രാമായണം ചമ്പു മുതലായ ഈ വക ചമ്പൂപ്രബന്ധങ്ങൾ മലയാളസാഹിത്യത്തിൽ ഒരു പ്രത്യേകസ്ഥാനത്തെ അർഹിക്കുന്നവയാണ്. സംസ്കൃതവൃത്തങ്ങളിലെഴുതീട്ടുള്ള പദ്യപ്രബന്ധങ്ങളും മലയാളഭാഷയിൽ ഉണ്ടായിട്ടുണ്ട്. ചന്ദ്രോത്സവം, ഉണ്ണുനീലിസന്ദേശം, ശ്രീകൃഷ്ണവിലാസം മുതലായി ഈ രീതിയിലുള്ള കാവ്യങ്ങളും മലയാളത്തെ ഭൂഷിപ്പിക്കുന്ന രത്നങ്ങളായിട്ടു ശോഭിക്കുന്നുണ്ട്. എന്നാൽ സംസ്കൃതത്തിലെ മഹാകാവ്യപ്രബന്ധങ്ങളോടു കിടനില്ക്കുന്നവയെന്നു നിസ്സംശയം സമ്മതിക്കപ്പെടുന്ന കാവ്യങ്ങൾ നമ്മുടെ പ്രാചീനസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ആ ഭാഗ്യം നമ്മുടെ ഭാഷയ്ക്കു ലഭിച്ചതു അർവ്വാചീനകാലത്താകുന്നു.

കേരളകാളിദാസനെന്നു കേൾവിപ്പെട്ട മഹാകവി വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലം മുതല്ക്കിങ്ങോട്ടു ഭാഷയ്ക്കും ഭാഷാസാഹിത്യത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചിരിക്കുന്നു. അന്നു മുതൽക്കാണ് സംസ്കൃതത്തിലുള്ള വിവിധകാവ്യപ്രബന്ധങ്ങൾ മലയാളത്തിലും ഉണ്ടായിത്തുടങ്ങിയത്. അന്നുമുതൽക്കാണ് നമ്മുടെ ഭാഷയിൽ സംസ്കൃതരീതിയിലുള്ള നാടകങ്ങളും, പ്രകരണങ്ങളും മുതലായ ദൃശ്യകാവ്യങ്ങളും ശ്രവ്യകാവ്യങ്ങളുടെ കൂട്ടത്തിൽപ്പെടുന്ന അനേകം കൃതികളും ആവിർഭവിക്കുവാൻ തുടങ്ങിയത്. ആധുനികന്മാരുടെ കൃതികൾ സംസ്കൃതത്തിൽനിന്നു തർജ്ജമയായും സ്വതന്ത്രകൃതികളായും ആധുനികഭാഷാസാഹിത്യത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്. വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ കാലത്തു പ്രസിദ്ധമലയാളി, കേരളപ്രിയൻ, വിദ്യാവിനോദിനി എന്നീ മൂന്നു സംസ്ഥാനങ്ങളിൽ ജീവിച്ചിരുന്ന് ഇതിനിടയിൽ പരലോകം പ്രാപിച്ചവരും ഇപ്പോഴും ജീവിച്ചിരിക്കുന്നവരുമായ അനേകം കവികൾ സംസ്കൃതത്തിലെ വിവിധകാവ്യപ്രബന്ധങ്ങൾ മലയാളത്തിൽ പ്രചാരം വരുത്തിയവരെന്ന സ്തുതിയെ അർഹിക്കുന്നവരായിട്ടുണ്ട്. എന്നാൽ, ആ വിധമുള്ള മഹാകവികളിൽ അഗ്രഗണ്യന്മാരായ ചുരുക്കംപേർ മാത്രമേ മഹാകാവ്യനിർമ്മാണകുശലന്മാരായിട്ടുള്ളൂ. അവരുടെ മഹാകാവ്യങ്ങൾ ഉണ്ടായത് എത്രയും അർവ്വാചീനമായ കാലത്താണല്ലോ. മലയാളത്തിൽ ഇപ്പോൾ രാമചന്ദ്രവിലാസം, രുക്മാംഗദചരിതം, ഉമാകേരളം, ചിത്രയോഗം, പാണ്ഡവോദയം, കേശവീയം മുതലായി എത്രയോ സ്വതന്ത്രമഹാകാവ്യങ്ങളും, [illegible] ആംഗലസാമ്രാജ്യം

മുതലായ ചില സംസ്കൃതമഹാകാവ്യങ്ങളുടെ തർജ്ജമകളും ഉണ്ടായിട്ടുണ്ട് എന്നു സുപ്രസിദ്ധമാണല്ലോ.

ഈ വിധം ചില മഹാകാവ്യങ്ങൾ ഉണ്ടായിട്ടുകൂടി മഹാകാവ്യത്തിന്റെ ലക്ഷണത്തേയും മറ്റും വിവരിക്കുന്നതായ ഒരു ഗ്രന്ഥം നമ്മുടെ സാഹിത്യശാസ്ത്രത്തിൽ ഉണ്ടാവാഞ്ഞതു തീർച്ചയായും വ്യസനിക്കത്തക്ക ഒരു സംഗതിയാകുന്നു. ഭാഷയിൽ സാഹിത്യഗ്രന്ഥങ്ങൾ കുറവായിരുന്നതോടുകൂടി ആ ഗ്രന്ഥങ്ങളുടെയും കാവ്യപ്രസ്ഥാനത്തെ അനുസരിച്ചാണ് ചാതുര്യം അലങ്കാരശാസ്ത്രഗ്രന്ഥങ്ങളും ഉണ്ടാകുന്നതാണ്. മലയാളഭാഷയിൽ മാത്രം ഈ നിയമം സാധുകരിക്കുന്ന വിധമല്ല കാണുന്നത്. സംസ്കൃതത്തിൽ നിന്നു മുതലും ശ്രവ്യങ്ങളും ആയ പലമാതിരി കാവ്യങ്ങളും ഉള്ളതുപോലെ തന്നെ അവയുടെ ലക്ഷണനിരൂപണം ചെയ്യുന്ന പല സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും ഉണ്ട്. ഭാഷയിൽ കാവ്യങ്ങളെ നിരൂപണം ചെയ്യുന്നതായ ഗ്രന്ഥങ്ങളുടെ അലങ്കാരഗ്രന്ഥങ്ങൾ സംസ്കൃതത്തെ അനുസരിച്ചോ സംസ്കൃതത്തിൽനിന്ന് ചില ഭേദഗതികളോടുകൂടി തർജ്ജമ ചെയ്തോ ഉണ്ടാക്കിയവയാണ്. എന്നാൽ, കാവ്യങ്ങളുടെ ദൃശ്യശ്രവ്യവിഭാഗപ്രകരണം അവയുടെ അലങ്കാരഗ്രന്ഥങ്ങളിൽ എങ്ങും കാണുന്നില്ല. മഹാകാവ്യലക്ഷണങ്ങളെ വിവരിക്കാത്തതിനെപ്പറ്റി മാത്രമല്ല ഞാൻ പറയുന്നത്. സംസ്കൃതത്തിലുള്ള നാടകം മുതലായ ദൃശ്യകാവ്യങ്ങൾ മലയാളത്തിൽ കുറെക്കാലം മുമ്പുതന്നെ സുലഭമായിത്തീർന്നിട്ടുകൂടി ആ പ്രകരണത്തിൽ ഒന്നും വിവരിക്കാതെയിരിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

ഭാഷയിൽ അലങ്കാരശാസ്ത്രത്തിനു ഇത്രനാളായിട്ടും വന്നുചേരുന്ന ഒരു ന്യൂനത സാഹിത്യരസജ്ഞന്മാർ ആരും പരിഹരിക്കപ്പെടുത്തുന്നില്ല. കുറച്ചു കാലം മുമ്പ് പ്രസിദ്ധരായ കേരളീയകവികൾ തങ്ങളുടെ ഭാഷയിൽ കാവ്യത്തിനു മാറ്റുകൂട്ടി മഹാകാവ്യങ്ങളെ ഉണ്ടാക്കിത്തീർക്കണമെന്ന് ആഗ്രഹിക്കുന്ന കാലത്ത് ഇങ്ങനെ ഭാഷയിലുള്ള കാവ്യങ്ങൾക്ക് ഇതിന്റെ ലക്ഷണങ്ങൾ അറിവാൻ വേണ്ടുന്ന വിശദമായിപ്പറയുന്ന ലക്ഷണഗ്രന്ഥങ്ങൾ ഇല്ലല്ലോ. അതിനാൽ പല കാവ്യങ്ങളുടെയും തോത് മനസ്സിലാക്കുന്നതിൽ ആർക്കും സാധിക്കുന്നില്ല. സംസ്കൃതത്തിലുള്ള അലങ്കാരഗ്രന്ഥങ്ങൾ പഠിച്ച് വിവിധ കാവ്യപ്രസ്ഥാനങ്ങളുടെ ലക്ഷണങ്ങൾ ശരിയായി ധരിച്ചിട്ടുള്ള പണ്ഡിതകവികൾക്ക് ഈ ന്യൂനത ഉണ്ടാകുന്നതല്ലായിരിക്കാം. എന്നാൽ, അങ്ങിനെയുള്ള കവികൾ ഇപ്പോൾ 'കവിതക്കളരിത്തിണ്ണ'യിൽ എത്രയും ചുരുക്കമാണെന്ന നിസ്സംശയം പറയാം. ഇക്കാലത്തെ കവികളിൽ സുപ്രസിദ്ധന്മാരായ ചിലരെക്കുറിച്ചാൽ മാത്രമേ ഉള്ളവരിൽ ഒരു വലിയ പങ്ക്,

'നന്നായുള്ളതലങ്കാരവൃത്തവ്യാകരണാദികൾ

അറിഞ്ഞിട്ടില്ലപോലും ഞാൻ

കല്പനാഗുണശാലിയാം കവിയത്രേ പണ്ഡിതൻ

എന്തിനാണിന്നതൊക്കെയും

ഉന്നിക്കാണുന്നതൊന്നുമേ കവിതയ്ക്കുതകില്ല

താനേ സമ്പ്രാപ്യമാകുന്നു'

എന്ന പദ്യങ്ങളിൽ വെളിവാക്കിയ അഭിപ്രായക്കാരൻ പറഞ്ഞ അഭിപ്രായത്തെ അനുകരിക്കുന്നവരാണ്. എന്നാൽ ആ മഹാകവിതന്നെ 'എന്നാൽ മനസ്സിലാക്കാനിതിയിവർ ഇതുമാത്രമാകിൽ നന്നായി

ണ്ടു് എന്നുപറഞ്ഞ ഉപദേശിക്കുന്ന അവരാരും കണ്ടുമുട്ടുമെന്ന തോന്നുന്നില്ല. ഇങ്ങിനെ, പ്രതിദിനം വർദ്ധിച്ചുവരുന്ന കവികണ്ഠത്തോടെ ഉണ്ടാകുന്ന സാഹിത്യസമ്പാദനത്തിന് ഒരു വിഘ്നമെങ്കിലുമില്ലാതെ താണിപ്പോളിരിക്കുന്നത്. ഇതാണ്, പരിപുഷ്ടമായ സാഹിത്യശാസ്ത്രത്തിന്റെ അഭാവംകൊണ്ടുള്ള ഒന്നാമത്തെ ദോഷം.

രണ്ടാമത്തെ ദോഷം, ഗ്രന്ഥനിരൂപണംചെയ്യുന്ന വിമർശകന്മാർക്കു ഖണ്ഡനാർഹമായ ചെറുഗ്രന്ഥങ്ങൾ ഒഴികെ കാവ്യങ്ങളുടെ മർമ്മങ്ങളും രഹസ്യങ്ങളും അറിവാൻ വഴിയില്ലായ്കയാൽ കവികളേയും കാവ്യങ്ങളേയും സംബന്ധിച്ച പല തെറ്റിദ്ധാരണകൾക്കും ഇടയാകയും സ്ഥാനികമായ അഭിനന്ദനത്തിനും അനുമോദനത്തിനും ഇടയാകാതെപോകയും ചെയ്യുന്നു എന്നുള്ളതാണ്. ഈ ദോഷത്തിന്റെ കാഠിന്യം നമുക്ക് ഉപലക്ഷിക്കാവുന്നതിലും ഇലേറെ അധികമാണ്. ദൃശ്യകാവ്യം, ശ്രവ്യകാവ്യം, മഹാകാവ്യം, ഖണ്ഡകാവ്യം എന്നൊക്കെപ്പറയുന്ന കാവ്യപ്രസ്ഥാനങ്ങളുടെ സ്വരൂപമെന്തെന്നും, അവയ്ക്കു പരസ്പരമുള്ള സംബന്ധം എന്തൊക്കെയാണെന്നും ധരിക്കാതെയാണ് പല വിമർശകന്മാരും ഗ്രന്ഥനിരൂപണങ്ങളെഴുതുന്നതെന്നു പല ലക്ഷ്യങ്ങളെക്കൊണ്ടും തെളിഞ്ഞിരിക്കുന്നു. പാശ്ചാത്യകാവ്യപ്രസ്ഥാനങ്ങളുടെ തോതു പിടിച്ചിട്ടാണ് പലരും പൌരസ്ത്യകൃതികളെപ്പറ്റി അഭിപ്രായപ്പെടുന്നതെന്നു തോന്നുന്നു. ഇതിനു കാരണം പൌരസ്ത്യകാവ്യപ്രസ്ഥാനങ്ങളെസ്സംബന്ധിച്ച ശരിയായ അറിവില്ലായ്കയാണെന്നു പറയേണ്ടതില്ലല്ലോ. മഹാകാവ്യം എന്നുവെച്ചാൽ സർഗ്ഗബദ്ധ ദീർഘങ്ങളായ കാവ്യങ്ങൾ മാത്രമാണെന്നു ധരിച്ച് ഒരു രസികൻ നാടകകാവ്യത്തെ 'മഹാകാവ്യ'മെന്നപ്പേരിട്ടുകൊണ്ട് ഉപദേശിക്കാറു കാണുന്നു. ഒരു മഹാകാവ്യത്തിന്റെ ശരിയായ സ്വരൂപം എന്താണെന്നറിയുമ്പോൾ ഈ ഉപദേശകന്റെ അജ്ഞത എത്രത്തോളമെന്നു മനസ്സിലാവുന്നതാണ്. ഇങ്ങിനെയുള്ള ദോഷങ്ങളുടെ സമാധാനത്തോടുകൂടിയ ഒരു വിദ്യാർത്ഥികളും മറ്റും കാവ്യപാഠത്തിനു ഉപയോഗിക്കണം. പരീക്ഷകളിലാകട്ടെ വിദ്യാർത്ഥികളോടു കാവ്യങ്ങളുടെ സ്വരൂപത്തെ വിഭാഗങ്ങളേയും മറ്റും പറ്റിയുള്ള ചോദ്യങ്ങൾ പരീക്ഷകന്മാർ ചോദിക്കയും ചെയ്യുന്നു. അതുകൊണ്ട് ഒട്ടേറെ വിദ്യാർത്ഥികൾ തെറ്റുചെയ്കയും ചെയ്യുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു നമ്മുടെ ഭാഷയിൽ കാവ്യവിഭാഗങ്ങളേയും മറ്റും പറ്റിയ ഗ്രന്ഥങ്ങളില്ലാത്തതുകൊണ്ടു സാഹിത്യത്തിനു നേരിടുന്ന ദോഷങ്ങൾ വെളിവായല്ലോ. ഈ ന്യൂനത തീർക്കാൻ ശ്രമിക്കേണ്ടതു വിദ്വാന്മാരുടെ കടമയാണ്. പ്രകൃതത്തിൽ, മഹാകാവ്യം എന്ന പ്രസ്ഥാനത്തിന്റെ ലക്ഷ്യലക്ഷണനിരൂപണം ചെയ്യുന്നതിനാണ് ഞാൻ ഉദ്യമിക്കുന്നത്. ഇതിനെസ്സംബന്ധിച്ച ഉപന്യാസങ്ങൾ ക്രമേണ 'മംഗളോദയ'ത്തിൽ എഴുതാമെന്നു വിചാരിക്കുന്നു.

കെ. വി. എം.

കേരളത്തിലെ രക്ഷാപുരുഷന്മാർ

I

കാലംമുതൽ കേരളരാജാക്കന്മാർ പരമ്പര യായി ഒരു ഇരിപ്പിടസ്ഥാനമായിരുന്നുവെന്നുള്ളതി നെ ഒന്നാമതായി 'ചിലപ്പതികാരം'കൊണ്ടും 'മണിമേഖല'കൊണ്ടും കാണുന്നു. അതു താൻ ഈ പുതിയ ഗ്രന്ഥകാരന്മാരെ സ മ്മതിക്കേണ്ടിയും 'കേരളപുത്രൻ' എന്ന സ ത്യപുത്രനാമത്തെപ്പറ്റിയും മറ്റു വിദേശീയ ന്മാർ ആ പദത്തിനുള്ള വികാരമാണെന്നു ഊഹിക്കാവുന്ന ചില ശബ്ദങ്ങളെക്കൊണ്ടുമാ ണ് നിശ്ചയിച്ചിരിക്കുന്നതെന്നും പല ലക്ഷ്യ ങ്ങളാലും സ്പഷ്ടമാകുന്നു. അതിനുംപുറ മെ ക്രിസ്തുവർഷാരംഭത്തിനു മുമ്പു നാലാം ശതാബ്ദമായ കലി 28..ാം വർഷത്തോ ളിൽ വലിയ ശക്തനായ 'അലക്സാണ്ടർ' എന്ന യവനചക്രവർത്തി വടക്കേ ഇന്ത്യ യിൽ ചില ഭാഗങ്ങൾ ആക്രമിക്കുകയും ഭരണം നടത്തിപ്പോകയും അതിനുശേഷം കലി 2796-നും 2810-നും ഇടയ്ക്ക് 'സെല്യൂക്കസ് നിക്കേറ്റർ' എന്നാളുടെ ദൂതനായി 'മെഗ സ്തനീസ്'[1] എന്നൊരാൾ പാടലിപുത്ര ത്തിലെ രാജസഭയിൽ പാർക്കയും ചെയ്തിട്ടുണ്ടെ ന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ആ മെ ഗസ്തനീസ് തെക്കേ ഇന്ത്യയെപ്പറ്റിയും ചില വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നു ണ്ട്. അതിൽ തെക്കേ ഇന്ത്യയിൽ അക്കാ ലത്തുണ്ടായിരുന്ന രാജാക്കന്മാരെക്കുറിച്ചു പ്ര സ്താവിക്കുന്ന കൂട്ടത്തിൽ ഇതിനെ പറ്റി ക്കുന്നു—"ചേരന്മാരുടെ രാജ്യം സാമാന്യ ന്ത്യ, മലബാർ എന്നെല്ലാം പറയുന്ന രാജ്യ മാണ്. ഈ രാജ്യത്തു വളരെ വിശേഷപ്പെട്ട പട്ടണമുണ്ട്. പട്ടണത്തിന്റെ ചുറ്റും ആഴമു ള്ള കിടങ്ങുകളും അതിൽ നിറച്ച് ആഴപ്പി ടിയൻ മുതലകളുമുണ്ട്. പട്ടണത്തിനുള്ളി ലേക്ക് കടപ്പാൻ ഒരു മാർഗ്ഗമാത്രം കിട ങ്ങിന്റെ മീതെ വലിയ ഒരു കെട്ടുപാലമു ള്ളതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ആ രാജ്യത്തു തന്നെ 'സുവർണ്ണമല' എന്ന പേ രായി വിശേഷപ്പെട്ട മറ്റൊരു പട്ടണവു ണ്ട്. ആ പട്ടണം ആഴ്ചതോറും നാട്ടുകാർ വന്നു ചേരുന്ന ഒരു സ്ഥലമാണ്. അവിടെ വി ശേഷാലങ്കാരമായി കച്ചവടം നടത്തുന്ന തിനു നല്ല സൗകര്യവുമുണ്ട്. ഈ രാജ്യ ത്തെ രാജാവിന് 1600 ആനപ്പടയും 150000 കാലാൾപ്പടയും 5000 കുതിരപ്പടയും ഉള്ള താകുന്നു. ഈ രാജ്യം കഴിഞ്ഞാൽ പി ന്നെ പാണ്ഡ്യരാജ്യത്തിലെ 'ചോഴ' രാജാവിന്റെ രാജ്യമായി. ആ രാജാവിനു 60 ആനക ളേ ഉള്ളൂ. എന്നു മാത്രമല്ല ആ രാജാവി ന്റെ ശക്തി മറ്റൊരുവിധത്തിലും നിസ്സാ രമായിത്തീർന്നിരിക്കുന്നു. പിന്നത്തെ രാജ്യം 'പാണ്ഡ്യാ' ആണ്. ഇന്ത്യയിൽ ഈ ഒരു രാജ്യം മാത്രമേ സ്ത്രീകൾ ഭരിക്കുന്നതായിട്ടു ള്ളൂ. ഹെർക്കുലീസിന് ഒരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും അച്ഛനി ന്നും ആ പുത്രിയിൽ അതിയായ വാത്സ ല്യമുണ്ടായിരുന്നു എന്നും ഉത്തമമായ ഒ രാജ്യം ഹെർക്കുലീസ് മകൾക്കായി കൊ ടുത്തതാണെന്നും ആ നാട്ടുകാർ പറയു ന്നു. അവിടത്തെ രാജ്ഞിയുടെ കീഴിൽ ക്കാർ 360 പട്ടണങ്ങളും ഭരിക്കുന്നുണ്ട്. അവിടെ 150000 കാലാൾപ്പടയും 500 ആനപ്പടയുമുണ്ട്."[2]

മെഗസ്തനീസിന്റെ മേൽപ്പറഞ്ഞ വി വരണത്തിൽ കാണുന്ന പട്ടണങ്ങളെ, സ്ഥ ലങ്ങളെ, മാർഗ്ഗങ്ങളെ, സുവർണ്ണമല, ചി

[1] ഗ്രീക്കുകാരൻ ഒരു ചരിത്രകാരൻ 'മെഗ സ്തനീസ്', മദ്രാസ് ഏഷ്യാറ്റിക് ...

ള്ളാ, പാണ്ഡ്യാ എന്ന ശബ്ദങ്ങൾ ക്രമത്തിൽ ചോളശബ്ദം, സത്യപുത്ര, കേരളിത, ആറുവമല, ചേരമാൻ, പാണ്ഡ്യ എന്ന പദങ്ങളുടെ വികൃതരൂപങ്ങളാവാനേ വഴിയുള്ളൂ. 'കേതലപുത്ര' എന്ന പദത്തെ 'പ്ലിനി' എന്ന പഴയ വിദേശഗ്രന്ഥകാരന്മാരും കെല്ലബോത്രോ, കെപ്രബോത്രോ എന്നിപ്രകാരമുള്ള വികൃതരൂപത്തിലാക്കിക്കാണുന്നതുകൊണ്ടു ഇതിനെ ഉദ്ധരിപ്പാൻ മതിയായ ദൃഷ്ടാന്തമായിട്ടുണ്ട്. ഫാലിതവംശക്കാരായ ബാണവാസിയിലെ രാജാക്കന്മാർ ഈ വംശത്തിലുണ്ടായ ചിലരുടെ പ്രാധാന്യംനിമിത്തം ചുളശബ്ദവാച്യന്മാരെന്നും സത്യപുത്രന്മാരെന്നും പേർകളുണ്ടായിരുന്നുവെന്നുമറിപ്പാൻ അശോകശാസനം മുതലായി ചില ലക്ഷ്യങ്ങൾ തന്നെയുണ്ട്. ഈ വഴിക്ക നോക്കുമ്പോൾ ഫാലിതരാജാക്കന്മാരുടെ രാജ്യവും പാണ്ഡ്യരാജ്യവും അക്കാലത്തു വലിയ ഉൽകൃഷ്ടസ്ഥിതിയിലായിരുന്നുവെന്നും, പാണ്ഡ്യരാജ്യം ഒരു രാജ്ഞിയാണ് ഭരിച്ചിരുന്നതെന്നും, ചേരരാജ്യം വളരെ ഔന്നത്യത്തെ പ്രാപിച്ചിരുന്നതിനു പുറമെ ആവിടെ രാജാവിന്റെ ശക്തിക്കടങ്ങിയായി ചില ശക്തിപൌരന്മാരും ഉണ്ടായിരുന്നുവെന്നും മെഗസ്തനീസ്സിന്റെ വിവരണത്താൽ തെളിയുന്നതാണല്ലോ. ഈ വക സംഗതികൾകൂടി കേരളത്തെ ആദികാലങ്ങളിൽ ക്ഷത്രിയന്മാരായ ശ്രേഷ്ഠന്മാരും പിന്നെ പരദേശത്തുനിന്ന കൊണ്ടുവന്ന പല വൈശ്യകർമ്മക്കാരും ഭരിച്ചുവന്നിരുന്നു എന്നും മറ്റും കേരളീയരുടെയിടയിൽ പ്രസാദമായി പ്രസിദ്ധപ്പെട്ടുകിടക്കുന്ന ഐതിഹ്യവും കേരളോല്പത്തിയിൽ കാണുന്ന ഈ വക കഥകളിലെ ചില ഭാഗങ്ങളും കുറിച്ചുള്ളതു നോക്കിയാൽ താഴെ പറയുന്നവിധം അനുമാനിക്കാവുന്നതാണ്:—

ആദിചേരരാജാക്കന്മാരുടെ വംശം കൊല്ലവർഷാരംഭത്തിന് ആയിരത്തോളം വത്സരത്തോളം മുമ്പിൽതന്നെ അസ്തപ്രായമായിട്ടു മക്കത്തായം അവസാനിച്ചു. കൊങ്ങനാട്ടുമൂഷകന്മാരും അക്കാലത്തുതന്നെ ഗംഗവംശരാജാവിന്റെയും ഇരുപതും കടകം ഫാലിതവംശരാജാവിന്റെയും ആധീനത്തിലായി; മലനാട്ടിൽ സമുദായഭ്രംശവും തുടങ്ങി. * ഈ സമുദായങ്ങളെ സംബന്ധിച്ച് ആദ്യഭ്രംശമായിരായ നമ്പൂതിരിമാരും ചേർന്ന് കേരളത്തിൽ വരുന്നതിനു മുമ്പുതന്നെ ഇവിടെ കടിയേറിപ്പാർത്തിരുന്ന നാഗവംശക്കാരുടെ തലയിൽ ആശ്രിതരായ ചില വർഗങ്ങളെ

* [illegible]

യി. അതിൽ ആദ്യം നാഗവംശക്കാർ ജയിച്ചുവെങ്കിലും ആര്യബ്രാഹ്മണർ ക്രമേണ നാഗന്മാരിൽ പലരെയും നയംകൊണ്ടും ബന്ധുതകൊണ്ടും സ്വാധീനപ്പെടുത്തിയും ചിലൎക്ക് ഇല്ല്യപ്രായംതന്നെ അനുവദിച്ചു വശീകരിച്ചും തങ്ങളിൽത്തന്നെ പലരും ആയുധാഭ്യാസം സ്വീകരിച്ചും ഒടുവിൽ പ്രബലന്മാരായിത്തീൎന്നു. പിന്നെയും കീഴടങ്ങാത്ത ചിലരെ ബലാൽക്കാരേണകൊണ്ടും കീഴടക്കി. പ്രാബല്യം സ്ഥിരപ്പെടുത്തുന്നതിനായും സമാധാനരക്ഷയ്ക്കുവേണ്ടി മറ്റോരോ വർഗ്ഗക്കാരുടെ പ്രത്യേകപ്രതിനിധികളെന്ന നിലയിൽ രക്ഷാപുരുഷന്മാരായ അച്ചിയാതിരിമാരെ അവരോധിച്ചു. അവരും പ്രധാനമന്ത്രിയുംകൂടി രാജ്യം നടത്തുന്നതിനും നിശ്ചയിച്ചു. രക്ഷാപുരുഷന്മാൎക്കു മുമ്മൂന്നു സംവത്സരം കൂടുമ്പോൾ മാറ്റവും ഏർപ്പെടുത്തി. ഇങ്ങിനെ മൂന്നോ നാലോ വത്സരങ്ങൾ കഴിഞ്ഞപ്പോഴെക്ക് ആദ്യമുണ്ടായിരുന്ന സമ്പ്രദായമെപ്പാടെ മാറിപ്പോയി. രക്ഷാപുരുഷന്മാരോ അച്ചിയാതിരിമാൎക്ക് [illegible] തൻകാര്യമായിത്തീൎന്നു. മൂന്നുസംവത്സരംകൊണ്ട് എത്രത്തോളം പണം സമ്പാദിക്കാൻ സാധിക്കുമെന്നുമാത്രം അവർ നോക്കിത്തുടങ്ങി. പലമാതിരി അന്തഃഛിദ്രങ്ങൾ ബ്രാഹ്മണർതമ്മിൽത്തന്നെയും ഉണ്ടായിരുന്നു. നാട്ടുകാൎക്കുപദ്രവം വർദ്ധിച്ചു. രക്ഷാപുരുഷന്മാൎക്കിടയിൽ ചില ശക്തികളും ഉണർവിച്ചു. രാജ്യമെന്നും കഴിഞ്ഞ രക്ഷാപുരുഷന്മാരുടെ വംശക്കാരായ ബ്രാഹ്മണപ്രമുഖന്മാർതന്നെ അപ്പോഴത്തെ രക്ഷാപുരുഷന്മാൎക്കു വിപരീതമായ കക്ഷിയിൽ പ്രധാനന്മാരായിത്തീൎന്നതോടുകൂടി രക്ഷാപുരുഷന്മാരും മറ്റു ബ്രാഹ്മണരും നാട്ടുകാർ മറുഭാഗവുമായി കലഹവും തുടങ്ങി. ഇങ്ങിനെ അല്പകാലം കഴിഞ്ഞപ്പോൾ നിവൃത്തിയില്ലാതെ എല്ലാവരുംകൂടി ഒരു പുതിയ രാജാവിനെ കൊണ്ടുവരുവാൻ നിശ്ചയപ്പെടുത്തി. ചേരരാജ്യത്തിന്റെ ഒരു ഭാഗമായിരുന്ന കൊങ്ങുനാട് ഭരിച്ചുവന്നിരുന്ന ഗംഗാവംശരാജാക്കന്മാരിൽ ഒരാളെത്തന്നെ മലനാട്ടു പെരുമാളാക്കി സ്വീകരിച്ചു. ചേരനാട്ടിലെ രാജാവ് ഈ സ്ഥാനത്തിൽ വന്നതു മുതൽക്കുള്ള പെരുമാക്കന്മാരെയും ചേരരാജാക്കന്മാരെന്നു പറഞ്ഞുവരികയും ചെയ്തു. ഈ രാജാവുതന്നെ കല്പിക്കുന്നതായാൽ അന്നുള്ള ജനങ്ങൾക്കധികാരവും സ്വാതന്ത്ര്യം അങ്ങിനെതന്നെ രാജാവിനെ [illegible] കല്പിക്കുന്നതായാൽ അല്പം ചില [illegible]ളിലും ഉണ്ടാകുമെന്നും ബ്രാഹ്മണർ [illegible] രക്ഷാപുരുഷന്മാർ കൂടിയിരുന്നാലോചിച്ചു. ആ രാജാവിനെ ക്ഷണിച്ചു വരുത്തി സ്ഥാപിച്ചു തീർച്ചയാക്കിയതെന്നും ചേരമാന്മാരുടെ കാലത്തു രക്ഷാപുരുഷന്മാർക്കുണ്ടായിരുന്ന സ്ഥിതിയുടെ വിവരണത്തിൽനിന്നറിയാവുന്നതാണ്.

എ. കെ. പി.

കാലപൎവ്വം.

നാലാമദ്ധ്യായം

മന്ത്രണം.

സന്ധ്യയ്ക്കുള്ള പ്രാൎത്ഥന കഴിഞ്ഞശേഷം, സോമേശ്വരചക്രവൎത്തി അന്തഃപുരത്തിൽ പ്രവേശിച്ചു. ഭോഗമഹാദേവി സന്തോഷം കൈകൊണ്ടതുപോലെ അദ്ദേഹത്തിനു ശുശ്രൂഷകൾ ചെയ്തുതുടങ്ങി. ഭോഗമയുടെ സന്തോഷാധിക്യം കണ്ടപ്പോൾ ഇന്ന് അവൾക്ക് എന്തോ വിശേഷിച്ചു പറവാനുണ്ടെന്നു ചക്രവൎത്തിക്കു മനസ്സിലായി. 'ഇന്നു ഗംഗയിലെ പ്രവാഹം കണ്ടുവോ' എന്ന് അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു.

ഭോഗമ— ചന്ദ്രൻ ഉദിച്ചിരിക്കുന്നു എന്നു കേട്ടു.

ചക്രവൎത്തി— ചന്ദ്രൻ ദിവസേന ഉദിക്കുന്നതല്ലേ. പ്രവാഹം നിത്യവുമുണ്ടോ?

ഭോഗമ— ഇന്നു തിഥി ഏതാണ്?

ചക്രവൎത്തി— ഞാനും തിഥിയുടെ കാൎയ്യം തന്നെയാണ് പറയുന്നത്. വൎത്തമാനങ്ങൾ എന്തെല്ലാമാണ്?

ഭോഗമ— ഞാൻ എന്താണ് പറയേണ്ടത്? അന്യന്മാരുടെ വൎത്തമാനം പറഞ്ഞിട്ടു കാൎയ്യമില്ലല്ലോ. വീട്ടിലെ കാൎയ്യം കൂടി നോക്കേണ്ടേ? മകളുടെ വിവാഹം കഴിഞ്ഞിട്ടില്ലല്ലോ!

ചക്രവൎത്തി— മോളിക്ക് അനുരൂപനായ ഒരു വരനെ കണ്ടുകിട്ടാഞ്ഞിട്ടല്ലേ വിവാഹം നടക്കാത്തത്? ശൈവവംശത്തിൽ യോഗ്യനായ ഒരുവനെ ഞാൻ കണ്ടില്ല.

ഭോഗമ— അനുരൂപനായ വരനെ ഞാൻ കണ്ടുവെച്ചിട്ടുണ്ട്. അതു മുമ്പു തന്നെ നാമധേയം ഞാൻ ആളെ പറയാം.

ചക്രവൎത്തി— നല്ലത്. അവൾ തിരഞ്ഞ മകളാണ്. ഉചിതമായ വരനാണെന്നു നിനക്ക് അനുഭവമെങ്കിലും ബോദ്ധ്യപ്പെട്ടാൽ അത് ഏറ്റവും നന്നായി. അവൻ ആരാണെന്ന് എനിക്കു കേൾക്കാമോ?

ഭോഗമ— അങ്ങയുടെ രാജ്യധാനിയുടെ അദ്ധ്യക്ഷനായ കാലചന്ദ്രരാജൻ തന്നെ.

'എന്താണ് പറയുന്നത്' എന്നു പറഞ്ഞു ചക്രവൎത്തി കുറച്ചുനേരം മൌനമായിരുന്നു. കുറേനേരം എന്തോ ആലോചന ചെയ്തതിന്റെ ശേഷം അദ്ദേഹം പറഞ്ഞു.— 'പ്രിയേ! കാലചന്ദ്രൻ വിനയം വിശേഷബുദ്ധി സൌന്ദൎയ്യം സൽഗുണം തികഞ്ഞവനാണ്. അവൻ യോഗ്യനായ ഒരു ഉത്തമ വരനാണെന്നുള്ളതിനു സംശയമില്ല. എന്നാൽ, അവൻ ഹിന്ദുവാണ്, ബ്രാഹ്മണനാണ്. പട്ടാണിയുടെ

മക്കളെ വിവാഹം ചെയ്യാൻ ഒരുവന് ആഗ്രഹമുണ്ടാകുമോ? നാം വിവാഹം ചെയ്യുന്നതായാൽ നമ്മൾ രണ്ടാൾ മാത്രമേ സ്വീകരിക്കേണ്ടിവരൂ.'

'പട്ടാണികളും ഹിന്ദുക്കളും തമ്മിൽ ഇതിനുമുമ്പു വിവാഹമൊന്നും നടന്നിട്ടില്ലേ' എന്നു ഗോപാൽ ചോദിച്ചു. ചക്രവർത്തി ചിരിച്ചുകൊണ്ടു പറഞ്ഞു. 'വിവാഹങ്ങളും നടന്നിട്ടുള്ളതു ശരിയാണ്' എങ്കിലും—'

ഗോപാൽ—എങ്കിലും എന്നു പറഞ്ഞിട്ടു കാര്യമില്ല. ഈ വിവാഹം നടത്താതെ കഴിയുമെന്നു തോന്നുന്നില്ല. ദുലാരി അവരെ തമ്മിൽ സമ്മതിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.'

'ആരു പറഞ്ഞു?' എന്നു പെട്ടെന്നു ചക്രവർത്തി ഞെട്ടിപ്പോയി ആശ്ചര്യമുള്ളതുപോലെ ചോദിച്ചു. 'കാര്യം ഇത്ര ദൂരമായോ?'

ഗോപാൽ ചിരിച്ചുകൊണ്ടു പറഞ്ഞു— 'ഈ കാര്യം ഞാൻ വിചാരിക്കുന്നതിലധികം കവിഞ്ഞിരിക്കുന്നു'.

ചക്രവർത്തി—അതെന്താണ്?

ഗോപാൽ—മഹേശ്വരിയുടെ മതിലിന്നരികെയുള്ള വഴിയിൽക്കൂടി കാലചാന്ദ് ശിവദാസൻ ഗംഗാതീരത്തിലേക്ക് കുളിക്കാൻ പോയിരുന്നു. ദുലാരി അവനെ കണ്ടു മതിമറന്നിരിക്കുന്നു. എന്നു മാത്രമല്ല, അവനെ ഭർത്താവായി വരിക്കുന്നതാണെന്ന് അവൾ സത്യം ചെയ്തിരിക്കുന്നു.

ചക്രവർത്തി ആശ്ചര്യത്തോടുകൂടി പറഞ്ഞു— ആരാണ് പറഞ്ഞത്?

'ദുലാരിയുടെ സഖിയായ മോതിയയാണ് പറഞ്ഞത്' എന്നു ഗോപാൽ ഉത്തരം പറഞ്ഞു.

ചക്രവർത്തി— പട്ടാണിയുടെ മകൾ ഹിന്ദുവിനെ കണ്ടു അനുരാഗത്താൽ മറന്നുപോയി എന്നാണോ പറയുന്നത്!

ഗോപാൽ— ഹിന്ദുക്കളുടെ പുത്രിമാർ പട്ടാണികളെക്കണ്ടു മതി മറക്കാമെങ്കിൽ പട്ടാണികളുടെ പുത്രിമാർക്ക് ഹിന്ദുക്കളെക്കണ്ടു മതിമറക്കാൻ പാടില്ലെന്നുണ്ടോ? പ്രേമം ഇന്ന ജാതിയിലേ പാടുള്ളൂ എന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

ചക്രവർത്തി ചിരിച്ചുതുടങ്ങി. കുറച്ചുനേരം കഴിഞ്ഞശേഷം ഒട്ടധികം ഗംഭീരമായ സ്വരത്തോടുകൂടി പറഞ്ഞു. 'ദുലാരിയുടെ ഈ അഭിപ്രായം മാറ്റാൻ കഴിയില്ലേ?'

ഗോപാൽ— ഒരിക്കലും കഴിയുന്നതല്ല. പ്രേമത്തെ ആരാലും തടുക്കാൻ കഴിയുന്ന യത്നം ചെയ്യാൻ സാധിച്ചിട്ടില്ല. ഗംഗാനദിയെ തിരിച്ചു പർവ്വതത്തിലേക്ക് ഒഴുകേണമെന്നു പറഞ്ഞാൽ അതു അപ്രകാരം ചെയ്യുമോ? പിന്നെ ദുലാരിയുടെ അഭിപ്രായത്തിൽ ഒരിക്കലും അനുസരിപ്പണം ചെയ്യുന്നതല്ല.

ചക്രവർത്തി— അതു ശരിയാണ്. എന്നാൽ ജാതിയെപ്പറ്റി ആലോചിക്കണ്ടേ?

ഗോപാൽ— (ചിരിച്ചുകൊണ്ടു) ഈ കാര്യത്തിൽ ജാതിയെപ്പറ്റി ആരാണ് വിചാരിക്കാറുള്ളത്?

ചക്രവർത്തി— മകൾ ജാതിയെപ്പറ്റി കാര്യമായി വിചാരിക്കുന്നില്ലെങ്കിലും കാരണവന്മാർ ജാതിയെ വകവെയ്ക്കാതിരിക്കുമോ?

ഗോപാൽ— അവരും വകവെച്ച്! ദുലാരി വകവെച്ചില്ലെങ്കിലോ?

പാർട്ടിയെപ്പോലെ രണ്ടുവരു വിവാഹം ചെയ്യുന്നവർ എത്ര ഭാഗ്യവാനായിരിക്കണം! സമ്പത്ത്, സൌന്ദര്യം, ബുദ്ധിമാനം തുടങ്ങിയ മനുഷ്യന്റെ മനസ്സിനെ വശീകരിക്കത്തക്ക സകല ഗുണങ്ങളും അവർക്കുണ്ട്. അതിനു പുറമെ ഭാവിയിലുണ്ടാകാനിരിക്കുന്ന ആനന്ദം ഇപ്പോൾ നമ്മുടെ ഉദ്ദേശ്യത്തിന്നെല്ലാം ലക്ഷ്യമാകത്ത കാണാവുന്നതുമാണ്.

ചക്രവർത്തി—(ചിരിച്ചുകൊണ്ടു) ഓ! ഇപ്പോൾ ലക്ഷ്യത്തിൽ നോക്കാനുള്ള സമയമാണോ? നാം ലക്ഷ്യത്തിൽ വെച്ചിട്ടും അവരെ ഒന്നുംകൂടി വകവെക്കാനില്ല. ഉലാളിക്ക് കാലചാന്ദന്റെ മേൽ പ്രേമമുണ്ടെങ്കിലും അയാളുടെ മനസ്സ് എന്താണെന്നു അറിഞ്ഞിട്ടുണ്ടോ? അയാൾ ഉലാളിയെ കാണാതിരുന്നെങ്കിൽ ഭാരതീയ തർക്കവും ഉള്ളു.

യോഗമ— കാലചാന്ദൻ ഉലാളിയെ കണ്ടിട്ടുണ്ടായിരിക്കയില്ല. കണ്ടാൽ എങ്ങിനെ വരുമോ എന്ന പറവാനും വയ്യ. എന്നാലും ഞാൻ അവരെ കാണിക്കുമ്പോ അവൻ എന്നെ കാണാതെ എത്ര ദിവസം കഴിച്ചുകൂട്ടി? പ്രേമം സകലത്തിനേയും ജയിക്കുന്നതാണ്. കാലചാന്ദനെ ഉലാളിയെ ഇഷ്ടമില്ലെങ്കിലും ക്രമേണ സ്നേഹിക്കാനിടവരും. എന്തെന്നാൽ അവൻ മനുഷ്യനല്ലേ? കല്ലു് അല്ലല്ലോ. കല്ലുംകൂടി പ്രേമംകൊണ്ട് അലിയുന്നതാണ്.

ചക്രവർത്തിയുടെ മുഖം ഗംഭീരമായിത്തീർന്നു. അദ്ദേഹം എന്തോ ആലോചിച്ചുതുടങ്ങി. കുറെ കഴിഞ്ഞശേഷം ഇങ്ങിനെ പറഞ്ഞു — പ്രിയേ! ഇത്ര വലിയ ദുർഘടമായ ഒരു കാര്യമാണ്. കാലചാന്ദൻ മുസൽമാനാണെങ്കിൽ ഈ വിവാഹം നടക്കാത്ത കാര്യമാണ്. എന്തുകൊണ്ടെന്നാൽ, ദേവാലിക്ക് പിന്തുടരാൻ കഴിയുന്നതല്ല. കാലചാന്ദൻ സ്വന്തം മനസ്സാലെ മുസൽമാൻ മതം സ്വീകരിക്കാത്തപക്ഷം ഞാൻ നിർബ്ബന്ധമായി നയനചാന്ദന്റെ മകന്റെ ജാതി കളഞ്ഞു എന്നു ജനങ്ങൾ എന്തു വിചാരിക്കും.

യോഗമ— ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. കാലചാന്ദൻ മുസൽമാനാവണമെന്നു നിർബ്ബന്ധമില്ല. അവൻ ഉലാളിയെ ധർമ്മപത്നിയായി സ്വീകരിക്കട്ടെ. അവൾ മുസ്ലിമായതുകൊണ്ടു, ബ്രാഹ്മണന്റെ മക്കൾക്കു ഹിന്ദുക്കളാവുന്നതിന്നു വിരോധമില്ല. അതുകൊണ്ടു ദോഷമൊന്നും വരാനില്ല.

ചക്രവർത്തി—അത് ഉണ്ടാവാത്ത കാര്യമാണ്.

യോഗമ—ഒരിക്കലുമല്ല, പ്രഭോ! ഗൌഡചക്രവർത്തിയുടെ കല്പനയുണ്ടെങ്കിൽ ഉലാളിയുടെ വിവാഹമന്ത്രം ചൊല്ലാൻ പുരോഹിതന്മാർ ഉണ്ടാവാതെ വരുന്നതല്ല.

ചക്രവർത്തി—വിവാഹം കഴിഞ്ഞു എന്നിരിക്കട്ടെ. അതിന്റെ പരിണാമം എന്തായിരിക്കും?

യോഗമ—പരിണാമമോ! കാലചാന്ദൻ ഗൌഡചക്രവർത്തിയുടെ ജാമാതാവായിത്തീരും. നയനചാന്ദന്റെ മകനായ കാലചാന്ദനെ സ്വാധീനമാക്കിത്തന്നെ ഇരിക്കാൻ കിട്ടുമ്പോൾ സാധിക്കുന്നു. അല്ലെങ്കിൽ ഉലാളിയെക്കൂടി ഹിന്ദുമതത്തിൽ ചേർത്തു ഹിന്ദുക്കൾ ഒ

വശ്ശ ഛിദ്രമായി സ്വീകരിക്കുന്നതാ യാൽ അതുകൊണ്ടും ശോഭിക്കില്ല. അ ല്ലെങ്കിൽ കാലചാപൻ സ്വയമേവ ഉ സൽമാർഗ്ഗത്തെ സ്വീകരിക്കും.

ചക്രവർത്തി—നേരെ കയിച്ച് അയാൾ ഉ ലാച്ചിയെ വിട്ടയിഞ്ഞ് പാടിപ്പോ യാമോ?

ഭോഗമ—അത് അസംഭവമാണ്. പ്ര ഭോ! ഇത്രത്തോളമുള്ള പ്രേമം പൂർവ്വമി ല്ലാകയില്ല.

ചക്രവർത്തി—എന്നാൽ ഇനി ചെയ്യേണ്ട ത് എന്താണ്.

ഭോഗമ—കാലചാപനെ വരുത്തി വിവാ ഹകാര്യം ചോദിക്കണം.

ചക്രവർത്തി—അത് അയാൾക്ക സമ്മത മാവുമോ?

ഭോഗമ—സമ്മതമാകാൻ എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യ ണിവരും. അല്ലാഞ്ഞാൽ കേവലം ജീവി പ്പിരിക്കയില്ല.

അഞ്ചാമദ്ധ്യായം

തടവുകാരൻ

അനന്തരത്തു ചക്രവർത്തിയുടെ കല്പ ന കിട്ടിയതുകൊണ്ടു നഗരാദ്ധ്യക്ഷനായ കാലചാപൻ സന്തോഷത്തോടുകൂടി രാജധാ നിയിൽ പ്രവേശിച്ചു. കാവൽക്കാർ അ യാളെ ചക്രവർത്തിയുടെ ശയനമുറിയിലേ ക്കു കൂട്ടിക്കൊണ്ടുപോയി. ഈ പ്രവൃത്തി ക ണ്ട് കാലചാപന്റെ ശങ്കയും ആശ്ചര്യവും ഉ ണ്ടായി.

കാലചാപൻ സാഷ്ടാംഗത്തിൽ ചെ ന്നുനിന്ന ചക്രവർത്തിയെ നമസ്കരി ച്ചു. ചക്രവർത്തി പുഞ്ചിരിയിട്ടുകൊണ്ടു ത ന്റെ മുമ്പിലുള്ള പീഠത്തിന്മേൽ ഇരിക്കാ നായി കാലചാപനോട് ആംഗ്യം കാ ണിച്ചു. അനന്തരത്തു വിളിച്ചു വരുത്തിയ തുകൊണ്ടു വ്യസനിക്കുന്നുവോ? എന്നു ചക്രവ ർത്തി ചോദിച്ചു.

കാലചാപൻ വീണ്ടും കൈ കൂപ്പിക്കൊ ണ്ടു പറഞ്ഞു: "സ്വാമിൻ! ഇങ്ങിനെ നാമമാ യ ശാസിതത്തെ കല്പനയനുസരിക്കാൻ അടിയൻ എപ്പോഴും സന്നദ്ധനാണ്."

ചക്രവർത്തി—കാലചാപാ! താൻ നയന ചാപന്റെ മകനാണ്. നയനചാപൻ നമ്മുടെ ഉദാത്തസഖ്യവാനായിരുന്നു. അയാ ളിൽ നമുക്കുള്ള വിശ്വാസം ഉത്തമമായിരു ന്നു. അതു അറിഞ്ഞിരുന്നുവോ?

ഈ ചോദ്യം കേട്ട് കാലചാപന് ഒ ന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അ യാൾ വണക്കത്തോടുകൂടി പറഞ്ഞു—അ ച്ഛന്റെ നേരെ അവിടുന്നുണ്ടായിരുന്ന പ്രീതിയെക്കുറിച്ച് അടിയൻ കേ ട്ടിട്ടുണ്ട്.

ചക്രവർത്തി—താൻ നയനചാപന്റെ പുത്രനായതുകൊണ്ടാണ് നമ്മുടെ പ്രീതി ഭാജനമായും വിശ്വാസ്യനായും കല്പിച്ചത്. അതുകൊണ്ടാണ് അന്ന ഇതിനെ മനോ ജ്ഞമായും നേതാവായും നഗരാദ്ധ്യക്ഷനായും

നാം നിശ്ചയിച്ചത്. ഈ സംഘട്ടകാലത്തിങ്ങളിൽ താങ്കളുടെ പ്രവൃത്തികൾകൊണ്ടു ഞാൻ നന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. ശത്രുപക്ഷത്തിന്റെ മേൽ ഭാവിയുദ്ധത്തിങ്കലല്ലാ സമ്മതിച്ചത് എന്നു നമുക്കു ബോദ്ധ്യമായി.

കാലചാരൻ തന്നെക്കുറിച്ചുള്ള പ്രശംസ കേട്ട് ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ടു ചക്രവർത്തിയെ സബഹുമാനം നോക്കി പറഞ്ഞു— "അങ്ങേയ്ക്കു എന്നിലുള്ള പ്രീതിയുണ്ടായത് എന്റെ ഭാഗ്യമാണ്. അതിലും വലുതായൊരു ഭാഗ്യം എനിക്കു വരാനില്ല."

ചക്രവർത്തി— താങ്കളെക്കൊണ്ട് നമുക്ക് എത്രത്തോളം സന്തോഷമുണ്ടെന്നു കാണിപ്പാനായി നാം തനിക്ക് ഒരു വലിയ സമ്മാനം തരാൻ നിശ്ചയിച്ചിരിക്കുന്നു. താൻ രാജകുമാരിയായ ഇന്ദുലേഖയെ അറിയുമോ?

"ഇതെന്തൊരു കഥയാണ്?" എന്നു കാലചാരൻ മനസ്സിൽ വിചാരിച്ചുകൊണ്ട്, പിന്നെ പ്രത്യക്ഷമായി പറഞ്ഞു— "അടിയൻ രാജകുമാരിയുടെ പേർ കേട്ടിട്ടുണ്ട്."

ചക്രവർത്തി— രാജകുമാരി വിവാഹത്തിനുള്ള കാലമായിരിക്കുന്നു. അവൾക്ക് അനുരൂപനായ വരൻ താനാണെന്നു നമുക്ക് അഭിപ്രായമായിരിക്കുന്നു. അവളെ തനിക്ക് വിവാഹം ചെയ്തുതരാൻ നാം തീർച്ചപ്പെടുത്തിയിരിക്കുന്നു.

വിചാരിക്കാതെയുള്ള ചക്രവർത്തിയുടെ ഈ പ്രസ്താവം കേട്ട് കാലചാരൻ അമ്പരന്നുപോയി. ആശ്ചര്യംകൊണ്ടു സ്തബ്ധനായിപ്പോയി. "ഇതു സ്വപ്നമോ മായയോ മനോവിഭ്രമമോ?" എന്നിങ്ങിനെ കാലചാരൻ വിചാരിച്ചുതുടങ്ങി. അയാൾ മൗനമായിരുന്നു.

ചക്രവർത്തി— കാലചാരാ! താൻ എന്താണ് ഒന്നും ഉത്തരം പറയാതെ ഇരിക്കുന്നത്?

ചക്രവർത്തിയുടെ വാക്കുകൾ കേട്ട് കാലചാരന് ഉണർച്ചയായി. സംഭ്രമത്തോടുകൂടി തല കുനിച്ചു കൈകൂപ്പിക്കൊണ്ടു പറഞ്ഞു— "പ്രഭോ! അവിടുത്തെ ഭൃത്യന്റെ പേരിൽ അവിടുത്തെ പ്രീതി അളവില്ലാത്തതാണ്. എന്നാൽ കല്പന കേട്ടിട്ട് അടിയന് ഒന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല."

ചക്രവർത്തി (ചിരിച്ചുകൊണ്ട്) പറഞ്ഞു— കാലചാരാ! ഞാൻ സത്യമാണ് പറയുന്നത്. നാളെ [illegible] ഒരു മാസ[illegible] മുഹൂർത്തത്തിൽ ഞാൻ [illegible] നടത്തിക്കും. താൻ രാജകുമാരിയുടെ ഭർത്താവായി ഇരിക്കും.

കാലചാരൻ— അടിയൻ ദരിദ്രനാണ്. രാജകുമാരിയെ വിവാഹം ചെയ്വാൻ അടിയന് യോഗ്യതയില്ല. എന്നുമല്ല, ഹിന്ദുവാണ്; ബ്രാഹ്മണനാണ്.

ചക്രവർത്തി— താൻ മാതൃവംശത്തിൽ ജനിച്ചവനും വിശിഷ്ട ബ്രാഹ്മണനും ആയതുകൊണ്ടാണ് തനിക്ക് ഈ ഭാഗ്യം കിട്ടിയത്.

കാലചാരൻ— എന്റെ ജാതി പോകുമല്ലോ.

ചക്രവർത്തി— താൻ മുസൽമാനാവണമെന്ന് ഞാൻ പറയുന്നില്ല. ഹിന്ദുമതവിധിപ്രകാരം വിവാഹം നടത്താമല്ലോ. അതിന്ന് വിരോധമില്ല.

കാലചാരൻ— ഹിന്ദുശാസ്ത്രപ്രകാരം ഈ മാതിരി വിവാഹം വിധിക്കപ്പെട്ടിട്ടില്ല.

ചക്രവൎത്തി — നാം വലിയ മൌലവികന്മാൎക്ക് ഭൂമിയും പണവും കൊടുത്ത് ഇതിനുള്ള പ്രമാണങ്ങളും ഉണ്ടാക്കിച്ചുകൊള്ളാം.

കാലചാരൻ — ഹിന്ദുസമുദായം അതിനെ വിലവെയ്ക്കുകയില്ല.

ചക്രവൎത്തി — തീൎച്ചയായും വിലവെയ്ക്കും. അതിനുള്ളതൊക്കെ ഞാനാണ്. വിലവെയ്ക്കാത്തവരെ ഞാൻ ചങ്ങലയിൽ കൂട്ടും. നീ കുട്ടിയാണ്. ഇനിയും ഞാൻ പറഞ്ഞതിന്റെ അൎത്ഥം നിനക്കു മനസ്സിലായിട്ടില്ല. ലോകചരിത്രവും നീ ഓൎക്കുന്നില്ല.

കാലചാരൻ ഉത്തരമൊന്നും പറവാൻ തുനിഞ്ഞില്ല. ജാതികളേയും മതങ്ങളേയും കാൎയ്യംകൊണ്ടൊക്കെയും സമുദായങ്ങളേയും ഒന്നാക്കിത്തീൎക്കുവാൻ പോകുന്ന വിചാരം ഉള്ളിലുള്ളപ്പോൾ കാലചാരന്റെ കണ്ണിൽനിന്നു വെള്ളം ചിന്തുകയായി. കഷ്ടം ഇതെല്ലാം ഉപേക്ഷിക്കേണ്ടതാണോ? ഇതാണോ കൎത്തവ്യം?

ചക്രവൎത്തി — കാലചാരാ! അങ്ങനെ മാത്രമേ വിചാരം ചെയ്യുള്ളൂ എന്നതിലുള്ള സത്യം ഉപദേശിക്കണോ. എന്റെയും അനുഗ്രഹം ഉള്ളവനായാണ്. നീ ഈ വിവാഹം ചെയ്തു കഴിയൂ.

കാലചാരൻ കൈകൂപ്പിക്കൊണ്ടു പറഞ്ഞു — "പ്രഭോ! സാധുവായ ഭൃത്യന് മാപ്പു തരണം. ധാൎഷ്ട്യത്തെ ഉപേക്ഷിക്കാൻ എനിക്കു പാടില്ല."

ചക്രവൎത്തിയുടെ കണ്ണുകൾ ചുകന്നു. ഗംഭീരസ്വരത്തിൽ അദ്ദേഹം പറഞ്ഞു — "കാലചാരാ! ഞാനാരാണെന്നു നീ അറിയുമോ?"

കാലചാരൻ — അറിയും. അങ്ങ് ഈ മുഗളരാജ്യത്തിന് അധിപനാണ്. എന്റെ ജീവനും അവിടുത്തെ അധീനത്തിലാണ്. എങ്കിലും—

ചക്രവൎത്തി — 'എങ്കിലും' എന്ന് എന്തിനു പറയുന്നു? എന്റെ കല്പന ധിക്കരിക്കുന്നതായാൽ ഞാൻ നിന്നെ തൂക്കിക്കൊല്ലുവാൻ കല്പിക്കുന്നതാണ്.

കാലചാരൻ — തൂക്കിക്കൊല്ലുവാൻ അവിടേക്ക് അധികാരമുണ്ട്. എങ്കിലും എന്റെ ധൎമ്മത്തെ ഞാൻ കൈവിടുകയില്ല.

ചക്രവൎത്തിയുടെ കോപാഗ്നിയുടെ ജ്വാലകൾ അധികമായി. "മുസാഫർ!" എന്ന് അദ്ദേഹം വികൃതസ്വരത്തിൽ വിളിച്ചു. രാജധാനികാവൽക്കാരിൽ പ്രധാനിയായ മുസാഫർ വന്നു സലാം ചെയ്തു.

ചക്രവൎത്തി — ഈ കാഫിർവാസിയെ ബന്ധനസ്ഥനാക്കിയാലും. നാളെ ഇവനെ കഴുവിലിടണം.

മുസാഫർ ആശ്ചൎയ്യത്തോടുകൂടി പറഞ്ഞു — "ഗംഗാദത്തനെയോ?"

ചക്രവൎത്തി ഉറക്കെ പറഞ്ഞു — "അതെ, ഈ കാഫിർവാസിയെത്തന്നെ."

കാലചാരൻ തടവുകാരനായി.

ആറാമദ്ധ്യായം.

കൃതജ്ഞത.

ചീത്ത വർത്തമാനത്തിനു വേഗത്തിൽ നാട്ടിൽ പരക്കുന്നതാണ്. നാളെ കാലത്തു നഗരാദ്ധ്യക്ഷനായ കാലചന്ദ്രനെ കഴുവിലിടുന്നതാണെന്നുള്ള വർത്തമാനം രാത്രിയിൽ തന്നെ നഗരത്തിലെല്ലാം പരന്നു.

പല ആളുകളും പലമാതിരി പറഞ്ഞുതുടങ്ങി. ചക്രവർത്തിയെ കൊന്നു സിംഹാസനം കയ്യിലാക്കാൻ കാലചന്ദ്രൻ ആലോചിച്ചിരുന്നു എന്നു ചിലരും, അതല്ല രാജകുമാരിയെ കയ്യിലാക്കി വാഴിച്ചപ്പോഴാൻ ശ്രമിച്ചിരുന്നു എന്നു മറ്റു ചിലരും പറഞ്ഞു. ഓരോരുത്തരുടെ മനസ്സിൽ തോന്നിയത് അവർ മറ്റുള്ളവരോടു പറഞ്ഞുതുടങ്ങി.

ഈ വർത്തമാനം അന്തഃപുരത്തിലെത്താൻ അധികം താമസമുണ്ടായില്ല. ദുലാളി കിടക്കയിൽ കിടന്നു തേങ്ങിക്കരഞ്ഞു കൊണ്ടിരിക്കുമ്പോൾ മോതിയ അവിടെ വന്ന്, നാട്ടുകാരുടെ നാശികത്തിലെന്ന തന്റെ വസ്ത്രത്തിന്റെ അറ്റംകൊണ്ടു ദുലാളിയുടെ മുഖം പതുക്കെ തുടച്ചുകൊണ്ടു പറഞ്ഞു— രാജകുമാരി! ഞാൻ അന്നുതന്നെ ഇതിന്റെ വരുംവരായ്കയെക്കുറിച്ചു പറഞ്ഞില്ലേ? ഇപ്പോഴും ഞാൻ ഒരുപായവും കാണില്ല്.

ദുലാളി കരഞ്ഞുകൊണ്ടു പറഞ്ഞു— കഷ്ടം! ഞാൻതന്നെയാണ് അദ്ദേഹത്തിന്റെ നാശത്തിനു കാരണമായിത്തീർന്നത്. ഞാൻ ആ ദേഹത്തിനുവേണ്ടി ലജ്ജയും മാനവും ഒക്കെയും ഉപേക്ഷിക്കാം. ഞാൻ അച്ഛന്റെ അടുക്കൽ ചെന്ന് അദ്ദേഹത്തിന്റെ ജീവനെ രക്ഷിക്കേണമെന്ന് യാചിച്ചാലോ?

മോതിയ— ഒരു സ്വാതന്ത്ര്യാധിപന്റെ വിധിക്ക് എതിർക്കുവാനൊക്കാം. എങ്കിലും രാജകല്പനക്ക് എതിർക്കുവാനൊക്കുന്നതല്ല. വിശേഷിച്ച്, ചക്രവർത്തിതന്നെ വിവാഹത്തെക്കുറിച്ച് പറഞ്ഞിട്ടും നഗരാദ്ധ്യക്ഷൻ അതിനു സമ്മതിച്ചില്ല. ഇതുകൊണ്ട് ചക്രവർത്തിക്കു വളരെ അവമാനമായിരിക്കുന്നു. കാലചന്ദ്രൻ വിവാഹത്തിനു സമ്മതിക്കാഞ്ഞപ്പോഴും ചക്രവർത്തിയുടെ കോപം ശമിക്കുന്നതല്ല. കാലചന്ദ്രന്റെ ജീവനെ രക്ഷിക്കുന്നതുമല്ല. നീ പറഞ്ഞിട്ടും ഫലമുണ്ടാവില്ല.

ദുലാളി— എന്നാൽ ഇതുകൊണ്ടു അദ്ദേഹത്തിന്റെ മേൽ ഞാൻ യാതൊരു ദോഷവും കാണുന്നില്ല. അച്ഛൻ എന്തിനാണു വിവാഹകാര്യത്തെപ്പറ്റി അദ്ദേഹത്തോടു പറഞ്ഞതു? ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു എന്നതിനെക്കൊണ്ട് അദ്ദേഹം തന്റെ ജാതിധർമ്മത്തെ ഉപേക്ഷിക്കണമെന്നുണ്ടോ? മോതിയേ! ഇതിൽ അച്ഛൻതന്നെയാണു തെറ്റുകാരൻ.

മോതിയ— രാജകുമാരി! തെറ്റ് അച്ഛന്റെ കയ്യിലാണെങ്കിലും രാജകല്പനയു

എളുപ്പം പറ്റുന്നതല്ല. പട്ടാണിയുടെ ധൈര്യം സമ്മതിക്കില്ല.

ഉലാളി — നീ പറയുന്നതു സത്യമാണ്. ഭാഗ്യമായ ഇവർക്കു വേണ്ടി നമ്മുടെ ജീവിതത്തിന്റെ ജീവനാശം വരുമല്ലോ. ആപത്തിനെ തടുക്കാൻ ഒരു വഴിയും ഇല്ലേ? ഈ പണപ്പെട്ടിയിൽനിന്നു വേണ്ട പണം എടുത്തുകൊള്ളൂ. അവരുടെ ജീവനെ രക്ഷിക്കാതെ കഴിയുന്നതല്ല. കാവൽക്കാർക്കു പണം കൊടുത്ത് അവരെ സ്വാധീനിച്ച് ആളുകളെ അകത്തുനിന്നു വിടുവിക്കാം. പിന്നെ എന്റെ യോഗംപോലെ വന്നോട്ടെ.

മോതിയ — രാജകുമാരി! ഇത് ഒരു കളിയാണ്. കണ്ടു പിടിച്ചാൽ എന്റെ കഴുത്തു പോകും. ഞാൻ പോകട്ടെ. എന്നാലും നിനക്കു വേണ്ടി ഞാൻ ശ്രമം ചെയ്യാം.

മോതിയ പെട്ടി ഇതാ സമ്പ്രദായത്തിൽ ഇട്ടുള്ള തകിട്ടിലെ കയ്യിലെടുത്തു പുറത്തു പോയി. രാജധാനിയുടെ കാവൽക്കാരിൽ പ്രധാനിയായ മുജാഫറെ വിളിച്ച് അവനോട് അവനെ ഒന്നിച്ചു ഒരു ഗൃഹപ്രവേശത്തിലേക്കു പോയി. ഈ രാത്രിസമയത്തു തന്നെ വിളിച്ചത് എന്തിനാണെന്നു മുജാഫർ ചോദിച്ചു.

മോതിയ — എന്നെ അറിയുമോ?

മുജാഫർ — നീ രാജകുമാരിയുടെ ദാസിയാണ്.

മോതിയ — രാജകുമാരി എന്നെ നിങ്ങളുടെ അടുക്കലേക്ക് പറഞ്ഞയച്ചിരിക്കുയാണ്.

മുജാഫറുടെ കണ്ണുകൾ വലുതായി. മോതിയയുടെ നേരെ പരിഹാസമായി നോക്കിക്കൊണ്ട് അയാൾ പറഞ്ഞു — എന്താണ് രാജകുമാരിയുടെ കല്പന?

മോതിയ — നഗരാദ്ധ്യക്ഷനായ കാശചന്ദ്രൻ തടവുകാരനാക്കപ്പെട്ടിരിക്കുന്നു. അയാളെ ഇപ്പോൾ തന്നെ വിട്ടയച്ചേക്കണം.

മുജാഫർ — നടക്കാത്ത കാര്യമാണ്, നാളെ കാലത്ത് അയാളെ കഴുവിലിടുന്നതിനുള്ള ചക്രവർത്തിയുടെ കല്പന നീ കേട്ടില്ലേ?

മോതിയ — ചക്രവർത്തിയുടെ കല്പനയെപ്പറ്റി അറിയാം. അതുകൊണ്ടാണ് രാജകുമാരി എന്നെ പറഞ്ഞയച്ചത്. കേട്ടോളൂ. നിനക്ക് എത്ര പണം വേണമോ അത്ര പണം ഇതാ. എടുത്തുകൊള്ളൂ. ഇപ്പോൾ തന്നെ നഗരാദ്ധ്യക്ഷനെ വിട്ടയക്കണം.

പണത്തിന്റെ കഥ കേട്ടപ്പോൾ മുജാഫറുടെ മുഖത്തു സ്ഥിരതയില്ലാതായി. "മോതിയാ! എനിക്ക് അതു ചെയ്യാൻ പാടില്ല. എന്റെ കഴുത്തു പോകുമല്ലോ" എന്നു മുജാഫർ പറഞ്ഞു.

മോതിയ — അതു ചെയ്യാതെ കഴികയില്ല. വേണ്ട പണം കാവൽക്കാർക്കു കൊടുത്താലും. കോട്ടയുടെ പുറത്ത് കുതിരയെ തയ്യാറാക്കി നിർത്തിയാലും. നഗരാദ്ധ്യക്ഷൻ രാത്രിയിൽ തന്നെ ദേശം വിട്ടുപോകട്ടെ. പിന്നെ ഞാൻ മറ്റുവഴിയാണെന്നും, മറ്റു വഴിക്കാണ് അയാൾ താനേ തന്നെ പോയിരിക്കുന്നു എന്നും മറ്റു കാവൽക്കാർ പറഞ്ഞുകൊള്ളും

മുജാഫർ — ഇത് ആർ വിശ്വസിക്കും? ചക്രവർത്തി! ഇവരുടെ വാക്കിന്നു വില ഉണ്ടോ?

കോതിയ — അവരുടെ വാക്കുകൾ വിശ്വസിക്കയല്ലാതെ ചക്രവർത്തിക്കു മറ്റെന്തു ചെയ്യാൻ കഴിയും? മറിച്ച് സാക്ഷി പറവാൻ ആരുണ്ടാവും?

മുജാഫർ — കോതിയേ! ഈ സാഹസപ്രവൃത്തി ചെയ്വാൻ എനിക്കു ശക്തിയില്ല. രാജകുമാരിയുടെ വാക്കുകൾ കേട്ട് എന്റെ പ്രാണനിലുള്ള കൊതി വിടാൻ എനിക്ക് ശക്തിയില്ല.

മടിയിലുള്ള മടിശ്ശീല കയ്യിലെടുത്തും പുഞ്ചിരി തൂകിക്കൊണ്ടും കോതിയ പറഞ്ഞു — 'രാജകുമാരി ചക്രവർത്തിയുടെ ഏറ്റവും പ്രിയപ്പെട്ട പുത്രിയാണെന്ന് അറിയില്ലേ? എന്തൊരു പ്രാണനെ കൊതിച്ച് നീ ഇപ്രകാരം രാജകുമാരിയുടെ കല്പന നടത്താൻ കഴിയില്ലെന്നു പറയുന്നുവോ ആ പ്രാണനെ നാളെ രാജകുമാരിയുടെ വാക്കുകൊണ്ട് കളയാൻ കഴിയുന്നതാണ്. മൂഢാ! പിന്നെ നീ എന്തിനാണ്? രാജകുമാരിയുടെ കല്പന നടത്തിയാലും.'

രണ്ടു വിധത്തിലായാലും പ്രാണഭയം തന്നെ എന്നു മുജാഫർ കണ്ടു. ഇപ്രകാരമൊരു, തന്റെ മുമ്പിൽ അനാവധി ആപത്തുകളും വിളങ്ങിക്കാണുകയാൽ മുജാഫർക്ക് പറഞ്ഞതിന്നുള്ള അനുസരണം തടുക്കാൻ കഴിഞ്ഞില്ല. അയാൾ പിന്നെ എഴുന്നേറ്റ് കോതിയയോടു പറഞ്ഞു. 'നീ ഇവിടെ നില്ക്കൂ. ഞാൻ വേഗം ഏല്പിച്ചതു ചെയ്തുവരാം. കാര്യം വിഷമിച്ചുപോകയോ ഇല്ലെങ്കിൽ ഞാൻ രാജ്യം വിട്ടുപോകും. മടിച്ചുപോയാൽ ആര് പിടിക്കാൻ കഴിയും?'

കുറച്ചുനേരം കഴിഞ്ഞ ശേഷം മുജാഫർ മടങ്ങി വന്നു കോതിയയേയും കൂട്ടിക്കൊണ്ടു കാലചന്ദ്രനെ തടവിലിട്ടിരിക്കുന്ന സ്ഥലത്തേക്ക് പോയി. ഉറക്കം തൂങ്ങിക്കൊണ്ടു നില്ക്കുന്ന കാവൽക്കാരന്റെ ചെവിയിൽ മുജാഫർ എന്തോ മന്ത്രിച്ചു. അവൻ കാരാഗൃഹത്തിന്റെ പൂട്ട് തുറന്നുകൊടുത്തു. കോതിയ അതിനുള്ളിൽ കടന്നു 'നരാധിപകുമാരനായ പ്രഭോ! കാലചന്ദ്രമഹാശയ' എന്നിങ്ങനെ വിളിച്ചു.

പെട്ടെന്നുണ്ടായ ഒരു സ്ത്രീയുടെ വിളി കേട്ട് കാലചന്ദ്രൻ അത്ഭുതത്തോടു കൂടി പറഞ്ഞു. — 'ഈ വിളിക്കുന്നതു ആരാണ്?'

കോതിയ പറഞ്ഞു — 'ജ്യോതിയിൽനിന്ന് ഞാൻ വന്നു. ഞാൻ രാജകുമാരിയായ ഗുലാബിയുടെ ദാസിയാണ്.'

കാലചന്ദ്രൻ വിശേഷത്തോടു കൂടി പറഞ്ഞു. — 'നീ ഇപ്രകാരം എന്തു കല്പനയുംകൊണ്ടാണ് വന്നിരിക്കുന്നത്? നീയുമൊന്നിച്ചു കഴിച്ചുകൂട്ടേണ്ടുന്ന കല്പനയാണോ എന്നാൽ ആ കല്പന എനിക്ക് എപ്പോഴും സമ്മതമാണ്. നിനക്കു പറവാനുള്ളതു പറഞ്ഞാലും.'

കാലചന്ദ്രൻ വാതില്ക്കൽ വന്നു നിന്നു. അപ്പോൾ കോതിയ പറഞ്ഞു. — 'പ്രഭോ! വിസ്തരിച്ചു പറയുവാനുള്ള സമയവും സന്ദർഭവും ഇല്ല. കാരാഗൃഹത്തിന്റെ വാതിൽ തുറന്നിട്ടുണ്ട്. അങ്ങ് ഇപ്പോൾ തന്നെ ഇവിടെനിന്നു പോയാലും. കോട്ടയുടെ പുറക് കുതിരയെ തയ്യാറാക്കിയിട്ടുണ്ട്.'

കാലചന്ദ്രൻ വിസ്മയത്തോടു കൂടി പറഞ്ഞു. 'കാവൽക്കാർ എന്നെ പിടിക്കുകയില്ലേ?'

മോതിയ പറഞ്ഞു.— 'പിടിക്കുന്ന കാര്യം ക്ഷമ പോരെ. മറ്റെല്ലാക്കിലും ആ കൂട്ടരോട് ഒരു വാക്കുപോലും ചോദിക്കുകയില്ല. നല്ല വേഗത്തിൽ പുറത്തു പോകണം.'

കാലചാരന്ന് കാര്യത്തിന്റെ പ്രകൃതമൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ ചോദിച്ചു — 'എനിക്ക് ഈ മര്മ്മം മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ഷിപ്പ്രാട് ആരാണ് ചെയ്തത്?'

മോതിയ—രാജകുമാരിയുടെ കല്പനപ്രകാരം ഞാനാണ് ചെയ്തത്.

കാലചാരൻ— അപ്രാർത്ഥിതമായ ഈ അനുഗ്രഹത്തിന്നു ഞാൻ കൃതജ്ഞനായിരിക്കുന്നു എന്നു രാജകുമാരിയോടു പറഞ്ഞേക്കു. എന്നാൽ നാരായണരായ ഒൻപതു ചക്രവർത്തിയുടെ വംശപാരമ്പര്യനും ആയ എനിക്ക് ഒളിച്ചോടിപ്പോവാൻ മനസ്സില്ല. എന്റെ പ്രാണൻ പോയാലും കള്ളനെപ്പോലെ ഒളിച്ചോടിപ്പോവാൻ എനിക്ക് കഴിയുന്നതല്ല.

മോതിയ സമാധാനക്കേടോടു കൂടി മടങ്ങിപ്പോയി. അവൾ പോയ ശേഷം കാലചാരൻ ആലോചനയിലായി. ഇതെന്താണ്? എന്റെ ജീവരക്ഷയ്ക്കുവേണ്ടി രാജകുമാരി ഇത്രത്തോളം ശ്രമിക്കുന്നത് എന്തുകൊണ്ടാണ്? രാജകുമാരി സത്യത്തിൽ എന്നെ സ്നേഹിക്കുന്നുണ്ടോ? ഞാൻ ഒരിക്കലും രാജകുമാരിയെ കണ്ടിട്ടില്ല. രാജകുമാരി എന്നെ കണ്ടിട്ടുണ്ടായിരിക്കുമോ? കണ്ടിട്ടില്ലെങ്കിൽ പിന്നെ എന്തിനെയാണ് എന്നെ സ്നേഹിച്ചത്? രാജകുമാരി എന്നെ വിവാഹം ചെയ്യുമെന്ന് സത്യംചെയ്തിരിക്കുന്നു എന്ന് ചക്രവർത്തി പറഞ്ഞുവല്ലോ. ഇതിലെ രഹസ്യം എന്താണ്? പ്രഭോ! ഈശ്വരാ! ഈ ഭാവം എന്താണ്? ഇങ്ങനെയുള്ള കൽസ്വപ്നമാണോ? എന്നെ പിടിച്ചു വലിക്കുന്നതെന്തെങ്കിലും ഒന്ന് ആകുമോ? രാജകുമാരി! ഞാൻ നിന്നെ ഒരിക്കലും കണ്ടിട്ടില്ല. എങ്കിലും നിന്റെ ഹൃദയമെന്താണെന്ന് ഹൃദയത്തിൽ പ്രേമമെന്തെന്ന് എനിക്ക് മനസ്സിലായി. എന്നാൽ രാജകുമാരി! നിന്റെ അനുഗ്രഹം ഈ പാത്രത്തിലാണോ നീ സമർപ്പിച്ചത്. കഷ്ടം! നിന്റെ ദാസ്യം എന്നെ ഇന്നോളം പിടിച്ചിരിക്കുന്നതിനു തുല്യമാണ്. ഞാൻ നിന്റെ സ്വന്തമായിരിക്കും എന്ന് പ്രാണനു വേണ്ടി പറഞ്ഞതു ശരിയല്ല. പ്രേമം അമൂല്യമാണ്; പ്രേമം സ്വതന്ത്രമാണ്. പ്രേമം ജാതിയെ ഗണിക്കുന്നില്ല. എങ്കിലും സമുദായം ജാതിയെ ഗണിക്കാതിരിക്കുന്നില്ല. ശാസ്ത്രം സമുദായസമ്പ്രദായങ്ങളെപ്പറ്റി ചിന്തിക്കുമോ? ശാസ്ത്രവും സമുദായവും മനുഷ്യരുടെ ഹൃദയഗതങ്ങളെ വകവെക്കുമോ?

ആ സമയത്ത് രാത്രിയുടെ നിശ്ശബ്ദതയെ ഭംഗപ്പെടുത്തിക്കൊണ്ടു രാജമാളികയിൽ ആരോ ഇങ്ങിനെ പാടിക്കൊണ്ടിരുന്നു—

"സകലജഗദധിശൻ ലോകനാഥന്നുവേണ്ടി
ജ്ജനകലുപ്തിവന്ന പ്രീതിയെസ്സമ്പ്രാപ്യ
ജനകമമലതിവ പ്രീതിയുണ്ടായിവന്നാ
ലവനിതലങ്ങളോടൊപ്പം മോക്ഷവും വന്നുകൂടും"

കാലചാരൻ ഓർമ്മയോടുകൂടി ഈ ശ്ലോകഭാഗത്തിൽ ഒരു നിശ്ശബ്ദഭാവത്തെ കേട്ടുകൊണ്ടിരുന്നു. അതു കേട്ടപ്പോൾ അയാളുടെ മനസ്സിൽ അപൂർവ്വമായ ഒരാനന്ദം ഉണ്ടായി.

പണ്ടത്തെ അറബിരാജ്യം.

III

ചില ആപത്തുകൾ.

പൂർവ്വന്മാരായ അറബികളുടെ വംശം നശിക്കേണ്ടതിലേക്കു ചില ആപത്തുകൾ നേരിട്ടിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിനെയുള്ള ആപത്തുകളിൽ ഏററവും പ്രസിദ്ധപ്പെട്ട ഒന്നു "യമൻ" രാജ്യനിവാസികൾക്കു നേരിട്ടതാണ്. ദൈവകോപത്താൽ അവർക്കുണ്ടായ ഒരു "ജലപ്രളയം" (പ്രളയം) പിടിപെട്ടതു മഹാനായ അലക്സാണ്ടറുടെ കാലം കഴിഞ്ഞ ഉടനെയാണ്. അതിനാൽ പല സമുദായക്കാരാണ് നശിച്ചുപോയത്. അവരിൽ ഒരു വംശക്കാരിൽ കുറെ ജനങ്ങൾ 'ഘസ്സാൻ' 'ഹീറാ' എന്നീ രാജ്യങ്ങളിൽ പോയി താമസിക്കയുണ്ടായി. ബക്കർ, മോധർ, റബിയ എന്ന മൂന്നു പുത്രന്മാർ കുടുംബത്തെ മെസൊപ്പൊട്ടേമിയായിലേക്കു കൊണ്ടുപോയി പാർപ്പിക്കയും അതോടുകൂടി ആ രാജ്യത്ത് ആ പുത്രന്മാരുടെ പേരിനെ പുരസ്കരിച്ചു ദിയാർബക്കർ, ദിയാർമോധർ, ദിയാർറബിയ എന്നു മൂന്നു സംസ്ഥാനങ്ങളുണ്ടായിത്തീരുകയും ചെയ്തു. 'മെയാരിബ്' എന്ന വംശത്തിൽ കെട്ടിച്ച 'സദ്ദ്' എന്നാൽ ഒരു തടാകത്തിൽ വലിയ കേടുണ്ടായി. അയൽമലകളിൽനിന്നൊഴുകിവരുന്ന വെള്ളം കെട്ടിനിറുത്തി നാട്ടിലെല്ലാം കൊടുത്തുപോന്ന മലങ്ങളിലെ പ്രളയം അതിലെ സംഭരിക്കാവുന്നതായ ഉയരത്തോളം ചിറ കെട്ടിയിട്ടും. പട്ടണത്തിൽ വലിയൊരു പർവ്വതംപോലെ ശോഭിച്ചിരുന്ന ആ ചിറ അത്ഭുതകരമായ ഒരു കാര്യമായിരുന്നു. അതിൽ മുപ്പതു കോൽ ഉയരത്തിൽ വെള്ളം എല്ലാ സമയത്തും നിറഞ്ഞുനിന്നിരുന്നു എന്ന് പറയുന്നത്. ആ ചിറ ഒരു വക വളരെ വിസ്താരമുള്ളതാണ്. അതിനാൽ അതിന്റെ വക്കത്തൊന്നും വളരെ താമസക്കാർ പാർപ്പുണ്ടായിരുന്നു. സ്വന്തം കൃഷിക്കുള്ള രാജ്യത്തു നാലിടത്തും വെള്ളം കിട്ടിക്കൊണ്ടിരുന്നതിനാൽ ക്രമേണ രാജ്യനിവാസികളെല്ലാം ഗർവ്വും പണത്തിനും വർദ്ധിച്ചുവരികയും, അതിനാൽ ദൈവം അവരെയൊക്കെ കോപിക്കയും, ഒരു വെള്ളപ്പൊക്കംകൊണ്ട് ആ ചിറ ഒരു രാത്രിയിൽ ജനങ്ങളെല്ലാം ഉറങ്ങിക്കിടക്കുന്ന സമയം പൊട്ടിയൊഴുകി കൊന്നൊടുക്കുകയും ചെയ്തു.

യമൻരാജ്യത്തു മുൻ വിവരിച്ച ജലപ്രളയത്തിനുശേഷം കാലാന്തരേണ നാലു ഗോത്രക്കാരായി ചിലരുണ്ടായിത്തീർന്നു. പൂർവ്വരാജാക്കന്മാരുടെ വംശങ്ങളും കൂട്ടത്തിലുണ്ടായി. പിന്നെ ജനങ്ങളെല്ലാം ആ വക രാജാക്കന്മാരുടെ കീഴിലാണ് വളരെ കാലം പാർത്തുവന്നത്. ക്രിസ്തുവിന്റെ ജനനത്തിന് എഴുപതു കൊല്ലം മുമ്പു 'ദുനുവാസ്' എന്നൊരു രാജാവുണ്ടായിരുന്നു. അയാൾ ജാതിയിൽ യഹൂദനാണ്. ആ കാലത്തുതന്നെ വളരെയധികം ക്രിസ്ത്യാനികൾ ആ രാജ്യത്തു കഴിയുമാ

യിരുന്നു. അവരെ ദ്ദൂനുവാസ് വല്ലാതെ ഉപദ്രവിച്ചുതുടങ്ങി. ഒടുവിൽ എത്തിയോപ്യയിലെ രാജാവു ക്രിസ്ത്യാനികളെ സഹായിക്കാൻ സൈന്യങ്ങളെ അയയ്ക്കുകയും വഴിയെ ദൂനുവാസിന് അപായം നേരിടുകയും ചെയ്തു. പിന്നെ യമനിൽ വഴിക്കു വഴി വന്ന എത്തിയോപ്യരാജാക്കന്മാരുടെ ഭരണാധികാരികളായത്. മേൽ വിവരിച്ച ദൂനുവാസ്സ ഹിമ്യാർരാജവംശത്തിൽ ഒടുവിലത്തെ രാജാവായിരുന്നു. അവസാനം പേർഷ്യ രാജാവിനോടു സഹായം ചോദിച്ച് എത്തിയോപ്യരെ നശിപ്പിച്ച് അറേബ്യ പേർഷ്യൻ സാമ്രാജ്യത്തിൽ ചേർക്കപ്പെട്ടു. എന്നാൽ അവരെ നശിപ്പിച്ച പേർഷ്യക്കാർ രാജ്യം ഭരിക്കയുമില്ല. പിന്നെ മുഹമ്മദിന്റെ കാലത്തു തന്നെ രാജ്യം പേർഷ്യൻ ചക്രവർത്തിയുടെ കൈവശത്തിൽനിന്നും കിഴിഞ്ഞുപോയിരുന്നു.

ഒരുകാലത്തു രാജ്യം 'സാബാ' എന്നാണ് പറയപ്പെട്ടിരുന്നത്. സാബാരാജ്ഞി ഈ രാജ്യത്തിലെ രാജ്ഞിയായിരുന്നു എന്നാണ് ഐതിഹ്യം. 'ഹിമ്യാർ' എന്ന രാജ്യത്തിൽ പോയി ശലോമോന്റെ ജ്ഞാനം വിലയിച്ചവർ. ഈ രണ്ടു രാജ്യങ്ങളും അറേബ്യയിലെ ഒരു ഭാഗത്തിലാണ് എന്നാണ് പ്രമാണം. അതിൽ 'ഹിമ്യാർ' സ്ഥാപിച്ചിട്ടുള്ളത് 'യാസ്ഖ്' എന്ന വംശക്കാരാണ്. സിറിയാരാജ്യത്തിലേക്കു ചരക്കുകളെ കടത്തി 'ഹിമ്യാർ' എന്ന പ്രസിദ്ധപ്പെട്ട ഒരു കച്ചവടമാർഗം അതിലെയുള്ള പ്രതിപത്തിയാൽ ആ പേർരാജ്യത്തിനാകെ കൊടുത്തുവന്നതായി കല്പിച്ചുതരുന്നു പഴമക്കാരെന്ന. രാജ്യം സ്ഥാപിച്ചവർ അവിടെ കണ്ടു വരുന്ന 'സാബിയ' എന്ന അറ

ബിക്കാരെ ഓടിച്ച് അവരുടെ കൈവശം രാജ്യം വാണിട്ടുണ്ട്. അവർ തന്നെ കയ്യടക്കി ഭരിച്ചിരുന്നു എന്നും ചിലർ പറയുന്നു. എന്തായാലും അവരിൽ 'ഫാലാഷ്' എന്ന പേരിൽ അറിയപ്പെട്ട രാജാക്കന്മാരായിരുന്നു. അതിലൊരാളുടെ കീഴിലുള്ള ഭരണാധികാരി യാണ് സമാധ്യസ്സിലെ ഗോപുരം പണിക്കുകയും പല യോഗ്യതകളും നടത്തിട്ടുള്ളത്. ഗ്രീക്കുകാർ ഇവരുടെ പേർ 'ഹോമിറി' എന്നാക്കിട്ടാണ് എഴുതിട്ടുള്ളത്. ഈ രാജാക്കന്മാർ ക്രിസ്ത്യാനികളാണ്. ഇവരിൽ ഒടുവിലത്തെ ആളുടെ പേരിൽ ഹെരോദ് ഖാലിഫിന്റെ കാലത്തു സിറിയയിൽ ഇസ്ലാംമതപ്രചാരശക്തിയാൽ ആദ്യം ആ മതത്തിൽ ചേരുകയും പിന്നീടു ഖലീഫിനു വിരോധം സമ്പാദിക്കയും വീണ്ടും സ്വമതത്തിൽ ചേർന്ന് മറ്റുവിടുകയുമുണ്ടായി.

ഒരു രാജ്യത്തിൽ ഭരണമായത് ഫെലിക്സാണല്ലോ. ആ രാജ്യം സ്ഥാപിച്ചത് 'ഇറാക്' എന്ന ദിക്കിലെ 'ചാലദ്' എന്ന വംശക്കാരാണ്. ഈ വംശക്കാർ പേർഷ്യയിലെ രാജാക്കന്മാരെ സഹായിക്കുന്നതിനും മറ്റും കുറെ കാലം രാജ്യം ഭരിച്ചിട്ടുണ്ട്. ഒടുവിൽ അബ്ബാസി സുൽത്താന്മാരുടെ കാലത്ത് ഇവരിൽ നിന്നും രാജ്യം പോയി.

ഹിമ്യാറൈറ്റ് ഭരണം മഹമ്മദിന്റെ കാലംവരെ ജോർജിയൻ അധികാരമായിരുന്നു. ജോർജിയ യുദ്ധത്തിൽ മൊഹമ്മദിന്റെ മകളെ വിവാഹം ചെയ്തു. അവളിൽ പന്ത്രണ്ടു മക്കളുണ്ടായി. പിൻകാലത്തു വന്നിട്ടു ഒരു പേ

പം വന്നു പിടിപെടുകയാൽ ആ വംശക്കാർ തീരെ നശിച്ചുപോയി. അതിന്നുശേഷം അധികം നൂറ്റാണ്ടുകാലത്തേക്ക് 'ഹിമ്യാറ്റു്'[4] ഒരു രാജവംശത്തിന്റെ കീഴിൽ എന്ന നിലയിൽ നില്ക്കുക ഉണ്ടായിട്ടില്ല. രാജ്യം നാട്ടിലെ നിവാസികളുടെ തലവന്മാർ പകുത്തു ഭരിക്കുകയാണു് ചെയ്തുവന്നതു്. മദ്ധ്യതിപ്രധാനമായ ഒരു അറബിരാജ്യങ്ങളിലേയും ഭരണം ഈവിധം തന്നെയാണു് അക്കാലം നടത്തിവന്നിരുന്നതു്. മക്കത്തു്[4] ഒരു പ്രമുഖകുടുംബം വളരെ കാലം നിലനിന്നിരുന്നു. മുഹമ്മദിന്റെ കാലത്തോളം ആ കുടുംബം പ്രബലപ്പെട്ടതായിരുന്നു. മുഹമ്മദിന്റെ ജനനത്തിന്നടുത്തു മക്കയിലെ പ്രധാനമെന്നു തങ്ങളിൽ നിലനിന്നിരുന്നുകൊണ്ടു 'കോറെഷ്'[5] വംശക്കാർ മക്കയിൽ പ്രസിദ്ധപ്പെട്ടിട്ടുണ്ടു്. മക്കത്തിലെ 'കാബാ' എന്ന പുരാതന ദേവാലയം മുമ്പു 'ഖൊസാ' എന്ന വർഗ്ഗക്കാരുടെ അധീനത്തിലായിരുന്നു. അവരിൽ നിന്നു ഇ 'കോറിഷ്' വംശത്തിന്നു ലഭിച്ചു.

'കോർഡ' എന്നും മറ്റും ചില രാജവംശങ്ങളെപ്പറ്റി പറഞ്ഞു കാണുന്നുണ്ടു്. ആവക വംശങ്ങളിൽ നിന്നു ചില്ലറയായി ചില രാജാക്കന്മാർ രാജ്യം ഭരിച്ചിട്ടുണ്ടെങ്കിലും അവരുടെ ചരിത്രങ്ങൾ അത്ര പ്രധാനമായി അറിയുന്നില്ല.

മുഹമ്മദിന്റെ ശേഷം മൂന്നു നൂറ്റാണ്ടോളം അറബിരാജ്യം ഭരിച്ചതു് അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരായ 'ഖലീഫ്'മാരന്നായാണു്. എന്നാൽ ഹിജിറ് ൩൯൬-ാം സംവത്സരത്തിൽ രാജ്യത്തിന്റെ അധികാരങ്ങളും 'കാർമത്തിയൻ'[5] എന്നൊരു പുതിയ വർഗ്ഗക്കാരുടെ വശത്തിലകപ്പെട്ടുപോയി. അവർ കൊള്ള കൂടി വലിയ ചില അക്രമങ്ങൾ നടത്തീട്ടുള്ളതുമാണു്. മക്കത്തു് ആണ്ടുതോറും നടത്തിവന്നു പുണ്യകർമ്മങ്ങളുടെ വകയായും മറ്റും മത കപ്പം 'കോരിഷ്'[6]മാർ ഇവർക്കു കൊടുക്കണമെന്ന നിലയായിരുന്നു. അധികവിവരം ഇവരെപ്പറ്റി മറ്റൊരു ദിക്കിൽ വിവരിപ്പാനിടയുള്ളതാകയാൽ ഇപ്പോൾ വിസ്തരിക്കുന്നില്ല.

യമനിലെ ആധിപത്യം ക്രമത്തിൽ മുഹമ്മദിന്റെ ജാമാതാവായ അലിയുടെ പിൻതുടർച്ചയിൽ 'താഹിരിയ്യാ' എന്ന അവകാശക്കാരായി. ആ രാജ്യം പത്താം നൂറ്റാണ്ടിന്റെ ഒടുവിൽ അവരുടെ അധീനത്തിലായിരുന്നു എന്നതിനു തെളിവുണ്ടു്. ഇപ്പോഴത്തെ യമൻ സംസ്ഥാനത്തിലെ നാട്ടുവാഴികളുടെ 'സൈയദ്' എന്ന വംശത്തിലുൾപ്പെട്ടതാണു്. പതിനൊന്നാം നൂറ്റാണ്ടിൽ ഇറാക്കിലും യമനും ഇവരാണു് ഭരിച്ചിരുന്നതെന്നു കാണുന്നുണ്ടു്. ഇവർ 'ഖലീഫ്'[7] എന്നും 'ഇമാം' എന്നുമുള്ള സ്ഥാനപ്പേരുകളായിരുന്നു. എന്നാൽ ഇപ്പോഴത്തെ യമൻ സംസ്ഥാനം മുഴുവൻ ഇവരുടെ വശത്തിലില്ല. 'ഹാർതാക്' മുതലായുള്ള ചില സ്വതന്ത്രരാജാക്കന്മാർ അവിടെയുണ്ടു്.

മക്കയും മദീനയും ഭരിച്ചു മുഹമ്മദിന്റെ ശേഷം എല്ലാ കാലവും മുഹമ്മദിന്റെ വംശത്തിൽപ്പെട്ട രാജാക്കന്മാർതന്നെയാണു്. ഖലീഫിന്നു് അവർ കീഴടങ്ങിയിരുന്നില്ല. അവർ നാലു വംശക്കാരായുണ്ടു്. നാലു വംശത്തിലും അലിയുടെ മകനായ ഹ

സ്സുകാർ പിൻതുടർച്ചക്കാരാണ്. അവർ 'ഹോമ്രൂഷ്' എന്നതിനുള്ള 'ഷെരീഫ്' എന്ന സ്ഥാനപ്പേരുള്ളവരായിരുന്നു. 'ഘസ്സാനകാർ' ജോർദ്ദ്യ 'ബോസ്രാഭാഗം' 'ഘസ്സാനിക്കാർ' എന്നിങ്ങിനെയാണ് ആ വംശത്തുള്ളവർ പേർ പറയുന്നത്. ഇതിൽ കടവിൽപ്പെട്ട വംശക്കാർ അന്യോന്യം കൊല്ലം രാജ്യഭരണം ചെയ്തിട്ടുണ്ട്. ഹീറാഹതിനധിപതിയായ രാജവംശം 'ലഖമിദാന്' ആകുന്നു. ഒരു കാലത്ത് ഈ വംശത്തിലെ രാജാക്കന്മാർ മക്കവും ഭരിച്ചിട്ടുണ്ട്.

യമൻ, മക്ക, മദീനം എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ സ്വതന്ത്രന്മാരായിരുന്നു. അവരാരും ഇക്കിരാജ്യക്കാരല്ലെന്നാണ് ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളത്. ഈ രാജാക്കന്മാർ തങ്ങളിൽത്തന്നെ ശണ്ഠയിട്ട വലിയ യുദ്ധങ്ങളും ചെയ്തിട്ടുണ്ട്. ത്സനീമിയം ഒരു കാലത്തു 'സേബിൻ' കനാശനം ആയാളുടെ മകൻ സ്വമിതാവും ചെങ്കടലിന്റെ തീരത്തെരാജ്യത്തോടു ചേന്ന കരകളൊക്കെല്ലാം അധിപതികളായിത്തീർന്നു. എന്നാൽ അങ്ങിനെ പിടിച്ചടക്കിയ രാജ്യങ്ങളിൽ ഭിക്കവും നിലനിർത്തുവാനായി അവരുടെ പിൻഗാമികളായ രാജാക്കന്മാരാൽ സാധിച്ചതുമില്ല.

അറബികളിൽ ഭിന്നോന്മം പരാക്രമികളുമായ വംശക്കാർ പലരുമുണ്ടായിരുന്നതിനാൽ അന്യരാജാക്കന്മാരുടെ ആക്രമണം പലകാലത്തും ഇവരുടെ നേരെ ഫലിച്ചിട്ടില്ല. അസീറിയൻരാജാക്കന്മാർ വളരെ കാലം യത്നിച്ചിട്ടും ഇവരുടെ അധികാരത്തിൻ കീഴിലുള്ള സ്ഥലങ്ങളിൽ കടിവെപ്പാൻ സാധിച്ചില്ല. പേർഷ്യയിലെ രാജാക്കന്മാർ ഇവരുടെ സ്നേഹിതന്മാരും ബന്ധുക്കളുമാണ്. കൊല്ലം തോറും സമ്മാനമായി കരം കപ്പവും ഇവർ രാജാക്കന്മാർക്കു കൊടുക്കാറുണ്ട്. എന്നാലും ഇവരിൽ നിന്നു കപ്പം വാങ്ങുവാൻ ആ രാജാക്കന്മാർക്കു കഴിഞ്ഞിട്ടില്ല. 'കൊംബൈസസ്സ്' എന്ന മഹാൻ അറബികളുടെ രാജ്യത്തുകൂടെ കടന്നുപോകുന്നതിനു കൂടി അവരുടെ സമ്മതം വാങ്ങുകയുണ്ടായി. പ്രസിദ്ധ മഹാനായ അലക്സാണ്ടർ രാജ്യമെല്ലാം കയ്ക്കലാക്കിയ കാലത്തും ഇവരെ കീഴടക്കുവാൻ സാധിച്ചില്ല. റോമൻകാർക്കും അറബിയയുടെ ഒരു ഭാഗവും പിടിച്ചടക്കുവാൻ കഴിഞ്ഞിട്ടില്ല. 'ആഗസ്റ്റസ്സ്' കേസർ എന്നാൽ ചക്രവർത്തി യുദ്ധം ചെയ്ത് അറബിയയിൽ ഭയം കിട്ടാറായി എന്നായപ്പോഴും ആളുകളുടെ സൈന്യത്തിലെ കലശലായ രോഗം ബാധിക്കയും ഭക്ഷ്യലോപത്താൽ നശിക്കുകയും ചെയ്തതിനാൽ മടങ്ങിപ്പോകയാണുണ്ടായത്. 'ട്രാജൻ' എന്ന ഒരു റോമൻ രാജാവിനെ വർണ്ണിച്ചെഴുതിയ ചില ചരിത്രകാരന്മാർ ആയാൾ അറബിയയുടെ ഒരു 'പെട്ര' പിടിച്ചടക്കിയെന്നു പ്രസ്താവിച്ചു കാണുന്നുണ്ട്. എന്നാൽ വേറെ ചില എഴുത്തുകാർ അതിനെ നിഷേധിക്കുകയും ചെയ്തിരിക്കുന്നു.

തരവത്ത് അമ്മാളുഅമ്മ.

ചിതലിൻെറ മുതല്

ചാക്യാർകൂത്ത്, പാഠകം എന്നിങ്ങിനെ രണ്ടുവിധം കഥാകഥനസമ്പ്രദായം കേരളത്തിൽ നടപ്പുണ്ടല്ലോ. ഇതു രണ്ടിനും മൂലമായിട്ടുള്ള ഗ്രന്ഥങ്ങളെ പ്രബന്ധങ്ങൾ എന്നു പറയുന്നു. പ്രബന്ധങ്ങളൊക്കെയും ഗദ്യപദ്യാത്മകങ്ങളായ ചമ്പുക്കളുടെ രീതി പിടിച്ചു രചിച്ചവയാണ്. അവയെ ചമ്പു എന്നു തന്നെയും വ്യവഹരിക്കാറുണ്ട്. ശുദ്ധസംസ്കൃതപ്രബന്ധം ചാക്യാർ മാത്രമേ പാടുള്ളുവെന്നൊരു നിർബ്ബന്ധം പണ്ടേയുണ്ടായിരുന്നതിനാൽ പാഠകം പറയുന്നതിന്നുവേണ്ടി ഉണ്ടാക്കിയവയാണ് ഭാഷാപ്രബന്ധങ്ങൾ.

മലയാളത്തിൽ ശുദ്ധസംസ്കൃതമായും ഭാഷാസമ്മിശ്രമായ മണിപ്രവാളമായും പല പ്രബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ എല്ലാ ഭാഗവും പ്രബന്ധകാരന്റെ സ്വന്തം കൃതിയല്ല. തങ്ങളുടെ കൃതികളിൽ സന്ദർഭാനുസാരേണ മറ്റോരോ ഗ്രന്ഥങ്ങളിൽനിന്ന ഗദ്യപദ്യങ്ങൾ എടുത്തു ചേർക്കുന്നതിന്ന പ്രബന്ധകർത്താക്കന്മാർക്ക് ഒട്ടു താൽപര്യവും സ്വാതന്ത്ര്യവും ഉള്ളതായിട്ടാണ് കാണുന്നത്. സ്വതന്ത്രമായൊരു പ്രബന്ധമാണ് ഉണ്ടാക്കുന്നതെങ്കിൽ മഹാഭാരതം, ഭാരതചമ്പു മുതലായ മറ്റു ഗ്രന്ഥങ്ങളിലെ ഗദ്യങ്ങളോ പദ്യങ്ങളോ ഒരു മാറ്റവും കൂടാതെയും, ചില മാറ്റങ്ങൾ വരുത്തി അല്പം മാറ്റപ്പെടുത്തിയും എടുത്തു ചേർത്തതായിക്കാണാം. കവിതാശക്തി കുറഞ്ഞവരായ ചിലരുടെ പ്രബന്ധങ്ങൾ നോക്കിയാൽ, '[illegible]' എന്ന പഴഞ്ചൊല്ലുപോലെ, മറ്റുള്ളവയിൽ നിന്നെടുത്തതൊക്കെ കഴിച്ചാൽ പിന്നെ അല്പം ചില ഗദ്യപദ്യങ്ങൾ മാത്രമേ ബാക്കിയുള്ളു എന്നും വരാറുണ്ടാം.

ഭാഷാപ്രബന്ധങ്ങളിൽ മുഴുവൻ ഭാഷയേ പാടുള്ളു എന്ന നിർബ്ബന്ധമില്ല. ശുദ്ധസംസ്കൃതത്തിലുള്ള ഗദ്യങ്ങളും പദ്യങ്ങളും തന്നെ സുലഭമായിക്കാണാം. ഈ വിധംകൊണ്ടു യാതൊരു കുറ്റമില്ലെന്നാണ് പ്രബന്ധകാരന്മാർ വിചാരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഭാഷാഗദ്യത്തിന്ന സംസ്കൃതഗദ്യത്തെക്കാൾ ഭാഷയിൽ മാത്രമല്ല വ്യത്യാസമുള്ളു. ഏകദേശം രചനാരീതി തുള്ളപ്പാട്ടുകളുടെ രീതിയെന്ന വിചാരിക്കാവുന്ന ദ്രാവിഡവൃത്തരീതിയാണ് ഭാഷാഗദ്യങ്ങളിൽ കാണുന്നത്.

ജാതിഭേദംകൊണ്ടു നോക്കിയാൽ, ഭാഷാപ്രബന്ധങ്ങൾക്ക് ദൃശ്യകാവ്യങ്ങളുടെ ഒരു മാതിരി ഉള്ളതുപോലെ തോന്നുന്നു. പല പ്രബന്ധങ്ങളിലും, ഒരു തോഴനെ മുൻനിർത്തി അയാളോട് പറയുന്നതായിട്ടാണ് കഥയുടെ ആരംഭം. അതോടുകൂടിത്തന്നെ, നാടകങ്ങളിൽ പ്രസ്താവനയിലെന്നപോലെ, അഭിധേയമായ കഥയുടെ സ്വഭാവവും അറിയിക്കുന്നു. ഈ പ്രബന്ധങ്ങളെല്ലാം അഭിനയോചിതമായ പാഠകത്തിനാണല്ലോ ഉപയോഗിക്കുന്നതും. ഇപ്പറഞ്ഞ സിദ്ധാന്തങ്ങളൊക്കെയും പഴയ പ്രബന്ധങ്ങളെ മനസ്സിരുത്തി വായിച്ചാൽ അറിയാവുന്നതാണ്.

കേരളഭാഷയുടെ സ്വന്തമായ ഈ ഭാ

തി പഴയ മഹാപ്രബന്ധങ്ങളിൽ സ്വല്പം ചിലതു മാത്രമേ പുറത്തു വന്നുകണ്ടിട്ടുള്ളു. മറ്റുള്ളവയെല്ലാം ചിതലുകളും കണ്ണേറി ക്കൈവശംവെച്ച് അനാവിഷ്കൃതങ്ങളായിരിക്കയാണ്. അക്ഷയങ്ങളായ ഈ അക്ഷരസമ്പത്തുകളിൽ പലതും കാലാന്തരത്തിൽ തീരെ നശിച്ചുപോയിരിക്കുന്നു. ചിലതിന്റെ നാമധേയങ്ങളും ഉള്ളതുകൂടി ചിതലിന്റെ ഭക്ഷ്യമാകയാൽ അവകാശത്തർക്കത്തിൽ ഇരിക്കുകയും ചെയ്യുന്നു.

ഇങ്ങിനെ നഷ്ടപ്രായമായിക്കിടക്കുന്ന മഹാപ്രബന്ധങ്ങളിൽ തന്നെ ഉള്ളൂരിന്റെ ഏതാനും ഏടുകൾ മാത്രം ബാക്കിയുള്ള ഒരു പഴയ ഗ്രന്ഥം, ഇയ്യിടയിൽ കൊച്ചി രാജ്യത്ത് രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തുനിന്നു കാണുകയുണ്ടായി. ഒരു പ്രസിദ്ധപണ്ഡിതനും, രാമവർമ്മതമ്പുരാൻ കോവിലകം വകയായിരുന്ന ഒരു പഴയ കാവ്യഗ്രന്ഥത്തിൽ പുസ്തകത്തിന്റെ ചില ഭാഗങ്ങളും ഗ്രന്ഥത്തിൽ തെളിഞ്ഞു പലതും, ഇതിനുള്ളിൽ തിരുവല്ലാട്ടിലെ കയ്യിൽനിന്നാണ് ഈ ഗ്രന്ഥം അടുത്ത കിട്ടിയതെന്നറിയുന്നു. കാമദഹനത്തിന്റെ അനന്തരകഥയായ ഉമാതപസ്സ്, പാർവ്വതീസ്വയംവരം എന്നീ രണ്ടു പ്രബന്ധങ്ങളാണ് ഇതിലടങ്ങിട്ടുള്ളത്. മാതിരി കാണേണ്ടതിനായി അവയിൽ നിന്നു ചിലതു താഴെ ചേർക്കുന്നു.

ഉമാതപസ്സിൽ ഹിമവൽപ്പുത്രീ-
മഹേശന്മാരുടെ പരിണയം ...
ഉമാ തപസ്സുചെയ്യുന്നതിനെക്കുറിച്ച്
മൈനാകാദികളായ ...
പരിചരിക്കുന്നതിനെക്കുറിച്ചുള്ള
വർണ്ണനകളെ ...

തരൾവിളങ്ങിനിന്നുമംഗസ്യരുത-
വിടപങ്ങളിൽവിലെയോടുവിരിയും
കനകപുഷ്പങ്ങളുകരിമുകിനിര
കനിവിലിളക്കുന്നവരുകൾ-
ച്ചിതമിനായ്ക്കുവാടിപ്പോലകൊണ്ടുപ-
ളുകനിലക്കണ്ടുകിടക്കവിരിച്ചുനി-
ഖിപ്പുകണ്ടകളിപ്പുകളിപ്പുക-
മംഗലപുഷ്പങ്ങളുമണിഞ്ഞു-
മംഗിപിടിപ്പുകളുപുളിനം-

മധുര കാന്തനോടനുബന്ധത്തെ-
മന്ദ്രനവിതസംഭ്രമമവളെ-
നെഞ്ചിലനേകകലാകൊണ്ടിലച്ചുകിന
കവിതാമലകൾകൊണ്ടേറ്റുനിന്നു-
ഗിരിമക്കളായെങ്കാരം,

അനുഷ്ഠാനമതിന്നു കല്ലുകൾകൊ
ണ്ടുമമ്പുതോടുകൊള്ളുപഴഞ്ഞ-
ഞ്ഞുമവുമമ്പാടുകൊള്ളിനിന്നു
അഞ്ചമ്പണ്ണാന്നയങ്ങളെ ചൂഴവെ
ചന്ദ്രാനുഗതിന്നവസന്തം
ചന്ദ്രചൂഡനായ്ക്കൊണ്ടവൾ
ഭക്ഷിച്ചുതുപ്പുതിനക്കണ്ടുവെച്ചു-
കല്ലുവണ്ണിനയുധിഷ്ഠിരിനായും
നിനവിതസംസ്കൃതസൂക്തങ്ങൾ
തമ്പുരാനെന്നാവിതെയോടുചെയ്തുമവിന്ന
ഭേദകളിക്കലപ്പക്ഷികാനെന്നു- (അതിനു
ന്നാവലംബിടം.

സവിധസമുൽഗതസവിത്രകയുമട-
ങ്ങാതമാനവഹംഗമണിനിവഹ-
തതിപ്പുതിഞ്ഞമൃഗനാഭമാല.
മാലയിൽവെന്നുമലർച്ചുരുതേ-
യന്നാവിഷ്കാരങ്ങളെങ്ങോടു
കൂടത്തുകണ്ടമേപ്പാവിനകരം
പത്മപതിശേഖരിയിലനിഴലിക്കം
പുതിയസ്വാദുകകിലനസലേകം-

കേവലംമസിതമസ്യരാപരിജ-
 രൈതാചകംകമിവിലേപനം
സ്ഥാവരാധിപനിയന്ത്രിതംനിജമ-
 ത്രിമതിന്നരമാതരപാനമ-
ന്നമാവിങ്കെങ്കിണങ്ങളിലപ്പുഷ്പകമലവി-
 ചിന്തപ്പന്നിളമഹേശപതി.'

ഇതാ ഭഗവാൻ വടുവേഷം ധരിച്ചു വന്നു പറയുന്നു—

'വിഷമിച്ചിട്ടുപാടിച്ചുവേണമിന്നി
വിംശതിച്ചതമാകാംക്ഷിതംവിധാതും
വൃഷകേതുകരഗ്രഹോമമെന്തിനർ-
ത്ഥമായി! ചണ്ഡികളുടെസംഗതിഭക്തല്ലോ.
കന്യാവല്ലഭതതികൈനാളുവിഷമതിൽ-
 കാളകകാളകൂടം
കൊണ്ടുനാരാംകാമദേവദ്ദേഹഗിരിമിവചരമാ-
 നനമേചിന്തയേഗം:
പരമാത്മപ്രഭവായാചിന്തിച്ചിട്ടിപ്പെട്ടുന്നതു
 പിന്നെയുമുമയ്ക്കിനാകം.
ന്യൂനങ്ങൾക്കിപ്പുരാനാവാചണ്ഡാമന്ത്രത്തിപൻ
 ത്രിലക്ഷണങ്ങതിളക്കലല്ലോ.'

പാർവ്വതി സ്വയംവരത്തിൽ പാർവ്വതിയുടെ ചിന്തനങ്ങൾ—

ശൃംഗാരത്തപ്രചാരമേലേചിതമിതിമാത്രം
 നവികൾപ്പുലരമാരാ-
ശങ്കാമാൻ കന്നിവരനായികരുവർന്നുവില്ലം
 ത്രൈതമാനംഗവല്ലി
മംഗല്യാനാമസാധാരണമണിഭവനം
 പ്രാദ്ധമാസീണ്ണമാനി-
മന്മേശഗ്ഗുസ്സുമരാഖിശ്ശതകമയ്യഗാ
 മാരവീമാഗ്ഗവില്ലാം.

പാലുമോരം—

'ബാലുഗാന്ധപിസ്ത്ഥിരിജയാപരിക്ഷൃത്യമാനോ
മേലുയചിംനസിപതൻജചമിതേക്കുശാ
 (നാ
വേഗോത്തരമരിമണ്ണമുതച്ച്യതാനാം
സപാമാക പാദസൃതമാരമേതാമണി
 നാം.'

ഇതാ ഒരു മെ ചറിയ മന്ധകം—

'ഉജ്ജാൻവന്നാളമാത ശക്രാദിദേവഗണങ്ങൾക്കെതിരെയായിനിന്നു മിക്കഷ്ടിപ്പുരിതരസമക്കുന്യധയണിളമുദ്രാപാണങ്ങളുമിന്നു, തിളങ്ങുന്ന കാന്തിയോടുകൂടിയ പിനാകമത്തിലേവെച്ചിലാസമുയർന്നു തിളമാനസികമിപിയച്ചവതിനകമിഗണപരമതിലേക്കുമടങ്ങിയന്നു, ചന്ദ്രയതംസയുടെ ചരണധിശോഭിപ്പമൊന്നോ ശിലമലാതിവേഷ്ലു ചന്ദ്രമതമക്കിരു അംശമേതാനധിയുണ്ടയശരുചയുജമാതിശയാം, ചണ്ഡനായികളിലുള്ളുപ്പെളുമാം കണ്ണുകംപ്രത്തിളുവോടും ചണ്ഡതമയാടതനസഗതമഹാപദ്വിരോദ്ധ നിലപ്പിച്ചിൽ പ്രവതിനതണ്ണം.'

ശാസ്ത്രശകലങ്ങൾ

കാടും മഴയും.

കാടുകൾ ധാരാളമുള്ള പ്രദേശങ്ങളിൽ മറ്റു പ്രദേശങ്ങളിലേക്കാളധികം മഴ പെയ്യുമെന്നു കേട്ടിട്ടുണ്ട്. 'ശൈലാഗ്രസംസക്തപയോധരാഃ ചരിതഗണ്ണ വിശേഷ്യാ ഇതൊ വഷ്തി ചയം' എന്നു പണ്ഡിതന്മാർ പറയുന്ന പ്രമാണത്തിലും, ഇങ്ങനെ പെയ്യുന്ന മഴയ്ക്ക്

ഇതുപോലിൽ അധികഭാഗം കാടുകളിലും പർവ്വതങ്ങളിലുമാണ് വീഴുന്നതെന്നും, ഇതുപോലിൽ സാമ്യഭാഗം മാത്രമേ ഭൂമിയിൽ വീഴുന്നുള്ളുവെന്നും കാണുന്നുണ്ട്. പാശ്ചാത്യ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിലും, ഭൂമിയിൽ പെയ്യുന്നതിലധികം കാടുകളിലാണ് മഴ പെയ്യുന്നതെന്നു കാണുന്നു. മഴയുടെ ഈ സിദ്ധാന്തത്തിനാധാരമായി വല്ല ശാസ്ത്രസിദ്ധാന്തവും ഉണ്ടോ എന്നറിവാൻ എല്ലാവർക്കും കൌതുകമുണ്ടായിരിക്കും. പച്ചപിടിച്ചു നില്ക്കുന്ന കാടുകളുടെ ഉപരിഭാഗത്തുള്ള വായുമണ്ഡലം സാധാരണയായി തണുത്തിരിക്കും. തണുത്ത വായുമണ്ഡലത്തോടു കാർമേഘങ്ങൾക്കുള്ള സമ്പർക്കനിമിത്തമാണ് മഴ പെയ്യുന്നത്. കാർമേഘങ്ങളുടെ സഞ്ചാരമാർഗ്ഗം കടൽനിരപ്പിൽനിന്നു 10000 അടി ഉയരത്തിലാണ്. ഉന്നതങ്ങളായ കാടുകളുടെ നില്പും കടൽനിരപ്പിൽനിന്നു വളരെ ഉയർന്നിട്ടാണ്. തന്നിമിത്തം സഞ്ചരിക്കുന്ന കാർമേഘങ്ങളെ എളുപ്പത്തിൽ ആകർഷിപ്പാൻ കഴിയുന്നു. ഇതാണ് കാടുകളിൽ മഴ അധികം പെയ്യുവാനുള്ള കാരണം. ഈ സ്ഥിതിക്കു കൊടുംകാടു വെട്ടി നശിപ്പിക്കുന്നതു രാജ്യത്തിനു വലിയ ദോഷമാണെന്നു പറയേണ്ടതില്ലല്ലോ.

ആകർഷണശക്തി.

ആകർഷണശക്തിയുടെ പ്രയോഗങ്ങൾ ചിലപ്പോൾ അല്പം രസമായിരിക്കും. നാം ഒരു കല്ലെടുത്തു മേല്പോട്ടെറിയുന്നതായാൽ അതിനെ ഭൂമി കീഴ്പോട്ട് ആകർഷിക്കുന്നു. നമ്മെ പിടിച്ചുനിർത്തുന്നതും ഭൂമി തന്നെ. പക്ഷികൾ, സാധനങ്ങളുടെ ഗതിയെ ക്രമപ്പെടുത്തുന്നതും ഭൂമി തന്നെയാണ്. ഭൂമി ഇതൊക്കെയും ചെയ്യുന്നതു അതിന്റെ ആകർഷണശക്തികൊണ്ടാണ്. ഭൂമിയുടെ വലുപ്പത്തെ ആശ്രയിച്ചിട്ടാണ് ആകർഷണശക്തിയുടെ സ്ഥിതി. ഭൂമി വളരെ വലിയ ഗോളമാകയാൽ അതിന് ഏതു വസ്തുക്കളെയും ആകർഷിപ്പാൻ ശക്തിയുണ്ട്. ചന്ദ്രനിൽ നമ്മെപ്പോലെ ഒരാളുണ്ടെന്നു വിചാരിക്കുക. അയാൾക്ക് അവിടെയുള്ള ഉന്നതവൃക്ഷങ്ങളുടെ മുകളിലേക്ക്, ഇവിടെ ഒരു കതിര വേലി ചാടുന്നതുപോലെ, എളുപ്പത്തിൽ ചാടിക്കയറുവാൻ സാധിക്കും. ചന്ദ്രനിൽ ഒരാൾക്കു ഭൂമിയിലെ ഒരു കുതിരയെപ്പോലെ വേഗത്തിൽ ഓടുവാൻ കഴിയും. ചന്ദ്രൻ ഒരു ചെറിയ ഗോളമാകയാൽ, അതിനു ഭൂമിയെപ്പോലെ ആകർഷിപ്പാനുള്ള ശക്തി ഇല്ലാത്തതാണ് അതിനു കാരണം. ഇനി വ്യാഴനിലോ ശനിയിലോ ജീവിക്കുന്ന ആളുടെ കാര്യം ആലോചിക്കുക. ആ ഗ്രഹങ്ങൾക്കു ഭൂമിയെക്കാളധികം വലുപ്പമുള്ളതാകയാൽ ആകർഷണശക്തിയും അധികമുണ്ട്. അവിടെ മനുഷ്യർ പാറയുരുട്ടുന്നതുപോലെ ഏറ്റവും പ്രയാസപ്പെടണം. ദേഹത്തിന്റെ തൂക്കവും വലുപ്പമുള്ള ശില അതിന്റെ കനംകൊണ്ടു തന്നെ താഴെ നശിച്ചുപോകും.

ഭൂഗർഭത്തിലെ ചൂടും ആഴവും.

ചൂടിന്റെ ഒരു കലവറയാണ് ഭൂമി. അതു സൂര്യനിൽനിന്നു വളരെ ചൂട് സമ്പാദിച്ചു തന്റെ അന്തർഭാഗങ്ങളിൽ സൂക്ഷിച്ചുവെക്കുന്നു. ഭൂമിയുടെ ഉള്ളിലേക്കു കുഴിച്ചുനോക്കിയാൽ കീഴ്പോട്ടു ചെല്ലുംതോറും ചൂട് അധികമായി കാണാം. ഭൂഗർഭത്തിന്റെ കത്ത നടുവരെ ആഴത്തിൽ ഒരു കിണറു കുഴിക്കുന്നതായാൽ ലോകത്തിലേക്ക് ഇപ്പോ

ആവശ്യമുള്ള ചൂടു മുഴുവനും ആ കിണററിൽ നിന്നു കിട്ടുമെന്നു പ്ലുക്കോറിയസ് എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനു ഒരു കിണറു കുഴിക്കുവാൻ ശ്രമിക്കേണ്ടതാണെന്ന് അദ്ദേഹം ഉപദേശിക്കുകയും ചെയ്യുന്നു. ഇനി, ഈ കിണറ് ഭൂഗർഭത്തിന്റെ മദ്ധ്യനാഡിയെ എത്തുവാൻ എത്ര ആഴം വേണ്ടിവരുമെന്നു നോക്കുക. ഭൂമിയുടെ വണ്ണം 80 നാഴികയാണെന്നാണ് നവീനശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം. അക്കണക്കിനു പ്ലുക്കോറിയസ് ഉദ്ദേശിക്കുന്ന കിണററിന്റെ ആഴം 15 നാഴിക ആവുകയില്ലാ. പാശ്ചാത്യജർമ്മനിയിൽ ഇതിനിടെ ഉത്ഭവസംബന്ധമായി ശാസ്ത്രജ്ഞന്മാർ തമ്മിലുണ്ടായ ഒരു വാദപ്രതിവാദത്തിൽ ഭൂമിയുടെ വണ്ണം 930 നാഴികയാണെന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്കു 465 നാഴിക ആഴമുള്ള ഒരു കിണർ കുഴിക്കേണ്ടതായിവരും!

കണ്ണുനീരും രക്തവും.

പ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞൻ കണ്ണുനീരിനെപ്പററി വളരെ പുതുതായ ഒരു അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഒരു മനുഷ്യൻ കരയുവാൻ തുടങ്ങുമ്പോൾ അയാളുടെ തലച്ചോററിൽ കടക്കുന്ന രക്തത്തിന്റെ ശക്തി വളരെ കുറയുന്നു. തലച്ചോററിൽ രക്തം കുറഞ്ഞാൽ അവനുള്ള ഉത്സാഹം പോയി വളരെ സാധുപ്രകൃതം വരുന്നു. കണ്ണുനീരെന്നു പറയുന്നതു വാസ്തവത്തിൽ രക്തമാണ്. അതു കണ്ണുകളിൽക്കൂടെ പുറത്തുവരുമ്പോൾ സ്ഥിരം കാണുന്ന വെളുപ്പോ ഉള്ളൂ. ലവണമുള്ള ജലം ഒരുവന്റെ ഇന്ദ്രിയശക്തിയെക്കെടുത്തുന്നതുപോലെ പുറത്തുവരുന്ന കണ്ണുനീർ ദൃഢതയെ കതിരേയും കെടുക്കും. കുട്ടികളുടെ ധാതുക്കൾക്കു വളരെ എളുപ്പമുള്ളതുകൊണ്ട് അവർക്ക് എടുത്തെടുത്തു കരയുന്നതുകൊണ്ടു ഗുണം കിട്ടുന്നു. അത് അവരുടെ തലച്ചോറിനും നല്ലതാണ്. സ്ത്രീകൾക്കു കരയുന്നതുകൊണ്ടു ശരീരസ്വാസ്ഥ്യമുണ്ടാവുന്നു.

ഭൂമിയുടെ പഴക്കം.

ഭൂമിക്കു 1000 ലക്ഷം കൊല്ലത്തെ പഴക്കമുണ്ടെന്നാണ് മിക്കവാറും ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചുവരുന്നത്. എന്നാൽ, പ്രൊഫസർ വില്യം ജോളിസ്സ് ഡേവിസ്സ് എന്ന ശാസ്ത്രജ്ഞൻ ഇതിനിടയിൽ ചില പ്രത്യേകന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി 600 ലക്ഷം കൊല്ലത്തെ പഴക്കമേ ഉള്ളൂ എന്നു പ്രസ്താവിച്ചിരിക്കുന്നു. കടലിലെ വെള്ളം കരയുള്ള പാറകളിൽ തട്ടിയുണ്ടാവുന്ന പടലം (Strata) എത്രയെന്നു പരിശോധിച്ചിട്ടാണ് ഈ വിദ്വാൻ കാലം ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. ഒരു ക്ലിപ്തമായ കാലത്തിനുള്ളിൽ പടലം എത്ര വലുതാവുന്നു എന്നുള്ള പരിശോധനയാണ് ഈ അഭിപ്രായത്തിന്റെ ബീജം.

ചന്ദ്രന്റെ ജനനം.

എത്രയോ ലക്ഷം കൊല്ലങ്ങൾക്കു മുമ്പ് ഭൂമിയും ചന്ദ്രനും ഒന്നായിരുന്നു. അപ്പോഴേ, ഭൂമി ഇപ്പോഴത്തെ മാതിരിയിലായതിനുള്ള പരിണാമം നടക്കുന്ന കാലമായിരുന്നു. അന്നു ഭൂകമ്പം അധികമുണ്ടായിരുന്നു. അതിലൊന്നുണ്ടായ ഒരു വലിയ ഇളക്കത്തിൽ ഭൂമിയുടെ ഒരു ഭാഗം പൊട്ടിത്തെറിച്ചുപോയി. അതാണ് ചന്ദ്രൻ. അതോടുകൂടി കല്ലുകളും പാറകളും ലോഹങ്ങളും മറ്റുപദാർത്ഥങ്ങളും തെറിച്ചുപോയിട്ടുണ്ട്. അതിൽ ചിലതാണ് ഉൽക്കകളായി വീഴുന്നത്, എന്നു ചില ശാസ്ത്രജ്ഞന്മാർ പറയുന്നു.

മുത്തശ്ശിയുടെ കഥ.

ആകാശമണ്ഡലം മുഴുവൻ കറുത്തിരുണ്ട മേഘപടലങ്ങളാൽ മറഞ്ഞിരിക്കുന്നു. ഭയങ്കരമായ ഒരു സൈന്യവ്യൂഹത്തിൽ ജയശാലികളായ വീരസൈനികരുടെ ആർപ്പുവിളിയെന്നപോലെ ഇടിമുഴക്കം കേൾക്കുന്നു. ഇടയ്ക്കിടയ്ക്കു കണ്ണും കാണാതെയാകുന്ന മിന്നല്പിണരുകളുടെ പ്രകാശത്താൽ കണ്ണുകൾ അറിയാതെ അടഞ്ഞുപോകുന്നു. ഈ കലാപത്താം കണ്ടു ഭയപ്പെട്ട ഞാനെന്റെ മുത്തശ്ശിയമ്മയുടെ മടിയിൽ കടന്നുകൂടി. എന്റെ ഭയപ്പാടിന് ഒരുവിധം ശമനം കിട്ടി. ആ സമയത്ത്, നിരാധാരവും എങ്ങും പരന്നതുമായ ആകാശത്തിൽനിന്ന് ഇതുവിധം മഴ പെയ്യുവാനും ഇടിമുഴങ്ങുവാനും മിന്നൽ വീശുവാനും കാരണമെന്തെന്നു ഞാൻ മുത്തശ്ശിയോടു ചോദിക്കുകയുണ്ടായി. അതിനു മറുപടി ഇതായിരുന്നു:— സ്വർഗ്ഗലോകത്തു ദേവേന്ദ്രൻ പല അസുരപ്രധാനികളോടു പോരാടുന്നു. അധികം ഉഗ്രമായ പോർവെച്ചുകളാൽ പറഞ്ഞുകേൾക്കുന്ന അസ്ത്രശസ്ത്രങ്ങളുടെ പ്രകാശമായ സംഘട്ടനം നിമിത്തം ഉച്ചത്തിൽ പുറപ്പെടുന്ന ശബ്ദമാണ് ഇടിമുഴക്കം. മുറിഞ്ഞും ചതഞ്ഞും കിടക്കുന്ന അസുരന്മാരുടെ ദേഹത്തിൽനിന്നൊഴുകുന്ന ചോരയാണ് ഈ പെയ്യുന്ന വെള്ളം. മുത്തശ്ശി പറഞ്ഞ ഈ കഥ കണ്ണടച്ചു വിശ്വസിക്കാനേ കുട്ടിയായ എനിക്ക് അന്നു ബുദ്ധിയുണ്ടായിരുന്നുള്ളു. അപ്പോഴത്തെ അതിനെതിരായി വാദിക്കത്തക്ക വിവേകമോ പ്രാപ്തിയോ വാശിയോ എനിക്കുണ്ടായിരുന്നില്ല.

കാലം കുറച്ചു കഴിഞ്ഞു. എനിക്കു വയസ്സു പത്തായി. എന്നെ ഒരു പള്ളിക്കൂടത്തിൽ പഠിക്കുവാൻ കൊണ്ടുപോയാക്കി. സ്വല്പം കൊല്ലത്തെ പഠിപ്പുകൊണ്ടു പ്രധാനവിഷയമായ പ്രകൃതിവിജ്ഞാന (Nature study)ത്തിൽ എനിക്കു നല്ല പരിചയമായി. മേഘം, കാറ്റ്, മഴ, മിന്നൽ മുതലായവയുടെ വാസ്തവമായ പ്രകൃതിയും വികൃതിയും കണ്ടുപിടിക്കാൻ എനിക്കു ധാരാളം വശമായി. അപ്പോഴാണ് പണ്ടു മുത്തശ്ശി പറഞ്ഞ കഥ ഓർമ്മ കളവാണെന്നു തോന്നി. കഷ്ടം! എന്തു ദേവേന്ദ്രൻ, എന്തു വൃത്രൻ, എന്തു യുദ്ധം! ഒന്നുമില്ല. എന്നെ ഭയപ്പെടുത്താനും സമാധാനപ്പെടുത്താനുമായി മുത്തശ്ശി പറഞ്ഞ നേരമ്പോക്കാണതെല്ലാം. മേഘം, ഇടി, മിന്നൽ, കാറ്റ് ഇത്യാദിയുടെ ഉൽപത്തിയുമായി യാതൊരു ബന്ധവുമില്ല. ഈ ധാരണനിമിത്തം എനിക്കു മുത്തശ്ശിയുടെ പേരിലുണ്ടായിരുന്ന ബഹുമാനം കുറഞ്ഞു. എന്നല്ല, ചിലപ്പോൾ ഞാൻ മുത്തശ്ശിയെ പരിഹസിക്കാൻ തുടങ്ങുകയും ചെയ്തു.

മുത്തശ്ശി പറഞ്ഞ കഥ പുരാണങ്ങളിലും മറ്റും പറഞ്ഞിട്ടുള്ളതാണെന്ന് അന്ന് പറയുമ്പോഴൊക്കെയും എനിക്കതു വിശ്വസിക്കാൻ കഴിവുണ്ടായിരുന്നില്ല. ചാതി

ന്ന വിരോധമായ പ്രമാണമൊന്നും എനിക്കറിവുണ്ടായിരുന്നു. പ്രകൃതിവിജ്ഞാനം അതിന്നു വിരോധമായി വന്നപ്പോൾ എനിക്കു ചരിത്രത്തെക്കുറിച്ചു പരിഹാസമാണല്ലോ ഉണ്ടായത്. എങ്കിലും ഞാൻ വേദങ്ങളിൽ പറഞ്ഞ പുരാണങ്ങളും മറ്റും പരിശോധിച്ചുതുടങ്ങി. അപ്പോൾ വൃത്രാസുരവധം വാസ്തവമാണെന്ന പുരാണവചനം മാത്രമല്ലാ തെളിയിക്കുന്നത്. 'ഇന്ദ്രോവൈ വൃത്രമഹനിഷ്യത്, സർവ്വാദേവതാ അന്ത്രവീത്' (ഇന്ദ്രൻ വൃത്രാസുരനെ കൊന്നു എന്ന് എല്ലാ ദേവതകളും പറഞ്ഞു) എന്ന് ഐതരേയബ്രാഹ്മണത്തിലും, 'വൃത്രായ വജ്രമീശാനഃ' എന്ന് ഋഗ്വേദം ഒന്നാം മണ്ഡലത്തിലും, 'അഹന്നഹിം ഇന്ദ്രോ വൃത്രായ വജ്രമുദ്യേച്ഛൻ' എന്ന് ഏഴാം മണ്ഡലത്തിലും കാണുന്ന വാക്യമന്ത്രങ്ങൾ എന്റെ ദൃഷ്ടിയിൽപ്പെട്ടു. അവയുടെ അർത്ഥമാലോചിച്ചു മനസ്സിലാക്കിയപ്പോൾ വൃത്രന്റെ വേദപുരാണാദികളിലുള്ള സ്ഥാനത്തെ ഞാൻ ഉള്ളുകൊണ്ടു പല തവണയും അനുമോദിക്കുകയുണ്ടായി.

ഞാൻ വലിയ പരിഭ്രമത്തിലായി. വൃത്രന്റെ കഥ വാസ്തവമാണോ അല്ലയോ എന്ന ശങ്ക എന്റെ മനസ്സിൽനിന്നു വിട്ടൊഴിയുന്നില്ല. വേദപുരാണാദികൾ വൃത്രന്റെ ഭാഗത്തുണ്ടെങ്കിലും പള്ളിക്കൂടത്തിലെ പാഠം നേരെ മറിച്ചാണ്. ഞാൻ എന്തു ചെയ്യട്ടെ! എന്തായാലും കുറെക്കൂടി പുസ്തകങ്ങൾ പരിശോധിക്കതന്നെ എന്നുറച്ചു. പല പുസ്തകങ്ങളും വായിച്ചു കൂട്ടത്തിൽ യാസ്കനിരുക്തവും വായിപ്പാനിടയായി. അതിലൊരുഭാഗത്ത് ഇങ്ങിനെ കണ്ടു:— 'കോമേഷ? മേഘ ഇതി നൈരുക്താഃ, ത്വാഷ്ട്രോസുര ഇത്യൈതിഹാസികാഃ' (മേഘമെന്താണ്? മേഘമാണ് എന്നു നൈരുക്തന്മാരും, അതു ത്വഷ്ടാവിന്റെ സന്തതിയായ അസുരനാണെന്ന് ഇതിഹാസവിശേഷജ്ഞന്മാരും പറയുന്നു)'. നിരുക്തത്തിലെ ഈ ഭാഗം കണ്ടപ്പോൾ എന്റെ മനസ്സിന് എന്തെന്നില്ലാത്ത ഒരു വെളിച്ചമുണ്ടായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇപ്പോൾ വേറെ ഒരു സംശയം: വേദത്തിൽ വൃത്രയുദ്ധം വർണ്ണിച്ചിരിക്കുന്നു. നിരുക്തകാരമതം നോക്കിയാൽ വൃത്രാസുരൻ അന്നു ഇല്ലതാനും. ഇന്ദ്രന് എതിരാളിയില്ലെങ്കിൽ ആരോടാണ് യുദ്ധം ചെയ്യുക? ഈ സ്ഥിതിക്കു വേദത്തിലെ കഥയ്ക്ക് എന്തായിരിക്കും അടിസ്ഥാനം? ഇങ്ങിനെയുള്ള സംശയങ്ങളോടുകൂടി കുറെ ഏടുകൾ അദ്ധ്യായങ്ങളും മറിച്ചുനോക്കിയപ്പോൾ നിരുക്തത്തിൽത്തന്നെ മറ്റൊരു ഭാഗത്ത് ഇങ്ങിനെ കണ്ടു:— 'അപാംച ജ്യോതിഷശ്ച മിശ്രീഭാവകർമ്മണോ വർഷകർമ്മ ജായതേ, തത്ര ഉപമാർത്ഥേന യുദ്ധവർണ്ണാ ഭവന്തി'. സ്വയംപ്രകാശമുള്ള 'ഇന്ദ്രൻ' എന്ന വായുവും മേഘങ്ങളുടെ 'ഉദര'ഭാഗത്തു നിറഞ്ഞ വെള്ളവുമായി കൂടിക്കലരുമ്പോൾ മഴയുണ്ടാവുന്നു. വായുവും വെള്ളവും തമ്മിലുള്ള കൂടിക്കലർച്ച യുദ്ധംപോലെയായതുകൊണ്ടു മഴയെ വൃത്രാസുരവധമായി വർണ്ണിച്ചിരിക്കയാണ്. മേഘമണ്ഡലത്തിൽ സദാ വിഹരിക്കുന്ന കാററുതന്നെയാണ് ഇന്ദ്രൻ എന്ന് ബോധ്യമായി. ഇന്ദ്രോ' എന്ന ദൈവതകാണ്ഡത്തിൽ സൂത്ര

മാണ്. മിന്നൽവെളിച്ചവും ഇന്ദ്രനുള്ളതാണ്. കാലാവസ്ഥകളനുസരിച്ച് ഇന്ദ്രൻ ചിലപ്പോൾ വിളങ്ങിയും ചിലപ്പോൾ വിളങ്ങാതെയുമിരിക്കും. വായുവും ഇന്ദ്രനും ഒന്നാണെന്നുള്ളതിലേക്ക് 'ഇന്ദ്രസ്യ വായോഃ' (ഈ ഇന്ദ്രനായ വായുവിന്റെ) എന്ന വേദവാക്യം തന്നെ തെളിവാകുന്നു.

ഇപ്രകാരത്തെ വേദവാക്യങ്ങൾക്കും തെളിവുകൾ വിശദത്തിൽ കാണുന്നു:—

"(1) അഹിശ്ശയൻ നിഷേദാ അപാം ബഹുനിർഗ്ഗമോപേതം വിലമപിഹിതം യദാസീൽ, വൃത്രം ജഘന്വാ അപതദ്വവാര' (യഥാ ഹി വണിജോ ഗവാദിദ്രവ്യങ്ങൾ നിരോധ (വൃത്രഃ) തജ്ജലം നിരുധ്യാതങ്ങൾ. മേഘോ ജലസ്യ വിലം (നിർഗ്ഗമദ്വാരം) ബന്ധിനാൽ- ഇതിനെ ഇന്ദ്രഃ (വായു) തമാഹത്യ തജ്ജലം നിർഗ്ഗമിതവാൻ)"

പശു മേച്ചുനടക്കുന്ന ഗോപാലന്മാർ ഒരു [അവകടത്തിലും ഒരുങ്ങിടാവുന്ന പശുക്കളെ പിൻതിരിച്ചു കഴിക്കുന്നതുപോലെ, മേഘം തന്റെ ഉള്ളിൽ വെള്ളം തടഞ്ഞു നിർത്തി (പുറത്തുവിടാതെ സൂക്ഷിക്കുന്നതു കണ്ട് ഇന്ദ്രൻ ഒരു കാറ്റുണ്ടാക്കി ആ വെള്ളം പുറത്താക്കി.

"(2) പ്രസൂമന്ദാനം വൃഷഭസ്യ വോചം യൽ പൃഥവോ വൃത്രഹണം സചന്തേ; ദൈവാസഃ ശമാനി സ്യൂമഗഭസ്തി വൈദ്യുതാൽ അപ്സുരനാൽ കാഷ്ഠാ അവശപദം ശേഷേ.'

(മനുഷ്യാ വൃഷ്ടികർത്താ, സന്തോഷേണ സേവനാർത്ഥം അസ്യ വജ്രയുക്തം ഇന്ദ്രസ്യ വൃത്രഹന്തുഃ സോമപാനം വിശേഷേണ ബ്രവീമി. സർവ്വപൃഥിവ്യാം മേഘമാഹത്യ വിദാർച്ച ചാഷലമേഘനാൽ വൃഷ്ടിരൂപേണ പർജ്ജന്യമയൽ)"

സമുദ്രം മഴയായി താഴോട്ടുവരുന്നതിനെ തടയുന്നവൻ ഒരു ജലരാക്ഷസനാണ്. ആ വൃത്രഹനാകുന്നു ഇന്ദ്രന്റെ ശത്രു. അതിനെ ഞാൻ പറയാം. അവൻ ശത്രുവായി കൊണ്ടന്ത ഉടക്കാനെ അടിച്ചുപിളർന്ന് അകത്തുള്ള വെള്ളം പുറത്തൊഴുക്കുന്നു. അതാണ് മഴ.

ഇപ്രകാരത്തെ ഇന്ദ്രനെന്നും വൃത്രനെന്നും പറയുന്ന വായുക്കൾ തമ്മിലുള്ള അടിപിടിയും വഴക്കുമാണ് യുദ്ധമായി പുരാണത്തിൽ വർണ്ണിച്ചിരിക്കുന്നത്. ഒരാൾ തന്നിഷ്ടപ്രകാരം ആരോടും യുദ്ധം ചെയ്യുകയില്ല. ഇതിനും വേദത്തിൽ അനേകം പ്രമാണങ്ങൾ ഉണ്ട്.

'മായേൽ സന്തമാനിരുധാന്യാഹു-
രാദ്യ ശത്രും നനു പുരാ വിവിത്സേ.'

(അയി ഇന്ദ്ര! യാനി ഇമ യുദ്ധാനി വർണ്ണയന്തി അസത്യമപി അസ്ത്യ. ഹേ ഇന്ദ്ര ത്വം സമ്പ്രതി ശത്രുന്ന് ന ജാനാസി, നാപി പൂർവ്വമാസീൽ. ആനന്ദനിലക്കാനായി—൫-ാം മണ്ഡലം.)

അല്ലയോ ഇന്ദ്ര! വൃത്രനുമായി നിന്റെ യുദ്ധങ്ങളുണ്ടായതായി പുരാണങ്ങളിൽ കാണുന്നു. അതു വാസ്തവത്തിലുള്ളതല്ല. നിനക്കൊരു ശത്രുവേയും ഇതുവരെ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുന്നതുമല്ല. ഈ സംഗതി നിനക്കും അറിവുള്ളതാണ്.

'അമൃതാശ്രയാസി അസ്വദേവാസുരം.'

(ദേവാസുരന്മാരുടെ കിഴിവ് യുദ്ധമാസിൽ.)

ദേവന്മാരും അസുരന്മാരും തമ്മിൽ യാതൊരു യുദ്ധവും ഉണ്ടായിട്ടില്ല. കാറ്റു

വിളിച്ചുപോരും മേഘം ഛിന്നഭിന്നമായി ചിതറിപ്പോകുന്നു. വീണ്ടും മറ്റു ഭാഗത്തിലുണ്ടു ഒന്നാകമാനം വ്യാപിക്കുന്നു. വീണ്ടും കാററടിക്കുകയും, മേഘം ഛിന്നഭിന്നമാകയും ചെയ്യുന്നു. ഇതുമൂലമാണ് വായുവിനും മേഘത്തിനും തമ്മിൽ ശത്രുതയെന്നു പുരാണത്തിലും കാണുന്നു.

ഇത്രയുമായപ്പോഴേക്കു എന്റെ സംശയങ്ങൾ ഒട്ടുമിക്കതും തീൎന്നു. ഇനി ഒല്പം മാത്രമേ ബാക്കിയുള്ളൂ. മേഘത്തിനു വൃത്രനെന്നും കാററിനു ഇന്ദ്രനെന്നും പേരുകൾ എങ്ങിനെ സിദ്ധിച്ചു? ഇതാണെനിക്കുണ്ടായ സംശയം. നിരുക്തത്തെ ഒന്നുകൂടി സൂക്ഷ്മമായി നോക്കിയപ്പോൾ ഇതിനും സമാധാനം കിട്ടി. 'യദവൃണോത് തദ്വൃത്രസ്യ വൃത്രത്വം' (ആകാശമണ്ഡലത്തെ ആവരണം ചെയ്യുന്നതുകൊണ്ടു മേഘത്തിനു വൃത്രനെന്നു പേർ കിട്ടി) എന്നും, 'യദവൎത്തത തദ്വൃത്രസ്യ വൃത്രത്വം' (ആകാശത്തിൽ ചാഞ്ചാടിക്കൊണ്ടു ഗമിക്കുന്നതുകൊണ്ടും മേഘം വൃത്രനായിത്തീൎന്നു) എന്നും, 'യദവൎദ്ധത തദ്വൃത്രസ്യ വൃത്രത്വം' (കാററടിയായതിനുശേഷം വീണ്ടും വളൎന്നതുകൊണ്ടും മേഘത്തിനു വൃത്രനെന്നു പേർ കിട്ടി) എന്നും മൂന്നു പ്രകാരത്തിൽ മേഘത്തിനു വൃത്രസംജ്ഞ കിട്ടുവാനുള്ള കാരണം പറഞ്ഞിരിക്കുന്നു. 'വൃഞ്' ധാതു നിഘണ്ടുവിൽ ആവരണാൎത്ഥത്തിലും ഗത്യൎത്ഥത്തിലും വൎദ്ധനാൎത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നു. 'വൃത്രോ വൃണോതേർവാ വൎത്തതേർവാ വൎദ്ധതേർവാ' എന്ന നിരുക്തത്തിൽ കാണുന്നുണ്ട്. ഇന്ദ്രൻ വായു എന്ന ബോധവന്നത് 'ഇരാം മേഘം വിദാരയതി' എന്ന വ്യുല്പത്തിപ്രകാരം മേഘത്തെ പിളൎക്കുന്നതുകൊണ്ടുമാകുന്നു.

ഇത്രയുംകൊണ്ട് എനിക്കുണ്ടായിരുന്ന സംശയങ്ങൾ നിശ്ശേഷം തീൎന്നു. പ്രാചീന ഹിന്ദുക്കളുടെ വേദപുരാണാദികളും അവയെ അനുസരിച്ചു പണ്ടു മുത്തശ്ശി പറഞ്ഞ കഥയും നവീനശാസ്ത്രപ്രകാരമുള്ള പ്രകൃതിശക്തിയും വാസ്തവത്തിൽ ഒന്നുതന്നെയാണെന്ന് എനിക്കു ബോദ്ധ്യമായി. വായുവും മേഘവുമായിട്ടുള്ള സംഘട്ടനമാണെന്നു വിചാരിക്കുന്നതായാലും ശരി, ഇന്ദ്രനും വൃത്രനും തമ്മിലുള്ള യുദ്ധമാണെന്നു കരുതുന്നതായാലും ശരി, യഥാൎത്ഥത്തിൽ രണ്ടും ഒന്നുതന്നെയാണ്. പ്രകൃതിയിൽ നിലീനമായിരിക്കുന്ന ഓരോരോ തത്വങ്ങളെ അലങ്കാരഭംഗികൊണ്ടു മിനുക്കി ചാരുതരമാക്കി മനസ്സിലാകത്തക്ക കഥകളെക്കൊണ്ടു തെളിയിക്കുന്ന സമ്പ്രദായം നമ്മുടെ സാഹിത്യത്തിൽ പ്രസിദ്ധമാണ്. അതനുസരിച്ചു ആ താല്പര്യത്തിൽ എന്നെ ചെറുപ്പത്തിൽ വിനോദിപ്പിക്കുവാനായിട്ടാണ് വാത്സല്യമേറിയ എന്റെ മുത്തശ്ശി ഇന്ദ്രവൃത്രന്മാരുടെ യുദ്ധകഥ പറഞ്ഞുതന്നത്. ഹാ! ആ കഥയിൽ ഒളിച്ചിരിക്കുന്ന തത്വം മനസ്സിലാക്കുവാൻ എനിക്കെത്ര ബുദ്ധിമുട്ടേണ്ടിവന്നു! വളരെക്കാലം അദ്ധ്വാനിച്ചു പ്രകൃതിശാസ്ത്രം പഠിച്ചു വേദങ്ങളും ഉപനിഷത്തുകളും പുരാണങ്ങളും മുതലായവയൊക്കെയും പരിശീലിച്ചു അവസാനത്തിൽ നിരുക്തകാരന്റെ സഹായംകൊണ്ടാണ് പരമാൎത്ഥം ഗ്രഹിക്കാറായത്.

സംശയങ്ങളെല്ലാം തീൎന്നിരിക്കുന്നു

ഗം എനിക്കു മുത്തശ്ശിയമ്മയെ ഒന്നു കണ്ടാൽ കൊള്ളാമെന്നുതോന്നി. പക്ഷെ, ആ കാൎയ്യം തീരെ അസാദ്ധ്യമായിരുന്നു. ജ്ഞാനനിധിയായിരുന്ന എന്റെ മുത്തശ്ശിയമ്മ ഇതിനിടയിൽ ഇഹലോകവാസം ഉപേക്ഷിച്ചു.

ഹാ എന്റെ മുത്തശ്ശിയമ്മേ, സ്കൂളിലെ പഠിപ്പുകൊണ്ട് സകലവും അറിഞ്ഞു കഴിഞ്ഞു എന്നല്ലതോന്നിയിരുന്നതുകൊണ്ട് എനിക്കവിടുത്തെപ്പേരിൽ പരിഹാസം തോന്നിയതു ക്ഷമിക്കണമേ! ഹാ, ആ ഇടിയും മഴയും പൊടിപൊടിക്കുന്ന അവസരത്തിൽ എന്നെ മടിയിലിരുത്തി മെല്ലെ പാടിത്തന്ന കഥ എത്രയും പരമാൎത്ഥമാണെന്നു എനിക്കിപ്പോൾ മനസ്സിലായി. ആ കഥയുടെ പരമാൎത്ഥം മനസ്സിലാക്കാഞ്ഞത് എന്റെ കുറ്റം തന്നെയാണ്. ഈ കാൎയ്യത്തിൽ 'നൈഷ സ്ഥാണോരപരാധോ യദേനമന്ധോ ന പശ്യതി; പുരുഷാപരാധഃ സ ഭവതി' (വഴിയിലുള്ള ഒരു കുറ്റി തടഞ്ഞ് കുരുടൻ വീണു പോകുന്നതു കുറ്റിയുടെ കുറ്റമല്ല; കുരുടന്റേതാണ്) എന്ന നിരുക്തകാരൻ ഉപദേശിച്ച വാക്യം കൊണ്ടുതന്നെ ഞാൻ സമാധാനിച്ചു കൊള്ളുന്നു.

ടി. വി. ശ്രീനിവാസശാസ്ത്രി.

ഞങ്ങളുടെ വായനശാല.

൧. ഭാഷാവിലാസം, ഒന്നാം പുസ്തകം— (പ്രസാധകൻ പി. വി. കൃഷ്ണവാരിയർ അവർകൾ, കോട്ടയ്ക്കൽ. വില 1 ക.)

ഗദ്യമയങ്ങളും പദ്യമയങ്ങളുമായ ഉപന്യാസങ്ങൾ കൂട്ടിച്ചേൎത്തിട്ടുള്ള പുസ്തകങ്ങൾ എല്ലാ ഭാഷയ്ക്കും ഭൂഷണമാണ്. മലയാളഭാഷയുടെ ഇക്കാലസ്ഥിതിക്ക് അവ എത്രയും ആവശ്യവുമാണ്. ഞങ്ങളുടെ മുമ്പിലിരിക്കുന്ന പുസ്തകത്തിൽ പലരുടേയും വകയായി 9 ഗദ്യപ്രബന്ധങ്ങളും 7 പദ്യപ്രബന്ധങ്ങളും അടങ്ങിയിരിക്കുന്നു. ഇവയിൽ പലതും പുതിയ പുതിയ ആശയങ്ങളെക്കൊണ്ടും ലളിതമായ ഭാഷകൊണ്ടും വായനക്കാൎക്കു വിജ്ഞാനവും വിനോദവും നല്കുന്നവയാണെന്നു നിസ്സംശയം പറയാം. ഇംഗ്ലീഷ് മഹാകാവ്യത്തെ മധുരമായ ഭാഷയിൽ ഭാഷാന്തരം ചെയ്തുകൊണ്ടു കണ്ടൂർ നാരായണമേനോനവർകൾ ചെയ്തിട്ടുള്ള 'മംഗളം', പ്രകൃതിയുടെ രമണീയതയെ നല്ല ആശയങ്ങളോടുകൂടി വൎണ്ണിച്ചുകൊണ്ടു വള്ളത്തോൾ നാരായണമേനോനവർകൾ എഴുതിയ '[illegible]' സ്വാതന്ത്ര്യമായ പ്രൌഢിയെ പ്രതിപദം പ്രകടിക്കുന്നതായ കണ്ടൂർ പരമേശ്വരയ്യരവർകളുടെ 'മാലതി', 'കൊടുങ്ങല്ലൂർ [illegible]' എന്നതിൽ പല പുതിയ ആശയങ്ങളോടുംകൂടി കാണിച്ചിട്ടുള്ള കേശവൻനായരവർകളുടെ

തിയ ഒന്നാം ഭാഗം, ഏതാണ്ടിവയാണ് ചെറു പ്രബന്ധങ്ങളിൽവെച്ചു മുമ്പിട്ടു നിൽക്കുന്നത്. കവിതയുടെ രഹസ്യത്തെ മനസ്സിലാക്കി എൻ. കൊച്ചുകൃഷ്ണപിള്ള അവർകളും, ഷേക്സ്പിയർ മഹാകവിയുടെ ഭാവപദ്യവസായികളായ നാടകങ്ങളെപ്പറ്റി പുത്തേഴത്തു രാമൻമേനോനവർകളും, മലയാളത്തിലെ മാപ്പിളമാരെപ്പറ്റി സി. കണ്ണിരാമൻമേനോനവർകളും എഴുതിയ ഉപന്യാസങ്ങൾ ശ്രദ്ധാർഹങ്ങളുടെ കൂട്ടത്തിൽ അധികം—ന്നായവയാണ്. ഒടുവിൽ കണ്ടിക്കുട്ടിമേനോനവർകളുടെ 'കട്ടിമാപ്പണിക്കർ' എന്ന കഥയും നന്നായിട്ടുണ്ട്. ഇതുപോലെ തന്നെ ചില ഉപന്യാസങ്ങളെപ്പറ്റി ഞങ്ങൾക്കുള്ള ചില അഭിപ്രായവ്യത്യാസങ്ങൾ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. 'നമ്മുടെ മാതൃഭൂമി'യിൽ വിവരിച്ച പല പദാർത്ഥങ്ങളുണ്ടെങ്കിലും, അവയെ സംസ്കരിച്ചു നല്ല ഭാഷയിലാക്കിക്കൊടുക്കാതിരുന്നാൽ അവനവനു വലിയ ഉപയോഗമുണ്ടാവുമെന്നു തോന്നുന്നില്ല. 'കൊടുങ്ങല്ലൂരമ്മണനാട്ടുള്ളൾ' എന്ന കവിതയിലെ ഒന്നാം ഭാഗവും രണ്ടാം ഭാഗവും നന്നായിട്ടുണ്ടെങ്കിലും, അത് മൂന്നാം ഭാഗത്തോടു ചേർക്കുമ്പോൾ ചേർച്ച പോരാതെയാണ് കാണുന്നത്. ഇതിനെയുള്ള കൂട്ടുകവിതകൾ ഇപ്പോഴത്തെ ഒരു അധികമായിത്തുടങ്ങിയിരിക്കുന്നു. കൂട്ടുകറി, കൂട്ടുകച്ചവടം മുതലായവ നല്ലതുതന്നെ; എന്നാൽ, 'കൂട്ടുകവിത' നല്ലതല്ല. എല്ലാറ്റിലും കൂട്ടായാൽ ഒരു വകയല്ലേ! ഈ ദോഷങ്ങൾക്കിന്നു കവികളല്ലാ പ്രസാധകന്മാരാണ് ഉത്തരവാദി. എം. ആർ. കൃഷ്ണവാരിയരവർകളുടെ 'ജയദേവനെപ്പറ്റി'യും ഞങ്ങൾക്കു വിപ്രതിപത്തിയുണ്ട്. 'യഥാർത്ഥകവിതയ്ക്കു ഒരു വാസ്തവിതേയും തീണ്ടൽ' ഇല്ലെന്നു ഞങ്ങൾക്കും സമ്മതമാണ്. എങ്കിലും സമ്പ്രദായസ്ഥിതിയോടു ചേർന്ന ഉൽബോധകമായ ഗുണങ്ങളില്ലാതെ 'ചെമ്പകത്തിലെ ഷട്പദ'ക്കൊണ്ടിരിക്കുന്ന 'ഭാവ'ത്തെ സഹൃദയസമാജത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുവരുന്നതു സാഹസമാണ്. യാതൊരു വൈചിത്ര്യവും ഇല്ലാത്ത പാദ്യവാക്യങ്ങൾ കവിതകളാകണമെന്നും തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ കവിതയല്ലാത്ത ലോകത്തിൽ ഒരു വാക്യവുമില്ല. കവിതയുള്ള ചില ശ്ലോകങ്ങൾ 'ഭാവ'ത്തിലുമുണ്ട്. എന്നാൽ, മുഴുവനും നോക്കിയാൽ നേരമ്പോക്കാണ്. മണ്ണിക്കുന്നത്ത് നാരായണൻ നായരവർകളുടെ 'ഗ്രാമണിദ്യാചണി'യും കഥ ഇല്ലാതാണെന്നാണ് തോന്നുന്നത്. ഇങ്ങിനെ ചില ദോഷങ്ങൾ ഈ 'സാഹിത്യസാഗര'ത്തിലുണ്ടെങ്കിലും, പല ഗുണങ്ങളുമുള്ള ഈ പുസ്തകം കൈരളീയർക്ക് ഉപകാരപ്രദമായിത്തീരുമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

൨. ഭാമിനീവിലാസം—(കൊടുങ്ങല്ലൂർ ഒ. എം. സി. രാമകൃഷ്ണശാസ്ത്രികൾ തർജമ ചെയ്തത്. ലക്ഷ്മീസഹായം അച്ചുക്കൂടം, കോട്ടയ്ക്കൽ. വില 4 ണ.)

'ഭാമിനീവിലാസം' എന്ന പ്രസിദ്ധ സംസ്കൃതഗ്രന്ഥത്തിലെ അന്യോക്തിപ്രകരണം മാത്രമേ (196 ശ്ലോകം) ഇതിലടങ്ങിയിട്ടുള്ളൂ. മൂലവും തർജമയുംകൂടി കേരളകൽപ്പവല്ലിയിൽ പ്രസിദ്ധപ്പെടുത്തിയതിനെ ലക്ഷ്മീസഹായത്തിൽനിന്നു വേറെയെടുത്ത് ഇപ്പോൾ ഒരു പ്രത്യേകപുസ്തകമായി പ്രസിദ്ധപ്പെടു

ണിയിരിക്കയാണ്. രാമകൃഷ്ണശാസ്ത്രികൾക്ക കേരളഭാഷയോടുള്ള സ്നേഹവും ധൈർയ്യപൂർവമായ ഉത്സാഹവും സർവ്വഥാ അഭിനന്ദനീയം തന്നെ. എന്നാൽ, അവയുടെ ഫലമായ പ്രകൃതപുസ്തകം സൂക്ഷ്മമായി നോക്കിയതിൽ ഞങ്ങൾക്കു ഒരു ആശാഭംഗമാണുണ്ടായത്. മൂലത്തിലെ മധുരഭാവങ്ങളെ അന്യൂനമായിരിക്കത്തക്കവണ്ണം തർജ്ജമയിൽ പ്രതിഫലിപ്പിക്കുന്നതാണല്ലോ തർജ്ജമയുടെ ജീവൻ. അതു ലളിതമായ ഭാഷയിൽക്കൂടിയാണെങ്കിലോ ഉത്തമവുമായി. ഈ സംഗതി നോക്കിയാൽ, ഭാഷയെപ്പറ്റി ചിന്തിക്കുന്നില്ലെങ്കിൽക്കൂടി, ഇതൊരു ജീവനില്ലാത്ത തർജ്ജമയാണെന്നേ വേണം പറയുവാൻ. ധൈര്യം തക്കേടില്ലെന്നു സമ്മതിക്കാവുന്നതായി ചില ശ്ലോകങ്ങളും ഇതിലുണ്ടെങ്കിലും, അധികഭാഗവും മൂലത്തോടു ശരിയായി യോജിക്കാത്തതായാണ് കാണുന്നത്. ചില ശ്ലോകങ്ങൾ മൂലത്തിന്റെ വികലങ്ങളായിത്തന്നെ കാണുന്നുണ്ട്. ചിലതിൽ, മൂലത്തിലെ നാടകീയതയിൽനിന്ന പരിഭാഷകൻ വല്ലതെ വ്യതിചലിക്കയാൽ അർത്ഥം യോജിക്കാതാകയും ചെയ്തിരിക്കുന്നു. മൂലത്തിലെ സംബോധനകൾ വിട്ടുകളക, ആവശ്യമില്ലാത്ത പുതിയവ ചേർക്കുക മുതലായി പരിഭാഷകനെടുത്തിട്ടുള്ള സ്വാതന്ത്ര്യം അൽപം കഠിനമായിപ്പോയിരിക്കുന്നു. 'സഖേ!' 'മാരുതി!' എന്നൊക്കെ സംബോധിപ്പിച്ചിട്ടും അതു പറയാതെ ... 'പെയ്യുക' എന്ന സാമാന്യത്തിനു പകരം ഭാഷയിലെപ്പറ്റുക എന്ന വിശേഷാൽപ്രയോഗവും കാണുക തന്നെ. 'സപ്തർഷിമണ്ഡലത്തിൽ പാർക്കുന്ന വിശേഷപ്പെട്ടകം' എന്ന മട്ടിലായിട്ടുള്ള വിരുദ്ധപ്രയോഗങ്ങളും പരിഹരണീയങ്ങളാണ്. ഇതുകളൊക്കെക്കൂടി നോക്കുമ്പോൾ, പ്രൗഢമായ കാളിദാസകവിതയെ പരിഭാഷപ്പെടുത്തുവാൻ ഈ കവി ചെയ്തിട്ടുള്ള യത്നം ഒരു ഘട്ടത്തിൽ പരാജയപ്പെട്ടുവോ എന്ന സംശയം പ്രബലമായിരിക്കുന്നു.

൩. സന്മാർഗ്ഗോപദേശമാല — (ഗ്രന്ഥകർത്താവ് പി. വി. ശേഷയ്യർ. വില 2 അണ.)

ഈ ചെറുപുസ്തകത്തിൽ 25 സന്മാർഗ്ഗവിഷയങ്ങളെപ്പറ്റിയ ഉപദേശങ്ങളും 70 സദാചാരവാക്യങ്ങളും അടങ്ങിയിരിക്കുന്നു. ഉപദേശങ്ങൾ ലളിതമായും ഹൃദയസ്പർശിയായും ഭംഗിയായും കഥിച്ചുള്ളവയായിരിക്കുന്നു. 'സത്യം പറയേണം' ഇത്യാദികളായ സദാചാരോപദേശങ്ങളാണ് ഇതിൽനിന്ന പഠിക്കുവാനുള്ളത്. ഈ പുസ്തകം ചെറുകുട്ടികളുടെ ഉപയോഗത്തിനു വേണ്ടി എഴുതിയതാണ്. ഈ ഉദ്ദേശത്തിനു യോജിക്കുന്നവിധത്തിൽ തന്നെ വിഷയങ്ങൾ തിരഞ്ഞെടുത്തു കാണുന്നതിൽ ഗ്രന്ഥകർത്താവിനെ ഞങ്ങൾ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു. ഇതിലെ ഭാഷയും ശൈലിയും നന്നായിട്ടുണ്ട്.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ. ഭ. പ.

പലവക

മംഗളോദയം

൧൦൮൧

പുസ്തകം ൧. | കർക്കിടകം. | ലക്കം ൧.

മംഗളം

മായാമോഹവിഹീനരായ് ശമദമാദ്യേകൈകകൊണ്ടുള്ളവൈരാഗ്യരാ-
ഗ്യായാസംകലരാത്മനാനാകർത്തൻജ്ഞാനപ്രകാശത്തിനാൽ
ന്യായാന്യായമറിഞ്ഞമാമുനികളാൽസ്സംഭാവിതം ചിന്മയ-
ക്ഷ്യായാസനാതനപരിഹിന്ദുമതമാശീർവ്വദിക്കുന്നതേ.

വി. സി. [illegible]

ഹിന്ദുമതത്തിന്റെ ശ്രേഷ്ഠത

'ഭാരതവർഷം' എന്നു പറയപ്പെടുന്ന ഇന്ത്യാരാജ്യം പലതുകൊണ്ടും ഇതരരാജ്യങ്ങളിൽനിന്നു വിലക്ഷണമാകുന്നു. കടലാൽ ചുറ്റപ്പെട്ടു കിടക്കുന്നതുകൊണ്ടും ഹിമാലയത്തിനാൽ [illegible] പ്രാകാരങ്ങളോടും കൂടിയ ഈ രാജ്യം ആകൃതിയിലും പ്രകൃതിയിലും മറ്റുരാജ്യങ്ങളിൽ



നിന്നു ഭേദിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിലുള്ള സകല യോഗ്യതകൾക്കും കാരണഭൂതന്മാരായ ഗ്രീക്കുകാരുടേയും റോമൻകാരുടേയും അന്യോന്യപരിഷ്കാരങ്ങളിൽനിന്ന് ഒട്ടും കലർപ്പില്ലാത്ത ഒരു പരിഷ്കാരം ഈ രാജ്യത്തെ നിവാസികൾക്കു പണ്ടുപണ്ടേ സിദ്ധിച്ചിട്ടുണ്ട് എന്നു നിസ്സംശയം പറയാം. അതു വിശേഷമാണ് ഈ രാജ്യത്തി

ന് ഇത്ര മാഹാത്മ്യം ഉണ്ടായിത്തീർന്നത്. ഗ്രീസ്സ്, റോമ മുതലായ രാജ്യങ്ങൾ പരിഷ്കാരം പ്രാപിക്കുവാൻ തുടങ്ങിയ കാലത്തുതന്നെ ഇന്ത്യ അതിന്റെ മുഖ്യസ്ഥാനം വഹിച്ചിരുന്നു. ഇന്ത്യയിലെ പരിഷ്കാരത്തിന്റെ പ്രശസ്തമായ ചരിത്രം മഹാഭാരതത്തിൽനിന്നറിയാവുന്നതാണ്. ഇന്ത്യൻ പരിഷ്കാരത്തിന്റെ പഴമയിലും പ്രാധാന്യത്തിലും സംശയമുള്ളവർകൂടി മഹാഭാരതകാലം ക്രിസ്ത്വബ്ദത്തിന് 1800 കൊല്ലം മുമ്പാണെന്നു സമ്മതിക്കുന്നുണ്ട്. ഇന്ത്യക്കാരുടെ ജ്യോതിശ്ശാസ്ത്രം നോക്കിയാൽ ക്രിസ്ത്വബ്ദത്തിനു 24 നൂറ്റാണ്ടു മുമ്പാണ് മഹാഭാരതകാലമെന്നു കാണാം. ആക്കാലത്തിന് എത്രയോ മുമ്പുതന്നെ പരിഷ്കാരപ്രധാനങ്ങളായ അനവധി കാര്യങ്ങൾ ഇന്ത്യക്കാർ നിർവ്വഹിച്ചിട്ടുണ്ട്. അവർ നല്ല ഭരണവ്യവസ്ഥയോടുകൂടിയ രാജ്യത്തെ സ്ഥാപിക്കുകയും, വലിയ നഗരങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇപ്പോഴത്തെ ഭൂമിശാസ്ത്രപ്രകാരം ബംഗാൾ ഉൾക്കടൽ മുതൽ അറബിക്കടൽ വരെ പരന്നുകിടക്കുന്ന വലുതായ രാജ്യത്തിനു നാഥന്മാരായി അനേകം ഭാരതീയരാജാക്കന്മാർ വ്യവസ്ഥിതമായ രാജ്യഭരണം നടത്തിവന്നതായി മഹാഭാരതത്തെക്കാൾ പഴയ ഗ്രന്ഥങ്ങളിൽനിന്നുതന്നെ അറിയുന്നുണ്ട്. ഐതരേയബ്രാഹ്മണത്തിൽ ചക്രവർത്തിമാരുടെ സിംഹാസനാരോഹണത്തെ എത്രയും മംഗളമായി വർണ്ണിച്ചിട്ടുണ്ട്. [illegible] പ്രസിദ്ധരായ സമ്രാട്ടുകളായ എട്ടുപേരെപ്പറ്റിയാണ് ആ ഗ്രന്ഥത്തിൽ ചക്രവർത്തിയെപ്പറ്റി പറഞ്ഞിട്ടുള്ളത്. മാത്രമല്ല, അഭിഷേകം, പുനരഭിഷേകം, ഐന്ദ്രമഹാഭിഷേകം എന്നിവ ചക്രവർത്തിയുടെ സിംഹാസനാരോഹണത്തെ വിളംബരപ്പെടുത്തുവാനായി നടത്തിയിരുന്നു. അവയുടെ ചടങ്ങുകളും ആ ഗ്രന്ഥത്തിൽതന്നെ വിവരിക്കപ്പെട്ടിട്ടുണ്ട്. ആ ഗ്രന്ഥത്തിന് ഹെരദ്യോത്തിന്റേതിനെക്കാൾ പഴക്കം കൂടുമെന്നാണ് വിദ്വാന്മാരുടെ പക്ഷം. ഗ്രീക്കുകാരുടെ രാജ്യം വിസ്തൃതപ്പെടുന്നതിനും റോമാനഗരം നിർമ്മിക്കുന്നതിനും മുമ്പുതന്നെ ഇന്ത്യയിൽ ഈ മാതിരി യാഗങ്ങൾ നടന്നിരുന്നു. റോമാനഗരനിർമ്മാണത്തിനു ശേഷമാണ് റോമൻകാരുടെ രാജ്യവും പരിഷ്കാരവും അഭിവൃദ്ധിപ്പെട്ടത്. ക്രിസ്ത്വബ്ദത്തിനു 750 കൊല്ലം മുമ്പാണല്ലോ റോമാനഗരത്തിന്റെ നിർമ്മാണവും സ്ഥാപനവും ഉണ്ടായിട്ടുള്ളത്.

ഭാരതീയരായ ആര്യന്മാർ കേവലം രാജ്യങ്ങൾ കൈവശപ്പെടുത്തുകയും രാജ്യഭരണം നടത്തുകയും ചെയ്തുകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല; പിന്നെയോ, മതതത്ത്വങ്ങളെ പ്രത്യക്ഷമാക്കുന്നതിനുകൂടി അവർ അത്യന്തം പരിശ്രമിച്ചിരുന്നു. യഥാർത്ഥമായ പരിഷ്കാരത്തിനു വികാസം സിദ്ധിക്കുവാൻ മതത്തിന്റെ അഭ്യാസം കഴിച്ചുകൂടാത്തതാണ്. ഇന്ത്യയിലെ വൈദികമതം, അല്ലെങ്കിൽ ഹിന്ദുമതം എത്രയും പഴയതാകുന്നു. [illegible] എല്ലാ സിദ്ധാന്തങ്ങളിലും വൈദികമതത്തിന്റെ സ്വത്വം അനപായമായിരിക്കുന്നു. ഈ മതത്തിൽനിന്നാണ് എല്ലാ മതങ്ങളുടെയും ഉത്പത്തി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ബൗദ്ധമതം ഉണ്ടായതു വൈദികമതത്തിൽനിന്നാണ്

ന്ന നിസ്സംശയം പറയാം. ഈ സംഗതി, പ്രസിദ്ധബൗദ്ധഗ്രന്ഥമായ ധമ്മപദത്തിൽ 'ഏസോ ധമ്മോ സനന്തനോ'(ഇതു സനാതനധർമ്മമാകുന്നു) എന്ന വാക്യത്തിൽ ബുദ്ധദേവൻ തന്നെ സമ്മതിച്ചിട്ടുണ്ട്. ക്രിസ്തുമതത്തിലെ പല ഉപദേശങ്ങളും ക്രിസ്തു ജനിക്കുന്നതിനു മുമ്പുതന്നെ ബൗദ്ധമതത്തിന്റെ അംഗമായി നടപ്പുണ്ടായിരുന്നു. അശോകചക്രവർത്തിയുടെ ശിലാശാസനങ്ങളിൽ ക്രിസ്തുമതോപദേശങ്ങൾ എഴുതിക്കാണുന്നുണ്ട്. 'എസ്സനിസ്സ്' എന്നു ഗ്രീക്കുകാരാൽ വ്യവഹരിക്കപ്പെടുന്ന ശ്രമണസന്ന്യാസിമാർ ക്രിസ്തുവിന്റെ ആവിർഭാവത്തിനു മുമ്പും പിമ്പും ഏഷ്യാമദ്ധ്യദേശത്തു വെച്ചു ധർമ്മോപദേശം ചെയ്തതായിക്കാണുന്നു.

ക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പുള്ളതും വളരെ പ്രധാനമെന്നു പരിഗണിക്കപ്പെടുന്നതുമായ ഒരു സംസ്കാരവിശേഷം ബൗദ്ധമതത്തിൽനിന്നെടുത്തതും 'ജോൺ' എന്ന പിതാവാൽ യേശുവിനുപദേശിക്കപ്പെട്ടതാകുന്നു. ഗൗതമനു ബുദ്ധൻ എന്ന ബിരുദനാമം സിദ്ധിച്ചതുപോലെ യേശുവിനു 'ക്രൈസ്റ്റ്' എന്നൊരു സ്ഥാനപ്പേരും ഉണ്ടായിരുന്നു. ഈ സംഗതിയെ, ശ്രീമാൻ രമേശചന്ദ്രദത്തൻ തന്റെ 'പ്രാചീനഭാരതീയപരിഷ്കാരചരിത്രം' എന്ന ഗ്രന്ഥത്തിൽ വിശദമായി ഉപപാദിച്ചിട്ടുണ്ട്. ക്രിസ്ത്യാനികളുടെ നീത്യുപദേശങ്ങൾ ബൗദ്ധമതഗ്രന്ഥങ്ങളിൽനിന്നെടുത്തവയാണെന്നും, മഹമ്മദീയമതത്തിനു ക്രിസ്തുമതത്തിന്റെ ഒരു ഛായയുണ്ടെന്നും, യേശുവിനെ മഹമ്മദീയരും ഒരു മതപ്രവർത്തകനായി സ്വീകരിക്കുന്നുണ്ടെന്നും ആ ഗ്രന്ഥത്തിന്റെ അഭിപ്രായം.

ഇനി, ഇത്രയും ശ്രേഷ്ഠത കൂടിയ ഹിന്ദുമതത്തിനുള്ള, ചില വിശേഷങ്ങളെ വിവരിക്കാം. ഈ മതം മനുഷ്യർ ധർമ്മാർത്ഥകാമങ്ങളെല്ലാംസാധിച്ച് അഭ്യുദയത്തെ പ്രാപിക്കേണ്ടുന്നതാകുന്നു എന്നു സനാതനധർമ്മത്തിന്റെ ലക്ഷണനിർവ്വചനത്തിൽ നിന്നുതന്നെ വെളിവാകുന്നുണ്ട്. 'യതോഽഭ്യുദയനിശ്രേയസസിദ്ധിഃ സ ധർമ്മഃ' (യാതൊന്നുകൊണ്ട് അഭ്യുദയനിശ്രേയസങ്ങൾ സിദ്ധിക്കുമോ അതാകുന്നു ധർമ്മം) എന്നാണ് സനാതനധർമ്മത്തിനു ലക്ഷണം ചെയ്തിട്ടുള്ളത്. മഹാഭാരതത്തിൽ കാണുന്ന ധർമ്മലക്ഷണവും ഈ സംഗതിയെ സമർത്ഥിക്കുന്നു. നോക്കുക:—

'ധാരണാദ്ധർമ്മമിത്യാഹുഃ
ധർമ്മേണ വിധൃതാഃ പ്രജാഃ
യത്സ്യാദ്ധാരണസംയുക്തം
സ ധർമ്മ ഇതി നിശ്ചയഃ.
പ്രഭവാർത്ഥായ ഭൂതാനാം
ധർമ്മപ്രവചനം കൃതം
യത്സ്യാൽ പ്രഭവസംയുക്തം
സ ധർമ്മ ഇതി നിശ്ചയഃ.
സർവ്വേഷാം യഃ സുഹൃന്നിത്യം
സർവ്വേഷാം ച ഹിതേ രതഃ
കർമ്മണാ മനസാ വാചാ
സ ധർമ്മം വേദ ജാജലേ'

ഈ പറഞ്ഞതു് വെറും വാക്കു മാത്രമല്ല; ഈ ധർമ്മനിയമപ്രകാരമാണ് പണ്ടു ഭാരതീയർ നടന്നിരുന്നത്. വേദോപദിഷ്ടമായ വഴിയിൽക്കൂടെ നടന്നു ജീവിച്ചവർ അതിൽനിന്നു തെറ്റുന്നതായിക്കാണുന്നില്ല. പണ്ടത്തെ കാലത്തു പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന ഭാരതം പിന്നെപ്പോയി. അന്നു കലശലായ യുദ്ധം നേരിടുകയും, അനേകർക്കു നിർജ്ജനം നിലച്ചുപോകയും ചെ

യും. അപ്പോഴത്തെ പരിഷ്കാരത്തിന്റെ ഉന്നതസ്ഥലം കണ്ടു; ദുർവൃത്തിയും ദാസ്യവൃത്തിയും ക്രൂരതയും അനുഭവിച്ചു; സദാചാരം, സ്വാതന്ത്ര്യം, ന്യായം എന്നിവ അനുഭവിക്കുകയും ചെയ്തു. അന്നു, ഐശ്വര്യവാന്മാരായ പ്രഭുക്കന്മാരാകയും തങ്ങളുടെ നായകന്മാരായ രാജാക്കന്മാർ കീഴടങ്ങി നടന്നു. അവരെ ഭരിച്ചുപോന്നതു 'മഹാത്മാക്കന്മാർ' ആയിരുന്നു. അവരുണ്ടാക്കിയ നിയമങ്ങൾ നാട്ടിൽ സ്വതന്ത്രമായി നിലനിന്നു. ജനങ്ങളുടെ ഇടയിൽ പലപ്രകാരത്തിലും പല കലഹങ്ങളുണ്ടായാൽ ന്യായാന്യായനിർണ്ണയത്തിനുള്ള അധികാരവും അവർക്കായിരുന്നു. താഴെ കാണിക്കുന്ന കാളിദാസന്റെ പദ്യത്തിൽനിന്ന് ഈ സംഗതി വെളിപ്പെടുന്നതാണ്:—

'[illegible]
[illegible]'

ഭാരതഖണ്ഡത്തിൽ, വ്യവസ്ഥിതമായ ഏകാധിപത്യത്തിൻ കീഴിലായിരുന്നു രാജ്യഭാരം നടന്നിരുന്നത്; ഗ്രീസ്സിലെപ്പോലെ, ഇവിടെ പ്രജകൾക്കു രാജ്യാധികാരങ്ങളുണ്ടായിരുന്നില്ല. എന്നാൽ, ആ ഏകാധിപത്യമെന്നും പ്രജാധിപത്യപക്ഷപാതികൾക്കു കൂടി അഭിനന്ദിക്കത്തക്കതായിരുന്നു. രാജാവ്, വിഷ്ണുദേവാംശവും മറ്റും ആയിട്ടും കൂടി നോക്കാതെ പ്രജാരക്ഷണത്തിൽ ജാഗരൂകനായിരിക്കേണ്ടതാണെന്നായിരുന്നു 'ധർമ്മശാസ്ത്രനിയമം. 'നേ[illegible]' എന്നാണ് ആപസ്തംബവചനം. മഹാഭാരതത്തിൽ രാജകർത്തവ്യങ്ങളെ വിവരിക്കുന്ന ഭാഗത്തിൽ പ്രജകൾക്കു പരിപാലനത്തിനുള്ള ഏർപ്പാട് ചെയ്യുക, ദരിദ്രരുടെ ധനം രക്ഷിക്കുക, അവരുടെ ആശ്രയം നോക്കുക, അവർക്കുള്ള വ്യാധികളകറ്റുക, അവരെ യഥാശാസ്ത്രം ഒന്നും കൂടാതെ രക്ഷിക്കുക എന്നിവയാണ് രാജധർമ്മം എന്നു കാണുന്നു. നോക്കുക:—

'[illegible]
[illegible]'

വൈദികമതം, അന്നത്തെ യാജ്ഞികർക്ക ധാർമ്മികജീവിതത്തെയും നാഗരികവൃത്തിയെയും ഒരുപോലെ ശാസ്ത്രസിദ്ധമാക്കുന്നതാണെന്ന് ആ മതത്തിന്റെ സിദ്ധാന്തങ്ങളറിയുന്നവർക്ക് അനായാസേന അറിയാൻ കഴിയുന്നതാണ്. യാതൊരു മതം സദാചാരവ്യവസ്ഥകളെ ഉപദേശിക്കുകയും, അവയെ അനുഷ്ഠിക്കാനുള്ള ലൗകികജീവിതത്തിൽ അവകാശങ്ങളെയൊന്നും നിഷ്കർഷിക്കയും, ഈ കൂടെ ശക്തിയെയും മതവിശ്വാസാചാരങ്ങളെയും നിർദ്ദേശിക്കുകയും ചെയ്യുന്നുവോ, ആ മതം മൃദാന്ത ധർമ്മങ്ങളോടു കൂടിയതാണെന്നല്ലാതെ പറയപ്പെട്ടു. വൈദികമതത്തിന്, ഇപ്രകാരമുള്ള ഗുണങ്ങൾക്കു പുറമെ വേറെയും ചില ഗുണങ്ങളുണ്ട്. അവയാണ് ഈ മതത്തിന് ഇതരമതങ്ങളെക്കാളധികം ശ്രേഷ്ഠതയുണ്ടാവാനുള്ള കാരണം. വൈദികമതക്കാർക്ക് വിചാരസ്വാതന്ത്ര്യവും വാക്‌സ്വാതന്ത്ര്യവും കർമ്മസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിട്ടുണ്ട്. ആ സ്വാതന്ത്ര്യമാണ് ഈ മതത്തിലെന്നപോലെ മറ്റു മതങ്ങളിൽ ഉണ്ടായിരുന്നതായിക്കാണുന്നില്ല. യൂറോപ്പിൽ സോക്രട്ടീസ്സിന്റെ കാലം മുതൽക്ക് നാസ്തികവാദികളെ ശിക്ഷിക്കാനുള്ള ഏർപ്പാടുകളും

ക്കതിനായിട്ടുള്ള കോടതികളും ഉണ്ടായിരുന്നു. അവിടെ മതവിഷയത്തിൽ സ്വതന്ത്രമായ വിചാരവും പ്രസംഗവും നിമിത്തം വളരെപ്പേർ പ്രാണൻ വെടിയുകയുണ്ടായിട്ടുണ്ട്. ഇന്ത്യയിലാകട്ടെ, ബൌദ്ധചാർവ്വാകന്മാർ കൂടി അവരവരുടെ മതങ്ങളെ യഥേഷ്ടം പ്രസംഗിക്കുന്നതിനു വിരോധമുണ്ടായിരുന്നില്ല. രാജാക്കന്മാർ ഇതരമതാവലംബികളാണെന്നു വെച്ചിട്ടു കൂടി ഈ സ്വാതന്ത്ര്യം ഇല്ലായ്മ ചെയ്യുകയുണ്ടായിട്ടില്ല. 'ഈശ്വരാസിദ്ധേഃ; പ്രമാണാഭാവാൽ' (ഈശ്വരൻ ഉണ്ടെന്നുള്ളതിലേക്ക് പ്രമാണമില്ലായ്കയാൽ ഈശ്വരൻ ഇല്ല) എന്നു പറഞ്ഞ കപിലൻ കൂടി ഈ രാജ്യത്തു ശിക്ഷയ്ക്കു പാത്രീഭവിച്ചിട്ടില്ല. നേരെ മറിച്ചു അദ്ദേഹത്തെ സനകാദിസപ്തർഷികളുടെ കൂട്ടത്തിൽ ഗണിക്കുകയും, പിതൃതർപ്പണാവസരത്തിൽ വൈദികന്മാർ കൂടി തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. ഇത്രയും വലിയൊരവസ്ഥ, ബ്രഹ്മചര്യത്താലും വിദ്യയാലും ബുദ്ധിശക്തിയാലും ത്യാഗശീലത്താലും പ്രസിദ്ധി നേടിയ ഭീഷ്മപിതാമഹനെ കഴിച്ചാൽ മറ്റൊരു ശ്രേഷ്ഠസ്ഥാപകന്മാർക്കും ഇന്ത്യയിൽ സിദ്ധിച്ചിട്ടില്ല. ബുദ്ധദേവൻ, വൈദികമതക്കാരായ പലരേയും ബുദ്ധമതത്തിൽ ചേർക്കുകയുണ്ടായി. അതിനാലും അദ്ദേഹത്തെ നിന്ദിക്കുകയുണ്ടായിട്ടില്ല. എന്നല്ല, അദ്ദേഹത്തിന്റെ ത്യാഗശീലത്തിനും സദാചാരത്തിനും ഉത്തമകൃത്യങ്ങൾക്കും ഉള്ള ഒരു ബഹുമതിയായിട്ടെന്ന പോലെ അദ്ദേഹത്തെ വിഷ്ണുവിന്റെ അവതാരങ്ങളിലൊന്നായി ഗണിക്കുകയും കൂടി ചെയ്തിരിക്കുന്നു. ബുദ്ധമതക്കാരും വൈദികമതക്കാരും തമ്മിലും യാതൊരു വിരോധവും കൂടാതെ ജീവിച്ചു പോന്നിരുന്നു.

വൈദികമതത്തിനു ശാസ്ത്രങ്ങളോടു വലുതായ ഒരു ബന്ധമുണ്ട്. ശാസ്ത്രജ്ഞന്മാർ പരക്കുന്നതൊക്കെ കൂടി ഈ മതത്തിൽ പറയുന്ന തത്വങ്ങളും സിദ്ധാന്തങ്ങളും വ്യവഹാരങ്ങളും വിധികളും അധികമധികം തെളിവായി മനസ്സിലാവുന്നതാണ്. ഇതിന്നൊരു ഉദാഹരണം പറയാം. ജഡചേതനാത്മകമായ ഈ ജഗത്തിനെ വ്യാപരിപ്പിക്കുന്നതും എങ്ങും വ്യാപിച്ചുകൊണ്ടു സ്ഥിതി ചെയ്യുന്നതും ആത്മാവാണെന്നുള്ളതു നമ്മുടെ മുഖ്യമായ മതസിദ്ധാന്തമാണല്ലോ. എപ്പോഴും എല്ലാടവും വ്യാപിച്ചുകൊണ്ടിരിക്കുന്ന ആത്മാവിന്റെ പരിണാമമാണ് ഈ കാണുന്ന പ്രപഞ്ചം. പ്രമാണം,

'[illegible]'

([illegible])

'[illegible]'

([illegible])

എന്നുള്ള ഉപനിഷദ്വചനം തന്നെ. ഈ തത്വം, ജഗദീശചന്ദ്രബോസിന്റെ ആശ്ചര്യകരങ്ങളായ കണ്ടുപിടുത്തങ്ങളെക്കൊണ്ട് ഇപ്പോൾ പ്രത്യക്ഷമായിട്ടുണ്ടല്ലോ. മറ്റൊരു സിദ്ധാന്തം, ഈ പ്രപഞ്ചം ആത്മാവിന്റെ വിവർത്തമാണെന്നും അത് 'അണോരണീയാൻ മഹതോമഹീയാൻ' എന്ന പ്രമാണപ്രകാരം ചെറുതും വലുതുമായി തോന്നുന്നു എന്നുമാണ്. ഈ സംഗതി ഇപ്പോഴത്തെ അണുവിക്ഷേപത്തിന്റെയും ഗ്രഹശാസ്ത്രത്തിന്റെയും സഹായം കൊണ്ട് തിരിച്ചറിയപ്പെടുന്നുണ്ട്. ഇതിന്നു, ഇനിയും അനേകം മതസിദ്ധാ

ന്തരഹസ്യങ്ങൾ—ഒരുകാലത്തും വിശ്വസിക്കാവുന്നതല്ലെന്നു പ്രഥമദർശനത്തിൽ തോന്നുന്ന ഗുരുതരങ്ങളായ തത്വങ്ങൾ—നവീനശാസ്ത്രസഹായംകൊണ്ടു വിശ്വാസ്യങ്ങളായിത്തീർന്നിട്ടുണ്ട്; തീരുന്നുമുണ്ട്.

ഹിന്ദുമതത്തിന്റെ പ്രഥമവും പ്രധാനവുമായ അംഗം സത്യമാകുന്നു. സത്യത്തെ രക്ഷിക്കുന്നതിനു വേണ്ടിയാണ് മനുഷ്യർക്കു വിചാരത്തിലും വാക്കിലും സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. 'സത്യാന്നാസ്തി പരോധർമ്മഃ' എന്ന വചനം സർവ്വരാലും അംഗീകരിക്കപ്പെടുന്നതാണ്. ബുദ്ധികൊണ്ടു മാത്രം ഗ്രഹിക്കാവുന്നവയും അന്തരമായ കണ്ണുകൊണ്ടു മാത്രം കാണാവുന്നവയും ആയ ശാസ്ത്രീയ സിദ്ധാന്തങ്ങളെക്കൂടി വൈദികന്മാരായ ഹിന്ദുക്കൾ സത്യബുദ്ധ്യാ വിശ്വസിച്ചുവരുന്നുണ്ട്. 'പ്രത്യക്ഷാദിപ്രമാണാനുപലബ്ധാർത്ഥവിഷയത്വമേവ പ്രാമാണ്യം, നപ്രത്യക്ഷാദിവിഷയേ' എന്നും, 'നഹിശ്രുതിശതമപിശീതോഗ്നിരപ്രകാശോ വേതിബ്രുവൽപ്രാമാണ്യമുപൈതി' എന്നും പറഞ്ഞിരിക്കുന്ന ആചാര്യസ്വാമികൾ പ്രത്യക്ഷവും പരോക്ഷവുമായ സംഗതികളെ പ്രത്യക്ഷപ്രമാണത്താലും ശ്രുതിപ്രമാണത്താലും വിശ്വസിക്കണമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിചാരം സത്യത്തിന്റെ ഗൗരവത്തെ ഉദ്ധരിക്കുന്നു.

മനുഷ്യരുടെ സകല കാര്യങ്ങളെയും ഹിന്ദുമതം നിയമനം ചെയ്തിരിക്കുന്നു. ലൗകികവ്യവഹാരങ്ങളെയും മതാനുഷ്ഠാനങ്ങളെയും ഈ മതത്തിൽ ഭിന്നമായി ഗണിച്ചിട്ടില്ല. മനുഷ്യർ ചെയ്യേണമെന്നു വിധേയിക്കപ്പെട്ടിട്ടുള്ള സകല കാര്യങ്ങളും മതകാര്യങ്ങളാണ്. അതുമതെ 'ധർമ്മകാര്യങ്ങൾ' എന്നു പറയുന്നു. സ്വാതന്ത്ര്യത്യാഗവും കർത്തവ്യാനുഷ്ഠാനവുമാണ് ധർമ്മത്തിന്റെ മർമ്മം. സ്വാർത്ഥത്തിനു വേണ്ടി ചെയ്യുന്ന ഒരു കാര്യവും മതകാര്യമാകുന്നതല്ല. സമുദായത്തിനു വേണ്ടിയ എല്ലാ കാര്യവും മതകാര്യമല്ലാതാകുന്നതുമല്ല. വിവാഹം സമുദായവൃദ്ധിക്കു ഹേതുവാകയാൽ അതു മതസംബന്ധമായ ഒരു കർമ്മമാകുന്നു. പ്രജാരക്ഷണം ഉപദേശിക്കപ്പെട്ടിട്ടുള്ള ഫ്രാൻസ് രാജ്യത്തെ പ്രസിദ്ധന്മാർ വിവാഹത്തെ മതകാര്യങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കയാൽ വളരെ പരിശ്രമിച്ചു. എങ്കിലും സാധിച്ചില്ല. എന്നാൽ വൈദികന്മാരായ ഹിന്ദുക്കളുടെ ഇടയിൽ വളരെ കാലം മുമ്പുതന്നെ വിവാഹം ഒരു മതകാര്യമാണെന്നു തീർച്ചപ്പെട്ടിരിക്കുന്നു. ഇതുപോലെതന്നെ വേദാധ്യയനം, ഗൃഹപാലനം, ധനസമ്പാദനം, യുദ്ധം മുതലായവയും മതകാര്യങ്ങളാകുന്നു. വേദാധ്യയനം സമുദായത്തിലുള്ള ദുർഗ്ഗുണങ്ങളെ ഒഴിക്കുന്നതിനും, ഗൃഹപാലനവും ധനസമ്പാദനവും സമാജം പുഷ്ടിപ്പെടുന്നതിനും, യുദ്ധം സമുദായത്തെ രക്ഷിക്കുന്നതിനും ഉപയോഗപ്പെടുന്നതിനാൽ അവ സമുദായധർമ്മങ്ങളാകുന്നു; സ്വാർത്ഥങ്ങളല്ല. സ്വാർത്ഥസമ്പാദനത്തിനായുള്ള പ്രവൃത്തികളെ ഹിന്ദുമതത്തിൽ വളരെ നിന്ദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഭഗവൽഗീതയിൽ പറഞ്ഞിരിക്കുന്നതു നോക്കുക:—

'ഭുഞ്ജതേ തേ ത്വഘം പാപാ
യേ പചന്ത്യാത്മകാരണാൽ'

സ്വാതന്ത്ര്യം, ഐക്യം, വിനയം, ശീലം, വ്യവഹാരജ്ഞാനം, ബുദ്ധി, ഐശ്വര്യം എന്നിവയാണ് ഹിന്ദുമതത്തിന്റെ മുഖ്യവിഷയങ്ങൾ. ഈ വിഷയങ്ങളുടെ ജ്ഞാനത്തിനായി ഓരോ ഉപദേശങ്ങളും ഉണ്ട്. സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഉപദേശം അത്യുൽകൃഷ്ടമാകുന്നു. വിശ്വാമിത്രോപദിഷ്ടമെന്നു വിശ്വസിക്കപ്പെടുന്നതായ ധനുർവ്വേദം നിർഭാഗ്യവശാൽ ഇപ്പോൾ ലുപ്തമായിപ്പോയിരിക്കുന്നു. വിനയം, ശീലം എന്നിവയെ വർദ്ധിപ്പിക്കുവാനുപകരിക്കുന്നതു ഗാന്ധർവ്വവേദമാകുന്നു. വ്യവഹാരജ്ഞാനം, ബുദ്ധി, ഐശ്വര്യം എന്നിവയെ ഉപദേശിക്കുന്നതും ധനസമ്പാദനത്തിനുള്ള വിദ്യകളുപദേശിക്കുന്നതുമായ സ്ഥാപത്യവേദവും ഇപ്പോൾ കാണുന്നില്ല.

ഇതിനെ നോക്കുന്നതായാൽ, അപാരമായ ഗ്രന്ഥവിശേഷങ്ങളോടു കൂടിയ ഹിന്ദുമതത്തിന്റെ തത്വങ്ങളെ പഠിച്ചുതീർക്കുവാൻ സാധിക്കുന്നതല്ലെന്നു ബോദ്ധ്യമാകുന്നതാണ്. വിവിധഗ്രന്ഥങ്ങളും നിറഞ്ഞതായ സംസ്കൃതസാഹിത്യത്തിന്റെ ഒരു സാമാന്യജ്ഞാനമെങ്കിലും ഇല്ലാത്തവർക്ക് ഈ മതത്തിന്റെ രഹസ്യങ്ങളും മനസ്സിലാക്കുവാൻ സാധിക്കയില്ല. പ്ലേറ്റോവിന്റെ ഗ്രന്ഥങ്ങളും വായിച്ചു ഗ്രഹിക്കുന്നവരായി പത്തുപേരിലധികം ഉണ്ടായിരിക്കയില്ല എന്ന എമേർസൻ എന്ന വിദ്വാൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യൂറോപ്പിലെ ഗ്രന്ഥസമുച്ചയത്തിൽ പ്ലേറ്റോവിന്റെ ഗ്രന്ഥങ്ങളാണ് പ്രധാനപ്പെട്ടവ. ഈ സ്ഥിതിക്ക് അതിഗഹനങ്ങളായ ഹിന്ദുമതഗ്രന്ഥങ്ങളും വായിച്ചു മനസ്സിലാക്കുവാൻ ആക്ക ശക്തന്മാർ എത്രയും ചുരുക്കമാണെന്നു പറയേണ്ടതില്ലല്ലോ.

കെ. വി. എം.

വിദ്യാഭ്യാസവും

അന്തഃകരണസംസ്കാരവും.

(സിസ്റ്റർ നിവേദിതയുടെ ഒരു കൃതിയിൽ നിന്ന്)

നമ്മളോരോരുത്തരും ഓരോ സമയത്തു ഓരോ കാര്യത്തിൽ ഓരോ വിധമായിരിക്കും പ്രവർത്തിക്കുക. അവയെല്ലാം കൂട്ടിപ്പിടിച്ചാലോചിച്ചാൽ നമ്മളോരോരുത്തരുടെ പോക്ക് ഇന്നവഴിക്കാണെന്നറിയാം. അതേമാതിരിയിൽത്തന്നെ അനേകം ആളുകളും ചേർന്നിട്ടുള്ള ഒരു സമുദായത്തിന്റെ പോക്കും ആ സമുദായത്തെയാസകലം കൂട്ടിച്ചേർത്തു ഒരു പുരുഷനായിട്ടു സങ്കല്പിച്ചു മേൽപ്രകാരം ആലോചിച്ചാൽ അറിയാവുന്നതാണ്. നമ്മൾ നമ്മുടെ കുട്ടികളെ കൊടുക്കുന്ന വിദ്യാഭ്യാസം മേൽ വിവരിച്ച സമുദായപുരുഷന്റെ സ്വഭാവത്തെ അനുസരിച്ചുതന്നെയായിരിക്കും. ഇതിനെ ഒന്നു വിവരിക്കാം. കാര്യസ്ഥന്മാരുള്ളവർ ആ നാട്ടിലെ യുവാ

കൾക്ക യന്ത്രപ്രയോഗാദികളിൽ നൈപുണ്യം വരുത്തുവാനുള്ള ഉപായത്തെ മുഖ്യമായി കരുതുന്നു; ആ ഉപായം കണ്ടുകിട്ടാഞ്ഞ പക്ഷം അവിടത്തെ വിദ്യാഭ്യാസം അപൂർണ്ണമാണെന്നാണ് വിചാരിക്കപ്പെടുന്നത്. ആസ്ത്രേലിയരാജ്യക്കാർ കൃഷികർമ്മവിദ്യയ്ക്കായിരിക്കും അടിയുറപ്പുവരുത്തുക. പ്രകൃതിശാസ്ത്രങ്ങൾക്ക മേന്മ കിട്ടുന്നകാലത്തു വിദ്യാലയങ്ങൾ ആവക ശാസ്ത്രങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്; പ്രാചീനകലാവിദ്യകൾ പുനർജ്ജീവിക്കുന്ന കാലത്തു സംസ്കൃതം, ലത്തീൻ മുതലായ ഭാഷകൾ മേലേക്കിടയായിവരുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഒരുകാലത്തെ സമ്പ്രദായം മറ്റൊരുകാലത്ത് അതേവിധം തന്നെ പകർന്നുകാണുന്നതല്ല. അതിന്നുള്ള കാരണം ഇത്രമാത്രമാണ്: അതതു കാലത്തു ജനങ്ങൾ ഓരോജാതി അഭ്യാസവിശേഷങ്ങളെയായിരിക്കും തങ്ങളുടെ കുട്ടികൾക്ക മുഖ്യാവശ്യമായി തിരഞ്ഞെടുക്കുക; പരമാർത്ഥത്തിൽ സമുദായപുരുഷന്റെ ജീവിതത്തിൽ അവയ്ക്കായിരിക്കും അത്യധികം പ്രാധാന്യം.

മഗധരാജ്യത്തു ഗുപ്തവംശരാജാക്കന്മാർ വാണിരുന്ന കാലത്തു സംസ്കൃതത്തിന്നു ഒരു പുതിയ ജീവൻ വെച്ചു. അക്കാലത്തെ സംസ്കൃതഭാഷയും അതിലെ ഗ്രന്ഥസമുച്ചയവും പഠിച്ചാലല്ലാതെ ഒരുവന്റെ യോഗ്യത പൂർത്തിയായിരുന്നുള്ളു. പിന്നെ മൊഗിളരാജകാലവും കഴിഞ്ഞപ്പോൾ പേർഷ്യൻ ഭാഷകൂടി പഠിച്ചാലല്ലാതെ ആ യോഗ്യത സിദ്ധിക്കയില്ല എന്നായി. ഇക്കാലത്ത് ഇംഗ്ലീഷാണ് ഒരുവന്റെ യോഗ്യതയെ പരീക്ഷിക്കുവാനുള്ള പ്രമാണം. ഈവിധം ഓരോരോ കാലങ്ങളിൽ ഓരോ ഉപായങ്ങളെക്കൊണ്ടാണ് ഒരുവനിലുള്ള അറിവും യോഗ്യതയും സിദ്ധിച്ചിരുന്നത്.

പല ജാതിപ്രയോഗവിശേഷങ്ങളിലും അസ്വതന്ത്രമായി അവരെല്ലാകെ നിർമ്മാണമായിരുന്ന അന്തഃകരണത്തെ ഹിന്ദുക്കൾ ഭാഗ്യവശാൽ കണ്ടിരുന്നു. കഴിഞ്ഞുപോയ കാലങ്ങളിൽ ഇന്ത്യാരാജ്യത്തിന്ന പല ആപത്തുകളും സംഭവിച്ചിരുന്നുവെങ്കിലും, ഹിന്ദുക്കളുടെ ബുദ്ധിവിലാസം നശിക്കാതിരുന്നത് ഈവിധം അന്തഃകരണത്തെ മുഖ്യമാക്കി പിടിച്ചതുകൊണ്ടാകുന്നു. മേലിലും ഹിന്ദുക്കളുടെ പ്രതിഭാവിലാസം സുരക്ഷിതമായിരിക്കുന്നു എന്നു തെളിയിക്കുന്നതും ഈ സംഗതിതന്നെയാണ്. ചെറുപ്പകാലങ്ങളിൽതന്നെ മനസ്സിനെ ഏകാഗ്രമാക്കി നിർത്തുന്നതിന്ന ശീലിപ്പിക്ക എന്ന പ്രമാണത്തെ അഭ്യാസത്തിൽ വിടാതിരുന്ന കാലത്തോളം ഇന്ത്യക്കാർ കാലഗതിയാൽ വരുന്ന ഏതു ബുദ്ധിമുട്ടുകളെയും ജയിക്കത്തക്ക ശക്തിയുള്ളവരായിരിക്കുന്നതാണ്. എന്നാൽ ഈ അഭ്യാസത്തെ അനാദരിക്കയോ ഉപേക്ഷിക്കയോ ചെയ്താൽ എത്രതന്നെ ബലമുണ്ടായിരുന്നാലും ഇന്ത്യക്കാരുടെ മനസ്സുകൾ, ഇക്കാലത്തെ ഇതരജാതി സമുദായങ്ങളുടെ മനസ്സുകളെപ്പോലെ, കാലാനുരൂപമായി എത്രത്തോളം സ്വാതന്ത്ര്യം കാണിക്കുവാൻ തരംവരുന്നുവോ അതിന്നനുരൂപമായി വൃദ്ധിക്ഷയങ്ങളെ പ്രാപിക്കുക എന്ന നിലയിൽ ചെന്നുവീഴുന്നു. ഇക്കാലത്തു ആൺകുട്ടികൾക്ക് എന്നപോലെതന്നെ, പെൺകുട്ടികൾക്ക്

ശക്തിസംബന്ധികളായ അഭ്യാസവിശേഷങ്ങളോടൊപ്പം പ്രത്യേകമായ ഒരുതരം അന്തഃകരണസംസ്കാരവും സിദ്ധിക്കുന്നതിനാൽ ഒരു കലവറയിലെന്നപോലെ മനസ്സിൽ ശക്തി ശേഖരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഹിന്ദുക്കളുടെ ബുദ്ധിക്കുള്ള പ്രത്യേകലക്ഷണമായിരിക്കുന്നത്. ഈ രാജ്യത്തു മുൻകൂട്ടി ഉദാഹരിച്ചിട്ടില്ലാത്ത സമയത്തും കാലത്തും ഗംഭീരാശയന്മാർ ഉണ്ടാവുകയും അവർ ഓരോ മഹത്തായ കാര്യങ്ങൾ സാധിക്കുകയും ചെയ്തിട്ടുള്ള കഥ നോക്കുമ്പോൾ നമ്മൾക്കു വിസ്മയം തോന്നും. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നിരുന്ന പാശ്ചാത്യനായ ന്യൂട്ടൻ എന്ന മഹാനെപ്പോലെതന്നെ പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നിരുന്ന ഭാസ്കരാചാര്യനും ഭൂഗുരുത്വാകർഷണ (Gravitation)ത്തെ അതുപോലെ ഉൾപ്പെടുത്തിക്കൊണ്ടു സൂത്രാരംഭമിതിലൂടെ വ്യത്യാസമില്ലാതെ അതുതന്നെ പ്രതിപാദിക്കാനില്ലെങ്കിലും കണ്ടിരിക്കുന്നു. ഇന്ത്യയിലെ സ്ത്രീകൾ പുറത്തിറങ്ങാതെ അന്തഃപുരങ്ങളിൽ തന്നെ കഴിച്ചുകൂട്ടുന്നവരെങ്കിലും പെട്ടെന്ന് അവരുടെ ഇടയിലും ചാന്ദ്ബീബിയെപ്പോലെ മഹതികളായ സ്ത്രീകൾ ജനിക്കുന്നു. ഒടുക്കത്തെ ഇരുപതു സംവത്സരത്തിനുള്ളിൽത്തന്നെ ഇന്ത്യക്കാരെല്ലാം ഉദാസീനന്മാരായിരുന്നിട്ടും മതം, ശാസ്ത്രം, കലാവിദ്യകൾ എന്നീ വിഷയങ്ങളെ അടിച്ചുകിളിപ്പെടുത്തിയ മഹാന്മാർ നമ്മുടെ കൂട്ടത്തിൽ ഉണ്ടായിട്ടുണ്ട്. കത്തിച്ചാൽ പുകപൊങ്ങാത്ത വെടിമരുന്ന് കണ്ടുപിടിച്ചതും ശസ്ത്രക്രിയയും പുസ്തകത്തിലുള്ളവയും ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രയോഗവിശേഷജ്ഞാനവും മാത്രമാകുന്നു. വിജ്ഞാനത്തിന്റെ ആകൃതികളെ തേടിപ്പിടിക്കുന്നതിനും ഇന്ത്യക്കാർ പലതും ചെയ്തിട്ടുണ്ട്.

ഇവയും മറ്റു പലതും ഇന്ത്യക്കാരുടെ അന്തഃകരണത്തിൽ ലീനമായ ശക്തിയുടെ ഏതാനും ചില സൂചനകൾ മാത്രമാകുന്നു. ഇവ ഓരോ മഹാജനസംഘം ജീവിച്ചതെന്നായിരിക്കുന്നു എന്നു കാണിക്കുന്ന ചില രേഖപ്പെടുത്തലുകൾ മാത്രമാണ്. മാതൃഭാഷയിലെ ഉന്നതം മുൻകാലങ്ങളിൽ എന്തൊക്കെ ചെയ്തുവോ അതൊക്കെ വരുവാൻപോകുന്ന കാലത്തും ചെയ്വാൻ അവർക്കു കഴിയും എന്ന് അവ നമ്മളെ മനസ്സിലാക്കുന്നു. ഇതു പറഞ്ഞുവരുന്നതു, നമ്മുടെ പൂർവന്മാർ ഏതെങ്കിലും ഒരു പ്രത്യേകകാലത്തു ഏറ്റവും വിലമതിച്ചിരുന്ന സമ്പ്രദായവിശേഷം ഏതുതന്നെയായിരുന്നാലും അവർ അന്തഃകരണസംസ്കാരത്തെയും ബുദ്ധിയെ വികസിപ്പിക്കുന്ന അഭ്യാസക്രമത്തെയും ഒരിക്കലും അനാദരിച്ചിരുന്നില്ല എന്നതാണതിനു കാരണം. ചില വിഷയങ്ങളെ പഠിക്കുക എന്നതിനെക്കാൾ ഏകാഗ്രതയെ ശീലിക്കുക എന്നതായിരുന്നു — വിശേഷകാന്തസമ്പ്രദായികൾ പറയുംപോലെ — ഹിന്ദുക്കളുടെ വിദ്യാഭ്യാസത്തിന്റെ പരമപ്രയോജനം. മനസ്സിനെ സ്വാധീനത്തിൽ നിർത്തി സ്വയമേവ വേണ്ടുന്നിടത്തു തിരിക്കുക എന്നതിന്റെ മഹാപുരുഷന്മാർ കേവലം നിമിത്തം മാത്രമേ ആയിരുന്നുള്ളൂ.

അതിനാൽ അത്യന്തമായ അന്തഃ-
കരണസംസ്കാരവിഷയത്തിലെ
ന്യൂനതകളിലെ അഭ്യാസ

ൾ ഇന്ത്യക്കാരോടു ഉപദേശിക്കുവാനുള്ളത്. എല്ലാകാൎയ്യത്തിലും — സ്വാതന്ത്ര്യത്തെ വിചാരത്തിൽകൂടി ... ഗണിച്ചു പ്രവൎത്തിക്കുന്നതിന്റെ വില പാശ്ചാത്യന്മാർ അനുഭവംകൊണ്ടറിഞ്ഞിട്ടുണ്ട്; വിദ്യാഭ്യാസംകൊണ്ടു ആളുകൾക്കു വന്നുകാണുന്നതായ ഫലം ഇന്നതാണെന്നും അവർ അനുഭവംകൊണ്ടറിഞ്ഞിരിക്കുന്നു. എല്ലാകാൎയ്യവും ആലോചിച്ചുനോക്കുമ്പോൾ ഇന്ത്യയിൽ അമേരിക്കയിലൊ ജൎമ്മനിയിലൊ ഉള്ളതിന്റെ [illegible] കളെക്കാൾ അധികം [illegible] ഉണ്ടാവാവുന്നതാണ്; പക്ഷെ ജൎമ്മനിയും അമേരിക്കയും [illegible] ആലോചനാവിഷയമായിരിക്കുന്ന [illegible] നാട്ടുകാരെ അടച്ചു പ്രവൎത്തിപ്പിക്കേണ്ടവിധം [illegible] ലാക്കിയിരിക്കുന്നു. അവർ [illegible] ആളുകളെയെല്ലാം [illegible] പോലെ [illegible] ഉണ്ടാക്കിപ്പിക്കുകയും ആലോചിച്ചു [illegible] ഈ സമുദായപുരോഗതി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു. അവർ ഇന്ത്യക്കിട്ടുന്നതിനാഗ്രഹിക്കുന്ന ഒരു ചോദ്യം എന്താണ്? [illegible] വസ്ത്രത്തിന്റെയും [illegible] പുഷ്ടിയും [illegible] കാൎയ്യമാണ് അവർ ആലോചിക്കുന്നതെന്നോൎത്താൽ [illegible] കഷ്ടമാകുന്നതല്ല. ഹിന്തുക്കളുടെ [illegible] സന്ന്യാസവും [illegible] മാകുന്നു. [illegible] [illegible] കാലമേ, [illegible] എന്നാൽ [illegible] സമുദായത്തിലും [illegible] പരമാൎത്ഥത്തിൽ [illegible] വരുന്നു..

[illegible] ചില ആത്മികകൎമ്മം കല്പിച്ചിട്ടുണ്ടല്ലോ. അതിനാലാണെങ്കിലും ഈ [illegible] ശക്തിക്കാരാക്കുകയോ [illegible] ദൃഷ്ടിയിൽ അ[illegible] തോന്നുന്നതാണ്. [illegible] ചില ഉദ്ദേശങ്ങളെ ഉദ്ദേശിച്ചു പലതും ആത്മത്യാഗം ചെയ്തു ശീലിച്ചിട്ടാണ് കഴകം സ[illegible] ത്യാഗം ചെയ്യുന്നത്. ഹിന്തുക്കൾകൂടി [illegible] വിധത്തെ [illegible] ഇരുട്ടു [illegible] കാണുന്ന [illegible] ങ്ങളിൽ [illegible] വരുന്നു. [illegible] ആശ്രയിച്ചു [illegible] തമ്മിൽ [illegible] [illegible] ഉണ്ടാക്കിയതിന് ആരു വരുമെ [illegible] [illegible] അവരോടു ചോദിച്ചാൽ പറയുന്നതാണ്. ഒരു ഹിന്തുവിന്ന് തന്നെ ആശ്രയിച്ച [illegible] എന്നാലെന്ന തന്നെ ഒരു [illegible] അല്ലെങ്കിൽ [illegible] സ്വാതന്ത്ര്യത്തെപ്പറ്റിയും എന്നുള്ളതു വിചാരിച്ചു [illegible] അവൻ [illegible] [illegible] ഇത് [illegible] ചമയിട്ടാ[illegible] വിഷയം?

[illegible] തന്നെയാണെന്നു വിചാരിക്കാം. എന്നാലും കാരണം [illegible]

യങ്ങളിലുമുള്ള ഭാരതാതത്തെയും സ്വസമുദായത്തിന്റെ ഉണ്ടാകയുള്ള കാര്യങ്ങളിൽ ഉൽകൃഷ്ടമായ പ്രതിപത്തിയോടു കൂടി സ്വസ്വജീവനസാമഗ്രികളെ സമ്പാദിക്കുന്നതിന്നാവശ്യമായ വിദ്യ പഠിക്കവാൻ പ്രാപ്തന്മാരായിരിക്കണം. ഇക്കാര്യത്തിൽ മാരിക ചിയില്ലെങ്കിൽ തന്നെയും അവന് —ഒരു മിത്രുവിനെക്കൂടി —ദ്രവ്യസമ്പാദ്യമുണ്ടാകത്തക്ക വിധം കാലക്ഷേപം ചെയ്യുന്നതിന്നൊരുങ്ങുന്നതിനു വഴി, ആ ഷയത്തിൽ അവന് തനിക്കുള്ളടത്തോളം സ്വാതന്ത്ര്യപ്രതിപത്തിയുമായ പ്രേരണാശക്തിയെയോ ഉൽകൃഷ്ടമായ മനോഭാവനകളെയോ തന്റെ അഭ്യാസത്തിലും പ്രവൃത്തിയിലും കൊണ്ടുവരുവാൻ സാധിക്കയില്ല. ഇതിന്നൊരായ വ്യത്യാസം മാത്രമുണ്ട്. ലൌകികമായ വിദ്യ പലതരത്തിലും ഉപയോഗിച്ചുകൊണ്ടു ചെയ്യുന്ന മനോധനസമ്പാദനത്തോളം ആത്മസംസ്കാരകമായിട്ട് മറ്റൊന്നും തന്നെയില്ല. മനോവ്യാപാരം ആത്മസമ്പാദനത്തിന്നാണെന്നു വിചാരിച്ചു പോകുന്നതിനേക്കാൾ അധികം ഉപകാരപ്രദമായിട്ടൊന്നും തന്നെയില്ല. പരമാത്മതത്വത്തിൽ പ്രതിപത്തി തിരിഞ്ഞു അതിനെ പ്രാപിപ്പാൻ പ്രയത്നിക്കയും അന്തഃകരണവൃത്തികളുടെ വ്യാപാരംകൊണ്ടു ഈശ്വരാനന്ദം അനുഭവിക്കുന്നതിന്ന യോഗ്യത എല്ലാടവും വ്യാപരിപ്പിക്കയുമല്ല നാം ചെയ്യുന്നതെങ്കിൽ മനുഷ്യരുടെ ഹൃദയത്തിലും ബുദ്ധിയിലും കിടക്കുന്ന ഉദാത്തമായ വസ്തുക്കൾ ഒന്നിനും അപ്രാപ്യമായിട്ടിരിക്കുന്നതാണ്. ലൌകികമായ ഉദ്ദേശ്യങ്ങളുടെ പ്രേരണകൊണ്ട് മനസ്സ് ഇത്രോളമേ പോയിട്ടുള്ളു എന്നത്രെ. എന്നാൽ മേലെ കയറ്റു, മനസ്സ് പ്രിയമുള്ളവന്റെ നേരെ കാണിക്കുന്ന സ്നേഹം ഉൽകൃഷ്ടവും പരമാത്മാവുമായ ഒരു വിശയിലേക്കും പ്രാപ്തനാക്കുന്നതോടൊപ്പം ഉപ

പ്പുന്നതിന്ന് അതു തന്നെ ഒരു പ്രേരകമായിരിക്കയും ചെയ്യുന്നവെങ്കിൽ, പരമാത്മമായ ദിവ്യസൌന്ദര്യത്തെ തനിക്കത്രത്തോളം ഉണ്ടാകുന്നുവോ അതു തന്റെ സ്വന്തം കുടുംബത്തിന്നല്ലെങ്കിലും സ്വകാര്യമാകുന്ന കുടുംബത്തിന്ന അത്രയും നല്ലതാണെന്ന അവൻ അറിയുന്നവെങ്കിൽ, ആ അവസ്ഥയിൽ പൊതുജനക്ഷേമവർദ്ധനത്തിലും അവൻ തല്പരനായിരിക്കുന്നതാണ്. അതു സ്വസ്ഥതയെയല്ല സ്വാതന്ത്ര്യത്തെയാണ് ചോദിക്കുന്നത്. അങ്ങിനെ പരിശുദ്ധമായിട്ടല്ലാതെ ഒരു സമ്പാദ്യമായിട്ട വരുന്നു.

ഈ വിഷയത്തിൽ ഇന്ത്യക്ക വെള്ളക്കാരിൽനിന്ന പലതും പഠിക്കുവാനുണ്ടായിരിക്കാം. നാം നമ്മുടെ പരസേവയ്ക്കുള്ള സ്വസ്വകുടുംബത്തിലോ സ്വസ്വസമുദായത്തിലോ മാത്രം ഒതുങ്ങി നില്ക്കുന്നതെന്തിനാണ്? നാമോരോരുത്തരും മറ്റുള്ളവരുടെയും ക്ഷേമത്തെ ഉദ്ദേശിക്കുകയും ആവശ്യം വന്നാൽ തന്നെയും സ്വന്തം ജീവനെയും സ്വസമുദായത്തെയും കൂടിയും സ്വാതന്ത്ര്യകരണത്തിന്നായി സമർപ്പിക്കുന്നതിന്ന് ഒരുങ്ങുകയും ചെയ്യേണ്ടതാകുന്നു നിലയിൽ ആവുന്നത്രവരെ വിശാലമാകേണ്ടതാണ്. ഇതുപോലെയുള്ള ഒരു സപ്രാ അതേ ത്യാഗത്തിന്നായി പ്രവർത്തിക്കുന്നു. ജനസമുദായത്തിന്നായിട്ടാണ് ഏറെക്കുറെ സ്വന്തം നാശമായിട്ടുള്ള ഒരാൾ മതത്യാഗത്തെ ത്യാഗിക്കുന്നു. അത്യാവശ്യപ്രിയനമായിരിക്കുവാൻ പ്രയത്നിക്കുന്നത്. അതിൽ ... എന്നിരിക്കെ നാം പോയി മറ്റും. അങ്ങിനെ ലോകോപകാരത്തിനും ജീവിക്കുമ്പോൾ ഒരു സംരക്ഷിപ്പിക്കുന്ന ജീവരക്ഷയ്ക്കു വേണ്ടി പുഴയിൽ ചാടിയു ആളിന്റെ നിലയിലായിട്ടും അപകടപ്പെട്ട ഒരാൾ വേറൊരാളുടെ കൈവശമായിട്ടും മരണമാകുന്ന കഴിവില്ലാ ചാടേണ്ടതായിട്ടും മനസ്സും വന്നിട്ടുണ്ടും. ഒരാൾ ഏതെങ്കിലും കുറ

ധാരാളം ഒന്നും കൊടുക്കാതെ പട്ടിണിയിടുകയോ? ഈ വക നിസ്സാരവിചാരങ്ങൾ അകലെ പോകട്ടെ! ഭാരതീയരുടെ പരമധർമ്മം ഇന്നതെന്നു കാണിപ്പാൻ ഞാനും അവരും മനസ്സാലെ മതിക്കുക കൂടി ചെയ്യേണമോ? ഒരു രാജ്യത്തിൽ പാർക്കുന്നവരൊക്കെ മുഖം തെളിഞ്ഞു കാണണമെങ്കിൽ ഒരു ഭാഗം കുടുംബം സന്തോഷത്തോടെ പട്ടിണി കിടക്കേണമോ? ഇംഗ്ലീഷുകാർ വിദ്യാഭ്യാസംകൊണ്ടാണ് കാര്യം ഉണ്ടാക്കുന്നത്. അവർ വിസ്തൃതമായ കാഴ്ച ഉള്ളവരെക്കൊണ്ടും സമ്പന്നരായിട്ടിരിക്കുന്നു. ഇങ്ങിനെ ഓരോ ആളുകളും രാജ്യത്തെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങളിൽ മനസ്സുറപ്പിക്കുന്നതിനാൽ പാശ്ചാത്യരാജ്യങ്ങളിൽ സാധാരണക്കാരായ അനവധിയാളുകളും ഗണിക്കപ്പെടുന്നവരായിത്തീരുന്നു. ഇതും സ്വാതന്ത്ര്യത്തിന്റെ ഒരു പ്രകാരമാണ്.

അതിനാൽ നമ്മൾക്ക് ഇന്ത്യക്കാരുടെ മനസ്സിനെ ഇന്ത്യയെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങളിൽ ഉറപ്പിച്ചു നിർത്തേണ്ട വിഷയമാണ് ആലോചിക്കേണ്ടത്. ഈ കാര്യസാദ്ധ്യത്തിന്നു നമ്മൾക്ക് അനേകങ്ങളെ സംസ്കരിക്കയും ലോകത്തെ മുഴുവൻ സംബന്ധിക്കുന്ന കാര്യങ്ങളിൽ പരിചയിപ്പിക്കുകയും ചെയ്യുന്ന പഴയ അഭ്യാസക്രമത്തെ ഉപേക്ഷിക്കേണ്ടി വരുന്നില്ല. ആ പഴയ സമ്പ്രദായത്തിലാണ് ഭാരതീയരുടെ പ്രത്യേകമായ ശക്തിയും സംസ്കാരവും ഇരുന്നിരുന്നത്. മേലിലും അത് ആ വിധം തന്നെയായിരിക്കയും വേണം. എന്നാൽ ഇപ്പോഴത്തെ ജനങ്ങളിൽ അധികപക്ഷക്കാരും സ്വാതന്ത്ര്യജീവിതസാദ്ധ്യത്തിന്നുതകുന്ന വിദ്യാഭ്യാസക്രമത്തിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ അവരുടെ ആ വിഷയത്തിലുള്ള ആലോചനകളെ കൂട്ടിയോജിപ്പിച്ച് സാർവ്വത്രികമായ ഒരു കാര്യത്തിന് ഏർപ്പാടാക്കിത്തീർക്കേണമെന്നു ഞാനും വിചാരിക്കുന്നു.

ഈ സ്വാതന്ത്ര്യകാര്യപ്രതിപത്തിക്കു മുമ്പ് സാർവ്വത്രികമായ പ്രതിപത്തിയെ ആക്കുക തന്നെയാണ് സ്വാതന്ത്ര്യകാര്യങ്ങളും പ്രാധാന്യം ഉൽകൃഷ്ടമാക്കി തീർക്കുക എന്നു നടത്താവുന്നതാണെന്നു യൂറോപ്പിൽ നമ്മൾക്ക് കണ്ടറിയുന്നു. ഇക്കാലത്തു യൂറോപ്പിന്റെ ഗതി ചില പ്രത്യേകപുരുഷന്മാരുടെയോ യോഗ്യന്മാരുടെയും കരങ്ങളെയോ അല്ല ആശ്രയിച്ചിരിക്കുന്നത്. ചില പ്രത്യേക കാര്യങ്ങളിൽ പ്രവർത്തിക്കുന്നതിന്നു തക്കവണ്ണം അഭ്യസിപ്പിച്ചിരിക്കുന്ന ജനസാമാന്യത്തെയാണാശ്രയിച്ചിരിക്കുന്നത്. ജനസാമാന്യത്തിന്നു കൊടുക്കുന്ന വിദ്യാഭ്യാസത്തിന്റെ സ്വരൂപമെന്തെന്നും അവിടത്തെ ആളുകൾക്ക് ബന്ധമോചനമുണ്ടാക്കിയിരിക്കുന്നു; ആ വിധം മുതലാളിയാകുന്നതിന്ന് ആ വിദ്യാഭ്യാസം അവരെ യോഗ്യന്മാരാക്കിയിരിക്കുന്നു. അതിനാൽ ഇന്ത്യക്കാരായ നമ്മൾക്ക് ആ വിദ്യാഭ്യാസത്തിന്റെ സമ്പ്രദായങ്ങളെന്തെന്നു നോക്കേണ്ടിയിരിക്കുന്നു. അതിന്നു ശേഷം ആ ഭാഗങ്ങളെ ഇന്ത്യാരാജ്യത്തും സ്ഥാപിക്കാം.

സി. വി. രവിശങ്കരൻ.

കേരളത്തിലെ പ്രധാനപുരുഷന്മാർ.

II

[illegible]

[illegible]

ട്ടതനുസരിച്ച് നല്ല അടിസ്ഥാനത്തോടു കൂടിത്തന്നെ നിലനിന്നുവരുന്നതിനെയും [illegible] കാരണങ്ങളെയും വിചാരിക്കാവുന്നതാണ്. പരശുരാമമഹർഷിയുടെ ഉപദേശം അനുസരിച്ചു കേരളത്തിൽ വന്നു കുടിയേറിപ്പാർത്തു [illegible] ഒരു രാജ്യം കീഴടക്കി ഭരിപ്പാൻതന്നെ മോഹം വന്നു കൂടിയതിനാൽ കേരളം പരശുരാമൻ ബ്രാഹ്മണർക്കു ദാനം ചെയ്തതാണെന്നുള്ള പ്രവാദവും ഉണ്ടാവാനിടയായിരിക്കണം. ആര്യന്മാരെന്നും [illegible] കേരളബ്രാഹ്മണപ്രധാനികൾ മലയാളത്തിലെത്തിയതിൽ ആര്യവർഗ്ഗത്തിൽ പെട്ടവരും സമുദായമാണെന്നുള്ളതിനു [illegible] വംശപരമ്പരയിൽ പെട്ടവരായിരിക്കണമെന്നുള്ളതിനും ധാരാളം തെളിവുകളുണ്ട്. [illegible] ഈ രണ്ടു വർഗ്ഗക്കാരുടെയും സാധാരണനടപടികളിൽതന്നെ വളരെ വ്യത്യാസം കാണുന്നു. അതിനെ പുറമേ ആര്യവർഗ്ഗത്തിലെ സ്ത്രീപുരുഷന്മാരുടെ വേഷങ്ങളും ആചാരങ്ങളുമെല്ലാം വളരെ [illegible] പ്രധാനമായിട്ടും മറ്റേ വർഗ്ഗക്കാരുടെ നേരെ വിപരീതമായിട്ടുമാണിരിക്കുന്നതും. സമുദായങ്ങളെ സംബന്ധിച്ചു [illegible] വഴക്കുകളിൽ ചിലതിന്റെ സൂചകങ്ങളെന്നു വിചാരിക്കത്തക്കവിധത്തിൽ [illegible] സംഗതികളും [illegible] എന്നു പറയപ്പെടുന്ന സംഘങ്ങളിലും കാണുന്നുണ്ട്. ചിലപ്പതികാരത്തിൽ [illegible] [illegible] ഒരു [illegible] പ്രസ്താവിച്ചിട്ടുണ്ട്. [illegible] എന്നാണ് പേരെന്നും പറഞ്ഞിട്ടുണ്ട്. ആ [illegible]

[illegible] കാലത്തു കഴിഞ്ഞ [illegible] വംശക്കാരായ ആര്യബ്രാഹ്മണന്മാർ തന്നെയായിരിപ്പാനേ എല്ലാ വിധത്തിലും ന്യായം കാണുന്നുള്ളൂ. സമുദായങ്ങൾ തമ്മിലുള്ള [illegible] നാട്ടുകാരും [illegible] തമ്മിലുണ്ടായ [illegible] ത്തിൽ നാട്ടുകാരുടെ പക്ഷത്തിൽ പ്രധാനികൾ ഈ രണ്ടു [illegible] പക്ഷത്തിൽ പ്രധാനികൾ [illegible] [illegible] പ്രധാനമായിരുന്നവരെന്നും, [illegible] സംബന്ധിച്ചുള്ള [illegible] ത്തിലെ [illegible] പ്രത്യേകസംഗതി ഇന്നതായിരുന്നുവെന്നും [illegible] [illegible] [illegible] എന്ന ഒരു [illegible] [illegible] കുറിഞ്ഞിയൂർ കുടിനാഗരാജൻ എന്ന കവിയുടെ ഈ തമിഴ്പദ്യം ധാരാളം തെളിയിക്കുന്നുണ്ട്.

'[illegible]-
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'
(കുറുന്തൊകൈ)

ഇത് ആ കവി, [illegible] പ്രകൃതത്തിലെ ഒരു [illegible] ആണ്. ഈ ഭാഗത്തിന്റെ [illegible] താൽപര്യം—

[illegible]
[illegible]
[illegible]
[illegible]

[illegible]

ഇതിനായാണല്ലോ. ഇവയെല്ലാം പൂർവ കൊല്ലവർഷത്തിനു മുമ്പു പതിനൊന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന അശോകചക്രവർത്തിയായ പ്രിയദർശി മഹാരാജാവിന്റെ ശിലാശാസനങ്ങളും കേരളം അക്കാലത്ത് ഒരു സ്വതന്ത്രരാജ്യമായിരുന്നു എന്നു കാണിക്കുകയും അവിടെ സമൃദ്ധമായിരുന്നു എന്നു തെളിയിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ശിലാശാസനങ്ങളുടെ കാര്യത്തിൽ മറ്റു ചില സംഗതികൾകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായി കാണുന്നു.

അശോകചക്രവർത്തിയുടെ ധർമ്മശാസനങ്ങളും പല സ്ഥലങ്ങളും സ്ഥാപിച്ചിട്ടുള്ള പൊതുജനങ്ങൾ വഴിക്കും ഉദ്യോഗസ്ഥന്മാർ വഴിക്കുമാണെന്നും അതുകൊണ്ടാണ് അവയിൽ 'അശോകൻ' എന്നു ചൊല്ലാതെ 'പ്രിയദർശി' എന്ന പേർ കാണുന്നതെന്നും ശാസനപരിശോധകന്മാർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരേ ജാതി ലിപിയിലല്ലാതെ കാലാന്തരത്തെക്കൊണ്ടു വന്ന മാറ്റങ്ങൾ ഈ ശാസനപ്രതികളിൽ കാണുന്നതുകൊണ്ടും വാക്യങ്ങൾക്കും അല്പം ഭേദം കാണുന്നതുകൊണ്ടും പല സ്ഥലങ്ങളിലും കാണുന്ന ഒരു ശാസനത്തിന്റെ പകർപ്പുകൾ അനേകം എല്ലാം ഒരു കാലത്തു സ്ഥാപിച്ചിട്ടുള്ളതല്ലെന്നും ഒരു സ്ഥലത്തു സ്ഥാപിച്ചിട്ടു പിന്നെ കാലക്രമം കഴിഞ്ഞിട്ടാണ് മറ്റൊരു സ്ഥലത്തു സ്ഥാപിച്ചിട്ടുള്ളതെന്നും ഊഹിക്കപ്പെടുന്നു. ആ കാലങ്ങളിൽ ധർമ്മാശോകചക്രവർത്തിയുടെ സ്മാരകമെന്ന നിലയിൽ ആ ധർമ്മശാസനങ്ങൾ അവിടെയവിടെ സ്ഥാപിക്കുന്നത് ഒരു പുണ്യകർമ്മമാണെന്നു ജനങ്ങൾ കരുതിയിരുന്നതായും വിചാരിക്കേണ്ടിയിരിക്കുന്നു. 'മേലിലും ഈ ശാസനങ്ങൾ അവിടെയവിടെ എഴുതി സ്ഥാപിക്കേണ്ടതാണ്' എന്ന് ഒരു ശാസനത്തിൽ പ്രസ്താവിച്ചുകാണുന്ന സംഗതി മേൽപ്പറഞ്ഞ അഭിപ്രായത്തിനു അനുകൂലമായിട്ടിരിക്കുന്നു. ചില ശാസനപ്പകർപ്പുകൾ തമ്മിൽ ഇരുന്നൂറോളം വർഷം അന്തരമുള്ളതായി ഊഹിക്കാവുന്നതാണെന്നു ശാസനപരിശോധകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അനേകം അശോകശിലാശാസനങ്ങൾ കണ്ടുകിട്ടിയിട്ടുള്ളതിൽ കേരളത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് രണ്ടു മാത്രമേയുള്ളു. ആ ശാസനത്തിന്റെ പ്രതികൾ അഞ്ചു സ്ഥലങ്ങളിൽനിന്നു കിട്ടീട്ടുണ്ട്. അതിൽ രണ്ടെണ്ണത്തിൽ കേരളത്തെപ്പറ്റി പറയുന്ന ഭാഗം നശിച്ചുപോയിരിക്കുന്നു. ശേഷം മൂന്നു പ്രതികളുള്ളതിൽ ആദ്യം സ്ഥാപിച്ചിട്ടുള്ളതാണെന്നു ശാസനപരിശോധകന്മാർ സമ്മതിച്ചിട്ടുള്ള 'ഷാഹബാസ്ഗഢി' എന്ന സ്ഥലത്തുനിന്നു കിട്ടിയിട്ടുള്ളതായ പ്രതിയിൽ കേരളത്തെപ്പറ്റി പറയുന്നേടത്തു കേരളപുത്രന്മാർ എന്നർത്ഥമായ 'കേരളപുത്രോ' എന്നും, 'ഗിർനാർ' എന്ന സ്ഥലത്തു കണ്ടെത്തിയ രണ്ടാമത്തെ പ്രതിയിൽ കേരളപുത്രന്മാർ എന്നർത്ഥമായ 'കേതലപുതോ' എന്നും, 'ചോൾസി' എന്ന സ്ഥലത്തുനിന്നു കിട്ടിയ മൂന്നാമത്തേതിൽ കേതലപുത്രൻ

എന്നതിൽകാണുന്ന കേരളപുത്രോ' എന്നതാണ് പറഞ്ഞിരിക്കുന്നത്. കേരളപുത്രന്മാരാരെന്നത് ഇക്കാലത്തു കേരളപുത്രന്മാരാണ് കേരളം ഭരിച്ചിരുന്നതെന്നുള്ള സംഗതി വെളിപ്പെട്ടിട്ടുള്ളവർ ധാരാളം അറിയുന്നതാണല്ലോ. കേരളപുത്രന്മാർ എന്നതും കറിയധികം തുളുകളാണ് കേരളത്തിന്റെ നേതാക്കന്മാരെന്ന തെളിയിക്കുന്നതാണ്. ആ നേതാക്കന്മാർ ക്രിസ്തുവർഷത്തിനു മുമ്പ് മൂന്നാം നൂറ്റാണ്ടിൽ ഭരിച്ചിരുന്നവരാണ് 'പുത്രന്മാർ' എന്ന പേരിൽ ഉള്ളതെന്ന് ഉദാഹരിക്കേണ്ടിയിരിക്കുന്നു. കേരളപുത്രൻ എന്ന പേരിനെ പ്രതിനിധാനത്തിൽ പൊതുവായി [illegible] തിന്റെ ശേഷമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും വിചാരിക്കാവുന്നതാണ്. ഈ സംഗതികളെ കൂടുതൽ സ്പഷ്ടമാക്കുന്നതിന് ആ ശാസനം തന്നെ ഇവിടെ ചേർക്കാം. അശോകശാസനങ്ങളെല്ലാം പാലിഭാഷയിലാണ്. പ്രസ്തുതശാസനം ഇതാണ്:—

'സവത വിജിതമ്ഹി ദേവാനാം പിയസ പിയദസിനോ രാജ്ഞോ (2 രാജിനോ) എവം അപി പ്രചംതേസു യഥാ ചോഡാ പാണ്ഡിയാ സതിയപുതോ കേരളപുതോ (2 പുതോ, 8 പുതോ) ആ തംബപംണ്ണിയാ (2 തംബപംണ്ണി) അംതിയോകോ യോനരാജാ (2 രാജിനോ) യേ ച അംനേ തസ അംതിയോകസ സാമംതാ രാജാനോ (2 രാജിനോ) സവത ദേവാനം പിയസ പിയദസിനോ രാജ്ഞോ ദ്വേ ചികിഛാ കതാ മനുസചികിഛാ ച പസുചികിഛാ ച ഓസുഢാനി യാനി മനുസോപഗാനി ച പസോപഗാനി ച യത യത നാസ്തി (2 നാസ്തി) സവത്ര ഹാരാപിതാനി ച രോപാപിതാനി ച മൂലാനി ച ഫലാനി ച യത യത നാസ്തി (2 നാസ്തി) സവത ഹാരാപിതാനി ച രോപാപിതാനി ച പംഥേസു കൂപാ ച ഖാനാപിതാ വ്രഛാ ച രോപാപിതാ പരിഭോഗായ പസുമനുസാനം.'

സർവ്വത്ര വിജിതേഷു ദേവാനാം പ്രിയസ്യ പ്രിയദർശിനോ രാജ്ഞഃ ഏവമപി പ്രത്യന്തേഷു യഥാ ചോളാഃ പാണ്ഡ്യാഃ സത്യപുത്രഃ കേരളപുത്രഃ (2 പുത്രാ 8 പുത്രാ) താമ്രപർണ്ണീയാ അന്തിയോകോ നാമ യവനരാജാ യേ ചാന്യേ ച തസ്യാന്തിയോകസ്യ സാമന്താ രാജാനഃ സർവ്വത്ര ദേവാനാം പ്രിയസ്യ പ്രിയദർശിനോ രാജ്ഞോ ദ്വേ ചികിത്സേ കൃതേ മനുഷ്യചികിത്സാ ച പശുചികിത്സാ ച ഔഷധാനി ച മനുഷ്യോപഗാനി ച പശൂപഗാനി ച യത്ര യത്ര ന സന്തി സർവ്വത്ര ഹാരിതാനി ച രോപിതാനി ച മൂലാനി ച ഫലാനി ച യത്ര യത്ര ന സന്തി സർവ്വത്ര ഹാരിതാനി ച രോപിതാനി ച, പഥിഷു കൂപാശ്ച ഖാനിതാ വൃക്ഷാശ്ച രോപിതാഃ പരിഭോഗായ പശുമനുഷ്യാണാം.

ദേവന്മാരുടെ പ്രിയദർശിരാജാവിന്റെ വിജിതരാജ്യത്തിൽ എല്ലായിടത്തും അതുപോലെതന്നെ അതിർത്തിയിലുള്ള രാജ്യങ്ങളിലും, എന്നാൽ— ചോഴന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ, സത്യപുത്രന്മാർ, കേരളപുത്രന്മാർ (2 പുത്രന്മാർ 8 പുത്രൻ) താമ്രപർണ്ണീയർ, അന്തിയോകൻ എന്ന യവനരാജാവ് (അന്തിയോക്കസ്സ്), ആ അന്തിയോകരാജാവിന്റെ കീഴിലുള്ള മറ്റു രാജാക്കന്മാർ ഇവരുടെ രാജ്യങ്ങളിലും എല്ലാം ദേവപ്രിയനായ പ്രിയദർശിരാജാവിനാൽ രണ്ടു ചികിത്സകളാണ് നടത്തപ്പെടുന്നത് – മനുഷ്യചികിത്സയും പശുചികി-

[illegible] തമിഴും പുരാണങ്ങൾ [illegible] എവിടെയെങ്കിലും ഉണ്ടോ അവിടെയെല്ലാം [illegible] പകർത്തുകയും പരിശോധിക്കുകയും വേണം. [illegible] എവിടെയെവിടെ ഉണ്ടോ അവിടെയെല്ലാം അവയും പകർത്തുകയും പരിശോധിക്കുകയും വേണം. [illegible] ഉപയോഗപ്പെടുമാറായി [illegible] കിണറുകൾ കുഴിപ്പിക്കുക [illegible] വേണം.

ഈ ശാസനത്തിൽ [illegible] പ്പെട്ടതിന്റെ വടക്കുള്ള കേരളരാജ്യത്തെ [illegible] കേരളത്തിലെ [illegible] മാണല്ലോ 'പുത്ര' എന്ന ഉപപദത്തോടു കൂടി നിർദ്ദേശിച്ചിരിക്കുന്നത്. [illegible] കേരളപുത്രന്മാരായും [illegible] വിളിച്ചുപോരുന്നതല്ലെങ്കിലും, [illegible] തന്നെ വിളിച്ചതാണ്.

ശാസനത്തിന്റെ എല്ലാ പ്രതികളേയും ഇംഗ്ലീഷുലിപിയിൽ പകർത്തി ഇംഗ്ലീഷുഭാഷയിലേക്കു പരിഭാഷപ്പെടുത്തി [illegible]. [illegible] പരിഭാഷയോടുകൂടി [illegible] ഈ ശാസനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ, എല്ലാ പ്രതികളും ഇംഗ്ലീഷുലിപിയിൽ പകർത്തിയപ്പോൾ ഒന്നിൽ 'കേരളപുത്ര' എന്നും മറ്റൊന്നിൽ 'കേതലപുത്തോ' എന്നുമാകിയതും പരിഭാഷപ്പെടുത്തിയപ്പോഴും [illegible] 'കേരളപുത്രൻ' എന്ന ഏകവചനരൂപം [illegible] നിർമ്മിതം പലതും ഈ വിഷയത്തിൽ [illegible] ന്നുണ്ടാകാമെങ്കിലും ഈ സംഗതി ഇത്രത്തോളം വിവരിക്കേണ്ടിവന്നത്. ക്രിസ്തുവർഷം [illegible] 'പ്ലിനി' എന്ന റോമൻ ഗ്രന്ഥകാരൻ [illegible] കേരളത്തിലെ രാജാവിനെ 'കേലബോത്രസ്' എന്നും ടോളമിയിൽ 'കേപ്രബോത്രസ്' എന്നും പറഞ്ഞിട്ടുള്ള പേരുകളും [illegible] കേരളപുത്രന്റെ ഒരു വികൃതരൂപമാണെന്നാണ് വിചാരിക്കപ്പെടുന്നത്.

കമ്മാളന്മാരുടെ [illegible] എന്നാൽ ഒരു കാര്യം ഇപ്പോൾ [illegible] വിചാരിക്കുന്നു. കേരളത്തിന്റെ പൂർവ്വചരിത്രത്തെപ്പറ്റിയടത്തോളം ചിലപ്പതികാരം, മണിമേഖല, പതിറ്റുപ്പത്ത്, പുറനാനൂറ്, അകനാനൂറ്, പുറനാനൂറ് മുതലായ പല തമിഴ്ഗ്രന്ഥങ്ങൾ [illegible] പ്രാമാണ്യം [illegible] വിശ്വസിക്കേണ്ടതാണ്. ഇവയിൽ മിക്കതും നിർമ്മിച്ചിട്ടുള്ളതു തന്നെ, ഓരോ കാലങ്ങളിൽ ജീവിച്ചിരുന്ന ചില മലയാളികളും മലയാളത്തിൽ വന്നു താമസിച്ചിരുന്ന അയൽനാട്ടുകാരുമാണ്. ചിലപ്പതികാരം നിർമ്മിച്ചിട്ടുള്ളതു ചേരരാജാക്കന്മാരിൽ തന്നെ മഹാനായ 'ചെങ്കുട്ടുവ'ന്റെ അനുജൻ ഇളങ്കോ അടികളാണ്. അദ്ദേഹം രാജഭോഗങ്ങളെല്ലാം ഉപേക്ഷിച്ചു

നന്ദ്യസിച്ച ശ്രീകണ്ഠാമതിലകത്തു താമസിച്ചിരുന്ന കാലത്താണ് ഇതു നിർമ്മിച്ചിട്ടുള്ളതെന്നുംകൂടി ഈ ഗ്രന്ഥത്തിൽ തന്നെ—

"[illegible]
[illegible]"

എന്നു തുടങ്ങിയ ഭാഗംകൊണ്ടു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ഇതിന്നും പുറമെ മലയാളഭാഷയ്ക്കു പ്രത്യേകമായിട്ടുള്ള പല വാക്കുകളും ശബ്ദങ്ങളുടെ രൂപഭേദങ്ങളും ഈ വക തമിഴ് ഗ്രന്ഥങ്ങളിൽ ധാരാളം കാണുന്നതും ഇതിനെപ്പറ്റി മുമ്പെഴുതാതെ വ്യാഖ്യാതാക്കന്മാർ ഗ്രന്ഥകാരൻ മലയാളിയായതുകൊണ്ടാണ് മലനാട്ടുഭാഷ വന്നുപോയിട്ടുള്ളതെന്നും മറ്റും പ്രസ്താവിച്ചിട്ടുള്ളതുമാണ്.

എ. കെ. പി.

സംസ്കൃതനാടകം

പ്രിയങ്ങളായ ചക്ഷുശ്ശ്രോത്രേന്ദ്രിയങ്ങൾ വഴിയായി നമ്മുടെ മനസ്സിലേക്കു പ്രവേശിച്ചു നമ്മെ രസിപ്പിക്കുന്നവയായ കാവ്യങ്ങളെ സംസ്കൃതാലങ്കാരികന്മാർ 'ദൃശ്യ'മെന്നും 'ശ്രാവ്യ'മെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ഇതിൽ നാടകങ്ങൾ ദൃശ്യകാവ്യങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഒരു നാട്യകാവ്യമെഴുതുമ്പോൾ ഒന്നാമതു രംഗത്തിൽ അഭിനയംകൊണ്ടു പ്രത്യക്ഷീകരിക്കേണ്ടതായ കഥയിലെ വസ്തുരചനയും, രണ്ടാമതു നായകന്റെ സ്വഭാവവും, മൂന്നാമതു സ്ഥായിയായ രസവും കാവ്യകർത്താവിന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

കഥാവസ്തു പ്രസിദ്ധങ്ങളായ പുരാണേതിഹാസചരിത്രങ്ങളിൽ നിന്നെടുക്കുന്നതത്രെ ഉത്തമം. രംഗപ്രകടനത്തിൽ ഫലാധിപത്യത്തിന്നുവേണ്ടി ആദ്യമിത്തും ചില ഭാഗങ്ങളിൽ മാറ്റങ്ങൾ വരുത്തുവാനുള്ള സ്വാതന്ത്ര്യം കവിക്കുണ്ട്. വേണമെങ്കിൽ കഥാവസ്തു മുഴുവനും തന്നെ കവിയുടെ കല്പനാശക്തിയുടെ സന്താനമാക്കുകയും ചെയ്യാം.

പ്രധാനമായ കഥാവസ്തുവിന്റെ പരിണാമത്തിന്നു ചേരുന്നതാകുന്ന സംഗതികളെ ആദ്യോപാന്തം ഘടിപ്പിക്കുന്നതിൽ ചില സന്ധിബന്ധങ്ങൾ ആവശ്യമായിരിക്കുന്നു. ഇതുകളെ 'സന്ധി'കളെന്നാണ പേർ. ഇതിന്ന ഒരു നാടകത്തിൽ അഞ്ചു 'സന്ധി'കളുണ്ടായിരിക്കും. മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവ്വഹണം അഥവാ 'ഉപസംഹാരം' എന്നിവയാണ്. എന്തെങ്കിലും ഒരു കാര്യം സാധിക്കുന്നതിന്നുവേണ്ടി പ്രവർത്തിക്കും വിഷയത്തിൽ മനുഷ്യനായി പ്രവൃത്തിക്കുള്ള ആഗ്രഹം നമ്മുടെ മനസ്സിൽ അങ്കുരിക്കുന്നു. ഉദാഹരത്, ഇതിന്നായി നാം ഉദ്യമിക്കുന്നു. ഒന്നാമതു, പ്രതിബന്ധനിവാരണത്തിന്ന

കാര്യസിദ്ധിക്കുള്ള മാർഗ്ഗങ്ങളും നാം ആശയോടുകൂടെ ആലോചിക്കുന്നു. നായകനു്, തടസ്സങ്ങളെല്ലാമൊഴിഞ്ഞു കാര്യം സാധിക്കേണ്ടുന്ന ഉപായവിശേഷം സ്പഷ്ടമാകുന്നു. ഒടുവിലത്തു, കാര്യസിദ്ധിയും ലഭിക്കുന്നു. ഇതിന്നായുള്ള പഞ്ചാവസ്ഥാവിശേഷങ്ങളാണ് പഞ്ചസന്ധികളുടെ അടിസ്ഥാനം.

രംഗത്തിൽ പ്രകടിപ്പിക്കാവുന്ന സംഗതികൾക്കുറിച്ചും സാമാന്യേന ചില നിയമങ്ങളുണ്ട്. അത്യാകുലവികാരങ്ങളാൽ രംഗവാസികളുടെ മനസ്സിനെ സംക്ഷോഭിപ്പിക്കുന്നവയായ വധാദിക്രിയകൾ രംഗപ്രകാശത്തിന് ഉചിതങ്ങളല്ലെന്നാണ് നമ്മുടെ ആലങ്കാരികന്മാരുടെ മതം. അതുപോലെതന്നെ പച്ച ശൃംഗാരവും രംഗത്തിൽ വർജ്ജിക്കേണ്ടതാണ്. വേറെ ചില സംഗതികൾ രംഗാഭിനയത്തിന സൌകര്യമില്ലാത്തവയായിട്ടുണ്ട്. രംഗത്തിൽ ഇവകൾക്ക് വൈകാരികമായി യാതൊരു ഫലവുമില്ലാതിരിക്കും. പക്ഷേ കഥാഗതിക്കു് ഇവ അത്യന്താപേക്ഷിതങ്ങളായിരിക്കും. ഇതിന്നായുള്ള സംഗതികളെ സദസ്യർക്കു വെളിവാക്കിക്കൊടുക്കുന്നതിന്നു താഴെ പറയുന്ന, അഞ്ചു മാർഗ്ഗങ്ങളാണുള്ളത്:—

(1) വിഷ്കംഭം. ഇതു് ഒന്നാമങ്കത്തിന്റെ ആരംഭത്തിലോ, എന്തെങ്കിലും രണ്ടു അങ്കങ്ങളുടെ ഇടയ്ക്കോ ആകാം. ഇതിൽ ഒന്നോ അധികമോ മധ്യമപാത്രങ്ങൾ രംഗം പ്രവേശിച്ചു്, ഒരു ദൂതന്റെ നിലയിൽ കഴിഞ്ഞുപോയതും വരുവാനുള്ളതുമായ കഥാംശങ്ങളെ ചുരുക്കി ധരിപ്പിക്കുന്നു.

(2) ചൂളിക. ഇതിൽ ഉത്തരാധികളെ കൂട്ടി ധരിപ്പിക്കുവാൻ വേണ്ടി അണിയറയിൽ, നിന്നുകൊണ്ടു ഒരു നടൻ ചില സൂചനാവാക്യങ്ങളും ഉച്ചരിക്കുന്നു.

(3) അങ്കാസ്യം. ഇതിൽ ഒരു അങ്കം അവസാനിക്കുന്നതോടുകൂടി കടക്കുന്നവിധ ഒരു കഥാപാത്രം പ്രസംഗവശാൽ അതിന്നടുത്ത അങ്കത്തിൽ പ്രവേശിക്കുവാൻ പോകുന്ന കഥാപാത്രത്തെക്കുറിച്ചു മുന്നറിയിക്കുന്നു.

(4) പ്രവേശകം. ഇതു മിക്കവാറും വിഷ്കംഭംപോലെ തന്നെയാണ്. എന്നാൽ ഒരിക്കലും ഇതു് ഒന്നാമങ്കത്തിന്റെ ആരംഭത്തിലാകുവാൻ പാടില്ല. പ്രവേശകത്തിലെ കഥാപാത്രങ്ങളും അധമന്മാരായ കേവലം നീചപ്രധാനങ്ങളും (നീചകഥാപാത്രങ്ങൾ) ആയിരിക്കയും വേണം. ഈ രണ്ടു സംഗതികളിലാണ് പ്രവേശകത്തിന്നും വിഷ്കംഭത്തിന്നും തമ്മിലുള്ള വ്യത്യാസമിരിക്കുന്നതു.

(5) അങ്കാവതാരം. ഒരു അങ്കത്തിന്റെ അവസാനത്തിൽ നടക്കുന്ന സംഭവം തന്നെ അടുത്ത അങ്കാരംഭത്തിൽ നടക്കുവാൻ പോകുന്ന സംഭവത്തെ അവശ്യം മുൻകൂട്ടി അറിയിക്കുകയെന്നതാണ് അങ്കാവതാരത്തിന്റെ ലക്ഷണം.

നാടകങ്ങളുടെ തുടക്കമെല്ലാം ദേവതാപ്രാർത്ഥനയായ 'നാന്ദി'യായിരിക്കും. ദേവകളെയോ ധനികരെയോ കഥാവസ്തുവിനെയോ നാന്ദീശ്ലോകത്തിൽ കവി സൂചിപ്പിക്കുന്നു. 'നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.' ഇദ്ദേഹമാണ് നാടകത്തിന്റെയും സൂത്രധാരൻ. തന്റെ പ്രിയയായ നടിയോടോ സേവകനായ പാരിപാർശ്വകനോടോ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനിടി

ള്ള് ഭാവാന്തരങ്ങളായി രംഗത്തിൽ പ്രവേശിക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ചുംകൊണ്ടു സൂത്രധാരൻ അണിയറയിലേയ്ക്കു തിരിച്ചുപോകയും ചെയ്യുന്നു.

കഥാവസ്തുവിനെപ്പററി ഇത്രയും പറഞ്ഞുകൊണ്ടു, ഇനി കഥാനായകന്മാരെപ്പററി നിരൂപിക്കാം. നമ്മുടെ ആലങ്കാരികന്മാർ നാലുവിധത്തിലുള്ള നായകന്മാരെയാണു നാടകത്തിലെ നായകന്മാരെ വിഭാഗിച്ചിരിക്കുന്നതു:—

(I) ധീരോദാത്തന്മാർ. ഔദാര്യവാന്മാരും, ഉൽകൃഷ്ടസ്വഭാവികളും, ഉദാരബുദ്ധികളും, അനഹങ്കാരികളും, കേവലം ആത്മപ്രശംസാരഹിതന്മാരായിരിക്കും.

(II) ധീരോദ്ധതന്മാർ. അഹങ്കാരികളും, പ്രവൃത്തിയിൽ ക്രൂരന്മാരും, ചപലന്മാരും, ചതിപ്രയോഗത്തിനു മടിയില്ലാത്തവരും, ആത്മപ്രശംസാശീലന്മാരുമായ—വിശേഷം ഇത്യാദികളുള്ളവരായിരിക്കും.

(III) ധീരലളിതന്മാർ. കലാകുശലന്മാരും, സുഖിയന്മാരും, നിരാകുലന്മാരുമാണു.

(IV) ധീരശാന്തന്മാർ. ശാന്തസ്വഭാവികളും, ബ്രാഹ്മണരെപ്പോലെ ശാന്തന്മാരും, സദാ ഉത്തമശീലന്മാരാകുന്നു.

രംഗവാസികളുടെ വികാരങ്ങളെ ബാധിക്കുന്ന കൃതികളായിട്ടു നവരസങ്ങളെ വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. 1. ശൃംഗാരത്തിൽ ഹാസ്യവും, കരുണവും;
2. രൌദ്രത്തിൽ അത്ഭുതവും, ബീഭത്സവും, ശാന്തവും;
3. അദ്ഭുതത്തിൽ വീരവും, ഭയാനകവും;
4. ബീഭത്സത്തിൽ വീരവും, ഭയാനകവും ഉൾപ്പെട്ടിരിക്കുന്നു.

ഈ നാലുതരം രസങ്ങളെയും പ്രകാശിപ്പിക്കുന്നതിനു നാലുതരം വാക്യങ്ങൾ ഉണ്ട്. ഇവ ക്രമത്തിൽ കൈശികീ, ഭാരതീ, ആരഭടീ, സാത്വതീ എന്നിവയാകുന്നു. ഇവയെല്ലാം രംഗവാസികളെ സ്പർശിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന ഭാഷയുടെ രസത്തിനു യോജിച്ചിരിക്കുന്ന പ്രയോഗങ്ങളാകുന്നു.

ഇപ്രകാരം കഥാവസ്തു, നായകസ്വഭാവം, രസാദികൾ എന്നിവകളെ പറ്റിയുള്ള വിസ്തൃതങ്ങളായ വിഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ വിശേഷങ്ങളെ സംബന്ധിച്ച നാടകങ്ങളെയും നന്നായി അറിയേണ്ടതാണ്. നമ്മുടെ പണ്ഡിതന്മാർ ഉണ്ടാക്കിയ കഥാവസ്തുവിനെ മാത്രം സംബന്ധിച്ചിടത്തോളം 1. പ്രഖ്യാതങ്ങളായ പുരാണേതിഹാസങ്ങളിൽ നിന്നെടുത്തതും, 2. കവിയുടെ കല്പനാശക്തികൊണ്ടു നവീനമായി സൃഷ്ടിക്കപ്പെട്ടതും, 3. രണ്ടിനെയും യോജിപ്പിച്ചുണ്ടാക്കിയതും, 4. ...കൂട്ടിച്ചേർത്തതു് ... എന്നിങ്ങനെയുള്ള കഥാവസ്തുക്കളെ ... കാവ്യങ്ങളെ നാലുതരങ്ങളായും ... പണ്ഡിതന്മാരുടെ അഭിപ്രായം ... അനുസരിച്ചു ... തരംതിരിച്ചിട്ടുണ്ട്. ചില കഥകളുടെ നിർമ്മാണത്തിൽ ഈ നാലു ചേർക്കലുകളും കാണാം. എന്നാൽ ഒരു ചിലതുകളിൽ പ്രതിനായകന്മാരെ മാത്രമേ കാണുകയുള്ളു. ഭാരത ചില വ്യാഖ്യാതാക്കന്മാർ യോജനാ പ്രകാരം ഉണ്ടാകുന്ന അഭിനയങ്ങളാകയാൽ നാടകത്തിലുള്ളതെല്ലാം എന്ന നിലയ് ... കഴിയും ഒരു ചിലതിൽ ...

ഷ്ടിക്കുന്ന ഉടൽത്തന്നെ കോശ്ശ സിദ്ധിയും കയ്യിൽ കിട്ടണ്ടെന്ന് വരുന്നതാകാം. ഇതിനെ അഞ്ചോ, നാലോ, മൂന്നോ, രണ്ടോ സന്ധികളുള്ള കഥാശരീരം പോലെ നാലുതരം നാട്യകാവ്യങ്ങളുള്ളതായി അവർ കല്പിച്ചു. ഇതുകളോടു കൂടെ നായകസ്വഭാവവിശേഷവും, രസവിശേഷവും കൂട്ടിച്ചേർത്തു സംസ്കൃതാലങ്കാരികന്മാർ പത്തുതരം നാടകങ്ങളെയും തരംതിരിച്ചു വിവരിച്ചു.

ഇവയിൽ ഏറ്റവും മുഖ്യമായവ നാടകവും പ്രകരണവുമാണ്. രണ്ടിലും പഞ്ചസന്ധികൾ അത്യാവശ്യം. നാടകത്തിന്റെ കഥാവസ്തു പ്രഖ്യാതവൃത്തങ്ങളിൽനിന്നും, പ്രകരണത്തിന്റേതു കവിയുടെ ഭാവനാശക്തിയിൽനിന്നുത്ഭവിച്ചതുമാണ്. നാടകത്തിലെ നായകൻ ധീരോദാത്തനും പ്രകരണത്തിലേതു ധീരശാന്തനും. നാടകത്തിൽ സ്ഥായിരസം ശൃംഗാരമോ വീരമോ ആകാം; പ്രകരണത്തിലേതു ശൃംഗാരം മാത്രമേ ആകാവൂ. വാക്സരണി അല്ലെങ്കിൽ 'വൃത്തി' കളിലും സമാനസ്ഥിതനായിരിക്കാം. അങ്കങ്ങൾ രണ്ടിലും അഞ്ചുമുതൽ പത്തുവരെയാകാം.

മനോമയങ്ങളായ നായകന്മാരുള്ള നാട്യകാവ്യങ്ങളാണ്. ഈ തരത്തിൽ ഡിമം എന്നും ഈഹാമൃഗം എന്നും രണ്ടുവർഗ്ഗങ്ങളുണ്ട്. ഡിമത്തിലെ കഥാവസ്തു കടംവാങ്ങിയതായിരിക്കും. ഈഹാമൃഗത്തിലേതു ഏതാണ്ടു കടംവാങ്ങിയതും കല്പിതവും കൂടിച്ചേർന്നതായിരിക്കും. ഡിമത്തിൽ സന്ധികൾ നാല്. എന്നാൽ ഈഹാമൃഗത്തിൽ മൂന്നുമാത്രം. അങ്കങ്ങൾ, ഡിമത്തിൽ നാലും മാത്രമേ പാടുള്ളു. ശൃംഗാരവും, ഹാസ്യവും, ശാന്തവും തീരെ വയ്യാ. പക്ഷേ ഈഹാമൃഗത്തിലെ രസം ശൃംഗാരാഭാസമാണ്. എന്തെന്നാൽ ഇതിലെ നായകന്മാരിൽ ഒരാൾ ദിവ്യനും മറ്റേയാൾ മനുഷ്യനും, തങ്ങളിൽ തീരെ പ്രണയമില്ലാത്ത ദിവ്യയായ നായികയ്ക്കുവേണ്ടി ഇരുവരും തമ്മിൽ കലഹിക്കുന്ന ധീരോദ്ധതന്മാരാകണം. ഡിമത്തിലെ നായകന്മാരെല്ലാവരും ധീരോദ്ധതന്മാർതന്നെ. ദേവന്മാരും, യക്ഷന്മാരും, ഗന്ധർവ്വന്മാരും നാഗപുത്രന്മാരും, മറ്റുമായി ഇവർ അനേകം പേർ ഉണ്ടായിരിക്കും. അപ്രാപ്യയായ നായികയെ മോഹിച്ചു മൃഗത്തെപ്പോലെ പാഞ്ഞുചെല്ലുന്ന (ഈഹാമൃഗങ്ങളായ) നായകന്മാരുടെ സ്വഭാവത്തിൽനിന്നാണ് ഈ തരം നാടകങ്ങൾക്കു ഈഹാമൃഗങ്ങളെന്ന പേർ സിദ്ധിച്ചത്.

മൂന്നങ്കങ്ങളുള്ള നാട്യകാവ്യങ്ങളിൽ സമവകാരം എന്ന ഒരുതരം മാത്രമേ ഉൾപ്പെടുന്നുള്ളു. ഇതിൽ കഥാവസ്തു കല്പിതമോ കടംവാങ്ങിയതോ ആകാം. സന്ധികൾ നാലാമത്തേതൊഴിച്ചു മറ്റെല്ലാമുണ്ടായിരിക്കും. രസം വീരവും, നായകന്മാർ അനേകവും എല്ലാം ധീരോദാത്തന്മാരുമാണ്. ഒന്നാമങ്കത്തിലെ സംഭവങ്ങൾ എട്ടു നാഴിക നേരത്തിനുള്ളിൽ കഴിയുന്നതും, രണ്ടും മൂന്നും അങ്കങ്ങളിലെ സംഭവങ്ങൾ ക്രമേണ നാലും രണ്ടും നാഴികകൾകൊണ്ടും കഴിയേണ്ടവയായിരിക്കണം.

അതുകൂടാതെ ഒരു അങ്കം മാത്രമുള്ള നാട്യകാവ്യങ്ങളെയാണ് ഇനി നിരൂപിക്കേണ്ടത്. ഈ വർഗ്ഗത്തിൽ അഞ്ചുതരങ്ങളുണ്ട്. പ്രഖ്യാതവൃത്തങ്ങളിൽനിന്നെടുത്തിട്ടുള്ള കഥാവസ്തുക്കളോടുകൂടിയവ ഇ

കൂട്ടത്തിൽ വ്യായോഗങ്ങളും, അങ്കങ്ങളുമുണ്ട്. വ്യായോഗത്തിൽ പലസന്ധികളുണ്ടെങ്കിലും അങ്കത്തിൽ രണ്ടേയുള്ളൂ. വ്യായോഗത്തിലെ രസം വീരവും, നായകൻ ധീരോദ്ധതനുമാകുന്നു. എന്നാൽ അങ്കത്തിലെ രസം കരുണവും നായകന്മാർ പലിപ്പില്ലാത്ത അനേകം ആളുകളും ആകുന്നു. വ്യായോഗത്തിലെ സംഭവങ്ങളെല്ലാം നടക്കുന്നതൊരുദിവസത്തിൽ തന്നെയാണ്. നായകൻ ഏർപ്പെടുന്നതായ യോദ്ധാവും രതിക്കും ഒരു സ്ത്രീ കാരണമായിരിക്കരുത്. ഇതെല്ലാമാണ് വ്യായോഗത്തിനും അങ്കത്തിനും തമ്മിലുള്ള വ്യത്യാസം. ഏകാങ്കങ്ങളായ നാട്യകാവ്യങ്ങളിൽ കല്പിതകഥാവസ്തുക്കളോടുകൂടിയവകൾ ഭാണവും, പ്രഹസനവും, വീഥിയുമാകുന്നു. ഇവയിൽ രണ്ടു സന്ധികൾ മാത്രമേ ഉള്ളൂ. ഭാണത്തിൽ കാരണമായ ശൃംഗാരവും വീരവുമാണ ധ്വനിക്കേണ്ടത്. പ്രഹസനമാകട്ടെ ഹാസ്യരസമയംതന്നെ. വീഥിയിൽ പ്രധാനരസം ശൃംഗാരം. ഇതിനെയാകയാൽ ആദ്യന്തം തന്നിലും വൃത്തി ഭാരതിയും, ഭാണത്തിൽ കൈശികിയുമാകുന്നു. ഭാണത്തിലെ നായകൻ ധീരോദ്ധതനാകണം. പ്രഹസനത്തിൽ അനേകം നായകന്മാരുള്ളവർ പല തരക്കാരും സ്ഥിതിക്കാരുമായിരിക്കും.

കഥാവസ്തു, നായകൻ, സ്ഥായിരസം എന്നിവകളെ സ്പഷ്ടമായിപ്പരിശോധിപ്പിക്കത്തിരുന്നതിനാൽ പലമാതിരി മേൽപറഞ്ഞവിധത്തിലുള്ള വിഭജനങ്ങളെല്ലാമെന്നിരിക്കിലും ഇക്കാര്യത്തിൽ നമ്മുടെ ആലങ്കാരികന്മാരുടെ ക്ലിഷ്ടമായ പ്രയത്നത്തെ വളരെ ഭംഗിയായി അഭിനന്ദിക്കവാൻ നമുക്ക് തോന്നുന്നില്ല. ചില സംഗതികളിൽ എന്തിനായിട്ടാണ് അങ്കങ്ങളുടെ സംഖ്യ ഇത്രവളരെ നിർബന്ധമായി കല്പിക്കുന്നതെന്ന മനസ്സിലാക്കുവാൻ തന്നെ പ്രയാസം. ഈ പ്രയാസം നാടകകർത്താക്കളിൽ തന്നെ അനേകം പേർക്കും തോന്നിയിരിക്കാം. നാട്യശാസ്ത്രനിയമങ്ങളെ കർശനമായി അവർ അനുസരിക്കാതിരുന്നതിനുള്ള കാരണവും അതുതന്നെയായിരിക്കാം. ഉദാഹരണമായി ഭാസനാടകങ്ങളിൽ ചിലതു മേൽപ്പറഞ്ഞ ചട്ടങ്ങളിലൊന്നിലുമൊതുങ്ങുന്നില്ല. ഏകാങ്കങ്ങളായ ഭാസനാടകങ്ങളിൽ മധ്യമവ്യായോഗം മാത്രമേ നാട്യശാസ്ത്രനിയമമനുസരിച്ചു കാണേണ്ടന്നവരികയുള്ളൂ. ദൂതവാക്യം, ദൂതഘടോൽകചം, കർണ്ണഭാരം, ഊരുഭംഗം എന്നിവകൾ ഏകാങ്കനാടകങ്ങളിൽപ്പെടുന്നു. ഇവ ഒരുതരത്തിൽ കണ്ടാലും ചേർക്കാവുന്നവയല്ല. കഥ നോക്കിയാൽ വേണങ്കിൽ ഭാസന്റെ പഞ്ചരാത്രം സമവകാരത്തിൽ കൂട്ടിക്കണക്കാക്കാം. ഇതിനുള്ള കാരണം പലതും അപ്രധാനങ്ങളായ ചില വിഷയങ്ങളെല്ലാം അനന്തരകാലങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളവയായിരിക്കാമെന്ന വാസ്തവമാണ്. അനന്തരകാലികന്മാരായ നാടകകർത്താക്കൾ പലതും നാട്യകാവ്യങ്ങളെപ്പറ്റിയും ഒരുപോലെ വിചാരിച്ചിട്ടില്ലെന്നു തോന്നുന്നു. എന്തായാലും നാടകം, പ്രകരണം, ഭാണം എന്നീ മൂന്നും മാത്രമേ പ്രത്യേകം ഭാഷകളെ ഏറെ ആകർഷിച്ചുള്ളൂ. ഒടുവിൽ തന്നെ ആദ്യത്തേതു പെരുമാനേ മഹാകവികളുടെ ശ്രദ്ധ വിശേഷിപ്പിച്ചത്. എന്നാൽ മറ്റു ശാഖകളിലും പല കവികളും കൈവെച്ചിട്ടില്ലെന്നില്ല. അവയെല്ലാത്തിലും ചില നാട്യകാവ്യങ്ങളുമുണ്ട്. പലതും അതുപോലെ വളരെ പ്രധാനങ്ങളുമല്ലാത്തവയുള്ളൂ.

താഴെക്കാണിക്കുന്ന പട്ടികയിൽനിന്നും സംസ്കൃതനാടകവിഭജനക്രമം വെളിവാകുന്നതു വിശദമാക്കുന്നു:—

സംസ്കൃതനാടകവിഭജനക്രമപട്ടിക

ക്രമ	നാട്യകാവ്യവിഭാഗത്തിന്റെ പേർ	അങ്കം	സന്ധി	കഥാവസ്തു	നായകൻ	രസം	റിമാർക്ക്
I	നാടകം	5 മുതൽ 10 വരെ	5	പ്രഖ്യാതകുലത്തിൽനിന്ന്	ധീരോദാത്തൻ	ശൃംഗാരം or വീരം	
II	പ്രകരണം			കല്പിതം	ധീരപ്രശാന്തൻ	ശൃംഗാരം മാത്രം	
III	ഡിമം	4	4	കഥ [illegible]	[illegible]	രൌദ്രം	V [illegible]
IV	ഈഹാമൃഗം		3	കഥയും കല്പിതവും കൂടിയുള്ളതു	[illegible]	ശൃംഗാരാഭാസം	[illegible]
V	സമവകാരം	3	4	[illegible]	അനേകം ധീരോദാത്തന്മാർ	വീരം	VI [illegible] 1 ദിവസം, നായകൻ [illegible] യുദ്ധം ചെയ്യുന്നു
VI	വ്യായോഗം	1	5	പ്രഖ്യാതകുലത്തിൽനിന്ന്	ധീരോദ്ധതൻ	വീരം	
VII	അങ്കം		2		[illegible]	കരുണം	
VIII	ഭാണം				[illegible]	[illegible] ശൃംഗാരവും വീരവും	
IX	പ്രഹസനം		2	കല്പിതം	[illegible]	ഹാസ്യം	
X	വീഥി				ധീരോദാത്തൻ	ശൃംഗാരം	

പി. ശങ്കരൻനമ്പ്യാർ ബി എ. (Honours)

കാലപർവതം

ഏഴാമധ്യായം

സ്വപ്നം

മോതിയ മടങ്ങിവന്നു, അവളുടെ ശ്രമമെല്ലാം വ്യർത്ഥമായി എന്നു രാജകുമാരിയോടു പറഞ്ഞു.

മുലാളിയുടെ ഹൃദയം തുടിച്ചുതുടങ്ങി. അവൾ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. 'മോതിയേ! എന്താണ് ഉണ്ടായത് എന്നു പറഞ്ഞാലും.'

മോതിയ — എല്ലാ ഏർപ്പാടുകളും ശരിയായി ചെയ്തിരുന്നു. കുമാരൻ കോട്ടയുടെ പുറത്തു കുതിരയെ തയ്യാറാക്കി നിർത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന് രക്ഷപ്പെട്ടോടിപ്പോകാൻ സമ്മതമുണ്ടായിരുന്നില്ല. അദ്ദേഹം ഇങ്ങിനെ പറഞ്ഞു. 'രാജകുമാരിയുടെ ഈ അനുഗ്രഹത്തിനു ഞാൻ നന്ദിയുള്ളവനായിരിക്കും. എന്നാൽ സ്വാമിയായവന്റെ പുത്രന് രക്ഷപ്പെട്ടോടിപ്പോകാൻ അറിഞ്ഞുകൂടാ. എന്റെ ജീവൻ പോയാലും വേണ്ടില്ല. കള്ളനെപ്പോലെ ഒളിച്ചുപോകാൻ എനിക്കു മനസ്സില്ല. ഈ വിവരം രാജകുമാരിയോടു പറഞ്ഞാലും.'

ഇതു കേട്ടപ്പോൾ മുലാളിയുടെ കണ്ണുകൾ ജ്വലിച്ചുവശായി. 'ഇപ്പറഞ്ഞതു പുരുഷന്മാർക്കു ചേർന്നതാണ്. മോതിയേ! ഞാൻ തന്നെയാണ് ഭാഗ്യവതി എന്ന് എനിക്കു ബോദ്ധ്യമായി.' എന്നു മുലാളി പറഞ്ഞു. 'പ്രഭോ! അങ്ങ് ഇത്രത്തോളം ധൈര്യശാലിയായതുകൊണ്ടാണ് ഞാൻ അങ്ങയുടെ കാമുകൻ എന്നു സങ്കല്പിച്ചത്' എന്ന് അവൾ മനസ്സിൽ വിചാരിച്ചു.

മോതിയ — രാജകുമാരി! ഇനി എന്താണ് ഉപായം?

മുലാളി ആകാശത്തിലേക്കു തന്റെ വദനം പൊക്കിക്കാണിച്ചു. അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. കാൽക്ഷണനേരം ഒന്നും മിണ്ടാതെ ഇരുന്നു.

'ഇതു വലിയ ഒരു പ്രശ്നം തന്നെയാണ്' എന്നു മോതിയ വിചാരിച്ചു. മുലാളി മറ്റൊരു പ്രകാരം വിചാരിച്ചു. 'ഞാൻ സ്നേഹിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പ്രാണൻ നഷ്ടപ്പെടുത്തു വാടി. ഏതൊരപ്പോലെ നിർഭാഗ്യവതിയായിട്ട് ആരെങ്കിലും ഉണ്ടോ? ഈ വിവരം കേൾക്കുന്നതിനു മുമ്പ് എന്റെ പ്രാണൻ പോയില്ലല്ലോ. അങ്ങ് കാരാഗൃഹത്തിലും ഞാൻ കൊട്ടാരത്തിലും ഇരിക്കാറായല്ലോ! ഞാൻ തന്നെയാണ്'. മുലാളി എണീറ്റുനിന്ന് ഉറച്ച സ്വരത്തിൽ പറഞ്ഞു — 'മോതിയേ! നീ ഇപ്പോൾ പോയാലും! നാളെക്കാലത്ത് അദ്ദേഹത്തെ അരമനയിൽനിന്നു പുറത്തു കൊണ്ടുപോകുമ്പോൾ എനിക്കു വിവരം അറിയിക്കണം.'

"ഇനി എന്താണ് വരാൻ പോകുന്നത്?" എന്നിങ്ങനെ ആലോചിച്ചുകൊണ്ടു കേറിയ അവിടെനിന്നു പോന്നു.

ഉലാച്ചി നിലത്തു കിടന്നു കരഞ്ഞു തുടങ്ങി. കരഞ്ഞുകരഞ്ഞ് അവൾ ഉറങ്ങി. അവൾ ഒരു സ്വപ്നം കണ്ടു. വളരെ ഒഴുക്കുള്ളതും വീതിയുള്ളതുമായ ഒരു നദി. സ്ഫടികംപോലെ നിർമ്മലമായ അതിലെ വെള്ളം അനേകം ചുഴികളോടുകൂടി ഭയങ്കരമായ ഇരമ്പലോടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. ക്രുദ്ധനായ സർപ്പം ചീറിവരുന്നതുപോലെ വലിയ തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്നു. ആ തിരമാലകളുടെ അടിയേറ്റു ഉലാച്ചിയും കാലചാമ്പനും വെള്ളത്തിന്റെ മീതെ പൊങ്ങിക്കൊണ്ടിരുന്നു. 'പ്രഭോ! സ്വാമിൻ! എന്നെ പിടിക്കണേ' എന്നിങ്ങനെ പേടിച്ചു വിറച്ചുകൊണ്ടും കൈകാലിട്ടടിച്ചുകൊണ്ടും ഉലാച്ചി വിളിച്ചുപറഞ്ഞു. കാലചാമ്പൻ ആ വിളി കേട്ടില്ല. ഒരു തിരയടിച്ച് അയാളെ ദൂരെയാക്കി കൊണ്ടുപോയി. പിന്നെ ഒരു ചുഴിയിലകപ്പെട്ട കാലചാമ്പൻ ഉലാച്ചിയുടെ അടുത്തുവന്നു ചേർന്നു. അപ്പോൾ ഉലാച്ചി രണ്ടു കൈകൾകൊണ്ടും അയാളെ കെട്ടിപ്പിടിച്ചു. അന്യോന്യം ആലിംഗനം ചെയ്തുകൊണ്ട് ഒഴുകിത്തുടങ്ങി. 'പ്രിയേ! ഉലാച്ചി! മരണത്തിൽ അനന്തമാണ് ആനന്ദം' എന്നു കാലചാമ്പൻ പറഞ്ഞു. 'പ്രഭോ! ജീവനത്തിലും ആനന്ദമുണ്ട്' എന്നു ഉലാച്ചി പറഞ്ഞു. ഈ സമയത്തിൽ ഭീകരമായ അന്ധകാരമയമാക്കിക്കൊണ്ടു പർവ്വതംപോലെ ഒരു തിര വന്നടിച്ചു. അതിന്റെ ഊക്കുകൊണ്ടു ഉലാച്ചിയുടെ കെട്ടിപ്പിടുത്തത്തിൽ നിന്നു വിട്ടു കാലചാമ്പൻ എവിടെയോ ഒലിച്ചുപോയി. ഉലാച്ചി കരഞ്ഞുംകൊണ്ടു 'പ്രഭോ! സ്വാമിൻ!' എന്നിങ്ങനെ ഉറക്കെ വിളിച്ചു. ഘോരമായ ആ ഇരുട്ടിൽ ആരും ഉത്തരം പറഞ്ഞില്ല. തിരമാലകൾ ക്രുദ്ധസർപ്പങ്ങളെപ്പോലെ ചീറിക്കൊണ്ട് അവളെ വിഴുങ്ങാൻ വന്നു.

ആ ഘോരാന്ധകാരത്തിൽ ഉലാച്ചി തനിയെ ഒലിച്ചുപോയിരുന്നു. 'സ്വാമിൻ' എന്നിങ്ങനെ വിളിച്ചുവിളിച്ച് അവളുടെ ഒച്ച പൊങ്ങാതെയായി. കൈകാലുകൾ ശക്തിയില്ലാതായി. കണ്ണുകൾ അടഞ്ഞുതുടങ്ങി. എന്നാൽ ആ പ്രിയതമനെ എവിടെയും കണ്ടില്ല. ഈ സമയത്തിൽ ആ ഘോരാന്ധകാരത്തെ ഭേദിച്ചുകൊണ്ട് ഒരു ദിവ്യതേജസ്സ് ആകാശത്തിൽ പ്രകാശിച്ചു. നീണ്ടുവെളുത്തതായ ശിരോരോമങ്ങളോടുകൂടിയവനായ ഒരു പുരുഷൻ ആ ദിവ്യതേജസ്സിൽനിന്നു പുറപ്പെട്ടു തിരമാലകളുടെ മീതെ വന്നുനിന്നു. അദ്ദേഹത്തിന്റെ ആർദ്രമായ നോട്ടംകൊണ്ട് ഓളം അടിച്ചിരുന്ന തിരകൾ ശാന്തങ്ങളായി. മധുരമായ അദ്ദേഹത്തിന്റെ വിളി കേട്ടു ഉലാച്ചിയുടെ നിർജ്ജീവപ്രായനായ വീണ്ടും ചൈതന്യം വന്നു. ദിവ്യപുരുഷൻ പറഞ്ഞു: 'വത്സേ! ഈ വ്രതം ഇതുവരെതീരാത്തതായാണ് കാലംപൂട്ടുന്നത്. ദേഹവും പ്രാണനും എന്നല്ല സർവ്വസ്വവും ഉപേക്ഷിക്കാത്തവർ ഈ വ്രതത്തിന്റെ ഫലം കിട്ടുന്നതല്ല. നിന്റെ വ്രതത്തിന്റെ ഫലം നിനക്കു കിട്ടി. ഇതാ കാലചാമ്പൻ.'

ദിവ്യപുരുഷൻ മറയുകയും ചെയ്തു. ഉലാച്ചി കണ്ണുമിഴിച്ചപ്പോൾ വളരെക്കാലമായി കൊതിച്ചിരുന്ന കാലചാമ്പനെ മുമ്പിൽ കണ്ടു. സന്തുഷ്ടനായും സംതൃപ്ത

കൊണ്ടുകൂടി ആലിംഗനം ചെയ്യാനായി അവൾ കൈ നീട്ടിയപ്പോഴേക്കു സ്വപ്നത്തിന്നു ഭംഗം വന്നു.

ഈ സമയത്തു മാതിയ വന്നു കാരാഗൃഹത്തിന്റെ സമീപത്തു ലഹള കേട്ടു കൊണ്ടെന്നും, കാലചാന്ദ്രനെ കൊണ്ടുപോകയാണെന്നു തോന്നുന്നു എന്നുമുള്ള വിവരം രാജപുത്രിയെ അറിയിച്ചു. ഉടനെ ഉന്മത്തയെപ്പോലെ പുറത്തേക്കു ഓടിപ്പോയി.

ഏഴാമദ്ധ്യായം

സമാഗമം

നേരം പ്രഭാതമായപ്പോൾ കാരാദ്ധ്യക്ഷനായ മഹാസേനരാജൻ ചക്രവർത്തിയുടെ കല്പന നടത്താനായി വന്നു, കാവല്ക്കാർ തടവുകാരനായ കാലചാന്ദ്രനെ കാരാഗൃഹത്തിന്റെ പുറത്തു കൊണ്ടുവന്നു നിർത്തി.

നരാധമനെ കഴുവിലിടാൻ പോകുന്ന വിവരം കേട്ടു നഗരവാസികൾ ബദ്ധപ്പെട്ടു കാരാഗൃഹത്തിന്നരികെ വന്നുതുടങ്ങി. അനേകംപേരെക്കൊണ്ടു കാരാഗൃഹത്തിന്റെ മുററം ജനങ്ങളെക്കൊണ്ടു നിറഞ്ഞു.

കാവല്ക്കാരാൽ ചുററപ്പെട്ടു കയ്യിൽ വിലങ്ങോടുകൂടി കാലചാന്ദ്രൻ തലതാഴ്ത്തിക്കൊണ്ടു നില്ക്കുന്നു. ഈ സമയത്ത് മിന്നൽപ്പിണരിന്നു തുല്യം കെട്ടഴിഞ്ഞ തലമുടിയോടു കൂടിയവളുമായ ഒരു സ്ത്രീ ഭ്രാന്തത്തിയെപ്പോലെ ഓടിവരുന്നത് എല്ലാവരും കാണുമാറായി.

രാജപുത്രിയാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞവർ 'രാജപുത്രി, രാജപുത്രി' എന്നു ഉറക്കെ ഘോഷിച്ചു. അറിയാത്തവർ ഇവളൊരു ഭ്രാന്തസ്ത്രീയാണെന്നും വിചാരിച്ചു.

ആ സ്ത്രീ ഉടനെ ഉന്മത്തയെന്നപോലെ തടവുകാരന്റെ അടുത്തേക്കു ഓടി, ജനങ്ങൾ സംഭ്രമത്തോടുകൂടി വഴി മാറിനിന്നു. കാവല്ക്കാർ തടവുകാരനെ വിട്ടു മാറിപ്പോയി.

ഉന്മാദിനിയായ അവൾ ഓടിയെത്തി കരഞ്ഞുകൊണ്ടു 'പ്രഭോ! സ്വാമിൻ!' എന്നിങ്ങനെ പറഞ്ഞുകൊണ്ടു തടവുകാരനെ കെട്ടിപ്പിടിച്ചു. കാലചാന്ദ്രന്റെ കയ്യിലെ വിലങ്ങ് അഴിച്ചുകളഞ്ഞു. അയാളുടെ ഹൃദയം തുടിച്ചുതുടങ്ങി. കണ്ണുകളിൽ വെള്ളം നിറഞ്ഞു. പ്രേമം, ലജ്ജ, മാനം, ഭയം ഈ മൂന്നിനെയും ജയിച്ചു അറിയാതെകണ്ടു കാലചാന്ദ്രൻ ആ രമണിയെ പുണർന്നു. കാലചാന്ദ്രൻ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. 'പ്രിയേ! രാജപുത്രി! നീ എന്താണ് ചെയ്യുന്നത്? ഞാൻ തടവുകാരനാണ്. എന്നെ കഴുവിലിടാൻ കല്പനയായിരിക്കുന്നു. ഇപ്പോൾ തന്നെ എന്റെ പ്രാണൻ പോകും.'

പ്രേമാശ്രുക്കൾ നിറഞ്ഞ കണ്ണുകൾ വ്യാകുലനോട്ടങ്ങൾകൊണ്ടു തന്റെ മനസ്സിലുള്ള അസഹ്യവേദനയെ പ്രകാശി

പ്പിച്ചുകൊണ്ടു രാജകുമാരി പറഞ്ഞു: 'സ്വാമിൻ! ഈ ദാസിയുടെ പ്രാണൻ പോകുന്നതുവരെ ഈ ബാഹുബന്ധനത്തിൽനിന്ന് ആർക്കും നിങ്ങളെ വേർപെടുത്തിക്കൊണ്ടു പോവാൻ കഴികയില്ല. എന്റെ ജീവനെക്കൊണ്ടും ഞാൻ നിങ്ങളെ രക്ഷിക്കും. മുമ്പിൽ ഈ ദാസിയുടെ പ്രാണൻ പോകട്ടെ.'

കഴുവിലിടുന്നതു കാണാൻ വന്നവർ ഈ കാഴ്ച കണ്ട് അമ്പരന്നുപോയി. ഒരു വലിയ മുറാക്ക്' അസംഖ്യം ജനങ്ങൾ മൌനം അവലംബിച്ച് അനങ്ങാതെ നിന്നു.

കാരാധ്യക്ഷനായ ഭദ്രസേനനായവൻ വട്ടത്തിലായി. വിചാരിക്കാതെകണ്ടുള്ള ഈ സംഭവംകൊണ്ട് എന്താണ് ചെയ്യേണ്ടത് എന്നു അയാൾക്കു നിശ്ചയമില്ലാതായി. കുറച്ചുനേരം ആലോചനാമഗ്നനായി നിന്നതിന്റെ ശേഷം അയാൾ ഈ വിവരം ചക്രവർത്തിയെ തിരുമനസ്സറിയിച്ചു.

ഈ വിവരം കേട്ട് സമ്രാട്ടായ ചക്രവർത്തി വിസ്മയംകൊണ്ടും ദേഷ്യംകൊണ്ടും ലജ്ജകൊണ്ടും സ്തബ്ധനായിപ്പോയി. മകളുടെ നേരെ ഉണ്ടായ ക്രോധം പിന്നീട് ദയയിൽ പരിണമിച്ചു. ഊരിയ വാളും കയ്യിൽ പിടിച്ച് ചക്രവർത്തി കാരാഗൃഹത്തിന്റെ മുറ്റത്തു വന്നു. അദ്ദേഹത്തിന്റെ ഭയങ്കരമായ രൂപം കണ്ടു ജനങ്ങൾ നടുങ്ങിപ്പോയി.

അന്യോന്യപ്രേമത്തോടുകൂടിയ കാലചാരനും മേഘാളിയും അപ്പോഴും മുമ്പിലത്തെപോലെ ആലിംഗനം ചെയ്തുനിന്നിരുന്നു. ചക്രവർത്തിയെ കണ്ടപ്പോൾ അവരുടെ ആലിംഗനബന്ധം ശിഥിലമായിപ്പോയി. മേഘാളി ലജ്ജകൊണ്ടു തലതാഴ്ത്തി കാലചാരന്റെ വലത്തെ കയ്യു മുറുകിപ്പിടിച്ചുകൊണ്ടു അയാളുടെ പിൻഭാഗത്തു നിന്നു. ഈ സന്ദർഭംകൊണ്ടു ചക്രവർത്തിയുടെ മനസ്സിൽ ദയതോന്നി അദ്ദേഹം 'കാലചാരാ' എന്നു വിളിച്ചു.

കാലചാരൻ നിലം തൊട്ടു സലാം ചെയ്തുകൊണ്ടു പറഞ്ഞു:—'പ്രഭോ! ഞാൻ രാജകുമാരിയെ ധർമ്മപത്നിയായി സ്വീകരിച്ചിരിക്കുന്നു.'

ചക്രവർത്തിയുടെ മുഖം പ്രസന്നമായി. 'നിങ്ങൾ സുഖമായിരുന്നാലും' എന്ന് അദ്ദേഹം അവരെ അനുഗ്രഹിച്ചു. ഉടനെ കാഹളശബ്ദംകൊണ്ടു ദിക്കെല്ലാം മുഴങ്ങി.

ഒമ്പതാമദ്ധ്യായം

സാമാജികസഭ

കാലചാരൻ ഗൌഡചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തുവെന്നും മുസൽമാനായിത്തീർന്നു എന്നുമുള്ള വർത്തമാനം ഒരു ദിവസത്തിനുള്ളിൽ നാട്ടിലെല്ലാം പരന്നു. വിജയനഗരത്തിലും ഈ വിവരം പരന്നു. തന്റെ പുത്രൻ ജാതിയിൽനിന്നു പോയ വിവരം കാലചാരന്റെ അമ്മ കേട്ടു. എങ്കിലും തന്റെ പുത്രനിൽ അവർക്കു ദൃഢമായ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് അവരുടെ മനസ്സിനു ചെ

ശം കലഹമുണ്ടായില്ല.

അയൽവാസിയായ നാരകൃഷ്ണയിരിയുടെ വകയായ ക്ഷേത്രത്തിൽ ആ ഗ്രാമത്തിലെ ബ്രാഹ്മണരെല്ലാവരും കൂടി കാലചാത്തന്റെ ജാതിഭ്രംശത്തെപ്പറ്റി ആലോചന തുടങ്ങി. കാലചാത്തന്റെ കുടുംബക്കാരും ചാർച്ചക്കാരും വേളിക്കാരും ആ സഭയിൽ ഹാജരുണ്ടായിരുന്നു. കാര്യം വളരെ ഗൗരവമുള്ളതായിരുന്നതുകൊണ്ട് ഗ്രാമമൊട്ടുക്കൊടുത്തി ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു.

വൈദികതലക്കാരൻ ന്യായവാദി തന്നെ. അദ്ദേഹം പുകലപ്പൊടിവലിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഇതിനെപ്പറ്റിയെന്ന ഞാൻ മുമ്പിൽത്തന്നെ വിചാരിച്ചിട്ടുണ്ട്. 'പാപ്പത്തിനഗ്നിരാൻ ഭൂതാത്' എന്ന ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാണ സിദ്ധാന്തൻ വിചാരിക്കേണ്ടത്?' സിദ്ധാന്തൻ സ്മാർത്തനാണ്. പ്രായം കൊ ആയിരിക്കുന്നു. സ്മൃതി പഠിച്ചിരുന്നതെല്ലാം വിസ്മൃതിയിൽ പെട്ടുപോയിരുന്നു. ആശൗചത്തിന്റെ ചില വ്യവസ്ഥകൾ മാത്രം മറന്നിട്ടില്ല. ചുമച്ചുകൊണ്ടും തലയാട്ടിക്കൊണ്ടും അദ്ദേഹം പറഞ്ഞു: 'അങ്ങു പറഞ്ഞതു ശരിയാണ്. 'ബുദ്ധിപൂർവ്വാകൃതം' എന്ന ശ്ലോകമാണിവിടെ എഴുതീട്ടുണ്ടല്ലോ.' ഗ്രാമവൃദ്ധനായ മഴിറിമഠാശയൻ പറഞ്ഞു. 'കലികാലമല്ലേ ഇതൊക്കെ ഇതിലും എന്തെല്ലാം കാണേണ്ടിവരുമോ ആവോ? ധർമ്മം നശിക്കുമെന്ന തീർച്ചയാണ്. നാരായണന്റെ പുത്രനായ ആ കാലചാത്തൻ ഇതു ചെയ്തില്ലേ? ഇനി എന്താണ നിവൃത്തി?'

നിവൃത്തിമാർഗ്ഗം നിർണ്ണയിക്കാൻ മറ്റും താമസമുണ്ടായില്ല. കാലചാത്തനൊരുമിച്ചുള്ള കൂടിക്കാഴ്ചയിൽ ഇവരെ പോലെ. അയാളുമായൊക്കെ സംസാരിച്ചുപോകരുത്. അയാളുടെ വീട്ടിൽ ആരും പോകരുത്. എന്നിങ്ങനെ എല്ലാവരും ഐകകണ്ഠ്യേന തീർച്ചപ്പെടുത്തി. ഗ്രാമമൊട്ടുക്കൊടുത്തിയിലെല്ലാം ഒരുപോലെ തീർപ്പനുസരിച്ച് കാലചാത്തൻ ജാതിഭ്രഷ്ടനാക്കപ്പെട്ടു.

നമ്പൂതിരിയാകുന്ന കാലചാത്തന്റെ ഒരു ബന്ധുവും സഹായസമ്പന്നരായിരുന്നു. അവർ വലിയ പണക്കാരായിരുന്നു. ഗ്രാമസഭക്കാരുടെ തീർപ്പുകേട്ട് അവർക്കും വലിയ വിഷമമായി. അവർ പറഞ്ഞു: 'ജ്യേഷ്ഠാ! കാലചാത്തനെ ജാതിയിൽ നിന്ന തള്ളാൻ തീർച്ചപ്പെടുത്തി അയാളെ ജാതിഭ്രഷ്ടനാക്കിയല്ലോ. എന്നാൽ കാലചാത്തൻ ചക്രവർത്തിയുടെ മകളെ വേളി കഴിച്ചു എന്നും മുസൽമാന്മാരിൽ എന്നും ഉള്ള സംഗതിക്ക് നിങ്ങൾക്കു വല്ല ലക്ഷ്യവും ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.'

'ഇതിന് ഇനി ലക്ഷ്യം വേണോ?' എന്ന പറഞ്ഞ് എല്ലാവരും ഒന്നാകെക്കൂടി എഴുന്നേറ്റു. സിദ്ധാന്തൻ പറഞ്ഞു— 'മഹാനുഭാവാ! സഭ പിരിഞ്ഞ ക്ഷേത്രത്തിന്റെ വാതിലടച്ചു ഞാൻ കണ്ടില്ലേ? പിന്നെ ഈ തോന്നിവാസം പറയുന്നത് എന്തിനാണ്?' തലക്കാരൻ പറഞ്ഞു— 'വേദം പ്രമാണം സ്മൃതയഃ പ്രമാണം' എന്നുണ്ടല്ലോ! ശാസ്ത്രത്തിലെല്ലാം ഉണ്ടല്ലോ. എന്തു പ്രമാണമാണ് നിങ്ങൾക്കു വേണ്ടത്?' നമ്പൂതിരിയാകുന്ന പറഞ്ഞു. 'ശാസ്ത്രം സ്വീകാര്യമല്ലെന്ന ഞാൻ ഒരിക്കലും പറയില്ല. എന്നാൽ സൂക്ഷ്മം അറിയാതെ വ

ല്ലാവരും വല്ലതും പറയുന്നതു കേട്ട് ഇങ്ങിനെ ചെയ്യുന്നത് ഉചിതമാണോ?' അകാലകാരൻ ചിരിച്ചുംകൊണ്ടു പറഞ്ഞു. 'നഹ്യൂർദ്ധ്വാജനശ്രുതിഃ' (ജനങ്ങൾ പറയുന്നത് അടിസ്ഥാനമില്ലാത്തതല്ല.) ബ്രാഹ്മണൻ പറയുന്നതു വെറുതെയായില്ല. ശത്രു ഉന്മൂലമാക്കണമെന്ന ശാസ്ത്രം ഉപദേശിക്കുന്നു. താൻ ശാസ്ത്രത്തെ കീഴ്മേൽ മറിക്കാൻ നോക്കുന്നു.'

വൃദ്ധനായ മന്ത്രി പറഞ്ഞു. 'നമ്മുടെ ആയുസ്സിന്റെ ഭാഗവും കഴിഞ്ഞു. ഇനി കാൽഭാഗമേ ബാക്കിയുള്ളൂ. ധർമ്മം വിട്ടുകൊണ്ടു നമ്മളാലാവുന്നതല്ല. താൻ എന്തു പ്രകാരം വേണമെന്നാണ് പറയുന്നത്? പ്രകാരം വേണമെങ്കിൽ താൻ തിരസ്കരിക്കൊള്ളൂ. അതിനുവേണ്ടി ഞങ്ങളുടെ തല കളയിക്കാൻ ഞങ്ങൾ വിചാരിക്കുന്നില്ല.'

ശങ്കരാചാര്യൻ പറഞ്ഞു. 'അയാൾ കാലചാരന്റെ കൂറുകാരനാണെന്നു തോന്നുന്നു. ഗൌഡദേശത്തു ചെന്നു സൽമാനസ്ത്രീയുമായി അയാൾക്കു കൂട്ടുകെട്ടുണ്ടെന്നു തോന്നുന്നു. നവീനനേയും ജാതിയിൽനിന്നു തള്ളിക്കളയാം.'

നവീനൻ മോക്ഷമുണ്ടെന്ന കല്പിച്ച് എല്ലാവരുംകൂടി അയാളെ ജാതിഭ്രഷ്ടനാക്കി. സ്വന്തം വിചാരം ഇപ്രകാരം കലാശിച്ച് എല്ലാവരും അവരവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിപ്പോയി.

നവീനൻ ദേഷ്യത്തോടും വികാരത്തോടും ആലസ്യത്തോടുംകൂടി വീട്ടിലേക്കു മടങ്ങിപ്പോകും വഴിക്കു കാലചാരന്റെ അമ്മ ഗംഗാസ്നാനം കഴിച്ചു വീട്ടിലേക്കു പോകുന്നതു കണ്ടു. അയാൾ 'വലിയമ്മേ!' എന്നു വിളിച്ചു.

നവീനന്റെ വിളി കേട്ടു കാലചാരന്റെ അമ്മ തിരിഞ്ഞുനിന്നു. നവീനനോടു അവർ പറഞ്ഞു. 'കുട്ടീ! നീ വർത്തമാനങ്ങളെല്ലാം കേട്ടില്ലേ? വഴിയിലും ആളുകൾ കൂടുന്ന സകല ദിക്കുകളിലും ഒരു വർത്തമാനം മാത്രമേ കേൾക്കാനുള്ളൂ. കാലചാരൻ ചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തില്ലേ? അയാൾ നല്ലവണ്ണം ആലോചിച്ചിട്ടാണ് ഈ കാര്യം ചെയ്തതെങ്കിൽ അതു വളരെ നന്നായി. ജനങ്ങൾ ഇതിനെപ്പറ്റി ഇത്ര കലശൽ കൂട്ടുന്നത് എന്തിനാണ്? അവർ പറയുന്നതെല്ലാം കേട്ടിട്ട് എനിക്കു ഭ്രാന്തു വരുന്നു.'

നവീനൻ പറഞ്ഞു— വലിയമ്മേ! കാലചാരൻ കുട്ടിയല്ല, ഭ്രാന്തനല്ല. അയാൾ ദുർബുദ്ധിക്കാരനോ, മൂർഖനോ, സാഹസികനോ അല്ല. അയാൾ ആലോചിക്കാതെ ഒന്നും ചെയ്യുകയില്ല. അതിനെക്കുറിച്ചു നിങ്ങൾ വിചാരപ്പെടേണ്ട.

'കുട്ടീ! എനിക്ക് അതിനെക്കുറിച്ചു വിചാരമില്ല. തലയിലെഴുത്തു മാറ്റാൻ സാധിക്കുമോ? അയാളുടെ ശിരസ്സിലെഴുത്ത് ഇപ്രകാരമാണെങ്കിൽ ഞാൻ എന്തിനാണ് ദുഃഖിക്കുന്നത്? എന്നു തന്നെയല്ല; ഇതു ദുഃഖിക്കേണ്ട ഒരു സംഗതിയാണോ? കാലചാരൻ സ്വന്തം മനസ്സാലെ ചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തതാണെങ്കിൽ അത് എനിക്കു വളരെ സന്തോഷമാണ്. ചക്രവർത്തിയുടെ മകളെ എന്റെ പുത്രഭാര്യയുടെ നിലയിൽ ഞാൻ സ്വീകരിക്കുന്നതാണ്.'

നവീനൻ പറഞ്ഞു— 'വലിയമ്മേ! ഇതു

ഗ്രാമവാസികളെല്ലാവരുംകൂടി കാലചാരനെ ജാതിഭ്രഷ്ടനാക്കിയിരിക്കുന്നു. എന്നെയും ജാതിയിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.'

'നീ എന്തു കാര്യമാണ് ചെയ്തത്? കാലചാരനല്ലേ ചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തത്? നീയല്ലല്ലോ.'

നാവികൻ പറഞ്ഞു — 'കാലചാരൻ ചക്രവർത്തിയുടെ മകളെ വിവാഹം ചെയ്തതായി അറിഞ്ഞെങ്കിലും ഉറപ്പായി പറയാൻ കഴിയുമോ എന്നു സാമാജിക ഗ്രാമനായകന്മാരോടു ഞാൻ ചോദിച്ചു. കേവലം ജനശ്രുതിയെ ആസ്പദമാക്കി അവനെ ജാതിയിൽനിന്നു തള്ളിയതു ശരിയായില്ല എന്നു ഞാൻ പറഞ്ഞു. ഇതുകൊണ്ടു ഞാൻ കാലചാരന്റെ സഹായകനാണെന്നും ഗോത്രപ്രദേശത്തിലെ ഒരു കൂട്ടർ അന്യായമായി എന്നെ കുറ്റക്കാരനെന്നു തീർച്ചപ്പെടുത്തി എന്നെയും ജാതിയിൽനിന്നു തള്ളി. ചങ്ങാതി! ഈ ദിക്കിലെ ശാസ്ത്രങ്ങളുടെ വ്യവസ്ഥ ഈ മാതിരിയാണ്.'

ശാസ്ത്രങ്ങളിൽ ഈ മാതിരി അന്യായം എഴുതീട്ടുണ്ടോ എന്നു കാലചാരന്റെ നായക ചോദിച്ചു. ശാസ്ത്രത്തിൽ അന്യായമൊന്നും എഴുതീട്ടില്ല. എന്നാൽ നമ്മുടെ ശാസ്ത്രജ്ഞന്മാരാണ് ശാസ്ത്രത്തെ ഈ മാതിരി വ്യാഖ്യാനിക്കുന്നത്.

'എന്നാൽ ജനങ്ങൾ ഇതു സ്വീകരിക്കുന്നത് എന്തിനാണ്?'

നാവികൻ പറഞ്ഞു — ചങ്ങാതീ! ജനങ്ങൾക്കു ശാസ്ത്രത്തിന്റെയും ധർമ്മത്തിന്റെയും പ്രകൃതം? അവർ നാനാകഥകൾകൊണ്ടു തൃപ്തിപ്പെടുന്നു. കാലചാരൻ വീട്ടിലെത്തിയാൽ ഈ ശാസ്ത്രജ്ഞന്മാരും സാമാജികന്മാരും തന്നെ മടിച്ച് ഒഴിഞ്ഞുമാറുന്നതു നമുക്കു കാണാം. കാലചാരനെ വീട്ടിലേക്കു വരുത്തണം.

'നല്ലത് നാളെത്തന്നെ ഞാൻ ഗോത്രപ്രദേശത്തിലേക്കു പോകും' എന്നു വൃദ്ധ പറഞ്ഞു.

ഒരു നായാട്ട്*

ഏറനാട്ടിലുള്ളൊരു മലമ്പ്രദേശത്തു ചെ-
ന്നന്നത്തിരാത്രിയവിടെ പാർത്തിട്ടുടൻ
ഉറങ്ങിക്കിടക്കവേയൊരുനാൾ കേട്ടു-
ന്നൊന്നതുപോലെ കടലിൽ കളിയാടുവാൻ 1

സമാഗമപ്രീതികലർന്നിരിക്കവേ-
മദോന്മത്ത ഗജങ്ങൾ വന്നിതാ
ഭയാനകമായ ശബ്ദമുണ്ടായ്
ഭ്രമിച്ചുപോയെല്ലാവരും.

---

* ഒരു പഴയ ഗ്രന്ഥത്തിൽനിന്ന്.

വരോപധ്യാമം പാവനാഭിപൂർണ്ണമായ്
വിരാജമാനാശ്രമപദംവനോദരം
ഉരാധിമൈകവിട്ടകന്നകാശ്യപി-
വരാജമാതൻവധുനാവിലാംവിധം 3

ഉയന്തമത്യുൽക്കടദീപ്തസന്താപ-
ഭയംകലന്നുള്ളഗണിതകാനനം
നാഗകിനാക്കംവുഖരാജപുംഗവൻ
സ്വയംകടക്കണ്കുളിരംഗമാക്കിനാൻ. 4

സ്വർണ്ണധാമസന്താപസുതിൽ കീർണ്ണധാമമായ്
പാരംമദാപാദവിലാസമേനിയും
പറന്നകാനനാന്തചിത്രകൂടമാ-
കണ്ണുമോദമുണ്ടായഹിതാവഹം 5

കരുണ്ണുകൂട്ടംകൊണ്ടിപ്പെരുമാരണം
പൊരുണ്ണുകണ്ണാഗ്രതപ്പണ്ടു വിരമ
കിരണസന്താപസ്വർഗകരമണം
കരുണമാപാലനമസ്സുതനായോ? 6

വിരിഞ്ഞിട്ടുനാളൂ വാരുപ്പുകാണിയും
ശരിക്കുചമംനകലപ്പമാരവും;
സ്മരിക്കയാൽപാണ്ഡവമണ്ഡപംകണ്ണ-
കിരിപ്പുരിമോപ്പൂരമാകമാനമല 7

മതാവ്യപ്പൂക്കണ്ണനവോൻ പാവലർ-
പ്രതാപമൊപ്പൂനരെത്തിമെപ്പൂപോലവെ
നിതാന്തസന്താപവിരോധിയാകമ്പ-
മതാനുകാമപ്പൂരണനിരങ്ങമെ. 8

അനാഗതം പാദശിലിപ്പരാക്രമാ-
വനാന്തരത്തിൽപ്രകടിപ്പിരിക്കിലും
അനാമയാംഗൻമതിവിസ്തൃതിക്കിലും
ഘനാന്ധകാരംകൊഴിപ്പിരുള്ളതം! 9

അമലാപമാമുള്ളശിലീമുഖമൊഴുവും
വിമലാലമാംവന്ധകമ്രമരാവാവും
അമലാപ്പൂതപ്പെരുവഴിയുമൊക്കയാൽകണ്ണ-
സമലാപമംകാനനമൈത്രീമണം! 10

നിലച്ചിരാള്ളക്കുന്നാൽകൊണ്ടുകൊ-
ണ്ടുലച്ചുതെൻകൂടവെടിഞ്ഞമൊച്ചകൾ
ചിലപ്പൂതൻപപ്പുകടിപ്പുതന്നലം
മലപ്പുവിഴ്ന്ന ചിലമ്പകമിന്ന 11

ഘനാ സ്വരാവാസമണ്ണഞ്ഞമാം
വനാന്തിലാമൊരിക്കുമണ്ണമയം
ഇനംക്കണ്ണം നാട്ടുപുറത്തു പാട്ടവാർ
നിനപ്പുതൂടന്നമസ്സുതഹാമോ? 12

ഹിരണ്യരപ്പൂണ്ടഭാവഹ്നിനാനയാ-
മരംചിലുന്നാനിഹന്താത്തുതം?
ഹിരണ്യഗർഭാതലവുംചിളക്കി-
മരണ്യമധ്യത്തിലൊഴുനാപനികാം 14

കടക്കണ്ണിൽപ്പാടിമാ് ണ്ണവരുതൽ-
ക്കടങ്ങളുംവന്നുകണ്ണുള്ളഞ്ഞം
കടാന്തുമൻകല്ലിടഭിക്കതാപ്പയാ-
മുടൽവെടിഞ്ഞുമംഗുഹകളായോ? 15

തരത്തിലരാതിപ്പരാമവിസ്ത്രത-
ത്തരംഗണിസപ്പാരണത്തഴെപ്പൂം
വരവിളങ്ങുനകട്ടമകാനനം
മരണാരമസഹ്യവിഹാരിമാമോ? 16

വിനായകാദ്രാലിനിമിനിൽപ്പൂടം
വനാന്തരത്തിൻവിവാസമതിന
അനാദരമൊന്നപാദമിരനാമൻ
മനായഹിപൻകണ്ടശിമപ്പൂളിക്കിനാൻ 16

പറന്നപാദപ്പൂമരിവെപ്പശി-
പ്പൂരന്നുമണ്ണൻപുണ്ഡരീകം
തരത്തിലൂമിപ്പൂക്കടിന്നമാമ-
വരതപരനൃത്തമകമാക്കിമെവിനാൻ 17

ശരിക്കിവണ്ണംവനവാസസന്ധ്യാമ-
ററിമ്പമാത്രിയംശരസമമൻ
തനരിക്കനെക്കമുക്കമാസ്സാമണ്ണമെക
ത്തരിപ്പുകൂട്ടംമടമതിനാക്കിനാൻ. 18

കട്ടങ്കനംവെടിന്താകിനതാകയ-
ന്നൊട്ടുമെയ്യമ്ടിക്കവാട്ടവേളയിൽ
പട്ടപരമ്മമടെന്നതന്നുമാ-
നട്ടുക്കുടിക്കുളികംവെള്ളനിനാൾ 19

[illegible]
[illegible]
[illegible]
[illegible] 20

[illegible]
[illegible]
[illegible]
[illegible] 21

[illegible]
[illegible]
[illegible]
[illegible] 22

[illegible]
[illegible]
[illegible]
[illegible] 23

[illegible]
[illegible]
[illegible]
[illegible] 24

[illegible]
[illegible]
[illegible]
[illegible] 25

[illegible]
[illegible]
[illegible]
[illegible] 26

[illegible]
[illegible]
[illegible]
[illegible] 27

[illegible]
[illegible]
[illegible]
[illegible] 28

[illegible]
[illegible]
[illegible]
[illegible] 29

[illegible]
[illegible]
[illegible]
[illegible] 30

[illegible]

ഹിന്ദുക്കളും

സസ്യശാസ്ത്രം

'ബൊട്ടനി' (Botany) എന്നു ഇംഗ്ലീഷിൽ പറയുന്ന സസ്യശാസ്ത്രം, അല്ലെങ്കിൽ ഉത്ഭിജ്ജശാസ്ത്രം ലിനിയസ്സ് (Linious), ഡിക്കണ്ഡോൾ (Decandol) മുതലായ പാശ്ചാത്യപണ്ഡിതന്മാരാൽ കണ്ടുപിടിക്കപ്പെട്ട ഒരു ശാസ്ത്രമാണെന്നാണല്ലൊ പലരും കരുതിവരുന്നത്. ഈ ധാരണ തെറ്റാണെന്നും, ആ വിശേഷമായ ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കന്മാർ ഹിന്ദുക്കളുടെ സകല ശാസ്ത്രങ്ങളുടെയും പ്രവർത്തകന്മാരായ മഹർഷിമാർ തന്നെയാണെന്നും ഒരു സംസ്കൃതപണ്ഡിതൻ ഇയ്യിടെ

യിൽ പ്രസ്താവിച്ചിരിക്കുന്നു. കാട്ടിൽ കിടന്നു കായ്കനികൾ ഭക്ഷിച്ച് 'ആരണ്യകന്മാർ' എന്നുള്ള പേരോടുകൂടി തീരെ സസ്യഭുക്കുകളായി കാലയാപനം ചെയ്തിരുന്നവരും വിവിധശാസ്ത്ര പ്രവർത്തകന്മാരുമായ മഹർഷിമാർക്ക്, തങ്ങളുടെ ഉപജീവനസാധനമായ സസ്യങ്ങളെപ്പറ്റി ശാസ്ത്രരീതിയിലുള്ള യാതൊരറിവും ഉണ്ടായിരുന്നില്ലെന്നു വിചാരിക്കുന്നതു വളരെ സാഹസവും അസംബന്ധവുമാണെന്നാണ് ആ പണ്ഡിതന്റെ അഭിപ്രായം. സസ്യശാസ്ത്രം പണ്ടുതന്നെ നടപ്പുണ്ടായിരുന്നു എന്നു സമാപിക്കുവാൻ അദ്ദേഹം കാണിച്ചിട്ടുള്ള പ്രമാണങ്ങൾ ഇവയെല്ലാമാണ്:—

ലോകത്തിലുള്ള സകല ജീവികളേയും ജീവജം, അണ്ഡജം, ഉത്ഭിജ്ജം എന്നിങ്ങനെ പ്രധാനമായി മൂന്നു തരമായി ത്തിരിച്ചിട്ടുള്ളത്, 'തേഷാം ഖല്വേഷാം ഭൂതാനാം ത്രീണ്യേവ ബീജാനി ഭവന്ത്യാണ്ഡജം ജീവജമുദ്ഭിജ്ജം' എന്നു ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞിരിക്കുന്നു. അവയിൽ, ഭൂമി പിളർന്നു മുളച്ചുപൊങ്ങുന്നവയാണുദ്ഭിജ്ജങ്ങൾ എന്നു മഹാഭാരതത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നോക്കുക:—

> 'ഭിത്വാ തു പൃഥിവീം ജാതാ
> ന്യാഹുരേതാ കാലപർവ്വണി
> ഉദ്ഭിജ്ജാനി ച ഭൂതാനി
> ദ്വിജാതി [illegible]'

ഈ ഉത്ഭിജ്ജങ്ങളെ വനസ്പതികൾ, ദ്രുമങ്ങൾ, ലതകൾ, ഗുൽമങ്ങൾ എന്നിങ്ങനെ നാലു തരങ്ങളെന്നു സുശ്രുതസംഹിതയിൽ കാണുന്നു:—

> 'താസ്വപി [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]'
> (സു. സൂ. പ. [illegible])

വനസ്പതികൾ, ദ്രുമങ്ങൾ, ലതകൾ എന്ന നാലുതരം വൃക്ഷവർഗ്ഗങ്ങളിൽ ചിലതു ബീജ (വിത്ത്) ത്തിൽനിന്നും, മറ്റു ചിലതു കാണ്ഡ (തണ്ട്) ത്തിൽനിന്നും, വേറെ ചിലതു കന്ദ (കിഴങ്ങ്) ത്തിൽനിന്നും ഉണ്ടാവുന്നവയാണ്. പൂക്കാതെ കായ്ക്കുന്നതരം വനസ്പതികളും, പൂത്തു കായ്ക്കുന്നവ ദ്രുമങ്ങളും, പ്രതാനങ്ങളോടുകൂടിപ്പടരുന്നവ ലതകളും, വളരെ സ്തംബങ്ങളോടുകൂടിയ തരം ഗുൽമങ്ങളുമാകുന്നു. വാസ്തവത്തിൽ വനസ്പതികളും പൂത്തിട്ടുതന്നെയാണ് കായ്ക്കുന്നത് എന്നുമേവണം പറയുവാൻ. പക്ഷേ അത്തി, പേരാൽ മുതലായ വനസ്പതികളുടെ പൂവ് മറ്റു മരങ്ങളുടേതുപോലെ പ്രത്യക്ഷമായിക്കാണാവുന്നതല്ലാതിരിക്കണം അവയെ പൂക്കാതെ കായ്ക്കുന്ന മരങ്ങളുടെ കൂട്ടത്തിൽ കൂട്ടിയത്. അത്തിക്കായ്കളുടേയും പേരാൽക്കായ്കളുടേയും മറ്റും മദ്ധ്യത്തിൽ ശിഖാകാരമായി കാണുന്നത് അവയുടെ പൂവാണ്. അതിൽനിന്നാണ് ബീജങ്ങളുടെ ഉൽപ്പത്തി.

ഉത്ഭിജ്ജങ്ങളും ചേതനയുള്ള ജീവികൾ തന്നെയാണ്. അവ അന്തസ്സംജ്ഞകളാണെന്നും, കർമ്മവശാൽ വന്ന സുഖദുഃഖാനുഭവം അവയ്ക്കുണ്ടെന്നും സാക്ഷാൽ

...ന്ന എന്നു പറഞ്ഞിട്ടുണ്ട്:—

'[illegible]
[illegible]
[illegible]
[illegible]'

എന്നാണ് മഹദ്വചനം.

മനുഷ്യർ മുതലായ ജീവികൾക്കു രോഗാധാനങ്ങളുടെ അസാന്നിദ്ധ്യം നിമിത്തം പല രോഗങ്ങൾ പിടിപെടുന്നതുപോലെ, അതേ കാരണത്താൽ തന്നെ, വൃക്ഷങ്ങൾക്കും രോഗങ്ങളുണ്ടാവുന്നുണ്ട്. അങ്ങിനെ പിടിപെടുന്ന രോഗങ്ങളെ, മനുഷ്യർക്കുണ്ടാവുന്ന രോഗങ്ങളെപ്പോലെ, ചികിത്സിച്ചു മാറ്റുവാനുള്ള ഉപായങ്ങൾ ആയുർവ്വേദവിശാരദന്മാരായ മഹർഷിമാർ അറിഞ്ഞിരുന്നു. വൃക്ഷരോഗനിദാനത്തെപ്പററി ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ഇങ്ങിനെ വാതപിത്തകഫപ്രകൃതികളായ മരങ്ങളുടെ ലക്ഷണവും ദോഷവും രോഗങ്ങളും ചികിത്സകളും വിവരിച്ചിരിക്കുന്നു.

വിത്തു പാകിയാൽ അതു മുളച്ചു വളർന്നു പൂത്തു കായ്ക്കുന്നതുവരെയുള്ള അവസ്ഥാന്തരങ്ങളെപ്പററി ആയുർവ്വേദജ്ഞന്മാരായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ട്ടികൾ വെള്ളം തളി മത്സ്യം മലവും ഉ ഗർഭത്തിലുള്ള കൂട്ടുകളുടെ പചനവും വന്നാൽ, വായുസംയോഗം നിമിത്തം ബീജമായിത്തീരുന്നു. അപ്പോൾ ബീജങ്ങളുടെ ഉൽപാദനമാവുന്നു. അവ്യക്തമായ ആ ബീജത്തിൽനിന്നാണ് വൃക്ഷങ്ങളായ വിത്തുകൾ മുളയ്ക്കുന്നത്. മുളയിൽനിന്ന് ഇല, ഇലയിൽനിന്ന് തണ്ട്, തണ്ടിൽനിന്ന് പൂവ് എന്നിങ്ങിനെ പരമ്പരയായി ഉണ്ടായിത്തീരുന്നു.

ഇങ്ങിനെ ഉദ്ഭിജ്ജങ്ങളുടെ ലക്ഷണം, ജാതി, ഭേദ്, ഉൽപത്തി മുതലായവയെ പ്രാചീനഗ്രന്ഥങ്ങളിൽ പറഞ്ഞുകാണുന്നതുകൊണ്ടു, ഹിന്ദുക്കളുടെ ശാസ്ത്രകാരന്മാർക്ക് ഈ ശാസ്ത്രത്തിൽ മതിയായ ജ്ഞാനമുണ്ടായിരുന്നുവെന്നു ... പണ്ഡിതൻ സ്ഥാപിക്കയും, ആയുർവ്വേദത്തിലെ ദ്രവ്യഗുണവർഗ്ഗത്തിൽ നല്ല പരിചയമുള്ളവർ പ്രാചീനരുടെ സസ്യശാസ്ത്രപാണ്ഡിത്യത്തെപ്പററി വളരെ ബഹുമാനം തോന്നാതിരിക്കയില്ലെന്നഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. കൂടാതെ, പാശ്ചാത്യന്മാരുടെ സസ്യശാസ്ത്രത്തേക്കാൾ നമ്മുടെ സസ്യശാസ്ത്രത്തിനുള്ള ചില വിശേഷങ്ങളെക്കൂടി അദ്ദേഹം എടുത്തു കാട്ടിയിരിക്കുന്നു. അദ്ദേഹം ഇങ്ങിനെ പറയുന്നു:—

"പാശ്ചാത്യസസ്യശാസ്ത്രജ്ഞന്മാർ സസ്യങ്ങളെ മൂലം, കാണ്ഡം, ഇല എ

സ്തിനെ മൂന്നംശങ്ങളു കല്പിച്ചിട്ടുണ്ട്. പൂവ്, കായ്, വിത്തു മുതലായവ ഇലയുടെ പരിണാമമെന്നാണ് അവർ വിചാരിക്കുന്നത്. കാണ്ഡത്തിന്റെ ഉൽപത്തി ഇലയിൽനിന്നാണെന്നല്ലാ അവരുടെ പക്ഷം. മഹർഷിമാരുടെ സിദ്ധാന്തമാകട്ടെ, ഇലയാണ് കാണ്ഡത്തിനു മൂലം എന്നാകുന്നു. ഒരു കാലത്തു പാശ്ചാത്യരും മഹർഷിമാരുടെ മതംതന്നെ അവലംബിച്ചുകൊണ്ടിരുന്നു എന്നു വിചാരിക്കുവാൻ പല യുക്തികളും ഉണ്ട്."

ശ്യാമ.

ഞങ്ങളുടെ വായനശാല

൧. സുശ്രുതസംഹിത—സൂത്രസ്ഥാനവും നിദാനസ്ഥാനവും:— (പരിഭാഷകർ വടക്കെപ്പാട്ടു നാരായണൻ നായരവർകൾ, വടവന്നൂർ— കൊല്ലങ്കോട്.)

ഭാരതരാജ്യത്തിലെ ദേശകാലപ്രകൃതികളനുസരിച്ച് പണ്ടുപണ്ടെ നടപ്പുള്ള ഒരു ചികിത്സാശാസ്ത്രമാണല്ലൊ 'ആയുർവ്വേദം' എന്നു പറയുന്നത്. ഈ വേദത്തിന്റെ വിസ്തൃതങ്ങളായ ശാഖകളിൽ നിലീനമായിരിക്കുന്ന തത്വങ്ങളെ ആശ്രയിച്ചിട്ടാണ് പാശ്ചാത്യപണ്ഡിതന്മാരിൽ പലരും നമ്മുടെ നാട്ടുവൈദ്യസമ്പ്രദായത്തെ അനാദരിക്കുന്നത്. നമ്മളാകട്ടെ, നമ്മുടെ ചികിത്സാശാസ്ത്രം സർവ്വോത്തമമാണെന്നുള്ള ശ്രേഷ്ഠത്വം നിമിത്തം പ്രാചീനവൈദ്യസമ്പ്രദായത്തിലുള്ള അതിസ്സൂക്ഷ്മങ്ങളായ ന്യൂനതകളെപ്പോലും അറിയുന്നില്ലതാനും. ആയുർവ്വേദം തീരെ നിസ്സാരമാണെന്നായ കൂട്ടർ; അതുതന്നെ സർവ്വോത്തമമെന്നു മറ്റൊരു കൂട്ടർ. ഇതിനെ, പരസ്പരവിരോധങ്ങളായ രണ്ടു കൂട്ടരുടെ വർഗ്ഗങ്ങളെ സമരസപ്പെടുത്തുവാനായിട്ടാണ ബുദ്ധിശാലികളായ ചിലർ ശ്രമിക്കുന്നത്. ആയുർവ്വേദം യഥാർത്ഥത്തിൽ ഉത്തമം തന്നെയാകുന്നു, പക്ഷേ കാലപഴക്കത്താൽ ആയുർവ്വേദത്തിനു ചില അംഗവൈകല്യങ്ങൾ വന്നുകൂടീട്ടുണ്ടെന്നും അതു തീർത്തു പരിഷ്കരിക്കണമെങ്കിൽ പാശ്ചാത്യശാസ്ത്ര സഹായത്തോടുകൂടി ചില ആധുനികോപായങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു എന്നും ആണവരുടെ പക്ഷം. ഈ അഭിപ്രായക്കാരുടെ ഉദ്ദേശം സഫലമെങ്കിലും പ്രവൃത്തിയിൽ പരിണമിപ്പിക്കണമെങ്കിൽ ആയുർവ്വേദത്തിന്റെ ഇപ്പോഴുള്ള സ്ഥിതി എങ്ങിനെയാണെന്നറിയുകയാണ് ഒന്നാമതായി വേണ്ടത്. അതറിയണമെങ്കിൽ ആയുർവ്വേദം എന്നുവെച്ചാൽ 'അഷ്ടാംഗഹൃദയം' മാത്രമാണെന്നുള്ള മൂഢവിശ്വാസം വിട്ട്, ആ ശാസ്ത്രത്തിലുള്ള പ്രധാനഗ്രന്ഥങ്ങളെക്കൂടിയും വൈദ്യന്മാരുടെയും വൈദ്യവിദ്യാർത്ഥികളുടെയും പരിശീലനത്തിനു വിഷയീഭവിക്കുന്ന ഒരു കാലം വരണം. ആ കാലത്തിന്റെ ആവിർഭാവം, നമ്മുടെ നാട്ടിലുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളെ പൊതുജനോപകാരപ്രദമായ വിധത്തിൽ പ്രസിദ്ധപ്പെടുത്തുക എന്ന മഹാകാര്യ പ്രവൃത്തിയെ അപേക്ഷിച്ചാണിരിക്കുന്നത്. ഈ

സ്ഥിതിക്ക്, ആയുർവ്വേദശാസ്ത്രത്തിലെ അതിപ്രധാന ഗ്രന്ഥമായ സുശ്രുതസംഹിതയെ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ പുറപ്പെട്ട വൈദ്യൻ നാരായണൻ നായരവർകളെ ഞങ്ങൾ ഹൃദ്യമായി അഭിനന്ദിച്ചുകൊള്ളുന്നു.

ഞങ്ങളുടെ മുമ്പിലിരിക്കുന്ന സൂത്രസ്ഥാനം, നിദാനസ്ഥാനം എന്ന രണ്ടു ഭാഗങ്ങളും പരിശോധിച്ചുനോക്കിയതിൽ ഞങ്ങൾക്കുണ്ടായിട്ടുള്ളത് എത്രയും വലുതായ സദഭിപ്രായമാണ്. മൂലം ശ്ലോകം, പരിഭാഷ, അന്വയം ടിപ്പണി എന്നീ ക്രമത്തിലാണ് ഈ പുസ്തകങ്ങൾ സംഗ്രഹിച്ചിട്ടുള്ളത്. മൂലവാക്യത്തിന്റെ പദത്തിനു പദമായി പരിഭാഷപ്പെടുത്തുകയല്ല, പിന്നെയോ കഴിയുന്നത്ര സുഗമമായ ഒരു രീതിയിൽ തർജ്ജമചെയ്യുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. ഈ സമ്പ്രദായം അഭിനന്ദനീയമാണെന്നുള്ളതിനു സംശയമില്ല. വിഷയഗൌരവത്താൽ കഠിനമായി തോന്നുന്ന ഭാഗങ്ങളെ വിശദീകരിക്കുവാൻ ടിപ്പണി വളരെ ഉപയോഗപ്പെടുന്നുണ്ട്. ചില ഭാഗങ്ങളിൽ സുശ്രുതാചാര്യരുടെ മതത്തോട് ഇതരാചാര്യന്മാരുടെ മതത്തെ താരതമ്യപ്പെടുത്തിയും ഇംഗ്ലീഷ് ശാസ്ത്രങ്ങളോടൊത്തുനോക്കി ഗുണദോഷങ്ങളെ നിരൂപണം ചെയ്തും പരിഭാഷകൻ എഴുതിച്ചേർത്തിട്ടുള്ള വിശേഷങ്ങൾ ഈ പുസ്തകത്തിനു സൽഭൂഷണമായിട്ടുണ്ട്.

സുശ്രുതാചാര്യരുടെ സംഹിതയിൽ അധികം കേമമായിട്ടുള്ളതു ശാരീരസ്ഥാനമാണെന്നു കേട്ടിട്ടുണ്ട്. ആ ഭാഗവും താമസിയാതെ ഈ പരിഭാഷകൻ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്നതായി അറിയുന്നു. പൊതുജനങ്ങളുടെ സഹായം മതിയാംവണ്ണം ഉണ്ടാവുന്ന പക്ഷം സുശ്രുതസംഹിത മുഴുവനും ഉടനെ മലയാളത്തിൽ പരക്കാനിടയുണ്ട്. അതുകൊണ്ട് അടുത്തകാലത്തു കേരളഭാഷയ്ക്കുണ്ടായ ഈ സമ്പാദ്യത്തെ അനുഭവിക്കേണ്ടവരായ കേരളീയർ ഇതിനു കാരണഭൂതനായ നാരായണൻനായരവർകളെ ഉള്ളഴിഞ്ഞു സഹായിക്കുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. സൂത്രസ്ഥാനത്തിനു 4½ കയും നിദാനസ്ഥാനത്തിനു 1½ കയുമാണു വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, ഈ പുസ്തകം കഴിയുന്നത്ര സുലഭമാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ മേലിൽ സൂത്രസ്ഥാനം 3 കയും നിദാനസ്ഥാനം 1 കയും കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതായി പരിഭാഷകൻ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

2. മലയാളത്തിലെ പെരുമാക്കന്മാർ നസ്രാണിമാപ്പിളമാർക്കും യൂദന്മാർക്കും കൊടുത്ത ചെപ്പേടുകളുടെ വിവരം — (സക്കറിയ കത്തനാർ, എഴുതിയത്, വില 8 ണ.)

പ്രാചീനരേഖകൾ കണ്ടുപിടിച്ചു പരിശോധിച്ചല്ലാതെ യഥാർത്ഥമായ ചരിത്രം എഴുതുവാൻ സാധിക്കയില്ല. ഈ സ്ഥിതിക്കു, പെരുമാക്കന്മാർ കൊടുത്തവയായ ചില ചെപ്പേടുകളെ അർത്ഥത്തോടുകൂടി വിവരിക്കുന്നതായ പ്രസ്തുത പുസ്തകം എത്രയും ആവശ്യകമാണെന്നു നിസ്സംശയം പറയാം. ചെപ്പേടുകൾക്കു പുറമെ, കൊല്ലവർഷം 992 മേടം 12-ാനു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിൽനിന്നു മെക്കാളി മുതലായ ചില പള്ളികളെസ്സംബന്ധിച്ച പുറപ്പെടുവിച്ച ഒരു തീട്ടൂരവും ഈ ചെറുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

ഇം. ക.

ജ്വാലാവതീരാമകുമാരം *

കഥാപാത്രങ്ങൾ

രാമകുമാരൻ—മനാഗ്ഗുപ്പുള്ളയുടെ പുത്രൻ.
ജ്വാലാവതി—കപിലത്തുപ്പുള്ളയുടെ പുത്രി.
കപിലത്തൻ—കപിലത്തുപ്പുള്ള.
മനാഗ്ഗു—മനാഗ്ഗുപ്പുള്ള.
പാരമൻ—യശസ്സുലന്റെ ഒരു ചാർച്ചക്കാരൻ.
യശസ്സുലൻ—വാരണാപുരിരാജാവ്.
ഉൽകശൻ—രാമകുമാരന്റെ സ്നേഹിതൻ (യശസ്സുലന്റെ ചാർച്ചക്കാരൻ)
വനബലൻ—രാമകുമാരന്റെ സ്നേഹിതൻ (മനാഗ്ഗുപ്പുള്ളയുടെ മരുമകൻ)
[illegible]—കപിലത്തന്റെ ഭാര്യയുടെ മരുമകൻ.
ലക്ഷ്മണശയതി—ഒരു സന്യാസി.
വത്സസാരൻ—രാമകുമാരന്റെ ഭൃത്യൻ.
ശമസേനൻ, ഗർജ്ജമാനൻ, [illegible} —കപിലത്തുപ്പുള്ളയുടെ ഭൃത്യർ
അഭിരാമൻ—മനാഗ്ഗുപ്പുള്ളയുടെ ഭൃത്യൻ.
കപിലത്തന്റെ ഭാര്യ.
മനാഗ്ഗുപ്പുള്ളയുടെ ഭാര്യ.
[illegible].

ഭാരതി

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

ഒന്നാംഭാഗം ഒന്നാമങ്കം

(വാരണാപുരത്തിലെ ഒരു പെരുവഴി/സ്ഥലം)

ശമസേനനും ഗർജ്ജമാനനും വാളും പരിചയും ധരിച്ചുകൊണ്ടു പ്രവേശിക്കുന്നു:—

ശമ—ഗർജ്ജമാനാ! എന്റെ വാക്കാണ്, സത്യം; ഈ ധിക്കാരം ഇനി സഹിച്ചിരിക്കരുത്.

ഗർജ്ജ—തീർച്ച തന്നെ. അങ്ങിനെ ഇരുന്നാൽ നാം 'ധിക്കാരസഹന്മാരാ'യിതീരും.

ശമ—എന്നാൽ, ഞാൻ പറയുന്നതിന്റെ

* ഇതു 'റോമിയോ & ജൂലിയറ്റ്' (Romio & Juliet) എന്ന ഷേക്സ്പിയർ മഹാകവിയുടെ ഒരു നാടകത്തിന്റെ തർജ്ജമയാണ്. [illegible]

സാരം 'അരിശം' വന്നാൽ 'അരി' ഉരക്കണമെന്നാണ്.

ഗ്രെ—'അരി' തിന്നുന്നവരെ അരിശം ഇല്ലാതിരിക്കയാണ് നല്ലത്.

ശംസ—ശുണ്ഠി വന്നാൽ ഞാൻ നല്ലോണം പ്രഹരിക്കും.

ഗ്രെ—'നല്ലോണ'ത്തിനു 'ശുണ്ഠി'ക്കാണ്ടാവണ്ടേ.

ശംസ—മൊണ്ടേഗ്യുവീട്ടുകാരായ ആ നായ്ക്കളുടെ കാഴ്ചയിൽ എനിക്ക് ഒരു കലി കയറുന്നു. വേഗം ശുണ്ഠിയും ഇളകുന്നു.

ഗ്രെ—'ഇളകൽ' എന്നതിന്നർത്ഥം 'ചലനം' എന്ന്. അതിന്റെ സാരം 'ഓട്ടം' എന്നു. ധൈര്യം എന്നതു സ്വസ്ഥമായി നില്ക്കുക— ആകയാൽ നീ അവരെ കണ്ടാൽ ഓടിപ്പോകുമെന്നർത്ഥം.

ശംസ—അവരെക്കണ്ടാൽ ധൈര്യപ്പെട്ടു സ്വസ്ഥമായി നില്ക്കുന്നതാണ് എനിക്കിഷ്ടം. ആ കൂട്ടരിൽ ഏതു പുരുഷന്റെയും സ്ത്രീയുടെയും ചുമര് ഞാൻ തട്ടും.

ഗ്രെ—എന്നാൽ നീ കേവലം ദുർബ്ബലൻതന്നെ. 'ചുമര് ദുർബ്ബലന്നു ആലംബനം' എന്നു കേട്ടിട്ടില്ലേ?

ശംസ—ശരി, അതുകൊണ്ടു സ്ത്രീകൾ അബലകളായതുകൊണ്ടു സദാ ചുമര് ചാരേണ്ടിവരുന്നു. ഇതുകൊണ്ടു മൊണ്ടേഗ്യുവീട്ടിലെ പുരുഷന്മാരെയെല്ലാം ചുമരിൽനിന്നും യുവതികളെ എല്ലാം ചുമരിലേക്കും തള്ളിവിടാം.

ഗ്രെ—ശണ്ഠയുള്ളതു ആ വീട്ടിലെയും നമ്മുടെ യജമാനന്റെ വീട്ടിലെയും പുരുഷന്മാർ തമ്മിലല്ലേ?

ശംസ—അതെല്ലാം ഒന്നുതന്നെ. ഞാൻ അവരോടൊക്കെ കേവലം കഠോരനായിത്തന്നെ പ്രവർത്തിക്കും. പുരുഷന്മാരോടു കലഹിച്ചതിന്നുശേഷം, യുവതികളോടു ക്രൂരത്വം പ്രവർത്തിച്ച് അവരുടെ ശിരഃച്ഛേദം ചെയ്യും.

ഗ്രെ—യുവതികളുടെ ശിരഃച്ഛേദമോ?

ശംസ—യുവതികളുടെ ശിരഃച്ഛേദമോ, യുവതിത്വച്ഛേദമോ രണ്ടാലൊന്ന്. ഇതിന്നർത്ഥം നീ എന്തെങ്കിലും അർത്ഥം വെച്ചോളൂ.

ഗ്രെ—ഏതർത്ഥമാണ് എടുക്കേണ്ടതെന്ന് അവർക്ക് അനുഭവിക്കുമ്പോൾ അറിയാറാകും.

ശംസ—എന്നെ തൊട്ടാൽ അവർക്ക് വേണ്ടുവോളം മനസ്സിലാകും. എന്റെ ശരീരം ഒരു നല്ല മാംസഖണ്ഡമാണെന്ന് അറിയാം.

ഗ്രെ—നീ ഒരു മത്സ്യമാവാഞ്ഞതു നന്നായി. ആയിരുന്നുവെങ്കിൽ ഉണക്കമത്സ്യമായേനെ. ഹൊയ്! മൊണ്ടേഗ്യുവീട്ടുകാർ രണ്ടാൾ ഇതാ വരുന്നു. വാൾ ഊരിപ്പിടി.

ശംസ—എന്റെ വാൾ ഊരിയിരിക്കുന്നുണ്ട്. നീ വല്ലവിധവും കലശൽ ഉണ്ടാക്കിക്കോ. ഞാൻ നിന്നെ പിൻതാങ്ങിക്കൊള്ളാം.

ഗ്രെ—പിന്നോട്ടു തിരിഞ്ഞ് ഓടാമെന്നോ?

ശംസ—എന്നെ പേടിക്കേണ്ട.

ഗ്രെ—നിന്നെ പേടിച്ചിട്ടുതന്നെയാണ് എനിക്ക് പേടി.

ശംസ—നമുക്ക് പ്രതിവാദികളായി നില്ക്കാം. അവർ തുടങ്ങട്ടെ.

ഗ്രെ—ഞാൻ അവരുടെ അടുത്തുകൂടെ പോന്നു മുഖംചുളിച്ചുകൊട്ടാം. അവർ അതു കണ്ടു ഇഷ്ടംപോലെ ചെയ്യട്ടെ.

ശംസ—അവർക്ക് ധൈര്യമുണ്ടെങ്കിൽ ചെയ്യട്ടെ. ഞാൻ അവരുടെ മുഖത്തു നോക്കി

ട്ടാം'. അള്ള സഹിക്കുന്നപക്ഷം പിന്നെ എന്തിനാണവർ?

(അബ്രാഹാമും ബൽത്തസാറും പ്രവേശിക്കുന്നു)

അബ്ര—താൻ ഞങ്ങളുടെ നേരെയാണോ ഈ ഗോഷ്ടികാട്ടിയത്?

ശംസ—ഞാൻ എന്റെ പെരുവിരൽ കടിക്കയാണ്.

അബ്ര—അല്ല ഞങ്ങളുടെ നേരെയാണോ?

ശംസ—(ഗ്രിഗറിയോടു പതുക്കെ) അതെ എന്നു പറഞ്ഞാൽ നിയമത്തിനൊത്തു തന്നെയോ?

ഗ്രി—(ശംസനോടു സ്വകാര്യം) ഇല്ല.

ശംസ—ഞാൻ നിങ്ങളുടെ നേരെയല്ല കാണിച്ചത്. വെറുതെ പെരുവിരൽ കടിച്ചു എന്നേയുള്ളൂ.

ഗ്രി—നീ ശണ്ഠയ്ക്കു ഒരുങ്ങിയാണോ പുറപ്പാട്?

അബ്ര—ശണ്ഠയ്ക്കോ? ഏയ് അല്ല.

ശംസ—ശണ്ഠയ്ക്കാണെങ്കിൽ ഞാനും നിന്നെപ്പോലെ യോഗ്യനായ ഒരു യജമാനന്റെ ഭൃത്യനാണ്.

അബ്ര—നിന്റെ യജമാനൻ അധികം യോഗ്യനല്ല.

ഗ്രി—(ശംസനോടു സ്വകാര്യം) അധികം യോഗ്യനാണെന്നു പറയൂ. നമ്മുടെ യജമാനന്റെ ഒരു ബന്ധു ഇതാ വരുന്നു.

ശംസ—എന്റെ യജമാനൻ നിന്റെ യജമാനനെക്കാളും യോഗ്യനാണ്.

അബ്ര—നീ കള്ളം പറയുകയാണെടോ.

ശംസ—ആണാണെങ്കിൽ വാൾ ഊരി വാ! എടോ ഗ്രിഗറീ, വെട്ടെന്നു കൂടി കെട്ട് എന്ന മാതിരി വെട്ട്.

(അവർ പൊരുതുന്നു)

(ബൻവോലിയൻ പ്രവേശിക്കുന്നു.)

ബൻ—ബുദ്ധിഹീനരായ അസത്തുക്കളേ! വാൾ വെക്ക്. എന്താ നിങ്ങൾ കാട്ടുന്നത് എന്നു നിങ്ങൾക്കറിഞ്ഞുകൂടാ.

(ടിബാൾഡ്യൻ പ്രവേശിക്കുന്നു)

ടിബാ—ഓഹോ. നിയ്യുമുണ്ടോ ബൻവോലി, ഈ ഭൃത്യന്മാരുടെ കൂട്ടത്തിൽ. ഇങ്ങോട്ടു വാ, ചാവാൻ ഒരുങ്ങിക്കോ.

ബൻ—ഞാൻ സമാധാനം ചെയ്യാൻ വന്നതാണ്. വാൾ താഴ്ത്തൂ! ഇല്ലാത്തപക്ഷം ഇവരെ വേർപെടുത്താൻ എന്നെ സഹായിക്ക്.

ടിബാ—നിന്റെ വാൾ ഊരിപ്പിടിച്ചോണ്ടോ സമാധാനം പറയുന്നത്. സമാധാനം എന്ന ആ വാക്കിനേയും, മൊണ്ടേഗ്യുവിനേയും, നിന്നേയും, നരകത്തെയും ഞാൻ ഒരുപോലെ വെറുക്കുന്നു. പേടി? ചങ്ങാതി, ഇതാ തടുത്തോ.

(ഇരുവരും പൊരുതുന്നു)

(രണ്ടുകൂട്ടരുടെയും ബന്ധുക്കാർ വന്നു ചേർന്നു പ്രവേശിച്ചു ലഹളയിൽ കൂടുന്നു. ഗദാപാണികളായ പൌരന്മാരും അനവധി വന്നു കൂടുന്നു.)

ഒരു പൌരൻ—(കാവലരോട്) ഈ രണ്ടു കൂട്ടരെയും അടിച്ചോടിക്കുക. ഈ രണ്ടു വർഗ്ഗക്കാരായ ശത്രുക്കളും നശിക്കട്ടെ.

(കപ്പുലെത്തപ്രഭുവും ഭാര്യയും പ്രവേശിക്കുന്നു)

കപ്പു—ഇതെന്തു ലഹളയാണ് എന്തൊരു കോലാഹലമാണ്. ആയുധമെവിടെ? എടാ എന്റെ ആ വലിയ വാൾ എടുത്തു കൊണ്ടുവാ.

ഭാര്യ—എന്തിനാ വാളിനെ വിളിക്കുന്നത്. ഒരു തൊടി താങ്ങിയല്ലേ വേണ്ടത്.

കപ്പു—എന്റെ വാൾ കൊണ്ടുവാ—കണ്ടില്ലേ ആയാൾ? ആയുധമെവിടെ—ഇതാ ആ ക

സ്വർണ്ണപ്രഭയായ കിരവച്ചാർ എന്നെ നേരെ വാടാ ഉരിപ്പിടിച്ചു വരുന്നു.

(സ്വർണ്ണപ്രഭയും ഭാർഗ്ഗവും പ്രവേശിക്കുന്നു)

സ്വർണ്ണപ്ര — എന്താ കപിലതാ-കപടനാടകം- ഇളിച്ചുവോ!

(ഭാർഗ്ഗവനോട) എന്റെ കൈ പിടിച്ചു അപമാനം ചെയ്തു. ഞാൻ പോയി അവന്റെ പെങ്ങ്ളെ കൊണ്ടുവരട്ടെ.

സ്വ-ഭാർഗ്ഗ — ശത്രുവിനെ അടക്കാൻ ചെന്നു തൊടുവാൻ ഒരു പാദം ഇളകുവാൻ പാടില്ല.

(യശസ്സുവർമ്മാവും മന്ത്രിയും പ്രവേശിക്കുന്നു)

യശസ്സു — രാജ്യത്തിൽ ആ സകലം സമാധാനപരമായ വരുത്തി അവരിൽ ആയുധപാണികളായി നടന്നു കലഹിച്ചു ലഹള നടത്തി രാജദ്രോഹം ചെയ്യുന്ന കള്ളന്മാരെ! എന്ത്! ഇവരാരു നമ്മുടെ വാക്ക കേൾക്കുന്നില്ല. എന്താ! പുരാതനമായ കീർത്തിയുള്ള നാട്ടിലെ! കാലാകാലമായി നിലനിന്നു വർഗ്ഗക്കാരും തമ്മിലുള്ള പുരാതന വൈരം നിമിത്തം ഒരു വർഗ്ഗക്കാരും വല്ല ഇല്ല സംഗതികൊണ്ടും അപ്പോൾ ഉജ്ജ്വലിക്കുന്ന കോപാഗ്നിയെ മറ്റൊരു വർഗ്ഗക്കാരുടെ ശരീരത്തിൽ നിന്നു ഒഴുകുന്ന രക്തധാര കൊണ്ടു തർപ്പണം ചെയ്തു ശമിപ്പിച്ചുവരുന്ന വിവരം നാം അറിഞ്ഞിരിക്കുന്നു. അതിനാൽ നാം ഇപ്പോൾ കല്പിക്കുന്നതെന്തെന്നാൽ, നമ്മുടെ കഠിനമായ ശിക്ഷയിൽ നിന്നു നിങ്ങൾ രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്ന പക്ഷം അധികാരമില്ലാതെയും അനാവശ്യമായും നിങ്ങൾ ധരിക്കുന്ന ഈ ആയുധങ്ങളും താഴെ വെച്ചു നമ്മുടെ താഴെ പറയും പ്രകാരമുള്ള ശാസനകളെ കേൾക്കണം.

നിസ്സാരമായുള്ളവാക്കിനാലെ
മാത്സര്യം പൂണ്ടുതമ്മിൽ
ഉൽക്കടമായീടുന്നു ലഹളകളിപ്പോൾ
സൽകൃതയാം നഗരിതന്നിലേയും
ശാന്തിപ്രിയരായ വാസികളായും
സ്വപ്നതുല്യമാം ഐശ്വര്യമാഹാത്മ്യം
ശാന്തസംസ്കൃതരായോരെ വെടിഞ്ഞു
സന്ധിപ്രവൃത്തിക്കുതിർന്നിടുന്നു.
ഇനിയൊരിക്കൽ ഇത്തരം ലഹളക്കിറങ്ങി
ഇന്നീ ഭൂമിയിൽ മനസ്സമാധാനം
കന്നിഷ്ഠമായിവെച്ചാലുമാത്ര
വിധിച്ചിടും ശിക്ഷയെന്നറിഞ്ഞുകൊൾവിൻ.

ഈ അവസരത്തിൽ എല്ലാവരും പൊയ്ക്കൊള്ളുവാൻ നാം സമ്മതിച്ചിരിക്കുന്നു. കപിലതൻ നമ്മുടെ കൂടെത്തന്നെ വരണം. സ്വർണ്ണ ഇന്ന് ഉച്ചതിരിഞ്ഞതിന്റെ ശേഷം നമ്മുടെ നീതിസിംഹാസനത്താൽ അലങ്കരിക്കപ്പെട്ട പുരാണമണ്ഡപത്തിൽ വരട്ടെ. അവിടെ വെച്ച് ഈ കാര്യത്തിൽ നമുക്ക് ഇനിയും യുക്തമായുള്ളതെന്തെല്ലാം കൊടുക്കുന്നതാകുന്നു. എല്ലാവരും നമ്മുടെ ശാസനപ്രകാരം ഉടനെ പിരിഞ്ഞുപോകേണ്ടതാണെന്ന് നാം വീണ്ടും കല്പിക്കുന്നു.

(സ്വർണ്ണവും ഭാർഗ്ഗവും വനപാലനും ഒഴികെ എല്ലാവരും പോകുന്നു.)

സ്വർണ്ണ — (വനപാലനോട) അടക്കിയിരുന്ന ഈ പ്രാചീനകലഹത്തെ ആരാണ് വീണ്ടും ഉദ്ദീപിപ്പിച്ചത്? വത്സ ഭാഗിനേയ! പറയൂ. ലഹള ആരംഭിച്ചപ്പോൾ നീ ഇവിടെ ഉണ്ടായിരുന്നുവോ?

ടി. വി. അനന്തൻപിള്ള, ബി. എ. ബി. എൽ.

(തുടരും)

മംഗളോദയം

൧൦൯൬

പുസ്തകം ൯	ചിങ്ങം	ലക്കം ൧

മംഗളം

വേദം നാലും പ്രകൃഷ്ട മുനിവരന്മാരിനാൽ മുമ്പിലത്തേതിലേകം.
ഖേദം കൈവന്നു, പരക്കെ പുനരപി ഗഹനം പണ്ഡിതന്മാർക്കുപോലും,
ബോധം കൂടാതതിന്നുള്ളൊരു പൊരുൾ വെളിവാക്കിയതിൽ നാം കടക്കാരായി.
ക്ഷേമം തീർന്നരുളിച്ചീടുക നിരുപമമാം സായണാചാര്യപുണ്യം.

സായണാചാര്യർ.



വേദങ്ങളുടെ വ്യാഖ്യാതാവ് എന്ന നിലയിൽ വൈദികസാഹിത്യവേദികളുടെ ഇടയിൽ അനന്യസാധാരണമായ യശസ്സു സമ്പാദിച്ച സായണാചാര്യരുടെ നാമധേയം പലർക്കും പരിചിതമായിരിക്കും. പക്ഷേ, ആ മഹാത്മാവിന്റെ കാലം, ദേശം, കുടുംബം, ജീവചരിത്രം മുതലായവ അധികംപേരും അറിഞ്ഞിരിക്കാനവകാശമില്ല. ചരിത്രവിഷയങ്ങളിൽ വിമുഖന്മാരെന്നു പ്രാചീനഭാരതീയരെപ്പററി പറയാറുള്ള അപഖ്യാതി സായണാചാര്യരെ സംബന്ധിച്ചേടത്തോളം വളരെ ശരിയാണെന്നു സമ്മതിക്കാതെ വയ്യ. ഇദ്ദേഹത്തിന്റെ ജീവചരിത്രവിഷയത്തിൽ അറിയേണ്ടവയായ പല സംഗതികളും പഴയ ഗ്രന്ഥങ്ങളിൽത്തന്നെ പറഞ്ഞുകാണുന്നുണ്ട്. പക്ഷേ, പല ഗ്രന്ഥങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന ആവക സംഗതികളെ തിരഞ്ഞുപിടിച്ചു ചരിത്രരീതിയിൽ ഒരു ഉപന്യാസം സമ്പാദിക്കുന്നത് അസാദ്ധ്യമല്ലെങ്കിലും ക്ലേശസാദ്ധ്യമാണ്. അതുകൊണ്ട്, അവയെ ക്രോഡീകരിച്ചു് കേരളീയരെ മുമ്പാകെ സമർപ്പിക്കുവാൻ

ചെയ്യുന്ന ക്രമം അനുഷ്ഠാനത്തിലായി പരിണമിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഒന്നിന്നാംശതകത്തിൽ തുംഗഭദ്രാനദിയുടെ തീരത്തിലുള്ള പമ്പാനഗരിയിലാണു് സായണാചാൎയ്യരുടെ ജനനം. വൈദികശാസ്ത്രങ്ങളിലും വലിയ ധൎമ്മിഷ്ഠനുമായിരുന്ന മായണാചാൎയ്യരാണ് ഇദ്ദേഹത്തിന്റെ അച്ഛൻ. അമ്മയുടെ നാമധേയം ശ്രീമതി എന്നാകുന്നു. മഹാവിദ്വാനും പൂൎണ്ണവാനുമായ മാധവാചാൎയ്യർ ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനാണ്. പുണ്യതീൎത്ഥസ്നാനത്തിൽ സദാ തല്പരനായി ഭോഗനാഥൻ എന്നൊരനുജനും ഇദ്ദേഹത്തിനുണ്ടായിരുന്നു. യജുൎവ്വേദിയും ബൌധായനസൂത്രക്കാരനും ആയ ഈ മഹാത്മാവിന്റെ ഗോത്രം ഭാരദ്വാജഗോത്രമായിരുന്നു. ഇതെല്ലാം സംഗതികൾ മാധവാചാൎയ്യനിൎമ്മിതമായ പരാശരസ്മൃതിവ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്:—

"ശ്രീമതീ ജനനീ യസ്യ സുകീൎത്തിൎമ്മായണഃ പിതാ
സായണോ ഭോഗനാഥശ്ച മനോബുദ്ധീ സഹോദരൌ
(ഇതി)
യസ്യ ബൌധായനം സൂത്രം ശാഖാ യസ്യ ച യാജുഷീ
ഭാരദ്വാജം കുലം യസ്യ സൎവ്വജ്ഞഃ സ ഹി മാധവഃ."

മാധവൻ, സായണൻ, ഭോഗനാഥൻ എന്ന മൂന്നു സഹോദരന്മാരുടെയും മദ്ധ്യനായ സായണാചാൎയ്യർ വിജയനഗരരാജാവായ സംഗമേന്ദ്രന്റെ മന്ത്രിയായിരുന്നു. അതുകൊണ്ടു് അവൎക്കു് ഏറ്റവും നിഷ്കൎഷയോടുകൂടി വിദ്യാഭ്യാസം ചെയ്വാൻ സംഗതിവന്നു. മായണന്റെ മരണശേഷം ക്രമപ്രാപ്തമായ മന്ത്രിസ്ഥാനം മാധവനാണു് സിദ്ധിച്ചതു്. രാജാവായ സംഗമേന്ദ്രന്നു് അഞ്ചു മക്കൾ ഉണ്ടായിരുന്നു. അവരിൽവെച്ചു ബുക്കൻ, ഹരിഹരൻ എന്ന രണ്ടുപേർ അധികം ബുദ്ധിമാന്മാരായിരുന്നു. അവർ മാധവാചാൎയ്യരുടെ പേരിൽ അളവറ്റ ബഹുമാനവും വിശ്വാസവും ഉള്ളവരായി.

മന്ത്രതന്ത്രനിപുണനായ മാധവാചാൎയ്യർ മന്ത്രിയുടെ നിലയിൽ സാക്ഷാൽ ചാണക്യനെപ്പോലെ പ്രസിദ്ധനായിത്തീൎന്നു. ക്രിസ്ത്വാബ്ദം 1336-ൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ 'വിജയനഗരം' എന്ന പ്രസിദ്ധമായ നഗരത്തിന്റെ നിൎമ്മാണം ആരംഭിച്ചു. ആ നഗരത്തിൽ മുൻപറഞ്ഞ ബുക്കൻ, ഹരിഹരൻ എന്നീ രാജകുമാരന്മാർ രാജാക്കന്മാരായി വാണു. അവരുടെ കാലത്തു്, വിജയനഗരരാജ്യം പൂൎവ്വാധികം വിസ്തരപ്പെടുകയും അസാധാരണമായ ഐശ്വൎയ്യത്തിലെത്തുകയും ചെയ്തു.

ബുക്കൻ എന്ന രാജാവു് വലിയ വിദ്യാശാലിയാകയാൽ 'വീരബുക്കമഹാരാജൻ' എന്ന പ്രസിദ്ധി സമ്പാദിച്ചു. അദ്ദേഹം ഒരു കൎമ്മയോഗി ആയിരുന്നു. ഐശ്വൎയ്യവും ആധിപത്യവും ക്ഷണഭംഗുരമാണെന്നുള്ള യഥാൎത്ഥജ്ഞാനം ഉണ്ടാകയാൽ, രാജ്യഭാരമാകട്ടെ രാജ്യാസക്തിയാകട്ടെ അദ്ദേഹത്തെ ബാധിച്ചില്ല. വിദ്യാവൈഭവം പ്രകടിപ്പിക്കുന്നതിനു പകരം യഥാൎത്ഥമായ ജ്ഞാനത്തിനുപയോഗപ്പെടുന്ന എന്തെങ്കിലും ഒരു വലിയ കാൎയ്യം താനായിട്ടു ചെയ്യേണമെന്നുള്ള മോഹമാണു് അദ്ദേഹത്തിനുണ്ടായതു്. അതിനായ്, മഹാരാജാവു മഹാപണ്ഡിതനായ തന്റെ മന്ത്രി മാധവാചാൎയ്യരോടു് ചതുൎവ്വേദങ്ങൾക്കും ഭാഷ്യമുണ്ടാക്കേണമെന്നു് ആജ്ഞാപിച്ചു. മാധവാചാൎയ്യരാകട്ടെ, ഒരു ഭാഷ്യകാരൻ എന്നുള്ള സ്ഥാനത്തെക്കാളധികം തന്നിക്കു മാനമായിട്ടു്

ത് അപ്പന്റെ വഴിക്കു സിദ്ധിച്ചിട്ടുള്ള മന്ത്രിസ്ഥാനമാണെന്നുള്ള വിചാരത്താലോ എന്തോ, മഹാരാജാവിന്റെ കല്പന നടത്തുന്നതിനു തന്റെ അനുജനായ സായണനെ ഏല്പിക്കയാണ്' നൃപതൊനാലഭിപ്രായപ്പെടുകയാണുണ്ടായത്. ഇതുപ്രകാരം മഹാരാജാവ് സായണാചാര്യരുടെ അടുക്കൽ ചെന്ന് വേദഭാഷ്യനിർമ്മാണത്തിന്നായി ആവശ്യപ്പെട്ടു. ഈ സംഗതി സായണാചാര്യവിരചിതമായ ഋഗ്ഭാഷ്യത്തിന്റെ ആരംഭത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. നോക്കുക:—

'സ പ്രാഹ നൃപതിം രാജൻ സായണാര്യോ മമാനുജഃ
സർവ്വം വേത്ത്യേഷ വേദാനാം വ്യാഖ്യാതൃത്വേ നിയുജ്യതാം
(ഋ. ഭാ.)
ഇത്യുക്തോ മാധവാര്യേണ വീരബുക്കമഹീപതിഃ
അന്വശാത് സായണാചാര്യം വേദാർത്ഥസ്യ പ്രകാശനേ'

ഈ കല്പനപ്രകാരം സായണാചാര്യർ നാലു വേദങ്ങൾക്കും ഭാഷ്യം നിർമ്മിച്ചു. താൻ യജുർവ്വേദിയാകയാൽ ആദ്യം നിർമ്മിച്ചതു യജുർവ്വേദഭാഷ്യമാകുന്നു. സായണന്റെ യജുർഭാഷ്യം ഇപ്പോൾ കണ്ടുകിട്ടുന്നില്ല. അതുകൊണ്ടും, ഭോജരാജാവിന്റെ സദസ്യനായിരുന്ന ഉവ്വടാചാര്യർ മുമ്പുതന്നെ ഉണ്ടാക്കീട്ടുള്ള യജുർവ്വേദഭാഷ്യം സുലഭമാകകൊണ്ടും, സായണൻ യജുർവ്വേദത്തിന്നു ഭാഷ്യം നിർമ്മിച്ചിട്ടില്ലെന്നും ആ പണി മറ്റൊരാൾ (ഉവ്വടാചാര്യർ) ചെയ്തിട്ടുള്ളതുകൊണ്ടു സായണൻ അതു വിട്ടുകളഞ്ഞതാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം സ്വീകാര്യമല്ല. യജുർവ്വേദിയായ സായണാചാര്യർ മറ്റെല്ലാ വേദങ്ങൾക്കും ഭാഷ്യങ്ങൾ നിർമ്മിക്കുകയും തന്റെ വേദത്തിനെ മാത്രം വ്യാഖ്യാനിക്കാതെ വിട്ടുകളകയും ചെയ്തു എന്നു വരുവാൻ യുക്തിയില്ല. പോരെങ്കിൽ, യജുർവ്വേദവ്യാഖ്യാതാവായ വിദ്വാൻ മഹീധരൻ, താൻ വ്യാഖ്യാനമെഴുതുന്നതു ഉവ്വടന്റെയും സായണന്റെയും ഭാഷ്യങ്ങൾ പരിശോധിച്ചിട്ടാണെന്നു സ്വഗ്രന്ഥാരംഭത്തിൽ ഒരു ശ്ലോകംകൊണ്ടു പറഞ്ഞിട്ടുണ്ട്. ആ ശ്ലോകം,

'[illegible]
[illegible]
[illegible]
[illegible]'

എന്നാകുന്നു. ഇതിൽ 'മാധവൻ' എന്നു പറഞ്ഞതു സായണനെ ഉദ്ദേശിച്ചാകുന്നു. യജുർവ്വേദത്തിനു മാധവീയഭാഷ്യം ഇല്ലാത്തതുകൊണ്ടും, സായണൻ മാധവന്റെ അനുജനാകയാൽ 'മാധവൻ' എന്ന കുടുംബപ്പേരുകൊണ്ടു നിർദ്ദേശിക്കപ്പെടുവാൻ അർഹനായതുകൊണ്ടും ഈ ഉദ്ദേശം യുക്തവുമാകുന്നു. എന്തായാലും, സായണാചാര്യരുടെ യജുർവ്വേദഭാഷ്യം കണ്ടുകിട്ടാത്തതിൽ വൈദികസാഹിത്യവേദികൾക്കു വ്യസനിക്കയേ നിവൃത്തിയുള്ളൂ.

ഇതിനെ ഋക്ക്, സാമം, അഥർവ്വം എന്നീ മൂന്നു വേദങ്ങളെയും സായണാചാര്യർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഋഗ്ഭാഷ്യം പത്താം മണ്ഡലത്തോടുകൂടി അവസാനിച്ചിരിക്കുന്നു. അതിൽ ഇതിഹാസപരമായ അർത്ഥങ്ങളെ പ്രധാനമായി വ്യാഖ്യാനിച്ചിരിക്കുന്നു. വിഷ്ണുപരമായ ഒരു ഋക്കിനെ വിഷ്ണുശബ്ദത്തിനു വ്യാപകൻ എന്നർത്ഥം കല്പിച്ചു സൂര്യൻ എന്നാണു സായണൻ വ്യാഖ്യാനിച്ചിട്ടുള്ളത്. സായണനാകട്ടെ ആ ശബ്ദത്തിന്റെ പൂർവ്വപദത്തെ പ്രമാണിച്ചു വിഷ്ണു എന്നുള്ള വ്യാഖ്യാനത്തെ

ന്നെ എടുത്തു വാമനാവതാരകഥയെ വിവരിച്ചുകൊണ്ടാണ വിസ്തരിക്കുന്നത്. ഇതിഹാസപക്ഷത്തോടു സായണനുള്ള പ്രതിപത്തി കാണിപ്പാൻ ഇതൊരു മതിയായ ഉദാഹരണമാണ്.

അഥൎവ്വവേദത്തിന്റെ വ്യാഖ്യാനം എഴുതിത്തുടങ്ങിയ കാലത്തല്ല വീരബുക്കരാജാവു തീപ്പെടുകയും, അദ്ദേഹത്തിന്റെ അനുജനായ ഹരിഹരൻ രാജാവാകയും ചെയ്തു. അഥൎവ്വഭാഷ്യത്തിന്റെ ഉപോൽഘാതത്തിൽ സായണാചാൎയ്യർ നാലഞ്ചു ശ്ലോകം ഉണ്ടാക്കിച്ചേൎത്തിട്ടുള്ളതിൽ—ഞാൻ ഹരിഹരമഹാരാജാവിന്റെ കല്പനപ്രകാരമാണ് അഥൎവ്വഭാഷ്യം നിൎമ്മിക്കുന്നതെന്നു കാണിച്ചിരിക്കുന്നു. ഉപസംഹാരത്തിൽ 'ശ്രീമദ്രാജാധിരാജരാജപരമേശ്വരധീരവീരഹരിഹരമഹാരാജയുതസമജ്ഞേന സായണാചാൎയ്യേണ വിരചിതേ അഥൎവ്വസംഹിതാഭാഷ്യേ ...കാണ്ഡഃ സമാപ്തഃ' എന്ന വാക്യംകൊണ്ടും ഈ സംഗതി വെളിവാക്കീട്ടുണ്ട്.

ചതുൎവ്വേദങ്ങൾക്കു പുറമെയും, ശതപഥബ്രാഹ്മണം, ഐതരേയബ്രാഹ്മണം മുതലായി പലതും സായണാചാൎയ്യർ വ്യാഖ്യാനിച്ചിട്ടുണ്ട്. സായണനു സിംഹനാചാൎയ്യൻ എന്നുകൂടി പേരുണ്ടായിരുന്നുവെന്നു, ശതപഥബ്രാഹ്മണഭാഷ്യത്തിന്റെ തൃതീയകാണ്ഡസമാപ്തിയിലുള്ള ഒരു ശ്ലോകത്തിൽനിന്നറിയുന്നതാണ്. പുറമെ, സായണൻ വലിയ ഭാഗ്യശാലിയും ഭോഗവും ആയിരുന്നുകൂടി ആ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

വ്യാകരണത്തിൽ സായണാചാൎയ്യൎക്ക നല്ല പാണ്ഡിത്യമുണ്ടായിരുന്നു. പാണിനീയസൂത്രങ്ങളെ എടുത്തെടുത്ത കൂട്ടിയിണക്കിക്കൊണ്ടാണ ധാതുവ്യാഖ്യാനം നിൎമ്മിച്ചിട്ടുള്ളത്. തൈത്തിരീയസംഹിത ഇദ്ദേഹത്തിന്റെ മുഖ്യപാഠമായിരുന്നു. ഭാഷ്യങ്ങളിലെ പല ഭാഗങ്ങളിലും ഇദ്ദേഹത്തിന്റെ പ്രമാണങ്ങളും കാണിക്കുന്നില്ലപോലും, മറ്റു പ്രമാണങ്ങളും കാണിച്ചുകഴിഞ്ഞാലും തൈത്തിരീയസംഹിതയിൽനിന്ന ചിലത് എടുത്തുദ്ധരിച്ചിരിക്കുന്നതായി കാണാം. പുരാണങ്ങൾ, ഭാഗവതം, അമരകോശം മുതലായവയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ പരിചയവും പാണ്ഡിത്യവും വേദഭാഷ്യാദികളിൽനിന്ന വ്യക്തമായിട്ടറിയാവുന്നതാകുന്നു.

സായണന്റെ ജ്യേഷ്ഠൻ, മാധവാചാൎയ്യർ ജൈമിനീയന്യായമാലയുടെ ശങ്കരവിജയത്തിന്റെയും പ്രണേതാവാണ്. അനുജൻ ഭോഗനാഥനും പാണ്ഡിത്യവും കവിതയുമുണ്ടായിരുന്നുവെന്ന് ഇദ്ദേഹത്തിന്റെ ഒരു ദാനപത്രത്തിൽനിന്നറിയാം. പക്ഷെ, അദ്ദേഹത്തിന്റെ വകയായി ഗ്രന്ഥങ്ങളൊന്നും കാണുന്നില്ല.

ഇങ്ങിനെ, ഉത്തമമായ ഒരു വംശത്തിൽ ഭാഗ്യശാലികളായ അച്ഛനമ്മകളുടെ പുത്രനായി ജനിച്ച്, സൌഭ്രാത്രശാലികളായ ജ്യേഷ്ഠാനുജന്മാരോടുകൂടി ജീവിച്ച്, അതിമഹത്തായ വേദഭാഷ്യനിൎമ്മാണത്താൽ പ്രസിദ്ധിസമ്പാദിച്ച സായണാചാൎയ്യർ ശകാബ്ദം 1278-ൽ ('ഭൂനാഗശൈലേന്ദുമണിപരിമിതേ') ഗൃഹസ്ഥാശ്രമം വിട്ടു, സ്വകൎമ്മപരാചാൎയ്യനിൎമ്മിതമായ മഠത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തിൽകയറി 'വിദ്യാരണ്യസ്വാമികൾ' എന്ന പേര് നേടുകയും ചെയ്തു. എന്നി

ഒരു മഹാത്മാവിന്റെ ഗ്രന്ഥനിർമ്മാണസംരംഭം ശമിച്ചില്ല. ജീവചരിത്രവിവരണം, പഞ്ചാശിക മുതലായ ഗ്രന്ഥങ്ങളെ മഹിതരെല്ലാം അദ്ദേഹം നിർമ്മിച്ചു.

ചുരുക്കത്തിൽ പറയുന്നതായാൽ ഉദ്ഗ്രന്ഥസന്തതികളെക്കൊണ്ടു സംസ്കൃതസാഹിത്യത്തിനു സിദ്ധിച്ചിട്ടുള്ള ഐശ്വര്യം എത്രയും മാന്യതയായ പദവിയെത്തന്നെ നിസ്സംശയം പറയാവുന്നതാണ്.

[ഈ ഉപന്യാസത്തിലെ വിഷയം 'ശാരദ' എന്ന സംസ്കൃതമാസികയിൽനിന്നു സംഗ്രഹിച്ചതാകുന്നു.]

കെ. വി. എം.

നീതിബോധം.

(൧) നീതിബോധത്തിന്റെ ആഗമം.


'ആഗമോക്തപ്രകാരത്തിലും കല്യാണം.
മാർഗ്ഗകർമ്മണാർത്ഥധർമ്മങ്ങൾ, ചൊല്ലുന്ന
തെല്ലാമധർമ്മമെന്നോർക്ക നാം' — ഭാഗവതം.

നാം ഒരു പ്രവൃത്തി നല്ലതോ ചീത്തയോ ന്യായമോ അന്യായമോ എന്നുള്ള സംഗതിയെപ്പറ്റി, നീതിന്യായവിചാരം ചെയ്തു തീർപ്പു കല്പിക്കുന്നതു, ആ പ്രവൃത്തി സന്തോഷകരവും സുഖപ്രദവും ആണോ എന്നുള്ള ചോദ്യത്തിന്റെ ഉത്തരത്തെ ആശ്രയിച്ചിരിക്കും. ഉത്തരം 'അതെ' എന്നാണെങ്കിൽ ആ പ്രവൃത്തി നല്ലതും ന്യായമായതും ആകുന്നു; അല്ലെങ്കിലില്ല. ഒരാളുടെ അഭിപ്രായംകൊണ്ടല്ലാ ഒരു പ്രവൃത്തി ന്യായമോ അല്ലയോ എന്നു തീർച്ചയാക്കുന്നത്. ആ അഭിപ്രായത്തിനു ലോകവ്യാപ്തി ഉണ്ടായിരിക്കണം. ഒരു പ്രവൃത്തി കർത്താവിന്റെയും സമുദായത്തിന്റെയും നന്മയ്ക്കോ തിന്മയ്ക്കോ ഹേതുവാണെന്നു കണ്ട് അതിനെ അംഗീകരിക്കുന്നതും തിരസ്കരിക്കുന്നതും ഒരു വ്യക്തിയുടെയോ ലോകരുടെയോ അഭിപ്രായപ്രകാരമാകുന്നു. എല്ലാ നീതിന്യായവിധികൾക്കും ലോകവ്യാപ്തി എന്ന ഗുണം ഉണ്ടായിരിക്കും. എല്ലാ ന്യായവിചാരണകളും അംഗീകാരം, തിരസ്കാരം എന്നീ രണ്ടു മനോഭാവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ആ മനോഭാവങ്ങളുടെ പരമാവധി ലോകസമ്മതവും ലോകനിയമവുമാകുന്നു. നീതിന്യായം കണക്കാക്കുന്നതിൽ ഗുണംകൊണ്ടും ഗണംകൊണ്ടും ഏതാണ്ട് മേൽകീഴ്കളായി ഒരു പ്രവൃത്തിയുടെ ന്യായാന്യായത്തെപ്പറ്റി അഭിപ്രായഭേദമേ ഉണ്ടാകൂ. എന്നാൽ എല്ലാ സംഗതികളുടെയും തത്വാവബോധമുള്ള ഒരാളുടെ തീർപ്പിനു എല്ലാവരും കീഴടങ്ങുന്നതാകുന്നു. വാസ്തവത്തിൽ നമ്മുടെ എല്ലാ കാര്യങ്ങളിലും മനസ്സാക്ഷി വഴികാണിക്കുന്ന പ്രകാരം നടക്കുന്നതിനു വിരോധം കാണുന്നില്ല. മനസ്സാക്ഷിക്കു കാര്യങ്ങളെ ബോധകങ്ങളാക്കാൻ എല്ലാംകൊണ്ടും പ്രാധാന്യവും പ്രാമാണ്യവും ഏതുതരത്തിലുള്ള സംഗതി സർവ്വസമ്മതമാകുന്നു. ശിഷ്ടരും വൃദ്ധരും ഈ സംഗതി ഒരുപോലെ അനുഭവസിദ്ധമായിട്ടുള്ളതും ആണ്. 'നമ്മുടെ മനസ്സാക്ഷികൊണ്ടു നാം ന്യായമാർഗ്ഗത്തെ അവലംബിച്ചു നടന്നാൽ ഇന്നതാവശ്യമാണെന്നു മനസ്സിലാവും, എന്നിവയെക്കൊണ്ടു ന

ത്തെ പിടിപ്പിച്ചുറപ്പാനും, പ്രസ്തുത ശീലമനുസരിച്ചു നടന്നാൽ മനസ്സമാധാനം, സന്തുഷ്ടി, ആത്മസംതൃപ്തി എന്നിവയാൽ നമ്മെ സമ്മാനിപ്പാനും ആയി ദൈവത്തിന്റെ പ്രാതിനിധ്യം വഹിച്ചു നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന കാര്യസ്ഥനാണ്.[2] എന്ന ആദ്ധ്യാത്മികന്റെ പാഠത്തിനുള്ള എത്രയോ വിശദമായ വാക്കുകളാകുന്നു. ചുരുക്കിപ്പറയുന്നതായാൽ, മിക്ക സംഗതികളിലും മനസ്സാക്ഷിതന്നെ 'ഇതു ചെയ്യുക,' 'ഇതു ചെയ്യരുത്' എന്നു തീർച്ചയാക്കിത്തരും. എന്നാൽ ചില കാര്യങ്ങളിൽ നമുക്ക് മറ്റുള്ളവർ തീർച്ചയാക്കുന്നപ്രകാരം നടക്കേണ്ടതായിട്ടും ഉണ്ട്. ചെറുപ്പകാലത്തിൽ നമുക്ക് മാതാപിതാക്കന്മാരും ഗുരുനാഥന്മാരും നന്മതിന്മകളെ വേർതിരിച്ചു കാണിച്ചുതന്നു നന്മ സമ്പാദ്യത്തിൽ ചരിപ്പിക്കുകയും ദുർമ്മാർഗ്ഗത്തിൽനിന്നു വിലക്കുകയും ചെയ്യുന്നു. നമുക്ക് സ്വന്തം പ്രജ്ഞ വളരുമ്പോൾ ബാല്യകാലങ്ങളിൽ പഠിപ്പിച്ചിട്ടുള്ളതെല്ലാം നമ്മുടെ ബുദ്ധിക്കും മനസ്സാക്ഷിക്കും ശരിയാണെന്നു ബോദ്ധ്യമാവുകയും ചെയ്യുന്നു. കാലഗതികൊണ്ട് അതിനെയെല്ലാംവയനം കാര്യങ്ങളിൽ നമ്മുടെ മനസ്സാക്ഷിയെ അനുസരിച്ചു പ്രവർത്തിക്കാമെങ്കിലും ചില കാര്യങ്ങളിൽ ആചാരങ്ങളെയും നിയമങ്ങളെയും അനുസരിച്ചു കഴിയും. ആചാരങ്ങളും നിയമങ്ങളും ന്യായമായിട്ടുള്ളതല്ലെന്നു പൂർണ്ണബോദ്ധ്യം വരുന്ന കാര്യങ്ങളിൽ അവയുടെ തെറ്റുകളെ സമുദായത്തിന്റെയും നിയമകർത്താക്കന്മാരുടെയും ദൃഷ്ടിയിൽ കൊണ്ടുവന്നു പരിഹരിപ്പാൻ ശ്രമിക്കേണ്ടതാകുന്നു.

(൨) മനോഭാവങ്ങളുടെ സ്വഭാവം

ന്യായവിചാരത്തിനടിസ്ഥാനമായ മനോഭാവങ്ങൾ അംഗീകാരം, തിരസ്കാരം എന്നീ രണ്ടു വിധമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ ഭാവങ്ങൾക്ക്[3], 'പ്രതിക്രിയ' എന്ന സാമാന്യമായി കരിക്കപ്പെടുന്ന വൈകാരികവിധം ഭാവങ്ങളോടു കൂടി സംബന്ധമുണ്ട്. ഒരു ക്രിയയുള്ള പ്രതിക്രിയ നല്ല വഴിക്കും ആവാം; ചീത്ത വഴിക്കും ആവാം. നാം അംഗീകരിക്കുന്ന നന്മകൾക്കു പകരം ഉപകാരം ചെയ്യുന്നു, കൃതജ്ഞത കാണിക്കുന്നു, കടപ്പാടു പറയുന്നു, ബഹുമാനിക്കുന്നു, അനുഗ്രഹിക്കുന്നു; തിരസ്കരിക്കുന്ന തിന്മകൾക്കു കർത്താക്കന്മാരായവരെ നിരസിക്കുന്നു, കോപിക്കുന്നു, അപമാനം ചെയ്യുന്നു, പകവീട്ടുന്നു, ശപിക്കുന്നു. ഇതിൽ അംഗീകാരത്തെ ആശ്രയിച്ചു നില്ക്കുന്ന പ്രത്യുപകാരം, കൃതജ്ഞത, ബഹുമാനം, അനുഗ്രഹം എന്നീ ഭാവാന്തരങ്ങൾ 'അംഗീകാരം' അല്ലെങ്കിൽ 'ധർമ്മം' എന്നതിൻകീഴിൽ വരുന്നു. തിരസ്കാരത്തെ ആശ്രയിച്ചു നില്ക്കുന്ന നിരസനം, കോപം, പ്രത്യപകാരം, പകവീട്ടൽ, ശാപം എന്നീ ഭാവാന്തരവിഭാഗങ്ങൾ 'ദ്വേഷം' അല്ലെങ്കിൽ 'അധർമ്മം' എന്നതിൽ ഉൾപ്പെടുന്നു. ഇപ്രകാരം അംഗീകാരതിരസ്കാരങ്ങൾ ധർമ്മാധർമ്മങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ സംഗതികളെ ഭാവോപഭാവങ്ങളായി താഴെ കൊടുക്കുന്നു:—



(൨.) ധർമ്മാനുഷ്ഠാനം

നമ്മുടെ മാനുഷത്തിനു ചേരുന്നതായ കർമ്മങ്ങളാണെന്ന ധർമ്മാധർമ്മങ്ങളായി വേർതിരിച്ചു കാണിക്കുന്ന മേലെഴുതിയ പട്ടികകൊണ്ടു വർഗ്ഗങ്ങളായ ഭേദങ്ങളെ ചിത്രപ്പത്തിൽ സ്പഷ്ടമാകും. ഉപകാരത്തെ അധികരിച്ചിട്ടുള്ള സ്വപക്ഷത്തിനായാണ് മാർഗ്ഗം എന്നു പറയുന്നത്. അതിനാൽ ഉപകാരങ്ങൾക്കുള്ള പ്രത്യുപകാരങ്ങൾ നന്ദിയോടു നമ്മുടെ ധർമ്മം ഇത് എന്തിനെ സാധിക്കാനെന്നു താഴെ പ്രസ്താവിക്കുന്നു. ഉപകാരത്തിന്റെ നേരെ എതിരായുള്ള മനോഭാവത്തിനു നിരസനം എന്നു പേർ. കോപം എന്നു പറയുന്നത് മുൻകരുതലോടു കൂടാതെ പൊട്ടുന്നതാകുന്നു നിരസനം; പക വീട്ടൽ എന്നു പറയുന്നത് മുൻകരുതലോടു കൂടിയതും എന്നാൽ ഉപകാരത്തിന്റെ നേരെയായിരിക്കുന്ന

ണെന്ന നിർബന്ധമില്ലാത്തതും ആയ നിരസനം. ചില രാജ്യങ്ങളിലെ ശിക്ഷാനിയമങ്ങൾ പ്രതികാരമല്ലാത്ത പ്രകൃതിയിലേറ, അതായത് ഉപകർത്താവിന്റെ നാശമല്ലാത്ത പ്രതിക്രിയയുടെ സ്വരൂപത്തെ പ്രാപിച്ചിരിക്കുന്നു. മലയാളികളിൽ അച്ഛനും മകനും ഒന്നാണെന്നുള്ള ന്യായത്തിന്മേൽ മകനെ ശിക്ഷിച്ചാൽ മതാ അച്ഛൻ ശിക്ഷ കൂടാതെ പോകുന്നത് ഉണ്ടല്ലോ. കാപ്പിരികളുടെ ഇടയിൽ രാജദ്രോഹി വീട്ടുകാരും ശിക്ഷാർഹർ. ഗ്രീക്കിൽ ചില തരം അതിചാരപ്രവൃത്തികളുടെ കാരണക്കാരൻ വംശത്തോടും വധ്യൻ. ചീനരാജ്യത്ത് ഒരുത്തൻ ഒരു ഗൌരവമേറിയ കുറ്റം ചെയ്താൽ അവന്റെ കുടുംബത്തിലുള്ള ഒരു പുരുഷനാകും ഉത്തരവാദികൾ. പരിഷ്കൃത ശിക്ഷകളും ഇതുപോലെ തന്നെ അപ്രതികാരമായിട്ടുള്ളവയാകുന്നു. അച്ഛന്റെ തെറ്റിനു മകൻ ഉത്തരവാദി. ഒരുത്തൻ ചെയ്യുന്ന തെറ്റിന്റെ പങ്കെയുള്ളവർ ദോഷം തട്ടുകയെന്നുള്ളത് ദൈവകല്പിതമാണെന്നു സാമാന്യസാധാരണമായ ഒരു ധാരണയുണ്ട്. ആ ധാരണ ശരിയാണെന്നു തെളിക്കാളുന്ന പക്ഷം നീതിന്യായം നടത്തുന്നതിൽ ദൈവം മനുഷ്യരേക്കാൾ അന്യായമായി പ്രവർത്തിക്കുന്നു എന്നു പറയേണ്ടതായി വരുന്നു. എന്നാൽ നിരപരാധികൾ അപരാധികളുടെ പാപത്തിനു വേണ്ടി കഷ്ടതയനുഭവിക്കുന്നത് ദൈവത്തിന് അവരുടെ നേരെ കോപം ഉള്ളതുകൊണ്ടല്ല. സാംക്രമികരോഗങ്ങളെപ്പോലെ പാപവും ശാപവും തൊട്ടുപകരുന്ന സാധനങ്ങളായിട്ടാണ് പണ്ടുള്ളവർ ഗണിച്ചിട്ടുള്ളത്. ആ വക ദോഷനിവാരണത്തിനായി അഗ്നിദേവനേയും ജലദേവനേയും പൂജിച്ചു പ്രീതിപ്പെടുത്തുക, അഗ്നികൊണ്ടും ജലംകൊണ്ടും ശുദ്ധി ചെയ്യുക, തീർത്ഥസ്നാനം കഴിക്കുക മുതലായ പ്രതിവിധികൾ ലോകത്തെല്ലാം പണ്ടു ചെയ്തുവന്നിരുന്നതുപോലെ ഇപ്പോഴും പല രാജ്യങ്ങളിലും ചെയ്തുവരുന്നതുകൊണ്ട് പാപശാപങ്ങളെപ്പറ്റിയുള്ള പഴയ ധാരണ ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. പാപകർമ്മത്തിനു സാംക്രമികത്വമുള്ളതുകൊണ്ട് ഒരുത്തന്റെ കുറ്റത്തിനു മറ്റുള്ളവരും ഉത്തരവാദികളായി വരാനും ആദ്യത്തിൽ നിരപരാധികൾ ശിക്ഷയനുഭവിക്കുന്ന പക്ഷം കാരണസ്പഷ്ടമാണെന്നും ദൈവകല്പിതമെന്നു പറയുന്നത് കാലാകാലസ്പഷ്ടമായ നിയമത്തിനു പ്രാബല്യമുണ്ടാവാനുള്ള ഒരു സൂത്രം മാത്രമാണെന്നു ഊഹിക്കാവുന്നതാകുന്നു. ഇങ്ങിനെ അപ്രതികാരസ്വരൂപത്തിൽ പക വീട്ടുന്നതു ന്യായമല്ലെന്നുള്ള ബോധംകൊണ്ടാണ് മഹാന്മാർ പ്രതികാരബുദ്ധിയെത്തന്നെ നിന്ദ്യമായി കരുതുവാനും അപരാധികളെ ക്ഷമിക്കുവാനും ഉത്തമധർമ്മമായി ഗണിപ്പാനും തുടങ്ങിയത്. ക്രമേണ ശിക്ഷാധികർത്താക്കന്മാരും ഈ അഭിപ്രായത്തെ അനുസരിച്ചു പ്രതികാരബുദ്ധിയെ വിട്ടുകളവാൻ തുടങ്ങി വന്നു. ഇപ്പോൾ ശിക്ഷ വിധിക്കുന്നത് കുറ്റം ചെയ്തിട്ടുള്ളാന്റെ മേൽ കുറ്റം ചെയ്യാതിരിപ്പാനാണ്. ഇങ്ങിനെ കാലക്രമത്തിൽ മനുഷ്യർ ദോഷകരമായ പ്രവൃത്തികളെ നിയമമൂലം വിലക്കുന്നതുകൊണ്ട് ?

ദ്ദേശ്യങ്ങൾ കാണുന്നു ചെയ്യുന്നു. ഇത്രയും പറഞ്ഞുകൊണ്ടു നല്ലതെ ചെയ്യേണ്ടു എന്നും, [illegible] ഉപദ്രവം ചെയ്യുന്നവൻ ഒരിക്കലും പ്രതികാരം ചെയ്യാതെ സഹിക്കാവുന്ന കാര്യങ്ങളിൽ ക്ഷമിക്കുകയും മറ്റുള്ള കാര്യങ്ങളിൽ [illegible] നീതിന്യായം ചെയ്യുന്നവർ വേണ്ടുന്ന പ്രയത്നിക്കുന്നതിനെ എള്ളിക്കുകയും ചെയ്യേണ്ടതാണെന്നും, ഇതാണ് ധർമ്മമായിട്ടുള്ളതെന്നും [illegible].

ഈ പ്രകാരമുള്ള പ്രകാരമെല്ലാം [illegible] ഉപദേശങ്ങൾ കാണുന്ന സ[illegible] ഉപദേശങ്ങൾ വായിച്ചു നമുക്ക് ഭാഗ്യവാന്മാരായിരിപ്പാൻ യോഗം വരട്ടെ.

വാവൂർ കൃഷ്ണമേനോൻ, ബി. എ.

അർദ്ധരാത്രി *

([illegible])

ഒരു ദിവസം അർദ്ധരാത്രിയിൽ ഞാൻ തനിച്ച് എന്റെ മുറിയിൽ കിടന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ പുറത്തു വാതുക്കൽ ആരോ ഒരാൾ മുട്ടിക്കൊണ്ട് 'ഡോക്ടർ, ഡോക്ടർ' എന്നു വിളിക്കുന്നതു കേട്ടു. ആരാണത് ഈ അർദ്ധരാത്രി സമയത്ത്—

ഞാൻ വാതിൽ തുറന്ന [illegible] എന്റെ സ്നേഹിതനായ ശേഖരൻ [illegible] ആണെന്ന് കണ്ടു. ഞാൻ [illegible] അകത്തേക്കു ക്ഷണിച്ചു. അപ്പോൾ [illegible] കാര്യങ്ങളെ [illegible] ഉള്ള ഒരു കത്ത് [illegible] പറഞ്ഞു. ഞാൻ ഒരു [illegible] വായിച്ചു നോക്കി. പുറത്തിറങ്ങി [illegible] നാഴികമണി [illegible] അടിച്ചു.

ശേഖരൻ [illegible] മുഖത്തു ക[illegible] ഒരു [illegible] കല്ലുകൾ കൂടിയും കാണപ്പെട്ടു. [illegible] പറഞ്ഞു—'[illegible] നിങ്ങളുടെ [illegible] ഇല്ല' [illegible] [illegible] പത്തിക്കാണെന്നായിരിക്കാം' എന്നു ഞാൻ എന്റെ [illegible] എന്റെ വാക്കിൽ [illegible] നീരസം [illegible] പറഞ്ഞു—[illegible] അറിയാത്. സത്യമായിട്ടും ഒരു വക [illegible] ഇല്ല. [illegible] നിശ്ചയം സാധിക്കയില്ല. അതിനെ [illegible] എന്റെ [illegible] ഇവിടെ [illegible].'

[illegible] ഒരു മുക്കിൽ [illegible] [illegible]. വിളക്കിന്റെ [illegible] ഉയർത്തിയപ്പോൾ [illegible]

* [illegible]

ട്ടിച്ചു. ഞാൻ ഇടത്തിരുന്ന മോട്ടിയുടെ (മോട്ടിയുടെ) തലകൊണ്ടുതന്നെ പുതച്ചും കൊണ്ടു ഞെട്ടുണർന്നിരുന്ന ഒരു സാമാന്യപ്പെട്ടിയുടെ പുറത്തു വർത്തമാനക്കടലാസ്സു വിരിച്ച് അതിന്മേൽ ഇരുന്നു. ഇനി ബാല്യജീവിതത്തിന്റെ ചരിത്രം ഇപ്രകാരം പറയുവാൻ തുടങ്ങി:—

എന്റെ ആദ്യത്തെ ഭാര്യയെപ്പോലെ ഉത്തമമാതൃകയായ ഒരു ഗൃഹിണിയെ-ഇപ്പോൾ അനുഭവിച്ചപോലെ ഇനി ഒരുവളെ കണ്ടുകിട്ടുന്നതിന്നു വളരെ പ്രയാസമുണ്ട്. പക്ഷേ ഞാൻ അന്നു വളരെ ചെറുപ്പക്കാരനായിരുന്നു. ഞാൻ ആഗ്രഹിച്ചിരുന്നതു ഗൃഹകൃത്യങ്ങളിൽ സാമർത്ഥ്യമുള്ളവളും മര്യാദയിലും [illegible] സാമർത്ഥ്യമുള്ളവളും ആയ ഒരു ഭാര്യയെയല്ല. ബുദ്ധിക്ക് ഇരുപ്പും ഉറപ്പും വന്നിട്ടില്ലാത്ത എന്റെ മനസ്സു യൌവനത്തിലെ വ്യാമോഹങ്ങളായ അനുരാഗം, ആകർഷണം മുതലായ സ്വപ്നപ്രായങ്ങളായ വികാരങ്ങളാൽ വശീകരിക്കപ്പെട്ടു. അതിന്നും പുറമെ ഞാൻ മാസികകൾ വായിച്ചുകൊണ്ടിരുന്നതു കവിതകളാണ്. അവയുടെ നിസ്സാരങ്ങളായ വൈചിത്ര്യം—വർണ്ണനകളിൽ അവർ പ്രദർശിപ്പിച്ചിരുന്ന സീമാതീതമായ പ്രാഗത്ഭ്യം—എന്റെ മനസ്സിനെ ആനന്ദിപ്പിക്കുന്നതിനും ആകർഷിപ്പിക്കുന്നതിനും മതിയായില്ല. 'ഭാര്യ ഒരു ഗൃഹിണിയും, ഉപദേഷ്ടാവും, ആത്മമിത്രവും കലാവിദ്യകളിൽ താല്പര്യമുള്ളവളും ആയിരിക്കണ'മെന്നായിരുന്ന കാളിദാസകൃതമായ ഒരു പദ്യം എന്റെ മനോഭാവമായിരുന്നു. എന്നാൽ കലാവിദ്യകളെയോ അതുപോലുള്ള മറ്റു വിഷയങ്ങളെയോ കുറിച്ചു ഞാൻ എന്റെ ഭാര്യയോടു പറഞ്ഞാലും അതിന്റെ എല്ലാം ഫലം പോത്തിന്റെ ചെവിട്ടിൽ കിന്നരം വായിക്കുന്നതുപോലെ ആയിരുന്നു. എന്റെ ശരീരശുശ്രൂഷയിൽ [illegible] ഞാൻ അനുരാഗസൂചകങ്ങളായ കവിവാക്യങ്ങളോ, വർണ്ണനകളോ ഒരു കാമുകന്റെ നിലയിൽ പറയുകയോ, വിശേഷിച്ചും ശൃംഗാരരസപ്രധാനങ്ങളായ സംജ്ഞകളാൽ അവളെ വിളിക്കുകയോ ചെയ്താൽ അവൾ ഇതു പൊട്ടിച്ചിരിക്കും. ഇതുകൂടാതെ, എന്റെ ചേഷ്ടകളും വാക്കുകളും അവളിൽ യാതൊരു വികാരവിശേഷവും ജനിപ്പിച്ചില്ല. [illegible] ഞാൻ വായിച്ചിട്ടുണ്ടായിരുന്ന [illegible] സംഭാഷണങ്ങൾ എല്ലാം [illegible], [illegible] വിലെ [illegible] ഇന്ദ്രന്റെ [illegible] അപൂർവ്വങ്ങളായ [illegible]. ഒരു കഥാപാത്ര[illegible] എന്റെ പ്രവൃത്തികൾ അവളിൽ ഒരു പച്ചമാംസത്തെ ആണ് ദർശിപ്പിച്ചത്. കേവലം നാടൻ രീതിയും സമ്പ്രദായത്തെയും മാത്രം അറിയുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന അവൾ എന്റെ ഹൃദയത്തിലുള്ളതൊന്നും [illegible] കിട്ടില്ല. അവൾ വെറുതെ വലിയ [illegible] ചിരിക്കും. ചിരിക്കുന്നതിന് അവൾക്കുണ്ടായിരുന്ന പാടവം ഒന്ന് [illegible].'

നമ്മുടെ [illegible] മുമ്പ് ഒരിക്കൽ ഞാൻ [illegible] ദിവസത്തിൽപ്പെട്ട [illegible] [illegible] ചന്തിയിന്മേൽ [illegible] [illegible]) വന്നു. സ്വഭാവേന [illegible]

ശേഷ് ആയി. ജീവിച്ചുപോയെന്ന കാര്യം പലരും സംശയിച്ചു. ഞാൻ വാസ്തവത്തിൽ മരണദേവതയുടെ വായിലോളം എത്തി. ഞാൻതന്നെ തീരെ നിരാശനായിത്തീൎന്നു. അപായകരമായ ഈ ഘട്ടത്തിൽ എന്റെ സുകൃതത്തിൽ മഹാനായ ഒരു സന്യാസിയെ ദൈവം കൊണ്ടുവന്നു. എവിടെനിന്നാണെന്നു ദൈവത്തിനു മാത്രമേ അറിയൂ. എന്തോ ഒരു പച്ചമരുന്നു അരച്ചു ഗുളികയാക്കി തേനിൽ ചാലിച്ചു വിഴുങ്ങുവാൻ ആ യതിവൎയ്യൻ എന്നോടു ആജ്ഞാപിച്ചു. എങ്ങിനെയോ, എന്തോ, ഞാൻ രക്ഷപ്പെട്ടു. ആ മഹാത്മാവിന്റെ ശക്തിയോ വെറും 'ഭാഗ്യ'മോ എന്ന് എനിക്കു തീൎച്ചയില്ല.'

'ഞാൻ ദീനത്തിൽ കിടന്നിരുന്ന കാലത്തു എന്റെ ഭാൎയ്യ ഒരു മിനുട്ടുനേരത്തെ സ്വൈരതപോലും ഉണ്ടായിട്ടില്ല. അവൾ — തീരെ അശക്തയായ ആ യുവതി, — എന്നെവന്ന ആക്രമിച്ചുകൊണ്ടിരുന്ന യമകിങ്കരന്മാരോടു നിരന്തരം അക്ഷീണമായി മല്ലടിക്കുകയും അവരെക്കൊണ്ടു കഴിയുന്നതിൽ അധികം എന്നെ ശുശ്രൂഷിക്കുകയും ചെയ്തു. ഉത്തമയായ ഒരു മാതാവു കരയുന്ന തന്റെ ഓമനപ്പുത്രനെ മാറോടണച്ചു വാത്സല്യത്തോടാൽ ആകൎഷിച്ചുപിടിച്ചു ലാളിച്ചു രക്ഷിക്കുന്നതുപോലെ, അവൾ — എന്റെ ഭാൎയ്യ — അതിഭക്തിയോടും സ്നേഹാധിക്യത്തോടും നിഷ്കളങ്കബുദ്ധിയോടും കൂടി എന്നെ — അത്രയും അനാദരത്തെയും സ്നേഹത്തെയും അൎഹിക്കാത്ത നീചനായ എന്നെ — അവളുടെ മുഴുവൻ സ്നേഹത്തോടും ഏകാഗ്രതയോടും സൂക്ഷ്മതയോടുംകൂടി പരിപാലിച്ചു. അവൾക്ക് അക്കാലങ്ങളിൽ വേണ്ട സമയത്ത് ഉറക്കവും ഭക്ഷണവും ഉണ്ടായിട്ടില്ല. അവൾക്ക് എന്റെ [illegible]ത്തിലല്ലാതെ മറ്റു യാതൊന്നിലും ശ്രദ്ധയുണ്ടായിരുന്നില്ല. അവളുടെ ഇഹവും പരവും എല്ലാം ഞാൻ തന്നെ ആയിരുന്നു. മരണദേവത, കാട്ടുതീയിൽ അകപ്പെട്ട ഒരു പക്ഷിയെപ്പോലെ, [illegible] അതിന്റെ ഇരയാകേണ്ടിയിരുന്ന എന്നെ വിട്ടുപോയെങ്കിലും, പോകുന്ന പോക്കിൽ ഒരു [illegible] അടി എന്റെ ഭാൎയ്യക്കു നല്ല കണക്കിൽ കൊടുത്തു.'

'അവൾ അന്നു ഗൎഭിണിയായിരുന്നു. കാലതാമസംകൂടാതെ പ്രസവം കഴിഞ്ഞു. കഷ്ടം! അവൾ ഒരു മൃതശിശുവിനെ ആണ് അവളുടെ ഗൎഭത്തിൽ വഹിച്ചിരുന്നത്. പ്രസവം മുതൽ അവൾ ഇന്നതെന്നില്ലാത്ത മനോവ്യാധി സ്വാസ്ഥ്യക്കേടാൽ പീഡിതയായി. അവളെ ശുശ്രൂഷിക്കേണ്ടത് ഇപ്പോൾ എന്റെ [illegible]. ഞാൻ എന്താവും സ്വകൎമ്മങ്ങളുംകൂടി അതിൽ ഏല്പിച്ചു എങ്കിലും അവൾക്ക് അതിൽ വളരെ അസംതൃപ്തി തോന്നി. [illegible]! നിങ്ങൾ എന്താണ് ഈ കാട്ടുന്നത്. വല്ലവരും കണ്ടാൽ എന്തു വിചാരിക്കും? [illegible] ഇങ്ങനെ രാവും പകലും എന്റെ മുറിയിൽ വന്ന് എന്നെ ശുശ്രൂഷിക്കാതിരിപ്പാൻ ഭാവം.' എന്നു മറ്റും അവൾ എന്നോടു പറയും. [illegible] ന്നെ അല്ലാതെ മറ്റാരും [illegible] ശുശ്രൂഷിക്കുന്നത് ഉ[illegible] ന്ന സാധുവായ അവൾ [illegible] ന്നു!'

'അവളുടെ കിടക്കയുടെ സമീപം ഇരു ന്ന് ഞാൻ [illegible] വീശുന്ന [illegible] [illegible] വിധം [illegible] ളും. എന്റെ [illegible] സമയം [illegible] [illegible] വൾ [illegible]. എത്ര നിസ്സാരമായ തായാലും [illegible] വല്ല സഹായവും ഞാൻ ചെയ്താൽ അതെല്ലാം അവൾക്ക [illegible] [illegible] ഉണ്ടാക്കിയില്ല. [illegible] നിസ്സാരമായ [illegible] 'പൂജയൻ' എന്ന പേരിന് [illegible] വൾ [illegible].'

'[illegible]'ത്തിലുള്ള [illegible] വീട് [illegible] കണ്ടിട്ടുണ്ടായിരി ക്കാം. വീട്ടിന്റെ [illegible] ഉ ള്ളതാണ്. [illegible] ടിയാണ് [illegible] പ്രവഹിക്കുന്നത്. [illegible] [illegible] ന്റെ [illegible] ദൃശ്യത്തിൽ ഒരു ചെറിയ [illegible] ഉ ണ്ടാക്കിട്ടുണ്ട്. [illegible] ള്ളാം [illegible] ണ്. തോട്ടത്തിന്ന വലിയ [illegible] ടിയോ [illegible] ഇല്ല. [illegible] തിയിലാണ്. [illegible] ണ്. [illegible] കാണികളുടെ ക

[illegible], [illegible] [illegible] [illegible] ത്തിൽ [illegible] [illegible] [illegible] കാണാത്ത ചില [illegible] [illegible] [illegible] ലോകത്തിൽ [illegible] കാണാത്തിടത്തോളം [illegible] [illegible] തോട്ടത്തിൽ [illegible] [illegible] [illegible] [illegible] [illegible] [illegible].'

'[illegible] വിട്ടുപണികളിൽ നിന്ന് [illegible] അവസരങ്ങളിൽ അ വൾ [illegible] [illegible] എന്നാൽ [illegible] [illegible] [illegible] [illegible] [illegible] കാണുവാൻ [illegible] ക്കും ഇല്ലായിരുന്നു.'

എന്റെ മാസ്റ്ററുടെ സുഖക്കേടിനു വലിയ ഭേദം ഒന്നും കണ്ടില്ല. ഒരു ദിവസം രാവിലെ ഞാൻ കുളത്തു കിടന്നു കിടന്ന് വല്ലാത്ത മോഹങ്ങളെല്ലാം മറവിച്ചതുപോലെ തോന്നുന്നു എന്നും പറഞ്ഞു ഒന്നു പുറത്തിറങ്ങി ആ തോട്ടത്തെ പ്രാപിച്ച് ആ മ- ലോകത്താരകൾ അല്പം വിശ്രമിച്ചാൽ കൊള്ളാമെന്നുണ്ടെന്നും എന്നോടു പറഞ്ഞു. അവരെ ഞാൻ സാവധാനത്തിലും വളരെ സൂക്ഷ്മത്തോടുകൂടിയും താങ്ങി എടുത്തു പതുക്കെ ആ താമര [illegible] കിടത്തി. ജീർണിച്ചിരിക്കുന്ന അവരുടെ ഉത്തമാംഗത്തെ ഞാൻ സസന്തോഷം മടിയിൽവെച്ച് അരികത്തിരിക്കയായിരുന്നു. പക്ഷേ, അവിടെ എന്റെ ആ പ്രവൃത്തി അസഹ്യതയെ ഉണ്ടാക്കുമെന്ന് എനിക്കു നല്ല ബോദ്ധ്യമുള്ളതുകൊണ്ടു ഞാൻ അതിനു മുതിർന്നില്ല. ആകയാൽ അവരുടെ ശിരസ്സിന് ഒരു തലയണ മാത്രം ആധാരമായിരുന്നു.'

'പൂർണ്ണമായി വികസിച്ച അശോകപുഷ്പങ്ങൾ ഒന്നോടൊന്നായി താഴെ വീണുകൊണ്ടിരുന്നു. തലശാഖകളുടെ ഇടയിൽക്കൂടി കളിച്ചുകടക്കുന്ന ചന്ദ്രരശ്മി ക്ഷീണിച്ചു വാടിയിരുന്ന അവരുടെ മുഖത്തു പതിച്ചു. എന്തെന്നില്ലാത്ത ഒരു നിശ്ശബ്ദത അവിടെ എല്ലാം വ്യാപിച്ചിരുന്നു. പുഷ്പഗന്ധത്തെ വഹിച്ചുംകൊണ്ടു മന്ദമാരുതൻ ചെടികൾക്കിടയിൽ കളിച്ചുകൊണ്ടിരുന്നു. ഞാൻ അവരുടെ സമീപത്തു തന്നെയായാൽ ചന്ദ്രിക നല്ലപോലെ തെളിയാതെ നിഴൽ ബാധിച്ചിട്ടുള്ള ഒരു സ്ഥലത്തു കിടന്നാലെ മാറെ മനോരാജ്യത്തിൽ മനസ്സിനെ അറിയാതെ വ്യാപരിപ്പിച്ചുംകൊണ്ടു സുഖമായിരുന്നു. പെട്ടെന്നു ഞാൻ അവരുടെ മുഖത്തേക്കു നോക്കി. കവിൾക്കൽ സൌന്ദര്യലക്ഷ്മി വിളയാടിയിരുന്ന ആ കോമളമുഖം വാടി വിളർത്ത്, കവിളുകൾ ഒട്ടിക്കണ്ടപ്പോൾ എന്റെ കണ്ണുകളിൽ താനേ വെള്ളം നിറഞ്ഞു. ഞാൻ പതുക്കെ അവരെ സ്പർശിച്ചു; അവരുടെ പാദിപിടിച്ചു [illegible] ശോഷിച്ച കൈകളിലൊന്ന് എന്റെ രണ്ടു കയ്യിലുംകൂടി സാവധാനത്തിൽ എടുത്തു. അവർ അതിനു തടസ്സം നടിച്ചില്ല. ആ നിലയിൽ ഞാൻ സ്വല്പം സമയം അവിടെ ഇരുന്നു. എന്റെ മനസ്സു വികാരപരിപൂർണ്ണമായിത്തീർന്ന് എപ്പോഴും മന്ദം, ഒരു നിമിഷത്തിൽ ഞാൻ 'ടീച്ചറിന്റെ നിസ്സഹായമായ [illegible] ഞാൻ ഒരിക്കലും മറക്കുന്നതല്ല' എന്ന് അവരോടു പറഞ്ഞു.'

'അപ്പോൾ അങ്ങനെ അനാവശ്യമില്ലാതിരുന്ന വാക്കുകളാണ് ഞാൻ പറഞ്ഞതെന്ന് എനിക്കു ഉടനെ തോന്നി. എന്റെ മാസ്റ്റർ ഉടനെ പൊട്ടിച്ചിരിച്ചു. ആ ചിരി വളരെ അസ്വാഭാവികമായിരുന്നു. അതു ഹൃദയത്തോടു ചേർന്ന ഒരു [illegible] സമാധാനത്തോടു ചേർന്ന സംതൃപ്തിയുടെ, സ്വാഭാവികമായ ഒരു [illegible] ഉള്ള പുഷ്പത്തിന്റെ മായയും ആ ശബ്ദത്തിൽ ആരംഭിച്ചിട്ടുള്ളതായി എനിക്ക് [illegible] ചിലപ്പോഴും [illegible] തോന്നി. നിശ്ശബ്ദമായ നിമിഷങ്ങൾ [illegible] ഒരു വാക്കുപോലും അവർ ഉച്ചരിച്ചില്ല. എങ്കിലും ഒരു [illegible] കൊണ്ടു അവരുടെ മനസ്സിൽ [illegible] എന്നു [illegible] പറയാൻ ശ്രമിച്ചു.

ഞാൻ അവരെ ഒരിക്കലും ഗൗനിക്കാറില്ലെ
ന്ന പരാതിയും തീരെ ഉണ്ടാകാതെയാ [illegible]
ന്ന് അവർ വിശ്വസിക്കുന്നതു്, അ
വർ അത്രയും അടുപ്പിച്ചിട്ടില്ലെങ്കിലും അവരു
ടെ മുഖത്തിലുള്ള ചിരിയുടെ പ്രഭ എ
ന്റെ കണ്ണുകളിലും ഉരുക്കി ചിരിപ്പി
ക്കുന്നതായി എനിക്കു തോന്നി.'

'മാധുര്യമുള്ളതാണെങ്കിലും എന്തോ ഒന്നു
ള്ള അവരുടെ ചിരിയെ— എന്നുമാ
ത്രമല്ല അവർ ഒക്കെ ചിരിയിൽ കളി
ക്കും— ഞാൻ പൂർണ്ണമായി ഭയപ്പെട്ടിരുന്നു. ആ
പേടികൊണ്ടാണ് ഞാൻ അവരുടെ നേ
ർക്കു [illegible] നിലയിൽ പലിശക്കാ
രനായും, വിശേഷപ്പെട്ട ചാട്ടവാറുകൾ
കൂടി ഉപയോഗിച്ച് ഒരു കുതിരയെ എന്ന
പോലെ പരിശീലിപ്പിക്കുന്ന [illegible] എ
ന്റെ സങ്കല്പത്തെ [illegible] പ്രകാ
ശിപ്പിക്കുന്നതിന് എനിക്ക് സാധിക്കാ
തെ വന്നിട്ടുള്ളത്. അവർ ഒടുക്കത്തിലു
ണ്ടാക്കുമ്പോൾ ഞാൻ [illegible]
വിചാരിച്ചാലും, അവരുടെ അടുക്കൽ
ചെല്ലുമ്പോൾ എന്റെ വിചാരങ്ങൾക്കും
[illegible] ഒന്നും ഒരു ഗൗരവമി
ല്ലെന്ന് എനിക്കു തന്നെ തോന്നി
പ്പോകും. അങ്ങിനെ ആലോചിക്കാതെ
തന്നെ ഞാൻ വല്ലതും 'പൊട്ടിപ്പോയ്' അ
വർ ഉറക്കെ ചിരിച്ചിരുന്നു. ആ ചിരി
കേൾക്കുമ്പോൾ എനിക്കുതന്നെ ലജ്ജ
തോന്നും. ഒരു കാവ്യപുസ്തകത്തിൽ ഒരു
ദിവസം വായിച്ചപ്പോൾ എന്നെ പരിഹ
സിക്കാനെന്നപോലെ വിളിക്കും എന്റെ ക
ണ്ണുകളിൽ അശ്രുധാര ഉണ്ടാക്കിയ പല
കവിതകളും ആശ്ലോകങ്ങളും ഞാൻ പറഞ്ഞുകേൾ
ക്കുമ്പോൾ, എന്റെ പ്രിയതമ പെട്ടെന്നു
പൊട്ടിച്ചിരിക്കുന്നതെന്താണെന്ന് തോ

പല പ്രാവശ്യം ആലോചിച്ചിട്ടുണ്ട്. ഇനിയും
[illegible] മനസ്സിലാ
യിട്ടില്ല. അവർ എന്റെ വാക്കുകൾക്കു
വാക്കുകളാൽ തന്നെ മറുപടി തന്നിരു
ന്നു എങ്കിൽ, അതിനെ നിഷേധിക്കയോ
സമ്മതിക്കയോ മറ്റോ ചെയ്യാമായിരുന്നു.
[illegible] ചി
രിക്കുമ്പോൾ എന്തു ചെയ്യും! തനിച്ചിരിക്കു
മ്പോൾ ആ അവസരങ്ങളിൽ ചെയ്യേണ്ട
തെന്താണെന്ന് നിശ്ചയിക്കാറില്ല.'

'ചന്ദ്രൻ മേഘപടലങ്ങളിൽ നിന്നു
പുറത്തുവന്ന് പരിശുദ്ധമായ തന്റെ പ്ര
കാശം ഞാൻ ഇരിക്കുന്ന പ്രദേശമാകെ
ചൊരിയുകയാണ്. ഒരു മരത്തിന്മേൽനിന്നു
ഒരു കുയിൽ 'കൂ കൂ' എന്ന് പാടിക്കൊണ്ട്
[illegible] പ്രത്യ
ക്ഷപ്പെട്ടു. ആ പക്ഷിയുടെ ഇന്നത്തെ ഈ
വിശേഷമായ പാട്ടിൽ [illegible]
[illegible] ഉണ്ടായിരിക്കുമോ എന്ന് ഞാൻ
ആലോചിച്ചു.'

'എന്റെ ഭാര്യയുടെ സ്വഭാവം മുഴു
വനും ഇപ്പോഴും എനിക്കു മനസ്സി
ലായതായി കാണപ്പെട്ടില്ല. [illegible]
[illegible] വ്യത്യാസമുണ്ടായി. [illegible]
[illegible] ഒരു [illegible]
ചിത്രം [illegible] ചെയ്തു
[illegible] ഞാൻ ഒരിക്കൽ ഒടുവിൽ ദിവ
സം തന്നെ 'ഭാര്യാ വാദി,' [illegible]
പോയി.'

'[illegible] വേഗം വേഗം [illegible]
[illegible] എങ്കിലും ഈ
[illegible] എത്തിയപ്പോൾ [illegible]
ത്തിൽ എന്റെ ഭാര്യയുടെ സംശയങ്ങ
ത്തിൽ ഒന്നു നോക്കിക്കൊണ്ട് അവിടെ

ഇരുന്നിരുന്ന ഇരിപ്പിൽത്തന്നെ ഒന്നു മുമ്പോട്ടു ചാഞ്ഞു ശിരസ്സിനെ രണ്ടു കയ്യുകൊണ്ടും താങ്ങി കാല്മുട്ടുമേൽ വെച്ചു വിചാരമഗ്നനായി ഇരുന്നു. ഞാനും ഒന്നും മിണ്ടാതെ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു. മൂലയിൽ ഇരുന്നിരുന്ന വിളക്കിന്റെ പ്രഭ കാണ്ടുകൊണ്ടു വന്നു. മുറിയിൽ എങ്ങും പരന്നിരുന്ന കൊതുകിന്റെ മൂളിച്ചു ള്ള നിശ്ശബ്ദതയിൽ വികൃതമായി കേൾക്കുമായിരുന്നു. പെട്ടെന്നു തല പൊന്തിച്ചുകൊണ്ട് അദ്ദേഹം വീണ്ടും കഥ തുടർന്നു.

'ആശുപത്രിയിൽ അവൾ ഡോക്ടർ മേനോന്റെ ചികിത്സയിലായിരുന്നു. കുറച്ചുകാലം അങ്ങിനെ കഴിഞ്ഞു. ഫലം ഒന്നും ഉണ്ടായില്ല. ദിനംപ്രതി ക്ഷീണം കൂടിവന്നു. ഇനിയുള്ള ആയുസ്സ് മുഴുവനും അവൾ രോഗിണിയായിത്തന്നെ കഴിക്കേണ്ടിവരുമെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു. ഞാനും അതുതന്നെ ഊഹിച്ചിരുന്നു. അവൾക്കും വാസ്തവം മനസ്സിലായിട്ടുണ്ട്.

'എത്രനാൾ ഞാൻ ഇങ്ങിനെ ചാകാതെ കിടക്കുമെന്ന് ഒരു നിശ്ചയമില്ല. എത്ര കിടന്നാലും ദിനം തോറും നരകിപ്പാൻ തന്നെയാണ്. എന്റെ ഈ സ്ഥിതിയിൽ ഞാൻ മരിച്ചതിനു തുല്യമാണ്. അങ്ങ് എത്ര കാലമാണ് ഈ ദിവസ്സവും എന്നെ നോക്കിക്കൊണ്ടിരിക്കുവാൻ പോകുന്നത്? വേറെ ഒരു ഭാര്യയെ സ്വീകരിക്കുന്നത് ഉത്തമമായിരിക്കും. ഞാൻ അതിനു സമ്മതിക്കുന്നു.' എന്നിങ്ങിനെ പലദിവസവും അവൾ എന്നോടു നിർബ്ബന്ധമായി പറഞ്ഞു. അതു ബുദ്ധിപൂർവമായ ഒരു ഉപദേശം, അവളുടെ വലിയ ഒരു ത്യാഗം, കാര്യം ഗ്രഹിച്ചുകൊണ്ടുള്ള ഒരു അഭിപ്രായം, എന്നാലും എനിക്കതു സ്വീകരിക്കുവാൻ മനസ്സുവന്നില്ല. നമ്മുടെ വേദാന്തികൾ സ്ത്രീകളെപ്പറ്റി സാധാരണയായി പറയാറുള്ള വചനങ്ങളൊന്നും അവളുടെ കാര്യത്തിൽ ഞാൻ സ്മരിച്ചില്ല.

'ഇപ്രകാരം പറയുന്നതിന് എനിക്കു ഒരു സന്ദർഭം കിട്ടി. പക്ഷേ എനിക്ക് അവളെപ്പോലെ ചിരിക്കുന്നതിനുള്ള സ്വാതന്ത്ര്യമോ? ഞാൻ ചിരിച്ചില്ല. ഒരു നോവലിലെ നായകനെപ്പോലെ ഞാൻ നിന്റെ പിന്നാലെ വരുമെന്നോ, ആത്മഹത്യ ചെയ്യുമെന്നോ ഞാൻ ആലോചിച്ചില്ല. എന്റെ നായികയിൽ എനിക്കുള്ള സ്നേഹം വഴികാണിക്കുന്നു കാലക്കേടു' എന്നിങ്ങനെ ഞാൻ പറഞ്ഞു. എന്നിട്ടും അവൾ എന്നെ നിർബന്ധിച്ചു പറഞ്ഞു. 'എനിക്കു അധികം നീട്ടരുത്. ഇതിനുള്ള വാക്കുകൾ എന്റെ മനസ്സിൽ കയറുന്നതേ ഇല്ല'.

'എന്റെ പ്രേമഭാജനമായ ഭാര്യയുടെ സമ്മതത്തോടെ ലോകത്തിൽ മറ്റൊരു സ്ത്രീയെ സ്നേഹിക്കുന്നതിന്ന എന്റെ മനസ്സിന്നു ശക്തിയില്ല' എന്ന ഉറപ്പായി പറഞ്ഞു. ഇതു കേട്ടപ്പോൾ എന്റെ ഭാര്യ ചൊടിച്ചില്ല. എനിക്കു മുടങ്ങാതെ പ്രസംഗം നിർത്തേണ്ടി വന്നു.'

'അന്ന് എന്റെ മനസ്സിൽ ഞാൻ വരിച്ചുവെച്ച എന്റെ എനിക്കു തീരുമാനത്തെപ്പറ്റി ഒന്നു ചിന്തിക്കുന്നതിന് എനിക്കു സംശയമായി. മരണത്തിൽ കിടന്നു വലയുന്ന ഒരു സ്ത്രീയെ ഉപേക്ഷിപ്പാൻ ഞാൻ ഇച്ഛിക്കുന്നതിൽ എനിക്കു ഒട്ടും വിരക്തി തോന്നിയില്ലെന്നു എന്നെത്തന്നെ പറയണം. അവളുടെ ഉ

രോഗംപിടിച്ചു വിട്ടുപോകേണമെന്ന ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നിട്ടും എന്റെ ജീവകാലം മുഴുവനും ഒരു രോഗിണിയായി കഴിക്കേണ്ടിവന്നുള്ള സംഗതി എന്റെ മനസ്സിന്ന വളരെ അസഹ്യതയുണ്ടാക്കി. ഞാൻ യൌവനയുക്തനായിരുന്ന കാലത്തു, ലോകവ്യവഹാരത്തിലോ ജീവിതപരിചയമോ ഇല്ലാതിരുന്ന യോഗത്തിലുള്ള കാലത്തു, ഞാൻ എന്റെ മുമ്പിൽ കണ്ട ലോകം എത്ര മനോജ്ഞമായതായിരുന്നു! ഞാൻ മനോരാജ്യമാക്കിയപ്പോൾ, പ്രകാശമാനമായും സന്തോഷകരമായും ആ ലോകത്തെയാണ ഞാൻ കണ്ടതു; അനുരാഗമന്ത്രത്തിന്റെ പ്രഭാവശക്തിയാൽ മനോഹരമായ ഒരു ലോകത്തെയാണ ഞാൻ കണ്ടതു. ഇതിലെല്ലാമുള്ള രമണീയങ്ങളായ കാഴ്ചവിധികളുടെ ഇല്ലാത്ത മോടികളാണ എന്നെ ആകർഷിച്ചത്; സൌന്ദര്യമെന്ന ദ്രോഹസ്വപ്നത്തെച്ചൊല്ലി ഞാൻ ശോധിച്ചു മുമ്പോട്ടാണ് ഞാൻ കണ്ടത്! എന്റെ യൌവനത്തിലെ വ്യാമോഹങ്ങളുടെ പരിണാമമായതെന്തോ! ഇനിയുള്ള എന്റെ ജീവിതകാലം വിഷാദമേറിയതും, ഉണക്കമില്ലാത്തതും, ഫലപുഷ്ടി തീരെ ഇല്ലാത്തതും, ചുട്ടുപൊള്ളുന്നതും ആയ മരുഭൂമിയാണല്ലോ! എന്നിങ്ങിനെയുള്ള വിചാരങ്ങളാൽ എന്റെ മനസ്സു അത്യന്തം വ്യാകുലപ്പെട്ടിട്ടുണ്ടായിരിക്കണം.'

'എന്റെ മനോവികാരങ്ങളുടെ ഗതിയെന്തെന്ന അവൾ ധരിച്ചിരുന്നിരിക്കണം. അവൾ പരിചാരികയായിരുന്നതിനാൽ എനിക്ക കലശലായി തോന്നിയിട്ടുണ്ടായിരിക്കണം അവൾ അത് ഉദ്ദേശിച്ചിരിക്കണം. ഞാൻ ഒന്ന് അത് സംബന്ധിച്ചു ആലോചിച്ചിട്ടില്ലെങ്കിലും, അവൾ എന്റെ വികാരത്തെ ഒരു വേദം വിടാതെ ഭാവപ്പകർച്ചകളിലെ ഭേദത്തെ എന്നപോലെ ആ പുസ്തകത്തിലും തെറ്റാതെയും വായിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. എനിക്ക് ഇന്ന് ആ കാര്യം തീർച്ചയായിട്ടു പറയാം. അതുകൊണ്ടു ഞാൻ ഒരു നോവലിലെ നായകനെപ്പോലെ എന്റെ അനുരാഗോദ്വേഗത്തെ ഉചിതങ്ങളും ശക്തങ്ങളും ആയ വാക്കുകളാൽ പ്രദർശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അവൾ പൊട്ടിച്ചിരിച്ചതിൽ അത്ഭുതമില്ല. അവളുടെ മനസ്സിൽ എന്റെ വാക്കുകൾ വല്ലാത്ത വികാരങ്ങളെ ഉളവാക്കുവാൻ അവൾക്ക് ഇടകിട്ടാതെ ഹാസ്യരസപ്രധാനമായ ഒരു തോന്നലും ഉളവാക്കിയിരിക്കണം അവൾ ഉറക്കെ ചിരിച്ചത്. എനിക്ക ഇന്നത്തെ വിചാരിക്കുന്നതിന്ന സാധിക്കാത്തവരായിരുന്ന എന്റെ മനസ്സിന്റെ അഗാധത്തിലുള്ള സ്വകാര്യവികാരങ്ങളെ അവൾ നിഷ്ഠുരമായി പരിഹസിച്ച് അവരുടെ ദുർബലതയെയും അപ്രസക്തതയും കൃത്യമായി പരിശോധിച്ച സംഗതി ആലോചിക്കുമ്പോൾ എനിക്ക് ഇന്നുംകൂടി അത്യന്തം ലജ്ജ തോന്നുന്നു.'

'ഡോക്ടർ ഫോഗൻ' എന്റെ ജ്യേഷ്ഠനായിരുന്നു. എന്നെ അദ്ദേഹം പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിലേക്ക ക്ഷണിക്കാറുണ്ട്. ഒരു കുറി ഞാൻ ആ ക്ഷണം സ്വീകരിച്ചതിന്റെ ശേഷം ഒരിക്കൽ എന്നെ അദ്ദേഹം അദ്ദേഹത്തിന്റെ മകളുമായി പരിചയപ്പെടുത്തി. അവൾ കന്യകയാണ്. പ്രായം ഒരു പതിനഞ്ചു വയസ്സായിരുന്നു. യോഗ്യനായ ഒരു വരനെ കണ്ടുകിട്ടാഞ്ഞതുകൊണ്ടാണ് അവളുടെ വിവാഹം കഴിയാഞ്ഞത് എന്നാണ് അവളുടെ പിതാവ് എന്നോ

പറഞ്ഞത്. എന്നാൽ ജനശ്രുതി ആയി-രുന്നു അല്പായിരുന്നു. അവരുടെ തറവാട്ടിന് എന്തോ ഒരു 'പതിതത്വം' ഉണ്ടായിരുന്നതുകൊണ്ട് ചേർപ്പെട്ടവരായും ഒരുവരോടുള്ള ബന്ധുതയെ കാംക്ഷിച്ചിരുന്നായിരുന്നു മനുഷ്യരുടെ ഇടയിൽ സംസാരം.'

എന്തായാലും വേറെ തരക്കേടൊന്നും ഉണ്ടായിരുന്നില്ല. കുട്ടി അതിസുന്ദരിയായിരുന്നു. നവീനസമ്പ്രദായത്തിൽ വേണ്ടപോലെ വിദ്യാഭ്യാസവും കഴിച്ചിട്ടുണ്ടായിരുന്നു. അവളുടെ വാക്‌സാമർത്ഥ്യം വിസ്മയനീയമായിരുന്നു. ഞാൻ പലപ്പോഴും അവളുമായി പല സംഗതികളെക്കുറിച്ചും സംസാരിക്കാറുണ്ട്. സംഭാഷണത്തിനിടയിൽ നേരം പോകുന്നതുതന്നെ ചിലപ്പോഴും അറിയാറില്ല. അവളുമായി സംസാരിച്ചുകൊണ്ടിരുന്ന രാത്രി ഞാൻ താമസസ്ഥലത്തു മടങ്ങി എത്തുമ്പോൾ നേരം വളരെ വൈകിയിരിക്കും. അതിലും എന്റെ മാസ്റ്റർ മനസ്സ് കൊട്ടാരവാതിലുള്ള നിശ്ചിതസമയം എനിക്ക് തെറ്റിക്കാറില്ലായിരുന്നു. ഞാൻ യോഗ്യരുടെ വിട്ടിലായിരുന്നു എന്ന് ആളുകൾക്ക് അറിയാമായിരുന്നു. എങ്കിലും അവർ ഒരിക്കൽ പോലും താമസത്തിനുള്ള കാരണത്തെക്കുറിച്ചു ചോദിച്ചിട്ടില്ല.'

'ഒരിക്കൽക്കൂടി, ഞാൻ മണവറയ്ക്കുള്ളിലെ തീക്ഷ്ണപരീക്ഷണം ... മാത്രമായതല്ലാതെ ഒരു പശ്ചാത്താപം കൂടെ ... സ്വപ്നപ്രായങ്ങളായ ചില ദുരന്തചിന്തകളാകുന്ന ദുഃഖങ്ങളാൽ എന്റെ നേത്രങ്ങളും മനസ്സും ... പെട്ടു. എല്ലാവരും ബാധിച്ചിരിക്കുന്ന ... മുൻപുള്ള [illegible]

ശുദ്ധമായ ഒരു കാലാവസ്ഥയിലാണ് ഞാൻ എന്റെ കണ്ണുകളിലെ രൂപാന്തരങ്ങൾ ആദ്യമായി കണ്ടു. ദുഃഖമയമായിത്തീർന്ന എന്റെ ജീവിതകാലത്തെ പലപ്പോഴും ഉള്ളിലും വൈവിധ്യത്തോടുകൂടിയും തൂക്കിത്തീർക്കുന്നതിനു മതിയായ ആശ്വാസത്തെ ഒരു സ്വന്തം കൈ നീട്ടിയാൽ പിടിക്കാവുന്ന അത്ര അടുത്തു ലഭിച്ചതുകൊണ്ട് എന്നെ കേവലം ഭ്രാന്തചിത്തനാക്കിത്തീർത്തു. ഞാൻ ശരീരപ്രകൃതത്തെ ചെയ്തിട്ടും എനിക്ക് എന്റെ മനസ്സിനെ ആ അയൽപ്പക്കത്തിന്റെ വശത്തുനിന്നും വേർപെടുത്തി മറ്റൊരു ദിക്കിലേക്കു തിരിച്ചുവിടുന്നതിനു തീരെ സാധിച്ചില്ല.'

'ദിനംപ്രതി അവളുടെ മൈത്രി, എളിമയായ വൈദഗ്ധ്യവും ആനന്ദവും എന്നിൽ ഉളവാക്കി. മരണത്തിനു കൊടുക്കാനുള്ള സമയത്തിനു അധികമധികം നീണ്ടുപോകുകയും വന്നുതുടങ്ങി. ആനന്ദവും അസഹ്യതയും എന്നെ ബാധിച്ചു.'

രോഗം ഹൃദയത്തിൽ കിടന്ന് തളിർച്ചുകൊണ്ടിരിക്കുകയാണ് ... ണ്. എന്നാൽ താമസിക്കാതെ സ്വഭാവം മാറ്റത്തോടെ കയ്പ്പുള്ള കാര്യവും ആയി.' എന്നെല്ലാം ഡോക്ടർ ഫെൻ രാരോ രോഗികളെയും രോഗങ്ങളെയും കുറിച്ചു പൊതുവിൽ ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ എന്നോട് പറയുകയുണ്ടായി. സാമാന്യമായ ഒരു അഭിപ്രായമായി മാത്രം അതിനെ പരിഗണിക്കാനാവാത്ത ... ഒരു ... സ്വീകാര്യമായ തന്നെ ആണ്. എങ്കിലും എന്റെ ... സ്ഥിതി ഇപ്രകാരം ആ-

ടിഷനമ്പാർ ഈ അഭിപ്രായത്തെ സ്വീകരിച്ചു എന്നോട് ഇതു പറഞ്ഞതു ... ഉചിതമായില്ല. പക്ഷേ, വളരെ കാലം കഷ്ടപ്പാടുകളുടെ വേദനയും മരണവും കണ്ടുകണ്ടു മനസ്സിന്റെ അലിവും ക്ഷീണവും മാറിപ്പോയിട്ടുള്ള വൈദ്യന്മാർ മനുഷ്യരുടെ സൂക്ഷ്മവികാരങ്ങളുടെ മൂല്യവും സ്വഭാവവും അറിയുവാൻ സാധിക്കാത്തതിൽ അത്ഭുതപ്പെടുവാനില്ല.'

'ഒരു ദിവസം' പാതിരാ കഴിഞ്ഞ സമയം എന്റെ ഭാര്യയും ഞാനും തമ്മിൽ നടന്ന ഒരു സംഭാഷണം സംഗതിവശാൽ എനിക്ക് — ഞാൻ അറിയാതെ — കേൾക്കാൻ ഇടയായി. എന്റെ ഭാര്യ പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട ഡോക്ടർ! നിങ്ങൾ എന്തിനാണ് വെറുതെ എനിക്ക് മയക്കുമരുന്നുകൾ തന്നു കഷ്ടപ്പെടുത്തുന്നത്? എന്റെ ജീവിതം ഒരു ദീനമായിത്തീർന്നിട്ടുള്ള സ്ഥിതിക്ക് ആ ദീനത്തെ ശമനത്തിന് ഉപയോഗം ചെയ്യുന്ന ഒരു സിദ്ധൌഷധമായ എന്തുകൊണ്ടു നിങ്ങൾ എനിക്ക് തരുന്നില്ല?' ഇതു കേട്ടപ്പോൾ ഡോക്ടർ ചിരിച്ചു വിളിച്ചു പറഞ്ഞത്: 'കഷ്ടം! ഇങ്ങനെയുള്ള ചാപല്യവാക്കുകൾ സംസാരിക്കുവാൻ ഉണ്ടാകുന്നില്ലേ?' എന്നാണ് മറുപടി പറഞ്ഞത്.'

'ഈ വാക്കുകൾ എന്റെ മനസ്സിനെ പൊള്ളുന്ന വല്ലാത്ത ഏതോ ഒരു വേദനയിൽ പോയ ശേഷം ഞാൻ പതുക്കെ എന്റെ ഭാര്യയുടെ അടുക്കൽ ചെന്നു. ഞാൻ അവളുടെ ശയ്യയുടെ സമീപം ഇരുന്ന് വിയർപ്പു പൊടിഞ്ഞിട്ടുള്ളതും വിളർത്തിരിക്കുന്നതും ആയ അവളുടെ ഫാലദേശത്തെ മന്ദം

ര... ദിവസം എല്ലാം കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: 'ഈ മുറിയിൽ വല്ലാത്ത ഉഷ്ണമുണ്ട്. നിങ്ങൾ പുറത്തു പോകുന്നതാണ് നല്ലത്.' പതിവുള്ള സായാഹ്ന സഞ്ചാരത്തിനു സമയമായി. ഞാൻ പുറത്തു. ആയാസപ്പെട്ടാൽ അതൊന്നിനും ഉപദ്രവമില്ല.'

'ഞാൻ പോകുന്നതിനു മുമ്പ് അവളുടെ മുഖ്യാവശ്യം ഡോക്ടറുടെ വീട്ടിൽ പോകുന്നതായിരുന്നു. ഒരു ദിവസം വന്നാൽ ഉടനെ നല്ല വഴിതെളിയുന്ന ഞാൻ തന്നെയാണ് ക്ഷീണം ... എന്നു പറഞ്ഞു ധരിപ്പിച്ചത്. എന്റെ കണ്ണാൽ എല്ലാം ... സൂക്ഷ്മമായി [illegible] അരിയിട്ടിരുന്നു എന്ന് എനിക്ക് ഇപ്പോൾ നല്ല ബോദ്ധ്യമുണ്ട്. വിളിച്ചാൽ ഞാൻ അവളുടെ ഒരു വിളിക്കുന്ന ആൾ എന്ന വിചാരിച്ചു വിരോധമാണ് എന്റെ വിളി പുറത്തു വന്നത്.'

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ ഡ കുനിച്ചു കണ്ണു കയ്യുകൊണ്ടു താങ്ങി കുറേ സമയം വിചാരമഗ്നനായിട്ടിരുന്നു. ഒടുവിൽ ഒരു ഗ്ലാസ് കുപ്പി വെള്ളം ആവശ്യപ്പെട്ടു. വെള്ളം കുടിച്ചു കഥ വീണ്ടും തുടർന്നു:—

'ഒരു ദിവസം വൈദ്യനായ മറ്റൊരാൾ എന്റെ ഭാര്യയെ കാണ്മാൻ ആവശ്യപ്പെട്ടു. എന്നോട് എന്റെ അവളുടെ അഭിലാഷം അറിയാതെ ... എന്തിന് ആവശ്യമാണെന്ന് തോന്നിയി... എനിക്കും തടയുന്നതിനു തക്കതായ ... കാരണവും പറയുവാൻ ഉണ്ടായിരുന്നി... ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ പ്രത്യ... ക്ഷ രോഗം ദീനത്തിൽ കിടക്കുമ്പോൾ

യവാൻ ആഗ്രഹം ജനിക്കാറുള്ള സാധാരണയല്ലേ? വിശേഷിച്ചു ഞങ്ങൾ തമ്മിൽ വളരെ പരിചയവുമാണ്. എന്തിനധികം പറയുന്നു? ഒരു ദിവസം സന്ധ്യക്ക് അവൾ എന്റെ സ്ഥലത്തേക്കു വന്നു.'

'അന്നു പകൽ എന്റെ ഭാര്യയുടെ സുഖക്കേടു വളരെ അധികമായിരുന്നു. വേദനയുടെ കാഠിന്യത്താൽ അവൾ ചലനം കൂടാതെ ഒരു സമയം വിറച്ചുകിടന്നു; ഇറുകി പിടിച്ചിരിക്കുന്ന പല്ലുകളും കോച്ചിപിടിച്ചിരിക്കുന്ന കൈകളും തീരെ ചോരയില്ലാത്ത മുഖവും അവളുടെ വേദനയുടെ ശക്തിയെ വെളിപ്പെടുത്തി. മുറികളെല്ലാം തീരെ നിശ്ശബ്ദമായിരുന്നു. ഞാൻ അവളുടെ കിടക്കയ്ക്കു സമീപത്തു തന്നെ ഇരുന്നിരുന്നു. പതിവുപോലെ നടക്കുവാൻ പോകുന്നതിനു അപേക്ഷിക്കുവാൻ അന്ന് അവൾക്കു ശക്തിയില്ല; അല്ലെങ്കിൽ അവളുടെ ശുശ്രൂഷയ്ക്ക് സഹിക്കുന്നതിനു ഞാൻ സമീപത്തുണ്ടായാൽ നന്നായിരിക്കുമെന്നു അവൾക്കു തോന്നീട്ടുണ്ടായിരിക്കാം. എന്നിങ്ങിനെ ഞാൻ അപ്പോൾ ആലോചിച്ചു.'

'കട്ടിലിന്റെ പിന്നിലാണ് വിളക്കു വെച്ചിരുന്നത്. വെളിച്ചംകൊണ്ടുള്ള അസഹ്യത കൂടാതെ കഴിക്കുവാനാണ് അവിടെ മറവിൽ വെച്ചത്. അകത്തു വളരെ കുറച്ചുമാത്രമേ പ്രകാശമുണ്ടായിരുന്നുള്ളൂ. നിബിഡമായ നിശ്ശബ്ദത എങ്ങും വ്യാപിച്ചിരുന്നു. ഇടയ്ക്കിടെ അവൾ ശ്വാസം നീട്ടിവലിക്കുന്നതിന്റെ ശബ്ദം മാത്രമേ ആ മുറിയിലെ അത്യന്തശാന്തതയെ ലംഘിച്ചിരുന്നുള്ളൂ.'

'ഒരു അവസരത്തിൽ കനംകൂടിയ ആവി ഏതാനും അതോടൊപ്പം തകിനു നേരെ എത്തി അവിടെ നിന്നും മറുഭാഗത്തു വെച്ചിരുന്ന ദീപത്തിന്റെ പ്രഭ അവളുടെ മുഖത്തു പതിച്ചു. ഭയങ്കരമായ ഈ പ്രകാശം അവളുടെ കണ്ണുകളുടെ കാഴ്ചയെ സ്വല്പനേരത്തേക്കു തടഞ്ഞു. ആകയാൽ അവൾക്കു മുറിയിൽ ഉള്ളതൊന്നും വ്യക്തമായിക്കാണുവാൻ സാധിച്ചില്ല. തന്നിമിത്തം അവൾ അകത്തു കടക്കുവാൻ ഒരു സംശയിച്ചു.'

'എന്റെ ഭാര്യ പെട്ടെന്നു കണ്ണു തുറന്നപ്പോൾ ഒരു നിഴൽ ആടുന്നതു അവൾ കണ്ടു. എന്റെ കയ്യുപിടിച്ചുംകൊണ്ടു 'ആരാ അവിടെ' എന്നു ചോദിച്ചു. രോഗത്തോടു കൂടി അവൾ പെട്ടെന്നു ഒരു പുതിയ ആളെ മുറിക്കകത്തു കണ്ടപ്പോൾ സംശയമില്ലാതെ പരിഭ്രമിച്ചു. അവൾ ഭയപ്പെട്ടു വിറച്ചുകൊണ്ടു കൂട്ടുസ്വരത്തിൽ 'അവൾ ആര്? അവൾ ആര്? അവൾ ആര്?' എന്ന് എന്നോടു ചോദിച്ചു.'

'ഉത്തരം പറയുവാൻ എനിക്കു കുറച്ചു നേരമായില്ല. ഞാൻ വാതിൽ പതിഞ്ഞുവെച്ച് 'എനിക്ക് അറിഞ്ഞുകൂടാ' എന്നു വിക്കി വിക്കി പറഞ്ഞു. ഉടൻതന്നെ ഇരുട്ടു അകത്തു കടക്കുന്ന ദിക്കുള്ള കതിയാൽ ഒരു കണ്ണു കൊണ്ടെന്നപോലെ എന്റെ ഭാര്യയെ എന്നെ അപ്പോൾ ഒരു മനപ്പെടുത്തി. ഒരു നിമിഷം ഞാൻ സംശയിച്ചു. ഉടനെ 'ആ! അത് നമ്മുടെ ഡാക്ടരുടെ മകളല്ലേ! ശരിതന്നെ' എന്നു ഞാൻ പറഞ്ഞു.'

'എന്റെ ഭാര്യ എന്റെ മുഖത്തേക്ക് ഒരു നോട്ടം നോക്കി! എന്നിട്ടു അവളുടെ

മുഖത്തു നോക്കുന്നതിനു ശക്തിയോ ധൈര്യമോ ഉണ്ടായില്ല. കാൽക്ഷണത്തിൽ അവരെ എതിരേറ്റു സ്വാഗതം പറഞ്ഞ് എന്നോടു വിളക്കെടുത്തു അകത്തുവെപ്പാൻ ആവശ്യപ്പെട്ടു. 'മനോരമ' അകത്തു കടന്ന് അടുത്തിരുന്നു. അവർ തമ്മിൽ കാര്യമായ സംഭാഷണം ഉണ്ടായി. ഈ ഘട്ടത്തിൽ ഡോക്ടറും എത്തിച്ചേർന്നു.'

'അദ്ദേഹം രണ്ടു കുപ്പി മരുന്നും കൂടി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവയെ ഉയർത്തി എന്റെ ഭാര്യയെ കാണിച്ചുകൊണ്ട് നീലക്കുപ്പിയിലെ മരുന്നു പുറത്തു പുരട്ടുവാനും മറ്റേ കുപ്പിയിലുള്ളത് അകത്തേക്കു സേവിക്കുവാനും ആണെന്നു അവരെ അറിയിച്ചു. രണ്ടു കുപ്പിയും തമ്മിൽ മാറിപ്പോകരുതെന്നും, നീലക്കുപ്പിയിലെ മരുന്ന് ഉഗ്രമായ ഒരു വിഷമായതുകൊണ്ടു പ്രത്യേകം സൂക്ഷിക്കേണമെന്നും അദ്ദേഹം വീണ്ടും വീണ്ടും താക്കീതു ചെയ്തു. എന്നിട്ടും ആ കാര്യത്തിൽ അദ്ദേഹം തൃപ്തനായി ... ചെല്ലിച്ചു കുപ്പികൾ രണ്ടും കയ്യിലിരുന്നത് രോഗിണിയുടെ മേശമേൽ വെച്ചു. പോകുന്നതിനു മുമ്പ് അദ്ദേഹം തന്റെ മകളെയും വിളിച്ചു.'

'അച്ഛാ! ഞാൻ ഇവിടെ താമസിക്കട്ടെ. ഇവിടെ സ്ത്രീകൾ ആരും ഇല്ലല്ലോ ഈ രോഗിണിയെ ശുശ്രൂഷിക്കുന്നതിന്' എന്നു മനോരമ അച്ഛന്റെകൂടെ പോകുന്നതിനു മടിച്ചു പറഞ്ഞു. എന്റെ ഭാര്യ അതുകേട്ട് 'അയ്യോ നിങ്ങൾ വെറുതെ എനിക്കുവേണ്ടി ബുദ്ധിമുട്ടേണ്ട. ഇവിടെ ഒരു വൃദ്ധയായ ദാസി ഉണ്ട്. അവർ എന്നെ മാതാവിനെപ്പോലെ ശുശ്രൂഷിക്കുന്നുണ്ട്' എന്ന് ഉടനെ മറുപടി പറഞ്ഞു.

'ഡോക്ടർ അതുകേട്ടു മന്ദഹസിച്ചുകൊണ്ട് എന്റെ ഭാര്യ സാക്ഷാൽ മഹാലക്ഷ്മി തന്നെ ആകുന്നു, അവൾ ജീവകാലം മുഴുവനും മറ്റുള്ളവരെ സന്തോഷം പരിചരിച്ചു പോന്നിട്ടുണ്ടെങ്കിലും, മറ്റൊരാൾ അവളെ പരിപാലിക്കുന്നത് അവൾക്കു തീരെ ഇഷ്ടമല്ലെന്നും മറ്റും ... അഭിപ്രായപ്പെട്ടു. ഒടുവിൽ ഡോക്ടർ യാത്രയായപ്പോൾ എന്റെ ഭാര്യ അദ്ദേഹത്തെ വിളിച്ചുപറഞ്ഞു. 'ഇദ്ദേഹം (ഞാൻ) വളരെ നേരമായി ഈ അടച്ചുപൂട്ടിയ മുറിയിൽ ഇരുന്നു കഷ്ടപ്പെടുന്നു. പുറത്തുപോയി ഒന്നു നടന്നുവരുന്നതിനു ദയവുചെയ്തു കൂടെ കൊണ്ടുപോകണമെന്ന് ഞാൻ പറഞ്ഞാൽ അനുസരിക്കയില്ല.' ഇതു കേട്ടപ്പോൾ ഡോക്ടർ എന്നോടുംകൂടി ചെല്ലുവാനും തന്റെ കൂടെ ... നടക്കാമെന്നും പറഞ്ഞു.'

'ചില്ലറ ഒരു വക ഒഴികഴിവുകളെല്ലാം പറഞ്ഞു എങ്കിലും സമ്മതിക്കാതെ കൂടിത്തന്നെ ... സമ്മതിച്ചു. കുപ്പികളിലെ മരുന്നിനെക്കുറിച്ച് ഒരു പ്രാവശ്യംകൂടി എന്റെ ഭാര്യയെ ഡോക്ടർ പ്രത്യേകം താക്കീതു ചെയ്തു. ഞങ്ങൾ എല്ലാവരുംകൂടി പുറത്തിറങ്ങി.'

'അന്നു രാത്രി ഞാൻ ഏതാണ്ടു കഴിച്ചുകൂട്ടി ഡോക്ടറുടെ വീട്ടിലാണ്. മടങ്ങി എത്തുവാൻ വളരെ വൈകി. വീട്ടിൽ വന്നപ്പോൾ എന്റെ ഭാര്യക്കു വല്ലാത്ത അസ്വസ്ഥത കാണപ്പെട്ടു. മനസ്സാക്ഷിയുടെ കുത്തുകൾ ഏറ്റ് ഉഗ്രമായി പശ്ചാത്തപിക്കുന്ന ഞാൻ അവളോടു 'എന്താ വേദന അധികമുണ്ടോ' എന്നു ചോദിച്ചു.'

അവർക്ക് ഒന്നും ഉത്തരം പറയുവാൻ സാധിച്ചില്ല. വെറുതെ എന്നെ ഉറ്റുനോക്കിക്കൊണ്ടു കിടന്നു. സംസാരിക്കുവാനുള്ള ശക്തി തന്നെ അവർക്കുണ്ടായിരുന്നില്ല.

ഞാൻ ഉടനെ വൈദ്യന്ന് ആളെ അയച്ചു. അദ്ദേഹം വന്നപ്പോഴേ എത്തി. ഒരു പരിശോധിച്ചിട്ടും വൈദ്യന്നു കാര്യം മുഴുവൻ മനസ്സിലായില്ല. ഒടുവിൽ അദ്ദേഹം വേദനയുടെ ആധിക്യമാണെങ്കിൽ പുറത്തു വേദനയില്ലാത്തതിന്നുള്ള മരുന്ന കാച്ചി എടുത്തുപയോഗിച്ചുനോക്കാമെന്നു പറഞ്ഞ് ഒരു മരുന്നുകുപ്പി എടുക്കുവാനാവശ്യപ്പെട്ടു. മേശപ്പുറത്തുനിന്നു കുപ്പിയെടുത്തു നോക്കിയപ്പോൾ — ഈശ്വരാ! ആ കുപ്പി ഒഴിഞ്ഞുകിടന്നു. പരിഭ്രമത്തിൽ കുപ്പി തൊടി പുറത്തു പുരട്ടുവാനുള്ള മരുന്ന മുഴുവനും കഴിച്ചുവോ എന്നു വൈദ്യർ അവരോടു ചോദിച്ചു. അല്പം മന്ദഹസിച്ചുകൊണ്ട് അവർ തല കുലുക്കി ആ ചോദ്യത്തിന്നു അനുകൂലമായതിൽ ഉത്തരം കൊടുത്തു.

വൈദ്യർ ഉടനെ ഓടി സ്വഭവനത്തിൽ ചെന്നു വയറു ഛർദ്ദിപ്പിക്കുന്നതിന്നുള്ള യന്ത്രങ്ങളും മരുന്നുകളും കൊണ്ടുവന്നു. ഞാൻ സ്വബോധം ഏതാണ്ട് വിട്ട് ഒരു സ്വപ്നാവസ്ഥയിൽ അവരുടെ കിടക്കയിൽ ചാരിക്കൊണ്ടിരുന്നു. വാത്സല്യാതിരേകത്തോടുകൂടി ഒരു പ്രിയതമനായ ഭാര്യയായ ഞാൻ്റെ [illegible] എന്നപോലെ എൻ്റെ കൈ അവർ പിടിച്ച് [illegible] എന്ന [illegible]. അവർക്ക് പറയുവാനുണ്ടായിരുന്നതും അവരുടെ മനസ്സിനെ [illegible] അവരുടെ [illegible] കാമങ്ങളേയും വിചാരങ്ങളേയും കണ്ടുകൊണ്ടുതന്നെ എന്നെ അറിയിക്കുവാനിന്നു അവർ ശ്രമിച്ചു. ബാല്യം കഴിഞ്ഞ ശേഷിച്ചു അവരുടെ പാണിതലത്താൽ അവർ പലവുരു എന്നെ സ്നേഹപൂർവ്വം തലോടുകയും 'അരോഗത്തോ വ്യസനിക്കരുത്; ഞാൻ മരിക്കുന്നതാണ് എല്ലാവർക്കും നല്ലത്. നിങ്ങൾ മേലാൽ ഞാൻ ഇല്ലെങ്കിലും സന്തുഷ്ടനായിരിക്കും. ആ [illegible] വിശ്വാസവും എനിക്ക് സമാധാനത്തെയും സംതൃപ്തിയേയും തരുന്നു. അതുകൊണ്ടു ഞാൻ ആ ശേഷം മനോഭാവത്തിനു [illegible] തന്നെ എൻ്റെ ലോകയാത്രയെ അവസാനിപ്പിക്കുന്നു.' എന്നിങ്ങിനെ വീണ്ടും വീണ്ടും എന്നോടു പറയുന്നതായി ആ പ്രൗഢസ്ത്രീയുടെ ഉൽക്കണ്ഠ ശരിയായി എന്നെ ധരിപ്പിക്കുകയും ചെയ്തു.

മരുന്നുകളും [illegible] എടുത്തു വൈദ്യർ മടങ്ങി എത്തിയപ്പോഴേക്കും അവർക്ക് വൈദ്യനെക്കൊണ്ടു ആവശ്യമില്ലാതായി. വൈദ്യശിരോമണികളുടെ [illegible] ങ്ങളെ അതിലംഘിക്കുവാൻ [illegible] സംസാരബന്ധത്തിൽനിന്നു വേർപെടുത്തിയ ആ പരലോകത്തെ അവർ പ്രവേശിച്ചുകഴിഞ്ഞു. അവരുടെ ആത്മാവ് നിസ്സാരവും ക്ഷണഭംഗുരവുമായ ശരീരത്തെ, [illegible] ളെ വിട്ടേച്ചു വേർപിരിഞ്ഞു.

ഇങ്ങിനെ പറഞ്ഞു ഒരു ദീർഘശ്വാസം വിട്ട കരുണാകരമേനോൻ പച്ചവെള്ളം കുടിച്ചു. വല്ലാതെ ഉഴറ്റിക്കുന്ന എന്ന പറഞ്ഞ് [illegible] പുറത്തേക്കു കടന്നു. ഒരു നേരം പുറത്തു എഴുന്നേറ്റു ലാത്തിയതിനുശേഷം വീണ്ടും അകത്തേക്കു വന്നു. അദ്ദേഹത്തിൻ്റെ

ഭാവം കണ്ടാൽ അവന്റെ ചരിത്രം വിസ്തരിക്കുന്നതിന് അദ്ദേഹം വാസ്തവത്തിൽ ഇഷ്ടപ്പെടുന്നില്ലെന്നും അനിവാര്യമായ ഏതോ ഏതോ ഒരു ശക്തിയാൽ കഥ പറയുന്നതിന്നു അദ്ദേഹം നിർബ്ബന്ധിതനായിത്തീർന്നതിനാൽ മാത്രം പറയുന്നതാണെന്നും തോന്നും. എന്തായാലും അദ്ദേഹം കഥ വിവരിച്ചു തുടങ്ങി: —

'യാതൊരു താമസം കൂടാതെ ഞാൻ കാനനങ്ങളെ പൂർണ്ണമായി സ്വീകരിക്കയും ഇതര നാട്ടിലേക്കുള്ള കടലുകൾ കടക്കുകയും ചെയ്തു. അവയുടെ 'അപ്പൂപ്പന്റെ പൂർണ്ണസമ്മതത്തോടുകൂടിയാണ്' ഞാൻ അവയെ വിവാഹം ചെയ്തത്. എങ്കിലും ഞാൻ ഉചിതമല്ലാത്ത ബാല്യകാലങ്ങളിലെ കമ്പനങ്ങളുടെ ചപലതയുള്ള ഹൃദയങ്ങളിലേക്ക് എന്റെ അനന്താത്മീയതയെയോ സ്വാതന്ത്ര്യത്തെയോ പ്രവേശിപ്പിക്കുന്നതിന്ന ശ്രമിച്ചാൽ ആ ചോദ്യങ്ങളും വാക്കുകളും അവയിൽ കത്ത ഇളക്കങ്ങളായി വരാറുണ്ടെന്നുമാത്രമല്ല അനുഭവിപ്പിച്ചിട്ടുള്ളൂ. അവയോ എപ്പോഴും ഗൗരവത്തോടുകൂടി ഇരുന്നു ഇരുന്നു. അവയുടെ ഹൃദയകവാടത്തിൽ കണ്ണീർ തളിച്ചുകിടക്കുന്ന സംശയങ്ങളെയോ വിചാരങ്ങളെയോ ഞാൻ എങ്ങിനെ അറിയും?'

'എന്താണ് ഇങ്ങനെയാണ് ഞാൻ മൃഗപാലനത്തിൽ കാലം ആനന്ദത്തോടുകൂടിയവനായി കഴിച്ചത്.'

'കുറെ കാലത്തെ ഒരു സമ്പാദനത്തിൽ ഞാൻ കാലാവധിയോടുകൂടി 'അനാഗപ്പുരി' എന്ന എന്റെ രാജ്യത്തിൽ സഞ്ചരിക്കാറുണ്ടായിരുന്നു. 'ആ ഘടകങ്ങളുടെ കാട്ടുവാടയ്ക്കൽ ചിലപ്പോൾ കാളപ്പുറത്തുകയറി നില്ക്കുന്ന എവിടെയും പരന്നിരുന്നു. കാട്ടുകളിൽനിന്നു പക്ഷികളുടെ ചിറകടിയൊച്ചകൂടി കേട്ടിരുന്നില്ല. ഉദ്യാനത്തിന്റെ അതിർത്തികളിൽ കിടന്നിരുന്നതും നിബിഡച്ഛായയോടുകൂടിയതും ഉയർന്ന ആ വൃക്ഷങ്ങളുടെ ഇലകൾ മാത്രം കാറ്റത്ത് ഇളകി ഒരു കലകലശബ്ദം പുറപ്പെടുവിച്ചിരുന്നു.'

'കുറെ നടന്നശേഷം വിസ്തൃതമായ ഒരു അശോകവനത്തിന്നരികിൽ ഇരുന്നു. ഞാനും അവരുടെ സമീപത്തു ഇരുന്നിരുന്നു. ആ തണ്ണീർവള്ളിയിൽ ഇരുട്ടിന്നു ശക്തി കൂടിയിരുന്നു. മരക്കൊമ്പുകളുടെ വിടവുകളിൽക്കൂടി കാണപ്പെട്ട ആകാശഭാഗം നീലമേ വിളങ്ങുന്ന നക്ഷത്രങ്ങളാൽ പരിശോഭിതമായിരുന്നു. അശോകത്തെ കൊമ്പുകളെ ആശ്രയിച്ച് ഉറങ്ങിയിരുന്ന പാടിയിരുന്ന ചില ചെറിയ പക്ഷികൾ ചിറകടിശബ്ദം പുറപ്പെടുവിച്ച് എന്തെന്നില്ലാത്ത അപ്പോഴത്തെ അഗാധമായ ശാന്തതയ്ക്ക് ഒരു അതിരും ഭംഗവും വരുത്തിയിരുന്നു.'

'എന്നെ ഞാൻ അല്പം മറന്നിട്ടില്ലായിരുന്നു. എന്റെ മനസ്സ് സ്വസ്ഥമായിരുന്നില്ല. അത്, പക്ഷികളെപ്പോലെ ആകാശത്തു പാറി നടന്നിരുന്നു. സ്വപ്നസമാനത്തിലല്ലിൽ, എന്റെ കണ്ണുകൾ ഇരുട്ടത്തു പരിചയിച്ചപ്പോൾ, ക്രമേണയും കോതമംഗലത്തിലും ഒരു സ്ത്രീയുടെ രൂപം നിഴൽപോലെ എനിക്കു കാണാറാകയും എന്റെ മനസ്സിൽ ഒരു കാട്ട എന്തോ ഒരു അനിർവ്വചനീയമായ ഉൽക്കണ്ഠയുണ്ടാക്കുകയും ചെയ്തു. എന്തിനെന്നോ എന്തോ, ഞാൻ കണ്ടത് ഒരു പെണ്ണിനെന്നും 'എനിക്ക്' അവൾ ഏതോ

കൈകളാൽ വാരിയെടുത്തു മാറോടണച്ച് ആശ്ലേഷിക്കുന്നതിനു സാധിക്കയില്ലെന്നും ഉള്ള ഒരു ബോധം എന്റെ മനസ്സിൽ ഉദിച്ചിരുന്നു.'

'ചന്ദ്രൻ ഉദിച്ചുപൊങ്ങി. അദ്ഭുതകിരണങ്ങൾ കാനനകുഞ്ജങ്ങളാൽ അവിടെയെല്ലാം പ്രകാശമാനമായി. അതിമൃദുവായ കൽത്തറമേൽ ചാരിക്കിടക്കുന്ന ആ യുവതിരത്നത്തിന്റെ സൗന്ദര്യം ചന്ദ്രകാന്തിയോട് ഒന്നായി ചന്ദ്രനെപ്പോലെ പ്രകാശിച്ചു. ആ കാഴ്ച എന്റെ സകലവികാരങ്ങളെയും ഉദ്ദീപിപ്പിച്ചു. ആ ക്ഷണത്തിൽ ഞാൻ അടുത്തുചെന്നു കൃശമായ അവളുടെ ശരീരത്തെ എന്റെ രണ്ടു കൈകളിലും കൂടി എടുത്തുംകൊണ്ട് അവളുടെ മുഖത്തു നോക്കി ഇപ്രകാരം പറഞ്ഞു:—'മനോരമേ! പ്രിയേ; നീ മരണം വിചാരിക്കയില്ലായിരിക്കാം. ഞാൻ നിന്നിൽ അത്യന്തം അനുരാഗമുള്ളവനാണ്; ഞാൻ നിന്നെ ഒരിക്കലും മറക്കുന്നതല്ല; മറക്കുവാൻ എനിക്കു സാധിക്കയും ഇല്ല.'

'ഇത്രയും പറഞ്ഞപ്പോൾ ഞാനൊന്നു ഞെട്ടി. എനിക്കു ഒരു സ്വബോധമുണ്ടായി. മുമ്പൊരിക്കൽ ഈ വാക്കുകൾ തന്നെ ഈ സ്ഥലത്തു വെച്ചു മറ്റൊരു സ്ത്രീയോടു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. ആ ഓർമ്മ എനിക്കുണ്ടായതോടുകൂടി എന്റെ നാഡികൾ എല്ലാം തളർന്നു. ആ ശോകരംഗത്തിന്റെ ശാഖകളിൽ നിന്നു ഉറക്കെ ഒരു ചിരി കേട്ടതായി എനിക്കു തോന്നി. കലകലശബ്ദത്തിൽ ആരോ ഉറക്കെ ചിരിക്കുന്നതായി തോന്നിയ ആ ശബ്ദം കാറ്റുവഴിക്കു കിഴക്കോട്ടും പടിഞ്ഞാറോട്ടും അകന്നകന്നു പോകുന്നതായി എനിക്കു തോന്നി. എന്റെ മനസ്സിനെ ഭേദിക്കുന്ന ആ ചിരിയോ, അതോ ആ കാഴ്ചയെക്കുറിച്ചുള്ള ഓർമ്മയോ എന്ന് എനിക്കു വ്യത്യാസപ്പെടുത്തി പറയുവാൻ സാധിക്കയില്ല. എന്തായാലും ആ ശബ്ദം എന്നിൽ വലുതായ ഒരു വികാരഭേദത്തെ ഉണ്ടാക്കി. ആ നിമിഷത്തിൽ ഞാൻ ബോധരഹിതനായി ആ തറമേൽ നിന്നു താഴെ ഉരുണ്ടുവീഴുകയും ചെയ്തു.'

'എനിക്കു സുബോധം വന്നപ്പോൾ ഞാൻ എന്റെ മുറിക്കകത്തു കിടക്കമേൽ കിടക്കുന്നു. മനോരമ അടുത്തിരിക്കുന്നുണ്ട്. 'എന്താ ഇത്ര പെട്ടെന്നു ബോധക്ഷയമുണ്ടാവാൻ കാരണമുണ്ടായത്?' എന്നു മനോരമ എന്നെ നോക്കി ചോദിച്ചു. 'ഇത്രയും ഭയങ്കരമായ ശബ്ദത്തോടുകൂടിയ ഒരു ചിരിയുടെ ശബ്ദം ആകാശത്തുനിന്നു ഉൽക്കടമായി പുറപ്പെട്ടതു നീ കേട്ടില്ലേ?' എന്നു ഞാൻ ചോദിച്ചപ്പോൾ എനിക്കു ഭേദമുണ്ടായി. പുഞ്ചിരിയോടുകൂടി മനോരമ പറഞ്ഞു:—'അതു ചിരിയുടെ ശബ്ദമല്ല. ആകാശത്തുകൂടി പറന്നുപോയിരുന്ന ഒരു കൂട്ടം പക്ഷികളുടെ ചിറകടിശബ്ദമായിരുന്നു. കഷ്ടം! അതു കേട്ട് ഇത്ര ഭയപ്പെട്ടുവോ?'

'പകൽ മുഴുവനും ആ പക്ഷികളുടെ ചിറകടിശബ്ദമായിരുന്നു എന്നു വിചാരിച്ചു ഞാൻ സമാധാനപ്പെട്ടു. ആ കാലത്തു സന്ധ്യാനേരങ്ങളിൽ ഗംഗാനദിയിൽ നിന്നു കക്കകളും മറ്റും തിന്നുന്നതിനു കൊക്കുകൾ കൂട്ടംകൂട്ടമായി വരാറുണ്ട്. അവയുടെ ശബ്ദമായിരുന്നു കേട്ടതെന്നു വകവെച്ചു ഞാൻ ധൈര്യപ്പെട്ടു. സന്ധ്യ കഴിഞ്ഞപ്പോൾ ആ ധൈര്യവും ഇല്ലാതായി; വിശ്വാസവും എനിക്കില്ലാതായി. ആ ചിരിയുടെ ശബ്ദത്തെ സംബന്ധിച്ച് ഇതുവരെ ഉണ്ടായിരുന്ന ഊഹാപോഹങ്ങൾ വിട്ട് ആ ചിരി ശബ്ദമായിരുന്നു എന്നതിനു സ്പഷ്ടമായ വല്ല കാരണവും ഉണ്ടായി എന്നു എനിക്കു രാത്രിയിൽ തോന്നുകയും അതോർത്തു ഞാൻ പരിഭ്രമിക്കുകയും ചെയ്തു. എന്തിനു അധികം പറയുന്നു? എന്റെ ഭയം ദിനംപ്രതി വർദ്ധിച്ചുവന്നു.

യുള്ളൂ. ഒടുവിൽ, അസ്തമനത്തിനുശേഷം ഞാൻ മനോരമയോടു ഒരു വാക്കെങ്കിലും സംസാരിക്കുന്നതിനു ധൈര്യപ്പെട്ടില്ല. അതിന് അശക്തനായിത്തീർന്നു.'

'വീട്ടിൽ കഴിക്കുന്നതിനു താല്പര്യമില്ലാതെ ഞാൻ വഞ്ചിയിൽ ഒരു യാത്ര നിശ്ചയിച്ചു. കുറെ ദിവസം ബോട്ടിന്റെ തട്ടിൽത്തന്നെ കഴിക്കുവാൻ തീർച്ചപ്പെടുത്തി. ഗംഗാനദിയിലെ യാത്രയും, നദിയുടെ ഇരുപാർശ്വങ്ങളിലും ഉള്ള നാനാതരങ്ങളായ കാഴ്ചകളും, നദീജലത്തിൽ കാറ്റു കളിക്കുമ്പോഴുണ്ടാകുന്ന [illegible] ലതയും എനിക്കു വളരെ ആശ്വാസത്തെയും ശരീരസൗഖ്യത്തെയും തന്നു. മനോരമയും ആ ദിവസങ്ങളിൽ എന്നോടു അധികമധികം ഇണങ്ങിപ്പോരുകയും പിന്നെ അവളുടെ പഴയ കളിയായി എന്നെ ഉന്മേഷപ്പെടുത്തുകയും ചെയ്തു.'

'രണ്ടുദിവസത്തെ യാത്രകൊണ്ടു ഞങ്ങൾ പത്മാതീരത്തിൽ എത്തി. സ്വതേ ഭയങ്കരവും അത്യുൽക്കടവും ആയ പത്മാനദി അന്നു ശാന്തമായി അനക്കമില്ലാതെ ഉറങ്ങുന്നപോലെ കിടന്നിരുന്നു. ഒരു ഭാഗത്ത് — വടക്കേഭാഗത്ത് — നിർജ്ജീവമായും, യാതൊരു ചെടിപ്പുല്ലുമില്ലാതെയും മനുഷ്യപാദങ്ങളാൽ സ്പർശിക്കപ്പെടാതെയും ഉള്ള മണൽത്തിട്ട്, നോക്കിയാൽ എത്താത്തവിധം ഉള്ള ദൂരത്തിൽ അവസാനമില്ലാതെ പരന്നു കിടക്കുന്നു. മറുഭാഗത്താകട്ടെ — തെക്കേഭാഗത്ത് — ഉയർന്ന നദീതീരങ്ങളിൽ തിങ്ങിനിറഞ്ഞു നില്ക്കുന്ന വിശേഷപ്പെട്ട മാവിൻതോട്ടങ്ങൾ നദിയുടെ മുഖത്തു സായാഹ്നകാലത്തു കണ്ടുകൊണ്ടു ഇരുപാലെ കാറ്റത്ത് ആടി ഉലഞ്ഞിരുന്നു. പുഴയുടെ ഉപരിഭാഗം ശാന്തമായിരുന്നാലും അടിയിൽ തിരുകലമിളകിയോടുകൂടി ഒഴുകുന്നതായിരുന്നു. അതിന്റെ ശക്തിയാൽ മണൽ വക്കുകളിൽനിന്നു കരയുടെ ഭാഗങ്ങൾ നദിയിലേക്കു പൊട്ടി വീണു കൊണ്ടിരുന്നു.'

'ബോട്ടിൽനിന്ന് ഇറങ്ങുന്നതിന് ഉചിതമായ പ്രദേശം ഇവിടെ ആണെന്നുറപ്പിച്ചു ബോട്ടു കെട്ടിച്ചു കെട്ടുവാൻ ഞാൻ ആവശ്യപ്പെട്ടു. ഒരു ദിവസം സന്ധ്യയ്ക്കു ഞങ്ങൾ — മനോരമയും ഞാനും — നടന്നുനടന്നു കുറെ അധികം ദൂരം പോയി. വൃക്ഷങ്ങളാലോ ചെറുകുന്നുകളാലോ മറയ്ക്കപ്പെടാത്തതും അപരിമിതമായി പരന്നുകിടക്കുന്നതും ആയ ആ മണൽത്തിട്ടയെ കാഞ്ചനമയമാക്കി ചെയ്തുകൊണ്ടിരുന്ന അസ്തമനസൂര്യൻ ചക്രവാളത്തിൽനിന്നു മാഞ്ഞ ഉടൻതന്നെ ആകാശോദ്ദീപകനായ അത്ഭുതകിരണൻ പൂർണ്ണശോഭയോടുകൂടി വിളങ്ങുകയും, ആ മണൽപ്രദേശത്തെയെല്ലാം അത്യുജ്ജ്വലമാക്കി പ്രതിഫലിപ്പിക്കുകയും ചെയ്തു. അറ്റമില്ലാതെ പരന്നുകിടക്കുന്നതും എല്ലാവശങ്ങളും ചക്രവാളംവരെ തൊട്ടുകിടക്കുന്നതും ചന്ദ്രകാന്തിയാൽ വിസ്മയനീയമായ മനോഹരതയോടുകൂടിയതുമായ ആ പ്രദേശത്തു ഞങ്ങൾ രണ്ടുപേരും മാത്രം നടന്നുകൊണ്ടിരുന്നപ്പോൾ, നിർജ്ജീവമായതും സ്വപ്നസമാനമായതും ആയ ചന്ദ്രലോകത്തിലാണോ സഞ്ചരിക്കുന്നതെന്നുകൂടി തോന്നിപ്പോയി. മനോരമ തലയിൽക്കൂടി പുതച്ചു മുഖം മറച്ചിരുന്ന ചുകന്ന സാൽവയെ കഴുത്തിലേക്കു താഴ്ത്തി. ശാന്തത നിബിഡമായിത്തീർന്നു. മനുഷ്യശബ്ദം പോലും അവിടെ എങ്ങും ഇല്ലാതായി. എവിടെ നോക്കിയാലും പരന്നുകിടക്കുന്ന മരുഭൂമിയും, അതിനു അലങ്കാരമായി തീർന്നിട്ടുള്ള പൂനിലാവും മാത്രം! മനോരമ എന്നോടു ചേർന്നുകൂടി ചേർന്നു നടന്നു. ആദ്യം എന്റെ കൈ തന്റെ അവളുടെ മൃദുലമായ കൈകളാൽ എടുത്തു [illegible] ആശ്ചര്യത്തെയും യൌവനത്തെയും ആവശ്യത്തെയും [illegible]

വിശ്വാസത്തോടുകൂടി എന്നെ എല്ലിച്ചു പോലെ എന്നോടു ഒരുമായി ചേർന്ന്. ഞാൻ വിചാരപ്പെട്ടിരുന്നതായാൽ എന്തുകൊണ്ട് സന്തോഷാതിരേകത്താൽ എന്റെ കണ്ഠം പതറുന്നു. കൽപ്പനകളാൽ നാലുപുറവും അത്ഭുതത്തിൽ കല്പിച്ചിട്ടുള്ള ചെറിയ കുടിലുകളുള്ളവെച്ചിരുന്ന സ്ത്രീപുരുഷന്മാരിൽ ഞാനൊരാൾ അനുഭവിക്കുന്നതും വല്ലതുമുണ്ടോ? അവർണ്ണനീയമായ സുഖങ്ങൾ അനുഭവിക്കപ്പെടുന്നതും അവസാനമില്ലാതെ പരന്നുകിടക്കുന്നതും ആയ ഇങ്ങിനെ ഉള്ള നിസ്തുല്യസ്വരൂപങ്ങളായ സ്ഥലങ്ങൾക്കപ്പുറമുള്ള ലോകങ്ങളെ ബോധിപ്പിക്കുന്നതിനു സാധിക്കയില്ല. ഒട്ടും വിട്ടം ഭയവും ഇല്ലെങ്കിലും, സമീപത്തെങ്ങും ഒരു സ്വരവും ശ്രുതിയും ഇല്ലെങ്കിലും, അനിർവചനീയസങ്കേതമായി ഞങ്ങൾ തമ്മിൽ കൈകോർത്തുപിടിച്ചുകൊണ്ട് ആ സ്ഥലം മുഴുവൻ ചുറ്റി നടന്നുകൊള്ളാം എന്നിങ്ങനെ മാത്രമേ ഞാൻ വിചാരിച്ചുകൊണ്ടിരുന്നു.'

'ഇതിനുമുമ്പ് അനുഭവിച്ചിട്ടില്ലാത്ത ആനന്ദാവേശത്തോടും അഭിമാനത്തോടുംകൂടി ഞങ്ങൾ ഇപ്രകാരം നടന്നുപോകുമ്പോൾ കുറേ ദൂരെ ഒരു ചെറിയ ജലാശയം കണ്ടു. നല്ലമാതിരിയുള്ള നാനാവർണ്ണത്തിലുള്ള പൂക്കളുടെ ഉത്ഭവങ്ങളാൽ നിറഞ്ഞ വിട്ടുമുള്ളതായി കിടക്കുന്ന ആ തടാകത്തിലെ വെള്ളം ചലിക്കാതിരിക്കയായിരുന്നാലും, ശീതളനായ ചന്ദ്രൻ തന്റെ രശ്മികളാൽ അതിന് ഒരു വെള്ളിപ്പൂശലിന്റെ മട്ട് ചേർത്തിരുന്നു. ആ സ്ഥലത്തെത്തിയപ്പോൾ മനോരമ പെട്ടെന്നു നില്ക്കുകയും എന്തോ ചില പുതിയ വികാരങ്ങളാൽ പരിതപ്തയായി അവൾ എന്റെ മുഖത്തേക്കു നോക്കുകയും ചെയ്തു. അതുപോലെ ഉള്ള ഒരു വികാരത്തെ ഞാൻ അനുഭവിച്ചതിനാൽ അപ്പോഴും പരിഭ്രമം വിടാതെ ഞാൻ അവളുടെ ശരീരഭാഗങ്ങളെ ഒന്നു ആലിംഗനം ചെയ്തിരുന്നു, ചന്ദ്രികയിൽ ശോഭിക്കുന്ന പത്മം നീക്കുകയും കോമളമായ മുഖത്തെ ഉയർത്തി അവളുടെ ഗന്ധസ്ഥലങ്ങളിൽ ഗാഢമായി ഒന്നു ചുംബിക്കയും ചെയ്തു.'

'ഹാ! തൽക്ഷണത്തിൽ, മനസ്സിലാക്കാൻ കഴിയാത്ത ആ കണ്ണാടിയിൽനിന്ന്, നിശ്ശബ്ദമായ ആ ശാന്തമായ മദ്ധ്യത്തിൽനിന്ന്, അക്ബാറിയെ ആവരണം ചെയ്ത ചന്ദ്രരശ്മികളുടെ നിഴലിൽനിന്ന്, പുറപ്പെട്ട ഒരു ശബ്ദം എന്റെ കർണ്ണപുടത്തെ ആകർഷിച്ചു. ആ ശബ്ദമായിരുന്നു 'അവൾ ആര്! അവൾ ആര്! അവൾ ആര്!' എന്നിങ്ങനെ മൂന്നു പ്രാവശ്യം ഗംഭീരസ്വരത്തിൽ എന്നോടു ചോദിക്കുന്നതായി എനിക്കു തോന്നി.'

'ഞാൻ ഒന്നു ഞെട്ടി. മനോരമയും പെട്ടെന്നു എല്ലാം വിട്ടു. ഒരു നൊടിയിടയിൽ ഞങ്ങൾക്ക് കാര്യം മനസ്സിലായി. ഞങ്ങൾ കേട്ട ശബ്ദം മനുഷ്യശബ്ദമല്ലെന്നും അത് അമാനുഷികമായ ഒരു ശക്തിയിൽനിന്നുണ്ടായതാണെന്നും ഞങ്ങൾക്കു വ്യക്തമായി തോന്നി. ചലിക്കാതെ നിന്ന ആ തടാകത്തിൽ സ്വച്ഛമായുള്ള ജലത്തിനും, കിളികളുടെയും ചിലപ്പോഴും കൂടാതെ സ്വയം സംസാരം ചെയ്യുന്ന ജലശക്തികളും അവയുടെ ഗൂഢമായ സങ്കേതസ്ഥാനത്തിൽ ഞങ്ങൾ അതിക്രമിച്ചപ്പോൾ പരിഭവിച്ചുകൊണ്ടുണ്ടായ ശബ്ദമാണ് ഞങ്ങൾ കേട്ടത്.'

•

എങ്കിലും പെട്ടെന്നുണ്ടായ പരിശ്ര മത്താൽ അസ്വസ്ഥനായായിത്തീർന്ന ഞ ങ്ങൾ ഉടനെത്തന്നെ പോയ്ക്കിടക്കുന്ന സ്ഥലത്തു മടങ്ങുകയും കാലവിളക്കോ കൂടാതെ ഉറങ്ങുവാൻ കിടക്കുകയും ചെയ്തു. നേരം ഏറെച്ചെന്നിട്ടും മനോരമ കിടന്ന തറിയാതെ അവളുടെ സ്വപ്നനിദ്രയെ പ്രാപി ച്ചു. എനിക്ക് ഒരു യാമത്തിൽ ഉറക്കം വന്നില്ല. അല്പമായി മാത്രം തൊട്ടി ന്നകത്തു പ്രവേശിച്ചിരുന്ന നിലാവിനാൽ മാത്രം പ്രകാശിച്ചിരുന്ന എന്റെ കിടക്ക യ്ക്കു സമീപത്ത് ആരോ ഒരാൾ നിന്ന ക ട്ടിലിന്റെ മൂടിയിരുന്ന കൊതുവലയെ പൊക്കി ഒരു കയ്യുകൊണ്ടുയർത്തിയും മ റ്റൊരു കയ്യുകൊണ്ടു എനിക്കു സമീപത്തു കിടന്നിരുന്ന മനോരമയെ ചൂണ്ടിക്കാ ണിച്ചുകൊണ്ടും മൃദുസ്വരത്തിൽ എന്റെ ചെവിയിൽ 'അവൾ ആര്! അവൾ ആ ര്! അവൾ ആര്?' എന്നു വിടാതെ വീ ണ്ടും വീണ്ടും ചോദിക്കുന്നതായി എനിക്കു തോന്നി.'

ഞാൻ പെട്ടെന്ന് എണീറ്റു ഒരു തീപ്പെട്ടിക്കോലുരസി അടുത്തുണ്ടായിരുന്ന മെഴുകുതിരിവിളക്കു കത്തിച്ചു. വെളിച്ച ത്താൽ നിഴൽ എന്നപോലെ ഞാൻ ക ണ്ടസത്വം ഉടനെത്തന്നെ മറഞ്ഞുപോയി. കട്ടിലിലെ കൊതുവലയെ ഉലച്ചിരിക്കയും, തൊട്ടിനെ വെള്ളത്തിലിട്ടു തുള്ളിക്കുകയും, കൂടെ കിടക്കുന്ന എന്റെ ജീവരക്ഷ യെ ഉദ്ബുദ്ധമാക്കുകയും ചെയ്യുന്ന കമ നീയമായ കല്പകങ്ങളെല്ലാം ആ പ്രദേശത്തെ ല്ലാം ശബ്ദമയമാക്കിത്തീർത്തു. ആ ശബ്ദം നദി കടന്ന്, പക്ഷെ കിടക്കുന്ന മനോരമ യെ അതിലംഘിച്ച്, നിശ്ശബ്ദതയിലു ള്ളതയെ ആരാധിക്കുന്ന ഗ്രാമങ്ങളേയും സ്ഥലങ്ങളേയും പിന്നിട്ട്, നാടുകളേയും കാ ടുകളേയും കടന്ന്, ലോകത്തെ തന്നെ കടന്നുപോയി പ്രയാണം ചെയ്തു, ക്രമേ ണ കാണാതെ കാണാതെ ബ്രഹ്മാണ്ഡത്തിൽ ലയിക്കുന്നതായി എനിക്കു തോന്നി. അ തിന്റെ മൂർച്ചയുള്ള സ്വരം പോലെ കേട്ട ദിക്കുകളെ കു ന്നാകെ ശൂന്യമായതും വിടാതെ നി ശ്ശബ്ദതയും ആ ശബ്ദം, ഉറക്കത്തി ലും സ്വപ്നത്തിലും ജാഗ്രദവസ്ഥയിലും കൂ ടെ ഞാൻ അനുഭവിച്ചിട്ടില്ലാത്ത ആ ശ ബ്ദം, ജീവരാശിയും മനസ്സും അതിക്ര മിച്ചു താഴെ ക്രമത്തിൽ നാദബ്രഹ്മത്തോ ടു കൂടി ലയിക്കുന്നതായി എനിക്കു തോ ന്നി. അവസാനമില്ലാത്ത ആ ബ്രഹ്മാ ണ്ഡം എന്റെ അവശേഷിച്ചിരുന്ന മന സ്സ്, ആ ശബ്ദം എത്ര കാലത്തു കാലത്തു വന്നാലും എവിടെച്ചെന്നു ലയിച്ചാലും എന്റെ ആലോചനാശക്തിയുടേയോ അ നുഭവത്തിന്റെയോ അതിർത്തികൾ വിട്ടു പ ണ്ടത്തെ പോലെയില്ലെന്നും എനിക്കു തോന്നി. എന്റെ മനോവികാരങ്ങൾ തീരെ ശാ ന്തങ്ങളായിത്തീർന്നപ്പോൾ ഞാൻ വിള ക്കു കെടുത്തി മനസ്സിനേയും ബുദ്ധിയേയും ഉറപ്പിച്ച് ഉറങ്ങി സമാധാനപ്പെടുവാൻ ശ്രമിച്ചു. എങ്കിലും ഞാൻ വിളക്കു കെടു ത്തി കിടന്നപ്പോഴെല്ലാം രാത്രിയുടെ നിശ്ശ ബ്ദതയിൽ നിന്ന് എന്റെ കിടക്കയുടെ സമീപത്തായി 'അവൾ ആര്, അവൾ ആര്, അവൾ ആര്' എന്നിങ്ങനെ ഞാൻ വീണ്ടും കേട്ടു. ആ താളത്തിലു ള്ള സ്വരത്തിലും ശ്രുതിയിലും അവ എ ന്റെ നാഡികളിൽ കൂടി കടന്നു എന്റെ

ന്നതായി എനിക്കു തോന്നി. [illegible] വെച്ചിരുന്ന എൻ്റെ വാച്ചും അതിൻ്റെ [illegible] 'അവൾ ആര്, അവൾ ആര്, അവൾ ആര്' എന്നുതന്നെ അതിൻ്റെ [illegible] എനിക്കു തോന്നി.'

[illegible]

[illegible] ബി. എ., ബി. എൽ.

ഒരു വിരഹിയുടെ വിചാരം

൧ [illegible]

൨ [illegible]

൮ [illegible]
[illegible]
[illegible]
[illegible]

൯ [illegible]
[illegible]
[illegible]
[illegible]

൧൦ [illegible]
[illegible]
[illegible]
[illegible]

൧൧ [illegible]
[illegible]
[illegible]
[illegible]

(ഭീമകവിക)

കോലത്തിരിരാജാവും അലിരാജാവും

(൧)

കന്യാകുമാരിമുതൽക്കു വടക്കോട്ടു വ്യാപിച്ചുകിടക്കുന്ന മലയാളത്തിലെ പ്രധാനനാടുകളിൽ ഒന്നു [illegible] ആണ് കോലത്തിരിനാട്. ഈ നാട് കണ്ണൂരിന്നു 9 മയിൽ വടക്കുള്ള ഏലിയിൽനിന്നു തെക്കോട്ടു, വടകരയും കോട്ടയിലും എടയിലുള്ള പുഴയിൽനിന്നു വടക്കോട്ടും വ്യാപിച്ചുകിടക്കുന്നതുകൊണ്ടു കണ്ടരാജാവിന്റെയും സാമൂതിരിപ്പാട്ടിലേയും നാടുകളുടെ മദ്ധ്യത്തിൽ 52 മയിൽ നീണ്ടുകിടക്കുന്നു എന്നു പറയാവുന്നതാണ്. പണ്ടു ലക്ഷദ്വീപുകളും കോലത്തിരിരാജാവിന്റെ വകയായിരുന്നു. പക്ഷെ, പിന്നീട അവ [illegible] അലിരാജാവിന്റെ അധീനത്തിലായിത്തീർന്നു.

അലിരാജാവിന്റെ ഉത്ഭവം കോലത്തിരിവംശത്തിൽ നിന്നാണ്. ആ വംശത്തിലെ ഒരു തമ്പുരാട്ടിക്ക് [illegible] ഉണ്ടാകയാൽ വിവാഹം കഴിച്ചുകൊടുക്കാത്തതാകകൊണ്ടോ, ആ [illegible] തീരെ [illegible] വിട്ടിരുന്ന [illegible] മതത്തിന്റെ [illegible] ഹാനികരമായ [illegible], [illegible] വിചാരിച്ചും, ആ സ്ത്രീയെ [illegible]

ന്നു അറേബിയയിൽനിന്നു വന്ന മഹമ്മദീയനായ ഒരു മാപ്പിള (Moor)ക്കു മകളെ നൽകി കൊടുത്തു. ആ മരുമകനു ആലിരാജാവ് (മാപ്പിളമാരുടെ സമുദ്രത്തെ ഭരിക്കുന്ന രാജാവ്) ആഴിരാജാവ് അല്ലെങ്കിൽ അലിരാജാവു (സമുദ്രരാജാവ്) എന്നുള്ള സ്ഥാനമാനവും, ആ രാജകുടുംബത്തിലെ ചിലവിനായി ലക്ഷദ്വീപുകളും കണ്ണൂരിനു ചുറ്റുമുള്ള ചില പ്രദേശങ്ങളും കോലത്തിരി രാജാവു പതിച്ചുകൊടുക്കുകയും ചെയ്തു. അതിനാലാണ് ഇന്നും ലക്ഷദ്വീപുകളിലെ സ്വത്തുക്കൾ എന്നുള്ള പാട്ടപ്രകാരം ആ ദ്വീപുകളുടെ ആധിപത്യവും അലിരാജാവിന്നു നിലനില്ക്കുന്നത്.

കോലത്തിരിനാട് പണ്ടുമുതലേ ധനപുഷ്ടിയുള്ള ഒരു നാടായിരുന്നു. ആ നാട്ടിലുണ്ടാവുന്ന കുരുമുളക്, ഏലം, ചന്ദനം എന്നീ സാധനങ്ങൾ മെഡിറ്ററേനിയനിലെ പല തുറമുഖങ്ങളിലേക്കും പുറനാടുകളിലേക്കും വളരെ സൌകര്യത്തിൽ അയച്ച് ലാഭത്തിൽ വില്ക്കുവാൻ സാധിച്ചിരുന്നു. അതായിരുന്നു ആ നാട്ടിന്റെ പുഷ്ടിക്കുള്ള പ്രധാനകാരണം.

മലയാളത്തിലെ മാപ്പിളരാജാവായ അലിരാജാവ്, കണ്ണൂർനാട്ടിലെ കച്ചവടസാധനങ്ങളെല്ലാം പുറരാജ്യങ്ങളിൽ കൊണ്ടുപോയി വിറ്റു, ആ നാടുകളിൽ നിന്നു പല തരം സാധനങ്ങളും ഈ നാട്ടിലേക്കു കൊണ്ടുവന്നു കൊടുത്തും കച്ചവടം ചെയ്തു വന്നു. ആ കച്ചവടം കണ്ണൂർ നാട്ടിന്റെ ധനപുഷ്ടിക്കു കാരണമായി. അലിരാജാവ് ആ കച്ചവടം നിമിത്തം അതിധനികനായിത്തീർന്നു. ധനം വർദ്ധിക്കയാൽ കോലത്തിരിരാജാവിനെയും ആ നാട്ടുകാരെയും അധികം കൂട്ടാക്കാതെ യായി. പിന്നീട ഈ അലിരാജാവ് കണ്ണൂർ നാട്ടിൽ ഉണ്ടായിവന്ന കലഹങ്ങളിലും കുഴപ്പങ്ങളിലും അത്ര്യവസാനമായി നിൽക്കുകയും, ഒടുവിൽ കോലത്തിരിയുടെയും നാടിന്റെയും അധഃപതനത്തിനു കാരണമായിത്തീരുകയും ചെയ്തു.

16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളത്തിൽ പോർത്തുഗീസുകാർ വന്നപ്പോൾ കോലത്തുനാട്ടു വളരെ ധനപുഷ്ടിയോടും ഐശ്വര്യത്തോടും കൂടിയാണിരുന്നിരുന്നത്. എന്നാൽ പോർത്തുഗീസുകാർ കണ്ണൂരിൽ ഒരു കോട്ടകെട്ടുവാൻ സമ്മതം എന്നു ലഭിച്ചുവോ അന്നു മുതൽക്കു നാട്ടുകാരുടെ കഷ്ടകാലവും തുടങ്ങി. അവരുടെ ആധിപത്യത്തിലായി. അതുകൊണ്ടു പണ്ടത്തെ ഐശ്വര്യവും അസ്തമിച്ചു. അവരുടെ മേൽക്കോയ്മ എന്തായാലും വേറെ വല്ല വിധത്തിലും വിട്ടുപോയാൽ മതിയെന്നു കോലത്തിരിക്കും കോലത്തുനാട്ടുകാർക്കും തോന്നിപ്പോയി. ഇത്രത്തോളം വെറുപ്പുവന്നത് 1663-ലാണ്.

1663-ൽ പോർത്തുഗീസുകാരുടെ കണ്ണൂർക്കോട്ട ഡച്ചുകാർ പിടിച്ചടക്കി. അതു കഴിഞ്ഞ ഉടനെ കോലത്തിരി ഡച്ചുകാരുമായി ഒരു സഖ്യക്കരാറു ചെയ്തു. പിന്നെ ഒരു കച്ചവടക്കരാറും ചെയ്തു. 1664ൽ (കൊല്ലം 839-ൽ) അലിരാജാവും ഈ കരാറിൽ ഉൾപ്പെട്ടു. എന്നാൽ, ഈ കരാറു പ്രകാരമൊന്നും നടന്നവന്നില്ല. എങ്കിലും, 1680—81-ൽ (കൊ 855—56-ൽ) ഈ കരാറുകൾ പുതുക്കി.

ഡച്ചുകാരാർ തമ്മിൽ സമ്പർക്കം ഉണ്ടായിരുന്ന കാലത്തു, അവരും ഡച്ചുകാരുടെ എതിരാളികളായ ഇംഗ്ലീഷുകാരും തമ്മിലുള്ള മത്സരങ്ങളും അതുമൂലമുണ്ടായ കുഴപ്പങ്ങളും ഇതിന്നിടയിലാണ്. ഈ അന്തഃഛിദ്രങ്ങളെല്ലാം ന

ല്ലു തരമാക്കിപ്പിടിച്ച് ആലിരാജാവു തൻെറ മറ്റു സ്ഥലങ്ങളെ നശിപ്പിച്ചും ഉപദ്രവിച്ചു. അതിനു പുറം ഉപ്പിനുള്ള കത്തിലുകളും കെട്ടിച്ചു.

1718-ൽ (കൊ 893-ൽ) ഒരു മഹമ്മദീയൻ കോലത്തിരിയുടെ ഉദ്യോഗസ്ഥനായ നായന്മാരിൽ ഒരുത്തനെ കൊന്നതുനിമിത്തം നായന്മാരും മാപ്പിളമാരും തമ്മിൽ വലിയ ശണ്ഠയായി. അതുകൊണ്ടു പരന്ത്രീസുകാർ കണ്ണൂരിലുണ്ടായിരുന്ന കച്ചവടം തീരെ വിട്ടുപോയില്ല. നായന്മാരെയും മാപ്പിളമാരെയും തമ്മിൽ യോജിപ്പിക്കുവാൻ ലന്തക്കാർ ചെയ്ത ശ്രമം നിഷ്ഫലമാകയും ചെയ്തു.

1721-ൽ (കൊ 896-ൽ) നായന്മാരും മാപ്പിളമാരും തമ്മിൽ വെളിവായി കലഹവും യുദ്ധവും തുടങ്ങി. അതിൽ മാപ്പിളമാർ തീരെ തോററുപോയി. ഈ യുദ്ധത്തിൽ കോലത്തിരിക്ക് ഇംഗ്ലീഷുകാരും ആലിരാജാവിനു ലന്തക്കാരും സഹായിച്ചു. കണ്ണൂരൊടി ആലിരാജാവിൻെറ വകത്തിനു പിടിച്ചാൽ അതു തങ്ങളെ ഏല്പിക്കണമെന്ന് ഇംഗ്ലീഷുകാർ ആശിച്ചു. നായന്മാർ ആ താവളത്തെ ഏറെക്കാലം നോക്കി. പക്ഷേ, സാധിക്കാതെ മടങ്ങേണ്ടിവന്നു.

1723-ൽ (കൊ 898-ൽ) ഈ കൂട്ടർ തമ്മിൽ ഒരു കരാറു ചെയ്തു. അതിൽ ആലിരാജാവു കോലത്തിരിരാജാവിന് ഒരു വലിയ സംഖ്യ കൊടുപ്പാൻ നിശ്ചയിച്ചു. ഈ സംഖ്യ വല്ലതും കൊടുത്തതായി വിചാരിക്കുന്നില്ല. കോലത്തിരിവംശത്തിലെ ഒരു ചെറിയ രാജാവിനു മാപ്പിളമാർ ചെയ്യുന്ന ദ്രോഹം പൊറുപ്പാൻ മനസ്സില്ലായിരുന്നു. അതുകൊണ്ടു വീണ്ടും ശത്രുത തുടങ്ങി. ആദ്യം ആലിരാജാവു വല്ലാതെ തോററുവെങ്കിലും കടവിൽ കരയും വയ്ക്കും കിട്ടി. ഇവരെ തമ്മിൽ യോജിപ്പിക്കുവാൻ സാമൂതിരിപ്പാട്ടിനു തൻെറ മന്ത്രിമാരെ അയയ്ക്കുകയും, ലന്തക്കാർ ശ്രമിച്ചുനോക്കുകയും ഉണ്ടായെങ്കിലും ഫലിപ്പാതെ പോകയാൽ ഏതുപ്രാവശ്യം കഴിഞ്ഞില്ല. എങ്കിലും, 1732-ൽ (കൊ 907-ൽ) കന്നാടകരാജാവു വലിയ സേനയോടുകൂടി കോലത്തുനാടു പിടിപ്പാൻ വരികയാൽ, ആ ശത്രുവിനെ ജയിക്കേണ്ടുന്ന ആവശ്യത്തിനു, തമ്മിൽ അപ്പോൾ ഒരു ഒരു കൂട്ടുകെട്ടിച്ചേരേണ്ടിവന്നു.

ഈ യുദ്ധത്തിൽ കോലത്തിരിരാജാക്കന്മാർ സഹായിപ്പാനായി സാമൂതിരിപ്പാട്ടിനും ഇംഗ്ലീഷുകാരും ഒന്നിച്ചുകൊണ്ട് തൻെറ സേനകളോടുകൂടി കോലത്തിരിമാർ പരിന്ത്രീസുകാരോടുംകൂടി കന്നാടകക്കാരെ തടുത്തുനിന്നു. എങ്കിലും, ഒടുവിൽ കോലത്തിരി തോൽക്കുകയും, കന്നാടകക്കാരുടെ വലിയ തോക്കിനിരയായി വളരെ മലയാളികൾ നശിച്ചുപോകയും ചെയ്തു. അല്പകാലം കഴിഞ്ഞപ്പോൾ പുതനായ കോലത്തിരി തീപ്പെട്ടു. പിന്നത്തെ കലവ്, കന്നാടകാധീനമായ തൻെറ രാജ്യമുഴുവൻ കന്നാടകരാജാവിനു പാട്ടമായൊഴിഞ്ഞുകൊടുത്തു. കോലത്തുനാടിനെ നിശ്ശേഷം ഇതിലധികമാവാൻ പാട്ടക്കാലത്തിനിടയിൽ കന്നാടകസേനാനായകന്മാരും അതിക്രമികളായിതീർന്ന ആലിരാജാവിൻെറയും കോട്ടയത്തിൻെറയും കീഴിലുണ്ടായിരുന്ന മാപ്പിളമാരുടെ ബലപ്പെട്ടു വളരുവാൻ ആ വിധം നിന്നുകൂടി.

നാടു മുഴുവൻ നശിപ്പിക്കുവാനാണ് കന്നാടകക്കാരുടെ വിചാരം. നിരിത്തം കൂട്ടരുടെ ചില ചില്ലറ ലഹളകൾ ഉണ്ടായിക്കൊണ്ടിരുന്നു.

ഗതിയുടെ വാസ്തവം അറിഞ്ഞപ്പോൾ സാധു കോലത്തിരിക്കു പശ്ചാത്താപമുണ്ടായി. കർണ്ണാടകക്കാർ ഒടുവിൽ കണ്ണൂരിനു തെക്കുള്ള കാർമ്മാ എന്നും കവല എന്നും വിളിച്ചുവന്ന ഒരു കുന്നിന്മേൽ കോട്ട കെട്ടുവാനാരംഭിച്ചു. അതു പാടില്ലെന്നു ലന്തക്കാർ തടുത്തിട്ടും അവർ നിന്നില്ല. അപ്പോൾ ലന്തക്കാരും കർണ്ണാടകക്കാരും വിരോധികളായി. പിന്നെ കർണ്ണാടകക്കാരും ലന്തക്കാരും തമ്മിൽ ഒരു സഖ്യം ചെയ്തു. കർണ്ണാടകത്തിലെ ഒരു കപ്പലുടമക്കാരൻ ലന്തക്കാർക്കു കൊടുപ്പാനുണ്ടായിരുന്ന പഴയ ഒരു കടത്തിൽ ഏതാനും ഭാഗം ഈ സഖ്യനിമിത്തം പിരിഞ്ഞുകിട്ടി. കോലത്തുനാട്ടുകാരും കർണ്ണാടകക്കാരുമായുള്ള കലഹമാകട്ടെ മുറ്റു നടന്നുകൊണ്ടിരുന്നു.

കണ്ണൂരിന്നടുത്തുള്ള കാർമ്മാ കുന്നിന്മേലെ കോട്ട കർണ്ണാടകക്കാരുടെ കൈവശത്തിലായിരുന്നു. അതു കോലത്തുകാർ പിടിച്ചാൽ ഇംഗ്ലീഷുകാരുടെ അധീനത്തിൽ പെട്ടുപോയേക്കാം എന്നു ലന്തക്കാർ ഭയമായി. അതുകൂടാതെ കഴിപ്പാൻ കരാറധികം ലന്തപ്പട്ടാളവും കോലത്തിരിപ്പട്ടാളവും കൂടിച്ചേർന്ന് ആ കോട്ട പിടിച്ചു തീരെ പൊളിച്ചു നശിപ്പിച്ചുകളഞ്ഞു. ഈ സഹായത്തിനു പ്രതിഫലമായി 1787-ൽ (കൊ 962-ൽ) ഒരു കരാറുപ്രകാരം കൊല്ലത്തിൽ 1000 കണ്ടി കുരുമുളകു ലന്തക്കാർക്കു കൊടുക്കുവാൻ നിശ്ചയം ചെയ്തു.

സംഗതിവശാൽ ഈ നാട്ടുകാർക്കു ലന്തക്കാരുടെ സഹായം പിന്നെയും ഉടനെ വേണ്ടിവന്നു. കർണ്ണാടകരാജാവു വീണ്ടും കോലത്തുനാട്ടിനെ ബാധിച്ചു. അവർ തമ്മിൽ സമാധാനമാക്കുവാൻ ലന്തക്കാർ പലവിധേന ശ്രമിച്ചിട്ടും ഫലിച്ചില്ല. കന്നടക്കാരുടെ അതിക്രമോപദ്രവങ്ങൾക്കൊന്നിനും കോലത്തുനാട്ടുകാർ വഴിപ്പെട്ടില്ല. ഒടുക്കം ഇംഗ്ലീഷുകാരുടെ സഹായത്താൽ സമാധാനമായി. യുദ്ധത്തിൽ പിടിച്ച നാടെല്ലാം കന്നടക്കാർ കൈവശം വെക്കയും, തന്നിമിത്തം നല്ല നാടുകൾ കന്നടക്കാരുടെയും ചീത്ത നാടുകൾ കോലത്തിരിയുടെയും കൈവശത്തിലാകയും ചെയ്തു.

ഈ മദ്ധ്യസ്ഥതയുടെ ഫലമായി, മാട്ടൂൽ എന്നു കൂടി വിളിച്ചുവന്നിരുന്ന മാടക്കര എന്ന ദ്വീപ് ഇംഗ്ലീഷുകാർക്കു കിട്ടി. ഇതു വലിയ പട്ടണത്തിന്നടുത്തുള്ള കായലിലെ ഒരു ദ്വീപാണ്. എന്നാൽ അവരുടെ മദ്ധ്യസ്ഥതകൊണ്ടുണ്ടായ സഖ്യവും സമാധാനവും പിന്നെയും ഏറെക്കാലം നിന്നില്ല. 1788 (കൊ 963) ൽ ഒടുവിലും 1789 (കൊ 964) ൽ ആദിയിലുമായി ആ രണ്ടു കക്ഷികളും തമ്മിൽ പിന്നെയും ശത്രുത തുടങ്ങി.

([illegible] കണ്ണൂർ [illegible] റിപ്പോർട്ടുകളിൽനിന്ന്.)

—❖—

കണ്ടതും കേട്ടതും

([illegible])

[illegible]

ന്റെ ഉപരിതലം തൽക്ഷണത്തിങ്കൽ ഇളകി, ഷേഡി ഉയർത്തിക്കൊണ്ടു അകലെ ള്ള പൂർണ്ണിമ കാണിച്ചു. ആ വഴിക്ക ഞാനെന്റെ കണ്ണോടിച്ചു. അതിലൂടെയുള്ള പച്ചതേപോലെ അവ്യക്തമായ ഒരു നീലിമ കാണാറായി അതിന്റെ അടിവാരത്തിൽ മരങ്ങൾക്കിടയിലെ അലകൾ പൊന്തട്ടിക്കുന്നു. കണ്ടം അത്ര തെളിഞ്ഞു കണ്ടില്ല. ഒരു ദ്വീപിലെന്നുള്ളതായ പച്ചന്നികൾ ഞാറികളിലുള്ള ആവാസഭൂമിയാണ്. അവിടെ അതിമനോഹരങ്ങളായ താമരപ്പൊയ്കകളും, ഉദ്യാനങ്ങളും, വിഹാരസ്ഥലങ്ങളും, സുവർണ്ണമണിയങ്ങളായ പൂന്തോട്ടങ്ങളും, 'സാകാരസൌന്ദര്യസന്ധ്യാഷമി'യായ മനോഹരമാംസ്വപ്നികനിൽമായ ഫലങ്ങൾ വഹിച്ചുകൊണ്ടു മനോഹരമാകുവോളം അടവികളിൽക്കൂടി ഒഴുകുന്ന നദികളും, മനോഹരം ഉപയോഗയോഗ്യമായ വസ്തുക്കളും ഉണ്ട്. അവളുടെ ശരത്തിനും സുഖാനുഭവത്തിനും ഒരുപോലെ യോജിച്ച ശാന്തതയാണിത്. അടുത്തിടത്തായി ഒരു ദ്വീപു കാണാനില്ലാത്ത വംശസ്ഥാണ്. അവിടെനിന്നു വളരെയാളുകൾ ഇങ്ങോട്ടു കടന്നു ഇടത്തുപെടുന്നതായി കാണാനുള്ളതിനോടും സ്വപ്നപ്പക്ഷികളോടുംകൂടി തെളിഞ്ഞുകാണുന്ന വെള്ളിമേഘങ്ങൾ നിറഞ്ഞുള്ള ഇതെന്താണ് ചെലവ്വോ." എന്റെ കണ്ണു മങ്ങിപ്പോയി. ഷേഡി വീണ്ടും ആരംഭിച്ചു. "ഷേഡ്ദ്വീപിലേക്ക പോകുന്ന വഴിക്ക രണ്ടു ചുഴികളും അവയുടെ മദ്ധ്യത്തിൽ ഒരു പാലവും കണ്ടില്ലേ? വിടപ്പൊലമാണത്. ആ ചുഴികളിൽ അനേകം തോണികൾ മുങ്ങി അടിഞ്ഞുപോയിട്ടുണ്ടും, പാലത്തിന്റെ അടുക്കൽ മുടിയിലിരിക്കുന്നവയിൽ ചിലതിന്റെ കേടുപാടു പോകുന്നതും കാണാനില്ലേ? ആ തോണികളിൽ ഇരുന്നു ഇഴയുന്നതും പണിയുന്നതുമൊക്കെ ഗ്രഹ കാരന്മാരാണ്. അവരെ പല ജാതിക്കാരുംകൂടി അനേഷി പണിക്കാരത്തിലുള്ള സാമഗ്രികളും കയറ്റികൊണ്ടു പോവുന്ന പാത്രമായികളും കേവള്ളങ്ങളും ചങ്ങാടങ്ങളും മൃഗങ്ങൾ വരുന്നതും വിടപ്പൊലത്തിൽവെച്ചന്നോർ കണ്ടുപിടിച്ചു കടന്നിട്ടില്ലാത്തതായ ഒക്കെ പകർന്നുഗ്രഹങ്ങളാണ്." പാലംകടന്നുകിട്ടിയാൽ ഷേഡ്ദ്വീപിലേക്കു വഴി കാണും ഉള്ളു. പക്ഷെ, ആ ദ്വീപുകൾ തന്നെ കരബാധങ്ങൾക്കും പ്രാരാബ്ധ സ്ഥാനം കല്പിച്ചുകാണുന്നത്. അതറിയാനുള്ള ഉൽക്കണ്ഠയോടുകൂടി ഞാൻ നോക്കിയപ്പോൾ ഷേഡി പ്രസാദിച്ചുതുടങ്ങി. "അതു ആനന്ദമന്ദിരം. അവിടെ കാലദേശാവസ്ഥകളൊന്നും ബാധിക്കയില്ല. ഷേഡ്ദ്വീപിന്റെ ഇരുവശത്തും കാണുന്ന വലിയ കെട്ടിടം വഴിക്കാവലാസമാണ്. അവിടെയുള്ള ആ വലിയ ചാണയിന്മേലാണ് ആ ദ്വീപുകൾ ഇറക്കമതി ചെയ്യുന്ന മനോഹരങ്ങളായ കോലങ്ങളെ വച്ച് മാറ്റുകയ്യുനോക്കി വിലമതിച്ചു തരംതിരിച്ച് ആനന്ദമന്ദിരത്തിലേക്കും നശാരവേനത്തിലേക്കും അയയ്ക്കുന്നത്."

"ആനന്ദമന്ദിരത്തിന്റെ അതിവിശാലമായ ഉദ്യാനത്തിൽ അത്യഗാധമായി അതിവിസ്തൃതമായി ഒഴുകുന്ന പുഴയിൽക്കൂടി ഒരു കപ്പൽ മുമ്പൽക്കൂടാതെ വെള്ളം വകഞ്ഞുതള്ളിക്കയറുന്നതു കണ്ടുവോ? അതിന്റെ പാമരത്തിന്മേൽ ഇരിക്കുന്നതാണ് ഇതെന്തെങ്ങൾ. ആ കപ്പലിന്റെ പിന്നാലെ ഇളകുന്നതും പത്തുപത്തു പങ്കാർ കത്തി പാട്ടുംപാടി മാളത്തിൽ തത്തികളിച്ചു തുള്ളിച്ചാടിപ്പോകുന്ന മാലിയിലെ അമരക്കാരൻ ആരെന്നറിയുമോ? ഓഗസ്തമാണ് കപ്പക്കണ്ണ കപ്പലിന്റെ സ്വാർ. അതാ അടുത്തുതന്നെ ഒപ്പം പായ കൊടുങ്ങ കാററിനും ഒഴുക്കിനും അനുസരിച്ചുപോകുന്ന ഒപ്പുമായയാണ് മണിപ്രവാളം. പിന്നെയും പല ചിപ്പി ബോട്ടുകളും തോണികളും കാണുന്നത് അവയുടെ വക തന്നെയാണ്. ഷേഡ്ദ്വീപിൽ ഇങ്ങോട്ടു കടന്നു വടക്കു അററംതെക്കു നോക്കു. അവിടെ ഒരു മാളികയിൽ ചെറുതും വലുതുമായി വരെകിടക്കുന്ന കണ്ട

പർ സമീപത്തിൽ കൈനീട്ടി കാണിച്ചിരുന്നത്, 'കണ്ണും കേട്ടും ദേവന്മാരിലിരിക്കട്ടെ' എന്നപോലത്തെ എന്റെ സ്വപ്നത്തിൽ സ്വപ്നം അട്ടിക്കൂട്ടി നീട്ടിയ കുറ്റിൽ ചുട്ടു.

വിദ്യാർത്ഥി

ഞങ്ങളുടെ വായനശാല.

൧. പ്രാചീനമലയാളമാതൃകകൾ, ഒന്നാം ഭാഗം. (പ്രസാധകൻ: ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ, തിരുവനന്തപുരം.)

കാലം എല്ലാ വസ്തുക്കളുടെയും നിയന്താവാകുന്നു. എന്നും ഒരേ നിലയിലിരിക്കുന്നതായി ഒന്നുംതന്നെ ലോകത്തിലില്ല. ത്രികാലമദ്ധ്യത്തിലിരുന്ന് ഭൂതഭാവികളെപ്പറ്റി ഒന്നും ആലോചിക്കാതെ വർത്തമാനാവസ്ഥകൊണ്ടു കൃതാർത്ഥരാകുന്നവർ യഥാർത്ഥത്തിൽ മനുഷ്യരല്ല. നാമിപ്പോൾ കാണുന്ന വസ്തുക്കൾ പണ്ട് എതിനിലയായിരുന്നു എന്നും, മേലിൽ എതു നിലയിലായിത്തീരുമെന്നും അറിയുന്നതിനാണു ചരിത്രവും ശാസ്ത്രവും ഉപയോഗപ്പെടുന്നത്. മലയാളഭാഷയുടെ പ്രാചീനസ്ഥിതി എതിനെയായിരുന്നു എന്നറിയുന്നതു മലയാളികൾക്കെല്ലാം ഒഴിച്ചുകൂടാത്ത ഒരു ഘട്ടമാണ്. അതിലേയ്ക്കു മനോഗ്രാഹികളായിരിക്കുന്നവർ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള 'രാമചരിതം', 'രാമകഥപ്പാട്ട്' എന്നീ ഗ്രന്ഥങ്ങൾ നോക്കിയാൽ മതി. ഈ രണ്ടു ഗ്രന്ഥങ്ങളും ദ്രാവിഡവൃത്തങ്ങളിൽ എഴുതീട്ടുള്ള പാട്ടുകളാണ്. രാമചരിതകർത്താവ്, കൊല്ലം ൪-ാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ ജീവിച്ചിരുന്നതിരുവിതാംകൂർ മഹാരാജാക്കന്മാരിൽപ്പെട്ട ഒരാളായിരിക്കണമെന്നാണ് ഊഹിക്കുന്നത്. രാമകഥപ്പാട്ടാകട്ടെ, അതിലും അപ്രാചീനമായ അയ്യപ്പിള്ള ആശാന്റെ കൃതിയാണ്. ഈ രണ്ടു പ്രാചീനകൃതികളുടെയും എതാനും ഭാഗങ്ങൾ ഉപോദ്ഘാതമായ അവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തിയ പുസ്തകം പരമേശ്വരയ്യർ അവർകളെ ഞങ്ങൾ ഏറ്റവും സന്തോഷത്തോടുകൂടി അഭിനന്ദിക്കുന്നു. രാമകഥപ്പാട്ട് ഗ്രന്ഥത്തിൽ കണ്ണശ്ശപ്പണിക്കരുടെ കാലത്തെ സംബന്ധിച്ചുണ്ടായ കുറിയതായൊന്നാമതും, ആസ്ഥിതിക്ക് ഒരു മദ്ധ്യകാലമലയാളമാതൃകയായിരുന്നാലും— കണ്ണശ്ശന്റെ കൃതി മദ്ധ്യകാലമാതൃകയാണല്ലോ— ഭാഷയ്ക്ക് അല്പം അധികം പഴമ തോന്നുന്നതിനാൽ അതിനെ പ്രാചീനകാലമാതൃകയായി ഗണിച്ചതാണെന്നും ഞങ്ങൾ കാണുന്നത്. തമിഴിനോട് ഏറ്റവും ചേർന്നിരിക്കുന്നവയും അസംസ്കൃതമായതിനാൽ അന്യഭാഷകളുള്ളവയും ആയ ഈ കൃതി പ്രാചീനകൃതികളെപ്പറ്റി പഠിക്കുന്നവരോട് 'അന്നത്തെ ഭാഷയുടെ സ്ഥിതി ഈ നിലയിലായിരുന്നു' എന്നു തെളിവു സഹായമായി പറയുവാൻ കാരണമുള്ളു. എന്നിട്ടും സമാധാനമാവാത്തവർ 'ഇവ പഴയപാട്ടുകാരുമായി സംബന്ധിച്ച തമിഴ്കവികളുടെ പുഷ്ടകാലത്തെ വാക്കുകളായിരുന്നു' എന്നു വിചാരിച്ച് സമാധാനിച്ചുകൊള്ളട്ടെ.

൨. മദ്ധ്യകാലമലയാളമാതൃകകൾ, ഒന്നാംഭാഗം. (പ്രസാധകൻ പരമേശ്വരയ്യർ അവർകൾ തന്നെ. വില ൧ ക.)

ഈ പുസ്തകത്തിൽ, മാധവപ്പണിക്കരുടെ ഭഗവൽഗീതയും രാമപ്പണിക്കരുടെ ശിവരാത്രിമാഹാത്മ്യവും അടങ്ങിയിരിക്കുന്നു. ഈ രാമപ്പണിക്കർ തന്നെയാണ് കണ്ണശ്ശരാമായണകർത്താവായ കണ്ണശ്ശപ്പണിക്കർ. കൊല്ലം ൬-ാം നൂറ്റാണ്ടിൽ, തിരുവ

ട്ടുതാലൂക്കിൽപ്പെട്ട നിരണം എന്ന പ്രദേശത്താണ് ഈ രണ്ടു കവികളും ജീവിച്ചിരുന്നത്. കണ്ണശ്ശരാമായണംപോലെ തന്നെ 'നിരണവൃത്ത'ത്തിൽ തന്നെയാണ് ഈ കൃതികളും നിർമ്മിച്ചിട്ടുള്ളത്. രാമപ്പണിക്കരുടെ ഈ ഭഗവൽഗീത തുഞ്ചത്തെഴുത്തച്ഛൻ കണ്ടിട്ടുണ്ടായിരുന്നതിനാലായിരിക്കണം ആ കവീന്ദ്രൻ ഗീത തർജ്ജമചെയ്യാതെ വിട്ടുകളഞ്ഞതെന്നാണ് ഊഹിക്കുന്നത്. ജീവചരിത്രമാഹാത്മ്യകാരന്റെ ഇതേ മതം തന്നെ കണ്ടിട്ടില്ലാത്തതും പഴയ ഗ്രന്ഥങ്ങൾക്കു ഒന്നാകെയായി തെളിപ്പിടിച്ചുള്ളതാണ്. ഈ രണ്ടു ഗ്രന്ഥങ്ങളും ഏറ്റവും പ്രൌഢങ്ങളും പ്രൌഢന്മാരായ വിദ്വാന്മാരെ വിനോദിപ്പിക്കുന്നതിനു മതിയായവയുമാണെന്നു നിസ്സംശയം പറയാം. ഭഗവൽഗീത ഒരേടത്തിലെ തർജ്ജമയ

ല്ല; സ്വതന്ത്രമായ തർജ്ജമയാണ്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന മിക്ക ഭാഷകളിലും ഗീത തർജ്ജമചെയ്തിട്ടുണ്ട്. മലയാളത്തിൽതന്നെ അനേകം പ്രചാരത്തിലുള്ള ഒന്നിലധികം തർജ്ജമകളും ഇല്ലായ്കയില്ല. എങ്കിലും, ആ വിശിഷ്ടഗ്രന്ഥത്തിന്റെ ഒന്നാമത്തേതായ തർജ്ജമ പ്രകൃതമായ മാധവപ്പണിക്കരുടെ 'ഭഗവൽഗീത' ആകുന്നു എന്നു കാണുന്നു. ഈ സംഗതി നമുക്കു തീർച്ചയായും അഭിമാനിക്കത്തക്കതാണ്. ഈ രണ്ടു ഗ്രന്ഥങ്ങളും ഉണ്ടായ കാലത്തെ ചരിത്രകാലത്തേക്കാൾ പല പഴക്കങ്ങളും മലയാളഭാഷയ്ക്കുണ്ടായിട്ടുണ്ടെന്നു ഇവയിലെ ഭാഷ രാമചരിതാദികളോടു സാദൃശ്യവും പ്രൌഢിയും കൂടുന്നതു എല്ലാവരും സമ്മതിക്കുന്നതാണ്.

പലവക

തിരുവിതാംകൂറിൽ മലയാളഭാഷാഭ്യാസത്തിനു സർക്കാരുകളായി മലയാള വിദ്യാലയങ്ങൾ ഏർപ്പെടുത്തിയതു 1043 ലാണ്. - ആ ആരംഭം കഴിഞ്ഞിട്ട് ഈ ചിങ്ങം 15-ാം നു-ക്ക് 60 കൊല്ലം തികഞ്ഞു. അന്നേ ദിവസം തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും 'നാട്ടുഭാഷാവിദ്യാഭ്യാസകനകജൂബിലി' മഹോത്സവം വളരെ ആഘോഷങ്ങളോടെ കൊണ്ടാടിയിരുന്നു. പല ദിക്കുകളിലും സഭകൂടി ദേശഭാഷാഭ്യാസത്തെപ്പറ്റിയ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. തിരുവനന്തപുരത്തു ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ (ദിവാൻജി) അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു വലിയ സഭ കൂടുകയും അതിൽവെച്ചു വിദ്വാന്മാരും പ്രസിദ്ധന്മാരുമായ പല മഹാന്മാർ പ്രസംഗിക്കുകയും ഉണ്ടായി.

• • • • •

തിരുവനന്തപുരത്തു കൂടിയ മഹാസഭയിൽ പ്രൊഫസർ എ. ആർ. രാജരാജവർമ്മ തമ്പുരാനവർകൾ ചെയ്ത പ്രസംഗം സാരഗർഭമായ ഒന്നായിരുന്നു. മലയാളഭാഷയിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു തികഞ്ഞതായ ഒരു സർവ്വകലാശാല തിരുവനന്തപുരത്തു സ്ഥാപിക്കേണ്ടതാണെന്നുള്ള അഭിപ്രായം ആ പ്രസംഗത്തിൽ പ്രതിഫലിച്ചിരുന്നു. ഇതിനെ അനുസരിച്ച് ആ സഭാനായകൻ ചെയ്ത പ്രസംഗത്തിൽ ഈ അഭിപ്രായം തിരുവിതാംകൂർ ഗവൺമെന്റിനും ഉള്ളതാണെന്നും തിരുവനന്തപുരത്ത് ഒരു സർവ്വകലാശാല സ്ഥാപിക്കാൻ ആലോചിച്ചു വരുന്നുണ്ടെന്നും പറഞ്ഞു. ഈ സംഗതി മഹാസഭയിലെ നായികളായ മഹാന്മാരായ ശ്രോതാക്കളെയും അദ്ധ്യാപകന്മാരെയും ഉത്സാഹിപ്പിക്കുന്ന

• • • •

ജ്വാലാവതീരാമകുമാരം.

ഒന്നാം ഭാഗം

ഒന്നാമങ്കം.

ധന — ഞാൻ വരുന്നതിനു മുമ്പു തന്നെ നമ്പൂരിയും നമ്മുടെ പരിചാരിയുടേയും ഭൃത്യന്മാർ തമ്മിൽ കലശലായ ലഹള നടന്നിരുന്നു. ഞാൻ അവരെ സമാധാനപ്പെടുത്തി പിരിച്ചയപ്പാൻ ശ്രമിക്കുന്നതിനിടയ്ക്കു ഒരു ബാലൻ ഖഡ്ഗപാണിയായി എത്തുകയും, എന്റെ നേരെ കണ്ണു കയറ്റുകയും, അവന്റെ ഖഡ്ഗത്തെ തലക്കുമീതെ ചുറ്റിവീശി ഉതിരിപ്പിച്ചുവെന്ന നിലയിൽ ആകാശത്തെ പ്രഹരിക്കുന്ന മാതിരി നടിക്കുകയും, അതിനുശേഷം ഞങ്ങൾ തമ്മിൽ വെട്ടും കുത്തും കലർന്ന ഭയങ്കരയുദ്ധം തുടങ്ങിയപ്പോൾ വളരെ ആളുകൾ വന്നു രണ്ടു ഭാഗത്തും ലഹള കൂട്ടുകയും, അങ്ങിനെയിരിക്കുമ്പോൾ രാജാവ് എഴുന്നെള്ളി രണ്ടു ഭാഗക്കാരെയും വേർപെടുത്തി അയയ്ക്കുകയും — ഇതാണുണ്ടായത്.

രാമ. മാതൃ — അല്ല, രാമകുമാരൻ എവിടെ? നീ ഇന്ന് അവനെ കണ്ടുവോ? അവൻ ഈ ലഹളയിൽ അകപ്പെടാഞ്ഞതു ഇതുനിമിത്തം ഞാൻ വളരെ സന്തോഷിക്കുന്നു.

ധന —

പ്രാചീനാചലത്തിനുമുകളിൽ വിലസും
ഭാനുവെത്തുഴുമാറാകുന്നതിനെ

ശ്രീസൂര്യനെ ഞാൻ പൂജിച്ചുകൊണ്ടിരു-
ന്നപ്പോൾ മനമാകുലമായിട്ടതാൽ
ചിന്തകൾ പലതായ ശോകകുലമവശ-
പ്പെട്ടതുഞാൻ രാത്രിയിൽ
പ്രത്യൂഷമാകെ ഗമിപ്പുപായിതടെ
മേവുന്നാപ്പുകാവതിൽ.

ഗമിപ്പുന്നേതിനു ഞാൻ കണ്ടിട്ടു ചാടി
(അവിടെ
ചരിച്ചുകൊണ്ടിരുന്നവനാണിപ്പുമാതിനടെ
മനോഗതമറിയാതെ ലീലയെന്നോർക്കുക.
(കിടയ
ന്നിക്കു പിരിഞ്ഞു ഞാനതിനിപ്പു
(പോന്നിരിന്നേൻ.

രാമ പി —

അതു മാതാവിനെ കാണുവതിൽ
പ്പുലരുന്നാളുകളിൽ വിലസുന്നതി
പൊഴിപ്പുന്ന സമേതകണ്ണുനീർ
ക്ലേശിച്ചാസ്സമേതനായിട്ടവൻ.

സന്തോഷപ്രദനാമസൂര്യഭഗവാൻ
സന്നാഹിതൻ വന്നിടവേ
ചിന്താക്രാന്തനായിരിക്കുന്ന പ്രിയസുതൻ
ഗേഹാന്തരമാപ്പുക്കയേ
സന്ത്യജിച്ചിരിപ്പകൽ പ്രകാശമകലെ-
ദ്ദൂരത്താക്കിക്കൊണ്ടിരിപ്പ
താനായി കൃത്രിമരാത്രിചമച്ചീടുന്നു
മേവുന്നുശോകത്തിനായി.

ഉപചിതമായ്പുഷ്പമെങ്ങും പൊഴിയവർ
പ്രകൃതിമനോഹരമാകുമൊഴികളെന്നാം
നിഷിതമാകിനാലും മലകളെപ്പോലും
നിയതമിളക്കാതിൽപ്പൊഴിയിക്കയില്ലകിൽ.

വന — കാന്താനാഥ! ഇവിടത്തെക്ക് ഇതിന്റെ കാരണമറിയാമോ?

മാധ — എന്തിനിക്കറിയുന്നു, അവൾ പറയുന്നുമില്ല.

വന — അവളോട് എപ്പോഴെങ്കിലും നിർബ്ബന്ധിച്ചു ചോദിച്ചിട്ടുണ്ടോ?

മാധ — ഞാൻ മാത്രമല്ല, എന്റെ പല സ്നേഹിതന്മാരും ചോദിച്ചിട്ടുണ്ട്. എന്നാലും അവൾ തന്റെ അഗാധമായ ചിന്താസമുദ്രത്തിൽ ഇതരന്മാരെ അവഗാഹനത്തിന് സമ്മതിക്കാറില്ല.

ചിന്താകാന്താരത്തിൽപ്പാതവെന്നല്ല-
യാർക്കുമാവിശാലപ്പുക-
യാക്കയറിവതില്ലപ്പോഴുമതിനിന്ന
കല്പകമരമെന്നും
മല്ലികാരക്കുമല്ലുമനാവവിലാസ-
മന്ത്രിമകാന്തിയെ-
യല്ലസിപ്പതിനമൃതകിടക്കുമിഹ-
നാള്ളുമലരെന്നപോൽ.

അവന്റെ അധികാരത്തെ ഇന്നതാണെന്നറിഞ്ഞിരുന്നാൽ അതിന്റെ പ്രതിവിധിമാർഗ്ഗം സന്തോഷപൂർവ്വമാലോചിക്കാമായിരുന്നു.

വന — ഇതാ! അവൾ വരുന്നു. വിരോധമില്ലെങ്കിൽ അല്പം മാറിനിന്നാൽ നന്ന്. ഞാൻ ഇവളുടെ ആധി ഇന്നതാണെന്നറിയാം. ഇല്ലാത്തപക്ഷം ഇവൾ തീരെ കഴിയാൻ എന്തെന്തോ പറയാം.

മാധ — ശബ്ദാർത്ഥവിദ്വാനേ! ഇന്നതാണെന്ന് നിനക്കു കേൾപ്പാൻ സംഗതിവരട്ടെ — പ്രിയെ! നമുക്കു പോകാം.

(മാധവനും പ്രിയയും പോകുന്നു)

(രാജകുമാരി പ്രവേശിക്കുന്നു)

വന — വരൂ! സ്വാഗതം.

രാജ — പുലർന്നിട്ട് ഇത്രയേ ആയുള്ളൂ?

വന — ഉദയമടുത്തത് ഇപ്പോഴാണ്.

രാജ — ഹാ! സന്താപത്തിനെ സമയം ദീർഘിപ്പിക്കുന്നതാണല്ലോ. കഷ്ടം! ഇപ്പോഴും ഉദിക്കാതിരിക്കുന്ന ബന്ധപ്പെട്ടുപോയതു പുലർന്ന തരുണനാണോ?

വന — അതെ — എന്തു സന്താപമാണ് ഭവതിക്കുമാത്രം സമയം ദീർഘിപ്പിച്ചുവരുന്നത്?

രാജ — 'അഭാവസ്തുൽപകരനാഥ്യതയുള്ള നിർവൃതിയിൽ.' എന്നതാണ സന്ധ്യാത്തിന്റെ ലക്ഷ്യമായ് എനിക്കുവാചകമാഗോചരമായ സൗഖ്യം വരുമോ അസാധനത്തിന്റെ അഭാവമതാണന്ന് എന്റെ സന്താപകാരണം.

വന — പൂർണ്ണമാണെപിലാസത്തിനുള്ളിലോ

രാജ — അല്ല, അതിനു പുറത്ത്.

വന — അതു സംബന്ധമായിട്ടോ?

രാജ — എന്റെ സർവ്വാനുരാഗവും നിറഞ്ഞ പിച്ചിരിക്കുന്ന ആ മനുഷ്യകാമിനിരതോത്ഭവത്തിന്റെ പ്രസംഗം —

വന — ഇവന് ഇങ്ങിനെ ഉദ്ദേശമായിരുന്നെന്നോ ഈ കാമമിക്കാരം ഇത്ര കാഠിന്യസംയുക്തമാണല്ലോ! കഷ്ടം!

രാജ — കണ്ണിപ്പൂമാല രതികാമമികാരം
മെല്ലിന്നിലാമില്ലസാധിപ്പാനോ
കണ്ണിനെയിമ്പമുണ്ടാക്കുംപോലെ
ബോധമതന്യുകളിടുന്നു.

ഇന്ന് എവിടെയാണ് നമുക്കൊന്നു ഭോജനം കഴിപ്പാൻ അമ്മേ! ഓ ഓ

ഇവിടെ എല്ലാം മുമ്പ് എന്നു പറഞ്ഞുവായിരുന്നു? ആ കോലാഹലം മുഴുവനും ഞാൻ കേട്ടിരിക്കുന്നു. അതുകൊണ്ട് അതു വിവരിക്കേണമെന്നില്ല. ഇതെല്ലാം മനസ്സിൽനിന്നു മറന്നിട്ടുള്ളതുതന്നെ. എന്നാൽ എന്നെ ബാധിക്കുന്നതു സ്നേഹപാശമാണ്. ഹാ! ഈ കാമവികാരത്തിൽനിന്നുണ്ടാകുന്ന കലാശരഹിതമായ പ്രണയം — അനംഗജനിതമായ ഭാവം — ഇത് 'അനംഗ' സംജ്ഞമാകയാൽ ഒരു പദാർത്ഥത്തിൽനിന്നു സൃഷ്ടിക്കപ്പെടുന്നതല്ല. ഇത് അന്യോന്യം വിലക്ഷണങ്ങളായ ഗുണങ്ങളാൽ കെട്ടിച്ചമച്ചപ്പെട്ട ഒരു ജാലവിദ്യയാകുന്നതാണ്.

രാമാകിളിപ്പൈതലേ കിടന്നു ചാതപാരി.

ഭൂതസുമചാപവം

സാരമില്ലപുനരതിപ്രേമേ നശിക്കരി.

താപമനുഭവം

പാരമാരമണൻ ശരീരജാതമനോരമം

രസികരികസ്സും

ഭോഗമാകിനാസുഖപ്രയോഗമെന്നപ്പോൾ-

മാകമതനില്ലതാൻ.

എന്താ ചിരിക്കുന്നത്?

വന — ഹേ! ഞാൻ ചിരിക്കയല്ല. സന്തപിക്കയാണ്.

രാമ — കുട്ടലേഖേ! എന്തു സംശയിക്ക്?

വന — നിന്റെ കുട്ടലേഖയുടെ പാരവശ്യം കണ്ടിട്ട്.

രാമ — എന്റെ മനോജ്ഞമായ ചിത്തവൃത്തിയിൽ താങ്കൾ ഇങ്ങനെ പ്രണയാർദ്രമായ വാക്കുകൾ ചെയ്താൽ അതു മൂലമുണ്ടാകുന്ന വ്യസനസന്താപങ്ങൾ എന്റെ മനോവൈകൃത്യത്തെ വർദ്ധിപ്പിക്കും. അതുകൊണ്ട് ഇങ്ങിനെ ചെയ്യരുത്.

അത്യന്തികശോഭസമ്പന്നനായ അതിമനോഹരം

ഭൂതമനസ്സാരമാരം (ശ്ലോ

നിത്യമെസഖിപ്പതാകിൽമെച്ചമതിചികരി

കണ്ണുതിൽനിർക്കണ്ണുക

സത്യമെ കണ്ണുകോപായാലവനാടയുള്ള പാ-

ലല്ലകണ്ണീർസമം

ഇല്ലതാനിപ്പതാരാപാദുകിലിരുകാം

പ്രണയമുള്ളോരുമഹൈശ്വര്യം.

വന — ഹേ! ഞാൻ പോട്ടെ.

വന — ഞാനും കൂടി വരാം. നീ ഇപ്രകാരം എന്നെ വിട്ടുപോകുന്നതു ശരിയല്ല.

രാമ — ഹാ! ഞാൻ പോകുന്നില്ല. ഞാൻ ഇവിടെയല്ല. ഈ നില്ക്കുന്നതു രാമകുമാരനല്ല. അവൻ വേറെ കിടക്കുന്നതു.

വന — നിന്റെ അനുരാഗം എവിടെയാണ് നിക്ഷിപ്തമായിട്ടുള്ളതെന്നു ചിത്താഗ്രതയോടെ എന്നോടു പറയുക.

രാമ — എന്താ! ഞാൻ സംഗർഹനല്ലായെന്നുണ്ടോ?

വന — ശങ്കയെന്തിന്? അതു വേണ്ട. നിന്റെ വ്യസനാവസ്ഥയെപ്പറ്റിയാൽ മതി.

രാമ — അധിവ്യാധിനിപീഡിതനായ ഒരുവനോട് ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചു ചോദിക്കുന്നതുപോലെയാണിത്. ഇങ്ങിനെ വ്യസനാക്രാന്തനായ ഒരുവനു വാക്ശക്തി എങ്ങിനെയുണ്ടാവും? സത്യം പറയുന്നതായാൽ ഞാൻ ഒരു യുവതിയെ തീവ്രാനുരാഗത്തോടെ കാംക്ഷിക്കുന്നു എന്നറിക.

വന — നിന്റെ മനഃപാരവശ്യാവസ്ഥ

കണ്ടിട്ട് എന്റെ ഉന്മേഷം ഇതിനോടു കൂടി ഇരട്ടിക്കുന്നു.

രാമ— നല്ല ധനുഷ്മാൻ തന്നെ. എന്റെ പ്രിയമിത്രമായ അവൻ സർവ്വാംഗ സൌന്ദര്യവിശേഷിയാകുന്നു.

വന— തെളിഞ്ഞുവിളങ്ങുന്ന വിശേഷമായ കരിങ്കാണ് മേഘത്തിൽ ശരം കൊള്ളുന്നു.

രാമ— നീ ഇപ്പോൾ പറഞ്ഞതു കുറിക്കു കൊണ്ടില്ല. അവൻ കാമദേവനാൽ വിധേയനല്ല. അവളുടെ ബുദ്ധിവൈഭവം മെയ്ന്തി, സീത ഇവരുടെ രണ്ടാൾക്കും പ്രശംസനീയമാണ്.

ചാരിത്ര്യമുള്ള യുവതികൾ ചമഞ്ഞുവരില്ലെന്നായ്
കാമാസ്ത്രസംഗമണഞ്ഞാലുമണഞ്ഞില്ലെന്നപോലും
സാമസ്യസാമവിലയാൻ മനോരമത്തിരുന്ന്യ
സാമംഗനേത്രവിലസൂതമനോരമകാന്ത്യാ

ചെഞ്ചുണ്ടിൻകണ്ണുമയങ്ങിവശ്യമുഖരാം
കിട്ടുന്നതെപോൽ നിർഭയം
നണ്ണിട്ടുനാമെൻകണ്ണുപോലെയില്ലമാം
ഐശ്വര്യസമ്പത്തിനാൽ
കാന്തിശ്രീയെഴുന്നോരുത്തിയവൾ താൻ
ലോകാന്തരപ്രാപ്തിയാം
സൌന്ദര്യശോഭകൾക്കിലൊന്നിൽ
സ്ത്രീകാന്തിമാന്നേരത്തിൽ,

വന— അവൻ സദാ ചാരിത്രത്തിലുള്ളവളായ തിലകത്തെ സത്യം ചെയ്യിട്ടുണ്ടോ?

രാമ— ഉണ്ട്. ആ നിഷ്ഠ തന്നെ വലിയ നഷ്ടത്തെയുണ്ടാക്കുന്നു. എന്തുകൊണ്ടെന്നാൽ,

കാന്തിസമ്പന്നയാംനാരി
ശാന്തിയോടുവസിക്കിൽ

കാന്തിസമ്പന്തിയെപ്പോഴും
സ്വാതന്ത്ര്യമില്ലായ്കൊണ്ടും.

അവൻ കഥകളിൽ പ്രഥമമായ കാമദേവനെ നിഗ്രഹസമൃദ്ധചെയ്തു പോന്നിട്ടില്ലെന്നു. എന്നെ പരിശുദ്ധിപ്പിക്കുവാൻ മാത്രമല്ല ഈ മനസ്വിനി ഈ സത്യം ചെയ്തിട്ടുള്ളത്. ഈ നിശ്ചയംകൊണ്ടു ഞാൻ മൃതപ്രായനായി എന്നേയുള്ളൂ.

വന— ഞാൻ പറയുന്ന മാതിരി കേൾക്കു. അവളെപ്പറ്റി തീരെ മറന്നുകളയുക.

രാമ— അയ്യോ! എന്തിനായാണ് ഞാൻ അവളെ മറന്നുകളയേണ്ടത് എന്ന് എനിക്കു മനസ്സിലാകുന്നില്ലല്ലോ!

വന— നിന്റെ കണ്ണിണകൾക്ക് കണ്ട സ്വാതന്ത്ര്യംകൊണ്ടുള്ള വേദനയുള്ള, സ്നേഹിതരെ പരിശോധിപ്പനാക്കുക.

രാമ—

ധന്യത്വംബുധിയായവൻ ഭാഗമായി
ലോകത്തിലില്ലല്ലോ
മേഘശ്യാമളദീപ്തകാന്തിസ്വഭാവാം
വൈഡൂര്യകോമളവരാ
നാകപ്രാപ്തയുവപ്രീതിയുതനാവാം
ഹംസത്തിനൊപ്പമായ
കേകിപ്രാഗത്ഭ്യമുള്ള പൂത്തികൾപോലെ
ഇവൾ കാകതാളമിലി!
കണ്ണുപോലെയാകണ്ണുതാൻമുഖം
പുണ്യപൂർണമെന്നപോൽ
വർണ്ണനീയഗുണശാലിനീമണി
എണ്ണിടുന്നവൻ വിശേഷമാക്കട്ടെ.

വന— ഈ വാക്യത്തെ ഞാൻ വിശ്വസിച്ചിരിക്കുന്നു. ഇല്ലാത്തപക്ഷം കഷ്ടം എന്നെ ബോധിക്കട്ടെ.

(രണ്ടാളും പോകുന്നു)

——•——

മംഗളോദയം.

൧൦൮൮

പുസ്തകം ൫	കന്നി.	ലക്കം ൧

മംഗളം.

ഏതൊന്നാൽ ഭുവനം നിറഞ്ഞിരുപ്പൊരേതൊന്നാഹൊ നിത്യമാം
ജ്ഞാനതൊന്നിൻ മൂലമാണീ ലോകമൊക്കെവിൽ ചേൎന്നതെതൊന്നിലോ
ഏതൊന്നാ ഘനാദിനഭ്യത്തെ പരിപാലിക്കുന്ന വിശ്വത്തെ
സ്ത്രീതാമോമിഹൊരാ മഹത്തമമഹസ്സേകണമേ മംഗളം.

കെ. [illegible]

സാഹിത്യവിമർശനം.

ഏറ്റവും സുഖമായരീതിയിൽ ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം മനുഷ്യന്ന ലോകത്തിന്റെ ആരംഭം മുതൽക്കു തന്നെയുള്ളതാകയാൽ ഭക്ഷണം, വാസം, വസ്ത്രധാരണം, പ്രയാണം മുതലായ വൃത്തികളിൽ പരിഷ്കാരപരിണാമങ്ങൾ കണ്ടുപിടിക്കുന്നതിനു



ഉത്സാഹിക്കുകയാണ് പ്രായേണ ചെയ്യുന്നത്. ആശാരിക്കാരൻ, തട്ടാൻ, നെയ്ത്തുവേലക്കാരൻ, ലോഹപ്പണിക്കാരൻ, കച്ചവടക്കാരൻ മുതലായവരുടെ തൊഴിലുകളിൽ ആ ശിൽപ്പരീതിയായി അഭിവൃദ്ധി വരുത്തിക്കൊണ്ടിരിക്കുന്നതിന്റെ നിദാനം മേല്പറഞ്ഞതുതന്നെയാണ്. ഇപ്രകാരം മനുഷ്യന്റെ നിത്യോപയോഗങ്ങളെ ആസ്പദമാക്കി ദിനം പ്രതി പരിപുഷ്ടങ്ങളായിക്കൊണ്ടിരിക്കുന്ന കലാവിദ്യകൾക്ക 'പ്രയോജകകല'കളെന്നു പേർ. വീട്, പാത്രങ്ങൾ, ആസനം മുതലായി പ്രയോജകകലകളുടെ ഉല്പത്തിയിൽ പെടുന്നവയായ വസ്തുക്കളുടെ വൈശിഷ്ട്യത്തെ നിശ്ചയിക്കുന്നതു നമ്മുടെ

ഉപയോഗത്തിന്ന് ഇതുകൂടി എത്രത്തോളം ഉതകുന്നുവെന്നു നോക്കീട്ടാണ്. ഇത്തരം പദാർത്ഥങ്ങളുടെ 'സൌന്ദര്യം' അവയുടെ പ്രയോജകതാപുഷ്ടികരണായുതകുന്നു. ഇതിനെ ഒന്നു സഹിച്ചുതന്നെ ഇരിക്കട്ടെ നമ്മുടെ മനസ്സിന്നും കണ്ണിന്നും തൃപ്തി നൽകുവാനുള്ള അവയുടെ ശക്തിയും. ഇപ്രകാരമുള്ള പ്രയോജകതാപ്രകാശത്തോടു യാതൊരു സംബന്ധവുമില്ലാതെ അവയിൽ വല്ല അലങ്കാരത്തൊടികളുമുണ്ടാകുന്നു എങ്കിൽ അവയുടെ സൌന്ദര്യത്തിന്നു ഭംഗകരമായി മാത്രമേ വർത്തിക്കയുമുള്ളു.

പ്രയോജകകലകൾ താരതമ്യേന വിരളം കുറഞ്ഞവയാകയാൽ അവയെപ്പറ്റി ഇത്രമാത്രം പറഞ്ഞുകൊണ്ട് ഇനി നമുക്കു 'മനോജ്ഞകലക'ളെപ്പറ്റി പ്രതിപാദിക്കാം. സൌന്ദര്യത്തിന്നുവേണ്ടി മനോജ്ഞകലകളെ നിർദ്ദേശിക്കുവാൻ 'കലാവിദ്യകൾ' എന്നു മാത്രമേ ഞാൻ ഉപയോഗിക്കുന്നുള്ളു.

കലാവിദ്യകളെ നമ്മുടെ ഏതേതു ഭാഗമായി സന്തോഷം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളായ നേത്രശ്രോത്രേന്ദ്രിയങ്ങളെ ആസ്പദമാക്കി 'ചാക്ഷുഷകലകൾ' എന്നും 'ശ്രോത്രകലകൾ' എന്നുമുള്ള രണ്ടു വിഭാഗം സ്വീകരിക്കുന്നപക്ഷം ശില്പവിദ്യ, പ്രതിമാകരണം, ചിത്രലേഖനം ഇവ മൂന്നും ഒന്നാമത്തെ തരത്തിലും, സംഗീതം, കവിത ഇവ രണ്ടാമത്തെ തരത്തിലും ഉൾപ്പെടുന്നതാകുന്നു. ഇതുകൂടാതെ മറ്റൊരു വിഭജനവുംകൂടി സാദ്ധ്യമത്രെ. കലാവിദ്യകൾ ഓരോന്നും അതാതിന്റെ ഉദ്ദേശ്യസിദ്ധ്യർത്ഥം സമുചിതോപകരണങ്ങളായ വസ്തുക്കളെ എങ്ങനെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ള സ്വഭാവമാണ് ഈ വിഭജനത്തിന്റെ അടിസ്ഥാനം. ഇതുപ്രകാരം ഉൽകൃഷ്ടക്രമത്തിൽ ശില്പവിദ്യ ഏറ്റവും താഴ്ന്നതും കവിത ഏറ്റവും ഉയർന്നതുമായിരിക്കും. എന്തെന്നാൽ ശില്പവിദ്യയെന്നതു സ്ഥൂലപദാർത്ഥങ്ങളെ യഥാക്രമം ചേർത്തു കെട്ടിയുണ്ടാക്കുക മാത്രമാണല്ലോ. ശില്പവിദ്യയെക്കാൾ ഒരുപടി മുകളിലാണ് പ്രതിമാകരണം. ഇതിലും വസ്തുക്കൾ കേവലം സ്ഥൂലവസ്തു മാത്രമാണ്. എന്നാൽ തക്ഷകന്റെ കൈ വിളയാടുമ്പോൾ അയാളുടെ കരസ്പർശനങ്ങളാൽ കല്ലിന്നും ലോഹത്തിന്നും സ്വഭാവേന ലഭിക്കുകയില്ലാത്ത ചില സദ്ഗുണങ്ങളുണ്ടായിത്തീരുന്നു. നിർജ്ജീവമായ ഒരു ശിലാഖണ്ഡത്തിൽനിന്നും സജീവമായ ഒരു രൂപത്തിന്റെ പ്രതിമയെ അയാൾ നിർമ്മിക്കുന്നുണ്ടല്ലോ. പ്രതിമാകരണത്തെക്കാൾ ഒരു പടി മുകളിലാണ് ചിത്രമെഴുത്ത്. രൂപം കൊള്ളുവാനുള്ള സ്ഥൂലപദാർത്ഥങ്ങൾ നീളം, വീതി, കനം എന്നീ മൂന്നു പരിമാണങ്ങളുള്ളതിൽനിന്നും ചിത്രമെഴുത്തിൽ ഒന്നു കുറഞ്ഞുപോകുന്നു. എന്തെന്നാൽ ചിത്രപടത്തിന്റെ നീളവും വീതിയും മാത്രമല്ലോ ചിത്രമെഴുത്തിന്ന് ആവശ്യമായിവരുന്നത്. എങ്കിലും ഫലകതലത്തിൽ ചിത്രകാരൻ സ്ഥൂലവസ്തുക്കളുടെ ആകൃതികൾ വരച്ചു രൂപവും, വർണ്ണവും, ഭാവാദികളും കുറിക്കുവാൻ ശക്തിയുള്ളവനാകുന്നു. സംഗീതവിദ്യ ചിത്രമെഴുത്തിലും ഉൽകൃഷ്ടമായ ഒന്നാണ്. ഇതിൽ സ്ഥൂലവസ്തുക്കൾ പ്രയോജനമെങ്കിൽ ശബ്ദോപകരണമെന്നു മാത്രമേയുള്ളു. കാരണം ശബ്ദങ്ങൾ ഭാവവികാരങ്ങളെ ദ്യോതിപ്പിക്കത്തക്കവിധം

സംഗീതങ്ങളെക്കൊണ്ടാൽ നിബദ്ധങ്ങളാകുന്നുവെന്നു മാത്രമല്ല, അവയും ശ്രോതാക്കളുടെ മനസ്സിൽ അതാതു വികാരത്തെ ഉത്ഭവിപ്പിക്കുകയും ചെയ്യുന്നു. മുൻവിവരിച്ച കലാവിദ്യകളെക്കാളെല്ലാം മഹത്തരമായതാണ് കവിത. ഇതിന്റെ സാധനവസ്തു— 'മാത്ര'യെന്ന അംശം കുറിച്ചു— കേവലം സംജ്ഞകളും, അതായത് ആശയങ്ങളെ മനസ്സിൽ ഉളിപ്പിക്കുവാൻ ശക്തിയുള്ള വാക്കുകളും, മാത്രമാണെന്നു പറഞ്ഞാൽ സ്ഥൂലപദാർത്ഥങ്ങളോടു ഇതിനുള്ള സംബന്ധം എത്രയോ ലഘുവാണെന്നു എല്ലാവർക്കും ഊഹിക്കാമല്ലോ. വാസ്തവത്തിൽ സാഹിത്യത്തിന്റെ പ്രധാനാംശം കവിത തന്നെ.

കവിത മുതലായ രമണീയകലകളെക്കുറിച്ചുനിരൂപണം ചെയ്യുംവിഷയത്തിൽ സൌന്ദര്യമെന്ന ഗുണത്തിന്റെ അടിസ്ഥാനങ്ങളായ നിയമങ്ങളെപ്പറ്റിയുള്ള പര്യാലോചന അത്യന്താപേക്ഷിതമാകുന്നു. ഈ നിയമങ്ങളനുസരിച്ചുപ്രവർത്തിക്കുവാൻ ഉപയുക്തങ്ങളായ സിദ്ധാന്തങ്ങളും ഓരോ കലാവിദ്യയ്ക്കും പ്രത്യേകമില്ലാതില്ല. ഏതദ്വിഷയത്തിൽ പരിമിതികളും, പ്രതിബന്ധങ്ങളും, സാദ്ധ്യാസാദ്ധ്യങ്ങളും എന്നിവയെ സ്പഷ്ടീകരിക്കുന്നവയാണ് മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളും. പ്രാചീനകവികളുടെ കൃതികളും കേവലം വായിച്ചു രസമനുഭവിക്കണമെന്നുമാത്രമുദ്ദേശിക്കുന്നവർക്ക് ഇവയെ സിദ്ധാന്തങ്ങളും വളരെ ആകർഷകങ്ങളായി തോന്നുകയില്ലായിരിക്കാം. പക്ഷേ കലാകാരന്മാർക്ക് ഏതാണ്ടൊരു ശാസ്ത്രീയമായ ചില പാഠങ്ങളും കൂടാതെ കഴിക്കുവാൻ നിവൃത്തിയുള്ളതല്ല. കലകളുടെ നിർമ്മിതിക്കും അഭിനന്ദനത്തിനുമുള്ള നിദാനം മനുഷ്യന്നു വിശേഷമായി സിദ്ധിച്ചിട്ടുള്ള സൌന്ദര്യാവബോധശക്തിയാകുന്നു. ഈ ശക്തിയുടെ അംശങ്ങളെ വികസിച്ചു ഉപപാദിക്കുകയും, പ്രത്യക്ഷം, അനുസന്ധാനം മുതലായ ഇതരശക്തികളോടും, അതിനും തമ്മിലുള്ള ബന്ധം വെളിവാക്കുകയുമാകുന്നു കാവ്യത്തെപ്പറ്റിയുള്ള സാമാന്യമായ സിദ്ധാന്തത്തിന്റെ ഉദ്ദേശ്യം. തന്മൂലം ബുദ്ധിയുടെ പര്യാലോചനാബലവുമുള്ളവർക്ക് അതു ഏറ്റവും പ്രധാനമല്ലെങ്കിലും കലാവിദ്യാസംബന്ധമായ ജ്ഞാനം ക്ഷമാഗ്രാഹിയാകുവാൻ കേവലം അതു മതിയാകാത്തതാണെന്നും വിസ്മരിക്കരുത്.

കലാവിദ്യകളാൽ വാസ്തവത്തിൽ സംസിദ്ധിച്ചിട്ടുള്ളതെന്തെന്നു നമ്മെ മനസ്സിലാക്കിത്തരുന്നത് അതിന്റെ ഇതിഹാസമാകുന്നു. അവയെക്കൊണ്ട് സാധിക്കേണ്ടതെന്തെന്നു നമ്മെ ബോധിപ്പിക്കുന്നതു അതിനെക്കുറിച്ചുള്ള സിദ്ധാന്തവുമാണ്. ഈ രണ്ടിനെയും കൂടി ഘടിപ്പിക്കുവാൻ സാധിക്കാത്തപക്ഷം രണ്ടും ഭിന്നമണ്ഡലങ്ങളായി സ്വതന്ത്രങ്ങളായി പ്രയോജനരഹിതങ്ങളായിരിക്കയേയുള്ളൂ. ഇതിനെ ഘടിപ്പിക്കുന്നതിനുള്ള ഉപകരണമാണ് 'വിമർശന'മെന്നു പറയുന്നത്. കലകളുടെ ആഗമത്തെ പ്രകാശിപ്പിക്കുന്നതിനും പുറമേ സിദ്ധാന്തങ്ങളെ ഫലവത്താക്കിത്തീർക്കുന്നതിനുള്ള പ്രാബല്യം വിമർശനശാസ്ത്രത്തിനുണ്ട്. ഇപ്പോഴുള്ള കൃതികളെ താരതമ്യപ്പെടുത്തി പഠനം ചെയ്യുകയും ഗുണദോഷങ്ങൾ തിരിച്ചറിയിക്കയും ചെയ്യുന്നതു ഭാവികാലങ്ങളിലും മഹത്തരങ്ങളായ അഭിനവകൃതികളുടെ നിർമ്മിതിക്കു അത്യന്തം സഹായമായിത്തീരുന്നതിനു സംശയമില്ലല്ലോ.

എന്നാൽ വിമൎശനവൃത്തിയെപ്പററി സാമാന്യജനങ്ങളുടെ ഇടയിൽ ഒരു തെററിദ്ധാരണയുണ്ട്. വിമൎശനമെന്നുവെച്ചാൽ ഗുണഭാഗവും ദോഷഭാഗവും 'ചികഞ്ഞ്' വിധി കല്പിക്കുകയെന്നാണ് അവരുടെ ബോധം. പ്രത്യേകം ചില നിയമങ്ങളെല്ലാം പഠിച്ചു പരിചയം സമ്പാദിച്ചു സാഹിത്യസാമ്രാജ്യത്തിലെ 'ജഡ്ജി' സ്ഥാനങ്ങളിലിരിക്കുന്നവരാണു വിമൎശകന്മാരെന്നുള്ള ഒരു വിശ്വാസം അധികമാളുകളായിട്ടുള്ളവൎക്കുള്ളതിന്റെ ന്യായമായ മേൽപ്പറഞ്ഞ ധാരണ തന്നെയാണ്. എന്നാൽ നാം ഇവിടെ വിമൎശനമെന്ന പദം ഉപയോഗിക്കുന്നതു ഇതിലുമധികം വിസ്തൃതമായ ഒരു അൎത്ഥത്തിലാകുന്നു. വിമൎശനം, വിവരണം, നിരൂപണം, യോഗ്യതാനിൎണ്ണയം മുതലായ എല്ലാ ഉദ്ദേശ്യങ്ങളോടുകൂടിയതാവും വേണ്ടതില്ല; സാഹിത്യത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഉത്തമസാഹിത്യമെല്ലാം നാം വിമൎശനത്തിലുൾപ്പെടുത്തുന്നു. സാഹിത്യത്തിന്റെ വിഷയം ജീവിതമാകുന്നുവെങ്കിൽ വിമൎശനത്തിന്റെ വിഷയം സാഹിത്യമോ സാഹിത്യവിമൎശനം തന്നെയോ ആകുന്നു. 'കുമാരസംഭവ'ത്തെപ്പററി ഒരാൾ ഒരു വിമൎശനമെഴുതുന്നു. ആ വിമൎശനത്തെപ്പററി വേറെയൊരാൾ ഒരു വിമൎശനമെഴുതുന്നു. ഈ വിമൎശനവിമൎശനത്തെപ്പററി മറെറാരാൾ ഒരു വിമൎശനമെഴുതുന്നു. അപ്പോൾ സാഹിത്യവിമൎശനവും, വിമൎശനവിമൎശനവും, വിമൎശനവിമൎശനവിമൎശനവും മറ്റുമായി വിമൎശനഗ്രന്ഥങ്ങളുടെ സംഖ്യ വൎദ്ധിക്കുന്നു. ഇങ്ങിനെയിരിക്കെ ചിലൎക്കു തോന്നാം, 'എന്തിനാണു വിമൎശനമെന്ന? സൂക്ഷ്മപ്രായം ചൊല്ലുകൊണ്ടിരിക്കുന്നവനും തനിച്ചിരിക്കുന്ന സാഹിത്യപരപ്പിലുള്ള പ്രയാണത്തിന്റെ കേവലം പ്രതിബന്ധം മാത്രമായിരിപ്പാനേ സംഗതിയുള്ളു വിമൎശനം തന്നെ എന്തിനാണ്? എന്ന കാൎയ്യമല്ല, അധികം യഥാൎത്ഥകാവ്യങ്ങൾ വായിച്ചു തന്നെത്താൻ മനസ്സിലാക്കുവാനുത്സാഹിക്കാതെ വിമൎശനങ്ങൾ മാത്രം വായിച്ചു ബാഹ്യാലോകനംകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്ന അല്പജ്ഞന്മാരായിപ്പതിനഞ്ചുവാനേ ഇതു സഹായിക്കയുള്ളുവോ?' എന്ന്. ഈ പൂൎവ്വപക്ഷത്തിലും കഴമ്പില്ലായ്കയില്ല. കാവ്യങ്ങൾ പഠിക്കുന്നതിനു പകരം അവയെപ്പററിയുള്ള വിമൎശനങ്ങൾ പഠിക്കുന്നതു ശരിക്കും മതിയാകുന്നതല്ല. വിമൎശനഗ്രന്ഥകൎത്താക്കന്മാരുടെ കീഴിൽ മൂലഗ്രന്ഥങ്ങളെ കഴിച്ചിടുന്നതു ശരിക്കും സ്വീകാൎയ്യമല്ല. എന്നാൽ ഇക്കാരണത്താൽ ഒരിക്കലും സാഹിത്യവിമൎശനം തന്നെ തീരെ അനാവശ്യമെന്ന വാദവും പാടില്ല. അതിനു ചില പ്രത്യേകോദ്ദേശ്യങ്ങളും ഫലങ്ങളുമുണ്ടെന്നുള്ളത് നിഷേധിക്കാവതല്ല. ഉത്തമസാഹിത്യമെന്നും സാഹിത്യവിമൎശനമെന്നുമുള്ള വിഭജനം തന്നെ ശരിയല്ല. എന്തെന്നാൽ ഉത്തമങ്ങളായ വിമൎശനഗ്രന്ഥങ്ങളെയും എല്ലാ കാരണംകൊണ്ടും സാഹിത്യത്തിൽത്തന്നെ പെടുത്താവുന്നതാണ്.

ഉത്തമങ്ങളായ കാവ്യങ്ങളെ നാം തന്നെ വായിച്ചുനോക്കാതെ അവയെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞിട്ടുള്ളതു മാത്രം കേട്ടുപഠിച്ചു തൃപ്തിപ്പെട്ടിരിക്കുന്നതായാൽ വിമൎശനത്തിന്റെ ഉദ്ദേശത്തെ നാം ദൂരീകരിക്കുകയായിരിക്കും ചെയ്യുന്നതു. ന

കലവിധത്തിലുള്ള ജ്ഞാനസമ്പത്തികളിലും ഹ്രസ്വകാഴ്ചയുള്ളവർ വെട്ടിത്തെളിയിക്കുവാൻ അത്യുത്സാഹത്തോടുള്ള ഉപകാരത്തിന്ന വിവിധ കൃത്യാന്തരപരതന്ത്രന്മാരായ നാം കേൾപ്പറഞ്ഞ പ്രകാരം ചെയ്യുവാൻ ഏർപ്പെടുന്നു. അങ്ങിനെ ചെയ്യുന്നതിനാൽ നമ്മുടെ സ്വന്തം ആലോചനാശക്തി നശിക്കുന്നു. എന്തെന്നാൽ ഗ്രന്ഥകൃതികളിലെ ഗുണദോഷങ്ങളെ നാം കാണുന്നതു ക്രമേണ നമ്മുടെ സ്വന്തം കണ്ണുകൊണ്ടല്ലാതെയാണ് വരുന്നത്. വിമർശകന്നെന്തെല്ലാം കാണുന്നുവോ അതെല്ലാം നമ്മളും കാണും. അതിനപ്പുറമൊന്നും കാണുകയുമില്ല. പ്രത്യേകിച്ചും വിമർശകൻ വലിയ വിദ്വാനെന്ന് എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു ആളാണെങ്കിൽ അതൊക്കെയും നാം വളരെ ബഹുമാനിക്കുന്നു. സ്വജനാഭിമാനമെല്ലാ ബോധങ്ങളോടുകൂടെ അയാളുടെ കുറവുകൾ ടിക്കപ്പെടുന്നു. ഈ നിലയിലാകട്ടെ, വിമർശകൻ കവിയെ നമ്മുടെ ഭാവനാദൃഷ്ടിയിൽനിന്നും മറയ്ക്കുന്ന ഒരു തിരശ്ശീലയിന്നുതന്നെയായിപ്പരിണമിക്കുന്നു.

വിമർശനംകൊണ്ടു ഇപ്പറഞ്ഞ ദോഷങ്ങളെല്ലാമുണ്ടാകാമെങ്കിലും വേണ്ടവിധത്തിൽ വിനിയോഗിച്ചു ചെയ്യുന്നതായാൽ അതുകൊണ്ടുണ്ടാകുന്ന ഗുണങ്ങളും അനേകങ്ങളാണ്. ഉത്തമവിമർശകന്മാരെന്ന സഹൃദയകോടിയിൽ വിശാലവും അഗാധവുമായ പരിജ്ഞാനവും പരിചയവും നമ്മെക്കാളെത്രയോ അധികം സമ്പാദിച്ചിട്ടുള്ളവരും, സൂക്ഷ്മദൃഷ്ടി, കല്പനാവൈഭവം, ഗ്രഹണശക്തി എന്നിവകൾ നമ്മെക്കാൾ എത്രയോ അധികം ഉള്ളവരുമായിരിക്കും. തൽഫലമായി ഒരു കാവ്യത്തിൽ നാം കാണുന്നതിലെത്രയോ അധികം രസവും ഭാവവും അവരുടെ ഉള്ളിൽ വികസിക്കുന്നു! അതിനാൽ കാവ്യത്തിന്റെ പല ഭാഗവും അവരാൽ പ്രകാശിപ്പിച്ചു നമുക്കു കാണിച്ചുതരുന്നു. അവരാൽ ഇല്ലാത്ത പക്ഷം നാം അതുകൾ കാണുകയേ ഇല്ല. ഇതിനും പുറമെ അവരാൽ നമ്മുടെ ആലോകനരീതിതന്നെ പലപ്പോഴും യഥോചിതം വ്യത്യാസപ്പെടുത്തുകയും ചെയ്യും. പലപ്പോഴും അവരാൽ നമ്മുടെ മനസ്സിൽ സുപ്താവസ്ഥയിൽ കിടക്കുന്ന ധാരണകളെത്തന്നെ ജാഗ്രത്സ്ഥിതിയിൽ കൊണ്ടുവന്നു തെളിയിച്ചു പ്രകാശത്തിൽ ഫലപ്രദങ്ങളാക്കിത്തീർക്കുന്നു. നമുക്കുണ്ടാകുന്ന തെറ്റായ ധാരണകളേയും അവരാൽ പലപ്പോഴും സയുക്തികം ഖണ്ഡിച്ചു കാര്യം മനസ്സിലാക്കിത്തരുന്നു. ഈവിധത്തിലെല്ലാം ഒരു ഉത്തമവിമർശകൻ നമുക്കു സാഹിത്യപരിജ്ഞാനത്തിനു വേണ്ടുന്ന വഴികൾ വെട്ടിത്തെളിയിച്ചുതരികയും, സജ്ജനങ്ങളെപ്പോലെ മാർഗ്ഗദർശിയായി നമ്മെ അനുഗമിക്കുകയും, വഴിനീളെ നാം സാധാരണക്കണ്ണുകൊണ്ടു കാണാതെ വിട്ടുകളയുവാൻ ഇടയുള്ള വസ്തുക്കളെല്ലാം ചൂണ്ടിക്കാണിച്ചു വിവരിച്ചുതരികയും ചെയ്യുന്നവനാണ്. അതുകൊണ്ട് കാവ്യങ്ങളെ വായിക്കുമ്പോൾ ചെയ്യേണ്ടതുപോലെത്തന്നെ വിമർശനങ്ങളെ വായിക്കുമ്പോഴും നമ്മുടെ മനസ്സു സ്വാധീനം ഉണർത്തിവെച്ചു കൊള്ളുന്നതായാൽ, വിമർശനഗ്രന്ഥപാഠംകൊണ്ടു ദോഷമൊന്നുമുണ്ടാകില്ലെന്നു മാത്രമല്ല, എത്രയോ ഗുണങ്ങളും നമുക്കു പരിജ്ഞാനംപകരിക്ക വളരെ ഇടയുണ്ടാകുന്നതുമായിരിക്കും.

പി. ശങ്കരൻനമ്പ്യാർ എം. എ. (ശേഷം പിന്നെ)

2 •

*പെരുമാക്കന്മാർ

(൧)

[illegible]

* Copy- right reserved.

ഷായി നിയമിക്കണമെന്ന നിശ്ചയിച്ച് ആ ഉദയൻ ചേരമാൻപെരുമാളെത്തന്നെ കേരളത്തിന്റെ രാജാവാക്കി സ്വീകരിക്കുകയും ചെയ്തു. 'പതിറ്റുപ്പത്ത്' എന്ന ഗ്രന്ഥത്തിലും മറ്റു ചില തമിഴ്കൃതികളിലും കാണുന്ന കാലക്രമം അനുസരിച്ച് കണക്കുകൂട്ടിനോക്കുമ്പോൾ ഏകദേശം കലി 2910-ന്നും 2920-ന്നും മധ്യത്തിലാണ ഈ സംഭവം നടന്നതായിക്കാണുന്നത്. അതെങ്ങിനെയെന്നാൽ പെരുമാക്കന്മാരിൽ പതിനഞ്ചാമത്തെ ആളാണ് ചിലപ്പതികാരകർത്താവിന്റെ ജ്യേഷ്ഠനായ ചെങ്കുട്ടുവപ്പെരുമാൾ എന്നാണ് പരിശോധനയിൽ പ്രത്യക്ഷപ്പെടുന്നത്. ചെങ്കുട്ടുവപ്പെരുമാളുടെ വാഴ്ചക്കാലം 55 സംവത്സരമാണെന്ന പതിറ്റുപ്പത്തിലും മറ്റും കാണുന്നു. അതിൽ അവസാനത്തെ പത്തു വത്സരകാലത്തു നാടുവാണിരുന്ന അയൽരാജാക്കന്മാരിൽ ലങ്കാരാജാവു ഗജബാഹുവും കൊങ്ങുദേശാധിപതി കൊങ്കണിവർമ്മനും ചോളരാജാവു പെരുനർക്കിള്ളിയും പാണ്ഡ്യരാജാവു നെടുഞ്ചേഴിയനുമാണെന്ന ചിലപ്പതികാരത്തിലും കാണുന്നു. ലങ്കയിലെ രാജവംശാവലി വിവരിക്കുന്നതും വളരെ പ്രാചീനമായ 'മഹാവംശോ' എന്ന പാലിഭാഷാഗ്രന്ഥവും കർണ്ണാടകശാസനസന്ദോഹത്തിൽ കാണുന്ന കൊങ്കണിവർമ്മന്റെ ചില ശാസനങ്ങളും ഗജബാഹുവിന്റെയും കൊങ്കണിവർമ്മന്റെയും രാജ്യഭാരകാലം ആരംഭിച്ചിട്ടുള്ളതു കലി 3216 മുതൽക്കും 3218 മുതൽക്കുമാണെന്ന തെളിയിക്കുന്നു. അതനുസരിച്ചു നോക്കിയാൽ ചെങ്കുട്ടുവപ്പെരുമാളുടെ വാഴ്ചക്കാലം 3170 മുതൽ 3225 വരെയാണെന്ന തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ സംഗതി അടിസ്ഥാനമാക്കി പതിറ്റുപ്പത്തിലും മറ്റും കാണുന്ന ചില പെരുമാക്കന്മാരുടെ വാഴ്ചക്കണക്കുപ്രകാരം പരിശോധിച്ചാൽ പെരുമാൾവാഴ്ചയുടെ ആരംഭകാലം കലിവർഷം 2918-ലാണെന്ന തന്നെ കാണുവാൻ കഴിയുന്നതാണ്. ഈ വിഷയത്തെപ്പറ്റി ഇനിയൊരിക്കൽ വിസ്തരിച്ചു നിരൂപണം ചെയ്യാം. പ്രകൃതവിഷയം പെരുമാൾവാഴ്ചക്കാലത്തിന്റെ ചുരുക്കം മാത്രമാണെന്ന മുമ്പിൽ പറഞ്ഞുവല്ലോ. അതിനാൽ അതുതന്നെ ഇരിക്കട്ടെ.

[illegible] നാട്ടിനെടിയ നീതിനിപുണനായ ഉദയൻ ചേരമാൻ [illegible] കൊങ്ങുനാടിന്റെ [illegible] 'വഞ്ചിയെന്ന' [illegible] രാജധാനിയാക്കി വാണു. അതുമുതൽക്കൊടുങ്ങല്ലൂരിന്ന 'ഇളങ്കോവഞ്ചി' എന്ന കേരളരാജ്യത്തിന്റെ ഇളമുറസ്ഥാനത്തെ സൂചിപ്പിക്കുന്ന ഒരു പേരും ഉണ്ടായി. കേരളപ്പെരുമാളായ ഉദയൻ ചേരമാൻ മുതൽക്കുള്ള പെരുമാക്കന്മാർ വാണിരുന്ന വഞ്ചിനഗരം (തിരുവഞ്ചിക്കുളം)തന്നെയാണ തലസ്ഥാനപട്ടണമാക്കിയിരുന്നു. അക്കാലംമുതൽക്കു വഞ്ചിപട്ടണത്തിന്ന 'മഹോദയപുരം' എന്ന പേരും ഉണ്ടായി. പഴയ തമിഴ്ഗ്രന്ഥങ്ങളിൽ പെരുമാക്കന്മാർക്ക് 'മകോതയർ' 'മാകോതയർ' എന്നെല്ലാം പേരുകൾ കാണുന്നതിന്നും തിരുവഞ്ചിക്കുളത്തിന്ന 'മകോതൈപട്ടണം' എന്ന പേർ ചില താമ്രശാസനങ്ങളിൽ കാണുന്നതിന്നും ഈ സംഗതിതന്നെയാണ് അടിസ്ഥാനം. [illegible]

യാതിരിമാർ തല്ലിയും സ്വാതന്ത്ര്യസ്ഥാനമാനങ്ങളും ഏർപ്പെടുത്തിയും രാജ്യഭരണകാര്യത്തിൽ അവരെ ആലോചനക്കാരുടെ കൂട്ടത്തിൽ മാത്രം ഉൾപ്പെടുത്തി നിയമിച്ചും (1) ജനപ്രതിനിധിസഭയും മന്ത്രിസഭയും സ്ഥാപിച്ചും ഇദ്ദേഹം ഭരണപരിഷ്കാരമായ സമാധാനത്തോടെ രാജ്യം ഭരിച്ചുവന്നു. 'വെള്ളിയാർ' എന്ന പേരായ ഒരു പ്രഭുവിന്റെ പുത്രിയായ 'വൈരമാംഗല്ലിനി' എന്ന കന്യകയെയാണ് ഈ പെരുമാൾ വിവാഹം ചെയ്തിരുന്നത്. ആ രാജ്ഞിയിൽ രണ്ടു പുത്രന്മാരുണ്ടായി. ഒരു മഹാത്മാവെന്ന നിലയക്കും സമാധാനരക്ഷകൻ എന്ന നിലയിലാണ് ഈ ഒന്നാം പെരുമാൾക്ക് അധികം പ്രാധാന്യം കല്പിച്ചു കാണുന്നത്. കേരളത്തിന്റെ കഷ്ടകാലം തീർന്നു പലതരം അഭിവൃദ്ധികൾക്കും വഴിയുണ്ടാക്കിയ ഇദ്ദേഹത്തിന്റെ മന്ത്രിമാർ പാലിന്റെ പുളിപ്പിനോടും പകലത്തെ ഇരുട്ടിനോടും താലു വേണ്ടിലും പ്രധാനമായി കാണേണ്ട സത്യംഇല്ലാതായിപ്പോകുന്നതിനോടും മാത്രമാണ് പരിചയമില്ലാത്തതു എന്നു ഒരു കവി—

'പാൽപുളിപ്പിനും പകലിരുട്ടിനും
താൽവേതക നാരിതിരിയിനും
തിരിയാപ്പാറമൊട്ടുകൂറ്റുചൊൽവിട്ടുമി.'

ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു. ഈ അദ്ദേഹത്തെ പെരുമാൾ പന്തിരണ്ടു സംവ[illegible]ത്സരം കേരളരാജ്യം വാണതിനു ശേഷം പരലോകം പ്രാപിച്ചു.

പിന്നെ അദ്ദേഹത്തിന്റെ പുത്രന്മാരിൽ ജ്യേഷ്ഠനായ 'ഇന്ദ്രവർമ്മൻ' കലിവർഷം 2880 മുതൽ പെരുമാളായി. 'ഇന്ദ്രവർമ്മൻ രണ്ടാമനായൻ പെരുമാൾ' എന്നാണ് ഇദ്ദേഹത്തെ സാധാരണയായി കവികൾ പറഞ്ഞുകാണുന്നത്. ചെറുപ്പത്തിൽ തന്നെ രാജ്യഭാരം ഇദ്ദേഹം ഇ[illegible] രണ്ടാം പെരുമാൾ വലിയ ശൂരനും മഹാപരാക്രമിയുമായിരുന്നു. പിതാവു വഴിപുത്രനായി ലഭിച്ച ധൈര്യവും നിമിത്തം ഉത്സാഹശൂരനും വലിയ ഇദ്ദേഹം തന്നെയായിരുന്നു ശത്രുരാജ്യങ്ങളിലുള്ള ക[illegible] ജനങ്ങളെയെല്ലാം കീഴടക്കി. പിന്നെ വലിയ സൈന്യങ്ങളോടുകൂടി വടക്കോട്ടു തിരിച്ചുപോയി ആന്ധ്രരാജാവിനെ ജയിച്ചു ഹിമവത്സാനുവിൽ ജ[illegible] കൊടി നാട്ടി വിൽപ്പാടി തെളിച്ചു. അതിനുശേഷം അവിടെനിന്നു മടങ്ങി ദിഗ്വിജയിയായി പുറപ്പെട്ട് ആനെ[illegible] സേനയോടുകൂടി ആ പ്ര[illegible] ശത്രുക്കളായിരുന്നവരും അന്നിവാസികളെ (അനാരിയാകുട്ട്) വധിക്കാതെയെന്നു[illegible] കൊടുക്കുകയായ യവനരാജാക്കന്മാരെ ജയിച്ച് അനേകം ധനങ്ങളോടു[illegible] ആനകളെയും കപ്പമായി വാങ്ങി [illegible] തിരിച്ചുപോന്നു. ഇങ്ങിനെ പടിഞ്ഞാറേ [illegible] ദിഗ്ജയം ഈ പെരുമാൾ നടത്തിയതാ[illegible] കാണുന്നത്. ആ ദിഗ്വിജയത്തിന്റെ [illegible] സ്മാരകമായി ഈ പെരുമാളുടെ കിരീട[illegible] മേൽ എഴുതിയുള്ള ഒരു മുത്തുമാലയ[illegible] ത്തിലെണ്ണംവെന്നും എഴുതുകി കണ്ടു, വ[illegible] ഷിലെ ശ്രീയിച്ചു പോന്നു, ആനക[illegible]

---

(1) ജനസമൂഹവും [illegible] അധികാരികളുണ്ടായിരുന്നു എന്നു അറിയേണ്ടതാണ്.

(2) ഈ കവിതയിലെ മൂന്നാം വരിയിലെ [illegible] പെരുമാൾ [illegible] [illegible] കൊണ്ടുവരുന്നതായിരിക്കണം.

ചിൽപ്പെരുമാനെന്നും ഇതിനെ പല സ്ഥാനപ്പേരുകളും ഇദ്ദേഹത്തിനുണ്ടായിരുന്നവെന്നും പല ഗ്രന്ഥകാരന്മാരും വിശ്വസിച്ചു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാലത്തിന്, വേണാട്ടിലെയല്ലാതെ മലനാട്ടിലെ മറ്റൊരു ഭാഗത്ത് ഇതുവരെയും ശാസനങ്ങൾ കാണിച്ചിട്ടില്ലെന്നുള്ള സംഗതി വിശ്വസിപ്പാൻ മനസ്സില്ലാത്ത ചില മതാചാരങ്ങൾ സമർത്ഥമായ വിധത്തിൽ തന്നെക്കൊണ്ട് പരിചയിച്ചിട്ടുള്ള ഇക്കാലത്തെ പരിഷ്കൃതബുദ്ധികളെ നല്ല സമ്മതമില്ലാത്ത പക്ഷം ചില നവീനഗ്രന്ഥകാരന്മാർ പാശ്ചാത്യരെ ഒരു കാലത്തു കേരളത്തിൽ ക്രിസ്തുമതത്തിനായി വന്നിരുന്ന ഒരാളെന്നു കണ്ടതാണ് ഈ പെരുമാൾ കൂടെ ഉദ്ധരിച്ചിട്ടു പല സാധനങ്ങളും വച്ചു തെളിവുകളുണ്ടാക്കിയിരിക്കുന്നതെന്ന മാത്രം താൽപ്പര്യം കല്പിച്ചു സമാധാനപ്പെടേണ്ടതാകുന്നു. ഈ പെരുമാൾ വിവാഹം ചെയ്ത ഭാര്യയുടെ പേർ 'പത്മാവതി' എന്നല്ലെങ്കിൽ 'പത്മാവതി' എന്നാണ്. ചോളരാജ്യക്കാരനും ചിലപ്പതികാരഗ്രന്ഥത്തിലെ കഥാനായകനായ കോവലന്റെ ദ്രവ്യസമ്പാദനത്തെപ്പറ്റിയുള്ള ഏപ്പികാരം വലിയ ധനവാനായി 'കോവലൻ' എന്ന പേരായ ഒരാൾ ഈ പെരുമാളുടെ കാലത്ത് നമ്പിച്ചിരുന്നു. മണിമേഖലാകാവ്യകാരൻ 'ധർമ്മശാസനൻ' എന്ന പേരായ ഒരു ബുദ്ധസന്യാസി പെരുമാളെ വന്നുകണ്ടു ബുദ്ധമതതത്വങ്ങളെപ്പറ്റി പ്രസംഗിച്ചതുകേട്ടിനാൽ ഈ കോവലൻ തിരെ വിരക്തനായിത്തീർന്നു. പിന്നെ ബുദ്ധമതം സ്വീകരിച്ചു കോവലൻ അനവധി ധനം ധർമ്മവിഷയത്തിൽ ചിലവുചെയ്തു പെരുമാളുടെ അനുവാദത്തോടുകൂടി വഞ്ചിനഗരത്തിൽ മനോഹരമായ ഒരു ബുദ്ധചൈത്യം പണിയിക്കയും ചെയ്തു. ചില കാലങ്ങളിലും, വഞ്ചിപട്ടണത്തിലെ പ്രധാനക്ഷേത്രങ്ങളിൽ ഏറ്റവും വിശേഷപ്പെട്ടത് ഈ ബുദ്ധചൈത്യമായിരുന്നുവെന്നു വിദേശീയഗ്രന്ഥകാരന്മാർപോലും വർണ്ണിച്ചിട്ടുണ്ട്. പ്രതാപശാലിയായ ഈ ചേരമാൻ പെരുമാൾ 58 വത്സരം കാലം ഭരിച്ചിരുന്നതിനു ശേഷം ദിവ്യ പരലോകപ്രാപ്തനായി.

ചേരമാൻപെരുമാളുടെ പരലോകപ്രാപ്തികാലത്ത് അദ്ദേഹത്തിന്റെ പുത്രന്മാരാരും പ്രായപൂർത്തിയായിരുന്നില്ലാത്തതിനാൽ ആ പെരുമാളുടെ അനുജൻ 'ഗജബാഹു' എന്ന നാമധേയമുള്ള 'കേരളരാജൻ' ക്രിസ്ത്വബ്ദം 1088-ൽ രാജ്യഭാരം തുടങ്ങി. ഇദ്ദേഹത്തെ ചേരമാനെപ്പോലെ 'ചെങ്കുട്ടുവൻ' എന്നാണ് തമിഴിൽ പറഞ്ഞിരിക്കുന്നത്. ഈ പെരുമാളുടെ വാസ്തവമായ പേർ എന്താണെന്നു നിശ്ചയമില്ല. അനേകം യുദ്ധങ്ങളെപ്പറ്റി നിത്യവും പല കഥകളും കേട്ടിരുന്ന കിരീടധാരിയായ വെള്ളം ആനപ്പുറത്തു വച്ചതിനു ശേഷം കഴിച്ചിട്ടാണെന്നു ഇദ്ദേഹം സിംഹാസനാരൂഢനായത്. കേരളത്തിൽ കൃഷിസംബന്ധമായി അനവധി നന്മകൾ ഏർപ്പെടുത്തി നടപ്പാക്കിയിട്ടുള്ളവരിൽ ഈ പെരുമാൾ വലിയ പ്രധാനനാണെന്നു കാണുന്നു. ഇദ്ദേഹത്തിന്റെ ആശ്രിതന്മാരിൽ ഒരാളായി 'പോലയിൽ ശേഖരനാർ' എന്നൊരു വിശിഷ്ടബ്രാഹ്മണനുണ്ടായിരുന്നു. കവിയായ ആ ശേഖരനാർ ഒരിക്കൽ പെരുമാളെ പുകഴ്ത്തിക്കൊണ്ടു ചില

കവിതയുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ പെരുമാൾ ആയിരം സംഖ്യ ധനം അദ്ദേഹത്തിനു സമ്മാനം കൊടുത്തു. സ്വതേ ദരിദ്രനായിരുന്ന ഗൌതമനാർ കിട്ടിയ ധനം മുഴുവനും ധർമ്മവിഷയത്തിൽ ചെലവാക്കി. ഇതിനെ കണ്ടു തവണ രാജാവ് മുമ്പിനൊന്നാധികം ധനം സമ്മാനം കൊടുക്കയും കവി അതെല്ലാം ധർമ്മകാര്യങ്ങളിൽ ചിലവിടുകയും ഉണ്ടായി. പത്താമത്തെ പ്രാവശ്യം ഗൌതമനാർക്കു വേണ്ടതെല്ലാം എടുത്തു കൊൾവാൻ പെരുമാൾ അനുവാദം കൊടുത്തു. തനിക്കും പത്നിക്കും പരലോകസുഖം അനുഭവിപ്പാൻ സാധിക്കണമെന്നു പ്രാർത്ഥ ഇഹലോകത്തിൽ വെച്ചുതന്നെ അനുഗ്രഹിക്കുന്ന ഒരു ബ്രാഹ്മണൻ മരിയിപ്പുള്ള കേട്ട് ഒരു വിശിഷ്ടയാഗം നടത്തി പല പുണ്യകർമ്മങ്ങളും പെരുമാൾ തന്നെ ഇടവിടാതെ നടത്തിച്ചുവന്നു. അധികകാലം കഴിയുംമുമ്പുതന്നെ ആ ബ്രാഹ്മണദമ്പതിമാർ ഇഹലോകവാസം ഉപേക്ഷിച്ചു. അടുത്ത അവസരത്തിൽ അന്നു രാജപുരോഹിതൻ നെടുംപൊറയനാർ എന്ന ബ്രാഹ്മണശ്രേഷ്ഠൻ വിരക്തനായി വിജനപ്രദേശത്തുപോയി തപസ്സു ചെയ്തുകൊണ്ടിരുന്നു. ഇതെല്ലാം കണ്ടു പെരുമാളും വിരക്തനായിത്തീർന്നിട്ടാൽ രാജ്യഭാരം ഉപേക്ഷിച്ച് അയിർമല എന്ന ദിക്കിലുള്ള ക്ഷേത്രത്തിനു സമീപത്തിൽ ചെന്നു താമസിച്ചു പിച്ചുള്ള ആയുസ്സുകാലം പ്രശാന്തനായിക്കഴിച്ചുകൂട്ടി. ഈ മൂന്നാം പെരുമാൾ 25 വത്സരം കാലമാണ് രാജ്യം ഭരിച്ചു വന്നത്.

ഇമയവർമ്മൻ നെടുഞ്ചേരലാതന്റെ 'പദുമൻദേവി'യിലുണ്ടായ മകൻ 'ബാണവങ്കൻനാർ കുടിച്ചെന്നോതൻ' എന്ന നാലാം പെരുമാൾ കലി 8018-ൽ രാജ്യഭാരം ഏറ്റു. ഇദ്ദേഹം അച്ഛനെപ്പോലെതന്നെ ധീരയുദ്ധവീരനായിരുന്നു. അനേകം ശത്രുക്കളെ യുദ്ധത്തിൽ തോൽപ്പിച്ചു. ഒരു സ്വാധീനപ്പെടുകിനേരിയ 'പുറന്തടൈ' എന്ന പ്രദേശം പാണ്ഡ്യരാജ്യത്തിൽനിന്നു വേർപെടുത്തി കേരളത്തോടു ചേർത്തു[1]. അക്കാലത്തു യുദ്ധമര്യാദപ്രകാരം ശത്രുനഗരത്തിനുള്ള കോട്ടകിടങ്ങിന്റെ സമീപത്തായി നട്ടുവളർത്തിയിരുന്ന കടമ്പുമരം ഈ പെരുമാളുടെ പടയാളികൾ ചെന്നു മറിക്കുകയും യുദ്ധത്തിനൊരുങ്ങുവാനായി പെരുമാൾ അവിടേക്കു ചെല്ലുമ്പോൾ 'തന്ന'എന്ന പാണ്ഡ്യൻ എതിർത്തുവരികയും ആ യുദ്ധത്തിൽ പെരുമാൾ ആ പാണ്ഡ്യനെ കൊന്നുവെന്നും പ്രസ്താവിച്ചുകാണുന്നുണ്ട്. ഈ രാജാവും ഇരുപത്തഞ്ചു വത്സരമാണ് രാജ്യം ഭരിച്ചിട്ടുള്ളത്.

8089-ൽ ഈ നാലാംപെരുമാൾ പരലോകം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ ചെങ്കുട്ടുവൻ ചേരമാൻ എന്ന 'ചെറിയോൻ പെരുമാൾ' ചേരനാട് ഭരിച്ചു. ധീരതയും ഔദാര്യവും നിമിത്തം 'ചെങ്കുട്ടുവൻ ചേര നിലക്കോ' എന്നും ഈ പെരുമാളെ സാധാരണ പറഞ്ഞിരുന്നു.

---

(1) പൂഴിനാട് കേരളത്തിന്റെ വടക്കേ [illegible] പറയുന്നുണ്ട്. [illegible] 'പൂഴിനാടൻ' എന്നുള്ള പദം [illegible] പറഞ്ഞുകാണുന്നുണ്ട്. [illegible] ഈ [illegible]

ഇദ്ദേഹത്തിന്റെ കാലത്തു 'മുടിത്തലക്കോപ്പെരുനാൽകിള്ളി' എന്ന ചോളരാജാവുമായി കൊങ്ങുനാട്ടിലുള്ള 'കരവൂർ' എന്ന പ്രദേശത്തുവെച്ചു ഒരു യുദ്ധമുണ്ടായി. പെരുമാൾ അവിടെയുണ്ടായിരുന്ന കോട്ടയിലിരുന്നു ശത്രുബലത്തെ നോക്കിക്കണ്ടു. ആ അവസരത്തിൽ ചോളരാജാവിന്റെ പാണനായ ഒരു ബ്രാഹ്മണൻ ആ രാജാവിന്റെ വീര്യത്തെ പുകഴ്ത്തിക്കൊണ്ട് കഴിച്ചുപോവുകയാണ് നല്ലതെന്നു പെരുമാളോടുപദേശിച്ചുവെങ്കിലും പെരുമാൾ കോട്ടിലകത്തുറപ്പിച്ചു പലവഴിക്കുമായി ശത്രുസൈന്യത്തെ ആക്രമിക്കയാണുണ്ടായത്. പോരിൽ ശത്രുവിനെപ്പിടിച്ചു ബന്ധനത്തിലാക്കുകയും പിന്നെ വിട്ടയക്കുകയും ചെയ്തു. ഈ പെരുമാൾ 'ഒരു തന്ത' എന്ന ഇടപ്രഭുവിന്റെ മകളെയാണ് വിവാഹം ചെയ്തത്. ഇദ്ദേഹത്തിന്റെ ഭരണകാലം പതിനാലു വർഷവുമാണ്.

കലിവർഷം 3062-ൽ ഈ അഞ്ചാം പെരുമാൾ ഇഹലോകം വിട്ടു. അതു മുതൽ ഇദ്ദേഹത്തിന്റെ മകൻ 'പാഴിയാതൻ' രാജ്യം ഭരിച്ചുതുടങ്ങി. ഈ പെരുമാൾക്ക 'കടുങ്കോവാഴിയാതൻ, ചേരലകടുങ്കോവാഴിയാതൻ, ചേരമാൻ കടുങ്കോവാതൻ' ഇതിനെയെല്ലാം പേരുകൾ കാണുന്നുണ്ട്. ഇദ്ദേഹം ചോളപാണ്ഡ്യന്മാരെ യുദ്ധത്തിൽ കീഴടക്കുകയും ചിത്രശിലായിരുന്നതിന്നു പുറമെ വലിയ വിദ്വൽക്കേസരം മാനശീലനമായിരുന്നു. 'കപിലർ' എന്ന ഒരു ബ്രാഹ്മണകവിക്ക ഒരു കുന്നിന്റെ മുകളിൽനിന്നു നോക്കിയാൽ നോക്കെത്തുന്നേടത്തോളമുള്ള നാടു മുഴുവനും ഇദ്ദേഹം സമ്മാനം കൊടുത്തതായിക്കാണുന്നു. ഈ ആറാം പെരുമാൾ 25 വർഷമാണ് നാടു വാണിട്ടുള്ളത്. ഇദ്ദേഹം വിവാഹം ചെയ്ത രാജ്ഞിയുടെ പേർ 'പതുമാദേവി'യെന്നുമാണ്.

കലിവർഷം 3077-ൽ ആറാം പെരുമാളുടെ മകൻ 'മാന്തരൻചേരൽ മാന്തരഞ്ചേരൽ(1) മന്നൻ' എന്ന പേരോടുകൂടി ഏഴാമത്തെ പെരുമാൾ രാജ്യഭാരം തുടങ്ങി. ഇദ്ദേഹം നാടാകെ ക്ഷോഭിപ്പിക്കെ നായകനായ 'കഴുവുളുവൻ' എന്ന ഒരു ഇടപ്രഭുവിനെ കരം കൊടുക്കാത്തതു നിമിത്തം നാട്ടിൽനിന്നോടിച്ചു. 'അതിയമാൻഎഴിനി' എന്ന സാമന്തരാജാവിനെ രാജദ്രോഹകുറ്റം നിമിത്തം യുദ്ധത്തിൽ കൊന്ന് ആ രാജാവിന്റെ തലസ്ഥാനമായ 'തകടൂർ' പട്ടണം പിടിച്ചടക്കി. ഈ യുദ്ധത്തെപ്പററി വിവരിക്കുന്നതായി 'തകടൂർയാത്ര' എന്ന പേരായ ഒരു പുസ്തകമുണ്ടായിട്ടുണ്ട്. തകടൂർ എന്ന പ്രദേശം 'കൊല്ലിമല' എന്ന പേരായ ഒരു കുന്നിന്റെ സമീപത്തായിരുന്നെന്നു കാണുന്നുണ്ട്. മഹാപരാക്രമിയായ ഈ പെരുമാൾ വലിയ വിദ്വാനുമായിരുന്നു. 'അരിശിൽകിഴാർ' എന്ന ഒരു കവിയുടെ കവിത കണ്ടു സന്തോഷിച്ചു ഇദ്ദേഹം ഒരു സംഖ്യ ധനം സമ്മാനം കൊടുത്ത് ആ കവിയെ തന്റെ മന്ത്രിസചിവനാക്കി. 'ചോളമണ്ഡലക്കാരൻ പെരുന്തലൻ' എന്ന ഒരു പണ്ഡിതശ്രേഷ്ഠന്റെ ശാസ്ത്രജ്ഞാനം കണ്ട് ഇദ്ദേഹത്തിനു ഈ പെരുമാൾ പല സമ്മാനങ്ങളും കൊടുത്തതായും ആ പണ്ഡി

(1) ശരീരക്കേരളിച്ചേരൽ എന്നുമാവാം.

ൻ പാണ്ഡ്യരാജാവിന്റെ വിദ്വത്സദസ്സിൽവെച്ച് പെരുമാളുടെ അസാധാരണ പാണ്ഡിത്യത്തെപ്പറ്റി പുകഴ്ത്തിക്കൊണ്ട് ആ സമ്മാനങ്ങളെല്ലാം ഒരേ വിദ്വാന്മാർ ഭാഗിച്ചുകൊടുത്തതായും കാണുന്നുണ്ട്. 'മുരുകിനാർ' എന്ന പേരായ ഒരു നാടൻ കവി പെരുമാക്കന്മാരെക്കാണ്മാൻ വരികയും പെരുമാൾ കിടപ്പാനായി വിരിച്ചിരുന്ന കട്ടിലിന്മേൽ, അതു പെരുമാൾ കിടപ്പാനുള്ളതാണെന്നറിയാതെ, കയറിക്കിടന്നുറങ്ങുകയും ചെയ്തു. രാജാവ് ആ സമയത്തു വന്നപ്പോൾ തന്റെ കട്ടിലിന്മേൽ കിടന്ന് ഒരാൾ സുഖമായി ഉറങ്ങുന്നതു കണ്ടിട്ട് ആ ആളെ തീർച്ചയായും നിഗ്രഹിക്കേണ്ടതാണെന്നോർത്തു ഉറങ്ങുന്ന കവിയെ പെരുമാൾ തന്നെ വീശിക്കൊണ്ടു നിന്നു. കവി ഉണർന്നപ്പോൾ മഹാരാജാവു തന്നെ വീശുന്നതു കണ്ടു ചാടിയെഴുനീറ്റ് ആ മഹാരാജാവിനെ സ്തുതിച്ചുകൊണ്ടു ചില കവിതകളുണ്ടാക്കി ക്ഷമായാചനം ചെയ്തു. ശ്രേഷ്ഠനായ ആ കവിയെ പെരുമാൾ പ്രത്യേകം സൽക്കരിച്ച് ധാരാളം സമ്മാനങ്ങളും കൊടുത്തു. ഇതിനെയും ഒരു കഥ ഇദ്ദേഹത്തെപ്പറ്റി പറയുന്നുണ്ട്. ഈ പെരുമാൾ 'കത്തൂർകിഴാൻ' എന്നാളുടെ മകൾ 'നല്ല വെള്ളച്ചി' എന്ന കന്യകയെയാണ് വിവാഹം ചെയ്തിരുന്നത്. ഇദ്ദേഹത്തിന്റെ രാജ്യഭാരം 17 സംവത്സരമാണ്.

കലിവർഷം 3094-ൽ ഇദ്ദേഹത്തിന്റെ മകൻ 'കടക്കോട്ടുക്കാരൻ ഇളയതമ്പുരാൻ' എന്ന പെരുമാൾ സിംഹാസനം കയറി. ഇദ്ദേഹം 'ഉദയപ്പെരാതി ഇളയവൈപ്പിനി' എന്ന ചോളരാജാവിനെയും 'ചെഴിയൻമാർ' എന്ന പാണ്ഡ്യരാജാവിനെയും പോരിൽ കീഴടക്കിയതിലുള്ള ഉത്സവമെല്ലാം ഏകശാസനായിൽ നടത്തി. 'വില്ലിക്കാരൻ' എന്ന സമർത്ഥരാജാവിനെ എന്നതാ കാരണത്താൽ അകവിച്ചു. വലിയ പാണ്ഡിത്യവും തന്റെ മാതാമഹനുമായ 'കേരളകിഴാനെ' അമ്മാവനാണ് മന്ത്രിസ്ഥാനത്തിൽ നിയമിച്ചിരുന്നത്. ഈ എട്ടാം പെരുമാൾ 16 സംവത്സരം രാജ്യം ഭരിച്ചതിനുശേഷം പരലോകം പ്രാപിച്ചു.

കലി 3110-ൽ ഇദ്ദേഹത്തിന്റെ മകൻ 'കടക്കോട്ടുക്കാരായ രാജരാജൻ' പെരുമാൾ രാജ്യം ഭരിച്ചുതുടങ്ങി. എന്നാൽ ഇദ്ദേഹത്തിന് അധികകാലം ഇരിപ്പാൻ സംഗതി വന്നില്ല. രാജ്യഭാരം തുടങ്ങീട്ട് മൂന്നാം വത്സരത്തിൽ ഈ പെരുമാളും 'വെപ്പാറ്റക്കോട്ടയിലെ കിള്ളി' എന്ന ചോളരാജാവും കൂടിയുണ്ടായ യുദ്ധത്തിൽ രണ്ടു രാജാക്കന്മാരും ഏറ്റുമുട്ടി പോരുകയും രണ്ടുപേരും മരണമടഞ്ഞു പരസ്പരം വെട്ടുകയും രണ്ടാളും വെട്ടുകൊണ്ടു വടിയെ മരിക്കയും വീരസ്വർഗ്ഗം പ്രാപിക്കയും ചെയ്തു.

ഈ 9-ാം പെരുമാളുടെ മകൻ 'കോക്കണ്ണൻ കടക്കോട്ടുക്കാരൻ' കലിവർഷം 3118-ൽ പെരുമാൾസ്ഥാനം വഹിച്ചുതുടങ്ങി. ഇദ്ദേഹത്തിന്റെ കാലത്തു തന്നെയാണിയം (ക്രിസ്ത്വബ്ദാരംഭത്തിന്റെ സമീപമായിരിക്കാം) എന്നു പ്രസിദ്ധരായിരുന്ന ചില ആര്യബ്രാഹ്മണർ കേരളത്തിൽ വന്നുതുടങ്ങി. അവർ പശ്ചിമഭാഗത്തായി 'ഒരാണി' എന്ന പ്രദേശത്തു (1) താമസിക്കുകയും പള്ളിക്കൊള്ളുന്നതും പെരുമാൾ ...

(1) കോരണി എന്നതു 'കരുവൂർ, കരണിക്കരയിൽ' ചിലരുടെ പക്ഷം. 'തൃക്കാക്കരയാണ്' എന്നു ചിലരുടെ പക്ഷം. കോരണി മുതലായ 'കോരണി' എന്ന പ്രദേശമാണെന്നു ശരിയായ പക്ഷം.

ടുക്കുകയും ചെയ്തു. ഈ ചെയ്തതൊക്കെ കറുപ്പ സ്ത്രീയിതന്നായിരുന്നുവോ എന്നുകൂടി ഒരു സംശയമുണ്ട്. എങ്ങിനെയായാലും 88 സംവത്സരം കാലം അധികം ജനങ്ങളുടെ ന്നും കൂടാതെ രാജ്യം ഭരിച്ചതിനുശേഷം ഈ പത്താംപൈതൽ ഇഹലോകവാസം ഉപേക്ഷിച്ചു.

എ. കുഞ്ഞിപ്പിള്ളമേനോൻ.

എന്റെ മന്ത്രവാദം

പോണ്ടിച്ചേരിയിലെ പ്രസിദ്ധ ജൊല്ലുവർക്കാരായ 'ഫ്രാങ്ക്ളി*' കമ്പനിക്കാരുടെ സഞ്ചാര ഏജന്റായിരുന്ന നാലു കൊല്ലക്കാലങ്ങളിൽ ഞാൻ ഇന്ത്യാരാജ്യം മുഴുവനും ഏകദേശം സഞ്ചരിച്ചു. ഇക്കാലത്തു കേവലം പരിചയമില്ലാത്തതും അത്ഭുതമായി തോന്നുന്നതുമായ പല ദിക്കുകളിൽ നിന്നും എനിക്കു നവീനമായ പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. അവയിൽ ഒന്നാണ് ഈ ചെറുതായ സംഭവം.

1904 നവെമ്പർമാസം 24-ാംനു-ക മ്പനിക്കാരുടെ ആവശ്യമായി ഞാൻ 'ലക്നൊ' പട്ടണത്തിലെത്തി. 'ലക്നൊ' ഇപ്പോഴത്തെ ഔധ് (Oudh)-പ്രദേശത്തെ സംബന്ധിച്ചു- എന്ന ജില്ലയുടെ തലസ്ഥാനമാണെന്നും ഇന്ത്യയിലെ പ്രധാന പട്ടണങ്ങളായ കൽക്കത്ത, ബൊംബായ്, മദ്രാസ്, ഇവ മൂന്നിനും ശേഷം വലിപ്പംകൊണ്ടും, ജനസംഖ്യകൊണ്ടും, നാലാമത്തെ വലിയ പട്ടണമാണെന്നും വായനക്കാരെ പ്രത്യേകമായി പറഞ്ഞറിയിക്കേണ്ടല്ലൊ. 'ഗുംടി' (Gunti) നദിയുടെ തീരത്തു സ്ഥാപനം ചെയ്തതും, അനവധി വലിയ കെട്ടിടങ്ങളും, പുരാതന രാജധാനികളാലും അലങ്കരിക്കപ്പെട്ടതുമായ ഈ പട്ടണം എല്ലാവരും കാണ്മാൻ ആഗ്രഹിക്കത്തക്കതായ നയനാനന്ദകരമായ ഒന്നാണ്. അതിവിസ്തൃതമായ ഈ വലിയ ഒരു പട്ടണത്തിൽ പതിനെട്ടു കൊല്ലമായി മനുഷ്യർ താമസിക്കാത്തതായ എത്രയോ വലിയതും, അതിമനോഹരവുമായ ഒരു ബംഗ്ലാവുണ്ടെന്നു പറഞ്ഞാൽ അത് കേൾക്കുന്നവർക്കു അത്ഭുതം തോന്നുന്നതാണ്. ഈ ബംഗ്ലാവിന്റെ ചരിത്രം ഇപ്രകാരമാണത്രെ. 1857-ലെ ശിപ്പായി ലഹള (Sepoy Mutiny) കഴിഞ്ഞശേഷം, നാട്ടിൽ സമാധാനം ഉണ്ടാകുകയും ഏർപ്പെടുത്തിയ സമയം, ബ്രിട്ടീഷു സൈന്യത്തിന്റെ കമാണ്ടറായിരുന്ന ഒരു കർണൽ പിയേഴ്സി എന്നാളാണ് ഈ സൗധം പണിയിച്ചത്. അക്കാലത്ത് ഈ ബംഗ്ലാവുപണിക്ക് കഴിച്ചു 2000 ക.യെ ചിലവായിട്ടുള്ളുവെങ്കിലും, ഇപ്പോഴത്തെ നിലക്ക് അതിന് അഞ്ചു മടങ്ങിലധികം ഒരു 'പതിനായിരത്തി' ലക്ഷം തീർച്ചയായും കൊടുക്കണം. മനോഹരമായിക സമചതുരത്തിൽ നിരന്നിരിക്കുന്ന ഒരു കൈതോട്ടത്തിന്റെ നടുക്കാണ് ഈ കെട്ടിടം നില്ക്കുന്നത്. 1867 മുതൽ 1889 വരെ 82 സംവത്സരം യാതൊരു തകരാറും കൂടാതെ പല മഹാന്മാ

* Franley & Co. 79—84. St du Revue Pondicherry.

മായ സൗന്ദര്യത്തോടും വസന്തമാതസിച്ചിരുന്ന ഈ സ്ഥലത്തിനു 15 കൊല്ലമായി എന്തോ ഒരു 'ശാപം' കിട്ടിയിരിക്കുന്നുവെന്നാണ് ശ്രുതി. ഒടുവിൽ അവിടെ താമസിച്ചിരുന്ന കുടുംബത്തിലെ ഒരാൾ ആ സ്ഥലത്ത് ആത്മഹത്യ ചെയ്തു എന്നാണ് കാരണം പറയുന്നത്. 1889 മുതൽ അവിടെ ആരും താമസിച്ചിട്ടില്ലെന്നും, ആരെങ്കിലും ധൈര്യപ്പെട്ട് താമസിപ്പാൻ ഒരുങ്ങി അവിടെ എത്തിച്ചേർന്നാൽ പത്തു ദിവസത്തിലകം അവിടം വിട്ടുപോകുമെന്നും, ഇപ്രകാരം കുറെ കാലത്തേയ്ക്ക് അവിടെ താമസിക്കുന്നവരെല്ലാം ഒഴിഞ്ഞുപോകുമെന്നും അനേകവസ്തുതകളോടു ചിലർ പറഞ്ഞു. രാത്രി മുഴുവനും അട്ടഹാസവും, വാതിലുകൾ മുട്ടൽ മുതലായ പല പ്രവൃത്തികളും, അർദ്ധരാത്രിസമയങ്ങളിൽ പൊങ്ങുന്ന ചില വെളിച്ചം കാണലും, ഉണ്ടെന്നുള്ളതു നിശ്ചിതത്തിലെന്തായാലും മറ്റും ഈ സ്ഥലത്തു വളരെ സാധാരണയാണത്രേ. എന്തിനധികം പറയുന്നു? പ്രേതങ്ങളുടെ ചുകന്നധീനമായ ഈ വീട്ടിൽ ജനവാസമില്ലാതായിട്ട് പതിനഞ്ചു കൊല്ലമായി.

ഞാൻ ആ ദിക്കിൽ എത്തുന്നതിന് ഏകദേശം ഒരു മാസം മുമ്പു ധീരനായ ഒരു പട്ടാളക്കാരൻ ഈ സംഭവങ്ങളുടെ പരമാർത്ഥം അറിവാനായി രാത്രി തനിയെ ആ വീട്ടിൽ ഒരു തോക്കുമായി ഒളിച്ചിരുന്നുവത്രേ. അർദ്ധരാത്രി — മണി പന്ത്രണ്ടടിച്ചതിന്റെ സമീപത്തിൽ — ആയാളുടെ മുമ്പിൽ പൊടുന്നനവേ ഒരു അഗ്നി ജ്വലിക്കയും, അതേ നിമിഷത്തിൽത്തന്നെ പിമ്പിൽനിന്ന് ആയാളുടെ തലയ്ക്ക് നല്ല ബലമായി ഒന്നുരണ്ടു പ്രഹരം കിട്ടുകയും, തന്നിമിത്തം ആയാൾ ബോധംകെട്ടു വീണുപോകുകയും ചെയ്തു. രാവിലെ വിവരമറിയുവാൻ ചില സ്നേഹിതന്മാർ ചെന്നുനോക്കിയപ്പോൾ ആ സാധു വീണ ദിക്കിൽത്തന്നെ കിടക്കുന്നതായി കണ്ടു. ഉടനെ ആസ്പത്രിയിലേക്കു കൊണ്ടുപോയപ്പോൾ, തലച്ചോറിന് അതിയായ പരുക്കേറ്റിട്ടുണ്ടെന്നും, രോഗം കലശലാണെന്നും ഡാക്ടർ അഭിപ്രായപ്പെട്ടു. ഈ സംഭവത്തിനു ശേഷം പകൽ സമയത്തു കൂടി ജനങ്ങൾ ആ തോട്ടത്തിലേക്കു തിരിഞ്ഞു നോക്കുകകൂടി പതിവില്ല.

ഈ ഘട്ടത്തിലാണ് ഞാൻ ലക്നോവിലെത്തിയത്. അപ്പോൾ എനിക്കു നമ്മുടെ പട്ടാളക്കാരന്റെ തോന്നിയ ബുദ്ധി തോന്നി. രാത്രിസമയത്ത് ആരും അറിയാതെ ആ സ്ഥലത്തുപോയി വിവരമറിയണമെന്നു തീർച്ചപ്പെടുത്തി. ധൈര്യമോ, ബുദ്ധിയില്ലായ്മയോ, എന്തോ, ഇതു ചെയ്യുന്നതിനു മടിച്ചില്ല. വിവരം, എല്ലാ ഭയങ്ങളും ഞാൻ ഒളിച്ചുകൊണ്ടുപോവാനുള്ള എന്റെ വിശേഷപ്പെട്ട ഒരു സ്നേഹിതനോടു സ്വകാര്യമായി പറഞ്ഞു. ഇവൻ ഒരു നല്ല ധീരനാണെന്നും എനിക്കറിയാമായിരുന്ന ഒരു കാര്യമാണ്. പല അപകടഘട്ടങ്ങളിൽ നിന്നും രക്ഷപ്പെട്ടുവന്നവനാണ്. ധൈര്യശാലിയായ എന്റെ ഈ ഉദ്യമത്തിൽ ഈ പരിശ്രമത്തിൽ അത്ര സന്തോഷം കണ്ടില്ല. എങ്കിലും എന്റെ 'ശാഠ്യം' കണ്ടിട്ട്, അന്നുരാത്രി എന്റെ കൂടെ ഇരിപ്പാൻ സമ്മതിച്ചു.

സന്ധ്യയ്ക്കുമുമ്പ് ഞങ്ങളൊരു നല്ല ഭക്ഷ

ത്തോക്കുകളും ചെറുതായ കാരികളും സമ്പാദിച്ചു. 'മനുഷ്യനാണെങ്കിൽ ഒന്നു പൊരുതിനോക്കണം. അല്ല വല്ല പ്രേതമോ മറ്റോ—' പണ്ടേ എനിക്ക് അത്ര വിശ്വാസമില്ല. ബാല്യം മുതൽക്കു തന്നെ എനിക്കു പ്രേതം, കുട്ടിച്ചാത്തൻ, ബ്രഹ്മരക്ഷസ്സു മുതലായ കൂട്ടരിൽ തീരെ വിശ്വാസമുണ്ടായിരുന്നില്ല. പല കുറിയും ഒരു പ്രേതത്തെ കാണണമെന്നുവെച്ചു ഞാൻ പല ദിക്കിലും പോയി നിന്നിട്ടുണ്ട്. ചിലപ്പോൾ ചില സ്നേഹിതന്മാരോടൊന്നിച്ചു, അവർ തീർച്ചയായും ഇവിടെ കാണാം എന്നു കല്പിച്ചു പറഞ്ഞ സ്ഥലങ്ങളിലും ഞാൻ പോയിട്ടുണ്ട്. അപ്പോഴെല്ലാം എന്റെ കൂടെയുള്ള ചിലർ പ്രേതത്തെ കാണാറുണ്ടത്രെ! 'അതാ, ആ മരത്തിന്റെ ചുവട്ടിൽ കണ്ടില്ലേ, വെളുത്ത ഒന്നു നില്ക്കുന്നത്. അതാ ഇപ്പോൾ എഴുന്നേല്ക്കുന്നു. ആ ഇപ്പോൾ മറഞ്ഞു.' എന്നവർ എന്നോടു സ്വകാര്യം പറയുന്നതു കേട്ടു ആ മരച്ചുവട്ടിൽ നോക്കുമ്പോൾ ഒന്നും ഞാൻ കാണാറില്ല. ഭാഗ്യവശാൽ! ഞാനൊരു വിഡ്ഢിയോ, അല്പബുദ്ധിയോ, ദൈവവിശ്വാസമില്ലാത്തവനോ എന്നതിലുമൊന്നുമല്ലാതെ പ്രേതം മുതലായത് ഉണ്ടെന്ന് എനിക്കു തീരെ വിശ്വാസമുണ്ടായിരുന്നില്ല. അതായിരിക്കാം അന്നു രാത്രി ഈ പണിക്കു പുറപ്പെടാൻ എനിക്കു തോന്നിയത്.

കഴിയുന്നതും സ്വകാര്യമായി കഴിച്ചുകൂട്ടണമെന്നു ഞാൻ തീർച്ചപ്പെടുത്തിയ ഈ കാര്യം, എങ്ങിനെയെന്നറിഞ്ഞുകൂടാ, ക്ഷണത്തിൽ ആ ദിക്കിൽ പരന്നു. വൃദ്ധന്മാരായ പലരും എന്നോടു ഈ ധിക്കാരത്തിന്നു പോവരുതെന്നു ഉപദേശിച്ചു. എന്റെ കമ്പനി ഡയറക്ടർ മിസ്റ്റർ ഫെറിയും എന്നോടു ഇതേപ്രകാരം പറഞ്ഞു. പക്ഷെ അതൊന്നും എന്റെ ചെവിയിൽ കടന്നില്ല. 'വിനാശകാലേ വിപരീതബുദ്ധി' എന്നായിരിക്കാം.

അന്നു രാത്രി എട്ടുമണിക്കു ഞാൻ താമസിച്ചിരുന്ന ഹോട്ടലിലെ സ്നേഹിതന്മാരോടു യാത്ര പറഞ്ഞപ്പോൾ ചിലരുടെ കണ്ണിൽ വെള്ളവും, മറ്റു ചിലരുടെ മുഖത്തു വിളർപ്പും മറ്റും പ്രത്യക്ഷമായി കാണാമായിരുന്നു. ഹോട്ടൽക്കാരനാകട്ടെ എന്റെ വീട്ടിലേക്കുള്ള മേൽവിലാസം വാങ്ങിവെച്ചു!!

അങ്ങിനെ എന്റെ ഉദ്യമം പുറപ്പെട്ടു. ഒരു മാതിരി വല്ല ആയുധപാണികളായിട്ടാണു ഞാൻ പോയിരുന്നത്. താമസിച്ചിരുന്ന ഹോട്ടലിൽനിന്നു ഒന്നരനാഴിക ദൂരെയുള്ള മൈതാനത്തിലായിരുന്നു നമ്മുടെ 'പ്രേതമന്ദിരം.' മൈതാനത്തിന്റെ അറ്റത്തു എത്തിയപ്പോൾ ഭൃത്യൻ 'തീർച്ചപ്പെടുത്തിയോ?' എന്നു ചോദിച്ചു. 'ഉവ്വ്' എന്നു ഞാനും മറുപടി പറഞ്ഞു. മെല്ലെ നടന്നു വീട്ടിനടുത്തെത്തി നിശ്ശബ്ദമായി വാതിൽ തുറന്നു. അകത്തു കൂരിരുട്ട്. 'ചീ-ചീ' എന്നു ചില പ്രാണികൾ ശബ്ദിക്കുന്നുണ്ട്. എലികൾ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിക്കുന്നു. ചില പക്ഷികളുടെ ചിറകടിക്കുന്ന ശബ്ദം മേൽഭാഗത്തുനിന്നു കേൾക്കാനുണ്ട്. അതിനിടയിലൂടെ ഒരു കാറ്റു ഉള്ളിലേക്കു വീശുന്നു.

ഞാൻ ഭൃത്യന്റെ കൈക്കുപിടിച്ചു അകത്തു കടന്നു. കയ്യിൽ കൊണ്ടുവന്നിരുന്ന ഒരു മെഴുകുതിരി കൊളുത്തി ജാലകത്തിന്നരികെയുണ്ടായിരുന്ന ഒരു മേശമേൽ

വെച്ചു. വെളിച്ചം കണ്ടപ്പോൾ എന്റെ ഉള്ളിലുണ്ടായിരുന്ന ഭയം ഒന്നു സമാധാനമായി. അടുത്തു പൊടിനിറഞ്ഞുകിടന്നിരുന്ന ഒരു പഴയ കസേലമേൽ ഞാനിരുന്നു. അതിനടുത്തു ഒരു ഉയരംകൂടിയ മേശപ്പുറത്തു ഭൃത്യനോടിരിപ്പാൻ പറഞ്ഞു. ഇങ്ങനെ 'ശ്രീകൃഷ്ണാശ്രമം' പ്രതിഷ്ഠിച്ചിരിപ്പായി. ഒരു മണിക്കൂർ കഴിഞ്ഞു. യാതൊന്നുമില്ല. രണ്ടുമണിക്കൂർ കഴിഞ്ഞു. ഉറക്കംവരാതിരിപ്പാനും, വെറുതെയിരുന്നിരുന്ന മുഷിച്ചിൽ തീരുവാനുംകൂടി കയ്യിൽ കരുതിയിരുന്ന ഒരു പുസ്തകമെടുത്തു വായന തുടങ്ങി. ഭൃത്യൻ ഇരുന്നു ഉറക്കം തൂങ്ങാനും തുടങ്ങി. ഇങ്ങിനെ കുറെനേരം കഴിഞ്ഞു. എനിക്കു കുറച്ചു ഉറക്കംവരാൻ ഭാവമായിത്തുടങ്ങി. അപ്പോൾ പള്ളിമുറിയിലെ മണി പന്ത്രണ്ടടിക്കുന്നതുകേട്ടു. പന്ത്രണ്ടാമത്തെ ശബ്ദം അവസാനിക്കുന്നതിന്നുമുമ്പ്, ഞങ്ങളുടെ പിന്നിലുണ്ടായിരുന്ന ഒരു വാതിൽ പടപടെന്നു തുറക്കുന്ന ശബ്ദം കേട്ടു. തിരിഞ്ഞുനോക്കുന്നതിന്നു മുമ്പു മുമ്പിലുണ്ടായിരുന്ന വിളക്കു നിമിഷത്തിൽ കെട്ടു. വലിയ അന്ധകാരം. ചില ഘോരശബ്ദങ്ങൾ — ഭയപ്പെടുത്തുന്നവയായിരുന്ന. മെഴുകുതിരി തപ്പിനോക്കി. അതവിടെ കാണാനില്ല. വളരെ അടുത്തുനിന്നു ഒരു 'ഇരമ്പൽ' കേട്ടു. എന്റെ സർവ്വ നാഡികളും, സർവ്വസന്ധികളും ഒരുപോലെ തളർന്നു. ദേഹം വിറച്ചുവന്നു. ഇതടുത്തു ചില രൂപങ്ങൾ കാണുന്നതുപോലെ തോന്നി. അപ്പോഴാണ് ഞാൻ മരണഭയം അനുഭവമായറിഞ്ഞത്. 'വിളക്കു വേഗം കത്തിക്കു' എന്നു ഭൃത്യൻ പറഞ്ഞപ്പോഴാണ് എനിക്കു ബോധം വന്നത്. അപ്പോൾ അതിപുച്ഛഭാവത്തോടെ ഒരാൾ ചിരിക്കുന്നതു കേട്ടു. വിളക്കു കത്തിച്ചു നോക്കിയപ്പോൾ എല്ലാം പൂർവ്വസ്ഥാനങ്ങളിൽതന്നെയുണ്ട്. ഒരാളെ മാത്രം കാണാനില്ല. ഭൃത്യന്റെ മുഖത്തു ഒരു തുള്ളി ചോരയില്ല. എന്റെ മുഖത്തിന്റെ സ്ഥിതിയെന്തായി? പറയേണ്ടതില്ല. അനുഭവം ഒരു വിധമായിരുന്നു. ഞങ്ങളിരുവരും അവിടെത്തന്നെ ഇരുന്നു. ഇനി ആശ്ചര്യമെല്ലാം കണ്ണിൽതന്നെവെച്ചു മൂന്നുമണിക്കൂർ കഴിയുംവരെ നില്ക്കുന്നു. പിന്നെ ചില കാലടികളുടെ ശബ്ദവും കേൾപ്പാൻ തുടങ്ങി. ചില ഗർജ്ജനങ്ങളും, നിലവിളികളും, ചിരി, കരച്ചൽ മുതലായ ശബ്ദങ്ങളും ഇടകലർന്നു കേട്ടു. ആരെയും കാണുന്നില്ല. അദൃശ്യമായ ലോകത്തിൽ എവിടെനിന്നാണിതെന്നു എന്നെ ഉപദേശിച്ചു കൊടുത്തിരുന്ന ധൈര്യം കുറച്ചു കുറഞ്ഞു തുടങ്ങി. എങ്കിലും തമ്മിൽ നല്ല ധൈര്യമായിരിക്കുമോ എന്നു സംശയമാണ്. ഈ നില്പു കുറച്ചു കഴിഞ്ഞപ്പോഴേക്കും മുമ്പിലുണ്ടായിരുന്ന മേശപ്പുറത്തു വലിയ ചില ശബ്ദങ്ങൾ കേൾപ്പാൻ തുടങ്ങി. ഉടനെ ഞങ്ങളും തിരെ വെളുത്തിട്ടും കണ്ടപ്പോൾ ഞങ്ങൾ നിന്നു. ഇനിയെന്താണ് എന്നു ചോദിച്ചിരിക്കുമ്പോൾ ചില ദുഷ്ട പിശാചുക്കൾ, ഭൂതങ്ങളും ഉപദ്രവിക്കാനായി എത്തി. ഈ എന്നെന്നും ഞങ്ങളുടെ മുഖത്തിൽ കൊണ്ടിലന്നില്ല എന്ന ഒരു ഉണർവുണ്ടായിരുന്നു. പത്തുമിനിട്ടു കഴിഞ്ഞപ്പോൾ എല്ലാം അവസാനിച്ചു. ഇനി ശാന്തമായി എന്നു കരുതി ഞാൻ സമാധാനിച്ചു. പക്ഷേ എന്റെ കൂട്ടുകാരുടെ അഭിപ്രായം അങ്ങിനെയൊന്നുമല്ലായിരുന്നു. 'കളിയാകെ കഴിഞ്ഞു,

ഇനി കാര്യത്തിൽ കടക്കാം—ഇങ്ങനെ പറഞ്ഞ ഷ്ടം' എന്ന് അവൻ ഒരുങ്ങുന്ന കഴി പറഞ്ഞു. ഇങ്ങനെ കാര്യമായിരുന്നാൽ അന്നു [illegible] കണ്ടെത്തി, കഴിഞ്ഞ സംഗതികളെപ്പറ്റി ഞങ്ങൾ സംസാരിപ്പാൻ തുടങ്ങി. അതിനിടയ്ക്കു ഒരു ചെറിയ ശബ്ദത്തിന്റെ [illegible] ഒന്നു കാലുകളും, ഉടലിന്റെ പകുതിഭാഗവും തെരുപ്പാത്തു വന്നുവീണു. വീട്ടിൽ കാര തക്കം തെറിച്ചു എന്റെ മടപ്പിൽ പ്പെട്ടു. എനിക്ക സഹായത്തിലധികം ഭോഷ്യംവന്നു. കൈകടന്നാക്കമായി പുറത്തിറങ്ങുവാൻ ശ്രമിച്ചപ്പോൾ, ഞങ്ങൾ കടന്നുവന്ന വാതിൽ പുറത്തുനിന്നു ബന്ധിച്ചതായിക്കണ്ടു. മടങ്ങി പൂർവ്വസ്ഥാനത്തെത്തുന്നതിന്നുമുമ്പ്, ബാക്കി ഒരു കാലും ഉടലിന്റെ ശേഷവും എന്റെ മേൽ വന്നുവീണു. ഒക്കത്തിൽ ഒരു നല്ലവണ്ണം കളിച്ചപ്പോൾ ഭോഷ്യം തീരെ പോയി മഹം സന്തോഷം തുടങ്ങി. 'ഇനി നമുക്ക പോവാം.' എന്നുപറഞ്ഞവസാനിക്കുന്നതിനുമുമ്പ് 'ഓ. കെ.' എന്ന ഉത്തരം ഒരുവടിപറഞ്ഞു. ഒരു ജാലകത്തിന്റെ ദ്വാരത്തിൽക്കൂടി പുറത്തുചാടാൻ തിരിച്ചപ്പെടുത്തി, ഞങ്ങൾ ഞാൻ കയറി. അപ്പോൾ പുറത്തുനിന്നു ആരോ ഇംഗ്ലീഷിൽ 'സ്റ്റോപ്പ്, സ്റ്റോപ്പ്' (Stop Stop) എന്ന പറയുന്നതുകേട്ടു. ഉടനെതന്നെ പിന്നിൽനിന്നു (ഞങ്ങൾ ഇരുന്നിരുന്ന മുറിയിൽനിന്നു) 'ഗുഡ്ബൈ' എന്ന് വേറെ ഒരു ശബ്ദംകേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ മുറിക്കകത്തു നാലുപേർ—തടിച്ചു ഉയരമുള്ള നാലുപേർ—നില്ക്കുന്നതുകണ്ടു. 'ഗെറ്റ് ഔട്ട്' എന്നു തിരിച്ചപ്പെടുത്തി, [illegible] ചാടി. അവര നാലുപേരും മന്ദഹാസത്തോടുകൂടി ഇറങ്ങിപ്പാൻ പറഞ്ഞു. ഉടനെ ഒരു ജാലകത്തിന്നുള്ളിൽകൂടി. [illegible] ഒരാൾ ഒരു തെങ്ങു ചാടി. ഈ ചങ്ങാതികളുടെ മുമ്പിൽപ്പെട്ട [illegible] ഞങ്ങൾ ഒ[illegible] പതിനഞ്ചു ധൈര്യശാലി[illegible] എനിക്കു തോന്നി. ഈ [illegible] ആണികളായിരുന്നുവെങ്കിലും, ഒരു കിളത്തോക്കെപ്പോലെയുള്ള ഈ [illegible] എന്തുകൊണ്ട് [illegible] തിട്ടമാണ്. കാര്യത്തെ തമ്മിൽ തമ്മിൽ കിഴി[illegible]. എനിക്ക നാലു [illegible] ഞാനായിട്ടില്ല. തൊണ്ടയിൽ ഉ[illegible] 'ഗെകക' [illegible] തുടങ്ങി. ഈ [illegible] ത്തിൽ [illegible] (ഇരുട്ടിൽവെച്ചു കാലുക [illegible]) ഇംഗ്ലീഷിൽ [illegible] പറഞ്ഞു. 'നിങ്ങളുടെ ധൈര്യം എന്നും പ്രശംസനീയമാണ്. (എന്തു ധൈര്യമാണ് വായനക്കാരാ!) പതിനഞ്ചുകൊല്ലമായി ഈ വീട്ടിൽ വസിച്ചുപോരുന്ന പ്രേതങ്ങളാണ് ഞങ്ങൾ [illegible]മാണ്. ഞങ്ങൾ എല്ലാവരും ഒന്നുകൂടി കഴിച്ചുകൂട്ടി കൊല്ലം 20 ആയി. കവർച്ചകളും [illegible] മറ്റും സൂക്ഷിച്ചുവെപ്പാൻ ഇതു നല്ലൊരു സ്ഥലമായി കണ്ടതുകൊണ്ടാണ് ഞങ്ങൾ ഇതു കൈവശപ്പെടുത്തിയത്. ഈ വീടു പണിയ[illegible] ഇതിൽ ചില സ്വകാര്യമുറികളും, ഗുഹാവഴികളും മറ്റും ഉണ്ടാക്കിട്ടുണ്ടെന്ന ഞങ്ങൾക്കറിയുമായിരുന്നു. ഈ സ്ഥലംപണി കഴിഞ്ഞതു [illegible] എന്റെ വലിയ [illegible]യിരുന്നു. അദ്ദേഹം എന്നോടു വിവരങ്ങൾ

എല്ലാം പറഞ്ഞുതന്നിട്ടുണ്ട്. ഞങ്ങൾ ആ അയാൾക്കല്ലാതെ ഈ വിവരങ്ങൾ മററാൎക്കും അറിഞ്ഞുകൂട. ഇപ്പോൾ തന്നെ ഈ വീടു മുഴുവനും തിരഞ്ഞു കള്ളനാകാരനെങ്കിലും ഞങ്ങളുടെ ഒരു സഹകാൎയ്യക്കാരിക്കോ യാതൊരു ഹാനിയും വരില്ല. ഈ സ്ഥലത്ത് ആളുകൾ താമസിച്ചാൽ ഞങ്ങളുടെ ഉദ്ദേശത്തിന്നു കാൎയ്യ സാദ്ധ്യം വരില്ലെന്നു കണ്ടിട്ടാണ് ഞങ്ങൾ ഇവിടെ താമസിച്ചിരുന്നവരെയെല്ലാം ഭീഷണിപ്പെടുത്തി പുറത്താക്കുകയും ക്രൂരമായ കൃത്യങ്ങൾ കടപ്പെടുത്തുകയും ചെയ്തിരുന്നത്. നിങ്ങളുടെ ഗതിയും അതിനോടനുസരിച്ചായിരുന്നു. നിങ്ങൾ ഇന്നലെ രാത്രി ഇവിടെ വന്നിരുന്നെങ്കിൽ തീർച്ചയായും നിങ്ങളെ കൊലപ്പെടുത്തുമായിരുന്നു. പക്ഷേ ഇന്നു ഞങ്ങളുടെ കഷ്ടജീവിതത്തിന്റെ 20-ാം സംവത്സരം തികഞ്ഞു. ഞങ്ങൾ ഓരോരുത്തൎക്കും ഓരോ ലക്ഷത്തിന്റെ മുതലും കിട്ടി. ഈ കഴിഞ്ഞ 12 മണി മുതൽ ഞങ്ങൾ എല്ലാവരേയും ജീവപുസ്തകത്തിൽ മരണത്തിൽ എഴുതി മറിച്ചിരിക്കുന്നു. ഇന്നു മുതൽ ഞങ്ങളുടെ കഴിഞ്ഞുപോയ പാപകൃത്യങ്ങൾക്കെല്ലാം ശുദ്ധിയായി കഴിയുന്ന പൂൎണ്ണ ലോകത്തിന്നു ഉപദ്രവം തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇന്നു മുതൽ ഈ വീട്ടിൽ യാതൊരുപദ്രവവുമുണ്ടാവില്ല. ഞങ്ങൾ നാളെ രാത്രി 12 മണിക്കുള്ളിൽ ഇവിടെനിന്ന് എത്രയോ ദൂരെയുള്ള സ്ഥലത്തിൽ എത്തിക്കഴിയും. നിങ്ങളെ ഒന്നു കളിപ്പിക്കണമെന്നുവെച്ചാണ് ഇന്ന് ഈ പണിയെല്ലാം നടത്തിയത്. പോലീസ്സിൽ ഞങ്ങളെപ്പററി അറിവുകൊടുപ്പാൻ വിചാരിക്കുന്നപക്ഷം അതു വെറുതെയാണ്. ഇന്ത്യയിലെ പ്രസിദ്ധ കുററാന്വേഷണക്കാർ ഞങ്ങളുടെ വലയിൽപ്പെട്ടവരാണ്. ആ വിചാരം തീരെ വേണ്ട.' ഇത്ര പറഞ്ഞുകഴിഞ്ഞ ഉടനെ എനിക്കു ബോധം നേരെ വീണു. അവരുടെ നിർദ്ദേശപ്രകാരം ഭൃത്യന്മാരും, സഹകാൎയ്യക്കാരികളും നടന്നുകഴിഞ്ഞു. ആ മുറിക്കകത്തില്ലാത്ത സാധനങ്ങളില്ല. 'ഇപ്പോഴത്തെ കർപ്പൂരംപോലെയെല്ലാമുണ്ട്. 'ഇതുതന്നെ എടുക്കാം' എന്ന അവരുടെ കാണം ഞാൻ സ്വീകരിച്ചില്ല. എന്നാൽ ഇവൻ ചിലതെല്ലാം കട്ടുമാറി. ഞാൻ അവരോടു യാത്ര പറഞ്ഞ് അവിടെനിന്നു പോരുകയും ചെയ്തു.

ഞാനിവിടെ എത്തിയ സമയം നാലുമണിയും ഒന്നരയും കഴിഞ്ഞിരിക്കുകയായിരുന്നു. കഴിഞ്ഞിരുന്ന ഉറക്കം, രാത്രി തീരെ നിദ്രയില്ലാതെ കഴിഞ്ഞിട്ടു വാടിയ മുഖവും കണ്ണുകളെല്ലാം അസാധാരണമായി എന്തോ ചിലതു സംഭവിച്ചിട്ടുണ്ടെന്ന് എല്ലാവരും തീർച്ചയാക്കി. 'എന്താണിന്ന് അവിടെ ഈ രാത്രി എവിടെ നിന്ന്— പ്രേതം എന്തു ചെയ്തു?' എന്ന തുടങ്ങി ഒന്നിനും ചോദ്യം തെരുതെരെ ചോദിച്ചു. കാൎയ്യം നേരം ബുദ്ധിപൂൎവ്വം നടിച്ച് മടിയിൽ 'പ്രേതം നാടുവിട്ടു പോയി. അതു പ്രേതമല്ലായിരുന്നു. 'പണ്ടാരത്തോടു തന്നോ' എന്നു കേട്ടിട്ടില്ലേ? അവരായിരുന്നു. എന്റെ മന്ത്രവാദംകൊണ്ട് അവർ നാടുവിട്ടോടി. അതിന്നു ഞാനൊരാളാണ് ഈ കാരണക്കാരൻ.'' ഇനി മുതൽ ആ വീട്ടിൽ ആൎക്കും താമസിക്കാം. യാതൊരുപദ്രവവുമുണ്ടാവില്ല' എന്നൊരാൾ കര വീരവാദം ഞാനും ചൊരിച്ചു. വിദ്ദേശസ്ഥനായ

ഒരു പഞ്ചാബി പിറ്റെന്നാൾ എന്നെ ക്ഷണിച്ചുകൊണ്ടുപോയി രസികനായ ഒരു സദ്യക്കുശേഷം ഒരു സപ്ലിമെന്റും ചെയിച്ചു എനിക്ക സമ്മാനമായിത്തന്നു. പിറ്റെന്നാൾ മുതൽ ആ ബംഗ്ലാവു മാസത്തിൽ 250 ക. വാടകയ്ക്ക് ഒരു വർത്തകപ്രമുഖൻ വാങ്ങി. അദ്ദേഹം അവിടെ താമസം തുടങ്ങി 15 ദിവസം കഴിഞ്ഞതിനു ശേഷമേ എന്നെ വിട്ടയച്ചുള്ളു.

ലക്നോ പട്ടണത്തിൽ വേറെ വല്ല പ്രേതവാദികൾക്കും വിളിച്ചാൽ എന്റെ ചെമ്പു പുറത്തുചാടുമെന്ന നല്ല ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട് ആ പതിനഞ്ചു ദിവസവും ഞാൻ പനിയാണെന്ന നടിച്ചു പുതച്ചു മൂടിക്കിടന്ന ദിവസം കഴിച്ചുകൂട്ടി. അതുകാരണം വളരെ ഷാമ്പേനും, സദ്യകളും വ്യർത്ഥമായി. പ്രേതത്തിനോടു പോരിട്ടതുകൊണ്ടാണ് പനി പിടിച്ചത് എന്ന് എന്നെ കാണ്മാൻ വന്നിരുന്ന എല്ലാവരും പറഞ്ഞു. മഹായോഗിശ്രേഷ്ഠനായ എന്നെ ഒരു നോക്കു കാണ്മാൻ ആ സമയം സ്ത്രീപുരുഷന്മാർ വന്നിരുന്നു. നമ്മുടെ ഭാഗ്യത്തിന്ന് ഈ പതിനഞ്ചു ദിവസവും സദ്യയിലുണ്ണുകയല്ലാതെ വേറെ പണിയൊന്നുമുണ്ടായിരുന്നില്ല.

പതിനാറാം ദിവസം ഉച്ചതിരിഞ്ഞ ഞാൻ നാട്ടിലേക്ക മടങ്ങി. സ്റ്റേഷ്യൻ പ്ലാറ്റ്ഫാറത്തിൽ അനവധി പേർ വന്നുകൂടിയിരുന്നു. നമ്മുടെ പഞ്ചാബി അവരുടെ മുമ്പിൽ വെച്ച് എന്നെ ഒരു വിലപിടിച്ച പുഷ്പമാല അണിയിച്ചുവിട്ടു. വണ്ടി സ്റ്റേഷ്യൻ വിട്ടപ്പോൾ എനിക്ക സമാധാനമായി.

ഇതാണ് എന്റെ ആദ്യത്തെ—കടുവിലത്തെയും ഇതുതന്നെയായിരിക്കാം—കള്ളപ്പണി. ഈ കഥ വിശ്വസിക്കുവാനെന്നും, ഇതിലെ ഒരു സംഭവം തീരെയുണ്ടാവാൻ തരമില്ലാത്തതാണെന്നും മറ്റും ചിലർ സംശയിക്കുമായിരിക്കാം. അതിൽ എനിക്ക യാതൊരു വിരോധവുമില്ല. പക്ഷെ ഇപ്രകാരം സംശയം തോന്നുന്നവരിൽ ആരെങ്കിലും സംഗതിവശാൽ ലക്നോവിൽ പോകുന്നതായാൽ അവിടെയുള്ള പ്രോക്ലമേഷൻ വില്ല (Proclamation Villa) എന്ന ബംഗ്ലാവിന്റെ പൂർവ്വചരിത്രം ഒന്നന്വേഷിച്ചറിഞ്ഞാൽ നന്ന്.

എ. പി.

സാംഖ്യന്യായങ്ങൾ.

ഗഹനങ്ങളായ ശാസ്ത്രവിഷയങ്ങളെ ഉപപാദിക്കുമ്പോൾ, ജനങ്ങൾക്ക് അതിൽ ആഭിമുഖ്യവും വിനോദവും വരത്തക്കവിധം സന്ദർഭോപയോഗികളായ കഥകളടങ്ങിയ ചില ന്യായങ്ങളെ പ്രതിപാദിക്കുന്നതു ശാസ്ത്രകാരന്മാരുടെ പതിവാണ്. തത്വജ്ഞാനികൾക്ക വിഷയഗ്രഹണത്തിന് അത്യന്തം ഉപകരിക്കുന്ന ഈ ഉപായത്തെ സാംഖ്യശാസ്ത്രപ്രവർത്തകനായ കപിലാചാര്യരും പ്രയോഗിച്ചിരിക്കുന്നു.

സാംഖ്യശാസ്ത്രത്തിന്റെ 4-ാം അദ്ധ്യായത്തിൽ ഉപാഖ്യാനരൂപങ്ങളായ കഥാസൂത്രങ്ങളും ഉണ്ട്. അവയിൽ പറയുന്നതു തത്വോപദേശികളായ ചില ഉപാഖ്യാനങ്ങളെ ആണ്. ഈ ഉപാഖ്യാനങ്ങൾ സാമാന്യജനങ്ങൾക്കും പ്രയോജനം തരുന്നതും ലോകമെമ്പാടും ന്യായങ്ങളായി പ്രചരിച്ചു കാണുന്നതിനാൽ അവയെ ഇവിടെ ന്യായങ്ങൾ എന്നുതന്നെ വ്യവഹരിക്കുന്നു. അവയുടെ ഒരു സംക്ഷിപ്തമായ വിവരണം കൊടുക്കുന്നതിനായി ചില ന്യായങ്ങളെ താഴെ ചേർക്കുന്നു:—

(1) രാജപുത്രന്യായം.

ഏതു മൂഢനായിരിക്കുന്നവന്നും ആത്മാനാത്മവിവേകത്തെ ഉപദേശത്താൽ ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഇതിന്നുദാഹരണം ഒരു രാജകുമാരനാണെന്നത്രെ ഇതിന്റെ അഭിപ്രായം.

ഒരു രാജകുമാരൻ ഏതോ സംഗതിവശാൽ നന്നെ ബാല്യത്തിൽ തന്നെ തന്റെ അച്ഛനാൽ പരിത്യക്തനായിട്ടു വനത്തിലകപ്പെട്ടു കാട്ടിലെത്തിപ്പെട്ടു; ശിശുവായ ആ കുട്ടിയെ ഒരു കാട്ടാളൻ കണ്ടെടുത്തു തന്റെ കുടിലിൽ കൊണ്ടുപോയി പുത്രനിർവ്വിശേഷം അതിവാത്സല്യത്തോടെ വളർത്തി വന്നു. കുമാരൻ യൗവനാരംഭത്തിൽ രാജകുമാരനെന്നു താൻ കിരാതപുത്രനെന്നല്ലാതെ പൂർവ്വസ്ഥിതിയെപ്പറ്റി ഒട്ടും തന്നെ അറിവുണ്ടായില്ല. അങ്ങിനെ ഇരിക്കെ രാജ്യത്തിന്റെ അധിപനായ രാജാവു പരലോകപ്രാപ്തനായി. ആ സമയം രാജ്യഭരണത്തിനു ശേഷിയായാരെയും കാണായ്കയാൽ മന്ത്രികളെല്ലാവരുംകൂടി ആലോചിച്ചു് പ്രസ്തുതരാജകുമാരനെത്തന്നെ വാഴിപ്പാൻ നിശ്ചയിച്ചു വിവരങ്ങളൊക്കെയും ബോദ്ധ്യപ്പെടുത്തി. അന്നു മുതൽ ഉപദേശത്താൽ തന്റെ പൂർവ്വസ്ഥിതി അറിഞ്ഞ രാജകുമാരൻ അവരുടെ അപേക്ഷയെ സ്വീകരിച്ചു രാജ്യത്തിൽ വന്നു പട്ടം കെട്ടിപ്പാർത്തു. ഈ കഥയിൽനിന്നു നാം ഗ്രഹിക്കേണ്ടതു, അനാദ്യവിദ്യയാൽ മറയ്ക്കപ്പെട്ട ആത്മാവു ശാസ്ത്രോപദേശത്താൽ വിജ്ഞാനപ്രദീപം പ്രജ്വലിക്കുമ്പോൾ ആത്മാനാത്മവിവേകത്തോടുകൂടി ബ്രഹ്മഭാവം പ്രാപിക്കുന്നു എന്നാകുന്നു.

(2) പിശാചന്യായം

മറ്റൊരുവനെ പ്രധാനമായുദ്ദേശിച്ചു ചെയ്യുന്ന ഉപദേശം പ്രസംഗവശാൽ ഉപകരിക്കുന്നതായ മറ്റൊരുവനിലും ഫലപ്രദമായിത്തീരുമെന്നത്രെ ഇതിന്റെ അർത്ഥം. ഉദാഹരണം ഒരു പിശാചാകുന്നു.

ഒരു ഗുരുനാഥൻ വിജനപ്രദേശത്തു വെച്ചു ഗുരുഭക്തിയുള്ള തന്റെ ശിഷ്യനു തത്വോപദേശം ചെയ്തുകൊണ്ടിരുന്നു. ആ ഉപദേശം പ്രച്ഛന്നനായി കേട്ടുകൊണ്ടിരുന്ന ഒരു പിശാചു തന്റെ പൈശാചികത്വം വെടിഞ്ഞു വിജ്ഞാനോദയത്താൽ പരമാനന്ദപ്രദമായ മുക്തിയെ പ്രാപിച്ചു.

(3) പിതൃപുത്രന്യായം

ദരിദ്രനായ ഒരു ബ്രാഹ്മണൻ ഭാര്യ ഗർഭിണിയായിരിക്കെ തന്റെ ഭാര്യയെ വീട്ടിൽ തന്നെ വിട്ടു ധനസമ്പാദനത്തിനായി ദേശാന്തരത്തിലേക്കു യാത്രയായി. അനേകം വർഷങ്ങൾ കഴിഞ്ഞു ഗൃഹത്തിൽ മടങ്ങിവന്ന ബ്രാഹ്മണൻ യൗവനയുക്തനായ ഒരാളെ അവിടെ കണ്ടു. അത്

ന്ന ഗർഭിണിയായിരുന്ന തന്റെ ഭാര്യയാൽ പ്രസൂതനായ പുത്രനല്ലാതെ മററാരുമല്ലായിരുന്നു. പിന്നീടു വിവരമെല്ലാം പറഞ്ഞു മനസ്സിലാക്കിയപ്പോഴാണ് അദ്ദേഹത്തിനു പുത്രനെപ്പററിയുള്ള പരിചയവും സ്മരണയും ഉണ്ടായത്. ഇതുപോലെ ഗുരുശിഷ്യന്മാരും ജനനമരണാദികൾ കണ്ടിട്ടുള്ളവർ മാത്രമേ യഥാർത്ഥജ്ഞാനമുള്ളവരാകയുള്ളു.

(4) ശുകനാളികാന്യായം.

ഒരു പക്ഷി ആഹാരത്തിനായി അവിടവിടെ ചുററിയലഞ്ഞു കുഴലിൽ കടന്നിരുന്ന ഒരു മാംസഖണ്ഡം കൊത്തി എടുത്തു ഭക്ഷിപ്പാൻ തുനിഞ്ഞു. അപ്പോൾ കുഴൽ പക്ഷിയോടുകൂടി അതു കറങ്ങുവാൻ തുടങ്ങി അതിനെ ബദ്ധനായി ഉപദ്രവിച്ചു. ഉടനെ ആ മാംസഖണ്ഡം അതു ദൂരെ പരിത്യജിക്കയും, ഉപദ്രവങ്ങളെല്ലാം നീങ്ങിപ്പോകയും ചെയ്തു. അതുകൊണ്ട് സംസാരബന്ധം ഉള്ള ജീവന്മാരും അനർത്ഥവും പരിഭവവും നേരിടുന്നു, ആ ബന്ധം ഇല്ലാതാകുമ്പോൾ സമാധാനവും സംതൃപ്തിയുമുണ്ടാകുന്നതാണെന്നും സിദ്ധിക്കുന്നു' എന്നാണ് 'വിടാതെ പിടിക്കുക' ഈ ന്യായത്തിന്റെ അനുമാനിച്ചുവരുന്നത്. എന്നാൽ ഗോവിന്ദനാകട്ടെ ഇവിടെ ഭൃത്യചരിതം എന്ന ന്യായത്തിന്റെ അഭിപ്രായം താഴെ പറയുംപ്രകാരമാണ്:—

ഭാഗ്യവാനായ ഒരു മനുഷ്യൻ വഴിയിൽവെച്ചു യദൃച്ഛയാ കണ്ടെത്തിയ ഒരു പക്ഷിക്കുട്ടിയെ എടുത്തു വീട്ടിൽ കൊണ്ടുപോയി ആഹാരാദികൾ കൊടുത്തു വാത്സല്യത്തോടെ വളർത്തിക്കൊണ്ടുവന്നു. ഒരു ദിവസം ആഹാരാന്വേഷണം ഈ പക്ഷിയെ കൂട്ടിലിട്ടു ബന്ധിച്ചു സ്വാതന്ത്ര്യഭംഗം ചെയ്യുന്നതു കഷ്ടവും പാപവുമാണെന്നു തോന്നുകയാൽ അതിനെ യഥേഷ്ടം വിട്ടയച്ചു. പരിത്യക്തമായ ആ പക്ഷിയാകട്ടെ സ്വച്ഛന്ദവിഹാരസുഖമാസ്വദിച്ചു വന്നെങ്കിലും തന്നെ വളർത്തിയ ഗൃഹസ്ഥന്റെ വിയോഗദുഃഖം സഹിപ്പാൻ വയ്യാതെ അസ്വസ്ഥചിത്തനായിത്തീർന്നു. ഇതുകൊണ്ടു സാധുക്കളായ ലോകത്തിൽ എല്ലാവിധത്തിലുള്ള സ്വഭാവം ഉപേക്ഷിച്ചിട്ടാണ് ഇരിക്കേണ്ടതെന്നും സ്വഭാവത്തിന്റെ ദുഃഖവിധായകമായ സ്വരൂപമില്ലെന്നും, അതുകൊണ്ട് സർവ്വദാ സംസാരബന്ധം അറുക്കേണ്ടതാണെന്നും ഇതുകൊണ്ട് സിദ്ധിക്കുന്നു.

(5) അഹിനിർല്വയനീന്യായം.

സർപ്പം പടം ഉരിക്കുന്നതുപോലെ മുമുക്ഷു മായാകാര്യമായ പ്രാകൃതികസ്വഭാവം ഉപേക്ഷിക്കേണ്ടതാണ്. അതിനെ ചെയ്യുമ്പോൾ പ്രകൃതിപുരുഷവിവേകം താനേ ഉദിച്ചുകൊള്ളും. ആത്മജ്ഞാനിയാണ് പരമാനന്ദഭാക്കായി ഭവിക്കുന്നു. ഇതിനെ ആണ് ഈ ന്യായത്തിന്റെ വിവക്ഷിതാർത്ഥം നിരൂപിക്കുന്നത്. ഗോവിന്ദനാകട്ടെ മറെറാരുവിധം വ്യാഖ്യാനിക്കുന്നു.

ഒരു സർപ്പം വളർത്തിയ ഒരുവിധത്തിലുള്ള പ്രതിബന്ധം മൂലം അവിടംവിട്ടു പോകാൻ കഴിയാതെ വളരെ നേരം അതിന്റെ പുറ്റിനരികെത്തന്നെ നിന്നുപോയി. തൽക്ഷണംതന്നെ ഒരു വ്യാഘ്രപക്ഷി (കാവൽ) അവിടെ എത്തി തിന്നുവാനായി പാമ്പിനെ പിടിച്ചു കണ്ടയിലിട്ടു കൊണ്ടുപോയി. ഇതിനെ കിണറ്റിലിട്ടതിന്റെ ശേഷമാണ് സർപ്പം താൻ അവിടെ നിന്നാകിനെപ്പററിയുള്ള അനുശോചിച്ചത്. ആ

കയാൽ നസൌമ്പാവസ്ഥയെ കഴിയുന്നും അകാരി ഞങ്ങൾ വിട്ട സ്വർഗ്ഗമായിരിപ്പാനാണ് എന്നാം പരിശ്രമിക്കേണ്ടത്.

(6) ഛിന്നകർണ്ണന്യായം.

ചെവി മുറിച്ച ഒരു മൂക്കില്ലാത്തവ നാണക്കേട് കാരം പിന്നീട് ആരോടും വാദിക്കാനല്ലാതെ ശിക്ഷക്കായി വ്യാഖ്യാനിക്കുന്നു.

ഒരു മഹർഷി താൻ താമസിച്ചിരുന്ന ആശ്രമത്തിൽ കയറി കട്ട കുറ്റത്തിന് പരിച്ച സ്വാമിസന്നിധിയിൽ നിർത്തി. അവനെ ഒരു ഭൃത്യൻ കൊണ്ടുപോയി കള്ളൻ എന്ന പറഞ്ഞ് അടിച്ചു കൊല്ലരുത് എന്ന ശകാരിക്കയും, മോക്ഷത്തിനു പ്രായശ്ചിത്തമായി 'ഹോമം' ചെയ്യണമെന്ന ആദേശിക്കയും ചെയ്തു. മഹർഷിയാൽ നിശ്ചിതമായ പ്രായശ്ചിത്തവിധി അനുഷ്ഠിച്ച മോക്ഷസ്ഥാനത്തിൽനിന്ന് നിവൃത്തനായി. അതുകൊണ്ട് നിഷിദ്ധമായ കർമ്മങ്ങളിൽ പലരും ഏർപ്പെട്ടുപോകുന്നതിനു, ഏർപ്പെട്ടാൽ തന്നെ പ്രായശ്ചിത്തവിധിയാൽ പാപമോചനം വരുത്തിക്കൊള്ളാമെന്നതാണ് ഈ ന്യായം വ്യാഖ്യാനിക്കുന്നത്.

(7) മതന്യായം.

അസംബന്ധവും അനിഷ്ടവുമായ സംഗതിയെപ്പറ്റി ചിന്തിക്കാതെ ചെയ്യുന്നത്. ഒരാൾ ചിന്തനം ചെയ്യുന്നതായാൽ മതമെന്നപോലെ അപ്രതിഹതമായ ബോധം നേരിട്ട കാര്യത്തിലാകേണ്ടിവരും.

പണ്ട് മതൻ എന്ന പേരായി ഒരു ധനവാനായ ഒരു രാജർഷിയുണ്ടായിരുന്നു, അവന്റെ ഭാര്യ മനസ്സിനെപ്പറ്റി പറഞ്ഞപ്പോൾ അസഹനീയമായ അഭിമാനത്തിന് ഒരു കാലം കൊണ്ട് തന്നെ കഥകൾ ഭവിച്ചതിന്റെ വശം വന്നുപോയി. കാലം ചെല്ലുംതോറും രാജാവിനു അതിൽ വാത്സല്യം വളർന്നുവരികയും, അവന്റെ മറ്റു ജോലികളെല്ലാം തീരെ താറുമാറായി എല്ലാറ്റിനെയും ഉപേക്ഷിച്ച് അതിൽ മാത്രമായിത്തീരുകയും ചെയ്തു. അതിനെ വിട്ടിരിക്കാൻ കഴിയാതെ പോകയും ഒരു ദിവസം അതിനെ താലോലിച്ചുകൊണ്ട് മടിയിൽ കിടത്തി അരികത്തിരിക്കയും, ആ രാത്രി ഉറങ്ങാതെ കഴിച്ചുകൂട്ടുകയും ചെയ്തു. ഇങ്ങനെ മോക്ഷപ്രയത്നം ഉപേക്ഷിച്ചതിന്റെ ഫലമായി സംസാരത്തിൽ തന്നെ ചുറ്റിത്തിരിയുന്ന കഷ്ടത അനുഭവിക്കേണ്ടിവന്നു.

(8) കാകീഠന്യായം

ഏകാന്തമായ വിഷയത്തിൽ മറ്റൊരു കാര്യം പ്രവേശിപ്പിക്കരുത്. പല ആളുകൾ കൂടുന്ന കാര്യങ്ങളിൽ എളുപ്പത്തിൽ കാര്യസിദ്ധിക്ക് എളുപ്പമായ മാർഗ്ഗമാണ്.

പണ്ട് അനേകം രാജകുമാരന്മാർ ഒരു സദസ്സിൽ അഭ്യാസത്തോടെ എങ്ങനെയാണ്, എവിടെവെച്ച് എന്ന തർക്കം ബാധിച്ചു. ഒടുവിൽ എല്ലാവരും ഒത്തുചേർന്ന് കടന്ന് പിടിച്ചുകൂടിയപ്പോൾ അവരുടെ മനോഭേദങ്ങളോടുകൂടെ അവർ പിരിഞ്ഞുപോയി.

(9) പിംഗലാന്യായം.

ആശാബന്ധം അകന്നവർക്കാണ് സുഖത്തിനവകാശമുള്ളൂ. സുഖമില്ലാ

ന്മാർ പിംഗല എന്നപോലെ അദ്ദേഹത്തെ ആളുകളെ കൈകൊണ്ടിരുന്നു.

പണ്ടു പിംഗല എന്ന പേരായി ഒരു വിദ്യാധരവേശ്യ ഉണ്ടായിരുന്നു. അനേകം ജനങ്ങളിൽനിന്നു ധനവും ദ്രവ്യവും തട്ടിക്കൂട്ടിയിട്ടുണ്ടെങ്കിലും അവളുടെ മോഹത്തിനു അതിരില്ലായിരുന്നു. കാമുകന്മാരെ കാത്തു രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരിക്കയായിരുന്നു അവളുടെ പതിവ്. ഇങ്ങിനെയിരിക്കെ ക്രമേണ ജനങ്ങളുടെ വരവു കുറഞ്ഞിപ്പോകയും അവൾ ദ്രവ്യാശയെ പരിത്യജിക്കയും ചെയ്തു. അന്നു മുതൽ അവൾക്കു പൂർവ്വാധികം മനസ്സിനു സന്തുഷ്ടിയും പ്രസാദവും വർദ്ധിച്ചു വന്നു.

(10) സർപ്പന്യായം

താൻ പ്രയത്നിക്കാതെയും ചിലർ ഫലമനുഭവിച്ചു സുഖിക്കുന്നു. എങ്ങിനെ എന്നാൽ:— സർപ്പം താനായി താമസിപ്പാൻ പ്രത്യേകം ഗൃഹം തീർക്ക പതിവില്ല. അതു മറ്റുള്ളവർ ഉണ്ടാക്കുന്ന ഗൃഹങ്ങളിൽ പോയി യഥേഷ്ടം സുഖിച്ചു പാർക്കുന്നു. അങ്ങിനെ മറ്റുള്ളവർ നമ്മുടെ സ്വത്തുക്കളെ സമ്പാദിക്കുമ്പോൾ നാമൊന്നും പ്രയത്നിക്കേണമെന്നില്ല.

(11) ഷൾപദന്യായം.

വണ്ടു പല പുഷ്പങ്ങളിൽ നിന്നും മധു ശേഖരിക്കുന്നതെങ്ങിനെയോ, അതിനെ തന്നെ ബുദ്ധിയുള്ളവർ പല ശാസ്ത്രങ്ങൾ പഠിച്ചിട്ടും, പല ഗ്രന്ഥങ്ങളിൽനിന്നു തത്ത്വസാരങ്ങളെ ഗ്രഹിച്ചും ജ്ഞാനികളായിത്തീരേണമെന്നത്രെ ഇതിന്റെ താൽപ്പര്യം.

(12) ഇഷുകാരന്യായം.

ഒരു വിഷയത്തിൽ ഏർപ്പെടുന്നവന്റെ മനസ്സ് അതിൽ തന്നെ ഏകാഗ്രമായിരിക്കുന്നതു കൂടാതെ വിഷയാന്തരങ്ങളിൽ പ്രവേശിക്കരുതു.

പണ്ടൊരു ശസ്ത്രകാരൻ (അമ്പുണ്ടാക്കുന്നവൻ) ആ ജോലിയിൽ ഏർപ്പെട്ടിരുന്ന അമ്പു കൂർപ്പിക്കയായിരുന്നു. അപ്പോൾ അതിനു തിരികിലൂടെയായി അവിടുത്തെ രാജാവു കടന്നു പോയിരുന്നു. തന്റെ ജോലിയിൽ നിമഗ്നമായി മനസ്സിരുത്തിയിരുന്ന നിമിത്തം അവൻ രാജാവിനെ കാണുകയോ ഉപചരിക്കയോ ഉണ്ടായില്ല. അതുപോലെ ജ്ഞാനസമ്പാദകന്മാരും കൃത്യാന്തരങ്ങളിൽ ഏർപ്പെടാതെ ജ്ഞാനസമ്പാദനവിഷയത്തിൽ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കേണ്ടതാകുന്നു.

(13) ലോകന്യായം

ശാസ്ത്രങ്ങളിൽ വ്യവസ്ഥാപിതമായ നിയമങ്ങളെ ഉല്ലംഘിക്കുന്നതു ഒരിക്കലും ശ്രേയസ്കരമല്ല. ഒരാൾ ശാസ്ത്രാജ്ഞയെ തിരസ്കരിച്ചു, രാജകീയശാസനങ്ങളെയും അതിക്രമിച്ചു എന്നിരിക്കട്ടെ; എന്നാൽ അവൻ ശിക്ഷാർഹനായിട്ടും രാജഭടന്മാരാൽ ശിക്ഷിതനായിട്ടും കാണപ്പെടുന്നതു. ലൗകികന്മാരാൽ കൂടാതെ വൈദികന്മാരാലും അവൻ പരിത്യാജ്യനായിത്തീരുന്നു, അതുകൊണ്ടത്രെ ലോകം മിക്കതും ശാസ്ത്രോല്ലംഘനം ചെയ്യാതെ അനുവർത്തിക്കുന്നതു. ഈ സംഗതി ലോകത്തോടു പഠിക്കേണ്ടതാകയാൽ (നാമൊന്നു നടക്കുന്നതും കാണുന്നതും പറയുന്നതും എല്ലാം ലോകരെ കണ്ടാണ് നാമനുകരിക്കുന്നത്.) ഇതിനെ ലോകന്യായം എന്നു പേരു സിദ്ധിച്ചു.

സി. ശങ്കുണ്ണിനായർ.

വിദൂഷകശ്ലോകങ്ങൾ.*

[illegible] ൧

[illegible] ൨

[illegible] ൩

വെളുത്ത [illegible] പുതിയോരു വെണ്ണയും
പുളിച്ച [illegible]
ഉഴുന്നു [illegible]
[illegible] ൪

[illegible] ൫

[illegible] ൬

കാക്കക്കൂട്ടം [illegible] കലിതകളകളം [illegible]
കോക [illegible] ശ്രേണിയെപ്പോഴുമിളക്കി,
[illegible]
[illegible] ൭

* ഈ ശ്ലോകങ്ങൾ കൂടിയാട്ടത്തിൽ വിദൂഷകൻ ചൊല്ലുന്നവയും പല കഥകളിലുമുള്ള [illegible] ശ്ലോകങ്ങളിൽ ചിലതാണ്. ഈ വക ശ്ലോകങ്ങളെ ചാക്യാന്മാർ [illegible] വെളിപ്പെടുത്താത്തതുകൊണ്ട് അവ ഗ്രന്ഥരൂപങ്ങളായിട്ടില്ല. [illegible]

വിജ്ജാ

ഭാരതഖണ്ഡത്തിൽ പല നൂറ്റാണ്ടുകൾക്കു മുമ്പു പുരുഷന്മാരെപ്പോലെതന്നെ സംസ്കൃതസാഹിത്യത്തിൽ പ്രശംസനീയമായ വൈദഗ്ദ്ധ്യം നേടിയ അനേകം മഹിളാമണികൾ ഉണ്ടായിരുന്നു. അവരിലൊരാളാണ് വിജ്ജക. ഈ കവയിത്രിയുടെ ചരിത്രം സാമഗ്ര്യേണ മനസ്സിലാക്കാൻ ഉപോദ്ബലകമായ തെളിവുകൾ അധികമൊന്നും കാണുന്നില്ലെങ്കിലും, ഈ മഹതിയെപ്പറ്റി പണ്ഡിതന്മാരുടെ ഇടയിൽ പ്രചരിച്ചുവരുന്ന ഓരോ വിധം ഐതിഹ്യങ്ങളെയും മറ്റും അവലംബിച്ചുകൊണ്ടാണ് ഞാൻ ഈ ലേഖനം എഴുതുവാൻ ആരംഭിക്കുന്നത്.

വിജ്ജകയുടെ ജന്മദേശവും വാസസ്ഥലവും കാശ്മീരരാജ്യത്തിലാകുന്നു. ശീലാഭട്ടാരിക മുതലായവരെപ്പോലെതന്നെ സാഹിത്യപരിശ്രമം നിമിത്തം വിജ്ജകയും ഒരു മാന്യപദവിയെ പ്രാപിച്ചിട്ടുള്ള മഹിളാരത്നമാണ്. 'ശീലാ, വിജ്ജാ, മാരുലാ, മോരികാദ്യാഃ കാവ്യംകർത്തുംസന്തിവിജ്ഞാസ്സ്ത്രിയോഽപി' എന്നു ധനദദേവന്റെ പദ്യത്തിൽ പറഞ്ഞുകാണുന്ന 'വിജ്ജ' നമ്മുടെ വിജ്ജകതന്നെയാണെന്നതിൽ സന്ദേഹത്തിനവകാശമില്ല. ഈ കവയിത്രി ശൂദ്രജാതിയിൽ ജനിച്ചവളാണെന്നു പലരും അഭിപ്രായപ്പെടുന്നുണ്ട്.

ഈ മഹതിയുടെ ജീവനകാലത്തെ ഇന്നതാണെന്നു നിർദ്ധരിക്കുവാനുള്ള മാർഗ്ഗം വളരെ ദുർല്ലഭമായിത്തന്നെയിരിക്കുന്നു. എങ്കിലും, പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മുമ്പിലാണെന്നു പറയുന്നതിൽ സംശയമൊന്നും വരാനില്ല. മമ്മടഭട്ടൻ പ്രസ്തുത കവയിത്രിയുടെ പദ്യങ്ങളെ തന്റെ കാവ്യപ്രകാശത്തിൽ ഉദാഹരിച്ചിട്ടുണ്ട്. മമ്മടഭട്ടന്റെ ജീവകാലം പന്ത്രണ്ടാം നൂറ്റാണ്ടിന്റെ പൂർവ്വഭാഗത്തിലാണെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ സ്ഥിതിക്കു വിജ്ജകയുടെ കാലം പന്ത്രണ്ടാം ശതാബ്ദത്തിന്റെ മുമ്പിലാവാനേ തരമുള്ളൂ. അതുകൊണ്ടു ഏകദേശം പതിനൊന്നാംനൂറ്റാണ്ടിലായിരിക്കണം വിജ്ജക ജീവിച്ചിരുന്നതെന്നു ഊഹിക്കാം.

വിജ്ജകയുടെ ഭർത്താവ് കാശ്മീരത്തിലെ ധനപുഷ്ടിയും ഗുണപുഷ്ടിയും ഉള്ള ഒരു കുടുംബത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിനു സംസ്കൃതഭാഷയിൽ അസാമാന്യമായ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുണ്ട്. വ്യാകരണം, തർക്കം, മീമാംസ മുതലായ ശാസ്ത്രങ്ങളിലും ആ മഹാനു സിദ്ധിച്ച പാണ്ഡിത്യം അഗാധംതന്നെയാണ്. അദ്ദേഹത്തിന്റെ ഏകപുത്രിയാണ് വിജ്ജക. വേറെ സ്ത്രീസന്താനമോ പുരുഷസന്താനമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇതു നിമിത്തം മാതാപിതാക്കന്മാരുടെ സമ്പൂർണ്ണവാത്സല്യത്തിനും സുഖസന്തോഷത്തിനും ഏകകാരണവും വിദുഷിയുമായിരുന്ന വിജ്ജകയെന്ന സംഗതി പ്രത്യേകം പറയേണ്ടതില്ലല്ലോ. വിജ്ജക കുട്ടിക്കാലത്തു ബുദ്ധിമതിയായ ബാലികമാരിൽപ്പെട്ട

ബുദ്ധിവൈഭവമെങ്കിലും മാതാപിതാക്കന്മാരുടെ ഏററവും പൂർണ്ണമായ പരിശീലനത്താൽ ആ വിധം ഗുണങ്ങളെല്ലാം തികഞ്ഞ പൂർണ്ണായി കമായ ആരോഗ്യത്തെ പ്രാപിച്ചവളെ കുട്ടിക്കാലത്തു തന്നെ അച്ഛൻ വിജ്ജകയെ വിദ്യാഭ്യാസത്തിൽ ഏർപ്പെടുത്തിയിരിക്കുന്നു. അച്ഛന്റെ കീഴിൽ തന്നെയാണ് ഈ കാന്യവിദുഷി കാവ്യനാടകാലങ്കാരാദികളും മററു ശാസ്ത്രങ്ങളും അഭ്യസിച്ചിട്ടുള്ളത്. വിജ്ജകയുടെ അസാധാരണമായ ബുദ്ധിശക്തി പലപ്പോഴും അവരുടെ പിതാവിനെ വിസ്മയിപ്പിച്ചിരുന്നു. അതാതു ശാസ്ത്രവിഷയങ്ങളെ ഗ്രഹിക്കുന്നതിലും ധരിക്കുന്നതിലും വിജ്ജക പ്രദർശിപ്പിച്ച നൈപുണ്യം പിതാവിനെ ഒട്ടൊന്നുമല്ല സന്തോഷിപ്പിച്ചിട്ടുള്ളത്. പതിനാറിനോടു വയസ്സു പ്രായമായപ്പോഴേയ്ക്കു വിജ്ജകയുടെ ദേഹത്തിൽ അനിർവ്വചനീയവും സ്വർഗ്ഗീയവുമായ ഒരു ലാവണ്യം വന്നുകൂടിയതോടുകൂടി സാഹിത്യത്തിലും ശാസ്ത്രങ്ങളിലും അസാമാന്യമായ വൈദുഷ്യവും ആ മഹതി സമ്പാദിച്ചുകഴിഞ്ഞു.

വിജ്ജകയ്ക്കു വൈദുഷ്യത്തേക്കാളും ഒരു പടവു കയറി നില്ക്കുന്നതു കവിതാശക്തിയാണ്. കവനപാടവം നിമിത്തം കാശ്മീരത്തിലെ രാജാവു പലപ്പോഴും വിജ്ജകയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്. ദ്രുതകവനത്തിൽ ഈ മഹതിയ്ക്കുണ്ടായിരുന്ന സാമർത്ഥ്യം പ്രശംസനീയമായിരുന്നുവത്രെ. കാശ്മീരത്തിലെ ഏതോ ഒരു ശാസ്ത്രകവി ഒരു ദിവസം ദ്രുതകവനവും സരസതയുമായ ഒരു ശാസ്ത്രപരീക്ഷണകം പരിശോധിച്ചിരിപ്പാനും പറയുവാൻ വിജ്ജകയ്ക്കു ഇടയ്ക്കുകൊടുക്കുന്നു. ഈ കവയിത്രി ആളു മുഴുവൻ ശരിയായി വായിച്ചുനോക്കുകയും, അപ്പോൾ തന്നെ കാവ്യസരസമാക്കിയ ശ്ലോകങ്ങളാക്കിയതിനാൽ ആ പ്രബന്ധത്തെ അതിശയിച്ചു മനോഹരമാക്കിത്തീർക്കാൻ സാധിക്കുകയും ആ കവിയ്ക്കു അത്ഭുതമുണ്ടാക്കുകയും ചെയ്തതായി ഒരു ഐതിഹ്യം കേൾക്കുന്നു. ഇതിനെന്നെ ചിത്രപദ്യങ്ങൾ രചിക്കുന്നതിലും വിജ്ജക അത്യന്തം നിപുണയായിരുന്നു. 'ചിത്രശതകം' എന്ന പേരിൽ വിചിത്രമായ ഒരു ചിത്രപദ്യപ്രബന്ധവും പ്രസ്തുത കവയിത്രി രചിച്ചതായി കേൾവിയുണ്ട്.

പ്രാചീനകാലങ്ങളിലുണ്ടായിരുന്ന മറെറല്ലാ സാഹിത്യകാരന്മാരുടേയും കവികളുടേയും പണ്ഡിതന്മാരുടേയും അനവധിയായ പ്രശംസയ്ക്കു വിജ്ജക പാത്രമായിത്തീർന്നിരിക്കുന്നു. സാഹിത്യകർത്താക്കളായ മമ്മടൻ, വിശ്വനാഥകവിരാജൻ മുതലായ പലരും വിജ്ജകയുടെ കവിതാവിലാസത്തിൽ ആകൃഷ്ടരായി ആദരിച്ചിട്ടുണ്ട്. അത്യുക്തി, സ്വഭാവോക്തി, വിരോധോക്തി, ശ്ലേഷം മുതലായ അലങ്കാരങ്ങൾ ഭംഗിയിൽ പ്രയോഗിച്ചു കവിതയുണ്ടാക്കുന്നതിൽ വിജ്ജകയ്ക്കുണ്ടായിരുന്ന അസാധാരണനൈപുണ്യം ആരാലും വിസ്മരിക്കപ്പെടുവാൻ സാധിക്കാതിരുന്നിട്ടില്ല. ഈ വർണ്ണാലങ്കാരങ്ങളെയാണ് വിജ്ജക മധുരമായി കവിതയിൽ ചേർത്തുകാണുന്നതു. സരളകോമളങ്ങളായ ശബ്ദാർത്ഥങ്ങൾ ഈ മഹതിയുടെ സൂക്തികളിൽ എപ്പോഴും ഉല്ലസിച്ചിരുന്നു. വിജ്ജകയുടെ കവിതാശൈലിയെ അവലംബിച്ചുകൊണ്ടാണ് അനേകം ശ്ലോകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന സഹൃദയന്മാരുടെ ഇടയിൽ പ്ര

ലമായ ഒരു കിംവദന്തി നടക്കുന്നുണ്ട്. കവികൾക്കാവശ്യമായ പാണ്ഡിത്യഗുണമുള്ള ആചാര്യന്മാരിൽക്കൂടി കവിതാവിഷയത്തിൽ അറിയപ്പെട്ടിരുന്നവളാണ് വിജ്ജക എന്നുവരുമ്പോൾ ഈ കാവ്യകവയിത്രിയുടെ കവിതാശക്തിയെപ്പറ്റി അധികമൊന്നും വിവരിക്കേണ്ടതായി തോന്നുന്നില്ല. ഈ ഗ്രന്ഥത്തിൽ ഒരു മഹാൻ വിജ്ജകയെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് താഴെ ചേർക്കുന്നു —

'നീലോല്പലദളശ്യാമാം
വിജ്ജകാം മാമജാനതാ
വൃഥൈവ ദണ്ഡിനാപ്രോക്തം
സർവ്വശുക്ലാസരസ്വതീ.'

വിജ്ജക സരസ്വതിയുടെ ഒരു അവതാരമാകുന്നുവെന്നും, അഥവാ, ഈ മഹതിക്കു സൗന്ദര്യവൈശിഷ്ട്യവും സർവ്വോത്തമമായ കവിതാനിർമ്മാണനൈപുണ്യവും ഉണ്ടെന്നും, കവിതാവിഷയത്തിൽ ആചാര്യത്വം ദണ്ഡി മനസ്സിലാക്കിയത് ഈ കവയിത്രിയെ അറിയാതെയാണെന്നും ഇപ്പദ്യത്തിൽനിന്നു വിശദമാകുന്നുണ്ട്. ഈ ശ്ലോകം ശാർങ്ഗധരപദ്ധതിയുടെ പ്രസ്താവകാംശത്തിലുള്ളതാണെന്നു ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. എങ്ങിനെയായാലും, വിജ്ജക ഇപ്രകാരം ഒരു മഹാന്റെ ശ്ലാഘയ്ക്കു അർഹയായിത്തീർന്നിട്ടുണ്ടെന്നു വരുമ്പോൾ, ഈ വിദുഷിയുടെ മാഹാത്മ്യം എത്രമാത്രം ഉന്നതമായിരിക്കാവുന്നതാണ്.

'ശീലാ വിജ്ജാ മാരുലാ മോരികാദ്യാഃ
കാവ്യം കർത്തും സന്തി വിജ്ഞാഃ സ്ത്രിയോപി
വിദ്യാം വേത്തും വാദിനോ നിർവിജേതും
വിശ്വം വക്തും യഃ പ്രവീണഃ സ വീരഃ'

എന്ന ധനദേവന്റെ ശാർങ്ഗധരപദ്ധതിയിലെ ശ്ലോകത്തെ അവലംബിച്ചുകൊണ്ടു ചിലർ, വിജ്ജകയ്ക്കു തന്റെ കവിതാശക്തിക്കു സമഗ്രമായ വൈദുഷ്യവും വ്യാകരണം, തർക്കം മുതലായ ശാസ്ത്രഗ്രന്ഥങ്ങളെ നല്ലവണ്ണം വായിച്ചു മനസ്സിലാക്കാനുള്ള വ്യുല്പത്തിയും, ശാസ്ത്രവാദത്തിൽ വാദികളെ പരാജിതരാക്കാനുള്ള സാമർത്ഥ്യവും, ലോകവ്യവഹാരങ്ങളായ ശാസ്ത്രതത്വങ്ങളെ ഉപപാദിക്കാനുള്ള നൈപുണ്യവും ഇല്ലെന്നും കവിതാനിർമ്മാണത്തിലുള്ള പാടവം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും അഭിപ്രായപ്പെടുകയാണ്. ഈ അഭിപ്രായം ഒട്ടും ശരിയല്ല. മാന്യരായ വിദ്വാന്മാർ ആ കവയിത്രിയെപ്പറ്റി പറഞ്ഞതു ശ്രദ്ധിച്ചാലും ഈ മഹാന്മാരുടെ കൃതികളെ പരിശോധിച്ചുനോക്കിയാലും ഇങ്ങിനെ ഒരു അഭിപ്രായം പുറപ്പെടുവിക്കാനുള്ള അനൗചിത്യം സ്പഷ്ടമാവുന്നതാണ്. ധനദേവൻ ഇപ്രകാരം പറഞ്ഞതു, ചില നായികകളെക്കുറിച്ചുണ്ടാക്കുന്ന പൊതുകവിതകളിൽ ചെയ്തിട്ടുള്ളതുകൊണ്ടോ സ്ത്രീകളുടെ പേരിൽ തനിക്കു അനിർവ്വചനീയമായ എന്തോ വൈരസ്യം ഉള്ളതുകൊണ്ടോ ആയിരിക്കണമെന്നൂഹിക്കാം. എങ്ങിനെ ആയാലും വിജ്ജകയുടെ കവിതാസാമർത്ഥ്യം ഒരു ശൈലാതിരേകമായാണെന്നു വിരോധികൾകൂടി സമ്മതിക്കാതിരിക്കയില്ല.

ഈ മഹതി അവിവാഹിതയായിരുന്നു. ജീവകാലം മുഴുവനും സാഹിത്യചർച്ചയിൽതന്നെയാണ് കഴിഞ്ഞുകൂടിയിട്ടുള്ളത്. അനാവശ്യമായി സമയം പോക്കുന്നതിലും നേരമ്പോക്കു പറഞ്ഞിരിക്കുന്നതിലും വിജ്ജകയ്ക്കു വളരെ വൈമുഖ്യമായിരുന്നു. വല്ലവരെപ്പറ്റിയും ദുഷിച്ചുപറഞ്ഞു സമയംകളയുന്ന കുസ്ത്രീജനങ്ങളെ അവരുടെ വിദ്യാ

ഏറ്റപ്പോഴും വെറുക്കുകയും അവരുടെ സഹവാസം തീരെ പരിഹരിക്കുകയുമാണ് ചെയ്തിരുന്നത്.

ഈ വിധത്തിൽ സർവ്വഥാപി അനുകരണീയയായിട്ടുള്ള ഒരു മഹതിയാണ് നമ്മുടെ വിജ്ജക. ഈ വിദുഷി ഏതുകാലം ജീവിച്ചിരുന്നുവെന്നും ഏതെല്ലാം പ്രബന്ധങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും മറ്റും അറിയുവാൻ തരമില്ലാതിരിക്കുന്നു. വിജ്ജകയുടെ കവിതാവൈശിഷ്ട്യത്തെപ്പറ്റി വായനക്കാർക്ക് അറിയേണ്ടതിനായി ചില പദ്യങ്ങളെ ഇവിടെ ഉദ്ധരിച്ചു ഈ ലേഖനം അവസാനിപ്പിക്കാം.

'കേനാത്ര ചമ്പകതരോ ബത രോപിതോസി
കുഗ്രാമപാമരജനാന്തികവാടികായാം (സി
യത്ര പ്രവൃദ്ധനവശാകവിവൃദ്ധിലോഭാൽ
ഗോഭംഗവാടവിടപോചിതപല്ലവോസി.'

ഒരു ചമ്പകവൃക്ഷത്തെപ്പറ്റി പ്രസ്താവിക്കുന്ന ഈ പദ്യം മൂഢന്മാരുള്ളതായ കുഗ്രാമത്തിൽ പാർത്തുവരുന്ന ഒരു മഹാനു നേരിട്ട ദൌർഭാഗ്യത്തിന്റെ പ്രതീതിയെ ഉല്പാദിപ്പിക്കുന്നുണ്ട്. ഇവിടെ ചമ്പകത്തെ അപ്രസ്തുതവും കുഗ്രാമവാസിയായ മഹാൻ പ്രസ്തുതനുമാകുന്നു. ഈ ശ്ലോകം വിജ്ജക ചമച്ചതു സാഹിത്യവിഷയത്തിൽ പ്രശസ്തമായ സാമർത്ഥ്യം ചെലുത്തിയ ഒരു പണ്ഡിതനെ ഉദ്ദേശിച്ചിട്ടുള്ളതാകുന്നുവെന്നാണ് വിദ്വാന്മാരുടെ ഇടയിൽ നടക്കുന്ന കിംവദന്തി. ആ പണ്ഡിതൻ സർവ്വശാസ്ത്രവിശാരദനായ ഒരു ബ്രാഹ്മണനാം, അവന്റെ യോഗ്യതകളെ ഗ്രഹിക്കത്തക്ക നൈപുണ്യമുള്ള മഹാന്മാരുടെ നാമധേയംപോലും ഇല്ലാത്ത ഒരു കുഗ്രാമത്തിൽ പാർത്തിരുന്ന ഹേതുവായിട്ടുണ്ടത്രെ. ഈ പദ്യത്തിൽ സമുല്ലസിക്കുന്ന ചമല്ക്കാരവിശേഷത്തെ സംബന്ധിച്ചു സഹൃദയന്മാരോടു ഒന്നും പറയേണ്ടതായിട്ടില്ല.

ദൈവത്തെപ്പറ്റി വർണ്ണിച്ചു താഴെ എഴുതുന്ന പദ്യം നോക്കുക.

ഭാഗ്യൈർഭിർഗ്ഗുണമാലിപ്തകടേ
പ്രത്യക്ഷനക്ഷമാളിതാ
വ്യോമസ്ഥിതിവിചാരപ്രതിഹതാ
യന്ന്യായമായാതിശ്ശാലാ
കഷ്ടംഭാഗ്യവിപര്യയേണ സഹസാ
കല്പാന്തരാഘടിതാ
സൃഷ്ടിസ്സൃഷ്ടികർത്താകല്പിതം
കാലേനയാതാംവ്ലിതം.

ഈ പദ്യത്തിൽ പ്രതിപാദിച്ച തത്വം എല്ലാവരും എല്ലായ്പോഴും ഓർക്കേണ്ട ഒന്നാണെന്നാകുന്നു. 'ദൈവത്തിന്റെ ഗതി ആർക്കും അറിവാൻ സാധിക്കുന്നതല്ല. ഇന്നലെ മണിമാളികയിൽ പാർന്ന ആളും നാളെ പിച്ചക്കാരനായിട്ടു പടിൽ ചാർത്തി ഭിക്ഷിക്കുന്നവനാകാം. ബലിഷ്ഠനായ ഐശ്വര്യശാലിയും ക്ഷണത്തിൽ നശിക്കും. ഐശ്വര്യസമുദ്രം കാലക്രമേണ വറ്റിപ്പോകുന്നു. ഒരിക്കൽ ഭാഗ്യവാനായിരുന്നവന്റെ ഗതി ശോചനീയമായി പരിണമിക്കുന്നതാണ്. വിവേകമില്ലാത്തവന്റെ സമ്പത്തു കൊണ്ടുണ്ടാകുന്ന ദോഷം വേഗത്തിൽ അനുഭവിക്കേണ്ടിവരും.' ഇങ്ങിനെ അമൂല്യങ്ങളായ ഉപദേശങ്ങൾ ഈ ചെറുപദ്യത്തിൽ അന്തർഭവിച്ചുകിടക്കുന്നുണ്ട്. ഇതിലെ ശബ്ദമാധുര്യവും മനോഹരം തന്നെ.

കോപസ്സ്ഥിതാനതഭാസസ്ഥിതാനി പരിതഃ
    പത്രാണി ഇറ്റ്ഴ്‌ക്കളം
ഭർത്താ സന്ധിബദ്ധാഞ്ജലിശ്ചിരമയോ
    നിതാന്തശ്ലോകാക്ഷരാഃ
ഇത്യാത്മപ്രതികൃതിം ഭർത്താരമിന്ദോം
    ശ്രുതം പാതയെപ്യുല്ലസം
തൽപാദമനാളീശീഷ്ണാപിനദ്ധിതം
    ദ്രഷ്ടുമിതൃഭീയഞ്ചേതസം.

ഒരു കാമിനിയുടെ അവസ്ഥ വർണ്ണിക്കുന്ന ഈ ശ്ലോകത്തിലെ അലങ്കാരം ശബ്ദശ്ലേഷഘടിതമായ വിരോധോക്തിയാകുന്നു. ഈ ഒരു 'പ്രസന്നപ്രൗഢഗംഭീര'മായ പദ്യങ്ങൾ രചിക്കുവാൻ ശക്തിയും വൈദുഷ്യവും സിദ്ധിച്ച ഒരു കവയിത്രിയാണ് ധനദേവൻ അനുവർത്തിച്ചിട്ടുള്ള മേൽ പ്രസ്താവിച്ച അഭിപ്രായം നിശ്ചയമായും അനുഭവത്തിലാണെന്ന സംഗതി തെളിയുന്നതാണ്.

ഇനി വിജ്ജകയുടെ ഒന്നു രണ്ടു ശൃംഗാരപ്രധാനങ്ങളായ പദ്യങ്ങൾ കൂടി ഉദ്ധരിക്കാം.

ധന്യാസി യാ കഥയസി പ്രിയസംഗമേഽപി
വിസ്രബ്ധചാടുകശതാനി രതാന്തരേഷു
നീവീം പ്രതി പ്രണിഹിതേ തു കരേ പ്രിയേണ
സഖ്യഃ ശപാമി യദി കിഞ്ചിദപി സ്മരാമി.

ഈ ശ്ലോകത്തെ മമ്മടഭട്ടൻ കാവ്യപ്രകാശത്തിൽ നാലാമത്തെ ഉല്ലാസത്തിലും വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൽ മൂന്നാം പരിച്ഛേദത്തിലും ഉദ്ധരിച്ചിട്ടുണ്ട്. ബാല്യം മുതൽ മരണപര്യന്തം ഇതിനപ്പുറമുള്ള ലോകത്തിന്റെ ഗന്ധം പോലും അറിയാത്ത ഒരു സ്ത്രീ ഈവിധം അനേകം പ്രത്യേകങ്ങളായ സംഗതികളെ അവരുടെ കവിതയിൽ ക്രോഡീകരിച്ചുവെന്നു പറയുന്നതു പക്ഷേ ചിലർക്കു വിശ്വാസജനകമായിത്തീരുകയില്ലായിരിക്കാം. കവിപ്രതിഭയ്ക്ക് ഏതു വിഷയത്തെയും ശുദ്ധമായി ഗ്രഹിക്കാനുള്ള നൈപുണ്യം ഉണ്ടെന്നു മനസ്സിലാക്കിയവർ തീർച്ചയായും ഈവിധം ഒരഭിപ്രായം പുറപ്പെടുവിക്കയില്ല.

സുപ്രസിദ്ധനായ അമരുകവി ഈ ശ്ലോകത്തിന്റെ ആശയത്തെ അപഹരിച്ചിട്ടാണ്' —

'ധന്യാസ്താഃ സഖി യോഷിതഃ പ്രിയതമേ
    സർവ്വാംഗലഗ്നേഽപി യാഃ
പ്രാഗൽഭ്യം പ്രഥയന്തി മോഹനവിധാ-
    വാലംബ്യധൈര്യം ക്ഷണാത്
അസ്മാകം തു തദീയപാണികമലേ
    ...
കേയം കോഽയമഹോ ക്വ കിം നു സുരതം
    ...'

എന്ന പദ്യം നിർമ്മിച്ചിട്ടുള്ളത്. പ്രസിദ്ധനായ മറ്റൊരു കവിയുടെ രചനാചാതുരിയെ ഉപജീവിച്ചു വിജ്ജകയുടെ ഈ പദ്യത്തിനുണ്ടെന്നു പറഞ്ഞാൽ ഇതിനുള്ള ഒരു പ്രത്യേകസാമർത്ഥ്യം അനുമാനിക്കാവുന്നതാകുന്നു.

മറ്റൊരു ശ്ലോകം.

ദൃഷ്ടിം ഹേ പ്രതിവേശിനി ക്ഷണമിഹാ-
    പ്യസ്മദ്ഗൃഹേ ദാസ്യസി
പ്രായേണാസ്യ ശിശോഃ പിതാ ന വിരസാഃ
    കൗപീരപഃ പാസ്യതി
ഏകാകിന്യപി യാമി സത്വരമിതഃ
    സ്രോതസ്തമാലാകുലം
നീരന്ധ്രാസ്തനുമാലിഖന്തു ജരഠ-
    ച്ഛേദാ നളഗ്രന്ഥയഃ

ഈ ശ്ലോകം സാഹിത്യദർപ്പണത്തിൽ നാലാം പരിച്ഛേദത്തിൽ വസ്തുവ്യംഗ്യത്തിന്നു ഉദാഹരണമായിച്ചേർത്തുകാണുന്നുണ്ട്.

ശാസ്ത്രാർത്ഥങ്ങൾ സമുദായികമായി കൂടുമ്പോ ഴെ തിരിഞ്ഞിരിക്കുന്നതിനപ്പെട്ടു നൃത്തം ചെയ്യുന്ന ഈ പദ്ധതിയുടെ ഭേദഗതിയെ പ്പറ്റി ഏതാണ്ട് പറയണമോ?

ഇതിനെ പല ആധുനികന്മാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വിമർശകന്മാരുടെ ക വിതകളിൽ ഉദ്ധരിച്ചിരിക്കുന്നു. ഇപ്രകാരം മൊഴിമാറ്റങ്ങളെ കാണുന്നതുപോലെ, വി ശേഷകാരിത്തമായ ഒരു പ്രബന്ധവും ഇ തേവരെ ആരുംതന്നെ കണ്ടിട്ടില്ല. ഈവിധം മാറ്റങ്ങളെ വിമർശകന്മാർ തന്നെ അധികംകുറെ കണ്ടിട്ടുണ്ടെങ്കിലും അ വയിൽ ചിലതെങ്കിലും ഇനിയും എടുത്തു ഇവിടെ ചേർക്കുന്നതായാൽ ലേഖനം അ ധികം ദീർഘിക്കാൻ ഇടയുള്ളതുകൊണ്ട് അതിനെ ഇനിയും ഇല്ല.

കെ. വി. [illegible]

വിദ്യാഭ്യാസവും സമുദായബന്ധവും

പ്രാചീനകാലത്തിൽ ഓരോ സമുദാ യത്തിന്റേയും പ്രത്യേകപ്പെട്ട നിർബ്ബന്ധ കാര്യത്തിൽ നല്ലവണ്ണം മനസ്സിലായിരി ക്കണം. സമുദായാംഗങ്ങളുടെ മനസ്സ് അ താതു സമുദായത്തിന്റെയും, ഓരോ സമു ദായത്തിന്റെ മനസ്സ് ആ രാജ്യത്തി ന്റെയും പൊതുമനസ്സിനോടു സംബന്ധി പ്പിച്ചിരുന്നു. ഇങ്ങിനെ വിസ്തൃതമായിക്കാണുന്ന ഈ സമുദായങ്ങളെല്ലാം അന്നു ഓരോ ക ലം മാത്രമായിരുന്നു. ഓരോ കാലത്തിനും പ്രത്യേകിച്ച് ഓരോ ആചാര്യനുണ്ട്. ആ ആചാര്യൻ ആ കാലത്തിനുള്ള പൊതുമന സ്സിന്റെ പ്രത്യക്ഷരൂപമാണ്. അദ്ദേഹമാ ണ് അതാതു കാലത്തിനനുസരിച്ചവണ്ണം വിദ്യാഭ്യാസത്തെ ക്രമപ്പെടുത്തുന്നത്. ക ലാചാര്യന്മാരെല്ലാം ലോകവിധം കൊ ണ്ടറിഞ്ഞിട്ടുള്ള മഹർഷികളാണ്. മഹ ർഷികൾ രാജ്യത്തിലെ പൊതുമനസ്സി ന്റെ പ്രത്യക്ഷരൂപങ്ങളാകുന്നു. അതാതു സമുദായത്തിന്റെ പാരമ്പര്യത്തിലെയു പ്രത്യേകാനുഭവങ്ങളേയും, പകർച്ചയോ പ തർച്ചയോ കൂടാതെ ഉൾപ്പിരിച്ചു നിർത്തേണ്ടു കലാചാര്യന്മാരുടെ ഭാരമാണ്. ആ സ മുദായത്തിലെ എണ്ണപ്പെട്ടവരെ [illegible] അംഗമായിത്തീരത്തക്കവണ്ണം ഓരോ വി ദ്യാർത്ഥിയേയും അവർ അഭ്യസിപ്പിച്ചിരുന്നു. വിദ്യാർത്ഥികളുടെ മനസ്സിനെ രൂപപ്പെ ടുത്തി വികസിപ്പിക്കയും, സ്വാതന്ത്ര്യമാർ ഗ്ഗം കാണിക്കയും, മനസ്സിനെ സമുദാ യത്തോടു ബന്ധിക്കയും—ഇതാണ് ആ ചാര്യന്മാരുടെ ഭാരം. അതുവഴി ഒരു വി ദ്യാർത്ഥിക്കുള്ള [illegible] ചെയ്യേണ്ടത്

ളിൽ പറയുന്ന സ്ഥലങ്ങളും ഇന്നിന്നതാണെന്ന വല്ല തെളിവുംകൂടാതെ തീർച്ചപ്പെടുത്തുവാൻ യാതൊരു നിവൃത്തിയുമില്ലെന്ന സ്പഷ്ടമാണല്ലോ. "മുസിരിസ്സ് എന്നതു മാത്രം പല കാരണങ്ങളാലും 'മുയിരിക്കോട്ട്' എന്ന താമ്രശാസനത്തിൽപ്പറയുന്നതിലും ഒരു കാലംവരെയുള്ള ജനങ്ങളുടെയിടയിലും പേർ പറഞ്ഞുവന്നിരുന്നതും കൊടുങ്ങല്ലൂരിനടുത്തുള്ളതുമായ തിരുവഞ്ചിക്കുളംതന്നെ ഇതു ഭാഗമാണെന്ന് നിസ്സംശയമായി തീർച്ചപ്പെടുത്താം. 'നെൽസിന്ദ' എന്നതു കൊല്ലത്തിന്റെ സമീപമുള്ളതും പുരാതനഗ്രന്ഥങ്ങളിൽ വളരെ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളതുമായ 'നിരണം' എന്ന പ്രദേശവും, 'ബക്കാറെ' എന്നതു മധ്യതിരുവിതാംകൂറിലെ ... കൊല്ലം 'പുറക്കാട്' എന്നതിന്റെ വികൃതരൂപമാണെന്ന ദൃഢമായി പറഞ്ഞിട്ടുണ്ടല്ലോ. പതാലെ, ബാരേകൂ, മെലാകൂ, നിചിണ്ടാർ, കൊട്ടനാര, വരാറം, നെൽകന്ദം, വെള്ള ഇൗവക ശബ്ദങ്ങൾ എന്തിന്റെ വികാരങ്ങളാണെന്നറിയുവാൻ തക്കതായ യുക്തി യാതൊന്നും കാണുന്നില്ല. ശബ്ദസാദൃശ്യം മാത്രം അടിസ്ഥാനമാക്കി ചിലർ ഇൗ ശബ്ദങ്ങൾക്കും സ്ഥലനിർണ്ണയം ചെയ്തിട്ടില്ലെന്നില്ല. 'പതാലെ' എന്നതു കൊയ്‌ലാണ്ടിക്കടുത്ത പന്തലായനിക്കൊല്ലം എന്നും ടോളമിയുടെ ബരാകയും പെരിപ്ലസ്സിലെ ബാകരയും ഒന്നുതന്നെ; അതു തെക്കൻ കോട്ടയത്തിനു സമീപമുള്ള വയ്ക്കം എന്ന പ്രദേശവുമാണ്. ഈ വയ്ക്കം ഇപ്പോഴും കടൽക്കരയല്ലെങ്കിലും മുൻകാലങ്ങളിൽ കടൽ തീരമായിരുന്ന വെന്നും ഇപ്പോഴത്തെ ഈ പ്രദേശത്തിനും സമുദ്രത്തിനും ഇടയിൽ കാണുന്ന കരയും കായലുമെല്ലാം പിൽക്കാലങ്ങളിൽ കടൽ കയ്യേറ്റംകൊണ്ടും ഉണ്ടായിട്ടുള്ളതാണ്. പ്ലിനി നീചിടിബാർ എന്നു പറയുന്നതിനെത്തന്നെയാണ് പെരിപ്ലസ്സിൽ നിൽക്കന്ദ എന്നു പറഞ്ഞിട്ടുള്ളത്. അതു തെക്കൻ കോട്ടയത്തിനു സമീപം 'നീർക്കുന്നം' എന്നോ മറ്റോ പറയുന്ന ദിക്കാണെന്നു തെക്കൻകൊല്ലത്തിനടുത്തുള്ള 'കല്ലട' എന്ന ദിക്കോ ആയിരിക്കണം. കൊട്ടനാര എന്നു പറഞ്ഞിട്ടുള്ള സ്ഥലം കൊട്ടാരക്കരയായിരിക്കാം. കുട്ടനാട് എന്നതിന്റെ വികൃതരൂപമാണെന്നും വരാം. വെള്ള എന്നതു വടക്കൻ തിരുവിതാംകൂറിലുള്ള 'വെള്ളിയാമറ്റം' എന്ന സ്ഥലമാകാം. ഹിപ്പാലസ് എന്നു തെക്കേ അറ്റത്തുള്ള ചെറിയൊരു തുറമുഖമായ വിഴിഞ്ഞം ആണെന്ന് ഊഹിക്കുന്നു. 'ബലിത' 'പൂർണ്ണതയുള്ള' മുതലായ വിവരങ്ങളിൽ ചിലതെല്ലാം സംശയിക്കുന്നു."[10] ഈ മതിലിയിലാണ് മറ്റൊന്നും ഒരുവക ശബ്ദങ്ങളുടെ വിവരിച്ചുകാണുന്നത്. പക്ഷേ ഇതുപോലെ തന്നെ 'ബേറാകെ' എന്നതു തെക്കൻകൊല്ലത്തിലുള്ളതും സംസ്കൃതത്തിൽ 'ദേവഗാമി' എന്നു പറയുന്നതുമായ 'വൈക്കം'[11] ആണെന്നോ മറ്റോ ഒരുവരുടെ സമീപത്തിൽക്കൂടി ഒഴുകുന്നതും പാരതിമാതൃകയിലുംപെട്ട തുമായ 'ബേരാകയാർ' എന്ന നദിയാണെന്നോ പറയാൻ വിരോധമില്ല. നിൽക്കന്ദ എന്നതും നിരണം എന്ന ദിക്കാവാം. കൊട്ടനാര എന്നു പറഞ്ഞിട്ടുള്ളതു കൊട്ടാരക്കര എന്ന പ്രദേശമോ 'കൊടുങ്ങല്ലൂർ'[12] എന്നതിന്റെ പൂർവ്വരൂപമായ 'കോതകരയോ'

ഴ് എന്ന സ്ഥലമോ അതുപോലെ പേരി
ന്ന ചേരായുള്ള മറ്റു വല്ല സ്ഥലമോ ആ
ണെന്നും പറയാവുന്നതാണ്. വിശ്വാസ
യോഗ്യമല്ലെന്നുള്ള സംഗതി എളുപ്പത്തിനും
ഇല്ലാവുന്നതാണ്. രാജ്യത്തിന്റെ അതിരു
കളും നാലതിരും വിശ്വാസയോഗ്യ
മല്ലാതെയാണിരിക്കുന്നതും. പ്രസംഗവ
ശാൽ ഒരു സംഗതികൂടി ഇവിടെ പ്രസ്താ
വിക്കേണ്ടതായിരിക്കുന്നു. വിദേശീയ
പുസ്തകങ്ങളിൽ കാണുന്ന മേൽപ്പറഞ്ഞ ശ
ബ്ദങ്ങൾക്കു മേൽ കാണിച്ചപ്രകാരം ചില
അർത്ഥങ്ങളെ സങ്കല്പിച്ച് തെറ്റിദ്ധാരണ
കളുണ്ടാക്കിത്തീർത്തുകൊണ്ട് സ്വദേശീയ പുസ്തക
ങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള
ഈ സംഖ്യാ സംഗതികൾക്ക് വിരുദ്ധമായ
വിധത്തിൽ 'മലബാർ ഗസറ്റിയർ' എന്ന
പുസ്തകത്തിലും മറ്റും ചെങ്കുട്ടുവപ്പെരുമാളെ
ഭാര്യയാം ചെയ്തിരുന്ന ആകാലത്തെ ചേ
രരാജ്യത്തിന്റെ അതിരു നിശ്ചയിക്കുകയും
ആ രാജ്യം ഇപ്പോഴത്തെ കന്യാകുമാരി
ക്കിൽപ്പെട്ട കോട്ടാർ മുതൽ തിരുവി
താംകൂറിൽ കോട്ടയത്തിനു സമീപമുള്ള വ
ള്ളുവനാടോ പരമാവധി തെക്കൻകൊ
ല്ലം വരെയോ മാത്രമായിരുന്നുവെന്നഭിപ്രാ
യപ്പെടുകയും ചെയ്തുകാണുന്നുള്ളതുകൊ
ണ്ടു രാജ്യക്കാരുംകൂടെ പഠിച്ചിട്ടുള്ള
അബദ്ധമാണെന്നുള്ളതാണ് നിസ്സംശയം തീ
ർച്ചപ്പെടുത്താവുന്നതാണ്. ചെങ്കുട്ടുവപ്പെ
രുമാളുടെ കാലത്തിനടുത്ത കാലമായ ക
്രി 88-ാംവർഷശതകത്തിന്റെ മദ്ധ്യത്തിൽ
ജീവിച്ചിരുന്ന 'ടോളമി' എന്ന വിദേശീയ
ഗ്രന്ഥകാരൻ പ്ലീനി ഇവരുടെയും

കടയും പട്ടണങ്ങളുടെയും ചില പേരുകളു
യിക്കാണിച്ചിട്ടുള്ള കേരളം, മുസിരിസ്, ബാ
ലിത, പോർക്കാട്, നൌറ, കൊല്ലം
ര് എന്ന പട്ടണങ്ങളുടെ സ്ഥിതിയും ടിക
ളും മേൽപ്പറഞ്ഞതുപോലെ അവ്യക്തമായ
തായിട്ടാണിരിക്കുന്നത്. എന്നാൽ കറൂർ
എന്ന പേർ വഞ്ചിപട്ടണത്തിനുണ്ടായിരു
ന്നതായി തമിഴ് പുസ്തകങ്ങളാൽ തെളിയു
ന്നുണ്ടെന്നും കൊടുങ്ങല്ലൂർ കരയുടെ അ
വസാനത്തിലുള്ള വടക്കേക്കരയ്ക്കു കറൂർ എ
ന്ന് എന്ന പേർ ഇക്കാലത്തും ഉള്ളതു
കൊണ്ടും കേരളം കേരളരാജ്യത്തിന്റെ
തലസ്ഥാനനഗരമാണെന്ന് ടോളമി പറ
യുന്നതുകൊണ്ടും ആ കരയാണ് കറൂർ എന്ന
തിന്റെ വികാരമാണെന്ന് യുക്തിയു
ക്തമായിത്തന്നെ വിചാരിക്കാം. ബ്ര
ഗര, ബാലിത എന്ന സ്ഥലങ്ങളും പൊ
ന്നാനിത്താലൂക്കിലുൾപ്പെട്ട ബ്രാഹ്മണർ
ഗ്രാമം പാലിയൂരുമാണെന്നൂഹിക്കുന്നതും വ
ളരെത്തെറ്റാൻ വഴിയില്ല. ഒരാ
ളും തീരെ ഭാസ്യപ്പെട്ടതും മുൻപറഞ്ഞ വ
ള്ളത്തിൽ പെടുന്നവയും തന്നെയാണ്. എ
ന്നിലും ചെങ്കുട്ടുവപ്പെരുമാളുടെ കാലത്ത്
ആ സംഖ്യം യവനകപ്പലുകളും മറ്റും കേ
രളത്തിൽ വന്നു കച്ചവടം നടത്തിയിരുന്നു
വെന്നും രാജ്യം സമ്പത്സമൃദ്ധമായിരുന്നു
വെന്നും തീർച്ചപ്പെടുത്തുന്ന കാര്യത്തിൽ
ആ വക വിദേശീയരേഖകളും ഉത്തമ
ഷ്യങ്ങളായിത്തന്നെ പ്രകാശിക്കുന്നുണ്ട്.

ചൊവ്വരപ്പട്ടുമാവ് ഇളങ്കോവെണ്മാൾ എന്ന പേരായ കന്യകയെയാണ് വിവാഹം ചെയ്തത്. ആ രാജ്ഞിയുടെ അപേക്ഷപ്രകാരമാണ് കൊടുങ്ങല്ലൂർ ഭഗവതിയെ പ്രതിഷ്ഠിച്ചിട്ടുള്ളതെന്നും കാണുന്നു. ഈ ൧൮-ാം പെരുമാൾ ൬൬ സംവത്സരം ഉൽകൃഷ്ടരീതിയിൽ രാജ്യഭാരം ചെയ്തതിനുശേഷം കലി ൩൨൨൬-ൽ പരലോകം പ്രാപിച്ചു.

പിന്നെ അദ്ദേഹത്തിന്റെ മകൻ കോതവർമ്മൻ പെരുമാൾ ഇരുമ്പുകട്ടുവൻ പെരുമാൾ രാജ്യം ഭരിച്ചുതുടങ്ങി. ഇദ്ദേഹം പന്ത്രണ്ടുസംവത്സരത്തോളം സമാധാനത്തോടെ കേരളം ഭരിച്ചുവെന്നല്ലാതെ മറ്റൊരു വിവരവും കാണുന്നില്ല.

൩൨൩൮-ൽ അദ്ദേഹത്തിന്റെ മകൻ അനന്തരാവകാശിയായി ചെങ്കോനിളഞ്ചേരലാതൻ (1) എന്ന പെരുമാൾ സിംഹാസനാരൂഢനായി. ഇദ്ദേഹവും പാണ്ഡ്യന്മാരും തമ്മിൽ നെടുങ്കാലമായി പല യുദ്ധങ്ങളും ഉണ്ടായി. ആ യുദ്ധങ്ങൾക്കിടയിൽ ഒരിക്കൽ പാണ്ഡ്യരാജാവ് ഈ പെരുമാളെപ്പിടിച്ചു ബന്ധനത്തിലാക്കി. അതു കേട്ട് കോളത്തിലുണ്ടായിരുന്ന സാമന്തന്മാരും പ്രഭുക്കന്മാരും എല്ലാം കൂടിച്ചേർന്നു ചെന്നു പാണ്ഡ്യനോടെതിർത്തു. വല്ലാതെ ശല്യപ്പെടുത്തിയതിനാൽ പെരുമാൾക്കു ബന്ധനം വിട്ടുപോരുന്നതിനും പാണ്ഡ്യരാജ്യത്തിൽ പല ഭാഗങ്ങളും പിടിച്ചടക്കുന്നതിനും സാധിച്ചു. ചെങ്കോളുവ് എന്ന തമിഴ് ഗ്രന്ഥം ഇദ്ദേഹത്തിന്റെ ഉപദേശപ്രകാരം 'ക്ഷേത്ര കിഴാർ' എന്നൊരാൾ സംഗ്രഹിച്ചു ഉണ്ടാക്കപ്പെട്ടതായിട്ടാണെന്നു കാണുന്നു. ഈ പെരുമാൾ എത്ര കാലമാണ് രാജ്യം ഭരിച്ചിട്ടുള്ളതെന്നറിവാൻ നിവൃത്തികാണുന്നില്ല.

ഇതിന്നു കലി ൩൩-ാം ശതകത്തിന്റെ പൂർവാർദ്ധം മുതലായി ഏകദേശം മൂന്നുനാല് ശതകങ്ങളോളം കാലം കേരളം വാണിരുന്ന പതിനാറു പെരുമാക്കന്മാരെപ്പറ്റി മാത്രമേ കാലവും ക്രമവും അറിവാൻ വേണ്ട തെളിവുകൾ കാണുന്നുള്ളൂ. വിവരം അറിയാവുന്ന ഈ പെരുമാക്കന്മാരുടെ പരമ്പരയും കാലവും അവരുടെ സമകാലികന്മാരാണെന്നു കാണുന്ന കവികളുടെ പേരും പട്ടികയിൽ അതാതു ഭാഗത്ത് ചേർക്കുന്നു:—

(1. ആറാംകുളത്തു ചെങ്കോൽ ... വിശേഷം ... ചരിത്രം ... [illegible])

ലേഖകന്മാരോട്!

അനേകം ലേഖനങ്ങൾ, വളരെ വിസ്തരിച്ചും അധികം ലക്കങ്ങളിൽ തുടർച്ചയായിരിക്കത്തക്കവിധം ദീർഘിപ്പിച്ചും എഴുതുന്നത് പലരുടെയും പതിവാണ്. അതാതു ലക്കങ്ങളിൽ തന്നെ അവസാനിക്കുന്ന ലേഖനങ്ങളാണാവശ്യം. ദീർഘിപ്പിക്കാതെ നിവൃത്തിയില്ലാത്ത ചില ലേഖനങ്ങളുടെ കാര്യത്തിൽ മാത്രം ഭേദഗതി ചെയ്യാവുന്നതാണ്. പുരാതനവും പുതിയതും കൂടിച്ചേർക്കാൻ നിവൃത്തിയില്ലാത്തവിധം എട്ടു പതിലേഖനങ്ങളാം ചേർന്നതും കഴിയുന്നതു ചുരുക്കിയാൽകൊള്ളാം. (മാ. പ.)

വാഴ്ച്ചക്രമം	പെരുമാക്കന്മാർ	ഭരണ കാലം കലിവർഷം	കവികൾ
1	ഉദയൻ ചേരലാതൻ	2916 — 2930	[illegible]
2	ഇമയവരമ്പൻ നെടുഞ്ചേരലാതൻ	2930 — 2988	കുമട്ടൂർക്കണ്ണനാർ
3	പല്യാനൈച്ചെൽകെഴു കുട്ടുവനാതൻ	2988 — 3013	പാലൈ ഗൗതമനാർ
4	കളങ്കായ്ക്കണ്ണി നാർമുടിച്ചേരലാതൻ	3013 — 3038	കാപ്പിയനാർ
5	ചെങ്കുട്ടുവൻ ചേരമാൻ	3033 — 3062	[illegible]
6	വാഴിയാതൻ	3062 — 3077	കപിലർ
7	പെരുഞ്ചേരൽ ഇരുമ്പൊറ	3077 — 3094	അരിശിൽകിഴാർ
8	ഇളഞ്ചേരൽ ഇരുമ്പൊറ	3094 — 3110	പെരുങ്കുന്നൂർ കിഴാർ
9	കുടക്കോനെടുഞ്ചേരലാതൻ	3110 — 3118	(1) പരണർ I (2) കഴാത്തലയാർ
10	ആടുകോട്പാട്ടുച്ചേരലാതൻ	3118 — 3151	കാക്കൈപ്പാടിനിയാർ
11	കോതൈമാരനാതൻ	3151 — 3156	(1) കഴാത്തലയാർ (2) വെണ്ണിക്കുയത്തിയാർ
12	[illegible]	3156 — 3171	
13	ഉതിയൻ ചേരൽ കുട്ടുവൻ	3171 — 3225	പരണർ II എന്നാൽ വമ്പരണർ
14	കോതവർമ്മൻ കുട്ടുവൻ	3226 — 3230	(1) വമ്പരണർ (2) മധുരക്കണക്കനാർ
15	ആനക്കാൺപ്രമാന്തരൻ ചേരമാൻ	3236	കുറുങ്കോഴിയൂർകിഴാർ

ഇതിൽ പത്താമത്തെ പെരുമാളായ നാട്ടുകൊറ്റിപ്പൂട്ടുതുവശനാതൻ 25 സംവത്സരമാണ് രാജ്യം വാണത് എന്നും ഒരു പക്ഷം കാണുന്നുണ്ട്. ആ പക്ഷത്തിൽ 13-ാം പെരുമാളായ ചെങ്കുട്ടുവന്റെ രാജ്യഭാരകാലം ക്ലിപ്തമായി തീർപ്പാക്കേണ്ടിവരും. ഇങ്ങനെ നോക്കുമ്പോൾ ചേരമാൻ പെരുമാളുടെ ആരംഭകാലം കലി 3018-ാം വത്സരമായിട്ടല്ല 3028-ാം വത്സരമായിട്ടാണ് വിചാരിക്കേണ്ടതെന്ന് സ്പഷ്ടമാണല്ലോ. കാലക്രമം അറിയാൻ വിസ്തരിക്കേണ്ട കാര്യങ്ങളും ചില പെരുമാക്കന്മാരെ പറ്റിയും. അവരെപ്പറ്റി അടുത്ത അവസരത്തിൽ പ്രസ്താവിക്കാം.

പി. കുഞ്ഞുപിള്ള

കവളപ്പാറ കൊട്ടാരത്തിലെ കല്ലറ.

ക്രിസ്ത്വബ്ദം 1700-ാമാണ്ട്. ഇരുപക്ഷികളും സ്വാതന്ത്ര്യപരന്മാരുമായ ലന്തക്കാരുടെ പിടിയിൽപ്പെട്ട സാമൂതിരിപ്പാടും കൊച്ചിത്തമ്പുരാനും തമ്മിൽ മത്സരിക്കുന്ന കാലം. കൊച്ചിയും കോഴിക്കോടും സൈന്യങ്ങൾ കണക്കിലധികം ശേഖരിച്ചുവെച്ചു ലഹളകളും യുദ്ധങ്ങളും നടത്തുന്നു. സാമൂതിരിപ്പാട്ടിലെ ഒരു വമ്പിച്ച സൈന്യം ഭാരതപ്പുഴ കടന്നു കൊച്ചിയെ ആക്രമിപ്പാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു. ഇടപ്രഭുക്കന്മാരൊക്കെ തങ്ങളുടെ രാജാക്കന്മാർക്കുവേണ്ടി ഭടന്മാരെയും യുദ്ധസാമഗ്രികളെയും ശേഖരിക്കുന്നു. തൃപ്പൂണിത്തുറ കോവിലകത്തെ തമ്പുരാക്കന്മാരെ പാരമ്പര്യമായി ആയുധാഭ്യാസം ശീലിപ്പിക്കുന്ന ചേറാമ്പുറത്തു പണിക്കർ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തിരുവെഴുത്തുംകൊണ്ടു കവളപ്പാറ നായരെ കാണ്മാൻ ചെന്നിരിക്കുന്നു.

നാട്ടുകാരുടെയും പടയാളികളുടേയും അഭിപ്രായത്തോടു യോജിച്ച സാമൂതിരിപ്പാട്ടിലെ സഹായിക്കുന്ന ആളാണെങ്കിലും ഉള്ളുകൊണ്ടു കൊച്ചിത്തമ്പുരാന്റെ പേരിൽ ഒരു ബഹുമാനവും സ്നേഹവും ഉണ്ടായിരുന്ന കവളപ്പാറ നായർ വിചാരിച്ചാൽ വടക്കുനിന്നുള്ള സാമൂതിരിപ്പാട്ടിലെ പട്ടിനു അല്പം പരാജയമുണ്ടാവുമെന്നും, അതിനെയായാൽ പടിഞ്ഞാറുഭാഗത്തു സാമൂതിരി സംഭരിച്ചിട്ടുള്ള സൈന്യങ്ങളോടെതിർപ്പാൻ മതിയായ ശക്തി കൂട്ടുവാൻ സഹകരിക്കുമെന്നും ആയിരുന്നു കൊച്ചിയിലെ തന്ത്രജ്ഞന്മാരുടെ അഭിപ്രായം. സാമൂതിരിയുടെ ആശ്രിതന്മാർ എപ്പോഴും ഉപദേശകന്മാരായും പരിചാരകന്മാരായും ഇരിക്കുന്ന കവളപ്പാറ നായരെ തനിയെ കണ്ടു തമ്പുരാൻതിരുമനസ്സിലെ എഴുത്തു കൊടുക്കുകയെന്നതു അത്ര എളുപ്പത്തിൽ സാധിക്കയില്ലെന്നു ചേറാമ്പുറത്തു പണിക്കർക്കു നല്ല ബോദ്ധ്യമുണ്ട്. എന്നാലും, തന്നെ കവളപ്പാറക്കാർ കണ്ടറികയില്ലെന്നുള്ള ധൈര്യത്തോടും തന്റെ വേഷപ്പകർച്ച അത്ര വേഗത്തിൽ മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നുള്ള വിശ്വാസത്തോടുംകൂടി, കവളപ്പാറ എജമാനനെ കാണ്മാൻ വന്നുകൂടിയിട്ടുള്ള അനേകം ആളുകളുടെ കൂട്ടത്തിൽ പണിക്കരും ഒരു സ്ഥലം പിടിച്ചു.

കാര്യം കഴിഞ്ഞപ്പോൾ നായരുടെ പരിചാരകന്മാരിലൊരാൾ, അവിടെ വന്നിട്ടുള്ളവരാരൊക്കെയാണെന്നും എന്തു കാര്യത്തിനാണ് വന്നിട്ടുള്ളതെന്നും അറിവാൻ ശ്രമിക്കുന്ന കൂട്ടത്തിൽ പണിക്കരുടേയും അടുക്കലെത്തി.

പണിക്കർ— എനിക്കു യജമാനനോടു സ്വകാര്യമായി ചിലതു പറയാനുണ്ടായിരുന്നു.

പരിചാരകൻ— യജമാനൻ ആരെയും ഇപ്പോൾ സ്വകാര്യമായി കാണാറില്ല. അദ്ദേഹത്തിന്റെ വിശ്വസ്തന്മാരായ ചിലർ എപ്പോഴും കൂടെയുണ്ടായിരിക്കും.

പണി— എന്നാൽ എനിക്കു പറയാനുള്ളത് അദ്ദേഹത്തിന്റെ ചെവിയിൽ മാ

ത്രം കേൾപ്പിക്കാവുന്ന ഒരു കാര്യമാണല്ലോ.

പണി — എജമാനന്റെ ചെവിയിൽമാത്രം കേൾക്കത്തക്കതായി ഒരു കാര്യവും ലോകത്തിലില്ലെന്നാണ് അവിടത്തെ നിശ്ചയം. എങ്കിലും മുമ്പിലെത്തിയാൽ പിന്നെയുള്ള കാര്യമൊക്കെ നിങ്ങളുടെ സാമർത്ഥ്യംപോലെയിരിക്കും.

ഇത്രയും പറഞ്ഞു-പരിചാരകൻ അകത്തേക്കു പോയി. പലതരക്കാരായ പല ആവശ്യക്കാരായ പല ജനങ്ങളും മാളോത്തേക്കായി വന്നെത്തുന്ന നായന്മാരുടെ പല തരംതിരിവുകളോടുകൂടി കടന്നു ചെന്നായിരുന്നു. ഔന്നത്യം കണ്ടുകൊണ്ടിരിക്കുന്ന പണിക്കർ നായർ സാമാന്യം കോപിച്ചിരിക്കുന്ന സമയമാണെന്നറിയാൻ വലിയ പ്രയാസം വേണ്ടിവന്നില്ല. ഇങ്ങിനെയുള്ള ഒരു സമയത്തു നായരെ കാണുന്നതും തന്റെ ആവശ്യത്തെ പറഞ്ഞു ധരിപ്പിക്കുന്നതും ഉചിതമല്ലെന്നൊരു കൃത്യം പണിക്കർക്കു വന്നു. എന്നാൽ ഈ ഒരവസരം തെറ്റിയാൽ ഇനിയെപ്പോഴാണ് നായരെ കാണുവാൻ തരംകിട്ടുക എന്ന ഭയവും അപ്പോൾത്തന്നെ തോന്നി. ഒരു സമയം നായർ പിന്നെ വിശ്രമം കഴിക്കാറുള്ള പോകുമെന്നിരുന്നാലുള്ള സംസാരം കേൾക്കാനായിരുന്നു. എന്നാൽ ഇതുവരെ അവസരത്തിലൊന്നും അങ്ങിനെ കാണുവാനും കാര്യത്തെ പറയുവാനും സാധിക്കയില്ലെന്നും തോന്നി. ഇങ്ങിനെ പണിക്കർ ഓരോ ആലോചനകളിൽ മുങ്ങിയിരിക്കുന്നതിനിടയ്ക്കു നായരെ മുമ്പാകെ ചെല്ലുവാനുള്ള അനുവാദവും കിട്ടി.

ചില പ്രമാണികളും, നമ്പൂതിരിമാരും, കാര്യസ്ഥന്മാരും, ഭൃത്യന്മാരും മറ്റുമായി പലതരക്കാരുടെ മദ്ധ്യത്തിൽ ഇരിക്കുന്ന നായരുടെ മുമ്പിലാണ് പണിക്കർ ചെന്നത്.

നായർ — എന്താ പേര്?

പണിക്കർ — രാമപ്പണിക്കർ.

നായർ — പണിക്കർ വിശേഷിച്ചു വല്ലതും പറയാനുണ്ടോ?

പണി — എനിക്കു പറയാനുള്ളത് അവിടുന്നു മാത്രമേ കേൾക്കാവു എന്നു മോഹമുണ്ട്.

നായർ — ഓഹോ! പണിക്കർക്കെന്താ ഒരു സ്വകാര്യം പറയാനുണ്ടോ ഇവിടെ പറഞ്ഞുകൂടേ? ശരി, എന്നാലിവരൊക്കെ എന്റെ സ്വന്തം ആളുകളാണ്. ഞാൻ കേൾക്കുന്നതും ഇവർ കേൾക്കുന്നതും ഒരുപോലെയാണെന്നു കരുതണം. അതുകൊണ്ടിപ്പോൾ ഞാൻ മാത്രം ഇവിടെയുള്ള എന്നു വിചാരിച്ചാൽ മതി. പരിഭ്രമിക്കാതെ കണ്ടു പണിക്കർ പറയാനുള്ളതു വേഗം പറക.

പണിക്കരും നായരുമായിട്ടുള്ള ഈ സംവാദം ഒരു മുറിയിൽ വെച്ചാണെങ്കിലും ഇത്രയധികം ആളുകളുടെ മുമ്പിൽ സ്വകാര്യം പറയുന്നവരെപ്പോലെ ഒരുങ്ങാനാവില്ല. പണിക്കർ പരിഭ്രമമായി. താൻ കൊണ്ടുവന്നിട്ടുള്ള എഴുത്തു കൊടുക്കുന്നതു എത്ര ഗോപ്യമായിട്ടു വേണമെന്നും കഴിയുമോ അത്രത്തോളം ഗോപ്യമായിരിക്കണമെന്നുള്ള മോഹമുണ്ടായിരിക്കയും അതിനാൽ തീരെ തോന്നിക്കാത്തതിനാലും ചെയ്തപ്പോൾ പണിക്കർക്കു പരിഭ്രമമുണ്ടായതിൽ ആശ്ചര്യമില്ലല്ലോ.

പണിക്കർ ചോദ്യത്തിനു മറു

പറയുവാൻ താമസിച്ചുള്ളു. കണ്ടപ്പോൾ നായർക്കു കോപം ജ്വലിച്ചു എന്നുള്ളതു വ്യക്തമായി. അതുകൊണ്ടു പണിക്കർ താൻ മടിയിൽ വെച്ചിരുന്ന എഴുത്തെടുത്തു നായരുടെ കയ്യിൽ കൊടുക്കുവാൻ അധികം താമസിച്ചില്ല. കത്തു കിട്ടിയ ഉടനെ നായർ മേൽവിലാസം നോക്കിയതു് അതാരയച്ച കത്താണെന്നാണു്. സാമൂതിരിപ്പാട്ടിലെ സ്വാധീനമായി നില്ക്കുന്ന ഒരു പ്രഭുവിന്റെ ഭവനത്തിൽ സാമൂതിരിപ്പാട്ടിലെ ആൾക്കാർ നിറഞ്ഞ ഒരു സദസ്സിൽ കൊച്ചിത്തമ്പുരാന്റെ കത്തുംകൊണ്ടു ഒരാൾ വരുമെന്നു സ്വപ്നത്തിൽപ്പോലും വിചാരിപ്പാൻ നായർക്കവകാശമുണ്ടായിരുന്നില്ല. അതുകൊണ്ടു്, ഇന്നാളാണു് കത്തയച്ചതെന്നു മനസ്സിലായപ്പോൾ നായർക്കുണ്ടായ പരിഭ്രമവും മനോവികാരങ്ങളും കഠോരങ്ങളായിരുന്നില്ല. ആ കത്തു് ഒളിച്ചുവെക്കുവാൻ നായർ അല്പനേരം ശ്രമിച്ചുവെങ്കിലും ഇടയ്ക്കിടയ്ക്കു മടിയിൽ ആ കത്തു കയ്യിൽ പിടിച്ചു ദീർഘമായി ഹൃദയത്തെ ആലോചിക്കുവാനുണ്ടായതു്. എന്നിട്ടു കത്തു വീണ്ടും ഒന്നു വായിച്ചു അടുക്കെ നില്ക്കുന്നവരോടു പറഞ്ഞു —

'ഈ സ്വകാര്യക്കത്തു് ആരുടെ പേരിന്നാണെന്നു നിങ്ങൾ വിചാരിക്കുന്നതു്? മറ്റാരുടേതുമല്ല, കൊച്ചിത്തമ്പുരാന്റേതാണു്? ഞാൻ സാമൂതിരിപ്പാട്ടിലെ ഭാഗംവിട്ടു അവിടുത്തെ സഹായിക്കണം. എന്നാൽ അവിടുത്തെ രക്ഷയും സഹായങ്ങളും എനിക്കുണ്ടാവും. അല്ലെങ്കിൽ അവസരം കിട്ടുമ്പോൾ അവിടുന്നു എന്നെ നശിപ്പിക്കുകയും ചെയ്യും. കവളപ്പാറ സ്വരൂപത്തെ ദിഗന്തിലപ്പെടുത്തി പാട്ടിലാക്കാമെന്നായിരിക്കാം കൊച്ചിത്തമ്പുരാൻ വിചാരിക്കുന്നതു്.'

ഇങ്ങിനെ പറഞ്ഞു നായർ കുറച്ചുനേരം മിണ്ടാതെയിരുന്നു. പക്ഷെ ഇവരുടെ ഒരു സദസ്സിലുണ്ടാകുന്നതിനു മുമ്പ് ഒരു കത്തും കണ്ടതേയില്ല. നായർ വീണ്ടും പറഞ്ഞു —

'ഇങ്ങിനെ ഒരു ഗ്രന്ഥം കൊച്ചിത്തമ്പുരാനെഴുതുവാനുള്ള കാരണം? എന്നെപ്പോലെയുള്ള ഒരു സ്വരൂപിക്കു ഇപ്രകാരം ഒരു കത്തയയ്ക്കുവാൻ ധൈര്യപ്പെട്ടതെങ്ങിനെ? കൊച്ചിയിലുള്ള സ്വാമിദ്രോഹികളായ ചില പ്രഭുക്കന്മാരെപ്പോലെയാണു് ഞാനെന്നാണോ തമ്പുരാൻ വിചാരിച്ചതു്? ഈ കത്തിനോടും കത്തുകൊണ്ടുവന്ന ആളോടും ഞാൻ ഏതുപ്രകാരമാണു് സ്വീകരിക്കേണ്ടതെന്നു മനസ്സിലാക്കുവാനുള്ള സാക്ഷികളാണു് നിങ്ങളെല്ലാം.'

സദസ്യരിൽ ഒരു വൃദ്ധൻ — എഴുത്തുമായി വന്ന ദൂതനെ ഇത്തരം അപവാദങ്ങളെ പരിഹരിക്കുവാൻ ഞങ്ങൾ തയ്യാറുണ്ടു്.

ഈ അഭിപ്രായത്തെ സദസ്യരെല്ലാവരും അംഗീകരിച്ചു. കോപാന്ധനായ നായർ വല്ലതെ ക്രുദ്ധസ്വരത്തിൽ പണിക്കരോടായി ഇപ്രകാരം പറഞ്ഞു —

'ഇങ്ങിനെ ഒരു കത്തുംകൊണ്ടു കവളപ്പാറ വരുവാൻ ധൈര്യപ്പെട്ട താനാരാണു്? ഇതിനു പുറപ്പെട്ടതിനു മുമ്പായി താനും തന്റെ ബുദ്ധിയും തമ്മിൽ വേർപിരിഞ്ഞിട്ടുണ്ടാവണം.'

പണിക്കർ — ഞാനിവിടെയല്ല എവിടെയും ഈശ്വരന്റെ ഭൃത്യനായിട്ടില്ല നേരു്. വാഗ്ദത്തം ചെയ്തപ്രകാരം

ഞാൻ പ്രവർത്തിച്ചുവെന്നേയുള്ളൂ. മ റ്റൊന്നും ഞാനിപ്പോൾ ആലോചിക്കുന്നില്ല.

നായർ— ഇനി അതിന് ഈ ജീവദശയിൽ ഒന്നും ആലോചിക്കേണ്ടിവരില്ല. ആലോചനകളൊക്കെ ഇപ്പോൾത്തന്നെ കഴിച്ചുകളയാം— എടോ ആരവിടെ? നാലു നായന്മാരെ വിളിക്കുക— തനിക്കിനി വല്ലതും പറയാനുണ്ടോ?

പണിക്കർ— എനിക്കൊന്നും പറയാനില്ല.

നായർ— എന്നാൽ ചില ചെയ്യുവാന്— ഇയ്യാളുടെ കൈ പിടിച്ചു കെട്ടുക.

ഇതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും നാലു നായന്മാർ പണിക്കരെ കടന്നുപിടിച്ചു കഴിഞ്ഞു. അവർ നായരുടെ കല്പന്യകൽപം ചെയ്യുന്നതുകൊണ്ട് അവരോടെതിർപ്പാൻ പണിക്കർ ഉത്സാഹിച്ചില്ല. ഭഗവാത്തിൽ രോമാഞ്ചമുണ്ടായില്ല വന്നിട്ടുള്ളു. മ. ഇതുകൊണ്ടു പണിക്കർ നായന്മാർ കാട്ടുന്നതിനു പകരം ഒന്നും പ്രവർത്തിക്കാതെ നായരുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടുനിന്നു.

നായർ— എടോ പണിക്കരേ! കൊല്ലും കൊലയ്ക്കും അധികാരമുള്ള ഒരു പ്രഭുവിയാണ് ഞാനെന്നു താൻ മനസ്സിലാക്കീട്ടുണ്ടായിരിക്കയില്ല. രാജദ്രോഹികളെ കൊല്ലുവാൻ യാതൊരു വിചാരണയും നടത്തേണ്ടതില്ലെന്നു മനസ്സിലാക്കണം. താൻ കൊച്ചിത്തമ്പുരാന്റെ പടയാളികളിലൊരുവനാണെന്ന് എനിക്കു തോന്നുന്നു. തന്റെ കഴുത്തു പോവേണമെങ്കിൽ സത്യം പറഞ്ഞാലും.

പണിക്കർ— ഞാൻ എന്റെ കഴുത്തിനെ രക്ഷപ്പെടുത്തുവാൻ സത്യം പറയാറുള്ളത്; അതിലും വലുതായ ധർമ്മമാണ് എന്റെ സത്യത്തിന്നടിസ്ഥാനം. നിങ്ങൾ വിചാരിച്ചതു തെറ്റല്ല. കൊച്ചിത്തമ്പുരാന്റെ യോദ്ധാക്കളുടെ കൂട്ടത്തിൽ എനിക്കു ഒരു സ്ഥാനം കിട്ടീട്ടുണ്ട്.

നായർ— അതെന്തു സ്ഥാനം ആരുടെ കീഴിലാണ്?

പണിക്കർ— എന്നെ സ്നേഹിച്ചിട്ടുള്ള ചോദ്യങ്ങൾക്കല്ലാതെ ഉത്തരം പറവാൻ ഞാനിപ്പോൾ ഒരുക്കമില്ല.

നായർ— ഓഹോ! സാമൂതിരിപ്പാട്ടിലെ ഒരു വിരോധി അവിടത്തെ രാജ്യത്തു കടന്നു ധർമ്മത്തെയും കർത്തവ്യത്തെയും പറ്റി പ്രസംഗിക്കുന്നത് ഒരു പുതുമ തന്നെ. എടോ! തന്റെ കർത്തവ്യം ധർമ്മം എല്ലാം ഇപ്പോൾ വളരെ അപകടമായ സ്ഥിതിയിലാണ് കിടക്കുന്നത്. ആ നായകനെയാണ് താൻ പ്രധാനമായി ഓർക്കേണ്ടത്. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. അതോടുകൂടി തന്റെ ജീവനും അസ്തമിക്കാതിരിക്കേണ്ടതു നല്ലത്.

പണിക്കർ— എന്റെ കർത്തവ്യത്തെ സൂക്ഷിക്കേണ്ടവൻ ഞാനാണ്. എന്റെ ജീവനെ എനിക്കു വളരെ കാര്യമായിരുന്നെങ്കിൽ ഞാനിവിടെ നിങ്ങളുടെ മുമ്പിൽ നില്ക്കുവാൻ വരില്ലായിരുന്നു. നിങ്ങൾക്കോ ഈ നാട്ടുകാരുടെയോ കല്പന എനിക്കു വല്ല ദോഷങ്ങളും വരുത്തുന്നതായാൽ അതിന്നു പകരം ചോദിപ്പാൻ ആളു വേറെയുണ്ട്. ഞാൻ പറയുന്നത് ഒരു മുന്നറിയിപ്പു മാത്രമാണ്; ഭീഷണിപ്പെടുത്തുകയല്ല. എന്നെ പ

ത്തയപ്പന്മാരുടെ വർഗ്ഗം പ്രവൃത്തിയും ഒന്നാണെന്നെനിക്കറിയാം.

നായർ—താനും അയപ്പനും ആരായാലും വേണ്ടതില്ല, അയാളുടെ ജീവനെത്തന്നെ ഭയം ബുദ്ധിമുട്ടെന്നാണെനിക്കു തോന്നുന്നത്. എടോ, താൻ കൊച്ചിത്തമ്പുരാൻ വടക്കോട്ടു യുദ്ധത്തിന്നു വരാൻ എത്ര ആളുകളുണ്ട്?

പണിക്കർ ഇതിന്ന് ഒരുത്തരവും പറയാതെ ഒരു പുഞ്ചിരിയോടുകൂടി തലതാഴ്ത്തി നില്ക്കുകയാണുണ്ടായത്. 'ഈ കാലക്രൂഹിയെക്കൊണ്ടു സത്യം പറയിക്കുവാൻ ആരെക്കൊണ്ടും കഴികയില്ല' എന്നു വളരെ കോപത്തോടെ നായർ വിളിച്ചു ചോദിച്ചു. 'കാലിന്റെ മുട്ടിന്മേൽ ചില പ്രയോഗം ചെയ്താൽ സത്യം പറയിക്കാം' എന്ന് ഒരു നായർ അഭിപ്രായപ്പെട്ടു. 'ഒന്നു വിരലിന്റെ ഇടയിൽക്കൂടി ഒരു തിരുകോൽ വെച്ചുതിരിച്ചാലും മതി' എന്നു മറ്റൊരാളും അഭിപ്രായപ്പെട്ടു. അതിനിടയ്ക്ക് ഇങ്ങനെക്കാരോടു മുമ്പു പ്രയോഗിച്ചു ചില വിദ്യകളെപ്പറ്റി ഓരോരുത്തർ ഓരോ കഥകൾ പറഞ്ഞുതുടങ്ങി. ആകപ്പാടെ എല്ലാവരും സംസാരിക്കുന്ന മട്ടിലായി.

നായർ—മതി മതി; അതൊക്കെ നമുക്കു സമയംപോലെ ആലോചിക്കാം. ആരാ അവിടെ? ഇവനെ തടവുമുറിയിൽ കൊണ്ടിടുക.

ഒരു നായർ—എജമാനനേ! ഏതു തടവുമുറിയിലാണിടേണ്ടത്?

നായർ—കല്ലറയിൽത്തന്നെയാവട്ടെ.

ഇതിന്നശേഷം പണിക്കരെ രണ്ടുനാലു പേർ പിടിച്ചുകൊണ്ടുപോയി കൊട്ടാരത്തിന്റെ ഒരു ഭാഗത്തു വിസ്താരവും ഉയരവുമുള്ള ഒരു കല്ലറയിലേക്കാണ് പണിക്കരെ കൊണ്ടാക്കിയത്. ഈ കല്ലറയെപ്പറ്റി പല കഥകളും കവളപ്പാറക്കാർ അക്കാലത്തു പറയാനുണ്ടായിരുന്നു. കൊലക്കുറ്റത്തിന്നു ശിക്ഷിക്കപ്പെട്ടവരെയാണ് ഈ കല്ലറയിൽ സാധാരണ കൊണ്ടാക്കാറു പതിവ്. അതിന്നുള്ളിൽ കടപ്പാൻ യോഗ്യതയുണ്ടായിട്ടുള്ളവരാരും പിന്നെ പുറത്തേക്കു പോയതായി കേട്ടിട്ടില്ല. അതു പ്രവേശിപ്പാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തതായ ആ ജയിൽമുറിയുടെ പ്രവേശനമാർഗ്ഗം ഇരുമ്പഴികളെക്കൊണ്ടു തടുത്തു മുന്നാലാളെപ്പോഴും കാവൽ നില്ക്കുന്നുണ്ട്. ഇതിന്നുള്ളിലകപ്പെട്ടപ്പോഴാണ് കാര്യമെന്ന് പണിക്കരുടെ പ്രകൃതത്തിൽ അല്പം ഒരു മാറ്റം വന്നത്. മരിക്കുന്നതുവരെ തന്നെപ്പറ്റിയുള്ള വിചാരത്തോടുകൂടി ഏകനായ മുറിയിൽ തനിയെ ഇരിക്കുക എന്നതും, ആ ഇരുട്ടറയിൽ മുമ്പു പല പ്രാവശ്യവും കടക്കേണ്ടിവന്നിട്ടുള്ള ഓരോ ആളുകളുടെ ചരിത്രവും ഇരുമ്പഴിയുടെ പഴുതിൽക്കൂടി കാവല്ക്കാർ പറഞ്ഞു കേൾക്കുന്നതും എത്ര ധൈര്യമുള്ളവരുടെയും മനസ്സിനെ ഇളക്കാതിരിക്കയില്ല. കാര്യം കാലമായി ചില തടവുകാരുടെ ദേഹം തന്നെ കാണാറില്ലെന്നും, മുമ്പു മരിച്ചു ചിലരുടെ പ്രേതങ്ങൾ തിരിഞ്ഞുനടക്കുന്നുണ്ടെന്നും മറ്റും പറഞ്ഞുകേൾക്കുമ്പോൾ എത്ര ധൈര്യമുള്ളവനും ഒരു ഭയമെങ്കിലും ഉണ്ടാകാതിരിക്കുമോ?

പണിക്കർ പല പ്രകാരത്തിലുള്ള ചിന്തകളിൽ നിമഗ്നനായി മരണത്തെ പ്രതീക്ഷിച്ചുംകൊണ്ട് ഇരുന്നതിനാൽ നേരം പാതിരയായതുതന്നെ അറിഞ്ഞില്ല. അപ്പോഴാണ് ശബ്ദിക്കുന്നതിന്നു നേരെ മേൽ

ഭാഗത്തുനിന്ന് ഒരു ശബ്ദം കേൾക്കുകയും പെട്ടെന്ന് ഞെട്ടി തെല്ലൊട്ടു നോക്കുകയും ചെയ്തു. അപ്പോൾ അന്ധകാരമയമായ ആ മുറിയുടെ മുകളിൽക്കൂടി ഒരു പഴുതുണ്ടെന്നും, അതിൽക്കൂടെ ആരോ ഒരാൾ താഴത്തേക്കു ഇറങ്ങുവാൻ ശ്രമിക്കുന്നുണ്ടെന്നും പണിക്കർക്കു തോന്നി. പെട്ടെന്ന് പണിക്കർ കട്ടിലിന്മേൽനിന്നു എഴുനീറ്റുനിന്നു. നോക്കിയപ്പോൾ ആ ദ്വാരത്തിൽക്കൂടെ ഒരാൾ മുഖം താഴെ കാണിച്ചു കയ്യിലുള്ള വെളിച്ചവും പിടിച്ചു നോക്കുന്നതും 'പണിക്കരെ' എന്നു കൈകൊണ്ട് ആംഗ്യം കാണിക്കുന്നതും 'ഞാൻ വല്ല സഹായവും ചെയ്യണ്ടേ' എന്നു സാവധാനത്തിൽ ചോദിക്കുന്നതുമായി പണിക്കർക്കു തോന്നി. സംസാരംകൊണ്ടും കണ്ടേടത്തോളമുള്ള രൂപത്തിന്റെ പ്രകൃതംകൊണ്ടും തനിക്കു കല്പ്പുറായിലേക്കു വഴി കാട്ടിത്തന്ന ചെറുക്കനാണെന്നു പണിക്കർ ശങ്കിച്ചു. 'ഞാൻ ഇതിനുള്ളിലുണ്ടെന്നു നിങ്ങൾക്കെങ്ങിനെ മനസ്സിലായി' എന്നു പണിക്കർ ചോദിച്ചു.

ആ ആൾ —അതൊക്കെ പോട്ടെ. കല്പ്പുറ എടുക്കാനായിട്ടാണ് ഈ സ്ഥലത്തെപ്പറ്റിയ വിവരം എനിക്കു അധികം നിശ്ചയമുള്ളത്. ഈ കോട്ടാരം പണിയുന്ന കാലത്തു തന്നെ ഞാനിവിടെ 'പെയ്മേറി' വന്നവനാണ്. ഈ മുറിയിലേക്കുള്ള ഈ മാർഗ്ഗം ഞാനിതു ഉപയോഗിക്കുന്നതു ഒന്നാമതായിട്ടല്ല. സമയം പോകുന്നു. നിങ്ങൾക്കു ഞാൻ വല്ല സഹായവും ചെയ്യേണ്ടതുണ്ടോ?

പണിക്കർ—നിങ്ങളെന്നോടു കാട്ടിയ ദയയ്ക്കായി ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. പക്ഷെ, നിങ്ങളെക്കൊണ്ടു എനിക്കിപ്പോൾ വലിയ സഹായമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ എനിക്കു നേരിട്ടിട്ടുള്ള ഈ അപകടം കൊച്ചിത്തമ്പുരാനെ വല്ലവിധത്തിലും അറിയിക്കുന്നതായാൽ അതൊരു സഹായമാവുന്നതാണ്.

ആ ആൾ —അതിനെന്താണു പ്രയാസം? ഞാൻ നിങ്ങളോടു സ്വകാര്യം ഒന്നു പറയട്ടെ. വാസ്തവത്തിൽ എനിക്കു കൊച്ചിത്തമ്പുരാന്റെ നേരെ വളരെ ഭക്തിയും ബഹുമാനവും തോന്നാറുണ്ട്.

പണിക്കർ—കൊച്ചിത്തമ്പുരാന്റെ പ്രധാനമന്ത്രിയും സൈന്യാധിപനുമായ പാലിയത്തച്ചന്റെ ആളുകളിൽ ഒരാൾ ഇവിടെ അടുത്തു ചേരാനെല്ലൂരിലിരിപ്പുണ്ട്. എനിക്കു വല്ല ദോഷവും വന്നാൽ വിവരം ഉടനെ അറിയിക്കുക മാത്രമാണ് നിങ്ങളോടു സഹായമായി ചെയ്യേണ്ടത്.

ആ ആൾ —ഓഹോ! അതിനെന്താ പ്രയാസം? നേരംപുലരുന്നതിനു മുമ്പ് കഴിക്കാം. അതിരിക്കട്ടെ നിങ്ങൾക്ക് ഈ ദ്വാരത്തിൽക്കൂടെ പുറത്തേക്കു കടന്നാൽക്കൊള്ളാമെന്നുണ്ടോ?

പണിക്കർ—എനിക്കതിനു കഴിയാൻ ഒരു വഴിയും ഇല്ല. വെറുതെ സംസാരിച്ചു സമയം കളയണ്ട. ഇനിയും താമസിച്ചാൽ എനിക്കുവേണ്ടി നിങ്ങളും അപകടത്തിൽ പെടും.

ആ ആൾ —എന്നാലങ്ങിനെയാവട്ടെ. ഞ പിരിയുന്നു.

എന്നു പറഞ്ഞ് ആ ആളും പോയി. പണിക്കർ പിന്നെയും ചിന്താമഗ്നനായിത്തന്നെ ഇരിപ്പായി. പിന്നെയും കുറച്ചുകഴിഞ്ഞപ്പോൾ ആ ദ്വാരത്തിൽക്കൂടെത്തന്നെ ഒരു തടിച്ചുനീണ്ട കയർ, എറക്കിവരുന്നതു കണ്ടു. പണിക്കർ ആ കയറുപിടിച്ചു വലിച്ചു നോക്കിയപ്പോൾ മുകളിൽ ബലമായി ബന്ധിച്ചിട്ടുണ്ടെന്നും, ആരോ ഒരാൾ തന്നെ കേറ്റിപ്പാൻ ചെയ്ത ഒരു വിദ്യയാണെന്നും മനസ്സിലായി. ആ കയറുപിടിച്ചു പണിക്കർ മുകളിലേക്കു കയറിയതും കയർ മേല്പോട്ടെടുത്ത് ആ ദ്വാരം മൂടുകല്ലുകൊണ്ടടച്ചതും വേഗം കഴിഞ്ഞു. പണിക്കർ മുകളിലെത്തിച്ചേർന്നു താനിരുന്നിരുന്ന കല്ലറയോളം വലിപ്പമുള്ള വേറെ ഒരു മുറിയിലാണെന്നും അതോടു സംബന്ധിച്ച ആ കൃഷിക്കാരൻ മാത്രമേ ആ മുറിയിൽ ഉള്ളുവെന്നും മനസ്സിലായി.

ആ ആൾ — ഉറക്കെ സംസാരിക്കരുത്. നിങ്ങൾ ഇന്നപ്രകാരം രക്ഷപ്രാപിച്ചു എന്ന് ആരും അറിയരുത്.

പണിക്കർ — വാസ്തവത്തിൽ ഇതൊക്കെ ഒരു സ്വപ്നമാണെന്നാണ് എനിക്കു തോന്നുന്നത്. ഇത്ര ഉറപ്പോടുകൂടിയ ഒരു കാര്യം ഇത്ര എളുപ്പത്തിൽ ഭേദിക്കാമെന്നും എന്നെ രക്ഷിപ്പാൻ ഒരാൾ ഇത്രയൊക്കെ ബുദ്ധിമുട്ടുമെന്നും ഞാൻ വിചാരിക്കാത്തതാണ്.

ആ ആൾ — ഈ കല്ലറയിലേക്കുള്ള ഈ പ്രവേശമാർഗ്ഗം ആ കല്ലറയോളം തന്നെ പഴക്കമുള്ളതാണെന്നു നിങ്ങൾ നോക്കിയാൽ മനസ്സിലാവും. മുൻകാലത്തിൽ ആ കല്ലറയിലേക്കുള്ള ഏകപ്രവേശമാർഗ്ഗം അതന്നെ ഇതായിരുന്നു. ഇപ്പോൾ ആ മാർഗ്ഗം നിങ്ങൾക്ക് ഒരു രക്ഷാമാർഗ്ഗമായി. ഒരു കാലത്തു രക്ഷപാടില്ലെന്നു വിചാരിച്ചുണ്ടാക്കിയ മാർഗ്ഗം ഇപ്പോൾ നിങ്ങൾക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു.

പണിക്കർ — നായർ എന്നോടു കാണിച്ച ഈ ഔദാര്യത്തിനും മറ്റും ഞാൻ വളരെ കടപ്പെട്ടിട്ടുണ്ട്.

നായർ — കാരണവോ! എന്റെ വേഷം മാറ്റൽകൊണ്ടും പറ്റിയില്ല. നിങ്ങൾക്കിനി എന്നെ മനസ്സിലായി? നിങ്ങൾ ആരാണ്? ഏതു ഭിക്ഷക്കാരനാണ്? എന്താണ് പേര്?

പണിക്കർ — നായരുടെ വാക്ക് ശരിക്കു കേട്ടാൽ പിന്നെ തിരിച്ചറിയാത്തവർ മൂർഖരാണെന്നാണെനിക്കു തോന്നുന്നത്. ഞാൻ പോരാറ്റുപുറത്തു നമ്പൂതിരിയാണ്.

നായർ — ഓ ശരിതന്നെ, പോരാറ്റുപുറത്ത് ഈ പണിക്കർ അല്ലേ? കേട്ടിട്ടുണ്ട്. ഇവിടത്തെ അകവിലിട്ടു തൽകാലം കുറെ ഉപദ്രവിച്ചുവെങ്കിലും ഇപ്പോൾ രക്ഷചെയ്യുന്നതുകൊണ്ട് ആ പാപം നീങ്ങി എന്നു വിശ്വസിക്കുന്നു. ആ സദസ്സിൽ ഇരുന്നിട്ട് ഒരെഴുത്തുകൊണ്ടുവന്നതു അന്നു നായരോ? ഒരു നമ്പൂതിരിയാണെന്നു ആദ്യമേ പറയാത്തതെന്തുകൊണ്ടാണ്?

പണിക്കർ — നായരോടു സ്വകാര്യമായി പറയുവാൻ ഞാൻ വളരെ ആഗ്രഹിച്ചു. വിവരം പറഞ്ഞയയ്ക്കുകയും ചെയ്തില്ല. വേഷം മാറിയാൽ കാര്യം എളുപ്പത്തിൽ സാധിക്കുമെന്നു വിചാരിച്ചു.

നായർ — അതു ശരിയാണ്. പക്ഷെ സ്വകാൎയ്യമായി കാണേണ്ടുന്ന അനേകം കാൎയ്യം പലതും വരാവുന്നതുകൊണ്ട് അതു സാരമായി കരുതിയില്ല എന്നേ ഉള്ളൂ.

പണിക്കർ — നായർ നാളെ രാവിലെ എത്രമണിക്കു പോകുന്നുവെന്നു കേട്ടു. പിന്നെ എന്നു മടങ്ങുമെന്നു അശേഷം വിവരവുമില്ല. അതുകൊണ്ട് അല്പം ബുദ്ധിമുട്ടില്ലെന്നില്ല.

നായർ — ഇവിടത്തെ പേരിൽ ഒരു കുറവും കാണുന്നില്ല. അഥവാ അതു എഴുത് തെളിച്ചുവെച്ചുവെങ്കിൽത്തന്നെ മതി. കാരണമൊക്കെ പറഞ്ഞാലേയുള്ളൂ. ഞങ്ങൾ സ്വതന്ത്രന്മാരായ പ്രഭുക്കന്മാരാണെങ്കിലും സാമൂതിരിപ്പാട്ടിലെ അറിവുകൂടാതെ കഴിക്കേണ്ടതു ഞങ്ങളുടെ കടമയാണ്. അതുകൊണ്ട് ആ പ്രവൃത്തിയൊക്കെ ശരിയാണെന്ന് ഇവിടുന്നും സമ്മതിക്കാതിരിക്കയില്ല. ഇവിടുന്നു കൊണ്ടുവന്ന കത്തിനു മറുപടി എഴുതിത്തരുന്നില്ല. പറയുന്നതൊക്കെ ഇവിടുന്ന് രാത്രിയിൽ വെച്ച് അവിടെ അറിയിച്ചാൽ മതി. കവളപ്പാറ സ്വരൂപത്തിന്റെ മഹിമ കാണുമ്പോൾ മാത്രം ഇവിടെന്ന്. സാമൂതിരിപ്പാട്ടും കൊച്ചിത്തമ്പുരാനുമായുള്ള കലഹത്തിൽ അവിടത്തെ ഉദയം കിഴക്കുപക്ഷം അവിടത്തെ മക്കന്മാരായ പ്രഭുക്കന്മാരിൽ ഭാഗ്യവതിപ്പാൻ ഇവിടെ അശേഷം മടിയില്ല. ഇവിടത്തെപ്പോലെ കാൎയ്യബുദ്ധിയുള്ള വിശ്വാസ്യനായ ഒരാളെ സഹായത്തിന്ന് ഇതാ അയക്കുന്നു.

ഇത്രയും പറഞ്ഞ് നായർ ഒരു കുതിരയെ പണിക്കരുടെ കൂടെയാക്കി അവിടെനിന്നുപോയി. നായരുടെ നയവിശേഷവും സാമൎത്ഥ്യവുംകൊണ്ട് ആശ്ചൎയ്യപ്പെട്ടുകൊണ്ടു പോരാവുന്നു പണിക്കർ മടങ്ങിപ്പോവുകയും സകല വിവരവും യഥാവസരം ഉണർത്തിക്കയും ചെയ്തു. അന്നത്തെ കവളപ്പാറ ഏറ്റമാനന്റെ വിശേഷംകൊണ്ടു മനുഷ്യർ ഇങ്ങിനെ പാശ്ചാത്യന്മാർ കേരളത്തിൽ ഗ്രഹം ഉണ്ടാകുവാൻ ചെയ്ത ശ്രമങ്ങൾ എപ്പോഴും ഫലിക്കാതെ വന്നിട്ടുള്ളതെന്നു പ്രസിദ്ധമായ സംഗതിയാണ്.

എം. ആർ. കെ. സി

സാഹിത്യശകലങ്ങൾ

പ്രബന്ധകടാക്ഷം

പ്രബന്ധം എന്നു വെച്ചാൽ കാവ്യം; കടാക്ഷം എന്നത് അപാംഗവീക്ഷണം; എന്നു വെച്ചാൽ കവി തന്റെ കാവ്യത്തിന്മേൽ ചെയ്യുന്ന കടാക്ഷവിക്ഷേപം എന്നർത്ഥം. കടാക്ഷം സാധാരണനോട്ടംപോലെയല്ല. വെറും നോട്ടം സ്പഷ്ടവും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതുമായിരിക്കും. രോഷമാകുന്ന വല്ലതും സ്വഭാവം എങ്കിലും ഒരു ആകൃതത്തോടു കൂടിയതും ധ്വനിപ്പിക്കുന്നതാകുന്നു. ഇതിൽ പ്രബന്ധകടാക്ഷം എന്നതിന്

ണെന്നുകൊണ്ടു മറ്റുകപ്പാടെ അതിന്നു വരുന്ന അർത്ഥം 'കവി തന്റെ കാവ്യത്തെപ്പറ്റി സാക്ഷാത്തായും അസ്പഷ്ടമായി ചെയ്യുന്ന അഭിപ്രായപ്രകടനം' എന്നാകുന്നു. കവിയുടെ അഭിപ്രായപ്രകടനത്തിന്നു അസ്പഷ്ടതം വരുന്നതു വ്യംഗ്യാർത്ഥത്തിന്റെ അംഗീകാരമാണ്. അതിനാൽ പ്രബന്ധകർത്താവും വ്യഞ്ജനാവൃത്തിയെ ആശ്രയിച്ചാണിരിക്കുന്നത്. ഇതുകൊണ്ടുതന്നെ വ്യംഗ്യാർത്ഥപ്രധാനമായ കാവ്യത്തിൽ, അതായത് ധ്വനികാവ്യത്തിൽ മാത്രമേ പ്രബന്ധകർത്താവിന്നു പ്രസക്തിയുള്ളൂ എന്നും സിദ്ധിക്കുന്നു.

ധ്വന്യാലോകനിരതരായ കാളിദാസാദികളുടെ കാവ്യങ്ങളിൽ ചിലേടത്തു വാച്യമായ അർത്ഥം നിലച്ചതിന്നു ശേഷം ശബ്ദശക്തിയുടെ മഹിമയാൽ പ്രബന്ധപരമായ അർത്ഥം വ്യഞ്ജിക്കുന്നതായി സഹൃദയന്മാർ മനസ്സിലാക്കുന്നു. അതിനെ പ്രബന്ധകർത്താവെന്നു വ്യവഹരിക്കാം. രഘുവംശം 5-ാം സർഗ്ഗത്തിൽ

'ശയ്യാഗതസ്തീർത്ഥവാരേവ ഗജപാ
ദേവാസ്ഥാസകാശേനാവലേപ്യകാമം
ശരത്കാലവരാന്ത്യാനുകമിത്യുവാച
മാളൂർ പതിപാടേനാ വായനാതാ'

എന്ന പദ്യത്തിൽ, രഘു കൌത്സനോടു പറയുന്ന പ്രകൃതമായ വാച്യാർത്ഥം വിരമിച്ചതിന്നുമേൽ പ്രബന്ധപരമായി കവി പറയുന്നതായ അർത്ഥം വ്യഞ്ജിക്കുന്നു. 'ശ്രുതപാരഗപാദമായിം അലങ്കാരാദിശാസ്ത്രങ്ങളുടെ മറുകര കണ്ടവനായി, ശുദ്ധമനസ്കനായ അദ്ധ്യാതാ, കാമങ്ങിക്കുന്നവനായ സഹൃദയൻ, രഘുവിങ്കൽനിന്ന് കൌത്സനെന്നപോലെ, ഞാൻ അഭ്യാസം സാധിക്കാതെ, മറ്റൊരു കാവ്യത്തെ ആശ്രയിക്കണ്ടിവരും എന്നുള്ള പുതുതായ ദോഷവാദം എനിക്ക വരാതിരിക്കട്ടെ' എന്നു കവി തന്റെ കാവ്യത്തെ ശ്ലാഘിച്ചു പറയുന്നതായ അർത്ഥം ഇതിൽ സഹൃദയ മനസ്സിലാക്കപ്പെടുന്നു.

രഘുവംശത്തിൽ തന്നെ 14-ാം സർഗ്ഗത്തിൽ സീതാപരിത്യാഗവിഷയമായ കാർ തന്റെ സഹോദരന്മാരോടു വിളിച്ചു പറയുന്നതായ,

'തസ്മിൻ സ്വർഗ്ഗകൃതാനാർദ്രചിത്രതനം-
ന്നാരമദേഷിപ്രതിഷേധനീയഃ
യദ്ദൃഷ്ടികാനിർദ്ദഗതാവാച്യന്തൃാൻ
പ്രാണനാമയാദായതിലും ചിരംവ'

എന്ന പദ്യത്തിൽ വാച്യാർത്ഥം വിശ്രമിച്ചതിന്നു ശേഷം കവി തന്റെ വായനക്കാരോടു പറയുന്നതായി ഇതിന്നൊരർത്ഥം വ്യഞ്ജിക്കുന്നു. 'ഹേ സഹൃദയന്മാരായ വായനക്കാരെ! കരുണരസത്തിൽ അത്രുചിതമായ നിങ്ങളെ (കരുണപ്രധാനരായ) ഈ സർഗ്ഗത്തെ നിഷേധിക്കരുത്. ഈ സർഗ്ഗം ഉപേക്ഷിക്കുന്നപക്ഷം അപവാദമാകുന്ന ശല്യം അടക്കപ്പെട്ട് എന്റെ പ്രാണൻ പോകുന്നതായി പരിഗണിക്കാം.'

മേഘസന്ദേശത്തിൽ യക്ഷൻ മേഘത്തെ യാത്രയാക്കുന്നതായ,

'അലോപ്രയോഗശോഭിതാപാന്ത
കിസചിദിതൃതുഹിമിച്-
ഉപശോഭാസാധാരണകിതചകിതം
മുഖനിമേഷഗനാമി
സഹാരാമിന്ദൃനാമവനാസചിച്ചൂം-
ഉത്പാതാമേഷ്ടുലാസം
മിത്രാനാഗനാംപലിക്കമോദർ
സുഖമായൂമലപാൻ'

എന്ന ശ്ലോകത്തിൽ മല്ലിനാഥോപാധ്യായമല്ലിനാഥൻ പ്രബന്ധപരമായ അർത്ഥം വ്യാഖ്യാനിച്ചിട്ടുണ്ട്. കാളിദാസന്റെ കാവ്യങ്ങളിൽ ദോഷാരോപം ചെയ്യുന്നവനായി ദിങ്നാഗൻ എന്ന ബൌദ്ധകവി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ എന്നായ കവികൾ കാളിദാസകാവ്യങ്ങളെ ഖണ്ഡനം ചെയ്തുകൊണ്ടിരുന്നു. പ്രകൃതത്തിൽ കവി തന്റെ നവീനകൃതിയായ മേഘസന്ദേശത്തെ സംബോധനചെയ്തുകൊണ്ടു, 'രസനായ നിചുളന്റെ സഹായത്താൽ ദിങ്നാഗാചാര്യരുടെ ശങ്കനങ്ങളൊന്നും ഫലിക്കാതെ നീ ജയപ്രദമായിരിക്കട്ടെ' എന്നു വ്യംഗ്യമർത്ഥമായ പ്രതിപാദിച്ചിരിക്കുന്നു. മറ്റുചില പണ്ഡിതന്മാർ ഇതിന്

ഇങ്ങിനെയൊക്കെ വ്യാഖ്യാനിക്കാനില്ലെങ്കിലും ഇതിൽ പ്രതീയമാനമായ പ്രബന്ധകടാക്ഷം സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കാതിരിക്കയില്ല. ഇതുപോലെ ഒരു ഭാസനാടകത്തിലെ ഒടുവിലെ ശ്ലോകത്തിലും സഹൃദയന്മാരായ വ്യാഖ്യാതാക്കന്മാർ പ്രബന്ധപരമായ അർത്ഥം വ്യാഖ്യാനിക്കുന്നു.

ഇതുപോലെ കിരാതാർജ്ജുനീയപ്രണേതാവായ ഭാരവിയുടെയും മാഘം കാവ്യങ്ങളിലും പ്രബന്ധപരങ്ങളായ അർത്ഥങ്ങൾ കാണുന്നുണ്ട്. കാവ്യമൊന്നുകൊണ്ടു ബുദ്ധിക്കു നല്ല പരിപാകം സിദ്ധിച്ചിട്ടുള്ള രസികന്മാരുടെ ഹൃദയത്തിൽ ആ വക അർത്ഥങ്ങൾ താനേ പ്രതിബിംബിക്കുന്നതാണ്. ലേഖനദൈർഘ്യത്തെ ശങ്കിച്ചു് ഇവിടെ അവ വിവരിക്കുന്നില്ല.

പ്രബന്ധകടാക്ഷം വ്യഞ്ജനാവൃത്തിയെ ആശ്രയിച്ചിരിക്കുന്നതാണെന്ന് ആദ്യത്തെ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു സംസ്കൃതസാഹിത്യത്തിലെ മഹാകവികൾ ആത്മപ്രശംസയായി പ്രകടിപ്പിച്ചിട്ടുള്ള പ്രബന്ധപദ്യങ്ങൾ പ്രബന്ധകടാക്ഷമായി ഗണിക്കുവാൻ പാടില്ലെന്നു ഇനി വേറെ പറയേണ്ടതില്ലല്ലോ. ആത്മപ്രശംസാപരങ്ങളായ ആ വക പദ്യങ്ങൾ ശ്രോതാക്കളിൽ ഭീഷണത്തിന്റെ പക്ഷമുള്ള ഭേദത്തെയാണ് ജനിപ്പിക്കുന്നത്. കേരളഭാഷാസാഹിത്യത്തിൽ രാമായണത്തിൽ നിന്നുള്ള ശ്ലോകങ്ങളുടെ പറപ്പാടും വെറും 'ചെറുശ്ശേരി' കളുടെ കിളിപ്പാട്ടും കഴിഞ്ഞ് ഉത്തമങ്ങളായ ധ്വനികാവ്യങ്ങളുടെ 'സോമതിലകാദി' വലിയ അനുകരണമാണ് കിടക്കുന്നതെങ്കിലും, പ്രബന്ധകടാക്ഷത്തെപ്പറ്റി ഇങ്ങിനെ ഒരു സംക്ഷേപം ഉണ്ടാകുന്നത് ആവശ്യമാണെന്ന വിശ്വസിക്കുന്നു.

ഒരു സഹൃദയൻ

---

൨ വസ്തുനിർദ്ദേശം

'ആശീർനമസ്ക്രിയാവസ്തുനിർദ്ദേശോവാപിതന്മുഖം' എന്ന പ്രമാണപ്രകാരം ആശീർവാദരൂപമായിട്ടോ നമസ്കാരരൂപമായിട്ടോ വസ്തുനിർദ്ദേശരൂപമായിട്ടോ വേണം മഹാകാവ്യം ആരംഭിക്കുവാൻ എന്നാണ് ആലങ്കാരികന്മാരുടെ വിധി. ഇതിൽ വസ്തുനിർദ്ദേശം എന്നുവെച്ചാൽ വസ്തുവിനെ നിർദ്ദേശിക്കുകയാകുന്നു. വസ്തു എന്നതിനു കഥാവസ്തു എന്നാണർത്ഥമെങ്കിലും പ്രകൃതത്തിൽ ആ ശബ്ദത്തിനു നായകൻ എന്നാണ് വിദ്വാന്മാർ അർത്ഥം കല്പിച്ചിട്ടുള്ളത്. അപ്പോൾ വസ്തുവിനെ നിർദ്ദേശിക്ക എന്നു വെച്ചാൽ കഥാനായകനെ അവതരിപ്പിക്ക എന്നാണ് സാരം. നായകപദംകൊണ്ട് പ്രധാനനായകൻ, പ്രതിനായകൻ, പതാകാനായകൻ മുതലായി കഥയിൽ സംബന്ധിച്ചിരിക്കുന്ന എല്ലാ നായകന്മാരെയും ഗ്രഹിക്കാവുന്നതിനാൽ അവരിൽ ആരെയെങ്കിലും നിർദ്ദേശിക്കുന്നതു വസ്തുനിർദ്ദേശമാവും. ശിശുപാലവധത്തിൽ നായകനേയും, ഹയഗ്രീവവധത്തിൽ പ്രതിനായകനേയും, കുമാരസംഭവത്തിൽ പതാകാനായകനേയും നിർദ്ദേശിച്ചുകാണുന്നതാണ് ആരംഭം കാണുന്നത്. വസ്തുവിനെ നിർദ്ദേശിക്ക എന്നത് നായികാദികളെ സംബന്ധിച്ചു എന്നെങ്കിലും കഥാവ്യാപാരത്തെ വർണ്ണിക്കുന്നതായിട്ടാണ് അനുഭവിക്ക എന്ന പാരമ്പര്യം. ഇങ്ങിനെ നായകാദികളെ സംബന്ധിച്ചുള്ള ഒരു സ്ഥലം, ഒരു പുഷ്കരൻ എന്നിവയിലെവിടെയെങ്കിലും നിർദ്ദേശിക്കുന്നതായും വസ്തുനിർദ്ദേശത്തിന്റെ ഫലമില്ല. 'നൈഷ്ഠി.......... ഉദയനാമ ചന്ദ്ര നാനാധേയം' എന്നിങ്ങിനെ ആംഗലസാമ്രാജ്യത്തിലും 'ഭരതഖണ്ഡത്തിൽ ഭാസുരമായിട്ടുള്ള ... വിധയാമി ധാമം' എന്നിങ്ങിനെ ചിത്രയോഗത്തിലും നായകനെ സംബന്ധിച്ച ഓരോ പ്രധാനപ്പെട്ട സ്ഥലങ്ങളെ നിർദ്ദേശിച്ചുകാണുന്നതാണ് ആരംഭം കാണുന്നത്.

ഇങ്ങിനെ എന്തെങ്കിലും ഒരു പ്രകാരത്തിൽ വസ്തുനിർദ്ദേശം ചെയ്തുകാണുന്നതാണ് കാവ്യങ്ങൾക്കു മംഗളമായ

കാവ്യത്തിലെ മാത്രമല്ല, ഖണ്ഡകാവ്യങ്ങളിലും ഈ സമ്പ്രദായം അനുസരണീയമാണ്. എന്നാൽ മലയാളഭാഷയിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പല ഖണ്ഡകാവ്യങ്ങളിലും ഈ സമ്പ്രദായം കൈവിട്ടുപോയതായിക്കാണുന്നു. വസ്തുനിർദ്ദേശത്തെത്തന്നെ ആദ്യമില്ലാത്ത ചിലതിക്ക് ആശീർവ്വാദത്തിന്റെയും നമസ്കാരത്തിന്റെയും കഥ പറയുന്നതില്ലല്ലോ. കഥ നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്ക കഥാത്തിൽ വായനക്കാരെ വിളിച്ചുകൊണ്ടുപോയി കാണിക്കുകയെന്ന സമ്പ്രദായത്തെയാണ് നവീനരിൽ പലരും ആദരിക്കുന്നത്. ഈ സമ്പ്രദായം പ്രാചീനർക്കു അപരിചിതമായിരുന്നില്ല. നാടകങ്ങളിലൊക്കെയും ഈ രീതിയാണു കാണുന്നത്. പഴയ കാവ്യങ്ങളിൽ ഇതത്ര ശോഭിക്കത്തന്നെ തോന്നുന്നില്ല. സംഭാഷണരൂപേണയൊന്നു തന്നെ കഥ മുഴുവൻ കവിക്കുണ്ടി വരുന്ന നാടകങ്ങളിൽ നടക്കുമ്പിടിച്ച കഥ മാത്രമറിയുന്നതു സൗകര്യവും അഭിമതമാണ്. നോവലുകളിലും ഈ രീതി പ്രത്യക്ഷമായിരിക്കുന്നു. പക്ഷെ, പരിഷ്ക്കരണാൽ നവീനകവികൾ ഈ വിഷയത്തിൽ യാതൊരു നിയമവുമില്ലാതെ പ്രവർത്തിക്കുന്നു.

കരമനസ്സു

ഞങ്ങളുടെ വായനശാല

൧. ധർമ്മരാജജയം—(ഗ്രന്ഥകർത്താവ്: കിളിമാനൂർ കെ. ശങ്കരവാര്യർ, ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം; വില ചക്രം 7.)

ഇതൊരു പുതിയ ഖണ്ഡകാവ്യമാണ്. ഇതിൽ പൂർവ്വഭാഗത്തിലും ഉത്തരഭാഗത്തിലുമായി ആകെ 118 ശ്ലോകങ്ങളുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്തു മലയാളികളെല്ലാം തിരുവനന്തപുരത്ത് അഭയം പ്രാപിക്കയും, അപ്പോൾ ടിപ്പു തന്റെ സൈന്യത്തോടുകൂടി പടപൊരുതുവാൻ വരികയും, ആ യുദ്ധത്തിൽ തിരുവിതാംകൂറിലെ മന്ത്രിയും സൈന്യനായകനുമായ രാജാകേശവദാസന്റെയും നായർ പട്ടാളത്തിന്റെയും പോരാട്ടത്താൽ പരാജിതനായ ടിപ്പുസ്സുൽത്താനും സൈന്യങ്ങളും പലായിതരായി തിരിച്ചുപോകയും ചെയ്ത എന്നുള്ള ചരിത്രപ്രസിദ്ധമായ സംഗതിയാണ് ഈ ഖണ്ഡകാവ്യത്തിലെ പ്രമേയം. മലയാളികളുടെ പ്രാചീനമായ ധൈര്യത്തെ ഉദ്ഘോഷിക്കുന്ന ഇതുപോലുള്ള കൃതികൾ മലയാളസാഹിത്യത്തിൽ എത്രയുണ്ടായാലും ഏറിപ്പോകയെന്നു വരുന്നതല്ല. അതുകൊണ്ടു വായനക്കാരുടെ ഒരു ഉദ്ദേശത്തെ ആശ്രയിച്ചാണ് കവിതയെ വിരചിക്കേണ്ടതു. പക്ഷേ ഉദ്ദേശം ഉത്തമമായിരുന്നതുകൊണ്ടു മാത്രം പോരാ; ഉദ്ദേശസിദ്ധിയെന്നു കൂടി നന്നായിരിക്കണം. ഈ വിഷയത്തിൽ ഗാഢമായി ആലോചിച്ചു നോക്കുമ്പോൾ ഈ ചെറുപുസ്തകത്തിൽ പല ന്യൂനതകളും കാണുന്നുണ്ട്. കവിതയിൽ സൗന്ദര്യം തെളിയുന്നുണ്ടെങ്കിലും പല സന്ദർഭത്തിലും രചനാരീതിയുടെ കല്പനയിൽ രസികത്വം ഉള്ളതുപോലെ തോന്നുന്നു. അന്തിമിക്കും കവിക്കു തന്നെയെ ശീലിക്കാം സംഭവിച്ചിട്ടുണ്ട്. 'പെരിനാൽക്കുളി പൂണ്ട കലം,' 'മുദിതമാം മഹൈശ്വര്യത്തിൽ ശയനമാകുമിതു കണ്ടതു?' 'ജീവിതമേ ജീവന ഭരണ ചെയ്തവൻ?' 'നിത്യവും മൂകമെന്നെ നിനച്ചുമ്മ വൃന്ദാദേവരെ വിശ്വപ്പിക്കാൻ?' 'ഏതാണ്യെന്നുള്ള ഭാവനെ നാട്ടിനാൽക്കു പലകാ' ഇത്യാദി പ്രയോഗങ്ങൾ ഇതിനുദാഹരണമാണ്. ഇതിൽ ചുരുക്കം ചിലേടുത്ത് അരോചകതയും കാണുന്നു. 'ഐന്നതിർഭാവത്തെ...' ഇത്യാദികളായ ചില സന്ധികൾ ഇതു പരിഷ്ക്കൃതമാക്കിയത് അത്ര രസിക്കുന്നു തോന്നു

ന്നില്ല. 'താഴികക്കുടം' എന്നുള്ള പ്രത്യയം ചേർത്ത പ്രയോഗം പണ്ഡിതന്മാർക്കു പ്രിയമാവുമെന്നും തോന്നുന്നില്ല. 'പുഷ്പപുഷ്ടമം', 'സ്വരാഗമധു' ഇത്യാദികളായി പുസ്തകത്തിലുള്ള ചില പ്രയോഗങ്ങളും എടുത്തു കാണുന്നുണ്ട്. 'ശ്രീപാദനാമകൃപയാലെ.....ഉപാദാനത്തിനവളുന്തി', 'സപ്തസ്വരോൽപടവേർപ്പെടുവതിനായ്ക്കോപ്പുകൂട്ടി' (ദ്ര്യവിന്ദായക്) 'ബലനിധാനം.... കണ്ടുകർക്കുന്നിടാതി' ഇത്യാദികളായി അനൗചിത്യം ബാധിച്ച ചില പ്രയോഗങ്ങളും കാണുന്നുണ്ട്. ഇതിനെ ചില ന്യൂനതകളുണ്ടെങ്കിലും നല്ല ആശയവും ഗാംഭീര്യവും ഉള്ള പല ശ്ലോകങ്ങളും ഇതിൽ ഇല്ലായ്കയില്ല. പൂർവ്വാർദ്ധത്തിൽ 14-ം 69-ഉം ഉത്തരാർദ്ധത്തിൽ 49-ം 71-ം ശ്ലോകങ്ങൾ എത്ര സഹൃദയന്മാരെയും ആനന്ദിപ്പിക്കുന്നവയാണ്. വാർദ്ധക്യത്തിൽ ഒരു വാസനാകവിയാണെന്ന കാരണമുള്ളതിനാൽ മഹാദേവത്തിന്റെ കയ്യിൽ നിന്നു മേലിലും മലയാളഭാഷയ്ക്കു ചില സമ്പത്തുകൾ ഉണ്ടാകുമെന്നാശിക്കാവുന്നതാണ്.

൨. കൊച്ചി നായർ സ്ത്രീധനത്തെ സംബന്ധിച്ച ഒരു വിചിന്തനം—(ഗ്രന്ഥകർത്താവ്: ചാലിയത്തു ചെറിയ കൊച്ചുണ്ണി അച്ഛൻ; വില 6 ണ)

കൊച്ചിയിൽ നടപ്പിൽ വരുത്തുവാനിരിക്കുന്ന നായർ സ്ത്രീധനത്തെപ്പറ്റി ഗ്രന്ഥകർത്താവിനുള്ള അഭിപ്രായങ്ങളെ വിവരിച്ചു പ്രതിപാദിക്കുന്നതായ ഒരു പുതിയ പുസ്തകമാണിത്. ഇതിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളെ കൊച്ചിയിലെ പൊതുജനങ്ങളുടെ ശ്രദ്ധാലോചനയ്ക്കു വിട്ടുകൊടുക്കുകയാണ് നല്ലതെന്നു ഞങ്ങൾ വിചാരിക്കുന്നു. എന്നാൽ ഇതു കേരളഭാഷാസാഹിത്യത്തിന്നു പുതുതായി കിട്ടിയ ഒരു പുസ്തകമാകയാൽ സാഹിത്യത്തിന്റെ ഭാഗത്തുനിന്നു ഞങ്ങൾക്കു ഒന്നുരണ്ടു പറയാനുണ്ട്. നമ്മുടെ സാഹിത്യത്തിൽ സമുദായാചാരസംബന്ധികളായ പുസ്തകങ്ങൾ ദുർല്ലഭമാകയാൽ ഈ പുസ്തകത്തിന്റെ പുറപ്പാട് അഭിനന്ദനീയമാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. പക്ഷേ, ഒരു ഈ മാതിരി ഭാഷയിലാണോ വേണ്ടതെന്നുള്ള കാര്യത്തിൽ ഞങ്ങൾ പ്രത്യേകമായി ശങ്കിക്കുന്നു. ഇതിലെ ഭാഷ അതിപ്രാചീനങ്ങളായ സംസ്കൃതപദങ്ങളുടെ ബാഹുല്യത്താൽ ചില ദിക്കിൽ 'ദുഷ്പ്രവേശമായി' തോന്നും. എന്നാൽ 'എടപ്പെട്ടു' എന്നും താണതരം കൊച്ചിപ്പദങ്ങളും കൂടി ചേർന്നതുകൊണ്ടു വളരെ 'മുഷിവായ'തെന്നും തോന്നും. വാചകങ്ങൾക്ക് ചില ദിക്കിലുള്ള തിരിച്ചിലും മറിച്ചിലും ഇരിക്കട്ടെ വാചകങ്ങൾ ഇംഗ്ലീഷിൽ ആലോചിച്ച് മലയാളത്തിൽ പരിഭാഷപ്പെടുത്തിയതാണെന്നു തോന്നിപ്പോകും ശ്ലോകങ്ങളും കാണുന്നുണ്ട്. അനാവശ്യമായി മറ്റു സംസ്കൃതപദങ്ങൾ ചേർത്ത് ഉടനെ ബ്രാക്കറ്റിൽ അതിന്റെ ഇംഗ്ലീഷും ചേർത്തുകാണുന്നതിലുള്ള ഔചിത്യം മനസ്സിലായില്ല? ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്യുമ്പോൾ തർജ്ജമക്കാരൻ ഉപയോഗിക്കുന്ന ചില സാങ്കേതികപദങ്ങൾ ശരിയായതോ എന്ന സംശയം തോന്നുമ്പോൾ മാത്രമാണ് ഇംഗ്ലീഷുപദങ്ങൾ ബ്രാക്കറ്റിൽ ചേർത്തു കാണാറുള്ളത്. ഇതൊന്നും ആവശ്യമില്ലാത്തിടത്തുകൂടി പല ഭാഗങ്ങളിലും അനേകം ഇംഗ്ലീഷുപദങ്ങൾ ബ്രാക്കറ്റിൽ കടന്നുകൂടി സ്ഥലംപിടിച്ചിരിക്കുന്നതു ശോചനീയം തന്നെ. അല്ലാ ഇതൊന്നും ശരിയാണെന്നാണ് പറയുന്നതെങ്കിൽ ആ പക്ഷത്തിൽ ഞങ്ങൾ ചേരുന്നില്ല. മലയാളികളുടെ ജീവൻ കളയാതെ എഴുതാവുന്ന വിഷയങ്ങളിൽ ഇത്രമാതി സാഹസങ്ങൾ കാണിക്കുന്നതു ശരിയല്ലെങ്കിലും ശ്രേയസ്സല്ല. ഇത്രമാത്രമേ ഞങ്ങൾക്കു ഇക്കാര്യം പറയേണ്ടതായിട്ടുള്ളൂ.

ജ്വാലാവതീരാമകുമാരം

ഒന്നാം ഭാഗം

മൂന്നാമങ്കം

കപി-മാർത്ത — ഞങ്ങൾക്ക സ്വകാര്യം പറയാനുണ്ട്. അല്ലെങ്കിൽ വേണ്ട. നീ ഇങ്ങോട്ടുവാ. ഞങ്ങളുടെ സ്വകാര്യം നിനക്കു കേൾക്കാം. എന്റെ മകൾക്ക നവയൌവനാരംഭമായ വയസ്സായെന്ന നിനക്കറിയാമല്ലോ.

ദാസി — എന്താ അമ്മേ? ഇതിന്ന സംശയം? ഒരു മണിക്കൂറെങ്കിലും വ്യത്യാസം വരാത്തവിധത്തിൽ ചെറിയമ്മയുടെ വയസ്സ് എനിക്ക നിശ്ചയമുണ്ട്.

കപി.മാർത്ത — അവൾക്ക 14 വയസ്സായിട്ടില്ല.

ദാസി — 14 ആയിട്ടില്ലെന്നതിലേക്ക് എന്റെ 14 പല്ലു ഞാൻ ഇട്ടുതരാം. പക്ഷെ എനിക്ക പ്രായം ചെറുപ്പമാണെങ്കിലും എണ്ണി നോക്കിയാൽ പല്ലു നാലേ കാണു. ഈ വരുന്ന വിഷുവിന്ന് ഇനി എത്ര ദിവസമുണ്ട്?

കപി.മാർത്ത — പതിനാലിൽ ചില്വാനം ദിവസമുണ്ട്.

ദാസി — വരുന്ന വിഷുദിവസം രാത്രി ഇവൾക്ക 14 വയസ്സു തികയും. എന്റെ മരിച്ചുപോയ സൂസന്നയും ഇവളും ഒരേ ദിവസമാണ് ജനനം. കഷ്ടം! എന്റെ മകൾ എന്നെ ഇവിടെ ഇട്ടു പോയല്ലോ. ഞാൻ എന്താ പറഞ്ഞുവന്നത്? അതെ, വരുന്ന വിഷുദിവസം ഇവൾക്ക 14 തികയും. എനിക്ക നല്ല നിശ്ചയമുണ്ട്. 11 കൊല്ലം മുമ്പു വലിയൊരു ഭൂകമ്പമുണ്ടായില്ലേ? അന്നാണ് ഇവളുടെ മുലകുടി തീരെ മാറിയത്. അത് എനിക്ക നല്ല ഓർമ്മയുണ്ട്. അന്നാണ് ഞാൻ ഇവളുടെ മുലകുടി സഹിക്കവയ്യാഞ്ഞിട്ടു മുലക്കണ്ണിൽ കച്ചൂർ തേച്ചത്. അതു തേച്ചു പ്രാവുകളുടെ ചുവരിന്നടുത്തു വെയിലത്ത് ഇരിക്കുകയായിരുന്നു. അന്ന് യജമാനനും എജമാനത്തിയും മന്തുവാ നഗരത്തിലായിരുന്നു. ഇവൾ മുല കുടിക്കാൻ വന്നപ്പോൾ കയ്പ്പരസം നല്ലവണ്ണം വായിൽ തട്ടി. കരച്ചിൽ തുടങ്ങി; മുലക്കണ്ണിനോട് ദ്വേഷം തുടങ്ങി. അങ്ങിനെയിരിക്കുമ്പോളാണ് ഭൂകമ്പമുണ്ടായത്. അതിൽ പിന്നെ ഇപ്പോൾ 11 കൊല്ലമായി. അന്ന കുട്ടിക്ക് അങ്ങുമിങ്ങും ഓടിക്കളിക്കാറായിരുന്നു. അതിന്ന തലേന്നാളാണ് വീണു നെറ്റി പൊട്ടിയത്. വീണപ്പോൾ സൂസന്നയുടെ അച്ഛൻ ഓടിച്ചെന്ന് എടുത്ത് 'എന്റെ മകളെ മുഖം കീഴ്പ്പോട്ടാക്കി വീണു ഇല്ലേ? ബുദ്ധിവെച്ചാൽ നീ മലർന്ന് വീഴുകയുള്ളു' എന്ന പറഞ്ഞു. ഇ

ഇ കേട്ടപ്പോൾ അവൾ കരഞ്ഞു നിന്നു. ആയിരം കൊല്ലം കഴിഞ്ഞാലും ഇതൊന്നും ഞാൻ മറക്കില്ല.

കപിലാർച്ചു— മതിമതി. എന്തിനാണ് ഇതൊക്കെ വെറുതെ പറയുന്നത്? മിണ്ടാതിരിക്ക്.

രാസി—ഹാ! എന്നാൽ അന്നത്തെ കോലാഹലം ഓർക്കുമ്പോൾ എനിക്ക് ചിരി വരുന്നു. എന്തു നേരംപോക്കായിരുന്നു! ഒരു പിള്ളയിൽ നല്ല മണ്ണുരി മനാറിയിൽ പകർന്നുണ്ട്. അന്ന് എന്തെല്ലാമാണ് സുസേനയുടെ അപ്പൻ പറഞ്ഞത്!

ജ്വാലാ— രാസി, മതി പറഞ്ഞത്. എത്ര നേരമായി ഇരുന്നിട്ട്!

രാസി— മതി, കഴിഞ്ഞു. ദൈവം എന്നും ചെറിയമ്മയെ കടാക്ഷിക്കട്ടെ. ഞാൻ മുലകൊടുത്തു വളർത്തിയ കുട്ടികളിൽ എനിക്കും മനസ്സു ചെറിയമ്മയാണ്. അതിനു സംശയമില്ല. ചെറിയമ്മയ്ക്കു നല്ല നിലയിൽ ഒരാൾ വന്നു ചേർന്നു കണ്ടിട്ടു മരിച്ചാൽ കൊള്ളാമെന്നുണ്ട്.

കപിലാർച്ചു— ഈ സംബന്ധകാര്യം തന്നെയാണ് ഞാൻ നിന്നോടു പറയുവാൻ ഭാവിച്ചിരുന്നത്. രാസി! പറയൂ, നിനക്കു സംബന്ധകാര്യത്തെപ്പറ്റി എന്താണ് മനസ്സ്?

ജ്വാലാ— ആ മാതിരി കാര്യം ഞാൻ കിനാവിൽ കൂടി നിനച്ചിട്ടില്ല.

രാസി— എന്താ കാര്യമെന്നൊക്കെ പറയുന്നത്. നീ അതിനു മറന്നുവല്ലോ? മുലപ്പാലിൽനിന്നുതന്നെ നീ വൈരാഗ്യം അനുഭവിച്ചിട്ടുണ്ടല്ലോ.

കപിലാർച്ചു— ഇതാ നിന്റെ പ്രായത്തിൽ നിന്നെക്കാൾ എത്രയോ ചെറിയ കുട്ടികൾ, മാന്യകുടുംബങ്ങളിലുള്ളവർ കല്യാണം കഴിഞ്ഞ് അമ്മമാരായിരിക്കുന്നു. നിന്റെ ഈ പ്രായത്തിനുമുമ്പ് എനിക്ക് പേരു കുറഞ്ഞിരിക്കുന്നു. ഇതെല്ലാം മറക്കട്ടെ. പ്രകൃതത്തിൽ കാര്യം പറയാം. യോഗ്യനായ ഒരുവൻ നിന്നെ കല്യാണം കഴിപ്പാനാഗ്രഹിക്കുന്നുണ്ട്.

രാസി— ആ സുന്ദരപുരുഷൻ എന്തൊരു യുവതിയാലാണ് കാംക്ഷിക്കപ്പെടാത്തത്? അവൻ ഒന്നാം ശൃംഗാരയോനിതന്നെയാണ്.

കപിലാർച്ചു— ഈ പട്ടണനാഗരികസംഘത്തിൽ ഇത്ര യോഗ്യതയും, ഭദ്രതയും ഉള്ള പുരുഷപുംഗവം വേറെയില്ല.

രാസി— ശരിയാണത്. അമ്മേ! പരമശ അദ്ദേഹം ഒരു പുഷ്പംതന്നെയാണ്.

കപിലാർച്ചു— കേട്ടോ! നീ എന്താണ് പറയുന്നത്? അദ്ദേഹത്തെ നീ ഭർത്താവായി സ്വീകരിക്കുമോ? ഇന്ന രാത്രി നമ്മുടെ സദ്യയ്ക്ക് അദ്ദേഹം വരും. അപ്പോൾ ആ മുഖപുസ്തകം നല്ലവണ്ണം വായിക്കുക. എന്നാൽ അവിടെ കാണാം സൌന്ദര്യത്തിന്റെ തൂലികകൊണ്ടെഴുതിയ ആനന്ദപ്രദമായ രാമണീയകം. മുഖത്തിലുള്ള അന്യോന്യസ്നിഗ്ദ്ധമായ രേഖകൾ തന്നെ നോക്കിയാൽ അവ ഒന്നിനൊന്നു യോജിപ്പിക്കുന്നു. മുഖമാകുന്ന ഗ്രന്ഥത്തിൽ കാണാൻ കഴിയാത്ത ലക്ഷണങ്ങൾ എല്ലാം കണ്ണുകളാകുന്ന പുരാണസംഹിതയിൽ കാണാം. അദ്ദേഹത്തിന്റെ മുഖത്ത് ഈ

വിധം കാണപ്പെടുന്ന ആ സൌന്ദര്യ പുഷ്പകത്തെ പൂജിക്കപ്പാൻ ഒരു ഗ പ്പത്തായ ചട്ട ആവശ്യമാണ്. ആ ച ട്ടയാണ് നീ കൊടുക്കേണ്ടത്. നി ന്റെ മന്ത്രപ്രയോഗം കൊണ്ടാൽ സൌന്ദര്യ മായ പ്രസാദം പൂർണ്ണമാവും. നീ അ വന്റെ സർവ്വഗുണസമ്പത്തിന്റെയും മാ ഗ്ഗമായി പരമാനന്ദത്തെ പ്രാപിക്ക കയും ചെയ്യും.

ദാസി — ചെറിയമ്മ അദ്ദേഹത്തെക്കാൾ പ്രതിച്ചു. അധികമാകയേയുള്ളൂ. സ്ത്രീ സർവ്വപ്രകാരേണ പുരുഷനാൽ പൂജ്യയാ ണല്ലൊ.

കപിഞ്ജലൻ — പുരുഷത്തിൽ പാട്ടു. നിന ക്ക പാരമ്പര്യത്തിൽ അന്തരാഗമുണ്ടോ?

ജപാലി — അമ്മയുടെ ആജ്ഞയെ അനുസ രിപ്പാൻവേണ്ടി ഞാൻ അദ്ദേഹത്തി ന്റെ മുഖാലോകനം ഒരു പ്രാവശ്യം ചെയ്യും. എന്നാൽ എന്റെ ആ മോ ഹം അമ്മയുടെ അതിശയോക്തിവചന ങ്ങളുടെ പ്രമാണത്തിലധികമാവുക യില്ല.

(ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ — നമ്മെക്കാണിക്കപ്പെട്ടവരെല്ലാം വരാനതിലിരിക്കുന്നു. അമ്മയെ വി ളിക്കുന്നു. ചെറിയമ്മ എവിടെ എന്നു ചോദിക്കുന്നു. ദാസിയെ പ്രാവശ്യം. ഒക്ക ത്തപ്പം ഒരു കഴപ്പമായിരിക്കുന്നു. എ നിക്ക പണിയുണ്ട്. ഞാൻ പോകുന്നു. നിങ്ങൾ വേഗം വന്നാൽ കൊള്ളാം.

കപിഞ്ജലൻ — ഞങ്ങൾ ഇതാ വരുന്നു. ജപാ ലാവതി! ഞങ്ങൾ എല്ലാം കാത്തുനില്ക്കു ന്നു. നമ്മൾ പോകുന്നു.

ദാസി — ഓമനേ! പോയി സൂക്ഷിക്കു.

(എല്ലാവരും പോയി)

ഒന്നാം ഭാഗം

നാലാമങ്കം

ഒരു തെരുവീഥി

(നാടകക്കാരൻ, ഗുൽകർൺ, വനമാലി ഇവരും മറ്റുചില ശിഷ്യന്മാരും പ്രവേശിക്കുന്നു)

നാടകക്കാരൻ — പ്രസ്താവനാവസരം ആയോ? നമ്മുടെ സൂത്രധാരികളെ അതിനു ആവശ്യമുണ്ടോ? അതല്ലാ അതു കൂടാതെ കഴിക്കാമോ?

വനമാലി — അതിനെക്കുറിച്ചുള്ള പ്രസ്താവന ഇപ്പോൾ നടപ്പില്ല. കാമദേവന്റെ വേഷം കോമാളിത്തത്തിൽ കെട്ടിച്ചി ട്ടുവേണ്ടവരായിരുന്നു സ്ത്രീവേഷങ്ങളെ സം ഭോഗിപ്പിച്ചു അതിനിടയിൽ സൽഗുണാ ധനാഢ്യന്റെ വേഷമായ ശരീരത്തെ അനു യോജനം ചെയ്തു രംഗപ്രവേശവും അന്യ ഭാഷകളെക്കൊണ്ടാലാപം ചെയ്യുന്നതു തി രെ വേണ്ട. കാവ്യമുള്ളവർ എന്തുതന്നെ വിചാരിച്ചാലും വേണ്ടതില്ല. നമുക്ക്

ഒക്കെ നശിപ്പാൻ ചെയ്യപ്പെടും.

രാമ—എനിക്കു ഒരു പൂച്ച തരൂ. ഞാൻ അതു പിടിപ്പിച്ചുകൊള്ളാം. എനിക്കു ഇതിനെ ക്ഷൗരം ചെയ്യാൻ പ്രയാസമാണ്. എനിക്ക് ഉള്ളിൽ തന്നെ നിരാശതയിരിക്കയാൽ പൂച്ച വെളിച്ചം പിടിക്കുന്നതു യുക്തമാണ്.

ഉൽകടൻ — ഛീ! രാമകുമാര! നീ നിന്നെ വേണ്ടി അത്ഭുതത്തിൽതന്നെ പറയണം.

രാമ — വേണ്ട, കഴികയില്ല. നിങ്ങൾക്ക് നശിപ്പാനുചിതമായ ദുർബോധകം ഉണ്ടല്ലൊ. എന്റെ 'ബോധകം' അത്ഭുതമാണ്. അതിനാൽ എനിക്ക ലഘുതരം നാശം ചെയ്യാൻ പ്രയാസം.

ഉൽക — നീ കാമസേവകനാണല്ലൊ. അതുകൊണ്ടു കാമശാസ്ത്രത്തിന്റെ ചിറകു വാങ്ങി പറന്നു നടക്കുന്നു.

രാമ — ഞാൻ കാമസാധകനെക്കൊണ്ടു സംസർഗം വിധനായിരിക്കയാൽ അതിന്റെ ചിറകുകൊണ്ടു എനിക്ക ആ കാര്യത്തിൽ പ്രയോജനമില്ല. കാമവികാരമാത്രത്താൽ ഞാൻ മുങ്ങിപ്പോയിരിക്കുന്നു.

ഉൽക — കാമംകൊണ്ടു മുങ്ങിപ്പോകുന്നെങ്കിൽ കാമത്തിനു ഭാരംകെട്ടിത്തൂക്കണം. കാമം സാധനം അല്ല എന്നാൽ കാരണം ഒരു വസ്തുവല്ലെ?

രാമ — കാമം ഒരു ലഘുവായ സാധനമോ? ശിവ-ശിവ! അതിനോടു തുല്യം ഉറപ്പും കടുപ്പവും താപ്പും ഉള്ള വസ്തു ലോകത്തിലുണ്ടോ?

ഉൽക — കാമം ഇതു കഠിനമായ ഒരു വികാരമാണെങ്കിൽ അതിനോടു കാഠിന്യം പ്രവർത്തിക്ക. എന്നാൽ അതു ശൊരുങ്ങും. എന്റെ മുഖാച്ഛാദനം വസ്ത്രം ഇടുവാൻ ഒരു ഉറ തരു.

(എന്നു പറഞ്ഞു മുഖാച്ഛാദനം ഇടുന്നു)

മനോഹരമായ മുഖാച്ഛാദനമേ! ഇത് അണിഞ്ഞാൽ യാതൊരു കണ്ണുകൊണ്ടും മുഖസൌന്ദര്യം അറിവാൻ കഴികയില്ല; എന്നൊന്നുമല്ല ഉരുണ്ട ചക്ഷുക്കളായ തവളകൾ എന്നെ ഒന്നു മനസ്സിലാക്കാൻ ആശ്ചര്യപ്പെട്ടു നോക്കുകയും ചെയ്യും.

വനപാലകൻ — എല്ലാവരും വന്നു വാതിൽ തുറന്നു അകത്തു കടക്ക. അകത്തു കടന്നാൽ അമാന്തിയാതെ നൃത്തം തുടങ്ങിക്കണം.

രാമ — എനിക്ക് ഒരു പൂച്ച കിട്ടിയാൽ മതി. ചിത്തഭാവമുള്ള പല്ലവന്മാർ കമ്പളങ്ങളെത്തിന്നാൽ സുഖമാവണ്ണം നൃത്തമാടിച്ചുകൊള്ളട്ടെ. ഞാൻ പണ്ടു പഴമൊഴിയിൽ പറഞ്ഞ പ്രകാരം വിളക്കുപിടിച്ചു നോക്കിനിന്നുകൊള്ളാം.

ഉൽക — പൂച്ച വിളക്ക കത്തിച്ചു കളഞ്ഞിട്ടു ഫലമില്ല. നമുക്ക് ഉള്ളിലേക്ക് പോകാം?

രാമ — ഈ മനോവേഷവിനോദത്തിനു പോവാൻ ആഗ്രഹിക്കുന്നതിനാൽ ഒരു കുറ്റം എന്തെങ്കിലും ആകുമോ?

ഉൽക — ഇതു ബോധമെന്താ കാരണം കേൾക്കട്ടെ.

രാമ — ഞാൻ ഇന്നലെ രാത്രി ഒരു സ്വപ്നം കണ്ടു.

മംഗളോദയം

൧൦൮൪

പുസ്തകം ൧ } വൃശ്ചികം { ലക്കം ൪

മംഗളം

ശ്രുതിസുഖമരുളുമക്ഷര[illegible]-
[illegible]
[illegible]
[illegible]കാവ്യകന്യകേ.

കൊടുങ്ങല്ലൂർ [illegible] തമ്പുരാൻ

മലയാളഭാഷയുടെ

തൽക്കാലസ്ഥിതി



ഒരു ഭാഷ അതു സംസാരിക്കുന്നവരുടെ മനസ്സിന്റെ പ്രതിച്ഛായയായിരിക്കുന്നതിനാൽ, മനസ്സിന്റെ വികാസവും പരിഷ്കാരവും അനുസരിച്ചു ഭാഷയും വർദ്ധിച്ചുവരുന്നതാണ്. നൂതനവിചാരങ്ങളും, ആശയങ്ങളും, അറിവുകളും മനസ്സിനു സിദ്ധിക്കുമ്പോൾ, അവയെ പ്രകാശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളും ഉണ്ടാകാതെ കഴികയില്ല. ഇവയൊക്കെയും കേവലം ചിന്താമാത്രങ്ങളായിരിക്കുന്നിടത്തോളം, ഇവയെക്കൊണ്ട് അന്യന്മാർക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. എല്ലാ ഭാഷകളുടേയുമെന്നപോലെ, മലയാളഭാഷയുടേയും വർദ്ധനയ്ക്കു് അടിസ്ഥാനമായ തത്വം ഇതുതന്നെയാണ്. കേരളത്തിലെ പുരാതനവിദ്യാഭ്യാസരീതി മലയാളഭാഷയുടെ അഭിവൃദ്ധിക്കനുകൂലമായിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അക്ഷരാഭ്യാസം കഴിഞ്ഞാൽ പിന്നെ വാക്യം, പഞ്ചതന്ത്രം, കാലദീപകം, അമരകോശം, സിദ്ധരൂപം, കാവ്യം മുതലായവയെ യാതൊരു ക്രമവും കൂടാതെ പഠിപ്പിച്ചുവരിക പതിവായിരുന്നു. പഠിപ്പിക്കുന്ന ക്രമവും, ബുദ്ധിവികാസത്തിനാകട്ടെ [illegible]

ധാന്തങ്ങളെ ഒട്ടുംതന്നെ ഉപയുക്തമായിരുന്നില്ല. ധാരണാശക്തിയെ മാത്രമാണ് സമ്പ്രദായം പോഷിപ്പിച്ചുവന്നത്. ബുദ്ധിയുടെ ഉൽകൃഷ്ടങ്ങളായ മററു ശക്തികളെ അവലംബമായവയെല്ലാം വികസിക്കയോ ക്ഷയിക്കയോ ചെയ്യാത്ത നിലയിൽ ഉപേക്ഷിച്ചിരുന്നു. മലയാളഭാഷയിൽ യാതൊന്നും തന്നെ പഠിപ്പിച്ചുവന്നതായി തോന്നുന്നില്ല. ഭാഷയെത്തന്നെ വളരെ നിസ്സാരമായിട്ടാണ് ഗണിച്ചുവന്നത്. വിദ്വാന്മാരാകണമെങ്കിൽ ഗീർവ്വാണം കൂടാതെ കഴികയില്ലായിരുന്നു.

ഈ കാരണത്താൽ പണ്ടു ഭാഷാകൃതികൾ വളരെ ചുരുക്കമായിരുന്നു. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ കാലം മുതൽക്കാണ് ഈ സ്ഥിതിക്ക് അല്പം ഭേദം ഉണ്ടായിത്തുടങ്ങിയത്. അദ്ദേഹം സംസ്കൃതപണ്ഡിതനായും, അതുപോലെതന്നെ സ്വഭാഷാഭിമാനിയായും ഇരുന്നു. അദ്ദേഹം ഒരദ്ധ്യാപകൻകൂടിയായിരുന്നതിനാൽ, വിദ്യാഭ്യാസരീതിയിലും ഉചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തി. അദ്ദേഹത്തിന്റെ അദ്ധ്യാപനരീതിയെ നമുക്കു തെളിയിപ്പാൻ ഇടയായിട്ടില്ലെങ്കിലും, അദ്ദേഹം ഈ വിഷയത്തിൽ ഒരു നൂതനമാർഗ്ഗത്തെ വെട്ടിത്തെളിയിച്ചുവെന്നുള്ളതിന് അദ്ദേഹത്തിന്റെ ഉത്തമകാവ്യങ്ങളും, വിശിഷ്ടകൃതികളും പ്രത്യക്ഷസാക്ഷികളാകുന്നു. ഹേതുവാദം യുക്തിയെ ധാരാളമായി ഉപയോഗപ്പെടുത്തിക്കാണുന്നതിനാൽ, അദ്ദേഹം നാട്ടിൽ നടപ്പുണ്ടായിരുന്ന വിദ്യാഭ്യാസരീതിയിലും ഇതിനു പ്രധാനസ്ഥാനം നൽകിയിരിക്കണം. ഭാഷാന്തരീകരണവും ആദ്യമായി ചെയ്തത് ഇദ്ദേഹമാണെന്നു തോന്നുന്നു. വിമർശനസമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഘടകമായി സ്വീകരിച്ചു ഉപയോഗപ്പെടുത്തിയതും എഴുത്തച്ഛനാണ്. അതിനാൽ ഇദ്ദേഹത്തിനെ കേരളത്തിലെ നവീനവിദ്യാഭ്യാസരീതിസ്ഥാപകനായിട്ടു വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസരീതി 'ഗ്രന്ഥിതമായാദ്ധ്യാപനപ്രമാണ'ങ്ങളായ നാലുവസ്തുക്കളോടു കൂടിയിരുന്നുവെന്നുള്ളതിനു സംശയമില്ല. ഇപ്രകാരം വിദ്യാഭ്യാസരീതിയിലുണ്ടായ മാററം ബുദ്ധിവികാസത്തിനും, ജ്ഞാനവർദ്ധനവിനും, അനിതരമായ ഭാഷാഭിവൃദ്ധിക്കും ഏററവും അനുകൂലമായിരുന്നു. ഇതുമുതൽക്കാണ് മലയാളഭാഷയിൽ സാഹിത്യഗ്രന്ഥങ്ങൾ ഏറെക്കുറെ ഉണ്ടായിത്തുടങ്ങിയത്. ഭാഷയ്ക്കു കല്പിക്കപ്പെട്ടിരുന്ന നിസ്സാരതയും നീങ്ങിത്തുടങ്ങി. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളുടെ ഉത്ഭവം ഭാഷയുടെ അഭ്യുദയത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്നു. ഇതിനെ തുടർന്നു തുള്ളൽപ്പാട്ട്, കഥകളിപ്പാട്ട്, മണിപ്രവാളം മുതലായ പുതിയ മാതിരി കൃതികൾ ഉത്ഭവിച്ചു. ഇവ ഭാഷയുടെ സമ്പത്തിനെ വർദ്ധിപ്പിച്ചതു കൂടാതെ അതിന്നൊരു മാന്യസ്ഥാനം നൽകുകയും ചെയ്തുവെങ്കിലും ഇക്കാലത്തും ഭാഷയിൽ ഗ്രന്ഥങ്ങൾ വളരെ ചുരുക്കമായിരുന്നു.

എന്നാൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി ഈ വിഷയത്തിൽ ഒരു വലിയ മാററം സംഭവിച്ചു. ഇതു രണ്ടുപ്രകാരത്തിൽ മലയാളഭാഷയെ സഹായിച്ചു. ഇംഗ്ലീഷുഭാഷയിലുള്ള വിശിഷ്ടകൃതികളിൽനിന്നു നൂതനാശയങ്ങൾ ലഭിച്ചതിനും പുറമെ ഇതേ വഴി ഏറെക്കുറെ

അലഭ്യങ്ങളായിരുന്ന സംസ്കൃതസാഹിത്യഗ്രന്ഥങ്ങളുടെ പരിചയവും സിദ്ധിക്കുന്നതിനിടയായി. സൎവ്വകലാശാലാപരീക്ഷകൾക്കു മലയാളത്തെ ഒരു ഉപഭാഷയായി സ്വീകരിച്ചതും അതിൻെറ ഉയൎച്ചയ്ക്ക് ഒരു പ്രധാനകാരണമായിത്തീൎന്നു. നാട്ടുഭാഷാവിദ്യാഭ്യാസപദ്ധതിയോടുകൂടി എല്ലാ വിഷയത്തിലും ഗദ്യപുസ്തകങ്ങളുടെ ആവശ്യവും നേരിട്ടുതുടങ്ങി. ഭാഷയിൽ വൎത്തമാനപത്രങ്ങളും മാസികകളും ക്രമേണ ഉത്ഭവിച്ചു. ആവശ്യവും അവസരവും നേരിട്ടപ്പോൾ ഗ്രന്ഥമെഴുത്തുകാരും ഉണ്ടായി. കഴിഞ്ഞ അമ്പതു കൊല്ലത്തിനിടയ്ക്കു മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധിക്കു പ്രധാനകാരണങ്ങളിൽ മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസത്തിനു ഒട്ടില്ല. അദ്ദേഹത്തിൻെറ കൃതികൾ ഭാഷയ്ക്കു അലങ്കാരങ്ങളായിത്തന്നെയിരിക്കുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അനേകം എഴുത്തുകാരും ഗ്രന്ഥങ്ങൾ നിൎമ്മിച്ചു ഭാഷയെ പോഷിപ്പിക്കുന്നതിന് ആരംഭിച്ചു. വിദ്വാനായ അദ്ദേഹത്തിൻെറ ഭാഗിനേയനും, ഈ വിഷയത്തിൽ അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ട്. പൂജ്യനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാപോഷണവിഷയത്തിൽ ചെയ്തുവരുന്ന പ്രയത്നങ്ങൾ അനൎഘങ്ങളാണെന്നു മാത്രമേ പറവാൻ പാടുള്ളു.

എന്നാൽ ഭാഷയ്ക്ക് ഇപ്പോൾ ഏതോ അല്പം ഒരു ക്ഷീണം നേരിട്ടിരിക്കുന്നതായി തോന്നുന്നു. കേരളകാളിദാസനെന്നും, കേരളവ്യാസനെന്നും പേര് സമ്പാദിച്ച കവിന്മാർ ഇപ്പോൾ യശഃശരീരന്മാരായിത്തീൎന്നിരിക്കുന്നു. മറ്റും അനേകം പ്രസിദ്ധപ്പെട്ട എഴുത്തുകാർ സാഹിത്യരംഗത്തെ വിട്ടുമാറിയിരിക്കുന്നു. ഭാഷാസാഹിത്യരഥത്തിനു കൎണ്ണധാരൻ ഇപ്പോൾ ആരാണെന്നു തീൎച്ചയായിട്ടില്ല. എന്നാൽ ഇതിനിടെ ഗ്രന്ഥമെഴുത്തുകാൎക്ക് ഒട്ടും കുറവില്ലതാനും. ഗ്രന്ഥങ്ങളും പ്രതിദിനം വൎദ്ധിച്ചുവരുന്നുണ്ട്. ഇവയിൽ എന്തെല്ലാം ഭാഷയ്ക്കു ഭൂഷണവും, എന്തെല്ലാം ഭാഷയ്ക്കു ദൂഷണവുമാണെന്നു തീൎച്ചപ്പെടുത്തുവാൻ ഒരു വിധികൎത്താവിൻെറ അഭാവം നിമിത്തം നിവൃത്തിയില്ലാതായിരിക്കുന്നത്. സാഹിത്യനിരൂപണം നമ്മുടെയിടയിൽ ഇതുവരെ സുപ്രതിഷ്ഠിതമായിട്ടില്ല. അതിനായിട്ടു പ്രത്യേകമാസികകളും ഒന്നുംതന്നെ ഉണ്ടായിട്ടില്ല. പ്രത്യേകപരിശോധനയും ഉള്ളതായിക്കാണുന്നില്ല. വായനക്കാർതന്നെ നിരൂപകന്മാരായിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. അവർ ഭിന്നരുചികളായിരിക്കുന്നതുകൊണ്ടു ഗ്രന്ഥങ്ങളുടെ യഥാൎത്ഥഗുണദോഷങ്ങൾ വെളിപ്പെടുവാൻ തരമില്ല. ഇതിനിടെ ഒരു പുതിയ തരം ഗ്രന്ഥകാരന്മാരും ഉണ്ടായിട്ടുണ്ട്. വിദ്യാൎത്ഥികളുടെ ഉപയോഗത്തിനെന്നു സങ്കല്പിച്ച് എഴുതപ്പെടുന്ന പുസ്തകങ്ങളുടെ സംഖ്യ ഇപ്പോൾ പല കാരണങ്ങൾ കൊണ്ടും ക്രമത്തിലധികം വൎദ്ധിച്ചുവരുന്നുണ്ട്. വിദ്യാൎത്ഥികൾക്കു വേണ്ടി ആൎക്കും ഗ്രന്ഥമെഴുതാൻ കഴിയുമെന്നു എളുപ്പവും വിചാരിക്കുന്നതെങ്കിൽ അതു തീരെ അബദ്ധമാണ്. വിദ്യാൎത്ഥികളുടെ മുമ്പിൽ സമൎപ്പിക്കുന്നവ എല്ലാവിധത്തിലും മാതൃകകളായിരിക്കേണ്ടതത്യാവ

ശ്യമാണല്ലോ. വല്ലതും ഒക്കെ എഴുതിയിട്ടാൽ മാത്രം പോരല്ലോ. ഇപ്പോൾ കാണുന്ന പുസ്തകങ്ങൾ അവയെക്കൊണ്ടുള്ള ഉപയോഗപ്പെടുന്നതെന്നും, എന്തിനെ പഠിക്കേണ്ടതെന്നും അറിയാതെതന്നെ ചോദിപ്പിക്കയായിരിക്കുന്നു. വിദ്യാലയങ്ങളിലേക്ക് പുസ്തകം തിരഞ്ഞെടുക്കുന്ന സംഘക്കാർ ഇവയെപ്പറ്റി വല്ലതും അറിയാതെയിരിക്കും. ഗ്രന്ഥനിർമ്മാണത്തിനു അവർക്കധികാരവും, ചുമതലയും, സൌകര്യവുമുണ്ടല്ലോ. ഈ ഗ്രന്ഥങ്ങൾ പ്രായേണ അപ്രസക്തന്മാരാൽ ബദ്ധപ്പെട്ട് എഴുതപ്പെട്ടവയായിരിക്കുന്നതിനാൽ, ഇവയിൽ മിക്കവയിലും വാചകങ്ങളുടെ ശൈഥില്യം, അപൂർണ്ണത, അവ്യക്തത മുതലായ ദോഷങ്ങൾ ധാരാളം കാണപ്പെടുന്നുണ്ട്. വിദ്യാഭ്യാസവും ഭാഷയും ചേർന്നുതന്നെയെന്നു പറയാം. എന്നാൽ ഭാഷയിൽ പഠനസഹായികളായിരിക്കേണ്ടവ ഒന്നെടുക്കാൻ കഴിയില്ല. അവ ക്ഷണികസാഹിത്യവർഗ്ഗത്തിൽ ഉൾപ്പെട്ടവയായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു. അവ തൽക്കാലത്തെ ഉപയോഗത്തിനാണെങ്കിലും, ആലോചനാപൂർവ്വം എഴുതപ്പെടുന്നതായാൽ തരക്കേടില്ലായിരുന്നു.

സാമാന്യേന സാഹിത്യം ഉൽകൃഷ്ടമായ മനോവ്യാപാരത്തിന്റെ സൽഫലം മാത്രമാണല്ലോ. അതു ഏതു ഭാഷയിലും അത്ര അധികമായി കാണപ്പെടുകയില്ലെങ്കിലും, അതു മാത്രമേ ഒരു ഭാഷയിൽ കാലത്തെ അതിക്രമിച്ചു സ്ഥായിയായി നില്ക്കയുള്ളൂ. 'വാല്മീകി', 'ഹോമർ' മുതലായവരുടെ കൃതികൾ സകലലോകസാമാന്യങ്ങളായി ഇന്നും സ്ഥിതിചെയ്യുന്നതിന്റെ കാരണം ഇതുതന്നെയാണ്. ഏതായാലും നാമെല്ലാവരും ഗ്രന്ഥനിർമ്മിതിക്ക സമർത്ഥരാണെന്നുള്ള അഭിമാനബോധം, മാതൃഭാഷയുടെ നന്മയെ ഉദ്ദേശിച്ചു മാത്രമാണെന്നു തോന്നിക്കുന്നു. ഒരു ഭാഷയുടെ പുഷ്ടി കേവലം അതിലുള്ള ഗ്രന്ഥങ്ങളുടെ സംഖ്യയിലല്ല, വിലയിലാണ് സ്ഥിതിചെയ്യുന്നതെന്നു നാം ഓർമ്മിക്കേണ്ടതാണ്. നെല്ലിന്റെ ഇടയ്ക്കു കളകളും ഉണ്ടാകുന്നതു സ്വാഭാവികമാണ്. എന്നാൽ കളകളെ നശിപ്പിച്ചില്ലെങ്കിൽ നെല്ലിനു ദോഷം തട്ടും. ഇതുപോലെ സാഹിത്യം, ഗദ്യം-പദ്യം ഇങ്ങിനെ രണ്ടുവിധമുണ്ട്. ഇക്കാലത്തു ഗദ്യഗ്രന്ഥങ്ങളാണ് പദ്യഗ്രന്ഥങ്ങളെക്കാൾ അധികം പ്രയോജനകരങ്ങളായിരിക്കുന്നത്. ഗദ്യം എഴുതുന്ന വിഷയത്തിൽ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടെന്നു വിചാരിക്കുന്നതുകൊണ്ടായിരിക്കാം ഗദ്യമെഴുത്തുകാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നത്. എന്നാൽ ഒരു നിയമങ്ങളെയും അനുസരിക്കാതുള്ള സ്വാതന്ത്ര്യം മറ്റു വിഷയങ്ങളിലെന്നപോലെ ഇതിലും അനഭിലഷണീയമാണ്. ഗദ്യസാഹിത്യത്തിന്റെ നാം എന്തിനെയാണു ശ്രമിച്ചിരിക്കുന്നതെന്നു ആലോചിക്കുന്നത് നല്ല നിലയിലുള്ളതായിരിക്കുന്നില്ല. എഴുത്തച്ഛൻ മുതലായ പൂർവ്വസൂരികൾ ഗദ്യമെഴുതി നമുക്കു മാതൃകകൾ തന്നിട്ടില്ലാത്തതു നമ്മുടെ ദൌർഭാഗ്യം തന്നെയെന്നേ പറയാവൂ. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ എഴുത്തച്ഛന്റെ കിളിപ്പാട്ട് ഗദ്യരീതിയോട് ഏറ്റവും അടുത്തിരിക്കുന്നതു നമുക്കു കാണാവുന്നതാണ്. ഇപ്പോൾ ഭാഷാന്തരങ്ങൾക്കു മാതൃക അവർ തന്നെയാണ്. സംസ്കൃതപദങ്ങൾ വേണ്ടിടത്തും, വേണ്ടാത്തിടത്തും ഉപയോഗിച്ചാൽ നല്ല ഗദ്യമെഴുത്തുകാരനായിയെന്ന്

ഒരു കൂട്ടർ വിചാരിക്കുന്നു. വാചകങ്ങളെ എളുപ്പമാക്കി തീർക്കുന്നതാണ് നല്ല ഗദ്യമെഴുത്തിന്റെ ലക്ഷണമെന്ന് മറ്റു ചിലർക്കഭിപ്രായമുണ്ട്. അർത്ഥം അറിഞ്ഞ് മനസ്സിലാകാത്തവിധത്തിൽ എഴുതിയാൽ ഉത്തമഗദ്യമായിയെന്നു വേറെ ചില കൂട്ടർ വിചാരിക്കുന്നു. ശൈലികളെയും വ്യാകരണനിയമങ്ങളെയും വകവെയ്ക്കാതിരുന്നാൽ മതിയാകുമെന്നും ചിലർക്കഭിപ്രായമില്ലയോ എന്നു സംശയമുണ്ട്. ഇപ്പോഴത്തെ ആഖ്യായികയെഴുത്തുകാർ ധാരാളം ഉണ്ടല്ലോ. ഇവരുടെ 'കഥകളും', 'നോവലുകളും' ധാരാളമായി ഭാഷയിൽ പടർന്നുപിടിച്ചുകൂടിയിരിക്കയാണ്. ഇവരുടെ വാക്കുകളിൽ ഒരു പ്രത്യേകതന്നെയാണ്. ഇതിന്റെ ഉത്പത്തിസ്ഥാനം എവിടെയാണെന്ന് ഇപ്പോഴും അറിവാൻ നിവൃത്തിയില്ല. നമ്മുടെയിടയിലും, സ്കോട്ട്സും, ഡിക്കെൻസും, റെയിനാൾഡ്സും ഉണ്ടാകണമെന്നു ആഗ്രഹമില്ലായെന്നു സമ്മതിക്കാതെ കഴികയില്ല. എന്നാൽ ഇതിനായി നാം എത്രകാലം കാത്തിരിക്കേണ്ടിവരുമെന്ന് ഇപ്പോഴും നിശ്ചയിക്കാൻ മാർഗ്ഗമില്ല. എന്തായാലും 'ഇതൊരു വിളവെടുപ്പിയാണ്. പത്തുനൂറെണ്ണം പടച്ചിട്ടാൽ' എന്ന് ഇതുകൊണ്ടർത്ഥിച്ചാൽ നന്നായിരിക്കും. നല്ല ആഖ്യായികകളും ഭാഷയിൽ ഉണ്ടായിട്ടില്ലെന്നു വിധിച്ചു പറവാൻ പാടില്ല. എന്നാൽ അവ വളരെ ചുരുക്കംതന്നെയാണ്. പിന്നെ ഗദ്യമെഴുത്തുകാർ നല്ല കൂട്ടരും ഇല്ലാതെയില്ല. അപ്പൻതമ്പുരാന്റെ കൃതികൾ സർവ്വപ്രകാരേണ ഈ വിഷയത്തിൽ ഉന്നതമാതൃകകളാണെന്നുള്ളതിനു സംശയമില്ല. പരിശുദ്ധി, സരളത, പ്രസന്നത, സ്വച്ഛത, സൂക്ഷ്മത മുതലായവ തിരുമനസ്സിലെ ഭാഷാരീതിയുടെ വിശേഷഗുണങ്ങളാകുന്നു. ഇദ്ദേഹത്തെ കൂടാതെയും നല്ല ഗദ്യമെഴുത്തുകാർ പലരും ഉണ്ട്. എന്നാൽ അവരെ അനുകരിക്കുന്നവർ വളരെ ചുരുക്കം ഉണ്ടോ എന്നു സംശയം തന്നെയാണ്. ശോഷ മനസ്സിന്റെ ഉൽപ്പന്നമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ ഉൽപ്പന്നം ശരിയായിരുന്നാൽ മനോവികാരങ്ങൾ നന്നായി പ്രതിഫലിപ്പിക്കാതെയിരിക്കയില്ലല്ലോ. എന്തായാലും ഗദ്യമെഴുത്തുകാർ അനാവശ്യവും, സ്വച്ഛന്ദവുമായ ഒരു ഭാഷാരീതിയെ അവലംബിക്കുന്നതു ആവശ്യമായിരിക്കുന്നു. വായനക്കാർക്കു ജ്ഞാനവും, രസവും, പ്രയോജനവും നൽകുന്ന ഗ്രന്ഥങ്ങൾ മാത്രമേ സാഹിത്യങ്ങളായി ഗണിക്കപ്പെടാൻ പാടുള്ളു. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളിൽ എത്ര എണ്ണം ഇതിൽ ഉൾപ്പെടുമെന്നു നിശ്ചയമില്ല. ഇരിക്കിലും ഇവയിൽ അധികവും അനാവശ്യമുള്ളവയായിട്ടുതന്നെ കാണപ്പെടും. 'ധനാഗ്രഹിക'ളായുള്ള ഗ്രന്ഥങ്ങളുടെ ബാഹുല്യംകൊണ്ടു യഥാർത്ഥസാഹിത്യഗ്രന്ഥങ്ങളിൽ നമ്മുടെ ദൃഷ്ടി വേണ്ടുംപോലെ പതിയുന്നതിനിടയാകുന്നില്ലെന്ന് ഒരു ദോഷംകൂടി ഉണ്ട്. ഭാഷയുടെ സാഹിത്യസമ്പത്തു വർദ്ധിപ്പിക്കേണ്ടതു നമ്മുടെ ചുമതലയാണ്. അതിനുള്ള മാർഗ്ഗം എപ്പോഴും ഗ്രന്ഥമെഴുതിത്തള്ളുകയാണോ എന്നാണ് സംശയം. എഴുതുന്നവയൊക്കെയും സാഹിത്യമാകുമോ എന്നു ആലോചിക്കേണ്ടതാണ്. നമ്മെ ഗ്രന്ഥമെഴുത്തിലേക്കാകർഷിക്കുന്നതിനു ഇപ്പോഴും ചില പ്രധാനകാരണങ്ങളുണ്ട്. അതൊക്കെയും ഇവിടെ

പറഞ്ഞിട്ടാവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഇതും നമ്മുടെ അഭിപ്രായങ്ങളിൽ മററു പലതുകളെപ്പോലെ തർക്കയോഗ്യമായ ഒന്നാണെന്നു മാത്രമേ പറയുന്നുള്ളൂ.

പദ്യത്തെപ്പററിയും ഇപ്രകാരം ധാരാളം ഉണ്ടായിരിക്കാവുന്നതായിരിക്കുന്നു. ഗദ്യത്തെ സംബന്ധിച്ചു പറഞ്ഞതെല്ലാം ഇതിനേയും സംബന്ധിക്കുന്നതാണ്. പദ്യങ്ങളെല്ലാം കവിതകളാകയില്ലല്ലോ. കവിത വിശിഷ്ടകലകളിൽ ഒന്നാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇവയെല്ലാററിന്റെയും അടിസ്ഥാനം 'വാസന'യാണല്ലോ. വാസനയില്ലെങ്കിൽ അതുണ്ടാക്കാനും പ്രയാസമാണ്. എങ്കിലും കവിതാലക്ഷണത്തെക്കുറിച്ചു നമ്മിൽ പലരും ഈ തത്വം വിസ്മരിച്ചുപോകുന്നു. കവിതയുടെ സൂക്ഷ്മമായ സ്വരൂപത്തിനെ നമുക്കറിയാമോ എന്നതു സംശയമാണ്. കവിതയെന്നത് 'അപ്രത്യക്ഷമായ പ്രകൃതിയുടെ പ്രത്യക്ഷമായ ചിത്ര'മാണെന്ന് ഒരു മഹാൻ പറഞ്ഞുകാണുന്നു. ഈ വിവരണത്തിൽ എത്രമാത്രം സാരം അടങ്ങീട്ടുണ്ടെന്ന് ഇപ്രകാരം വിസ്തരിച്ചുപറവാൻ സാധിക്കയില്ല. ഇതിന്റെ സാരം അല്പമെങ്കിലും ഗ്രഹിച്ചിട്ടാണോ നാം ഇപ്രകാരം കവിതയെഴുതുന്നത്? ഈ ലക്ഷണത്തോടുകൂടിയ കവിത ഇപ്രകാരം എത്രയുണ്ട്? കവിയും, കാമുകനും, ഭ്രാന്തനും തുല്യന്മാരാണെന്നു മഹാകവിയായ ഷേക്സ്പിയർ തന്നെ പറഞ്ഞിരിക്കുന്നു. ഇവർ മൂന്നുപേരും മനോധർമ്മത്തിന്റെ പൂർണ്ണസ്വരൂപങ്ങളാണത്രെ. അദ്ദേഹം കവിയെ ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു:— 'കവിയുടെ ദൃഷ്ടി ഒരു വിശേഷമായ ഉന്മാദത്താൽ പ്രേരിതമായിട്ട്, പ്രതിക്ഷണം, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കും, സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കും പതിക്കുന്നു. കവിയുടെ മനോധർമ്മം അജ്ഞാതങ്ങളായ വസ്തുക്കൾക്കു രൂപം നൽകുകയും, അദ്ദേഹത്തിന്റെ തൂലിക അവയെ പ്രത്യക്ഷമായി പ്രദർശിപ്പിക്കയും, ഇല്ലാത്ത വസ്തുക്കൾക്കു ഭവനവും സ്ഥാനവും പേരും നൽകുകയും ചെയ്യുന്നു.' ഇതിൽ പറയുന്ന ലക്ഷണങ്ങളും മുമ്പു പ്രസ്താവിച്ച വിവരണത്തിലുള്ള ലക്ഷണങ്ങളും ഏകദേശം ഒരുപോലെതന്നെയാണെന്നു സ്പഷ്ടമായിരിക്കുന്നതാണ്. ഈ തോതുവെച്ചു നോക്കുന്നതായാൽ നമ്മുടെ ഇടയിൽ എത്ര 'കവികൾ' കാണും? കവിതയിൽ മനോധർമ്മത്തിനു എത്രമാത്രം പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നു അനുമാനിക്കാവുന്നതാണ്. കാവ്യം 'രസാത്മക'മായിരിക്കണമെന്നു പറയുന്നതിന്റെ സാരവും ഇതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നത്. പരിഷ്കാരം വർദ്ധിക്കുന്തോറും കവിത കുറഞ്ഞുവരുമെന്നു 'മെക്കാളി' പറഞ്ഞിട്ടുള്ളതിൽ വാസ്തവം ഇല്ലാതില്ല. ഇപ്രകാരം നമ്മുടെ ദൃഷ്ടി പ്രധാനമായി പതിയുന്നതു 'പ്രകൃതിയുടെ' സ്വരൂപത്തിലല്ല, അതിന്റെ ഉപയോഗത്തിലാണ്. എങ്കിലും നമ്മുടെ ഇടയിലും യഥാർത്ഥകവികൾ ഇല്ലെന്നു പറവാൻ പാടില്ല. പദ്യമെഴുത്തുകാരിൽ വാസനയില്ലാത്തവർ ഗദ്യത്തിലേക്കു ദൃഷ്ടി പതിക്കുന്നതായാൽ ഗദ്യസാഹിത്യത്തിനു വർദ്ധനയുണ്ടാവാനിടയുണ്ട്. ഉൽകൃഷ്ടവിദ്യാഭ്യാസം നമ്മുടെ ചിന്തകളുടെയും, ചിത്തവൃത്തികളുടെയും നിലയെ ഏറെക്കുറെ ഉയർത്തിവരുന്നുണ്ട്. ഭാഷയേയും ആ നിലയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ തീരെ ഉപേ

ക്കിക്കുന്നു. അതിന്നായും ഒന്നുമൊന്നു തോന്നുന്നില്ല. മലയാളഭാഷയ്ക്കിപ്പോൾ അത്യാവശ്യമായിരിക്കുന്നതു 'ശബ്ദ' സാഹിത്യമല്ല, 'അർത്ഥ'സാഹിത്യമാണ്. സ്വഭാഷയിൽത്തന്നെ ഉൽകൃഷ്ടവിദ്യാഭ്യാസം വേണമെന്നാണല്ലോ നമ്മുടെ എല്ലാവരുടെയും താല്പര്യം. ഒരു മലയാളസർവ്വകലാശാലയാണ്, നമ്മുടെ ഈ വിഷയത്തിലുള്ള ആശയുടെ പരമകാഷ്ഠ. ഇതിന്നായിരിക്കുന്ന സ്ഥിതിക്ക് ഉത്തമങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അത്യാവശ്യകങ്ങളായി വരുന്നു. എന്നാൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങൾ ഉത്തമത്തിലുള്ളവയല്ല. അതുകൊണ്ട് നമ്മുടെ സാഹിത്യകർത്താക്കന്മാരും സാഹിത്യകർത്താക്കന്മാരാകാൻ ഇച്ഛിക്കുന്നവരും അവരുടെ മനസ്സിനേയും, ശ്രമത്തെയും ഈ വിഷയത്തിലേക്ക് തിരിച്ചുവിട്ട് നമ്മുടെ ഭാഷാസാഹിത്യത്തിന്റെ ഗൗരവവും ഗുണവും ഉയർത്തുന്നതിനു ഇറങ്ങിയാൽ നന്നായിരിക്കുമെന്നു തോന്നുന്നു. ലോകത്തിൽ പൂർണ്ണതയില്ലാത്ത കാര്യം ഒന്നുംതന്നെയില്ല. എന്നാൽ ഗ്രന്ഥമെഴുത്തുകാരുടെ പൂർണ്ണത ഒട്ടും ഇല്ലാവരല്ല. പല മാതിരി സർവ്വകലാശാല വേണമെങ്കിൽ അതിനുള്ള അടിസ്ഥാനം ഇപ്പോൾത്തന്നെ ഉറപ്പിക്കേണ്ടിയിരിക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്നു ഉൽകൃഷ്ടഗ്രന്ഥങ്ങൾ ആവശ്യകങ്ങളാണല്ലോ. നാം ഉത്സാഹിക്കാഞ്ഞാൽ അവ എവിടെനിന്നു ഉണ്ടാകും?

മലയാളഭാഷ ഇപ്പോൾ ഒരു ദുർഘടമായ ഘട്ടത്തിലാണിരിക്കുന്നത്. ഓരോ സ്ഥലങ്ങളിൽനിന്നും അതിനു പ്രതിദിനം സ്ഥാനഭ്രംശം വന്നുകൊണ്ടിരിക്കുന്നു. ന്യായാലയങ്ങളിലും, മറ്റു കച്ചേരികളിലും അതു പേരിനു മാത്രം ഉണ്ടെന്നേ പറയാൻ പാടുള്ളൂ. നമ്മുടെ സംസ്ഥാനത്തിലും മലയാളപാഠങ്ങൾ കുറഞ്ഞു കുറഞ്ഞു വരുന്നു. മലയാളവിദ്യാലയങ്ങളിൽ ട്രെയിനിംഗ് കാര്യവും, മുഖ്യപരീക്ഷ നിർത്തുകയും ചെയ്തു. ഇവയിലെ എഴുത്തുകുത്തുകൾ കൂടി ഇംഗ്ലീഷിൽ വേണമെന്നു നിർബ്ബന്ധമാണത്രെ. സ്വഭാഷാപരിചയം തീരെ ആവശ്യമില്ലെന്നു തോന്നുന്നു. ഈ വക വിദ്യാലയങ്ങളുടെ വിലക്കുകൾതന്നെ, പുതിയ വിദ്യാഭ്യാസനിയമമനുസരിച്ച്, ഇപ്പോൾ അന്യഭാഷയിലാണ് പറഞ്ഞുവരുന്നത്. അവ ശരിപ്പെടുത്തണമെങ്കിൽത്തന്നെ കാര്യം സമയവും ശ്രമവും വ്യയം ചെയ്യേണ്ടിയിരിക്കുന്നു. മലയാളത്തിലുള്ള പരീക്ഷയുടെ പേരും മാറ്റപ്പെടുന്നു. മലയാളത്തിൽ പേരിപ്പോഴിത്രേ കിട്ടാതായിട്ടു എത്രകൊല്ലമായെന്നറിവാൻ പാടില്ല. തെരുവുകളിൽ നാം കേൾക്കുന്ന ഭാഷയും മിശ്രമത്രേ. ഈ മാതിരി ഭാഷ പത്രങ്ങളിലും പുസ്തകങ്ങളിലും കേറിക്കൂടീട്ടും ഉണ്ട്. ശുദ്ധമലയാളം വല്ലേടത്തും ഉണ്ടോ എന്നോ? ഈ സ്ഥിതിക്ക് ഭാഷയുടെ സംരക്ഷണത്തിനു മതിയാകുന്നതായ ഒരു ശക്തി ഉണ്ടായിരിക്കേണ്ടത് എത്രയും ആവശ്യമാണ്. [illegible] ഇല്ലാതായി. ഭാഷാപോഷിണീസഭ നിന്നുപോയി. സാഹിത്യസമാജം മരിച്ചുകിടക്കുന്നു. സർവ്വകലാശാലയും ഉപേക്ഷിക്കുന്നമട്ടായി. എവിടെനിന്നാണ് ഭാഷയ്ക്ക് ഇനി സഹായം ലഭിക്കുന്നത്?

ഇങ്ങനെ ശ്രദ്ധിക്കാതിരുന്നാൽ, കുറച്ചുകാലം കൂടി കഴിഞ്ഞാൽ മലയാളഭാഷയു

ടെ സ്ഥിതി എന്തായിരിക്കും? ഇതു ഭാഷാഭിമാനികളുടെ ഗൌരവമായ ആലോചനക്കു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണ്. കൊച്ചിയിലെ സാഹിത്യസമാജം ഒന്നു പരിഷ്കരിച്ചു 'കേരളസാഹിത്യസമാജം' ആക്കി, അതിലെ അംഗങ്ങളുടെ സംഖ്യ കാൎയ്യക്ഷമതക്കു വിഘാതം വരാത്ത വിധത്തിൽ വൎദ്ധിപ്പിച്ചു ഭാഷാപോഷണം, സാഹിത്യപരിശോധന, നൂതനഗ്രന്ഥനിൎമ്മാണം, ഭാഷാന്തരീകരണം മുതലായ ചുമതലകൾ ഏല്പിക്കുന്നതായാൽ പ്രകൃതം വല്ലതും സാധിക്കുമായിരിക്കാം. അംഗങ്ങൾ ഭാഷാഭിമാനികളും, ഭാഷാഭിജ്ഞന്മാരും, പ്രത്യേകിച്ചും ഉത്സാഹശീലന്മാരും ആയിരിക്കേണ്ടതാവശ്യമാണ്. ഈ സംഘത്തിനു ഒരു മൂലധനവും ഉണ്ടായിരിക്കണം. ഇതും ഭാഷാപോഷിണിസഭപ്പോലെ കലാശിക്കയില്ലയോ എന്നു സംശയിക്കാം. അതിനു പറയുന്നതാണ്. ഒരു സമാജങ്ങളും തൃപ്തികരമായി പ്രവൎത്തിക്കാതിരിക്കുന്നതിന്റെ കാരണം അന്വേഷിച്ചു വേണ്ട പരിഹാരങ്ങളും, പരിഷ്കാരങ്ങളും ചെയ്താൽ മാത്രമേ അല്പമെങ്കിലും ഫലം ഉണ്ടാകയുള്ളൂ. ഇതിന്റെ ഭരണാധികാരം ഭാഷാപോഷണത്തിൽ യഥാൎത്ഥപ്രതിപത്തിയും, ഒരു ഭാഷയോടെങ്കിലും സ്നേഹവും ഉള്ളവരായിരിക്കുന്നതുകൂടാതെ അവരുടെ സമയത്തെയും ബുദ്ധിശക്തിയെയും ഈ വിഷയത്തിൽ വ്യയം ചെയ്യുന്നതിനു സന്നദ്ധരായും ഇരിക്കണം. 'ഒത്തു പ്രവൎത്തിക്ക' എന്നുള്ളതാണ് ഏതു സമാജത്തിന്റെയും മൂലമന്ത്രം. അതുകൊണ്ടു അംഗങ്ങളെല്ലാം ഇതിനൊത്തുകൂടുന്നവരായിരിക്കണം. ഒരു ശരിയായ അഭിപ്രായം, കാൎയ്യശേഷിയും, ഒന്നിച്ചുള്ള സംഘവും ഉണ്ടായിരുന്നാൽ ഏതു സമാജവും സഫലമായ വിധത്തിൽ പ്രവൎത്തിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. ഇവയെല്ലാം ഭാഷാഭിമാനികളുടെ ആലോചനക്കും ശ്രദ്ധക്കും വിഷയീഭവിക്കണമെന്നു വിശ്വസിക്കുന്നു. ഇതുകൂടാതെ ഇപ്രകാരമുള്ള ഒരു സമാജത്തിനു ഭാഷാസംബന്ധമായ പല കാൎയ്യങ്ങളും ചെയ്വാൻ കഴിയുന്നതാണ്. ഒരു മലയാളസാഹിത്യശേഖരസ്ഥാപനത്തിനു വേണ്ട യത്നങ്ങളും ശേഖരങ്ങളും ചെയ്യുന്നതിനും, അതിലേക്കു അധികൃതന്മാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും, സഹായത്തെ സമ്പാദിക്കുന്നതിനും ഇപ്രകാരം ശക്തിമത്തായ ഒരു സമാജം ആവശ്യമാണല്ലോ. ഈ സമാജം വകയായി ഒരു മലയാളഗ്രന്ഥശാലയും വേണ്ടതാണ്. ഇതുവരെയായിട്ടും കേരളത്തിൽ ഇപ്രകാരമൊരു സ്ഥാപനം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. യഥാൎത്ഥസൎവ്വകലാശാല ഒരു ഗ്രന്ഥശാലയാണെന്നു 'കാർലൈൽ' എന്ന മഹാൻ പറഞ്ഞിരിക്കുന്നു. എന്തെങ്കിലും ഉടനെ പ്രവൎത്തിക്കുന്നതിനു നാം നിൎബ്ബന്ധിതന്മാരായിരിക്കുന്നു. എല്ലാ വിഷയത്തിലും ഇപ്പോൾ പരിഷ്കാരം നടന്നുകൊണ്ടിരിക്കുന്ന കാലമാണല്ലോ. അതുപോലെതന്നെ ഭാഷാപരിഷ്കാരത്തിലും നാം ശ്രദ്ധിച്ചാൽ നന്നായിരുന്നു. നമുക്കീ വിഷയത്തിൽ മാത്രം വളരെ അനാസ്ഥയുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിനു മാറാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു ചെയ്യേണ്ട മറ്റു കാൎയ്യങ്ങൾ വിദ്വാന്മാരുടെയും, ഭാഷാഭിമാനികളുടെയും ആലോചനക്കായി വിട്ടിരിക്കുന്നു.

ആർ. ഈശ്വരപിള്ള ബി. എ.

ശൈശവവിവാഹം

വിവാഹവിഷയത്തിൽ ഇന്ത്യയിലും പടിഞ്ഞാറെ യൂറോപ്പിലും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസം ശൈശവവിവാഹത്തിലാണ്. 1880-നു അടുത്ത ഒരു കാലത്തെടുത്ത കണക്കപ്രകാരം, പടിഞ്ഞാറെ യൂറോപ്പിൽ 20 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ 2147-ൽ ഒന്നും സ്ത്രീകൾ 142-ൽ ഒന്നും ആകുന്നു. എന്നാൽ ഇന്ത്യയിൽ അതേ വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ 100-നു പത്തും സ്ത്രീകൾ 100-നു 27-ഉം ആകുന്നു. അഞ്ചുവയസ്സിനു താഴെ വിവാഹം കഴിഞ്ഞിട്ടുള്ള പുരുഷന്മാർ കുറവാണെങ്കിലും 10 വയസ്സിനു താഴെ 100-നു 4 വീതമുണ്ട്. അഞ്ചു വയസ്സിനു താഴെ വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾ 72-നു 1 വീതമുണ്ട്. 10 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾ ഇന്ത്യയിൽ ആകെ 25 ലക്ഷമുണ്ട്.

ഹിന്ദുശാസ്ത്രഗ്രന്ഥങ്ങളിൽ ബാല്യവിവാഹം നിർബന്ധമാക്കീട്ടുണ്ട്. എന്നാൽ, പൂർവ്വനിവാസികളുടെ ഇടയിൽ ഇളമതിവിവാഹമായിരുന്നു പതിവ്. ഇന്ത്യയിലെ പൂർവ്വനിവാസികളുടെ ഇടയിൽ ശൈശവവിവാഹം നടപ്പുണ്ടായിരുന്നില്ലെന്നും, ആര്യന്മാരാണ് അതിനെ ഇന്ത്യയിൽ കൊണ്ടുവന്നതെന്നും, ഹിന്ദുമതത്തിന്റെയും ഉയർന്ന ജാതിക്കാരായ ആര്യന്മാരുടെയും അടുപ്പംകൊണ്ട് ഈ നടപ്പു താണ ജാതിക്കാരുടെ ഇടയിൽ കടന്നുകൂടിയെന്നുമാണ് ഇപ്രകാരം വിചാരിച്ചുവരുന്നത്. ഈ അഭിപ്രായം ഇന്ത്യയിലെ നടപ്പിനു ശരിയാണെന്നു, മതസിദ്ധാന്തങ്ങളിലും സമുദായ നടപ്പുകളിലും പൂർവ്വനിവാസികളുടെ അടുപ്പംകൊണ്ടു വളരെ ഭേദഗതികൾ വന്നിട്ടുണ്ടെന്ന സംഗതിയെ ഈ അഭിപ്രായക്കാർ തീരെ വിസ്മരിക്കുന്നുവെന്നും തോന്നുന്നു.

ജാതിവിഭാഗം ആര്യന്മാരിൽനിന്നുണ്ടായിട്ടുള്ളതാണെന്നുള്ള 'റിസ്ലി'യുടെ അഭിപ്രായത്തെ എതിർക്കുന്ന അവസരത്തിൽ 'ബോസ്സ്' എന്ന ആൾ ഇന്ത്യയെ ആക്രമിച്ച ആര്യന്മാരെപ്പറ്റി പല തെറ്റിദ്ധാരണകളും വന്നിട്ടുണ്ടെന്നു പറയുന്നു. ജാതിവിഭാഗം അനാര്യന്മാർക്ക് അന്യമായതല്ലെന്നു വിചാരിപ്പാൻ ധാരാളം കാരണമുണ്ട്. മതവിഷയങ്ങളെയും പൂർവ്വനിവാസികളുടെ അടുപ്പം ബാധിച്ചിട്ടുണ്ട്; ഹിന്ദുമതങ്ങളിൽ പലതും പൂർവ്വനിവാസികളുടെ ഇടയിലുണ്ടായിരുന്നു; കാലത്തിനുശേഷം ആര്യന്മാരിൽ ചേർന്ന ലിംഗപൂജ തന്നെ വൈദികകാലത്തെ ഹിന്ദുക്കളുടെ ഇടയിൽ പുതിയതായിരുന്നു. പരലോകസുഖത്തിനു പുത്രലാഭം ആവശ്യമാണെന്നുള്ള അഭിപ്രായം ഹിന്ദുക്കൾക്കു പ്രത്യേകമായതല്ല. ഈ അഭിപ്രായം ലോകമാസകലം ഉണ്ട്. ഇഹലോകത്തിലും പരലോകത്തിലും മനുഷ്യർക്ക് യഥാകാലത്തിൽ ഒരു പുത്രനുണ്ടാകുന്നത് അത്യാവശ്യമായിട്ടാണ് 'സ്മൃതി'യി

ലെ ബോറാക്കു് വിചാരിക്കുന്നത്. ശുദ്ധ്യശുദ്ധികളെസ്സംബന്ധിച്ചുള്ള നിയമങ്ങളാൽ ഉത്തരേന്ത്യയിലെക്കാൾ ദക്ഷിണേന്ത്യയിലാണ് പരിഷ്കരിച്ചുകാണുന്നത്. ദക്ഷിണേന്ത്യയിലെ നിവാസികളിൽ അധികം പേരും ദ്രാവിഡന്മാരാണുതാനും.

ശൈശവവിവാഹവും ഇന്ത്യക്ക് പ്രത്യേകമായിട്ടുള്ളതല്ല. യൂറോപ്യന്മാരുടെ ഇടയിൽ മാത്രമേ ബാല്യവിവാഹം കാണാത്തുള്ളൂ. 'പ്രാചീനനിവാസികൾ ശൈശവവിവാഹം എന്നു കേട്ടിട്ടുതന്നെയില്ല' എന്ന നാളിന്ത്യയുടെ ഫോർബ്ബസ്സ് ബന്ധിക്കുന്നു. ആസ്ത്രേലിയയിലും അമേരിക്കയിലും ലോകത്തിൽ മറ്റു പല സ്ഥലങ്ങളിലും അതിപ്രാചീനകാലത്തു തന്നെ നടപ്പുണ്ടായിരുന്നുവെന്ന് അദ്ദേഹം തെളിയിക്കുന്നു. ഫോറ്റഗോണിലെ പെൺകുട്ടികൾക്ക് ഏറ്റവും ചെറുപ്പം വയസ്സിൽ വിവാഹം കഴിയുന്നത് ഒട്ടും ഉർപ്പുമല്ല. ഇക്വേണകാരികൾക്ക് നന്നിലും ചെറുപ്പത്തിൽ തന്നെ കല്യാണം കഴിയാറുണ്ട്. 'ബഹാസ' എന്നവരുടെ ഇടയിൽ 5 വയസ്സായ പെൺകുട്ടികളെ തങ്ങളെക്കാൾ വളരെ വയസ്സേറിയ പുരുഷന്മാർ വിവാഹം കഴിക്കയും, സഹശയിക്കയും ചെയ്യുന്നു. 'പോലനേഷ്യൻ' ജാതിക്കാരുടെ ആൺകുട്ടികളും പെൺകുട്ടികളും എത്ര ചെറിയ വയസ്സുകാലത്തു വിവാഹം ചെയ്യുകയും സഹശയിക്കയും ചെയ്യുന്നു. * ന്യൂസൌത്ത്വേൽസിലെ രജിസ്ത്രാർജനറാൽ 1911-ലെ സെൻസസ് റിപ്പോർട്ടിൽ ആ രാജ്യത്തിൽ 17 വയസ്സായ എല്ലാ പുരുഷന്മാരും 18 വയസ്സു കഴിഞ്ഞ എല്ലാ സ്ത്രീകളും വിവാഹം കഴിച്ചവരാണെന്നു പറയുന്നു.

ശൈശവവിവാഹത്തെക്കുറിച്ചു വിശദമായി ചെയ്യുമ്പോൾ നമ്മുടെ വിവാഹിതകളായ വിധവകളുടെ ഇടയിൽ വിവാഹം കഴിഞ്ഞ ഉടനെ സഹശയനം നടപ്പില്ലാത്ത സംഗതിയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ഋതുവാകുന്നതിനു മുമ്പു ആ സ്വാതന്ത്ര്യം നടപ്പുണ്ട്. എന്നാൽ എല്ലാ വിധത്തിലും പ്രായപൂർത്തിയാകം കഴിഞ്ഞാലിതൊന്നു താമസിക്കാറില്ല.

ഇന്ത്യയിൽ ആകപ്പാടെ നോക്കുന്നതായാൽ 5 വയസ്സിനുള്ളിൽ 1000-ത്തി പുരുഷന്മാരിൽ 14 സ്ത്രീകളും വിവാഹം കഴിഞ്ഞവരാണ്. ആസാം, ബർമ്മ, ബങ്ഗാളമദ്ധ്യപ്രദേശങ്ങൾ, കൊച്ചി, തിരുവിതാംകൂർ, മൈസൂർ എന്നി ദിക്കുകളിൽ 10 വയസ്സിനു താഴെ വിവാഹം നടപ്പില്ല. ഈ സമ്പ്രദായത്തിന്റെ പ്രചാരമധികമായി ബിഹാർ, ഒറിസ്സാ, സെൻട്രൽ, ബറോഡ, മദ്ധ്യഇന്ത്യാ ഏജൻസി ഹൈദരാബാദ്, എന്നീ സ്ഥലങ്ങളിലാണുള്ളത്. ഇതിനാൽ ശൈശവവിവാഹം ഉത്തരേന്ത്യയിലാണ് അധികം നടപ്പുള്ളതെന്നു വരുന്നു. ശൈശവവിവാഹം ഹിന്ദുക്കളുടെ ഇടയിൽ അധികമായും മുസലിയർ, ക്രിസ്ത്യാനികൾ, ആനിമിസ്റ്റ് സമുദായക്കാർ എന്നിവരുടെ ഇടയിൽ തന്നെ കുറഞ്ഞും ഇരിക്കുന്നു. ഒരു ബാലിയുടെ വിവാഹം പത്തു വയസ്സിനു ശേഷമായതായി കേട്ടിട്ടില്ല. 15 വയസ്സിനുള്ളിൽ തന്നെ വളരെ ഉർപ്പുമാണ്. ഒരു ക്ഷേത്രത്തെ ആസ്പദിച്ച ശൈശവവിവാ

* Primitive Paternity II, 253-272

ത്തിലും ജോഗതികളുണ്ട്. മുഹമ്മദീയരുടെ ഇടയിൽ ഈ നടപ്പ് ഏറ്റവും കുറഞ്ഞിരിക്കുന്നതു ബോമ്പയിലാണ്*. ബിഹാറിലും ഒറീസ്സായിലും ഈ നടപ്പ് ഒന്നു നോക്കേണ്ടതു ആവശ്യമാണ്. ഇവിടെ 10 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞ ഹിന്ദുബാലന്മാർ 1000-ന് 126-ഉം ബാലികമാർ 219-ഉം ആകുന്നു. ബാലന്മാർ ഒറീസ്സയിൽ 4-ഉം വടക്കൻ ബിഹാറിൽ 298-ഉം മൊങ്ഗീറിൽ 451-ഉം ആകുന്നു. ബാലികമാർ ഒറീസ്സയിൽ 88-ഉം, വടക്കൻ ബീഹാറിൽ 845-ഉം മൊങ്ഗീറിൽ 617-ഉം ആകുന്നു. ശൈശവവിവാഹം മങ്ഗീറിലെപ്പോലെ ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ല. പത്തു വയസ്സിനു താഴെയുള്ള ബാലന്മാരിൽ പകുതിയും ബാലികമാരിൽ മുക്കാലും വിവാഹം കഴിഞ്ഞവരാകുന്നു. ഈ സംഗതിയെപ്പററി 1901-ൽ അന്വേഷണം നടത്തിയെങ്കിലും തൃപ്തികരമായിട്ടില്ല. ഈ സമ്പ്രദായക്കാരായ ബ്രാഹ്മണർ ഇവിടെയുണ്ടത്രെ. അവർക്ക് ഈ സമ്പ്രദായം എങ്ങിനെ ഉണ്ടായി എന്നറിവില്ല.

ലോകത്തിൽ ശൈശവവിവാഹം അധികമായി നടപ്പുള്ളതു ഹിന്ദുക്കളുടെ ഇടയിലാണെങ്കിലും അവരിൽ ഉയർന്ന ജാതിക്കാരുടെ ഇടയിൽ ഇതു കുറഞ്ഞും താണ ജാതിക്കാരുടെ ഇടയിൽ ഏറിയും ഇരിക്കുന്നു. ബംഗാളത്തിൽ ഇത് അധികം നടപ്പുള്ളതു പോഡ്, ബഗ്ദം, ചാസി കൈവർത്ത, ബാഗ്ദി, മുചി എന്നിവരുടെ ഇടയിലാണ്. അഞ്ചു വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞ ബാലികമാർ പോഡ് ജാതിയിൽ 1000-ന് 48-ഉം മറ്റിൽ പറഞ്ഞ മററു ജാതിക്കാരിൽ 9-ഉം ആകുന്നു. ബ്രാഹ്മണരുടെ ഇടയിൽ 1000-ന് 8-ഉം, കായസ്ഥന്മാരുടെയും വൈദ്യന്മാരുടെയും ഇടയിൽ 2-ഉം ആകുന്നു. ഇവിടെയുള്ള മുഹമ്മദീയരുടെ ഇടയിലും ഇതു ധാരാളം നടപ്പുണ്ട്. ബീഹാറിലും ഒറീസ്സായിലും ഉള്ള 'ധാനുക്ക്' ഓൻഡീസ്, കുത്താക്ക്, ബാബൻസ്, ഗോവാലാസ് എന്നിവരുടെ ഇടയിൽ 72 മുതൽ 102 വരെ ബാലികമാർ 5 വയസ്സിനുള്ളിൽ ഭാര്യമാരായിട്ടുണ്ട്. 5 മുതൽ 12 വയസ്സിനുള്ളിൽ 383-680-ഉം വരെയുണ്ട്. ഇവിടെയുള്ള ബാബൻസ്, ബ്രാഹ്മണർ, കായസ്ഥന്മാർ ഇവരുടെ ഇടയിൽ 5 വയസ്സിനുള്ളിൽ വിവാഹം കഴിഞ്ഞ ബാലികമാർ 1000-ന് 8 മുതൽ 18 വരെയും 12 വയസ്സിനുള്ളിൽ 60-178 വരെയും ഉണ്ട്; രാജപുത്രന്മാരുടെ ഇടയിൽ 5 നുള്ളിൽ 19-ഉം 5 മുതൽ 12 നുള്ളിൽ 105-ഉം ആകുന്നു. ബോംബെയിൽ 5-നുള്ളിൽ ബ്രാഹ്മണർ 7, മഹാർസ് 46, ലിംഗായത്സ് 79, ബോഹ്സ് 88, ബിന്ധാർസ് 106, മത്രീസ് 113. ബനാറ്ധമിരല കധ ഹകൂണിസ് 826. 5 മുതൽ 12-നുള്ളിൽ 894. ഈ ജാതിക്കാർ പത്താം പതിനൊന്നാം കൊല്ലത്തിലൊഴികെ കല്യാണം കഴിക്കാറുള്ളൂ. കല്യാണകാലത്തു കന്യകയാണെങ്കിൽ ഏതു പ്രായമായാലും ഒരു ബാലികയെ ഒരു വരനെ ഏല്പിക്കണം. ഈ കല്യാണകാലം കഴിഞ്ഞ് കൊല്ലം തികയുന്നതിനുമുമ്പാണ് ഈ കണക്കെടുത്തത്. അതുകൊണ്ടായിരിക്കാം സംഖ്യ ഇത്ര വലുതായത്. മദ്ധ്യേന്ത്യയിലും ഹൈദരാബാദിലും ബ്രാഹ്മണന്മാരുടെ

* Census Report 1901-P. 729

ബങ്കാളിൽ രാജപുത്രന്മാരും ശൈശവവിവാഹം ധാരാളം നടത്താറുണ്ട്.

ശൈശവവിവാഹം നടപ്പുള്ള ജാതിക്കാരെല്ലാം വിധവാവിവാഹം അനുവദിക്കാറുണ്ട്. അതിനാൽ വിധവകളുടെ എണ്ണം ഈ ജാതിക്കാരിലുള്ളതിനേക്കാൾ ശൈശവവിവാഹം നടപ്പില്ലാത്ത ജാതിക്കാരുടെ ഇടയിൽ വർദ്ധിച്ചിരിക്കുന്നു. ബീഹാറിലും ഒറീസ്സായിലുമുള്ള മേൽപറഞ്ഞ തരം ജാതിയിൽ പതിനഞ്ചിലും 20 മുതൽ 40 വരെ പ്രായമായിട്ടുള്ള വിധവകൾ 1000 ന്നു 140 അധികമില്ല. എന്നാൽ കായസ്ഥന്മാരുടെയും രാജപുത്രന്മാരുടെയും ബ്രാഹ്മണരുടെയും ഇടയിൽ 1000 ന്നു 217 മുതൽ 246 വരെയുണ്ട്. ബൊംബായിൽ കുൺബി, മഹാർ, ധേർ, വാനി എന്നിവരുടെ ഇടയിൽ മേൽപറഞ്ഞ പ്രായത്തിൽ 1000 ന്നു 189-ഉം ബ്രാഹ്മണരുടെ ഇടയിൽ 247-ഉം വിധവകളുണ്ട്. ശൈശവവിവാഹക്കാർ പ്രായേണ മേൽജാതിയിൽ വിവാഹം ചെയ്യാറില്ല. വിവാഹം സ്വജാതിയിലാവണമെന്നല്ലാതെ വേറെ ഒരു നിർബ്ബന്ധവുമില്ല. സ്ത്രീധനവും വിവാഹച്ചിലവും വളരെ കുറയുകയും ചെയ്യും.

ശൈശവവിവാഹം ധാരാളമുള്ള ദിക്കിൽ വധൂവരന്മാർ വയസ്സുകൊണ്ടു വളരെ ഭേദപ്പെട്ടിരിക്കാറില്ല. ബീഹാർ ഒറീസ്സാ എന്നീ ദിക്കുകളിലെ ടാന്തീസ്, കുർമ്മീസ്, ഗോവാലാസ് എന്നിവരുടെ ഇടയിൽ 5 മുതൽ 12 വയസ്സിന്നുള്ളിൽ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകൾ 100 ആണെങ്കിൽ പുരുഷന്മാർ 66 മുതൽ 75 വരെയാണ്. എന്നാൽ ബ്രാഹ്മണരിൽ 28 ഉം ബാബൻമാരിൽ 45-ഉം, കായസ്ഥന്മാരിൽ 57-ഉം ആകുന്നു. ബരോഡയിലെ കാഡ്വാകൺബികളുടെ ഇടയിൽ കഴിഞ്ഞ സെൻസസ് കണക്കപ്രകാരം ഉള്ളതിലും അധികം ശിശുദാമ്പത്യങ്ങളുണ്ടായിരുന്നുവെങ്കിലും, 100 ന്നു 69 വീതമെ മേൽപ്രകാരമുള്ള ഭർത്താക്കന്മാരുണ്ടായിരുന്നുള്ളു. വധൂവരന്മാർ തമ്മിൽ പ്രായത്തിന്ന വലിയ ഭേദമില്ലെങ്കിൽ ബാല്യവൈധവ്യവും കുറയും. ബെംഗാളിലെ ബ്രാഹ്മണരെക്കാൾ ഹൈദരാബാദിലെ ബ്രാഹ്മണർ എത്രയോ ചെറുപ്പത്തിൽ പെൺകുട്ടികളെ വിവാഹം കഴിക്കുന്നുണ്ടെങ്കിലും ഇവരുടെയിടയിൽ അല്പവൈധവ്യം കുറയും. ഭർത്താക്കന്മാർ തമ്മിൽ പ്രായഭേദം അധികമുള്ളത് ബെംഗാളിലാണ്. ഇവിടെ 5 മുതൽ 12 വയസ്സിന്നുള്ളിലുള്ള 100 സ്ത്രീകൾക്കു 11 ഭർത്താക്കന്മാരെ കാണുന്നുള്ളു. ഈ സംസ്ഥാനത്തിലെന്നപോലെ ഇന്ത്യയിൽ മറ്റൊരിടത്തും ബാലപുരുഷദാമ്പത്യം ഇത്ര അധികം ഇല്ലില്ല.

ദക്ഷിണേന്ത്യയും ശൈശവവിവാഹത്തെ ധാരാളം ബാധിക്കുന്നുണ്ട്. അഞ്ചു വയസ്സിന്നുള്ളിൽ വിവാഹം കഴിഞ്ഞിട്ടുള്ള ബ്രാഹ്മണബാലികമാർ ബെംഗാളിൽ 1000 ന്നു 8-ഉം, ബൊംബെ, മദിരാശി, നാട്ടുരാജ്യങ്ങൾ എന്നിവിടങ്ങളിൽ 1000-ത്തിന്നു 7-ഉം, ബീഹാർ, ഒറീസ്സ, മദ്ധ്യദേശങ്ങൾ എന്നീ സ്ഥലങ്ങളിൽ 19-ഉം ഹൈദരാബാദിൽ 31-ഉം മദ്രാസ് പ്രസിഡൻസിയിൽ 40-ഉം ആകുന്നു. എന്നാൽ ഗോവാലാസ്, കുർമ്മീസ്, ടാന്തീസ് എന്നിവരുടെ ഇടയിൽ ബെംഗാളിൽ

1000-ന് 7-ഉം ബീഹാറിലും ഒറീസ്സായിലും ക്രമേണ 72-ഉം 77-ഉം ആകുന്നു. ജൈനസ് എന്നിവരുടെ ഇടയിൽ ബംഗാളിൽ 8-ഉം ബീഹാറിലും ഒറീസ്സായിലും 58-ഉം ആകുന്നു. പഞ്ചാബിലെ പാഴ്സികളുടെ ഇടയിൽ 1000-നു മേലെയുള്ള. ഐക്യസംസ്ഥാനങ്ങളിൽ 11-ഉം മദ്ധ്യപ്രദേശങ്ങളിൽ 15-ഉം ബീഹാറിലും ഒറീസ്സായിലും 68-ഉം ആംഗ്ലോഇന്ത്യൻസ് എന്നിവരുടെ ഇടയിൽ പഞ്ചാബിൽ 2-ഉം ഐക്യസംസ്ഥാനങ്ങളിൽ 17-ഉം ആകുന്നു.

ശൈശവവിവാഹത്തെപ്പറ്റി പറഞ്ഞ എല്ലാ സംഗതികളെയും ഒന്നു ചുരുക്കി നോക്കുക. ഇത് ആദ്യം ഉണ്ടായതു മഹാ ഹിന്ദുക്കളുടെ ഇടയിലാണെന്നും പിന്നെ മറ്റു നാനാജാതിക്കാരുടെ ഇടയിൽ പകർന്നുവെന്നും ഒന്നുതന്നെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. ആര്യന്മാർ അധികം ഉണ്ടായിരുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ പ്രദേശങ്ങളിലാണ് ഈ സമ്പ്രദായം അധികം നടന്നിരുന്നതെന്നു കണ്ടതുകൊണ്ടു കാണുന്നു. മാതൃദിക്കുകളിൽ ഇതു സ്വഭാവമായിരുന്നുവെങ്കിലും നാനാ ദ്രാവിഡജാതിക്കാരുടെ ഇടയിലായിരുന്നു ഇതിന്റെ പ്രചാരം. ഇന്ത്യയിലെപ്പോലെതന്നെ ലോകത്തിൽ മറ്റു പല ദിക്കിലും ഇതു നടപ്പുണ്ട്. ആര്യന്മാർ ഒന്നാമതായി ഇന്ത്യയിൽ വന്ന കാലത്തു ഇത് അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നില്ല. ഋഗ്വേദത്തിലും അഥർവ്വവേദത്തിലും വർണ്ണിച്ചു കാണുന്ന സമുദായങ്ങളുടെ ഇടയിൽ ഇന്നത്തെ മാതിരി കാമിനീകാമുകന്മാർ വിവാഹത്തിനു മുമ്പുതന്നെ സംസാരിച്ചു കാര്യം ഉറപ്പിക്കുന്നതായി കാണുന്നു. അവർ പരസ്പരം സമ്മതമായതിനു ശേഷമേ രക്ഷകർത്താക്കളെയോ ബന്ധുക്കളെയോ അറിയിച്ചിരുന്നുള്ളൂ. നാടകങ്ങളിലാവട്ടെ ഇതിഹാസങ്ങളിലാവട്ടെ ശൈശവവിവാഹം സ്വഭാവമായിരുന്നുവെന്നതിലേക്ക് ഒരു തെളിവും ഇല്ല. പുരാണങ്ങളിലെ കൃതികളിലും ഇല്ല. അതിനാൽ ഈ നടപ്പ് ദ്രാവിഡന്മാരുടെ ഇടയിലുണ്ടായിരുന്നതോ അല്ലെങ്കിൽ ആര്യദ്രാവിഡസമ്മിശ്രണംകൊണ്ടുണ്ടായതോ അല്ലാതെ ആര്യന്മാർ സ്വന്തമായുണ്ടാക്കിയതാണെന്നു വിചാരിപ്പാൻ മാർഗ്ഗം കാണുന്നില്ല. ദ്രാവിഡന്മാരുടെ ഇടയിലുണ്ടായതാണെന്നു വിചാരിക്കുന്നവരും അവരും ഒരു പ്രാചീനവിവാഹവികാരം രൂപാന്തരപ്പെട്ടതായിരുന്ന ചില പ്രത്യേക സംഗതികളാൽ ഉണ്ടായതല്ലാതെ, ബാലവിവാഹം നിമിത്തം ഒരു ജാതിക്ക് പ്രത്യേകതയുണ്ടായതാണെന്നു തോന്നുന്നില്ല.

([illegible])

സംസ്കൃതഭാഷയും ജാപ്പാനും.

'ഇന്ത്യാരാജ്യത്തിന്റെ പുറത്തു കിടക്കുന്ന നാടുകളിൽ വെച്ചു ജാപ്പാനിലെന്നപോലെ സംസ്കൃതാഭ്യാസത്തിന്ന ഇത്ര പ്രചാരവും കാലപ്പഴക്കവും മറ്റൊരു രാജ്യത്തിലും ഇല്ല' എന്ന 'ബൊറാറാംഡ്' ബുഡ് എസ്സ്' പറയുന്നു. കൃത്യമായി ഇന്ന കാലത്താണ് ഇതു അഭ്യസിച്ചുതുടങ്ങിയത് എന്നു പറയുന്നതു തിരെ അസാദ്ധ്യമാകുന്നു. എന്നാൽ അതു ബുദ്ധമതത്തോടുകൂടി ക്രിസ്ത്വബ്ദം 6-ാം നൂറ്റാണ്ടിൽ ജാപ്പാനിലേക്കു കടന്നുവെന്നു ഊഹത്തിൽ പറയാം. 7-ാം നൂറ്റാണ്ടിന്റെ ഏതാണ്ടു മദ്ധ്യകാലത്തു ജാപ്പാൻകാരായ ചില ബുദ്ധമതോപദേഷ്ടാക്കന്മാർ ചീനത്തിലെ 'ബുദ്ധിസ്റ്റ് ട്രാൻസ്ലേഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ' വെച്ചു ലോകപ്രസിദ്ധ സഞ്ചാരിയും പണ്ഡിതനുമായ ഹ്യൂഎന്സാങ്ങ് (Hiuen Tsang) ന്റെയും ശിഷ്യന്മാരുടെയും അടുക്കൽ സംസ്കൃതാഭ്യാസം ചെയ്തിരുന്നുവെന്നു ചരിത്രത്തിൽ കാണുന്നു.

എന്നാൽ ക്രിസ്ത്വബ്ദം 735-ൽ ബോധിസേനൻ എന്നും ഫാളിയൊട്ട് എന്നും പേരായ ഇന്ത്യക്കാരായ രണ്ടു ഭിക്ഷുക്കന്മാർ വന്നതിന്നു ശേഷമാണ് ജാപ്പാൻകാർ സംസ്കൃതം നിഷ്കർഷിച്ചു പഠിച്ചുതുടങ്ങിയത്. ജാപ്പാനിലേക്കു പോയതിന്നു മുമ്പു കുറെക്കാലത്തോളം ഇവർ ചീനനാട്ടിന്റെ ഒരു മുഖ്യപട്ടണത്തിലായിരുന്നു പാർത്തിരുന്നത്.

ഈ ഇന്ത്യക്കാരുടെ സാന്നിദ്ധ്യം നിമിത്തം സംസ്കൃതാഭ്യാസത്തിന്ന ഒരു ചാടി വെക്കുകയും ഒരു തത്വജ്ഞാനസമ്പ്രദായക്കസംഘവും ഉണ്ടായിത്തീരുകയും ഈ സംഘക്കാരിൽ ചിലർ ജാപ്പാനിലൊന്നു ചീനത്തുപോലും ഉള്ള തത്വജ്ഞന്മാരുടെ ഇടയിൽ ഉയർന്നനിലയിൽ എത്തുകയും ചെയ്തിട്ടുണ്ട്. കൊബൊ എന്ന പേരായ ജാപ്പാൻതത്വജ്ഞാനിയായിരുന്നു 805-ൽ കോക്കോനൈജി ചക്രവർത്തിയുടെ പരിവാരങ്ങളോടുകൂടി ചീനത്തേക്ക് പോയി എന്നും മതിയായ സംസ്കൃതപാണ്ഡിത്യമായിരുന്നതിനാൽ കാലക്രമംകൊണ്ടു ബുദ്ധിസ്റ്റ് ട്രാൻസ്ലേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടരായി നിയമിക്കപ്പെട്ടു എന്നും ഉള്ള സംഗതി ചരിത്രപ്രസിദ്ധമാണ്. ഇന്ത്യക്കാരനായ 'പ്രാജ്ഞൻ' എന്ന ഒരു ബുദ്ധപുരോഹിതന്റെ സഹായത്തോടുകൂടി, അദ്ദേഹം തർജ്ജമ ചെയ്തിട്ടുള്ള 'ഷിക്ഷാപാരമിത്ര' എന്ന ഗ്രന്ഥവും ഈ വിഷയത്തിൽ ഇന്നും ഒരു പ്രമാണഗ്രന്ഥമായിത്തന്നെ ഗണിക്കപ്പെടുന്നുണ്ട്. ബൌദ്ധസമുദായത്തിന്റെ എല്ലാ ശാഖകളാലും ബഹുമാനിക്കപ്പെട്ടുകൊണ്ടു കൊസൻ തന്റെ ജീവിതശേഷത്തെ ചീനത്തുതന്നെ കഴിച്ചുകൂട്ടി. ജാപ്പാനിലെ സംസ്കൃതപണ്ഡിതനായിട്ട് ഇദ്ദേഹം മാത്രമല്ല ചീനത്തു പാർത്തു കാലം കഴിച്ചുകൂട്ടീട്ടുള്ളത്. മറ്റു പലരും ഉണ്ടായിട്ടുണ്ട്. 'കേഗെം' എന്നവൻ ചീനത്തു കുറേ കാലം പാർത്തതിൽപ്പിന്നെ 814-ൽ ഇന്ത്യയെ സന്ദർശിച്ചു അവിടെ കുറെക്കാലം താമസിച്ചു അതുല്യമായ അറിവു നേടിയതിന്നുശേഷം ചീനത്തേക്കു മടങ്ങി.

ആ പഴയ കാലത്തു ഇന്ത്യയിൽ വന്നിട്ടുള്ള മറ്റൊരു ജാപ്പാൻകാരൻ 'സോഗാ' ചക്രവർത്തിയുടെ അടുത്ത ബന്ധുവായ സാമ്രാജ് 'ടാകഓകാ' രാജകുമാരനാണ്. എന്നാൽ കൊച്ചിൻചൈനയിലെ 'ലോയസ്' എന്ന സ്ഥലം കടന്നുപോകുവാൻ അദ്ദേഹത്തിനു ഭാഗ്യം ഉണ്ടായില്ല. അവിടെവെച്ച് അദ്ദേഹത്തിനു ശരീരസുഖമില്ലാതെ മരിക്കയും, പ്രിയമായ തന്റെ ഉദ്ദേശം നിറവേറാതെ തന്നെ പരലോകം പ്രാപിക്കയും ചെയ്തു.

സംസ്കൃതം ജാപ്പാനിൽ കടന്നതുമുതൽ 'ടോകുഗാവാ' വംശക്കാരുടെ വാഴ്ച അവസാനിച്ചതുവരെയുള്ള 1200 കൊല്ലത്തിനിടയിൽ 300-ൽ അധികം പ്രധാനപ്പെട്ട സംസ്കൃതപണ്ഡിതന്മാരുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്കൃതവ്യാകരണത്തെയും മറ്റുപല വിഷയങ്ങളെയും അധികരിച്ച് അവർ ഓരോരോ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടെന്നുള്ളതു നിസ്സംശയമാണ്. യുദ്ധംകൊണ്ടും മറ്റുകാരണങ്ങളെക്കൊണ്ടും അനേകം ഗ്രന്ഥങ്ങൾ നശിച്ചുപോയിട്ടുണ്ടെങ്കിലും അവരുടെ അനന്തമായ പ്രയത്നത്തിന്റെ ഫലമായി 160-ൽ കുറയാത്ത ഗ്രന്ഥങ്ങൾ ഇന്നും ഇരിപ്പുണ്ട്. പുറമെ, ഇന്ത്യയിൽനിന്നു നേരിട്ടും, ചീനത്തുകൂടിയും കൊണ്ടുപോയിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ കയ്യെഴുത്തുപകർപ്പുകളായും മന്ത്രങ്ങളായും പട്ടികകളായും അനേകം ഉണ്ട്. ഇവകളെല്ലാം ഇന്ത്യയിലെ പഴയ ലിപിവിദ്യയുടെ മാതൃകയുടെ നിലയ്ക്കും ചില ലുപ്തഗ്രന്ഥങ്ങളുടെ നിലയ്ക്കും ഇന്ന് വളരെ വിലയുള്ളതാകുന്നു.

ഈ രണ്ടാം ഇനത്തിൽപെട്ടവയാണ് ഹൊര്യൂജിക്ഷേത്രത്തിലെ പ്രസിദ്ധപ്പെട്ട പനയോലപ്പകർപ്പുകൾ. ഇതു പഴക്കംചെന്ന ഗ്രന്ഥങ്ങൾ ഇന്ന് ലോകം ഒരു നാട്ടിലും ഇരിപ്പുള്ളതായി അറിയുന്നില്ല. ഈ പകർപ്പുകളെ മാക്സ്മുള്ളർ ഓക്സ്ഫോർഡിൽ അച്ചടിച്ചു പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതേകാലത്തുതന്നെ (7-ാം ശതാബ്ദം) എഴുതപ്പെട്ടിട്ടുള്ള ഒരു പനയോലപ്പകർപ്പു ഇയിടെ 'കയോട്ടോ'യിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. അതേമാതിരിയുള്ള ഹൊര്യൂജി, കോകിജി, 'തെകുശോയി' മുതലായ ക്ഷേത്രങ്ങളിൽ ഒട്ടും അപ്രധാനങ്ങളല്ലാത്ത മറ്റുപല പഴയ ഗ്രന്ഥങ്ങളും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇതുപോലെ മറ്റു ചിലനഗരങ്ങളിലെ ക്ഷേത്രങ്ങളിലും ഉണ്ട്. ജാപ്പാനിലെ പ്രധാന സംസ്കൃതപണ്ഡിതനായ ഡാക്ടർ ജെ. 'ടകാകുസു' എന്നാളുടെ മേൽനോട്ടത്തിൻ കീഴിൽ ഇപ്പോൾ ഈ ഗ്രന്ഥങ്ങളെല്ലാം പരിശോധിച്ചുവരികയാണ്. അദ്ദേഹത്തിന്റെ പ്രയത്നഫലം അടുത്തു പുറത്തുവരുമെന്നു വിശ്വസിക്കുന്നു.

1868-ലെ 'റെസ്റ്റോറേഷൻ' മുതൽക്കു വിദ്യാഭ്യാസത്തിനു സ്വാതന്ത്ര്യമായ മതിപ്പുണ്ടായതോടുകൂടി സംസ്കൃതത്തിലും രുചി വീണ്ടും കൂടിത്തുടങ്ങി. ഇക്കാലത്ത പാശ്ചാത്യരീതിയനുസരിച്ചു പഠിക്കുന്ന സമ്പ്രദായത്തിന്റെ സത്തിനെ നന്നായി മനസ്സിലാക്കിയ ചെറുപ്പക്കാരെ യൂറോപ്പിലെ പല സർവകലാശാലകളിലേക്കും കഴിഞ്ഞ 40 കൊല്ലത്തിനിടയിൽ അയച്ചിരുന്നു. ഇതിന്റെ ഫലമായി യൂറോപ്യരീതിയിൽ സംസ്കൃതം പഠിച്ചിട്ടുള്ള അനേകം പേർ ഇപ്പോൾ ജാപ്പാനിലുണ്ട്.

ഇവരിൽ തഞ്ചാവൂർ ജില്ലയിലും മററു ള്ളവരിൽ അധികംഭാഗം ഇംഗ്ലണ്ടിലുമാ ണു പഠിച്ചത്. ജപ്പാനിൽ ഇപ്പോൾ 'ടോക്കിയോ'യിലും 'കയോട്ടോ'യിലും ഉ ള്ള രണ്ടു സാമ്രാജ്യസർവ്വകലാശാലകളിലും ഗവർമ്മെണ്ടിൻ കീഴിലുള്ള 7 മഹാപാഠ ശാലകളിലും സംസ്കൃതം പഠിപ്പിക്കുന്നു. സർവ്വകലാശാലകളിൽ 60-ൽ കുറയാതെ യും മഹാപാഠശാലകളിൽ 100-ൽ ചില്വാ നവും വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

ബുദ്ധമതീയ സംസ്കൃതസാഹിത്യവും ഇ ന്ത്യയിലെ ആശയങ്ങളാദിയും ജപ്പാൻ കാരുടെ ലൌകികവും അലൌകികവുമാ യ ജീവിതത്തിൽ സ്ഥിരമായ ഒരു മാററം വരുത്താതിരിക്കയില്ല. പ്രയാസമുള്ളതും വളച്ചുകെട്ടിയതുമായ ചിഹ്നസമ്പ്രദായങ്ങളോടു കൂടിയ സംസ്കൃതം വഴിക്ക് അവർക്കു മന സ്സിനിണങ്ങിയതായ ആശയങ്ങളും വി ചാരങ്ങളും അടങ്ങിയ ഒരു ലോകം അവ ർക്കു പ്രത്യക്ഷപ്പെട്ടു. പണിപ്പെട്ടു നേടിയ തങ്ങളുടെ പുതുവഴിയിൽ കാലൂന്നിട്ടു ഉ യരാൻ ശ്രമിക്കുമ്പോഴും തങ്ങൾക്കു പരിച യമുള്ള പഴയ ചിന്താരീതികളെ കാണുന്നു. ഇതല്ലാതെ, അവർ പാശ്ചാത്യരെന്നതുപോ ലെ അലൌകികവിഷയങ്ങളെക്കുറിച്ച് ഇന്ത്യ യോടു എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും ആദ്ധ്യാത്മികജീവിതത്തിന്റെ മുഖ്യസംബന്ധ ങ്ങളിൽ അവർ ഈ നാട്ടുമായി എത്ര ത്തോളം ബന്ധപ്പെട്ടിട്ടുണ്ടെന്നും സ്പഷ്ടമാ യി കാണിക്കുന്നു. അവരുടെ ഇടയിൽ സംസ്കൃതത്തോടുള്ള ശ്രദ്ധ വർദ്ധിച്ചുവ രുന്നത് ഇന്ത്യയിലും ജപ്പാനിലും ഉള്ള ജന ങ്ങളുടെ മനോവികാസത്തിനു വളരെ സഹായ ക്കും. ഇങ്ങനെ പരസ്പരം നന്മയുണ്ടാകുന്ന ഒരു വിഷയമാണ്.

നമ്മുടെ സംസ്കൃതപണ്ഡിതന്മാർ ജപ്പാനിലെ സംസ്കൃതപണ്ഡിതന്മാരുമാ യി എഴുത്തുകുത്തു നടത്തി പരസ്പരം ബ ന്ധപ്പെട്ടുകൊണ്ടും, നമ്മുടെ ചെറു നാട്ടുകളുടെയും, സർവ്വകലാശാലകളുടെ യും മഹാപാഠശാലകളുടെയും മുഖ്യഗ്രന്ഥശാല കളിൽ പഴയ ഗ്രന്ഥങ്ങളുടെയും ലിഖിത ങ്ങളുടെയും മററും പകർപ്പുകൾ എടുക്കേണ്ട തും ചെയ്യേണ്ടതാണ്. മദിരാശി സർവ്വ കലാശാല ഈ കാര്യത്തിൽ പ്രത്യേകിച്ചു ശ്രദ്ധവെക്കേണ്ടതാണ്. (മോഡേൺറിവ്യൂ)

കെ. എ. സദാശിവയ്യർ.

ഒരു പഴയ ശ്ലോകം.

കാതിൽ ത്വൽപ്രാണനാഥൻ വിട്ടിട്ടതിലചിതിലകം നോക്കി മേലങ്ങുരച്ചു.
ലാക്ഷാകാന്തിച്ചില്ലയ്യാങ്ങളിൽ കിരീയശതം ചാഞ്ഞുകൂളളളേനന്നു,
അനുമേലിച്ചില്ലതാത്തല്ലിക്കതിനിൽ മനോഹാരിതാംബൂലരാഗം,
താനപ്പോഴുംമനോജ്ഞംതുളമഴിവിനെന്നാലകം തീർച്ചയല്ലേ!

പീയൂഷിക.

പടയോട്ടവും മുസ്ലീംകളും

കൊല്ലം 964-ാമത്. പടയോട്ടവും ചേലയിൽക്കൂട്ടലും വലിയ ബഹളമായി നടക്കുന്ന കാലം 'മൈസൂരിലെ വ്യാഘ്രം' എന്ന പ്രസിദ്ധനായ ടിപ്പുസുൽത്താൻ ഒരു വലിയ പടയോടു കൂടി പടിഞ്ഞാറെ കരയിൽ കടന്നു പടവെട്ടുവാൻ തുടങ്ങിയിരിക്കുന്നു. മഹാപരാക്രമിയും മതഭ്രാന്തനുമായ സുൽത്താന്റെ സൈന്യത്തിന്റെ കയ്യിൽക്കിട്ടുന്നവരെയെല്ലാം പിടിച്ചു മാർഗ്ഗം കൂട്ടി 'ചേലയിൽക്കൂട്ടുകയും', കുട്ടികളെയും മറ്റും കൊന്നൊടുക്കുകയും ചെയ്യുന്നു. ഹിന്ദുക്കളോടുള്ള പ്രതിപത്തിയാൽ പാശ്ചാത്യന്മാർ 'കേരളീയർ' എന്നു പ്രാണൻ കളയുകയാണെന്നു വിചാരിച്ച് അനേകം പേർ സുൽത്താന്റെ വരവിനെപ്പറ്റി അതുവരെ വിശ്വസിക്കുന്നു. അതുകൊണ്ടാണ് കടൽപ്പുറത്തുള്ള ചിലർ രാജ്യമുപേക്ഷിച്ച് ഓടിപ്പോകണമെന്ന് വിചാരിച്ച്; സുൽത്താന്റെ അക്രമങ്ങൾ നിർബന്ധത്തിനു കീഴടങ്ങി പവിത്രമായ മതത്തെയും ബലികഴിക്കുന്നു. ഈ കാലം കഴിയില്ലെന്ന് കണ്ട അനേകം പേർ നാടും വീടും ധനവും ധാന്യവും പശുക്കളും പാത്രങ്ങളും മറ്റും ഉപേക്ഷിച്ച് വഴി കാണാതെ വല്ലാതെ പരിഭ്രമിച്ച് പുരുഷന്മാരും സ്ത്രീകളോടു കൂടി പോകുന്നു. ദേശപ്പുറത്തുനിന്ന് തെക്കോട്ട് പിന്നീട് പോകുന്ന ഓരോ ഗ്രാമക്കാരും ഒരു ദിവസവും സമാധാനത്തോടു കൂടി കഴിയാനില്ല. ആബാലവൃദ്ധം ആണുങ്ങളും പെണ്ണുങ്ങളും അവനവന്റെ സർവ്വസ്വവും ഉപേക്ഷിച്ച് കെട്ടുകെട്ടി തെക്കോട്ടോടുന്നു. തെക്കോട്ടേക്കുള്ള വഴികളിൽ കടന്ന സുൽത്താന്റെ സൈന്യത്തെ കൊള്ളയടിക്കുന്നതുകൊണ്ടും സമരം ചെയ്തു നാട്ടിൽ പ്രവേശിച്ചതുകൊണ്ടും കിടപ്പാടങ്ങളും കുടുംബങ്ങളും പൂട്ടിയിട്ടിരിക്കുന്നു. പവിത്രമായ പരശുരാമക്ഷേത്രത്തിനു പകരം തോറ്റ ഈ അവസരത്തിൽ കേരളത്തിലെ പല രാജകുടുംബങ്ങളും നാടുവിട്ടു പോകുവാൻ ബദ്ധപ്പെട്ടു പലരും. പണ്ടു തെക്കോട്ടേക്കുള്ള 'കൊല്ലം' കേട്ടു കേട്ടുമടുത്ത കേരളത്തിലെ പ്രജകളുടെ 'ദേവൻ പരശുരാമൻ പരാ' എന്ന പ്രമാണം ഇന്നും മനസ്സിലായിട്ടില്ല. അന്നത്തെ പ്രബലനായ സുൽത്താന്റെ സൈന്യത്തെ എതിരായി പോരാടുന്ന യാതൊരു ശക്തിയും കേരളത്തിൽനിന്നും പുറപ്പെടാനുള്ള കാരണത്തിൽ പാതി അതുതന്നെ. ഈ കലാപത്തിലാണ് 'കോട്ടയത്തു' കേരളവർമ്മയും 'സാമൂതിരി' കോവിലകവും അവർ. കടത്തും മാപ്പിളമാരും പുതുമാനത്തിന്റെ പേരിൽ കനോൽ പാലത്തിനു കടലിൽനിന്നു പിടിച്ചെടുത്ത പടിക്കപ്പലുകളും 'കർപ്പൂരവും' വിലയ്ക്കെടുത്തു കൊണ്ടാൽ അല്ലമതായി വീണ്ടും സമ്പത്തുസ്ഥാനത്തിനായതിയോ എന്നു തോന്നി. അതുകൊണ്ട് പടിഞ്ഞാറത്തിന്നു പടിഞ്ഞാറേ ദിക്കിലെ 'പെരിയ ഉരുക്കൾ' എന്ന പേരാണുള്ളത്.

കേരളീയർ പാടെ തോറ്റിട്ട ഇര

5 ■

ആപത്തിൽനിന്ന് തന്റെ രക്ഷകനാ
യ [illegible]
ക്കിലും [illegible]ല്ലോ! ഈ [illegible]
[illegible] ഈ വിഷയത്തി
ലും ടിപ്പുസുൽത്താൻ തന്റെ [illegible]
[illegible]
ത്തിന്റെ ഉത്തരത്തിൽ [illegible]
ന. 'ധർമ്മരാജ്യ'മെന്ന് ഇന്നും കേൾവി
പ്പെട്ട തിരുവിതാംകൂർ സംസ്ഥാനത്തി
ന്റെ നാമധേയം, സത്യസന്ധത, പ്രജാവ
ത്സലത, [illegible] മഹാരാ
ജാവു തിരുമനസ്സുകൊണ്ടു തന്റെ സ
[illegible] ഈ ആപ
ത്തിൽനിന്നു തന്റെ [illegible]
[illegible]
ത്തിലെ സകലപ്രഭുക്കന്മാരെയും
[illegible] കൂടാതെ [illegible]
വാൻ [illegible]. ഇംഗ്ലീഷുകാ
രോടുള്ള പോരാട്ടത്തിൽ തനിക്ക് സഹാ
യമായി നില്ക്കണമെന്നുള്ള സന്ദേശത്തോ
ടുകൂടി ടിപ്പുസുൽത്താൻ തിരുവിതാംകൂറു
[illegible] തന്നെ, ധർമ്മപുത്രരുടെ രാജ
സൂയത്തിൽ ശ്രീകൃഷ്ണൻ [illegible]
ന്നെ [illegible], മഹാരാജാവു [illegible]
ത്തിൽ [illegible]
സന്ദേശപ്രകാരം താൻ [illegible]
[illegible] ടിപ്പുവിന്റെ [illegible]
ളും താമസിയാതെ തിരുവിതാംകൂറു സം
സ്ഥാനത്തെ ആക്രമിക്കുമെന്ന [illegible]
നായ മഹാരാജാവിന്നു [illegible]
[illegible]. അതിനാൽ [illegible]
[illegible] ക്ഷണത്തിൽ [illegible]
വൃത്തരായിരുന്നില്ല. തിരുവിതാംകൂറു
[illegible]നായന്മാരിൽ പ്രമാണിയും,
മഹാരാജാവിന്റെ മന്ത്രിസത്തമനും, രാജാ
കേശവദാസൻ എന്ന വിഖ്യാതനാമ
[illegible]
[illegible]
[illegible]
നിൽ [illegible]
[illegible]
[illegible], തിരുവിതാംകൂ
[illegible] ആലുവായിൽ
[illegible] മതിലുകളും മറ്റും
[illegible] സൈന്യ
[illegible] നിർത്തുക
ചെയ്തു. എന്നിട്ട് ടിപ്പുസുൽത്താന്റെ
[illegible] വിവരങ്ങ
[illegible] ഇംഗ്ലീഷ് നായകന്മാ
[illegible] ടിപ്പുസുൽത്താന്റെ
[illegible]
[illegible]
[illegible]
ത്തിനൊരുങ്ങി.

ടിപ്പുവുമായിട്ടുള്ള യുദ്ധത്തിൽ [illegible]
[illegible] വാസികളെയും [illegible]
[illegible] മഹാരാജാവിന്
[illegible]
[illegible]
[illegible]
[illegible]
[illegible] താൻ [illegible]
[illegible] വിവരം [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible], [illegible]
[illegible]

[illegible] തിരുവിതാംകോട്ടരാജാവി ന്റെ അഭയം പ്രാപിക്കുവാനായി പല കപ്പലുകളിലും പത്തേമാരികളിലും കയറി [illegible] വഴിക്ക് തിരുവനന്തപുരത്തു ചെന്നിരുന്നു. അവരവരുടെ ഇഷ്ടപ്പെട്ട കലാവൈഭവങ്ങളെയും ആരാധ്യദേവതകളെയും ഉപേക്ഷിച്ച മഹാന്മാരായ വിദ്വാന്മാർ, ഗൃഹവും സമ്പത്തുക്കളും കൈവെടിഞ്ഞ ഗൃഹസ്ഥന്മാർ, പ്രതാപവും ഐശ്വര്യവും ഉപേക്ഷിച്ചോടിയ പ്രഭുക്കന്മാർ, കളരികളും പാരമ്പര്യവും 'മരുമക്കത്തായ' കാരണവന്മാരെയും കൈവിട്ടുപോയ നായന്മാർ, കൃഷിയും [illegible] കന്നാലികളെയും പരിത്യജിച്ച കൃഷിക്കാർ, എന്നുവേണ്ട പല ജാതിക്കാരും പല തൊഴിൽക്കാരുമായ പലരാളുകളും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരിൽ [illegible] [illegible] പല [illegible] [illegible] ഈ പടയോട്ടത്തിൽ പാരമ്പ [illegible] പ്രാണനെയുംകൊണ്ടു [illegible]. ഇത്രയും വലുതായ ജനസമൂഹത്തിനെ [illegible] യാത്ര ചെയ്യാൻ തക്ക കപ്പലുകളും പത്തേമാരികളും [illegible] [illegible] [illegible] ഈ [illegible] പലപ്പോഴും [illegible] [illegible].

തിരുവനന്തപുരത്തു കപ്പിത്താനിലെ ഈ ജനസമൂഹം കപ്പിത്താന്റെ [illegible] സഹിതം [illegible] മഹാരാജാവിന്റെ [illegible] [illegible] എത്തിച്ചേർന്നു. കപ്പിത്താൻ [illegible] [illegible] കയ്യെഴുത്തു [illegible] കൊടുക്കുകയും, അതു വായിച്ചുതി [illegible] മഹാരാജാവിന്റെ അനുമതി

യോടുകൂടി തിരികെ പോകയും ചെയ്തു. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] തന്റെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ചെയ്തു. ഇവരെയെല്ലാം [illegible] [illegible], സ്വന്തമായോട്ട [illegible] [illegible] [illegible] [illegible] [illegible] [illegible] പരിരക്ഷയായി. 'ശ്രീപത്മനാഭസ്വാമികനെ തുണ' എന്ന [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ശ്രീപത്മനാഭദാസനായി [illegible] ചെയ്തു.

ടിപ്പുസുൽത്താനും, രാജാ [illegible] [illegible] കൂടി [illegible] [illegible] സ്വന്തമായ സൈന്യങ്ങളും [illegible], ശ്രീപത്മനാഭസ്വാമിയുടെ [illegible] [illegible] വിചാരിച്ചിരുന്ന ടിപ്പുവിന്റെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വെള്ളപ്പൊക്കത്താൽ [illegible] [illegible] ടിപ്പു [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ചെയ്തു. തിരുവിതാംകോട്ടു [illegible] [illegible] സഹായംകൂടിയുണ്ടെന്ന [illegible] [illegible] ടിപ്പു പിന്നെയൊട്ടും [illegible]

യാനെ തിരിച്ചുപോകയാണുണ്ടായതു്. അതുകൊണ്ടു കേരളത്തിൽ സമാധാനമാവുന്നതിനു വളരെ പ്രയാസം വേണ്ടിവന്നില്ല. ആലുവാപ്പുഴയ്ക്കു ടിപ്പുവിന്റെ നേരെയുണ്ടായ ആകസ്മികമായ കോപം ശമിച്ചതുപോലെ, ടിപ്പു നിമിത്തമായി കേരളത്തിലുണ്ടായ സമാധാനക്കേടും വേഗത്തിൽ ശമിച്ചു. ടിപ്പുവിന്റേയും ആലുവാപ്പുഴയുടേയും കോപം ഏകദേശം ഒരുപോലെയായിരുന്നു. ടിപ്പുവിന്റെ കോപം മഹാരാജാവിന്റെ മാത്രം നേരെയായിരുന്നു; പുഴയുടെ കോപം ടിപ്പുവിന്റെ മാത്രം നേരെയുമായിരുന്നു. പുഴ കോപിച്ചു വഴിക്കണ്ടായിരുന്ന പല കുടിലും മരവും ഒഴുകി അടിസ്ഥാനങ്ങളായ മരങ്ങളോടുകൂടി പുഴയിൽ വീണതുപോലെ, ടിപ്പുവും വഴിക്കണ്ടായിരുന്ന പല അമ്പലങ്ങളെ ആക്രമിച്ചു പൊളിച്ചു് കന്നിലും ചോരഞ്ഞ ജനങ്ങളോടു് കൂട്ടിച്ചു വളരെ നാശം ഉണ്ടാക്കി. ഒടുവിൽ രണ്ടുകൂട്ടരും അടങ്ങിയൊതുങ്ങി ക്ഷേത്രാലയങ്ങളെ കൈവിടുകയും ചെയ്തു. പക്ഷേ, ഒരു വ്യത്യാസം മാത്രമുണ്ടു്: ആലുവാപ്പുഴയുടെ കോപം ഫലപ്രദമായി; ടിപ്പുവിന്റേതാകട്ടെ വിഫലമാകയാണുണ്ടായതു്. എന്തിനേറെപ്പറയുന്നു 'മൈസൂരിലെ പുലി' 'ഉണ്ണിനിലവറതയല്ലും' തോറ്റോടുകയും, മഹാരാജാവിനും ജനങ്ങൾക്കും സന്തോഷമാകയും ചെയ്തു.

തിരുവിതാംകോട്ടു മഹാരാജാവിനെ അഭയം പ്രാപിച്ചിട്ടുള്ള മലയാളികൾ പരമസുഖമായും യാതൊരു ബുദ്ധിമുട്ടും കൂടാതേയും കുറച്ചു ദിവസം അവിടെ താമസിച്ചു. അതിനിടയിൽ ഒരു ദിവസം സുമുഖനും യോഗ്യനുമായ ഒരു മഹമ്മദീയൻ കച്ചവടക്കാരൻ തിരുവനന്തപുരത്തു എത്തി മഹാരാജാവുതിരുമനസ്സിലെ മുഖം കാണിക്കുവാനായി തിരുമുമ്പാകെ ചെന്നു. മഹാരാജാവു കൊട്ടാരത്തിന്റെ മുകളിൽനിന്നു താഴെ എഴുന്നള്ളി, മുഖം കാണിക്കുവാൻ വന്നിട്ടുള്ള ആ മഹമ്മദീയന്റെ കൈ പിടിച്ചു ഇങ്ങിനെ അരുളിച്ചെയ്തു:—

'ടിപ്പുവിനെ കണ്ടപ്പോൾ എനിക്കു വലിയ ഭയമാണുണ്ടായതു്. ടിപ്പു എന്റെ മക്കൾ വളരെ ആളുകളെ ഉപദ്രവിച്ചിട്ടുണ്ടു്. അവരെ എല്ലാം രക്ഷിക്കാതെ ദൈവം തിരിയെ ഏല്പിക്കുവാൻ സാധിച്ചില്ലല്ലോ എന്നു വിചാരിച്ചാണു് ഭയം.'

ടിപ്പു— എല്ലാം തിരുമനസ്സിലെ തിരുവുള്ളവും പടച്ചവന്റെ അനുഗ്രഹവും തന്നെ. ഞാനൊന്നും അടിയന്നു ഇതിൽ ഒരു ശക്തിയും ഇല്ല.

മഹാരാജാവ്— ടിപ്പുവിനെ എനിക്കു നല്ലവണ്ണം അറിയാം. ടിപ്പുസുൽത്താൻ നന്നായി ഉപദ്രവിക്കുവാൻ പുറപ്പെട്ട സമയത്തു ടിപ്പു ഇല്ലായിരുന്നുവെങ്കിൽ ഇക്കാണ്ട മനുഷ്യരൊക്കെയും ഒരു ഗതിയുമില്ലാത്തവരായിരുന്നു എന്നു വിചാരിക്കുവാൻ വയ്യ. ടിപ്പുവും ഒരു മഹമ്മദീയനല്ലേ? എന്നാൽ രണ്ടാളും തമ്മിൽ എന്തു വ്യത്യാസം! ടിപ്പു ദ്രോഹിച്ചു. ടിപ്പു സ്നേഹിച്ചു. വിഷവും അമൃതും രണ്ടും ഉണ്ടായതു കടലിൽനിന്നാണു്. പക്ഷേ ഒന്നു കൊല്ലുന്നു; മറ്റേതു ജീവിപ്പിക്കുന്നു. എന്തു വാസ്യം!

ടിപ്പു— സംഹരിവികളെ ദ്രോഹിക്കുവാനല്ലേ മതമേ ഉപദേശിക്കുന്നതു്; സ്നേ

ഹിക്കുവാനാണ്. അതിരിക്കട്ടെ. അങ്ങനെയുള്ള കാര്യവും ചെയ്യുന്നതുകൊണ്ടുള്ള ഒരു ലാഭക്കാരെ അടക്കി നശിപ്പിക്കുവാൻ കമ്പനി പുറപ്പെട്ടാൽ അവിടെ പടയും [illegible] സഹായിക്കും. ആ [illegible] കൊണ്ടാണ് അടിയനിതിനു സാധിച്ചത്. അടിയന്റെ പാണ്ടികശാലയിൽ സുൽത്താൻ പ്രവേശിക്കാഞ്ഞതുകൊണ്ടു അടിയൻ ഇതിനെ പ്രധാനപ്പെട്ട പല വിലപിടിച്ച സാധനങ്ങളും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. തിരികെ [illegible] പ്രാപിക്കുവാൻ പുറപ്പെട്ട ഇവരെ കപ്പലിൽ കയറ്റി ഇങ്ങോട്ടയക്കുകയും ചെയ്തു. അടിയൻ [illegible] ഉള്ള വിലപിടിച്ച സാധനങ്ങളെല്ലാം അടിയന്റെ അലമാരിയിലുള്ള കണ്ണാടിപ്പാത്രങ്ങളിലാണ് സൂക്ഷിച്ചിട്ടുള്ളത്. അടിയനെ കച്ചവടം ചെയ്യാൻ [illegible] അനേകം സഹായങ്ങൾ ചെയ്തതും [illegible]. പ്രത്യേകിച്ച് ഇവിടുന്ന കല്പിച്ചതനുസരിച്ച് [illegible] കണ്ണാടിപ്പാത്രങ്ങൾ [illegible] പണി ചെയ്യിട്ടുള്ളതും. പക്ഷേ, ആ പാണ്ടികശാലകൊണ്ട് പൊതുവിൽ ഉപകാരം ഇതുവരെ ഉണ്ടായിട്ടില്ല. അതിനും ഇപ്പോൾ സാധിച്ചു. അടിയൻ കൃതാർത്ഥനായി.

സാരാംശം — വളരെ സന്തോഷം. [illegible] നമ്മുടെ പേരിലുള്ള ഭക്തിയും [illegible] സ്നേഹവും [illegible] സാമർത്ഥ്യവും [illegible] വ്യക്തമായി. ഇനി [illegible] [illegible] ച്ചിട്ട് [illegible] [illegible] ആയിരിക്കാനാണ്.

ഇത്രയും പറഞ്ഞ [illegible] ആ [illegible] അനേകം വിലപിടിച്ച [illegible], [illegible] കപ്പലുകളിൽ, [illegible] പ്രാപിച്ച [illegible] [illegible] [illegible] [illegible] ചെയ്തു. ആ [illegible] [illegible] [illegible] സൂക്ഷിപ്പാൻ [illegible] [illegible] [illegible] [illegible] സ്വീകരിച്ച [illegible] [illegible] [illegible] പാത്രമാകയും ചെയ്തു.

ഇങ്ങനെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പറഞ്ഞ കണ്ണുകൾ [illegible] [illegible] [illegible] വലിയ [illegible] [illegible] [illegible] [illegible] വിവരങ്ങളുമായിട്ടും വഴി

ച്ച കൃഷ്യാദികൾ നടത്തി, വളരെ വളരെ സമ്പത്തുകൾ സമ്പാദിച്ച കീർത്തി നേടിയ ആളും തിരുവിതാംകോട്ടു മഹാരാജാവിന്റെ വിശ്വസ്തനായ എക്സിക്യൂട്ടീവ് കേണൽ വംശത്തിന്റെ സ്ഥാപകനും ആയിരുന്നിരിക്കുന്നവരുടെ ... ജോലിക്കാരായ സാക്ഷാൽ ക്രിസ്ത്യാനികളായിരുന്നു. കേരളചരിത്രത്തിലെ ഏതാനും അദ്ധ്യായങ്ങൾ — പ്രധാനമായ ഏതാനും അദ്ധ്യായങ്ങൾ — ക്രിസ്ത്യാനികളുടെ നാമധേയത്താൽ പ്രസിദ്ധങ്ങളായിട്ടുണ്ട്. ഗുണവാന്മാരായ ഇവരുടെ നാമധേയങ്ങളെ കേരളീയർ എന്നും കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

കെ. ജോസഫ്.

പണ്ടത്തെ അറബിരാജ്യം.

IV

മതം

മുഹമ്മദിന്റെ പൂർവകാലങ്ങളിൽ അറേബിയയിൽ സാധാരണ നടന്നുവന്നിരുന്ന മതവിശ്വാസം സബിയൻമതത്തിന്റെ ഒരു വകഭേദമായിരുന്നു. ഒരേ ദൈവത്തെ സ്വീകരിച്ചിരുന്ന ചില ഗോത്രക്കാരുടെ ദൈവാരാധനക്രമങ്ങളും പിൽക്കാലത്തു മുഹമ്മദിനെ വിശ്വസിച്ചവർ മുതലായ പ്രസ്ഥാനങ്ങളായി. സാക്ഷാലുള്ള ആ ഗോത്രക്കാർ ബിംബാരാധനക്കാരായിരുന്നുവെങ്കിലും അവരുടെ ഒരു ... മവിളക്കിനിന്റെയായിരുന്നു. മുഹമ്മദിന്റെ ജനനകാലത്തു ക്രിസ്ത്യാനികളും യഹൂദന്മാരും ഗീരതം എല്ലാവരും ചിലരുണ്ടായിരുന്നുവെങ്കിലും സർവ്വസാധാരണമായി പ്രചരിച്ചിരുന്നതു സാബിയൻ മതമായിരുന്നു. സാബിയൻ മതത്തിന്റെ ഉത്ഭവത്തെപ്പറ്റി അറിവാൻ കഴിഞ്ഞിട്ടില്ല. ഈ മതക്കാരുടെ ആരാധനാക്രമം പറയാം. ഇവർ ദൈവം ഏകനെന്നു വിശ്വസിക്കുന്നു. കാരണം ദൈവങ്ങളെ വിശ്വസിക്കാതിരിക്കുകയും ദൈവത്തിന്റെ ഐക്യതെ സ്ഥാപിക്കുകയും ഇവർ ചെയ്യുന്നുണ്ടെങ്കിലും നക്ഷത്രങ്ങളെയും ആകാശചാരികളെയും ഇവർ പൂജിക്കുന്നുണ്ട്. പ്രധാനദൈവത്തിന്റെ കീഴിൽ ആകാശചാരികൾ ലോകത്തെ ഭരിക്കുന്നുവെന്നാണ് സാബിയൻ മതക്കാരുടെ വിശ്വാസം. ഇവർ ഒരുവിധമായ നാലു സൽഗുണങ്ങളെ സമ്പാദിക്കുവാനാണ് ശ്രമിക്കുന്നത്. മനുഷ്യന്റെ ആത്മാവിനു മരണത്തിനുശേഷം പാപസാഫല്യത്തെ അനുഭവിക്കേണ്ടിവരുമെന്നും, ഒടുവിൽ ദൈവത്തിൽനിന്നു മാപ്പു കിട്ടുമെന്നുമാണ് ധാരണ. ദിനംപ്രതി മൂന്നുപ്രാവശ്യം ഇവർ ദൈവവന്ദനം ചെയ്യുന്നു. സൂര്യോദയത്തിനു അല്പം മുമ്പും മദ്ധ്യാഹ്നത്തിലും സന്ധ്യയ്ക്കും എട്ടിനും ഈ മൂന്നുനേരങ്ങളിൽ നമസ്കാരം കഴിക്കും. കൊല്ലത്തിൽ മൂന്നുകുറി നോമ്പുണ്ട്. അതിൽ ഒന്നാമത്തെ കുറി മുപ്പതുദിവസവും രണ്ടാമത്തെ ഒമ്പതുദിവസവും മൂന്നാമത്തേതു ഏഴുദിവസവും നോല്ക്കുന്നു. ഇവർ പല സ്ഥലങ്ങളിലേക്കും തീർ

ഹം ചെയ്യുന്നുണ്ട്. എന്നാൽ അവയുടെ മാംസത്തെയൊന്നും ഭക്ഷിക്കാതെ എല്ലാം ഉപേക്ഷിക്കയാണ് പതിവ്. ചില ധാന്യങ്ങളെയും കാട്ടുകിഴങ്ങുവർഗ്ഗങ്ങളെയും ഈ മതക്കാർ ഭക്ഷിക്ക പതിവില്ല. സാബിയൻ മതക്കാർ പ്രാർത്ഥന ചെയ്യുന്ന സമയം മുഖം തിരിക്കുന്ന ദിക്കിനെപ്പറ്റി പലമതമുണ്ട്. ചിലർ വടക്കോട്ടാണെന്ന് പറയുന്നു. മറ്റു ചിലർ തെക്കോട്ടാണെന്നും മക്കത്തിന്റെ നേരെയാണെന്നും മറ്റു ചിലർ പറയുന്നു. ഇതൊന്നുമല്ല, തങ്ങൾ ഉപാസിക്കുന്ന നക്ഷത്രത്തിന്റെ നേരെയാണെന്ന് വേറെ ചിലരും പറയുന്നു. ഇങ്ങനെ ഒരു പക്ഷം പറയിയത്തിൽ ചെയ്യുവാനുള്ള ഏതായാലും ഉപാദിക്കപ്പെട്ട. ഈ മതക്കാർ തീർത്ഥയാത്ര ചെയ്യാറുള്ള 'മെസൊപൊട്ടേമിയ'യിലുള്ള 'ഹറാൻ' എന്ന ദിക്കിനടുത്ത ഒരു പുണ്യസ്ഥലമുണ്ട്. മക്കത്തുള്ള ദേവാലയത്തെയും ഇവർ വന്ദിക്കാറുണ്ട്. ഈജിപ്തിലുള്ള 'പൈറമിഡ്സ്' (Pyramids) എന്ന അത്ഭുതസ്ഥാപനങ്ങളെയും ഇവർ ബഹുമാനിക്കുന്നു. അവ, ഇവരുടെ മതസ്ഥാപകന്മാരുടെ ശവകുടീരങ്ങളാണെന്നാണ് സങ്കല്പം. അതിനാൽ ആ ശിലാലയങ്ങളിൽ കോഴി, കറുത്ത കുട്ടി ഇതുകളെ ബലികൊടുക്കുകയും ധൂപവർഗ്ഗത്തെ ദഹിക്കുകയും ചെയ്യുന്നു. ചില പുഷ്പങ്ങളെല്ലാം ഈ മതക്കാരുടെ വകയായുണ്ട്. 'ചാൽദീ' എന്ന ഭാഷയിലുള്ള ഒരു പുസ്തകം ഇവർക്ക് പ്രത്യേകമുണ്ട്. ആ പുസ്തകത്തിൽ മിക്കതും ആചാരങ്ങളെ പഠിപ്പിക്കുന്നവയായിരിക്കും. സാബിയൻ മതമെന്ന പേർ സാബി എന്ന മഹാനിൽനിന്നാണത്രെ. ഇവർ ഒടുവിൽ മതത്തെ മതാനുഷ്ഠാനം ചെയ്തുകൊണ്ടിരുന്നതിനാൽ ക്രിസ്ത്യാനികളുടെ വകഭേദമാണ് ഇവരെന്ന് ചില യാത്രക്കാർ എഴുതീട്ടുണ്ട്. ഈ മതത്തെ മുഹമ്മദീയർ ഹിംസിച്ചുകളയാതിരുന്നിട്ടില്ല.

സാബിയൻമതക്കാരല്ലാത്ത മറ്റു അറബികളും വിഗ്രഹാരാധനക്കാരായിരുന്നു. അവർ സാബിയന്മാരെപ്പോലെ ചില നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും ദേവതകളായും അവയുടെ ചില പ്രതിമകളെയും പൂജിക്കുന്നുണ്ട്. വലിയ ദൈവത്തിന്റെ കീഴിൽ പല ദേവതകളുമുണ്ടെന്നും അവർ വഴിയായി തങ്ങളുടെ സങ്കടത്തെ ദൈവത്തിങ്കലെത്തിക്കാമെന്നും വിശ്വസിച്ചിരുന്നവരാണ് അറബികൾ. പ്രധാനദേവതകളെ ഇവർ 'അല്ലാത്' എന്നും 'ഉസ്സ' എന്നും പേർ പറയും. ഈ ദേവതകൾ സൃഷ്ടികർത്താവും സർവ്വേശ്വരനുമാണെന്നാണ് അറബികൾ വിചാരിക്കുന്നത്. ദൈവത്തിന്റെ കീഴുള്ളവരെ 'ഇലാഹ്' എന്നും പറയും. 'മനാത്' എന്നൊരു ദേവതയുടെ ശബ്ദം. അറബികളിലുള്ള ചിലരെ ഉയിർപ്പിക്കുമെന്ന ഈ വിധമുള്ള ദൈവവിശ്വാസത്തെയും കാലാന്തരം ആദ്യരൂപത്തെ മുഴുവൻ മാറ്റിയും മറിച്ചും കളഞ്ഞിരുന്നു. വിഗ്രഹാരാധന ചെയ്യുന്ന അറബികളും ഗോത്രങ്ങളും ദൈവത്തിന്റെ പുത്രന്മാരെന്ന് ഇവർ കല്പിച്ചിട്ടുണ്ട്. കാട്ടുകളിലെ മരങ്ങൾ, കല്ലുകൾ മുതലായവയെപ്പോലും ഇവർ ദൈവത്തിന്റെ പ്രതിനിധികളെന്നുള്ള സങ്കല്പത്താൽ ഓരോ ഭാഗങ്ങളായി തിരിച്ചിരിക്കും. വിഗ്രഹങ്ങളുടെ ഭാഗങ്ങളുള്ള മതം ദൈവഭാഗത്തേക്കു വിചാരിച്ചാൽ അതിനോടുള്ള ഭയത്തിന്റെ പകരമായി

[illegible] കൊടുക്കുന്നു. [illegible] വിവ[illegible] [illegible] കൊടുക്കുന്നി[illegible]ല്ല. [illegible] ഇന്ത്യക്കാർ പ്രധാനമാ[illegible]യി ഏഴു ഗ്രഹങ്ങളെയുമെല്ലാം ഗണിച്ചിട്ടുണ്ട്. [illegible] [illegible] എന്ന [illegible] [illegible] 'മനാത്' എന്ന [illegible] [illegible] പ്രത്യേക[illegible] [illegible] ചെയ്തിരുന്നത്. [illegible] ഇതിനെ പല [illegible] പൂജ[illegible] [illegible]ലെല്ലാം വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

[illegible] കിഴിവുള്ളവരായ ദൂ[illegible] പ്രത്യേകം പൂജിച്ചിരുന്ന [illegible] വിവരിച്ചിരിക്കുന്നു. അവർ സ്ത്രീകളാണ്. 'അല്ലാത്', [illegible] ഉസ്സാ', [illegible] എന്ന [illegible] ഇവരെ [illegible] [illegible] പൂജിച്ചുവരുന്ന [illegible] [illegible] വിഗ്രഹങ്ങളും [illegible] പൂജിച്ചുവരുന്ന [illegible]ള്ളത്.

[illegible]

[illegible] പൂജിച്ചുവന്നത്. [illegible] എന്ന [illegible] [illegible] 'അല്ലാത്' എന്ന ദേവിയുടെ വിഗ്രഹത്തെ പൂജിച്ചിരുന്നു. [illegible] എന്ന [illegible] അവർ [illegible] [illegible] വിഗ്രഹം [illegible] [illegible] അവർ [illegible] [illegible] [illegible] 'അല്ലാത്' എന്ന വാക്ക് 'അല്ലാ' എന്നതിൽനിന്നുത്ഭവിച്ചതായിരിക്കണം. [illegible] 'ഉസ്സാ' എന്ന [illegible] [illegible] 'മനാത്' എന്ന് [illegible] പൂജിച്ചിരുന്നു. [illegible] ഇതിനായി [illegible] പണിചെയ്തു. [illegible] [illegible] [illegible]

ക്കാരിയെ കൊല്ലുകയുമുണ്ടായി. മക്കയ്ക്കുള്ള യാത്രക്കാരെ ഇങ്ങോട്ടു വരുത്തുന്നതിനാണ് 'അബ്രഹ' ഈ ക്ഷേത്രം ഉണ്ടാക്കിയതെന്നും, അതിനാൽ ആയുധങ്ങളും കൊണ്ടുവന്നെന്നും കാണുന്നു. 'അൽഖുലൈസ്' എന്ന പേര് ഗ്രീക്കിൽ 'ചർച്ച്' എന്നർത്ഥമുള്ള 'എക്ലേസ്യ' എന്ന വാക്കിൽനിന്നുണ്ടായതാണെന്നു തോന്നുന്നു. മക്കത്തിനും മദീനത്തിനും ഇടയ്ക്കു 'ഖുദൈദയിൽ' ഹുദൈൽ എന്ന ഒരു വർഗ്ഗക്കാർ താമസിച്ചിരുന്നു 'മനാ' എന്ന ദേവിയുടെ വിഗ്രഹം അവരാണ് ആരാധിച്ചുവന്നത്. ഒരു ശിലകൊണ്ടുള്ള വലിയൊരു ബിംബമായിരുന്നു. ഹിജ്റ എട്ടാം കൊല്ലത്തിലാണ് ഈ ബിംബവും ഉടച്ചുകളഞ്ഞത്. ആ കൊല്ലത്തിലാണല്ലോ അറബിരാജ്യത്തിലുള്ള അസംഖ്യം ബിംബങ്ങൾക്കും ഇളക്കം ബാധിച്ചത്. അറബന്മാർ വളരെ ആടുമാടുകളെ ബലികൊടുക്കുന്ന സ്ഥലമായി മക്കത്തിനടുത്തുള്ള 'മിന' എന്ന മലയിടുക്കിന്റെ പേരിൽനിന്നാണ് 'മനാ' ഉത്ഭവിച്ചതെന്നും മറ്റും ചിലർ പറയുന്നുണ്ട്.

ഇതുകൂടാതെ വേറെയും അനവധി ബിംബങ്ങളുണ്ട്. എന്നാൽ 'വദ്ദ്' 'സുവാഉ്' 'യഗൂസ്' 'യഊക്ക്' 'നസ്ർ' എന്നീ അഞ്ചെണ്ണം വളരെ പ്രധാനപ്പെട്ടവയാണ്. ഇവ പ്രളയകാലത്തിനു മുമ്പുള്ളവയാണെന്നാണ് പറഞ്ഞുവരുന്നത്. യോഗ്യന്മാരായ മനുഷ്യരുടെ പ്രതിമകളുണ്ടാക്കുന്ന ഒരു കാലമുണ്ടായിരുന്നു. ആ പ്രതിമകളിൽ ക്രമേണ ദൈവത്വബോധവും ജനിച്ചുവന്നു. അങ്ങിനെ അവ പൂജാപാത്രങ്ങളായിത്തീർന്നതാണ്.

'വദ്ദ്' എന്ന ബിംബം ഒരു മനുഷ്യാകൃതിയിലുള്ളതും 'ദൗമതുൽ' എന്ന ദിക്കിലെ 'കൽബ്' എന്ന ജാതിക്കാരാൽ പൂജിക്കപ്പെടുന്നതുമായിരുന്നു. 'സുവാഉ്' എന്നത് സ്ത്രീരൂപമാണ്. ഹമദാൻ, ഹുദൈൽ എന്നീ രണ്ടു വർഗ്ഗക്കാരാണ് അതിനെ പൂജിച്ചിരുന്നത്. ഈ ബിംബം പ്രളയത്തിനുശേഷം വളരെക്കാലം വെള്ളത്തിൽ കിടന്നുവെന്നും പിന്നെ പിശാചാണ് എടുത്തതെന്നും മറ്റും എഴുതിക്കാണുന്നുണ്ട്. 'യഗൂസ്' എന്ന ബിംബം ഒരു സിംഹത്തിന്റെ സ്വരൂപമാണ്. യമൻ രാജ്യത്തിൽ താമസിച്ചിരുന്ന മദ്ഹജ് എന്നൊരു ജാതിക്കാരാണ് അതിനെ പൂജിച്ചുവന്നത്. 'യഊക്ക്' എന്നതു മൊറാദ് വംശക്കാരുടെ ബിംബമാണ്. അതൊരു കുതിരയുടെ സ്വരൂപമാണല്ലോ. വളരെ ദൈവഭക്തനായ ഒരാൾ മരിച്ചുപോയശേഷം ആയാളുടെ പേര് എന്നെന്നും നിലനിർത്തുന്നതിനായി പിശാചു വന്നു ജനങ്ങളോട് ബിംബമുണ്ടാക്കുവാനും മറ്റും ഉപദേശിച്ചുവെന്നും പിശാചിന്റെ ഉപദേശമനുസരിച്ചാണ് ആ ബിംബമുണ്ടാക്കി പൂജിച്ചുവന്നതെന്നും മറ്റും കാണുന്നു. 'നാസിർ' ഒരു കഴുകൻപക്ഷിയുടെ ആകൃതിയിലുള്ള ബിംബമാണ്. 'ഹമിയർ' എന്ന വംശക്കാരാണ് അതിനെ പൂജിച്ചുവന്നത്.

'കോമ്പൂർ' എന്ന നഗരത്തിനടുത്തുള്ള ഹാരിയത് എന്ന സ്ഥലത്തിൽ ഒരാൾ പൊക്കം ഉയരമുള്ള രണ്ടു പ്രതിമകളുണ്ട്. അവ യഗൂസിന്റേയും യഊക്കിന്റെയും പ്രതിമകളാണെന്നാണ് പറയുന്നത്. അവയുടെ അരികിൽ 'നെസ്റ' എന്ന ഒരു പുരുഷസ്ത്രീയുടെ പ്രതിമയുമുണ്ടു. ഈ പ്രതിമകൾക്കെല്ലാം ഉള്ള പൊ

ള്ളയാണ്. മേൽവിവരിച്ച നഗരത്തിനു ഏതാണ്ടു സമീപത്തായിത്തന്നെ 'ബാഹു' എന്നോ 'ജെല്ലാം?' എന്നോ പറയപ്പെടുന്ന ജൈനപുണ്യവാന്റെ ഉയരമുള്ള ഒരു ശിലാപ്രതിമയുണ്ട്. മഹാകല്പ്യായ ആ ജൈന പുണ്യവാൻ ലോമങ്ങളുണ്ടാക്കിട്ടുകൊണ്ടു നഗ്നനായി നിന്നിരിയ്ക്കുന്നു. ആ ബിംബത്തെ 'ദു ഷാമഠ് എബൻ' എന്നാണ് അവർ കൈകൊണ്ടു തച്ചുടയ്ക്കുവാനാണ്ടായതത്രെ.

ഇവയ്ക്കു പുറമേയും അനേകം ബിംബങ്ങൾ ജൈനമതാചാര്യന്മാരാൽ പൂജിക്കപ്പെട്ടിരുന്നവയായി കൊടാവിൽ കാണുന്നുണ്ട്. മിക്ക വീട്ടുകാരും ഒന്നോ രണ്ടിലധികവും ബിംബങ്ങളെ വീടുകളിൽ വെച്ചു പൂജിക്കുക പതിവാണ്. വല്ലവരും വല്ല ദിക്കുകളിലേക്കും പോകുമ്പോൾ കൂടെ വന്നാലും അവരുടെ വീട്ടുബിംബങ്ങളെ വന്ദിക്കുന്നതു സമ്പ്രദായമായിരുന്നു. മിക്കം പ്രധാനക്ഷേത്രത്തിൽ മുന്നൂറുവരെയിൽ പുരാതന ബിംബങ്ങളുണ്ടായിരുന്നു. അവിടെ കൊല്ലത്തിലെ ദിവസങ്ങൾക്കായിട്ടാണത്രെ ബിംബങ്ങൾ. അവയിൽ വെച്ചു പ്രധാനമായതു 'ചോമാബൽ' ആകുന്നു. അതിനു മറയില്ലാത്ത കാലം മഴ പെയ്യിക്കുന്നതിനുള്ള ശക്തിയുണ്ടെന്നു കണ്ട് 'നെല്ലൂർ എമ്പൽ കൊമരെബൽ' എന്നാണ് സിരിയയിൽനിന്നു കൊണ്ടുവന്നതാണെന്നാണു കേൾക്കുന്നത്. അതു ഒരു മരതകത്താൽ ഉണ്ടാക്കിയതാണ്. എങ്കിലുമൊ ഒരു കല്ലു മുറിഞ്ഞു പോകയാൽ 'കോയറിച്' വംശക്കാർ സമ്പത്തുകൊണ്ടു ആ കൈ വാങ്ങി പിടിപ്പിച്ചിരുന്നു. അതു ആ ഗ്രന്ഥകാരന്മാരും പ്രതിമയാണെന്നാണു ചിലർ ഊഹിച്ചു കണ്ടത്. ഫിലിപ്പ് എന്ന വർത്തകൻ ഗുഹയ്ക്ക് തന്നെ ആ ബിംബം സമ്പാദിച്ചു. 'ബൌസാഫ്' എന്ന ഒരു പുരുഷപ്രതിമ 'സാഫ്' എന്ന കന്നിൽ കൊത്തിയും 'തെയ്‌ബ' എന്ന സ്ത്രീപ്രതിമ മെർവാ എന്ന കസിൻകൊണ്ടിപ്പുറമായിരുന്നു. ജേർഹാം വംശത്തിൽ മേൽപ്പറഞ്ഞ രൊമാരു ആടി ഒരു പുരുഷനും സ്ത്രീയുമായിരുന്നവരെ നാം അവർ മക്കം ക്ഷേത്രത്തിൽ വെച്ചു വ്യഭിചരിക്കയാൽ ദൈവം ശപിച്ചു കല്ലാക്കിയതാണെന്നും പിന്നെ അമ്രുകളെ സിരിയയിൽനിന്നു കൊണ്ടുവന്നതാണെന്നും മറ്റും പറയുന്നുണ്ട്. കഴിച്ചു മറ്റു കൊണ്ടുള്ള ഒരു ബിംബവും കോയറിച് വംശക്കാർ പൂജിച്ചിരുന്നവെന്നും ഒരു അയാൾ വരുന്നവർ അതു ഭജിച്ചുവന്നു ഒരു കഥ കേൾക്കുന്നുണ്ട്. 'മന' മുതലായി വിവരിച്ച ചില ബിംബങ്ങളെ ആരാധിച്ചു തുടങ്ങിയത് ഇസ്മായലിന്റെ മക്കളാണ്. ഒരു കാലം വളരെ വർദ്ധിച്ചുവന്ന ഇസ്മായൽ സന്താനങ്ങൾ മക്കിയിൽ കണ്ട കല്ലുകളെയെല്ലാം ബിംബങ്ങളെന്ന നിലയിൽ ആരാധിച്ചു വന്നിട്ടുണ്ടെന്നും കാണുന്നുണ്ട്.

തേലപ്പുറത്തു നാരായണനമ്പി

ഭൂമിശാസ്ത്രപാഠം

ഭൂമിശാസ്ത്രം എററവും ഉപയോഗമുള്ള ഒരു ശാസ്ത്രമാകുന്നു. അതു ശരിയായി പഠിപ്പിക്കുന്നതായാൽ പാഠവിഷയങ്ങളിൽ വെച്ചു് അധികം ഉപയോഗപ്പെടുന്നതും പ്രാധാന്യം കൂടുന്നതും ആയ ഒന്നാകുന്നു. ഈ ശാസ്ത്രം നമ്മുടെ ചുററുമുള്ള സാധനങ്ങളെക്കുറിച്ചുള്ളതാകയാൽ എല്ലാവക്കും ഇതിനോടു വളരെ അടുപ്പമായിരിക്കേണ്ടതാണു. ബ്രിട്ടീഷ്സാമ്രാജ്യത്തിലെങ്ങും വ്യാപ്തരായിരിക്കുന്ന കൃത്യവും ആ സാമ്രാജ്യത്തിന്റെ അഭിവൃദ്ധിയും ഭൂമിശാസ്ത്രപഠനത്തിൽ വളരെ ഉപകാരപ്രദമായിട്ടുണ്ട്.

ഭൂമിയുടെ ഉപരിഭാഗം, ശില, കാലാവസ്ഥ എന്നിവയുടെ സ്വഭാവത്തെയും പല തരത്തിലുള്ള ജന്തുസസ്യങ്ങളുടെ വകഭേദങ്ങളെയും, കാലപരിണാമങ്ങളെയും പററി യഥോചിതം ഗ്രഹിക്കാതെ ഏതൊരു ബുദ്ധിമാനും ഒരേടത്തിൽ താമസിക്കുന്നതിനു സാധിക്കുന്നതല്ല. ഇതിനെയുള്ള സംഗതികൾ ഭൂമിശാസ്ത്രത്തിലുള്ളതുകൊണ്ടു അതിന്റെ ഉപയോഗം എത്രത്തോളമുണ്ടായിരിക്കുമെന്നുള്ളതു ഊഹ്യമാണല്ലോ. ഭൂമിയെ മനുഷ്യന്റെ വീടായി ഗണിക്കാം. അപ്പോൾ താഴ്വര, കുന്നു, മല, പുഴ എന്നിവകൾ അതിന്റെ ഓരോരോ ഭാഗങ്ങളാണെന്നും സസ്യാദികളും ജന്തുക്കളും അതിൽ ചേക്കമാറുവാനുള്ള സാധനങ്ങളാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതു ബുദ്ധിയെയും മനസ്സക്തിയെയും വദ്ധിപ്പിക്കുന്നമെന്നുള്ള ഉദ്ദേശത്തോടു കൂടിയായിരിക്കണം. ഗ്രന്ഥകത്താവു വിഷയങ്ങളെ സുഗമങ്ങളാക്കി എളുപ്പത്തിൽ കുട്ടികളെ മനസ്സിലാക്കുവാൻ തക്ക സൂത്രം ഗുരുനാഥൻ കണ്ടുപിടിക്കേണ്ടതാണ്. ഏതു വിധത്തിലെങ്കിലും കുട്ടികളുടെ ധാരണാശക്തിയെ എളുപ്പമുള്ളതാക്കി കൊടുക്കണമെന്നുള്ള ഉദ്ദേശമാകുന്നു ഗുരുനാഥന്നു പ്രധാനമായി ഉണ്ടായിരിക്കേണ്ടതു്. ഈ തരത്തിൽ ഗുരുനാഥൻ ഗ്രന്ഥത്തിൽ നിക്ഷേപിച്ചുകൊണ്ടു ഭൂമിശാസ്ത്രം എന്നേക്കും ഉപകാരപ്രദമായിട്ടുള്ളതാണെന്നും, ബുദ്ധിക്കു വികാസമുണ്ടാക്കുന്നതാണെന്നും കുട്ടികൾക്കു ദൃഷ്ടാന്തമായി വിശദമായി കാണിച്ചുകൊടുക്കണം.

നമ്മുടെ ചുററുമുള്ള സാധനങ്ങളെപ്പററി ശോദ്ധ്യം ചെയ്യുന്നതുകൊണ്ടു അവലോകനഗ്രഹണശക്തി വദ്ധിക്കുന്നു. വഴികളുടെ സ്വഭാവത്തെയും പാഠശാലയിലേക്കു വരുന്ന വഴിക്കു കുട്ടികൾ കാണുന്ന പല തരത്തിലുള്ള ധാന്യങ്ങൾ, കാട്ടുനികൾ, മൃഗങ്ങൾ, വൃക്ഷലതാദികൾ, ആകാശം, വായു എന്നിവയെയും പററി കുട്ടികളിൽനിന്നു കിട്ടുന്നതായ ഉത്തരങ്ങൾ തികവായിട്ടും ശരിയായിട്ടും ഇരിക്കേണ്ടതാണ്. ഇതിനാലുണ്ടാകുന്ന സമ്പ്രദായവും ശ്രദ്ധയും മനസ്സക്തിയെ വദ്ധിപ്പിക്കുമെന്നു മാത്രമല്ല, ഭൂമിശാസ്ത്രജ്ഞാനം ഉണ്ടാകുന്നതിലേക്കു അതു ഒരു അസ്തിവാരമായി തീരുന്നതുമാകുന്നു.

ചുററുമുള്ള സാധനങ്ങളുടെ സ്വഭാവപരിചയംകൊണ്ടു സാമാന്യജ്ഞാനം വദ്ധിക്കുന്നു. അതിൽനിന്നു ഭൂമിശാസ്ത്രജ്ഞാ-

വുണ്ടാകുന്നതു കൂടാതെ സാധാരണമായി ബുദ്ധിക്കു ആവശ്യമുള്ള നിരീക്ഷണശക്തിയും അറിവുമുണ്ടാകുന്നു. ചെറുതായ കിന്നരങ്ങളോടുകൂടിയ ലോഹവാദ്യങ്ങളോടുള്ള പരിചയത്താൽ ലോഹം, പൂവ് എന്നിവയുടെ പരിചയം ആലോചനാശക്തിയാൽ ഉണ്ടായിത്തീരുന്നു. അതുപോലെ ചിത്രത്തിലും, മണൽപ്പരപ്പിലും സമുദ്രം എന്നിവ ചിത്രീകരിച്ചും, മരങ്ങളിലും, വിതാനമായ സ്ഥലങ്ങളും എന്നിവയുടെ പരിചയത്തെ ഉണ്ടാക്കിത്തീർക്കുന്നു. വീട്ടിൽ നട്ടുവളർത്തുന്നതായ സസ്യാദികളുടെ അറിവു അപരിചിതങ്ങളും ഭൂസ്ഥലങ്ങളുമായ സസ്യാദികളെ പരിചയമാക്കുന്നു.

ഭൂമിശാസ്ത്രപഠനം ലോകപ്പരിചയത്തിലേക്കുണ്ടാക്കുന്നതാണ്. ഇതു മനസ്സിനെ ആദ്യന്തങ്ങളിലും, അതിനുള്ള ഭംഗിക്കായിത്തീരുകയും, വിദ്യാഭ്യാസത്തെ വർദ്ധിപ്പിക്കുവാനുള്ള വഴികളിൽ ഏറ്റവും മുഖ്യമായിരിക്കുകയും ചെയ്യുന്നു. ഭൂമിയിലുള്ള മറ്റു ജാതിക്കാരേയും ജനങ്ങളേയും പറ്റി വല്ലതും മനസ്സിലാകുമ്പോൾ അവരെപ്പറ്റി കൂടുതൽ പഠിപ്പാനുള്ള ഉത്സാഹം ഉണ്ടാകുന്നതിനെ ജിജ്ഞാസ കൂടിവരികയും, അതിന്നായി പരിശ്രമിക്കയും, അപ്പോൾ അറിവു അധികമാകയും, അവരോടുള്ള പ്രീതി സ്നേഹമായി നിലനില്ക്കുകയും ചെയ്യും.

'നായന്മാരുടെ മുമ്പിൽ ചെല്ലുമ്പോൾ തമ്പ്രാക്കന്മാരെ നടക്കേണമെന്ന കുട്ടികൾക്കു തോന്നുന്നതു സാധാരണയല്ലേ. ഒരുതിലെന്താ ഇതു ദുഷിച്ചുവരുന്നത്?' എന്ന കുഞ്ഞുമേനവൻ അഭിപ്രായം പറഞ്ഞപ്പോൾ ഇക്കാലത്തിലായ ത്തങ്ങളെ സ്ത്രീകൾക്കു പിന്നെ വല്ലതും വേണോ! കാരണവരെ ചിലപ്പോൾ ദുഷിക്കാൻതന്നെ സ്ത്രീകൾ തുടങ്ങി. തറവാട്ടുമുതൽ എന്താണ്? തറവാട്ടിൽ കെട്ടിയതിൽ വരവെത്രണ്? ചിലവെത്രണ്? ബാക്കി വല്ലതും ഉണ്ടാകുമോ? പോരാതെ വന്നാൽ ഉണ്ടാക്കുന്നത് എങ്ങിനെയാണ്? എന്നൊന്നും വിവരമില്ലാത്ത സ്ത്രീകൾ 'അഭിമാനമെന്നതിനു' കുടുംബത്തിനു വേണ്ടതൊന്നും ചെയ്യുക്കാത്തവർ എന്ന കാരണവരെ മുക്കിലും മൂലയിലും ഇരുന്ന പറയുമ്പോൾ ഈ സ്ത്രീകളെക്കാൾ വിവരമില്ലാത്ത 'സ്കൂൾകുട്ടികൾ' ഈ പറയുന്നതൊക്കെ ചെറുപ്പം മുതൽ വേദവാക്യമായി കരുതിവരുന്നതിലും മുതിർന്നവരായാൽ കാരണവരോടു നേരിട്ട് മത്സരിക്കുന്നതിലും എന്താണ് ആശ്ചര്യമുള്ളത്? ജാതിനിയമങ്ങളുടെയും ആചാരങ്ങളുടെയും ഉള്ളിൽ കടന്ന ചാടിയതിനാലത്രേ ആണും പെണ്ണും തമ്മിൽ വലിയ വ്യത്യാസമില്ലെന്നും തന്റേടമുണ്ടെങ്കിൽ ആണും പെണ്ണും കയ്യും കോർത്തുപിടിച്ചു നടക്കുന്നതുകൊണ്ടു സദാചാരഭംഗമൊന്നും വരുന്നതല്ലെന്നും മനസ്സിലാക്കിവെച്ചു. എല്ലാം സ്നേഹിതന്മാർ. സ്നേഹിതന്മാർ ആണായാലും പെണ്ണായാലും കണ്ടുമുട്ടുന്നതുകൊണ്ടെന്താ ദോഷം വരുന്നത്. എന്ത് പ്രകൃതി? എന്ത് പ്രകൃതിവിരോധം? പുരുഷന്മാരായ സ്നേഹിതന്മാരെ കാണാൻ മറ്റുള്ളവരുടെ വല്ല വീട്ടിലും കയറിച്ചെന്നാൽ തന്നെ എന്താണ്? ഹെഡ് മിസ്ട്രസ്സും മറ്റു മിസ്ട്രസ്സുമാരും കാട്ടുന്നതു കാണാറുണ്ടല്ലോ. അങ്ങാടിയിൽ പോയി ഷാപ്പിൽ കയറിച്ചെന്ന സാമാനം വാങ്ങുകയും എത്ര പുരുഷന്മാരെയും കണ്ടാൽ കൈ കൊടുത്തു കുശലമേൽ ഇരന്നു സംസാരിക്കുകയും മറ്റു മിസ്ട്രസ്സുമാർ ചെയ്യുന്നതു സാധാരണ കാണാറുണ്ട്. കൂടാതെ മിസ്ട്രസ്സുമാരുടെ സദാചാരനിഷ്ഠയിലുള്ള പ്രതിപത്തിയെപ്പറ്റിയും മറ്റും സഹപാഠികളുമായുള്ള സംഭാഷണത്തിൽ കിട്ടുന്ന വിവരവും ശക്തിയിൽ സ്വാതന്ത്ര്യബുദ്ധി വർദ്ധിപ്പിച്ചു. എന്ന മാത്രമല്ല തന്റെ പ്രായത്തിലുള്ള തന്റെപ്പോലെയുള്ള പെൺകുട്ടികൾക്കു ഈ സ്വാതന്ത്ര്യബുദ്ധി കൂട്ടത്തിൽ വെച്ചു പകർപ്പാനും പ്രസംഗിക്കുവാനും തക്കതായ അടവുകളെയും വസ്ത്രധാരണങ്ങളെയും അഭ്യസിപ്പിക്കുവാനും [illegible] തുടങ്ങി. പരിഷ്കാരം നിലയ്ക്ക ബാധിക്കാതെ കിടന്നിരുന്ന മുകുന്ദപുരത്തു നായർഗൃഹത്തിൽ വീട്ടുകാർ കാരണവരായി മാറി പരിഷ്കാരങ്ങൾ പറഞ്ഞുതുടങ്ങി.

ഈ പരിഷ്കാരംകൊണ്ടു മനംകൊണ്ടവി സങ്കടം പറയാത്ത പാർവതിക്കാണ്. വസ്ത്രാലങ്കാരങ്ങളിൽ വിശേഷിച്ചും പുതിയതുടങ്ങിയതു മുതൽ മുകുന്ദപുരത്തു സംബന്ധിച്ചുകൊണ്ടിരുന്ന പണമെല്ലാം ഇംഗ്ലീഷ് [illegible] വിശേഷസമ്പ്രദായത്തിൽ [illegible] പോയിത്തുടങ്ങി. പരിഷ്കാരത്തെ [illegible] ഒന്നാകെ ഇരയായിത്തീർന്നതു [illegible] ആണ്. പിതാമഹന്റെ സമ്പ്രദായത്തിന്റെ [illegible] നിന്ന യൂറോപ്യന്മാർ ധരിക്കുന്നതും [illegible] തിരുമ്പു കടകളുടെ പേരിനും വരുത്തിത്തു

ടങ്ങിയതു മുതൽ ആട്ടാനാക്കൊണ്ടുള്ള ആവശ്യം കാണുവാനു തുടങ്ങി. അവരുടെ വായിൽ മണ്ണായി. ഇതുപോലെതന്നെ ഒന്നു ഇരിപ്പുസാമാനങ്ങളും മറ്റുമായ ങ്ങളും ഉദ്ദേശങ്ങളിൽ ഉണ്ടാക്കി വിറ്റുവാൻ വെച്ചുള്ള വാഞ്ഛകയാൽ കയ്യൊഴിഞ്ഞതും ആശാരിയുടേയും കാര്യം പരുങ്ങലിലായി ത്തുടങ്ങി. ഇതിനെ അന്യോന്യസഹായികളായി കൂട്ടിക്കെട്ടിയ സംഘടികളായ ചില വണ്ടിക്കാരെ കൂട്ടത്തിൽനിന്നു പുറത്ത് തള്ളി, ഏതാണ്ടു കിടക്കുന്നവർ സ്വയജീവിതത്തിനു പണം അയച്ചുകൊടുക്കുന്ന പരിഷ്കാരമുള്ളതിനെ ഉരിപ്പിച്ച കുഞ്ഞുമേനവന്റെ പേർ മുകുന്ദപുരത്തൊക്കെ മുഴങ്ങിത്തുടങ്ങി. കുഞ്ഞുമേനവൻ വളരെ കൃതകൃത്യനായി.

ഇങ്ങിനെയിരിക്കുമ്പോഴേ ഇക്കാവിന്റെ പ്രസവകാലവും അടുത്തുതുടങ്ങി. വിവാഹം, പിറന്നാൾ, ഉത്സവം, മരണം അടിയന്തരങ്ങളും ഇവക സംഭവങ്ങൾക്കു വേണ്ടി കാലേക്കൂട്ടിത്തന്നെ ഒരുങ്ങിക്കൊള്ളണമെങ്കിലും ആ കാര്യമൊക്കെ പറഞ്ഞപ്പോഴേ കുഞ്ഞുമേനവൻ പുച്ഛരസമാണ കാട്ടിയതു. സർവ്വജ്ഞനായ കുഞ്ഞുമേനവന്റെ അഭിപ്രായത്തിനെതിരായി ആരെങ്കിലും പ്രവർത്തിക്കുമോ? മായയെ ഭയപ്പെട്ട് ഭർത്താക്കന്മാരായ യൂറോപ്യന്മാർ ഒരു പകലോ കാരം പകൽ രാത്രിയാക്കുന്ന പ്രയാസമില്ലെന്നു കുഞ്ഞുമേനവൻ പറയാറുണ്ട്. പെറ്റിട്ട അമ്പത്താറും ശരീരവും ദിവസം നാറുന്നതെങ്ങിനെ സഹിച്ചു ഭർത്താവ് കൊണ്ടു വേഷവും കെട്ടി വായുസഞ്ചാരമില്ലാത്തമുറിയിൽ കിടക്കുന്നതിനേക്കാളും നല്ലതു ഒരുകുപ്പി നിലാത്തിരുന്ന ഉള്ളിൽ കടന്നു അശുദ്ധിയോടുംകൂടി പ്രസവവേദന തീർക്കുന്നതാണെന്നു പറയുമ്പോഴേ ആരാണ സമ്മതിക്കാത്തതു? കുട്ടികളെ മുലകുടിപ്പിച്ചു തങ്ങളുടെ യൌവനം നശിപ്പിക്കുന്നതുകൊണ്ടാണ സ്ത്രീകളെ അധികം ദീർഘായുസ്സുകളായിരിക്കാത്തതെന്നും അതുകൊണ്ടു മുലപ്പാൽ കൊടുക്കുന്നതു കുട്ടിക്ക പറ്റില്ലെന്നു പറഞ്ഞു മുലക്കുപ്പിയിലാക്കി കൊടുക്കുകയാണ നല്ലതെന്നും പറഞ്ഞാൽ ആർ വിശ്വസിക്കാതിരിക്കും? യൌവനം നശിക്കുന്നതിനു ഏറ്റവും ഭയാവഹമായിട്ടുള്ള കാരണമാകുമോ? പത്തു പ്രസവിച്ചു എൺപതുകൊല്ലം വയസ്സും കഴിഞ്ഞെങ്കിലും മരണം അടുക്കുന്നതിൽ കഴിച്ചുകൂട്ടിയ ദീനങ്ങളും അസ്വാസ്ഥ്യങ്ങളും കൂടാതെ കഴിച്ചുപോന്ന പല തള്ള നായർസ്ത്രീകൾ തറവാട്ടിൽതന്നെ ഉണ്ടെങ്കിലും, കുഞ്ഞുമേനവന്റെ സ്വയം ബോധാകൃതമായി വിചാരിക്കുന്നവരല്ലാതെ ഉണ്ടായിരുന്നില്ല. തൊട്ടതിൽപ്പറ്റായി വക്കീലന്മാരേയും കൺസിക്കന്മാരേയും, മന്ത്രിയേയും വാദങ്ങൾക്കിടയിൽകൊണ്ടും വാദങ്ങൾകൊണ്ടും മിടുക്കുള്ള കുഞ്ഞുമേനവനെപ്പോലെ സാധാരണന്മാരെ, വിശേഷിച്ചു സ്ത്രീകളെ മിണ്ടാൻ വല്ല പ്രയാസവും!

പ്രസവദിവസം അടുത്തുതുടങ്ങിയതു മുതൽ സന്ധ്യാ നാലിട്ടുകൊണ്ടു സർജ്ജൻ ഒരു മേൽവു മണ്ടലത്തിലും ഇക്കാവിനെ കണ്ടു പോകുന്നതൊന്നാണ നിയമം. നായർ തറവാട്ടിൽ ഇപ്പോഴേ നല്ലതായ സ്ത്രീ ഒരുമിച്ചുകൂടിയ പ്രസവമെല്ലാംകൊണ്ടു തൊഴിലും ഗൃഹവും കൂടാതെ നിവൃത്തിച്ചു വെച്ചിട്ടും ആ തറവാട്ടിൽ പാരമ്പര്യമായി ചികിത്സിച്ചുവരാറുള്ള വൈദ്യർ കൂടും

ഈ പ്രസവത്തിന്നാവശ്യമില്ലെന്നുവന്നു. ഉണ്ടാകുന്ന കുട്ടിയുടെ അവകാശിനെപ്പറ്റി മാതുലക [illegible] പണിക്കരുടെ സ്ഥാനം [illegible] നാരായണനായുധിനെ ഏല്പിക്കാനാണ കൃഷ്ണനവർ മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ളത്. ഭക്ഷണപാനാദികളും, ഉടുത്തുകളും, ബാലകളും ഏല്പാൻ ഭാരമേതും 'ബാസില്ലി' കളുടെ ബാധാക്ഷീണമാകാമെന്നും, ഇവയെല്ലാം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇവ പരിശോധനം ചെയ്യുന്നതു വീട്ടിലിരുന്ന [illegible] ക്കണ്ടറിയാൻ കഴിക്കാത്തവർ വിശേഷ്യം [illegible] വശ്യമില്ലെന്നു കൃഷ്ണനവർ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം നായർമാത്തിൽ വീട്ടുകാർ മാത്രമല്ല [illegible] പ്രർത്തക്കാർ മുഴുവനം സ്വീകരിച്ചിട്ടുള്ളതാണ്. [illegible] കാര്യം [illegible] കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു [illegible] [illegible] [illegible] വലിയ [illegible] കരുതിവരുന്നു.

ഇക്കാലത്ത പ്രസവവേദന ഉണ്ടായപ്പോൾ അമ്മയ്ക്കു വിട്ടിട്ടുള്ള പഴമസ്ത്രീകൾ അടുത്തുകൂടി പറഞ്ഞ അഭിപ്രായങ്ങളൊന്നും നടന്നില്ല. [illegible] വലിയ [illegible] മാടക്കാണ്, സൂതികാഗൃഹത്തിൽ കടന്നു കുട്ടിയെ കയ്യിലെടുക്കേണ്ടിവന്നു. [illegible] പ്രസവസമയത്തിന്ന [illegible] പ്രകൃതിവിരോധമായി [illegible] കുട്ടിയെ എടുക്കേണ്ടതായി വന്നു. [illegible] വും കുട്ടിയുടെ [illegible] [illegible] വും [illegible]. ഇംഗ്ലീഷ് ചികിത്സയെന്ന പേരോടെ [illegible] കഴിഞ്ഞ [illegible] പ്രസാദമില്ലാതെ [illegible] [illegible] [illegible] കൂടിക്കാതെ [illegible]

[illegible] ഒരു കുട്ടിയും കൃഷ്ണമേനവനെ അഭിവാദ്യം ചെയ്തു. കൃഷ്ണമേനവന്റെ [illegible] [illegible] വിശേഷം [illegible] [illegible] യിൽ [illegible] [illegible] ഡാക്ടർ നായർമാത്തിൽ [illegible] [illegible]. [illegible] നായർമാര്, [illegible] ഒരു [illegible] സ്ത്രീയുടെ സ്ഥാനം പിടിച്ചു. കോട്ട് ലിവർ ഓയിൽ, സ്പെർസിവെയിൻ, [illegible] ഇതെല്ലാം പോഷകദ്രവ്യങ്ങൾ ഇതൊന്നും [illegible] [illegible] ഫലമുണ്ടായില്ല. കുട്ടിക്കു [illegible] [illegible] കൊണ്ടുപോയെങ്കിൽ [illegible] [illegible], [illegible] ഇതൊന്നും കൊടുത്തിട്ടുള്ളതെന്നു [illegible] കണ്ണിൽ കയ്യുമുണ്ടായിരുന്നില്ല. [illegible] ഉഷ്ണത്തിനും ഒരു കുട്ടിയോടുകൂടി [illegible] [illegible] ഇല്ലാതായി. ഇക്കാലത്തിന്റെ [illegible] കുട്ടിയുടെയും [illegible] [illegible] [illegible] മുതൽ [illegible] ത്തിൽ [illegible] വേറെയും ചില [illegible] [illegible] വന്നുകൂടി.

[illegible] [illegible] [illegible] [illegible] [illegible] സുഖമില്ലാതെ വന്ന [illegible] [illegible] [illegible] ഉണ്ടായി. [illegible] നടന്നിരുന്നതിൽ [illegible] [illegible] കിഴക്കേടത്തെ എല്ലാം [illegible] പ്രാപ്തിയായ [illegible] [illegible]. ഇങ്ങനെയിരിക്കുമ്പോൾ ഒരു [illegible] [illegible] [illegible] പോയി. കിഴക്കേടത്തു [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ആക്കിയാക്കി. [illegible]

നായർ [illegible] കൊണ്ടു [illegible] ഇന്നികമ്പ് [illegible]. എന്നിട്ടും കുഞ്ഞികൃഷ്ണനായരുടെ [illegible] സംസാരവും, ധാർഷ്ട്യവും [illegible] മുതലായ ജന്മികളെക്കുറിച്ച് [illegible]. [illegible] വ്യവഹാര [illegible] ചില [illegible] കാരണം [illegible] വ്യവഹാര [illegible]. [illegible] കൊണ്ടുവരികയാൽ [illegible] വക്കീല്[illegible] തറവാട്ടു [illegible] വസ്തുവും [illegible] പോയി. [illegible] വിലയ്ക്കു പിടിപ്പെട്ടു [illegible]. [illegible] ഇഷ്ടനായി. തറവാട്ടുകാര്യത്തിൽ [illegible] കുഞ്ഞികൃഷ്ണനായർ [illegible] താമസിപ്പിച്ചില്ല. [illegible] ചിലരുടെ [illegible] പേരിൽ വ്യവഹാരം [illegible]. [illegible] നായർ [illegible]. [illegible] ചില [illegible] കുറെയുണ്ട് [illegible]. [illegible] വലിയ [illegible] ചികിത്സ [illegible] സംസാരമായി. [illegible] നായർ [illegible] കിടന്നു. [illegible] നായരുടെ [illegible] വലുതായ ഒരു [illegible] കുഞ്ഞികൃഷ്ണനായരുടെ [illegible] മാത്രമായിരുന്നു. പ[illegible]

[illegible] പാരമ്പര്യത്തിന്റെ [illegible] കുഞ്ഞികൃഷ്ണനായർ [illegible] കിടക്കുന്ന [illegible] എത്തിച്ചേർന്നു.

[illegible] നായർ:– [illegible] കുഞ്ഞികൃഷ്ണനായർ [illegible] പോയതാണ്. എന്റെ [illegible] കാരണം [illegible] കുഞ്ഞികൃഷ്ണനായരുടെ [illegible] എന്ന വിചാരമാണ്.

[illegible]
[illegible]
[illegible]
[illegible]
കാലത്താൽ [illegible]
[illegible]
[illegible]
[illegible].

എന്ന [illegible] കുഞ്ഞികൃഷ്ണനായർ [illegible] കൊണ്ടു [illegible] അധികം [illegible] ഇല്ലെന്നു പറയാം.

കുഞ്ഞികൃഷ്ണനായർ [illegible] സകലദോഷത്തിനും കാരണം [illegible]. [illegible] ജന്മികളിൽ [illegible] സമ്പ്രദായവും [illegible] കടന്നുകൂടി. [illegible] വസ്തുവിന്മേൽ [illegible] കൊടുക്കുന്നതിനും ജന്മിക

കൂടെ ശക്തി കാണുന്നതുമായ ഒരു നിയമം ഉണ്ടെന്നു പറയുന്നതും, അതോടുകൂടിത്തന്നെ ക്രിസ്ത മതത്തോടും ഇംഗ്ലിഷ്കാരോടും ഒരു നായർ [illegible] പാസ്സാവുന്നതു ഒരുപോലെ പറയുന്നത്. ഇതുകളും പാസ്സാകി കിട്ടിയാൽ നായന്മാർക്കു ഗുണം [illegible] പറ്റികയില്ല.

൭൨. നായർ—നിങ്ങളുടെ നിയമനിർമ്മാണം കഴിഞ്ഞു നായന്മാരെല്ലാം സ്വത്വസ്വയം [illegible] മുമ്പായി സ്വത്ത്സ്വം ലഭിച്ചിട്ടുള്ള നായന്മാരിൽ താവഴികാരുടെ അവരുടെ നവീനപരിഷ്കാരം അനുകരിച്ചു ഇംഗ്ലീഷുകാരോ ചില വിദ്യകളും, ചാലിയർ, തട്ടാർ, കരുവാൻ, ഇടശ്ശേരി, മൂശാരി മുതലായ കമ്മാളരും, ശാന്തിക്കാരും, അമ്പലവാസികൾ തന്നെ നാടകം [illegible] കവികളെന്നും വന്നിട്ടുള്ള വല്ലതെ ഭോജ്യമായിട്ടുതന്നെ വിരുന്നും സമ്മതിക്കും. എനിക്കു നിങ്ങളെപ്പോലെ നവീനപരിഷ്കാരത്തിലുള്ള സമ്പർക്കമോ ഭാഷാപരിജ്ഞാനമോ, നവീനരീതികളുടെ സ്വഭാവവും നിശ്ചയമില്ലെങ്കിലും നിങ്ങൾക്കു പഠിച്ചുള്ള വിദ്യകളിൽ എന്താണെന്നു എനിക്കറിയാം. ക്രിസ്തീയരെ പഠിപ്പിച്ചുള്ള [illegible] ഇംഗ്ലീഷുകൂടി വിദ്യാഭ്യാസം എന്ന വല്ല വിധവും അതിൽ കുറെ കുട്ടികളെ പഠിപ്പിച്ച്, പാശ്ചാത്യന്മാരെപ്പറ്റിയും, അവരുടെ ചരിത്രത്തെപ്പറ്റിയും, അവരുടെ സാമുദായികനടവടികളെപ്പറ്റിയും വലുതായ അത്ഭുതത്തെ അവരിൽ ഉണ്ടാക്കിതീർപ്പിച്ചു, നമ്മുടെ ചരിത്രം പഠിപ്പിക്കാതെയും നമ്മുടെ പൂർവികന്മാർ ചെയ്തതെല്ലാം വൃത്തികെട്ട [illegible] മൂഢസ്ഥന്മാരാണെന്ന പഠിപ്പിച്ചും സ്വരാജ്യസ്നേഹം, സ്വജനാഭിമാനം എന്നീ സ്വഭാവങ്ങൾ നശിപ്പിച്ചു നമ്മുടെ രാജ്യത്തെ നിയമത്തെപ്പറ്റിയും നമ്മൾ തമ്മിൽതമ്മിൽ ചെയ്യേണ്ടതായ നീതിയെപ്പറ്റിയും വിവരമില്ലാതെ അന്യന്മാരുടെ നടവടികളെ സ്വീകരിച്ചും അതു പരിഷ്കാരമാണെന്ന പ്രസംഗിച്ചും പത്രങ്ങളിലെഴുതിയും പുസ്തകമെഴുതിയും സമുദായത്തെ ക്ഷീണപ്പെടുത്തുന്ന നിങ്ങൾക്കാർക്കും ആവശ്യമായ വിദ്യാഭ്യാസം കിട്ടീട്ടില്ല. പാശ്ചാത്യന്മാരുടെ [illegible] ഗ്യമായ പരിഷ്കാരം മാത്രമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ പൂർവികന്മാർ പാശ്ചാത്യന്മാരെക്കാൾ ശ്രേഷ്ഠരായ പരിഷ്കാരികളായിരുന്നു. പാശ്ചാത്യന്മാരുടെ ആവശ്യമായ പരിഷ്കാരവും നിങ്ങൾക്കു കിട്ടീട്ടില്ല. നിങ്ങൾ നമ്മുടെ ചരിത്രത്തെ നോക്കേണ്ടു [illegible] പകാലം മുതലുള്ളതും അല്ലാതെ വിദേശീയർ എഴുതി വെച്ചതാണ്. ഹാ ദൈവമേ! ഇതെല്ലാം നമ്മുടെ അധഃപതനകാലത്തിന്റെ ലക്ഷണങ്ങളാണെന്നു നിങ്ങൾക്കു എന്നു മനസ്സിലാകുന്നുവോ അന്ന് മാത്രമേ നമ്മുടെ രാജ്യത്തു ഗുണമുണ്ടാകയുള്ളൂ. നിങ്ങളുടെ കൂട്ടത്തിൽ കണ്ടറിഞ്ഞവർ കൂടി ഉണ്ടായാൽ ഈ നാട്ടിൽ വലുതായ ഗുണങ്ങൾ ഉണ്ടായിത്തീരും. മരിക്കുന്നതിനു മുമ്പ് ഇതും കാണാൻ എനിക്കു സാധിച്ചാൽ എനിക്കു വലുതായ കൃതാർത്ഥതയുണ്ട്.

മരിക്കാൻ കിടക്കുന്ന ഒരു വൃദ്ധൻ.

ളളിൽ തട്ടിക്കൊണ്ടു ചെയ്തു. ഈ പ്രസംഗം കൃഷ്ണമേനവനു പറ്റിയതായ ഒരു കണ്ണുനാക്കിട്ടയെന്നും സാധാരണ കണ്ണിൽ ഇതു നിറച്ചുവെന്നും പറഞ്ഞാൽ മതിയല്ലൊ.

കൃഷ്ണമേനവൻ— ഞങ്ങൾക്കെന്റെ ഭാഗ്യമാ ... ബുദ്ധിശക്തിയും ലോകജ്ഞാനവും എന്നാൽ ഇതുവരെ കാണിപ്പാൻ സാധിച്ചില്ല. അപ്പോൾ ഇപ്രകാരമുള്ള നിങ്ങളോടു ഇതുകൊണ്ടു ഉപദേശിച്ചു, ഉപോദ്ബലകങ്ങളായ വാക്കുകൾകൊണ്ടു വല്ലതും തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിച്ചു എന്നെ അനുഗ്രഹിക്കണം. വൃദ്ധന്മാരായ നിങ്ങൾ പഠിപ്പുകാരെന്നും പറഞ്ഞു ഉണ്ടാക്കിത്തീർക്കുന്ന അനന്തരഫലം നിങ്ങൾ ചെയ്യേണം. ഭവാന്മാരുടെ അഭിമതം ലോകത്തിൽ പരത്തുവാനും ഞാൻ ഇന്നു മുതൽ സന്നദ്ധനായിരിക്കുന്നു. അതുമാത്രമല്ല ഇതു കാരണം ധാരാളം കീർത്തിയും ഉണ്ടാകുമത്.

പറഞ്ഞതുപോലെതന്നെ കൃഷ്ണമേനവൻ ഇന്നു പഠിപ്പുകാരികളുടെ ഗുരുവാണ്. അതാണ് ഇത്തരം കഥകൾ പുറപ്പെട്ടു തുടങ്ങുന്നത്. കേരളസ്ത്രീകൾക്കുണ്ടാകുന്ന ദുർഗതികളേയും മാതൃക തോന്നിപ്പാൻ ശ്രമിക്കുന്ന പച്ചപ്പരിഷ്കാരികൾ ഓർമ്മവെച്ചേക്കട്ടെ!

എം. ആർ. കെ. സി.

ചന്ദ്രഗുപ്തൻ

ഭാരതഖണ്ഡത്തിലെ പുരാതനചക്രവർത്തികളിൽ വെച്ചു പ്രാധാന്യമേറിയ ഒരാളായിരുന്നു ചന്ദ്രഗുപ്തൻ. അദ്ദേഹം തന്റെ ശത്രുക്കളായ നവനന്ദന്മാരെ സമൂലം ഉന്മൂലനം ചെയ്തു സിംഹാസനാരൂഢനായി പ്രജകളെ സുഖനിർവിശേഷം പരിപാലിച്ചുവന്നു. അസാധാരണമായ ബുദ്ധിസാമർത്ഥ്യം, അനുപമമായ ധൈര്യം, ലോകോത്തരമായ പ്രജാവാത്സല്യം മുതലായ ഗുണങ്ങളാൽ ഇദ്ദേഹം പ്രജകളുടെ ശാശ്വതമായ സ്നേഹബഹുമാനങ്ങൾക്കു പാത്രമായി ഭവിച്ചു. ഇദ്ദേഹത്തിന്റെ ജീവകാലം ഏതായിരുന്നുവെന്നു നമുക്കൊരു വിധം നിശ്ചയിക്കാം. വിശ്വവിശ്രുതനും വിജയിയുമായ 'അലക്സാണ്ടർ' ദിഗ്വിജയത്തിനു പുറപ്പെട്ടു ഭാരതഖണ്ഡത്തിലെത്തിയതു ക്രിസ്ത്വബ്ദത്തിനു മുമ്പു നാലാം ശതാബ്ദത്തിലായിരുന്നു. അദ്ദേഹത്തിനും, നന്ദന്മാരാൽ നിഷ്കാസിതനായ ചന്ദ്രഗുപ്തനും തമ്മിൽ വളരെ ചെങ്ങാത്തമുണ്ടായിരുന്നുവെന്ന 'അലക്സാണ്ട'റുടെ യുദ്ധയാത്രാവൃത്താന്തത്തിൽ നിന്നറിയാവുന്നതുകൊണ്ടു ബി. സി. നാലാം ശതാബ്ദത്തിലായിരിക്കണം ചന്ദ്രഗുപ്തൻ ജീവിച്ചിരുന്നത് എന്നൂഹിക്കാം. ഇദ്ദേഹത്തിന്റെ അച്ഛൻ മഹാപത്മനന്ദനും, അമ്മ മുരയുമാകുന്നു. തന്റെ മാതാവ് ഉത്തമകുലജാതയല്ലാത്തതുകൊണ്ടു രാജകുലത്തിൽ ഇദ്ദേഹത്തിന് അത്ര മാന്യത ലഭിച്ചിരുന്നില്ല. ഇദ്ദേഹം ഉപപത്നിയുടെ പുത്രനാണെന്നു കരുതി നന്ദന്മാർ ഇദ്ദേഹത്തെ 'മൌര്യ'നെന്നു നിന്ദാഗർഭമായി വിളിക്കുക

പതിവായിരുന്നു. എന്നാൽ സ്വേച്ഛാധനിജമായ ചരിത്രംകൊണ്ടും, അപ്രതിമമായ ബുദ്ധിശക്തിബലംകൊണ്ടും, അമിതമായ ധീരതാവീര്യംകൊണ്ടും ഈ നാമധേയം അന്നൊ ഗോത്രത്തിന്നു ഒരു ഭൂഷണമായിത്തീൎന്നു.

രാജാക്കന്മാർ തങ്ങളുടെ രാജ്യത്തുള്ള പ്രമാണന്മാരായ ഓരോ പുരുഷന്മാരിൽ നിന്നു പരാജയത്തെ ശങ്കിക്കുക പതിവാണല്ലോ. ചന്ദ്രഗുപ്തനെ മഗധരാജാവ് എന്തോ കാരണംകൊണ്ടു ശങ്കിക്കുവാനിടവരികയും, തന്നിമിത്തം നാട്ടിൽനിന്നു നിഷ്കാസിതനാവുകയും ചെയ്തു. അദ്ദേഹം ജന്മദേശത്തെ ഉപേക്ഷിച്ചു സ്വദേശം വിട്ടുപോയി 'അലക്സാണ്ടറെ' കണ്ടു മഗധരാജ്യത്തെ ആക്രമിപ്പാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചുവെങ്കിലും, തന്റെ സൈന്യത്തിന്റെ ശക്തി കുറവാകയാൽ ചന്ദ്രഗുപ്തനെ സഹായിപ്പാൻ അലക്സാണ്ടർ തയ്യാറായില്ല. 'അലക്സാണ്ടർ' സ്വരാജ്യത്തെ മടങ്ങുകയും ഉടനെതന്നെ കാലഗതിയെ പ്രാപിക്കയും ചെയ്തു.

ഇക്കാലത്തു ഭാരതഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗങ്ങളിൽ ഗ്രീക്കുകാരുടെ ആധിപത്യം പ്രബലമായി പ്രചരിച്ചിരുന്നു. അവരുടെ ആധിപത്യത്തെ നശിപ്പിപ്പാൻ വേണ്ടി ചന്ദ്രഗുപ്തൻ അവസരം പ്രതീക്ഷിച്ചിരിക്കയായിരുന്നു. 'അലക്സാണ്ടർ' മരിച്ചുവെന്നു ലോകത്തിലെങ്ങും പ്രസിദ്ധമായി. ചന്ദ്രഗുപ്തൻ ഇതുതന്നെ അവസരമെന്നു നിശ്ചയിച്ചിട്ടു ചില പഞ്ചനദവാസികളെ സ്വാധീനമാക്കുകയും, ചെറുതായ ഒരു സൈന്യശേഖരത്തോടുകൂടി 'ഗ്രീക്ക'കാരെ ഓടിക്കുകയും ചെയ്തു. ഭയങ്കരമായ ആ യുദ്ധത്തിൽ അദ്ദേഹമാണ് വിജയിയായി ഭവിച്ചതു്.

ഇതിന്നു മാത്രമല്ല ഭാരതഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗങ്ങളിൽ തന്റെ ആധിപത്യം സ്ഥാപിച്ചതിന്നു ശേഷം, മഗധരാജാവിനോടു പകരം ചോദിപ്പാൻ ഒരു സൈന്യത്തെ ശേഖരിച്ചു. ഈ അവസരത്തിൽ ഒരു ബ്രാഹ്മണൻ മഗധരാജാവിൽനിന്നുള്ള അവമാനം നിമിത്തം നന്ദവംശത്തെ നശിപ്പിക്കാനായി ഉദ്യമിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം ചന്ദ്രഗുപ്തൻ അദ്ദേഹത്തെ കാണാനിടയായി. ഈ ബ്രാഹ്മണന്റെ നാമധേയം 'കൗടില്യൻ' (ചാണക്യൻ) എന്നാണ്. 'കൗടില്യ'നും ചന്ദ്രഗുപ്തനും തമ്മിൽ വളരെ സ്നേഹമായി. രാജ്യകാര്യങ്ങളിൽ കൗടില്യനെ ഒരു ഗുരുവിനെപ്പോലെ കരുതിവരികയും, പ്രധാനമന്ത്രിസ്ഥാനം അദ്ദേഹത്തിന്നു നൽകുകയും ചെയ്തു. കൗടില്യന്റെ രാജ്യഭരണത്തെപ്പറ്റിയ നീതിപ്രയോഗങ്ങളും ഇന്നത്തെ രാഷ്ട്രതന്ത്രവിധങ്ങളെപ്പറ്റി അതിപ്രസിദ്ധമായ ഗ്രന്ഥമായ 'അർത്ഥശാസ്ത്ര'ത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒടുവിൽ കൗടില്യന്റെ സഹായത്തോടുകൂടി ചന്ദ്രഗുപ്തൻ മഗധരാജ്യം ആക്രമിക്കുകയും, നന്ദന്മാരെ നിഗ്രഹിക്കയും ചെയ്തു. ക്രിസ്ത്വബ്ദത്തിന്നു 322 കൊല്ലം മുമ്പായിരുന്നു ചന്ദ്രഗുപ്തൻ മഗധരാജ്യത്തിലെ രാജാവായിത്തീർന്നതു്. അതിന്നു ശേഷം അദ്ദേഹത്തിന്റെ പ്രതാപം ഭാരതഖണ്ഡത്തിലെങ്ങും പരന്നു.

ചന്ദ്രഗുപ്തൻ തൻെറ അപ്രതിഹതമായ ശാസനം ഇന്ത്യയുടെ ഉത്തരപ്രാന്തങ്ങളിലും പ്രതിഷ്ഠിക്കുവാൻ ആരംഭിച്ചുകൊണ്ടിരിക്കുമ്പോഴാണ് 'സെല്യൂക്കസ്' എന്ന പേരായ അലക്സാണ്ടറുടെ ഒരു സേനാനായകൻ പഞ്ചാബുദേശത്തെ കൈവശപ്പെടുത്തിയത്. ഈ അവസരത്തിൽ ചന്ദ്രഗുപ്തൻ തൻെറ സൈന്യത്തെ പടനയിക്കയും വലുതായ യുദ്ധം നടത്തിയതിൽ സെല്യൂക്കസ് പരാജിതനായി സാമ്രാജ്യത്തെ മടങ്ങിപ്പോകേണ്ടിവന്നു. എന്നാൽ സെല്യൂക്കസ് സന്തുഷ്ടനായി ഒരു കന്യകയെയും, ചില ദേശങ്ങളെയും ചക്രവർത്തിക്ക സമ്മാനമായി കൊടുത്തിരുന്നു; അതിനു പകരം സെല്യൂക്കസ് ഭാരതരാജാവിൽനിന്നു അഞ്ഞൂറു ആനകളെ ലഭിച്ചിരുന്നുവെന്നും ഒരു ഐതിഹ്യമുണ്ട്.

അനന്തരം മെഗസ്തനീസ് എന്ന ഒരു ഗ്രീക്കുകാരൻ ചന്ദ്രഗുപ്തമഹാരാജാവിൻെറ സഭയിൽ വസിക്കുന്നതായി. നിപുണനും, സത്യവാദിയുമായ അദ്ദേഹം അഞ്ചു കൊല്ലത്തോളം പാടലീപുത്രത്തിൽ വസിക്കയും, അന്നത്തെ രാജ്യചരിത്രങ്ങളെ വർണ്ണിക്കുന്നതായ ഒരു ഗ്രന്ഥം നിർമ്മിക്കയും ചെയ്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അക്കാലത്തെ ഭാരതീയരുടെ ചരിത്രം വിശദമായി പറഞ്ഞിട്ടുണ്ട്. അതിൽനിന്ന ചിലതെടുത്തു പറയുന്നതു പ്രകൃതത്തിൽ യുക്തമായിരിക്കും:—

ക്രിസ്തുവർഷത്തിനു മൂന്നു ശതവർഷം മുമ്പായി അന്നത്തെ രാജാവു ശത്രുക്കളെ ഒതുക്കാനായി ഗംഗാനദിയുടെ തീരത്ത് രാജാങ്കശത്രുവിനെക്കൊണ്ടു ഉന്നതവും, മനോഹരവുമായ ഒരു കോട്ട പണിയിച്ചു. ഇതിൻെറ നാമധേയം പാടലീപുത്രമെന്നാണ്. അദ്ദേഹത്തിൻെറ പൗത്രനായ 'ഉദയനൻ' അതിനെ പിന്നെയും ഉറപ്പു കൂട്ടി. ചന്ദ്രഗുപ്തൻെറ രാജ്യഭരണകാലത്തു ഭാരതഖണ്ഡത്തിൽ പ്രാധാന്യമേറിയ നഗരം ഇതൊന്നുതന്നെയായിരുന്നു. ഇതിൻെറ നീളം രണ്ടു നാഴികയിലധികം ഉണ്ട്. അറുപത്തിനാലു ഗോപുരങ്ങളുള്ള ഈ നഗരത്തിനു മുപ്പതു മതിലുകളും, മതിലുകളുടെ നാലുപുറവും ജലം നിറച്ചിട്ടുള്ളതായ കിടങ്ങുകളും ഉണ്ട്. മരംകൊണ്ടു നിർമ്മിതമായ രാജഭവനവും മന്ത്രികളുടെ കൊട്ടാരങ്ങളും ഗോപുരവും അത്ഭുതകരമായിരുന്നു. ഇതിൻെറ സമീപത്തായി ഒരു സഭയും ഉണ്ടായിരുന്നു.

രാജസഭയുടെ മനോഹരതയെപ്പറ്റി വർണ്ണിക്കുന്നതു എത്രയോ അസാദ്ധ്യമായിട്ടുള്ളതാണ്. സ്വർണ്ണം, വെള്ളി മുതലായ വിലപിടിച്ച ലോഹങ്ങളെക്കൊണ്ടുണ്ടാക്കിയ പാത്രങ്ങളും, മേശ ചിത്രങ്ങളും വാഹനങ്ങളും മററനേകം മനോഹരങ്ങളായ വസ്തുക്കളും രാജസഭയെ പുഷ്ടിപ്പെടുത്തിയിരുന്നു.

അക്കാലത്തു രാജാക്കന്മാർ മനസ്സിനെ വിനോദിപ്പിച്ചിരുന്നതു നായാട്ടുകൊണ്ടും മററുമായിരുന്നു. മഹാരാജാവു ചിലപ്പോൾ നായാട്ടുകാർ കൊണ്ടുവന്ന മൃഗങ്ങളെ, രാജ്ഞീസമേതനായി ഒരു മണ്ഡപത്തിലിരുന്നു, തൻെറ കയ്യിലുള്ള ആയുധംകൊണ്ടു വെട്ടിക്കൊല്ലുകയും, മററു ചിലപ്പോൾ ആനപ്പുറത്തു കയറി നായാട്ടിനു പോകയും പതിവുണ്ടായിരുന്നുവെന്ന പ്രസ്താവിച്ചു കാണുന്നു. രാജാവിനു കാട്ടിലെ

ക്ക പോകുവാനായി പ്രത്യേകം നിർമ്മിച്ചിട്ടുള്ള മാർഗ്ഗത്തിൽക്കൂടി അല്ലാതെ സഞ്ചരിപ്പാൻ പാടില്ലെന്നുള്ള നിശ്ചയം തെറ്റി നടക്കുന്നവരെ ശിക്ഷിച്ചിരുന്നു. കാര്യം കൂടാതെ ശരീരക്ഷതം വരുത്തുന്നവർക്കു പ്രാണശിക്ഷ കുറവില്ല. ചന്ദ്രഗുപ്തന്റെ ജന്മനക്ഷത്രദിവസം നാട്ടിലെങ്ങും ഉത്സവം കൊണ്ടാടിയിരുന്നു.

സൈന്യവിഭാഗമെന്നും സാധാരണവിഭാഗമെന്നും രണ്ടുതരത്തിലായിരുന്നു ചന്ദ്രഗുപ്തന്റെ രാജ്യതന്ത്രവിഭാഗങ്ങൾ. സൈന്യവിഭാഗത്തിന്റെ അഭിവൃദ്ധിക്കായി ധാരാളം ധനം വിനിയോഗിച്ചിട്ടുണ്ട്. ആറുപതിനായിരം കാലാൾപടകളും, മുപ്പതിനായിരം അശ്വസാദികളും, ഒമ്പതിനായിരം ആനകളും, എണ്ണായിരം രഥങ്ങളും കൂടിയ ഒരു വലിയ സൈന്യം ചന്ദ്രഗുപ്തനുണ്ടായിരുന്നു.

സൈന്യവിഭാഗത്തിന്റെ മേലന്വേഷണത്തിനായി ചില സഭകൾ ഏർപ്പെടുത്തുകയും അതാതു സഭകൾ നിശ്ചയിക്കേണ്ടതായ കാര്യങ്ങൾ ക്ലിപ്തപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്ന് ആറു സഭകളാണുണ്ടായിരുന്നത്. ഒന്നാമത്തെ സഭ സൈന്യത്തിന്ന് ആവശ്യമുള്ള വെള്ളത്തിന്റെയും, രണ്ടാമത്തേതു ഭക്ഷണസാമഗ്രിയുടെയും, മൂന്നാമത്തേതു സ്ഥലത്തിന്റേയും, ബാക്കി മൂന്നു സഭകളും ആന, കുതിര, തേർ ഇവയുടേയും മേൽനോട്ടത്തിനായി നിയമിക്കപ്പെട്ടു. ക്ലിപ്തപ്പെട്ട സഭകൾ അതാതിന്റെ ചുമതല വേണ്ടപോലെ നിർവ്വഹിച്ചു.

സാധാരണ വിഭാഗത്തിന്റെ കാര്യാന്വേഷണത്തിനായി ആറു ചില സഭകളുണ്ടായിരുന്നതിൽ, ഒന്നാമത്തെ സഭയുടെ ചുമതല, ശില്പികളുടെ ദേഹരക്ഷണം, യോഗ്യതയനുസരിച്ചു പ്രതിഫലം നിശ്ചയിക്കുക, വസ്തുപരിശോധനം എന്നിവയായിരുന്നു. ശില്പികൾ തങ്ങളുടെ വേലയുടെ ത്തിലൊന്നു പലപ്പോഴും രാജസേവനത്തിൽ ചെലുത്തേണ്ടവരായിരുന്നു. എന്നാൽ അവർ വിശേഷമായി വല്ലവരും പ്രവർത്തിച്ചാൽ അവർ കഠിനശിക്ഷക്ക് അർഹന്മാരായിരുന്നു.

നാട്ടുകാർക്ക് വേണ്ട പാർപ്പിടങ്ങൾ കൊടുപ്പാനും, അവരെ രക്ഷിപ്പാനും, ചികിത്സകന്മാരെ നിയമിപ്പാനും മറ്റുമായിരുന്നു രണ്ടാമത്തെ സഭ നടത്തിയിരുന്നത്. വൈദേശികന്മാരുടെ നേരെ രാജാവിന്റെ പരിവാരങ്ങൾക്കും, ഉദ്യോഗസ്ഥന്മാർക്കും വളരെ ശ്രദ്ധയുണ്ടായിരുന്നു. അവരിൽ ആരെങ്കിലും മരിച്ചുപോയാൽ അവരുടെ ശവസംസ്കാരം മുതലായതു മേൽപ്പറഞ്ഞ സഭതന്നെ നടത്തി, അവരുടേതായി വല്ല സ്വത്തുക്കളുമുണ്ടെങ്കിൽ അത് അവരുടെ അവകാശികൾക്കു ഏല്പിച്ചുകൊടുക്കും, അതിഥിസൽക്കാരം രാജാവിന്നു വിശേഷിച്ചു കൂടാത്ത ഒരു ധർമ്മമായിരുന്നു.

മൂന്നാമത്തെ സഭയുടെ ഉദ്ദേശ്യം ജനനമരണങ്ങളെ കണക്കെടുത്ത് വ്യവസ്ഥപ്പെടുത്തുകയായിരുന്നു. ഈ കണക്കുപ്രകാരം ജനസംഖ്യയും, തന്മൂലം രാജഭോഗവും ആവധാരിക്കപ്പെട്ടു. നാലാമത്തെ സഭകൊണ്ടുള്ള ഉപയോഗം കച്ചവടവ്യവസ്ഥാപനം തന്നെ. ക്രയവിക്രയങ്ങളെ സ്ഥിരപ്പെടുത്തുക, അളവുപാത്രങ്ങളെ പരിശോധിക്കുക, മുതലായ കൃത്യങ്ങളാണ് ഈ സഭ നടത്തിയിരുന്നത്. കച്ചവടക്കാർ

ിൽനിന്ന ഒരു നികുതിയും പിരിച്ചിരുന്നു.

കച്ചവടത്തെ പരിശോധിക്കുവാൻ വേണ്ടിയാണ് അഞ്ചാമത്തെ സഭ നടത്തിയിരുന്നത്. പഴകിയതും പുതിയതുമായ സാധനങ്ങൾ കൂട്ടിക്കലർത്തി വില്ക്കുന്നവരെ ശിക്ഷിച്ചിരുന്നു. വിറ്റു കിട്ടുന്ന ലാഭത്തിൽ പത്തിലൊരു ഭാഗം രാജാവിന്നു കൊടുക്കേണ്ടതായിരുന്നു. കരം പിരിക്കുക മുതലായ കാര്യങ്ങളെ തിട്ടപ്പെടുത്തുക ആറാമത്തെ സഭയുടെ കൃത്യമായിരുന്നു.

ഇപ്രകാരം സകലവിഷയത്തിലും അപ്രമത്തനായ ചന്ദ്രഗുപ്തമഹാരാജാവ് ഇരുപത്തിനാലു സംവത്സരം നീതിയോടെ രാജ്യഭരണം ചെയ്തു ഒരു ചക്രവർത്തിയായിരുന്നു എന്നത് ഭാരതീയരായ നമുക്ക സന്തോഷത്തിന്നും അഭിമാനത്തിന്നും ഒരു വലിയ ഹേതുവാണെന്നു നിസ്സംശയം പറയാവുന്നതാണ്.

കരമനയിൽ കൃഷ്ണമേനോൻ

ഭൂമിയിലുള്ള

ഉടമസ്ഥതാവകാശം*

ഉടമസ്ഥതാവകാശം പലവിധമായിട്ടിരിക്കുന്നു. താനൊന്നായി ഉണ്ടാക്കീട്ടുള്ള പദാർത്ഥങ്ങളിൽ ഒരുവന്നുള്ള ഉടമസ്ഥത്വ, മറ്റൊരുവന്ന എന്തെങ്കിലും ഉണ്ടാക്കി കൊടുത്തതിന്നോ അല്ലെങ്കിൽ മറ്റൊരുവന്ന എന്തെങ്കിലും സഹായം ചെയ്തു കൊടുത്തതിന്നോ പ്രതിഫലമായി കിട്ടീട്ടുള്ളതിൽ ഒരുവന്നുള്ള ഉടമസ്ഥത്വ, ഇപ്രകാരമുള്ള സഹായങ്ങളുടെ കൂട്ടത്തിൽ ഒരുവൻ ഉണ്ടാക്കീട്ടുള്ളതോ, അല്ലെങ്കിൽ ന്യായമായി സമ്പാദിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും പദാർത്ഥത്തെ മറ്റൊരുവന്ന കടം കൊടുക്കുക എന്നതുംകൂടി കണക്കാക്കേണ്ടതാകുന്നു. ഒരു സാധനത്തെ ഉണ്ടാക്കുകയോ അല്ലെങ്കിൽ ന്യായമായി സമ്പാദിക്കുകയോ ചെയ്തിട്ടുള്ള പുരുഷനാൽ തന്നെ, ഇരിക്കുമ്പോഴാകട്ടെ മരണസമയത്താകട്ടെ, ഒരുവന്ന ദാനമായി കൊടുക്കപ്പെട്ട ആ സാധനത്തിൽ അവന്നുള്ള ഉടമസ്ഥതാവകാശം. ഇപ്രകാരം കൊടുക്കുന്നതിന്നുള്ള കാരണം എന്തെങ്കിലും ആവാം—ഒന്നുകിൽ അവനിൽ കൊടുക്കുന്നവന്ന സ്നേഹമുണ്ടായിരിക്കുക, അല്ലെങ്കിൽ വാങ്ങുന്നവന്ന കൊടുക്കുന്നവന്റെ പേരിൽ എന്തെങ്കിലും ന്യായമായിട്ടുള്ള അവകാശമുണ്ടായിരിക്കുക, അല്ലെങ്കിൽ അവൻ അതിനെ വേണ്ടപോലെയോ രാജാവിന്റെ മനോഗതംപോലെയോ ഉപയോഗിക്കുമെന്നു

* ജോൺ സ്റ്റൂവർട്ട്മിൽ എന്ന മഹാൻ 'രാജ്യതന്ത്രശാസ്ത്ര സിദ്ധാന്തങ്ങൾ' എന്ന സംജ്ഞയോടുകൂടി എഴുതിയിട്ടുള്ള ഒരു ഉപന്യാസത്തിന്റെ [illegible] ആണ്. [illegible] മുതലായ പല ഗ്രന്ഥങ്ങളെഴുതി പ്രസിദ്ധനായ ഒരു മഹാനാണ് മിൽ. ഇദ്ദേഹത്തിന്റെ അച്ഛനായ ജെയിംസ്മിൽ ഇംഗ്ലണ്ടിലെ ഇന്ത്യാ ആപ്പീസ്സിൽ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ഇന്ത്യാചരിത്രം എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്. അച്ഛന്റെ [illegible] ജോൺ സ്റ്റൂവർട്ട്മിൽ [illegible] ഉദ്യോഗത്തിൽ പ്രവേശിച്ചു.

—ലേഖകൻ.

കൊടുക്കുന്നവനവിചാരമുണ്ടായിരിക്കണ്ടതിന്നെ എന്തെങ്കിലുമാവാം. ഇവയെല്ലാം പ്രയത്നഫലങ്ങളായ പദാൎത്ഥങ്ങളിലുള്ള ഉടമകാൎയ്യങ്ങളാകുന്നു. ഇവയെല്ലാം കാൎയ്യങ്ങൾക്കും സ്വപ്രയത്നംകൊണ്ടും സ്വപ്രയത്നഫലംകൊണ്ടും സ്വപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള സമ്പാദ്യംകൊണ്ടും യഥേഷ്ടം പ്രവൎത്തിക്കുന്നതിനുള്ള—സ്വാന്തമാവശ്യത്തിന്നായിട്ടു പ്രയോഗിക്കുക, മറ്റു പദാൎത്ഥങ്ങൾക്കായി മാറ്റം ചെയ്യുക, അല്ലെങ്കിൽ സ്വേച്ഛപോലെ മറ്റു ചിലൎക്കു കൊടുക്കുക എന്നിതിന്നെല്ലാം—അങ്ങിനെ വിധത്തിൽ പ്രവൎത്തിക്കുന്നതിനുള്ള—അവകാശങ്ങളായിട്ടു തീരുന്നു.

എന്നാൽ ഈ വക വിവരണങ്ങളിൽ ഒന്നിലും പെടാത്തതുകളും ഈ ന്യായത്തെ അവലംബിക്കാത്തതുകളും ആയി പല മാതിരി ഉടമസ്ഥതാവകാശങ്ങളുണ്ട്. അതായത് അല്ലെങ്കിൽ അതുമാതിരി ഉണ്ടാക്കപ്പെട്ടതല്ലാത്ത പദാൎത്ഥങ്ങളിൽ മനുഷ്യൎക്കു സിദ്ധിക്കുന്ന ഉടമസ്ഥത—ഭൂമിയിലുള്ള ഉടമസ്ഥതാവകാശം ഈ പ്രകാരമുള്ളതാകുന്നു. ഭൂമി എന്ന ശബ്ദത്തിൽ അതിന്റെ അകത്തും പുറത്തും ഉള്ള പദാൎത്ഥങ്ങൾ എന്ന അൎത്ഥവും കൂടി ഉൾപ്പെടുന്നതാകുന്നു. ഈ മാതിരി ഉടമസ്ഥത ഒരു പ്രയത്നം കൊണ്ടോ സ്വപ്രയത്നംകൊണ്ടോ ഉണ്ടാക്കപ്പെട്ട പദാൎത്ഥങ്ങളിൽ ഉള്ള അവകാശം പോലെയുള്ളതല്ല. ഇതു യദൃച്ഛയായിട്ടുള്ളതാണെങ്കിൽ തന്നെ മറ്റൊരു ന്യായത്തെ അടിസ്ഥാനമാക്കീട്ടാണിരിക്കുന്നത്. ഭൂമി മനുഷ്യന്റെ സൃഷ്ടിയല്ല; അതു പ്രകൃതിയാൽ തന്നെ ദത്തമായുള്ളതാകുന്നു. മനുഷ്യന്നു പ്രത്യേകമായിട്ടുണ്ടാക്കപ്പെട്ടതുമല്ല; ഒരുവൻ കൈവശമാക്കുന്നതുവരെ അത് ഒരുപൊതുവായ വസ്തുവായിരുന്നു. അതിന്ന് ഇരിക്കുന്ന വസ്തുവിന്നെ ഒരുവൻ സ്വന്തമാക്കിത്തീൎക്ക എന്നതു പ്രഥമദൃഷ്ട്യാ തന്നെ ന്യായവിരോധമാകുന്നു. ബലമായിട്ടാക്രമിക്കാതെ മാമൂൽപ്രകാരം ന്യായമായിട്ടു സിദ്ധിച്ചതാണെങ്കിലും, ഒരു ജനസമുദായം ഒരു പ്രദേശത്ത് ആദ്യമായി കടിയേറിപ്പാൎത്ത സമയം ഭൂമിയെ അവർ തമ്മിൽ ഒപ്പം വിഭാഗിച്ചെടുത്തിട്ടുള്ളതാണ് എങ്കിലും (ഇപ്രകാരം പലപ്പോഴും സംഭവിക്കാറുണ്ട്.) അവരുടെ സന്താനങ്ങളെ സംബന്ധിച്ചു—അതില്ലെങ്കിലും അവരുടെ സ്വത്തുക്കൾക്കവകാശികളല്ലാത്ത തുടൎന്നു പിന്നീടു ജനിക്കുന്നവരെല്ലാവരെയെങ്കിലും സംബന്ധിച്ച്—ആ പ്രവൃത്തി അന്യായമായിരിക്കുന്നതാണ്. അതിനെയുള്ള ഒരേടു ന്യായമായിട്ടുള്ളതാക്കിത്തീൎക്കണമെങ്കിൽ അതു പൊതുജനങ്ങൾക്കു ഗുണത്തെ ഉണ്ടാക്കുന്നതാണ് എന്ന കാണിക്കണം. സമുദായത്തിൽ ഈ സ്വത്തിന്നവകാശികളല്ലാതെ നില്ക്കുന്നവൎക്കു കൂടി അതിൽ പങ്കു കൊള്ളത്തക്ക വിധമായിരിക്കുകയും വേണം.

ഈ വിധമുള്ള ഉടമസ്ഥതാവകാശത്തിന്നു തക്കതായ ന്യായമുണ്ട് എന്നാണ്, പഠിപ്പുള്ളവരായ ജനസമുദായങ്ങളുടെ ഇടയിൽ സാമാന്യേന ഉള്ളവരെയുള്ള അഭിപ്രായം. ഭൂസ്വത്തിനെ സ്വന്തമാക്കി കൈവശം വെക്കുക എന്നത് അതിന്നവകാശികളായവൎക്കും അല്ലാത്തവൎക്കും ഗുണകരമാണ് എന്നാകുന്നു വിചാരിച്ചു വെച്ചിട്ടുള്ളത്. എന്നാൽ ഏതു വിധത്തിലാണ് ഗുണകരമായിരിക്കുന്നത്? ഈ സംഗതി ത

ത്വര പ്രത്യേകം മനസ്സിരുത്തിനോക്കാം. ഭക്ഷണപദാർത്ഥങ്ങളോ മറ്റെന്തെങ്കിലും ജനസമുദായത്തിനാവശ്യമുള്ളതും ഉപയോഗമുള്ളതുമായ മറ്റു പദാർത്ഥങ്ങളോ കഴിയുന്നേടത്തോളമധികം ഭൂമിയിൽനിന്നു കിട്ടുമാറാക്കിത്തീർക്കുക എന്നതാണ മനുഷ്യർ ഭൂമിയെക്കൊണ്ടുള്ള പരമപ്രയോജനം. ഇതിനെയാണ ഫലകരമായിരിക്കുന്നത്. ഈ ഘട്ടത്തിൽ ഒരു സംഗതി ആലോചിപ്പാനുണ്ട്. ഭൂമി മനുഷ്യപ്രയത്നത്തിന്റെ ഫലമല്ലാ എങ്കിലും അതിൽനിന്നുണ്ടാവുന്ന പദാർത്ഥങ്ങൾ അപ്രകാരമാകുന്നു. അതിൽനിന്നു വേണ്ടേടത്തോളം ഫലം സിദ്ധിക്കണമെങ്കിൽ എത്രയെങ്കിലും കഠിനമായി പ്രയത്നം ചെയ്യാതെ കഴികയില്ല. ഈ പ്രയത്നത്തെ നിലനിർത്തിപ്പോരുന്നതിനു മുൻ പ്രയത്നത്തിന്റെ ഫലമായ സമ്പാദ്യത്തിൽനിന്നു ഒരു വലിയ സംഖ്യ ചെലവുചെയ്യേണ്ടിയതും ആണ്. സാധാരണമായി മനുഷ്യർ പൊതുജനങ്ങൾക്കുവേണ്ടി ചെയ്യുന്നതിനെക്കാൾ തങ്ങൾക്കും തങ്ങളുടെ അടുത്ത സന്താനങ്ങൾക്കും വേണ്ടി അധികം പണം ചെലവുചെയ്യുകയും അധികം പ്രയത്നിക്കയും ചെയ്യുമെന്നത് അനുഭവസിദ്ധമാണല്ലോ. അതിനാൽ ഭൂമിയിൽനിന്നു കഴിയുന്നത്ര ഫലം ഉണ്ടാക്കിത്തീർക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഭൂമിയിൽ പ്രത്യേകം ഉടമസ്ഥതാവകാശം ആവശ്യം ഉണ്ടായിരിക്കണമെന്നുള്ള ന്യായമായിരിക്കാം. എന്തെന്നാൽ അപ്പോൾ ഭൂമിയെ കഴിയുന്നേടത്തോളം ഫലവത്താക്കിത്തീർത്തുകൊണ്ടു കഴിയുന്നത്ര ലാഭം അതിൽനിന്നു കിട്ടുവാൻ അവർ തല്പരന്മാരാകുന്നതാണ്. അതിനിടയ്ക്കു അന്യർ ഇടയിൽ ചാടി അതിനു വിഘ്നം വരുത്തുമെന്നു ഭയപ്പെടുവാനില്ല. ഇതാകുന്നു ഭൂമിയെ സ്വകാര്യസ്വത്തായി കൈവശപ്പെടുത്തുവാൻ അനുവദിക്കുന്നതിനു സാധാരണയായി പറഞ്ഞുവരുന്ന ന്യായം. അതിലൊട്ടു ഉള്ളതിലധികം നല്ല ന്യായം ഇതാണുതാനും.

ഒരു കാര്യത്തിന്റെ കാരണം ഇന്നത് എന്നു നാം അറിയുന്നതോടുകൂടി അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടാകണമെന്നുകൂടി അറിയുന്നു. കാര്യത്തിന്റെ വ്യാപ്തി തന്നെയായിരിക്കണം കാരണത്തിന്റെ വ്യാപ്തിയും. കാരണം ചെറുതായിരുന്നുവെങ്കിൽ കാര്യവും ചെറുതായിരിക്കുന്നു. ഭൂമി വസ്തുവുടമസ്ഥന്മാരോ അവരുടെ കാരണവന്മാരോ ഉണ്ടാക്കപ്പെട്ടതല്ല. ഭൂമി സ്വകാര്യസ്വത്തായി കൈവശപ്പെടുത്തുന്നതിനുള്ള കാരണം ഇതു വെളിപ്പായി കൃഷിചെയ്യുന്നതിൽ ഉടമസ്ഥനാകുന്ന അധികതാല്പര്യമാണ്. എന്നിരിക്കെ ഭൂമിയുടമസ്ഥന്റെ അവകാശം ഈ കാര്യത്തെ അതിക്രമിച്ചുനിൽപ്പുവാൻ പാടില്ല. ഭൂമിയെ കഴിയുന്നേടത്തോളം ഫലവത്താക്കിത്തീർക്കയോ അല്ലെങ്കിൽ കഴിയുന്നേടത്തോളം മനുഷ്യർക്ക് ഉപയോഗമുള്ളതാക്കിത്തീർക്കയോ ചെയ്യുന്നതിനു കൈവശക്കാരനെ പ്രേരണയായിരിക്കുന്ന അവകാശത്തെ മാത്രമേ അനുഭവിക്കുവാൻ പാടുള്ളു. അതിനപ്പുറമുള്ളതെല്ലാം പ്രകൃതത്തിലുള്ള കാര്യത്തിന്റെ കാരണത്തെ അതിക്രമിച്ചുപോകുന്നു; ജനസമുദായത്തിൽ ചേർന്നിട്ടുള്ളവർ സകലത്തിനു മേലുള്ളവരായിത്തീരുന്നു.

ഷീമയിൽ ഇപ്പോഴും നടപ്പുള്ള ഭൂമിയുടെ സ്വഭാവം ഈ അവസ്ഥയോടു യോജിക്കുന്നതാണെന്നു പറയുവാൻ പാടില്ല. ജന്മികൾക്കു നിയമപ്രകാരമുള്ള അവകാശങ്ങൾ ഭൂമിയെ പരിഷ്കരിക്കുന്നതിനുള്ള പ്രയത്നങ്ങൾ ചെയ്യുന്നതിനാവശ്യമുള്ളതിനേക്കാൾ വളരെ അധികമായിട്ടാണിരിക്കുന്നതു്. ആ വക അവകാശങ്ങൾ വളരെ [illegible] നടത്തുന്നതു്. ഇംഗ്ലണ്ടിലെന്നപോലെ പലവിധത്തിലും നടക്കുന്നതല്ല [illegible] പ്രകാരമേ കാരണങ്ങളിട്ടിരിക്കണം എന്നില്ല അവ വാസ്തവത്തിൽ നടക്കുന്നതു ചെയ്യുന്നതു്.

ഒരു കാര്യത്തിനു ജന്മിക്കാവശ്യമെങ്കിൽ അതു [illegible] ചിലപ്പോഴും ഒഴിപ്പിക്കുകയും ചെയ്യുന്നു. ഭൂമിയെ നന്നാക്കീട്ടില്ല എന്ന [illegible] നാലാമത്തെ [illegible] അവകാശത്തിന്നു [illegible] വേണ്ടുന്നതിന്നായി അതു കൃഷി ചെയ്യാതെ തരിശിടുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള [illegible] വസ്തു ഒഴിപ്പിക്കുന്നതിനുള്ള കാരണങ്ങളെ സാധിക്കുവാൻ കഴിക്കയും കഴിയുന്നതല്ല.

അതിനെപ്പോലെ വസ്തു സംബന്ധമായി [illegible] ചെയ്യുവാൻ നിവൃത്തിയില്ലാതിരിക്കുന്നതുകൊണ്ടു് [illegible] വണ്ണം കൃഷിചെയ്യുന്നതിനുള്ള പ്രയത്നം കഴിയുന്നേടത്തോളം [illegible] എന്നതായിരുന്നാൽ വാസ്തവത്തിൽ കൃഷി ചെയ്യുന്നവരായിരിക്കുന്ന കുടിയാന്മാരെ ഇടുക്കുന്നതു്. എന്നാൽ ഇംഗ്ലണ്ടിൽ കൂട്ടുകാർ ഭൂമിയെ [illegible] കൃഷിക്കാരാണ് കൃഷിചെയ്യുന്നതു്. അവർ വസ്തുവുടമസ്ഥന്മാരല്ല എന്നു മാത്രമല്ല, അവരിൽ മിക്കവരും വസ്തുവിന്മേൽ യാതൊരു പിടിപാടുമില്ല. അവർ വെറുമ്പാട്ടക്കാരാണ് മാത്രമാകുന്നു. ആറുമാസത്തെ നോട്ടീസ്സുകൊടുത്താൽ അവരെ കയ്യിൽനിന്നു വസ്തു ഒഴിപ്പിക്കയും ചെയ്യാം. ആ വക ഭൂമികളും നല്ലവണ്ണം കൃഷിചെയ്യുന്നതെങ്കിൽ ജന്മികളുടെ അവകാശം നിമിത്തമാണ് എന്നു പറയുവാൻ പാടില്ല. കൃഷികാര്യത്തിൽ ആവശ്യം അവര [illegible] എന്നതിൽ [illegible] ഇപ്രകാരമുള്ള വെറുമ്പാട്ടവകാശം മാത്രമേയുള്ളു കൃഷിക്കാർ വസ്തുക്കൾ നല്ലവണ്ണം കൃഷിചെയ്യുന്നതെങ്കിൽ നല്ലവണ്ണം കൃഷിചെയ്യുവാൻ (ഒരു പ്രേരണ ആയിട്ടു) ഉടമസ്ഥാവകാശം ആവശ്യമില്ല എന്നതിലേയ്ക്കു് ഇതു ഒരു തെളിവാകുന്നു.

ഇവിടെ ഭൂമിയെ ഒരു പുഷ്ടിവരുത്തി കൃഷിചെയ്യുക എന്നുള്ള വെറുമ്പാട്ടക്കാരിൽ [illegible] നടത്തുവാൻ കഴിയും, നടത്തിവരുന്നുമുണ്ടു്. പക്ഷേ [illegible] ഭൂമിയെ [illegible] വളരെ [illegible] പരിഷ്കാരങ്ങൾ സംബന്ധിച്ചു [illegible] പറയുവാൻ പാടില്ല. ഈ വക പരിഷ്കാരങ്ങൾക്കു സാധാരണയായി മാത്രമേ [illegible] അതിനാൽ [illegible] ഒരു വെറുമ്പാട്ടക്കാരൻ ആവശ്യം [illegible] ചെയ്യുന്നതല്ല. ഉടമസ്ഥന്മാർ [illegible] കഴികയില്ല; [illegible] ചെയ്യുന്നതുമില്ല. [illegible] ല വസ്തുവുടമസ്ഥന്മാർ ഇപ്രകാരമുള്ള

ടിപ്പാരാണോ ഭൂമിക്ക വരുത്തുന്നത്; അതിനാൽ ഭൂമിയിൽ ഉടമസ്ഥതാവകാശം എന്ന ഏർപ്പാട ന്യായംതന്നെയാകുന്നു.

ഈ അഭിപ്രായത്തിന്ന വേണ്ടെടത്തോളം ഗൌരവം കൊടുക്കുന്നതായാൽ തന്നെയും വസ്തുവിൽനിന്നുണ്ടാവുന്ന ആദായമാസകലത്തിന്നും ജന്മികൾക്ക അവകാശമുണ്ടെന്ന പറയുന്നതും ശരിയല്ല. അവരുടെ പൂർവന്മാരുടെ പ്രയത്നത്തിന്റെയോ അല്ലെങ്കിൽ അവരുടെ സ്ഥാനത്തിരിക്കുന്ന അവരുടെ സ്വന്തം പ്രയത്നത്തിന്റെയോ ഫലമായിത്തീർന്നിട്ടുള്ള ആദായത്തിന്ന മാത്രമേ ജന്മികൾക്ക അവകാശമുള്ളൂ. ആദായത്തിന്റെ ഏതെങ്കിലുമൊരംശം മറ്റുള്ളവരുടെ പ്രയത്നംകൊണ്ടോ ജനസമുദായംകൊണ്ടോ ഉണ്ടായിട്ടുള്ളതു ആ അംശം ആ മറ്റുള്ളവർക്കു കിട്ടേണ്ടതാകുന്നു. ഉദാഹരണമായി അവരുടെ പാട്ടക്കാലം കഴിഞ്ഞിട്ടും വിടാതിരിക്കുന്നവർ എന്തെങ്കിലും ഗുണം വസ്തുവിന്ന വരുത്തിട്ടുണ്ടെങ്കിൽ ജന്മി പാട്ടം — സ്ഥിരമായിട്ടുള്ളതാണെങ്കിലും താല്ക്കാലികമായിട്ടുള്ളതാണെങ്കിലും — തികച്ചും പ്രതിഫലം കൊടുക്കേണ്ടതാകുന്നു. ഒരു രാജ്യത്തെ ധനം വർദ്ധിപ്പിക്കുന്നതിന്നുവേണ്ടിയുള്ള തൊഴിലാളികളുടെ സഹായമായ പ്രയത്നംകൊണ്ടു വസ്തുവിന്റെ വില കൂടുന്നു — ജന്മി അതിന്നു കടക്കാരനാകട്ടെ യാതൊന്നും ചെയ്യാതെതന്നെ — വർദ്ധിച്ചുവരാനിടയുണ്ടെങ്കിൽ ആ കൂടുതൽ വില ജനസമുദായത്തിന്നു കിട്ടേണ്ടതാകുന്നു. ഈ പ്രകാരമായിരിക്കുന്നതാണ സംഗതി, യാതൊരു കൃഷിക്കാരനും ഉണ്ടായിട്ടില്ലാത്ത വസ്തുവിന്റെ സ്ഥിതിക്കും സാധാരണയായിരിക്കേണ്ടുന്ന ആദായത്തോട യോജിപ്പിക്കേണ്ടുന്നതാണെന്ന കാര്യമല്ല ആ തന്ത്രത്തിന്റെ ഒരു ഫലവുമായിരിക്കുന്നു.

ജനസമുദായത്തിന്റെ പ്രയത്നം കൊണ്ടു ഭൂമിയുടെ വില — ഭൂമി നന്നാക്കുവാൻ ജന്മി ഒരുവിധത്തിലും ശ്രമിച്ചില്ലെങ്കിലും — ജനസംഖ്യയും വർദ്ധിച്ചും കൂടിയുണ്ടാകുന്നുണ്ട്. പട്ടണങ്ങൾ വലുതാകും, വിവിധവ്യവസായങ്ങളുടെ വർദ്ധനവും വർദ്ധിച്ചുവരികയാൽ ജനങ്ങൾക്കു ഭൂമിയെപ്പറ്റിയുള്ള ആവശ്യം — ജനങ്ങൾക്ക വീടുകൾക്കും വ്യവസായശാലകൾക്കും വേണ്ടുന്ന സ്ഥലങ്ങൾക്കും ഉണ്ടാകുന്ന ആവശ്യം — വർദ്ധിക്കുന്നതാണ് കാരണമായിത്തീരുന്നു. കൽക്കരിക്കും ഇരുമ്പിന്നും ഭൂമി കുഴിക്കുന്ന കമ്പനിക്കാർക്കും ഭൂമിയുടെ ആവശ്യം ഏറ്റവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്നും അവ കാരണമായിരിക്കുന്നു. ഈ പ്രകാരം ആവശ്യം വർദ്ധിക്കുന്നതുകൊണ്ടു ഭൂമിയുടെ ഉടമസ്ഥന്മാർ സ്വപ്രയത്നംകൂടാതെതന്നെ വലിയ ഭാഗ്യവാന്മാരായിത്തീരുന്നു. നാട്ടുപുറങ്ങളിലുള്ള ഭൂമിയിൽ നിന്ന കിട്ടുന്ന ആദായം കുറഞ്ഞുപോയിട്ടുണ്ടെങ്കിലും പട്ടണങ്ങൾക്കടുത്തുള്ള ഭൂമികളിൽനിന്നുള്ളത് വളരെ വർദ്ധിച്ചുവരുന്നു; ആ വക ആദായത്തെ വാസ്തവത്തിൽ അവകാശപ്പെടേണ്ടവർ ഭൂമിയുടമസ്ഥന്മാർ അല്ലെന്നു ചൂണ്ടിക്കാണിക്കാം.

ഈ വിധമുള്ള കൃത്രിമമായ ആദായം ജനസമുദായത്തിൽ ചേരേണ്ടതായിട്ടുള്ളതാകുന്നുവെന്നാണ് L. T. R. A.-യുടെ അഭിപ്രായപ്പെടുന്നത്. ജന്മികൾക്കിപ്പോൾ കിട്ടിവരുന്ന ആദായമില്ലാ

താകണമെന്ന് അവർ അഭിപ്രായപ്പെടുന്നില്ല; സ്വപ്രയത്നംകൊണ്ടു മേലിൽ ഉണ്ടാകുന്ന കൂട്ടവകാശത്തെ അവൎക്കു കൊടുപ്പാൻ പാടില്ല എന്നും അഭിപ്രായപ്പെടുന്നില്ല. മേലിൽ സ്വപ്രയത്നംകൊണ്ടല്ലാതെകണ്ടുണ്ടാവുന്ന കൂട്ടവകാശത്തെ അവരിൽനിന്നെടുക്കണമെന്നും. അനേകം തലമുറയായിട്ട് ഏവരുടെ പ്രയത്നംകൊണ്ടും ത്യാഗംകൊണ്ടുമാണ് വാസ്തവത്തിൽ അതുണ്ടായിത്തീർന്നത് — അവൎക്കായിട്ടു സൂക്ഷിക്കണമെന്നും മാത്രമേ സഭ ആവശ്യപ്പെടുന്നുള്ളൂ. ഇതു സാധിക്കുന്നതിനു ആലോചിച്ചുവെച്ചിട്ടുള്ള ഒരു മാർഗ്ഗം വിശേഷനികുതി ചുമത്തുക എന്നതാകുന്നു. മാമൂൽപ്രകാരം ജന്മികൾ കൊടുക്കേണ്ടിവരുന്ന പൊതുവായ കരത്തിനു പുറമേ സ്വപ്രയത്നംകൊണ്ടല്ലാതെ വേറെ കാരണങ്ങളെക്കൊണ്ട് അവൎക്കുണ്ടാകുന്ന കൂട്ടവകാശത്തിന്റെ തക്കതായ ഓഹരി വിശേഷനികുതിയായി മേലിൽ അവർ കൊടുക്കണമെന്നു ന്യായമായിട്ടാവശ്യപ്പെടുന്നതാണ്.

ഈ അഭിപ്രായത്തിനെതിരായി ഇതിനെ ഒരു പൂർവപക്ഷം പുറപ്പെടുവിക്കുന്നു — 'പല ജന്മികളും തങ്ങളുടെ കൈവശമുള്ള ഭൂമികൾ വില കൊടുത്തു വാങ്ങിയിട്ടുള്ളതാകുന്നു. തൽക്കാലത്തെ ആദായം മാത്രമല്ല മേലിൽ ഉണ്ടാകാവുന്ന ആദായവും കൂടി കണക്കാക്കിട്ടാണ് അവർ ഭൂമിയെ വാങ്ങിട്ടുള്ളത്. അതിനാൽ മേലിലുണ്ടാവുന്ന കൂട്ടവകാശത്തെ അവൎക്കില്ലാതെയാക്കുന്നതു ന്യായമായിരിക്കയില്ല.' എന്നാൽ തക്കതായ പ്രതിഫലം കൊടുക്കാതെ അവൎക്കില്ലാതാക്കണമെന്നു സഭ ഉദ്ദേശിക്കുന്നില്ല. സഭയുടെ ആലോചന നടപ്പിൽ വരുന്ന കാലത്തു ജന്മികൾക്കു തങ്ങളുടെ ഭൂമിക്ക് എന്തു വില കിട്ടുമോ ആ വിലയ്ക്കു ഉടനെയോ കുറെ കഴിഞ്ഞിട്ടോ ഭൂമി ഗവർമ്മേണ്ടിലേക്കൊഴിഞ്ഞു കൊടുപ്പാനുള്ള അധികാരം ജന്മികൾക്കുണ്ടായിരിക്കണം എന്നാണ് സഭ അഭിപ്രായപ്പെടുന്നത്. ഇതിനെ ഒരു സ്വാതന്ത്ര്യം പ്രയോഗിക്കുമ്പോൾ അതു വരുന്നതുകൊണ്ട് അവൎക്കു മേലിലത്തെ ആദായം കണക്കാക്കി കൊടുത്തിട്ടുള്ള വക മുഴുവൻ തിരികെ കിട്ടുമെന്നു മാത്രമല്ല ഈ പുതിയ ഏർപ്പാട് നടപ്പാവുന്ന കാലത്തു ഒരു വസ്തുവിന്നു അതിന്റെ മേലാലത്തെ ഗുണം കണക്കാക്കിക്കൊണ്ട് എത്ര വിലയ്ക്കു വില്ക്കാമായിരുന്നുവോ ആ വില വിൽക്കുന്ന വസ്തുവിന്നു കിട്ടുന്നതുമാകുന്നു. അതിനാൽ ദ്രവ്യസംബന്ധത്തിൽ അവൎക്ക് ഒരു വ്യത്യാസവും ഉണ്ടാവുകയില്ലെന്ന് ഉറപ്പായി കണക്കാക്കാം; പിന്നീടുണ്ടാവുന്ന കൂട്ടത്തൽവില ഗവർമ്മേണ്ടിലേക്ക് ലാഭമായിരിക്കുകയും ചെയ്യും. സ്വകാര്യസ്വത്തു ഗവർമ്മേണ്ടിലേക്കു കൈമാറ്റം ചെയ്യുക എന്നതു (ഇതിന്റെ ദോഷം); മേലിൽ എപ്പോഴെങ്കിലും ജന്മികൾ സ്വകാര്യമായി വില കൊടുക്കാതെ കിട്ടിയേക്കാവുന്ന സ്വത്തിന്റെ ഉടമസ്ഥതയ്ക്കു ഒരു അവസാനമുണ്ടാക്കുക എന്നുമാത്രമാകുന്നു. എന്നാൽ അവർ ഇറക്കിയിരിക്കുന്ന പണം ഇപ്പോൾ അവൎക്കു വസൂലാവുക കഴിഞ്ഞിരിക്കുന്നു. എന്നുതന്നെയല്ല, ഇന്ന് അവർ വിചാരിച്ചിട്ടുള്ള വിലയും പൂർത്തിയായി അവൎക്കു കിട്ടിപ്പിരിക്കുന്നു.

ഇനി വേറൊരു പൂർവപക്ഷം സഭയ്

ണ്ണ കൊണ്ടുവരേണ്ടതാണ്. ഇതേ മരുവടി കൊണ്ടുതന്നെ അതിന്നു സമാധാനം പറയാം. പട്ടണങ്ങളിലുള്ള ഭൂമിക്കു വില കൂടാതെന്നപോലെ കായുവാനും എളുപ്പമാണ്. ലണ്ടൻനഗരത്തിൽ ചില ഭാഗം [illegible] കിഴക്കിട്ടുള്ളതായിത്തീരുകയും പണക്കാർ അവിടംവിട്ടു പോവുകയും ചെയ്യുന്നു. പിന്നെ, തീവണ്ടിവഴിക്കു ജനങ്ങൾക്കു [illegible] സ്ഥലങ്ങളിൽ വരുവാൻ [illegible] ചില പട്ടണങ്ങളുടെ [illegible] പറയുന്നു.

[illegible] വായനശാലകളെല്ലാം [illegible] ഉള്ളവയല്ല. [illegible] ഒരു [illegible] ആയിരുന്നു. അതിന്നു [illegible] [illegible] [illegible]

ന്നു ഉണ്ടാവുകയും ചെയ്യുന്നു. എന്നാൽ ചില വിദേശികാരങ്ങളെക്കൊണ്ടു ചില ഇന്ത്യക്കാർക്കു ഇതിനായുള്ള ശ്രമത്തിൽ [illegible] എങ്കിൽ അവർ വിചാരിച്ചാൽ നികുതിയും [illegible] [illegible]. [illegible] ഇപ്പോഴത്തെ നിലയിൽ അതൊന്നായായിരി[illegible] (വായനശാല വിഷയത്തിൽ). '[illegible] [illegible] എന്നു [illegible] ഇല്ല. [illegible] ഇന്നത്തെ [illegible] [illegible] [illegible] [illegible]

(തുടരും)

കെ. [illegible]

ഞങ്ങളുടെ വായനശാല

൧. വ്യാഖ്യാനങ്ങൾ —

(ശ്രീമതി ബി. കല്യാണിഅമ്മ ബി. എ. എഴുതിയത്. വില ക. ൧—[illegible])

[illegible] ശ്രീമാൻ കെ. രാമകൃഷ്ണപിള്ള (ബി. എ.) അവർകളുടെ [illegible] ശ്രീമതി ബി. കല്യാണിഅമ്മ എഴുതി പ്രസിദ്ധപ്പെടുത്തിയ ഈ പുസ്തകം കേരളഭാഷയിൽ ഇതുവരെയുണ്ടായിട്ടുള്ള കൃതികളുടെ കൂട്ടത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഒന്നാകുന്നു. സ്വതന്ത്രതകൊണ്ടു പരിഷ്കൃതമായ വിദ്യാഭ്യാ[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] കേരളഭാഷയിൽ [illegible] ആവശ്യമാണ്. [illegible] [illegible] ജീവിതസാക്ഷി

ണിയും സ്വയം ശ്രീമതി കല്യാണിഅമ്മയ്ക്കും ഒന്നെഴുതുന്നതിനു സംശയമുണ്ടില്ല. ഈ രണ്ടു സംഗതികൾ തന്നെ ഈ പുസ്തകത്തിന്റെ മേന്മയ്ക്കുള്ള പ്രധാനഹേതുക്കളാകുന്നു.

ഈ പുസ്തകത്തെ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ ശ്രീമാൻ പിള്ള കല്യാണിഅമ്മയെ വിവാഹം ചെയ്യുന്നതുവരെയും, രണ്ടാംഭാഗത്തിൽ അതിനുശേഷം മരണംവരെയുമുള്ള ചരിത്രം അടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം മുതല്ക്കു തന്നെ വിവിധവിഷയങ്ങളെപ്പറ്റി പത്രങ്ങളിൽ ലേഖനങ്ങളെഴുതുക, സ്വന്തമായി പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുക, പുസ്തകങ്ങൾ നിർമ്മിക്കുക മുതലായി നാട്ടിനും ഭാഷയ്ക്കും ഉപകരിക്കുന്ന തൊഴിലുകളിലാണ് രാമകൃഷ്ണപിള്ള ഏർപ്പെട്ടത്. ആ വക തൊഴിലുകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാതന്ത്ര്യവും, സത്യവും, ഭാഷയെ ഉദ്ധരിക്കേണ്ടതിനുള്ള ധൈര്യവും നിമിത്തമായി അദ്ദേഹത്തിനു അനേകം ശത്രുക്കളുണ്ടാകുവാനിടയായി. ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരെപ്പറ്റി ലേഖനങ്ങളെഴുതുകനിമിത്തം, വിദ്യാഭ്യാസകാലത്തുതന്നെ നാട്ടുകാർ സംഘടനത്തിൽനിന്നു ബഹിഷ്കരിച്ചു; ഒടുവിൽ, അതുകാരണം തന്നെ തിരുവിതാംകൂർ ഗവർമ്മെണ്ട് അദ്ദേഹത്തെ സ്വദേശത്തുനിന്നും ബഹിഷ്കരിച്ചു. അതുകൊണ്ടും, രോഗം മുതലായ ഇതരകാരണങ്ങളെക്കൊണ്ടും അദ്ദേഹത്തിന്റെ ജീവിതം ക്ലേശപൂർണ്ണമായ ഒന്നായിരുന്നു. എങ്കിലും അദ്ദേഹം അവസാനശ്വാസംവരെയും തന്നിലുള്ള സഹജമായ ധൈര്യം, സ്വാതന്ത്ര്യം, സത്യം മുതലായ ഗുണഗണങ്ങളെ കൈവെടിഞ്ഞില്ല; അവ അദ്ദേഹത്തിനു പ്രാണനേക്കാൾ പ്രിയതരങ്ങളായിരുന്നു. അതല്ലയോ പൂർണ്ണജീവിതത്തിന്റെ ലക്ഷണമെന്തു്! ഏതായാലെന്തല്ല; രാമകൃഷ്ണപിള്ളയുടെ ജീവിതം ഒരു പരമാർത്ഥഭക്തിയോടുകൂടിയ ജീവിതത്തിനു ഉദാഹരണമായിരുന്നു. അദ്ദേഹം ഏതുനിലയിലും സകല ജനങ്ങളിലും സകല കാര്യങ്ങളിലും ഏർപ്പെടുകയും അവയിൽനിന്നു തന്റെ അനുഭവങ്ങളിൽ ഉണ്ടായ ഫലങ്ങളെ നിർണ്ണയിക്കാനായി ഉത്സാഹിക്കകയും ചെയ്തു. പരിപൂർണ്ണതയുള്ള ഈ ജീവിതം അനുകരണീയമായ ഒന്നാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ അനേകങ്ങളായ ഉദാരമായ സംഗതി സ്വപ്രയത്നത്തിന്റെ ഫലങ്ങളാകുന്നു. പ്രയത്നം ചെയ്യാതെ ജീവിതം കഴിക്കുന്നത് അദ്ദേഹത്തിനു ദുസ്സഹമായിരുന്നു. മരണംവരെയും ഈ സ്വഭാവത്തിനു വ്യത്യാസമുണ്ടായിട്ടില്ല. അതല്ലയോ അദ്ദേഹത്തിന്റെ ജീവിതചരിത്രം ഇത്ര വേഗത്തിൽ എഴുതുവാൻ കാരണമാക്കിയത് എന്നു സംശയം തോന്നുന്നു. അദ്ദേഹം ഏർപ്പെട്ടിരുന്ന തൊഴിലുകളെ അവലംബമാക്കിയിരിക്കുന്നുള്ളവർ കേരളത്തിൽ ഒന്നു രണ്ടോ! ജീവനോടു അവരെ നിറുത്തിക്കുന്നതിൽ അദ്ദേഹത്തെപ്പോലെ സ്വാതന്ത്ര്യവും ധൈര്യവും ഉള്ളവർ ഒന്നോ രണ്ടോ!!

ഇപ്രകാരം, ഇന്നത്തെ യുവാക്കന്മാർ അക്ഷരംപ്രതി ശ്രദ്ധിച്ച് ഉൽക്കർഷേച്ഛയുള്ളതായ ഒന്നാണ് ശ്രീമാൻ രാമകൃഷ്ണപിള്ളയുടെ ജീവചരിത്രം. വിഷയങ്ങളെക്കൊണ്ടും, സരളവും വിശദവുമായ രീതിയിലെഴുതിയും ഭാഷ ന്നുസരിച്ച ഭാഷാശുദ്ധിയും ഇതിൽ ഉണ്ട്

ഭായിക്കേണ്ടതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഒരു പുസ്തകം വായിക്കുമ്പോൾ അത് ഒരുത്തനെപ്പറ്റി അല്ലെങ്കിൽ എന്തിനെപ്പറ്റി എഴുതിയിരിക്കുന്നുവോ അർത്ഥത്തിന്റെ ഭാവോ ഒരു വസ്തുവിന്റെ ചിത്രം മനസ്സിൽ പതിയുന്നെങ്കിൽ അതുതന്നെയാണ് പുസ്തകത്തിന്റെ യോഗ്യത. ഇതു വായിക്കുമ്പോൾ ആദ്യാവസാനം കഥാനായകന്റെ ചിത്രം മനസ്സിൽനിന്നു വിട്ടുപോവുന്നില്ല. വായിച്ചുകഴിഞ്ഞാലും അതു വിട്ടുപോവുന്നില്ല. ചില ഭാഗങ്ങളിൽ കഥാനായകന്റെ ധൈര്യശൌര്യാദികളായ ഗുണങ്ങൾ മനസ്സിൽ പതിയുകയാൽ വായനക്കാരുടെ മനസ്സ് ഉത്സാഹത്തോടെ തുള്ളിക്കളിക്കുന്നു. മററു ചില ഭാഗങ്ങളിൽ കഠിനമായ ശോകാവേഗത്താൽ മനസ്സ് ആർദ്രമായിത്തീരുകയും, ഭേദിക്കാതെതന്നെ കണ്ണിൽനിന്നു ജലമൊഴുകയും ചെയ്യുന്നു. അതുനിമിത്തം ഇല്ലാ ചില ഭാഗങ്ങളിൽ മാത്രം വന്നുപോയിട്ടുള്ള ഗൌരവക്കുറവുകൂടി വായനക്കാർ ഓർമ്മിക്കുന്നില്ല. ഇതിനെ സഹൃദയഹൃദയാവർജ്ജകമായ ഈ പുസ്തകത്തിനു യാതൊരു പ്രചാരമുണ്ടാകുവാനും, പരേതനായ കഥാനായകന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുവാനും, ഗ്രന്ഥകർത്താവിന്റെ കുടുംബത്തിനു സുഖസൌഭാഗ്യം ഉണ്ടാകുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതുമാത്രമേ ഈ അവസരത്തിൽ ചെയ്യേണ്ടതായി തോന്നുന്നുള്ളു

---

൨. ലോകമഹായുദ്ധം —
ഒന്നു മലയാളത്തിൽ എഴുതിയത്.
വില ൧-ക.

യൂറോപ്യഗ്രന്ഥങ്ങളിൽനിന്നു ലോകമഹായുദ്ധത്തിലേക്ക് പ്രവേശിക്കുമ്പോൾ ഒരു പുതിയ ലോകത്തിൽ പ്രവേശിച്ചപോലുള്ള ഭാവമാണ് ഞങ്ങൾക്കുണ്ടാവുന്നത്. യൂറോപ്പിൽ ഇപ്പോൾ നടക്കുന്ന ഭയങ്കരമായ മഹായുദ്ധത്തിന്റെ കാരണങ്ങൾ, യുദ്ധഗതികൾ, യുദ്ധസമ്പ്രദായങ്ങൾ എന്നിവയെ വിവരിച്ചുകൊണ്ടു സാമാന്യം ദീർഘമായി എഴുതിയ ഈ പുസ്തകത്തിന്റെ ആവിർഭാവം ഈ അവസരത്തിൽ അത്യാവശ്യമായ ഒന്നാണ്. ഇതിലെ ഓരോ ഭാഗവും സാധാരണക്കാർക്കുകൂടി മനസ്സിലാവത്തക്കവിധം അത്ര ലളിതമായിട്ടാണ്. സംഗതികൾ വിവരിച്ചുപോയിരിക്കുന്ന സമ്പ്രദായമായിരിക്കാം പുതിയ പുതിയ ആശയങ്ങൾ കാണിക്കുന്നത്. ഭാഷയ്ക്കു ഗൌരവം കുറവാണെങ്കിലും വിഷയത്തിന്റെ യാതൊരു ഗൌരവവുമുള്ളതുകൊണ്ടു ഈ കൃതിയെ കേരളീയർ കൈക്കൊള്ളുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. യുദ്ധം നടക്കുന്ന സ്ഥലങ്ങളുടെ പടങ്ങൾകൂടി ചേർക്കാത്തതാണ് മലയാളപത്രങ്ങളിൽ യുദ്ധത്തെപ്പറ്റി എഴുതുന്നതിലുള്ള പ്രധാനമായ ദോഷം. ഈ ദോഷത്തെ ഇല്ലാതാക്കുവാൻ ഈ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടില്ലെന്നു മാത്രം ഇല്ലാതെകൊടുത്തതാക്കേണ്ട പോരായ്മയായി വന്നിരിക്കുന്നു.

൩. തെങ്ങിനെ ഉപദ്രവിക്കുന്ന പുഴുക്കൾ.

കേരളത്തിന് ഈ പേര് കിട്ടുവാനുള്ള കാരണം, ഇവിടെ കേരവൃക്ഷങ്ങൾ (തെങ്ങുകൾ) ഉള്ള ആധിക്യമാണ്. ലോകമഹായുദ്ധത്താൽ നമ്മുടെ നാട്ടിൽ തെങ്ങുകളിൽനിന്നുള്ള ഉല്പന്നങ്ങൾക്ക് തക്ക വില കിട്ടാതെ വന്ന ഇക്കാലത്തു പ്രത്യേകിച്ചും ആ വൃക്ഷങ്ങളെ ബാധിക്കുന്ന

പലവക കൃതികളുടെ നിരൂപണങ്ങളാക്കുന്ന [illegible] വിവരിച്ചുകൊണ്ടു തിരുവിതാംകൂർ [illegible] പ്രസിദ്ധപ്പെടുത്തിയ ഈ ചെറുപുസ്തകം [illegible]കാർ വായിക്കേണ്ടതാണ്. സാമയികസാഹിത്യത്തിന്റെ നിലയിൽ ഒരു ചെറിയ സ്ഥാനം ഇതിനു കേരളസാഹിത്യത്തിൽ അനുവദിക്കാവുന്നതാകുന്നു.

പലവക

[illegible]

* * *

[illegible]

* * *

[illegible]

* * *

[illegible]

* * *

ജ്വാലാവതീരാമകുമാരം

ഒന്നാം ഭാഗം

നാലാമങ്കം

രാമ — അവൾക്ക് നായരോടുള്ളതും ഇല്ലേ?

ജ്വാലാ — ഉണ്ട്. എന്നാൽ അതു കന്യകളുടെ ജപതപാദികളാണ് ഉപയോഗിക്കുക.

രാമ — ബ്രഹ്മസിദ്ധന്മാരത്രെ! എന്നാൽ കന്യകളുടെ വൃത്തി ഇപ്രകാരം ചെയ്യുന്നു. ഈ പ്രാർത്ഥന സാധിപ്പിക്കാത്തപക്ഷം അവരുടെ ഭക്തി വിരാഗത്തെ പ്രാപിക്കും.

ജ്വാലാ — സിദ്ധന്മാർക്കും ചിലപ്പോൾ പക്ഷെ അവർ പ്രാർത്ഥനകളെ സാധിപ്പിക്കും.

രാമ — എന്നാൽ പാരണം ചെയ്യുന്നു. എന്റെ പ്രാർത്ഥനയുടെ സിദ്ധി ഞാൻ തന്നെ എത്രത്തോളമുള്ളതാവും. ശിരസ്സിന്റെ പാദാരവിന്ദങ്ങളായ ... ശിരസ്സിന്റെ സ്പർശംകൊണ്ട് എന്റെ ഹൃദയത്തിനു പാപമോചനം വന്നു.

(എന്നു പറഞ്ഞു പ്രണാമം ചെയ്യുന്നു)

ജ്വാലാ — എന്നാൽ എന്റെ ഹൃദയം അതു പാപം ദാനം ചെയ്യുമല്ലോ.

രാമ — എന്റെ ഹൃദയത്തിൽനിന്നു പാപമായി ഈ ഭൂതമായ സല്ലാപം എനിക്ക് എത്ര പാതകമായിത്തീരും! ഒന്നുകൂടി പാദാഗ്രം വരട്ടെ.

(എന്നു പറഞ്ഞു വീണ്ടും നമസ്കാരം ചെയ്യുന്നു)

ജ്വാലാ — അങ്ങയുടെ ചുംബനം നിയമഭംഗം കണക്കവെച്ചിട്ടില്ലെന്നു തോന്നുന്നു.

മനി — പോരികയെ, അമ്മയ്ക്ക് എന്തോ ഒന്ന് പറയാനുണ്ട്. വിളിക്കുന്നു.

രാമ — (സ്വഗതം) ഇവൾ ആരാണ്?

മനി — നിങ്ങളും കല്യാണം കഴിക്കാത്തവനാണ്, തീർച്ച! ഇവരുടെ അമ്മ ഈ ആശ്രമത്തിലെ നായികയാണ്. ഇവരെ എടുത്തു വളർത്തിയതു ഞാനാണ്. ഇവരെ കഴിക്കുന്ന പുരുഷൻ ധന്യനായിരിക്കും, നിശ്ചയം!

രാമ — (ആത്മഗതം) ഇവളും കപിലയുടെ ശിഷ്യയാണ്, തീർച്ചതന്നെ. ഹാ കഷ്ടം! എന്റെ പ്രേമസർവ്വസ്വമായ ഈ ഭാഗ്യത്തിന് ഇങ്ങനെ തടസ്ഥം സംഭവിച്ചല്ലോ. എന്റെ ജീവനാധാരമായ ശത്രു കന്യകയായ ഒരു ... ത്തിലാണല്ലോ നിക്ഷിപ്തമായത്!

വനജ — പോയി നോക്കു! കളി കഴിഞ്ഞു!

രാമ — അത് എനിക്ക് അറിയാം. അതിനാലാണ് എനിക്ക് വ്യസനം.

കപില — ... ആശ്രമത്തിലെ ... നിങ്ങളെ ഞാൻ വന്നതു പറയുന്നു. വളരെ സന്തോഷമായി. (ഉച്ചത്തിൽ) എടാ! നല്ല വിളക്കുകൾ കൊണ്ടുവന്നു കൊടുക്ക്. നേരം വളരെ രാത്രിയായി. ഞാൻ പോയി കിടക്കട്ടെ.

(എല്ലാവരും പോയി. ജ്വാലാവതിയും ... മണിയും മറിക)

ചപല — ദാസി! ഇതാ പോകുന്ന വഴി ആ പോയ യുവാവ് ആരാണ്?

ദാസി — ധീരപ്രഭുവിൻ്റെ ഭടനായ അധികാരിയും ആയ കുമാരൻ.

ചപല — ഇപ്പോൾ വാതിൽ കടന്നുപോയ ആൾ ആരാണ്?

ദാസി — ഭദ്രശ്രീപ്രഭുവിൻ്റെ കുമാരനാണെന്ന തോന്നുന്നു.

ചപല — ഉദ്യാനത്തിൽ ചേർന്നു നിന്ന ആ മഹാപുരുഷൻ ആരാണ്?

ദാസി — ഞാൻ അറിയുന്നില്ല.

ചപല — പോയി ചോദിച്ചു പേർ ചോദിച്ചാൽ മതി.

കല്യാണഗുണത്തിന്നിതു മതിയെന്നൊരുത്താൻ
കല്യാണസൌന്ദര്യമുള്ളവനായി താനാകി
കല്യാണശൗര്യമുള്ളതാൻ മമ ഹൃദയം (ൽ
ചേർപ്പതിനിന്ന് സംശയമൊന്നുമില്ല.

ദാസി — ആ ആൾ നിങ്ങളുടെ പരമവൈരിയായ മഹാഭുജനായകൻ്റെ മകനും അധികാരിയും ആണ്. രാമകുമാരൻ എന്നാണ് പേർ.

ചപല — ഇതെന്ത് ഇതൊക്കെ ദൈവവിധി? വൈരിപക്ഷത്തിലായല്ലോ! കണ്ടപ്പോൾ തന്നെ അനുരാഗം തോന്നിപ്പോയി. വല്ലതും സാധിക്കുമോ? എന്നു ചോദിച്ചു കൊണ്ട് പോയി.

(എല്ലാവരും പോയി)

(പ്രവേശകം)

ശ്ലോകം

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] *

മൂന്നാം ഭാഗം

ഒന്നാമങ്കം.

കപിലനാഥൻ്റെ പൂങ്കാവ് നദിയിലെ പിൻഭാഗത്തുള്ള ഇടവഴി.

(രാമകുമാരൻ പ്രവേശിക്കുന്നു)

രാമ — എൻ്റെ ഹൃദയം ഇവിടെ നിന്നിപ്പോഴായിരിക്കുമ്പോൾ ഞാൻ മുമ്പോട്ട് എങ്ങിനെ പോകും? ധന്യമായ മനസ്സ് നീ പുറത്തോട്ട് നടക്കില്ലായിരിക്കാം. (കന്മതിൽ കയറി ഉദ്യാനത്തിനുള്ളിൽ ചാടുന്നു)

(വനലതയും ഉൽകയും പ്രവേശിക്കുന്നു)

വന — രാമകുമാരൻ! രാമകുമാരൻ!

ഉൽക — അവൻ ചതിച്ചപോലെ വിട്ടിട്ട് ഒളിച്ചുപോയി. ഇതിലേ എവിടെയെങ്കിലും ചെല്ലുന്നുണ്ടായിരിക്കണം.

വന — അവൻ ഇപ്പോൾ ഈ കന്മതിൽ ചാടി അകത്തു കടക്കുന്നത് ഞാൻ കണ്ടു. ഒന്നു വിളിക്ക.

ഉൽക — രാമകുമാരൻ! ഹേ. മനോജ്ഞ!

* ഇവിടെ ചേർത്ത വരികൾ [illegible] പുസ്തകത്തിൽ വിട്ടുപോയിരിക്കുന്നു.

സ്സ്! ഹേ! പ്രണയപ്പൂതാമിസന്തപ്പ്! ഇങ്ങോട്ടു വരു. ഒന്നു വിളിക്കട്ടെ! കലശൈലാഭിമുഖമുള്ള കപില ചക്രവർത്തിയെ തോൽ വെളുത്ത പിച്ചക്കാരിയോടു കൂട്ടിച്ചേർത്ത ആ അനംഗന്റെ കഥ പിലപ്പു പറഞ്ഞു താ. ഓ! ഹേ! അവൻ ഞാൻ പറയുന്നതു സന്തോഷത്തോ കേൾക്കുന്നില്ല. അവൻ കമ്പന്റെ ചന്ത കൊട്ടാരന്റെ മട്ടിൽ നടക്കയാണ്. ഹേ രാജകുമാര! നിന്റെ പ്രാണപ്രിയയായ ജസലൈയുടെ ചെന്താമരയിതളുകളാണ്, അത്ഭുതപ്പെത്തിരിക്കായ ബലാദപലങ്ങളാണ്; ബിംബഫലതുല്യമായ അധരങ്ങളാണ്, ചാതുർത്രി വിളങ്ങുന്ന പാദങ്ങളാണ്, കളിക്കാരണയാപക്ഷികളുടെ തങ്കളാണ്, നീ സ്വതന്ത്രമായുള്ള സ്വഭാവം കൈകൊണ്ട് ഒന്ന് ഇങ്ങോട്ടു വരണം.

വന—അവൻ ഈ പറഞ്ഞതെല്ലാം കേട്ടുവെങ്കിൽ നിന്നോടു കൃപിയും.

ഉൽ—മുനിയുമാൻ സംഗതിയില്ല. ഞാൻ അവന്റെ പ്രേമാസ്പദമായ നാമമാവ്വാരണം ചെയ്യുവല്ലേ! ആ നാമംകൊണ്ടു സത്യം ചെയ്യുന്നതു അവന് സന്തോഷമായിരിക്കും.

വന—നോക്കൂ. അവനിതാ ആ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചുനില്ക്കുന്നു. നിശയാകുന്ന തമസ്വിനിയോടു സംസർഗ്ഗം ഇല്ലിക്കുന്നപോലെ തോന്നുന്നു. മാരൻ അന്ധനല്ലേ? മിന്നുകൊണ്ടു മാരവശം വന്നായ അവന അന്ധകാരം രുചിക്കുന്നു.

ഉൽക—മാരൻ അന്ധനാണെങ്കിൽ അവൻ എങ്ങിനെയാണ് അവന്റെ സായകങ്ങളാൽ ലക്ഷ്യവേധനം ചെയ്യുന്നത്? രാജകുമാരന്റെ ഇപ്പോഴത്തെ സ്ഥിതി കണ്ടാൽ അവന്റെ സംഗമാഗമം ആ വൃക്ഷത്തിലെ ഒരു പഴുത്ത ഫലമായാൽ കൊള്ളാം എന്നവന് ഇച്ഛയുള്ള പ്രകാരം തോന്നുന്നു. ഹാ! രാജകുമാര! അവൾ അവിടെയുണ്ടെങ്കിൽ എത്ര നന്നായിരുന്നു. ശരി. ഞാൻ പോകുന്നു. ഞാൻ എന്റെ ഇടവഴിയിൽ പൊയ്ക്കൊള്ളട്ടെ. ഈ ശയനീതലത്തു ഉറങ്ങിക്ക പോവുന്നില്ല. നമുക്ക് പോവുകയല്ലേ?

വന—എന്നാൽ പോവാം. കാണുവാൻ ഇച്ഛയില്ലാത്തവരെ കാണുവാൻ നിന്നിട്ടു ഫലമില്ലല്ലോ.

(രണ്ടുപേരും പോയി)

മൂന്നാം രംഗം

കപിലന്റെ ആരാമം.

(ശങ്കരൻ പ്രവേശിക്കുന്നു)

രാമ—(നാട്യവിശേഷമില്ലാതെ) നാമാചരിക്കേണം — മുറിയേല്ക്കാത്തവനെ ശരീരത്തെ അറികയില്ല.

(ജ്വാലാവതി മുകളിൽ ഒരു കിളിവാതിലിൽക്കൂടി പുറത്തു നോക്കുന്നു)

ഹാ! പതുക്കെ പറയുകതന്നെ. അതാ ആ ജാലകത്തിന്റെ വഴിയിൽ കൂടി ഒരു വെളിച്ചം ഉജ്ജ്വലിക്കുന്നു. അത് എന്റെ പ്രാണനായികയായ ജ്വാലാവതി തന്നെ. സംശയമില്ല.

ഉന്നിദ്ര[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] കണ്ടതാണ് എന്റെ പ്രാണ[illegible] [illegible] അവസ്ഥ [illegible] എന്റെ [illegible] എന്നാൽ [illegible] കണ്ടാൽ [illegible] നാവു [illegible] അവളുടെ [illegible] ഞാൻ [illegible] അല്ല, എന്റെ [illegible] എന്തിന് [illegible] എന്നോടു [illegible] ഇവളുടെ കണ്ണിണകളെ,

[illegible]
[illegible]
[illegible] (൭)

[illegible]

അവളുടെ കണ്ണിണ [illegible] അവളുടെ കണ്ണിണ[illegible] അവളുടെ മുഖത്തു[illegible] കൊണ്ട് [illegible] പകൽ [illegible] എന്നത[illegible] വിളങ്ങുന്ന

അവളുടെ നേത്രതാരകകളുടെ ശോഭ എല്ലാ ദിഗന്തങ്ങളേയും ധവളിതങ്ങളാക്കി രാത്രിയെ പകൽ എന്നു തോന്നിച്ചു പക്ഷികളുടെ പാട്ടും [illegible] ഉണ്ടാക്കിത്തീൎക്കും. അവൾ [illegible] അതിന്റെ മുഖബിംബസമാനമായ കപോലതലം കണ്ടുകൊണ്ടു [illegible]. [illegible]! എന്തു [illegible]!

[illegible] (൮)

[illegible]
[illegible]
[illegible] (൯)

ജ്വാലാ — അയ്യോ!

[illegible] — [illegible]. [illegible] സുന്ദരനേ! [illegible] [illegible] [illegible] [illegible]! [illegible] [illegible], [illegible]! [illegible] [illegible]?

ജ്വാലാ — (ആത്മഗതം) അയ്യോ എന്റെ ഓമനകളേ! കാമസുതരേ! പ്രാണനായക! ഭവാൻ എന്തിനായിട്ടാണ് [illegible] നാമം ധരിച്ചത്? അതല്ല എന്നെ ചതിക്കുന്നത്. ഗോത്രവും നാമവും ഉപേക്ഷിച്ച് അങ്ങ് എന്റെ പ്രാണൻ [illegible] ചെയ്യുന്നതേ! അതു സാധിക്കാത്തപക്ഷം എന്റെ പ്രാണവല്ലഭനായിരിക്കണമെന്ന പ്രതിജ്ഞ ചെയ്യുന്നതാകിൽ ഞാൻ എന്റെ [illegible] ഗോത്രനാമം ഉപേക്ഷിക്കാം.

മംഗളോദയം

൧൦൮൨

പുസ്തകം ൯ } മകരമാസം { ലക്കം ൧൦

മംഗളം

വാമാങ്കം സുകരാത്മജാമരുവുമാറന്ന്യാതമസ്യാകിതം,
സോമാങ്കം തലയിന്നുകരാത്മജമകം മഖ്യം ലസൽകാഞ്ചികം,
ക്ഷേമായോദയകാരിയിയാ വടിവു പൂണ്ടാരോഗ്യസൌഭാഗ്യദം
ശ്രീമാന്യാദിമദൈവമെന്നു തിരികിൽ തൻ യോഗം ജയിക്കുന്നതേ.

ആയുർവേദം

(൧)



ആയുർവേദമെന്നുവെച്ചാൽ ആയുസ്സിനെ വേദിക്കുന്നത് (അറിയുന്നത്) അല്ലെങ്കിൽ ലഭിക്കുന്നത് ഏതൊരു തന്ത്രമാണോ ആ തന്ത്രമാകുന്നു. എന്നാൽ ആ തന്ത്രത്തിൽ ആയുരാരോഗ്യ സൌഖ്യപ്രദമായും രോഗശമനികരമായുമുള്ള ചികിത്സകളും, ശസ്ത്രക്രിയകളും, ഔഷധകല്പങ്ങളും, രസായനവിധികളും, രോഗലക്ഷണങ്ങളും ഇങ്ങനെ പല വിഷയങ്ങളും പറഞ്ഞിട്ടുണ്ട്. എങ്കിലും അവയുടെ എല്ലാം മുഖ്യമായ ഫലം ആയുസ്സാകയാൽ അതിനെ അടിസ്ഥാനമാക്കി ആ തന്ത്രത്തെ ആയുർവേദമെന്നും, അതുപ്രകാരം ആയുരാരോഗ്യസൌഖ്യത്തിനും രോഗശാന്തിക്കും മുഖ്യമായ സാധനം ഔഷധയോഗാത്മികയായ ചികിത്സയാകയാൽ അതിനെ അടിസ്ഥാനമാക്കി 'ഔഷധയോഗാത്മികയായ ചികിത്സയെപ്പറ്റി ഏതൊരു തന്ത്രത്തിലാണോ പറയുന്നത് ആ തന്ത്രം' എന്ന അർത്ഥത്തിൽ ആ ആയുർവേദത്തെ

തന്നെ നാനാ വൈദ്യന്മാരും ആര്യന്മാർ വ്യവഹരിച്ചുവരുന്നു. ആയുർവേദമെന്നു പ്രത്യേകം ഒരു സംജ്ഞയോടുകൂടിയതായി ഉക്തിപ്രാമാണ്യമായോ മറ്റോ ഒരു തന്ത്രഗ്രന്ഥമില്ല. ആയുർവേദവിഷയമായ തന്ത്രങ്ങളെ എല്ലാം ആയുർവേദമെന്നു വ്യവഹരിച്ചുവരികയാണ്.

ആര്യന്മാരുടെ ആയുർവേദവൈദ്യത്തിന്റെ ആവിർഭാവത്തെപ്പറ്റി പൊതുവിൽ പലരും പലവിധം പറഞ്ഞുവരുന്നുണ്ട്. ഋഗ്വേദത്തിൽ അവരുടെ ആയുർവേദം ഉണ്ടാകുന്നതാണ് ആവിർഭവിപ്പിച്ചിരിക്കുന്നതെന്നു ക്ലിപ്തമായിപ്പറവാൻ എളുപ്പമല്ലെങ്കിലും സാധിക്കുന്നതല്ല. ഏറ്റവും പുരാതനമായ കാലത്തുതന്നെ ഇതു നടപ്പിൽ വന്നിരിക്കുന്നു. അവരുടെ വേദങ്ങളിൽ പല ശ്ലോകങ്ങളിലായി പല ഔഷധങ്ങളെയും തൽപ്രയോഗങ്ങളെയും ശസ്ത്രക്രിയാംശങ്ങളെയും തത്സംബന്ധമായ അപൂർവ്വം ചില ചരിത്രസാരങ്ങളെയും പറ്റി പറഞ്ഞുകാണുന്നുണ്ട്. അവയിൽ ആയുരാരോഗ്യസൗഖ്യപ്രദമായ ഔഷധസേവാഫലങ്ങളെപ്പറ്റിയും ദിവ്യൗഷധങ്ങളെയും സാരമായ മറ്റു മാർഗ്ഗങ്ങളെയും പറ്റി പറഞ്ഞിട്ടുള്ളത് ഋഗ്വേദത്തിലാകുന്നു. അതിനാലാണ് ആയുർവേദം ഋഗ്വേദത്തിന്റെ ഒരു ഉപവേദമായി ഗണിച്ചുവരുന്നത്. ഋഗ്വേദായുർവേദം, [illegible], സാമവേദഗാന്ധർവ്വം, അഥർവവേദാസ്ത്രശാസ്ത്രം എന്നും മറ്റും അതിയുക്തന്മാരായ മഹാന്മാർ പറഞ്ഞിട്ടുണ്ട്. അതിനാൽ ആര്യന്മാരുടെ ആയുർവേദത്തിന്റെ പ്രചാരവും പ്രാധാന്യവും വൈദികകാലത്തുതന്നെ ഉണ്ടായിരുന്നുവെന്നു നിസ്സംശയം പറയാവുന്നതാണ്.

അക്കാലത്ത് ഏറ്റവും മഹാന്മാരായിരുന്ന യോഗീശ്വരന്മാർ ചെയ്തുവന്നിരുന്ന സാരമായ ഒരു വക വൈദ്യചികിത്സയെക്കൊണ്ടു തന്നെ അസാധാരണമായ ബുദ്ധിശക്തിയും ഗുണശക്തിയുമുള്ള മഹർഷിമാരും മറ്റു മഹാന്മാരും ആയുർവേദവിഷയങ്ങളിൽ വളരെ പരിജ്ഞാനവും വൈദഗ്ദ്ധ്യവും സിദ്ധിച്ചുവന്നിരുന്നു. എന്നു മാത്രമല്ല, അക്കാലത്തുള്ളവർ പ്രായേണ സദാചാരസമ്പന്നരും ധർമ്മശീലരും [illegible] പരിശ്രമശീലരും ആരോഗ്യദൃഢഗാത്രന്മാരും അനേകതരം പരിശ്രമശീലമുള്ളവരുമായിരുന്നതിനാൽ അധികം പേർ ദീർഘായുഷ്മന്മാരും ബ്രഹ്മചര്യനിഷ്ഠയുള്ളവരുമായി ആ വഴിയിലായിരുന്നു അധികമായ പരിശ്രമം ചെയ്തുവന്നിരുന്നത്.

എന്നാൽ ആത്രേയൻ മുതലായ മഹർഷിമാരും അഗ്നിവേശൻ മുതലായ ശിഷ്യന്മാരായ മഹർഷിമാർ ഉപദേശക്കളായി ചെയ്തിരുന്ന ചോദ്യോത്തരങ്ങളും മറ്റുമുള്ള ആയുർവേദവിഷയങ്ങളിൽ ആത്രേയാദികളും അഗ്നിവേശാദികളും പല തന്ത്രഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. പിന്നീട് അഗ്നിവേശാദികളുടെ ശിഷ്യരായ പല മഹാന്മാരും [illegible] അതിൽ പ്രധാനമായിട്ടും മറ്റുമായി പല ആയുർവേദതന്ത്രഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇതിനെ ശിഷ്യപരമ്പരയാൽ ആര്യന്മാരുടെ ആയുർവേദവും അഷ്ടാംഗ തന്ത്രഗ്രന്ഥങ്ങളും അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. ഒരു വക കാലങ്ങളിൽ ആരോഗ്യസൗഖ്യസിദ്ധിക്കായി [illegible]

കിയ മഹർഷിമാരെ രസായനങ്ങളെ വിധിപ്രകാരം സേവിച്ചു ദീർഘായുസ്സുകളും തപോനിഷ്ഠന്മാരുമായ പല യോഗീശ്വരന്മാരും, ദീർഘായുസ്സുകളും എത്രയും ബലിഷ്ഠപ്രകൃതികളും സർവേന്ദ്രിയശക്തിമത്തുക്കളുമായ ചക്രവർത്തിമാർ, ഭൂദേവന്മാർ, രാജർഷിമാർ, അശ്വിനീദേവന്മാർ, ഇന്ദ്രാദികൾ മുതലായി പല മഹാത്മാക്കൾ ഉണ്ടായിരുന്നുവെന്നും ആ യോഗീശ്വരന്മാരിലും മഹാത്മാക്കളിലും ചിലർ ഇന്നും ഹിമവാന്റെ ഗുഹകളിൽ വലിയ സമാധിയോടുകൂടിയിരിക്കുന്നുണ്ടെന്നും ഐതിഹ്യങ്ങൾകൊണ്ടു കാണാവുന്നതാണ്. സകലവിധമായ സംസ്കാരങ്ങൾകൊണ്ടും പരിശുദ്ധമായ സ്വർണാദികൾ ചേർന്ന ദിവ്യമായ ആ വക രസായനങ്ങൾക്ക് ഉപയുക്തമായ ഘൃതാദികളെപ്പററി,

'തസ്മാൽ കിം വക്ഷ്യതേ ഭേദം
സമീരണോ ധമനീനാം പ്രഭാവം
ദിവ്യാ ഔഷധിയോ
രസൌഷധീസംയോഗാൽ
ഏവംഗുണാനി സ്നേഹാനി
കർത്തവ്യാനി ഭിഷഗ്വരൈഃ
പ്രഭാവനാശനം യാതാ
ദേവേന്ദ്രസ്യാഖിലാഃ'

എന്നും മറ്റും പറഞ്ഞിട്ടുണ്ട്.

എന്നു മാത്രമല്ല, ആയുർവേദശാസ്ത്രങ്ങളുടെ സിദ്ധിക്കും ക്ഷയരോഗം മുതൽ മറ്റുമുള്ള രോഗങ്ങളുടെ ശമനത്തിനു തക്കതായ രസായനവിധി, ഔഷധങ്ങളായ മരുന്നുകളുടെ പരിശുദ്ധിക്കു തക്കതായ സംസ്കാരവിധി, രോഗങ്ങളുടെ സ്വഭാവജ്ഞാനത്തിനു തക്കതായ ലക്ഷണങ്ങൾ, ഔഷധങ്ങളുടെയും അന്നപാനങ്ങളുടെയും ഉപയോഗത്തിനു തക്കതായ ഗുണദോഷവിവേകം, രോഗാദികളുടെ സ്വഭാവജ്ഞാനാദികൾക്കു തക്കതായ ശാരീരവിജ്ഞാനാദികളും, ചികിത്സകളുടെ സമ്പ്രാപ്തിക്കു തക്കതായ ക്രിയാകാല്പം, അതിന്നനുരൂപമായ പഥ്യാപഥ്യവിനിശ്ചയം, ശസ്ത്രക്രിയകളുടെ ഔഷധസിദ്ധിക്കു തക്കതായ കൃത്യാകൃത്യനിരൂപണം, രോഗാരംഭത്തിനു തക്കതായ ദിനചര്യാദികളുടെ വിധി, ആയുസ്സിന്റെ കാലനിർണ്ണയത്തിനു തക്കതായ വികൃതിവിജ്ഞാനീയം, മാലിന്യനാശത്തിനു തക്കതായ ഭൂതാദിവിജ്ഞാനീയം ഈ വക മഹാരോഗങ്ങളായി പ്രത്യേകം സൂക്ഷ്മമായും അനേകവിധ ഭേദങ്ങളായാൽ ഇതു സംബന്ധമായും പരിശുദ്ധിയും ഫലസിദ്ധിയും ഔഷധയോഗങ്ങളും സമ്പാദനവും ഒരു സംഘമായിട്ടു ഒരേ നിലയിൽ നിലനിർത്തുവാനുള്ള മാതൃകയായ ചികിത്സാശാസ്ത്രങ്ങളും അതിന്നാവശ്യമുള്ള മഹാവൈദ്യന്മാരും ഈ രാജ്യത്തിലും ഇല്ലായിരുന്നു എന്നു സമർത്ഥിക്കാം.

എന്നാൽ, ഈ ആയുർവേദശാസ്ത്രത്തിൽ നല്ല പഠിപ്പും പരിജ്ഞാനവും പരിചയവും വേണ്ടതുകൊണ്ടായ പരിശുദ്ധിയുള്ള മഹാന്മാർ കാലക്രമേണ ഇല്ലാതെ വന്നിരിക്കുന്നു. എന്നു മാത്രമല്ല, ഒരു വിധം പഠിപ്പും പരിജ്ഞാനവുമുള്ള ചുരുക്കം ചില മഹാന്മാരും മറ്റുമുണ്ടെങ്കിലും അവർ അവരുടെ പഠിപ്പിനും പരിജ്ഞാനത്തിനും അനുഗുണമായി ചികിത്സകളിൽ ഏർപ്പെട്ട വേണ്ടവിധം പരിചയിപ്പാനും പരിശ്രമിപ്പാനും തക്കതായ യാതൊരു ഉപകരണസമ്പത്തിയും ധനസ

പ്രത്തിപത്തില്ലാതെയും വന്നിരിക്കുന്നു. ഇ ങ്ങനെ സ്ഥിതിക്ക് ചേരാത്ത സംഗതി യൊന്നുമില്ലാത്തവർക്ക് ഒരു വിചാരവും ഉണ്ടാകുന്ന വരേണമല്ലോ. ഏതിലും ചേ രാത്ത രസരാജ വിഷയത്തെപ്പറ്റി ചുരു ക്കമായി വിവരിക്കുന്നത് എത്രയും ആവ ശ്യകമാകുന്നു.

ആയുർവേദഗ്രന്ഥസമുച്ചയപ്രധാനവും മ ഹാരോഗശാന്തികരവും മറ്റുമുള്ള രസാ യനവിധികളെപ്പറ്റി മാണ്ഡവ്യൻ, ഗോവി ന്ദൻ, കപാലി, ഭാലുകി, ചണ്ഡീശ്വരൻ, മന്ഥാനഭൈരവൻ, നാഗാർജ്ജുനൻ, നാഗ ബുദ്ധൻ, സുരാനന്ദൻ, ഭിഷഗ്രത്നതിലകൻ, മുതലായ പല മഹാന്മാരും രസതന്ത്രങ്ങൾ ഉണ്ടാക്കിട്ടുണ്ട്. ആ മഹാന്മാരുടെ ആ രസതന്ത്രങ്ങൾ എല്ലാം നല്ലവണ്ണം നോ ക്കി ഗ്രഹിച്ചാണ് രസേന്ദ്രസർവ്വസ്വമെന്ന രസതന്ത്രം അനേകമാക്കുന്നതെന്ന് അതിന്റെ രസേന്ദ്രസമുച്ചയത്തിന്റെ പ്രാരംഭത്തിൽ ആനന്ദ വാഗ്ഭടാചാര്യർ വിശദമായി പ റഞ്ഞിരിക്കുകകൊണ്ട് ആ മഹാന്റെ കാല ത്ത് ആ രസതന്ത്രങ്ങൾ എല്ലാവരുമായിരു ന്നുവെന്നും അക്കാലത്തുള്ള ആയുർവേദ ഗ്രന്ഥകാരന്മാരായ വിദ്വാന്മാർ പലരും അവ യിൽ പരിശ്രമിച്ചുവന്നിരുന്നുവെന്നും പ റയേണ്ടതാകുന്നു. ആ രസതന്ത്രങ്ങളിൽ സൂചികാഭരണം, സൂചീമുഖം, മഹാകന കസുന്ദരം, ഉദയഭാസ്കരം മുതലായി സി ദ്ധങ്ങളായ അസംഖ്യം രസായനങ്ങൾ വി ധിച്ചിട്ടുണ്ട്. സൂചികാഭരണരസായനത്തി ന്റെ പ്രയോഗത്തെയും ഉപചാരത്തെ യും പററി,

"സന്നിപാതേന തീവ്രേണ
മൂർച്ഛാർത്തസ്യ പ
താല്വന്തി ഗൂഢമതിപാഠേ
രസമേനം വിനിക്ഷിപേൽ
സൂച്യഗ്രാതിസൂക്ഷ്മയാതയാ-
ത്തിന്നത്തിപ്രസന്നാതു
അതനെസ്പന്ദനം സംലിപ്യ
യിദ്ധ്വാത സന്നിവേശയേൽ"

എന്നും മറ്റും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. വലിയ സന്നിയാൽ ബോധമായ ചേഷ്ടയും കൂടാതെ മൃതപ്രായനായ രോഗിയുടെ ശി രഃപ്രദേശത്തിൽ കഴുകിയ അതിസൂക്ഷ്മ മായ സൂചി എന്ന ശസ്ത്രംകൊണ്ട് ഈ ര സത്തെ പ്രയോഗം ചെയ്തിട്ട (കുത്തിക്കയ റിയ്ക്കട്ടു) വെയ്ക്കണം. പ്രകൃതമാകുന്നാൽ ഉ ണർന്നുവരുന്നു എന്നുകരുന്നു. അതിനുശേ ഷം എണ്ണതേച്ചുകുളിപ്പിക്കുക മുതലായ ശി ശോപചാരങ്ങൾ ചെയ്യണമെന്നാണ ചേരാത്തതിന്റെ ആശയം. സൂചിക ഭരണരസായനത്തിന്റെ പ്രയോഗവും മൃത സഞ്ജീവനമാണ്. മഹാകനകസുന്ദര, ഉദയഭാസ്കരം മുതലായതും ആയുർവേദഗ്ര ന്ഥകാരന്മാർ പ്രത്യേകം പറഞ്ഞിട്ടുള്ളതാക ന്നു. എന്നാൽ അവയിൽ വലിയ ഫല പ്രദമായ പല രസായനങ്ങളെയും അവ്യക്ത മായ സൂതപാരദാദികളെയും പാ ചിലർ ദുഷ്കരമായും ദോഷകരമായും അ സാദ്ധ്യമായും പറഞ്ഞുവരുന്നുണ്ട്. അ തുകൾ ആയക രസായനങ്ങൾ യോഗ്യ ത്വം ഉണ്ടാക്കേണ്ടതില്ലെന്നു ശങ്കിതമായ പ രിണാമവും പരിചയവും സൂതപാ രദാദികൾ വരെ ശുദ്ധീകരിച്ചു മേൽ പ്പറഞ്ഞ വിവരവും പ്രാപ്തിയുമില്ലാത്ത വരാണെന്നു മാത്രമേ പറഞ്ഞുകൂടു. ര സേന്ദ്രസർവ്വസ്വം മുതലായ രസതന്ത്രങ്ങളിൽ ആയക രസായനങ്ങൾക്ക് ഉപയുക്തമായ

സൂതപാരദാദികളുടെ ശോധനാംശത്തെ കുറിച്ചു ശ്രുതികളിലൊന്നിലെങ്കിലും ഉപയോഗപ്പെടുത്തേണ്ടതിലേയ്ക്കും പലവിധമായ സംസ്കാരങ്ങളെയും, രസായനക്രിയകളെയും, അതിനാവശ്യകങ്ങളായ പല യന്ത്രങ്ങൾ മൂഷകൾ കോഷ്ഠികൾ മുതലായ ഉപകരണങ്ങളെയും അഭ്രപത്രപാദികളെയും, പുടപാകാദികളെയും, ഉപരസഗന്ധകാദികളെയും നല്ലവണ്ണം വിവരിച്ചുകാണുന്നില്ല. എന്നുമാത്രമല്ല, സൂതപാരദാദികൾ ഹിമവാൻമുതലായ പർവ്വതങ്ങളുടെ താഴ്വരകളിലും മാരമാരെ ഖനികളിലും ഉണ്ടായിവരുമാകുന്നതെന്നും, അഭ്രധാതുകൾ ഇന്നിന്നവിധം ശുദ്ധീകരിച്ചെടുക്കേണ്ടതാണെന്നും, ആതുരന്മാരുടെ കണ്ണാദിസംസ്ഥാനം പറഞ്ഞിട്ടുണ്ട്. അതിനാൽ ആയുഷ്കരസായനങ്ങളും ശരിയായി ഉണ്ടാക്കി ചികിത്സകളിൽ വേണ്ടവിധം ഉപയോഗിച്ചുവരുന്നതായാൽ അവസ്ഥകാരത്തിലുള്ള ഫലങ്ങൾ ലഭിക്കും വ്യതിചലിച്ചുപോകുന്നതല്ല. അവയെക്കൊണ്ടു ശരിയായി ചെയ്യുന്ന ചില ചികിത്സകൾ വിഷമത്തിൽ ഫലിക്കാതെ വ്യതിചലിച്ചുപോകുന്നതു രോഗങ്ങളുടെ സൂക്ഷ്മജ്ഞാനം തക്കവണ്ണം ഇല്ലാത്തതിനാൽ അഷ്ടാംഗമായ ഉപയോഗപ്പെടുത്തി ചെയ്യുന്നതുകൊണ്ടാകുന്നു. അതിനാൽ ചികിത്സകളുടെ ഫലപ്രാപ്തിക്കു മുഖ്യമായിട്ടുള്ളതു രോഗങ്ങളുടെ സൂക്ഷ്മജ്ഞാനമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ആയുർവ്വേദികളായ മഹാന്മാർ രോഗങ്ങളുടെ സൂക്ഷ്മജ്ഞാനത്തിനു പറഞ്ഞിട്ടുള്ള മാർഗ്ഗമെന്തെന്നാൽ— ഒരു വൈദ്യൻ ഒരു രോഗിയുടെ അടുക്കൽ ചെന്ന ദർശനം, സ്പർശനം, പ്രശ്നം ഇവയെക്കൊണ്ടു രോഗിയെയും നിദാനം, പൂർവ്വരൂപം, രൂപം, ഉപശയം, സംപ്രാപ്തി ഇവയെക്കൊണ്ടു രോഗത്തെയും പരീക്ഷിക്കണം. എന്നാൽ ആ ദർശനാദികൾകൊണ്ടു നിദാനാദികളെയും, നിദാനാദികൾകൊണ്ടു രോഗത്തിന്റെയും സൂക്ഷ്മജ്ഞാനം സിദ്ധിക്കും. ഒരു രോഗം ഉണ്ടാകാനിടയുള്ളപ്പോൾ വാതപിത്തകഫങ്ങൾ അതാതു ദുഷിപ്പാൻ തക്ക വിധമുള്ള ആഹാരവിഹാരാദികളിൽ ആദ്യം സംഭവിച്ചിട്ടുള്ളതിനെ അനുസരിച്ചു ദുഷിക്കയാൽ അവയ്ക്കുണ്ടാവുന്ന വികാരങ്ങൾ ഏതെല്ലാമാണെന്നും എത്രയെല്ലാമാണെന്നും അവയെ നിദാനമെന്നു പറയും. നിദാനങ്ങൾ ജ്വരാദികളായ രോഗങ്ങളുടെ സാമാന്യമായും പ്രായേണ ജ്വരമോ മറ്റോ എന്ന രോഗാരംഭത്തിൽ വിശേഷമായുമുണ്ടാകും. അതിനുശേഷം ഉണ്ടാകുന്ന അവ്യക്തങ്ങളായ അസ്വാസ്ഥ്യാദികൾ ഏതെല്ലാമാണെന്നും എത്രയെല്ലാമാണെന്നും അവയെ പൂർവ്വരൂപമെന്നു പറയും. പൂർവ്വരൂപത്താൽ ജ്വരമോ മറ്റോ ആയ ഇന്ന രോഗമുണ്ടാകുവാൻ പോകുന്നുവെന്നു രോഗവിശേഷജ്ഞാനം മാത്രമുണ്ടാകും. ജ്വരമാണെങ്കിൽ വാതജ്വരമോ പിത്തജ്വരമോ കഫജ്വരമോ എന്നും മറ്റുമുള്ള ജ്വരവിശേഷജ്ഞാനമോ മറ്റോ ഉണ്ടാകുന്നതല്ല. മേല്പറഞ്ഞ അസ്വാസ്ഥ്യാദികൾ വാതജ്വരാദിയായ ജ്വരവിശേഷത്തിന്റേയോ മറ്റോ വിശേഷലക്ഷണങ്ങളോടുചേർന്ന് വ്യക്തിഭവിച്ച് ഇന്ന ജ്വരമാണെന്നും മറ്റും ജ്വരവിശേഷാദിജ്ഞാനമുണ്ടാകുവാൻ തക്ക നിലയിലായാൽ അവയെ രൂ

പറഞ്ഞ പ്രകാരം. നിദാനത്തിന്നും രോഗത്തിന്നും മിശ്രിതമായോ മറ്റോ ഉള്ള കാര്യകാരണവിചാരങ്ങളുടെ അറിവുണ്ടാക്കാവുന്നതാകുന്ന സമ്പ്രദായത്തെ ഉപശയമെന്നും വിപരീതമായതിനെ അനുപശയമെന്നും പറയും. ഔഷധാന്നവിഹാരങ്ങളുടെ സുഖാവഹമായ ഉപയോഗത്തെ ചിലർ ചിലതു പറയിക്കുന്നും ചിലതു ചില കാലങ്ങളിൽ പറഞ്ഞിട്ടുള്ളതും ഉണ്ട്. അതിനാൽ മേല്പറഞ്ഞ ഉപശയത്താൽ രോഗിയുടെ പ്രകൃതിയുടെയും, രോഗത്തിന്റെ കാലാവസ്ഥയുടെയും, ശരീരബലാബലത്തിന്റെയും അറിവുണ്ടാകും. വാതാദികളായ ദോഷങ്ങൾ ഏതു പ്രകാരം ദുഷിച്ചിട്ടും ദുഷിച്ചതിന്നുശേഷം ഏതുപ്രകാരം ദേഹത്തിൽ വ്യാപിച്ചിട്ടും രോഗമുണ്ടാക്കുന്നു എന്നും ഏതുപ്രകാരമുള്ള രോഗോല്പത്തിയെ [illegible]ന്നു പറയും. സംപ്രാപ്തിയാൽ രോഗത്തിന്റെ സംഖ്യാവികല്പപ്രാധാന്യബലകാലങ്ങൾ അറിയുന്നതാകും. ഈ സംപ്രാപ്തി, വാതാദികളിൽ ഇന്നിന്നതു ഇന്നിന്നവിധം കോപിച്ചിരിക്കുന്നുവെന്ന അംശാംശകല്പനയാലും അവയുടെ സ്വാതന്ത്ര്യപാരതന്ത്ര്യങ്ങളാലും ബലകാലങ്ങളുടെ വിശേഷങ്ങളാലും ഭേദപ്പെട്ടുവരും. ഇതൊക്കെ രോഗത്തിനുള്ള നിദാനാദികൾ. ഇതൊക്കെ രോഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നേടത്തു വിവരിച്ചിട്ടുണ്ട്.

[illegible]

കാളിദാസന്റെ നാടകങ്ങൾ

നാടകകർത്താക്കളിൽവെച്ചു മുമ്പനായി നമ്മുടെ ഓൎമ്മയിൽ വരുന്നതു കാളിദാസന്റെ നാമമാകുന്നു. അദ്ദേഹത്തിന്റെ കാലത്തിനുമുമ്പു, സംസ്കൃതസാഹിത്യസാമ്രാജ്യത്തിൽ പല കവികളും നാടകകൎത്താക്കളും ജീവിച്ചിരുന്നിട്ടുണ്ട്. ഭാസസൌമില്ലകകവിപുത്രാദികൾ, ശൂദ്രകൻ ആക്കൂട്ടത്തിൽ ഉൾപ്പെട്ടവരാകുന്നു. എന്നാൽ അവർ സാഹിത്യത്തിന്റെ സൎവ്വമേഖലകളേയും കീഴടക്കുന്നതിനു ശക്തന്മാരായിരുന്നില്ല. കാളിദാസനോ, കവിതാചാതുൎയ്യവൈദഗ്ദ്ധ്യവും തികഞ്ഞ ഒരു മഹാകവിയായിരുന്നു. വാസ്തവത്തിൽ അദ്ദേഹം തന്നെയായിരുന്നു അന്നത്തെ സാഹിത്യസാമ്രാജ്യചക്രവൎത്തി. അദ്ദേഹത്തെക്കാൾ മെച്ചമായി, ആ സാമ്രാജ്യത്തിൽ ഇതുവരെ ഒരാളും ഉണ്ടായിട്ടില്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

മാളവികാഗ്നിമിത്രവും, വിക്രമോൎവ്വശീയവും, ശാകുന്തളവും എന്നീ കാളിദാസന്റെ നാടകത്രയം ഏറ്റവും മേന്മയിൽ നാം അറിയുന്നത്. ഇവയിൽ ഒടുവിലത്തേതു, അദ്ദേഹത്തിന്റെ സർവപ്രധാനമായ കൃതിയത്രെ. സഹൃദയന്മാരുടെ മനഃപൂൎവ്വമായ ശ്രദ്ധയ്ക്കു പാത്രമായിത്തീൎന്നിട്ടുള്ളതും അതുതന്നെ ആകുന്നു.

'പ്രാചീനസാഹിത്യത്തോ' എന്നാണ് സർ വില്യം ജോൺസ് ശാകുന്തള

ഞെപ്പററി പറഞ്ഞിട്ടുള്ളത്. ലോകത്തിലുള്ള നാടകങ്ങളിൽ വെച്ചു ഏററവും മനോഹരമായ ഒരു കൃതിയാണെന്ന് അതിനെപ്പററി പ്രൊഫസ്സർ വിൽസനും അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രൊഫസ്സർ ഹീറൻ പറയുന്നു:— ഈ നാടകം (ശാകുന്തളം) അതിന്റെ നിസ്തുലമായ രമണീയകവിതാശക്തിയാലും സ്വാഭാവികതയാലും അദ്വിതീയമായി തീർന്നിരിക്കുന്നു. എല്ലാ സമുദായക്കാരുടെയും നാടകസാഹിത്യത്തിൽ അദ്വിതീയപദമാകുന്നു ഇതിനുള്ളത്. ജർമ്മൻ തത്വജ്ഞാനിയായ ഗീഥെയുടെ അഭിപ്രായത്തിൽ ഹൃദയാഹ്ലാദകങ്ങളായ സകല വസ്തുക്കളോടും കൂടിയുള്ള ഒരുടലാണ് ശാകുന്തളം എന്നു കാണുന്നു. പാശ്ചാത്യദേശങ്ങളിലെ പണ്ഡിതന്മാരുടെ ഇടയിൽ ഇത്രമാത്രം പ്രചാരം മറെറാരു സംസ്കൃതകൃതിക്കുമില്ലെന്നു ഉറപ്പിച്ചു പറയാം. ഇതിനെ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത സർ മോണിയർ വില്യംസ്, ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.— ശാകുന്തളത്തെക്കുറിച്ചു വേണ്ടുംവിധം അറിയാവുന്ന വിദ്വാന്മാരും അതിന്റെ സ്തുതിപാഠകന്മാരും ഭാരതവർഷത്തിൽ മാത്രമല്ല ഉള്ളത്. ഇതിന്റെ സൌന്ദര്യത്തെ കണ്ടറിവാൻ തക്ക സഹൃദയത്വമുള്ള രസികന്മാർ ഇപ്പോൾ പാശ്ചാത്യരാഷ്ട്രങ്ങളിൽ എവിടെയുമുണ്ട്. ഗേഥേ എന്ന ജ്ഞൻ, എല്ലാവരെയും അതിശയിപ്പിക്കയായി തീർന്നിട്ടില്ലെങ്കിൽ ഞങ്ങൾക്കറിയാം, ഈ പരിച്ഛ ലോകത്തിലെ പണ്ഡിതന്മാരിൽ മിക്കവരും അതിന്റെ അനന്യസാധാരണമായ സൌന്ദര്യത്തെ കൊണ്ടാടുന്നുണ്ട്.[1]

അഗസ്റ്റ്സ് വില്യം വോൺ ഷ്ളേഗലിൽ, അദ്ദേഹത്തിന്റെ നാടകങ്ങളെക്കുറിച്ചുള്ള കലാശാലാ പ്രസംഗത്തിൽ, ഇങ്ങിനെ പറഞ്ഞിരിക്കുന്നു— പൂർവ്വ കാലത്തു പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന ഭാരതീയർ, വിദേശീയ സഹായം കൂടാതെ ചെയ്യുന്നതിനു മുമ്പുതന്നെ, നാടകരചനയിൽ അത്യന്തം സമർത്ഥന്മാരായിരുന്നു. ഏതുകാലം മുതലാണെന്നു നിശ്ചയിക്കാൻ വയ്യാത്ത മുമ്പു മുതൽ, അവരുടെ സാഹിത്യത്തിൽ നാടകങ്ങളും ഉണ്ടായിത്തുടങ്ങി. ഈ വസ്തുത, പാശ്ചാത്യന്മാർ ഇപ്പോൾ അറിയാൻ തുടങ്ങിയിട്ടേ ഉള്ളൂ. അവയിൽ വെച്ചു മുഖ്യസ്ഥാനം, ശാകുന്തളത്തിനാണ് നൽകിയിട്ടുള്ളത്. അതിനെ നമ്മുടെ പുരാണകഥാപ്രതിപാദകങ്ങളായ നാടകങ്ങളോടു യോജിപ്പിച്ചു സാദൃശ്യമുണ്ട്.[2]

അലക്സാണ്ടർ വോൺ ഹംബോൾട്ട പറയുന്നു:— കാമുകന്മാരുടെ ഹൃദയത്തിന്മേൽ പ്രകൃതിക്കുള്ള സ്വാതന്ത്ര്യത്തെ വർണ്ണിച്ചു ഫലിപ്പിക്കുന്നതിന് ഏററവും സമർത്ഥനായ ഒരു മഹാകവിയാകുന്നു, അതിമനോഹരമായ ശാകുന്തളത്തിന്റെ കർത്താവ്. അദ്ദേഹം, വിക്രമാദിത്യചക്രവർത്തിയുടെ കൊട്ടാരത്തെ അലങ്കരിച്ചിരുന്ന നവരത്നങ്ങളിൽ ഒരാളായിരുന്നു. ഇതുകൊണ്ടു തന്നെ, അദ്ദേഹം വിർജിൽ, ഹൊറേസ് മുതലായവരുടെ സമകാലികനായിരുന്നു. മനോവികാരങ്ങളെ ഹൃദയംഗമമായി വർണ്ണിക്കുന്നതിനുള്ള പാടവവും, ഭാവനാശക്തിയുടെ പ്രാചുര്യവും എല്ലാ സമുദായങ്ങളിലുമുള്ള എല്ലാ കവികളുടെ ഇടയിലും, അദ്ദേഹത്തിന് ഉന്നതമായ സ്ഥാനം സമ്പാദിച്ചുകൊടുത്തിട്ടുണ്ട്.[3] സുപ്രസിദ്ധനായ മാക്സ്മുള്ളർ ഇങ്ങിനെ പറ

ന്തിരിക്കുന്നു:—“സരസ്വതീദേവിയുടെ അനുഗ്രഹീതസന്താനമായ കാളിദാസൻ, മനോമോഹനങ്ങളായ പല കൃതികളുടെ കർത്താവാണെങ്കിലും, പരിപൂർണ്ണലോകം, അദ്ദേഹത്തെ ശാകുന്തളകർത്താവിൻെറ നിലയിലാണറിയുന്നത്. ആ സംസ്കൃതനാടകത്തെ പാരായണം ചെയ്യുന്ന ആദ്യാവസരവും ഉൽകൃഷ്ടതയുമാർന്ന ആ അത്ഭുതകന്യകയെക്കാൾ മധുരതരമായ ഒരു സൃഷ്ടിവിശേഷം, മനുഷ്യകല്പനാശക്തിക്കു അതു നിർമ്മിക്കാൻ കഴികയില്ലെന്നഭിപ്രായപ്പെടുന്നതിൽ; ഒരു ഫലം തന്നെ ആയിരിക്കുന്നതല്ല.” ഡാക്ടർ മാൻഡോഡ് ശാകുന്തളത്തെ പൂർവ്വനാടകസാഹിത്യത്തിലെ പ്രകാശഗോപുരമായ ഒന്നായി വർണ്ണിച്ചിരിക്കുന്നു.

കാളിദാസന്റെ മറ്റൊരു കേൾവിപ്പെട്ട നാടകം വിക്രമോർവ്വശീയമാണല്ലോ. പ്രൊഫസർ വിൽസൺ, അതിനെയും ശാകുന്തളത്തെയും തമ്മിൽ, ഇങ്ങിനെ താരതമ്യപ്പെടുത്തിയിരിക്കുന്നു. ‘രണ്ടിലേയും വസ്തുനായികക്ക് ഒരുപോലെയുള്ള ജീവനം, ഖണ്ഡങ്ങൾ മറ്റൊന്നിലുമില്ലാത്ത ഗുണപൂർണ്ണത. ചെറുപ്പമായിരിക്കുന്ന നായികയുടെ ലാളിത്യവും ഇഷ്ടത്തിനു അധികം വിജയകരമായി പകർന്നിട്ടുണ്ട് എന്നാണെന്ന നിർണ്ണയിക്കാൻ പ്രയാസം. എന്നാൽ വിക്രമോർവ്വശീയത്തിലെ കഥ, കവിയുടെ സാമർത്ഥ്യത്തോടെ ചേർച്ചപ്പെട്ടതല്ല, ശാകുന്തളത്തിലെ നായികക്കാൾ കവിയുടെ സ്വാഭാവികവും ആകുന്നു. പക്ഷെ, ശാകുന്തളത്തിലെ നായികയെപ്പോലെ, ഹൃദയത്തിൻെറ ഏതു കോണിലും സ്പർശിക്കത്തക്ക പ്രകൃതിയിലേക്ക് അടുപ്പിക്കുന്ന ഒരു പാത്രവും അതിൽ ഇല്ലതന്നെ.’

കാളിദാസന്റെ മറ്റൊരു നാടകം, മാളവികാഗ്നിമിത്രമാണല്ലോ. അതു, നമ്മുടെ സാമുദായികസാഹിത്യത്തിൽ വെച്ച് ഏറ്റവും മനോഹരമായ ഒരു കൃതിയാകുന്നു. ശാകുന്തളത്തോടോ, വിക്രമോർവ്വശീയത്തോടോ അതിനെ സമപ്പെടുത്താൻ പാടില്ലെങ്കിലും, അവയെ ശോഭിപ്പിച്ച്, അതിലെ ‘രാഗ’ അത്യന്തം മധുരവും ലളിതവും ആണ്. അതിലെ ഗാനങ്ങളും, പദ്യങ്ങളുമുള്ള ശൈലിയും, ധാടിയും അനിർവ്വചനീയമത്രെ. വർണ്ണനകൾ, കവനശീലരായ പ്രകൃതിയുടെ പലം വർണ്ണനത്തിൽ കൂടുതലായ ഏതു ചിത്രകാരന്മാരുടെ ഇടയിലും അപൂർവ്വമായിരുന്ന, കവിയുടെ സ്ഥാനം ലഭിക്കത്തക്ക വിധം, അതു സ്വാഭാവികങ്ങളാകുന്നു. സ്വാഭാവവർണ്ണനകളും, മികവാറും ശ്രീപ്രകാശമുള്ളവയത്രെ. ചുരുക്കത്തിൽ ആ കൃതി, കാവ്യനാടകം പഠനാവസരത്തിൽ, ഷ്ട്രീയിരിക്കുന്ന ചമത്കാരമുള്ള ഒരു സന്ദേശമാകുന്നു.

ഷേക്സ്പീയരുടെ കൃതികളെപ്പോലെ തന്നെ കാളിദാസകൃതികളും, കവനകലാ സംബന്ധിച്ച് അദ്ദേഹത്തിനുള്ള അറിവിനെ ദൃഷ്ടാന്തങ്ങളാകുന്നു. ഷേക്സ്പീയരുടെ കൃതികളായ ‘മിഡ്സമ്മർ നൈറ്റ്സ് ഡ്രീം’, ‘ടെമ്പസ്റ്റും’ ഇവയുമായി താരതമ്യപ്പെടുത്തിയാണെന്നു സംശയിപ്പാൻ നിവൃത്തിയില്ല. അവയ്ക്കു തമ്മിലും, യൌവനയുക്തനായ ഷേക്സ്പീയരും, പ്രൌഢവയസ്കനും പരിപാകപ്രാപ്തിയുമായ ഷേക്സ്പീയരും തമ്മിലുള്ള അന്തരമുണ്ട്. ന

ക്കുടെ ഈ ഇന്ത്യൻഷേക്സ്പീയരുടെ കൃതികളുടെ കാലത്തെ നിർണ്ണയിക്കേണ്ടതും; ഏറ്റവും പ്രയാസം ഇവിടെ തന്നെയാണ്. മാളവികാഗ്നിമിത്രം, കാളിദാസൻ നാട്യവിദ്യാശാലയിൽ അഭ്യസിക്കുന്ന ഒരു വിദ്യാർത്ഥിയാണെന്നു തെളിയിക്കുന്നു; വിക്രമോർവ്വശീയം, ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ സൂചിപ്പിക്കുന്നു; ശാകുന്തളമാകട്ടെ, കവി, തന്റെ കലയിൽ പൂർണ്ണത്വത്തെ നേടിയ ആളാണെന്നു വിളിച്ചുപറയുന്നു. ഇതേവിധം പറകയാണെങ്കിൽ, മാളവികാഗ്നിമിത്രം, അദ്ദേഹത്തിന്റെ നാടകസാഹിത്യലോകജീവിതത്തിന്റെ ആരംഭദശയിലെയും, വിക്രമോർവ്വശീയം മദ്ധ്യദശയിലെയും, ശാകുന്തളം അവസാനത്തിലെയും — പരിപാകദശയിലെയും — കൃതികളാകുന്നു. കവികൾ, ചിത്രകാരന്മാർ, സംഗീതകുശലന്മാർ മുതലായവർ അതാതു കലകളിൽ നിരീക്ഷണപ്രതി കൂടുതൽ അഭിവൃദ്ധിപ്രാപിച്ചിരിക്ക സാധാരണയാണല്ലോ. ചില നിരൂപകന്മാർ, ശാകുന്തളത്തിന്റെയും, മാളവികാഗ്നിമിത്രത്തിന്റെയും കർത്താവ് ഒരാളല്ലെന്ന അഭിപ്രായപ്പെടുന്നു. എന്നാൽ ഇതു അങ്ങനെയല്ല; സൂക്ഷ്മദൃഷ്ടിയായ ഒരാൾക്ക്, അവയിലെ പാത്രങ്ങളുടെ സ്വഭാവസാദൃശ്യത്താലും, വർണ്ണനകളുടെ സ്വാഭാവികതയാലും, പ്രകൃതിവർണ്ണനകളുടെ സാമ്യത്താലും രണ്ടും ഒരു പുണ്യപുരുഷന്റെ തൂലികയിൽനിന്നു നിർഗ്ഗമിച്ചതാണെന്നു, നിശ്ചയമായും തോന്നുന്നതാണ്.

കാളിദാസന്റെ നാടകങ്ങളിലെ പ്രധാനരസം ശൃംഗാരമാകുന്നു. ഭാരതീയനാടകകർത്താക്കന്മാരിൽ മിക്കവരും അതിൽ തന്നെയാണ് കൂടുതൽ അഭിരുചി. പുരാണകഥാപ്രതിപാദകങ്ങളായുള്ളവ ആകകൊണ്ടു, അവ ഹിന്ദുക്കൾക്കു രചിക്കുന്ന കൃതികളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അനുരാഗത്തിന്റെ ഉത്ഭവം, വളർച്ച, പരിണാമം മുതലായവയെ പൊടിപ്പും തൊങ്ങലും വെച്ച് വർണ്ണിക്കുന്നതിനു ശാകുന്തളകർത്താവിനുള്ള പാടവം ഒന്നു വേറെതന്നെയാണ്. അനുരക്തകന്യകമാരുടെ സ്വഭാവത്തെ സവിശേഷം വർണ്ണിക്കുന്നതിലും അദ്വിതീയൻ അദ്ദേഹം തന്നെയാകുന്നു. കാളിദാസകൃതികളിൽ കാണുന്ന അനുരാഗം നിർമ്മലവും ദിവ്യവുമത്രെ! ആദ്യദർശനത്തിലാണ, ബാഹ്യാനുരാഗം അധികം സംഭവിക്കാറുള്ളതെന്ന, അദ്ദേഹം വേണ്ടുവോളം തെളിയിച്ചിട്ടുണ്ട്: എന്തുകൊണ്ടെന്നാൽ, യഥാർത്ഥപ്രേമം യത്നത്തിനു കീഴടങ്ങി നില്ക്കയേ ഉള്ളൂ. ആ തരം പ്രേമമാകുന്നു, കാമുകന്മാരെ, സദാശയന്മാരും, സൽക്കർമ്മപ്രവർത്തകന്മാരുമാക്കിത്തീർക്കുന്നതും!

വാക്കുകൾകൊണ്ടു മനുഷ്യപ്രകൃതികളുടെ പടം വരക്കുന്നതിനു ഇത്ര സമർത്ഥനായ ഒരു ചിത്രകാരൻ, ഇതേവരെ ഉണ്ടായിട്ടില്ല. വാല്മീകിയെ ഒഴിച്ചു, അദ്ദേഹത്തിന്റെ സമീപത്തിൽ എത്തുന്നതിനുപോലും, മറ്റൊരു കവിക്കും സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ എല്ലാ പാത്രങ്ങൾക്കും, (വിശിഷ്യ പെൺപാത്രങ്ങൾക്ക്) ഒരു പ്രത്യേകജീവനുള്ളതിനാൽ ശകുന്തള, അനസൂയ, പ്രിയംവദ മുതലായ സൃഷ്ടിവിശേഷങ്ങൾ ഉദാഹരണങ്ങളാണല്ലോ. അദ്ദേഹത്തിന്റെ ചിത്രങ്ങൾ, ജീവിതമാഹാത്മ്യത്തെ പ്രസ്പഷ്ടമാക്കുന്നവയാ

ന്‍. അവയുടെ നിസ്സാരമായ ഒരംശമി ല്ലെങ്കിലും ഒരു നിശ്ചിതവ്യക്തിക്കു കയ്യടക്കാനിടയില്ല. വാസ്തവത്തിൽ ശാസ്ത്രങ്ങളുടെ ചരിത്രം എല്ലാ പാത്രങ്ങളും ഓരോ ജീവൽസമ്പ്രദായങ്ങളാണെന്നു നമുക്കു തോന്നുന്നു. ആപ്രകാരം തോന്നുന്നതിനു, മരാമത്തായ കൃതികൾ, ഏതൊരു മഹാകവിക്കും അത്ഭുതത്തോടുകൂടിലെ സാധിക്കയില്ലെന്നു നിശ്ചയം.

കെ. എസ്സ്. പരമേശ്വരൻപിള്ള

കൃതിയിലുള്ള

ഉടമസ്ഥതാവകാശം *

(തുടർച്ച)

ഈ ആലോചനപ്രകാരമുള്ള നിഷ്പാദനംകൊണ്ടു പിന്നീടു വില കൊടുക്കേണ്ടിവരായുന്ന വസ്തുക്കളുടെ ഉടമസ്ഥന്മാർക്കാവശ്യമെന്നതിനാലും ഒട്ടും ദോഷം ഉണ്ടാകുന്നതല്ല. എന്തെന്നാൽ അവർ മുമ്പത്തെ വില തന്നെ ഗവൺമെന്റോടാവശ്യപ്പെട്ടാലു അത്ര വില സംസ്ഥാനങ്ങളുടെ കയ്യിൽനിന്നു കിട്ടുകയില്ല. കൂടുതൽ വില ഉപേക്ഷിക്കുന്നതുകൊണ്ടു വില അതേപ്രകാരമോ കാതിരിപ്പാൻ ഗവൺമെന്റിനു അവർ കിട്ടുന്നു. ഇതുകൊണ്ടു ഗവൺമെന്റിനേക്കും നഷ്ടമുണ്ടാകുന്നതല്ല. എന്തെന്നാൽ കെമിക്കൽ കായ് എന്നതിനു—സാമാന്യമായിട്ടുള്ള പുസ്തകശാല വരുന്നില്ല എങ്കിൽ—മറ്റൊരു ദിക്കിൽ തന്മൂലമായിട്ടുള്ള കൂടുതൽ എന്തെങ്കിലുമാകുന്നു. ഈ കൃത്യങ്ങൾകൊണ്ടുള്ള ഒട്ടും ഗവൺമെന്റിലേക്കുണ്ടാവുകയും ചെയ്യും.

മുന്നമേതായിട്ടിക്കിലെ ഒരു പൂർവ്വചരണം—ഉടമസ്ഥന്റെ പ്രയത്നത്തെ അപേക്ഷിക്കാതെയും രാജ്യത്തെ ആസകലമുള്ള ധനത്തിന്റെ വർദ്ധനക്കാണു വില കൂടി വരുന്ന വസ്തുക്കൾ ഭൂമി മാത്രമല്ല ഉള്ളൂ. പഴയ ചിത്രകാരന്മാരുടെ ചിത്രങ്ങൾ, പഴയകാലത്തുള്ള പ്രതിമാദി കൊത്തുപണിത്തരങ്ങൾ, എന്നുവേണ്ട ഉല്ലാസത്തിനുള്ള എല്ലാതരം വിശേഷവസ്തുക്കൾ ഇവയെല്ലാം ഈ വിധം വിലപ്പെട്ടുകൊണ്ടുവരുന്നുണ്ട്. തന്റെ കൃതിയിന്മേൽ സമ്പാദിക്കപ്പെടാവുന്നതൊക്കെയാവുന്ന കൂടുതൽ വില കണക്കാക്കപ്പെടുവാൻ പാടില്ല എന്നു പറയുന്നതിൽ ന്യായവിരോധമില്ലെങ്കിൽ അതേ നിയമംകൊണ്ടുതന്നെ റഫേൽ, ടിട്ടിയൻ മുതലായ ചിത്രകാരന്മാരുടെ ചിത്രങ്ങൾക്ക് കിട്ടിവരുന്ന കൂടുതൽ വിലയ്ക്ക് ഒരു വക ചിത്രങ്ങളുടെ ഇപ്പോഴത്തെ ഉടമസ്ഥന്മാർക്കവകാശമില്ലെന്നു വെക്കുകയും ആ കൂടുതൽ ഗവൺമെന്റിലേക്കു മുതൽ കൂട്ടുകയും ചെയ്യുന്നതു യുക്തമായിരിക്കും.

---

* ഒരിക്കൽ സ്കോട്ട്ലൻഡിൽ എഴുതിയ ഒരു ലേഖനത്തിന്റെ തർജ്ജമ.

മൂലതത്വപരമായ അവലംബിച്ചുകൊണ്ടു നോക്കുമ്പോൾ ഇതു വാസ്തവമായിരുന്നാൽ തന്നെയും പ്രവൃത്തിയിൽ വരുമ്പോൾ അതുകൊണ്ടു വിശേഷിച്ചു ഫലമൊന്നുമുണ്ടാവുന്നതല്ല. എന്തെന്നാൽ ഉള്ളതെല്ലാം നശിക്കാതെ ചിതറിക്കിടക്കുന്നവയുമായ ഈ വക സാധനങ്ങളിന്മേൽ ഏറ്റവും അധികം നികുതി ചുമത്തുന്നതായാലും അതിൽനിന്നുണ്ടാവുന്ന മുതലെടുപ്പു പുഷ്ടിയോടുകൂടിയിരിക്കുന്ന ഒരു രാജ്യത്തേക്ക് ഗണിക്കത്തക്കതായിട്ടു വരാവുകയില്ല. എന്നാൽ മൂലതത്വപരമായ ആദിപ്രമാണമാക്കിക്കൊണ്ടു നോക്കിയാലും ഇതു വാസ്തവമല്ല. എന്തെന്നാൽ കലാവിദ്യ പ്രയോഗിച്ചിട്ടുണ്ടാവുന്ന പദാർത്ഥങ്ങൾ—അവ എത്രതന്നെ അപൂർവങ്ങളും മനോഹരങ്ങളുമായാലും—ഉദ്യമിയിൽനിന്നും അതിന്റെ അനുഭോഗത്തിനുള്ള പദാർത്ഥങ്ങളിൽനിന്നും ഈ മൂല്യസംഗതിയിൽ (അവ പ്രയോജനങ്ങളാണ് എന്ന സംഗതിയിൽ) വ്യത്യാസപ്പെട്ടിരിക്കുന്നു. ഉൽകൃഷ്ടകലാവിദ്യ പ്രയോഗിച്ചുണ്ടാക്കപ്പെടുന്ന പദാർത്ഥങ്ങൾ പ്രയോജനങ്ങളാണ്; എന്നമാത്രമല്ല മനോജ്ഞമായ വ്യാപാരത്തിന്റെ ഫലങ്ങളുമാകുന്നു. പിൽകാലങ്ങളിൽ ഏതു ചിത്രങ്ങൾക്കും കിടപിടിക്കത്തക്ക യോഗ്യതയോടുകൂടിയ ഒരു വക ചിത്രങ്ങൾ വെളിവരുന്നെങ്കിലും, അതു പ്രയത്നം മുതലായവല്ലം ചിത്രകാരന്റെ സന്തോഷഫലത്തെയാവിചാരിച്ച് എത്രയുമധികം ദ്രവ്യലാഭത്തിനു ഉണ്ടാക്കുന്നതായാലും വേണ്ടിയതാണെങ്കിലും അതിൽ വളരെ അന്തരമുണ്ട്. ഒന്നാമതിൽ എഴുതിയിരിക്കുന്നവരും എഴുത്തിൽ വിരാജിക്കുന്നവരുമായ ചിത്രങ്ങളിൽനിന്നു കിട്ടാവുന്ന ലാഭത്തിന്റെ ഒരു വലിയ അംശത്തെ ഗ്രഹിക്കുക എന്നതാണ് ഈ വക ചിത്രങ്ങൾ എപ്പോഴും സൂചിപ്പിക്കുന്നത്. അൽകാലത്തെ ഒരു മാത്രം വിലയുള്ളവയിൽനിന്ന് എന്നല്ലാതെ നിലനില്പുള്ളതും യോഗ്യതയുള്ളവയെ തിരിച്ചറിയുവാൻ ശക്തിയുള്ള ഉള്ളം ചില കലാവിജ്ഞന്മാർ അവയെ വാങ്ങുവാനില്ലെങ്കിൽ അങ്ങിനെയുള്ള ചിത്രങ്ങളെ എഴുതുവാൻ തന്നെ സാധിക്കയില്ല. തങ്ങളുടെ അനന്തരവന്മാർ പിന്നീടുകൂടെ വലിയ സമ്പത്തായിട്ടു തീരുന്ന ഈ വക ചിത്രങ്ങൾ, ഉൽകൃഷ്ടമെന്ന നിലയിൽ ആദരിക്കത്തക്ക, വലിയ വില കൊടുക്കുവാൻ വിരോധമില്ല എന്ന ഈ മഹാന്മാർ വിചാരിക്കുന്നു. അങ്ങിനെയുള്ള ചിത്രങ്ങളുടെ വിലയിൽ പിന്നീടുണ്ടാവുന്ന കൂടുതൽ ചിത്രകാരന്റെ സമ്പാദ്യമല്ലാത്തതിനാൽ അവനു ഉത്തേജനമില്ലെന്ന് ഒരിക്കലും പറയുവാൻ പാടില്ല. ബുദ്ധിയുടെ ശക്തിയും നല്ലവണ്ണം പ്രയോഗിച്ചിട്ടുണ്ടാവുന്ന ഉത്തമലേഖകൾ മാത്രമേ ആളുകൾ സ്വീകരിക്കുകയുള്ളൂ; എന്നാൽ ഉണ്ടാക്കുന്നവന്നു കൂടുതൽ വിലയ്ക്കു ഈ വിധം യാതൊരു വ്യവസ്ഥയുമില്ല. ഉൽകൃഷ്ടകലാവിദ്യകളെ വർദ്ധിപ്പിക്കുന്നതിനും അതിൽ ഇന്നത്തെക്കാൾ വിരുതുണ്ടാക്കിത്തീർക്കുന്നതിനും വേണ്ടി വലിയ സംഖ്യ ചെലവഴിക്കുന്നതു ന്യായമാണ് എന്ന ഗവർമ്മെണ്ടു വിചാരിക്കുന്നില്ല. ഒരു സമിതിക്ക് അവന്റെ പ്രയത്നത്തിനു പിന്നീടുണ്ടായിത്തീരുന്ന കൂടുതൽ വില ഒരു ചിത്രകാരനു കിട്ടുന്നതിൽ ഗവർമ്മെണ്ടിനു വൈമനസ്യം കൂടിക്കൂടുന്നുവാൻ പാടുള്ളതല്ല.

അയാൾ മരിച്ചു വളരെക്കാലം കഴിഞ്ഞതിന്റെ ശേഷം, അന്നത്തെ കലാവിദഗ്ദ്ധന്മാർ അയാളുടെ ആ ചിത്രം ഇന്ന വിലക്കു വില്ക്കാമെന്നു അഭിപ്രായപ്പെട്ടതു നിമിത്തം അതിന്റെ വില തന്നെ പൊങ്ങിട്ടുള്ളതാണ്. എന്നാൽ പലപ്പോഴും ഈ കൂടുതൽ വില ചിത്രകാരനു കിട്ടുന്നില്ല; ഇടയിൽ നില്ക്കുന്നവരും വിചാരിക്കാത്തതായ ഒരു ലാഭമായിട്ടു തീരുകയാണ് പതിവ്; ഇതു ഞാൻ സമ്മതിക്കുവാനൊരുക്കമാണ്; ആ ചിത്രത്തിനു സാമാന്യം കുറഞ്ഞ വില കൊടുത്തായിരിക്കും വാങ്ങിട്ടുണ്ടാവുക. പിന്നീടു സംഗതിവശാൽ അതിന്റെ വില വളരെ വർദ്ധിച്ചുവരാവുന്നു. ഈ ഒരു സംഗതി എപ്പോഴും പ്രവൃത്തിക്കാരെപ്പോലെ എല്ലാ കലാവിദ്യക്കാർക്കും പറയാവുന്നതാണ്. ക്ഷമയോടുകൂടി കാത്തിരിക്കുവാൻ വയ്യാത്ത പക്ഷം അപ്രകാരം ചെയ്യുവാൻ കഴിയുന്ന ഒരുവനു അവർ കൈയിൽ കിട്ടാവുന്ന വിലയിൽ കരം താഴ്ത്തി കൊടുക്കേണ്ടതായിട്ടു വരാം. എങ്കിലും വില്പനയുള്ള സൌകര്യമുള്ളതിനാൽ സാമാന്യേന അവർക്കു പ്രയത്നത്തിനു തക്ക പ്രതിഫലം കിട്ടാവുന്നതാണ്. എന്നാൽ വിലപ്പു പെരുത്തായന്ന ലാഭം കിട്ടുവാൻ തരമുള്ളതു പോലെ തന്നെ നഷ്ടം കൊള്ളുവാനും അവർ തയ്യാറായിട്ടാണിരിക്കേണ്ടത്. ജനങ്ങൾക്കുള്ള രുചിഭേദവും കലാവിജ്ഞന്മാർക്കുണ്ടാവുന്ന അഭിപ്രായഭേദവും രണ്ടു പ്രകാരത്തിലും വരാവുന്നതാണ്. കുറച്ചു വില കൊടുത്തു വാങ്ങിയ ചില ചിത്രങ്ങൾക്കു വില വളരെ കൂടിയതായിരിക്കിൽ അധികം വില കൊടുത്തു വാങ്ങിയ വേറെ ചിലതു ജനങ്ങളുടെ ഇടയിൽ ക്രമേണയായി പൊട്ടു ത്തോ പ്രചാരിപ്പിക്കാതെ വരുന്നു. ചേതം സഹിക്കുവാൻ അവർ ഒരുങ്ങുന്നതെങ്കിൽ മറ്റുകൊണ്ടുള്ള മെച്ചം അവർക്കുണ്ടായിരിക്കണം. മദ്ധ്യസ്ഥന്മാരായ ഈ കൂട്ടരുടെ ഈ പ്രകാരമുള്ള വ്യാപാരം—ഇതിലും നന്നായിട്ടുണ്ടാവുന്നു വരെ—ഗുണകരമായിട്ടാണിരിക്കുന്നത്. എന്തെന്നാൽ അവർക്ക് ഇപ്പോൾ കിട്ടുന്ന ലാഭം ഇല്ലാതെയാവുമെങ്കിൽ ചിത്രകാരന്മാർക്ക് ഇത്രയും ഗുണം കിട്ടുന്നതല്ല.

ഇരിക്കുന്നപോലെ ഒരു ചിത്രത്തിനു അന്നന്നത്തെ നിരക്കവില കിട്ടിയാൽ പോരെ? ഉടമസ്ഥനു മേലാൽ കിട്ടിയേക്കാവുന്ന ലാഭത്തെപ്പറ്റി പിന്നെ വിചാരിപ്പാനെന്താണ്? എന്നു ചോദിപ്പാൻ പാടില്ല. എന്തെന്നാൽ ആ വക സാധനങ്ങൾക്ക അങ്ങാടിനിരക്കു വിലയില്ല. അത് അന്നന്നത്തെ ജനങ്ങളുടെ അഭിപ്രായത്തെ അനുസരിച്ചിരിക്കുന്ന ഒരു സംഗതിയാണ്. കൂടുതൽ വില നിശ്ചയിക്കാമെങ്കിൽ അതോ മേലിൽ കിട്ടിയേക്കാമെന്ന് ഉടമസ്ഥൻ വിചാരിച്ചിട്ടുള്ളതിനാൽ ഒട്ടും തന്നെ കേടുകരമാണല്ല. അതിനാൽ ഇപ്പ സംഗതികളാണെന്നുവെച്ചു കൊണ്ടു വലപ്പച്ചമും നിലനില്ക്കുന്നില്ല. വാസ്തവത്തിൽ ഒന്നും ഇല്ലല്ലതാനും.

ഇരിക്ക താനേ ഉണ്ടാവുന്ന കൂടുതൽ വില പൊതുജനങ്ങൾക്കായിട്ടുള്ളതാണെങ്കിൽ സമുദായത്തിനു, അതായത് തന്നെ തീർത്തിരിക്കായിട്ടിരിക്കുന്ന രാജ്യങ്ങൾക്കുള്ള കൂടുതൽ വിലയും പൊതുജനങ്ങൾക്കായിട്ടുള്ളതാണെന്നു വരണം എന്നു ചിലർ പറയുന്നു. ഈ വാദത്തിലുള്ള യുക്തിഭംഗം സുവ്യക്തമായിരിക്കുന്നതിനാൽ

ഇതിനെ കൃഷിക്കാണിരിക്കണമെന്ന ത
ന്നെ തോന്നുന്നില്ല. ഒന്നാമതു, റെയിൽ
വെ [illegible] കിട്ടുന്ന [illegible] കാളും
[illegible] പ്രയത്നംകൊണ്ടും [illegible]
കൊണ്ടുണ്ടായിട്ടുള്ളതാണ്; സ്വാഭാവി
കമായിട്ടുള്ളതല്ല. രണ്ടാമതു, റെയിൽ
വെ [illegible] വില കൂടുന്നതുപോലെ
[illegible]; എന്നാൽ [illegible]
സംബന്ധിച്ച് അത് [illegible] വരുന്നതു
ല്ല. [illegible] പു
ഷ്പി [illegible] എന്നപോലെ
[illegible] ഉണ്ടായ
[illegible]
[illegible]. എന്നാൽ [illegible]
[illegible]
[illegible] കിട്ടാത്ത
[illegible] കാ
ണമായിരിക്കുന്നു. [illegible]
[illegible] കിട്ടുന്ന [illegible]
[illegible], [illegible]
[illegible] ഇതിനാൽ [illegible]
[illegible] വ്യത്യാസം [illegible]
ന്നു.

[illegible] കൂടതലായ
[illegible] എ
ന്ന [illegible] എതിരായി സാധാര
ണ [illegible] പുഷ്പങ്ങൾ [illegible]
[illegible] സാധാരണ [illegible]
വിചാരിക്കുന്നു. സാധാരണയായിട്ടുള്ള [illegible]
[illegible]
[illegible] ആണ് [illegible] കാണിച്ചു.
എന്നാൽ [illegible] വി
[illegible] പുഷ്പങ്ങൾ
[illegible] പ്രവൃത്തിയിൽ [illegible]

[illegible] ചില പുഷ്പങ്ങളെ
പുറപ്പെടുവിക്കുന്നു. [illegible]
[illegible] കാണിക്കാം.

പുഷ്പങ്ങൾ :— [illegible]
[illegible] എന്നിരിക്ക
[illegible] എന്നാലും [illegible] എന്നാ
[illegible]
[illegible]
[illegible]
[illegible] ഉണ്ടു, [illegible]
[illegible] പ്രയോജന
[illegible]
[illegible]
[illegible] പ്രവൃത്തി [illegible]
[illegible]
[illegible] എ
[illegible]
[illegible]ിരിക്കുന്നതാണ്.

[illegible] കൃഷിക്കാരായ [illegible]
[illegible] ഈ പുഷ്പങ്ങളിൽ [illegible]
[illegible]
[illegible]
[illegible]
[illegible] പ്രയത്നം ചെയ്യു
[illegible]
[illegible]
[illegible]
[illegible] വരുത്തിട്ടുള്ള
ത്, [illegible] പ്രയത്നംകൊ
ണ്ടു [illegible]

ന്നല്ല. കൂലിയുടെ വിലക്കൂടുന്നതിനോ അല്ലെങ്കിൽ ആദായം വർദ്ധിപ്പിക്കുന്നതിനോ ഇതു കാരണത്തിന്നിടയുള്ള ഉടമസ്ഥന്മാ അയാളുടെ കഴിവും എത്രത്തോളം ഉള്ളിട്ടുണ്ട് എന്ന തീരുമാനിക്കുന്നതു തീരെ അസാദ്ധ്യമല്ലെങ്കിലും വളരെ പ്രയാസമായിരിക്കും. എന്നാൽ ധനവാന്മാരായിരിക്കുന്ന വ്യവസായകന്മാർ—ബ്രിട്ടീഷ് ഇ പുകളിലെ കൂലി കൂട്ടുവാൻ കഴിവുള്ള ജാതികളുടെ ധർമ്മബോധമുള്ളവർ—ചെയ്യുന്ന പലിശ്ശ […] തീരെ കവിഞ്ഞുകാണും. അവർ കൂലിക്ക് വരുന്ന നാമമാത്രം […] വളരെ ദ്രവ്യം ചെലവാക്കാതെ സമ്പന്നന്മാരായ ഇങ്ങിനെയാൾ കൃഷിക്കാരും കാര്യസ്ഥന്മാർ കൃഷിക്കാരും സാധിക്കപ്പെടുന്നവരാകുന്നു. ഉദാഹരണമായിട്ട് വെള്ളം ചാമ്പി കുടിച്ചു കൂലി ചെയ്യുന്ന സംഗതി എടുക്കുക. ഇതിനുള്ള ശരിയായിട്ടുള്ള കണക്ക് എടുക്കുന്നതിനും അതിനെ ശരിയായ സംഖ്യ ക്ലിപ്തപ്പെടുത്തുന്നതിനും വളരെ പ്രയാസമില്ല. ഒരു കൂലിക്ക് ഒരു ദിവസം കഴിയാൻ കൊടുക്കുവാൻ സമ്മതിക്കുന്ന കൂടുതലായിട്ടുള്ള തന്നെ ആ കൂലിക്ക് വില എത്ര എത്രത്തോളം കൂടിട്ടുണ്ട് എന്നതിലെ സംഖ്യാസ്ഥാന പ്രമാണമായിത്തീരുന്നു. അതിനെയുള്ള കൂടുതലായിട്ടുള്ളതും, അധികമായാലും കുറവായാലും, ശരിയായ കൂലിക്ക് കൊടുക്കുവാൻ സമ്മതമാണ്.

കടിയാന്മാരെ അവകാശങ്ങളെ സംബന്ധിച്ച വാദങ്ങളിൽ മുഴുവനായോ കൂലിക്കൂടുതലിന് പ്രതിഫലം കൊടുക്കണമെന്നു സാധ്യമാണെന്നു പലരും സമ്മതിക്കുന്നുണ്ട്. കഴിഞ്ഞ ന. കടിയാന് ഈ വക കഴിക്കൂടുതലിന് വില കൊടുപ്പിക്കുക എന്നത് ഇംഗ്ലണ്ടിൽ പല ദിക്കിലും നടപ്പായിട്ടുണ്ട്. പല ദിക്കിൽ നടപ്പായിട്ടുള്ളത് എല്ലാവർക്കും നിയമമായി നിശ്ചയിച്ചിരിക്കുന്നതാണ് എളുപ്പം. നിയമപ്രകാരം ആ കൊടുപ്പിക്കുന്നു ശരിയല്ല എന്ന പറയുന്ന കൂട്ടത്തിൽ അതിന്റെ വില നിശ്ചയിച്ചു കൊടുപ്പിക്കുന്നതിൽ എത്രത്തോളം അസാദ്ധ്യതയുണ്ടെന്ന് ആരും പറയുന്നില്ല. താൽക്കാലികമായ പാട്ടക്കാരുടെ പക്ഷത്തിൽ […] കാര്യങ്ങളാണെങ്കിൽ സ്ഥിരമായിട്ടുള്ളതിന് എന്തുകൊണ്ട് പാടില്ല? ഒരു തരത്തിനും കഴിഞ്ഞുപോയ നിശ്ചയിക്കുന്നതിനും ഒരു തരത്തിനും പ്രതിഫലം കൊടുപ്പിക്കുന്നതിനും […] കൃഷികാര്യത്തിൽ പ്രമാണിയായ മിസ്റ്റർ ജെസ് ഹോവർഡ് എന്നാൾ പാർലിമെണ്ടിൽ ഒരു ബില്ല് കൊണ്ടുവരികയുണ്ടായി. അതിനനുകൂലമായി പലരും അഭിപ്രായ സമ്മതിക്കുകയും ചെയ്തു.

ഈ സമ്പ്രദായത്തിൽ ഉൾപ്പെടുത്തുകാരും എല്ലാമായി വലിയ കൂട്ടത്തിലായിട്ട് എതിരായാൽ […] പ്രതിബന്ധമില്ല. ചില […] കൂടുതലായി ആദായം കിട്ടുന്ന സംഗതി […] തീർച്ചപ്പെട്ടതാം. ഈ സമ്പത്തിനെ നിക്ഷേപിക്കുന്നതിനുള്ള പണപ്പിരിവും വ്യവസ്ഥയും മാത്രമേ വേണ്ടൂ. എല്ലാത്തരം കടിയാന്മാരെ ശങ്ങളുടെ സ്ഥിതിയെ നിർണ്ണയിച്ചു നിക്ഷേപിക്കുന്നതിനും […] ഒരു സഭ […] മതി. ഈ പ്രവൃത്തി പാട്ടത്തോ കുടിപ്പാട്ടത്തോ കൊല്ലം കൂടിമ്പോൾ […] ബ്രിട്ടീഷ് ഇന്ത്യയിലുള്ള റവന്യൂ സർവ്വേ പോ

ലെയോ അല്ലെങ്കിൽ യൂറോപ്പിലെ ചില രാജ്യങ്ങളിൽ നടത്തിവരുന്ന സഹോദ്യോഗംപോലെയോ തന്നെ ഇത്ര പ്രയാസമുള്ളതല്ല. എന്തെന്നാൽ ഈ പാട്ടം സ്വയംകൃഷി കൊണ്ട് മാത്രം നിലത്തിൽനിന്നും എത്രത്തോളം ആദായം കിട്ടുവാൻ തരമുണ്ട് എന്നു പ്രത്യക്ഷം വിചാരണ ചെയ്തു തിട്ടപ്പെടുത്തുന്നു. എന്നാൽ ജന്മം വിചാരിക്കുന്ന സ്വയംകൊണ്ടു കുടിയിൽനിന്ന് എത്രമാത്രം ഇപ്പോൾ കിട്ടുന്നുണ്ട് എന്നു റിക്കാർട്ടാക്കിയാൽ മതിയാകുന്നതാണ്. ഇപ്പോൾ ജന്മിക്കു കിട്ടുവാരം കൂടാ യിട്ടാണ് കിട്ടിവരുന്നത് എന്ന സംഗതി തെളിയിക്കുന്നതിനുംകൂടി ജന്മികൾക്കു വാദം കൊടുക്കാം. മുമ്പു ചെയ്തു വിട്ടുവീഴ്ചകൊണ്ട് അവർക്ക് നഷ്ടം വരുവാൻ പാടില്ല.

കുടിയാനവന്മാരെ ഒരു കാലത്തും പാട്ടം ഒഴിപ്പിക്കാതെ കൃഷി ചെയ്വാൻ വസ്തുവകകളെ കൊടുക്കണമെന്നുള്ള ഉദ്ദേശമുണ്ട് എന്നാണ് തോന്നിക്കുന്നത്. മുമ്പത്തെ ജന്മത്തെ അടിസ്ഥാനമാക്കി കൃഷി ചെയ്വാനുള്ള അവകാശമുണ്ട്; പക്ഷേ അതിക്രമിച്ചുപോയെങ്കിലോ എന്നു ശങ്കിച്ചിട്ട് ആ അവകാശം കൃഷിക്കാർ സ്ഥാപിച്ചു കിട്ടത്തക്കവണ്ണം പ്രവർത്തിക്കണമെന്നുദ്ദേശിക്കുന്നില്ല. അന്യന്റെ നിലത്തിൽ കൃഷി ചെയ്വാനുള്ള അധികാരം കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുന്നവരായില്ല എന്നും വാദിക്കുന്നുണ്ട്. എങ്കിലും വളരെ പ്രിയപ്പെട്ട കഷ്ടപ്പാടുകൾ ചെയ്തിട്ടുള്ള കാര്യത്തിൽ ഉദാസീനരാകുന്ന മനുഷ്യരെപ്പറ്റി വ്യസനം തോന്നുന്നുണ്ട്. അതിനാൽ ചിലയിടങ്ങളിൽ കാര്യത്തിൽ തൊഴിലാളികളിപ്പാൻ വേണ്ടി വളരെ കഷ്ടിക്കുന്നതാണ്. സ്വാതന്ത്ര്യത്തോടുകൂടി ഒരുത്തരം കൃഷി വസ്തുവകയെന്നതിനെ നിർവ്വചിക്കയില്ല. അതിന്റെ അതിന്റെ ഇടയിൽ ഉള്ളതിനെക്കൊണ്ടു സാധാരണ കാര്യത്തിനു പുറമെ ഒരു വിശേഷാൽ വികതി ന്യായമായി ചുമത്താവുന്നതും ചുമത്തേണ്ടതുമാണ്. കാടിൽ ഉണ്ടാവുന്ന കുടിയാനവന്മാരെ ഒഴിപ്പിക്കുകയും ആ ആദായം വർദ്ധിക്കുന്നതോടുകൂടി വർദ്ധിപ്പിക്കുകയും ഇതിനെ ചുരുക്കുന്നതായ കരം ന്യായമായ ഒരു തുകയെപ്പറ്റി തീരുമാനം ഞങ്ങൾ നിർണ്ണയം ചെയ്യുന്നു. ഒരു കുടിയ കുടിയാനവന്മാർ കൊടുക്കുന്ന പാട്ടം പ്രയത്നത്തിന്റെ ഫലമാണ് എന്നു കാണിക്കുന്നതിനു ശരിയായ റിക്കാർട്ടുകൾ സമ്പാദിക്കേണ്ട മാർഗ്ഗം ഉണ്ടാക്കേണ്ടതാണ്.

ഇതാണ് L. T. R. A. സമിതിയുടെ ഒരു മാസാദ്യത്തിലെ ൪-ാം വകുപ്പിന്റെ ആശയം. ഇങ്ങനെ പറയുന്ന കാരണങ്ങൾതന്നെയാണ് അതിനുള്ള ന്യായവും. ഉടമസ്ഥത എന്ന വിഷയത്തെപ്പറ്റി ഒരു മുഖ്യവിശേഷം എന്ന നിലയിൽ പുതുക്കാതെ വ്യവസ്ഥപ്പെടുത്തിയ ഒരു ഉപദേശം എന്ന നിലയിൽ വിചാരിക്കുന്നവരും പക്ഷപാതംകൂടാതെ നടത്തപ്പെടുന്ന രീതിക്കു മാത്രമല്ലാതെ ജന്മികൾക്കു ഉപയോഗപ്രദമാകുന്നതിൽ വിശേഷാധികാരത്തിനു മറ്റും ഉണ്ട് എന്നു വിചാരിക്കാത്തവരും ആയിട്ടുള്ളവരെല്ലാവരും ഈ വിഷയത്തെപ്പറ്റി എത്രത്തോളം നിരൂപിക്കണമോ അത്രത്തോളം ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കുമെന്നു വിശ്വസിക്കുന്നു.

കെ. എം.

ബങ്കാളം സാഹിത്യസമാജം.

ഭാരതീയരുടെ ഇടയിൽ പല വിഷയത്തിലും മുന്നണിയിൽ നില്ക്കുന്നവരായ ബംഗാളികൾ സാഹിത്യപരിശ്രമത്തിലും ഒട്ടും പിന്നോക്കമല്ല. അവരുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായി ബംഗാളിഭാഷ എത്രയോ ഉൽകൃഷ്ടമായ നിലയിൽ എത്തിയിരിക്കുന്നു. അവർ ഏർപ്പെടുത്തീട്ടുള്ള 'വംഗീയസാഹിത്യപരിഷത്ത്' എന്ന സാഹിത്യസമാജം വഴിക്കാണ് ബംഗാളിക്കു ഇത്ര വളരെ പ്രചാരവും മാന്യതയും സിദ്ധിച്ചിട്ടുള്ളത്. ആ സമാജത്തിന്റെ ഉദ്ദേശങ്ങളെപ്പറ്റി ചുരുക്കിയ ഒരു വിവരണം താഴെ കൊടുക്കുന്നു.

ഈ സമാജത്തിന്റെ ആവിർഭാവം 1898-ാമാണ്ടു കൊല്ലത്തിലാണ്. ഈ കഴിഞ്ഞ 2? കൊല്ലത്തിനിടയിൽ പ്രസ്തുത സമാജംകൊണ്ടു നാട്ടിനും നാട്ടുകാർക്കും ഗണനീയമായ പല നന്മകളും സിദ്ധിച്ചിട്ടുണ്ട്. ബംഗാളത്തിലെ പ്രധാനസ്ഥലങ്ങളിലൊക്കെ ഇതിന്റെ ശാഖാസമാജങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കല്ക്കത്തയിൽ 40000 ക-യോളം ചിലവു ചെയ്തിട്ടുള്ള ഒരു വലിയ കെട്ടിടത്തിലാണ് ഇതു ഇപ്പോൾ സ്ഥിതിചെയ്യുന്നത്. ബംഗാളിഭാഷയിൽ വേണ്ട ഗ്രന്ഥങ്ങൾ സമ്പാദിച്ചുകൊടുക്കുവാനും ഭാഷയുടെ ഉൽകർഷത്തിനുവേണ്ടി പലതും പ്രവർത്തിക്കുവാനും ഉള്ള ഏർപ്പാടുകൾ ചെയ്യുക, പ്രാചീനകാലങ്ങളിൽ ഉണ്ടായിട്ടുള്ള പല സംഭവങ്ങളേയും, പുരാണേതിഹാസങ്ങളുടെ മഹത്തായ പല പ്രവൃത്തികളേയും, അന്വേഷിച്ചറിഞ്ഞുകൊണ്ടു വരുവാൻ ഉത്സാഹിച്ചുള്ള ശാസ്ത്രാന്വേഷണങ്ങൾ നടത്തിക്കുക, പണ്ടത്തെ സംസ്കൃതഗ്രന്ഥങ്ങളായും മറ്റും പല വിഷയങ്ങളും പ്രതിപാദിച്ചിട്ടുള്ള പഴയ ഗ്രന്ഥങ്ങൾ ശേഖരിക്കുക, ഇങ്ങിനെ ശേഖരിച്ചു കിട്ടിയുള്ള കൃതികളെ പ്രസിദ്ധീകരിക്കുവാനും ഭാഷാപരിഷ്കരണത്തെ മറ്റു വിഷയങ്ങളെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തുവാനും ഉതകത്തക്കവിധമുള്ള ഒരു പത്രമാസിക ഏർപ്പെടുത്തുക, നാനാദിക്കുകളിലുമുള്ള ഭാഷാചരിത്രസംബന്ധമായി ദുർലഭമായ ലിഖിതങ്ങളും ആലയങ്ങളും അറിയപ്പെടാത്ത പല പ്രയത്നങ്ങളും ശേഖരിച്ചു സംരക്ഷിച്ചുവെക്കുക, ഭാഷാസാഹിത്യത്തിന്നുതകുന്ന കാര്യങ്ങളെപ്പറ്റി പ്രസംഗങ്ങൾ ചെയ്യുവാനും മറ്റുമായി കൊല്ലത്തിൽ ഒരു യോഗം വിളിച്ചു കൂട്ടുക—ഇങ്ങിനെ പലതരം വലിയ കാര്യങ്ങൾ ഈ സമാജം നിർവ്വഹിക്കുന്നുണ്ട്.

ഈ സമാജത്തിൽ ഇപ്പോൾ രണ്ടായിരത്തിൽപരം മെമ്പ്രന്മാർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. അംഗങ്ങൾ പല തരക്കാരാണ്. സാഹിത്യവിഷയത്തിൽ സുപ്രസിദ്ധന്മാരായവരെ മാന്യസാമാജികന്മാരായും, സമാജത്തിന്റെ ശ്രേയസ്സിന്നായിട്ട് അത്യുദാരമായ സംഭാവനകൾ ചെയ്തവരെ രക്ഷാധികാരികളായും, സ്വന്തനിലയിൽ സാഹിത്യപരിശ്രമങ്ങളിൽ ഏകദേശം 25 പേരെ അദ്ധ്യാപകന്മാരായും

ളായും, പോയ്ട്രി- ഞാനി എന്നിവകളിൽ നൈപുണ്യം സിദ്ധിച്ചിട്ടുള്ള 5 പേരെ 'ഫെലോ' അംഗങ്ങളായും, സമാജത്തെ സാഹിത്യവിഷയമായും മറ്റു പല തരത്തിലും സഹായിക്കുന്ന മാന്യന്മാരെ സാധാരണാംഗങ്ങളായും തിരഞ്ഞെടുക്കുന്നു. കൊല്ലത്തിൽ 6 ക. തരുവാൻ സാധിക്കുന്ന ഏതൊരാൾക്കും സാധാരണാംഗമായിരിക്കാം.

ധനത്തെ സംബന്ധിച്ചേടത്തോളവും ഈ സമാജം ഒരു നല്ല നിലയിൽ എത്തിട്ടുണ്ടെന്നു പറയാം. ഗവൺമെന്റിൽനിന്നു കൊല്ലംതോറും 1200 ക. സഹായധനമായി കൊടുക്കുന്നുണ്ട്. കല്ക്കത്താ മുനിസിപ്പാലിറ്റിക്കാരും ഒരു സംഖ്യ പ്രതിവർഷം സമാജത്തിലേക്കു കൊടുക്കാറുണ്ട്. ഇതിനും പുറമെ ഒരു മഹാരാജ് കൊല്ലത്തിൽ 1000 ക വീതം സമ്മാനം കൊടുക്കുന്നതിനുള്ള പ്രത്യേകം ഏർപ്പാടു ചെയ്തിരിക്കുന്നു. സമാജത്തിന്നു ഇപ്പോൾ സ്വന്തമായിട്ട് 25000 ക യോളമുണ്ട്. കൊല്ലത്തിൽ പലവകയായും 15000 ക വരവുള്ളതായും, ഏകദേശം അത്രതന്നെ ചെലവുള്ളതായും കണക്കാക്കിയിരിക്കുന്നു.

സമാജംവക കെട്ടിടത്തിൽവെച്ചു മാസംതോറും ഓരോ യോഗം കൂടാറുണ്ട്. ഓരോ വിഷയത്തെപ്പറ്റി മുൻകൂട്ടി എഴുതി തയ്യാറാക്കിയ ഉപന്യാസങ്ങൾ, സഭയിൽ വായിച്ച് യോഗ്യന്മാരുടെ അഭിപ്രായം, വാദപ്രതിവാദത്തിനായി യോഗത്തിൽ വെക്കും. ബംഗാളി സാഹിത്യം, സംസ്കൃത സാഹിത്യം, ചരിത്രം, തത്വശാസ്ത്രം, ശാസ്ത്രം മുതലായ വിഷയങ്ങളാണ് ഈ യോഗത്തിൽ വാദപ്രതിവാദത്തിനെടുക്കുന്നത്. ഇങ്ങിനെ വാദപ്രതിവാദം നടത്തിയ വിഷയത്തെ സംഘം വകയായ പത്രഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തുന്നു. കൊല്ലത്തിൽ 8 ക മാത്രം വരിസംഖ്യയുള്ള ഈ പത്രം സമാജാംഗങ്ങൾക്കു സൌജന്യമായി കൊടുക്കുന്നതാണ്. സൂക്ഷ്മമെല്ലാപോലും തന്നെ ഓലയിലും മുളയിലും കിടന്ന പുഴുക്കുത്തേറ്റിട്ടുള്ള മഹത്തായ പല ഗ്രന്ഥങ്ങളും ഈ സമാജംവഴിയായി പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു.

സമാജം വകയായി ഏർപ്പെടുത്തിട്ടുള്ള ഗ്രന്ഥശാലയുടെ നിലയും വളരെ പ്രശംസനീയമായിട്ടുള്ളതാണ്. ബംഗാളിഭാഷയിൽ ഉള്ള എല്ലാ ഗ്രന്ഥങ്ങളും പുസ്തകങ്ങളും ശേഖരിച്ചുവെക്കണമെന്നാണ് അവരുടെ ഉദ്ദേശം. ഇപ്പോൾ തന്നെ 30000-ൽപരം പുസ്തകങ്ങളും, 3000-ൽ കുറയാതെ പ്രസിദ്ധപ്പെടുത്താനിരിക്കുന്ന കയ്യെഴുത്തുപുസ്തകങ്ങളും പുസ്തകശാലയിൽ ശേഖരിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റുഭാഷയിൽ ഉള്ള ഗ്രന്ഥങ്ങളും ശേഖരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഇതു എണ്ണംകൊണ്ടും വണ്ണംകൊണ്ടും പ്രധാനസ്ഥാനത്തെ അർഹിക്കുന്നുണ്ട്. സമാജത്തിൽനിന്നു പല അംഗങ്ങളുമായി പണം ചെലവിട്ട് പുസ്തകശേഖരം ചെയ്തിട്ടുള്ളതിനു പുറമെ മാസികകളും പല മഹാന്മാരും ഇതിലേക്കു അനേകം പുസ്തകങ്ങൾ സംഭാവനയായി കൊടുത്തിട്ടുണ്ട്. മേല്പറഞ്ഞ പുസ്തകങ്ങൾക്കു പുറമെ ബംഗാളിഭാഷയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ മാസികകളും പത്രങ്ങളും വരുത്തി പൊതുജനങ്ങളുടെ ആവശ്യത്തിന്നായി ഒരു വായനശാലയും

ഏർപ്പെടുത്തിട്ടുണ്ട്. ഇവിടെ ചൈന പുസ്തകങ്ങളും പത്രങ്ങളും വായിക്കുന്നതിന്നു യാതൊരു വിഘ്നം കൊടുക്കുന്നതായിട്ടില്ല.

ഇതിനൊക്കെ പുറമെ കെട്ടിടത്തിന്റെ ഒരു ഭാഗത്തു സാഹിത്യസംബന്ധമായും, ചരിത്രസംബന്ധമായും, ശാസ്ത്രസംബന്ധമായും, രാഷ്ട്രതന്ത്രസംബന്ധമായും പല വിലയേറിയ ലേഖനങ്ങൾ പഠിക്കേണ്ടതായ പലതരം കയ്യെഴുത്തുഗ്രന്ഥങ്ങളും ശേഖരിച്ചുവെച്ചിട്ടുണ്ട്. പുരാതനകാലങ്ങളിൽ ബൌദ്ധന്മാരും ഹിന്ദുക്കളും ഉണ്ടാക്കിട്ടുള്ള പ്രതിമകളും, പഴയ നാണ്യങ്ങളും, പൂൎവ്വന്മാർ ഉപയോഗിച്ചിരുന്ന സാധനങ്ങളുടെ അവശിഷ്ടങ്ങളും, ബംഗാളി സാഹിത്യതിഹാസപുരാണകൎത്താക്കന്മാരുടെ ഛായാപടങ്ങളും മുതലായ പല സാധനങ്ങളും ഇവിടെ കാണാവുന്നതാണ്.

ഇത്ര മഹത്തായ കെട്ടിടം ഭാരതസാമ്രാജ്യത്തിൽ വേറെ വല്ല ദിക്കിലും ഉണ്ടോ എന്ന കാര്യം സംശയമാണ്. പ്രസ്തുത സമാജത്തെ നാട്ടുകാരും ഗവൎമ്മെന്റും ഒരുപോലെ ബഹുമാനിച്ചാദരിച്ചുവരുന്നുണ്ട്. സ്കൂളുകളിൽ മലയാളഭാഷ പഠിപ്പിക്കേണ്ടുന്ന രീതിയെപ്പറ്റി സമാജം പുറപ്പെടുവിക്കുന്ന അഭിപ്രായം അനുസരിച്ചാണ് ഗവൎമ്മെന്റു പ്രവൎത്തിക്കാറ്. കല്ക്കത്താ സൎവ്വകലാശാലയുടെ പരീക്ഷകൾക്ക് ബംഗാളിഭാഷയ്ക്കു ഒരു മാന്യസ്ഥാനമാണ് കൊടുത്തിട്ടുള്ളത്. ബംഗാളികൾ ഉയൎന്ന തരം വിദ്യാഭ്യാസം മാതൃഭാഷയിൽ നടത്തിക്കൊടുക്കേണമെന്ന ഗവൎമ്മെന്റിനോടു ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ഇതും ഉടനെ ഫലത്തിൽ വരുമെന്നാണ് വിചാരിക്കുന്നത്.

പ്രസ്തുത സമാജത്തെപ്പറ്റി ഇപ്രകാരം ഒരു വിവരണം എഴുതുവാൻ തുടങ്ങിയതു കേരളീയരുടെ ശ്രദ്ധയെ അതിലേക്കു ആകൎഷിക്കാനാണ്. ഭാഷാപോഷണാൎത്ഥം 'ഭാഷാപോഷിണിസഭ'യെന്നും 'കൊച്ചി സാഹിത്യസമാജ'മെന്നും പേരായി രണ്ടു സഭകൾ കേരളത്തിൽ സ്ഥാപിതങ്ങളായിട്ടുള്ള വിവരം അറിവുള്ളതാണല്ലോ. പക്ഷേ അവകൊണ്ടു കേരളീയ ഭാഷയ്ക്കു പ്രസ്താവയോഗ്യമായ ഗുണങ്ങളൊന്നും സിദ്ധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ബംഗാൾ സാഹിത്യസമാജത്തെയും മലയാളത്തിലെ സാഹിത്യസമാജങ്ങളെയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ, രണ്ടിന്റെയും ഉദ്ദേശം ഒന്നാണെങ്കിലും, ഉദ്ദേശസിദ്ധിക്ക് അജഗജാന്തരമുണ്ട്. ബംഗാൾ സാഹിത്യസമാജം എത്രയോ ഉണൎച്ചയോടും ചൊടിയോടുംകൂടി കൎത്തവ്യകൎമ്മം അനുഷ്ഠിച്ചുപോരുന്നു; മലയാളസമാജങ്ങളാകട്ടെ ഉറങ്ങിക്കൊണ്ടുതന്നെ ഇരിക്കയാണ്. ഉണൎവുണ്ടായിരുന്ന ചുരുങ്ങിയ കാലത്തും അതിന്റെ ജീവച്ഛവമായിട്ടേ കണ്ടിട്ടുള്ളൂ. കൊച്ചി സാഹിത്യസമാജം ഇക്കാൎയ്യത്തിൽ ബംഗാൾ സാഹിത്യസമാജത്തെ അനുകരിച്ചു പ്രവൎത്തിക്കുന്നതായാൽ അല്പകാലത്തു കേരളീയ പൂൎവ്വികരുടെ യശസ്സു സമുദ്ധരിച്ചുകൂടി കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഇക്കാൎയ്യത്തിൽ മലയാളികൾ എല്ലാവരും യോജിച്ചു ഊക്കോടു പ്രവൎത്തിക്കുമെന്നു വിശ്വസിക്കുന്നു.

പി. കെ. ഗോവിന്ദ്

ശൃംഗാരശ്ലോകങ്ങൾ*

(ലീലാതിലകത്തിൽ നിന്ന്)

പാരാവാരം പരന്നീ പള്ളിപ്പൂന്തിലയമെഴുമെന്തേയി! തരുണീ നിന്നും
കാലാവേനിലയോർത്താനായിട്ടേതകന്നിവിടെത്തന്നിൽ വന്നീട്ടുമാനായ്
വേലീ പോലെയുന്നീലപ്പത്തിരിയിളിമുനയെപ്പിലിപ്പുകണ്ണിനാവുന്നാം
മേലീ മേലെമാനസത്തിൽക്കടതറിപുവാമത്തിട്ടപ്പൂരമെത്ര്യേ!

പൂണെന്നൽപോലെ മധുരമെയിനാനെന്നിന്നാടലെ ചൊല്
പൂണെന്നൽതാനും മധുരമധികം നിന്നെടേ ചൊല്ലുപോലെ
കാന്തംമെല്ലക്കയലൊടുതരം താവ കാർണോട്ടകണ്ണ് .
കാന്തംമെല്ലക്കയലപി ചനിന്ന് കണ്ണ് തൊടും കാന്തവല്ലി.

ഉടനടവിയൽ ചരച്ചുന്നകാവിലോരം
ലളിതവിതതമാടിനാർണ്ണയിൽപ്പീലി കണ്ടാൽ
മധുരതരമിന്നെങ്ങും പല്ലവാമായിലോസ
വിലമിതകചഭാരം താന്നുവസ്സാളു നാനാം.

മധുകരനിലാന്തോ ഞ്ഞാലിതം പോതമോകിം
ചടുലനയനമേതത് [illegible]
ഇതിവിതതവികല്പം കാമിനീനായിക കാണ്
മഴ്ഛയമിദാനീ ചൂടിലാടി ഭവിതപ്പോ.

തമ്പംസി! ചില്ലിലതപല്ലവിമെതിലെന്തോ-
ൻമുനികലിനുവന്നേമലർവില്ലുവിട്ട്
ഏല്പാരമെയും മനസി പാരന്നുവമൻകീറി
വെല്ലിൻരസായകമിടം തപനേത്രമല്ലൊ.

പ്രിയസഖി പറിച്ചു വിപ്രയോഗജംകാൽ
കറയുമെന്ന് ചീപ്പാനുനാമിനുള്ളിലെ
കളനമധിമതേപ്പള്ളിവില് കേൾനാനോട്ടതാൻ
പറിക്കയിലയ്യോ പോരലം പള്ളിയമ്പ്.

ജലപൂർണ്ണമുള്ളകാരിയമധുമതോഭേദ്യമാവല്ലിയും
ചെമ്പരത്തകലിക [illegible]

---

* ലീലാതിലകത്തിലെ [illegible] പ്രകരണത്തിൽ (പ്രകരണം [illegible]) [illegible] [illegible] ശ്ലോകങ്ങൾ. [illegible] "[illegible]" [illegible] "[illegible]" "[illegible]" ഇത്യാദി [illegible] "[illegible]" ഇത്യാദിയുടെ [illegible].

നമുക്കൊക്കെ ... [illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

കേരളചരിത്രവും
വിദേശീയസഞ്ചാരികളും

13-ം 14-ം നൂറ്റാണ്ടുകളിൽ പല സഞ്ചാരികളും യൂറോപ്പിൽനിന്നു കേരളത്തിൽ വന്ന് അധികം സഞ്ചരിക്കുകയുണ്ടായി. അവർ അധികവും ക്രിസ്ത്യാനികളും ഉള്ളതും ചിലർ മുഹമ്മദീയരും ആയിരുന്നു. അക്കാലത്തു ഈജിപ്ത് വഴിക്കു ആരെയും ഇങ്ങോട്ടു വരുവാനനുവദിച്ചിരുന്നില്ല. കരവഴിക്കു പേർഷ്യയിൽ വന്നു അവിടെനിന്നു കപ്പൽകയറി നേരെ കേരളത്തിലേക്കു വരികയായിരുന്നു പതിവ്.

മാർക്കോപോളോ എന്ന യോഗ്യൻ 1275ൽ കബ്ലൈഖാൻ രാജാവിന്റെ രാജധാനിയിൽ പോയി, ചീനരാജ്യത്തിലെ ഒരു വലിയ ഉദ്യോഗസ്ഥനായിത്തീർന്നു. ഇദ്ദേഹം ഈ ഉദ്യോഗകാലത്തു കൊല്ലത്തെയും ഇന്ത്യയിൽ മറ്റു ചില ദിക്കുകളെയും സന്ദർശിച്ചതായി പറയുന്നു. 1292-ൽ പാർസിയിലെ ചില മന്ത്രിമാർ ഒരു രാജ്ഞിയോടുകൂടി പാർസിക്കു മടങ്ങുന്ന കൂട്ടത്തിൽ ഈ മാർക്കോപോളോവും യൂറോപ്പിലേക്കു മടങ്ങി പുറപ്പെട്ടു. ഈ യാത്രയിൽ ഇവർ അധികം കാലം മലയാളത്തിൽ താമസിച്ചു. ഇതു 1293-94 കാലത്താണ്. അന്നു മാർക്കോപോളോ, മലയാളത്തിലെ

പല ദേശങ്ങളെപ്പറ്റിയും രസകരമായി എഴുതിവെച്ചിട്ടുണ്ട്. കന്യാകുമാരി അന്ന കര കൂടി സമുദ്രത്തിലേക്ക് നീണ്ടുകിടന്നിരുന്നു എന്നും അവിടെ കപ്പൽ നിർമ്മാണത്തിന് സ്ഥലമുണ്ടായിരുന്നു എന്നും പറയുന്നു. കൊല്ലം, കോഴിക്കോട്, ഫന്തരീന (ഇത് അന്ന കണ്ണൂരിനടുത്തുള്ള ഹിലിയായിരുന്നു) ഈ ദേശങ്ങളെ കുറിച്ചും എഴുതിവെച്ചിട്ടുണ്ട്. മാർക്കോപോളോയെക്കാൾ വലിയ ഒരു ശാസ്ത്രജ്ഞനല്ലെങ്കിലും വലിയ ബുദ്ധിമാനും സൂക്ഷ്മാലോചനക്കാരനുമായിരുന്നു പോൾ. അദ്ദേഹം മലയാളത്തിലെ വിളകളെയും കച്ചവടത്തെയും കുറിച്ച് കൃത്യമായി വിവരിച്ചിട്ടുണ്ട്.

അടുത്ത കാലത്തു മൊണ്ടിക്കോർവിനോ ജോൺ എന്ന പാതിരി വന്നു. ഇദ്ദേഹമാണ് ചീനയിൽ കത്തോലിക്ക മതത്തെ ഒന്നാമതു സ്ഥാപിച്ചത്. പെക്കിങ് എന്ന ചീനയിലെ പട്ടണത്തിലെ ഒന്നാമത്തെ ആർച്ച്ബിഷപ്പും ഇദ്ദേഹമാണ്. കമ്പ്ളൈഖാന്റെ രാജധാനിക്ക് അധികം വില പിടിച്ച സമ്മാനങ്ങൾ കൊടുത്ത് ഇദ്ദേഹം പകർന്നു. അതുംകൊണ്ട് പോകുന്ന വഴിക്ക് ഈ പാതിരി മലയാളത്തിൽ കുറെ കാലം പാർത്തു. അന്ന് ഇദ്ദേഹം യൂറോപ്പിലേക്കയച്ച കത്തുകളിൽ മലയാളത്തിലെ വിളവുകളെയും കച്ചവടത്തെയും ക്രിസ്തമതത്തിലേക്ക് ആളുകളെ ചേർക്കലിനെയും മറ്റും കുറിച്ച് കുറെച്ച് എഴുതി കാണുന്നു.

പിന്നെ ഇതുപോലെ കൊല്ലം കടികഴിഞ്ഞപ്പോൾ സെവറാക്കിലെ ജോർഡാനസ്സ് എന്ന ഒരു പാതിരിസ്സുകാരൻ കൊല്ലത്തു വന്നു. കൊല്ലത്തിന്റെ ഒന്നാമത്തെ സംസ്ഥാപ്രേഷിതാദ്ധ്യക്ഷൻ എന്നായിരുന്നു. ഇദ്ദേഹം കുറേക്കാലം കൊല്ലത്തു താമസിച്ചു കത്തോലിക്ക മതം പ്രസംഗിച്ചു ഒരു കത്തോലിക്കപ്പള്ളി കെട്ടിച്ചു. സുറിയാനി ക്രിസ്ത്യാനികൾ ഇദ്ദേഹത്തെ നന്നേ ബോദ്ധ്യമായിരുന്നു. അന്ന് കൊല്ലം ഇപ്പോഴത്തെ പോലെ മോശസ്ഥിതിയിലല്ലായിരുന്നു. അന്ന് രാജ്യധാനത്തിൽ വെച്ചു ഇതു ഒന്നാം കിട തുറമുഖമായിരുന്നു. അറേബ്യൻ അവിടുന്നു പട്ടാണികളും യോനകപ്പള്ളികളും മറ്റും കാണ്മാൻ അടുത്തകളായിരുന്നു. ഇതുപോലെ ഒരു തുറമുഖം ഇന്ത്യയിലെങ്ങുമില്ലായിരുന്നു. അറബി മുതൽ ചീന കൂടിയുള്ള എല്ലാ നാട്ടുകളിലെ കപ്പലുകളും ഇവിടെ തിക്കിത്തിരക്കി നങ്കൂരം നിന്നിരുന്നു. കറിയപ്പിള്ള കായല് അന്ന് എത്ര മനോഹരമായിരുന്നു! ജോർഡാനസ്സിന്റെ മിരാബിലിയ ഡിസ്ക്രിപ്ത (ക്രിസ്ത രാജ്യങ്ങളിലെ അത്ഭുതങ്ങൾ) എന്ന പുസ്തകത്തിൽ ഈ വകയെപ്പറ്റി എഴുതിട്ടുണ്ട്. ഈ പാതിരി അധികകാലം കൊല്ലത്തു പാർത്തതുകൊണ്ടു കച്ചവടത്തെയും മറ്റും കേരള നടപടികളെ നല്ലവണ്ണം ഗ്രഹിച്ചു. ഒരു കച്ചവടത്തിനെ പറ്റി ഒന്നാമതു വിശദീകരിച്ചു കാണുന്നതു ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിലാണ്. കേരളത്തിലെ ഋതുകളെയും വൃക്ഷങ്ങളെയും പറ്റിയും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പിന്നെ കൊല്ലത്തെ വിട്ടു പോയി. കേരളത്തിലെ ഒന്നാം കത്തോലിക്ക മിഷണറി ഇദ്ദേഹമാണ്. ഇതു 1330-ൽ ആയിരുന്നു.

ഇക്കാലത്തുതന്നെ ബൊഹീമിയായിലെ പോർദനോണെ ഓഡറിക് എന്ന പാതിരിയും കേരളത്തിൽ വന്നു. ഇദ്ദേഹം കോഴിക്കോട്ടിനടുത്തുള്ള പന്തലായനിയെ വർണ്ണിച്ചു. ചാലിയത്തും കൊടുങ്ങല്ലൂരും കൊല്ലത്തും പോയി. കൊടുങ്ങല്ലൂർ യഹൂദരെ കണ്ടു എന്നും മറ്റും പറയുന്നു. ഇന്ത്യയിലുള്ളവർ പശുക്കളെ വളരെ ആദരിച്ചുവരുന്നു എന്ന് ഇദ്ദേഹം പറഞ്ഞിട്ടുണ്ട്.

അബു അബ്ദുള്ള മുഹമ്മദ് എന്ന മൊറോക്കോ ലേഖകന്റെ ലേഖനങ്ങളിൽനിന്നാണ് പിന്നെ കേരളത്തെപ്പറ്റി നമുക്ക് അധികവിവരങ്ങൾ കിട്ടുന്നത്. ഇബ്നു ബത്തൂത്താ എന്നാണ് ഇദ്ദേഹം കൂടുതൽ പ്രസിദ്ധപ്പെട്ട പേര്. അറബികളുടെ ഇടയിൽ ഇത്ര വലിയ ഒരു സഞ്ചാരി ഉണ്ടായിട്ടില്ല. ഇദ്ദേഹം മൊറോക്കോ ദേശത്ത് താൻജിയർ പട്ടണത്തിൽ ജനിച്ചു. 21 വയസ്സു പ്രായമായപ്പോൾ മെക്കയിലേയ്ക്കു തീർത്ഥയാത്ര (ഹാജ്) പുറപ്പെട്ടു. വഴിയിൽ അധികം സഞ്ചരിച്ചു. അറേബ്യ മുഴുവനും ചുറ്റി കണ്ടു. ആഫ്രിക്കയിലും വളരെ സഞ്ചരിച്ചു. ആകെ 28 കൊല്ലം മുഴുവനും സഞ്ചാരം തന്നെയായിരുന്നു. ഹിന്ദുക്കുഷ് പർവതം കടന്നു ചീനായുടെ ഉൾനാട്ടിലേക്കും പോയി. ടിബറ്റിൽനിന്നു ബൈക്കൽപ്രായിൽ കൂടി കിഴക്കോട്ടു കപ്പൽയാത്ര ചെയ്തു. സഞ്ചാരത്തിനൊന്നും സൗകര്യമില്ലാത്ത ഇക്കാലത്തുകൂടി ഇത്രയെല്ലാം സഞ്ചാരം കഴിപ്പാൻ അധികം സാധിക്കില്ല. ഇദ്ദേഹം ഒരു വിദ്വാനും ധനികനും ഒരു മതപണ്ഡിതനും സൂഫി ഭക്തനും ആയിരുന്നു. ഈ ഗ്രന്ഥ മൂന്ന് രാജ്യക്കാരെക്കൂടി വശീകരിപ്പാൻ സമർത്ഥനായിരുന്നു.

1333 ൽ ഇദ്ദേഹം അഫ്ഗാനിസ്ഥാനിൽ കൂടി വന്നു ഡൽഹിയിൽ മഹമ്മദ് തുഗ്ലക്കിന്റെ രാജധാനിയിൽ ചെന്നു. സമ്മാനം ചോദിച്ചു ചെന്ന മറ്റു പലരുടെയും കൂട്ടത്തിലാണ് ചെന്നത്. ഇദ്ദേഹത്തെ സുൽത്താൻ വളരെ ബഹുമാനിച്ചു. 12000 ദീനാർ ശമ്പളത്തിൽ ഇദ്ദേഹത്തെ ഡൽഹിയിലെ ഖാസി (ജഡ്ജി)യാക്കി നിയമിച്ചു. കുറെ കാലം ഈ പണി ഇദ്ദേഹം വളരെ തൃപ്തികരമായി നടത്തി. ഇക്കാലത്തു സുൽത്താൻ ഇദ്ദേഹത്തെ വളരെ സമ്മാനങ്ങൾ ചെയ്തു സൽക്കരിച്ചു വന്നു. എങ്കിലും ഇദ്ദേഹം കുറെ നാൾ കഴിഞ്ഞപ്പോൾ സമ്മതമില്ലാത്ത ഒരു ഭരണാധികാരിയായ സന്യാസിയെ ഒരു ഗുഹയിൽ ചെന്നു കാണുകയുണ്ടായി. ഈ വാർത്ത കേട്ടു സുൽത്താൻ കോപിച്ചു. ഇബ്നു ബത്തൂത്ത തന്റെ ഉദ്യോഗങ്ങളും എല്ലാ സ്ഥാനങ്ങളും സമ്പത്തും ദാനം ചെയ്തു ഒരു സന്യാസിയുടെ വസ്ത്രം ധരിച്ചു. തന്നെ ഈ സമയം തന്നെ സുൽത്താന്റെ മുമ്പിലുള്ള ഒരു ഉദ്യോഗസ്ഥൻ പുറത്താക്കി. പണ്ടിയുണ്ടായ സ്ഥാനം കിട്ടുന്നതിനെക്കാൾ വലിയ അപകടങ്ങൾ വന്നു. ഈ അവസരത്തിൽ വളരെ ചീനചക്രവർത്തി അയച്ച ഒരു സ്ഥാനപതിസംഘത്തോടുകൂടി ഒരു മറുപടി അയപ്പാൻ അതിൽ ഇദ്ദേഹത്തെയും കൂടെ അയച്ചു. ഇബ്നു ബത്തൂത്തയെ ഒരു മറുപടി സമ്മാനങ്ങൾ കൊടുത്തു. ഇങ്ങനെയിരിക്കെ ഇദ്ദേഹം

മനോവിഷമം കൂടാതെ കഴിഞ്ഞു. പിന്നെ 1342-ൽ വളരെ സമ്മാനങ്ങളോടും ദൂതന്മാരോടുംകൂടി ഇബ്നുബത്തൂത്ത ഡൽഹിയിൽനിന്നു പുറപ്പെട്ടു. കാമ്പെ ഉൾക്കടലിൽനിന്നു കപ്പൽ കയറി കോഴിക്കോട്ടു വന്നിറങ്ങി. അവിടെ രാജമന്ത്രിയായ ഷെയ്ഖ് ബാട്ടുട്ടയെ സൽക്കരിപ്പാൻ ഒരു വലിയ ചീനക്കപ്പലുകളിൽ കയറി ചീനത്തേക്കു പോവാൻ വളരെ ശ്രമം ചെയ്തു. പക്ഷേ കൊടുങ്കാറ്റു വന്നു കപ്പലുകൾ ചിന്നിച്ചിതറിപ്പോയി. പോകുന്നതിനുമുമ്പെ ഇബ്നുബത്തൂത്തയെ പരിവാരത്തോടും എല്ലാം വിശേഷങ്ങളോടും സൽക്കരിപ്പാൻ ചെയ്യുകയും ചെയ്തു.

ബാട്ടുട്ടാ പോവാൻ നിശ്ചയിച്ചു തന്റെ കായൽവഴിക്കു കൊല്ലത്തേക്കു പോയി. അവിടെയും കപ്പൽ കിട്ടായ്കയാൽ ഷെയ്ബു ബാട്ടു ... ഇനിയും ഡൽഹിക്കു പോവാനില്ലെന്നുറച്ചു 8 കൊല്ലം കന്യാകുമാരി മുതൽ മലയാളം മുഴുവനും ... മേൽ ദ്വീപുകളിലും എല്ലാം ഇബ്നുബത്തൂത്ത നടന്നു. അന്നു മലയാളത്തിലെ നഗരങ്ങളെയും ഇടങ്ങളെയും കുറിച്ചും കേരളീയരെക്കുറിച്ചും ഈ ആൾ 100 ഭാഗം എഴുതി വെച്ചിട്ടുണ്ട്. ഇതിനെ ഡിഫ്രമറി എന്നും സാംഗിനെറ്റി എന്നും പേരായ പണ്ഡിതന്മാർ തർജ്ജമകളിൽ കാണാം. തിരുത്തപ്പെട്ട ഒന്നാമത്തെ പുസ്തകം ... യൂൾ എന്നവർ ഇവരെപ്പറ്റി ഇംഗ്ലീഷിൽ എഴുതിട്ടുള്ളത്.

ഷെയ്ബു ബാട്ടു പോയി കാലം കഴിഞ്ഞപ്പോഴേക്കു ഫ്ലോറൻസിലെ ജോൺ മാരിഗ്നോല്ലി വന്നു. ഇബ്നുബത്തൂത്ത പിന്നെ കബെഞ്ഞായിൽ ബിസാന്ത്യായിലെ ബിഷപ്പായി. ചീനയിൽ ക്രിസ്ത്യാനികളെ നടത്താൻ ഒരാളെ അയയ്ക്കേണമെന്ന അപേക്ഷ കിട്ടുകയാൽ 1338-ൽ പോപ്പാണ് ജോൺ മാരിഗ്നോല്ലിയെ ബിഷപ്പായി അയച്ചത്. ഇദ്ദേഹം 4 കൊല്ലം ചീനയിൽ പാർത്ത ശേഷം, യൂറോപ്പിലേക്കു മടങ്ങിപ്പോവുമ്പോൾ കൊല്ലത്തു വന്നു. ഇതു 1346-47 ഈ കാലത്താണ്. ഇദ്ദേഹം ഇവിടെ ഒരു കൊല്ലം പാർത്തു. ജോർജ്ജ് പുണ്യവാളന്റെ പള്ളിയിൽ മതപ്രസംഗം ചെയ്യുന്നു. മാസത്തിൽ 100 പണം വീതം ജീവിതം കിട്ടിവന്നു. ഇദ്ദേഹം കേരളത്തിലെ പലതരങ്ങളെയും മറ്റുമിരുന്നകളെയുംപറ്റി എഴുതിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ പേരിനെ നിലനിർത്താൻവേണ്ടി വലുതായ ഒരു കരിങ്കൽത്തൂൺ പണിയിച്ച് അതിന്മേൽ ഒരു കുരിശു കൊത്തിച്ചു കൊല്ലത്തു കടൽപ്പുറത്തു പ്രതിഷ്ഠ ചെയ്തു നിർത്തി. അതിന്മേൽ ഇദ്ദേഹത്തെപ്പറ്റി കുറെ എല്ലാം എഴുതികയും ചെയ്തു. കുറെ നൂറ്റാണ്ടു കാലത്തോളം ഈ സ്മാരകം നിലനിന്നു. പിന്നെ അതിന്മേലെ ലേഖനങ്ങളെല്ലാം വർഷവും വെയിലുംകൊണ്ടു മാഞ്ഞുപോയി. കൊല്ലത്തുള്ള മുക്കുവരായ ക്രിസ്ത്യാനികൾ ഇപ്പോൾ ഈ സ്മാരകം പരിശുദ്ധമായ സെന്റ് തോമസ്സ് മലയാളത്തിൽ വന്നതിന്റെ ഓർമ്മയ്ക്കായി നാട്ടിയതാണെന്നു സങ്കല്പിച്ചു ബഹുമാനിച്ചുവരുന്നു എന്നു ചിലർ പറയുന്നു.

ഇതിനും പുറമെ അറബിയിലെ ഒരു ദേശമായ സിറിയായിലെ ഷാമെസ്സ് കവിയുടെ ഗ്രന്ഥത്തിൽ വളരെ ശ്ലോകങ്ങൾ കാണിച്ചുവരുന്നാണ്. ഇദ്ദേഹം ഉണ്ടാക്കിയ ഗ്രന്ഥ

ശാസ്ത്രത്തിൽ 14-ാംനൂററാണ്ടിലെ കേരള പട്ടണങ്ങളെപ്പററി വളരെ വർണ്ണിച്ചിട്ടുണ്ട്. പതിനഞ്ചാംനൂററാണ്ടിൽ വെനിസ്സിലേയും ഫ്ലോറൻസിലേയും പല നിവാസികളും കച്ചവടത്തിനുവേണ്ടി ഇന്ത്യയിലെ പടിഞ്ഞാറൻ കരകളിൽ വന്നുപോയിട്ടുണ്ട്. 16-ാംനൂററാണ്ടിൽ ആദ്യകാലത്തു വെനിസ്സിലെ പ്രസിദ്ധനായ നിക്കോളോ കൊണ്ടി, കേരളത്തെക്കുറിച്ചു പലതും എഴുതിവെച്ചിട്ടുണ്ട്. കൊച്ചിയെക്കുറിച്ചു ഒന്നാമതു എഴുതികാണുന്നതു ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിലാണ്. ഇതിനിടെ ഉണ്ടായ ഒരു ഇതാണ് കൊച്ചി എന്ന ഈ പ്രദേശം ഉണ്ടായിരിക്കുന്നത്. 1341-ൽ അസാധാരണമായ ഒരു വെള്ളപ്പൊക്കം ഉണ്ടായി. ഇതിൽ പെരിയാററു കായലിലെ വെള്ളം പൊട്ടി കവിഞ്ഞു സമുദ്രത്തിൽ പോയി. അതിലെ വെള്ളത്തിനു അതുവരെ സമുദ്രത്തിൽ പോകുവാനുള്ള വഴി കൊടുങ്ങല്ലൂരിൽകൂടി മാത്രം ആയിരുന്നു. ഈ വെള്ളപ്പൊക്കത്തിൽ വീതി കുറഞ്ഞു നീണ്ടുകിടക്കുന്ന കര കൊച്ചിയിൽവെച്ചു പൊട്ടി ഒരു അഴിമുഖമായി. ഇതാണ് ഇപ്പോഴത്തെ കൊച്ചി തുറമുഖം.

പിന്നെ ഒടുവിൽ വന്ന സഞ്ചാരി അത്താനാസിയസ് നികിറ്റിൻ എന്ന പേരായ ഒരു റഷ്യക്കാരൻ സഞ്ചാരിയായിരുന്നു. ഇദ്ദേഹം 20 കൊല്ലത്തോളം മദ്ധ്യേന്ത്യയിലും പടിഞ്ഞാറൻ ഇന്ത്യയിലുമായി പാർത്തു. വാസ്കോഡിഗാമ വരുന്നതിനു 25 കൊല്ലം മുമ്പായാണ് ഇദ്ദേഹം നമ്മുടെ നാട്ടിൽനിന്നു പോയത്. ഇദ്ദേഹവും കേരളത്തെക്കുറിച്ചു എഴുതീട്ടുണ്ട്. കേരളചരിത്രം പൂർണ്ണമായി എഴുതുന്നവർ മേൽവിവരിച്ചവരും അതുപോലെ ഉള്ളവരുമായ ആളുകളുടെ കൃതികൂടി നോക്കി എഴുതേണ്ടതാണ്. അങ്ങിനെയല്ലാതെ ഇന്നത്തെ ആധുനികന്മാരായ കച്ചവടക്കാർ എഴുതിയ റിക്കാർട്ടുകൾ മാത്രം നോക്കുന്നത് അബദ്ധമാണ്. അവർ കാര്യത്തിനുവേണ്ടി വർത്തമാനസംഗതികളും മാററം മറിച്ചും എഴുതീട്ടുണ്ട്. [പരേതനായ റാവുസാഹിബ് കണ്ണമ്പ്ര മാമ്പുള്ളി വലിയ നായരുടെ നോട്ടുപുസ്തകത്തിൽ നിന്നെടുത്തത്]

ചിത്തോറിലെ മഹായുദ്ധം.

I
പുത്രൻ സേനാപതി.

ചിത്തോർമഹാരാജാവായ ഉദയസിംഹൻ ആക്രമത്തിന്റെ ഉപക്രമത്തിൽതന്നെ വിദേശികളുടെ അസാധാരണയുദ്ധസാമർത്ഥ്യംകൊണ്ടും വെടിമരുന്നുകൊണ്ടും അക്ബറുടെ കാരാഗൃഹത്തിൽനിന്നു രക്ഷപ്പെട്ടുപോന്നു. വീരാംഗനയായ ബീബിയുടെ പ്രോത്സാഹനംകൊണ്ടും കൗശലംകൊണ്ടും ധൈര്യംകൊണ്ടും ഉത്തേജിതന്മാരായ സാമന്തന്മാരും മററു പ്രഭുക്കന്മാരും ഒരു സംഘത്തിൽ ചിത്രീകരണായ അക്ബറെ തോല്പിച്ചു ഭീരുവായിത്തീർന്ന ഉദയസിംഹനെ ശത്രുക്കളുടെ കൈകളിലയിൽനിന്നു രക്ഷി

പ്പെട്ടത്തിയിരുന്നു. വീരാംഗനയായ വീരമതിയും അവരുടെ സൈന്യങ്ങളും ആക്രമണത്തിന്റെ ഊക്ക് സഹിക്കാൻവയ്യാതെ അക്ബർ യുദ്ധക്കോപ്പുകളെല്ലാം ഉപേക്ഷിച്ചു ചിത്തോറിൽനിന്നു ഓടിപ്പോയി തന്റെ പ്രാണനെ രക്ഷിച്ചു. ഇത്ര ലജ്ജാകരമായ ഒരു തോൽവി അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല.

ഈ സംഭവം നടന്നു കുറെ കൊല്ലങ്ങൾ കഴിഞ്ഞശേഷം അക്ബർ വീണ്ടും ചിത്തോറനഗരത്തെ ആക്രമിച്ചു. തനിക്കു പിണഞ്ഞ ലജ്ജാവഹമായ ആ തോൽവി നിമിത്തമുള്ള മനോവേദനയും അപമാനവും അദ്ദേഹത്തിനു മറക്കാൻ കഴിഞ്ഞില്ല. മിവാർരാജ്യം പിടിച്ചടക്കി മിവാർരാജാവിന്റെ ഗർവ്വ് ശമിപ്പിക്കണമെന്ന ഉദ്ദേശംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുവേണ്ടി ചിത്തോറനഗരത്തെ ആക്രമിക്കാനായി അക്ബർ ഒരു വലിയ സൈന്യം ശേഖരിക്കുവാൻ കല്പന ചെയ്തു. പിന്നെ അതിവേഗത്തിൽ വലിയ ഒരു സൈന്യത്തോടുകൂടി കൊടുങ്കാറ്റുപോലെ മിവാർരാജ്യത്തെ ആക്രമിച്ച് അതിലുള്ള പട്ടണങ്ങളും, വനങ്ങളും, നഗരങ്ങളും, കോട്ടകളും മുതലായവയെ വളഞ്ഞു. അർദ്ധചന്ദ്രന്റെ അടയാളത്തോടുകൂടിയ കൊടിക്കൂറകൾ ആകാശത്തെ മറച്ചുകൊണ്ടു പാറിയിരുന്നു. എത്രവിധത്തിലെങ്കിലും ഇത്തവണ ചിത്തോറിനെ നശിപ്പിച്ചു പവിത്രമായ ശിശോദീയവംശത്തിനു കളങ്കം വരുത്തുമെന്നും അതല്ലാത്തപക്ഷം നേർക്കുനേരെയുള്ള യുദ്ധത്തിൽ തന്റെ ജീവനെ ബലികഴിക്കുമെന്നും അക്ബർ ശപഥം ചെയ്തിരുന്നു. ഈ ശപഥം നിറവേറ്റാൻ വേണ്ടിയാണ് അദ്ദേഹം ഇത്ര വലിയ സൈന്യത്തോടുകൂടി പുറപ്പെട്ടത്. ചിത്തോറിലുള്ള വഴികളും കുന്നിടുക്കുകളും പർവ്വതങ്ങളും കാടുകളും മുഗൾസൈന്യങ്ങളെക്കൊണ്ടു നിറഞ്ഞു.

ദുർബ്ബലചിത്തനായ ഉദയസിംഹന് അക്ബറുടെ ആക്രമണത്തെ തടുക്കാൻ കഴിഞ്ഞില്ല. പല കാരണങ്ങളാലും അദ്ദേഹത്തിന്റെ സാമന്തന്മാരുടെ ഇടയിൽ അദ്ദേഹത്തിന്റെ നേരെ കലശലായ അപ്രീതി ബാധിച്ചിരുന്നു. രാജാവിന്റെ പ്രവൃത്തികളിൽ ആർക്കും പ്രീതിയുണ്ടായിരുന്നില്ല. രാജഭക്തി ഹിന്ദുക്കളുടെ പ്രാണനാണ്. ഉദയസിംഹന്റെ ദുഷ്പ്രവൃത്തികൾകൊണ്ടു സൈനികന്മാരുടെ ഇടയിൽ ഒരു അതൃപ്തിയും ഉണ്ടായിത്തീർന്നു. അതുകൊണ്ട് ഈ അവസരത്തിൽ ഉദയസിംഹനു ചിത്തോറിനെ രക്ഷിക്കാൻ സാദ്ധ്യമായിരുന്നില്ല. ചിത്തോറിൽത്തന്നെ താമസിച്ചാൽ ഒരു ചെറു മുയലിനെപ്പോലെ അക്ബർ തന്നെ തടവുകാരനാക്കുന്നു വിചാരിച്ചു ഭീരുവായ ഉദയസിംഹൻ ലേശം ലജ്ജകൂടാതെ ചിത്തോർ വിട്ട് ഓടിപ്പോവാൻ നിശ്ചയിച്ചു. പവിത്രമായ സൂര്യവംശത്തിനു കളങ്കമുണ്ടാക്കി ഇതിനെ ദുഷിപ്പിക്കാൻ അദ്ദേഹത്തിന് ഒട്ടും സങ്കോചമുണ്ടായില്ല. അദ്ദേഹം മുഗൾചക്രവർത്തിയുടെ തീവ്രസാഹസത്തെയും വലിയ സൈന്യസമൂഹത്തെയും കണ്ടു തന്റെ ഇഷ്ടമായ ജീവനെ രക്ഷിക്കാൻ വേണ്ടി ചിത്തോറനഗരത്തെ വിട്ടോടിപ്പോയി.

ഇപ്രകാരം കുലസ്ത്രീകളുടെ പാതിവ്രത്യത്തെ രക്ഷിക്കാൻ ആരുണ്ട്? നഗരവാസികളായ സ്ത്രീകളേയും ബാലന്മാരേയും ഈ ഘോരയുദ്ധത്തിൽനിന്ന് ആർ രക്ഷപ്പെടുത്തും? ചിരകാല ബാപ്പാരാവളന്റെ സുപവിത്രമായ വംശത്തിന്റെ മാനം രക്ഷിക്കാൻ ആരാണ് കരുതപ്പെട്ടിട്ടുള്ളത്? എന്ന സംഗതിയെപ്പറ്റി ഒരിക്കലെങ്കിലും ആലോചിക്കാൻ ഉദയസിംഹന്ന അവസരം ഉണ്ടായില്ല. ഭീരുവായ കുറുനരിയെപ്പോലെ തന്റെ ജീവരക്ഷയ്ക്കുവേണ്ടി ഉദയസിംഹൻ ചിത്തോറിനെ ഉപേക്ഷിച്ചുപോയ്ക്കളഞ്ഞു. രാജാവു പോയ്ക്കളഞ്ഞതുകൊണ്ടു ചിത്തോറിന്ന രക്ഷ കിട്ടിയുന്ന വഴിയാമോ? മുസൽമാന്മാരുടെ ആധിപത്യത്തിൻകീഴിലായി ആ സൽക്കീർത്തികൾ നാശവും സ്ഥായിയായ കളങ്കവും വന്നുപോയതാമോ? ചിത്തോർ സിംഹാസനം ദുഷ്ടന്മാരായ മുഗൾമാർ ചക്രവർത്തികളുടെ ഇരിപ്പിടമായിത്തീരുമോ? ഹിന്ദുകുലസ്ത്രീകളുടെ പവിത്രമായ പാതിവ്രത്യത്തെ മുസൽമാന്മാർ അപഹരിച്ചുകൊണ്ടുപോകുമോ? ഇല്ല. അത് ഒരു കാലത്തും ഉണ്ടാകാത്ത സംഗതിയാണ്. ഭീരുവായ ഉദയസിംഹൻ ചിത്തോറിനെ ഉപേക്ഷിച്ചു തന്റെ ഹൃദയത്തിന്റെ ദൗർബ്ബല്യതയേയും നീചതയേയും വെളിപ്പെടുത്തി എങ്കിലും ചിത്തോറിൽ അക്കാലത്തും വീരപുരുഷന്മാരും ധൈര്യശാലികളും ഇല്ലാതിരുന്നില്ല. ആ വീരമാതാവിന്റെ തൃപ്പാദങ്ങളെ ചെന്താമരപ്പൂക്കൾകൊണ്ടു പൂജിക്കാൻ എപ്പോഴും ഉദ്യുക്തന്മാരായ അനേകം രാജപുത്രവീരന്മാർ ഉണ്ടായിരുന്നു. അവരിൽ ഓരോരുത്തരും തങ്ങളുടെ ദേഹത്തിലുള്ള ഒടുവിലത്തെ ചോരത്തുള്ളി കൂടിക്കളഞ്ഞു ചിത്തോറിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തങ്ങളുടെ ജീവനെ ബലികഴിക്കും. ഉച്ഛ്വാസം വലിക്കുന്നതുവരെ ചിത്തോറിന്റെ മംഗളചിന്ത ചെയ്ത് അവസാനകാലത്തിൽ അതിന്റെ പവിത്രമായ മണ്ണിനെ ചുംബനം ചെയ്ത് അവർ തങ്ങളുടെ ജീവനെ കളയും. എന്തുതന്നെയായാലും ഘോരമായ യുദ്ധം ചെയ്യാതെ ചിത്തോറിന്റെ സ്വാതന്ത്ര്യത്തെ അവർ അക്ബർക്ക് വിട്ടുകൊടുക്കുകയില്ല.

അന്നു മൃതസഞ്ജീവനിമന്ത്രബലംകൊണ്ട് ആ ചിത്തോറിന്റെ ശ്മശാനത്തിൽനിന്ന വീണ്ടും അനേകം വീരന്മാർ ഉണ്ടായിത്തീർന്നു. രാജസ്ഥാനത്തിന്റെ പല പ്രദേശങ്ങളിൽനിന്നും മിത്രഗോത്രക്കാരായ അനേകം സാമന്തന്മാർ തങ്ങളുടെ സൈന്യങ്ങളോടുകൂടി ചിത്തോറിന്റെ ഗോപുരദ്വാരത്തിൽ വന്നെത്തി. ചന്ദാവത്തുവംശത്തിൽ ജനിച്ചവനും വീരനുമായ ശഹിദാസൻ അനേകവീരന്മാരോടുകൂടി ചിത്തോറിന്റെ പ്രധാനഗോപുരമായ 'സൂര്യപോല'ത്തിൽ ചെന്ന കാവലിരുന്നുകൊണ്ടുനിന്ന ശത്രുക്കളുടെ ആക്രമണത്തെ തടുത്തു. രാമപുരാ, ബൈദല, കോഠാരിയാ, വിജൊല്ലി, സല്ലിംബ്ര മുതലായ പ്രദേശങ്ങളിലെ സാമന്തരാജാക്കന്മാരും അവരുടെ സൈന്യങ്ങളോടുകൂടി പ്രബലമുഗൾസൈന്യങ്ങൾക്കെതിരായി യുദ്ധത്തിന്ന കോപ്പിട്ടു. ഇവരെല്ലാവരും ചിത്തോർരാജാവിന്റെ സാമന്തരാജാക്കന്മാരായിരുന്നു. അതിന്ന പുറമെ അന്യപ്രദേശ

ളിൽനിന്നു ദേവപദവിയായ രാജ്യാധിപ
ടെ അനന്തിരവനും, സ്വാമിഭക്തിയാ
യ ശക്തിദത്തനായനും, രാമാദേവിശങ്കര
നായ ഇന്ദ്രപ്രതാപസനും കൂടെ പാലനും, ഇ
യാളുമായും കാലനുകം ഭാരതമായ
ഈ മഹായുദ്ധത്തിനായി എത്തിച്ചേർന്നു.
ചിതോരിന്റെ സ്വാതന്ത്ര്യത്തിൽ അന്ന
മാത്രമേപോലും മൊഗളന്മാർ വിട്ടുകൊടു
ക്കില്ലെന്നും ശരീരത്തിൽ ഒരു തുള്ളി ചോ
രയുള്ള കാലം ചിതോരിന്റെ രക്ഷയ്ക്കുവേ
ണ്ടി ജീവാവസാനംവരെ യുദ്ധം ചെയ്യുമെ
ന്നും അവരുടെ കൂട്ടിൽ ജീവനുള്ള കാലം
വരെ ചിതോരിന്റെ പാവനമായ അംഗ
ത്തിൽ ഏതൊരാളും കളങ്കസ്പർശമേല്പിക്കാൻ
സമ്മതിക്കില്ലെന്നും അവരെല്ലാവരും സൂ
ര്യന്റെ മുമ്പിൽവെച്ചു പ്രതിജ്ഞ ചെയ്തു.
ഇങ്ങിനെ പ്രതിജ്ഞ ചെയ്തതിന്റെശേഷം
ആ വീരന്മാരെല്ലാവരും കണ്ണടച്ചു് ഏ
കമനസ്സോടുകൂടി പോർക്കളത്തിലേക്കു പുറ
പ്പെട്ടു.

അതിനുശേഷം രജപുത്രന്മാരും മുസൽ
മാന്മാരും തമ്മിൽ ഘോരമായ യുദ്ധം തുട
ങ്ങി. മുന്നൂറുവരുത്തുവന്ന അവന്റെ ഭയങ്കരമായ രൂ
ക്ഷം ഇവന്മാരെകൊണ്ടു നാലുഭാഗത്തും സംഭ
വിച്ചുതുടങ്ങി. ആയിരമായിരമാളുകൾ മുറി
പ്പെട്ടു് ഇരുപക്ഷക്കാരുടെയും അനേകം വീ
രന്മാർ പോർക്കളത്തിൽ വീണു മരിച്ചു.
സിംഹനാദങ്ങൾകൊണ്ടും ഭേരീനാദങ്ങൾകൊണ്ടും
ആകാശം മുഴങ്ങി. മൊഗളന്മാരുടെ പീ
രങ്കികൾ ഇടക്കിടെ തീ ഉണ്ടകൾ പുറപ്പെടു
വിച്ചു ദിക്കുകളെ വിറപ്പിച്ചുതുടങ്ങി. ഈ
യുദ്ധത്തിൽ സേനാധിപനായി വരിക്ക
പ്പെട്ട വീരചൂഡാമണിയായ ശക്തിദാസൻ
മൊഗളന്മാരുടെ സൈന്യത്തിനു നേരെ ഇടവിടാ
തെ ശരവൃഷ്ടി ചെയ്തുതുടങ്ങി. അദ്ദേഹത്തി
ന്റെ ശരവർഷംകൊണ്ടു നാലുപാടും രക്ത
വർഷവും ഉണ്ടായി. അസംഖ്യം മുസൽ
മാൻ ഭടന്മാർ അദ്ദേഹത്തിന്റെ ബാണ
ങ്ങളേറ്റു ഛിന്നഭിന്നമായ ശരീരത്തോടുകൂ
ടി പോർക്കളത്തിൽ വീണു മരിച്ചു. അതു
കണ്ടു മൊഗളസേനാധിപന്നു കോപം
ജ്വലിച്ചു. അയാളുടെ പ്രോത്സാഹനംകൊ
ണ്ടു് ഉത്സാഹിതന്മാരായ മൊഗളസൈനിക
ന്മാർ സൂര്യപ്രകാശത്തിന്നു നേരെ ചെന്നു.
അനേകം ക്ഷത്രിയവീരന്മാർ മൊഗളന്മാ
രുടെ വെടിയുണ്ടകളേറ്റു മരിച്ചുപോയി.
എന്നിട്ടും ക്ഷത്രിയകുലതിലകനായ ശക്തി
ദാസൻ മടിച്ചുപോയില്ല. പിന്മാറാൻ ഭാവിച്ചി
ല്ല. ബാണമൊ ആ ഇരുഭാഗങ്ങളുടെ ഇ
ടയിൽ ലേശം ഭയപ്പെടാതെ നിന്നു സൂര്യ
പ്രകാശത്തിന്റെ രക്ഷയ്ക്കായി യുദ്ധിച്ചു. എ
ത്രനേരം അദ്ദേഹത്തിന്റെ കൂട്ടിൽ പ്രാണ
നുണ്ടായിരുന്നുവോ, നാഡികളിൽ കൂടി
ചോര ഓടിയിരുന്നുവോ, വല്ലപ്പോഴെങ്കിലു
മുള്ള മൃത്യു ഉന്മത്തന്മാരായിരുന്നുവോ അ
ത്രനേരം ശത്രുക്കൾക്ക് കോട്ടയ്ക്കുള്ളിലും കോ
ട്ടയിലും കടക്കാൻ കഴിഞ്ഞില്ല. ഈ മാ
തിരി ആത്മത്യാഗംചെയ്തുകൊണ്ട് ആ ദിവ
സം ചിതോരിന്റെ സിംഹദ്വാരത്തെ ര
ക്ഷിച്ച് അസാമാന്യവിക്രമം കാണിച്ച
ശക്തിദാസൻ ഒടുവിൽ മുറിവേറ്റ് ചോരയി
ൽനിന്നു ഭൂമിയിൽ വീണു വീരസ്വർഗ്ഗം
പ്രാപിച്ചു. അപ്പോൾ സൂര്യൻ അസ്തമി
ക്കാറായിരിക്കുന്നു. സൈന്യങ്ങളും വളരെ
ക്ഷീണിച്ചുവശായി. വിവേകിയായ ശക്തി
ദാസന്റെ മരണംകൊണ്ടു വിഷണ്ണന്മാരായ

ന്മാരായ രാജപുത്രന്മാർ സൂര്യപ്രകാശത്തിന്റെ ഉറപ്പുള്ള വാതിലുകൾ അടച്ചു ബന്ധിച്ച നഗരത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. മുസൽമാൻ സൈന്യത്തിനും അവരുടെ കൈകനിലയിലെത്തു കടന്നിപ്പോയി.

രാത്രി സമയമായി. രാത്രിയിലെ കൂരിരുട്ട് ഏതുപ്രകാരം ചിത്തോറിനെ ബാധിച്ചുവോ അപ്രകാരംതന്നെ ഗംഭീരമായ മാത്രമാകുന്ന അന്ധകാരം ചിത്തോർവാസികളായ സ്ത്രീപുരുഷന്മാരുടെ ഹൃദയത്തെയും ബാധിച്ചു. മഹമ്മദ് ഖാൻ ആ നഗരിയെ ഉപേക്ഷിച്ചുപോയിരുന്നു. ചന്ദാവൽ കുലപ്രദീപമായ ശക്തിസേനൻ യുദ്ധത്തിൽ അപൂർവ്വവീരത്വം കാണിച്ചു പോർക്കളത്തിൽ തന്റെ വിലമതിക്കാത്ത ജീവനെ ബലികഴിച്ചിരുന്നു. ഇനി ശത്രുക്കളുടെ പിടുത്തത്തിൽനിന്ന് ചിത്തോറിനെ ആർ രക്ഷിക്കും? കരകവിഞ്ഞൊഴുകുന്ന സമുദ്രംപോലെയുള്ള മൊഗൾസൈന്യങ്ങളുടെ ആക്രമണത്തിൽനിന്ന് ആർ ചിത്തോറിനെ രക്ഷപ്പെടുത്തും? എന്നിങ്ങിനെയുള്ള വലിയ വിചാരം ചിത്തോർ നഗരവാസികളുടെ മനസ്സിനെ വ്യാകുലപ്പെടുത്തിയിരുന്നു. എല്ലാവരുടെ മുഖത്തും ഉത്കണ്ഠയുടെയും വിഷണ്ണതയുടെയും ഛായ നല്ലവണ്ണം കാണപ്പെട്ടിരുന്നു. ആ സമയത്തു ഉത്സവം കിടന്നിരുന്നെങ്കിലും സന്തോഷത്തിന്റെ ലേശംപോലും കാണാനില്ലായിരുന്നു. സാഹസികന്മാരായ അനേകം വീരന്മാർ കോട്ടയിലിന്റെ മാടോപരികളിൽ കയറിക്കൂടി ശത്രുക്കളുടെ പാളയത്തെ നോക്കിക്കൊണ്ടുനിന്നിരുന്നു. രാജധാനിയിലുള്ളവർ ഗംഭീരമായ മനോവിചാരം കൊണ്ടു തങ്ങളെത്തന്നെ മറന്നിരിക്കുന്നു. വരാൻപോകുന്ന ഭയങ്കരമായ ആപത്തിനെ ഓർത്തു അവരുടെ മനസ്സു നടുങ്ങി. പരാക്രമത്തിലും ചതുർജയമായ ദേവിയുടെ ക്ഷേത്രത്തിന്റെ പ്രാകാരത്തിൽ പ്രധാനികളായ രാജപുത്രസേനാധിപന്മാരും പ്രമുഖന്മാരും ശ്രേഷ്ഠന്മാരായ നഗരവാസികളും ഒത്തുകൂടി നിലത്തിരുന്ന മേലിൽ യുദ്ധം നടത്തേണ്ട സംഗതിയെപ്പറ്റി ഏതു മനസ്സോടുകൂടി ആലോചന ചെയ്തിരുന്നു. ശക്തിസേനന്റെ വീരമരണത്തെക്കുറിച്ചു പലരും പലവിധത്തിൽ പ്രശംസിച്ചിരുന്നു.

ഈ അവസരത്തിൽ മേവാഡ് രാജാധിപതിയും സ്വതന്ത്രബുദ്ധിയുമായ ജയമല്ലൻ സഭയുടെ നടുവിൽ ചാടിക്കയറി എഴുന്നേറ്റുനിന്നു തന്റെ ഇരുകൈകളും പൊക്കിക്കൊണ്ടു ഉച്ചസ്വരത്തിൽ പറഞ്ഞതെന്തെന്നാൽ:- "ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്ന മാന്യന്മാരെ യഥോചിതം നമസ്കരിക്കുകയും ആശീർവാദം ചെയ്യുകയും സ്വാഗതപൂർവ്വം അഭിനന്ദനം ചെയ്യുകയും ചെയ്തു എന്റെ മനോഗതങ്ങളെ ഞാൻ വെളിപ്പെടുത്തുന്നു. ഇന്ന ചന്ദാവത്ത് വംശകേദാരത്തെ വീരപുത്രനായ ശക്തിസേനൻ സ്വർഗ്ഗലോകം ലഭിപ്പാൻവേണ്ടി പ്രവർത്തിച്ച യുദ്ധസാമർത്ഥ്യം ലോകത്തിൽ അതുല്യമാണ്. അദ്ദേഹത്തിന്റെ ആത്മത്യാഗവും മഹത്തായ വീര്യവും ഇന്നു ചിത്തോറിന്റെ ഗൌരവത്തെ വർദ്ധിപ്പിച്ചിരിക്കുന്നു. ഇക്കിടം അടിക്കടി തോറ്റു ഏറ്റവും വിഷണ്ണന്മാരായി പിന്തിരിഞ്ഞു ഓടിപ്പോയിരിക്കുന്നു. രാവിലെ സൂചിപ്പിക്കപ്പെട്ടതുപോലെ പരിശുദ്ധചരിത്രനായ ശക്തിസേനനെ പിന്തുടർന്നു സേനാപതിസ്ഥാനം വ

ഹിച്ചു നാളുകളായ യുദ്ധത്തിൽ ഏതൊരു വീരനാണ് ചിത്തോറിന്റെ മാനം രക്ഷിച്ചതു? ചിത്തോറിനെ രക്ഷിക്കുന്ന ചുമതല നമ്മളെ ഏല്പിച്ചുകൊണ്ടാണ് റാണാ ഉദയസിംഹൻ നഗരംവിട്ടുപോയത്. പല സംഗതികളിലും രാജാവു നമ്മുടെ അഭിപ്രായങ്ങളെയും ആവശ്യങ്ങളെയും കണക്കിലെടുക്കാതെ നമ്മെ അപമാനിക്കുകയും പിണക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഇതുകൊണ്ടൊന്നും ചിത്തോറ് അപരാധിയായിത്തീർന്നിട്ടില്ല. ചിത്തോറിന്റെ വലിയകലത്തിൽ ജനിച്ചവരും വളർന്നവരും ആയ ഒരു പുരുഷനെങ്കിലും നമ്മുടെ നേരെ ശത്രുവിധത്തിലും … ചെയ്തിട്ടില്ല. സൂര്യവംശത്തിൽ ജനിച്ച കഴകമാരാജാവിന്റെ പിന്തുടർച്ചക്കാർ ലോകത്തിൽ ചിരപ്രസിദ്ധി നേടിയവരാണ്. അവരുടെ സിംഹാസനം എല്ലാവരുടെയും ബഹുമതിയും ആദരവും അർഹിക്കുന്ന വസ്തുവാണ്. അതിനാൽ ചിത്തോറിന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കേണ്ടതു എല്ലാവരുടെയും പ്രത്യേകമായ കടമയാണ്. അതിനെ എല്ലാവരും ആഗ്രഹിക്കുന്നതുമാണ്. ഇപ്പോൾ ഈ ചിത്തോറുനഗരം വലിയ അപകടത്തിൽ പെട്ടിരിക്കുന്നു. മുഗൾചക്രവർത്തി അക്ബർ ഇതിന്റെ സ്വാതന്ത്ര്യത്തെ … നശിപ്പിക്കാൻ ശ്രമിക്കുകയാണ്. … സൈന്യം നഗരത്തിന്റെ മതിലുകൾ പൊളിക്കാൻ വേണ്ടി അതിപ്രയത്നം ചെയ്യുന്നതാണ്. ഈ ഘോരമായ ആപത്തിൽ ഏതൊരു വീരനാണ് ചിത്തോറിന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കാൻ തക്ക പാത്രമായിത്തീരുന്നതു? ഏതൊരു വീരയോദ്ധാവിന്റെ തലയിലാണ് ഈ വിജയകിരീടം ശോഭിക്കുന്നതു എന്ന് ഇന്ന് ഈ സഭയിൽ നിശ്ചയിക്കപ്പെടണം. ചിത്തോറുനഗരവാസികളുടെ ഇടയിൽ ഏതൊരുത്തനാണ് ഒപ്പത്തെ കഠിനകാര്യം നിർവഹിക്കാൻ ഏറ്റവും ഉചിതപാത്രമായിത്തീരുന്നതു? സാമന്തരാജാക്കന്മാരേ! സേനാപതികളേ! പ്രധാനികളായ നാഗരികന്മാരേ! ഞാൻ ഈ സംഗതിയെപ്പറ്റി നിങ്ങളോടു ഒരു ചോദ്യം ചെയ്യുന്നു. നാളത്തെ ആവശ്യമായ കാര്യം ഉദ്ഘോഷിക്കുന്നു. വിദഗ്ദ്ധനായ ഏതൊരു സേനാപതി യുദ്ധത്തെ നിർവഹിക്കാൻ പോകുന്നതു? ഈ സഭയിൽവെച്ചു ഇന്നുതന്നെ ആ വീരനെ സേനാപതിയായി തിരഞ്ഞെടുക്കേണ്ടതുണ്ടു. സിംഹത്തിന്റെ കഴുത്തുപോലെയുള്ള അവന്റെ കഴുത്തിൽ നാലു … ദേവിയുടെ തൃക്കാലുകളിൽ പൂജിച്ച … പുഷ്പമാല അണിയിക്കണം. അവന്റെ വിശാലമായ നെറ്റിത്തടം വിജയതിലകംകൊണ്ടു ഉജ്ജ്വലമാക്കിത്തീർക്കണം. ഏതൊരു ഭാഗ്യപുരുഷനായാണ് ഈ ദേവിയ്ക്കുള്ള … സ്ഥാനത്തിലേയ്ക്കു നിയമിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നത്?"

ജയമല്ലന്റെ പ്രശ്നത്തിന് അവസാനമായി … അവസാനിച്ചില്ല എന്നായപ്പോഴേക്കു സഭ്യന്മാർ പറഞ്ഞു— "കേലവാരിലെ പതിനാറുവയസ്സു പ്രായമുള്ളവനും വിക്രമശാലിയുമായ പുത്തനാണ്. ഇപ്പോൾ ഈ യുദ്ധത്തിനു യോഗ്യനായ സേനാപതി ആയാൾതന്നെയാണ്. ഇവിടെ കൂടിയിരിക്കുന്ന സേനാധിപന്മാരുടെ ഇട

യിൽ വീരവരനും സേനാപതിയാവാൻ തക്ക യോഗ്യതയും അയാൾക്കു തന്നെയാണ്. യുദ്ധത്തിൽ അയാളുടെ കഴുത്തിൽ ജയമാല ചാർത്തപ്പെടും. ഇതാണ് എന്റെ എല്ലാവരുടെയും അഭിപ്രായം.[1]

ജയത്സേനൻ വീണ്ടും പലതും പറഞ്ഞുതുടങ്ങി. 'മഹാരാജാവേ സേനാപതിയെ നിശ്ചയിക്കുന്ന കാര്യത്തിൽ എന്റെയും അഭിപ്രായം അതുതന്നെയാണ്. പുത്രന്റെ ശൗര്യവും വീര്യവും അഭ്യാസബലവും യുദ്ധചാതുര്യവും എനിക്ക് മനസ്സിലായിട്ടുണ്ട്. എന്റെ അഭിപ്രായത്തോടുകൂടി നിങ്ങളും യോജിച്ചു സമ്മതിക്കണം.[2] ഇതിനെ പറഞ്ഞതിന്റെശേഷം അദ്ദേഹം പുത്രനെ വിളിച്ചു ഉച്ചസ്വരത്തിൽ പറഞ്ഞുതുടങ്ങി. 'പ്രാണപ്രിയനായ പുത്രാ! ഞങ്ങൾ എല്ലാവരും സന്തോഷത്തോടുകൂടി ഈ മഹത്തായ സ്ഥാനത്തു നിന്നെ നിയമിച്ചിരിക്കുന്നു. വത്സ! ചിത്രാംഗദനെ ജയിപ്പാനുള്ള ശക്തി നിനക്കുണ്ടെന്നതിൽ സംശയം ഇല്ല. രാജപുത്രജാതിക്കുള്ള വംശീയമായ അഹങ്കാരത്തിനും തക്ക യോഗ്യതയുള്ളവൻ നീ മാത്രമാണ്. അവരുടെ ആശയെ പൂരിപ്പിക്കാൻ നിനക്കു മാത്രമേ കഴികയുള്ളൂ. വത്സ! നീ ആരായാലും മംഗളസമുദ്രത്തെ കടന്നു വിജയകിരീടംകൊണ്ടു നിന്റെ മസ്തകത്തെ ഉജ്ജ്വലമാക്കിയെടുപ്പു വിജയിയായി പട്ടണത്തിലേക്കു പവിത്രമായ ഇതുവരെ കീർത്തിയുള്ള കുലത്തിനാലും എന്നെ ഞാൻ അനുഗ്രഹിക്കുന്നു. നാലു ദിക്കുകളോടുകൂടിയ ഭൂമി മുഴുവനും നിന്നെ സഹായിക്കും. ദേവിയുടെ അനുഗ്രഹംകൊണ്ട് നിന്റെ ഒരു രോമംപോലും ഒരു സംഹാരം ചെയ്യാൻ മടിയില്ല. ഒരുകൂട്ടം കാരണങ്ങളിൽ ശക്തിയുള്ളതായിട്ടു ഭവിക്കും. ഞാൻ അവന്റെ ഹൃദയത്തെ ജയിക്കുവാനും നിന്റെ ശിരസ്സിൽ ഉത്സാഹം വർദ്ധിപ്പിക്കുന്ന ഒരു വലിയ ബഹുമാനമായി തോന്നും കരുതുന്നു.[1]

ജയത്സേൻ പറഞ്ഞു കഴിഞ്ഞപ്പോൾ വീരവരനായ പുത്രനു സഭയിൽ എഴുന്നേറ്റു നിന്നു. ഭയരഹിതമായ ഉള്ള അവരുടെ മനസ്സിൽ ഉത്സാഹത്തിന്റെ നിറവും ബലവും ചേർന്നുനിന്ന ഗൗരവം, കണ്ണുകളും, പ്രകാശിക്കുന്ന മുഖവും ധൈര്യവും ഉള്ള ദൃഢഹൃദയമായ ശുദ്ധമനസ്സും ഉദ്ദേശ്യവും, സുന്ദരമായ ദീപശിഖ പോലെയും ശോഭിച്ചു. ആ മഹത്തായ ജനസമൂഹത്തിന്റെ ഇടയിൽ ആരും അറിയാതെ പ്രകാശിച്ച അവന്റെ തിളക്കമുള്ള കണ്ണുകൾ ഉയർന്നുതുടങ്ങി. പുത്രൻ തലതാഴ്ത്തി എല്ലാവരും കേൾക്കത്തക്കവണ്ണം ഇങ്ങിനെ പറഞ്ഞുതുടങ്ങി: 'ഈ വലിയ സഭയിൽ കൂടിയിരിക്കുന്ന മഹാന്മാരിൽ അനേകം പേർ എന്റെ ഗുരുക്കന്മാരും വന്ദ്യന്മാരുമാണ്. അവരുടെ കീഴിലാണ് ഞാൻ യുദ്ധവിദ്യ അഭ്യസിച്ചിട്ടുള്ളത്. അങ്ങനെയുള്ള മഹാന്മാരുടെ മുമ്പിൽ ഞാൻ നമസ്കരിക്കുന്നു. അതിപ്രയാസം ചെയ്തു സാധിക്കേണ്ടതായ കാര്യത്തിനു ഞാൻ പ്രാപ്തനാണെന്നു കരുതി എന്നെ ചിത്രാംഗദന്റെ സേനാപതിയായി നിയമിക്കണമെന്ന അഭിപ്രായപ്പെട്ട സഭാവാസികളോടു ഞാൻ എന്നും കടപ്പെട്ടവനായിരിക്കുന്നതാണ്. ഈ മഹ

ണ്ടായ കാർയ്യനിർവ്വഹണത്തിനു ഏററവു-മേറെയായ യോഗ്യതയാണു ഉള്ളത് എന്നു ഇംഗ്ലണ്ടിനെ അറിയാവൂ. തന്റെ പാട്ടിന്റെ മാഹാത്മ്യം താൻ തെളിയിച്ചുകൊള്ളുമെന്നു ഈ ബാലൻ നിങ്ങളുടെ മുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ശരീരത്തിൽ ചോര ഉള്ളിടത്തോളം കാലം ഞാൻ ഇംഗ്ലണ്ടിനെ സേവിച്ചിട്ടുള്ളതാണ്. ഈ യുദ്ധത്തിൽ ജയപരാജയം ആർക്കാണെന്നു ഈശ്വരനുമാത്രം അറിയാം. ഭാഗ്യ പുണ്യംകൊണ്ടും പൂർവ്വജന്മസുകൃതംകൊണ്ടും ഞാൻ ഇന്ന് ഈ ഉന്നതപദവിയെ പ്രാപിച്ചിട്ടുണ്ട്. അതുകൊണ്ടു ഞാനും എന്റെ വംശക്കാരും ധന്യന്മാരായിത്തീർന്നിരിക്കുന്നു. വീരശൂരനായ എന്റെ മകനുടെ രക്തപ്രവാഹം കണ്ടിട്ടു ഭയപ്പെട്ടിട്ടില്ലെന്നും ഞാൻ വിചാരിക്കുന്നു. സൈന്യങ്ങളും സൈന്യാധിപന്മാരും എന്നെ അനുസരിച്ചുവല്ലോ. ഈ സിംഹക്കുട്ടിയുടെ കയ്യിന് എതിരായിട്ടും ഉണ്ടെന്നു അവർ ചക്രവർത്തിയെ കാട്ടിക്കൊടുക്കാം. നാളത്തോടുകൂടി അവസാനത്തിന്റെ ഈ ജനത്തിലുള്ള യുദ്ധങ്ങൾ അവസാനിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇംഗ്ലണ്ടുസൈന്യം ഒന്നു ലക്ഷത്തിൽ കുറയില്ലെന്നു ഞാൻ കേട്ടിരിക്കുന്നു. നമ്മുടെ സൈന്യത്തിന്റെ സംഖ്യ മുപ്പതിനായിരം തികയുന്നതല്ല. നമ്മുടെ ഈ വിധ ഉൽസാഹംനിമിത്തം ഇംഗ്ലണ്ടുസൈന്യമാകുന്ന സമുദ്രത്തെ എളുപ്പത്തിൽ മഥനം ചെയ്യുമെന്നു ലോകർ കാണാറാകും.[1]

ഈ അവസരത്തിൽ മാതൃഭക്തിയോടെ ഞാൻ ദേവിയുടെ തിരുമുമ്പിൽ കൊണ്ടുവന്നു പൂജനം സേവിപ്പാൻ കൊടുത്തു. ദേവിയും ചാരത്തിരുന്നു ചാരായംകൊണ്ടു പൂജിച്ചതായ മാല അവരുടെ കഴുത്തിലിട്ടു. അവരുടെ പ്രത്യേകമായ നൊമ്പരത്തിൽ വിജയത്തിലകം തൊട്ടു. ഇപ്രകാരം ആശീർവാദക്രിയ കഴിഞ്ഞശേഷം നിർവ്വഹിക്കപ്പെട്ടു. അപ്പോൾ നാലുപേരും വീണ്ടും ദേവി, പടയിലെ മുന്നണിയിലേക്കു ഇറങ്ങി. പുത്രൻ സാമധാനത്തിൽ സമ്മതരായ പ്രധാനികളെ നമസ്കരിച്ചു. ഇതു കഴിഞ്ഞു അല്പനേരത്തിനുള്ളിൽ സഭ പിരിയുകയും ചെയ്തു. വീരനായ പുത്രനാണെ നാളത്തെ യുദ്ധത്തിൽ സേനാപതി! പിതാവിനെ ജയിപ്പാൻ തക്ക യോഗ്യൻ അവൻ തന്നെയാണ്! എന്നു എല്ലാവരും ഘോഷിച്ചു.

കെ. ചന്ത്

പദ്യവും ഗദ്യവും

ഭാഷാഭിവൃദ്ധിക്ക് അധികം ഉതകുന്നതു ഗദ്യസാഹിത്യമോ പദ്യസാഹിത്യമോ എന്നും, ലോകത്തെ അധികമധികം പഠിപ്പിപ്പാനും രസിപ്പിപ്പാനും സമർത്ഥൻ ഗദ്യകവിയോ പദ്യകവിയോ എന്നും ചില ചോദ്യങ്ങൾ ഇപ്പോൾ സർവ്വത്ര കേൾക്കാറുണ്ട്. ഭാഷയെ, മഥവാ മനോഗതത്തെ പദ്യത്തിൽ പ്രയോഗിക്കുന്നവനെ ക-

വിദ്യയെന്നും, അതു ഗദ്യത്തിൽ പ്രയോഗിക്കുന്നവനെ സാഹിത്യകാരനെന്നും രണ്ടായി വിഭജിച്ചുകാണുന്നതിൽനിന്നു കവിയും സാഹിത്യകാരനും വേറെവേറെയാണെന്നാണ് പലരും ധരിച്ചിരിക്കുന്നതെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരുവന്റെ മനോഭാവം മറ്റൊരുവന്റെ മനസ്സിൽ അതേവിധം പകർത്തുകയല്ലോ പ്രയോഗിക്കുന്ന ഭാഷയാണ് സാഹിത്യം; ആ സാഹിത്യത്തിന്റെ ജീവൻ, അല്ലെങ്കിൽ രസം ആണ് കവിത. സാഹിത്യത്തെ ഗദ്യരൂപത്തിൽ പ്രയോഗിക്കുന്നവനായാലും, പദ്യരൂപത്തിൽ പ്രയോഗിക്കുന്നവനായാലും അതിൽ കവിതയുണ്ടെങ്കിൽ അവൻ കവി തന്നെ; അവനെ ഗദ്യകവിയെന്നോ പദ്യകവിയെന്നോ പറയാം. ഇങ്ങിനെയല്ലാതെ, ഗദ്യകാരനും പദ്യകാരനും വേറെ വേറെയാണെന്നു, മുൻപറഞ്ഞവിധം, ഗണിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഭാഷകൊണ്ടു ധരിപ്പിക്ക മാത്രം ചെയ്യുന്നവൻ പണ്ഡിതനായ ഭാഷാപ്രവർത്തകൻ; ഭാഷകൊണ്ടു രസിപ്പിക്കുന്നവൻ സാഹിത്യകാരൻ; ഇങ്ങനെകൊണ്ടു രസിപ്പിക്കുന്നതിനു പുറമെ, ആ രസം ഒന്നും മാറാതെപോകാത്തവിധം മനസ്സിൽ ഉറപ്പിക്കുന്നവൻ കവി. ഇതിനെയാണ് ഞാൻ തരംതിരിച്ചിരിക്കുന്നത്. ഭാഷ, സാഹിത്യം, കവിത എന്നിവയെപ്പറ്റി വേറെയൊരു ലേഖനംകൊണ്ട് എന്റെ അഭിപ്രായം വിശദമാക്കാമെന്നു വെക്കയല്ലാതെ, മറ്റൊരു വിഷയത്തെപ്പറ്റി പ്രതിപാദിക്കാൻ പോകുന്ന ഈ അവസരത്തിൽ ഇതിലധികമായൊന്നും പറവാൻ തരമില്ല. ഗദ്യത്തിനോ പദ്യത്തിനോ മെച്ചമുള്ളൂ; അല്ലെങ്കിൽ, ഗദ്യമോ പദ്യമോ മാത്രമായാലധികം ഉത്തമം, എന്ന ചോദ്യത്തെപ്പറ്റിയാണ് ഇപ്പോൾ ഞാൻ ചിലതു പറവാൻ തുടങ്ങുന്നത്.

ഒരു കുട്ടി ജനിച്ചു ഉടൻ ചില വ്യവസ്ഥിതക്രമങ്ങളനുസരിച്ചാണ് അതിനെ നാം വളർത്തുന്നത്. അതിനെ സ്വതന്ത്രമായി അതിന്റെ പാട്ടിൽ വിട്ടുവിടാറില്ല. ആ കുട്ടിയെ ഉണ്ണുവാനും ഉടുക്കുവാനും നടക്കുവാനും ശീലിപ്പിക്കുന്നതെല്ലാം ചില വ്യവസ്ഥിതക്രമങ്ങളോ, അല്ലെങ്കിൽ ചില നിബന്ധനകളോടുകൂടിയോ ആണ്. ക്രമേണ ഈ നിബന്ധനകൾ മാറ്റിക്കൊണ്ടു പോയിട്ട്, ആ കുട്ടി അതിന്റെ ദിനചര്യകളിൽ സ്വാതന്ത്ര്യം അനുഭവിക്കാറാകയും ചെയ്യുന്നു. ഇനി, ഒരു ഗായകനെ നോക്കുക. അവൻ, സംഗീതശാസ്ത്രം പഠിക്കുന്നതിലൂടെ, താളവ്യവസ്ഥയോടുകൂടിയ പദങ്ങൾ പാടിത്തുടങ്ങുന്നു. അങ്ങിനെ കുറേ കഴിഞ്ഞാൽ മനോധർമ്മത്തിൽ പ്രവേശിക്കുകയായി. മനോധർമ്മത്തിൽ താളവ്യവസ്ഥയോ മറ്റു നിബന്ധനകളോ ഇല്ല; അവൻ വിസ്തൃതമായ രാഗസമുദ്രത്തിൽ സ്വതന്ത്രനായി നീന്തിക്കളിക്കുന്നു. എന്നാലും ചില നിബന്ധനകളോടുകൂടിയല്ലാതെ അവനു ഒരു സ്വാതന്ത്ര്യം ഉണ്ടാവില്ല. ഇങ്ങനെ ചില നിബന്ധനകളോടുകൂടിത്തന്നെയാണ് സാഹിത്യകാരനും ഭാഷാപ്രയോഗവിഷയത്തിലും സ്വതന്ത്രനായി പ്രവേശിക്കുന്നത്. സാഹിത്യമെന്നാൽ തന്റെ മനോവികാരത്തിന്റെ വെളിപ്പെടുത്തലല്ലാതെ മറ്റൊന്നുമല്ല. ഇതാണെങ്കിൽ മനസ്സിനെ മറ്റൊരു മനസ്സിൽ ഭാഷാരൂപമായി പ്രതിഫലിപ്പിക്ക

ന്താണല്ലോ സാഹിത്യം. മനുഷ്യമനസ്സു നിയന്ത്രിതമായ പദ്യസാഹിത്യത്തിൽ പ്രവേശിച്ചു പരിശീലിച്ചു ഗദ്യസാഹിത്യത്തിൽ ഉറച്ചുകഴിഞ്ഞതാൽ ഭാഷാഭിവൃദ്ധി തന്നെ അറ്റത്തെത്തിയിരിക്കുന്നുവെന്നു ഗണിക്കാമെന്നാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞതിൽനിന്നു ഗദ്യത്തിനോ പദ്യത്തിനോ, ഏതിനാണ് മെച്ചം കൂടുതലെന്നും, ഗദ്യമോ പദ്യമോ, ഏതാണ് ഭാഷാഭിവൃദ്ധിക്ക് അധികം ഉപകരിക്കുകയെന്നുമുള്ള ചോദ്യത്തിന് എന്റെ മറുപടി എന്തായിരുന്നെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. പദ്യത്തെക്കാൾ ഗദ്യമോ ഗദ്യത്തെക്കാൾ പദ്യമോ ശ്രേഷ്ഠമെന്നു ഞാൻ പറയുന്നില്ല. പദ്യസാഹിത്യത്തിനും ഗദ്യസാഹിത്യത്തിനും, ഒന്നിനെക്കാൾ മറ്റേതിനു ഭാഷാഭിവൃദ്ധിവിഷയത്തിൽ അധികം ശക്തി കൂടുമെന്നും ഞാൻ പറയുന്നില്ല. ഭാഷാവിഷയത്തിൽ മനുഷ്യമനസ്സിന്റെ ബദ്ധതയുടെ സ്ഥിതിയാണ് പദ്യമെന്നും മനസ്സിന്റെ സ്വാതന്ത്ര്യവും വികസിതത്വവുമായ സ്ഥിതിയാണ് ഗദ്യമെന്നുമാണ് ഞാൻ പറയുന്നത്.

പ്രപഞ്ചം ക്രമത്തിൽ ഉയർന്നു ചെല്ലുകയാണെന്നും, ഒടുക്കം ഇതു ഉന്നതിയിൽ ലയിക്കുമെന്നും ഋഷികൾ പറഞ്ഞിരിക്കുന്നു. അതായതു, പ്രപഞ്ചത്തിന്റെ ഗതി അസ്വാതന്ത്ര്യാവസ്ഥയിൽനിന്നു സ്വാതന്ത്ര്യാവസ്ഥയിലേക്കാണ്. യുഗങ്ങൾക്കും മുമ്പുള്ളതിനെക്കാൾ ഈ ലോകം ഇപ്പോൾ എത്രയോ അധികം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. സ്വപരിചിതവസ്തുക്കളിൽ ഇണങ്ങിനില്ക്കയും അപരിചിതവസ്തുക്കളിൽ സംശയിച്ചു മാറിനില്ക്കയും ചെയ്യുന്നതു മനസ്സിന്റെ ഒരു ധർമമാകയാൽ, കീഴ്കഴിഞ്ഞ സംഭവങ്ങളെ അധികം സ്നേഹിച്ചു ആദരിക്കുന്ന നാം ആ സംഭവങ്ങളോളം ഇപ്പോഴത്തെ സംഭവങ്ങൾ ഉത്തമങ്ങളല്ലെന്നു തെറ്റിദ്ധരിച്ചിരിക്കുന്നു. ഇപ്പോഴത്തെ സാഹിത്യകാരന്മാരെക്കാൾ മുമ്പുണ്ടായിരുന്നവരാണ് സമർത്ഥന്മാരെന്നു നാം തെറ്റായി അഭിപ്രായപ്പെടുകയും ചെയ്തുപോകുന്നു. വാസ്തവത്തിൽ, പണ്ടത്തെക്കാൾ, മറ്റു കലകളെപ്പോലെ സാഹിത്യകലയും ഇപ്പോൾ എത്രയോ ഏറെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നത്. മുമ്പു നിയന്ത്രിതമായ പദ്യസാഹിത്യമാണ് പ്രയോഗിക്കപ്പെട്ടിരുന്നത്; ഇപ്പോൾ ഗദ്യസാഹിത്യമാണ് ആ സ്ഥാനത്തു നില്ക്കുന്നത്. അതായതു, മനുഷ്യമനസ്സ് ഭാഷാപാത്രത്തിൽ അസ്വാതന്ത്ര്യാവസ്ഥയിൽനിന്നു സ്വാതന്ത്ര്യാവസ്ഥയിൽ പ്രവേശിച്ചു തുടങ്ങിയിരിക്കുന്നു. ഇങ്ങിനെയാണെങ്കിൽ, ക്രമേണ പദ്യമാർഗം തീരെ ഇല്ലാതായിപ്പോകുമോ? ഇല്ല. ഗദ്യകാരന്മാരെക്കാൾ ജ്ഞാനികളാണോ പദ്യകാരന്മാർ? അതും, ഏതിലും അല്ല.

മനുഷ്യസമുദായം ആ സ്വാതന്ത്ര്യാവസ്ഥയിലേക്കുള്ള പോക്കിൽ ഇപ്പോഴും പല പടികളിലായിട്ടാണ് നില്ക്കുന്നത്. ഇന്ന് ഏറ്റവും ഉയർന്ന പടിയിൽ നില്ക്കുന്നവരെയും മുമ്പ് ആ സ്ഥാനത്തു നിന്നവരെയും നോക്കിക്കാണാനാണ് സാഹിത്യവിഷയത്തിൽ ഞാൻ മേല്പറഞ്ഞവിധം അഭിപ്രായപ്പെടുന്നത്. അതാതു പടിയിൽ നില്ക്കുന്നവരെ സേവിപ്പാനായി അവരവരുടെ മനോഭാവത്തിന് അനുസരിച്ച തരത്തിലെ സാഹിത്യം പ്രയോഗിക്കേണ്ടതാകയാൽ,

ഇപ്പോഴും സാഹിത്യം പലരൂപത്തിൽത്തന്നെ വെളിപ്പെട്ടുകൊണ്ടിരിക്കും. ഉയൎന്നതരം സാഹിത്യത്തിൽ കീഴ്ത്തരയിൽ നില്ക്കുന്നവർ രസവും കാണുകയില്ല. ഉയൎന്ന പടിയിൽ നില്ക്കുന്നവർ കീഴ്ത്തരം സാഹിത്യങ്ങളെക്കണ്ടു കെറുവപ്പെടുകയല്ലാതെ ആക്ഷേപിക്കയില്ലതാനും. സാഹിത്യം ഉയൎന്നുയൎന്നു ഇപ്പോൾ ഗദ്യത്തിൽ എത്തിക്കഴിഞ്ഞു എങ്കിലും, താഴോട്ടു കീഴെ നോക്കിനോക്കിച്ചെല്ലുമ്പോൾ, അവിടെ ഗദ്യപദ്യമിശ്രങ്ങളും, പദ്യഗദ്യമായും കേവലപദ്യമായും, ഇങ്ങിനെ പല രൂപത്തിൽ സാഹിത്യം വിഹരിക്കുന്നതു കാണാം. പ്രപഞ്ചം ഏകരൂപത്തിൽ ലയിക്കുന്നതുവരെയും സാഹിത്യം, ഇങ്ങിനെ പല രൂപത്തിൽ അനേകമായിട്ടു കാണുകയുള്ളൂ. സംഗീതത്തിൽ രാഗാലാപംകേട്ടു അതിൽ മനസ്സു ലയിച്ചു ആനന്ദിക്കുന്ന സംഗീതരസികന്മാർ എത്ര ദുർല്ലഭമാണല്ലോ. താളവ്യവസ്ഥയോടുകൂടി പദങ്ങൾ പാടികേൾക്കുന്നതിൽ രസിക്കുന്നവരാണ അധികംപേർ. അതുപോലെ സാഹിത്യത്തിൽ പദ്യപ്രയോഗത്താൽ മനസ്സു ആവൎജ്ജിതമാകുന്നവരുടെ സംഖ്യയാണ ഇപ്പോഴും അധികം. അതുകൊണ്ടു പദ്യസാഹിത്യത്തിന്റെ പ്രാബല്യത്തിന് ഇടിച്ചിൽ തട്ടീട്ടുണ്ടെന്നു കരുതരുത്. പക്ഷേ, എന്നാലും ഉയൎന്ന നിലയിലായിരുന്ന പദ്യസാഹിത്യം ഇപ്പോൾ ഒന്നാം തരമെ പടി താഴെയായിപ്പോയിരിക്കുന്നുവെന്നും, അതിന്റെ ആ സ്ഥാനത്തു ഗദ്യസാഹിത്യമാണ് ഇപ്പോൾ നില്ക്കുന്നതെന്നും മാത്രമാണഭിപ്രായം. ഗദ്യമോ പദ്യമോ ഏതാണ് ഭാഷാഭിവൃദ്ധിക്ക് അധികം ഉതകുകയെന്ന ചോദ്യത്തിന് ഇതിലധികമൊന്നും പറയാതെ തന്നെ എന്റെ മറുപടി ഏതാണെന്നു വായനക്കാർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമല്ലോ.

കുന്നത്തു ജനാർദ്ദനമേനോൻ

ഞങ്ങളുടെ വായനശാല

1. രാമകൃഷ്ണീയം — (രണ്ടാം ഭാഗം; ബി. കല്യാണി അമ്മ ബി. എ. പ്രസിദ്ധപ്പെടുത്തിയത്. വില ൮ണ.)

പരേതനായ കെ. രാമകൃഷ്ണപിള്ള ബി. എ. പല വിഷയങ്ങളെപ്പറ്റി എഴുതിയ ഏതാനുമുപന്യാസങ്ങൾ ക്രോഡീകരിച്ചു് അച്ചടിച്ചിട്ടുള്ള ഒരു പുസ്തകമാണിത്. ഇതുപോലെ അദ്ദേഹത്തിന്റെ മറ്റുപന്യാസങ്ങളും 'രാമകൃഷ്ണീയ'ത്തിന്റെ ഉപരിഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുവാനാണ നിശ്ചയിച്ചിട്ടുള്ളത്. ആ ഗ്രന്ഥമാലയിന്റെ ഉപന്യാസങ്ങളെ സാഹിത്യവിഷയങ്ങൾ, പുസ്തകവിമർശനങ്ങൾ, ചരിത്രം, ശാസ്ത്രം, മുതലായവകളായും എന്നിതിനെ ക്രമപ്പെടുത്തി പ്രത്യേകഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തണമെന്ന 'ഉപദേശിക്കുന്ന സ്നേഹിതന്മാരുടെ' മതത്തിലാണ് അവരും ചെയ്തത്. പ്രസ്തുതപുസ്തകത്തിൽ ആദ്യത്തെ

ക്രമപ്പെടുത്തി വിന്യസിച്ചിരിക്കുന്നു. ചെ ളിട്ടില്ലെങ്കിലും, ഇതിലെ ഉപന്യാസങ്ങൾ പ്രായേണ വിലയുള്ളവയായിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. 'ചില ഭാഷാപ്പഴഞ്ചൊല്ലുകൾ' എന്ന ഉപന്യാസത്തിൽനിന്നു വിദ്യാർത്ഥികൾക്കു വ്യാകരണസംബന്ധമായും സാഹിത്യസംബന്ധമായും പലതും പഠിക്കുവാനുണ്ട്. 'ജ്യോതിഷം' മനസ്സിലിരുത്തി വായിച്ചുനോക്കിയാൽ, ശാസ്ത്രതന്ത്രസംബന്ധമായ പല തെറ്റിദ്ധാരണകളും തീരുന്നതാണ്. ശാസ്ത്രതന്ത്രത്തിൻ്റെ മൂലതത്വങ്ങളെ വിവരിക്കുന്ന ഇത്തരം ഉപന്യാസങ്ങൾ നമ്മുടെ സാഹിത്യത്തിൽ ദുർലഭം തന്നെയാണ്. മുഖകീർത്തനാദികളായ വലിയ കാര്യങ്ങളെപ്പറ്റി എഴുതുവാൻ തുടങ്ങുന്ന കുറിഞ്ഞിയാറ്റം ചില മലയാളപത്രാധിപന്മാർക്ക് ഈ 'ജ്യോതിഷം' ഒരു ഗുണപാഠമായിരിക്കട്ടെ. ചരിത്രവിഷയങ്ങളിൽ 'കേരളചരിത്ര'മാണു ഞങ്ങൾക്കധികം ബോധിച്ചത്. മാതൃഭൂമിയിൽ ചിലതിൽ കാലദേശഭേദങ്ങളൊന്നും വിഷയഗൗരവം കാണുന്നില്ല. ചെറിയ കാര്യങ്ങളെക്കൂടി രസാവഹങ്ങളാക്കിക്കൊണ്ടു വലുതാക്കിക്കാണിക്കുന്നതിൽ ഗോവിന്ദപിള്ളയുടെ ഇലിക്കട്ട് മനസ്സായാണെന്നറിയുന്നു. 'കരകൌശലം' എന്ന ഉപന്യാസത്തിൽ ഇതരകൈകളെക്കൊണ്ടും പണിയെടുക്കുന്നവർ ബുദ്ധിശക്തി കൂടും എന്ന തത്വത്തെ ഉപപാദിക്കുവാനാണ് ചെയ്തിട്ടുള്ളത്. ഇതിന്നാധാരമായി സവ്യസാചിയായ അർജ്ജുനനെയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ അർജ്ജുനൻ ബുദ്ധികൊണ്ടല്ലാതിരുന്ന വിശേഷാധിക്യം എന്ന സംഗതി ലേഖകൻ തീരെ ഉപപാദിച്ചിട്ടില്ല. ഞങ്ങളുടെ വായനക്കാർ ഉദാഹരിച്ചുകൊള്ളട്ടെ. ഒരുകൂട്ടരെ ഈ പുസ്തകം വിദ്യാർത്ഥികൾക്കും ചിലപ്പോൾ മറ്റുള്ളവർക്കും ഉപയോഗപ്പെടുമെന്നുള്ളതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

2. ഒരു കത്ത്, ഗദ്യരചനാരീതിയുടെ പര്യാലോചനം— (ഗ്രന്ഥകർത്താവ് വള്ളത്തോൾ നാരായണമേനോൻ, വില 8 ണ)

"തിരുവൈക്കത്തിലത്താഴം
മെഴുകും 'ശ്രീ' വിരിഞ്ഞോരെൻ,
പുരുഷോത്തമപത്നി ശോഭി—"

എന്നയച്ച ഒരു കത്താണ്, 62 പദ്യങ്ങളടങ്ങിയ ഈ ചെറുപുസ്തകത്തിലെ വിഷയം. അപാരമായ ശ്രേഷ്ഠതക്ക് അനന്തരമായുണ്ടാവുമെന്ന തത്വം ഇതിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഭക്തിനിറഞ്ഞ ശ്രീകൃഷ്ണനെ കൊടുക്കുന്നതിന്ന ഭക്തിവിശ്വാസ പാരമ്യത്തിനെപ്പറ്റി അഭിപ്രായത്തിന്നനുസരിച്ച ഭാവങ്ങൾ ഇതിൽ നന്നായി ധ്വനിക്കുന്നുണ്ട്.

"പെട്ടെക്കുമൊഴുകിട്ടിടന്ന പൂ-
വൊട്ട നേരാകിയ നിൻ മുഖത്തെയോ!
കട്ടിതന്നമാഷങ്ങളാൽ
ചുടുകണ്ണീരിൽ മറുമലർ വിട്ടിതോ!
"പഴുതെവഴി ഞാൻ പുലമ്പിടം
പൊഴുതൊന്നുമുത്തുമുഖം കനിച്ചുനീ
തൊഴുകയ്യോടു നിന്ന നില്പതോ-
ർത്തൊഴുകുന്നു മമ ചുടുകണ്ണുനീർ"

എന്നു മനോഹരമായ പദ്യങ്ങളിൽ വ്യഞ്ജിക്കുന്ന ഭാവം സഹൃദയന്മാരുടെ ഹൃദയത്തെ ആർദ്രമാക്കാതിരിക്കയില്ല.

"കളിർപൂന്തിരി തൂകിയും മുല-
ങ്ങളിലുമായേകങ്ങൾ ചിന്നിയും
കളിയാടിയിരുന്നതിന്നിതാ-
ങ്കളിർമഴയിലപ്പുഴമേൽപ്പുളഞ്ഞുതാൻ"
"അകവും വളവും കിലുങ്ങുമാ-
റിളയിൽപ്പിച്ചുനടന്നപോതൽനി
വിളയാടുവതുണ്ടിവന്റെയുമ-
കളമാം കണ്ണിനു മുമ്പിലിപ്പൊഴും"

ഇത്യാദി പദ്യങ്ങളിൽ സ്ഫുരിക്കുന്ന വാത്സ

ല്യം പ്രത്യം സ്വാഭാവികമായിരിക്കുന്നു. എന്നാൽ, അങ്ങനെയൊട്ടു നല്ല രസമില്ലാതെ കാലം കഴിഞ്ഞിട്ട് — തയിണിയുടെ വിവാഹം മുതൽ തൽപുത്രന്റെ വിവാഹകാലമാവുന്നതുവരെ കഴിഞ്ഞിട്ട് — തയി ഇത്ര പ്രത്യക്ഷമായി സഹോദരിക്കയയ്ക്കുന്ന ഈ കത്തിൽ, തന്റെ അനുതാപം മാത്രം കാണിക്കുന്നതല്ലാതെ 'തൻകാര്യം' (തന്റെ മകളെ തയിണിപുത്രനെക്കൊണ്ടു വേൾപ്പിക്കണമെന്നു) കൂടി കാണിച്ചതു അത്ര സ്വാഭാവികമായി എന്നു വായനക്കാർക്കു തോന്നുമോ എന്നു സംശയമാണ്. ഇതു നിമിത്തം അതിനു മുമ്പുള്ള അനേകം ദൃശ്യ പക്ഷങ്ങളിൽനിന്നു വ്യക്തമാകുന്ന തയിയുടെ അനുതാപം ഒരു കപടാനുതാപമാണെന്നു വായനക്കാർ സംശയിച്ചേക്കാം. ഏറ്റമായ ഈ ചെറുപുസ്തകത്തിന്റെ കർത്താവിനെ ഞങ്ങൾ അഭിനന്ദിക്കുന്നു.

പലവക

അറുപതിനായിരം സംവത്സരത്തിനിടയിൽ പ്രത്യക്ഷപ്പെടുന്ന ഒരു വാൽനക്ഷത്രം നമ്മുടെ ഭൂമിയോടടുത്തുവരുന്നുണ്ടെന്നു് ഇനിക്കുന്നാടി മുഖാന്തരം ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഇപ്പോൾ ഇതിന്റെ സ്ഥിതിഗതികളെ ആരാഞ്ഞുവരികയാണ്. ഇതുവരെ കാണപ്പെട്ടിട്ടുള്ളതിലേക്കു വലിയ വാൽനക്ഷത്രം 'ഹാലിസ്' വാൽനക്ഷത്രമാണല്ലോ. ഇതു അതിനെക്കാളും വളരെ വലുതായിരിക്കും. അടുത്ത ഡിസംബർമാസത്തിലാണ് ഇതു ഭൂമിയോട് ഏറ്റവും അടുത്തുവരുന്നത്. അപ്പോൾ നമ്മുടെ മാംസചക്ഷുസ്സുകൾക്കു ഇതു ദൃശ്യമാകുന്നതാണ്. ആ സമയം ഭൂമിയും ഈ നക്ഷത്രവുമായുള്ള ദൂരം 16 കോടി 40 ലക്ഷം മൈൽ ആയിരിക്കുമത്രെ. ഇതു വളരെ അകലത്തിലാകയാൽ, ഒരു ദൂരദർശിനിപ്രകാരമേ മാത്രമേ അപ്പോഴും നമുക്കു ദൃശ്യമാകയുള്ളൂ. ഈ നക്ഷത്രം പ്രതിദിനം 11 ലക്ഷത്തി 84,000 മൈൽ വീതമാണ് യാത്രചെയ്യുന്നത്.

(ക. ക.)

* * *

കീർത്തിലേശം എന്ന അലങ്കാരഗ്രന്ഥത്തിന്റെ ഒന്നാംഭാഗം മുമ്പൊരിക്കൽ 'മംഗളോദയ'ത്തിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിയിരുന്നതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. ആ വിശിഷ്ടഗ്രന്ഥം മുഴുവൻ തയ്യാറാക്കി ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയാൽ അതു കേരളഭാഷയ്ക്കു ഒരു നല്ല അലങ്കാരമായി വരുമെന്നുള്ളതിന്നു സംശയമില്ല. ഇയ്യിടയിൽ തിരുവനന്തപുരത്തു ഒരു സാഹിത്യരസികൻ ഈ വിശിഷ്ടഗ്രന്ഥം പരിശോധിപ്പിക്കുന്നതായി കേട്ടു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. പക്ഷേ ആ പുസ്തകം ആർക്കും കൊടുക്കുകയില്ലെന്നു നിശ്ചയിച്ചിരിക്കുന്നതറിഞ്ഞു വ്യസനിക്കയും ചെയ്യുന്നു. പ്രാചീനഗ്രന്ഥങ്ങളെ പുറത്തുകാണിക്കാതെ പൂട്ടിവെച്ചു പിടിച്ചുവെച്ചിരിക്കുന്ന പഴമക്കാർ ഇങ്ങനെ ചെയ്യുന്നവർ അന്യേ; എന്നാൽ അവ തൊട്ടുകൂടി പുറത്തുകാണിക്കാതെ വെച്ചിരിക്കുന്നവരെ നാമറിയുമ്പോൾ പഴക്കാരുടെ പേരിൽ ബുദ്ധിമാന്ദ്യമെന്നു തോന്നുന്നത്. ഇതാരെക്കൊണ്ടാണു മാപ്പർഹിച്ചു സഹായിക്കുന്നവർ!

* * *

ജ്വാലാവതീരാമകുമാരം

രണ്ടാംഭാഗം

രണ്ടാമങ്കം

രാമ—(ആത്മഗതം) ഇനിയും പറയുന്നതെല്ലാം കേൾപ്പാനായി മിണ്ടാതെ ഇരിക്കയോ? അതല്ല, ഇപ്പോൾതന്നെ ഉത്തരം പറകയോ എന്താണ് നല്ലത്!

ജ്വാലാ—നാമധേയം മാത്രമാണ് എന്റെ വൈരി. മന്ദാഗ്നിവംശ്യനല്ലെങ്കിലും സ്വാതന്ത്ര്യമായ ഗുണം മാറിപ്പോകയൊ? മന്ദാഗ്നി എന്നു വെച്ചാൽ എന്താണ്? അതു മനുഷ്യനുള്ള പാദമോ വക്ഷസ്സോ എന്തെങ്കിലുമൊന്നാണോ? വേറെ വല്ല പേരും ധരിക്കുന്നതിനെന്താണു ഭയം? നാമധേയംകൊണ്ടെന്താണ് വരുവാനുള്ളത്? പനിനീർ പുഷ്പത്തിന് എന്തു പേര വിളിച്ചാലും അതു പനിനീർ പുഷ്പം തന്നെ. അതിന്റെ സ്വതേയുള്ള വാസന പോകുകയില്ല. '[illegible]' എന്ന പ്രമാണം ഉണ്ടല്ലോ. അതിനാൽ രാമകുമാരനെന്ന നാമധേയം പോയാലും ആ നാമധേയം വഹിച്ച ധന്യപുരുഷന്റെ സ്വതസ്സിദ്ധമായ ഗുണങ്ങൾ പൊയ്പോകയില്ല. പ്രാണപ്രിയ! മന്ദാഗ്നേയത്വം പ്രദർശിപ്പിക്കുന്നതായ ആ നാമധേയം കളയേണമെ. ആ നാമധേയംകൊണ്ടു നഷ്ടത്തിനു പ്രതിഫലമായി ഇതെന്നെ എന്റെ സർവ്വവും അങ്ങേക്കു എടുത്തുകൊൾക.

—(പ്രകാശം) പ്രണയിനീമണേ! നീ പറഞ്ഞപ്രകാരം തന്നെ ഞാൻ സ്വീകരിക്കുന്നു.

പ്രിയതമനെന്നൊരുനാമധേയമെൻ-
പ്രിയതമേ നീ കനിവിൽ നൽകിയാൽ ഞാൻ
അഭിഷിക്തനായതായ് ഉടനേതാനോ
നവമതാം നാമമേറ്റുകൊണ്ടിടാം.

ജ്വാലാ—(പ്രകാശം) രാത്രിയിൽ ഒളിച്ചുനിന്ന് എന്റെ ഹൃദയരഹസ്യങ്ങളായ വിലാപങ്ങളെ കേട്ട് ഉത്തരം പറയുന്ന താൻ ആരാണ്?

രാമ—എന്റെ നാമധേയംകൊണ്ടു ഞാൻ ആരെന്നാണ് അറിയിക്കേണ്ടത്? ഞാൻ ധരിക്കുന്ന പേർ എനിക്കുതന്നെ ശത്രുവായിത്തീർന്നിരിക്കുന്ന പേരാണ്. എന്തുകൊണ്ടെന്നാൽ ആ പേരും ഭവതിയും തമ്മിൽ ശത്രുക്കളാണ്.

ജ്വാലാ (ആത്മഗതം) ആ ധന്യനാവിൽനിന്നു പൊഴിയുന്ന വചനാമൃതം ഒരു [illegible] മാത്രമേ ഞാൻ ആസ്വദിച്ചിട്ടുള്ളു എങ്കിലും ആ ശബ്ദമാധുര്യം ഞാൻ നല്ലവണ്ണം വിശേഷമായി അറിയുന്നു. (പ്രകാശം) ഭവാൻ മന്ദാഗ്നിവംശജനായ രാമകുമാരനല്ലേ?

രാമ—നിനക്കു വിരോധമാണെങ്കിൽ അല്ല.

ജ്വാലാ—എങ്ങിനെ, എന്തിനായിട്ടു ഇവിടെ വന്നു? ഈ ഉദ്യാനവാടിയുടെ മതിൽ ഉന്നതവും ചാടിക്കടപ്പാൻ പ്രയാസപ്പെട്ടതും ആണല്ലോ. എന്നു തന്നെയല്ല ഭവാൻ ഇന്ന ആളാണെന്നു മാൽബന്ധുക്കൾ ആരെങ്കിലും ഭവാനെ കണ്ടാൽ പക്ഷം ഈ സ്ഥലം മരണസ്ഥലമായിത്തീരും.

രാമ — ചെമ്പഴ്ക്കിനീക്കാതെ!
ഒപ്പമൊരാനാസക്തമായ ചിറകിൻസമയം ? കാമോത്തനാകമേകീമദിലൊപ്പം ചാടി (ൽ പ്പരാനിനി സ്വതന്ത്രിക്കുനന്ദമാകേ സീമാചിഹ്നിനാലുള്ളതുമാണു വോലും:-

കാമലീതന്നതാംമൊഴ്യാൾ
ശൃംഗാരതരസ്സോമം
ക്രമത്തിൽസാമ്യമാക്കിട്ടും
സ്വസ്ഥ്യമില്ലാത്തതാണെ

അതിനാൽ മതിയുടെ ആനുകൂല്യത്തെ കൂടെ തരണം എനിക്ക് സാധാരണ മല്ല.

ശാരദ — അവർ തമ്മിൽ കണ്ടുമുട്ടിയ കൊണ്ടാകരുതോ.

രാമ — ഹാ കഷ്ടമായി!!

നിർഭാഗ്യത്തിന്റെ ചൊല്ലും,
തൻപ്രാണമതിനെ ചൊല്ലുവാൻ
സന്തോഷമായ വാക്യം
മനസ്സിനുണ്ടാവാനാണ്!

എന്നതാണ്‌ [illegible]

[illegible]
[illegible]
[illegible]
[illegible]

ശാരദ — അവർ തമ്മിൽ കണ്ടുമുട്ടാതെ കഴിഞ്ഞാലും ഈ ലോകം മുഴുവനും എനിക്ക് കിട്ടിയാലും തീരുന്നതല്ല.

രാമ — അവർ കാണാതെ കഴിഞ്ഞിരിപ്പാൻ ഞാൻ ഒരു നിശ്ചയമുള്ളതായും ധരിച്ചിട്ടുണ്ട്. എനിക്ക് മതിക്ക് അവരോടുള്ള സ്നേഹത്തിൽ അവർ കണ്ടു വേണ്ടതു ചെയ്യുന്നതാണ് നല്ലത്. നിന്റെ അനുരാഗത്തെ വിടുപ്പാൻ തക്കവണ്ണം എനിക്ക് ശക്തിയില്ല. വല്ലതും എന്റെ പ്രിയയെ കണ്ടു കഴിയുന്നതിനു മുമ്പ് ശത്രുക്കളെ മാത്രമല്ല വിശ്വാസത്തിൽ എന്റെ പ്രാണഹത്യ ചെയ്യുകയാണ് ഉത്തമം.

ശാരദ — ആരാണ് അങ്ങേക്ക് ഈ സ്ഥലം കാണിച്ചത്?

രാമ — കാമദേവൻ — ആ കാമദേവനാണ് ആദ്യം അനേകം തടസ്സങ്ങളിൽ എന്നെ പ്രോത്സാഹിപ്പിച്ചത്. അവൻ എനിക്ക് ഉപദേശം തന്നു. അതിനു പകരം ഞാൻ അവനു കണ്ണിനെ കൊടുത്തു. ഞാൻ ഒരു കപ്പലോട്ടക്കാരനല്ലെങ്കിലും ഇത്ര ദൂരമായ കര സമുദ്രത്തിലുള്ള ദ്വീപിലായാലും ഇതുപോലെയുള്ള പാരം ശമിക്കുന്നതിനുകൂടി എനിക്ക് മടിയില്ല.

ശാരദ — എന്റെ മുഖം ഇരുട്ടാണല്ലോ മൂടപ്പെട്ടിരിക്കുന്നു. അല്ലായിരുന്നെങ്കിൽ തന്റെ എന്റെ പ്രേമത്തിനെ പറ്റി കേട്ടതുകൊണ്ട് എനിക്കുണ്ടായ ലജ്ജമൂലമുള്ള വിവർണ്ണതയായ വികാരത്തിനെ എന്റെ മുഖത്തിൽ സ്പഷ്ടമായി കാണപ്പെടുമായിരുന്നു. മര്യാദ അനുസരിച്ച് ഞാൻ മുമ്പ് പ്രവൃത്തിച്ച് പറഞ്ഞത് ഒക്കെ ഞാൻ കാട്ടിയ ഗോഷ്ഠികളെ നിഷേധിക്കയാണെങ്കിൽ അത് എനിക്കായി ട്ടു ഈ സമയത്തിൽ ലൗകിക സമ്പ്രദായം ലംഘിക്കയേ നിവൃത്തിയുള്ളൂ. അല്ലയോ ധന്യതമനായ പുരുഷരത്നമേ! അങ്ങു എന്നെ സ്നേഹിക്കുന്നുണ്ടോ? അതു "ഉണ്ടു്" എന്നു പറയുമായിരിക്കാം. അത് ഞാൻ വിശ്വസിച്ചാൽ പിന്നെ സത്യം ചെയ്യാതെ വന്നാൽ പോലും അതു കളവായി തീരും. പ്രേമത്തിനുള്ള കള്ളസത്യങ്ങളെ പരിഹസിക്കുമത്രേ എന്നാണല്ലോ. കാമുകന്മാരുടെ മിഥ്യാസത്യങ്ങളെ കേട്ടിട്ട് ജൂപ്പിറ്റർ ചിരിക്കുമെന്നാണല്ലോ. ഹാ, പ്രാണനാഥ! അങ്ങു നിശ്ചയമായി എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ അതു സത്യമായി പറഞ്ഞാലും. അതല്ല, എന്നെ അനായാസം കരസ്ഥമാക്കാൻ വേഗത്തിൽ വശപ്പെട്ടുപോയി എന്നു അങ്ങേക്കു തോന്ന

ന്ന പക്ഷം ഞാൻ സാധാരണ ലൌകി കരീതിയെ അനുസരിച്ച് അല്പം വൈ മനസ്യം കാട്ടി പ്രതിഷേധാത്മകവൃ ത്തി പ്രകടിപ്പിച്ചു എന്നാലവളോട് അവ ലംബിച്ചു നില്ക്കുന്നതെങ്ങനെയാണ്? അ ല്ല ഞാൻ ഇത്രമാത്രം മുഴുവനും കി ട്ടിയെന്നുവരികിലും ചെയ്യുന്നില്ല. മനഃ സ്ഥൈര്യമില്ലാത്തവനല്ല! എൻ്റെ ഹൃദയം അ ത്ര സാധാരണാതീതമായ പ്രണ യപാരവശ്യത്തോടുകൂടി വർത്തിച്ചിരിക്കുന്നു. അതുകൊണ്ടു എൻ്റെ ചേഷ്ടകളും അ സാധാരണമായി പോയെന്നു വന്നേക്കു മെന്നാണ വഴിയുള്ളത്. എന്നാൽ ഒരു കാര്യം മുഖ്യമായി വിചാരിച്ചുകൊള്ളുക. ഹൃദയചാപല്യം കാട്ടുവാൻ ലൌ കികന്മാരെപ്പോലെ എനിക്കുമില്ല. എന്നു മാത്രം അധികം നിത്യമായ പ്രണയ നിഷ്ഠ എന്നിൽ ഉണ്ടെന്നു കാണുമാറാ കം. എൻ്റെ ഹൃദയത്തോടൊന്നു ചേർന്നു പ്രണയവൈചിത്ര്യത്തിനു സംഗതമായ ചാപലവിലാപങ്ങളെ കേട്ടിട്ടില്ലാത്തതിനാ ലെന്നു കേട്ടിട്ടു പ്രണയപാഠം ഈ വാ ക്കിനു എനിക്കു സംഗതിയില്ലായിരുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ വല്ല അ പരാധവും വന്നുപോയിട്ടുണ്ടെങ്കിൽ അ തു ക്ഷമിച്ചു, ഈ ഭേദാതിവിശിഷ്ടമായ പ്ര ണയ വൈവശ്യം ശരിയായറിഞ്ഞുകൊ ള്ളുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

രാമ — സ്നേഹിതാ! ഈ വൃത്താന്തങ്ങളെല്ലാം ധവളിതമാക്കുന്ന ധന്യവിഗ്രഹനായ ചന്ദ്രനാണെ സത്യം! ഞാൻ —

ജ്വാലാ — ചപലസ്വഭാവനായ ചന്ദ്രനെ പിടിച്ചു സത്യം ചെയ്യരുതേ. ഈ ച ന്ദ്രൻ മാസംതോറും ക്ഷയവും വൃദ്ധിയും സിദ്ധമാണല്ലോ. അതിനാൽ ചന്ദ്ര നെ പിടിച്ചു സത്യം ചെയ്താൽ അതു പോലെ അങ്ങയുടെ പ്രണയവും അ സ്ഥിരമായേക്കാം.

രാമ — എന്നാൽ ഞാൻ എന്തിനെ ചൊ ല്ലിയാണ് സത്യം ചെയ്യേണ്ടത്?

ജ്വാലാ — സത്യം ചെയ്യേണ്ടതേ ഇല്ല. അതു കൂടാതെ കഴിയുമെ എന്നുള്ള പക്ഷം ധന്യശ്രീനിവാസമൂർത്തിയായ അ ങ്ങയെത്തന്നെ പിടിച്ചു ആണയിട്ടാൽ മതി. ആ ധന്യവിഗ്രഹമാണ് എ ൻ്റെ ഇഷ്ടമൂർത്തി. ആ മൂർത്തിയെ പിടി ച്ചു സത്യം ചെയ്താൽ എനിക്ക് പൂർണ്ണ വിശ്വാസമാണ്.

രാമ എൻ്റെ പ്രണയിനിയായ ആരോ മൽ ഒരുത്തീ!

ജ്വാലാ — വേ സത്യം ചെയ്യേണ്ടതില്ല. അങ്ങയുടെ ദർശനം എനിക്ക് പരമാ നന്ദപ്രദമാണെങ്കിലും ഇന്നത്തെ ഈ പ്രണയശപഥം എനിക്ക് സന്തോഷ പ്രദമായി വരുന്നില്ല. എന്തുകൊണ്ടെ ന്നാൽ ഇതു അതി സാഹസമായും ആ ലോചിക്കാതെയും മിന്നൽപിണർ പോലെ അത്യന്തം ക്ഷണികമായും ഇരി ക്കുന്നു. കല്യാണമൂർത്തിയായ എൻ്റെ പ്രാ ണനാഥ! പൊയ്ക്കൊൾക. നാളെ വരു മല്ലോ ആര്യനായി. 'പുനർദൃഷ്ടപരിതം സമാഗമം'

അന്യോന്യമാശ്ലേഷിച്ചുകൊണ്ടിവർ വേഗമോടെ
വന്നിരുന്നു ഗാന്ധർവപ്രണയസ്വാദനം
എന്നും സമാഗമവിശേഷത്തോടനുമോദിത

(മതിൽ

ചാടിപ്പോകുന്നു.)

ഓട്ടിരാത്രിയാസ്വദിക്കുമാറാകട്ടെ പ്ര
ണയകളുംകൂടി ചേർന്നു
കാലാനുഭൂതിയാലും
വന്നിടേണം സമാധാനം
നിത്യമാനസസൌഖ്യം.

രാമ — എന്നെ ഇങ്ങിനെ അതൃപ്തനായിട്ട ചാഞ്ചല്യയാക്കിയോ?

ജ്വാലാ — ഈ രാത്രി എന്തുതൃപ്തിയാണ് ഞാൻ തരേണ്ടത്?

രാമ — എൻ്റെ പ്രതിജ്ഞയ്ക്ക് ഉത്തരമാ യിട്ടു ഭവതിയുടെ പ്രണയത്തെപ്പറ്റിയു ള്ള കുറച്ചു സത്യശപഥം തരണം.

ജ്വാലാ — അങ്ങ് ആവശ്യപ്പെടുന്നതിനു മു മ്പുതന്നെ ഞാൻ അതു തന്നല്ലോ.

എന്നാലും പുതുതായി തെളുകി തന്നതിന് എന്റെ മനസ്സു സന്തോഷമാണ്.

[illegible]— ഇതെല്ലാം തന്നത്തന്നിക്കായോ? അതെന്തിനാണ്? എൻ്റെ പ്രാണപ്രിയേ!

[illegible]— ഞാൻ ഇതു പറഞ്ഞു തന്നതിന്റെ സന്തോഷമാണ്. എനിക്കു അത് എത്രതന്നെ ആയാലും തീരുന്നതല്ല. എന്റെ പ്രണയമെന്ന ഒരു അപാരസമുദ്രമാകയാൽ അതിൽനിന്ന് എത്രതന്നെ എടുത്താലും ഒരു കുറവു കാണുകയില്ല. അതുപോലെതന്നെ എന്റെ പ്രേമവും ഒരു ഭാഗ്യപൂർണ്ണമായിരിക്കണം. എടുത്താൽ കുറികയില്ല 'പൂർണ്ണാത്പൂർണ്ണമെടുത്തിട്ടും പൂർണ്ണംതന്നെ ശേഷിക്കുന്നു' എന്ന ശ്രുതിവചനം ഓർക്കുക—

(ദാസി അകത്തുനിന്നു വരുന്നു)

ദാസി— അകത്തുനിന്നു ചില ശബ്ദം കേൾക്കുന്നു. പ്രിയതമേ! ഞാൻ പോട്ടെ.

ഇതാ വരുന്നു ദാസി പ്രിയനായ ഭാഗ്യപ്രഭോ! പ്രണയസംഭാഷണമെല്ലാം അവസാനിക്കുന്നു. (സഖേദം) അല്പം കൂടി അവിടെ നില്ക്കണേ! ഞാൻ ഉടനെ മടങ്ങി വരാം. (അകത്തേക്കു പോകുന്നു)

[illegible]— ഹാ! ഈ രാത്രി എന്നാലും ധന്യമല്ലതന്നെ. സംശയമില്ല. ഞങ്ങൾക്കു സംഭവമുള്ളു. ഇതു രാത്രിയാകയാൽ ഇന്നു കണ്ടതെല്ലാം സ്വപ്നമോ, മായയോ എന്ന് ഒരു സംശയം. മറ്റു പലതായതുകൊണ്ടും ഒരു സമാഗമം സ്വപ്നത്തിലല്ലാതെ അനുഭവമാകുമോ?

(ചന്ദ്രലേഖ വീണ്ടും പ്രവേശിക്കുന്നു)

[illegible]— പ്രിയ ഭർത്താവേ! ചിരിയുന്നതിനു മുമ്പുതന്നെ എനിക്കു പറവാനുണ്ട്. അതിന്റെ ശേഷം പൊയ്ക്കൊള്ളുക. അങ്ങേക്ക് എന്നിലുള്ള അനുരാഗം സത്യമായിട്ടുള്ളതാണെങ്കിലും, എന്റെ പാണിഗ്രഹണത്തിന് അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിലും നാളെത്തന്നെ എനിക്കു ആ വിവരം അറിയിച്ചുതരണം. നാളെ ഞാൻ ഒരു ദൂതനെ അയയ്ക്കാം. പാണിഗ്രഹണം എപ്പോൾ, എവിടെവെച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന വിവരം അവനോടു പറഞ്ഞയയ്ക്കണം. പാണിഗ്രഹണാനന്തരം എന്റെ സർവസ്വവും അങ്ങയുടെ പാദങ്ങളിൽ സമർപ്പിച്ച് അങ്ങയുടെ സഹധർമ്മചാരിണിയായി ഞാൻ ലോകം മുഴുവനും എന്നപോലെ സഞ്ചരിക്കുവാനും ഒരുങ്ങിക്കൊള്ളാം.

ദാസി (അണിയറയിൽ) കൊച്ചമ്മേ!

[illegible]— ഇതാ ഞാൻ എത്തിപ്പോയി (അണിയറ) എന്റെ സമാഗമത്തിലുള്ള വിശേഷം വിടണം. അതിനാൽ ഞാൻ ദുഃസ്വപ്നത്തിൽ മറന്നാലും, എന്നാലും വേണ്ടതില്ല. രണ്ടാമതും അതു അറിയിച്ചുതരണം.

[illegible]— അതിനു എനിക്കു മറ്റുള്ളവരോടുള്ളത്.

[illegible]— ഇതിലും പ്രാവശ്യം എന്റെ പ്രാണപ്രിയനോടു യാത്ര അയച്ചിട്ടും പിരിയാതെപോയതിൽ മനസ്സുവന്നില്ല.

(എന്ന പറഞ്ഞുപോകുന്നു)

[illegible]— ആയിരം പ്രാവശ്യം യാത്ര പറഞ്ഞാൽ ആയിരം വട്ടം വിയോഗമായി തീരുമെന്നോ! കാമുകൻ തന്റെ പ്രണയിനിയെ പിരിഞ്ഞുപോകുന്നതു കുട്ടികൾ സ്കൂൾ വിട്ടു ഓടുന്നതുപോലെ സന്തോഷത്തോടെ സ്കൂളിലേക്കു പോകുന്നതുപോലെയാണ്. എന്നാൽ പ്രണയിനിയെ കാണാൻ പോകുന്നതു സ്കൂൾ കുട്ടികൾ പാഠം കഴിഞ്ഞു കളിപ്പാൻ പോകുന്നതുപോലെ.

മംഗളോദയം

൧൦൮൨

പുസ്തകം ൯ | കുംഭം | ലക്കം ൧

മംഗളം

പൂമ്പട്ടും പൂന്തുകിൽ പ്രസൃതികരതിലിളംപോതവും ചാരുകാന്തി,
കാന്ത്യാവുംകാളി ചന്ദനതിലകവും മണിമാലയും ചേർത്തണിഞ്ഞ്
ആനന്ദിപ്പിച്ചിടുന്നപുണ്യാക്ഷരമണിമണിയായ് പുസ്തകമാനൊണ്ണുന്നിത്യം
ഭാവത്യംപൂർണ്ണയാം മലർമിഴിയാമമ്മയാമ്പികയെക്കുമ്പിടുന്നേൻ.

ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ.

ഭാഷാനൈഷധചമ്പു



കേരളസാഹിത്യത്തിലെ ഒരത്ഭുതവസ്തുവാണ് ഭാഷാനൈഷധചമ്പു. ഏതെങ്കിലും ഈ ചമ്പുപ്രബന്ധത്തിലെ ആദ്യപദ്യം വായിച്ചുകഴിഞ്ഞാൽ പുസ്തകം മുഴുവൻ വായിച്ചു തീർക്കാതെ വിരമിക്കുവാൻ ആരു സഹൃദയനെങ്കിലും സാധിക്കുമെന്നു തോന്നുന്നില്ല. ആ ഗ്രന്ഥത്തിലെ 'ഖേദമാകുന്ന ശോധിക്കനോത്തനായാട്ടു കാന്താരത്തിലിറങ്ങുന്ന പന്നൻകുമാരി' എന്ന അനവരതസേവനത്താൽ അമരത്വം പ്രാപിച്ചു കവിസാർവ്വഭൗമന്മാരും സഹൃദയരായ കവിതാഭ്രമക്കാരും വായനക്കാരിലെല്ലാവരും ഈ പ്രബന്ധത്തിലെ ഏതു ഭാഗവും കിടന്നു കളിക്കാറുണ്ട്. മണിയും പ്രവാളവും അതിചാതുര്യത്തോടെ ചേർത്തു കോർത്തിണക്കിയ ആഭരണത്തിന്റെ ശോഭാപൂർണ്ണമായ ഗ്രന്ഥം ഒന്നു വേറെ തന്നെയാണ്. ഗ്രന്ഥത്തിന്റെ കവിതാഗുണങ്ങളിൽ ചിലതെങ്കിലും വിവരിക്കുവാൻ പുറപ്പെടുന്ന ഈ

ലോചകൻമാർ സാധാരണ വായനക്കാർ [illegible] വിശ്വസിക്കുന്നു.

കവി വിചാരിക്കുന്ന അർത്ഥത്തെ ചമൽക്കാരത്തോടു കൂടിയും രസകരമായും വിവരിക്കുന്നതാണ് കവിത. ആ അർത്ഥത്തെ വിശദീകരിക്കുവാൻ കവി ഉപയോഗിക്കുന്ന വാക്കുകൾ തന്നെ മറ്റുള്ളവർക്കും ഉപയോഗിക്കുവാൻ സാധിക്കും. എന്നാൽ അവയുടെ വിന്യാസത്തിലും കല്പനാശക്തിയാലും കവി [illegible]. [illegible] വർണ്ണിക്കുന്നതു നോക്കുക:—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ഇതിൽ 'കനിപ്രായം [illegible]' എന്നതുവരെ കാണിച്ച [illegible] സ്ഫുടീകരിക്കുന്നതിലാണ് കവിയുടെ വാസന [illegible]. ഇതിനോടുള്ള [illegible] 'ഈ [illegible]' എന്നതുപോലെ അനേകം പ്രകാരത്തിൽ ഒരു വാക്യം സൃഷ്ടിക്കാം. പക്ഷേ കവിയുടെ പ്രതിഭ [illegible] 'ശ്യാമളപ്പൂങ്കുഴലിയായ [illegible]' എന്നാണ് കവി പറയുന്നത്. ഇങ്ങനെയുള്ള വാക്യത്തിൽ ഈ ഉപസംഹാരം കാണുമ്പോളാണ് നമ്മുടെ മനസ്സു തുള്ളിക്കളിക്കുന്നത്. ഇതിലാണ് കവിത്വം വിളയാടുന്നത്. എന്തു വാസ്തവം! ആ പെൺകിടാവിനെ [illegible] കണ്ടവരുടെ മനസ്സിൽ എന്നും ആ രൂപം തോന്നുമെന്നു കവി പറയുന്നില്ല. പക്ഷേ, ഒരിക്കലും കാണാത്ത നമ്മുടെ മനസ്സിൽക്കൂടി കവിപ്രതിഭാപ്രതിബിംബിതമായ ആ രൂപം എല്ലായ്പോഴും തോന്നുന്നു. ഇതിനെന്നും [illegible]. ഇതാണ് കവിയുടെ ശക്തി!

[illegible] വർണ്ണിക്കുന്നതു നോക്കുക:—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] ഈ [illegible] 'ശൈശവം [illegible]' എന്നതിൽ ഒരു വാക്യമാണ് കവി ഉപയോഗിക്കുന്നത്. ഈ അവസ്ഥയെ നമ്മുടെ മനസ്സിൽ പതിപ്പിക്കുന്നതിന് ഇതിലധികം ശക്തിമത്തായ ഒരു വാക്യം എളുപ്പം കിട്ടുമെന്നു തോന്നുന്നില്ല.

ശൈശവം [illegible] 'താരുണ്യ [illegible]' [illegible]

ന്ന എന്താണ് ഒന്നാമത്തെ പദ്യത്തിൽ കാണിക്കുന്നത്:—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ഒരു സുന്ദരിയായ കന്യകയുടെ രൂപമാണ് വർണ്ണിച്ചിട്ടുള്ളത് ഈ പദ്യത്തിൽ ഒരു ഭംഗിയുള്ള ചിത്രത്തിലെന്നപോലെ കാണുന്നു. ഇതു വായിക്കുമ്പോൾ സർവ്വാംഗ വൈലക്ഷണ്യത്താൽ അസംപൃക്തങ്ങളായ അവയവങ്ങളോടുകൂടിയ … കാർമുകങ്ങളോടും, തമ്മിൽത്തിക്കിത്തിരക്കുന്ന സ്തനയുഗങ്ങളോടും കൂടിയ ദമയന്തിയുടെ കോമളരൂപം ഏതു സഹൃദയന്റെ മനോമുകുരത്തിലാണ് പതിയാത്തത്!

ഇതിലെ അന്തർഭാവിതങ്ങളായ ചിത്രസമൂഹങ്ങളായി കാണിച്ച വർണ്ണനകളോടെ ഹൃദയത്തിൽ പതിപ്പിക്കുന്ന പദ്യങ്ങളും ഇതിൽ സുലഭമാണ്. ഗദ്യങ്ങൾക്കും ഈ വിഷയത്തിൽ ഒട്ടും അശക്തിയില്ല. ഇതിലെ ഗദ്യത്തിനും പദ്യത്തിനുമായാൽ ഏതിനാണു ഹൃദ്യതയധികം എന്നു ചോദിക്കുന്നവർ ദമയന്തിയുടെ 'തമ്മിൽത്തിക്കിത്തിരക്കുന്ന' സ്തനങ്ങളിൽ ഏതാണ് ശ്രേഷ്ഠത് എന്നുകൂടി ചോദിക്കും. സംഗീതാത്മകമായ രണ്ടാമത്തേതാൽ സഹൃദയഹൃദയത്തിൽ ഒരു [illegible] പദ്യം ഗദ്യത്തേക്കാൾ ഒട്ടും കുറഞ്ഞ താണെന്നുള്ളതിനു സംശയമില്ല. പക്ഷേ ചമ്പുപ്രബന്ധങ്ങളിൽ ഗദ്യങ്ങൾക്കും പദ്യങ്ങൾക്കുമുള്ള ഗീതസൗകര്യങ്ങളും ഉള്ളതിനാൽ പ്രകൃതത്തിൽ അവയ്ക്കു തമ്മിൽ [illegible] പറഞ്ഞുകൂട. നളന്റെ 'മന്മഥശരമെന്നോടുപാടപോയതിടും മധുര അരാകൃതി' കണ്ടു 'മനസ്സിളകുന്ന മനസ്സുമായി' … വിചാരിക്കുന്നതെന്താണ്?

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ഈ ഗദ്യത്തിൽ നിന്നു നളനോടാഗ്രഹിക്കുമായ സ്ത്രീകൾക്കുള്ള രതിഭാവം എത്ര ഹൃദ്യമായി വ്യഞ്ജിക്കുന്നു! ഇങ്ങനെ നോക്കി ഒന്നൊന്നായി എടുത്തു വെച്ചിട്ടുള്ള ഗദ്യഖണ്ഡങ്ങളാണ് ഈ ഗദ്യങ്ങൾ [illegible]. കേരളീയഗദ്യസാഹിത്യത്തിൽ [illegible] ഇതിൽപരം ഹൃദ്യമായ ഗദ്യങ്ങൾ വേറെയുണ്ടോ എന്നു സംശയമാണ്. ഈ ഗദ്യത്തിൽ ഉപയോഗിച്ചിട്ടുള്ള ഏതെങ്കിലും ഒരു വാക്കു മാറ്റിയാൽ ആ ഭാഗം മുഴച്ചിരിക്കും. പരിഷ്കരണസഹിഷ്ണുത എന്ന ഈ ഗുണം നൈഷധചമ്പുവിലെ ഗദ്യങ്ങൾക്ക് ഒന്നു വേറെതന്നെ

[illegible]

[illegible]

മണിപ്രവാളരീതിയിൽ മാത്രമല്ല, ശുദ്ധസംസ്കൃതത്തിൽ തന്നെയുള്ള ഗദ്യങ്ങളും പദ്യങ്ങളും ഈ ചമ്പുവിൽ ധാരാളമുണ്ട്.

കവികളുടെ അസാധാരണപാണ്ഡിത്യവും കവിതാവൈദഗ്ദ്ധ്യവും അവയിൽനിന്നും തെളിയുന്നുണ്ട്. നളന്റെ സന്ദേശവും ദമയന്തിയുടെ പ്രതിസന്ദേശവും ശുദ്ധസംസ്കൃതശ്ലോകങ്ങളായിട്ടാണ്. ഭാഷയുടെ [illegible] അർത്ഥവിശദതയും സാക്ഷാൽ ശ്രീഹർഷന്റെ കൃതി [illegible]. ദമയന്തി [illegible] [illegible] [illegible] ഒരു നീണ്ട സംസ്കൃതഗദ്യത്തിലാണ് വർണ്ണിച്ചിട്ടുള്ളത്. ഇത്ര [illegible] ഒരു ഗദ്യം സംസ്കൃതത്തിൽ വേറെ ഉണ്ടോ എന്ന സംശയമാണ്. ഗദ്യത്തിനു [illegible] ഭാഷയിലെ കവിതകളും സംസ്കൃതഗദ്യം ചമ്പുക്കളായ [illegible] [illegible]. സംസ്കൃതശ്ലോകങ്ങളുടെ രീതി കാണിക്കാൻ [illegible] ഉദാഹരിക്കുന്നു. ഇത് [illegible] [illegible] മനോവസ്ഥകളിൽ നിന്ന് [illegible] വർണ്ണിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

[illegible] [illegible] [illegible]. [illegible] [illegible] എടുത്തു [illegible] [illegible] [illegible]. [illegible] [illegible], [illegible] [illegible] [illegible]. ഈ [illegible] ഉൽപ്രേക്ഷയും എത്ര സ്വാഭാവികവും മനോഹരവുമായിരിക്കുന്നു! ഇതുപോലെ സ്വാഭാവികങ്ങളും ഹൃദയസ്പർശികളുമായ ഉപമ, ഉൽപ്രേക്ഷ, രൂപകം, പരിസംഖ്യ മുതലായി സാധാരണങ്ങളായ അലങ്കാരങ്ങളാണ് കവികളധികം പ്രിയപ്പെട്ടത്. അവ തത്തൽസന്ദർഭങ്ങളിൽ ധാരാളം പ്രയോഗിച്ചു കാണാം.

എന്തിന്നധികം പറയുന്നു? [illegible] ഈ ഗ്രന്ഥം മുഴുവൻ [illegible] [illegible] [illegible] ഒരു [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] നമ്മുടെ കേരളഭാഷാസാഹിത്യത്തിൽ [illegible] വിവിധ [illegible] പുറപ്പെടുന്ന ഒരു [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] വാക്കുകളും [illegible] [illegible] [illegible] കിടക്കുന്ന [illegible] [illegible]. എന്നാൽ, [illegible] [illegible] [illegible] [illegible] നിൽക്കുന്ന [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]

അതിനെയുള്ള ഒരു സന്തോഷവും അനുശോചനവുമാണ് നമ്മുടെ സാഹിത്യപഥികന് അപൂൎവ്വങ്ങളായ ചില മുക്തഗ്രന്ഥങ്ങൾ കടന്ന് അൎവ്വാചീനങ്ങളായ ചമ്പൂപ്രബന്ധങ്ങളിൽ പ്രവേശിക്കുമ്പോളുണ്ടാവുന്നത്. ആ വക ഗ്രന്ഥങ്ങളിൽ വെച്ചു ഏറ്റവും ഉത്തമമായ ഒന്ന് അമോഘം. ഇതിലെ മുതലായ പുഷ്പങ്ങളുടെ പരിമളവും മാധുൎയ്യവും അടിയലയുന്ന ചെമ്പകത്തിന്റെ ലെ ശ്ലോകങ്ങളാൽ എല്ലാറ്റിലും മനോജ്ഞമായി വീശുന്ന ഇളംകാറ്റിൽ തത്തിപ്പാടിക്കളിക്കുന്ന ജലപക്ഷികളുടെ കളകളാരവത്താൽ പാഥികനെ എതിരേല്ക്കുന്ന ആ കവികളുടെ ആ പ്രകാരംതന്നെ സരസമായ ഭാഷാനൈഷധചമ്പുവും അതിലെ "അന്യൂനതോന്നതമാളി" എന്ന ആദ്യശ്ലോകത്തിന്റെ മഹിമാതിരേകത്താൽ സ്വാഗതം പറഞ്ഞു സാഹിത്യപഥികനേയും ആനന്ദിപ്പിക്കുന്നു എന്നു വേണം പറയുവാൻ.

കെ. വി. എം.

ലോകപരിചയം

ഈ വിഷയം വളരെ പരപ്പുള്ള ഒന്നാകുന്നു. ലോകത്തിൽ പെടാത്ത വിഷയം ഒന്നുമില്ലല്ലോ. അനേകകോടി ബ്രഹ്മാണ്ഡങ്ങളും, അതിനകത്തുള്ള സകല ജീവരാശികളും, അതിൽ നടക്കുന്ന സകല വ്യാപാരങ്ങളും ലോകം എന്ന ഈ ഒരു പദത്തിൽ അന്തൎഭവിക്കുന്നതാണ്. എന്നാൽ ഈ പദത്തിനു ഇവിടെ നിൎദ്ദേശിച്ചിട്ടുള്ള അൎത്ഥം അത്ര വ്യാപകമായിട്ടുള്ളതല്ല. ഭൂലോകവും അതിലെ മനുഷ്യസമുദായവും മാത്രമേ ഇവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ളൂ. ഭൂമിയുടെ ആകൃതി, പ്രകൃതി, വിഭാഗങ്ങൾ മുതലായവയും, ഓരോ രാജ്യങ്ങളിലുള്ള ജനങ്ങൾ, അവരുടെ സ്വഭാവം, നടവടികൾ, ജനസമ്പ്രദായം, ആചാരം, മതം, ഭാഷ മുതലായവയുമാണ് ഇവിടെ ലോകം എന്ന വാക്കിനു അൎത്ഥമായി കല്പിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വിഷയങ്ങളുടെയെല്ലാം സാമാന്യമായ അറിവിനെയാണ് ലോകപരിചയം എന്നു പറയേണ്ടത്. സാധാരണ ലോകവ്യവഹാരവും എന്താണു ഇതിനെ അനുസരിക്കുന്നതാണ്. തൎക്കം, വ്യാകരണം മുതലായ ശാസ്ത്രങ്ങളിൽ ഏതെങ്കിലും ഒന്നിൽ പ്രത്യേകപാണ്ഡിത്യമുണ്ടായതുകൊണ്ടു മാത്രം ഒരുവൻ ലോകപരിചയമുള്ളവനാകുന്നതല്ല. കാവ്യനാടകാലങ്കാരങ്ങളോ, ശ്രുതിസ്മൃതീതിഹാസപുരാണങ്ങൾ മുതലായ പല വിഷയങ്ങളും പഠിച്ചറിഞ്ഞു മനുഷ്യസ്വഭാവത്തെയും ലോകമൎയ്യാദയെയും മറ്റും മനസ്സിലാക്കിയുള്ളവനെയാണല്ലോ ലോകവ്യുല്പത്തിയുള്ളവൻ എന്നു നാം സാധാരണ പറഞ്ഞു വരാറുള്ളത്. അതുകൊണ്ടു മേൽപ്പറഞ്ഞ പ്രകാരം ഓരോ രാജ്യങ്ങളിലെ ജനസമുദായസ്ഥിതിയെയും നടവടികളെയും മറ്റും അറിയുകയാണ് ലോകപരിചയം എന്നതിലിരിക്കുന്നു. ഇതിനെത്തന്നെയാണ് ലോകജ്ഞത, ലോകവ്യുല്പത്തി, ലോകതത്വജ്ഞാനം എ

ങ്ങും മററും മാതിരി ചേഷ്ടകളെക്കൊണ്ടു വ്യവഹരിച്ചു വരുന്നതു്.

ലോകപരിചയം സമ്പാദിക്കുന്നതു ലോകത്തിൽ നിത്യനൈമിത്തികങ്ങളായി വരുന്ന നാനാ കാൎയ്യങ്ങളിൽ ഏൎപ്പെട്ടിട്ടു തന്നെയാണു്. എല്ലാ ജനങ്ങൾക്കും ജീവിതത്തിൽ എന്തെങ്കിലും ചില കാൎയ്യങ്ങളിൽ ഏൎപ്പെടാതെ കഴിക്കുവാൻ കഴികയില്ല. അതിൽനിന്നുണ്ടാകുന്ന സമ്പ്രദായം തന്നെയാണു് യഥാൎത്ഥമായ ലോകപരിചയം. എന്നാൽ അതിനു ബലവും പുഷ്ടിയും കൂടണമെങ്കിൽ വേറെ ചിലതും കൂടി വേണ്ടതുണ്ടു്. അതിൽ പ്രധാനമായതു പാഠശാലകളിൽനിന്നു കിട്ടുന്ന പഠിപ്പുകൊണ്ടും സംബോധംകൊണ്ടുണ്ടാകുന്ന പരിജ്ഞാനം അനുഭവങ്ങളും തന്നെയാണു്. ഇതു രണ്ടും പരസ്പരം യോജിപ്പിക്കാനിടയായാൽ മാത്രമേ പൂൎണ്ണമായ ലോകപരിചയമാകയുള്ളൂ. പഠിപ്പില്ലാത്തവന്റെ അനുഭവവും, അനുഭവമില്ലാത്തവന്റെ പഠിപ്പും ഏറക്കുറെ അപൂൎണ്ണമായിരിപ്പാനേ വഴിയുള്ളൂ. പഠിപ്പില്ലാത്തവനു സൂക്ഷ്മത്തിൽ വേണ്ടപോലെ കാണ്മാൻ കഴിയുന്നതല്ല. പഠിപ്പുകൊണ്ടാണു് ഒരുവന്റെ കണ്ണു ശരിയായി ഉണ്ടാകുന്നതു്. പഠിപ്പില്ലാത്തവന്റെ ബാഹ്യശോഭത്തെ അറിവുള്ളവർ അഭിനന്ദിക്കുന്നില്ല. ഇതുപോലെതന്നെ അനുഭവമില്ലാത്തവന്റെ പഠിപ്പും ശരിക്കും പൂൎണ്ണഫലത്തെ ചെയ്യുന്നതല്ല. പഠിച്ചിട്ടുള്ള വിഷയങ്ങളെ സമ്പ്രദായത്തോടു സംബന്ധിപ്പിച്ചാൽ മാത്രമേ അതിനു വെടിപ്പും ഉറപ്പും ഗതിയാകയുള്ളൂ. ഒരു പട്ടണത്തിന്റെ വിവരണംകൊണ്ടു നമുക്കു അതിന്റെ സ്വരൂപം ഏറക്കുറെ ഊഹിക്കാമെന്നല്ലാതെ അതു നേരിട്ടു കാണുമ്പോഴുള്ള അനുഭവം ശരിക്കുണ്ടാകുന്നതല്ലല്ലോ. പഠിപ്പിന്റെ ഫലം തന്നെ അനുഭവമായിരിക്ക. അനുഭവത്തോടു കൂടാത്ത പഠിപ്പു കേവലം നിഷ്ഫലം എന്നു തന്നെ തെളിയുന്നു. സമ്പ്രദായമില്ലാത്ത പഠിപ്പുകാരെയാണു് സാധാരണ പണ്ഡിതമൂഢന്മാർ എന്നു പറഞ്ഞു വരാറുള്ളതു്. അതുകൊണ്ടു ഈ രണ്ടു വിഭാഗവും കൂടി യോജിപ്പിച്ചിട്ടുള്ളതിന്നു മാത്രമേ പൂൎണ്ണമായ ലോകപരിചയം എന്നു പറയാൻ പാടുള്ളുവെന്നു സിദ്ധിക്കുന്നു.

വിഷയത്തിന്റെ ഗൌരവലാഘവങ്ങളെ അനുസരിച്ചു ഈ ലോകപരിചയത്തെ തന്നെ ഉത്തമതരം, ഇടത്തരം, താണതരം എന്നിങ്ങിനെ മൂന്നാക്കി ഭാഗിക്കാം. ഭൂമിശാസ്ത്രവും ചരിത്രവും ഈ മൂന്നിനും അത്യാവശ്യമാകുന്നു. എന്നാൽ ഇതിൽ ഉത്തമത്തിന്നു ഈ രണ്ടു വിഷയങ്ങളുടെയും പുറമേ സന്മാൎഗ്ഗശാസ്ത്രം, മനോതത്വം, ധനശാസ്ത്രം മുതലായ വിഷയങ്ങളിൽകൂടി ഉൽകൃഷ്ടമായ പഠിപ്പും, രാജ്യസഞ്ചാരംകൊണ്ടുള്ള അനുഭവവും, വൃത്താന്തപത്രങ്ങളും മററും വായിച്ചു ലോകത്തിൽ അന്നന്നു നടക്കുന്ന പ്രധാനസംഭവങ്ങളെക്കുറിച്ചുള്ള അറിവും ഉണ്ടായിരിക്കേണ്ടതാണു്. ഈ വക കാൎയ്യങ്ങളെല്ലാം സാധിക്കണമെങ്കിൽ ഇക്കാലത്തു വിശേഷിച്ചു് ഇംഗ്ലീഷിൽ ഉയൎന്നതരം വിദ്യാഭ്യാസവും, സംസ്കൃതത്തിൽ സാമാന്യമായ വ്യുൽപത്തിയും, സ്വഭാഷയിൽ ഒരു മാതിരി പരിചയവും സമ്പാദിക്കാതെ കഴികയില്ല. പ്രാചീനകാലത്തും, ആധുനികകാലത്തുമായി പല രാജ്യങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളെക്കുറിച്ചുള്ള വിവരണമാണല്ലോ ച

ചിത്രങ്ങളിലെ വിഷയം. ഇതിൽ ആധുനികകാലത്തെ ലോകചരിത്രം പഠിക്കണമെങ്കിൽ ഇന്ന് ഇംഗ്ലീഷുഭാഷയെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യക്കാരെ അല്ലെങ്കിൽ ഹിന്ദുക്കളെ സംബന്ധിച്ചേടത്തോളം പറയുമ്പോൾ അവരുടെ പൂർവചരിത്രത്തെ ശരിയായി അറിയണമെങ്കിൽ സംസ്കൃതത്തിന്റെ സാമാന്യമായ ഒരു വ്യുല്പത്തിയെങ്കിലും കഴിച്ചുകൂടാത്തതാണ്. തന്റെ കുടുംബക്കാരുടേയും നാട്ടുകാരുടേയും ആവശ്യങ്ങളേയും സങ്കടങ്ങളേയും നേരിട്ട് അറിയുന്നതിനും, അതിൽ പങ്കുകൊള്ളുന്നതിനും, അവരുമായി സൗഹാർദ്ദത്തോടുകൂടി പെരുമാറുന്നതിനും സ്വഭാഷ അത്യാവശ്യമായിട്ടുള്ളതാണെന്നു പറയേണ്ടതില്ല. സാമാന്യമായ ഇംഗ്ലീഷ് വിദ്യാഭ്യാസവും, സ്വഭാഷയിൽ ഒരുവിധം നല്ല പരിചയവും, അനന്തരം ഓരോ സംഗതികളെക്കുറിച്ചുള്ള അറിവും ഉണ്ടായിരിക്കുന്നവരെയാണ് രണ്ടാം ക്ലാസ്സുകാരായി ഗണിക്കുന്നത്. സ്വഭാഷയിലുള്ള ഉദീരണവും, ചരിത്രം എന്നീ വിഷയങ്ങളിലുള്ള പഠിപ്പും, അതിലുള്ള പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ മുതലായവയിലുള്ള പരിചയവുമുള്ളവരെ മൂന്നാം ക്ലാസ്സുകാരായും ഗണിക്കാം. ഇതിൽ മൂന്നാം തരത്തിൽപ്പെട്ട അറിവ് എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതും ഉണ്ടാക്കുവാൻ കഴിയുന്നതുമാണെന്നു പറയേണ്ടതില്ലല്ലോ.

ഇനി ഇതുകൊണ്ടുള്ള ഉപയോഗത്തെക്കുറിച്ചു സ്വല്പമൊന്നു പ്രസ്താവിക്കാം. ലോകപരിചയംകൊണ്ടുള്ള ഉപയോഗം ലോകത്തിൽ കഴിച്ചുകൂട്ടാറാവുക തന്നെയാണ്. കാലദേശാവസ്ഥകൾ കണ്ടു അറിയാത്തവർ ലോകത്തിൽ വേണ്ടപോലെ പെരുമാറുവാൻ കഴിയുന്നതല്ല. അതറിയുന്നതിനു ലോകപരിചയം കഴിച്ചുകൂടാത്തതാകുന്നു. മനുഷ്യന്റെ ആവശ്യവും അഭിപ്രായവുമെല്ലാം ഓരോ കാലത്തിൽ മാറിമാറിക്കൊണ്ടിരിക്കും. അതിന്റെ ഗതി മനസ്സിലാക്കി നടപടിയും മാറുന്നതും, ഓരോന്നിലുമാണ്. ആദ്യകാലത്തു ഹിന്ദുക്കൾ ക്ഷേത്രങ്ങളെ കൂടി ശാസ്ത്രസംബന്ധികളായി ഉപയോഗിച്ചിരുന്നതായി കാണുന്നു. കാലാന്തരത്തിൽ അതു നിന്നുപോയിരിക്കുന്നു. നാം എത്രയോ യുഗങ്ങളോടുകൂടി സഞ്ചരിച്ചുപോന്നിട്ടുള്ള രീതിയെ ഇപ്പോൾ എത്ര ഉൽകൃഷ്ടമായ കർമ്മമായിട്ടാണ് വിചാരിച്ചുവന്നത്! ഇതുപോലെതന്നെ ദേശത്തെയും സംബന്ധിച്ച പലതും ചെയ്യേണ്ടുന്നതാണ്. ഓരോ രാജ്യങ്ങളിലെ ശീതോഷ്ണസ്ഥിതിയെ അനുസരിച്ചു മനുഷ്യന്റെ ഉടുപ്പ്, ആഹാരവുമെല്ലാം മാറേണ്ടിയിരിക്കുന്ന സംഗതി അതിൽനിന്ന അവനവന്നു നേരിട്ട് പല ഗുണവും വരാം. ഇതിനെ ആലോചിക്കാതായാൽ മനുഷ്യന്റെ നടപടികൾ യാതൊരു സ്ഥിരതയുമില്ലാതെ, ഒരു പരിഷ്കാരം ഇല്ലാതായിത്തീരുന്നതും, കാലദേശാവസ്ഥകളെ അതിന്റെ അടിസ്ഥാനമായി പ്രവർത്തിക്കുന്നത്. ഇവയെല്ലാം കാണുമ്പോൾ ശാസ്ത്രീയമായതുകൊണ്ടു പരിഷ്കാരം, പുതിയ പരിഷ്കാരങ്ങൾ ഓരോ കാലത്തിലും ഓരോ ദിക്കിലും പ്രവർത്തിപ്പിക്കേണ്ടതാണ്. ഒന്നാമതു പല കാര്യങ്ങൾ പുതിയ പരിഷ്കാരങ്ങളെല്ലാം ഉണ്ടായിരിക്കേണ്ടതിനെക്കുറിച്ചു ആലോചിക്കേണ്ടതാ

ന്നു തള്ളിക്കളയുന്നു. അതുകൊണ്ടു് അവരുടെ ജീവിതസമ്പ്രദായങ്ങളും നടപടികളും പണ്ടത്തെ കാലത്തേക്കു മാത്രം യോജിച്ചതായും, ഇക്കാലത്തേക്കു പറ്റാത്തതായും തീരുന്നു. ഇതുപോലെതന്നെ പുതിയ കക്ഷികളിൽ ചിലർ അതിരുകവിഞ്ഞ പരിഷ്കാരത്തിൽ ഭ്രമിക്കുന്നതുകൊണ്ടു നമ്മുടെ ഇപ്പോഴത്തെ കാലദേശാവസ്ഥകൾക്കു യോജിച്ചതിൽനിന്നും കവിഞ്ഞ ചില പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ചുപോകുന്നതാണു്. ആ വക പരിഷ്കാരങ്ങൾക്കു പറ്റിയ കാലം വരുന്നതുവരെ കാത്തിരിപ്പാൻ അവർ ക്ഷമയുള്ളവരാകുന്നില്ല. പരിപക്വമായ ലോകപരിചയം കൊണ്ടു മാത്രമല്ലാതെ ഈ വക അന്ധവിശ്വാസങ്ങളും സാഹസങ്ങളും നീക്കി അവസരോചിതമായി പ്രവർത്തിപ്പാനുള്ള മനസ്സുണ്ടാകുന്നതല്ല.

ലോകതത്ത്വാദിയെ മനസ്സിലാക്കുന്നതിനും ഈ അറിവു് ഒഴിച്ചുകൂടാത്തതാകുന്നു. ഓരോ രാജ്യക്കാരുടേയും സമുദായക്കാരുടേയും സ്വഭാവവും സ്ഥിതിയുമെല്ലാം ഓരോ പ്രകാരത്തിലായിരിക്കും. എന്നല്ല, ഓരോ കുടുംബങ്ങളുടേയും, ഓരോരുത്തരുടെ തന്നെയും ഈവക സംഗതികൾ വളരെ ഭേദപ്പെട്ടിരിക്കും. ലോകത്തിൽ പലതരമായി പെരുമാറേണ്ട മനുഷ്യനു് ഈ വക സ്വഭാവങ്ങളെല്ലാം സാമാന്യമായിട്ടെങ്കിലും മനസ്സിലാവാതിരുന്നാൽ അവൻ പെരുമാറ്റം പലപ്പോഴും അസ്ഥാനത്തിലായി കലാശിക്കയും, തന്മൂലം കാര്യത്തിനു വലിയ ഉപദ്രവം നേരിടുകയും ചെയ്യുമെന്നതിനു സംശയമില്ല. നമ്മുടെ ജോർജ്ജ് ചക്രവർത്തി തിരുമനസ്സുകൊണ്ടു പട്ടാഭിഷേകത്തിനായി ഇന്ത്യയിലേക്കു വരുവാൻ നിശ്ചയിച്ചപ്പോൾ ഒന്നാമതായി ചെയ്തതു ഇന്ത്യൻ ഭാഷകളും ചരിത്രങ്ങളും പഠിക്കയാണെന്നുള്ളതു പലരും മനസ്സിലാക്കിട്ടുണ്ടായിരിക്കാം. നാനാജാതിമതസ്ഥന്മാരും, പല സ്ഥിതിയിലുള്ളവരുമായ തന്റെ പ്രജകളോടു പെരുമാറേണ്ടതായി വരുമ്പോൾ, ഓരോരുത്തരുടെ സ്ഥിതിയും സ്വഭാവവും കുറച്ചെങ്കിലും മനസ്സിലാക്കാതിരുന്നാൽ അതു ഉചിതംപോലെ നിർവഹിപ്പാൻ സാധിക്കയില്ലെന്നു കരുതിയാണു് ലോകതന്ത്രജ്ഞനായ അവിടുന്നു് ഈ ഒരു മുൻകരുതൽ ചെയ്തതെന്നു പറയേണ്ടതില്ലല്ലോ. അവിടേക്കു് എത്ര മംഗളപത്രങ്ങൾക്കാണു് മറുപടി കൊടുക്കേണ്ടതായി വന്നിട്ടുള്ളതു്. എത്ര സാമന്തരാജാക്കന്മാരെയാണു സ്വീകരിക്കേണ്ടതായി വന്നിട്ടുള്ളതു്. എത്ര പൊതുജനയോഗങ്ങളിലാണു് സന്നിഹിതനാകേണ്ടതായി വന്നിട്ടുള്ളതു്. ഇതെല്ലാം എത്ര ഭംഗിയിൽ അവിടുന്നു നിർവഹിച്ചു! ലോകപരിചയം ഒന്നില്ലെങ്കിൽ ഈ വക കാര്യങ്ങളൊന്നും ഇത്ര ഭംഗിയായി നടത്താൻ സാധിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ഉദാഹരണം കുറെ കവിഞ്ഞതാണെന്നു പക്ഷേ തോന്നിയേക്കാം. എന്നാൽ എല്ലാവർക്കും അവരവരുടെ സ്ഥിതിയനുസരിച്ചു് ഈവക സന്ദർഭങ്ങൾ ഉണ്ടായി വരുന്നതും ആ അവസ്ഥയനുസരിച്ചുള്ള അറിവു് എല്ലാവരും സമ്പാദിക്കേണ്ടതുമാകുന്നു.

ഇതിനുപുറമേ നമ്മുടെ യഥാർത്ഥ സ്ഥിതിയെ അറിയുന്നതിനും ലോകപരിചയം അത്യാവശ്യമാണു്. താഴെപ്പെട്ട ജനങ്ങളിൽനിന്നാണു് എല്ലാ സംഗതിക

ദ്ദേശ്യം വാസ്തവം വെളിപ്പെടുന്നത്. നാലാളുടെ സ്വഭാവങ്ങളോടു തട്ടിച്ചു നോക്കിയാണ് തന്റെ സ്വഭാവത്തിന്റെ വാസ്തവം അറിവാൻ കഴികയുള്ളു. നാലു കുടുംബത്തിന്റെ സ്ഥിതി നോക്കീട്ടു വേണം തന്റെ കുടുംബത്തിന്റെ ഗുണദോഷങ്ങളെ തീർച്ചപ്പെടുത്തുവാൻ. സമുദായകാര്യവും, രാജ്യകാര്യവുമെല്ലാം ഇതുപോലെ തന്നെ. മറ്റുള്ളവരുടെ സ്ഥിതി എന്ത്, നമ്മുടെ സ്ഥിതി എന്ത്, അവരിൽ നിന്നു നമുക്കു വല്ലതും കണ്ടുപഠിക്കേണ്ടതുണ്ടോ, എന്നും മറ്റും ആലോചിപ്പാനും അതിനെ അനുസരിച്ചു പ്രവർത്തിപ്പാനും ലോകപരിചയമില്ലാഞ്ഞ ഒരുവനെക്കൊണ്ടു ഒരിക്കലും സാധിക്കുന്നതല്ല. കൂപമണ്ഡൂകം പോലെ തന്റെ സ്ഥിതിയെ ഉള്ളതിൽ കവിഞ്ഞു വിചാരിച്ചു, അല്ലെങ്കിൽ അന്യരെപ്പോലെ ചുരുക്കി വിചാരിച്ചും ഇരിന്നാൽ എന്തെങ്കിലും ഒരു വിധത്തിൽ തെറ്റിദ്ധരിച്ചുകൊണ്ടിരിപ്പാനാണ് അധികം എളുപ്പം. ഇവക തെറ്റിദ്ധാരണകളെല്ലാം നീക്കി ഒരുവന്റെ വാസ്തവസ്ഥിതി അറിവാനും വല്ല ദോഷമുണ്ടെങ്കിൽ അതിനെ പരിഹരിപ്പാനും, ഗുണത്തെ സംരക്ഷിപ്പാനും ലോകപരിചയം എത്രമാത്രം ആവശ്യമായിട്ടുള്ളതാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്.

ലോകത്തിൽ മനുഷ്യരും, അഭിപ്രായഭേദങ്ങളും, കക്ഷിവഴക്കുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു രാജ്യത്തെക്കും ഓരോരുത്തരുടെ അധികാരാവകാശങ്ങളെ കാത്തു രക്ഷിക്കുന്നതിന്നും ലോകപരിചയം ഒഴിച്ചുകൂടാത്തതായി തീർന്നിട്ടുണ്ട്. പാശ്ചാത്യരും പൌരസ്ത്യരും, ഹിന്ദുക്കളും മുഹമ്മദീയരും, ബ്രാഹ്മണരും അബ്രാഹ്മണരും എന്നുവേണ്ട എല്ലാ രാജ്യക്കാരും എല്ലാ മതക്കാരും എല്ലാ സമുദായക്കാരും, പ്രത്യേകം ഓരോരുത്തർ തമ്മിൽ കൂടിയും ഞാനാദ്യം ജയിക്കണം, താനാദ്യം ജയിക്കണം എന്നുള്ള മോഹത്തോടുകൂടി പരിശ്രമിക്കയും അന്യോന്യം കലഹിക്കയും ചെയ്യുന്ന ഒരു കാലമാണിതെന്നു ആരെയും പറഞ്ഞു മനസ്സിലാക്കേണമെന്നു തോന്നുന്നില്ല. ഇവക അവസരങ്ങളിൽ മറ്റുള്ളവരിൽ നിന്നു നേരിടുന്ന വിരോധങ്ങളോടു എതിർക്കുന്നതിന്നും, തങ്ങളുടെ സ്വാതന്ത്ര്യാവകാശങ്ങളെ കാത്തു രക്ഷിക്കുന്നതിന്നും ലോകപരിചയം ഒന്നില്ലെങ്കിൽ ഒരിക്കലും സാധിക്കുന്നതല്ല. ചുരുക്കി പറയുന്നതായാൽ ഇന്നു ജീവിതയുദ്ധത്തിൽ ജയം നേടുന്നതിന്നുള്ള ഉപായം ലോകപരിചയം ഒന്നുമാത്രമാണെന്നു പറയാം. ഭരണകർത്താക്കന്മാർ, സമുദായനേതാക്കന്മാർ, പത്രാധിപന്മാർ, ഗ്രന്ഥകർത്താക്കന്മാർ മുതലായവർക്കാണ് ഇതിന്റെ ആവശ്യം അധികമായിട്ടുള്ളത്. എങ്കിലും അവരെ സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടുന്ന നാട്ടുകാരുടെ കടമയായാൽ അവർക്കും അത്യാവശ്യം ഇവക അറിവുകൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ രാജ്യഭരണസംബന്ധമായും സമുദായസംബന്ധമായുമുള്ള എല്ലാ കാര്യങ്ങളും ഇന്നു പൊതുജനാഭിപ്രായമനുസരിച്ചാണ നടന്നുവരുന്നത്. അപ്പോൾ ഇവക അവസരങ്ങളിൽ എന്തെങ്കിലും ഒരഭിപ്രായം പറയേണ്ടതിന്നു കൂടെയെങ്കിലും ലോകപരിചയമില്ലെങ്കിൽ എങ്ങിനെ സാധിക്കും? അതുകൊണ്ടു എല്ലാവരും ചുരുങ്ങിയ ഒരു

ലോകപരിചയമെങ്കിലും സമ്പാദിക്കേണ്ടതാണെന്നു പറയേണ്ടതില്ല.

ഇന്നു വെള്ളക്കാർക്കുണ്ടായിട്ടുള്ള ഐശ്വര്യവും, അഭിവൃദ്ധിയുമെല്ലാം അവരുടെ ലോകപരിചയം ഒന്നിന്റെ മാത്രം ഫലമാണെന്നു പറയാം. എന്നാൽ അവരുടെ വിദ്യാഭ്യാസംതന്നെ ഇതിനു വളരെ അനുകൂലമായ വിധത്തിലാണ്. സ്കൂൾ പഠിപ്പുകൊണ്ടു മാത്രം അവർ തൃപ്തിപ്പെടുന്നില്ല. രാജ്യസഞ്ചാരംകൊണ്ടാണ് അവരുടെ പഠിപ്പു പൂർത്തിയാകുന്നുള്ളു. അവിടങ്ങളിൽ സ്കൂൾപഠിപ്പു കഴിഞ്ഞ വിദ്യാർത്ഥികൾ പുറത്തിറങ്ങുന്ന സമയം ഗുരുനാഥന്മാർ അവരോടു ഉപദേശിക്കുന്നതു എന്താണെന്നറിയാമോ—'നിങ്ങൾ എത്രയോ ചില പുസ്തകങ്ങൾ കണ്ടിട്ടുള്ളതല്ലാതെ യഥാർത്ഥത്തിലുള്ള ലോകം നിങ്ങൾ കണ്ടിട്ടില്ല. ഈ പാഠശാലയാണു നിങ്ങൾ വലിയലോകമായി കരുതിയിട്ടുള്ളത്. അതിനാൽ രാജ്യസഞ്ചാരം ചെയ്തു നിങ്ങൾ ധരിച്ചുവെച്ചിട്ടുള്ള അറിവിനെ സപ്രമാണപ്പെടുത്തിപ്പുത്തിയാക്കണം.' ഈ ഉപദേശത്തിന്റെ ഫലം നമുക്കു അനുഭവമുള്ളതാണല്ലോ. അവരുടെ ഇടയിൽ പല മഹാന്മാരും ലോകചരിത്രം പഠിച്ചും, രാജ്യസഞ്ചാരം ചെയ്തും, ഓരോ പുതിയ രാജ്യങ്ങളേയും ദ്വീപുകളേയും കണ്ടുപിടിച്ചും, അവിടങ്ങളിലെല്ലാം അവരുടെ ആധിപത്യം സ്ഥാപിച്ചു മഹത്തായ ഇന്നീലോകം മുഴുവനും അവരുടെ അധീനത്തിലാക്കിത്തീർത്തിട്ടുള്ളതെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയൊന്നുമില്ല.

കാവിൽ അയിഞ്ഞിക്കാട്ടു വേലായുധൻമേനോൻ.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ
റിക്കാർട്ടുകെട്ടിൽനിന്ന്

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു 'രസികരഞ്ജിനി' പത്രാധിപരായിരുന്ന കാലത്തു കേരളത്തിലെ കേളികേട്ട പല കവികളും അവിടേക്കയച്ചിട്ടുള്ള പദ്യരൂപമായ ചില കത്തുകൾ ഞങ്ങളുടെ അധീനത്തിൽ കിട്ടിയിരിക്കുന്നു. അക്കാലത്തു ജീവിച്ചിരുന്ന പല കവികളുടേയും കത്തുകൾ ഇവയിൽ ഉൾപ്പെടുന്നുണ്ട്. ഇവയിൽ പലതും കവിതാഗുണംകൊണ്ടു മാത്രം ശ്രദ്ധേയമായവയാകയാൽ, ഇതിനകം മരിച്ചുപോയ ചില മഹാന്മാരുടെ ഗോപ്യമല്ലാത്ത കത്തുകൾ മാത്രം ഈ ലക്കത്തിൽ കൈരളിയ്ക്കായി പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇവയിലെ പദ്യങ്ങൾ ഞങ്ങളുടെ സഹജീവികളിലാരെങ്കിലും പകർത്തുന്ന പക്ഷം അതു 'കംഗാരുവി'ൽ നിന്നെടുത്തതാണെന്നുകൂടി കാണിക്കണമെന്നപേക്ഷ— കം. പ.

I

[illegible]

[illegible]

[illegible]

[illegible] (സി. എസ്. [illegible])

II

[illegible]

[illegible]

[illegible]

III

[illegible]

IV

[illegible]

[illegible]

[illegible]

ചിത്തോരിലെ മഹായുദ്ധം

II

യുദ്ധയാത്ര.

നേരം അർദ്ധരാത്രി. നിലാവില്ലാത്ത ഇരുട്ടുകാലത്തിൽ നക്ഷത്രങ്ങൾ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നു. രാത്രിയിലെ [illegible] വിഹരിക്കുന്നു, യുദ്ധം ചെയ്തു തളർന്ന വിശ്രമിക്കുന്ന ഭടന്മാരുടെ [illegible] വിയർപ്പുതുള്ളികളെ നീക്കം ചെയ്യുന്നു. ലോകത്തിൽ [illegible] [illegible] അത്യാനന്ദത്തോടുകൂടി [illegible] [illegible] [illegible] വെളിച്ചം [illegible] കാണുന്നുണ്ട്. [illegible] തങ്ങളുടെ [illegible] കല്പനാവിലസിച്ച ചിത്രത്തിലെ [illegible] പോലെ നില്ക്കുന്നുണ്ട്.

ഈ സമയത്തിൽ പുത്തൻ സാധു[illegible]ധാനത്തിൽ [illegible] വാസസ്ഥലത്തു [illegible]ന്നു. തലയിൽ സ്വർണ്ണകിരീടവും നെറ്റിയിൽ [illegible] കഴുത്തിൽ [illegible] [illegible] കവചവും [illegible]യിൽ [illegible] വാളും കയ്യിൽ [illegible] [illegible] പുറത്തു വലിയ [illegible] [illegible] ധരിച്ചു വീരവേഷനായ പുത്തൻ [illegible] [illegible] കാല്ക്കൽ നമസ്കരിച്ചു. ഈ മാതിരി വീരവേഷത്തോടുകൂടി വന്ന പുത്രനെ കണ്ട് ആ വിരമാതാവിന്റെ ഹൃദയം [illegible] [illegible]ന്നു. അവർ കണ്ണീരോടുകൂടാതെ പുത്രന്റെ [illegible] [illegible] [illegible] [illegible] നോക്കിക്കൊണ്ടു നിന്നതിനുശേഷം ആ [illegible] പുത്രന്റെ തലയിൽ [illegible] [illegible]

ന്റെ വദനകമലത്തെ വീണ്ടും വീണ്ടും ചുംബിക്കുകയും ചെയ്തു് ഇങ്ങിനെ പറഞ്ഞു തുടങ്ങി. "മകനേ! ഇന്നു എന്റെ മനോരഥം പൂർത്തമായി. ഒരു തന്നെ നിന്നെ വളർത്തിയതിന്റെ ഫലവും സിദ്ധിച്ചു. വത്സ! ഇന്നു ചിത്തോരിലെ സേനാധിപനായി വരിക്കപ്പെട്ടനീ മംഗളവിവാഹം ചെയ്യാൻ വേണ്ടി യുദ്ധയാത്രക്കു ഒരുങ്ങിയിരിക്കുന്നു. നിന്റെ നെററിയിലെ രക്തതിലകം കണ്ടിട്ടു എന്റെ ഹൃദയം എന്തൊരു ആനന്ദത്തിലാണു മുങ്ങിപ്പോയിരിക്കുന്നതു എന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഈ മഹത്തായ ഉദ്ദേശം നിറവേററാൻ വേണ്ടിയാണ ഞാൻ നിന്നെ ഇത്രനാളും പോററിവളർത്തിയത്. ഇതിനു മുമ്പുണ്ടായ മൊഗളയുദ്ധത്തിൽ നിന്റെ അച്ഛൻ വീരസ്വർഗ്ഗം പ്രാപിച്ചു. ദുഷ്ടനായ അക്ബരുടെ സ്വന്തം കൈകൾ കൊണ്ടാണ നിന്റെ അച്ഛൻ മരണം പ്രാപിച്ചത്. അതിനു പ്രതിക്രിയ ചെയ്യണമെന്നുള്ള ആഗ്രഹംകൊണ്ടാണ് ആളിക്കത്തിയിരുന്ന എന്റെ ഭർത്താവിന്റെ ചിതയിൽ ചാടി ഈ നിസ്സാരമായ ദേഹത്തെ ഞാൻ ഭസ്മമാക്കിക്കളയാതിരുന്നത്. അതിനുവേണ്ടിയാണ് കുട്ടിയായ നിന്നെ പോററി വളർത്തി യുദ്ധാഭ്യാസം ചെയ്യിച്ചത്. ശത്രുരാജാക്കന്മാരെ നശിപ്പിക്കുന്നതായി അതാ നീ പിതൃഘാതകനെ കൊല്ലുവാനായി നീ ഒരുങ്ങി ഇന്നു യുദ്ധത്തിനു പോകുന്നു. നാമാ ഇരുവരോടും ജീവനോടു ഇനി സാദ്ധ്യമാകാതിരിക്കും'.

തന്റെ വീരമാതാവു കവചം ധരിച്ചു പലവിധത്തിലുള്ള അസ്ത്രശസ്ത്രങ്ങൾ അലംകൃതയായി നില്ക്കുന്നതു പുത്തൻ കണ്ടു. അവളും യുദ്ധത്തിനു പോവാൻ വേണ്ടി ഏററവും ആഗ്രഹത്തോടുകൂടി നില്ക്കുന്നു. അക്ബരുടെ ശിരച്ഛേദം ചെയ്തു ശത്രുവധം നിമിത്തമുള്ള വേദനയെ ശമിപ്പിക്കണമെന്നുള്ള വിചാരംകൊണ്ട് അവളുടെ മനസ്സ് ഏറ്റവും വശമായിരിക്കുന്നു. പുത്തൻ ധൈര്യത്തോടുകൂടി അമ്മയുടെ ശരീരം മുഴുവനും നോക്കി. സന്ധിക്കായ മിന്നൽപ്പിണർ പോലെയും തീക്കട്ടപോലെയും ജ്വലിക്കുന്ന മാതാവിന്റെ മുഖത്തെ പുത്തൻ ആശ്ചര്യത്തോടുകൂടി നോക്കിക്കണ്ടു. അയാൾക്ക് ഒരക്ഷരംപോലും മിണ്ടാൻ ശക്തിയുണ്ടായില്ല. അമ്മ വീണ്ടും പറയാൻ തുടങ്ങി, 'പുത്താ! നീ കെലവാവംശത്തിന്റെ കാന്തമണിവിളക്കാണ്. നീ മരിച്ചാൽ ആ രാജവംശം നിന്നോടുകൂടി മുടിഞ്ഞു പോകും. പിതൃക്കൾക്ക് പിണ്ഡം വെക്കാൻ ആരുമില്ലാതായിത്തീരും. എങ്കിലും സ്വാതന്ത്ര്യമായ ഈ ആഗ്രഹത്തെ ബലി കഴിച്ചു ജന്മഭൂമിയെ രക്ഷിപ്പുള്ള ഉത്തമവും പുണ്യവും കാണുന്ന് ധർമ്മയുദ്ധത്തിനു പോവാൻ ഞാൻ സന്തോഷത്തോടുകൂടി നിന്നെ അനുവദിച്ചിരിക്കുന്നു. ആരുമായ സ്വാതന്ത്ര്യത്തിനു വേണ്ടി ജന്മഭൂമിയുടെ രക്ഷക്കായി ആർ ബലി കഴിക്കുന്നുവോ അവർ മഹാഭാഗ്യശാലികളാണ്. നരകത്തിൽ കൂടി അവർക്ക് ഇടം കിട്ടുന്നതല്ല. മൊഗളന്മാരുമായുള്ള യുദ്ധത്തിൽ മരിച്ചാലും പോയാലും. നിന്റെ കയ്യിനാൽ മൊഗളന്മാരെ ജയിച്ച് വിജയമകുടത്തിൽ കയറി വീണ്ടും ചിത്തോർനഗരത്തിൽ പ്രവേശിച്ചാലും. നിന്റെ അമ്മ നിന്നോടു ഒന്നുകൂടി പ

യോദ്ധാണ്. അതും നീ കണ്ടുകൊള്ളണം. നിന്റെ ഭാര്യ സമ്പത്തിയും ചെറുപ്പക്കാരിയുമാണ്. അവളെ തനിച്ചു ഗൃഹത്തിൽ താമസിപ്പിച്ചു യുദ്ധത്തിനു പോവാൻ എനിക്കു ലേശം മനസ്സില്ല. വരാൻ പോകുന്നതിനെ പററി ഒന്നും പറയാൻ പാടില്ലല്ലോ. ഒരു സമയം മൊഗളന്മാർ യുദ്ധത്തിൽ ജയിക്കുന്നതായാൽ അവർ ആയുധവും യാത്രികളെയും നിരസിക്കുന്നതല്ല. ചിരപരിചിതരായ വംശത്തിനു അവർ നിർബന്ധവും കല്പിച്ചു വരുത്തുന്നതാണ്. അതുകൊണ്ടു അവളേയും എന്റെ കല്പിച്ച യുദ്ധത്തിനു കൊണ്ടുപോവാൻ ഞാനാഗ്രഹിക്കുന്നു. അവൾ രജപുത്രകന്യകയാണ്. കുട്ടിക്കാലം മുതല്ക്കു അവൾ യുദ്ധവിദ്യ പഠിച്ചിട്ടുണ്ടു. പുത്രാ, നീ എന്റെ ഈ ആജ്ഞയെ അനുസരിക്കണം.'

പുത്രൻ സന്തോഷത്തോടുകൂടി അമ്മയുടെ കാല്ക്കൽ നമസ്കരിച്ചു. തന്റെ അമ്മയുടെ ഹൃദയത്തിന്റെ മഹിമയും ഔദാര്യവും കണ്ടു പുത്രൻ തല കുനിച്ചു പിന്നെ പതുക്കെ ഉത്തരം പറഞ്ഞു. "അമ്മേ! പുത്രൻ അമ്മയുടെ പവിത്രമായ ആജ്ഞ അനുസരിപ്പാൻ എപ്പോഴും സന്നദ്ധനാണ്". പുത്രൻ പിന്നെ അമ്മയോടു യാത്ര പറഞ്ഞു സാവധാനത്തിൽ തന്റെ ശയനമുറിയിൽ പ്രവേശിച്ചു. അദ്ഭുതസൌന്ദര്യനിധിയും ദേവിതുല്യയും ആയ തന്റെ ഭാര്യ മൂർച്ചയുള്ള ഖഡ്ഗം കയ്യിൽ പിടിച്ചുംകൊണ്ടു തന്റെ വരവുകാത്തുംകൊണ്ടു നില്ക്കുന്നതു പുത്രൻ കണ്ടു. സുകുമാരിയായ ഭാര്യ തന്റെ ദേഹത്തിലുള്ള എല്ലാ ആഭരണങ്ങളും അഴിച്ചുവെച്ചു പുരുഷ വസ്ത്രം ധരിച്ചു യുദ്ധസന്നാഹത്തോടുകൂടി രാക്ഷസയുദ്ധത്തിനൊരുങ്ങിയ ജഗദ്ധാത്രിയെപ്പോലെ യുദ്ധത്തിനു പോവാനൊരുങ്ങി നില്ക്കയായിരുന്നു. അവൾ ഭർത്താവിന്റെ പാദങ്ങളിൽ നമസ്കരിച്ചു ഇപ്രകാരം പറഞ്ഞു:— "നാഥാ! എനിക്കു അമ്മയുടെ കല്പിച്ച യുദ്ധത്തിനു പോവാൻ ഒട്ടുംതന്നെ യോഗ്യതയില്ലെങ്കിലും എന്നിൽ കൃപവെച്ചു ഈ ദാസിയെക്കൂടി അമ്മയുടെ കല്പിച്ച യുദ്ധത്തിനു കൂട്ടിക്കൊണ്ടു പോകണം. ഈ ദാസിയുടെ ജീവിച്ച ശൈശവം ദുഃഖമായവസ്ഥയെ ലഭിപ്പിപ്പാൻ വേണ്ടിയുള്ളതല്ല. മൊഗളവിനാശത്തിനുവേണ്ടി മൂർച്ചയുള്ള ശരങ്ങളായി ഭഗവാൻ അവയെ എനിക്കു തന്നിട്ടുള്ളതാണ്. നാഥാ! മൂർച്ചയുള്ള ഈ ശസ്ത്രംകൊണ്ടു ശത്രുക്കളെ നശിപ്പിച്ച് അങ്ങയോടൊന്നിച്ചു ജയഭേരിയോടുകൂടി വീണ്ടും ചിത്തോരിൽ പ്രവേശിപ്പാൻ ദൈവം നമ്മെ സഹായിക്കും".

ഇതു കേട്ടപ്പോൾ പുത്രന് ഒന്നും പറയുവാനെ നില്പാൻ കഴിഞ്ഞില്ല. കാല്ക്കൽ കമിഴ്ന്നു കിടക്കുന്ന പ്രിയയെ പിടിച്ചെഴുന്നേല്പിച്ചു ആലിംഗനം ചെയ്തുകൊണ്ടു ഉല്ക്കണ്ഠിതനായ പുത്രൻ പറഞ്ഞു ഇങ്ങിനെ—ധന്യേ! നീ ധന്യയാണ്. നീ തന്നെയാണ യഥാർത്ഥവീരപത്നി. നീ ചിത്തോരിന്റെ സ്വാതന്ത്ര്യദേവിയുടെ അവതാരമാണ് എന്നു ഞാൻ വിചാരിക്കുന്നു. എന്റെ കല്പിച്ച യുദ്ധത്തിനു പോവാനായി ഞാൻ ഏററവും സന്തോഷത്തോടുകൂടി നിനക്ക് അനുവാദം തന്നിരിക്കുന്നു. നിന്റെ ഈ ഉത്തമകൃത്യം കണ്ടു ചിത്തോരിലെ ക്ഷത്രിയകളും കലയുവതികളും അത്യുത്സാഹത്തോടുകൂടി പോകുമ്പോൾ ...

ഷേധം. 'ജലമല്ലാത്ത് മരിക്കുന്ന പ്രാണത്യാഗം ചെയ്യുന്നതിനേക്കാൾ ഈ മാതിരി വീര്യം കാണിച്ച് ശത്രുസൈന്യങ്ങളെ തകർത്ത് പ്രാണത്യാഗം ചെയ്യുന്നതാണ് എത്രയോ നല്ലത്. അങ്ങിനെ ചെയ്യുന്നതുകൊണ്ട് രാജ്യത്തിന്നു ഏറെക്കുറെ ഉപകാരമായിത്തീരുന്നതാണ്. നിന്റെ ത്യാഗംകൊണ്ട് ചിത്തോറ് ധന്യയായിത്തീർന്നിരിക്കുന്നു. എന്റെ വംശവും ധന്യമായി. രാജപുത്രജാതിയുടെ മഹിമയും നൂറേറെ വർദ്ധിച്ചിരിക്കുന്നു. ഈ രാജപുത്രകുലസ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ പ്രേമത്തിന്നു തീരാൻ മാത്രമായ പാത്രങ്ങളല്ലെന്നും, അവർ ആളുകളുടെ തിന്മയോടും തിന്മപ്പിണക്കത്തോടും തുല്യകളാണെന്നും, ഭർത്താക്കന്മാരുടെ ശത്രുക്കളുടെ ഉന്മൂലനാശം ചെയ്യാൻ ത്രാണിയുള്ളവരാണെന്നും മൌഗളന്മാർ കണ്ടു കൊള്ളട്ടെ'.

ഇങ്ങിനെ പറഞ്ഞു പത്തൻ തന്റെ കൈകൾകൊണ്ടു കെട്ടിപ്പിടിച്ച പുത്തനായ പുതമൊട്ടിനെപ്പോലെ തന്റെ പ്രിയയെ വീണ്ടും വീണ്ടും ചുംബനം ചെയ്തു. ആ ചുംബനം എത്രമാത്രം മാധുര്യമുള്ളതാണ്! എത്ര അപൂർവ്വമായിട്ടുള്ളതാണ്! യുദ്ധത്തിലുള്ള അത്യുക്തമായ മർദ്ദനത്തെ കൊണ്ട് എത്രമാത്രം ആശീർവ്വാദം ചെയ്യപ്പെട്ടിട്ടുള്ളതാണ്! ഇരുഹൃദയങ്ങളിലുമുള്ള ദിവ്യമായ വിദ്യുച്ഛക്തിയുടെ സമ്മേളനംകൊണ്ട് എത്രമാത്രം കൂട്ടിപ്പിടിച്ചുള്ളതാണ്! ആനന്ദാശ്രുക്കളോടും പ്രേമഗദ്ഗദത്തോടുംകൂടി പത്തൻ ഇപ്രകാരം പറഞ്ഞു:— 'എന്റെ ജന്മം സഫലമായി. എന്റെ ഭാര്യ വീരസ്ത്രീയാണ്. പ്രാണപ്രിയയായ ഭാര്യ സ്വരാജ്യത്തിനു വേണ്ടി പ്രാണൻ കളയാൻ ഒരുങ്ങിയിരിക്കുന്നു. ഇവരിൽ ഒരാളെങ്കിലും ഞാൻ യുദ്ധത്തിന്നു പോകുന്നതിൽ വിരോധിക്കുന്നില്ല എന്നു മാത്രമല്ല, കഴിയുന്നേടത്തോളം എന്നെ ഉത്സാഹിപ്പിച്ച് എന്റെ മനസ്സിനെ ആനന്ദിപ്പിക്കുകയും ചെയ്യുന്നു. ആരുടെ ഭാഗ്യംകൊണ്ടാണ് ഈ മാതിരി ശുഭയോഗം വന്നുകൂടിയത്? ഞാൻ എത്രയും ധന്യൻ തന്നെയാണ്!'

അന്നു രാത്രി ചിത്തോറ് നഗരത്തിൽ ഒരാളെങ്കിലും ഉറങ്ങീട്ടില്ല. നിദ്രചെയ്യുമൊരാളെക്കൊണ്ടെങ്കിലും സാധിക്കുമാകാൻ കഴിഞ്ഞില്ല. ധനവാൻ, ദരിദ്രൻ, ഗൃഹസ്ഥൻ മുതലായ സകലന്മാരെയും വീടുകളിൽ ഒരേ മാതിരി വിരാജിനായ നടന്നുകൊണ്ടിരുന്നു. എല്ലാ രാജപുത്രസ്ത്രീകളും തങ്ങളുടെ ഭർത്താക്കന്മാർ, പുത്രന്മാർ, സോദരന്മാർ മുതലായവരെ യുദ്ധം ചെയ്യാൻ വേണ്ടി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരുടെ മുഖങ്ങളിൽനിന്നും യുദ്ധം യുദ്ധം എന്നുള്ള വാക്കുകളേ പുറപ്പെട്ടുള്ളൂ. 'യുദ്ധത്തിന്നു പോയാലും, ചിത്തോറിന്റെ ഉദ്ധാരത്തിന്നുവേണ്ടി വീരന്മാരെല്ലാവരും അവരവരുടെ വിലയേറിയ ജീവനെ ബലികഴിക്കട്ടെ! ആത്മം ശത്രുക്കൾക്ക കീഴടങ്ങരുത്. ആയുധം ഭോഗക്കളത്തിൽനിന്ന പിൻവാങ്ങരുത്! യുദ്ധത്തിൽ ജയിച്ച വിജയവൈജയന്തിയോടുകൂടി രാജപുത്രവിജയപതാകയെ ഉയർത്തിപ്പിടിച്ചുകൊണ്ടു വീണ്ടും ചിത്തോറിൽ പ്രവേശിച്ചാലും! അല്ലാത്തപക്ഷം ശത്രുക്കളുടെ രക്തത്തോടു ചിത്തോറിന്റെ പവിത്രമായ മണ്ണിനെ ചുംബിച്ചുംകൊണ്ടു പുണ്യസ്വർഗ്ഗം പ്രാപിച്ചാലും! ജീ

ഞാൻ ഭയപ്പെടുന്നില്ല. കീർത്തിയാണു ശാശ്വതമായി നില്ക്കുക. രാജപുത്രസ്ത്രീകൾക്കു മരിപ്പാനറിയാം. നിങ്ങൾ മരിക്കുന്നതായാൽ അവരും വേഗത്തിൽ ശ്മശാനഭൂമിയിലുണ്ടാക്കിയ തീയിൽ ചാടി മരിച്ചു നിങ്ങളോന്നിച്ചു സ്വർഗ്ഗത്തിൽ വന്നു ചേരും. ഏറ്റവും സ്വല്പകാലത്തേക്കുള്ള ദേഹാദികളെക്കാൾ വിലകല്പിച്ചു പ്രാണനെയുമൊരുമിച്ചു യുദ്ധക്കളം ഉപേക്ഷിച്ചുപോയി സ്വന്തം വംശത്തിനു നിങ്ങൾ കളങ്കം വരുത്തില്ലല്ലോ"[3]. ഈ മഹാകൃത്യം ഗൃഹങ്ങൾതോറും രാജപുത്രന്മാരുടെ ചെവികളിൽ മഹാമന്ത്രങ്ങളായ രാജപുത്രസ്ത്രീകൾ മന്ത്രിക്കാറുണ്ടായിരുന്നു. അവരുടെ കണ്ണുകളിൽനിന്ന് ഒരു തുള്ളി വെള്ളംപോലും വീഴുന്നില്ല. വ്യസനം അവരുടെ മനസ്സിനെ പിടിപ്പിക്കുന്നില്ല. എല്ലാവരുടെ മുഖങ്ങളിൽനിന്നും ഒരു മാതിരി ഉത്സാഹം പ്രവഹിക്കുന്നു. രാജ്ഞി സ്നാനം ചെയ്തു മന്ത്രാഭിഷേകം ചെയ്ത ശേഷം ആഭൂഷണാദികൾകൊണ്ടു അലങ്കരിക്കുന്നു. ഒരു തന്റെ പ്രിയപുത്രനെ ആഘോഷത്തോടുകൂടി വിവാഹം കഴിപ്പിക്കുന്നു, മറ്റൊരു സോദരന്റെ ദേഹത്തിൽ ആഭൂഷണാദികൾ ചേർക്കുന്നു. ചിതോറനഗരം മുഴുവനും വിശ്വാസദീപങ്ങൾകൊണ്ടു ജ്വലിക്കുന്നു. ഈ ഉത്സാഹത്തിന്നു മനസ്സിനെ പിടിച്ചുനിർത്താൻ സ്നേഹം, പ്രേമം, മൈത്രി എന്നിവക്കു കഴിയുന്നതായില്ല. അതിശയവും സ്വാതന്ത്ര്യകാംക്ഷയും മനോവൃത്തികളെ ചിതോറിലെ സ്ത്രീപുരുഷന്മാരെ ഒരുപോലെ ഉന്മത്തരാക്കിത്തീർത്തു.

രാജകീയമായ ആയുധശാല തുറക്കപ്പെട്ടു. വീരന്മാർ കൂട്ടം കൂട്ടമായി വന്നു തങ്ങൾക്കു വേണ്ട ആയുധങ്ങൾ തിരഞ്ഞെടുത്തു. എല്ലാവരും മഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നു. എല്ലാവരും മരിപ്പാൻ തയ്യാറായിരിക്കുന്നു. ചാരണന്മാർ കൂട്ടം കൂട്ടമായി വന്നു രാജമാർഗ്ഗത്തിൽ വിജയഗാനം പാടിത്തുടങ്ങി. ബാപ്പാരാവൻ, സമരസിംഹൻ, ഭീമസിംഹൻ മുതലായ ക്ഷത്രിയവീരന്മാർ ഏതേതു യുദ്ധങ്ങളിൽ ജയിച്ചിരുന്നുവോ ആയവ യുദ്ധസംബന്ധമായ വിജയഗാനങ്ങൾ താളമേളത്തോടുകൂടി പാടിക്കൊണ്ടു അവർ രാജപുത്രന്മാരുടെ ഹൃദയങ്ങളിൽ വീര്യോത്സാഹം കത്തിച്ചുകൊണ്ടിരുന്നു. അവരുടെ പ്രബലമായ പ്രോത്സാഹനംകൊണ്ടും ഉദ്ദീപനംകൊണ്ടും ചിതോറനഗരം മുഴുവനും ഉന്മത്തപ്രായമായി. രാജപുത്രന്മാർ ഒന്നുകിൽ വിജയികളായിത്തീരും, അല്ലെങ്കിൽ സകലനഗരവാസികളും സ്വാതന്ത്ര്യദേവിയുടെ മുമ്പിൽ ആത്മസമർപ്പണം ചെയ്തു വീരഗതിയെ പ്രാപിക്കും, എന്ന് അപ്പോഴത്തെ അവസ്ഥ കണ്ടാൽ ആർക്കും ഊഹിപ്പാൻ കഴിയുന്നതാണ്.

കാണെക്കാണെ രാത്രിയുടെ മൂന്നാമത്തെ യാമവും കഴിഞ്ഞു. പെട്ടെന്നു ഭേരികൾ മുഴങ്ങിത്തുടങ്ങി. രാത്രിയിലെ വായുവിൽ സുഖമായ ആ വാദ്യഘോഷം നാലുദിക്കിലും മാറൊലിക്കൊണ്ടു. ആ ശബ്ദഘോഷം കേട്ടപ്പോൾ വീരന്മാരുടെ ഹൃദയവും ഗാത്രത്തിൽ നൃത്തം തുടങ്ങി. എല്ലാവരും യുദ്ധോചിതമായ വേഷത്തോടുകൂടി രാജമന്ദിരത്തിനരികിലേക്കു ചെന്നു. യുദ്ധാഭ്യാസം ശീലിപ്പിച്ചിട്ടുള്ള കുതിരകൾ സന്തോഷസൂചകങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും, തങ്ങളുടെ വീ

യുവാനന്മാരെ പുറത്തു കയററിക്കൊണ്ടും തുള്ളിക്കളിച്ചു നടന്നു തുടങ്ങി. അവരും ഒന്നാമത്തെ മഹായുദ്ധത്തിൽ ചാവാനൊരുങ്ങിയിരിക്കുന്നു. എല്ലാവരുടെയും മുമ്പിലായി ജയമല്ലനും പുത്തനും [illegible] തുല്യരായ രണ്ടു പടക്കുതിരകളിൽ കയറി ഇന്ദ്രതുല്യന്മാരായി യുദ്ധത്തിന്നു പുറപ്പെട്ടു. അവർ ഇരുവരും അന്യോന്യം നോക്കി. ഇരുവരും വാളൂരി അന്യോന്യം അഭിവാദ്യം ചെയ്തു. ഇരുവരും അന്യോന്യമനോഭാവത്തെ അറിഞ്ഞു. ഇരുവരും കണ്ണുനീരില്ലാത്ത യാത്ര ചോദിച്ചു. ഈ [illegible] എത്രമാത്രം ധൈര്യവും [illegible] ആയിരുന്നു! ചിതോരിലെ മഹാപ്രാണന്മാരായ രണ്ടുപേരും ഇപ്രകാരം യുദ്ധത്തിന്നു മുതിർന്നു. [illegible] പോലെയുള്ള [illegible] യോടുകൂടി ചിതോരിന്റെ [illegible] [illegible] ഇളക്കപ്പെട്ടു. [illegible] ഇരുവരും എല്ലാവരുടെയും മുമ്പിൽ പുറത്തു പുറപ്പെട്ടു. എല്ലാ [illegible] [illegible] പാടിക്കൊണ്ടും [illegible] [illegible] [illegible] കൊടികളും പിടിക്കുന്നവർ [illegible] കൊടിക്കൂറകൾ [illegible] ഏറിക്കൊണ്ടും പുറത്തെത്തി. ചാരണന്മാർ നൃത്തം ചെയ്തുകൊണ്ടു വിജയഗാനങ്ങൾ പാടിത്തുടങ്ങി. ഇപ്രകാരം ഏറ്റവും അപൂർവവും [illegible] [illegible] [illegible] [illegible] രാജപുത്രന്മാർ സർവസ്വവും [illegible] [illegible] ജയം നേടാനായി [illegible] [illegible] [illegible] [illegible] നേരിട്ടു ചെന്നു. ഇതിന്റെ പരിണാമം എന്തെന്ന് [illegible] മാത്രം അറിയാം.

[illegible] തുല്യരായ [illegible] [illegible] കിരണങ്ങൾ [illegible] പ്രകാശിച്ചു തുടങ്ങി. ഈ സമയത്തു പർവതത്തിന്റെ [illegible] [illegible] കൂട്ടം [illegible] [illegible] [illegible] പ്രവാഹംപോലെ [illegible] [illegible] ചിതോരവാസികൾ [illegible] [illegible]. പുത്തന്റെ [illegible] [illegible] [illegible] കലങ്ങളിൽ [illegible] [illegible] [illegible] കൂടി [illegible] [illegible] കയറി [illegible] [illegible] പുറപ്പെട്ടു വരികയായിരുന്നു. എത്രയോ സ്ത്രീകൾ അവരുടെ [illegible] [illegible] പുറത്തിറങ്ങിയിട്ടു, എത്രയോ [illegible] [illegible] [illegible] [illegible] എന്നു വിചാരിച്ചു [illegible] [illegible] [illegible] [illegible] [illegible] പ്രസരിപ്പിച്ചിരുന്നുവോ, എത്രയോ [illegible] [illegible] വായുവേഗത്തിൽ [illegible] [illegible] [illegible] [illegible] [illegible], ഏററവും [illegible] [illegible] [illegible], [illegible] സ്ത്രീസുലഭമായ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പാടിക്കൊണ്ടു [illegible] [illegible] [illegible] [illegible] [illegible]! [illegible] [illegible] ഈ പ്രവൃത്തി കണ്ട് [illegible] [illegible] അനേകം രാജപുത്രികളും [illegible] [illegible] [illegible] കതിരിൽ കയറി ഈ [illegible] [illegible]. ഏററവും [illegible] [illegible] ഈ വീരസ്ത്രീകളുടെ അപൂർവസാമർത്ഥ്യവും [illegible]

യോദ്ധ്രുടിയ അവരുടെ ദേഹവും കണ്ടിട്ട് ലജ്ജാകരമായ നിർജ്ജനവാസം ഉപേക്ഷിച്ച് ഉദ്ദിഷ്ടമായ ഗന്ധർവ്വലോകത്തിലേക്കു യാത്രപ്പെട്ടു പുറപ്പെട്ടു.

ഇപ്രകാരം സ്ത്രീപുരുഷന്മാർ ഒരുപോലെ യുദ്ധത്തിന്നു പോരാടുകൊണ്ടു ചിത്തോർ ജനശൂന്യമായിത്തീർന്നു. എല്ലാവരും തങ്ങളുടെ എതിർപിണ്ഡങ്ങളെ മുറിച്ചു ചോരകൊണ്ട് അഭിഷേകം ചെയ്തു ശത്രുക്കളിൽനിന്നായ ചിത്തോറിന്നു മംഗളം വരുത്താൻ കഴി. ഏററവും മഹത്തായ ഈ സ്വാതന്ത്ര്യഘടിതകാര്യം ഒരു കാലത്തും വരുന്നതിൽ രാജ്യങ്ങളിലൊക്കെ മഹിമയ്ക്കു കാരണമായിത്തീർന്നിരുന്നു. ഇതു ലോകർക്കെല്ലാം ഒരു മഹത്തായ ആത്മത്യാഗപാഠമായി ഒത്ത ഏതു വിളങ്ങിക്കൊണ്ടിരുന്നു.

[illegible].

നാട്യശാസ്ത്രം

കാവ്യനാടകാദികളുടെ ഉദ്ദേശം രസാസ്വാദനമുളവാക്കി വായനക്കാർക്കു കൃത്യാകൃത്യോപദേശം ചെയ്യുകയാണല്ലോ. ഈ ഉദ്ദേശം നിർവ്വഹിക്കുന്ന കാര്യത്തിൽ കാവ്യങ്ങളെക്കാൾ നാടകങ്ങളാണ് അധികം ഉപയോഗപ്പെടുന്നത്. കൃത്യാകൃത്യങ്ങളുടെ ഫലങ്ങളെവിച്ചു കഥാപുരുഷന്മാരുടെ ചരിത്രം വർണ്ണിക്കുന്ന ശ്രവ്യകാവ്യങ്ങളിൽനിന്നു സന്മാർഗ്ഗപ്രവർത്തനത്തിന്റെ ഫലം ഗുണോദർക്കമാണെന്നും, ദുർമ്മാർഗ്ഗസഞ്ചാരത്തിന്റെ ഫലം ദോഷോദർക്കമാണെന്നും നമുക്കു കേട്ടതിന്മേൽ ഊഹിച്ചറിവാനേ സാധിക്കയുള്ളു. ദൃശ്യങ്ങളായ നാടകങ്ങളിൽനിന്നാകട്ടെ കേട്ടും കണ്ടും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഏതു സംഗതിയും കേൾക്കുന്നതിലധികം കാണുമ്പോഴാണ് വ്യക്തവും വിശ്വാസയോഗ്യവുമായിത്തീരുന്നതെന്നു ലോകത്തിൽ അനുഭവമല്ലേ? രാവണൻ പരദാരാപഹരണം, പാണ്ഡവദ്രോഹം മുതലായ ദുഷ്കൃത്യങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി വംശത്തോടെ നശിച്ചുവെന്നും അതുകൊണ്ടു നാം അവരെ അനുകരിക്കരുതെന്നും ശ്രവ്യകാവ്യത്തിൽനിന്നുള്ളതിലധികം ദൃശ്യകാവ്യത്തിൽനിന്നത്രെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ തത്വത്തെ ആധാരപ്പെടുത്തിയാണ് കാവ്യങ്ങളെക്കാളധികം നാടകങ്ങൾക്കു പ്രാധാന്യം കല്പിച്ചിട്ടുള്ളത്. 'നാടകാന്തം കവിത്വം' എന്നു ഒരു ചൊല്ലുണ്ടാവാൻ ഹേതുവും ഇതാകുന്നു.

ഇങ്ങിനെ നാടകങ്ങൾക്കുള്ള ഉദ്ദേശം അനായാസേന സാധിക്കുന്നതിന്നു സഹായിക്കുന്നത് അഭിനയമാകുന്നു. ഈ അഭിനയത്തെത്തന്നെയാണ് നാട്യം എന്നു വ്യവഹരിക്കുന്നത്. നാട്യത്തിന്റെ ഉത്പത്തി കഥ പ്രാചീനകാലത്തു തന്നെയാണെന്നു വൈദികസാഹിത്യം പരിശോധിക്കുമ്പോൾ വെളിപ്പെടുന്നുണ്ട്. നാട്യത്തിന്റെ ജീവാധാരം ദൃശ്യമാണെന്നു

വേദങ്ങളിലാണ്. വേദങ്ങളിൽ അവിടവിടെ വികേന്ദ്രിതങ്ങളായ്ക്കിടക്കുന്ന നാട്യസിദ്ധാന്തങ്ങളെ ഒന്നായി സംഗ്രഹിച്ച് ബ്രഹ്മാവാണ് നാട്യശാസ്ത്രം നിർമ്മിച്ചു. അതിനെ അനുസരിച്ച് പലരും നാട്യശാസ്ത്രഗ്രന്ഥങ്ങൾ കെട്ടിച്ചമച്ചിട്ടുണ്ടെങ്കിലും, അതിൽ ഭരതമുനിയുടെ ഗ്രന്ഥമാണ് കൂടി സുഗമവും പ്രയോജനപ്രദവും ആയിട്ടുള്ളത്. ഭരതന്റെ നാട്യശാസ്ത്രമാണ് ഇപ്പോഴും പ്രചാരത്തിലിരിക്കുന്നത്. പിൽക്കാലത്തെ സാഹിത്യശാസ്ത്രകാരന്മാരുടെ അഭിപ്രായം ഇതിനെ അനുസരിച്ചാണ്. ഭരതന്റെ നാട്യശാസ്ത്രത്തിനു മുമ്പ് 'ശിലാലി', 'കൃശാശ്വൻ' എന്നിവരാൽ നിർമ്മിക്കപ്പെട്ട നടസൂത്രങ്ങളായിരുന്നു പ്രചാരത്തിലിരുന്നത്. പരിഷ്കൃതവും സുഗമവുമായ ഭരതന്റെ നാട്യശാസ്ത്രം ആവിർഭവിച്ചതോടുകൂടി മുമ്പുള്ളവയുടെ പ്രചാരവും പ്രസിദ്ധിയും തീരെ ഇല്ലാതായി. ഭരതമുനിയുടെ കാലം മുതൽക്കു നാട്യത്തിനു തന്നെ ആകൃതിയിലും പ്രകൃതിയിലും സാരമായ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. വികസിതവും അപൂർണ്ണവുമായിരുന്ന നാട്യത്തെ ഭരതനാണ് പുതുക്കി മുഴുമിപ്പിച്ച് ഒരു പുതിയ പ്രസ്ഥാനം നാട്ടിൽ വരുത്തി.

നാട്യശാസ്ത്രത്തിലെ പ്രമേയങ്ങളെ ഭരതവാക്യപ്രകാരം നാലായി വിഭജിച്ചിരിക്കുന്നു—1. പാഠ്യം 2. ഗീതം 3. അഭിനയം 4. രസം. ഇവയിൽ പാഠ്യത്തെ ഋഗ്വേദത്തിൽനിന്നും, ഗീതത്തെ സാമവേദത്തിൽനിന്നും, അഭിനയത്തെ യജുർവ്വേദത്തിൽനിന്നും, രസത്തെ അഥർവ്വവേദത്തിൽനിന്നുമാണ് സംഗ്രഹിച്ചിട്ടുള്ളത്. പാഠ്യം എന്നതു പാത്രങ്ങൾ തമ്മിലുള്ള സംഭാഷണമാകുന്നു. സ്തോത്രരൂപങ്ങളായ ഋക്കുകളാലും സംവാദങ്ങളായ വിവിധ കഥകളാലും പരിപൂർണ്ണമായ ഋഗ്വേദത്തിലാണ് സംഭാഷണരീതി നല്ലവണ്ണം കാണുന്നത്. അതുകൊണ്ടായിരിക്കാം പാഠ്യത്തെ ഋഗ്വേദത്തിൽനിന്നെടുത്തത്. ഗാനപ്രധാനമായ സാമവേദത്തിൽനിന്നല്ലാതെ ഗീതം സംഗ്രഹിപ്പാൻ മറ്റു വഴിയില്ലല്ലോ. യജുർവ്വേദത്തിൽ യാഗകർമ്മങ്ങളെ പ്രതിപാദിക്കുന്നതുകൊണ്ട് അഭിനയം അതിലധികം സുലഭമാണ്. അതുകൊണ്ടത്രെ അഭിനയത്തെ യജുർവ്വേദത്തിൽനിന്ന് സംഗ്രഹിച്ചിരിക്കുന്നത്. വിവിധതന്ത്രങ്ങളെ പ്രതിപാദിക്കുന്ന അഥർവ്വവേദത്തിൽ പലേടത്തും കവിത ധാരാളമുണ്ട്. കാവ്യജീവനായ രസത്തെ അഥർവ്വവേദത്തിൽനിന്നെടുത്തത് അതുകൊണ്ടാകുന്നു. ഇങ്ങിനെ നാലു വിഷയങ്ങളടങ്ങിയതാണ് നാട്യശാസ്ത്രം.

ഇനി നാട്യമെന്നാലെന്താണെന്നാലോചിക്കാം. 'നാട്യം' എന്ന ശബ്ദത്തിന്റെ അർത്ഥത്തിനു കുറെയേറെ വ്യാപ്തിയുണ്ട്. നൃത്തം എന്ന അർത്ഥത്തിലുള്ള 'നട' ധാതുവിൽനിന്നാണ് നാട്യശബ്ദം ഉണ്ടാവുന്നതെങ്കിൽ അതിനു ശാസ്ത്രവിഷയം എന്താണ്? അല്പത്തിൽ ഒരു നാട്യത്തെ നൃത്തം എന്നുതന്നെയാണ് പറയേണ്ടത്. നൃത്തത്തിനു ശാസ്ത്രവിഷയചൊല്ലിന്റെയല്ലാതെ അഭിനയത്തിന്റെ ആവശ്യം തീരെ ഇല്ല. നൃത്തം ചെയ്യുന്നവനെ നർത്തകൻ എന്നു വ്യവഹരിക്കുന്നു. ഇനി 'നടനത്തെ' എന്നൊരു ധാതുവുണ്ട്. അതിൽനിന്നുണ്ടാകുന്ന നാട്യശബ്ദത്തിനു നൃത്യം എന്നാണർത്ഥം. നൃത്യമെന്നാൽ പദാർത്ഥാഭിനയമാകുന്നു. ഇ

തിൽ ശാസ്ത്രവിഷയകപാഠത്തിനു പുറമെ ആംഗികമാണ് അധികം ആവശ്യമായിട്ടുള്ളത്. നമ്മുടെ 'പാഠകവും' ചാക്യാരുടെ 'കൂത്തും' ഇതിൽ ഉൾപ്പെടുന്നവയാകുന്നതാണ്. 'നടനമവസ്ഥാനുകരണം' എന്നു മൂന്നാമതൊരു ഭേദ'ലക്ഷണവും കൂടിയുണ്ട്. അതിൽനിന്നുണ്ടാകുന്ന നാട്യത്തിനു വാക്യാർത്ഥാഭിനയം എന്നാകുന്നു അർത്ഥം. ഇതിൽ ശരീരചേഷ്ടകൾ അല്പാല്പം ആവശ്യമാണെങ്കിലും സാത്വികമത്രെ പ്രധാനമായപേക്ഷിതമായിരിക്കുന്നത്. പദാർത്ഥാഭിനയത്തിനും, വാക്യാർത്ഥാഭിനയത്തിനും തമ്മിൽ വ്യത്യാസമധികമൊന്നുമില്ല. പദാർത്ഥാഭിനയത്തിൽ ആംഗികത്തെ മാത്രമേ അവലംബിക്കേണ്ടതുള്ളൂ. ഓരോരു സന്ദർഭത്തിലെ ഓരോരു പാത്രത്തെയും താനായിത്തന്നെ ആ നടന്റെ ഭാവന. വിസ്തരാഭിനയമാണെല്ലാം അത്ര വ്യക്തമായി ഭാവിക്കേണ്ടതുമില്ല. വാക്യാർത്ഥാഭിനയത്തിലാവട്ടെ ആംഗികസാത്വികാദിചതുർവിധങ്ങളോടുകൂടെ സന്ദർഭങ്ങളോടുകൂടി അവസ്ഥാനുകരണം ചെയ്തുകൊണ്ടാണ് വാക്യാർത്ഥമഭിനയിക്കേണ്ടത്. ആ നടൻ ഒരു പ്രത്യേകപാത്രത്തിന്റെ പ്രതിനിധി മാത്രമേ ആകുന്നുള്ളൂ. ഇങ്ങിനെ നാട്യം ശാസ്ത്രവിഷയപാഠകമായി നൃത്തമെന്നും, പദാർത്ഥാഭിനയാത്മകമായി നൃത്യമെന്നും, വാക്യാർത്ഥാഭിനയാത്മകമായി നാട്യമെന്നും മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ആദ്യത്തെ നൃത്തം എന്നതു താളത്തെയും, ലയത്തെയും ആശ്രയിക്കുന്നതുകൊണ്ടു താളലയാശ്രയമാകുന്നു. രണ്ടാമത്തേതായ നൃത്യമാകട്ടെ ഭാവാശ്രയമെന്നു പറയപ്പെടുന്നു. ഒടുവിൽ പറഞ്ഞ നാട്യമെന്നതു രസാശ്രയമാണ്. ഈ നാട്യത്തെത്തന്നെയാണ് അവസ്ഥാനുകരണരൂപമായ അഭിനയം എന്നു പറയുന്നത്. ഇതിൽ നടൻ ധീരോദാത്താദികളായ നായകന്മാരുടെ അവസ്ഥയെ ഭാവവികാരങ്ങളെ അനുകരിച്ചു സാമാജികന്മാർക്കു ശൃംഗാരാദിരസപ്രതീതിയുണ്ടാക്കിത്തീർക്കുന്നു.

ശാസ്ത്രവിഷയപാഠകമായ നൃത്തത്തെ 'ദേശി' എന്നും, പദാർത്ഥാഭിനയരൂപമായ നൃത്യത്തെ 'മാർഗ്ഗം' എന്നും വ്യവഹരിക്കുന്നു. ഇവ രണ്ടിനും മധുരം, ഉദ്ധതം എന്നു രണ്ടു ഭേദങ്ങളുണ്ട്. ഇതിൽ മധുരം എന്നതു സുകുമാരമാകയാൽ ലാസ്യമെന്നും, ഉദ്ധതമെന്നതു വിഷമമാകയാൽ താണ്ഡവമെന്നും പറയപ്പെടുന്നു. ലാസ്യം നിർമ്മിച്ചതു പാർവ്വതിയും, താണ്ഡവം നിർമ്മിച്ചതു ശിവനുമാകുന്നു. വാക്യാർത്ഥാഭിനയാത്മകമായ നാട്യമാണ് നാടകങ്ങളിൽ അത്യന്താപേക്ഷിതമായിട്ടുള്ളത്. എന്നാൽ നൃത്തവും നൃത്യവും ചില ഘട്ടങ്ങളിൽ ആവശ്യകങ്ങൾ[12] തന്നെയാണ്. നൃത്തത്തിന്റെ ഉപയോഗം രംഗത്തു ശോഭയ്ക്കുവേണ്ടിയും, നൃത്യത്തിന്റെ അവാന്തരപദാർത്ഥാഭിനയം കൊണ്ടുമാകുന്നു. കൂടാതെ, വാക്യാർത്ഥാഭിനയത്തിനു പദാർത്ഥങ്ങളാണ് മേളവാക്യമല്ലം, പദാർത്ഥങ്ങളായ വിഭാവാദികളെ അവലംബിക്കുന്നതുകൊണ്ടും നൃത്തം നാട്യത്തിനു ഒഴിച്ചുകൂടാത്ത ഒരംഗമായിത്തീരുന്നു. നൃത്യകാരനും നാട്യകാരനും നടൻ എന്നതന്നെയാണ് വ്യവഹാരം.

അവസ്ഥാനുകരണരൂപമായ അഭിനയത്തെപ്പറ്റി 'ദശരൂപക'ത്തിലിങ്ങിനെ പറഞ്ഞിരിക്കുന്നു:—

'ഉല്പാദയാൽസൃഷ്ടമേ
ഭാവജ്ഞാനന്നിരന്തരം
അനുകർത്ത്രാശ്രിതായായോ—
ഭിനയസ്സമാഖ്യായതേ.'

സൃഷ്ടമെന്ന ഇടമുറിയാതെ ഭാവജ്ഞാനമുള്ള പാകത്തക്കവണ്ണം അനുകർത്താവായ നടൻ അനുകാര്യന്റെ അവസ്ഥയെ അനുകരണം ചെയ്യുന്ന കർമ്മമാണ് അഭിനയം എന്നു പറയപ്പെടുന്നത്. ഭരതൻ ഇതിനെയാണ് പറഞ്ഞിരിക്കുന്നത്:—

'വിഭാവയതിയസ്മാച്ച
നാനാർത്ഥാൻഹിപ്രയോഗതഃ
ശാഖാംഗോപാംഗസംയുക്ത
സ്തസ്മാദഭിനയഃസ്മൃതഃ'

ഇങ്ങിനെയുള്ള അഭിനയത്തിന് ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നു നാലു ഭേദങ്ങളുണ്ട്. ആംഗികം എന്നതിന് അംഗങ്ങളാൽ നിർവൃത്തമെന്നർത്ഥമാകുന്നു. അക്ഷിസങ്കോചം, ഭ്രൂവികാരം, ഹസ്തനിർദ്ദേശം മുതലായ അവയവവ്യാപാരങ്ങളാൽ സാദ്ധ്യമായതുകൊണ്ടാണ് ഈ അഭിനയം ആംഗികമായിത്തീരുന്നത്. നാട്യശാസ്ത്രത്തിൽ 'ത്രിവിധസ്ത്വാംഗികോ ജ്ഞേയഃ ശാരീരോ മുഖജസ്തഥാ. തഥാ ചേഷ്ടാകൃതശ്ചൈവ ശാഖാംഗോപാംഗസംയുതഃ' എന്ന് ആംഗികത്തിനു തന്നെ മൂന്നു ഭേദങ്ങൾ പറഞ്ഞിരിക്കുന്നു. മുഖാവയവങ്ങളുടെയും ശരീരാവയവങ്ങളുടെയും ഗമനാഗമനാദിവ്യാപാരങ്ങളുടെയും സഹായത്താൽ പ്രയോഗിക്കയാൽ മുഖജം, ശാരീരം, ചേഷ്ടാകൃതം എന്നിങ്ങിനെ അവ മൂന്നാകുന്നു. ആംഗികത്തിനു 'ശാഖ' എന്നും നാട്യശാസ്ത്രത്തിൽ പേർ പറഞ്ഞു കാണുന്നു. ശിരസ്സ്, പാർശ്വം, കടി, പാദം, എന്നീ ആറു അംഗങ്ങളും, പുരികം, കണ്ണ്, മൂക്ക്, അധരം, കവിൾത്തടം, ചിബുകം, എന്നീ ആറു ഉപാംഗങ്ങളുമാണ് ആംഗികാഭിനയത്തിനുപയുക്തങ്ങളായിട്ടുള്ളത്.

'വാചികം' എന്നതിനു വാക്കുകൊണ്ടു നടത്തപ്പെടുന്ന അനുകരണം എന്നാകുന്നു അർത്ഥം. ആട്ടം പ്രസ്താവിച്ച പാട്ടും ഇതിലുൾപ്പെടുന്നു. സ്തംഭം, കമ്പം, സ്വേദം മുതലായ സാത്വികവികാരങ്ങളെക്കൊണ്ടുള്ള അനുകരണം സാത്വികമെന്നാണു പറയപ്പെടുന്നത്. നടൻ സന്ദർഭത്തിന്റെ സ്വഭാവമനുസരിച്ച് ഈ വക ഭാവങ്ങളെ പ്രദർശിപ്പിക്കുമ്പോഴാണ് മാത്രമേ അനുകാര്യന്റെ രൂപം അനുകർത്താവിൽ കാണുകയുള്ളു. ആഹാര്യമെന്നതു അണിയലം വഴിയായുള്ള ഒരു പ്രത്യേകമായ ഏർപ്പാടാകുന്നു. ശാകുന്തളത്തിൽ ദുഷ്യന്തന്റെ വേഷം കെട്ടുന്ന നടൻ താൻ ദുഷ്യന്തനാണെന്നു സാമാജികന്മാർക്കു തോന്നാൻ വേണ്ടി രാജാവു ധരിക്കുന്ന വസ്ത്രാഭരണാദികളെയും ധരിക്കേണ്ടിയിരിക്കുന്നു. കഥാപുരുഷന്മാരുടെ ഓരോ നാട്യ വയസ്സാദി ഭാവാദികൾക്കനുഗുണമായ ആകൃതിയെയും പ്രകൃതിയെയും നടൻ സ്വീകരിക്കാതെ കഴിയുന്നതല്ല. ഇങ്ങിനെയുള്ള നാല്വിധം അഭിനയങ്ങളെക്കൊണ്ടാണ് ദൃശ്യകാവ്യത്തെ പ്രയോഗിക്കേണ്ടതു. അതുകൊണ്ടു നാടകത്തെ അഭിനയം എന്നു വ്യവഹരിക്കാവുന്നതാണ്. നാടകപ്രയോഗത്തിന്നാവശ്യകങ്ങളായ ധർമ്മങ്ങളെ മുഴുവനിലെ നാട്യശാസ്ത്രത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

സി. ശങ്കുണ്ണിനായർ.

പരചിത്താകർഷണം

(HYPNOTISM)

ഫ്രെഡ്രിക് ആന്റൺ മെസ്മർ എന്ന പണ്ഡിതനായ ഒരു ജർമ്മൻ ഡോക്ടർ ജീവികളിൽ സ്വാഭാവികമായി ഒരു ആകർഷണശക്തി അന്തർഭവിച്ചു കിടപ്പുണ്ടെന്നും ആ ശക്തിയുടെ പ്രയോഗവിശേഷങ്ങളാൽ അനന്യസാധാരണമായ അനേകം സംഗതികൾ സാധിക്കാമെന്നും ഒരു പുതിയ സിദ്ധാന്തം ഉദ്ഘോഷമായി പ്രചരിപ്പിച്ചു. ഈ ക്രിസ്ത്വബ്ദം 1766-ൽ ആണ്. ഡോക്ടർ മെസ്മറിന്റെ സിദ്ധാന്തങ്ങളെക്കുറിച്ചും, അവയിലുള്ള യുക്തിവൈകല്യങ്ങളെ സയുക്തികം ചൂണ്ടിക്കാണിച്ചു പ്രത്യേകമായി അനേകം വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരായ ആളുകൾ പലരും പ്രസംഗിക്കയുണ്ടായി. ശാസ്ത്രജ്ഞനായ ഒരാൾ ഒരു പുതിയ അഭിപ്രായം ഒന്നു പുറപ്പെടുവിച്ചുകഴിഞ്ഞാൽ അതിനെപ്പറ്റി തർക്കവാദങ്ങളുണ്ടാവുന്നതും പല വാദപ്രതിവാദങ്ങളും നടക്കുന്നതും സാധാരണ സംഭവമാണ്. ശാസ്ത്രജ്ഞാനം ഇന്നത്തെപ്പോലെ ഇല്ലാതിരുന്ന പണ്ടു കാലങ്ങളിൽ മനുഷ്യസാധാരണമല്ലെന്ന് അതുവരെ വിചാരിക്കപ്പെട്ടിരുന്ന ഏതെങ്കിലും ഒരു കാര്യം നൂതനമായി ആരെങ്കിലും പ്രവർത്തിച്ചാൽ, അയാളെ തൽക്ഷണം ആഭിചാരകനായി അഭിഷേകം ചെയ്യുന്നതിനു ജനങ്ങൾക്ക് അശേഷം സംശയമുണ്ടായിരുന്നില്ല. ഡോക്ടർ മെസ്മറിന്റെ സിദ്ധാന്തങ്ങൾക്ക് അദ്ദേഹം കല്പിച്ചു വ്യാഖ്യാനം തീരെ സയുക്തികമായിരുന്നില്ലെങ്കിലും, അദ്ദേഹം ചെയ്ത ശാസ്ത്രാന്വേഷണത്തിന്റെ ഫലമായി ഒരു നൂതനശക്തിയുടെ സത്തയും പ്രത്യക്ഷമാവുകയും ആ ശക്തിയുടെ സാഹായ്യത്തോ പ്രേരണയോ കൊണ്ടു 'സമ്മോഹനവിദ്യ' അഥവാ 'പരചിത്താകർഷണം' സാധിക്കാമെന്നു പഠിപ്പിക്കുന്നതാൽ പലർക്കും ബോദ്ധ്യമാവുകയും ചെയ്തു. അതിനുശേഷം പ്രവൃത്തിച്ചു ചില അഭിപ്രായവ്യത്യാസങ്ങളോടു കൂടി ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കാൻ തുടങ്ങി. ശാസ്ത്രവിഷയത്തിൽ കേവലം അജ്ഞന്മാരായ ചില മനുഷ്യരുടെ ദുഷ്പ്രേരണയാൽ ദോഷപ്രവചനം കൊണ്ടു ഡോക്ടർ മെസ്മർ ഒരു ആഭിചാരക്കാരനാണെന്നും കാറ്റുള്ള ദിക്കിലുണ്ടാവുകയും, തന്നിമിത്തം മനോഹരമായ അദ്ദേഹം തന്റെ അന്നത്തെ വാസസ്ഥലമായിരുന്ന ഫ്രാൻസ് വിട്ടു സ്വരാജ്യമായ ജർമ്മനിയിൽ പോയി താമസിക്കയും, അവിടെ വെച്ചു 1815-ൽ മരിച്ചുപോവുകയും ചെയ്തു. സമ്മോഹനവിദ്യയുടെ പിതാവായ ഡോക്ടർ മെസ്മറിന്റെ നാമധേയമുള്ള ശാസ്ത്രത്തിന്റെ സ്മാരകമായി, അദ്ദേഹത്തിന്റെ മരണാനന്തരം, ജർമ്മനിക്കാരായ അനേകം ശാസ്ത്രപണ്ഡിതന്മാർ കൂടി, ബർലിനിൽ സ്മാരകങ്ങൾ ഏർപ്പെടുത്തിട്ടുണ്ട്. മഹാന്മാരായ ശ്രേഷ്ഠന്മാരെന്ന മഹത്തായ സിദ്ധാന്ത

ണ്ടും ആളിയിൽ അനാദരിക്കപ്പെടുന്നു. മറ്റൊ എന്തെങ്കിലും വലിയ കൃത്യം ചെയ്താൽ ജനങ്ങൾ അതിനെ തൊഴുതുമിച്ചു പൂജാ കല്പനാദികൾ ചെയ്യുന്നു.

'പരചിത്താകർഷണം' എന്നതിൽ 'സമ്മോഹനവിദ്യ' എന്നുവെച്ചാൽ ഇന്നതാണെന്നു ബോദ്ധ്യമായ ഒരു വിവരണം കൊടുപ്പാൻ തക്കവണ്ണം അതിലുള്ള ചില അഭിപ്രായവ്യത്യാസങ്ങൾ തീർന്നുകഴിഞ്ഞിട്ടില്ല. ആധുനികവ്യാഖ്യാനപ്രകാരം ചെറുതായി പറയുന്നതായാൽ, അതു, മെസ്മർ കണ്ടുപിടിച്ച നൂതനമായ ആകർഷണശക്തിയുടെ പ്രയോഗംകൊണ്ടു പ്രയോജ്യന്റെ * ഇന്ദ്രിയശക്തികളെ അപ്പോൾ മാത്രമായി ഒരു മയക്കം വരുത്തിയും എന്നാൽ ആയാളുടെ വിചാരശക്തിക്കുള്ള സ്വാതന്ത്ര്യത്തിന്മേൽ അധികാരം പ്രവർത്തിപ്പാൻ കഴിവില്ലാതെയും ആ പ്രയോജ്യനെ ഒരു പ്രയോക്താവ് ‡ തന്റെ അധീനത്തിൽ വെച്ചു തന്റെ ഇഷ്ടാനുസാരേണ പ്രവർത്തിപ്പിക്കുന്ന ഒരു വിദ്യയാണ്. സമ്മോഹനവിദ്യാപ്രയോഗത്തിന്റെ ഫലിതമാത്രമായ മയക്കം, പ്രയോക്താവിന്റെ മനഃശക്തികൊണ്ടു പ്രയോജ്യന്റെ മനസ്സിനെ ബാധിപ്പിക്കുന്ന ഒരു ഭാവമാറ്റത്തിൽ നിന്നു ഉത്ഭൂതമാകുന്ന അവസ്ഥാന്തരമെന്നു പലരും വിശ്വസിച്ചു വരുന്നു. ഇതു മുറ്റും ശരിയായ ഒരു ധാരണയാണെന്നു തോന്നുന്നില്ല. മേൽപ്രങ്ങളെ മാറ്റു മനസ്സുകൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. നേരെ മറിച്ചു പ്രയോഗിക്കുന്ന വിദ്യകൊണ്ടു ഫലപ്രാപ്തി വേണമെങ്കിൽ നിശ്ചയമായും അവ തമ്മിൽ ഒരു പരിപൂർണ്ണമായ ഐക്യമാണ് അവശ്യം ആവശ്യമായിട്ടുള്ളത്. എത്രതന്നെ പരിശ്രമിച്ചാലും പരിചയമുള്ള ഒരു പ്രയോക്താവായാലും ശരി, അയാൾക്ക് ഒരു പ്രയോജ്യനെ അയാളുടെ വിചാരശക്തിയുടെ ഗതിക്കു വിരോധമായി മയക്കുവാൻ സാധിക്കുന്നതല്ല. മനസ്സുകൾ തികച്ചു ചേരായിട്ടുള്ള ഒരു ഉന്നതമായ പ്രത്യക്ഷമായ ഫലം കേവലം നിസ്സാരമായ ഒരു പ്രയോജ്യന്റെ മനസ്സിൽ സംശയമില്ല. മേലെ കാണിച്ചു നല്ല മനസ്സോടുകൂടിയാണു പ്രയോജ്യനിൽ അനുഭവം പ്രത്യക്ഷമായ അഭിപ്രായമാണ്. എല്ലാ സംഗതിയാലും പ്രയോക്താവിന്റെ പ്രബോധനം (Suggestion) എന്നതു, അതിൽനിന്നു തന്റെ മനസ്സിനെ പ്രയോജ്യൻ പൂർണ്ണമായി പ്രതിഷ്ഠിക്കുവാൻ കഴിയും. യഥാർത്ഥമായ മനശ്ശക്തികൊണ്ടു ഒരു പ്രയോക്താവിന്റെ വിദ്യയെ വിഫലമാക്കുവാൻ അതിനു കഴിയും എന്നു അറിഞ്ഞിട്ടുള്ളവർ വാസ്തവത്തിൽ ഉത്കൃഷ്ടമായ പ്രയോജ്യന്മാരായിരിക്കും. ഇതിനു ഒരു അത്ഭുതമായ അഭിപ്രായമുണ്ടാകുവാനുള്ള കാരണം ഡോക്ടർ മെസ്മറിന്റെ മുൻ പ്രസ്താവിച്ച യുക്തിയുക്തമല്ലാത്ത വ്യാഖ്യാനങ്ങളാണ്. മയക്കം ഉണ്ടാകുന്നതു, പ്രയോക്താവിന്റെ അംഗങ്ങളിൽ നിന്നു പ്രയോജ്യന്റെ ശരീരത്തിലേക്കു പ്രവഹിക്കുന്ന ഒരു തരം ദ്രവ

* മെസ്മരിസത്തിൽ പ്രയോഗിക്കപ്പെടുന്ന ആൾ.—Subject

‡ വിദ്യ ആരെ പ്രയോഗിക്കുന്നയാൾ.—Operator

മനസ്സിന്റെ വ്യാപാരങ്ങളാണെന്നാണ് മെസ്മർ നിർദ്ദേശിച്ചത്. ഈ അഭിപ്രായത്തെ അദ്ദേഹത്തിന്നു ശേഷം അത്ര സ്വീകാരയോഗ്യമായി വിചാരിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ, പ്രസ്തുതശാസ്ത്രവിധിപ്രകാരമുള്ള രോഗശാന്തി പ്രയോഗ്യനെ സ്പർശിക്കാതെയും ചെയ്യാതെ ദൂരത്തിൽ വെച്ചുതന്നെ നിവൃത്തിക്കാവുന്നതും നിവൃത്തിപ്പിക്കുന്നതുമാണ്. മെസ്മരിന്റെ ഉപപത്തിസംബന്ധമായുള്ള തത്വത്തെ നാൻസിപാഠശാലയിലെ പ്രധാനിയായ ബിനൈറ്റ് എന്ന പണ്ഡിതൻ തന്റെ സൂക്ഷ്മതരങ്ങളായ പരിശോധനകളാൽ നിശ്ശേഷം ഖണ്ഡിച്ചിട്ടുണ്ട്.

സമ്മോഹനവിദ്യ ഫലിക്കുന്നതു, 'പ്രബോധന' (Suggestion) അല്ലാതെ മറ്റൊന്നിനാലുമല്ല. പ്രബോധനമെന്നു പറയുന്നതു എന്താണെന്നാണ് ഇനി ആലോചിപ്പാനുള്ളത്. ശരീരത്തിന്നേയും ശരീരസംബന്ധമായ പ്രവൃത്തികളിലേയും സമ്മോഹനവിദ്യക്കാരൻ മനസ്സിന്റെ ശക്തിയെ ഉപയോഗിക്കുന്നു. ഈ ശക്തി അപാരമായിട്ടുള്ളതാണെന്ന വാസ്തവത്തെ നിഷേധിപ്പാൻ ആർക്കും ശക്യമല്ല. ഈ കാരണംകൊണ്ടാണ് ഭിഷഗ്വരന്മാർ, അവരുടെ രോഗികളോടു മനസ്സിനെ വ്യാകുലപ്പെടുത്താതെ സദാ പ്രസന്നതയോടുകൂടിയിരിപ്പാൻ ഉപദേശിക്കുന്നത്. നിസ്സാരന്മാരായ ചില കുടിലവൈദ്യന്മാർ ചിലപ്പോൾ സഫലന്മാരായിത്തീരുന്നതിന്റെ രഹസ്യവും മറ്റൊന്നുമല്ല. അവർ തങ്ങളുടെ ഔഷധങ്ങളെപ്പറ്റി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളിൽ അനേകതരം രോഗങ്ങളേയും ഒന്നൊഴിയാതെയുള്ള അവയുടെ ലക്ഷണങ്ങളേയും പറ്റി അത്യുത്സാഹത്തോടെ എഴുതി ഫലിപ്പിക്കുന്നു. പരസ്യത്തിൽ പ്രതിപാദിക്കുന്ന രോഗലക്ഷണങ്ങളും വായിക്കുമ്പോൾ, ആ വക ലക്ഷണങ്ങൾ തങ്ങളിൽ കാണാനില്ല എന്നായാലും ചില വായനക്കാരിൽ ആശങ്കിക്കയാൻ വളരെ പ്രയാസമില്ല. ഇതിനാധികം പറയുന്നു, ഏതോ താമസിയാതെ ഒട്ടാകെ നിർഭാഗ്യവാന്മാർ യഥാർത്ഥത്തിൽ രോഗികളായിപ്പരിണമിക്കയും ചെയ്യുന്നു. 'സംശയം' രോഗോല്പാദകമാണെന്നു നാട്ടിൽ പലരും കേട്ടിട്ടുണ്ടായിരിക്കമല്ലോ. രോഗകാരണങ്ങളെ ശരിയായി കണ്ടുപിടിപ്പാൻ തക്ക ശാസ്ത്രപരിജ്ഞാനമുള്ള ഒരു വൈദ്യപണ്ഡിതൻ, മേല്പറഞ്ഞ അഭിപ്രായത്തെ ആക്ഷേപിക്കുമെങ്കിൽ ആശ്ചര്യം മനസ്സാലാവിക്കേണ്ടതുണ്ട്. വിഷം അത്യുഗ്രങ്ങളായ ചില പദാർത്ഥങ്ങളെന്നു സർവസമ്മതമാണ്. എന്നാൽ വിഷം ഭക്ഷിക്കുന്ന എല്ലാവരും അതുകൊണ്ടു പ്രതിഷ്ഠിച്ചിട്ടുള്ള എല്ലാവക ദോഷങ്ങളും അനുഭവിക്കുന്നവരോ? ചില ശരീരപ്രകൃതിവിശേഷംകൊണ്ടു വകവെക്കാതിരുന്ന പ്രസിദ്ധന്മാരായ വൈദ്യന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിഷം സഹിക്കാവുന്ന ആ ശക്തിയെയാണ് മനസ്സിന്റെ നിശ്ചയമായ വ്യാപാരംകൊണ്ടു വർദ്ധിപ്പിക്കയോ ക്ഷയിപ്പിക്കയോ ചെയ്യുന്നത്.

കേൾപ്പാനുള്ള സംഗതികളെക്കൊണ്ടു, മനസ്സുകൊണ്ടും ഉണ്ടായ ചൈതന്യത്തെന്ന ദീർഘമായ 'പ്രബോധന'ത്തെ എങ്ങനെ വ്യക്തമായിരിക്കുമല്ലോ. ഇന്ദ്രിയങ്ങളിൽകൂടി മാത്രമേ മനസ്സിൽ പ്രവേശിപ്പാൻ കഴിയു. മനസ്സിലേക്ക് പ്രവേ

ധനങ്ങളെ വശീകരിക്കുവാനായി പഞ്ചേന്ദ്രിയങ്ങളേയും ഉപയോഗപ്പെടുത്താം. എന്നാൽ സാധാരണയായി, കാഴ്ച, കേൾവി, സ്പർശം ഈ മൂന്നു മാത്രമേ ഒരു പ്രയോക്താവ് ആവശ്യപ്പെടുന്നുള്ളൂ. 'സ്വപ്രബോധന'മെന്നും 'പരപ്രബോധന'മെന്നും പ്രബോധനം രണ്ടുവകയുണ്ട്. 'സ്വപ്രബോധന'ത്തിന്റെ ശക്തി കിടയറ്റതും അത്ഭുതകരവുമായുള്ളതാണ്. ഈ ലേഖനത്തിന്റെ മൂലഗ്രന്ഥകർത്താവിനു ഒരു ദിവസം കാലത്തു നാലുമണിക്ക് അടിയന്തരമായി ഒരു സ്ഥലത്തു പോകേണ്ടതുണ്ടായിരുന്നു. സംഗതിവശാൽ അദ്ദേഹത്തിനു രാത്രി 2 മണിവരെ ഉറങ്ങാൻ സാധിച്ചതുമില്ല. അപ്പോഴും പോയി കിടന്നാലിരുന്നാൽ കൃത്യസമയത്തിനു ഉണരുവാൻ സാധിക്കുന്നതല്ലെന്നു തോന്നി അദ്ദേഹം 'ഉണരുന്നതിനുള്ള യന്ത്രം' ക്രമപ്പെടുത്തി വെച്ചു നിദ്രയാരംഭിച്ചു. യന്ത്രം അതിന്റെ പ്രവൃത്തി നടത്തേണ്ടതു നാലുമണിക്കായിരുന്നു. എന്നാൽ അതിനു മുമ്പു അദ്ദേഹം കൃത്യം നാലുമണിക്കു ഉറക്കമുണർന്നു. ഈ സംഭവം സ്വപ്രബോധനത്തിന്റെ ഒരു ദൃഷ്ടാന്തമാണ്. ആ സമയത്തു ഉണരേണ്ടതാണെന്നുള്ള വിചാരം അദ്ദേഹത്തിന് ആദ്യമേ ഉണ്ട്. എന്നു വെച്ചാൽ ആ സമയത്തു തന്നെ കൃത്യമായി ഉണരേണ്ടതാണെന്നുള്ള ഒരു പ്രബോധനം തന്റെ മനസ്സിൽ താൻ തന്നെ പ്രവേശിപ്പിച്ചിട്ടാണ് ഉറങ്ങുവാൻ തുടങ്ങിയത്. ആ നിദ്രയും ഉണരേണമെന്ന പ്രബോധനത്താൽ ഇന്ദ്രിയങ്ങളോടുകൂടിയ മനസ്സു ശക്തിയെ പ്രേരിപ്പിച്ചു– ഉണർത്തി. പരപ്രബോധനശക്തി, സ്വപ്രബോധനശക്തിയുടെ സഹായത്താൽ മാത്രമേ സഫലമാവുകയുള്ളൂ. പ്രയോജ്യനു, പ്രയോക്താവിൽനിന്നു ആദ്യം ഒരു പ്രബോധനശക്തി സിദ്ധിക്കുന്നു. ആ പ്രബോധനത്തെ സ്വപ്രബോധനശക്തിയാൽ തന്റെ മനസ്സിലേക്കു പ്രവേശിപ്പിക്കുന്നു. അതിനാൽ പരചിത്താകർഷണം എന്നതു, പ്രബോധനമാണെന്നും അതു ഒടുക്കത്തിൽ സ്വപ്രബോധനത്തെ അവലംബിച്ചു നില്ക്കുന്നതാണെന്നും വ്യക്തമാകുന്നുണ്ടല്ലോ. ഒരു മനുഷ്യന്റെയിച്ഛ പരസംകേതിക്കു പ്രതികൂലമായി ആയാളിൽ സമ്മോഹനവിദ്യ സഫലമായി പ്രയോഗിക്കാമെന്നുള്ള വാദം കേവലം അടിസ്ഥാനരഹിതമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാമെന്നു പറയുന്നതു പ്രസ്തുതശാസ്ത്രത്തിന്റെ പ്രമാണമായിട്ടുള്ള തത്വങ്ങൾക്കു വിരോധവുമാണ്.

സമ്മോഹനവിദ്യ പരിശീലിക്കുന്നതിനാൽ പ്രയോക്താവിന്റെയും പ്രയോജ്യന്റെയും ശരീരസ്വാസ്ഥ്യത്തിനു ഗണ്യമായ ഹാനി തട്ടുമെന്നാണ ചിലർക്കുള്ള ഒരാക്ഷേപം. അനേകം സംവത്സരക്കാലമായി പ്രസ്തുതവിദ്യ പ്രയോഗിച്ചു വരുന്ന പലരുമുണ്ട്. അവർ ഇന്നും നല്ല ആരോഗ്യവും പ്രസിദ്ധിയുമുള്ളവരായിട്ടുതന്നെയാണ് കാണപ്പെടുന്നത്. ഈ വിദ്യയിൽ മനുഷ്യരെ ബാധിക്കേണ്ടതിനു കാരണമായ യാതൊന്നും തന്നെ ഇല്ല. [illegible] ഡോക്ടർ ഇപ്രകാരം പറയുന്നു – 'സാധാരണ ഉറക്കംകൊണ്ടു മനസ്സിനും ശരീരത്തിനും ഉണ്ടാകാവുന്നതിൽ അധികമായി യാതൊരു ഹാനിയും പ്രബോധനത്താലുള്ള ഉറക്കംകൊണ്ടു ഉണ്ടാവുന്നി

ല്ല. ക്രമാതീതമായി ഉറങ്ങുന്ന ഒരു മനുഷ്യൻ കാലാന്തരത്തിൽ ബുദ്ധിഹീനനും ഏതാണ്ടൊ നിശ്ചേതനനായിത്തീരുന്നു. അതുപോലെയുള്ള ഒരവസ്ഥ മാത്രമേ, ക്ലീബതയോ, ബലക്ഷയമോ, ഈ വിദ്യ പ്രയോഗിക്കയോ പ്രയോഗിക്കപ്പെടുകയോ ചെയ്യുന്നവൎക്കുള്ളു. എന്നാൽ പ്രസ്തുതസംഗതിയിലുള്ള ഈ ദോഷവും ഒരു പ്രകാരത്തിൽ ഉപയുക്തമാക്കാവുന്നതാണ്. ഹിപ്നോട്ടിസവിദ്യയുടെ അഭ്യസനം വിശേഷിച്ചു പ്രയോക്താവിൽ യാതൊരു ദുഷ്ഫലത്തെയും ചെയ്യുന്നില്ല. നേരെമറിച്ചു പ്രയോജ്യനു ലഭിക്കുന്ന ഗുണം പ്രയോക്താവിലും പ്രതിഫലിക്കും. പ്രയോക്താവു വേണ്ട ഉദ്ദേശ്യം ചെയ്വാൻ ശക്തിയുള്ള ഒരുവനാണെങ്കിൽ, പ്രയോഗമഭ്യസിച്ചു പ്രബോധനാനന്തരം, അയാളിലുള്ള ബല്ല വേദനകളും ദൂരീകൃതമാവുന്നതാണ്. അമേരിക്കയിലും മറ്റു പല പാശ്ചാത്യരാജ്യങ്ങളിലും പാഠശാലകളിൽ [illegible] പ്രധാനമായ ശാസ്ത്രം വൈദ്യശാസ്ത്രത്തിലും, ശസ്ത്രപ്രയോഗത്തിലും അനവധി സഹായമായിത്തീൎന്നിട്ടുണ്ടെന്നു സമ്മതിച്ചുകാണുന്നുണ്ട്. [illegible], സാധാരണന്മാൎക്കു കൂടി ഈ വിദ്യ അഭ്യസിക്കാൻ യാതൊരു [illegible] വില്ല.

'പരമചിത്താകൎഷണ' ശാസ്ത്രത്തെ എന്നു പറയുന്ന ഈ ശ്രേഷ്ഠതമമായ ഒരു സമ്പ്രദായത്തെ അഭ്യസിക്കുന്നവരെന്ന ആധുനികകാലത്തും പല ധൎമ്മശാസ്ത്രജ്ഞന്മാരും വിചാരിക്കുന്നുണ്ടെങ്കിൽ അത്ര വിലവെപ്പാനുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പ്രസ്തുതവിദ്യ മനുഷ്യജാതികളുടെ വിഷയങ്ങളിൽ ഉപയോഗിക്കാമെന്നു ഇന്നും അനേകം പേർ പ്രബലമായി വാദിക്കയും വിശ്വസിക്കയും ചെയ്യുന്നത്, ഇതിന്റെ മാഹാത്മ്യത്തിനു ഗണനീയമായ ഒരു ന്യൂനതയാണ്. പ്രയോക്താവിന്റെ പരിപൂൎണ്ണമായ ശക്തിയിൻകീഴ് പ്രയോജ്യൻ സ്ഥിതിചെയ്യുന്നത് എന്നു തന്നെ [illegible] പ്രകൃതമായും [illegible] സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ഈ തത്വം അവിതൎക്കിതമാണെങ്കിൽ തന്നെ, മഹത്തായ ഈ ശാസ്ത്രത്തെ നിന്ദിക്കുന്നതിൽ എന്തു ന്യായമാണുള്ളത്? ദുൎവിനിയോഗം ചെയ്യാൻ കഴിയാത്തതോ, ചെയ്യാത്തതോ ആയ ഏതു സൽകൎമ്മമാണുള്ളത്? മനുഷ്യന്റെ അഭിവൃദ്ധിക്കും പ്രചാരത്തിനും ഏറ്റവും ഉൽകൃഷ്ടസാമഗ്രിയായ 'അച്ചടിവിദ്യ' തന്നെ എത്രയും പ്രകാരത്തിൽ ദുൎമ്മാൎഗ്ഗത്തിൽ വിനിയോഗിക്കുന്നു എന്നു വെച്ചു ആരെങ്കിലും അതിനെ നിന്ദിക്കുന്നുണ്ടോ? പ്രയോക്താവിന്റെ പ്രയോഗവൈശിഷ്ട്യംകൊണ്ടു നിദ്രാവസ്ഥയിൽ ഉൾപ്പെട്ടവർ തങ്ങളുടെ വിവേചനാശക്തിയെ പരിത്യജിക്കുന്നില്ലെന്നും ആ വിവേചനാശക്തിയുടെ വ്യാപാരത്തിനു വിഷയമാകുന്ന ഏതൊരു പ്രബോധനത്തെ സദുപദേശമായി പ്രയോക്താവു ചെയ്യുന്നുള്ളുവെന്നും മുൻ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. പ്രയോജ്യൻ തന്റെ വിവേചനാശക്തികൊണ്ടു തന്റെ എല്ലാ പ്രവൃത്തിയെയും നിയന്ത്രിക്കുവാനുള്ള പൂൎണ്ണസ്വാതന്ത്ര്യം എപ്പോഴും ഉണ്ട്. അയാൾ സന്മാൎഗ്ഗവിരുദ്ധങ്ങളായ പ്രബോധനങ്ങളെ സ്വീകരിച്ചു പ്രവൎത്തിക്കുന്നവെങ്കിൽ, അ

ഇ ആയാളുടെ വിവേചനാശക്തിയോടുകൂടിയാണെന്ന് ഇനി വേറെ പറയേണ്ടതില്ലല്ലോ. ഇതിനോടുകൂടി ദുഷ്കൃതികളെ ചെയ്യിച്ചു ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിക്കുന്ന ഒരുവൻ എത്രമേൽ കാരണക്കാരനോ അത്ര തന്നെ കാരണക്കാരനാണ് സന്മാർഗ്ഗവിരുദ്ധങ്ങളായ പ്രബോധനങ്ങൾക്കു വശംവദനാകുന്ന ഒരു പ്രയോജ്യനും. ഈ വാസ്തവത്തെ മുൻനിർത്തിയുംകൊണ്ടാണ് അമേരിക്ക മുതലായ പരിഷ്കൃതരാജ്യങ്ങളിലെ ഗവൺമെന്റുകൾ പരചിത്താകർഷണവിദ്യകൊണ്ടു ചെയ്യപ്പെട്ടതായി വാദിക്കപ്പെട്ടുപോയി എന്ന സമാധാനം സ്വീകാരയോഗ്യമായി വിചാരിച്ചിട്ടില്ലാത്തത്. പ്രയോജ്യൻ തന്റെ വിവേചനാശക്തിയെ സ്വതന്ത്രമായി വിനിയോഗിച്ചു പ്രതിഷേധവും ഉദ്ദേശപൂർവ്വവുമായ ഒരു സംഗതി പറയാം. യോഗ്യരായ അനേകം സ്ത്രീപുരുഷന്മാരടങ്ങിയ ഒരു സദസ്സിൽവെച്ച് ഒരിക്കൽ സമർത്ഥനായ ഒരു പ്രയോക്താവു ആറാളുകളെ സമ്മോഹനവിദ്യയാൽ പരചിത്താകർഷണം ചെയ്തു. അവരെ പുറത്തു കടിക്കുന്ന ഒരു തരം ഇഴജന്തു വന്നിരിക്കുന്നു എന്നാണ് അദ്ദേഹം പ്രബോധിപ്പിച്ചത്. ഉടൻതന്നെ അവരിൽ 5 പേർ തങ്ങളുടെ മേൽക്കുപ്പായവും അരപ്പട്ടയും അഴിച്ചുമാറ്റി. ഒരാൾ എന്തുകൊണ്ടോ, തന്റെ മേൽക്കുപ്പായം മാത്രം എടുത്ത് അല്പവും അഴിക്കാതെ നിന്നു. ഇദ്ദേഹംകൂടി അഴിച്ചുമാറ്റിക്കാണുന്നതിന് പ്രയോക്താവു പലവിദ്യകളെല്ലാം നോക്കിയെങ്കിലും, അതൊന്നും, ആ ആറുപേരിൽ ഉത്തമനായ പ്രയോജ്യനായിരുന്നിട്ടും, സാധിക്കാതെ വിഫലമായിപ്പോയി. പിന്നീട് അന്വേഷിച്ചതിൽ, ആ പ്രയോജ്യൻ ധരിച്ചിരുന്ന ഷർട്ടിന്മേൽ ഒരു വലിയ കീറൽ ഉണ്ടായിരുന്നതായി അറിഞ്ഞു. അങ്ങിനെ ഒരു കീറൽ ഉണ്ടെന്നും അത് ഒരു മാന്യസദസ്സിൽവെച്ചു മറ്റുള്ളവർ അറിയുന്നതു ലജ്ജാവഹമാണെന്നും ഉള്ള സംഗതി ആയാളുടെ വിവേചനാശക്തിക്കു മറയ്ക്കായിരുന്നില്ല എന്നല്ലയോ ഇതിൽനിന്നുള്ള ന്യായമായ അനുമാനം? ഈ തത്വത്തെ പ്രബലമായി പിൻതാങ്ങുന്ന അനേകം ദൃഷ്ടാന്തങ്ങൾ ഇനിയുമുണ്ട്. താൻ പ്രബലമായിപ്പിടിച്ചിട്ടുള്ള നിശ്ചയങ്ങൾക്ക് എതിരായി എന്തെങ്കിലും ഒരു സംഗതി പ്രയോക്താവു പ്രബോധിപ്പിക്കുന്നതായാൽ പ്രയോജ്യന്റെ വിവേചനാശക്തി തൽക്ഷണം അതിന്റെ പ്രവൃത്തി ചെയ്യാതിരിക്കുന്നതല്ല. ചിത്താകർഷണം വന്ന അവസ്ഥയിലകപ്പെട്ടതും ഒരു നിദ്രാവസ്ഥയാണ്. ഈ അവസരത്തിൽ പ്രയോജ്യന്റെ മനസ്സു ഷി തൊടുവിക്കുന്നതിനോടും കണ്ണുമയക്ക് അതിനെ ബാധിക്കാത്തതും പ്രയോക്താവിന്റെ ഇച്ഛാനുസാരമായ പ്രവൃത്തിപ്പാൻ സന്നദ്ധനായുമിരിക്കും. ആലോചിപ്പാനും അനുമാനിപ്പാനും അവന് അയാളെ അനുവദിക്കുന്നില്ല. എന്നാൽ തന്റെ ന്യായബുദ്ധിക്കു വിരുദ്ധമെന്നു തോന്നിയാൽ കീഴടങ്ങുകയുമില്ല.

സമ്മോഹനവിദ്യ, ദുഷ്കൃതികളിലും വിനിയോഗിക്കാമെന്നുള്ള സിദ്ധാന്തത്തെ ആരും നിശ്ചയിപ്പാൻ സാധിക്കയില്ല. അങ്ങനെ വിനിയോഗിച്ചിട്ടുള്ളതായി പറയപ്പെടുന്നുണ്ട്. എന്നാൽ സന്മാർഗ്ഗവിരുദ്ധമായ പ്രബോധനങ്ങൾ, അസന്മാർഗ്ഗവിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഒരാൾ

ക്കെ', അല്ലെങ്കിൽ പ്രയോക്താവിനെ തട്ടിത്തെറിപ്പിച്ചുവാൻ കഴികയില്ലെന്ന വിചാരിക്കുന്ന ഒരുവനോ മാത്രമേ സ്വീകരിക്കുവാൻ സാധിക്ക എന്നുള്ളതു സംശയരഹിതമായ സംഗതിയാണ്.

ഈ ശാസ്ത്രത്തിന്റെ ഏറ്റവും സ്വാഭ്യവും ഉപകാരപ്രദവുമായ ഉപയോഗം രോഗശാന്തിക്കുള്ള ഒരു പ്രതിവിധി എന്ന നിലയിലാണ്. 1907-ൽ അമേരിക്കൻ വൈദ്യസമാജത്തിന്റെ ഒരു സമ്മേളനത്തിൽ വെച്ചു ഡാക്ടർ ജെ. എച്ച്. ക്വിൿസ് എന്ന വൈദ്യവിദഗ്ദ്ധൻ താൻ സമ്മോഹനവിദ്യകൊണ്ടു ചികിത്സിച്ച 681 സ്ഥിരമായ ഫിസ്സ രോഗികളിൽ 751 പേർ പൂർണ്ണസുഖം പ്രാപിച്ചതായും 91 പേർ അപായസ്ഥിതിയിൽനിന്നു വിട്ടുമാറിയതായും പ്രസ്താവിച്ചിരിക്കുന്നു. വിയന്നായിലെ ഒരു ശാസ്ത്രപണ്ഡിതനായ ഡി. ബി. ഫോൺ ക്രാഫ്റ്റ് എബിങ്ങ് ഇങ്ങിനെ പറയുന്നു: — കേവലം ധൈര്യംകൊണ്ടും പലപ്പോഴും കേട്ടും ചിന്തകന്മാരുടെ പ്രവാചകന്മാരുടെ വാഗ്ദാനങ്ങളെ വിസ്മരിച്ചു, തങ്ങളെത്തന്നെയും തങ്ങളുടെ അധീനരായിരിക്കുന്ന ഒരു വലിയ രോഗികളുടെയും നന്മക്കായി മാത്രം ഇത്ര മഹത്തായ ഒരു രോഗശമനസൂത്രത്തെ ഉപയോഗപ്പെടുത്താത്ത ഉന്നതനിലയിലുള്ള വൈദ്യശാസ്ത്രപ്രവീണന്മാർ ഇപ്പോഴും ഉണ്ടെന്നറിയുന്നതു സങ്കടമായ ഒരു സംഗതിയാണ്. ബ്രിട്ടീഷ് സർവകലാശാലയിലെ ഒരു പണ്ഡിതനും സിദ്ധാന്തരോഗത്തിൽ പ്രത്യേകമായ വൈദഗ്ദ്ധ്യമുള്ള ആളുമായ ഡാക്ടർ പി. ജെ. മോബിയസ്സിന്റെ അഭിപ്രായത്തിൽ ഇതുപോലെ അത്ഭുതകരമായ ഒരു ചികിത്സാരീതി വേ

റെയില്ലെന്നാണ്. സമ്മോഹനവിദ്യയെ ദുസ്സംബന്ധമായി പ്രയോഗിപ്പാൻ അതു അനുവദിക്കുമെന്ന ആക്ഷേപം ചെയ്യുന്ന വൈദ്യന്മാരുണ്ടെങ്കിൽ അവർ ഇതിനെ പറയുന്നതു തങ്ങളുടെ അനുഭവംകൊണ്ടറിഞ്ഞിട്ടില്ലെന്നും പിന്നെയോ ശാസ്ത്രീയമായ അഭിപ്രായവ്യത്യാസംകൊണ്ടു മാത്രമാണെന്നും നിരാക്ഷേപമായ വാസ്തവമാണ്.

ഇക്കാലത്തു പ്രയോഗങ്ങൾ യഥാർത്ഥ്യം നൽകാൻ സാധിക്കുന്നതിലാണ് പല ചിന്തകന്മാരുടെ വിശ്വാസം. പ്രസ്തുതശാസ്ത്രത്തിന്റെ ആശാസ്യമായ ഒരു ഭാവിയെ നമുക്ക് പ്രതീക്ഷിക്കാം. കുട്ടികളെ വളർത്തൽ, കാരാഗ്രഹശിക്ഷ മുതലായി സാമുദായികങ്ങളായ പല കാര്യങ്ങളിലും തന്നെ സംഗതികളിൽ ആണ് ഈ ശാസ്ത്രത്തിന്റെ പ്രയോജനം പ്രത്യേകമായി ഗണിച്ചിട്ടുള്ളത്. ചില അമ്മമാർ കുട്ടികളുടെ സാന്നിധ്യം ഗണ്യമാക്കാതെ സഭ്യമല്ലാത്ത വാക്കുകൾ പറയുന്നതും ഉണ്ടാകാമെന്നു വിചാരിക്കാത്ത പ്രവൃത്തികൾ ചെയ്യുന്നതും കുട്ടികൾ അതിനെ അനുകരിക്കുന്നതും നാം കണ്ടുവരുന്നുണ്ടല്ലോ. ഇതിന്റെ ശാസ്ത്രീയമായ കാരണം കുട്ടികളുടെ പ്രബോധനശക്തിക്കുള്ള തീക്ഷ്ണതയും അവരുടെ മേൽ പ്രത്യക്ഷമായ സംസർഗ്ഗങ്ങളുടെ ഫലം അവർക്കു നൽകുന്ന പ്രബോധനവുമാണ്. ഇതിൽനിന്നു ശരിയായ പ്രബോധനം ന്യായ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതായാൽ കുട്ടികളുടെ ബുദ്ധിയെയും സന്മാർഗ്ഗപ്രവൃത്തികളെയും സമീകരിച്ചു ന്നതിൽ ... ചെയ്യുന്നതിനു സാധിക്കുമെന്നു തെളി

യുന്നു. സാമർത്ഥ്യശാലികളും സന്മാർഗ്ഗികളുമായ പ്രേരണകളും ഉപദേശങ്ങളും ഫലിക്കാതെ ദുർമ്മാർഗ്ഗങ്ങളിൽ ചരിച്ചിരുന്ന കുട്ടികളെ സമ്മോഹനവിദ്യയുടെ പ്രയോഗംകൊണ്ടു യഥാവിധി ചികിത്സിച്ചു സന്മാർഗ്ഗികളാക്കിത്തീർത്തിട്ടുള്ളതായും അങ്ങിനെയുള്ള കുട്ടികൾ പൂർവ്വാധികം ബുദ്ധിശക്തിയോടും ധാരണാശക്തിയോടും കൂടി വളരെ പ്രസരിപ്പുള്ളവരായി കാണപ്പെട്ടിട്ടുള്ളതായും ഡാക്ടർ ഫോർബ്സ് വിൻസ്ലോ എന്ന പണ്ഡിതൻ സ്വാനുഭവസാക്ഷിയായി പറഞ്ഞിട്ടുണ്ട്.

ശസ്ത്രക്രിയ ചെയ്യുന്നതിൽ സമ്മോഹനവിദ്യ ഒരു ഉത്തമ സഹായമാണ്. ബോധക്ഷയം ഉണ്ടാക്കുന്ന ഒരു ഔഷധത്തിന്റെ നിലയിൽ ഇതു ക്ലോറോഫോറത്തെക്കാൾ ഉൽകൃഷ്ടതരവും കേവലം നിരുപദ്രവവുമാകുന്നു. പക്ഷെ, രോഗബാധിതനായ ഒരു ആളിനെ പ്രയോഗത്തിന്റെ ഫലപ്രാപ്തിക്കു കൂടിയേ കഴിയൂ എന്നുള്ള ഏകാഗ്രചിത്തതയും ശാന്തിയും ഉണ്ടാകാൻ വഴിയില്ല എന്ന ഒരു ന്യൂനതയുണ്ട്. ആകയാൽ ക്ലോറോഫോറത്തോടുകൂടി ഈ വിദ്യയും പ്രയോഗിച്ചാൽ അനേകം സുഖസൗകര്യങ്ങളുണ്ടാകുന്നതും അതിന്നും ഉപദ്രവകരവും ചിലപ്പോൾ അപായകരവുമായ ക്ലോറോഫോറത്തിന്റെ ഉപയോഗത്തെ ഇല്ലായ്മ ചെയ്യുവാനുതകുന്നതാകുന്നു.

കാരണം കണ്ടുപിടിക്കുന്നതിലേക്കായി, അമേരിക്കയിൽ, സമ്മോഹനവിദ്യ ഉപയോഗപ്പെടുത്തി വന്നതാണ്. ഈ വിഷയത്തിൽ അതിപ്രസിദ്ധന്മാരായ പണ്ഡിതന്മാരുള്ള ഡാക്ടർ വിൻസ്ലോ ഉദ്യോഗസംബന്ധമായി പ്രവേശിച്ചു ശരിയായ തെളിവെടുത്തിട്ടുള്ള പല ക്രിമിനാൽ കേസ്സുകളുമുണ്ട്. തന്റെ ശുശ്രൂഷയിൽ അതിഥിയായി വന്ന തന്റെ അമ്മയെ 80000 ഡോളറിന്റെ അവകാശപത്രിയെ ഉദ്ദേശിച്ച്, വിഷം കൊടുത്തു [illegible] എന്ന കാര്യം ചുമത്തപ്പെട്ട ന്യൂയോർക്കിലെ ഒരു യുവതിയെ സമ്മോഹനവിദ്യകൊണ്ടു സ്വാധീനയാക്കി യഥാർത്ഥം വെളിപ്പെടുത്തി എന്നും തന്റെ അഭിപ്രായത്തെ പ്രത്യക്ഷലക്ഷ്യങ്ങളോടു സംഘടിപ്പിച്ച് തന്റെ യുക്തിപ്രാമാണ്യത്തെ ഗവർമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തി എന്നും മേൽപ്പറഞ്ഞ ഡാക്ടർ തന്നെ പ്രസ്താവിച്ചിരിക്കുന്നു.

പരചിത്താകർഷണവിദ്യ ശരിയായി പരിശീലിക്കുന്നതായാൽ, ഇതു വിദ്യാഭ്യാസം, കാരാഗൃഹപരിഷ്കരണം, രോഗശാന്തി എന്നിവകളിൽ നാം അനുഷ്ഠിക്കുന്ന ഔദ്യോഗികരീതികളെ സവിശേഷം പരിഷ്കരിക്കുന്നതാകകൊണ്ടും പ്രാധാന്യമേറിയ ശക്തിയായ മനോബലം ഇല്ലാത്തതിനാൽ അനേകം അസ്വസ്ഥതകൾ നാം അനാവശ്യമായി അനുഭവിച്ചുവരുന്നതുകൊണ്ടും പ്രസ്തുതശാസ്ത്രം പരിചിതമാക്കുന്നത് എല്ലാവർക്കും അതിലുള്ള നൈപുണ്യം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. ഇദാനീന്തനപണ്ഡിതന്മാർ, അത്ഭുതകരമായ ഈ ശാസ്ത്രത്തിന്റെ ആശ്ചര്യകരങ്ങളായ ഫലങ്ങളെ പ്രത്യക്ഷമായി കണ്ടിരിക്കുന്ന ഇക്കാലത്തു, പ്രാചീനഭിഷഗ്വരന്മാരെ അനുകരിച്ചു ചികിത്സാമാർഗ്ഗത്തിൽ വർത്തിക്കുന്ന [illegible] തങ്ങളുടെ [illegible] ആയുധങ്ങളെ വെടിഞ്ഞു മുൻപറഞ്ഞവരുടെ സഹകാരികളായിത്തീർന്നാൽ എത്ര നന്നായിരുന്നു! ഡാക്ടർ വിൻസ്ലോ

യിൻെറ മനോരഥപ്രായത്തെക്കൂടി ഉദ്ധരിച്ച് ഈ ലേഖനത്തെ ഉപസംഹരിക്കാം. 'പരമാണുവാകർഷണശാസ്ത്രം മനുഷ്യർ അഭ്യസിച്ച് അവരുടെ ഇടയിൽ അതിനെ സ്ഥിരമായ ഒരു പ്രതിഷ്ഠ ലഭിപ്പാൻ തുടങ്ങിയാൽ, അന്നു മുതൽക്കു ലോകത്തിൽ മനോവ്യാപാരത്തിന്റെ തീവ്രതയും ഗണനീയമായ ശക്തി വർദ്ധിക്കുംകാലം എന്നു പറയുന്നതു കഠിനമല്ല. ഭൗതികവും പഞ്ചേന്ദ്രിയങ്ങൾക്കതീതവുമായ ഇപ്പോഴുള്ള ലയിപ്പിക്കുന്ന ആയുധം, അതു ക്രോധകാലത്ത ഒരു സ്മാരകം മന്ത്രമായിക്കല്പിക്കയും ചെയ്യും. മനുഷ്യർ വിദ്യയുമായും ഉൽകൃഷ്ടപാരത്തിലേക്ക് ഉയർന്ന ചൈതന്യമെന്ന സിദ്ധാന്തിക്കുന്ന പരിണാമത്തത്ത്വത്തിൻെറ തിരോധാനവ്യാപാരത്തിന് ഒരു മതിയായ ലക്ഷ്യമാണ് ഇന്നത്തെ മനുഷ്യാവസ്ഥ. സമ്മോഹനവിദ്യ ഭേദങ്ങളെ അകറ്റി മേൽപ്പറഞ്ഞ ശക്തിപ്രവൃത്തിക്ക് സംശയാസ്പദമായ കാരണമായിത്തീരുന്ന ഒരു പ്രത്യേകശക്തിയെ ഉൽകൃഷ്ടമാക്കി, മനുഷ്യന്റെ കൃതാവൃത്തിയെ അപരിമിതമാക്കിത്തീർക്കുന്നു. ഈ പ്രത്യക്ഷവും അതീന്ദ്രിയവുമായ ശക്തികൾ നമ്മെ ഒന്നിപ്പിക്കുമെങ്കിലും സമ്മോഹനവിദ്യ ശരിയായി പഠിക്കയും ഉപയോഗിക്കയും ചെയ്താൽ, ഇതല്ല, ഇതിലും കടന്ന അത്ഭുതങ്ങൾ കാണുന്നതിൽ യാതൊരു ന്യായവിരോധവുമില്ല.'

എൻ. പി. [illegible]

ആയുർവ്വേദോജ്ജീവനം*

ശ്രീഗുരുഭ്യോ നമഃ.

രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോഽപൂർവ്വവൈദ്യായ നമോസ്തു തസ്മൈ.

യോഗേന ചിത്തസ്യ പദേന വാചാം
മലം ശരീരസ്യ ച വൈദ്യകേന
യോഽപാകരോത്തം പ്രവരം മുനീനാം
പതഞ്ജലിം പ്രാഞ്ജലിരാനതോസ്മി.

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീഗുരവേ നമഃ.

---

* [illegible]

അല്ലയോ സഹൃദയരേ,

ഈ സഭയുടെ ഈ മാന്യസ്ഥാനത്തെ അലങ്കരിക്കുവാൻ എന്നെക്കാൾ അധികം യോഗ്യതയുള്ള അനേകം പേർ ഉണ്ടായിരിക്കെ, ഈ സ്ഥാനത്തു നിങ്ങൾ എന്നെ നിയമിച്ചത് എനിക്കൊരു വലിയ മാന്യതയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. കാലദോഷത്താൽ ജീവിതാപായം നേരിട്ടുപോയിരിക്കുന്ന ആയുർവേദശാസ്ത്രത്തെ പുനരുജ്ജീവിപ്പിക്കുവാനായിട്ട്, അതിനായി നിരന്തരം ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ കർമ്മസാമർത്ഥ്യം കൃതാർത്ഥത നേടുവാനുള്ള അത്യാഗ്രഹത്താൽ മാത്രമാണ് [illegible] ഈ സ്ഥാനം സ്വീകരിച്ച ബുദ്ധിമുട്ടുകൾ വകവെക്കാതെ ഞാനിവിടെ വന്നിരിക്കുന്നത്. ഇവിടെ വന്ന നിങ്ങളെ കണ്ടു സന്തോഷിക്കുവാനിടവന്നതുകൊണ്ട് എന്നെ ഈ സ്ഥാനത്തേക്കു നിയമിച്ച നിങ്ങൾ എനിക്കു വലിയൊരുപകാരമാണ് ചെയ്തിട്ടുള്ളത്. ഇനിയും നിങ്ങൾ ഏല്പിക്കുന്ന ജോലിയും കഴിവുപോലെ ചെയ്യാൻ ഞാൻ സന്നദ്ധനാണെന്നുകൂടി അറിയിച്ചുകൊള്ളുന്നു. ഈ കൃത്യം നടത്തുന്നതിന് എനിക്കു ശക്തി കുറവാണെങ്കിലും, നിങ്ങളുടെ [illegible] സഹായിച്ചു സദ്ബുദ്ധ്യാ ഉത്സാഹിക്കുവാൻ [illegible] എനിക്കു മഹാന്മാരുടെ അനുഗ്രഹത്താൽ, ഒരു കോട്ടവും വരാനിടയില്ലെന്നാണ് എന്റെ വിശ്വാസം.

ഈ സഭയെ സംബന്ധിച്ച പല വിവരങ്ങളും പറ്റി അധികമൊന്നും ഞാൻ പറയേണ്ടതായിട്ടില്ല. മുമ്പു കഴിഞ്ഞ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിച്ചിട്ടുള്ള വിദ്വാന്മാർ എല്ലാ വിഷയങ്ങളെയും കുറിച്ചു സമഗ്രമായി ആലോചിച്ച് വിസ്തരിച്ചു നിരൂപണം ചെയ്തുകഴിഞ്ഞിരിക്കുന്നു. എങ്കിലും ചിലതെല്ലാം [illegible] പ്രസ്താവിക്കുവാൻ വിചാരിക്കുന്നു.

സ്വാഗതസംഘത്തിലെ അദ്ധ്യക്ഷനായ ശ്രീമാൻ [illegible] അവർകളും ഉപാദ്ധ്യക്ഷനായ പ്രാണാചാര്യ [illegible] അവർകളും [illegible] സഭാം സ്വീകരിച്ചു [illegible] മാത്രമല്ല, ഈ നി[illegible] വൈദ്യകുലത്തിൽ മുങ്ങി, ആ കാലത്തിൽ [illegible] പ്രാപിച്ച സംഗതി സമസ്തരും അറിവുള്ളതാണല്ലോ. അദ്ദേഹം വിചാരിച്ചിരുന്നതുപോലെ ഈ സഭ [illegible] ത്തിൽ തന്നെ കൂടിയിരുന്നെങ്കിൽ അവർകൂടി ഈ സഭയെ അലങ്കരിക്കുമായിരുന്നു. [illegible] എങ്കിലും, ആയുർവേദത്തെ ഉദ്ധരിക്കുവാൻ ശ്രമിച്ചിരിക്കുന്ന [illegible] നിരന്തരപ്രയത്നം [illegible] ഗുണത്തിന്ന പാത്രമായിരിക്കുമെന്നുള്ള വിശ്വാസം [illegible] കാരണമാണ് [illegible] പ്രസ്താവിച്ചിരിക്കുന്നത്.

ആമുഖം

ദൈവഗതിവിപാകത്താൽ ലോകമാസകലം യുദ്ധമുഖരിതമായിത്തീർന്നിരിക്കുന്ന ഈ കാലം ഭാരതീയരുടെ മാത്രമല്ല ഇംഗ്ലീഷ് ചക്രവർത്തിയുടെ ഭരണാധികാരത്തിന്റെ കീഴിൽ ആശ്രയിച്ചിരിക്കുന്നവരായ എല്ലാവരുടെയും മനസ്സിനെ കലുഷമാക്കിത്തീർക്കുന്ന എന്നുള്ള സംഗതി തീർച്ചയായും മറ

തിയക്ക് അസ്വാസ്ഥ്യത്തിനു കാരണമാകുന്നു. ഇരുമ്പയത്തിന്റെ മുഴുവൻ സ്ഥിതിയെ കീഴ്മേൽ മറിക്കുന്ന ഈ മഹായുദ്ധം, ഇന്ത്യാചക്രവർത്തിയുടെ നിഷ്ഠുരമൂർഖന്മാരായ ശത്രുക്കളുടെ ഉന്മൂലനാശത്തിൽ പരിണമിക്കുമെന്നു വിശ്വസിച്ചുകൊണ്ട് അതിനായി ഈശ്വരന്മാരോടും ജഗദീശനോടും പ്രാർത്ഥിക്കുന്നതാണ്. ഈ പ്രാർത്ഥനയെ ഈ സഭയും ചെയ്യുന്നുണ്ടെന്നു നാം സൂചിപ്പിച്ചുകൊള്ളുന്നു.

ആയുർവ്വേദത്തിന്റെ ഉൽപത്തിയും
മലയാളത്തിലെ
അഷ്ടവൈദ്യന്മാരും

ഇനി ആയുർവ്വേദത്തെപ്പറ്റി കുറച്ചു പ്രസ്താവിക്കുന്നു. മനുഷ്യരുടെ ശ്രേയസ്സിനൊക്കെയും മുഖ്യകാരണം ശരീരമാണെന്നു സർവ്വസമ്മതമാണല്ലൊ. ശരീരം ശ്രേയസ്സാധനമായിരിക്കണമെങ്കിൽ അതു ദൃഢവും ആരോഗ്യവുമായിരിക്കണം. ശാരീരികളായ മഹാരോഗങ്ങളും മാനസികളായ ദൈവികദോഷങ്ങളും പിടിപെട്ട് അനവരതം പീഡിപ്പിക്കപ്പെടുന്ന ജനസമൂഹത്തെ അനുഗ്രഹിപ്പാനായി, പരമകാരുണികനായ ബ്രഹ്മദേവൻ സൃഷ്ടിയുടെ ആദിയിൽ പ്രജാപതിക്ക് ആയുർവ്വേദം ഉപദേശിക്കയും, അതിനെ പിന്നെ ആത്രേയാദികൾ മുഖേന എല്ലാടവും പ്രചാരപ്പെടുത്തുകയും ചെയ്തു. ആ ആയുർവ്വേദം ഇപ്പോൾ ആമൂലാഗ്രം കണ്ടുകിട്ടാത്തതുകൊണ്ട് നമുക്കു കുറച്ചിലാണെങ്കിലും, അതിൽപ്പറഞ്ഞ വിഷയങ്ങൾ പലതും ആചാര്യന്മാരുണ്ടാക്കിയ പല ഗ്രന്ഥങ്ങളിലും സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. അവയെ അനുസരിച്ചുള്ള ചികിത്സയാൽ ആരോഗ്യകരങ്ങളായ പലപല ഫലങ്ങളും ഉണ്ടായിട്ടുണ്ടെന്ന് ഇതിഹാസങ്ങളിൽനിന്നു നമുക്ക് അറിയുന്നുണ്ട്. രാജ്യവിപ്ലവം മുതലായ മറ്റനേകങ്ങളായ കാരണങ്ങളെക്കൊണ്ടും, ആദരവില്ലായ്മ മുതലായ മറ്റു പല കാരണങ്ങളെക്കൊണ്ടും ഉത്തരഭാരതത്തിൽ വഴിയില്ലാതായിത്തീർന്നുപോയ ആയുർവ്വേദചികിത്സാരീതി ക്രമേണ പ്രചാരം കുറഞ്ഞു നശിക്കുവാനടുത്തിരിക്കുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. എന്നാൽ, കേരളത്തിൽ ഈ ചികിത്സയും, അഷ്ടാംഗഹൃദയം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായവും നശിച്ചുപോകാതെ നടന്നുവരുന്നുണ്ടെന്നുള്ള സംഗതി അഭിമാനത്തോടും സന്തോഷത്തോടുംകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ആയുർവ്വേദത്തെ രക്ഷിക്കുവാനായി പ്രാചീനകാലത്തുതന്നെ സ്ഥാപിക്കപ്പെട്ട എട്ടു വൈദ്യകുലങ്ങൾ ഇപ്പോഴും അതിനെ രക്ഷിച്ചുകൊണ്ടുവരുന്നുണ്ട്. ആ കുലങ്ങളിൽ ജനിച്ചവർ 'അഷ്ടവൈദ്യന്മാർ' എന്നു പ്രസിദ്ധന്മാരാകുന്നു. അവർക്കു കുലപാരമ്പര്യവഴിക്കു കിട്ടിയുള്ള വിദ്യ ആയുർവ്വേദം തന്നെയാണ്. കേരളത്തിലുള്ള ആയുർവ്വേദവൈദ്യന്മാരൊക്കെയും സാക്ഷാലോ പരമ്പരയായോ അവരുടെ ശിഷ്യന്മാരാണ്. അവരുടെ വംശ്യരായ വൈദ്യന്മാർ രാജ്യവംശങ്ങളിലും ബ്രാഹ്മണരിലും പാരമ്പര്യവൈദ്യന്മാരായിരുന്നു പല ഗ്രന്ഥങ്ങളും ഉണ്ടാക്കി അനേകന്മാരെ പഠിപ്പിച്ചുവരുന്നു. പണ്ടത്തെ സമ്പ്രദായത്തിൽ ഇവർ വൈദ്യശാസ്ത്രം പഠിക്കുവാനുള്ള കാലം മുപ്പതു സംവത്സരമായിരുന്നു. അക്കാലത്തിൽ

ഒരു പന്തീരാണ്ടുകാലം ഗ്രന്ഥം പഠിച്ച് അർത്ഥം ഗ്രഹിക്കുവാൻതന്നെ പോരായിരുന്നു. പിന്നെ അത്ര കാലംതന്നെ വൃദ്ധവൈദ്യന്മാരുടെ പിന്നാലെ നടന്നു പ്രയോഗപരിചയം സമ്പാദിച്ച് 'ഉത്തമ' വൈദ്യനാവാനായി വിനിയോഗിച്ചിരുന്നു. പിന്നെയും അത്രതന്നെ കാലം കാട്ടിലും മറ്റും നടന്ന് ഔഷധികളും, വനസ്പതികളും മുതലായവയെ ശേഖരിച്ചു കണ്ട് മനസ്സിലാക്കി വൈദ്യനാവാനും ചിലരാക്കിയിരുന്നു. ഈ മുഖ്യമായ സംഗതി ഇന്നുള്ളവരാൽ അനുഷ്ഠിപ്പാൻ കഴിയുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നിട്ടും വല്ലപ്പോഴും ഇപ്പോഴും ഈ വക ശാസ്ത്രങ്ങളിൽ അനേകകാലം പ്രയത്നിക്കേണ്ടതായിട്ടുള്ള നിലയാണ്.

കേരളീയരുടെ ചികിത്സയിലുള്ള വിശേഷതകൾ.

കേരളീയരായ ആയുർവ്വേദവൈദ്യന്മാരുടെ ചികിത്സാരീതിയിൽ അന്യദേശങ്ങളിലെ രീതിയിൽനിന്നു പല വ്യത്യാസങ്ങളും കാണുന്നതായുള്ള സംഗതി ഇവിടെ പ്രത്യേകം പറയേണ്ടതാണെന്നു വിചാരിക്കുന്നു. അക്രമാദ, നസ്യകർമ്മാദി മുതലായി ഫലം കൂടിയ പല ചികിത്സാക്രമങ്ങളും കേരളീയർ മാത്രം കണ്ടുപിടിച്ചു നടപ്പാക്കിയവയാണ്. ബാലചികിത്സ, വിഷചികിത്സ, കണ്ണുചികിത്സ എന്നിവകൾ ചികിത്സാശാഖകളിൽ അസാധാരണങ്ങളായ പല സമ്പ്രദായങ്ങളെല്ലാം കേരളീയർ കാട്ടുന്നതായിക്കാണുന്നുണ്ടല്ലോ, അവയുടെ സ്വരൂപം കാണിക്കുന്നവയായി മലയാളത്തിലും സംസ്കൃതത്തിലും ഓരോരുത്തരെഴുതിയ പല ഗ്രന്ഥങ്ങളും ഉണ്ട്. അതുകൊണ്ട്, ആയുർവ്വേദത്തെ പരിഷ്കരിപ്പാൻ വിചാരിക്കുന്നവർ കേരളീയരോടു പലതും പഠിക്കുവാനുണ്ടെന്നാണ് ഞങ്ങൾ തോന്നുന്നത്. ഇതിനെ ഉദാഹരിക്കുവാനായി ഒരു സംഗതി പറയാം. കേരളത്തിലെ വിഷവൈദ്യന്മാർ അവലംബിച്ചിട്ടുള്ള പ്രമാണഗ്രന്ഥങ്ങളിലൊന്നായ 'ഹരമേഖല' എന്ന ഗ്രന്ഥത്തിൽ എലിവിഷത്തിന്റെ പ്രകരണത്തിൽ ഇങ്ങിനെ കാണുന്നു:—

"ശുകമുഖ്യക്രമാഖ്യാഖു
ലാലാമൂത്രനഖാദിഭിഃ
വ്യാപ്യപ്രത്യംഗപീഡാം തു
ദേഹജം തത്ഥിരായണം
കക്ഷാണ്ഡേഷു ഭവേദ്ഗ്രന്ഥി.
ആലസ്യം ഗാത്രഗൗരവം
ആസ്യതിക്തതാ രുചി.
ജ്വരശ്ശിരസി ഗൗരവം
ഉദ്വേഷ്ടനം ച കാസശ്ച
ശോഫശ്ചാതിതൃഷാ കാർശ്യതാ
നിദ്രാനാശശ്ച സുപ്തിശ്ച
സന്ധ്യുൽക്ഷേപണകമ്പനം
ഗ്രന്ഥയഃ ശോഫഗാഃ സദാ
കക്ഷവങ്ക്ഷണയോർവ്വാപി
ശീതജ്വരാദികാൻ ദൃഷ്ട്വാ
രോമഹർഷോ ഭ്രമോ മദഃ
സർവ്വോപക്രമശീലസ്യ
സാദ്ധ്യമേതദ്വിചക്ഷണൈഃ
ത്രിരാത്രാത്സപ്തരാത്രാദ്വാ
പക്ഷാന്മാസാന്തതോ ഭവേൽ".

ഇപ്പോൾ 'പ്ലേഗ്' എന്നു പറയുന്ന വ്യാധിയിലും പ്രായേണ ഇപ്രകാരം ലക്ഷണങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് അതിനെപ്പറ്റി പാശ്ചാത്യന്മാരാക്കിയ പുസ്തകങ്ങളിൽ പ്രതിപാദിച്ചു കാണുന്നു: അതിനാൽ

ഛേദരംബയിൽപ്പറഞ്ഞ വിഷചികിത്സ ഈ മഹാരോഗത്തിലും ഫലപ്പെടുമെന്നു വിചാരിക്കുവാനുള്ളതുകൊണ്ട് ആ വിഷയത്തിൽ ഒരു പരീക്ഷ ചെയ്തു നോക്കുന്നത് അനുസന്ധാനത്തിൽ പരിണമിക്കയില്ലെന്നു തോന്നുന്നു. ഈ മാതിരി വിഷയങ്ങളെ അന്വേഷിക്കുവാൻ ഈ സഭ സവിശേഷം ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നു നാൽ, ഈ സഭയിൽ ആയുർവ്വേദത്തിലെ നായപോലെ പാശ്ചാത്യചികിത്സയിലും വിശാരദന്മാരായ പലരും അംഗങ്ങളായിട്ടുള്ളതുകൊണ്ടുതന്നെ. ഈ രണ്ടു സമ്പ്രദായങ്ങളുടെ താരതമ്യം നോക്കുന്നതിന് അവയുടെ സ്വരൂപം മുഴുവനും അറിയാതെ സാധിക്കുവാൻ പ്രയാസമാകയാൽ, രണ്ടിലും വിദഗ്ദ്ധന്മാരായിട്ടുള്ളവരാണ് ഇപ്പോൾ ആയുർവ്വേദത്തെ ഉജ്ജീവിപ്പിക്കവാൻ ആവശ്യമായിട്ടുള്ളത്. പ്രകൃതത്തെന്നു പറയാം. കേരളീയന്മാരാകിയ പല വൈദ്യകഗ്രന്ഥങ്ങളും നമുക്കിപ്പോഴുമായി പ്രാചീന ഗ്രന്ഥപ്പുരകളിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്. അഷ്ടാംഗഹൃദയത്തിന്നു പാഠ്യമുണ്ടായ വ്യാഖ്യാനം കേരളത്തിൽ നടപ്പുണ്ട്. ചികിത്സാക്രമം മുതലായി ചുരുക്കത്തിൽ ശാസ്ത്രങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും മുമ്പത്തെ നാട്ടുവൈദ്യന്മാർ അനേകം പ്രമാണിച്ചു അവരുടെ ബുദ്ധികൊണ്ടു കല്പിച്ചവയും ഉപാസനാവഴിക്കു സിദ്ധിച്ചവയും പ്രത്യക്ഷഫലങ്ങളുമായ ഔഷധയോഗങ്ങളുടെ സ്വരൂപം, പാകം, ക്രമം മുതലായവയെ കാണിച്ചുകൊണ്ട് അപ്പപ്പോളായി അതാതു രോഗികൾക്കു വിധിച്ചുകൊടുത്ത ചാർത്തുകളെ ഏകീകരിച്ചുണ്ടാക്കിയ പല ഗ്രന്ഥങ്ങളും ഇപ്പോഴും കേരളീയവൈദ്യന്മാരുടെ കൈവശമായി ഇരിപ്പുണ്ട്. അവയിൽ പല ഗോപ്യമായ ചികിത്സാക്രമങ്ങളും ഒളിഞ്ഞു കിടപ്പുണ്ട്. അതിനാൽ അവയെ പരിശോധിപ്പെടുത്തി അച്ചടി ചെയ്യുന്നതു വളരെ ഉപകാരമായിരിക്കുമെന്നാണ് തോന്നുന്നത്.

ആയുർവ്വേദത്തിന്റെ ഉൽക്കർഷം.

പാശ്ചാത്യവൈദ്യന്മാർ അസാദ്ധ്യമെന്നു വെച്ചുപേക്ഷിച്ച അനേകം രോഗങ്ങളെ അഷ്ടാംഗഹൃദയത്തിൽ സമർത്ഥന്മാരായ വൈദ്യന്മാർ തീരെ മാറിയതായി ഏറിക്കാണുമല്ലൊ. കായചികിത്സയുടെ കാര്യത്തിൽ പാശ്ചാത്യചികിത്സയെക്കാൾ ആയുർവ്വേദചികിത്സയ്ക്കു ഒട്ടും കുറഞ്ഞ പദവി സിദ്ധിക്കുന്നുണ്ട്. ഇതിനെ ചില കാര്യങ്ങളിൽ ആയുർവ്വേദത്തിന്റെ ഉൽക്കർഷമെന്ന പ്രത്യക്ഷത്തിൽ ഞാൻ ബന്ധപ്പെട്ടുണ്ടായ വാർദ്ധക്യത്തിൽ മറ്റു സമ്മതിക്കുവാൻ മനസ്സില്ലാത്തവർ കൂടി സമ്മതിക്കേണ്ടതായി വരുന്നു. കാലത്തിന്റെ മാറ്റത്താൽ വളരെ ഉപേക്ഷ നേരിട്ടിരിക്കയാൽ ശിഥിലമായ്ത്തീർന്ന ജ്ഞാനംകൊണ്ടു രോഗങ്ങൾക്കു ചികിത്സ ചെയ്തിട്ടുകൂടി ആയുർവ്വേദവൈദ്യന്മാർ ഇത്ര വളരെ ഫലം കിട്ടുന്നതായിരുന്നാൽ ആയുർവ്വേദശാസ്ത്രത്തിന്റെ മഹിമ വളരെ വലുതെന്നേ പറയേണ്ടു. ഇത്ര വലുതായ ഉൽകൃഷ്ടനിലയിലിരുന്ന ആയുർവ്വേദത്തിന്ന് ഇപ്രകാരമുള്ള ശോചനീയാവസ്ഥ എന്തിനാലാണ് വന്നത്, ഇനിയും അതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ എന്തു മാർഗ്ഗമാണ് നോക്കേണ്ടത്, എന്നുള്ള സംഗതികളിൽകൂടി കാര്യം പറയുവാൻ വിചാരിക്കുന്നു.

ആയുർവ്വേദം ശോചനീയാവസ്ഥയിലെത്തിയതെങ്ങിനെ?

വിദേശീയരായ ശത്രുക്കളുടെ ബാധയാലും മറ്റും ഭാരതീയർക്കു ചാഞ്ചല്യം നേരിട്ടപ്പോൾ അവർ ശാസ്ത്രാഭ്യാസത്തിൽ വിമുഖന്മാരായിത്തീർന്നു. അതിനാൽ ക്രമേണ എല്ലാ ശാസ്ത്രങ്ങളുടേയും പ്രചാരം ചുരുങ്ങിവരികയായി. ആയുർവ്വേദവിദ്യ പ്രത്യേകിച്ചും ഇതു നിമിത്തം ശോചനീയാവസ്ഥയിലകപ്പെട്ടു പലവിധത്തിലും പ്രചാരമില്ലാതായിത്തീർന്നു. ഇങ്ങിനെയിരിക്കെ ചികിത്സയും “അന്ധനാരീയന്ത്ര സംപ്രാപ്തി വിഷയം” എന്ന ന്യായപ്രകാരമായിപ്പോയി. രോഗം മാറുന്നതു ചികിത്സയെ അപേക്ഷിച്ചല്ലാ ഭാഗ്യാനുസരിച്ചാണെന്നു വന്നു. ഇതിനെ കാര്യകാലം കഴിഞ്ഞപ്പോൾ ശാസ്ത്രജ്ഞന്മാരായിരുന്നവരും മറ്റും അന്നത്തെ പ്രമാണിമാരും ചില സമ്പ്രദായങ്ങൾ നാട്ടിൽ വന്നു. പിന്നീട് പാശ്ചാത്യരോടൊപ്പം ഇവിടെ വന്നുകൂടിയ പാശ്ചാത്യചികിത്സാമാർഗ്ഗം പ്രതിഷ്ഠനേടുകയും എല്ലാവരും പ്രത്യക്ഷമായ പ്രചാരണവും പ്രാപിക്കുകയും ജനങ്ങളുടെ ആദരവിനു പാത്രീഭവിക്കുകയും ചെയ്തു. ചാപ്പെട്ട ആയുർവ്വേദശാസ്ത്രത്തെ നിന്ദ്യമായ വിധത്തിൽ പല്ലു മുക്കിലും ഒതുക്കിച്ചു. ഇങ്ങിനെ പലവിധം ഉപദ്രവങ്ങൾ ബാധിച്ചിട്ടും ഒട്ടുംതന്നെ നശിക്കാതെയും സ്വപ്രഭാവത്തിനു കോട്ടം വരാതെയും ജീവിച്ചു കിടക്കുവാൻ കൂടി കഴിയാതെ ആയുർവ്വേദവിദ്യ തീരെ അന്തർദ്ധാനം ചെയ്തുപോയി. ഇതിൽപ്പരമായി ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും വരുമാനമില്ലാതെ ഈ ആയതിൽനിന്ന് ആയുർവ്വേദവിദ്യയെ രക്ഷിക്കുവാൻ വളരെ കാലത്തേക്ക് ആരും ശ്രമിക്കുകയുണ്ടായില്ല. ഇതിനെ കാരണമായി കഴിയുകയും ഏതായാലും ഉപകാരപ്രദമായ ഈ വിദ്യ നശിച്ചു പോകാതെ ചെയ്യണമെന്നുള്ളതിനാൽ, മനുഷ്യരുടെ സ്വച്ഛന്ദപ്രിയതയാൽ ചില മഹാന്മാരുടെ മനസ്സിൽ സർവ്വപ്രധാനമായ ഈ വിദ്യയെ വീണ്ടും ജീവിപ്പിക്കേണമെന്നുള്ള ആഗ്രഹം ഉളവായി.

ആയുർവ്വേദത്തെ ഉദ്ധരിപ്പാൻ ശ്രീമാന്മാരുടെ പ്രയത്നങ്ങൾ.

കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ കൂടിയ സഭകളിൽ സവിസ്തരം വെളിപ്പെടുത്തിട്ടുള്ളവയായ ആ മഹാന്മാരുടെ ഉദ്ദേശങ്ങൾ ക്രമേണ ഫലപ്രാപ്തിയുള്ളവയായിത്തീരുകയും സജ്ജനങ്ങളുടെ മനസ്സിൽ അതിയായ സന്തോഷമുണ്ടാക്കുകയും ചെയ്യുന്നു. ഇനിയും നല്ലതായ ഫലം സിദ്ധിക്കാനുള്ള വകെ ഈ ഉത്സാഹത്തെ വിടാതെ കാണുമെങ്കിൽ ഭാരതീയരുടെ ഭാഗ്യത്തിന്നു ജയം സിദ്ധിക്കുന്നതാണെന്നതിനു യാതൊരു സംശയവുമില്ല. അവനവന്റെ ശരീരസംബന്ധിയായ കാര്യങ്ങൾ ഉപേക്ഷിച്ചു പലവിധത്തിലുള്ള കാര്യക്ലേശങ്ങളെ വക വെയ്ക്കാതെ ദൂരദിക്കുകളിൽനിന്ന് ഈ മഹാന്മാരെല്ലാം ഇവിടെ എത്തിയിട്ടുള്ള സംഗതിതന്നെ ഈ വലിയ ഉദ്യമത്തിൽ അവർക്കുള്ള ശ്രദ്ധയെയും ആദരവിനെയും വെളിവാക്കുന്നുണ്ട്. നിങ്ങളുടെ ഈ ഉദ്യമം ഉടനെ സഫലമായി ഭവിക്കണമെ എന്നു വീണ്ടും വീണ്ടും നാം ആശംസിക്കുന്നു.

ആയുർവ്വേദം വളരെ വ്യാപിക്കേണമെങ്കിൽ, മറ്റു വൈദ്യശാസ്ത്രങ്ങളെക്കാൾ മുഖ്യം ഇതാണെന്നും, ഇതിനെ ഈ ശോചനീയസ്ഥിതിയിൽനിന്നു കരകയറ്റേണ്ടതാണെന്നും ഉള്ള സംഗതികളും അതിനുള്ള വിധിയുപായങ്ങളും മുമ്പു കഴിഞ്ഞ സഭക

ളിൽ അഭ്യസ്തരായിരുന്നവർ പാശ്ചാത്യക ളിൽ തിരിഞ്ഞിട്ടുള്ളതാകയാൽ ഇവിടെ വിശ്ലേഷണം ചെയ്യുന്നതെന്നു വിചാരിക്കുന്നില്ല. ആയുർവ്വേദത്തെ ഉജ്ജീവിപ്പിക്കുന്നതിന് ഉടനടി ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നു മാത്രം ഞാനിവിടെ നിരൂപണം ചെയ്യുന്നു.

ആയുർവ്വേദോജ്ജീവനത്തിനുള്ള ഉപായങ്ങൾ.

(൧) നാനാഭാഗത്തുമുള്ള എല്ലാ ദിക്കിലും അന്വേഷിച്ചു നാട്ടുഭാഷകളിലും സംസ്കൃതത്തിലുമുള്ള ആയുർവ്വേദഗ്രന്ഥങ്ങളെല്ലാം കണ്ടെത്തി ശേഖരിക്കണം. എല്ലാ ഗ്രന്ഥങ്ങളും കാണാതെ ആയുർവ്വേദത്തിന്റെ സ്വരൂപം നന്നായി ഗ്രഹിപ്പാൻ കഴിയുന്നതല്ലല്ലോ. സംഘബലമുണ്ടായാൽ ഓലക്കെട്ടുകളെ പരിശോധിക്കുന്നതിന് എളുപ്പമുണ്ട്. അതിനാൽ ഗ്രന്ഥങ്ങൾ സമ്പാദിക്കുവാൻ നാനാഭാഗത്തായി ശ്രമിക്കണം.

(൨) ഗ്രന്ഥങ്ങൾ കിട്ടിക്കഴിഞ്ഞാൽ അവയിൽ പരസ്പരവിരുദ്ധമായിരുന്നപോലെ പ്രപഞ്ചത്തിൽ തോന്നുന്ന സിദ്ധാന്തങ്ങളെ യോജിപ്പിക്കത്തക്കവിധം തന്ത്രനിർണ്ണയം ചെയ്വാൻ ശ്രമിക്കണം. ഇതിനു പ്രത്യക്ഷമായ കാര്യങ്ങളിൽക്കൂടി ആയുർവ്വേദത്തിന്ന പാശ്ചാത്യശാസ്ത്രങ്ങളോടു വിരോധം തോന്നുന്ന ദിക്കുകളിൽ വിരോധമില്ലാതെ കഴിപ്പാനുള്ള ഉപായം ചിന്തിച്ചുനോക്കണം. ശരീരശാസ്ത്രത്തിലും മറ്റും തോന്നുന്ന വിരോധം, ന്യൂനത, ആധിക്യം മുതലായവയെ പ്രമാണസഹിതം പരിഹരിക്കുകയും വേണം.

(൩) പാശ്ചാത്യശാസ്ത്രത്തിനോടും ആയുർവ്വേദതന്ത്രത്തിനോടും വിഷയവ്യാപ്തി നോക്കി, ആയുർവ്വേദസരണിയിൽ വിഷയങ്ങൾക്കു ന്യൂനതയോ ആധിക്യമോ ഉള്ളപക്ഷം നല്ലവണ്ണം നിരൂപണം ചെയ്തു വേണ്ടതെടുത്തു വേണ്ടാത്തതു കളഞ്ഞു ശരിപ്പെടുത്തണം. ഇങ്ങിനെ ചെയ്യുമ്പോൾ ശസ്ത്രശാസ്ത്രപ്രകാരവും ചികിത്സ മുതലായവയിലുള്ള ക്രമവ്യത്യാസങ്ങൾ നല്ലവണ്ണം ആലോചിക്കേണ്ടതാണ്. ചികിത്സാരീതി ശരിയാക്കുമ്പോൾ എളുപ്പത്തിൽ സാധിക്കത്തക്കവിധത്തിലുള്ള പുതിയ വഴികളാണ് അവലംബിക്കേണ്ടത്.

(൪) ആയുർവ്വേദപ്രകാരമുള്ള ത്രിദോഷസിദ്ധാന്തവും അതനുസരിച്ചുള്ള രോഗവിഭാഗവും പാശ്ചാത്യസിദ്ധാന്തത്തോട് എത്രത്തോളം യോജിക്കുന്നുണ്ടെന്നു നോക്കി ആയുർവ്വേദത്തിലെ സംജ്ഞകൾക്കു ശരിയായ പാശ്ചാത്യനാമങ്ങളും കല്പിക്കണം. ഔഷധങ്ങളുടെ ഗുണദോഷവിചാരത്തിൽ ആയുർവ്വേദവൈദ്യന്മാരുടെയും പാശ്ചാത്യവൈദ്യന്മാരുടെയും അഭിപ്രായങ്ങൾ പരസ്പരം അറിയത്തക്കവിധം ഏർപ്പാട് ചെയ്യേണ്ടതാണ്.

(൫) നാനാത്തുമുള്ള ഗ്രന്ഥങ്ങളിൽപ്രതിപാദിച്ചുള്ള ഔഷധങ്ങളുടെ ശരിയായ പേരും അറിയായ്കയാൽ പല കുഴപ്പങ്ങളും ഉണ്ടാവുന്നതായിക്കാണുന്നുണ്ട്. ചില ദിക്കിൽ ഔഷധങ്ങളുടെ പേരുകൾക്കു ദേശഭേദേന നാനാർത്ഥവും വരുന്നുണ്ട്. ഇവക സംഗതികളിൽ യഥാർത്ഥം നിർണ്ണയിക്കുവാൻ എന്തു വഴിയാണെന്നും ആലോചിച്ചു തീർച്ചപ്പെടുത്തണം.

(൬) കാലാദിസാദൃശ്യമുള്ളതായ ദേശികരിൽ ഒരു മാതൃകാപാഠശാല സ്ഥാപിക്കണം. അതിനോടു സംബന്ധിച്ച് ഒരു ഔ

ഔഷധശാലയും ഏർപ്പെടുത്തണം. അതിൽ ഈ ശാസ്ത്രത്തെസ്സംബന്ധിച്ച ഗ്രന്ഥങ്ങളെല്ലാം കഴിയുന്നേടത്തോളം ശേഖരിക്കണം. പാഠശാലയുടെ അംഗമായി ഒരു ഔഷധശാലയും വേണം. അതിൽ ഓരോ ഗ്രന്ഥങ്ങളിൽപ്പറയുന്ന അസംസ്കൃതങ്ങളായ എല്ലാ മരുന്നുകളും കരുതണം. അവയുടെ ഉപയോഗയോഗ്യമായ ഭാഗമേത് ഇന്നത്, ഏതു തെയ്യാറാക്കേണ്ടതു ഇന്നപ്രകാരം, ഇന്നത് ഇന്നേടത്തിലും ഇന്നകാലത്തുമാണ ധാരാളം കിട്ടുക, ഇത്യാദി സംഗതികൾ കാണിക്കുന്ന കുറിപ്പുകൾ എല്ലാ മരുന്നുകളിലും ഇടേണം. ശാസ്ത്രം പഠിക്കുന്നതോടുകൂടി 'പ്രവൃത്തി' കൂടി വരുത്തുവാൻ തക്കവിധം പാഠശാലയോടുചേർന്നു ഒരു ചികിത്സാശാലയും സ്ഥാപിക്കണം. അതിൽ രീനക്കാരെക്കിടത്തി ചികിത്സിക്കയും വേണം. നെയ്യ്, എണ്ണ, കഷായം മുതലായ ഔഷധങ്ങൾ പാകംചെയ്യുന്നതും അവിടെവെച്ചാകണം. മരുന്നുകളുടെയും മറ്റും സംപ്രദായവും ഗുണവും അറിവാനും പരിശീലിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു കിട്ടുവാനും, പാഠശാലയ്ക്കടുത്തുതന്നെ ഒരു ഔഷധോദ്യാനവും ഏർപ്പെടുത്തണം. അവിടെവെച്ചുള്ള അഭ്യാസങ്ങളിൽ വിദ്യാർത്ഥികൾ ശ്രദ്ധയും സമ്പ്രദായവും മനസ്സിലാക്കണം. ഇങ്ങനെ പാഠം, ഔഷധപരിചയം, ചികിത്സാപരിശീലനം എന്നിവയ്ക്കു തമ്മിൽ വിരോധം വരാതെ വിധത്തിൽ സമയംവെച്ചിട്ടു പാഠക്രമവും ശരിപ്പെടുത്തണം. ഇങ്ങനെയൊക്കെ ചെയ്താൽ ആയുർവ്വേദത്തിനു ഇപ്പോഴുള്ള ന്യൂനതകളിൽ തീരെ തീർന്നുപോകുമെന്നു വിചാരിച്ചു് അല്പമാത്രം ഇവിടെ കാണിച്ചതാണ്.

ആയുർവ്വേദത്തിന്റെ ശല്യതന്ത്രാദ്യംഗങ്ങളിൽ കഴിഞ്ഞുപോയ എന്റെ ക്ഷേത്രനാഥൻ സഹിതം പ്രസ്താവിച്ചതിലും അധികമായി എനിക്കൊന്നും പറയാനില്ലാത്തതിനാൽ ഞാൻ ഇവയെ വിട്ടുകളയുന്നു. ശസ്ത്രവിദ്യയിൽ ഇന്നത്തെ വൈദ്യന്മാരുടെ സ്ഥിതി വളരെ ശോച്യമായിത്തീർന്നിരിക്കുന്നതെന്നു് എല്ലാവർക്കും അറിയുന്നതാണല്ലൊ. അതിന്റെ പരിഹാരത്തിന്നു കഴിയുന്നവിധം യത്നം ചെയ്യേണ്ടതാണ്.

ഇങ്ങിനെ ഈ ശാസ്ത്രത്തിന്നു മറ്റു ശാഖകളിലും വന്നുപെട്ടിട്ടുള്ള കുറവുകൾ തീർക്കുവാനും ഈ സഭ വഴിപോലെ ആലോചിച്ചു വേണ്ടതു ചെയ്യുന്നതിന്നു വീണ്ടും വീണ്ടും പ്രാർത്ഥിച്ചുകൊണ്ടും, നമ്മുടെയൊക്കെ ഉപകാരമായ ഈ ഉദ്യമത്തിനു ധന്വന്തരിഭഗവാന്റെ കൃപാകടാക്ഷത്താൽ അപ്രതിഹതമായ മംഗളം സിദ്ധിക്കട്ടെ എന്നു ആശംസിച്ചുകൊണ്ടും ഇവിടെ വിരമിക്കുന്നു. ഇതം.

ശൈലാനാമുത്തമസ്യാനാം
ശേതിമാതാമിഹാഭിനിം
സദാ കാമദുഘാമേനാം
സമാശ്രയന്തു ഭാരതം.

—

പലവക

മർദ്ദകാരുടെ ആരംഭിക്കുകളായ കിരാതപരമ്പരകളിലൊന്നായ 'സെപ്പലിന്' എന്ന ആകാശക്കപ്പലിനെപ്പറ്റിയുള്ള വൃത്താന്തങ്ങൾ ആദ്യമായി പ്രസിദ്ധീകരിച്ചതു ആദ്യത്തെ ആളുകളുടെ പ്രവൃത്തിയിൽ പ്രയോഗിച്ചിട്ടുണ്ടെന്നു അറിയുന്നത് ആദ്യമായിട്ടാണ്. ഒരു വെളുത്ത ഒരു മനസ്സിലാക്കിയിരിക്കയില്ല. ഉദാഹരണ

ത്തിൽ ഈ മാതിരിയിലുള്ള ആകാശയാനത്തെപ്പററി വിവരിച്ചുകാണുന്നുണ്ട്.

'ഇന്ദ്രോ മഹ ഋഭുക്ഷശചീനോദ്ഭവ
യേിം ന കക്ഷീവദ്ഭ്യോ വാർജ്ജവന്തോ
ആർദ്ധ്വപുനർവാക്യാമനായതിരി-
ണേരിഷപ്പൂർമിലപോഷികാദിഃ'.

ഇത് അശ്വിദേവകളെ സ്തുതിക്കുന്ന ഒരു മന്ത്രമാണ്. ഭുജ്യൻ എന്ന രാജാവു ദുർബ്ബുദ്ധിയായ ഒരുവൻ ധനത്തെ എന്നപോലെ ഭുജ്യു എന്ന തന്റെ പുത്രനെ സമുദ്രത്തിൽ തള്ളിക്കളഞ്ഞു: ഹേ അശ്വിദേവന്മാരേ! നിങ്ങൾ ആ ഭുജ്യുവിനെ ആകാശത്തിൽ സഞ്ചരിക്കുന്നവയും വെള്ളം കടക്കാത്തവയും വളരെ ഉറപ്പുള്ളവയുമായ കപ്പലുകളിൽ കയററി രക്ഷിച്ചുവല്ലൊ എന്നാണ് ഇതിന്റെ സാരം. കവനങ്ങളെ വിചാരിച്ചുകൂട്ടുന്നതിൽ അമിതിയന്ത്രമായിരുന്ന ആര്യന്മാരുടെ പ്രലാപം മാത്രമാണിതെന്നു ചിലർ നിരസിക്കുന്നുണ്ടെങ്കിൽ സൃഷ്ടി തന്നെ പൊയ്പ്പൂവികമാകയാൽ ഇനിയും ഉണ്ടാവാനിരിക്കുന്ന ആശ്ചര്യങ്ങളും കൂടി ഇതിലുള്ളതാണെന്നു പറഞ്ഞു മററു ചിലർ തർക്കമുഴി പിടിക്കും. ഇതു രണ്ടും അത്ര ഗ്രാഹ്യങ്ങളായ വാക്കുകളല്ല. ഇത്തരം ചില വിഷയങ്ങളെപ്പററിയുള്ള അന്വേഷണം മറിഞ്ഞു കിടക്കുന്ന പല തത്വങ്ങളെയും തെളിയിപ്പാൻ സഹായിക്കുന്നതാണ്.

* * *

ആയുർവ്വേദശാസ്ത്രത്തിനും അതനുസരിച്ചുള്ള ചികിത്സയ്ക്കും അഭിവൃദ്ധിയുണ്ടാവാനുള്ള ഉദ്യമങ്ങൾ ഇന്ത്യാരാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലും നടന്നുവരുന്ന കാലമാണിത്. അങ്ങിനെ എല്ലാ ദിക്കിലുമുള്ള ഉദ്യമങ്ങൾക്കു ഫലപ്രാപ്തി വരുത്തിയും, ആയുർവ്വേദത്തിലെ പൂർവ്വപ്രതാപമായിരിക്കുന്ന ശല്യശാസ്ത്രാംഗങ്ങളെ പാശ്ചാത്യചികിത്സാശാസ്ത്രങ്ങളിൽ നിന്നെടുത്തും, ആയുർവ്വേദത്തിന്റെ അഭിവൃദ്ധിക്കുള്ള പ്രതിവിധാനങ്ങളോടുകൂടിയും അതിപ്രാചീനമായ ഈ ശാസ്ത്രത്തിന്റെ യോഗക്ഷേമങ്ങളെ ആലോചിപ്പാനായി ഇന്ത്യാരാജ്യത്തിനു മുഴുവൻ സംബന്ധിക്കുന്ന വിധത്തിൽ സമ്മേളിച്ചു നടത്തിവരുന്ന നിഖിലഭാരത വൈദ്യ ആയുർവ്വേദസമ്മേളനത്തിന്റെ അഷ്ടമസമ്മേളനം ഇക്കഴിഞ്ഞ ഫിബ്രവരി 25-ാംനു മുതൽ നാലു ദിവസങ്ങളിലായി പൂനാ നഗരത്തിൽ വെച്ചു മഹാമഹിമശ്രീ രാജശ്രീ സർ. രാമവർമ്മ ജി. സി. എസ്. ഐ. ജി. സി. ഐ. ഇ. വലിയ തമ്പുരാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ വളരെ കേമമായി കഴിഞ്ഞിരിക്കുന്നു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നു മുന്നൂറിൽപരം പ്രതിനിധികളും വന്നുചേർന്നിരുന്ന ഈ മഹായോഗത്തിൽ വെച്ച് അദ്ധ്യക്ഷൻ ചെയ്ത സാരഗർഭമായ സംസ്കൃതപ്രസംഗം തർജ്ജമ ചെയ്ത് ഇതിൽ മറെറാരു ഭാഗത്തു ചേർത്തിട്ടുണ്ട്. കേരളത്തിലെ ചികിത്സാരീതിക്ക് അന്യദേശീയരീതിയിൽ നിന്നുള്ള വ്യതിയാസങ്ങളെയും, ആയുർവ്വേദത്തിന്റെ ഉദ്ധാരണത്തിനു ചെയ്യേണ്ടുന്നതായ ഉദ്യമങ്ങളെയും മററും പററി അവിടുന്നരുളിച്ചെയ്തതും ആ മഹായോഗത്തിൽ കൂടിയിരുന്നവരെയെല്ലാം സവിശേഷമായ ആഹ്ലാദത്തിനു പാത്രീഭവിപ്പിച്ചതുമായ അനേകം വിഷയങ്ങൾ കേരളീയരുടെ ശ്രദ്ധയിൽപ്പെടേണ്ടതാണെന്നു വിശ്വസിക്കുന്നു. ആയുർവ്വേദത്തിന്റെ ഭാവികളെ തിരുമനസ്സിലെ സന്നിധിയിൽ അറിയിക്കേണമെന്നും, ഇന്ത്യയിലെ പല പ്രധാനസ്ഥലങ്ങളിൽ ആയുർവ്വേദപാഠശാലകൾ സ്ഥാപിക്കേണമെന്നും മററുമായി അനേകം നിശ്ചയങ്ങളും ഈ മഹായോഗത്തിൽ വെച്ചു ചെയ്യപ്പെട്ടു. കേരളീയ ആയുർവ്വേദസമാജം മാനേജിങ്ങ് ഡയറക്ടരായ രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു നിശ്ചയങ്ങൾ കൊണ്ടുവന്നവരിൽ ഒരാളായിരുന്നു. ഈ മഹായോഗം ഇത്രമേൽ, വിജയകരമായിക്കഴിഞ്ഞതു കൂടിയതിൽ ആരാണ് സന്തോഷിക്കാതിരിക്കുക

ജ്വാലാവതീരാമകുമാരം.

ഒന്നാം രംഗം

ഒന്നാങ്കം

(ജ്വാലാവതി പിന്നെയും പ്രവേശിക്കുന്നു)

ജ്വാലാ—പ്രിയ, രാമകുമാര! പതുക്കെ, പതുക്കെ ഉദ്യാനത്തെ ഇവിടെ ഈ അപകടസ്ഥിതിയിൽ നിന്നു തിരിയെ പിടിച്ചു കൊണ്ടുപോവാൻ ശക്തിയുള്ള കഴുകസംഘം ആകെക്കിലും ഉണ്ടായാൽ എത്ര നന്നായിരുന്നു! എന്റെ പ്രാണപ്രിയന്റെ പേർ എത്ര തന്നെ ഉച്ചരിച്ചിട്ടും എനിക്ക് തൃപ്തി വരുന്നില്ല. അവസ്ഥാനം ശബ്ദസംഭാഷണമാണല്ലോ. സ്വപ്നത്തിൽ ഞാൻ എന്റെ മോതിരങ്ങളാൽ കാന്തന്റെ കാഴ്ചയുണ്ടാകുന്ന സൌഭാഗ്യത്തിന്റെ സന്തോഷപൂർണ്ണം കൊണ്ടു പ്രതിധ്വനി മുഴക്കുന്ന ഗിരിഗുഹകളുടെ പ്രത്യുത്തരം ചെയ്യുമായിരുന്നു!

രാമ—(ആത്മഗതം) എന്റെ ഭാഗ്യകരണനായികയാണ് എന്റെ പേർ വിളിക്കുന്നത്. അഹോ!

മധുരാതിമധുരിമ ശബ്ദം
ശ്രീമതികളുടെ വചനശ്രുതിയിൽ
ചിത്രസൌന്ദര്യമിയന്നീടുന്നോ
ഇമ്പമിന്നതുപോലെ സുഖമൊന്നപോൽ!

ജ്വാലാ—പ്രിയതമ!

രാമ—എന്താ കല്പനയാണു!

ജ്വാലാ—നാഥ എത്ര മണിക്കാണ് ഞാൻ ഉറങ്ങിയത്?

രാമ—ആറു മണിക്ക്.

ജ്വാലാ—ഞാൻ വിട്ടു പോകാതെ ഉറങ്ങി. അത്ര വരെയും എനിക്ക് ഒരു യുഗം പോലെ തോന്നും. ഞാൻ അങ്ങ് എന്തിനായിട്ടാണ് വീണ്ടും വിളിച്ചത് എന്ന സംശയം തന്നെ പോയി.

രാമ—അത്ര വെളിക്ക് കാര്യമുണ്ടാകുന്നതു വരെ ഞാൻ ഇവിടെ നിന്നുകൊള്ളാം.

ജ്വാലാ—എന്നാൽ ഞാൻ അത് എല്ലാ ദിവസവും കാണ്മ തന്നെ ഇരിക്കും. ഞാനിനിയെങ്കിലും അങ്ങയുടെ സന്തോഷം എനിക്ക് ലഭിക്കട്ടെ. അങ്ങയുടെ നിത്യസംസർഗ്ഗം എനിക്ക് അമൃതാസ്വാദം പോലെ ആനന്ദകരമാണെന്നു ഞാൻ പറഞ്ഞറിയിക്കേണമോ?

രാമ—വെളിക്ക് കാര്യമുണ്ടാകുന്നതു വരെ ഇവിടെത്തന്നെ നില്ക്കുന്നത് എനിക്ക് പരമസൌഖ്യമാണ്. വെളിച്ചം ഉണ്ടാകുന്ന വിധം വരെ അങ്ങനെ ചുറ്റും പാർത്തു ചെയ്ത് ഇവിടെ നില്ക്കുമ്പോൾ ഈ വനപ്രദേശം എനിക്ക് അതിമനോഹരമായ ഒരു വലിയ കൊട്ടാരം പോലെ സ്വപ്നമാണ്. സമയം ഏകദേശം സൂര്യോദയത്തിനടുത്തു.

ജ്വാലാ—ഇനി ഒട്ടും താമസിക്കാതെ കന്ന് ഇവിടെ നിന്ന് പോകേണ്ടത് ആവശ്യം. എന്നാൽ യാത്ര പറഞ്ഞു

[illegible]

[illegible]

[illegible]

(ഭോപാലി)

മൂന്നാം രംഗം

ബനാർസ് സന്യാസിയുടെ ഗുഹ.

([illegible])

ബനാർസ് —

[illegible]

[illegible]

[illegible]
[illegible]

[illegible]
[illegible]
[illegible]
(ശ്ലോ

[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible] (ദർ
[illegible]
[illegible]
[illegible]
[illegible] (ശാ
[illegible]
[illegible]
[illegible]
[illegible]
(രംഗം.

[illegible]
[illegible]
[illegible]
[illegible]

([illegible])

രോമ—ഉപദേശിച്ചുവന്ന പിതാവേ, സ്വാഗതം.

ലോറൻസ്—സ്വാമി രക്ഷിക്കട്ടെ. ഇതാരാണ്; ഏതിന് ഇത്ര രാവിലെ മധുരമായ [illegible] ചെയ്യുന്നത്? ഓ. മകനേ! എന്റെ കുട്ടി, നീ ഇത്ര രാവിലെ നിന്റെ ശയ്യ വിട്ടിറങ്ങി വന്ന കാരണത്തിനാൽ നിന്റെ ഹൃദയത്തിൽ എന്തോ ഒരു ദുഃഖം ഉണ്ടായിരിക്കണമെന്നു തോന്നുന്നു. എന്തെന്നാൽ—

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

അതിനാൽ യൗവനമായ നീ ഇത്ര നേരത്തെ എഴുന്നേറ്റതുകൊണ്ട് എന്തോ ഒരു മനോവ്യഥ നിന്റെ നിദ്രയ്ക്കു ഭംഗം ചെയ്തുപോലെ തോന്നുന്നു. അതല്ലാ! നീ ഇന്നു രാത്രി കിടക്കയിൽ കിടന്നിട്ടില്ലെന്നു തന്നെ വരുമോ?

രോമ—ഇപ്പറഞ്ഞ ഒടുവിൽ പറഞ്ഞതാണ് ശരി. നിദ്രാസുഖത്തിലധികം ആനന്ദം ഞാൻ അനുഭവിക്കുകയായിരുന്നു.

ലോറൻസ്—[illegible] പാപം ദൈവം ക്ഷമിക്കട്ടെ. നീ [illegible] കഴിച്ചുകൂടിയായിരുന്നുവോ?

റോമ — രസലേഖയുടെ കൂടിയോ? അല്ല. ഞാൻ ആ പേരിനെത്തന്നെ മറന്നിരിക്കുന്നു. ആ പേരിനോടുകൂടെ അനുസന്ധാനമായുണ്ടായ സകല വികാരങ്ങളും എന്റെ മനസ്സിൽ നിന്നു പോയിരിക്കുന്നു.

ലാറൻസ് — അതു നന്നായിരിക്കുന്നു. അതിങ്ങനെ തന്നെയാണ് വേണ്ടത്! എന്നാൽ പിന്നെ നീ എവിടെ ആയിരുന്നു?

റോമ — ഞാൻ അതു പറയാം. എന്റെ ശത്രുസംഘക്കാരുടെ ഇടയിൽ ചേർന്നു വിനോദിക്കുകയായിരുന്നു. അപ്പോൾ അതിൽ ഒരാൾ എന്നെ ശരം പ്രയോഗിച്ചു മുറിപ്പെടുത്തി. ഞാൻ ആയാളെയും അപ്രകാരം മുറിപ്പെടുത്തി. വിശേഷമായ ഔഷധം കൊണ്ടുള്ള ചികിത്സ ഞങ്ങളുടെ ദിവ്യനായ അങ്ങയുടെ കീഴിൽ ഇരിക്കുന്നു. എന്റെ ശത്രുവായ ആ ആളുടെ ചികിത്സകൂടി ഞാൻ ആശംസിക്കുന്നതുകൊണ്ടു [illegible] മാത്സര്യവികാരം എന്നെ ബാധിക്കുന്നില്ലെന്ന് അങ്ങ് അറിയേണ്ടതാണ്.

ലാറൻസ് — പ്രിയപ്പെട്ട എന്റെ കിടാവേ, വെളിവായി പച്ചയിൽ പറയൂ. 'ഗൂഢം ചേർന്ന കുമ്പസാരത്തിൽ കിട്ടുന്ന പാപമോചനം' എന്നു നീ അറിയേണ്ടതാണ്.

റോമ — എന്നാൽ വ്യക്തമായി പറയാം, കേട്ടുകൊണ്ടാലും. എന്റെ ഹൃദയത്തിലെ പ്രേമാനുരാഗം ധനവാനായ കപിലതായകന്റെ സുന്ദരിയായ ആ പുത്രിയിങ്കൽ [illegible] പതിച്ചിരിക്കുന്നു. എനിക്ക് അവളിൽ എന്നപോലെ അവൾക്ക് എന്നിലും അനുരാഗമുണ്ട്. എല്ലാ അംശങ്ങളും ഒത്തുകൂടിയിരിക്കുന്നു. വിവാഹസംസ്കാരം ഒന്നുമാത്രമാണ് ഇനി ബാക്കിയുള്ളത്. ഞങ്ങൾ തമ്മിൽ സമാഗമം എപ്പോൾ ഉണ്ടായി എന്നും എവിടെ ഉണ്ടായി എന്നും എങ്ങിനെയെല്ലാം ഞങ്ങൾ തമ്മിൽ പ്രണയസല്ലാപം നടന്നു എന്നും ഞാൻ താമസിയാതെ അങ്ങയെ ഉണർത്തിക്കാം. എന്നാൽ അതിനു മുമ്പായി ഇന്നു തന്നെ ഞങ്ങളുടെ പാണിഗ്രഹണം വിധിപ്രകാരം നടത്തിത്തരണമെന്നു ഞാൻ അങ്ങയോടു താല്പര്യപ്പെട്ട് അപേക്ഷിക്കുന്നു.

ലാറൻസ് — ശിവ. ശിവ. ഇതെന്തു മാറ്റമാണ്? നിനക്കു കണ്ണിലുണ്ണിയായ രസലേഖയെ ഇത്ര വേഗം മറന്നുപോയോ? ഹാ! യുവജനങ്ങളുടെ അനുരാഗം ഹൃദയത്തിലല്ല, നയനത്തിലത്രേ മാത്രമാണ്. എന്റെ ഈശ്വരാ! നിന്റെ വിളർത്ത കവോലം രസലേഖയെ കരുതി എത്ര നാഴി ഉപ്പുവെള്ളത്തിലാണ് കഴുകിയിരുന്നത്! ആ അനുരാഗത്തിനു രുചി കൊടുപ്പാനായി ആ നിഷ്ഫലമായ ഉപ്പുവെള്ളം ഉപയോഗമില്ലാതായി. നീ മുമ്പു കഴിച്ചുകൂട്ടിയ നിശ്വാസങ്ങളും ആർത്ത വിലാപങ്ങളും എന്റെ ചെവികളിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. അവളുടെ വിരഹദുഃഖംകൊണ്ടുണ്ടായ കണ്ണീരിന്റെ കറ കവിൾത്തടത്തിൽ നിന്ന് ഇപ്പോഴും മാഞ്ഞിട്ടില്ല. ഇതെല്ലാം രസലേഖയെ കരുതിയല്ലായിരുന്നുവോ? ഇത്ര ക്ഷണം നീ മാറിപ്പോയല്ലോ!

രാഗചാപല്യമിന്നുള്ള
യൗവനക്കാർക്കിളപ്പമേ
മാരവികാരതാരുണ്യാതി-
കാരത്വം ചിത്രമല്ലഹോ.

മംഗളോദയം

൧൦൮൫

പുസ്തകം ൩ | മീനം. | ലക്കം ൧൨

മംഗളം

നീലാംബുമുകിൽനിറമൊന്നണമെയ്യിൽ മിന്നും
പീതാംബരം തിരിവള താലിമാല ചാർത്തി
പാദാബ്ജംപൂകുന്നവർക്കുള്ളിലെഴുന്നള്ളാ-
സ്സാരാലങ്കരണമതിന്നു തരിക തായുമ്പോൾ.

പണ്ഡിതരാജ് ശ്രീ ... കൊച്ചുണ്ണിതമ്പുരാൻ

ലീലാതിലകം.

പ്രൊഫസർ എ. ആർ. രാജരാജവർമ്മ അവർകളുടെ കേരളപാണിനീയം മുഖവുരയിൽ നിന്ന്, പരിശോധിച്ചു പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിൽ, ലീലാതിലകത്തെപ്പറ്റി ചേർത്തിട്ടുള്ള ചില വിവരങ്ങളെ ആണ്, 'മംഗളോദയ' വായനക്കാർക്ക് രസമായിരിക്കുമെന്നു വിചാരിച്ച്, ചുവടെ ചേർത്തുകൊള്ളുന്നു.



'മണിപ്രവാളത്തിൽ മണിയുടെയും പ്രവാളത്തിന്റെയും ചേരുന്നപോലെ ഇണവിധം വേണമെന്നുള്ളതിലേയ്ക്കു' തിരുനിശ്ചയം ചെയ്തിട്ടുള്ള ലീലാതിലകം സംസ്കൃതത്തിലെഴുതുവാനുള്ള കാരണത്തെ കേരളപാണിനി ഇങ്ങിനെ കാണിച്ചിരിക്കുന്നു:—

സംസ്കൃതകവികൾക്കു മണിപ്രവാളകവിത ചെയ്യാൻ സാധിക്കയുള്ളല്ലോ; അതിനാൽ ആരംഭത്തിലെ മണിപ്രവാളഗ്രന്ഥകാരന്മാരെല്ലാം നമ്പൂതിരിമാർ ആയി

ന്നു. അവർ സംസ്കൃതത്തിലെ വ്യാകരണത്തെ എന്നപോലെ വൃത്തശാസ്ത്രത്തെയും ഭാഷയിൽ അവതരിപ്പിച്ചു. ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം, ചമ്പുക്കൾ ഇവയെല്ലാം സംസ്കൃതവൃത്തങ്ങളിൽ വിരചിതങ്ങളായ പദ്യങ്ങളാൽ ഉപകല്പിതമാകുന്നു. ഈ വക കവിതകളിൽ പരിപൂർണ്ണസംസ്കൃതങ്ങളായ ശ്ലോകങ്ങളും അപൂർവമല്ല. സംസ്കൃതത്തിൽ ഒരു ശ്ലോകം രചിച്ചിട്ട് വല്ല മൂലയിലും ഒന്നോ രണ്ടോ ഭാഷാപദം പ്രയോഗിച്ചാൽ ശ്ലോകം മുഴുവൻ മണിപ്രവാളമായി. എന്നാൽ ഒരു ശാസ്ത്രഗ്രന്ഥം ചെയ്യുവാനെങ്കിൽ അതിന് മലയാളം തൊട്ടുതെറിപ്പിച്ച മണിപ്രവാളം പോലും പോരാ, ശുദ്ധസംസ്കൃതം തന്നെ വേണമെന്നായിരുന്നു അന്നത്തെ വിചാരം. അതാണ് ലീലാതിലകം സംസ്കൃതത്തിലെഴുതാനുള്ള കാരണം.[11]

ഇതിനകം 'ലീലാതിലക'ത്തെപ്പറ്റി കൊടുത്തിട്ടുള്ള വിവരണം ഇതാണ്:—

മണിപ്രവാളത്തിന് പ്രാചീനന്മാർ വളരെ നിഷ്കർഷിച്ച് ലക്ഷണം ചെയ്തിട്ടുണ്ട്. ഈയിടെ കണ്ടുകിട്ടിയ ലീലാതിലകം എന്ന ഗ്രന്ഥം മലയാളഭാഷയിൽ കവിത ആരംഭിച്ച കാലത്തു തന്നെ കവികൾ ചെയ്തിട്ടുള്ള വ്യവസ്ഥകളെ എല്ലാം വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ലീലാതിലകം എന്നതു മണിപ്രവാളകവിതയെപ്പറ്റി സംസ്കൃതത്തിൽ രചിച്ചിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിന് 'ശില്പം' എന്നു പേരുള്ള എട്ടു വിഭാഗങ്ങളുണ്ട്. മണിപ്രവാളത്തിന്റെ സ്വരൂപവും ലക്ഷണവും ഒന്നാം ശില്പത്തിൽ വിവരിച്ചിരിക്കുന്നു. മണിപ്രവാളശരീരനിരൂപണമാണ് രണ്ടാം ശില്പം; ഇതിൽ ഭാഷയുടെ നിഷ്കർഷവും നാമങ്ങളുടെയും ക്രിയാപദങ്ങളുടെയും രൂപനിഷ്പത്തിയും അടങ്ങിയിരിക്കുന്നു. മൂന്നാംശില്പം സന്ധിവിവരണം ആകുന്നു. ദോഷാദോഷചിന്ത നാലാംശില്പത്തിലും, ഗുണവിചാരം അഞ്ചാംശില്പത്തിലും ചെയ്തിരിക്കുന്നു. ശബ്ദാലങ്കാരം ആറിലും, അർത്ഥാലങ്കാരം ഏഴിലും എന്നത് അലങ്കാരപ്രതിപാദനങ്ങളാണ് അടുത്ത രണ്ടു ശില്പങ്ങൾ. ഒടുവിലത്തേതായ എട്ടാംശില്പം രസനിരൂപണത്തിനായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ വിധം ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും കൂടികലർന്നതാണ് ലീലാതിലകം. ഗ്രന്ഥകർത്താവിന്റെ പേർ അറിയുന്നതിന് മാർഗ്ഗമില്ല. കാശികാവൃത്തി, കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളുടെ രീതിയിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. കാശികാവൃത്ത്യാദികളിലെപ്പോലെ ലീലാതിലകകാരനും ചുരുക്കങ്ങളായ ചില സൂത്രങ്ങളെ എഴുതി വ്യാഖ്യാനിക്കയും ഉദാഹരിക്കയും ചെയ്തിട്ട് അതിനെപ്പറ്റി പല വിചാരങ്ങളും സ്വതന്ത്രമായി ചെയ്യുന്നു. സൂത്രങ്ങൾ സ്വയം പ്രണീതങ്ങളല്ല; പുരാതനന്മാരുടേതാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ചിലേടത്തു 'ശേഷവും ഉക്തം സൂത്രത്തിൽ നിന്ന് അനുകർഷിക്കണം' എന്നും മറ്റും പ്രസ്താവിച്ചുകാണുന്നു. സൂത്രവും വൃത്തിയും ഒരാൾ തന്നെ നിർമ്മിച്ചതാണെങ്കിൽ ഈ വക നിർദ്ദേശങ്ങൾക്കാവശ്യമില്ല. സൂത്രകാരൻ വേറെ ഒരാൾ ആണെന്ന്, അതിനാൽ ഊഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ

ആ ആചാര്യൻ ആരാണെന്നും, ഉദാഹരണത്തിന് ലീലാതിലകം മുഴുവൻ ശ്രദ്ധയോടുകൂടി വായിച്ചിട്ട് എനിക്ക് സാധിച്ചില്ല. ലീലാതിലകം എഴുതിയ ആൾ തമിഴിലും സംസ്കൃതത്തിലും ഒന്നുപോലെ പ്രാമാണികത്വം ലഭിച്ച ഒരു മഹാനായിരുന്നു എന്നു മാത്രം നിസ്സംശയമായിപ്പറയാം. ഇതിൽ ഉദാഹരണമായിട്ടെടുത്തിട്ടുള്ള ശ്ലോകങ്ങൾ മിക്കതും അജ്ഞാതകർതൃകങ്ങളാണ്; എന്നാൽ ഉണ്ണുനീലിസന്ദേശത്തിലെ ചില ശ്ലോകങ്ങൾ ഉദാഹരിച്ചു കാണുകയാൽ ആ സന്ദേശഗ്രന്ഥത്തിനു ശേഷമാണ് ലീലാതിലകം രചിക്കപ്പെട്ടത് എന്നു മാത്രം ഊഹിക്കാം.

മണിപ്രവാളത്തിന്റെ ശബ്ദശാസ്ത്രവും അലങ്കാരശാസ്ത്രവും ആണ് ലീലാതിലകം എന്നു പറഞ്ഞുവല്ലോ. അതിൽ ആലങ്കാരികസിദ്ധാന്തങ്ങൾ പറയുന്നകൂട്ടത്തിലൊന്നും ഇതുവരെ വന്നിട്ടില്ല. ശബ്ദശാസ്ത്രനിയമങ്ങളിലാകട്ടെ, ചില ഭേദഗതികൾ സംഭവിച്ചിട്ടുണ്ട്:—

(൧) 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന പ്രഥമസൂത്രപ്രകാരം സംസ്കൃതത്തിലെ വിഭക്ത്യന്തങ്ങളായ നാമങ്ങളും ക്രിയാപദങ്ങളും ഇടകലർന്നുള്ള ഭാഷാപ്രയോഗമാണ് മലയാളം. നാം ഇപ്പോൾ ഭാഷ എന്നു പറയുന്ന മലയാളത്തിന് അന്നു 'തമിഴ്' എന്നായിരുന്നു പേർ. ഇതനുസരിച്ചാണ് 'ഭാഷാവ്യാഖ്യാനം' എന്ന അദ്ധ്യായത്തിൽ 'തമിഴ്ക്കൂറ്' എന്ന പദം ഇന്നും നാം ഉപയോഗിച്ചുവരുന്നതെന്നു തോന്നുന്നു. 'മണിപ്രവാളം' എന്ന പദത്തിന്റെ വ്യുൽപത്തിയെന്നു പ്രാചീനന്മാർ വ്യാഖ്യാനിക്കുംപോലെ ത്തല്ല. മണി എന്നാൽ മാണിക്യം എന്നു പറയുന്ന ചുവപ്പുകല്ലും, പ്രവാളം പവിഴവും; മണിസദൃശങ്ങളായ ദ്രാവിഡ (മലയാള) പദങ്ങളും പ്രവാളസദൃശങ്ങളായ വിഭക്ത്യന്തസംസ്കൃതപദങ്ങളും ചേർന്നാൽ മണിപ്രവാളം. മാണിക്യത്തിന്റെയും പവിഴത്തിന്റെയും നിറം ഒന്നാകയാൽ ഇണക്കിച്ചേർത്താൽ ഭേദം തെളിയാത്തതുപോലെ മലയാളവും സംസ്കൃതവും സമരസമായി കലർത്തിയാൽ ഭാഷാഭേദം തോന്നുകയില്ലെന്നാണ് യുക്തി. ഇതു വസന്തതിലകം മുതലായ സംസ്കൃതവൃത്തങ്ങളിൽ കവിത എഴുതുന്നതിനു മാത്രം ഉപയോഗിക്കുന്ന ഭാഷയാണ്. മറ്റുപ്പുറങ്ങളും ശ്രീരാമവിജയാദികളും മറ്റും സംസ്കൃതത്തിൽനിന്നു കടം വാങ്ങി വിഭക്തിരൂപം മാറ്റാതെ മലയാളവ്യാകരണപ്രകാരമാക്കി ഒരു കാലം വഴിയിലൂടെ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അതു മണിപ്രവാളമാകയില്ല. ഇതിനു 'തമിഴ്' എന്നുതന്നെ പേർ. 'രാമായണം തമിഴ്' 'ഭാരതം തമിഴ്' എന്നു മുതലായ പേരുകളോടുകൂടി പല ഗദ്യഗ്രന്ഥങ്ങളും ചാക്യാന്മാർ വശം ഇന്നും ഇരിപ്പുണ്ട്. അവർ എന്തോ ഒരു ശക്തിദാരിദ്ര്യംകൊണ്ടോ, ഭാഗ്യദോഷംകൊണ്ടോ ആ വക ഗ്രന്ഥങ്ങൾ വെളിപ്പെടുത്താൻ മടിക്കുന്നു......

(൨) 'സ്വരേ സംസ്കൃതീകൃതാച' എന്ന സൂത്രപ്രകാരം:—

'പൂക്കൂറിയെ പറയലങ്ങൾ ചൂകതാ-
ഞ്ഞൂവൂടിയെ മലപാറിയൂൺതോറ്റുമ (കമ്പോജ
തെള്ളിയ നന്മയതിൽ മല്ലാരമായ് (താനേ
തെങ്കിട്ടെ കൊണ്ടു മനംകുളിരാനാളും.'

ഇത്യാദികളിലെപ്പോലെ മലയാളധാതു

കർമ്മ സംസ്കൃതരൂപം കൊടുക്കുക എന്ന വിശേഷസമ്പ്രദായം ഒന്നു നടപ്പായിരുന്നു. അതിനാൽ തന്നെയാണ് ഉണ്ണുനീലിസന്ദേശത്തിൽ '[illegible]', '[illegible]', '[illegible]' ഇത്യാദി ഉദാഹരിച്ചപ്രകാരം, വിചിത്രരൂപങ്ങളും പ്രയോഗിച്ചുകാണുന്നത്.

(ങ) 'ദ്രാവിഡസംഘാതാക്ഷരനിബദ്ധമെതുകമോനാവൃത്തവിശേഷയുക്തം പാട്ട്'—

ഈ സൂത്രത്തിന്റെ അർത്ഥം ഇവിടെ തർജ്ജമ ചെയ്യാം. ശബ്ദങ്ങൾ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചുവെങ്കിലും എഴുത്തിൽ തമിഴക്ഷരങ്ങൾ തന്നെ ഉപയോഗിച്ച് 'എതുക' എന്നു പറഞ്ഞുവരുന്ന ദ്വിതീയാക്ഷരപ്രാസമോ, 'മോന' എന്നു പറയുന്ന ആദ്യാക്ഷരപ്രാസമോ (ഇതിന്റെ സ്വഭാവം പാദത്തിലെ ഒരു പാദത്തിലെ മുഴുവൻ ഒരു ഭാഗത്തിലും സമാനമാക്കിക്കൊണ്ട് സംസ്കൃതത്തിലെ സവർണ്ണാക്ഷരങ്ങളെ പ്രയോഗിച്ചുകാണുന്നു) രണ്ടുമോ ചേർന്ന് [illegible] വൃത്തങ്ങളിൽ രചിച്ചിട്ടുള്ള കൃതികളാണ് 'പാട്ട്' എന്നു പേർ. പാട്ടിനെ ഉദാഹരിച്ചുള്ള

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].'

എന്ന ഉദാഹരണം രാമചരിതത്തിൽനിന്നായിരിക്കാം എന്നു ഊഹിപ്പാൻ വഴിയുണ്ട്. ഈ ഊഹം ശരിയാണെങ്കിൽ രാമചരിതകാരനായ [illegible] ഇപ്പുറമാണ് ലീലാതിലകത്തിന്റെ ഉത്ഭവം എന്നു തെളിയുന്നു. എന്നാൽ എതുക (ദ്വിതീയാക്ഷരപ്രാസം) മണിപ്രവാളത്തിലും വിരളമായി ഉപയോഗിച്ചുവരുന്നു എന്നു മറ്റുപ്രാചീനഗ്രന്ഥങ്ങളിൽനിന്നു കാണാവുന്നതാണ്.

ലീലാതിലകത്തിൽ കാണുന്ന ലക്ഷ്യങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന ഭാഷാചരിത്രവസ്തുതകൾ എന്തെല്ലാമെന്നു നോക്കാം— അന്നത്തെ കേരളീയർ തമിഴരുമായി സംസാരിച്ചിരുന്ന ഭാഷയ്ക്കു തമിഴ് എന്നായിരുന്നു പേർ. സാക്ഷാൽ തമിഴിനു 'പാണ്ടിത്തമിഴ്' എന്നും ഈ നാട്ടിലേതിനു 'മലയാളത്തമിഴ്' എന്നും പേരുകൾ കല്പിച്ചിരിക്കാം. 'മലയാളത്തമിഴ്', 'മലയാണ്മ' എന്നു ചുരുക്കിയിരിക്കണം. നാട്ടിലെ ഭാഷയിൽനിന്നു സംസ്കൃതം ഉയർന്ന [illegible]. അതു ഗദ്യങ്ങളുണ്ടാക്കാൻ ചുരുക്കമായിട്ടേ ഉപയോഗിച്ചിരുന്നുള്ളൂ. പദ്യരചന രണ്ടു വഴിക്കായിരുന്നു— ഒന്നാമത്: ആദ്യാക്ഷരപ്രാസമോ ദ്വിതീയാക്ഷരപ്രാസമോ (അന്ത്യപ്രാസമോ) നിയമേന ഉപയോഗിച്ചു തമിഴ്‌വൃത്തങ്ങളിൽ സംസ്കൃതപ്രയോഗം ചുരുക്കി പ്രയോഗിക്കുന്ന പാട്ടും [illegible] തിയിൽ [illegible] ചെയ്തു സംസ്കൃതവർണ്ണങ്ങൾ ഉപയോഗിക്കാതെ വട്ടെഴുത്തിൽ എഴുതിയിരുന്ന പാട്ടുകളുടെ കൂട്ട്. രണ്ടാമത്: സംസ്കൃതവിഭക്ത്യന്തം ചേർത്ത് നിയതമായുള്ള പ്രാസനിർബ്ബന്ധം കൂടാതെ സംസ്കൃതവൃത്തങ്ങളിൽ രചിച്ചിട്ടുള്ള മണിപ്രവാളമാണ്. സംസ്കൃതപ്രായാധിക്യത്താൽ മണിപ്രവാളകൃതി

കൾ ആര്യഎഴുത്തിൽ തന്നെ എഴുതണമെന്നുകൂടി നിർബ്ബന്ധമുണ്ടായിരുന്നു. രാമചരിതം മുതലായതു പാട്ടിനും, ഉണ്ണുനീലിസന്ദേശം മുതലായതു മണിപ്രവാളത്തിനും ഉദാഹരണങ്ങൾ. രാമചരിതത്തിന്റെ വഴിപിടിച്ച് അയ്യിപ്പിള്ള ആശാൻ, കണ്ണശ്ശപ്പണിക്കർ മുതൽപേർ മുറയ്ക്കു പാട്ടുകൾ എഴുതി. ഇക്കൂട്ടത്തിൽ ഒടുവിലത്തേതായിരിക്കണം കൃഷ്ണപ്പാട്ട്. ഉണ്ണുനീലിസന്ദേശത്തിന്റെ മാതൃകയിലും കൃതികൾ പലതും ഉണ്ടായിരിക്കണം; എന്നാൽ ഒററ ശ്ലോകങ്ങൾ അല്ലാതെ പ്രബന്ധങ്ങൾ വേറെ വെളിപ്പെട്ടു കഴിഞ്ഞിട്ടില്ല. ചെല്ലൂർ മാഹാത്മ്യം മുതലായ ചമ്പൂപ്രബന്ധങ്ങൾ ആയിരിക്കണം ഈ വർഗ്ഗത്തിലേ അർവാചീനകൃതികൾ.

മേൽ പ്രസ്താവിച്ച പ്രകാരം ഇടയ്ക്കു തടഞ്ഞു രണ്ടു കൈവഴികളായിപ്പിരിഞ്ഞു നേട്ടകേ ഒഴുകിക്കൊണ്ടിരുന്ന കേരളകവിതാസരസ്വതിയെ വീണ്ടും കൂട്ടിച്ചേർത്ത് ഒരേ പ്രവാഹമാക്കിവിട്ട മഹാപുരുഷൻ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനാകുന്നു. അദ്ദേഹം ചെയ്ത ഏർപ്പാടുകൾ ആവിതു:— (൧) മണിപ്രവാളത്തിൽ എന്നപോലെ പാട്ടുകളിലും ആവശ്യം അനുസരിച്ചു ലളിതസംസ്കൃതവിഭക്ത്യന്തങ്ങളെ ഉപയോഗിക്കാം. (൨) വിഭക്ത്യന്തങ്ങളായാലും പ്രകൃതികൾ മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സ്വൈരമായുപയോഗിക്കുന്ന സ്ഥിതിക്കു അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാം തന്നെ ആര്യഎഴുത്തിൽ എഴുതണം. (൩) ഭാഷാദ്വയസങ്കരത്തിൽ സംസ്കൃതപ്രകൃതികളെ മലയാളവിഭക്തികൾ ചേർത്തു പ്രയോഗിക്കുന്നതു ശരിയായ വഴി; നേരെമറിച്ച് മലയാളപ്രകൃതികളെ സംസ്കൃതവിഭക്തി ചേർത്തു 'മാടമ്പീനാം', 'പിന്നിടേഹാഃ' ഇത്യാദിപോലെ പ്രയോഗിക്കുന്ന വിലോമസമ്പ്രദായം തെററ്. (൪) സംസ്കൃതച്ഛന്ദശ്ശാസ്ത്രത്തിലെ വർണ്ണനിയമത്തെയും മാത്രാനിയമത്തെയും തമിഴവൃത്തങ്ങളിൽകൂടി പ്രവേശിപ്പിച്ചു പുതുതായി കിളിപ്പാട്ടു മുതലായ മലയാളവൃത്തങ്ങളെ നടപ്പിൽ വരുത്തി.

ഈ വ്യവസ്ഥപ്രകാരം തമിഴും സംസ്കൃതവും കലർന്നുണ്ടായ ഭാഷയാണ് മലയാളനാട്ടിൽ ഇന്നും നടന്നുവരുന്ന ഗ്രന്ഥഭാഷ. ഇതിൽ സംസ്കൃതവിഭക്ത്യന്തപ്രയോഗം ക്രമേണ കുറഞ്ഞുവരുന്നുണ്ട്. 'പച്ചമലയാളത്തിലും' കവികൾ കൈവെയ്ക്കാതിരുന്നിട്ടില്ല; എന്നാൽ അതിനു പ്രചാരം ലഭിക്കുന്നതു സംശയം തന്നെ. നാടോടിയായ ഗൃഹ്യഭാഷയിലും പഠിത്തക്കാരുടെ ഇടയിൽ സംസ്കൃതശബ്ദപ്രയോഗം ക്രമേണ വർദ്ധിച്ചുവരുന്നു. മലയാളം തമിഴിന്റെ ഉപഭാഷയായിട്ടാണോ ഉത്ഭവിച്ചത് എന്ന സംഗതിയിൽ ഇനി യാതൊരു തർക്കത്തിനും വകയില്ല. ലീലാതിലകകാരൻ ഇതു വിളിച്ചു പറഞ്ഞിട്ടുണ്ട്. 'കേരളാനാം ദ്രവിഡശബ്ദവാച്യത്വാദപഭ്രംശേന തൽഭാഷാ തമിഴ് ഇത്യുച്യതേ; ചോളകേരളപാണ്ഡ്യേഷു ദ്രവിഡശബ്ദസ്യ വാ പ്രസിദ്ധ്യാ പ്രവൃത്തിഃ; കർണ്ണാടാന്ധ്രാവപി ദ്രവിഡാവിതി കേചിൽ; തന്ന; തേഷാം ദ്രവിഡവേദവിലക്ഷണഭാഷാവത്ത്വാൽ; ദ്രവിഡസംഘാതപാഠാഭാവാച്ച'. ചോളം, കേരളം, പാണ്ഡ്യം ഈ മൂന്നു ദേശങ്ങളിലേയും ഭാഷ തമിഴിന്റെ വകഭേദങ്ങളാണ്. കർണ്ണാടകവും തെലുങ്കും കൂടി ഇതിൽ

ഉൾപ്പെട്ടതാണെന്നു ചിലക്കു പക്ഷമുണ്ട്; എന്നാൽ ആ ഭാഷകൾ ദ്രവിഡവേദമായ തിരുവായ്മൊഴിയിലേ ഭാഷയിൽ നിന്നു ഭിന്നിച്ചവയാകയാൽ അതുകളെ തമിഴിൽ ഉൾപ്പെടുത്തുന്നതു ശരിയല്ല. ആ ഭാഷകൾക്ക് അക്ഷരമാലയും വേറെയാണ്.

ലീലാതിലകമാണ് ആദ്യമായ മലയാളവ്യാകരണം. വ്യാകരണത്തിൻെറ പ്രധാനവിഷയങ്ങളെല്ലാം അതിൽ നന്നാലിൻെറ മട്ടിൽ രചിച്ചിട്ടുള്ള സൂത്രങ്ങളെക്കൊണ്ടു പ്രതിപാദിച്ചിരിക്കുന്നു. സൂത്രപാഠം സംസ്കൃതത്തിലായിപ്പോയല്ലോ എന്ന് ആശ്ചര്യപ്പെടാനില്ല; *തെലുങ്കിലും ആദ്യമുണ്ടായ വ്യാകരണം സംസ്കൃതസൂത്രരൂപമാണ്. തമിഴിലെ നന്നൂലും തെലുങ്കിലെ ആന്ധ്രശബ്ദചിന്താമണിയും കണ്ടിട്ട് അതേ രീതിയിൽ അന്നു മണിപ്രവാളം എന്നു പറഞ്ഞിരുന്ന മലയാളത്തിന് ഒരു വ്യാകരണം എഴുതിയതായിരിക്കണം ലീലാതിലകം എന്നതിനു സംശയമില്ല. ഈ വിലയേറിയ ഗ്രന്ഥം ഇതേവരെ വെളിപ്പെടാതെ കിടന്നതിലാണ് ആശ്ചര്യം തോന്നുന്നത്. ഏതായാലും ലീലാതിലകം കണ്ടു കിട്ടിയതോടുകൂടി അടുത്തകാലംവരെ മലയാളം യാതൊരു വ്യവസ്ഥയും ഇല്ലാത്ത ഒരു നികൃഷ്ടഭാഷ ആയിരുന്നു എന്നും, മലയാളത്തിന് ആദ്യമായി ഒരു വ്യാകരണം നിർമ്മിക്കുന്നതിന് ഒരു യൂറോപ്യപണ്ഡിതൻ വേണ്ടിവന്നു എന്നുമുള്ള അപഖ്യാതിയും അഭിമാനക്ഷയവും നീങ്ങിയല്ലോ എന്നു സന്തോഷിക്കാം.

* തെലുങ്കു വ്യാകരണം — നന്നയഭട്ടാരകൻ ക്രി.വ. ൧൧൦൦ - ക്രിസ്തുവബ്ദത്തിനിടയ്ക്കു സംസ്കൃതത്തിൽ സൂത്രരൂപമായി ചമച്ചത്.

പ്രാചീനഭാരതീയരും

കപ്പൽയാത്രയും

പ്രാചീനഭാരതീയർ കപ്പൽയാത്ര ചെയ്യുന്നതിൽ പരിചയമില്ലാത്തവരായിരുന്നുവെന്നും, അന്യരാജ്യങ്ങളിലേക്കു കപ്പലിൽ യാത്ര ചെയ്യുന്നതു ജാതിക്കും മതത്തിന്നും വിരുദ്ധമാണെന്ന് അവർ കരുതിയിരുന്നുവെന്നുമാണ് പാശ്ചാത്യപണ്ഡിതന്മാർ അടുത്തകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത്. ഈ സംഗതി അവാസ്തവമാണെന്നും, പ്രാചീനഭാരതീയക്കു കപ്പലുകൾ ഉണ്ടാക്കുവാൻ ഉപയോഗിക്കേണ്ട പദാർത്ഥങ്ങൾ, കപ്പലുകളുടെ ഗുണങ്ങൾ, അന്യദേശങ്ങളിലേക്കു കപ്പലിൽ യാത്രചെയ്യാൻ വേണ്ടുന്ന സാമഗ്രികൾ മുതലായവയെപ്പററി നല്ലവണ്ണം അറിവുണ്ടായിരുന്നുവെന്നും തെളിയിക്കുന്നതിന് അത്യന്തം വിശദമായ പ്രമാണങ്ങൾ കാണുന്നുണ്ട്.

കപ്പലുണ്ടാക്കുവാനുപയോഗിക്കേണ്ടുന്ന മരങ്ങളുടെ ഗുണദോഷങ്ങളെപ്പററി ആദികാലത്തെ കപ്പല്പണിക്കാൎക്കു നല്ല പരിചയമുണ്ടായിരുന്നു. കപ്പല്പണിക്കുള്ള നാലുതരം പ്രത്യേകമരങ്ങൾക്കു ബ്രാഹ്മ

ണജാതി, ക്ഷത്രിയജാതി, വൈശ്യജാതി, ശൂദ്രജാതി എന്നിങ്ങിനെ പേർ കൊടുത്തിട്ടുള്ളതായി 'വൃക്ഷായുർവേദം' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു:—

'ലഘുയൽകോമളംകാഷ്ഠം
സുഘടംബ്രഹ്മജാതിതൽ,
ദൃഢാംഗംലഘുയൽകാഷ്ഠം
അഘടംക്ഷത്രജാതിതൽ,
കോമളംഗുരുയൽകാഷ്ഠം
വൈശ്യജാതിതദുച്യതേ,
ദൃഢാംഗംഗുരുയൽകാഷ്ഠം
ശൂദ്രജാതിതദുച്യതേ,
ലക്ഷണദ്വയയോഗേന
ദ്വിജാതികാഷ്ഠസംഗ്രഹഃ'

ബ്രാഹ്മണജാതിയിൽ പെട്ട മരം ഘനംകുറഞ്ഞതും മൃദുവായതും വേറെ ഏതെങ്കിലും തരത്തിലുള്ള മരത്തോടു എളുപ്പത്തിൽ ഘടിപ്പിപ്പാൻ സാധിക്കുന്നതുമാകുന്നു. ക്ഷത്രിയജാതിയിൽപ്പെട്ട മരം ഘനംകുറഞ്ഞതും വളരെ ഉറപ്പുള്ളതുമാണ്. എങ്കിലും ഇതു അത്ര എളുപ്പത്തിൽ മറ്റു മരങ്ങളോടു ചേർക്കുവാൻ സാധിക്കുന്നതല്ല. മൃദുവും ഘനവുമുള്ളതായ മരം വൈശ്യജാതിയിൽപ്പെട്ടതും, ഉറപ്പും ഘനവുമുള്ള ശൂദ്രജാതിയിൽപ്പെട്ടതുമാകുന്നു.

ക്ഷത്രിയജാതിയിൽപ്പെട്ട മരംകൊണ്ടുണ്ടാക്കിട്ടുള്ള കപ്പലിൽ യാത്രചെയ്യുന്നവർക്ക് ക്ഷേമവും സമ്പത്തും ലഭിക്കുമെന്നും, സമുദ്രത്തിൽ വളരെ ദൂരം യാത്രചെയ്യേണ്ടിവരുമ്പോൾ ഈ കപ്പലുകൾ ഉപയോഗിക്കേണ്ടതാണെന്നും പറഞ്ഞുകാണുന്നുണ്ട്. പരസ്പരവിരുദ്ധമായ ഗുണങ്ങളോടുകൂടിയ പലതരം മരങ്ങളെക്കൊണ്ടു പണിതിട്ടുള്ള കപ്പലുകൾ യാത്രയ്ക്കു സൌഖ്യമുള്ളവയല്ലെന്നും, അവ അധികകാലം നിലനില്ക്കയില്ലെന്നു മാത്രമല്ല വല്ല സ്ഥലങ്ങളിലും സംഘട്ടമായി മുട്ടിയാൽ എളുപ്പത്തിൽ പൊട്ടിത്തകർന്നു മുങ്ങിപ്പോകുമെന്നും താഴെ പറയുന്ന പദ്യത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ട്:—

'ഭിന്നജാതിഭവകാഷ്ഠജാതാ
നശ്രേയസേനാപിസുഖായനൌകാ;
നൈഷാചിരംതിഷ്ഠതിപച്യതേച
വിഭിദ്യതേസലിലേമജ്ജതേച'.

കപ്പലുകളുണ്ടാക്കുന്നതിനു വേണ്ടുന്ന മരങ്ങളുടെ വിവരം വിശദമായി പ്രസ്താവിച്ചിട്ടുള്ളതിനുപുറമെ സമുദ്രത്തിൽ അധികമായും യാത്രചെയ്യുന്ന കപ്പലുകളുടെ പലകകൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതിന് ഇരിമ്പ് ഉപയോഗിച്ചുകൂടെന്നും, ഇരിമ്പുപയോഗിച്ചിട്ടുള്ള കപ്പലുകൾ കടലിലുള്ള കാന്തപ്പാറകളോടടുത്താൽ അപായം പറ്റുവാൻ ഇടയുണ്ടെന്നും വേറെ ചില പുസ്തകങ്ങളിലും പറഞ്ഞുകാണുന്നുണ്ട്.

'യുക്തികല്പതരു' എന്ന ഗ്രന്ഥത്തിലുള്ള താഴെ പറയുന്ന പദ്യപ്രകാരം കപ്പലുകളെ 'സാമാന്യ'മെന്നും 'വിശേഷ'മെന്നും രണ്ടുതരമായി തിരിച്ചിട്ടുണ്ട്.

'സാമാന്യഞ്ചവിശേഷശ്ച
നൌകായാലക്ഷണദ്വയം.'

സാമാന്യവർഗ്ഗത്തെ വീണ്ടും ക്ഷുദ്ര, മദ്ധ്യമ, ഭീമ, ചപല, പടല, അഭയ, ദീർഘ, പത്രപുട, ഗർഭര, മന്ഥര എന്നിങ്ങിനെയും വിശേഷവർഗ്ഗത്തെ ദീർഘ എന്നും ഉന്നതയെന്നും രണ്ടു പ്രധാനവർഗ്ഗങ്ങളായും തിരിച്ചിട്ടുണ്ട്.

കപ്പലുകളെ അലങ്കരിക്കുന്നതിനു സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ മൂന്നു

ലോഹങ്ങൾ ഒററയായും ഇവ മൂന്നും കൂടി കലർന്നും ഉപയോഗിക്കാമെന്നു പറയുന്നുണ്ട്. നാലു പാമരത്തോടുകൂടിയ കപ്പൽ വെളുത്ത ചായംകൊണ്ടും, മൂന്നു പാമരമുള്ളതു ചുവന്ന ചായംകൊണ്ടും, രണ്ടു പാമരമുള്ളതു മഞ്ഞച്ചായംകൊണ്ടും, ഒറ്റപ്പാമരമുള്ളതു നീലച്ചായംകൊണ്ടും ചായമിടേണ്ടതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്.

വേദപുരാണാദി സംസ്കൃതഗ്രന്ഥങ്ങളിൽ പലേടങ്ങളിലും ആഴിഗാമിനികളുടെ കപ്പലുകളെപ്പററിയും കപ്പലുകളുണ്ടാക്കലാനുള്ള വൈദഗ്ദ്ധ്യത്തെപ്പററിയും പല തെളിവുകൾ കാണുന്നതാണ്. കച്ചവടത്തിനായി നടത്തീട്ടുള്ള അനേകം കപ്പൽയാത്രകളെപ്പററി ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ട്. ഈ വേദപുസ്തകത്തിൽ തന്നെ ഒരിടത്തു വരുണനു സമുദ്രത്തിലെ ഗതാഗതമാർഗ്ഗങ്ങളെപ്പററി നല്ല അറിവുള്ളതായും, വേറെ ഒരിടത്തു വരുണനും വസിഷ്ഠനുംകൂടി ഒരു കപ്പൽയാത്ര നടത്തിയതായും പ്രസ്താവിച്ചിട്ടുണ്ട്.

ഇന്ത്യയും മററു രാജ്യങ്ങളുമായി കടൽവഴിക്കു ഗതാഗതം നടന്നിരുന്നതായി രാമായണത്തിൽ പലേടങ്ങളിലും പറഞ്ഞിട്ടുണ്ട്. പ്ലവഗകുലപതിയായ സുഗ്രീവൻ സീതാന്വേഷണത്തിനു ദൂതന്മാരെ അയയ്ക്കുമ്പോൾ, അവർ തിരയേണ്ടവയാകുന്ന മാർഗ്ഗങ്ങളെ ഉപദേശിക്കുന്ന

'സമുദ്രമവഗാഢാംശ്ച
പർവ്വതാൻ പത്തനാനി ച
മുഖിം ചാകാശകരാണാം
മുഖിം ചാജതാകരാം'

എന്ന ഒരു പദ്യത്തിൽനിന്നു കടലിലുള്ള ദ്വീപുകളിലെ പർവ്വതങ്ങളിലും പട്ടണങ്ങളിലും കോശകാരന്മാരുണ്ടും (പട്ടുനൂൽപ്പുഴു ഉണ്ടാവുന്ന രാജ്യം, അതായത് ഇപ്പോഴത്തെ ചൈനാരാജ്യം) യവനദ്വീപിലും (ഇപ്പോഴത്തെ ജാവാ. Java— East Indies) സുവർണ്ണദ്വീപിലും (Sumatra), ലോഹിതസാഗരത്തിലും അന്വേഷിക്കേണമെന്നു പറയുന്നുണ്ട്. അയോദ്ധ്യാകാണ്ഡത്തിലുള്ള താഴെ പറയുന്ന പദ്യത്തിൽ ഒരു കടൽയുദ്ധത്തിനൊരുങ്ങിയ ട്ടെണ്ണത്തിനെപ്പററി പ്രസ്താവിക്കുന്നുണ്ട്.

'നാവാം ശതാനാം പഞ്ചാനാം
കൈവർത്താനാം ശതം ശതം
സന്നദ്ധാനാം തഥാ യൂനാം
തിഷ്ഠന്ത്വിത്യഭ്യചോദയൽ.'

മഹാഭാരതത്തിൽ, രാജസൂയം, ദിഗ്വിജയം മുതലായതിനെപ്പററി പറയുന്നേടങ്ങളിൽ, ഇന്ത്യക്കാരെ നാവികൾ അനവധി പ്രദേശങ്ങളെ കീഴടക്കിട്ടുള്ളതായും അവയുമായി ഇടപാടുകൾ പലതും നടത്തീട്ടുള്ളതായും പ്രസ്താവിച്ചുകാണുന്നുണ്ട്.

'സാഗരദ്വീപവാസാംശ്ച,
നൃപതീൻ മ്ലേച്ഛയോനിജാൻ;
നിഷാദാൻ പുരുഷാദാംശ്ച
കർണ്ണപ്രാവരണാനപി;
ദ്വീപം താമ്രാഹ്വയം ചൈവ
വശേകൃത്വാ മഹാമതിഃ'

പാണ്ഡവന്മാരിൽ ഒടുവിലത്തെ ആളായ സഹദേവൻ വളരെ ദ്വീപുകളിൽ സഞ്ചരിച്ച് അനേകം മ്ലേച്ഛജാതിക്കാരെ കീഴടക്കിയതായി സഭാപർവ്വത്തിലെ മേൽപറഞ്ഞ പദ്യത്തിൽനിന്നു വെളിപ്പെടുന്നുണ്ടല്ലോ. യാജ്ഞവല്ക്യസംഹിതയിൽ താഴെപറയുന്ന ഭാഗംകൊണ്ടു മി

ഉണ്ടാക്കാൻ യാനം സഞ്ചരിപ്പാൻവേണ്ടി അനേകം സമുദ്രയാത്രകൾ നടത്തിവന്നതായി വിശദമാകുന്നുണ്ട്. യവനഭൂഗോളശാസ്ത്രജ്ഞന്മാർ ഉദ്ധരിച്ച അധികാരികളാൽപ്പോലും പ്രാചീനഭാരതീയരുടെ സമുദ്രഗമനത്തെ വിശേഷങ്ങൾ കാണിച്ചിട്ടു.

വായുപുരാണം, മാർക്കണ്ഡേയപുരാണം, വരാഹപുരാണം മുതലായവയിലും കപ്പലുകളെപ്പറ്റിയും അവയിലുള്ള ഗതാഗതങ്ങളെപ്പറ്റിയും പറയുന്ന സന്ദർഭങ്ങൾ വളരെ ഉണ്ട്. മാർക്കണ്ഡേയപുരാണത്തിലെ താഴെപ്പറയുന്ന പദ്യത്തിൽനിന്നു മേൽപ്പറഞ്ഞ സംഗതി വെളിപ്പെടുന്നതാണ്.

'പൃതാനൃശൈലവഗമന
വണിഗ്ഭാവേമതിഷ്ഠതാ
സമുദ്രയാനേതോനാപി
മദാഗ്ള്യാനിസദൃശി'

മൌര്യന്റെ (ചന്ദ്രഗുപ്തന്റെ) കാലത്തു കപ്പലോട്ടത്തിനു വേണ്ടുന്ന കപ്പലുകളെല്ലാം സർക്കാരിൽനിന്നു പണി ചെയ്യിച്ചിട്ടുകൊടുക്കുകയായിരുന്നു പതിവ്. സർക്കാർ വക കപ്പലുകളിലല്ലാതെ ഗതാഗതം ചെയ്കയോ കച്ചവടം നടത്തുകയോ പാടില്ലെന്നുള്ള നിയമവും ഉണ്ടായിരുന്നപ്പോൾ, പക്ഷെ, കപ്പൽക്കൂലി എത്രയോ കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളു. സർക്കാർ വക കപ്പലുപണി നടത്തുവാൻ സ്ഥിരമായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു എന്നും ഈ ഉദ്യോഗസ്ഥന്മാർ സ്വകാര്യമായ (സർക്കാരാവശ്യമല്ലാത്ത) യാതൊരു ജോലികളും ചെയ്തുകൂടെന്നു നിയമമുണ്ടായിരുന്നുവെന്നും അങ്ങിനെ ചെയ്യുന്നവരെ കഠിനമായി ശിക്ഷിച്ചിരുന്നു എന്നും മെഗസ്തനിസ് എന്ന മഹാൻ എഴുതീട്ടുണ്ട്.

ചന്ദ്രഗുപ്തന്റെ കാലത്തു സർക്കാരിന്റെ കീഴിൽ വളരെ കപ്പലുകൾ ഉണ്ടായിരുന്നു. ഈ കപ്പലുകളുടെയെല്ലാം മേലാളായി 'നാവാദ്ധ്യക്ഷൻ' (Nava Superintendent) എന്ന ഒരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. ആ കാലത്തുണ്ടായിരുന്ന കപ്പൽ നിയമപ്രകാരം താഴെ പറയുന്ന ആളുകളെ ചുങ്കം കൂടാതെ പുഴകളിലും കടവുകളിലും ഗതാഗതം ചെയ്യാൻ അനുവദിച്ചിരുന്നപ്പോൾ:— (1) ക്ഷേത്രവാടക്കാർ. (2) വിറക്, പുല്ല്, കാട്ടിലകൾ ഇവ കയറ്റിക്കൊണ്ടു പോകുന്നവർ. (3) കാണാതെ പോയിട്ടുള്ള ആളുകളെ തിരഞ്ഞു പോകുന്നവർ. (4) പലതരം ധാന്യങ്ങളും വിത്തുകളും ശേഖരിച്ചു കൊടുക്കുന്നവർ. (5) സർക്കാർ കടവുകളിൽ ഗതാഗതം ചെയ്യാതെയും സ്വന്തം തോണികൾ ഉപയോഗിച്ചും വന്നിരുന്നവർ— ഇപ്പോഴത്തെ നിയമങ്ങളുടെ അടിസ്ഥാനം ഇവയെല്ലാമാണ് എന്നു തോന്നി, കപ്പൽ മുതലായവയിൽ കൂടിയുള്ള യാത്ര ധാരാളമായിരുന്നു എന്നു വ്യക്തമാകുന്നുണ്ടല്ലോ.

ശതവാഹനരാജാക്കന്മാരുടെ കാലത്തു, ലങ്കയിൽ ഇന്ത്യയിലെ കച്ചവടക്കാരുടെ സാമാനങ്ങളെല്ലാം കപ്പൽകയറ്റുന്നവരായ നാഗന്മാർ (നാഗന്മാർ ദ്രാവിഡന്മാരിൽ ഉൾപ്പെട്ടവരായിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്.) ഒരിക്കൽ കപ്പലടക്കിയതിനാൽ രാജാവു കോപാകുലനായി തന്റെ അധീനത്തിലുള്ള നാവികന്മാരെ അയച്ചു അവരെയെല്ലാം തോല്പിച്ചു തടയു, കടത്തി ചെയ്യപ്പെട്ട സാമാനങ്ങളെ

ധ്യം വിദേശീയരായ കച്ചവടക്കാർക്കെന്നു കൊടുത്ത് അവരെ സന്തോഷിപ്പിച്ചുവന്നതും പ്രസ്താവിച്ചുകാണുന്നുണ്ട്.

'രാജാന്ത്രീഭാനാംഗതേകാളിൽ
പുരഃപോടലിപുത്രക
അംകോപചിത്സമാസീനം
ലക്ഷ്മീമാലേഭിപഗാമിനം
സർവ്വ സപന്നാഞ്ജലിർമോകാതിന്നു
സമിപമ്പോസായ്യമിമേൻ
മന്ദ്യാകമ്പ്രവാഹണേ
മംഗളാചാരമായിതോപചാരം
കേവലമാഗ്നിശേഷിപ്പ്യാ
സാഗരേശ സംഗമോ വിധി' ഇത്യാദി

ഗ്രന്ഥങ്ങളിൽ കാണുന്ന മേൽപ്പറഞ്ഞ തെളിവുകൾക്കു പുറമെ മറ്റനേക ലക്ഷ്യങ്ങളും അനേകം തെളിവുകളും ഉണ്ട്. പുരാതനകാലത്തെ നാണ്യങ്ങളിലും ക്ഷേത്രങ്ങളുടെയും മറ്റു വലിയ കെട്ടിടങ്ങളുടെയും ചുമരുകളിലും ഉള്ള കൊത്തുപണികളിൽ ആലേഖനം ചെയ്തിട്ടുള്ള കപ്പൽയാത്രയിൽ നല്ല പരിചയമുണ്ടായിരുന്നു എന്നു കാണിക്കത്തക്ക ദൃഷ്ടാന്തങ്ങൾ ധാരാളമുണ്ട്. സാഞ്ചി, അജന്താ എന്നീ സ്ഥലങ്ങളിൽ പുരാതനരീതിയിലുള്ള കപ്പലുകളുടെ അനേകം മാതൃകകൾ ഇപ്പോഴും കാണുന്നുണ്ട്. ബോംബെ പട്ടണത്തിന്റെ അടുത്തുള്ള 'സാൽസെറ്റ്' എന്ന ദ്വീപിലെ 'കാൻഹെറി' എന്ന ഗുഹയിലുള്ള പലേകം കൊത്തുപണികളിൽ ഒന്നിൽ സമുദ്രത്തിൽ ഒരു കപ്പൽ മുങ്ങിപ്പോകുന്നതായും, അതിലുള്ള രണ്ടുപേർ തങ്ങളെ രക്ഷിക്കുന്നതിലേക്കു പത്മപാണിയായ മഹാവിഷ്ണുവിനെ പ്രാർത്ഥിക്കുന്നതായും, മഹാവിഷ്ണു അവരുടെ പ്രാർത്ഥനകേട്ട് അറി ഞ്ഞു രണ്ടു ദൂതന്മാരെ അയച്ച് അവരെ രക്ഷപ്പെടുത്തുന്നതായും ഒരു മാതൃക കാണിച്ചിട്ടുണ്ട്. ഈ ഗുഹയിലുള്ള കൊത്തുപണികൾ ഏകദേശം ക്രി. പി. 177, 196 ഈ കാലങ്ങളിലുണ്ടാക്കിയിട്ടുള്ളതാണ് എന്ന് അവയിലെ എഴുത്തുകളിൽനിന്നു വെളിപ്പെടുന്നു. ശ്രീകൃഷ്ണഭഗവാൻ ബാലനായിരുന്നപ്പോൾ തന്റെ മാതുലനായ കംസന്റെ കൃത്യങ്ങളിൽനിന്നു രക്ഷിക്കുന്നതിലേക്കായി ഒരു കപ്പലിൽ കയറിയിരിക്കുന്നതായുള്ള മാതൃക ജഗന്നാഥക്ഷേത്രത്തിൽ കൊത്തിവെച്ചിട്ടുണ്ട്.

അജന്തയിലുള്ള കൊത്തുപണികളിൽ അനേകതരം കപ്പലുകളുടെയും തോണികളുടെയും മാതൃകകൾ കാണിച്ചിട്ടുണ്ട്. ഈ കൊത്തുപണികൾ നടന്നിരിക്കുന്നതു ക്രിസ്ത്വബ്ദം 525, 626 ഈ കാലങ്ങളിലാണെന്നാണ് ഊഹിക്കപ്പെടുന്നത്. ഈ കാലങ്ങളിലാണ് ബൗദ്ധമതത്തിന്റെ പ്രധാനമായ ക്ഷേത്രങ്ങളെല്ലാം നശിച്ചിട്ടുള്ളത്. ഹർഷചക്രവർത്തിയുടെ ഏകശാസനത്തിൻകീഴിൽ ഇന്ത്യാരാജ്യനിവാസികളുടെ പരിഷ്കാരാഭിവൃദ്ധികൾ ഏറ്റവും ഉച്ചസ്ഥിതിയിലായി വരികയും തന്നിമിത്തം ജാവ, കമ്പോഡിയ, സയാം, ചൈന, ജപ്പാൻ എന്നീ പൂർവ്വദേശങ്ങളിൽ കൂടി അവ പരക്കയും ചെയ്തിട്ടുണ്ട്. ഏ൭ാം നൂറ്റാണ്ടിന്റെ ഇടക്കാലത്തിൽ ഇന്ത്യാരാജ്യം കാബൂളിൽ ഹർഷവർദ്ധനനെന്നും ദക്ഷിണദേശത്തിൽ പുലകേശി എന്നും രണ്ടു രാജാക്കന്മാരുടെ കൈവശത്തിൽ വന്നുചേർന്നു. ഈ രണ്ടു രാജാക്കന്മാരും അന്യരാജ്യക്കാരായി വളരെ എടപാടുകൾ ചെയ്തിട്ടുണ്ട്. പേർഷ്യാരാജ്യത്തെ ര

ഇറാനിലെ കുസ്രു രണ്ടാമൻ (Kusrue II) ക്രിസ്ത്വബ്ദം 626—28 ഈ കാലത്തു പുലകേശിയുടെ ഉൽകൃഷ്ടരാജ്യതന്ത്രജ്ഞതയെപ്പററിയും മററും കേട്ടറിഞ്ഞു അദ്ദേഹത്തിന്റെ അടുക്കൽ രാജദൂതന്മാരെ അയയ്ക്കുകയുണ്ടായിട്ടുണ്ട്. മേല്പറഞ്ഞ സംഗതികളെ സൂചിപ്പിക്കുന്നതിന്നായി അജന്തയിലുള്ള ബുദ്ധന്മാരുടെ ഗുഹാക്ഷേത്രങ്ങളിൽ അനവധി ചിത്രങ്ങൾ കൊത്തിക്കാണുന്നുണ്ട്.

ഈ ഗുഹാക്ഷേത്രങ്ങളിലുള്ള പല ഛായകളിൽ ഒന്നിൽ ബംഗാളത്തിൽനിന്ന നാടുകടത്തിയതായ വിജയസിംഹൻ എന്ന ഒരു രാജപുത്രൻ തന്റെ അനവധി പരിചാരികരോടുകൂടി സിലോൺ (ലങ്കാ) ദ്വീപിൽ ഇറങ്ങുന്നതും അവിടെ ഉണ്ടായിരുന്ന രാക്ഷസികളെയെല്ലാം ജയിക്കുന്നതും സ്വരാജ്യാധിപത്യം സ്ഥാപിക്കുന്നതായും ചിത്രപ്പെടുത്തിട്ടുണ്ട്. ലങ്കാരാജ്യത്തു വിജയൻ ഇറങ്ങിയതും ഭാരതഖണ്ഡത്തിൽ തഥാഗതപ്രബുദ്ധനായ ബുദ്ധൻ നിർവ്വാണം പ്രാപിച്ചതും ഒരേ കാലത്തായിരുന്നു. ഈ രണ്ടു സംഭവങ്ങളും നടന്നതു ക്രിസ്ത്വബ്ദത്തിനു 543 വർഷങ്ങൾക്കു മുമ്പാണെന്നാണ് പറഞ്ഞുവരുന്നത്.

പതിനഞ്ചാം നൂററാണ്ടിന്റെ ആദികാലത്തുണ്ടായിരുന്ന നിക്കോളോകോണ്ടി എന്ന ഒരു ചരിത്രകാരൻ ഇന്ത്യയിലെ കപ്പലുകളെപ്പററി താഴെ പറയുംവിധം എഴുതിട്ടുണ്ട്. "ഇന്ത്യയിലെ നിവാസികൾ നമ്മുടെ കപ്പലുകളെക്കാൾ വലിപ്പമുള്ളതും അഞ്ചു കപ്പൽപായകളും പാമരങ്ങളും ഉള്ളതുമായ കപ്പലുകൾ നിർമ്മിക്കുന്നുണ്ട്. കപ്പലിന്റെ അടിപ്പലകകൾ മൂന്നെണ്ണം ചേർത്തുണ്ടാക്കിയവയാണ്. ചില കപ്പലുകളിൽ ഒരു വലിയ പ്രത്യേകമുറികളായിട്ടുണ്ട്. ഇതിൽ ഒന്ന വല്ല അപായത്താലും ഉടഞ്ഞുപോകുന്നപക്ഷം മററതിൽ കയറി രക്ഷപ്പെടത്തക്കവണ്ണമാണ് ഈ മുറികളുടെ പണി." മേൽപ്പറഞ്ഞ വിവരണത്തിൽനിന്നു മുൻകാലങ്ങളിലെ കപ്പലുകളുടെ ഒരു സ്വരൂപം നമുക്ക ലഭിക്കുന്നുണ്ടല്ലൊ.

മധുര മീനാക്ഷിക്ഷേത്രത്തിനടുത്തുള്ള 'സ്വർണ്ണപുഷ്കരിണി' എന്ന കുളത്തിന്റെ ചുററുമുള്ള മതിലുകളിൽ ഒന്നിൽ ഒരു സമുദ്രത്തിന്റെയും അതിൽക്കൂടെ ഗമിക്കുന്നതായ ഒരു വലിയ കപ്പലിന്റെയും രൂപം കാണുന്നുണ്ട്.

പുരാതനകാലത്തെ ഹിന്തുക്കൾ കച്ചവടം, കപ്പൽയാത്ര മുതലായവയിൽ വളരെ പ്രസിദ്ധി സമ്പാദിച്ചിരുന്നവരായിരുന്നു എന്നും, ഒരു കാലത്തു പാശ്ചാത്യർക്ക് സകല ഭൂമിയിലുള്ള എല്ലാ രാജ്യക്കാർക്കും അത്ഭുതം ജനിപ്പിക്കത്തക്ക സ്ഥിതിയിലുള്ള ശില്പവിദ്യ, പരിഷ്കാരം, വിദ്യാഭ്യാസം ഇവ ഇന്ത്യാരാജ്യത്തു പരിപൂർണ്ണമായുണ്ടായിരുന്നുവെന്നും മേൽപ്പറഞ്ഞ സംഗതികളിൽനിന്നും വിശദമാകുന്നുണ്ടല്ലൊ.

ടി. രാമപിഷാരടി ബി. ഏ.

ചില എഴുത്തുകൾ.

(കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾ റിക്കാർട്ടുകളിൽ നിന്ന്)

I

തിരുവനന്തപുരം

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

(സ്വി-

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

(ശ്ലേ-

[illegible]

കേരളവർമ്മ.

II

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

കാവ്യഗന്ധമതേ[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

കേരളവർമ്മ.

III

ശ്രീ

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

സംസ്കൃതശ്ലോകമായി-

[illegible]

[illegible]

ധീമാന്മാരാം സഭ്യന്മാരായവരാകെക്കൂടിയ-
ന്നൊത്തിരുന്നുതത്സ്വാദമോടേ-
ല്ലാം പ്രീതികലർന്നുകൊണ്ടു ബ്ബഹുമാ-
നമൊക്കെക്കൂട്ടിയിന്നാൾ.
അവകളിലതിമാത്രം ശോഭിച്ചിടുന്നൊര (ത്തം
കവിതയുടെ ഗുണങ്ങളെല്ലാമതല്ലേ ചൊല്ലുന്ന (തിന്നായ്
ശിവശിവ പാണിവാദംപോലെ ഗന്ധർവ്വമോ (ദാ-
ലിവരുടെ ചെവിയിന്നാക്കുള്ളതാമൊക്കെയിങ്ങ (ന്നീ
കേട്ടുംകൊണ്ടൊത്തക്കവിതിലകന്മാർ കിള്ളി-
പ്പാട്ടിലാക്കിച്ചുകൊള്ളാൻ
ഒട്ടിത്തിട്ടിപ്പിച്ചതയാറാവുന്നതു പിന്നാലക്കതി-

അച്ചടിപ്പിച്ചതൽസ്യൻ
മതംവൈകാതെയുള്ളന്നതിന്നമിയഗവ-
ൺമെന്റിൽനിന്നംസഹായം
കിട്ടംവണ്ണം പ്രവർത്തിപ്പതിന്നമടിയണമോ-
ടൊത്തുയതിച്ചിടുന്നു.
ധീമാൻ കെ. നാരായണ-
മാരാർക്കവിശിരോപാദ്ധ്യായനെന്നിനാൽ
നാമം പോക്കാനുള്ളകൽ
നേരംതെറ്റിച്ചനാച്ചാക്കവിടത്തിൽ
മാത്രംകൊണ്ടുംപുനരതിയായ്
ചാതുർഗ്ഗേശപ്പാതിലുള്ളകതികൊണ്ടും
ഇതുവരെമുകതെയ്തു-
തതിയിലിടകിട്ടാതെന്നുതോന്നിവിടെ.

സി. ചാത്തുക്കുട്ടിമന്നാടിയാർ.

ചിത്താരിലെ മഹായുദ്ധം

III

യുദ്ധം.

സൂര്യന്റെ സപ്തകിരണങ്ങൾ കിഴക്കെ ദിക്കിൽ വീഴുന്നതുടങ്ങി. ആ സമയത്തു രണ്ടു മഹാസമുദ്രങ്ങൾപോലെയുള്ള രണ്ടു സൈന്യങ്ങളും തമ്മിൽ കൂട്ടിമുട്ടി. മഴിച്ചു വളിച്ചു ആ രണ്ടുസൈന്യങ്ങളും അന്യോന്യം ആക്രമിച്ചുംനായി കൂടിച്ചേർന്നു. കതിരപ്പടയാളികൾ തമ്മിൽ ചേർന്ന് വാളുകൊണ്ടുള്ള പ്രയോഗം തുടങ്ങി. കാലാൾപ്പടകൾ മറുഭാഗത്തുള്ള കാലാൾപ്പടകളോടു യുദ്ധം തുടങ്ങി. ഇരുപക്ഷക്കാരുടെയും കൊടിക്കൂറകൾ കാറ്റത്തു പാറിക്കൊണ്ടു വീരന്മാരെ യുദ്ധത്തിന്നു പ്രോത്സാഹിപ്പിച്ചുതുടങ്ങി. ഒന്നാമത്തേതിൽ വിജയനാരാണെന്നു യുദ്ധത്തിൽ യാതൊരു ഉറപ്പുമില്ലായിരുന്നു. വീരന്മാർ യുദ്ധത്തിലുള്ള ആസക്തികൊണ്ടു തങ്ങളെത്തന്നെ മറന്നുകളഞ്ഞു.

വീരവരനായ പുത്തർ ശത്രുക്കളെ തകർക്കുന്നതിൽ എല്ലാവരിലും മുമ്പനായി നിന്നു. അവരാരും ഉന്നം പിഴച്ചിട്ടില്ലായിരുന്നു. ചിലപ്പോൾ അന്യന്മാരെയും ചിലപ്പോൾ വാളും പരിചയും പ്രയോഗിച്ചും മററു ചിലപ്പോൾ കുന്തംകൊണ്ടു കുത്തിയും ശൂരനായ പുത്തർ അനവധി ശത്രുക്കളെ നശിപ്പിച്ചു. അവന്റെ നേരെ പ്ര

യോഗിച്ചിരുന്ന അനേകം അസ്ത്രശസ്ത്രങ്ങളെ ആയാൾ തടുത്തു. ദീർഘാഭ്യാസം നല്ലവണ്ണം ചെയ്തിട്ടുള്ള ആയാളുടെ കതിര പോർക്കും തകർത്തുകൊണ്ട് കൊറ്റത്തുനിന്ന മഹാരാജാവരെ ഓടിത്തുടങ്ങി. പുത്തൻ ചെന്നേടത്തെല്ലാം ആയാളുടെ അസ്ത്രങ്ങളോടു ശത്രുക്കൾ കൂട്ടംകൂട്ടമായി നിലത്തുവീണു തുടങ്ങി. പോർക്കളത്തിൽ ചോരപ്രവാഹം തുടങ്ങി. ക്രമത്തിൽ പുത്തന്റെ ആകൃതി ഭയങ്കരമായിത്തീർന്നു. ആയാളുടെ നേരെ നോക്കാൻ ആർക്കും ശക്തിയില്ലാതായി. ആയാളുടെ ചുകന്ന കണ്ണുകളിൽനിന്നു തീപ്പൊരികൾ പുറപ്പെട്ടു തുടങ്ങി. കാലന്റെ ചങ്ങലകൾപോലെയുള്ള ആയാളുടെ രണ്ടു കയ്യും ശത്രുവധത്തിൽ മുതിർന്നുകൊണ്ടിരുന്നു. പ്രളയകാലത്തിലെ ഘോരശബ്ദത്തിന്നു തുല്യമായ ആയാളുടെ സിംഹനാദം കേട്ട് ശത്രുസൈന്യങ്ങൾ വിറച്ചുതുടങ്ങി. പുത്തനോടു യുദ്ധം ചെയ്തിരുന്ന ശത്രുസൈന്യങ്ങൾ ക്രമത്തിൽ പലിച്ചുതുടങ്ങി. സേനാപതിമാർ സംഭ്രമിച്ചുവശായി. അക്ബർ ചക്രവർത്തി ഈ സിംഹകുമാരന്റെ വാളുകൊണ്ടുള്ള വിളയാട്ടം കണ്ടു സ്തംഭിക്കുകയും എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിയാതെ പരിഭ്രമിക്കുകയും ചെയ്തു. യുദ്ധത്തിൽ ജയം നേടിക്കൊള്ളാമെന്ന ആശ അദ്ദേഹത്തിന്റെ ഉള്ളിൽനിന്നു വിട്ടൊഴിഞ്ഞുപോയി. പുത്തന്റെ നാലു ഇടത്തിലുള്ള ക്ഷത്രിയസ്ത്രീകൾ കുതിരപ്പുറത്തു കയറി ശത്രുസൈന്യത്തെ മർദ്ദിച്ചുതുടങ്ങി. ഗംഭീരസിംഹനാദങ്ങൾകൊണ്ടും ഞാണൊലികൊണ്ടും ശംഖനാദംകൊണ്ടും വീരന്മാരായ ശത്രുക്കളുടെ ഹൃദയം വിറച്ചുതുടങ്ങി. ക്ഷത്രിയസ്ത്രീകളുടെ കരിമ്പുകൊള്ളുന്ന അസ്ത്രങ്ങളേറ്റ് അനേകം ശത്രുക്കൾ നിലത്തു വീണുതുടങ്ങി.

പുത്തന്റെ മാതാ ഭയങ്കരിയായ ഒരു കാളിയെപ്പോലെ പോർക്കളം തകർത്തുകൊണ്ടും നാലുദിക്കും വിറപ്പിച്ചുകൊണ്ടും ഇടിമിന്നലിന്റെ വേഗത്തോടുകൂടി പോർക്കളം കലക്കിത്തുടങ്ങി. അവൾ ശത്രുസൈന്യത്തിന്റെ ഇടയിൽ സൂക്ഷ്മദൃഷ്ടിയോടുകൂടി ആരെയോ തിരഞ്ഞുനോക്കുന്നതായി കാണപ്പെട്ടു. വളരെ തിരഞ്ഞുനോക്കിയതിന്റെ ശേഷം അവളുടെ മനോരഥം പൂർണമായി. കാര്യമുള്ളതായി അക്ബർചക്രവർത്തിയെ കണ്ടപ്പോൾ അവൾക്കു വളരെ സന്തോഷമായി. പിന്നെ അതിഭയങ്കരശബ്ദത്തിൽ പുത്തനോടു പറഞ്ഞു: 'പുത്രാ! നിന്റെ അച്ഛനെ കൊന്നവൻ ഇതാ നമ്മുടെ മുമ്പാകെ നില്ക്കുന്നു നോക്കുക. വേഗം വരൂ, വേഗം വരൂ. നിന്റെ അച്ഛനെ കൊന്നവൻ ഇതാ നമ്മുടെ മുമ്പാകെ നില്ക്കുന്നതു കണ്ടാലും.' അമ്മയുടെ വാക്കുകൾ കേട്ടു പുത്തൻ തിരിഞ്ഞുനോക്കി. അപ്പോൾ അക്ബർചക്രവർത്തി ഒരു വലിയ ആനപ്പുറത്തു കയറിയിരുന്നു താൻ തന്നെ സൈന്യങ്ങളെ നയിക്കുന്നതും അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതും അയാൾക്കു കാണാറായി. ക്ഷത്രിയവീരന്മാരുടെ ഉഗ്രബാണങ്ങളേറ്റു മുറിപ്പെട്ട ദേഹങ്ങളോടുകൂടിയ അനേകം ശത്രുഭടന്മാർ കൂട്ടംകൂട്ടമായി പിൻതിരിഞ്ഞ് ഓടിത്തുടങ്ങി. ഈ സമയത്തു പുത്തൻ തന്റെ കൂട്ടാളികളോടുകൂടി അക്ബറുടെ നേർക്ക ബദ്ധപ്പെട്ടു ചെന്നു. സ്ത്രീസൈന്യവും ആയാളുടെ സൈന്യത്തിന്റെ പിന്നാലെ ചെ

ന്നു. പുത്തന്റെ അമ്മ എല്ലാവരുടെയും മുമ്പിലായി വാളും കയ്യിൽ പിടിച്ചുകൊണ്ടും യുദ്ധം ചെയ്തുകൊണ്ടും ഒരു ചണ്ഡിയെപ്പോലെ സഞ്ചരിച്ചു നടന്നു.

ശത്രുസേനാധിപൻ അക്ബർ ചക്രവർത്തിയ്ക്കു വരാൻപോകുന്ന ഈ വലിയ ആപത്തു കണ്ടു. പുത്തന്റെയും അയാളുടെ അമ്മയുടെയും ആക്രമണത്തിൽനിന്നു ചക്രവർത്തിയെ രക്ഷിപ്പാൻ ഒരുങ്ങുകയാണെന്ന് അയാൾ മനസ്സിലാക്കി. ഈ അവസ്ഥ കണ്ട് അയാൾ ഒരു നിമിഷം താമസിക്കാതെ ധൈര്യമേറിയ സാഹസികന്മാരായ അനേകം ഭടന്മാരോടുകൂടി അക്ബറുടെ മുമ്പിൽ ചെന്നുനിന്നു. ചക്രവർത്തിയെ രക്ഷിപ്പാൻവേണ്ടി അനേകം മുസൽമാന ഭടന്മാർ അദ്ദേഹത്തിന്റെ നാലുപുറവും ഇരുമ്പുമതിലുകളെന്നപോലെ വ്യൂഹം കെട്ടിനിന്നു രാജപുത്രന്മാരുടെ ആക്രമണത്തെ തടുത്തു. മുസൽമാനസേനാപതി അക്ബർചക്രവർത്തിയോട് ഉറക്കെ പറഞ്ഞു: 'വേഗം വേഗത്തിൽ ഈ സ്ഥലം വിട്ടുപോകണം. പ്രതിക്രിയ ചെയ്വാനുള്ള ആശയോടുകൂടി രാജപുത്രസൈന്യവും പുത്തന്റെ അമ്മയും അങ്ങയെ കൊല്ലുവാനായി ഇതാ സമീപത്തെത്തിക്കഴിഞ്ഞിരിക്കുന്നു. അങ്ങ് ഇവിടംവിട്ട് ഓടിപ്പോണം. അല്ലെങ്കിൽ അങ്ങയെ രക്ഷപ്പെടുത്തുവാൻ ഞങ്ങൾക്ക് ഒരിക്കലും സാധിക്കില്ല. അത്രവരെ സൈന്യങ്ങളും ഞങ്ങളുടെ ജീവൻ കളഞ്ഞും ശത്രുക്കളുടെ ഗതിയെ തടഞ്ഞുനിർത്തും.' ചക്രവർത്തി സേനാധിപന്റെ വാക്കുകൾ കേട്ടു. അപ്പോൾ യുദ്ധത്തോടുകൂടി കവചം ധരിച്ച് ശസ്ത്രാസ്ത്രങ്ങളാൽ അലംകൃതനായി കുതിരപ്പുറത്തു കയറി. അഗ്നിപോലെ ജ്വലിക്കുന്ന യൗവനത്തോടുകൂടിയ ഒരു വീരസ്ത്രീയുടെ യുദ്ധവേഷം ചക്രവർത്തിക്കു കാണാറായി. അവരുടെ ശൗര്യവും ആത്മാഭിമാനവും അദ്ദേഹത്തിനു കൗതുകമായി. അവരുടെ മുഖത്തും കണ്ണുകളിലും തേജോബലം നന്നായി പ്രകാശിച്ചിരുന്നു. ആ ഭയങ്കരസമരത്തിന്റെ നേരെ നോക്കുവാൻ അക്ബർ ശേഷിയുണ്ടായില്ല. ഈ വീരസ്ത്രീയുടെ അവസ്ഥ കണ്ടപ്പോൾ വേറെ ഒരു രാജപുത്രസ്ത്രീയെപ്പറ്റിയുള്ള ഓർമ്മ അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായി. ചിത്തോറിലുണ്ടായ ആ യുദ്ധത്തിന്റെ കഥയും അദ്ദേഹത്തിന് ഓർമ്മ വന്നു. ജയസിംഹന്റെ പ്രാണപ്രിയയും അദ്ദേഹത്തിന്റെ ജീവിതസർവ്വസ്വവും വീരസ്ത്രീയുമായ ഭാര്യയുടെ ഓർമ്മ അക്ബറെ മനസ്സിലുദിച്ചു. പുത്തന്റെ അമ്മയുടെ ആകൃതിയെപ്പോലെതന്നെ അവരുടെ ആകൃതിയും ഭയങ്കരമായിരുന്നു. അക്ബർ അവരോടു തോറ്റു തന്റെ പ്രാണരക്ഷയ്ക്കുവേണ്ടി പിന്തിരിഞ്ഞ് ഓടിപ്പോയിരുന്നു. ഭയങ്കരയുദ്ധത്തിനിടയിൽ പുത്തന്റെ അമ്മ വീരയുവതിയും ഭയങ്കരിയാണെന്ന് അക്ബർക്കു തോന്നി. അവരും പക വീട്ടാൻ ഉറച്ചവളാണ്. അതിനു പുറമെ അനവധി വീരസ്ത്രീകൾ അവരുടെ കൂടിയുണ്ട്. ഇപ്രകാരം യുദ്ധത്തിനു ഒരുങ്ങിവന്ന ആ വീരസ്ത്രീകളെ കണ്ടപ്പോൾ അക്ബറുടെ ദേഹം മുഴുവനും വിറച്ചു. അദ്ദേഹത്തിന്റെ വിജയത്തിൽ ഏതാണ്ടൊരു ഭയം കടന്നുകൂടി. അദ്ദേഹത്തിന്റെ മുഖം കറുത്തുപോയി. ഇതിനിടയിൽ ആ നായകൻ സേനാധിപന്റെ ഇംഗിതം അറിഞ്ഞ് ആന

ഒരു ഭാഗം ഒരു ദിക്കിലേയ്ക്കു തെളിച്ചുകൊണ്ടുപോയി. ചക്രവർത്തിയുടെ ജീവനെ രക്ഷപ്പെടുത്തി. ചക്രവർത്തിയുടെ പ്രാണരക്ഷയ്ക്കുവേണ്ടി അസംഖ്യം മുസൽമാന്മാർ തങ്ങളുടെ ജീവനെ ബലി കഴിച്ച് അനേകം ഭയങ്കരയുദ്ധത്തിൽ ചക്രവർത്തിയുടെ ജീവനെ രക്ഷപ്പെടുത്തി. പുത്രന്റെയും ഭർത്താവിന്റെയും അന്ത്യത്താലുണ്ടായ തലകുനിയാതിരുന്നവരുടെ ശവങ്ങൾ കുന്നുപോലെ കൂടിത്തുടങ്ങി. പുത്രനും അമ്മയും എത്രതന്നെ പ്രയത്നം ചെയ്തിട്ടും മുസൽമാന്മാരുടെ വ്യൂഹത്തെ ഭേദിക്കാൻ കഴിഞ്ഞില്ല. ഇടിനാദത്തോടുകൂടിയ അനവധി പീരങ്കികൾ മുസൽമാനവ്യൂഹത്തിന്റെ മുൻഭാഗത്തുനിന്നു ഠും ഠും എന്ന ശബ്ദത്തോടുകൂടി വെടിയുണ്ടകൾ പൊഴിച്ചുതുടങ്ങി.

വേറെ ഒരു ദിക്കിൽ ജയമല്ലൻ ഉന്നതനായിട്ടു യുദ്ധം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം കോട്ടമതിലുകളെ രക്ഷിക്കാൻവേണ്ടി അനേകം രാജപുത്രന്മാരോടുകൂടി ചേർന്നു യുദ്ധം ചെയ്തുകൊണ്ടിരുന്നു. കോട്ടമതിലുകളെ തകർക്കാൻവേണ്ടി മുസൽമാന്മാർ പീരങ്കികളിൽനിന്നു വെടിയുണ്ടകൾ കാറ്റുപോലെ ഒഴിച്ചുതുടങ്ങി. വെടിയുണ്ടകൾ ജയമല്ലന്റെ പിന്നാലെയുള്ള ഭടന്മാരുടെ മാറിടങ്ങളിൽ പതിച്ചുതുടങ്ങി. ആ വീരന്മാർ അന്യോന്യം പ്രയോഗിച്ച വെടിയുണ്ടകളെ തടുത്തുതുടങ്ങി. എന്നാൽ ഈ മാതിരി യുദ്ധം എത്രനേരം നടക്കും? പീരങ്കികളിൽനിന്നു പുറപ്പെടുന്ന വെടിയുണ്ടകൾ രാജപുത്രന്മാരെ പാറ്റിച്ചുതുടങ്ങി. കോട്ടമതിലുകളുടെ ഇഷ്ടികകളും കല്ലുകളും മുതലായവയെ പൊടിപൊടിയാക്കിത്തുടങ്ങി. ജയമല്ലൻ ഈ മാതിരിയിലുള്ള വധക്രിയ കണ്ടു. അദ്ദേഹത്തിന്റെ ഉള്ളിൽ അതിയായ ക്രോധം ജനിച്ചു. ക്ഷത്രിയന്മാർ ഒരിക്കലും യുദ്ധത്തിൽ പീരങ്കി ഉപയോഗിക്കാറില്ല. അവർ അന്യോന്യം മാത്രമേ യുദ്ധത്തിൽ ഉപയോഗിക്കാറുള്ളൂ. എന്നിരിക്കെ അവർക്കെതിരായി ഈ വക യന്ത്രായുധങ്ങൾ ഉപയോഗിക്കുന്നതു തീർച്ചയായും യുദ്ധനീതിക്കു വിരോധവും വലിയ അധർമ്മവുമാണെന്നു ജയമല്ലനു തോന്നി. എന്നാൽ ജയമല്ലൻ ഭ്രാന്തനാണ്. മുസൽമാന്മാർ ഹിന്ദുക്കളല്ല. അവർക്കു ഹിന്ദുക്കളെപ്പോലെ ധർമ്മാധർമ്മബോധം ഇല്ല. എന്തുപായവും പ്രയോഗിച്ചിട്ടും ശത്രുനാശം വരുത്തണമെന്നാണ് അവരുടെ ആഗ്രഹം. ചിത്തോറിന്റെ സർവ്വനാശം വരുത്തണമെന്ന് അവർ കഠിനമായ ശപഥം ചെയ്തിട്ടുണ്ട്.

തോക്കുകാരെ ആക്രമിച്ചു പിടിക്കാനായി ജയമല്ലൻ രാജപുത്രയോദ്ധാക്കന്മാർക്കു സമ്മതം കൊടുത്തു. അദ്ദേഹത്തിന്റെ കല്പന കിട്ടിയ മാത്രയിൽ അസംഖ്യം രാജപുത്രന്മാർ പീരങ്കികൾ കരസ്ഥമാക്കാൻ വേണ്ടി പാഞ്ഞടുത്തു. അവർ ഹരഹരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു തങ്ങളുടെ ജീവനെ ഇല്ലാതാക്കുന്ന പീരങ്കികൾ കൈവശമാക്കാൻ മുതിർന്നു. ജയമല്ലനും കുതിരപ്പുറത്തു കയറി കയ്യിൽ വാളേന്തിപ്പിടിച്ചുംകൊണ്ട് അവരുടെ പിന്നാലെ ചെന്നു. ആ സമയത്ത് ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ ഹൃദയം പിളർന്നുകൊണ്ടു പിൻപുറത്തുകൂടെ കഴിഞ്ഞുപോയി. ആ വീരയോദ്ധാവ് കുതിരപ്പുറത്തുനിന്നു നിലത്തു വീണു. പിന്നെ മഹാക്രോധത്തോടുകൂടി

പല്ലുകടിച്ചുംകൊണ്ടു പറഞ്ഞുതുടങ്ങി. 'പാപികളായ മുസൽമാന്മാരേ! വിശ്വാസവഞ്ചിതരായ നിന്റെ ധർമ്മം ഇതുതന്നെയാണോ? ഈ മാതിരി ദുഷ്ടധർമ്മം മുസൽമാന്മാരുടെ ധർമ്മങ്ങളാൽ അനുവദിക്കപ്പെട്ടതാണോ? നീ നിസ്സാരൻ തന്നെയാണ്. നിന്റെ പുരുഷാർത്ഥവും നിസ്സാരം തന്നെ. നിന്റെ ധൈര്യവും നിസ്സാരം തന്നെ.' ജയമല്ലന്റെ ദേഹത്തിൽനിന്നു രക്തം ധാര മുറിയാതെ ഒലിച്ചുതുടങ്ങി. ക്രമത്തിൽ അദ്ദേഹത്തിന്റെ തളർച്ച അധികമായി വന്നു. അദ്ദേഹത്തിന്റെ വിചാരമെല്ലാം ചിത്തോരിന്റെ രക്ഷോപായത്തെക്കുറിച്ചായിരുന്നു. 'പീരങ്കികളിൽനിന്നു ചിത്തോരിനെ രക്ഷിക്കാൻ രാജപുത്രന്മാർ കൂടി തന്നെ കഴിയുന്നതല്ല. അലാവുദ്ദീനും ചതിച്ചുകളഞ്ഞെന്നു വിചാരിക്കാൻ വഴിയില്ല. ധർമ്മിഷ്ഠനായ ആ മുസൽമാന്മാർ എന്തിനായാണ് ധർമ്മത്തെ ചവിട്ടുന്നത് എന്നും മനസ്സിലാവുന്നില്ല. മാതാവായ ചിത്തോരേ! അധമന്മാരുടെ കൊള്ളക്കാരുമായ ഇവരുടെ ജീവത്യാഗംകൊണ്ടു നിന്നെ കാത്തെങ്കിലും ഉപകാരം ചെയ്യാൻ ഇവരെ സാധിക്കാതെ വന്നുവല്ലോ. അമ്മേ! ഭഗവതി! ഞാൻ യാത്ര പറഞ്ഞുകൊള്ളുന്നു. പോവാൻ അനുവദിച്ചാലും!' ഇങ്ങിനെ പറഞ്ഞ് ആ പുണ്യപുരുഷൻ കഠിനമായ അഭിമാനത്തോടും ക്രോധത്തോടും കൂടി മുസൽമാന്മാരുടെ നേരെ ചാടിച്ചുകൊണ്ടു പോർക്കളത്തിൽ പ്രവേശിച്ചു. മുസൽമാന്മാരുടെ സൈന്യം 'അല്ലാഹോ അക്ബർ' എന്ന ശബ്ദം പുറപ്പെടുവിച്ചു നാലുദിക്കും വിറപ്പിച്ചുകൊണ്ടു ജയഘോഷം കൂട്ടി. അവരുടെ തോക്കുകളും പീരങ്കികളുടെ ഠും ഠും എന്ന വെടിയൊച്ചയും പോർക്കളത്തെ വിറപ്പിച്ചുകൊണ്ടു ജയമല്ലന്റെ വധത്തെ ഘോഷിച്ചു തുടങ്ങി. ജയമല്ലൻ വീണുമരിച്ചതു രാജപുത്രസൈനികന്മാർ കണ്ടു.

മുസൽമാന്മാർ ജയത്തിന്റെ സന്തോഷത്തിൽ ഇരട്ടി ഉത്സാഹത്തോടുകൂടി ക്ഷത്രിയന്മാരുടെ നേരെ അടുത്തുതുടങ്ങി. ഇനി രക്ഷയില്ലെന്നു ക്ഷത്രിയന്മാർക്കു തോന്നിത്തുടങ്ങി. പീരങ്കികളിൽനിന്നു വെടിയുണ്ടകൾ ഇടിവെട്ടുന്ന ശബ്ദത്തിൽ പുറപ്പെട്ടുതുടങ്ങി. ക്ഷത്രിയസൈന്യം ഈ അവസ്ഥ കണ്ടു കാര്യത്തിന്റെ ഗതി എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിയാതെ നിന്നു. ഇനിയുള്ള യുദ്ധം കായബലംകൊണ്ടുള്ള യുദ്ധമല്ല. വാളും കുന്തവുംകൊണ്ടുള്ള യുദ്ധമല്ല. വീരത്വം കാണിക്കാനുള്ള യുദ്ധം മാറിപ്പോയി. നേരിട്ടുനിന്നു യുദ്ധം ചെയ്തു ബലം പരീക്ഷിക്കുന്ന കാലവും കഴിഞ്ഞുപോയി. ഒരു ഭാഗത്തു മാത്രമായി പീരങ്കികൾകൊണ്ടുള്ള യുദ്ധമാണ് നടക്കുന്നത്. ക്ഷത്രിയന്മാർ സിംഹതുല്യപരാക്രമികളും യുദ്ധത്തിൽ അതിനിപുണന്മാരും ആയിരുന്നു എങ്കിലും പീരങ്കികൾകൊണ്ടുള്ള യുദ്ധത്തിൽ അവർക്ക് ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞില്ല. ക്ഷത്രിയന്മാർ കൂട്ടംകൂട്ടമായി വീണു മരിച്ചുതുടങ്ങി. പുത്രൻ ദൂരത്തുനിന്നു ജയമല്ലന്റെ മരണം കണ്ടു. ജയമല്ലന്റെ അന്ത്യാവസ്ഥ കണ്ടു പുത്രൻ അതുവരെ ധൈര്യശാലിയായ ജയമല്ലനെ അനുഗമിക്കുവാനായി അഭിലഷിച്ചുകൊണ്ടിരുന്നു. അവസാനയുദ്ധത്തിൽ ജയമല്ലനെ ഈ മാതിരി കൊന്നതു കണ്ടപ്പോൾ പുത്രന്റെ വല്ലാതെ

വ്യസനവും കോപവും ഉണ്ടായി. അദ്ദേഹത്തിന്റെ ദൃഷ്ടിബലം മുമ്പിലത്തെക്കാൾ ഒന്നുകൂടി ഇരട്ടിച്ചു. അദ്ദേഹം വീണ്ടും കഠിനത്തോടുകൂടി മൊഗളസൈന്യസമുദ്രത്തെ കടഞ്ഞുതുടങ്ങി. എന്നാൽ അതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. ഒരുകൂട്ടം മുസൽമാന്മാർ ചത്തു വീഴുമ്പോഴേക്കു മറ്റൊരു കൂട്ടം അവിടെ എത്തി അവരുടെ സ്ഥാനം ഏറ്റെടുത്തുകഴിയും. മൊഗളസൈന്യസമുദ്രത്തിൽ തിരമാലകൾ അടിച്ചുകൊണ്ടേ ഇരുന്നു, അത് അവസാനമില്ലാത്തതും കരകാണാത്തതും തിരമാലകളോടുകൂടിയതുമായിരുന്നു. മൊഗളന്മാർ വലിയ വലിയ പീരങ്കികൾകൊണ്ടു ശത്രുക്കളെ തകർത്തുതുടങ്ങി. ഓരോ ഉണ്ടകൾകൊണ്ട് അനേകം ക്ഷത്രിയന്മാരുടെ ദേഹങ്ങൾ ഛിന്നഭിന്നമായിപ്പോയി. മൊഗളന്മാരുടെ സിംഹനാദങ്ങളുടെ ഊക്കും കൂടിക്കൂടി വന്നു. സേനാധിപന്റെ കല്പനപ്രകാരം അവർ സാവധാനത്തിൽ മുന്നോട്ടു നടന്നു സ്ത്രീസൈന്യത്തെ വളയുവാൻ ശ്രമിച്ചുതുടങ്ങി.

ഈ സമയത്തു പത്തന്റെ അമ്മയും അവളുടെ കൂട്ടുകാരികളും ഭയങ്കരമായ യുദ്ധം ചെയ്തുകൊണ്ടിരിക്കയായിരുന്നു. എന്നാൽ അവരുടെ ഇടയിലും ചുവന്ന വെടിയുണ്ടകൾ വീഴാൻ തുടങ്ങി. അപ്പോൾ അവർക്ക് രക്ഷപ്പെടാൻ മാർഗ്ഗമില്ലാതായി. ഈ മാതിരി പീരങ്കികൾകൊണ്ടുള്ള യുദ്ധത്തിൽ ക്ഷത്രിയന്മാർ ജയിക്കുക എന്നുള്ളത് അസംഭാവ്യംതന്നെയാണ്. കുറച്ചുനേരംകൂടി ഇങ്ങിനെ യുദ്ധം നടന്നുകൊണ്ടിരുന്നാൽ മൊഗളന്മാർ തീർച്ചയായും തങ്ങളെ പിടികൂടുമെന്നും അവരുടെ കയ്യിലകപ്പെട്ടാൽ തങ്ങളുടെ വംശമാഹാത്മ്യം നശിച്ചുപോകുമെന്നും വിചാരിച്ചു പത്തന്റെ അമ്മ തന്റെ കൂട്ടുകാരികളോടു തന്റെ അഭിപ്രായം വ്യക്തമായിപ്പറഞ്ഞു. അവളുടെ വാക്കുകൾ കേട്ടിട്ട് ആ വീരസ്ത്രീകളിൽ ഒരുവൾക്കെങ്കിലും ലേശം കലുഷതയുണ്ടായില്ല. ഒരുവളെങ്കിലും ആ കല്പനയനുസരിപ്പാൻ വിമുഖത കാണിച്ചില്ല. എല്ലാവരും പ്രസന്നമുഖത്തോടുകൂടി ചിത്തോറിലെ അത്യുന്നതമായ ദേവാലയത്തിലെ താഴികക്കുടത്തിന്റേയും കീർത്തിസ്തംഭത്തിന്റേയും വാനത്തിലേക്കും നേരെ തങ്ങളുടെ അവസാനത്തെ നോട്ടം നോക്കി. എല്ലാവരും പോർക്കളത്തിൽ യുദ്ധം ചെയ്യുന്ന തങ്ങളുടെ ഭർത്താക്കന്മാരുടേയും സഹോദരന്മാരുടേയും മുഖത്തു നോക്കി. എല്ലാവരും ഇഹലോകത്തിലെ തങ്ങളുടെ അവസാനശ്വാസം വലിച്ചു. പിന്നെ എല്ലാവരും അവരവരുടെ ഉടുപ്പുകളുടെ ഉള്ളിൽനിന്നു മൂർച്ചയുള്ള ഓരോ കഠാരികൾ പുറത്തെടുത്തു. എല്ലാവരും മുകളിൽ സൂര്യന്റെ നേരെ നോക്കി ഭഗവാനെ സ്തുതിച്ചു. അതിനുശേഷം എല്ലാവരും ആ കഠാരികൾകൊണ്ടു തങ്ങളുടെ ഹൃദയം പിളർന്നു പ്രാണത്യാഗം ചെയ്തു. ചോരയണിഞ്ഞ അവരുടെ ശരീരങ്ങൾ കരിമ്പാറപ്പുറത്തു നിലത്തു വീണു. ചുവന്ന വെള്ളത്തിൽ സ്വർണ്ണത്താമരത്തണ്ടുകൾ പൊന്തിക്കിടന്നുതുടങ്ങി. രാജപുത്രമണികളുടെ ഈ മാതിരിയിലുള്ള മരണം കണ്ടു ഭീരുക്കളായ മൊഗളന്മാർ ഉൽക്കടാശ്ചര്യംകൊണ്ടും ഭയവൈവശ്യംകൊണ്ടും നാലു ദിക്കും ചിതറിത്തുടങ്ങി. ഈ വീരസ്ത്രീകളുടെ ഈ മാതിരിയിലുള്ള

ഭാസുരങ്ങളായ മനോബലം കണ്ടിട്ട് അക്ബർ ചക്രവൎത്തി സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

പുത്തൻ പിറകിൽതിരിഞ്ഞു നോക്കിയപ്പോൾ തന്റെ പിതാവായും പ്രാണാധികപ്രിയയായ ഭാൎയ്യയും അവരുടെ മടിയിൽ ഇരുന്നിരുന്ന രാജപുത്രവീരന്മാരിലും വിളക്കുകളും പ്രാപിച്ചതായി അയാൾ കണ്ടു. അവർ ചിത്തോറിലെ ഗൗരലക്ഷ്മീകളായിരുന്നു. ആ വീരാംഗനമാർ എന്നെന്നേക്കും ചിത്തോറിനെ വിട്ടുപോയി. ഈ കഥ വിചാരിച്ചപ്പോൾ പുത്തന്റെ മനസ്സിൽ അതിയായ വ്യസനം ഉണ്ടായി. കഴിച്ച നേരത്തേക്ക് ആ വീരന്റെ ഹൃദയം ദുഃഖംകൊണ്ട് ഇളകിമറിഞ്ഞു. ചിത്തോറിനെ രക്ഷപ്പെടുത്താമെന്നുള്ള ആശ ക്രമത്തിൽ മരണത്തിന്റെ ഹൃദയത്തിൽനിന്നു വീണുപോയി. ആ സമയത്ത് അയാൾ തിരിഞ്ഞു നോക്കിയപ്പോൾ പിതൃയശോഗാനം പാടിക്കൊണ്ട് ഒരു വിശേഷസൈന്യപ്രവാഹം ചെയ്യുന്നതു പോലെ തന്നെ കടന്നുപോകുന്നതു കണ്ടു. ഇവരെല്ലാവരും രാജപുത്രന്മാരായിരുന്നു. അവർ ഒക്കെയും രജപുത്രകുലമഹിമയെ വർദ്ധിപ്പിക്കുന്നവരും യുദ്ധവേഷം ധരിച്ചവരും യുദ്ധനിപുണന്മാരും ആയ ആ വിശേഷണീയരും മറ്റുള്ളവരെയുള്ള യുദ്ധത്തിൽ ചിന്ന മലിച്ചുള്ള കവചവും താംബൂലം ചവച്ചുള്ള മഞ്ഞവസ്ത്രവും ധരിച്ചു ഉത്സാഹത്തോടു അവസാനയാത്ര പറഞ്ഞ് കടവിലൂടെ യുദ്ധം ചെയ്വാൻ വന്നവരായിരുന്നു. അന്ന് അസംഖ്യം മുസൽമാന്മാരെ ഭൂമിയിൽ വീഴ്ത്തിയ അവരുടെ വാളിന്റെ ശക്തിയിൽ അവസാനത്തെ കിടപ്പ് കിടക്കേണ്ടതായിരുന്നു അവരുടെ ആഗ്രഹം. ജീവൻ കുടികൊള്ളുന്ന കാലത്തോളം അവർ മുസൽമാന്മാൎക്ക് കീഴടങ്ങുകയില്ല.

കേശവൻ.

കാളിദാസരും മേഘവും.

കാവ്യനിൎമ്മാണത്തിന്റെ പ്രയോജനം ആനന്ദദാനമാണെന്നുള്ള സംഗതി ഒന്നാമതു കണ്ടുപിടിച്ചതു കാളിദാസനാണ്. ഇതിനു ദൃഷ്ടാന്തമായി മേഘസന്ദേശത്തെ എടുക്കുക. പ്രകൃതിയുടെ ഇത്ര പരിപൂൎണ്ണമായ ഉദാഹരണം, സംസ്കൃതത്തിലെ മറ്റൊരു കാവ്യത്തിലും ഇല്ലെന്നാണെനിക്ക് തോന്നുന്നത്

— സർ രവീന്ദ്രനാഥടാഗോർ.

വിരഹവിധുരനായ യക്ഷന്റെ സന്ദേശവാഹനായി കാളിദാസൻ അചേതനമായ ഒരു മേഘത്തെ കല്പിച്ചത് എത്രത്തോളം ഉചിതമായിട്ടുണ്ട്? ഈ ചോദ്യം, മേഘസന്ദേശത്തിന്റെ നിൎമ്മാണം മുതൽ ഇന്നോളമുള്ള അനേകസഹൃദയന്മാർ തങ്ങളോടുതന്നെ ചോദിക്കുകയും അതിനു പലവിധത്തിലുള്ള ഉത്തരങ്ങൾ സമ്പാദിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. ചേതനാചേതനങ്ങളെ തിരിച്ചറിവാൻ സാധി

കാമാർത്തന്മാർ ഉന്മത്തന്മാരല്ലേ? ആ അവസ്ഥയിലെത്തിയ യക്ഷൻ ഒരു സന്ദേശഹരനോടു പറയേണ്ടുന്ന കാര്യങ്ങളെ തെല്ലുപോലും വിടാതെയും തെറ്റാതെയും പറഞ്ഞേല്പിക്ക എന്നതു സംഭാവ്യമാണോ? എന്നാണ് സംശയം. ഇതിനു സമാധാനം കാളിദാസൻ തന്നെ പറഞ്ഞിട്ടുണ്ട്:—'കാമാർത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു' കാമാർത്തന്മാർ പ്രകൃത്യാ തന്നെ ചേതനാചേതനങ്ങളെ വിവേചിക്കുന്ന വിഷയത്തിൽ കൃപണന്മാരാകുന്നു. ഇങ്ങിനെ വരുന്നത് ഉന്മാദത്തിന്റെ ലക്ഷണമാണെങ്കിൽ അതു മദനോന്മാദത്തിന്റെ മാത്രം ലക്ഷണമാകുന്നു. സാധാരണ ഉന്മത്തന്മാർക്ക് സത്യവും അസത്യവും, കൃത്യവും അകൃത്യവും തിരിച്ചറിയാനുള്ള ശക്തിയാണില്ലാതാവുന്നത്; ചേതനാചേതനവിവേചനശക്തിയല്ല. ചേതനസാദ്ധ്യമായ കാര്യം സാധിപ്പിക്കുന്നതിനു കാമികൾ അചേതനങ്ങളോടപേക്ഷിക്കുന്നതു രാമായണം, ഭാരതം മുതലായവയിൽ കാണുന്നുണ്ട്. കാമാർത്തന്മാർ ഇപ്രകാരമാകുന്നതു ഭക്തന്മാരെപ്പോലെ, ഒരു ജാതി സ്നേഹോന്മാദത്തിലാണ് പെടുന്നത്. ഒരു ഭക്തൻ കാണുന്നതും കേൾക്കുന്നതും പറയുന്നതും വിചാരിക്കുന്നതും എല്ലാം ഇഷ്ടദേവനെ സംബന്ധിച്ച സംഗതികളായിരിക്കും. അതുപോലെ തന്നെ ഒരു കാമുകന്റെയും ബാഹ്യാന്തര്വ്യാപാരങ്ങൾ മുഴുവൻ തന്റെ കാമിനിയെ ഉദ്ദേശിച്ചായിരിക്കും; മറ്റൊരു വിചാരവും അയാളുടെ മനസ്സിൽ പ്രവേശിക്കുന്നതല്ല. അയാൾ സ്ഥാവരത്തിലും, ജംഗമത്തിലും, ചേതനത്തിലും, അചേതനത്തിലും എന്നുവേണ്ട സകലത്തിലും തന്റെ ഉദ്ദേശസിദ്ധിക്കുതകുന്ന ഒരു ശക്തിയുണ്ടെന്നു വിചാരിക്കുന്നു. ഇതു നിരതിശയപ്പെട്ട ഒരു കാമാർത്തനാണ് കാളിദാസന്റെ യക്ഷൻ. അപ്പോൾ അയാളുടെ സന്ദേശഹരൻ 'ധൂമജ്യോതിസ്സലിലമരുത'മായ ഒരു മേഘമായിപ്പോയതിൽ എന്താണാശ്ചര്യം?

കാളിദാസന്റെ യക്ഷൻ നളകാധിപനായ വൈശ്രവണന്റെ ഭൃത്യോദ്യോഗസ്ഥനാണ്. അദ്ദേഹം 'സ്വാധികാരപ്രമത്ത'നാകനിമിത്തം വൈശ്രവണൻ അദ്ദേഹത്തെ അധികാരഭ്രഷ്ടനാക്കി ഒരു കൊല്ലത്തേക്കു നാടുകടത്തി. ഈ ശാപപ്രവാസത്തിനുള്ള കാരണം യക്ഷനു തന്റെ പ്രിയതമയിലുള്ള അത്യാസക്തിയാണെന്നുള്ളതിനു സംശയമില്ല. ഇതുവരെയും യക്ഷൻ കാന്താവിരഹമെന്തെന്നറിഞ്ഞിട്ടില്ല. അതിനാൽ ഈ ശാപം യക്ഷനു കാന്താവിരഹത്തിലുള്ള ദുഃഖം എങ്ങിനെയാണെന്നു പഠിപ്പിച്ച ഒരു 'ഗുരു'വാണ്. ഇത്രയും കഠിനമായ ദുഃഖത്തിൽപ്പെട്ടു, യക്ഷൻ രാമഗിരിയിൽ അല്ലെങ്കിൽ ചിത്രകൂടാദ്രിയിൽ പണ്ടു സീതാസഹിതനായി താമസിച്ചിരുന്ന ശ്രീരാമദേവന്റെ തൃപ്പാദങ്ങൾ പതിഞ്ഞേടത്ത് താമസിച്ചു. വിരഹവേദനയാൽ മെലിഞ്ഞും നിർവൃതി ലഭിക്കാതെ അവിടെയുള്ള ആശ്രമങ്ങളിൽ സഞ്ചരിച്ചിരുന്നു, എപ്പോഴും തന്റെ വിരഹിണിയായ പ്രണയിനിയെത്തന്നെ വിചാരിച്ചും ദിവസം കഴിച്ചുകൂട്ടുമ്പോഴാണ് യക്ഷൻ മേഘത്തെ കണ്ടത്. കണ്ട ഉടനെ മനസ്സിനുള്ളിൽ ആശ്വാസം സംഭവിക്കയും ആ മേഘത്തെ തന്റെ പ്രിയസുഹൃത്തായി സങ്കല്പിച്ചു തന്റെ സന്ദേശം

അളകാവാസിനിയായ പ്രിയതമയോടു ചെന്നു പറയുവാനേല്പിക്കുകയും ചെയ്യുന്നു. ഈ അവസരം തന്റെ വിരഹവേദനയേയും മനസ്സിലെ ഔൽസുക്യത്തേയും വർദ്ധിപ്പിക്കുന്നവയായ അനേകം ഉദ്ദീപനവസ്തുക്കളാൽ മയമമാണ്. യക്ഷന്റെ ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്ന സകല പദാർത്ഥങ്ങളും ഉദ്ദീപനങ്ങളാണ്. അപ്പോൾ തന്നെക്കാൾ പ്രകൃത്യാ തന്നെ മനോബലം കുറഞ്ഞവളായ തന്റെ പ്രേയസിയുടെ സ്ഥിതി ഇതിലും കഷ്ടതരമായിരിക്കുമെന്ന് 'അബലാവിപ്രയുക്തനായ' ആ കാമിക്കു തോന്നി. രാമഗിരിയിൽനിന്ന് അളകാപുരി വരെയും ഉള്ള വഴിയുടെ താൽക്കാലികസ്ഥിതിയും, അളകാനഗരിയുടെയും വിശിഷ്യ തന്റെ പ്രിയാഗൃഹത്തിന്റെയും അവസ്ഥയും യക്ഷന്റെ മനോമുകുരത്തിൽ ഏറ്റവും സ്പഷ്ടമായിപ്പതിയുന്നു. അതെല്ലാം അങ്ങിനെതന്നെ യക്ഷൻ മേഘത്തിനു വിശദമായി കാണിക്കുകയും ചെയ്യുന്നു. സ്വഗൃഹഗമനത്തിൽ പ്രവൃത്തരായ ആളുകൾ മാർഗ്ഗമദ്ധ്യേകൂടി അനുഭവിക്കുന്ന സുഖങ്ങളേയും, ഔൽസുക്യത്തെ ഉദ്ദീപിപ്പിക്കുന്ന മേഘനിരവസ്തുക്കളെയുമാണ് വഴിയിൽ കാണുമെന്നായി യക്ഷൻ നിർദ്ദേശിക്കുന്നത്. ധനേശ്വരസന്നിധികളായ വിവിധനിധികളുടെ സാന്നിദ്ധ്യത്താൽ യാതൊരു വിഘ്നവും കൂടാതെ സദാ സുഖമനുഭവിക്കുന്ന അളകയിലെ യക്ഷന്മാരെയും, താനിപ്പോൾ അവിടെയായിരുന്നുവെങ്കിൽ അനുഭവിക്കുമായിരുന്ന സുഖങ്ങളേയും, തന്റെ വിരഹത്താൽ ജീർണ്ണാരണ്യമെന്നപോലെ ശൂന്യമായിത്തീർന്ന പ്രിയാഗൃഹത്തിന്റേയും അവിടെ നാളുകളെണ്ണി താമസിക്കുന്ന ഭാര്യയുടേയും സ്ഥിതികളേയും യക്ഷൻ പറയുന്നതു "കേണലോലം കരയുകിലും കല്പിതാവാത്തതായ ഏത്തു" എന്നുള്ളതിനു സംശയമില്ല. യക്ഷൻ ഈ കാണിക്കുന്നതെല്ലാം ഉന്മാദമല്ലീ? അതു; എങ്കിലും അല്ല. ഇതു മനോരാഗമാണ്; സർവ്വം അനുഭവമുള്ള ഉന്മാദമാണ്; കവിപ്രതിഭാദർപ്പണത്തിൽ പ്രതിബിംബിക്കുന്ന ലോകപ്രകൃതിയാണ്; സഹൃദയന്മാരുടെ ഹൃദയത്തെ ആർദ്രമാക്കുന്ന മഹാശില്പമാണ്. "ഉന്മാദരാക്കൾ കാവ്യബോധമുള്ളതോ" എന്നും മറ്റുമുള്ള ചോദ്യം പുറപ്പെടുവാൻ എന്നാണു മറുപടി പറയേണ്ടതു വിചാരിപ്പാതെ കഴിയുന്ന സഹൃദയന്മാരുടെ മനസ്സിൽക്കൂടി യക്ഷന്റെ വിചാരങ്ങളും വാക്കുകളും ചേഷ്ടകളും, എന്നു വേണ്ട അവയുടെ ദിഗ്ദർശനം സംബന്ധിച്ചുള്ള പരിണാമംപോലും യാതൊരു കാര്യവും കൂടാതെ പതിയുന്നതാണ്. മാത്രമേ കാളിദാസൻ ഉദ്ദേശിച്ചിട്ടുള്ളൂ. അത്രതന്നെയാണു യഥാർത്ഥകവിതാസ്വാദനത്തിന്റെ പരമകാഷ്ഠയും.

സംഭോഗം, വിപ്രലംഭം എന്നു ശൃംഗാരത്തിനു രണ്ടു വകഭേദങ്ങളുള്ളതിൽ വിപ്രലംഭത്തിനാണ് ഹൃദയത്തെ ആർദ്രമാക്കാനുള്ള ശക്തി അധികമുള്ളത്. വിപ്രലംഭത്തിന്നുതന്നെ അനേകവിഭാഗങ്ങളുള്ളതിൽ ശാപപ്രവാസവിപ്രലംഭമാണു പ്രകൃതകാവ്യത്തിലെ പ്രധാനരസം. ഇതിലെ രസഭാഗങ്ങളെ പൃഥക്കരിക്കയാണെങ്കിലും നിരൂപണം ചെയ്യുന്നതായാൽത്തന്നെ ഈ ഉപന്യാസം വളരെ നീണ്ടുപോകുമെന്നുവെച്ച് ആ ഭാഗം ഇവിടെ എടുക്കുന്നില്ല. കാളിദാസൻ ഈ സന്ദേശമെഴുതുവാൻ മാതൃകയായിത്തീർന്നിട്ടുള്ളതു, ആദികവി

യായ വാല്മീകിമഹർഷി തന്റെ രാമായണത്തിൽ വർണ്ണിച്ചിട്ടുള്ളതും രാമൻ ഹനുമാൻമുഖേന സീതാദേവിക്കയച്ചതുമായ സന്ദേശമാണെന്ന് ഈ സന്ദേശത്തിലെ പലഭാഗങ്ങളിൽനിന്നും ഊഹിക്കാവുന്നതാണെന്നും, തന്റെ ദൂതനായ സീതാദേവിയോടു പറയേണ്ട പ്രകാരത്തെപ്പറ്റിയും, അതു പറയുന്ന അവസരത്തിൽ ദേവിയുടെ സ്ഥിതി ഇന്നവിധമായിരിക്കുമെന്നതിനെപ്പറ്റിയും രാമൻ ശ്രീരാമൻ ഹനുമാനോടു ഉപദേശിക്കുന്നതിനും പ്രകൃതത്തിൽ യക്ഷൻ മേഘത്തോടുപദേശിക്കുന്നതിനും തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നും, എന്നുതന്നെയല്ല, ഈ കാവ്യത്തിലെ ഏതു ഭാഗം നിർമ്മിക്കുമ്പോഴും കവിയുടെ മനസ്സ രാമായണത്തിലെ ഹനുമത്സന്ദേശത്തെപ്പറ്റിയായിരുന്നുവെന്ന നിസ്സംശയം പറയാവുന്നതാണെന്നും, നായികാനായകന്മാരുടെ അവസ്ഥകളും, വിരഹത്തിന്റെ സ്ഥിതിക്കും ഉള്ള ഭേദത്തിനനുസരിച്ചു കാളിദാസർ തന്റെ കാവ്യത്തിന്ന് ആകൃതിയിലും പ്രകൃതിയിലും വളരെ വ്യത്യാസം വരുത്തി, മറ്റൊരു കാവ്യത്തിന്റെ അനുകരണമാണിതെന്ന തോന്നാതാക്കിത്തീർക്കയാണെന്നും ചിലർ പറയുന്നുണ്ട്. ഇതിന്റെ വാസ്തവം വായനക്കാർ തീർച്ചപ്പെടുത്തിയാൽ മതി. ഒരേ വിധത്തിലുള്ള സന്ദർഭത്തെ വർണ്ണിക്കുന്ന രണ്ടു കവികളുടെ ആശയങ്ങൾക്ക തമ്മിൽ സാദൃശ്യം വരുന്നത് അസംഭാവ്യമല്ല. പ്രകൃതിയുടെ പ്രതിനിധിയായ കവിഹൃദയങ്ങൾ സദൃശങ്ങളായിരിക്കുമല്ലോ.

എന്തെങ്കിലും ഒരു കഥയെ അടിസ്ഥാനമായിപ്പിടിച്ചു ഒരു കവിതയുണ്ടാക്കുന്നതു ആളുടെ രൂപം നോക്കി ഒരു ഛായയെഴുതുന്നതുപോലെ ഒരു സുകരമാണ്. അതു കൊണ്ടു ജനങ്ങളെ രസിപ്പിക്കുന്നതും പ്രയാസസാദ്ധ്യമല്ല. എന്നാൽ ആഖ്യാനഭാഗത്തെ തീരെ ആശ്രയിക്കാതെ ഒരു സംഗതിയെപ്പറ്റി ഒരു കാവ്യം നിർമ്മിക്കുന്നതു ഇന്ദ്രിയവിഷയമല്ലാത്ത ഒരു വസ്തുവിന്റെ ഛായ മനോധർമ്മംകൊണ്ടാലോചിച്ചു വരയ്ക്കുന്നതുപോലെ അധികം കൗശലമുള്ള ഒരു കാര്യമാണ്. അതു രസികന്മാർക്കു രസാവഹമാകുന്നതിനും പ്രയാസമുണ്ട്. ഈ വസ്തുത വിചാരിച്ചു നോക്കിയാൽ മേഘസന്ദേശത്തെപ്പറ്റി നമുക്കു വളരെ വലിയ അഭിപ്രായമുണ്ടാവാതിരിക്കയില്ല. ഈ സന്ദേശത്തിൽ പറയത്തക്ക യാതൊരു കഥാവസ്തുവും ഇല്ല. നായികാനായകന്മാരുടെ നാമധേയം എന്താണെന്നുതന്നെ കവി ആലോചിച്ചിട്ടില്ല, ആലോചിക്കണമെന്ന വിചാരിച്ചിട്ടുമില്ല. ലോകത്തിൽ ഏറ്റവും സാധാരണമായി സംഭവിക്കുന്നപ്രകാരം ഒരു നായകനും നായികയ്ക്കുമുണ്ടാകുന്നുള്ള പാരവശ്യത്തെ വർണ്ണിക്കുകയാണ കവി ചെയ്യുന്നത്. ലോകത്തിൽ എത്രയോ ആളുകൾ ഈ വിധം വിരഹദുഃഖം അനുഭവിക്കയും സന്ദേശമയയ്ക്കയും ചെയ്യുന്നുണ്ട്. അങ്ങിനെയുള്ള ഒരു വെറും ലൗകികസംഭവത്തെ വർണ്ണിച്ചു ഗ്രന്ഥത്തിൽ ആകപ്പാടെയും ഓരോ പദ്യത്തിലും പാദത്തിലും പദത്തിലും അക്ഷരത്തിലും വർണ്ണത്തിലും പ്രത്യേകമായും വായനക്കാരുടെ മനസ്സിനെ ഉൽക്കണ്ഠയോടെ പതിപ്പിച്ച് ആ മഹാനുഭാവനായ യക്ഷന്റെയും ആയാളുടെ വിരഹിണിയായ പ്രണയിനിയുടെയും പേരിലുള്ള ദയയാൽ നമ്മെ പര

ധാനമാക്കിത്തീർക്കുന്നതിന്നു കാളിദാസൻ ശക്തനായി. ഇതിലും ഉന്നതമായ ഒരു പദവി ഒരു കവിക്കു കിട്ടേണ്ടതുണ്ടോ?

കാളിദാസന്റെ കാവ്യങ്ങളിൽ മൂന്നാമത്തേതായിരിക്കുന്നു മേഘസന്ദേശം. അതിന്റെ ഭാവഗാംഭീര്യവും രചനാചാതുര്യവും കലാസൌഭഗവും കവിതാപരിശ്രമത്തിൽ അദ്വിതീയമായി പ്രശംസിക്കുന്നവർ നല്ല ആസ്വാദകന്മാരിൽപ്പെട്ടവരാണ്. എന്തെങ്കിലും ഒരു കഥയെ ആധാരമാക്കിയും, അതിലുള്ള സന്ദർഭത്തിനെ പരസ്യമായി സമ്മതിച്ചും; ഇതിഹാസങ്ങളിൽ നിന്നിച്ചരിതമായിക്കാണ്ടിഷ്ടദേവതാനമസ്കാരം ചെയ്തും ആണ് കാവ്യമാരംഭിക്കുന്നത്. അപ്പോൾ രഘുവംശത്തിലാകട്ടെ ചരിത്രമെടുത്തു 'മഹതാ ചരിതമിദം വന്ദേ' എന്ന് ഇഷ്ടദേവതയെ നമസ്കരിച്ച് 'മന്ദഃ കവിയശഃപ്രാർത്ഥീ' എന്ന തന്റെ അശക്തിയെ കാണിച്ചു ചരിത്രമാഹാത്മ്യത്തെ വലുതാക്കിപ്പറഞ്ഞു വായനക്കാരെ ആകർഷിക്കാനം ചെയ്യുന്ന രഘുവംശം കാളിദാസന്റെ കവിതാപരിശ്രമം ഉടലെടുത്ത രൂപമായിട്ടാണു നാം കാണുന്നത്. കുമാരസംഭവം മഹാകാവ്യമത്രെയാണ്. അതിൽ കഥാഭാഗത്തെ പുരാണത്തിൽനിന്നുതന്നെ എടുത്തിരിക്കുന്നു. എങ്കിലും വർണ്ണനകളുടെ മാഹാത്മ്യത്താൽ കവി വായനക്കാരെ വിനോദിപ്പിക്കുവാനായി വളരെ സ്വാതന്ത്ര്യമെടുത്തിട്ടുണ്ട്. '[illegible]' എന്നൊരു മംഗളമല്ലാതെ ഇഷ്ടദേവതാനമസ്കാരവും അശക്തിപ്രദർശനവും മറ്റും ഇതിലില്ല. ഇതു കവിയുടെ കാവ്യനിർമ്മാണത്തിൽ പ്രൗഢിയും ധൈര്യം വന്ന അവസരത്തെ കാണിക്കുന്നു. ഒടുവിലത്തേതായ മേഘസന്ദേശത്തിലാകട്ടെ യാതൊരാധാരവും കൂടാതെ ഒരു ഭാവം സ്വയമേ സൃഷ്ടിച്ചെടുത്തു വർണ്ണനാഗുണംകൊണ്ടുതന്നെ വായനക്കാരെ ആനന്ദിപ്പിക്കുവാനുള്ള കവിയുടെ ധൈര്യമാണു കാണുന്നത്. ആ ധൈര്യത്തെ എത്രയും സാമർത്ഥ്യത്തോടെ നിർവ്വഹിച്ചു സകലസഹൃദയന്മാരുടെയും പ്രശംസാപാത്രം സമ്പാദിച്ച ആ കവിശ്രേഷ്ഠനെ അഭിനന്ദിക്കയോ അഭിവന്ദിക്കയോ വേണ്ടതെന്നു നിശ്ചയമില്ല.

മേഘത്തെ സന്ദേശഹരനാക്കിയതിന്റെ ഔചിത്യത്തെപ്പറ്റി ശങ്കയുള്ള നവീനവിമർശകന്മാരുടെ തൃപ്തിക്കായി 'വിക്ടർ ഹ്യൂഗോ' എന്ന മഹാപുരുഷനിലുള്ള ഒരു അഭിപ്രായത്തെക്കൂടി എടുത്തെഴുതി ഉദ്ധരിച്ച് ഈ ഉപന്യാസം ഉപസംഹരിക്കുന്നു. വിക്ടർ ഹ്യൂഗോ ഇങ്ങിനെ പറയുന്നു:—

വിരഹികളായ കമിതാക്കൾ അന്യോന്യം സന്ദേശമയക്കുവാൻ എത്രയും നിസ്സാരവസ്തുക്കളെയായാലും മതി. ലോകത്തിലെ സകല മാർഗ്ഗങ്ങളെയും നിരോധിച്ചു സർവ്വരേയും അകത്തു നിർത്തിയാൽ പോലും സന്ദേശമയക്കുന്നതിന്നു പുതിയ ചില ഉപായങ്ങൾ അവർ കണ്ടുപിടിക്കും. സൂര്യന്റെ കിരണങ്ങളും, ചന്ദ്രന്റെ പൂനിലാവും, നക്ഷത്രങ്ങളുടെ ജ്യോതിസ്സും, കാറ്റുകളുടെ പരിമളവും കൂടി അവർക്ക് ദൌത്യം നിർവ്വഹിക്കുന്നു. ഇതിന്നാധാരം ആനന്ദമാണ്. ആനന്ദം ഈശ്വരന്റെ ശക്തിയാകുന്നു, അതത്രെ ലോകത്തെ ഭരിക്കുന്നത്.

കെ. വി. എം.

വിവാഹവും സ്ത്രീധനവും.

രസകരമായ ചില വിവാഹ
സമ്പ്രദായങ്ങൾ

മുക്കുവൻ ഒരു സ്ത്രീയെ വിവാഹം ചെയ്യുമ്പോൾ ഗോത്രത്തിലെ എല്ലാവരുടെയും സമ്മതം ലഭിക്കണം.

ഒക്കിപ്പിയൻ സ്ത്രീധനം കൊടുക്കുന്നത് വിവാഹസമയത്തല്ല ഒരു പുത്രനുണ്ടായതിനു ശേഷമാണ്.

ഒരു ടോഡർ പെൺകുട്ടി ഋതുവായാൽ അടുത്ത ഗ്രാമത്തിലെ ഒരു ടോഡയുവാവു അവളുടെ കന്യകാത്വഭംഗം ചെയ്യണം. ഈ ആചാരത്തിനു വിട്ടു വരികയോ താമസം വരികയോ ചെയ്യുന്നതു അപമാനകരവും അങ്ങിനെ വന്നാൽ അവൾക്കു ഒരു ഭർത്താവു കിട്ടുന്നതു പ്രയാസവുമാകുന്നു. ഈ സമ്പ്രദായത്തിന്റെ ഒരു അവശിഷ്ടം ആസാമിൽ ലഖിംപൂരത്തിലുള്ള മാറാട്ട് എന്നവരുടെ ഇടയിൽ കാണുന്നുണ്ട്. ഇവിടെ പെൺകുട്ടികൾ ഋതുവായാൽ സ്നാനം കഴിഞ്ഞ് ശുദ്ധിയായതിന്റെ ശേഷം മിഥ്യയായി ഒരു വാഴയെ വരനായി കല്പിക്കുന്നു. നേപാളിലെ 'നേവാർ' എന്ന ജാതിക്കാരുടെ സ്ത്രീകൾ 'ബേൽ' പഴത്തെയാണ് സ്വീകരിക്കാറ്.

മധ്യപ്രദേശങ്ങളിലെ സാറ്റ്നാമി ചാമാർസ് എന്നവരുടെ ഇടയിൽ ഒരു പെൺകുട്ടിയുടെ കല്യാണം കഴിഞ്ഞ് ഒന്നു കൊല്ലത്തിനുള്ളിൽ 'സാറ്റ്ബാക്ക്' എന്ന ഒരു ആചാരം നടപ്പുണ്ട്. സ്വജാതിക്കാരെയെല്ലാം ക്ഷണിച്ചുവരുത്തി ഒരു സദ്യ കഴിക്കുന്നു. അന്നു രാത്രി ആ സ്ത്രീ അവിടെയുള്ള ഒന്നോ അധികമോ പുരുഷന്മാരോടു കൂടിയാണ് കിടക്കുക. ഇവരെ ഗുരുക്കൾ എന്നാണ് പറയുക.

ഗുജറാത്തിലെ മാതിയന്മാർ "വിവാഹം കഴിഞ്ഞ ആദ്യത്തെ രാത്രി വധുവിനെയും ഉപാദ്ധ്യായനേയും ഒരുമിച്ചു ശയിപ്പിക്കുന്നു.

ഓസാമി 'ലോലാങ്ങ്' എന്ന സ്ഥലങ്ങളിലെ സാമന്തന്മാർ പട്ടാണികളുടെ ഇടയിൽ ഓരോ ഗൃഹകർത്താ സ്ത്രീകൾക്കും ധാരാളം വ്യഭിചരിക്കാം. ഒരു സ്ത്രീക്കു തന്റെ വിവാഹദിവസം രാത്രി ഒരു മണിക്കൂർ നേരത്തേക്കു ഇഷ്ടമുള്ള പുരുഷന്മാരോടു കൂടി ശയിക്കാം.

മൈസൂരിലെ മൊറാസു വക്കലിഗാസ് എന്നവരുടെ ഇടയിൽ ഒരു സ്ത്രീ തന്റെ മൂത്ത മകളുടെ കല്യാണത്തിനു മുമ്പു കർണ്ണവേധസമയത്ത് തന്റെ വലത്തെ കയ്യിന്റെ കനിഷ്ഠികയെയും അനാമികയെയും മുറിച്ചു കളയണം. ഈ സമ്പ്രദായം ഇപ്പോൾ ഗവർമ്മെണ്ടു നിരോധിച്ചിരിക്കുന്നു.

ബലൂചിസ്ഥാനിലെ ബ്രാഹൂയികളുടെ ഇടയിൽ കല്യാണം കഴിഞ്ഞ ഉടനെ വധുവിന്റെ വസ്ത്രത്തിൽ കന്യകാചിഹ്നത്തെ ഉണ്ടാക്കുന്നു.

സ്കോട്ട്ലണ്ടിലെ കൊമ്പ്ബെൽസ് എന്നവരുടെ കുടുംബത്തിലെ മൂത്ത പുത്രനൊന്നാം സ്ത്രീക്കു വിവാഹം കഴിഞ്ഞാൽ

മാതാപിതാക്കൾ പുനൎവ്വിവാഹം ചെയ്യുന്നു.

പഞ്ചാബിലെ ചില ജാതിക്കാർ ഒരു പുരുഷൻ രണ്ടാമതിന്നു ശേഷമേ മൂന്നാമതു വിവാഹം ചെയ്യാവൂ.

തൃതീയവിവാഹം അശുഭമാണെന്നത്രെ. ഹിന്ദുക്കളുടെ ആശയത്തെയും മനോഭാവത്തെയും ഓൎത്തു കല്പിച്ചതിൽ പിന്നെയും അയാൾ വിവാഹം ചെയ്വാൻ ആഗ്രഹിക്കുന്ന പക്ഷം മരത്തോടിനെയോ പ്ലാവിനെയോ ഒരു ആടിനെയോ വിവാഹം ചെയ്യുന്നു. പിന്നെ വിവാഹം ചെയ്യുന്നവൾ നാലാമത്തെ ഭാൎയ്യയായിരിക്കണമെന്നാണ്. മലബാറിലെ വെള്ളാളന്മാർ മൂന്നാമതു വേൾക്കുന്നതിന്നു മുമ്പു തന്നെ ഇതു ചെയ്യുന്നു.

വടക്കൻകൎണ്ണാടകത്തിൽ മൂന്നാമതു ഒരു ഭാൎയ്യ മരിക്കുവാൻ യോഗമുണ്ടെന്നു ജോത്സ്യർ പറഞ്ഞാൽ ആദ്യത്തെ ഭാൎയ്യ മരിക്കുമെന്നാണത്രെ. (ഇവിടെ ബഹുഭാൎയ്യതാ പതിവില്ല.) അതിനാൽ രണ്ടാമത്തെ ഭാൎയ്യക്ക് രോഗം പിടിച്ചാൽ അവൻ ഒരു വാഴയെ കല്യാണം കഴിച്ച് അതിനെ വെട്ടുന്നു. ഇങ്ങനെ ചെയ്താൽ ജാതകഫലം ശരിയാവുമെന്നാണ് വിചാരം; ഭാൎയ്യയുടെ രോഗം സുഖപ്പെടുമത്രെ.

പഞ്ചാബിൽ ഒരു പെൺകുട്ടിക്കു ബാല്യവൈധവ്യമുണ്ടാകുമെന്നു ജാതകത്തിൽ കണ്ടാൽ അവളുടെ വിവാഹത്തിന്നു മുമ്പു ഒരു മിഥ്യാവിവാഹം ചെയ്യുന്നു.

കാശ്മീരിൽ ഒരു സ്ത്രീക്ക് ഗ്രഹപ്പിഴയുണ്ടെന്നു കണ്ടാൽ (ഗ്രഹം പിഴച്ചാൽ വന്ധ്യയാകുമത്രെ) അവൾ ഭൎത്തൃഗൃഹത്തിൽനിന്നു പോയ്ക്കളയുന്നു. അവളില്ലാത്തപ്പോൾ അവളുടെ ഭൎത്താവു അവളെ മിഥ്യാവിവാഹം ചെയ്യുന്നു. പിന്നെ അവളെ കൂട്ടിക്കൊണ്ടു വരുന്നു.

ബറോഡ, കാശ്മീർ മുതലായ സ്ഥലങ്ങളിൽ ഒരു രാജപുത്രന്റെ വിവാഹത്തിന്നു അവൻ തന്നെ പോകണമെന്നില്ല. അവന്നു പകരം അവന്റെ ഖഡ്ഗം അയച്ചാൽ മതി.

തിരുനൽവേലിയിലെ മറവ ചെട്ടിമാൎക്ക് ഒരു വടിയയച്ചാൽ മതി.

പഞ്ചാബ് ഹിമാലയപ്രദേശങ്ങളിൽ ഒരു ഉയൎന്ന ജാതിക്കാരൻ ഒരു കാണാത്ത പെണ്ണിനെ വേൾക്കുന്നു. പക്ഷം കല്യാണത്തിന്നു അവൻ പോകേണ്ട.

ബലൂചിസ്ഥാനിൽ ചില ജാതിക്കാർ കല്യാണത്തിന്നു പുരോഹിതൻ പോകേണമെന്നില്ല. വെള്ളം നിറച്ചുവെച്ച ഒരു തോൽസഞ്ചിയിൽ പുരോഹിതൻ ഊതി കാറ്റു നിറക്കുന്നു. ഈ കാറ്റു വധുവിന്റെ മുഖത്തു സഞ്ചി തുറന്നു വിട്ടാൽ മതി.

ഒരു ബ്രാഹുയി (ബലൂചിസ്ഥാൻ) സ്ത്രീ ഏഴുമാസം ഗൎഭമായാൽ ഭൎത്താവിനെ പിരിഞ്ഞിരിക്കുന്നു.

മലബാറിലെ കാവൎക്കാരുടെ ഇടയിൽ ഒരു സ്ത്രീക്കു ഗൎഭധാരണം കഴിഞ്ഞുവെന്നറിഞ്ഞാൽ പിന്നെ മൈഥുനം പാടില്ല. മലബാർസംസ്ഥാനത്തിലെ കണ്ണാന്മാരും കൊറവന്മാരും, ഈ സംസ്ഥാനത്തിലെയും മൈസൂരിലെയും കടുമ്പന്മാരും മൂന്നു മാസത്തോളം വിവാഹത്തെ പൂൎത്തിയാക്കുന്നില്ല. ഒരു കൊല്ലത്തിന്നുള്ളിൽ ഒരു കുടുംബത്തിൽ മൂന്നു പേരുണ്ടാകുന്നത് അശുഭമാണത്രെ. (ഒരു കുട്ടിയുണ്ടായാൽ അപ്പനും അമ്മയും കുട്ടിയും കൂടിയാൽ മൂ

ന്ന പോരാകുന്നില്ല.) ഒരു അംഗരിയൻ കല്യാണം കഴിഞ്ഞു ഒരു മാസത്തേക്ക ഭാര്യയോടൊന്നിച്ചിരിക്കാറില്ല. അവൾക്ക ഗർഭിണിയെന്ന തിട്ടമാകുവാനാണത്രെ ഇങ്ങിനെ ചെയ്യുന്നത്. ബെല്ലാരിയിലെ ചില പട്ടാണികളും ഇങ്ങിനെ ചെയ്യാറുണ്ട്. മെരിയാസ് എന്ന ജാതിക്കാർ സ്വഗൃഹത്തിൽ വെച്ച് മൈഥുനം ചെയ്യാറില്ല. സ്വഗൃഹത്തിൽ ശ്രീഭഗവതിയുണ്ടെന്നും ശ്രീഭഗവതി കോപിക്കുമെന്നുമാണത്രെ അവരുടെ വിചാരം. ബസ്റ്റാർ സ്റ്റേറ്റിലെ ചില ഭാഗങ്ങളിൽ ഗ്രാമത്തിലുള്ള എല്ലാ പുരുഷന്മാരും മണിയില്ലാത്ത എല്ലാ കാലവും പൊതുവായ ശയനഗൃഹത്തിൽ കിടക്കണം. അവരുടെ ഭാര്യമാരെല്ലാവരും വീട്ടിലും കിടക്കും. ടോഡാസ്ത്രീകൾ ഭർത്താവിന്റെ അനുമതിയോടു കൂടി ഒരുവനെ ജാരനായി സ്വീകരിക്കുന്നു. ചിലപ്പോൾ ഇവൾ അയാളുടെ വീട്ടിൽ പോയി താമസിക്കുകയും പലപ്പോഴും അയാൾ അവളുടെ ഗൃഹത്തിലേക്ക വരികയും ചെയ്യും. 'കള്ളർ' മുതലായ ചില താണ ജാതിക്കാർ ജാരസംസർഗ്ഗത്താലുണ്ടായ മക്കളെ പിന്നീട ജാരൻ ഇവളെ മുറപ്രകാരം വിവാഹം ചെയ്യുന്ന പക്ഷം സ്വന്തം മക്കളായി സ്വീകരിക്കുന്നു. മദിരാശിയിലെ ചില ചെട്ടികളുടെ ഇടയിൽ ഒരു സ്ത്രീയുടെ പ്രഥമപുത്രൻ തന്റെ ഭാര്യയെ വീട്ടിലേക്ക കൊണ്ടുവന്നാൽ പിന്നെ അമ്മയ്ക്ക ഗർഭമുണ്ടാവാൻ പാടില്ല. പിന്നെ അവൾ പ്രസവിച്ചാൽ വലിയ പരിഹാസമാണ്.

ഹിന്ദുക്കൾ പ്രായേണ മൂത്തമൂത്ത കുട്ടികൾക്കാണ മുമ്പുമുമ്പ വിവാഹം ചെയ്യുന്നത്. എന്നാൽ പഠിപ്പുള്ള ഹിന്ദുക്കൾ മൂത്തകുട്ടിയുടെ കല്യാണം സംഗതിവശാൽ വൈകിപ്പോകുന്നപക്ഷം ആ കുട്ടിയുടെ അനുജന്റെയോ അനുജത്തിയുടെയോ വിവാഹം നടത്താറുണ്ട്. എന്നാൽ പഠിപ്പില്ലാത്ത ചില ജാതിക്കാർ രോഗംകൊണ്ടോ മറ്റോ മൂത്ത കുട്ടിയുടെ കല്യാണം അക്കാലം നിർത്തിവെക്കേണ്ടിവന്നാൽ കുട്ടിയെക്കൊണ്ട് ഒരു വാഴയെയോ മറ്റോ കല്യാണം കഴിപ്പിച്ചതിന്നു ശേഷമേ ആ കുട്ടിയുടെ അനുജനോ അനുജത്തിക്കോ വിവാഹം ചെയ്യിക്കാറുള്ളു. മുഹമ്മദീയരുടെ ഇടയിൽ ഇങ്ങിനെ ഒരു നിയമമില്ലെങ്കിലും അവരും മൂത്തമൂത്ത കുട്ടിയെയാണ് മുമ്പുമുമ്പ വിവാഹം കഴിപ്പിക്കുന്നത്. ജ്യേഷ്ഠന്റെ ഭാര്യയുടെ സോദരിയെ അനുജന്ന വിവാഹം ചെയ്യാം. എന്നാൽ അവൾ അനുജത്തിയായിരിക്കണം. ഒരാൾക്ക തന്റെ ഭാര്യ ഇരിക്കുമ്പോഴാവട്ടെ മരിച്ചിട്ടാവട്ടെ അവളുടെ ജ്യേഷ്ഠത്തിയെ വിവാഹം ചെയ്യുവാൻ ശാസ്ത്രത്തിൽ പാടില്ല. വിധവാവിവാഹം നടപ്പുള്ള ദിക്കാണെങ്കിൽ അവൾ അവന്റെ ദേവരനെയല്ലാതെ മറ്റാരെയും ഭർത്താവാക്കുവാൻ പാടില്ല.

സ്ത്രീധനം

മദിരാശിയിലെ മുക്കുവന്മാർ ചില തരം വിവാഹത്തിന്ന സ്ത്രീധനം കൊടുക്കാറില്ല. ചിലരുടെ ഇടയിൽ സ്ത്രീധനം കൊടുക്കുവാൻ സാധിക്കാത്തപക്ഷം വിവാഹത്തിന്നുമുമ്പ കുറെക്കാലം വരൻ പെണ്ണിന്റെ ഭൃത്യനായിരിക്കുന്നു.

പ്രായേണ വിവാഹം പണംകൊടുത്തിട്ടാണ് പതിവ്. ഉയർന്നജാതിക്കാർ

വരനും ബ്രാഹ്മണജാതിക്കാർ വധുവിനും പണം കൊടുക്കണം. എന്നാൽ നേരെമറിച്ചു ബൊംബായിലെ വാഥികളുമാക്കണനെ പ്പോലെയുള്ള ചില ഉയർന്നജാതിക്കാർ വധുവിന്നും മദ്ധ്യസംസ്ഥാനങ്ങളിലെ ഉം ഹികളെപ്പോലെ ചില ബ്രാഹ്മണജാതിക്കാർ വരനും ചിലപ്പോൾ വിവാഹധനം കൊടുക്കാറുണ്ട്. എന്നാൽ പണം കൊടുക്കുന്നതു ചിലപ്പോൾ പേരിനു മാത്രവും ചിലപ്പോൾ വളരെ വലിയ സംഖ്യയും ആയിരിക്കും. സംഖ്യ വലുതാകുന്നതു വല്ലപ്പോഴും ചെറുപ്പമുള്ളവരുടെ ഇടയിലും സ്ത്രീകൾക്കു ക്ഷാമമുള്ളപ്പോഴുമാണ്. ഇടയിൽ വിദ്യാഭ്യാസം ലഭിച്ചവരുടെ കൂട്ടി വരനു വിലയും കൂടിയിരിക്കുന്നു. ബംഗാളിൽ ബി. എ. പാസ്സായ ഒരു വരന്നു സാധാരണയായി 500 മുതൽ 1000 വരെ ഉറുപ്പിക കിട്ടുന്നുണ്ട്. ചിലപ്പോൾ 10,000 വരെയും കിട്ടുമത്രെ. സ്ത്രീധനം കൊടുക്കുന്ന സമുദായങ്ങളിൽ കുട്ടികൾ പഠിച്ചുള്ളവരാണെങ്കിൽ അവൎക്കു പണം കൊടുക്കുവാൻ വധുവിന്റെ അച്ഛനമ്മമാർ മടിക്കാറില്ല.

പ്രാചീനനിവാസികളുടെ ഇടയിൽ സാധാരണ സ്ത്രീക്കാണ് പണം കൊടുക്കേണ്ടത്. ചിലപ്പോൾ ഈ സംഖ്യ വളരെയും ഉയരും. ചിലർ 200 ഉറുപ്പിക വരെ കൊടുത്തിട്ടുണ്ട്. സാധാരണയായി ഒരു കന്യകയ്ക്ക് ഒരു വിധവയെക്കാൾ അധികം പണം കിട്ടും. എന്നാൽ ചില വർഗ്ഗക്കാരുടെ ഇടയിൽ ഇതിനു (ഭൎത്താവിന്റെ സ്ത്രീക്ക് അവരുടെ ഭൎത്താവിനെ പ്രയത്നത്തിലെ സമ്പാദിക്കുന്ന) വിപരീതം കാണുന്നു. വൎഗ്ഗത്തിലും വെള്ളിന്റെ വിലയും കുറയും. ബംഗാളിൽ താണി ജാതർ 8 വയസ്സിന്നു താഴെയുള്ള പെൺ കുട്ടിക്കു സ്ത്രീധനം കൊടുക്കാറില്ല. അതിന്നുമേലെ 13 വയസ്സുവരെ കൊല്ലത്തിൽ 100 ഉറുപ്പിക വീതം സ്ത്രീധനം കൊടുക്കണം. 18 വയസ്സായാൽ ഉയൎന്നകാലമായി എന്നാണ് വെച്ചിരിക്കുന്നത്. സ്ത്രീധനം നടപ്പുള്ള ദിക്കിലെല്ലാം സ്ത്രീകളെ മാനം ചെയ്യാറുണ്ട്. ആസാമിലെ താഴ്ന്നജാതിക്കാരുടെ ഇടയിൽ ഒരുവൻ തന്റെ മകളെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ അച്ഛനിൽനിന്ന തന്റെ തറവാട്ടിലേക്ക് ഒരു പെണ്ണിനെ കൊണ്ടുവരണം. അതിപ്രാചീനകാലത്തു പെണ്ണിനെ ഇതുപോലെ കൈമാറിക്കൊടുത്തു പെണ്ണിനെ കൊണ്ടുവന്നിരുന്നു. ഈ പ്രാചീനനിവാസികളുടെ ഇടയിലും ഒരു ചില ബ്രാഹ്മണജാതിക്കാരുടെ ഇടയിലും നടപ്പുണ്ട്. പണിയെടുക്കുന്ന കാലം 1 മുതൽ 7 വരെയും ചിലപ്പോൾ അധികവും കൊല്ലമാകുന്നു. സാധാരണ സമുദായമാണ് ഇതു ചെയ്യുക പതിവ്. വധുവിനെ ബലാൽക്കാരമായി കൊണ്ടുപോകുന്ന സമ്പ്രദായം സാധാരണയായി പ്രാചീനനിവാസികളുടെ ഇടയിലും ചിലപ്പോൾ ഉയൎന്നജാതിക്കാരുടെ ഇടയിലും കാണുന്നുണ്ട്. ബ്രാഹ്മണജാതിക്കാരുടെ ഇടയിൽ കല്യാണകാലത്തു വധൂവരന്മാരുടെ ആളുകൾ തമ്മിൽ യുദ്ധം ചെയ്യുന്നതായി നടിക്കാറുണ്ട്. സാധാരണയായി വധുവിനെയാണ് പിടിച്ചുകൊണ്ടുപോകാറുള്ളത്. എന്നാൽ സ്ത്രീരാജ്യത്വം നടപ്പുള്ള 'ഗാരോസി'ന്റെ ഇടയിൽ വരനെയാണ് പിടിച്ചുകൊണ്ടുപോകുന്നത്. മദ്ധ്യസംസ്ഥാനത്തിലെ കോലന്മാരുടെ ഇടയിൽ വരന് അവരുടെ തിരിച്ചുവരുന്ന സ്ത്രീകൾ വരനെ ബലാൽക്കാരേണ പിടിച്ചുകൊടുക്കുക പതിവ്.

(മദ്രാസ് മെയിലിൽനിന്ന് പരിഭാഷ)

—

ഞങ്ങളുടെ വായനശാല.

1. കണ്ണശ്ശരാമായണം, കിഷ്കിന്ധാകാണ്ഡം:— (പ്രാചീനമലയാളഗ്രന്ഥങ്ങളുടെ മൂന്നാം ഭാഗമായി ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയത്; മുഖവുരയും ടിപ്പണിയും അടങ്ങിയത്; വില 1 ക.)

കൊല്ലം ആറാം നൂററാണ്ടിൽ തിരുവിതാംകൂറിൽ നിരണം എന്ന പ്രദേശത്തു ജീവിച്ചിരുന്ന പ്രസിദ്ധന്മാരായ മൂന്നു മഹാകവികളിൽ മൂന്നാമനാണ് കണ്ണശ്ശപ്പണിക്കർ. ഇദ്ദേഹം രാമായണാദിയിതിഹാസങ്ങളുടെ കർത്താവാകുന്നു. ഇദ്ദേഹമുണ്ടാക്കിയ രാമായണമാണ് കണ്ണശ്ശരാമായണം എന്ന പ്രസിദ്ധമായ പേരിൽ അറിയപ്പെടുന്നത്. ഈ ഗ്രന്ഥത്തിന്റെ പേര കേരളത്തിലെങ്ങും പ്രസിദ്ധമാണെങ്കിലും ഇതു വായിച്ചുനോക്കി ഇതിന്റെ യോഗ്യതയറിഞ്ഞിട്ടുള്ളവർ അധികം പേരുണ്ടായിരിക്കയില്ല. ഇതിനു ഒന്നിലധികം കാരണങ്ങളുണ്ട്. ഒന്നാമതു കണ്ണശ്ശരാമായണം 'കമ്പരാമായണം' പോലെ ഒരു തമിഴ്കവിതയാണെന്നു പലർക്കുമുള്ള ഒരു വിശ്വാസം; രണ്ടാമതു ഈ ഗ്രന്ഥത്തിനുള്ള പ്രചാരക്കുറവ്. ഈ കാര്യം തീർത്തു ഈ ഉത്തമഗ്രന്ഥം, എന്നുമല്ല നിരണം കവികളുടെ എല്ലാ കൃതികളും, ആ കാലത്തു നടപ്പുണ്ടായിരുന്ന മലയാളഭാഷയിൽ നിർമ്മിതങ്ങളാണെന്നും, ആ ഭാഷയ്ക്കും തമിഴിനും തമ്മിലുള്ള ബന്ധം ഇന്നത്തേതിലും കവിഞ്ഞിരുന്നുവെങ്കിലും ആ ഭാഷ യഥാർത്ഥത്തിൽ തമിഴിൽനിന്നു ഭിന്നമാണെന്നും കാണിപ്പാൻ, നിരണംകവികളുടെ മരണകാലത്തു [illegible] ങ്ങളായിട്ടുള്ള [illegible] തെളിയിച്ച് ആർക്കും തർക്കമില്ലാത്ത വിധത്തിലാക്കിത്തീർക്കുവാൻ ശ്രമം ചെയ്യുന്ന ഉള്ളൂർ പരമേശ്വരയ്യരവർകളെ സന്തോഷമായി ഞങ്ങൾ അഭിനന്ദിക്കുന്നു.

ഞങ്ങളുടെ മുമ്പിലിരിക്കുന്ന കിഷ്കിന്ധാകാണ്ഡം വായിച്ചുനോക്കിയാൽ കണ്ണശ്ശപ്പണിക്കരുടെ കവിത്വത്തിന്റെ അസാധാരണങ്ങളായ ഗുണഗണങ്ങളും എളുപ്പം ബോദ്ധ്യമാകുന്നതാണ്. ശബ്ദാർത്ഥങ്ങളുടെ ഭംഗി, രീതിഗുണം, ഉല്ലേഖാലങ്കാരി, സ്വഭാവോക്തി മുതലായ എല്ലാവക ഗുണങ്ങളും ഈ കവിതയിൽ കളിയാടുന്നുണ്ട്. ആദ്യഭാഗത്തിൽ [illegible] പ്രയാസമുള്ള ചില പദങ്ങളും എടുത്തുകൂടി ചേർത്തിട്ടുണ്ടെങ്കിലും അകപ്പടയുള്ള വാക്യാർത്ഥം മനസ്സിലാക്കി രസിക്കുവാൻ സഹൃദയന്മാർക്കു പ്രയാസമുണ്ടില്ല. കഠിനപദങ്ങളുടെ അർത്ഥം ടിപ്പണിയിൽ വിവരിച്ചിട്ടുമുണ്ട്. സീതാവിപ്രയുക്തനായ രാമചന്ദ്രൻ പമ്പാതീരത്തുവെച്ചു വസന്തർത്തുവിലെ [illegible] വനലക്ഷ്മിയെ കണ്ടു മന്മഥബാധിതനായിട്ടു ലക്ഷ്മണനോടു പറയുന്ന ഭാഗത്തിൽനിന്നു ഏതാനും ഭാഗം എടുത്തു കാണിക്കാം:—

രാമംഗരാത്തുമയായ് മുടിയൊളം
മന്നിനിജാനകിതാനമിതാനീം
പാതപസന്നതിവല്ലരിതെങ്കിൽ
താർകഴലാംമതമിന്നവിടത്തും?
സാരസഫാംസതിശ്രേഖിതമായ
തടാകപുലോപരിതിറയരിയുമ്പോൾ
വേരികലന്നതണാംബുജപാതി
വിരിഞ്ഞരുപമനോജ്ഞവാർന്നപാരം.
അരികിലയിൻ്റെമൂലികളോടും
നാടിന കേകികൾ ചൂതങ്ങളന്നു
പരിത്തുടരാതെ കൂകിന കോകില.
പാരമരവും കക ഞങ്ങൾക്ക് ചെയ്തു
വഴിയിനിയെത്തു സ്വഗിരാപുത്രി
തെമഖിലിയ രവകരിത കാണ്മാ.
നഴകൊട്ടലരന്നാരപേക്ഷിതാനേ-
യാന്ത്രമനംഗൻ വിട്ടു കാണാ.
കാണാ കോമളവല്ലികളാകിയ
കന്യകമാരെ പടം ചെയ്തിട്ടു
വിണ്ണനാരമെനം നവരംഗ
വിശാലതനാമാഗീതങ്ങളോട
പൂണ്ണാമണിമാരൊട്ടുകൂടിയ
പുരുഷാണാമതിസുഖകരമായ
നിന്നല്ലേ നരമാഗമിന
നിരപമരമ്യനന്ദനകീലാം.
ഒരുമളവും മധുപാനം ചെയ്തു-
ഗോഗഭരാൻ ഫലിവണ്ടുകൾ പാട-
ആസ്യകാൻ മയിലാട തകിഴ്ന്നു
അഹാ കമിതൃകൊണ്ടാടിനതു കേളാ
കോമളമാതകംപിതാംഗകൾ
കൂടമകിഴ്ന്നംവിരുന്നു കപികൾ
കരിയൊരു തമ്പിനെന്നുപോലതി
താൽപരിയന്തനൊട്ട് നില്പു പാരാ.

ഇതുപോലെ ബാലിവധം കൃതമായ മററു ചില ഭാഗങ്ങളും പ്രത്യേകം പ്രസ്താവയോഗ്യമായിട്ടുണ്ട്. രാമശരവിദ്ധനായ ബാലി രാമനോട് പറയുന്ന ഭാഗം വളരെ ഹൃദ്യമായിരിക്കുന്നു. 'ഏകോദരത്വം ബന്ധുതാമാലോകകനാസ്പദിനാം കമ്പയതേ മനാംസി' എന്ന തത്വമാലോചിച്ചാൽ, ആസന്നമരണനായ ബാലി സുഗ്രീവനോടുള്ള വൈരം തീർന്ന് അവസാനയാത്ര പറയുന്ന ഭാഗത്തിനുള്ള സ്വാഭാവികതയിൽ കണ്ണൊപ്പുണ്ണികളെ പ്രത്യേകം ബുദ്ധിമാനിക്കേണ്ടതില്ലെങ്കിലും ആ ഭാഗത്തിനുള്ള ആ സാധാരണമായ സരസതയ്ക്ക് അതു മാത്രം നമ്മുടെ അഭിനന്ദനത്തെ അർഹിക്കുന്നുണ്ട്. നോക്കുക:—

അഴലുകാലം വരാവിടമോട-
കനണ്ടനോട്ടുപാസമൊടോ
ചുഴലവുമാകമ്പമോട നോക്കി
പ്പൊന്നാന്തിനൽമനോടമെവാലെ
ചിരപലം ചെയ്തുള്ള ഞാൻ നിന്നോടു
പിഴയായ്വിധിവശാൽ ചെയ്തിട്ടില
പഴുതവെടാതിവയമായ് വാഴ്വതിൻ
ഭാഗ്യമില്ല നമുക്കിരുവർക്കും.

ഇനിയേടാ ദോഷമൊന്നില്ലെന്നി
യെന്നാലെല്ലാം കഴിഞ്ഞവയോർക്കിനി
യൊരുഫലമില്ലിപ്പോഴതു നിന്നോ-
ടൊയാകില്ലെന്നതിനാൽ ഞാൻ

തനയനാകുമംഗദനാം മമ
തനയനെ നീ പരിപാലനം ചെയ്യും
പരിയ നിശാചരരോടേ ചെയ്യു-
നാള്ള യുദ്ധത്തിനും തവ മേൽനാൾ.

മേലാർജ്ജിന കമാനനിലായ
വേണ്ടും വല്ലരികളനിരന്നായ

പോരേ വാഴ്ത്തുവാൻ ഇതിലേറെ നാമിപ്പോ?
പുണ്യമാമവനാലേ തവ നാശം
കാലാനായസമനെ തൻ ചൊല്ലു
കട്ടപ്പവർകൾക്കെല്ലാമന്യൂനം
പാലാഴിയിലുള്ളതാകിയ ശീതള-
മാനസമിന്നാമവനും പൂവവനെ.
പുണ്യമിവൻ താന സ്വഷണന്നരുള
പുഷ്പങ്ങളെന്നു കാട്ടുകാട്ടുന്നൊ
വിനയനായ ചാരുരൂപ സ്വരൂപ-
വിചാരമികളുള്ളവരെയെന്നാൽ
മനസി കനിഞ്ഞവരെ ചാറ്റുമ ചമ്പ്വാൽ
വരമതിനാലേ നിന്നുടെ സൌഖ്യം
കനമിയ കാമ്യമാക്കായിട്ടും നീ
രക്ഷകരാം ഭവാനെ കനിഞ്ഞരുളുന്നാൻ.

കണ്ണശ്ശപ്പണിക്കരുടെ ഭാഷ വായിപ്പാൻ വളരെ സ്വാദുള്ളതാണ്. അതു തമിഴിനോടു വളരെ ചേർന്നിരിക്കുന്നതെങ്കിലും തമിഴ്‌രീതിയിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങളും വിവക്ഷിതാർത്ഥപ്രതിപാദനത്തിൽ നല്ല ശക്തിയുള്ളവയാണ്. ഭാഷാകവിതയ്ക്കു ഏറ്റവും യോജിപ്പുള്ളവയായി ഇതിൽ കാണുന്ന പല പദങ്ങളും കാലാന്തരത്തിൽ വിസ്മൃതങ്ങളാകയും ആധുനികഭാഷാകവികൾക്ക് അവയുടെ അറിവു തന്നെ നശിക്കുകയും ചെയ്തിരിക്കുന്നു. ഇതിലെ പഴയ ഭാഷയുടെ മഹിമയെ തീരെ ആലോചിക്കയും അറികയും ചെയ്യാതെ നാം അതിനെ നിന്ദിക്കുകയും അപഹസിക്കുന്നു. ഇതു വലിയ സാഹസമല്ലേ? ഈ വക പഴയ ഗ്രന്ഥങ്ങളിൽ സാമാന്യമായ ഒരു വ്യുത്പത്തിയും അറിവും ഇല്ലാത്തവർ പ്രാചീനഭാഷാസാഹിത്യത്തെ നിന്ദിക്കുന്നതിലും, എന്നല്ല അഭിനന്ദിക്കുന്നതിൽ അതിനേറ്റവും വലിയ അത്ഭുതമെന്നു തോന്നുന്നില്ല.

ചുരുക്കിപ്പറയുന്നതായാൽ, 'രാമായണത്തെ പലരും കവിതയായിട്ടു ചമച്ചി'ട്ടുള്ളതിൽ കണ്ണശ്ശപ്പണിക്കരുടെ രാമായണം ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണെന്നുള്ളതിനു സംശയമില്ല. ഈ മാതിരിയിലുള്ള പഴയ ഗ്രന്ഥങ്ങൾ പുറത്തു വന്നാലല്ലാതെ പ്രാചീനഭാഷാചരിത്രത്തിലെ മറഞ്ഞുകിടക്കുന്ന ഭാഗങ്ങൾ തെളിയുന്നതല്ല. അതുകൊണ്ട് ഈ വിശിഷ്ടഗ്രന്ഥത്തിന്റെ പ്രസാധകനായ ചരമശേഷമുള്ളവർകളെ ഞങ്ങൾ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

കേയിചരിത്രം, ഒന്നാം ഭാഗം.
(ഗ്രന്ഥകർത്താവ് എ. പി. ഉമ്മർകുട്ടി, തലശ്ശേരി; വില 8ണ.)

മലയാളത്തിലെ മുഹമ്മദീയരുടെ ഇടയിൽ കുലം കൊണ്ടും ധനം കൊണ്ടും പണ്ടുള്ളവരെ കേൾവിപ്പെട്ട ഒരു വർഗ്ഗക്കാരാണ് കേയിമാർ. കേയി എന്നതു ഒരു ബഹുമാനപ്പേരാണ്. ഇതു നാടൻ എന്ന അർത്ഥത്തിലുള്ള ഒരു പാർസിവാക്കാണ്. കേയി വംശത്തിന്റെ മൂപ്പന്മാർ ആലുപ്പിക്കാക്ക എന്ന പ്രസിദ്ധനായ ഒരാളായിരുന്നു. അദ്ദേഹം സമ്പാദിച്ച ധനത്തിനും യശസ്സിനും അതിരില്ലായിരുന്നതിനാൽ അദ്ദേഹത്തിന്റെ അനന്തരവന്മാരായ മൂസ്സാക്കാക്കയും ആയിരുന്നു. ചിറയ്ക്കൽതാലൂക്കിൽപ്പെട്ട ചൊവ്വ എന്ന പ്രദേശത്തു ജനിച്ചു ഏറ്റവും താണ നിലയിൽ ജീവിച്ചു വന്നവരായ കേയിവംശപ്രതിഷ്ഠാപകന്മാർ സത്യവാന്മാരും ധൃഷ്ടരായുമുള്ള കച്ചവ

ങ്ങളാൽ വളരെ വളരെ പണവും യശസ്സും പ്രസിദ്ധിയും സമ്പാദിച്ചു കേരളചരിത്രത്തിൽ സുപ്രസിദ്ധന്മാരായിത്തീൎന്നു. മലയാളത്തിലെങ്ങും മറുനാടുകളിലും ചീനാക്കാരങ്ങളിൽക്കൂടിയും വളരെ വമ്പിച്ച കച്ചവടങ്ങൾ നടത്തിയവരായ കേയിമാർ ടിപ്പുസ്സുൽത്താന്റെ ആക്രമണകാലത്തും മറ്റും മലയാളികൾക്കു പലവിധം വളരെ ഗുണം ചെയ്തിട്ടുള്ളവരാണ്. ഇവരുടെ ചരിത്രത്തെയും ഇവർ സമ്പന്നന്മാരായിത്തീൎന്നതിനെപ്പറ്റി പല ഐതിഹ്യങ്ങളും കേട്ടിട്ടുള്ളതല്ലാതെ ചരിത്രരീതിയിലുള്ള അറിവും ഇതിനു മുമ്പു കേരളീയൎക്കുണ്ടായിരുന്നില്ല. അങ്ങിനെയുള്ള അറിവുണ്ടാവാനിടവരുത്തിയ മിസ്റ്റർ ഉമ്മർകുട്ടിയെ ഞങ്ങൾ അഭിനന്ദിക്കുന്നു. സാഹിത്യരീതിയിലുള്ള വിദ്യാഭ്യാസം, കേരളത്തിലെ മഹമ്മദീയരുടെ ഇടയിൽ വളരെ കുറവാണെന്നു പറകയുള്ള ധാരണ ഈ പുസ്തകം വായിക്കുമ്പോൾ പൊയ്പോകുന്നു. അത്യുപൂൎവ്വമായ ഒരു വിധം നല്ല ഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഇതു വായിക്കുന്ന ഏതൊരാൾക്കും ഈ മഹമ്മദീയയുവാവിന്റെ വിദ്യാകുശലതയെപ്പറ്റി ബഹുമാനവും ആനന്ദവും തോന്നാതിരിക്കയില്ല. മറ്റെ സമുദായക്കാരിലും പ്രസിദ്ധന്മാരായിട്ടുണ്ടായിരുന്ന മഹാന്മാരുടെ ചരിത്രങ്ങൾ ഇതിനെ പറ്റി എഴുതി പ്രസിദ്ധപ്പെടുത്തുന്നതു വളരെ നല്ലതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

പലവക.

'മംഗളോദയ'ത്തിന്റെ കഴിഞ്ഞ ലക്കം ലക്കത്തിൽ തിരുവനന്തപുരത്തെ ഒരു സാഹിത്യരസികൻ 'ലീലാതിലകം' മലയാളത്തിൽ തൎജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായും, പക്ഷേ ആ പുസ്തകം ആൎക്കും കൊടുക്കുകയില്ലെന്നു നിശ്ചയിച്ചിരിക്കുന്നതായും പ്രസ്താവിച്ചിരുന്നുവല്ലോ. ഈ പ്രസ്താവത്തിനു വിധേയിഭൂതൻ സാഹിത്യസമാജത്തിലെ മംഗളോദയ പണ്ഡിതർ ഏ. കുഞ്ഞപ്പിഷാരൊടി അവർകളാണെന്ന് അദ്ദേഹം അയച്ച കത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ലീലാതിലകം തൎജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയതു താനാണെന്നു സമ്മതിച്ചും, ആൎക്കും കൊടുക്കില്ലെന്നു നിശ്ചയിച്ചിട്ടുള്ളതായിപ്പറഞ്ഞതിനെ നിഷേധിച്ചും ആണ് എഴുത്തിൽ പറഞ്ഞിട്ടുള്ളത്. വിശേഷിച്ചും സാഹിത്യസമാജാംഗവും ഭാഷാപണ്ഡിതനും മാന്യസുഹൃത്തും ആയ ഒരു വിദ്വാന്റെ സൽകാൎയ്യത്തെ അപലപിച്ചതുകൊണ്ടാണ് എഴുത്തിൽ പറഞ്ഞിട്ടുള്ള കുറിപ്പു മംഗളോദയം മാസികയിൽ പ്രസിദ്ധം ചെയ്യാനിടയായിട്ടുള്ളത്. എന്നാൽ, ലീലാതിലകത്തിന്റെ പരിഭാഷകനും പ്രസാധകനും ആയ പിഷാരൊടി അവർകളുടെ എഴുത്തിനെ അടിസ്ഥാനപ്പെടുത്തി വിപരീതവിചാരവും ഈ മാസികയിൽത്തന്നെ ഇതാ പ്രസിദ്ധം ചെയ്തുകൊള്ളുന്നു — ലീലാതിലകം ആവശ്യപ്പെടുന്നവൎക്കു തീൎച്ചയായും അയച്ചുകൊടുക്കുന്നതാണ്. ഈ നടപടികൊണ്ടു, മംഗളോദയം മാസികയ്ക്കിത്തിരി വല്ല ദോഷവും ഉണ്ടായേക്കുമെന്നു ശങ്കിക്കുന്നുണ്ടെങ്കിൽ അതിനു സമാധാനമാവുമെന്നു വിശ്വസിക്കുന്നു.

ഈ ലക്കത്തോടുകൂടി 'മംഗളോദയം' മാസികയുടെ [illegible] പുസ്തകം അവസാനിക്കുകയായല്ലോ. ഈ കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ഞങ്ങൾക്കു കിട്ടീട്ടുള്ള ലേഖനങ്ങൾക്ക് ഒരു കണക്കും കാണുകയില്ല. അവയെല്ലാം പ്രസിദ്ധപ്പെടുത്തുന്നപക്ഷം മംഗളോദയത്തിന് [illegible]

[illegible]

ഞങ്ങളുടെ അഭിപ്രായത്തിനായി പുസ്തകങ്ങളയയ്ക്കുന്നവരോടും ഈ അവസരത്തിൽ രണ്ടു വാക്കു പറവാനുണ്ട്. പുസ്തകങ്ങൾ പരിശോധിച്ച് അഭിപ്രായം പറയുക എന്നതു പത്രാധിപന്മാരുടെ ഒരു വലിയ ഭാരമായിട്ടാണല്ലോ [illegible] കാണുന്നത്. ഇത് ഒരു വിധത്തിൽ നല്ലതു തന്നെ; എന്നാൽ ഈ സമ്പ്രദായത്തെ [illegible]

[illegible]

ജലാപ്ലാവതീരാമകാരം

രണ്ടാംഭാഗം

മൂന്നാമങ്കം

രാമ—രോസലേഖയെ സ്നേഹിച്ചതിന്ന അങ്ങുന്ന് എന്നെ നിർബന്ധിക്കാറുണ്ടല്ലൊ?

ലോറൻസ്—സ്നേഹിച്ചതിനല്ല, നീ മോഹിതനായി പ്രേമാന്ധനായി കാണിച്ചതുകൊണ്ടു മാത്രമാണ് ഞാൻ നിർബന്ധിക്കുന്നത്.

രാമ—അതുതന്നെ എന്നോട് ചെയ്യപ്പെട്ടത്. ഇപ്പോഴും എന്റെ ഹൃദയത്തെ വശീകരിച്ച യുവതിയോ എന്റെ പ്രേമത്തെ സാധാരണമാക്കിയിരിക്കുന്നു. മുമ്പത്തെ മാതിരി അങ്ങിനെ ചെയ്തിട്ടില്ലല്ലൊ.

ലോറൻസ്—അതിന്ന കാരണം മറ്റൊന്നല്ല. മുമ്പത്തെ അവൾ നിന്റെ പ്രണയവികാരചേഷ്ടിതങ്ങൾ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടായിരുന്നു. നിന്റെ പ്രണയം നാവിനെയല്ലാതെ ഹൃദയത്തെ സ്പർശിച്ചിട്ടില്ലെന്ന അവൾ നല്ലവണ്ണം അറിഞ്ഞിരുന്നു. അതെല്ലാം പോട്ടെ. ഇങ്ങോട്ടുവരൂ, ചപലഹൃദയ! ഞാൻ ഈ കാര്യത്തിൽ നിന്നെ കഴിയുന്ന സഹായം ചെയ്യാം. എന്തുകൊണ്ടെന്നാൽ ഈ വിവാഹംകൊണ്ടു നിങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള പൂർവ്വവൈരം തീർന്ന് പരസ്പരസ്നേഹം ഉണ്ടാവാൻ സംഗതിയുണ്ട്.

രാമ—എന്നാൽ നമുക്കു വേഗം പോകണം. എനിക്കു നില്ക്കക്കൊള്ളുന്നില്ല.

ലോറൻസ്—ബദ്ധപ്പാട് കൂടാതെ ആലോചനാപൂർവ്വമായിട്ട് കൃത്യം നടത്താവൂ. ഓടുന്നവൻ വീഴുമെന്ന അറിയണം. '[illegible]' എന്നല്ലെ.

(രണ്ടുപേരും പോയ്ക്കഴിഞ്ഞു)

നാലാമങ്കം

ഒരു തെരുവീഥി

(വനമാലനും ഉൽകരനും പ്രവേശിക്കുന്നു)

ഉൽകരൻ—ഇതെന്തൊരു കഷ്ടമാണിഷേ! ഈ രാമകുമാരൻ എവിടെയാണ്? ഇന്ന അവൻ സ്വഗൃഹത്തിലേക്ക വന്നില്ലല്ലൊ.

വനമാലൻ—സ്വഗൃഹത്തിലേക്ക വന്നിട്ടില്ല. ഞാൻ അവന്റെ ഭൃത്യനെ കണ്ടു സംസാരിച്ചു.

ഉൽക—ആ വിളറിയ ഹൃദയത്തോടും കഠോരഹൃദയത്തോടും ഇരിക്കുന്ന പെണ്ണ് രോസലേഖ അവന്റെ ചിത്തത്തിന്ന ഉന്മാദം വരത്തക്ക വിധത്തിൽ അവനെ പീഡിപ്പിക്കുന്നു.

വനമാ—കപിലേശന്റെ സംബന്ധിയായ

ഭിഷഗ്വര്യൻ രാമകുമാരനെ ഒരു സന്ദേശപത്രം അയച്ചിട്ടുണ്ട്.

ഉൽക— അതു ഒരു പ്രേമപത്രമായിരിക്കണം. ഞാൻ സത്യം ചെയ്യാം.

വസന്ത— രാമകുമാരൻ അതംഗീകരിച്ചു മറുപടി അയയ്ക്കും.

ഉൽക— ആ സാധു രാമകുമാരൻ ഇപ്പോഴത്തന്നെ മൃതപ്രായനാണ്. അവൻ ഒരു വെളുത്ത പെണ്ണിന്റെ കറുത്ത കണ്ണിണകൊണ്ടു വിദ്ധനാണ്. കാമഗാനശലാകകൊണ്ടു അവന്റെ കർണ്ണരന്ധ്രങ്ങൾ ഭേദിക്കപ്പെട്ടിരിക്കുന്നു. നയനരഹിതനായ ആ ബാലധാനുഷ്കന്റെ കനകസായകത്തിനു അവന്റെ ഹൃദയം ലക്ഷ്യമായിരിക്കുന്നു. ഈ വിധമിരിക്കുന്ന അവനാണോ ഭിഷഗ്വര്യനോടു പോരിനു പോകുന്നത്!

വസന്ത— എന്താ, ആ ഭിഷഗ്വര്യൻ ആരാണ്?

ഉൽക— അവൻ പൂച്ചകളിൽ വെച്ച് അഗ്രഗണ്യനാണ്. പോരിൽ നല്ല ധൈര്യവും കൗശലവും ഉള്ളവനാണ്. അവൻ താളം പിടിച്ചു നൃത്തം ചെയ്തുകൊണ്ടാണ് പ്രഹരം ചെയ്യുക.

വസന്ത— എങ്ങിനെ?

ഉൽക— രാഗരാഗിണികളും കോലാട്ടങ്ങളും കാട്ടി രണ്ടോ മൂന്നോ ചുവടും വച്ചും പൊരുത്തപ്പെടുത്തിച്ചും മാത്രാ കണക്കും കാണിച്ചും അവൻ പ്രഹരം ചെയ്യാൻ ശക്തനാണ്.

(രാമകുമാരൻ പ്രവേശിക്കുന്നു)

വസന്ത— ഇതാ രാമകുമാരൻ വരുന്നു.

ഉൽക— ഒരു പെണ്ണിനെ നിനച്ച് അവൻ ക്ഷീണിതനായ രൂപം ധരിച്ചിരിക്കുന്നു. അവനു സദാ പ്രണയകാവ്യങ്ങളിൽ പാടാനാണ് പ്രവൃത്തി. ലോകപ്രസിദ്ധകളായ പ്രാചീനസ്ത്രീജനങ്ങളും എല്ലാം അവന്റെ കണ്ണിനു തൃണസമാനമാണ്. അവന്റെ പ്രാണേശ്വരി മാത്രമേ സർവ്വഗുണസമ്പന്നയായിട്ടുള്ളൂ. ഹോ! രാമകുമാരാ! സലാം. നീ ഇന്നലെ രാത്രി ഞങ്ങൾക്കു തന്ന നാണ്യം വളരെ നന്നായി.

രാമ— നിങ്ങൾക്കു രണ്ടാൾക്കും സുപ്രഭാതം. ഞാൻ എന്തു കള്ളനാണ്യമാണ് ഇന്നലെ രാത്രി നിങ്ങൾക്കു തന്നത്?

ഉൽക— കള്ളനാണ്യം! അതായത് ഞങ്ങളെ അറിയാതെ ഒളിച്ചുപോയി എന്നതുതന്നെ.

രാമ— പ്രിയപ്പെട്ട ഉൽകരേ, എനിക്ക് ഒരു തെറ്റിനു മാപ്പു തരണം. എനിക്കു വളരെ ബദ്ധപ്പാടുണ്ടായിരുന്നതുകൊണ്ടു യോഗ്യം പറയാതെ പോയി എന്നേയുള്ളൂ.

ഉൽക— ഈ ബദ്ധപ്പാടുണ്ടാകുമ്പോഴെല്ലാം ലോകവൃത്തിനോടു യാത്ര പറയണമെന്നോ നീ പറയുന്നത്?

രാമ— അല്ല, എന്നാൽ അതു ബദ്ധപ്പാടിന്റെ താരതമ്യംപോലെ ഇരിക്കും.

ഉൽക— നിന്റെ ബദ്ധപ്പാടും മറ്റും എല്ലാം വിശിഷ്ടം, ഇഷ്ടം!

രാമ— ഇതെന്താ ചില ഇണികൾ! ഇതാ ഒരു കൊട്ടു വരുന്നു.

(ദാസിയും ഭൃത്യൻ ഒരുമിച്ചു പ്രവേശിക്കുന്നു)

ഉൽക— അതു ഒരു കപ്പലാണ്.

വസന്ത— രണ്ടുണ്ട്. ഒരു ഷർട്ടും ഒരു ജാക്കറ്റും.

ദാസി— ഹേ, ഹേ;

ഭൃത്യൻ— ഇതാ ഞാൻ വരുന്നു.

ദാസി — എന്റെ കൈക്കീഴെ കൊണ്ടു വരു.

ഉൽക — ഒരു, വേഗം കൊണ്ടുവന്നു കൊടുക്ക. നമ്മുടെ രൂപം മാറ്റേണ്ട. നമ്മളെ വെച്ചിട്ടു ആ രൂപം പുറത്തു കാണിക്കാൻ പാടുള്ളൂ.

ദാസി — സലാം. തമ്പുരാനെ, പുരുഷരൂപത്തെ കണ്ടു സന്തോഷം.

രാമ — സ്വാഗതം, സുന്ദരിമാരണിയെ ഈ ഉച്ചസമയത്തു കണ്ടതു സന്തോഷം.

ദാസി — എന്നെ ഉച്ചയായോ?

രാമ — എന്താ സംശയം. നാഴികയന്ത്രത്തിന്റെ മനോഹരഭാഗത്തെയായ സൂചി മദ്ധ്യാഹ്നവരയെയായ നാഴികയന്ത്രത്തു തന്നെ വെച്ചിരിക്കുന്നു.

ദാസി — താൻ എന്തൊരു മനുഷ്യനാണ്.

രാമ — ഞാൻ ദൈവസൃഷ്ടിയിൽപ്പെട്ട ഒരു മനുഷ്യനാണ്. സൃഷ്ടിച്ച കയ്യാൽ തന്നെ ഉടച്ചുകളിയ കൊല്ലൻ പണിയാണ് ദൈവം എന്നെ ഉണ്ടാക്കിട്ടുള്ളത്.

ദാസി — ഈ പദം നല്ല. രസി ചേഷ്ടിക്കുന്നു. അപ്പുറമായിട്ടുണ്ട്. ആട്ടെ, ഒരുത്തൻ പോലും സുന്ദരസ്വരൂപരായ നായകന്മാർ എവിടെയുണ്ടെന്ന് നിങ്ങൾക്കറിയാമോ?

രാമ — എനിക്കറിയാം. എന്നാൽ അവന്റെ കൈവശത്തും നീ അവനെ കാണുമ്പോൾ നീ അനുഭവിച്ച സമയത്തെ തിരനോക്കാൻ കണ്ട കാണുമിരിക്കും.

ദാസി — ഞാൻ തന്നെയാണ് നായകനെങ്കിൽ എനിക്ക സ്വകാര്യമായി ചിലതു പറയാനുണ്ട്.

കഞ്ചു — ഇവൻ ഇവനെ എന്തോ ചില മോഹസ്വത്തിലേക്ക ക്ഷണിക്കയാണെന്ന തോന്നുന്നു.

ഉൽക — ഭ്രമമെ തോൽപിച്ചു!

രാമ — എന്തെല്ലാമാണ് താൻ പറയുന്നത്? അതെല്ലാമിരിക്കട്ടെ.

ഉൽക — താൻ അച്ഛന്റെ വീട്ടിൽ മറ്റൊരാൾക്കായി നമ്മുടെ സഖിയെ ഇന്ന കെട്ടിച്ച് അത്താഴം കഴിക്കാം.

രാമ — ഞാൻ തന്റെ വഴിയെ വരാം.

ഉൽക — ഞാൻ പോകട്ടെ. മതി മതി യൌവനം ചേർന്ന യുവതികളിൽ വെച്ചു കേമത്തിയാണ്. സാക്ഷാൽ ഉച്ചശിനി!

(ഉൽകണ്ഠിതയും വനമാലയും പോകുന്നു)

ദാസി — ഈ പോകുന്നവരെ പറഞ്ഞ അച്ഛൻ ആരാണ്?

രാമ — അവൻ വായിൽ തോന്നിയതെല്ലാം പറഞ്ഞു നടക്കുന്ന ഒരു വാചാലശിരോമണിയാണ്.

ദാസി — അവൻ എന്തു നടക്കട്ടെ വല്ലതും ഇവിടുത്തെ പറഞ്ഞാൽ ഞാനവനെ നല്ലവണ്ണം പഠിപ്പിക്കും. അവനും അവനെപ്പോലെയുള്ള നാട്ടുകാരും എനിക്ക ഇണയാണ്. അവൻ സൂക്ഷിച്ചോട്ടെ. അവനെ ഒന്നു പഠിപ്പിപ്പാൻ കഴിയും. അതിന് ഉണ്ടോ എന്നു നോക്കട്ടെ. ഇളിഭ്യനായ ശപ്പക്കള്ളൻ! അവന്റെ ചൊല്ലിയതിനു തിരിച്ചു കൊടുക്കാതെ വിടുന്ന ദാസി അല്ല ഞാൻ. നല്ലവണ്ണം കാണുകൊള്ളട്ടെ. (ഉറക്കെ) ഇവിടെ അവൻ വന്നു തോന്നിയവാസിയായി ഇതിനെല്ലാം എന്തൊരു ചെയ്യുന്നതു കണ്ടുകൊണ്ടു നീ ഇരുന്നില്ലേ.

മദൻ— യാതൊരുത്തനാം വന്ന യഥേഷ്ടം തോന്നിയവാസം പ്രവൃത്തിക്കുന്നതു ഞാൻ കണ്ടില്ല. അങ്ങിനെ കണ്ടിരുന്ന പക്ഷം തൽക്ഷണം എന്റെ വാൾ അതിന്റെ ഉറയിൽനിന്നു പുറത്തു ചാടുമായിരുന്നു. ഇതു തീർച്ചയാണ്. വേണ്ടുന്ന ദിക്കിൽ നിയമാനുസരണം തക്കതായ ആയുധക്രിയ ചെയ്യുന്നതിനു എനിക്കു നല്ലവണ്ണം അറിയാം.

ദാസി— ആ പോയ ശ്രേഷ്ഠനായ തെമ്മാടി പറഞ്ഞ വാക്കു കേട്ടിട്ടു എനിക്കു സ്വല്പംഗം വിറച്ചു കോപം ഉണ്ടാകുന്നു. (രാമകൃഷ്ണനോടു) എനിക്കു ഒരു വാക്കു പറവാനുണ്ട്. എന്റെ സ്വാമിനിയായ ചെറിയമ്മ നിങ്ങളെ അന്വേഷിപ്പാൻ എന്നെ അയച്ചിരിക്കയാണ്. ചെറിയമ്മ എന്നോടു പറഞ്ഞതു ഇന്നതാണെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. എന്നാൽ ഒന്നു പറവാനുണ്ട്. അതായതു നിങ്ങൾ അവളെ ഒരു ഭ്രാന്തസ്വർഗ്ഗത്തിലാക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു വലിയ കഷ്ടമായിട്ടു എനിക്കു തോന്നുന്നു. ആ സൌഭാഗ്യവതി നിഷ്കളങ്കമായ തരുണീമണിയാണ്. അവളോടു നിങ്ങൾ കാപട്യം പ്രവൃത്തിക്കുന്നതായാൽ അതു വളരെ അനുചിതവും ശോചനീയവും ആയ ഒരു അവസ്ഥയായിത്തീരും.

രാമ— ദാസി! നിന്റെ സ്വാമിനിയായ ആ യുവതിശിരോമണിയോട് എന്റെ പ്രേമസന്ദേശമായ സന്ദേശവാക്കിനെ ചെന്നു പറക. ഞാൻ നിന്നോടു സത്യം ചെയ്തു പറയുന്നു.

ദാസി— സത്യം ചെയ്യേണ്ട. നിങ്ങളുടെ വാക്കു സ്വീകാര്യമാണെന്നു എനിക്കു വിശ്വാസമായിരിക്കുന്നു. ഞാൻ ഇതെല്ലാം അവളോടു ചെന്നു പറയാം. എന്നാൽ അവൾക്കു നിശ്ചയമായി സന്തോഷം ഉണ്ടായിവരും.

രാമ— ദാസി നീ എന്താണ് അവളോടു ചെന്നു പറയുക? ഞാൻ പറയുന്നതു നീ ശ്രദ്ധിച്ചുകേട്ടുവോ?

ദാസി— നിങ്ങൾ സത്യംചെയ്തു പറയുന്നു എന്നു ഞാൻ അവളെച്ചെന്നു അറിയിക്കും. അങ്ങിനെ സത്യംചെയ്യുവാൻ ഉറക്കുന്നതു തന്നെ ഒരു യോഗ്യകാമുകന്റെ ലക്ഷണമല്ല.

രാമ— ഇന്ന മദ്ധ്യാഹ്നത്തിനു ശേഷമുള്ള കർമ്മം കഴിപ്പാനായി ലോറൻസ് സന്യാസിമഠത്തിൽ വരുവാൻ അവസരം ഉണ്ടാക്കാനായി അവളോടു പറയുക. ഞാൻ അവിടെ അപ്പോൾ ഹാജരായിരിക്കും. എന്നാൽ അപ്പോൾ തന്നെ കർമ്മം കഴിച്ചു വിവാഹക്രിയ നടത്താം. നിന്റെ അദ്ധ്വാനത്തിനു ഇതു തരുന്നതു എടുത്തോ.

ദാസി— ഛെ എനിക്കു ഒന്നും വേണ്ട. എന്റെ ചൊന്നതിനു ഒരു കാശും എനിക്കു വേണ്ട.

രാമ— ഛെ അതെല്ലാം പോരട്ടെ. ഇതാ ഇതു വാങ്ങിയാലെ കഴിയുള്ളൂ.

ദാസി— (അതു വാങ്ങി ശൃംഗാരഭാവത്തോടെ) ഇന്നു ഉച്ചതിരിഞ്ഞിട്ടല്ലേ പറഞ്ഞതു. അവളു അവിടെ തീർച്ചയായി അപ്പോൾ എത്തിക്കും. എന്നതു സംശയം

രാമ— ദാസി! ഒന്നുകൂടി പറവാനുണ്ടു. നീ പോയി ക്ഷേത്രമതിലിന്റെ പുറത്തു നില്ക്കണം. ഒരു മണിക്കൂറിനകത്തു ഒരു

വിടെ എന്റെ ഇന്ദ്രൻ വന്നു ഒരു പാ
ശാചികമായ കോണി കയ്യിൽ തന്നു.
ആ കോണി ഏണിക്ക എന്നു,

[illegible]
[illegible]
[illegible]
[illegible]

ഞാൻ മാത്രം പറയുന്നു. വിശേഷ്യ ലക്ഷ്മി നിന്നോടു. എന്നാൽ ഞാൻ നിന്റെ ഉപദേശത്തിനു തക്കതായ പ്രതിഫലം തരുന്നതു കഷ്ടമാണ്. പോട്ടെ. മാക. നിന്റെ സ്വാമിനിയോടു എന്റെ സന്ദേശവാക്യം പറയു.

മാസി—അങ്ങെയ്ക്കു ഇംഗ്ലീഷിൽ [illegible] ള്ളതു. അതുതന്നെ കേൾക്കണം.

ലക—എന്താണ് എന്റെ പ്രിയപ്പെട്ട മാസിക്ക പറവാനുള്ളതു?

മാസി—അങ്ങെടെ ഇന്ദ്രൻ ഫിലിപ്പൂൻ തന്നെയോ?

ലക—എന്റെ ഇന്ദ്രൻ വളരെ ഫിലേപ്പ്യൂനാണു. ഒട്ടു തിച്ചു പറയാം.

മാസി—അങ്ങിനെയാകട്ടെ. അതുതന്നെ കേട്ടാലും, എന്റെ സ്വാമിനി മദ്ധ്യാഹ്നിക്കായിൽ വെച്ചു ശിരോമണിയാണ്. അവൾ കറ്റിക്കുന്നതു [illegible] മായ കല്യാണങ്ങൾകൊണ്ടു ഏറ്റിക്ക ശ്രേണീയായിരുന്ന ഈ നഗരിയിൽ പ ലോവൽ എന്ന ഒരു പ്രഭുകുമാരനുണ്ടു. അവനു ഇവളിൽ പ്രേമം ജനിച്ചിരിക്കുന്നു. എന്നാൽ അവൾക്ക അവനെകാണുന്നതു ഒട്ടും ഇഷ്ടമായ കാര്യമല്ലപോലെയാണ്. ഞാൻതന്നെ അവനെക്കുറിച്ചുവല്ലതും പറയുമ്പോൾ എന്നോടു കഠിനപ്പെടും. അവന്റെ പേരുതന്നെ കേട്ടുകൂടാ. അതുതന്നെ ലൗകികമായൻ [illegible] ന്നു. റോമിയൊ എന്നും ഉള്ള വാക്കുകൾ ഒരേ അക്ഷരംകൊണ്ടല്ലേ തുടങ്ങുന്നതു?

ലക—അതെ. എന്നാൽ അതുകൊണ്ടെന്താണ്?

മാസി—അവൾ (എന്റെ സ്വാമിനി) ഇതിനെ നാമവും പലപ്പോഴും മനോവികാരത്താൽ പ്രേമാർദ്രതയോടെ ഉച്ചരിക്കാറുണ്ടു. ആ സമയങ്ങളിൽ അവളെക്കുറിച്ചു അവൾ ചെയ്യുന്ന [illegible] കേൾക്കേണ്ടതുതന്നെയാണ്. എന്റെ [illegible] ന്നോടണം.

ലക—മാസി! നിന്റെ സ്വാമിനിയോട് എന്റെ കാലേയം ചെന്നു പറയു.

മാസി—ആയിരം പ്രാവശ്യം പറയാം. പീട്ടർ!

പീറ്റർ—ഇതാ വരുന്നു.

മാസി—എന്റെ കൈവിശറി എടുത്തു മുമ്പിൽ നടക്കു വേഗമാകട്ടെ.

(രണ്ടുപേരും പോയി)

☞ ഈ നാടകത്തിന്റെ രീതി വായനക്കാർ മനസ്സിലാക്കുവാനായിട്ടാണ് ഇതുകൊല്ലത്തെ എതാനും ലക്കങ്ങളിൽ ഒട്ടു ഇടച്ചേർത്തുപോന്നത്. ഇനി മേലാൽ സെൽക്ക്സ്പിയറെപ്പോലെ ഇതുമായ പുസ്തകമായി പ്രസിദ്ധപ്പെടുത്തണമെന്നാണ് മോഹം. ശേഷം ഭാഗങ്ങൾ മാസികയിൽ ചേർക്കുന്നതല്ല. (മം. പ.)

മംഗളോദയം ൭-ാം പുസ്തകത്തിലെ

വി ഷ യ വി വ ര ണം

III. കഥകൾ.

IV. കവിത.